GOVERNMENT OF TAMIL NADU

STANDARD TEN
പത്താം സ്റ്റാൻഡേർഡ്

SOCIAL SCIENCE
സാമൂഹ്യ ശാസ്ത്രം

MALAYALAM MEDIUM

Department of School Education

Untouchability is Inhuman and a Crime

00_Front_Page_Malayalam Folder.indd 1 3/28/2023 6:17:40 PM

Government of Tamil Nadu

First Edition - 2019

Revised Edition - 2020, 2022, 2023

Reprint - 2021, 2024

(Published under New Syllabus)

Content Creation

State Council of Educational
Research and Training
© SCERT 2019

Printing & Publishing

Tamil NaduTextbook and Educational
Services Corporation

www.textbooksonline.tn.nic.in

00_Front_Page_Malayalam Folder.indd 2 3/28/2023 6:17:41 PM

പുസ്തക ഉപയോഗ രീതി

പഠന ലക്ഷ്യങ്ങൾ
പഠന ലക്ഷ്യ സീമ കുറിക്കപ്പെടുന്നു

ആമുഖം
പാഠത്തിൽ ഉരക്കുന്ന വകുപ്പുവാർത്തകൾ അറിമുഖപ്പെടുത്തപ്പെടുന്നു

Q.R. Code (വേഗ അടയാളം)
വിദ്യാർത്ഥികളുടെ കൂടുതൽ അറിവിലേക്കായി
അനിമേഷൻ ചിത്രങ്ങളെ നൽകുന്നു.

നിങ്ങൾക്കറിയാമോ
വിദ്യാർത്ഥികളുടെ ആകാംക്ഷയെ ഉത്തേജിപ്പിക്കും വിധത്തിൽ പാഠസംബന്ധമായ കൂടുതൽ വിവരങ്ങളെ ചതുരങ്ങൾക്കുള്ളിൽ നൽകപ്പെടുന്നു.



വിവരണ ചിത്രം
കഠിനമായ ആശയങ്ങളെ ലളിതമാക്കുന്ന വിധത്തിൽ വിവരങ്ങളെ
ചിത്രങ്ങളോടെ വിവരിക്കുന്നു.

പ്രവർത്തനം
വിദ്യാർത്ഥികൾ തനിച്ചും കൂട്ടമായും ചില പ്രവർത്തനങ്ങളിൽ വ്യാപൃതരായി പഠിക്കാൻ സഹായിക്കുന്നു.

സംഗ്രഹം
പ്രധാന ആശയങ്ങൾ വിദ്യാർത്ഥികളുടെ മനസ്സിൽ പതിയുന്ന വിധത്തിൽ
ഒന്നോ രണ്ടോ വരികളിൽ ഓർമ്മപ്പെടുത്തുന്നു.

പ്രായോഗികഭ്യാസം
വിദ്യാർത്ഥികൾക്ക് സ്വയ പഠനത്തിനും സ്വയം മൂല്യനിർണ്ണയത്തിനും സഹായിക്കുന്നു.



പദപരിചയം
മുഖ്യപദങ്ങളേയും സാങ്കേതിക പദങ്ങളേയും പാഠാ
വസാനം വിവരിക്കുന്നു.

വിശദവിവരങ്ങൾക്ക്
വിദ്യാർത്ഥികൾ പാഠഭാഗത്തിനപ്പുറം പഠിക്കുന്നതിന് ബന്ധപ്പെട്ട ഗ്രന്ഥങ്ങളുടെ പട്ടികയേയും നെറ്റ്വർക്ക് ആധാരങ്ങളേയും നൽകുന്നു.



ICT Corner (നെറ്റ്വർക്ക് പ്രവർത്തനം)
പഠന പ്രവർത്തനങ്ങൾക്കായുള്ള നെറ്റ്വർക്ക് മാധ്യമ ആധാരങ്ങളെ
ഉപയോഗിച്ച് ഗ്രഹണത്തെ മേന്മയുള്ളതാക്കുന്നു.

00_Front_Page_Malayalam Folder.indd 3 3/28/2023 6:17:41 PM

ഉള്ളടക്കം

യൂണിറ്റ്	പാഠവിവരം	പേജ് പേജ്	മാസം
	ചരിത്രം		
1	ഒന്നാം ലോക മഹായുദ്ധവും അനന്തര ഫലങ്ങളും	01	ജൂൺ
2	രണ്ടു ലോക മഹായുദ്ധങ്ങൾക്കിടയിലെ ലോകം	16	ജൂലൈ
3	രണ്ടാം ലോക മഹായുദ്ധം	27	ജൂലൈ
4	രണ്ടാം ലോക മഹായുദ്ധത്തിനു ശേഷമുള്ള ലോകം	40	ആഗസ്റ്റ്
5	പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹിക മത പരിഷ്കരണ പ്രസ്ഥാനങ്ങൾ	55	ആഗസ്റ്റ് & സെപ്റ്റംബർ
6	തമിഴ്നാട്ടിൽ ബ്രീട്ടീഷ് ഭരണത്തിനെതിരായ ആദ്യ കാല കലാപങ്ങൾ	66	ഒക്ടോബർ
7	കോളനിവിരുദ്ധ പ്രസ്ഥാനങ്ങളും ദേശീയതയുടെ ഉത്ഭവവും	77	ഒക്ടോബർ
8	ദേശീയത: ഗാന്ധിയുഗം	91	നവംബർ
9	തമിഴ്നാട്ടിലെ സ്വാത ന്ത്ര്യസമരം	108	നവംബർ
10	തമിഴ്നാട്ടിലെ സാമൂഹിക പരിവർത്തനം	119	നവംബർ & ഡിസംബർ
	ഭൂമി ശാസ്ത്രം		
1	ഇന്ത്യ - സ്ഥാനം, ഭൂപ്രകൃതി, ജലപ്രവാഹം	133	ജൂൺ
2	ഇന്ത്യയുടെ കാലാവസ്ഥയും പ്രകൃതി സസ്യങ്ങളും	148	ജൂൺ
3	കൃഷിയുടെ ഘടകങ്ങൾ	158	ജൂലൈ
4	വിഭവങ്ങളും വ്യവസായ ശാലകളും	174	ആഗസ്റ്റ്
5	ഇൻഡ്യ - ജനസംഖ്യ, ഗതാഗതം, വാർത്താവിനിമയം, വാണിജ്യം	190	ആഗസ്റ്റ്
6	തമിഴ്നാടിന്റെ ഭൗതിക ഭൂമിശാസ്ത്രം	204	ഒക്ടോബർ
7	തമിഴ്നാടിന്റെ മാനുഷിക ഭൂമിശാസ്ത്രം	222	നവംബർ

00_Front_Page_Malayalam Folder.indd 4 3/28/2023 6:17:41 PM

പൗരധർമ്മം			
1	ഇന്ത്യൻ ഭരണഘടന	241	**ജൂൺ**
2	കേന്ദ്ര ഗവൺമെന്റ്	250	**ജൂലൈ**
3	സംസ്ഥാന ഗവൺമെന്റ്	261	**ആഗസ്റ്റ്**
4	ഇന്ത്യയുടെ വിദേശനയം	271	**ഒക്ടോബർ**
5	ഇന്ത്യയുടെ അന്താരാഷ്ട്ര ബന്ധങ്ങൾ	280	**നവംബർ**
സാമ്പത്തിക ശാസ്ത്രം			
1	മൊത്ത ആഭ്യന്തര ഉല്പാദനവും അതിന്റെ വളർച്ച: ഒരു ആമുഖം	294	**ജൂൺ**
2	ആഗോളവത്കരണവും വാണിജ്യവും	305	**ജൂലൈ**
3	ഭക്ഷ്യസുരക്ഷയും പോഷകാഹാരവും	314	**ആഗസ്റ്റ്**
4	സർക്കാരും നികുതികളും	324	**ഒക്ടോബർ**
5	തമിഴ്നാട്ടിലെ വ്യവസായശാലാ ശേഖരം	331	**നവംബർ**

B5CT8

E - ബുക്ക്

BGVN1

മൂല്യനിർണ്ണയം

00_Front_Page_Malayalam Folder.indd 5 3/28/2023 6:17:41 PM

ചരിത്രം

00_Front_Page_Malayalam Folder.indd 6 3/28/2023 6:17:41 PM

യൂണിറ്റ് 1

ഒന്നാം ലോക മഹാ യുദ്ധവും അനന്തര ഫലങ്ങളും



പഠന ലക്ഷ്യങ്ങൾ

നാം അറിഞ്ഞിരിക്കേണ്ടവ:

- കോളനി ആധിപത്യമത്സരം – യൂറോപ്യൻ വൻ ശക്തികളെ യുദ്ധങ്ങളിലേക്ക് നയിച്ചത്.
- കിഴക്കൻ ഏഷ്യയിൽ ജപ്പാൻ ഒരു വൻ ശക്തിയായി വളർന്നത്.
- ആഫ്രിക്കൻ കോളനി ആധിപത്യത്തിന്റെ ഫലങ്ങൾ.
- ഒന്നാം ലോക മഹായുദ്ധത്തിനുള്ള കാരണങ്ങൾ, ഗതി, ഫലങ്ങൾ.
- വെർസെയിൽസ് ഉടമ്പടിയും അതിലെ വ്യവസ്ഥകളും.
- റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങൾ, ഗതി, ഫലങ്ങൾ.
- സർവ്വരാഷ്ട്ര സഖ്യത്തിന്റെ സ്ഥാപനം, പ്രവർത്തനം, പരാജയം.

5TMGF

ആമുഖം

ലോക ചരിത്രത്തിൽ 1914-ാമാണ്ട് ഒരു വഴിത്തിരിവായി കണക്കാക്കുന്നു. 1789-ൽ ആരംഭിച്ച രാഷ്ട്രീയ സാമൂഹിക പ്രവർത്തനങ്ങൾ 1914-ൽ പൊട്ടിപുറപ്പെട്ട ഒന്നാംലോക മഹായുദ്ധത്തിൽ മൂർദ്ധന്യാവസ്ഥയെ തൊടുകയും 20-ാം നൂറ്റാണ്ടിന്റെ ഗതിയെ നിർണ്ണയിക്കുകയും ചെയ്തു. ആയതിനാൽ ചരിത്രകാരന്മാർ 19-ാം നൂറ്റാണ്ടിനെ ദൈർഘ്യമേറിയ നൂറ്റാണ്ട് (Long 19th Centuary) എന്ന് വിളിച്ചു. ഈ യുദ്ധം ലോകത്തിലുള്ള മുഴുവൻ സമ്പത്തിനേയും കവർന്ന ആദ്യത്തെ വ്യവസായ യുദ്ധമാകുന്നു. കൂടാതെ ഈ യുദ്ധം ലോകത്തിലുള്ള ഭൂരിഭാഗം പൊതുജനങ്ങളേയും ബാധിച്ചു. ഈ യുദ്ധത്തിനാൽ ലോകഭൂപടം മാറ്റിവരയപ്പെട്ടു. യുദ്ധ അവസാനം മൂന്നു വൻശക്തികൾ ഛിന്നഭിന്നമായി. അവ ജർമ്മനി, ആസ്ത്രിയ – ഹംഗറി, ഒട്ടോമൻ സാമ്രാജ്യം എന്നിവയാകുന്നു. ഈ യുദ്ധത്തിന്റെ ഫലങ്ങളിൽ പ്രധാനമായത് റഷ്യൻ വിപ്ലവമാകുന്നു. ഈ വിപ്ലവം ലോക ചരിത്രത്തിൽ വളരെയേറെ പ്രാധാന്യം അർഹിക്കുന്നതും ഇതുപോലുള്ള വിപ്ലവങ്ങളിൽ ആദ്യത്തേതുമാകുന്നു. ലോക രാജ്യങ്ങൾ ആദ്യമായി സർവ്വരാഷ്ട്രസഖ്യം മുഖേന ലോകസമാധാനം ഏർപ്പെടുത്താൻ ശ്രമിച്ചു. ഈ പഠനത്തിൽ നാം ഒന്നാംലോക മഹായുദ്ധം പൊട്ടിപ്പുറപ്പെടാനുള്ള സാഹചര്യങ്ങളെക്കുറിച്ചും, റഷ്യൻ വിപ്ലവം, സർവ്വരാഷ്ട്രസഖ്യം (League of Nations) എന്ന സമാധാന സംഘടന സ്ഥാപിതമായതിനെക്കുറിച്ചും അതിന്റെ ഫലങ്ങളെക്കുറിച്ചും പഠിക്കാം.

1.1 കോളനികൾക്കായുള്ള പോരാട്ടം

കമ്പോളങ്ങൾക്കുവേണ്ടി മുതലാളിത്വ രാജ്യങ്ങൾതമ്മിലുള്ള മത്സരം

മുതലാളിത്വ വ്യവസായ ശാലകളുടെ പ്രധാന ലക്ഷ്യമെന്നത് അധിക ഉല്പാദനമാകുന്നു. ഇപ്രകാരം അധികം ഉല്പാദിക്കപ്പെട്ട ഉല്പന്നങ്ങൾ കൂടുതൽ കൂടുതൽ തൊഴിൽ ശാലകൾ സ്ഥാപിക്കുന്നതിനും നീരാവികപ്പലുകൾ, റെയിൽവേ പാതകൾ നിർമ്മിക്കുന്നതിനും പ്രേരിപ്പിച്ചു. 19-ാം നൂറ്റാണ്ടിന്റെ രണ്ടാം ഭാഗത്തിൽ ഗതാഗതം, വാർത്താവിനിമയം എന്നിവയിൽ ഏർപ്പെട്ട വിപ്ലവം ആഫ്രിക്കയിലും, മറ്റു പ്രദേശങ്ങളിലും യൂറോപ്യന്മാരുടെ വ്യാപനത്തെ ത്വരിതപ്പെടുത്തി.

19-ാം നൂറ്റാണ്ടിന്റെ പ്രത്യേകത എന്തെന്നാൽ യൂറോപ്പ് ഒരു ആധിപത്യ ശക്തിയായി വളർന്നതും ഏഷ്യയും ആഫ്രിക്കയും കോളനികൾ ആക്കപ്പെട്ട് ചൂഷണം ചെയ്യപ്പെട്ടതുമാകുന്നു. യൂറോപ്യൻ രാജ്യങ്ങളുടെ മധ്യത്തിൽ ഇംഗ്ലണ്ട് താരതമ്യം ചെയ്യാൻ പറ്റാത്ത സ്ഥാനം വഹിച്ചതു മാത്രമല്ല ലോക മുതലാളിത്വത്തിന്റെ കേന്ദ്രമായും വിളങ്ങി. ചന്ത, അസംസ്കൃത വസ്തുക്കളുടെ ആവശ്യം വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ ചൂഷണത്തിനായി തങ്ങളുടെ സാമ്രാജ്യത്തെ വിപുലമാക്കാൻ മുതലാളിത്വ നാടുകൾ ലോകം മുഴുവനും പോരാട്ടങ്ങളിൽ വ്യാപൃതരായി.

X Std - History Malayalam Unit-1.indd 1 1/27/2023 9:59:29 AM

കുത്തക മുതലാളിത്വത്തിന്റെ ഉയർച്ച

1870-നു ശേഷം വ്യവസായശാലകളുടെ സഖ്യം, മൂലധനം, വില്പന വസ്തുക്കളിൽ നിന്നുള്ള ധനലാഭം തേടുന്ന പ്രവർത്തി എന്നിവ ഏകാധിപത്യത്തിന്റെ ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകമായി തീർന്നു. ഈ പ്രവണത 19-ാം നൂറ്റാണ്ടിന്റെ രണ്ടാം ഭാഗത്തിൽ

(Trust) ട്രസ്റ്റ് എന്നത് ഏതെങ്കിലും ഒരു വസ്തുവിന്റെ ഉല്പാദനത്തിലോ വിതരണത്തിലോ വ്യാപൃതരായിരിക്കുന്ന വ്യവസായ സംഘടനയാണ്. ഇവർക്ക് തങ്ങൾക്ക് നന്മ ലഭിക്കുന്ന വിധത്തിൽ സാധനങ്ങളുടെ വിനിയോഗം, വില എന്നിവയിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഉണ്ടായിരിക്കും.

സാമ്രാജ്യത്വവും അതിന്റെ സവിശേഷതകളും

മുതലാളിത്വം ഒഴിവാക്കാൻ പറ്റാത്ത ഏകാധിപത്യത്തിലേക്ക് നയിക്കുന്നു. മുതലാളിത്വത്തിന്റെ മൂർദ്ധന്യാവസ്ഥയാണ് ഏകാധിപത്യം എന്ന് ലെനിൻ അഭിപ്രായപ്പെട്ടു. ഏകാധിപത്യം എന്നത് കോളനികളെക്കുറിച്ചുള്ളതുമാത്രമല്ല അത് ഒരു പൂർണ്ണഭരണ ക്രമീകരണത്തിനും സൈന്യവൽക്കരണത്തിനും യുദ്ധത്തിനും വഴിതെളിച്ചു.

1.2 വൻ ശക്തികളുടെ മത്സരം

യൂറോപ്പ്

19-ാം നൂറ്റാണ്ടിൽ യൂറോപ്യൻ ശക്തികൾ മറ്റു ചെറുതും വലുതുമായ രാജ്യങ്ങളെ കോളനികളാക്കി തങ്ങളുടെ നന്മക്കായി ചൂഷണം ചെയ്തു. 1880 കാലഘട്ടത്തിൽ ഏഷ്യയിലെ ഭൂരിഭാഗം രാജ്യങ്ങളും കോളനിവൽകരിക്കപ്പെട്ടു. ആഫ്രിക്ക മാത്രം വിട്ടുപോയിരുന്നു. എന്നാൽ 1881 മുതൽ 1914 വരെയുള്ള വർഷങ്ങൾക്കിടയിൽ ആഫ്രിക്കയും കൈവശപ്പെടുത്തപ്പെട്ട് വിഭജിച്ച് കോളനികളാക്കി. യൂറോപ്പിൽ 1870-നു ശേഷം ഇംഗ്ലണ്ട്, ഫ്രാൻസ്, ബെൽജിയം, ഇറ്റലി, ജർമ്മനി എന്നീ നാടുകൾ കോളനി ആധിപത്യ മത്സരത്തിൽ പങ്കുകൊണ്ടു.

വൻശക്തികൾക്കിടയിലെ പോരാട്ടങ്ങൾ

വ്യവസായ പുരോഗതിയിൽ പ്രഥമ സ്ഥാനം വഹിച്ച ഇംഗ്ലണ്ടിന് വിശാല രാജ്യങ്ങളെ നിയന്ത്രണ വിധേയമാക്കിയെങ്കിലും തൃപ്തി വന്നില്ല. എന്തെന്നാൽ ഇംഗ്ലണ്ടിന് അമേരിക്കയോടും ജർമ്മനിയോടും മത്സരിക്കേണ്ടതായി വന്നു. എന്തെന്നാൽ ഈ നാടുകൾ സാധനങ്ങളെ ഉല്പാദിപ്പിച്ച് കുറഞ്ഞ വിലക്ക് വിറ്റു വന്നു. ആയതിനാൽ ഇംഗ്ലണ്ടിന്റെ വാണിജ്യത്തിന് ക്ഷതമേറ്റു. നാടുകൾക്കിടയിൽ ഏർപ്പെട്ട ഈ മത്സരം ആഫ്രിക്കയിലും യൂറോപ്പിലും വൻശക്തികൾക്കിടയിൽ സംഘട്ടനങ്ങൾ ഏർപ്പെടാൻ കാരണമായിത്തീർന്നു.

ഏഷ്യ : ജപ്പാന്റെ ഉദയം

(മെയ്ജി വർഷം 1867 മുതൽ 1912) ഇക്കാലത്ത് ഏഷ്യയിൽ ജപ്പാൻ യൂറോപ്യൻ നാടുകളെ അനുകരിക്കുകയും പല മേഖലകളിൽ അവർക്കൊപ്പം എത്തുകയും ചെയ്തു. ജപ്പാൻ ഭരണാധികാരികൾ ഫ്യൂഡൽ വ്യവസ്ഥിതി പരിപാലിച്ചു പോന്നുവെങ്കിലും ജപ്പാൻ പാശ്ചാത്യ വിദ്യാഭ്യാസത്തേയും ഭരണ സംവിധാനത്തെയും സ്വീകരിച്ചു. ആധുനിക സൈന്യത്തിന്റേയും, കപ്പൽപ്പടയുടെയും സഹായത്തോടെ ജപ്പാൻ ഒരു വ്യാവസായിക ശക്തിയായി രൂപം പ്രാപിച്ചു. ഏകാധിപത്യ ആക്രമണങ്ങളിൽ ജപ്പാൻ യൂറോപ്യൻ രാജ്യങ്ങളെ പിൻതുടർന്നു. 1894-ൽ ജപ്പാൻ ചൈനയുടെ മേൽ ഒരു യുദ്ധം അടിച്ചേൽപ്പിച്ചു. 1894-95-ൽ നടന്ന യുദ്ധത്തിൽ ജപ്പാൻ ചൈനയെ തോൽപ്പിച്ചത് ലോകരാജ്യങ്ങളെ ആശ്ചര്യത്തിലാഴ്ത്തി. മൂന്ന് വൻ ശക്തികളായ റഷ്യ, ജർമ്മനി, ഫ്രാൻസ് എന്നിവയുടെ മുന്നറിയിപ്പുകളെ അവഗണിച്ച് ജപ്പാൻ ലിയാപോട്ടങ് (Liaotung) ദ്വീപിനെപോർട്ട് ആർതറിനോട് (Port - Arthur) ചേർത്തു. ഇപ്രകാരം കിഴക്കൻ ഏഷ്യയിലെ ശക്തമായ രാഷ്ട്രമാണെന്ന് ജപ്പാൻ തെളിയിച്ചു.

യൂറോപ്യൻ രാജ്യങ്ങളുടെ ശക്തമായ സമ്മർദ്ദത്താൽ പോർട്ട് ആർതറിന്മേലുള്ള അവകാശത്തെ ജപ്പാൻ കൈവിട്ടു. ഈ സന്ദർഭത്തെ പ്രയോജനപ്പെടുത്തി റഷ്യ തങ്ങളുടെ സൈന്യത്തെ മഞ്ചൂറിയയിലേക്ക് അയച്ചു. 1902 ജപ്പാൻ ഇംഗ്ലണ്ടുമായി സഖ്യത്തിലായി. റഷ്യയോട് മഞ്ചൂറിയയിൽ നിന്നും പിൻവാങ്ങാൻ ജപ്പാൻ ആവശ്യപ്പെട്ടു. ജപ്പാന്റെ ആവശ്യം റഷ്യ അവഗണിച്ചു. 1904-ൽ റഷ്യക്കും ജപ്പാനുമിടയിൽ യുദ്ധം നടന്നു. ഈ യുദ്ധത്തിൽ ജപ്പാൻ റഷ്യയെ തോല്പിച്ചു. പോർട്ട് ആർതറിനെ തിരിച്ചു പിടിക്കുകയും ചെയ്തു. ഈ യുദ്ധത്തിനു ശേഷം വൻ ശക്തികളുടെ ആകർഷണവലയത്തിൽ ജപ്പാൻ സ്ഥാനം നേടി. (Charmed Circle of the Great Powers).

ജപ്പാന്റെ ആയുധ-ബല നയതന്ത്രം

1905-നു ശേഷം ജപ്പാൻ കൊറിയയുടെ ആഭ്യന്തര വിദേശ നയങ്ങളെ തങ്ങളുടെ നിയന്ത്രണത്തിൻ കീഴ് കൊണ്ടുവന്നു. 1910-ലെ ജപ്പാൻ നയതന്ത്രപ്രതിനിധിയുടെ കൊലപാതകം കൊറിയയെ ജപ്പാനോട് ചേർക്കാൻ ജപ്പാന് ഒരവസരം ഉണ്ടാക്കികൊടുത്തു. മഞ്ചു രാജവംശത്തിന്റെ വീഴ്ചയാൽ ചൈനയിൽ ഏർപ്പെട്ട ആഭ്യന്തര കുഴപ്പം 1912-ൽ ജപ്പാന് തങ്ങളുടെ സാമ്രാജ്യ വിപുലീകരണത്തിന് ഒരവസരം കൂടി നൽകി. അതിനുശേഷം ചൈനയിൽ ഷാൻറ്റങ് (Shantung) പ്രദേശത്ത് ജർമ്മനിക്കുണ്ടായിരുന്ന അവകാശങ്ങളെ ജപ്പാന് കൈമാറാനും മഞ്ചൂറിയയിൽ ജപ്പാന്റെ ആധിപത്യത്തെ അംഗീകരിക്കാനും ചൈനയോട് ആവശ്യപ്പെട്ടു. മാത്രമല്ല രണ്ടു ജപ്പാൻ ഉപദേശകരെ ചൈന സർക്കാരിൽ നിയമിക്കാനും നിർദ്ദേശിച്ചു. ഇപ്രകാരമുള്ള സൈനിക ബലനയതന്ത്രം ചൈനക്ക് മാത്രമല്ല യൂറോപ്യൻ രാജ്യങ്ങൾക്കും ശത്രുത ഉണ്ടാക്കാൻ കാരണമായി.

X Std - History Malayalam Unit-1.indd 2 1/27/2023 9:59:30 AM

X Std - History Malayalam Unit-1.indd 3 1/27/2023 9:59:30 AM

കോളനിവൽകരണവും അതിന്റെ വീഴ്ചയും

1876-ൽ ആഫ്രിക്കയുടെ വെറും 10 ശതമാനം മാത്രമാണ് യൂറോപ്യൻ ആധിപത്യത്തിന്റെ കീഴിൽ ഉണ്ടായിരുന്നത്. എന്നാൽ 1900 ത്തിൽ മുഴുവൻ ആഫ്രിക്കയും കോളനിവൽകരിക്കപ്പെട്ടു. ബ്രിട്ടൺ, ഫ്രാൻസ്, ബെൽജിയം, എന്നീ നാടുകൾ ആഫ്രിക്ക ഭൂഖണ്ഡത്തെ തമ്മിൽ വിഭജിച്ചെടുത്തു. കുറച്ചു പ്രദേശങ്ങൾ മാത്രം ജർമ്മനിക്കും ഇറ്റലിക്കും വിട്ടുനൽകി. ബ്രിട്ടൺ, ഫ്രാൻസ്, റഷ്യ, ജർമ്മനി എന്നീ നാടുകൾ ചൈനയെ തങ്ങളുടെ സ്വാധീന മേഖലയിലാക്കി (Spheric of Influence), കൊറിയ, തയ്വാൻ എന്നീ രാജ്യങ്ങളുടെ മേൽ ജപ്പാൻ ആധിപത്യം ചെലുത്തി. ഇന്തോചൈനയെ ഫ്രാൻസ് കീഴ്പ്പെടുത്തി. അമേരിക്ക ഫിലിപ്പിയൻസിനെ സ്പെയിനിൽ നിന്നും പിടിച്ചെടുത്തു. റഷ്യയും ബ്രിട്ടണും ചേർന്ന് പേർഷ്യയെ പങ്കിട്ടെടുത്തു.

ആഫ്രിക്കയിൽ കോളനികൾ ഏർപ്പെടുത്താനുള്ള യൂറോപ്യൻ ശക്തികളുടെ ആദ്യകാല പരിശ്രമം പല രക്തരൂക്ഷിത യുദ്ധങ്ങളിൽ കലാശിച്ചു. അൽജീരിയ, സെനഗൽ എന്നീ രാജ്യങ്ങളെ കീഴ്പെടുത്താൻ ഫ്രാൻസിന് ദൈർഘ്യമേറിയതും കയ്പ്പേറിയതുമായ യുദ്ധങ്ങളിൽ ഏർപ്പെടേണ്ടിവന്നു. 1879 (Zulus) സുളു വംശത്തോടും 1884 (Sudanese) സൂഡാനികളോടും ബ്രിട്ടൺ തോൽവി ഏറ്റുവാങ്ങി. 1896-ൽ അഡോവയിൽ (Adowa) നടന്ന യുദ്ധത്തിൽ ഇറ്റാലിയൻ സൈന്യത്തിന് എത്യോപ്യൻ സൈന്യത്തിൽ നിന്നും കനത്ത തോൽവി ഏറ്റുവാങ്ങേണ്ടിവന്നു.

1.3 ഒന്നാംലോക മഹായുദ്ധത്തിന്റെ കാരണങ്ങൾ, ഗതി, ഫലങ്ങൾ

a) കാരണങ്ങൾ

യൂറോപ്യൻ ചേരികളും എതിർചേരികളും

1900-ൽ അഞ്ചു യൂറോപ്യൻ വൻ ശക്തികൾ രണ്ടു സൈനിക ചേരികളായി പിരിഞ്ഞു. ഒരു ചേരി മധ്യശക്തികൾ - ജർമ്മനി, ആസ്ത്രിയ, ഹംഗറി, ഇറ്റലി എന്നിവ. ബിസ്മാർക്കിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം ഈ നാടുകൾ 1882-ൽ ഒരു ത്രിരാഷ്ട്ര സഖ്യമുണ്ടാക്കി. ജർമ്മനിയും ആസ്ത്രിയയും പരസ്പരം സഹായിക്കുമെന്ന ധാരണയുടെ അടിസ്ഥാനത്തിലായിരുന്നു ഈ ഉടമ്പടി. എതിർ ചേരി ഫ്രാൻസും റഷ്യയും ഉൾക്കൊണ്ടതായിരുന്നു. അവരുടെ സഖ്യം 1894-ൽ രൂപം കൊണ്ടു. ഈ ഉടമ്പടി ഈ രണ്ടു രാജ്യങ്ങളിൽ ആരേയെങ്കിലും ജർമ്മനി ആക്രമിക്കുകയാണെങ്കിൽ പരസ്പരം സഹായിക്കാമെന്നുള്ള ധാരണയിന്മേലായിരുന്നു. ഒറ്റപ്പെടുത്തപ്പെട്ട ബ്രിട്ടൺ സഖ്യത്തിനായി രണ്ടു പ്രാവശ്യം ജർമ്മനിയെ സമീപിച്ചുവെങ്കിലും ആ ശ്രമം വിഫലമായി. ജപ്പാന് റഷ്യയോടും റഷ്യയുടെ സഖ്യകക്ഷികളായ ഫ്രാൻസിനോടും ശത്രുതയുണ്ടായിരുന്നതിനാൽ 1902-ൽ ബ്രിട്ടനുമായി സഖ്യത്തിലായി. ആഗ്ലോ-ജപ്പാൻ സഖ്യം രൂപപ്പെട്ടതിൽ പരിഭ്രാന്തിയിലായ ഫ്രാൻസ് തങ്ങളുമായി സഖ്യമുണ്ടാക്കുന്നതിന് ബ്രിട്ടനെ പ്രേരിപ്പിച്ചു. എന്തെന്നാൽ മൊറോക്കോയിലും, ഈജിപ്തിലും ഫ്രാൻസിനുണ്ടായിരുന്ന കോളനി ആധിപത്യ പ്രശ്നങ്ങൾ ഫ്രാൻസിന് തീർക്കേണ്ടതുണ്ടായിരുന്നു. ഇതിന്റെ ഫലമായി 1904-ലെ കോർഡയൽ സൗഹൃദ (Entente Cordiale) ഉടമ്പടിപ്രകാരം ഫ്രാൻസിന് മെറോക്കോയിൽ സ്വതന്ത്ര വിഹാരത്തിന് അവസരം ലഭിച്ചു. ഫ്രാൻസ് ഈജിപ്തിലുള്ള ബ്രിട്ടന്റെ അവകാശത്തെ അംഗീകരിച്ചു. അതേ സമയം ബ്രിട്ടൺ, പേർഷ്യ, അഫ്ഗാനിസ്ഥാൻ, തിബറ്റ് എന്നിവയുടെ മേൽ റഷ്യയുമായി ഒരു ഉടമ്പടിയിൽ എത്തിച്ചേരുകയും ചെയ്തു. അപ്രകാരം ഒരു ത്രൈരാഷ്ട്ര സൗഹൃദം (Tripple Entente) ഫ്രാൻസ്, ബ്രിട്ടൺ, റഷ്യ എന്നിവക്കുള്ളിൽ ഉണ്ടായി.

ദേശീയതയുടെ ആക്രമ രൂപങ്ങൾ

ദേശീയവാദത്തിന്റെ വളർച്ചയോടെ എന്റെ രാജ്യം, ശരിയോ-തെറ്റോ, ഞാൻ പിൻതുണക്കും എന്ന മനോഭാവം രൂപംകൊണ്ടു. ഒരു രാജ്യത്തോടുള്ള കൂറ് എന്നത് മറ്റു രാജ്യങ്ങളോടുള്ള വെറുപ്പായി മാറി. ഇംഗ്ലണ്ടിലെ ജിങ്കോയിസം (Jingoism) ഫ്രാൻസിലെ ചൗവിനിസം (Chauvinism) ജർമ്മനിയെ കൾട്ടർ (Kultur) എന്നിവ ദേശീയ വാദത്തിന്റെ തീവ്രരൂപങ്ങളായിരുന്നു. യുദ്ധമുണ്ടാകാൻ ഈ പ്രവണത കാരണമാവുകയും ചെയ്തു.

ജർമ്മൻ ചക്രവർത്തിയുടെ ആക്രമണ മനോഭാവം



കൈസർ വില്യം II

ജർമ്മനിയിലെ കൈസർ വില്യം രണ്ടാമൻ ലോകരാജ്യങ്ങളിൽ ജർമ്മനിയെ നേതൃത്വ സ്ഥാനത്തിലെത്തിക്കുമെന്ന് പ്രഖ്യാപിച്ചു. 1805-ൽ ട്രിഫാൽഗർ (Trafalgar) യുദ്ധത്തിൽ നെപ്പോളിയനെ തോല്പിച്ചശേഷം സമുദ്രമേഖലയിൽ ബ്രിട്ടൺ സംരക്ഷ ശക്തിയായി കരുതപ്പെട്ടു. ജർമ്മനിയുടെ ആക്രമണ മനോഭാവവും വേഗത്തിലുള്ള കപ്പൽത്തള നിർമ്മാണ പ്രവർത്തനങ്ങളും ജർമ്മനി തങ്ങളെയാണ് ലക്ഷ്യംവയ്ക്കുന്നതെന്ന് ബ്രിട്ടൺ കരുതി. അതിനാൽ ബ്രിട്ടൺ ഒരു നാവിക മത്സരത്തിന് തുടക്കം കുറിച്ചു. ഇത് രണ്ടു വൻ ശക്തികൾ തമ്മിലുള്ള സംഘർഷത്തിന് ഹേതുവായി.

ജർമ്മനിക്കെതിരെ ഫ്രാൻസിന്റെ ശത്രുത

ജർമ്മനിയും ഫ്രാൻസും പഴയ ശത്രുക്കളായിരുന്നു. 1871 യുദ്ധത്തിലെ തോൽവിയെക്കുറിച്ചുള്ള കയ്പ്പുള്ള ഓർമ്മകളും അൽസേഴ്സ്, ലെറൈൻ എന്നീ പ്രദേശങ്ങളെ വിട്ടുനൽകേണ്ടി വന്നതും ഫ്രാൻസിന്റെ മനസ്സിൽ പുകഞ്ഞുകൊണ്ടേയിരുന്നു. മെറൊക്കോ പ്രശ്നത്തിൽ ജർമ്മനിയുടെ കൈകടത്തൽ ഈ ശത്രുതയെ വർദ്ധിപ്പിച്ചു. മൊറോക്കൊ പ്രശ്നത്തിൽ ഫ്രാൻസ് ബ്രിട്ടണുമായി ചെയ്ത കരാർ ജർമ്മനിയുടെ സമ്മതത്തോടെ ആയിരുന്നില്ല. അതിനാൽ കൈസർ വില്യം രണ്ടാമൻ മൊറൊക്കോ സുൽത്താന്റെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുകയും മൊറൊക്കോയുടെ ഭാവി നിർണ്ണയിക്കുന്നതിൽ ഒരു അന്താരാഷ്ട്ര സമ്മേളനം ആവശ്യപ്പെടുകയും ചെയ്തു.

X Std - History Malayalam Unit-1.indd 4 1/27/2023 9:59:30 AM

ബാൽക്കൻ മേഖലയിലെ സാമ്രാജ്യത്വരാഷ്ട്രീയശക്തി

1908-ൽ നടന്ന യുവതുർക്കി വിപ്ലവം ശക്തവും ആധുനികവുമായ ഒരു സർക്കാർ തുർക്കിയിൽ സൃഷ്ടിക്കാനുള്ള ഒരു ശ്രമമായിരുന്നു. ഈ വിപ്ലവം ബാൽക്കൻ മേഖലയിൽ ആസ്ത്രിയയ്ക്കും റഷ്യക്കും തങ്ങളുടെ പ്രവർത്തനങ്ങളെ പുനരാരംഭിക്കാൻ ഒരവസരം ഉണ്ടാക്കിക്കൊടുത്തു. ആസ്ത്രിയയും റഷ്യയും ചേർന്ന് ഒരുടമ്പടിയുണ്ടാക്കി. ഇതുപ്രകാരം ആസ്ത്രിയയ്ക്ക് ബോസ്നിയെ ഹെസ്ഗോവിനാ പ്രദേശത്തെ ചേർക്കുന്നതിന് അവസരം നൽകി. റഷ്യക്ക് തങ്ങളുടെ പടക്കപ്പലുകൾക്ക് മധ്യധരണിക്കടൽ പ്രദേശത്തുള്ള ഡാർഡനൽസ് ബോസ്പോറസ് പ്രദേശത്ത് സ്വൈരവിഹാരം ചെയ്യുന്നതിന് അവസരമുണ്ടായി. ഈ ഉടമ്പടി കഴിഞ്ഞ ഉടനെ ആസ്ത്രിയ ബോസ്നിയ ഹെർസഗോവിനാ പ്രദേശത്തെ ചേർത്തുകൊണ്ട് പ്രഖ്യാപനം നടത്തി. ആസ്ത്രിയയുടെ ഈ പ്രവർത്തി സെർബിയയുടെ ശക്തമായ പ്രതിക്ഷേധത്തിനിടയാക്കി. ജർമ്മനി ആസ്ട്രിയക്ക് പൂർണ്ണ പിൻതുണ നൽകി. ഈ പ്രശ്നത്തിൽ സെർബിയയെ സഹായിക്കുകയാണെങ്കിൽ ആസ്ത്രിയയ്ക്ക് പരിപൂർണ്ണ സഹായം ചെയ്യാമെന്ന് ജർമ്മനി ഉറപ്പുനൽകി. ആസ്ത്രിയക്കും സെർബിയക്കും ഇടയിലുള്ള ശത്രുത 1914-ൽ ഒന്നാം ലോകമഹായുദ്ധം ആരംഭിക്കുന്നതിന് കാരണമായി.

ബാൽക്കൻ യുദ്ധങ്ങൾ

18-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ തുർക്കി ഒരു ശക്തമായ രാഷ്ട്രമായി തെക്കുപടിഞ്ഞാറൻ ഏഷ്യയിൽ നിലനിന്നിരുന്നു. ഈ ഒട്ടോമൻ സാമ്രാജ്യം തങ്ങളുടെ അധികാര പരിധിയെ ഹംഗറി മറ്റും പോളണ്ടുവരെ വ്യാപിപ്പിച്ചു. ഈ വിശാല സാമ്രാജ്യത്തിന്റെ ബാൽക്കൻ പ്രദേശത്ത് തുർക്കികൾ അല്ലാത്ത ജനങ്ങൾ ജീവിച്ചു പോന്നു. ഈ ബാൽക്കൻ പ്രദേശത്തുള്ള തുർക്കികളും തുർക്കികൾ അല്ലാത്തവരും അന്യോന്യം അതിക്രൂരമായ വംശഹത്യയിലും പൈശാചിക പ്രവർത്തികളിലും വ്യാപൃതരായി. അർമീനിയൻ വംശഹത്യ (Armenian genocide) കൊടുംക്രൂരതയ്ക്ക് ഉദാഹരണമാണ്.



18-ാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തിൽ തുർക്കിയിൽ നടന്ന രാഷ്ട്രീയ സാമ്പത്തിക അസ്ഥിരതയെ അവസരമുതലാക്കി ഗ്രീസും മറ്റുള്ളവരും ഒന്നിനു പുറകെ ഒന്നായി തുർക്കി പ്രദേശത്തെ തങ്ങളുടെ കീഴിൽ കൊണ്ടുവന്നു. മാസിഡോണിയ മിശ്രജനത യടങ്ങിയ ഒരു പ്രദേശമായിരുന്നു. ഗ്രീസ്, സെർബിയ, ബൾഗേറിയ, മോണ്ടിനിഗ്രോ എന്നിവ മാസിഡോണിയയിൻമേൽ അധികാരം സ്ഥാപിക്കുന്നതിൽ മത്സരിച്ച് ശത്രുതയിലായിരുന്നു. 1912-ൽ ഈ രാജ്യങ്ങളെല്ലാം ചേർന്ന് ബാൽക്ക ലീഗ് എന്നൊരു സംഘടനയുണ്ടാക്കി. 1912-13 വർഷങ്ങളിൽ നടന്ന ഒന്നാം ബാൽക്കൻ യുദ്ധത്തിൽ ഈ ലീഗ് രാജ്യങ്ങളെല്ലാം ചേർന്ന് തുർക്കിയെ ആക്രമിക്കുകയും തോല്പിക്കുകയും ചെയ്തു. 1913 മേയിൽ നടന്ന ലണ്ടൻ ഉടമ്പടി പ്രകാരം അൽബേനിയ എന്ന ഒരു രാജ്യം രൂപീകരിക്കപ്പെടുകയും മാസിഡോണിയയെ മറ്റു രാജ്യങ്ങൾ പങ്കിട്ടെടുക്കുകയും ചെയ്തു. തുർക്കി കോൺസ്റ്റന്റിനോപ്പിളിലെ ചുറ്റിയുള്ള പ്രദേശമായി ചുരുക്കപ്പെട്ടു.

മാസിഡോണിയയെ വിഭജിച്ചെടുത്തത് ബൾഗേറിയയെ തൃപ്തി തിപ്പെടുത്തിയില്ല. ബൾഗേറിയ ഗ്രീസിനെയും സെർബിയേയും ആക്രമിച്ചു. എന്നാൽ ബൾഗേറിയ വളരെ ലളിതമായി തോൽപ്പിക്കപ്പെട്ടു. രണ്ടാം ബാൽക്കൻ യുദ്ധം 1913 ആഗസ്റ്റിൽ ബുച്ചാറെസ്റ്റ് (Bucharest) ഉടമ്പടി പ്രകാരം അവസാനിച്ചു.

പെട്ടെന്നുള്ള കാരണം

ബാൽക്കൻ മേഖലയിൽ ഏർപ്പെട്ട സംഭവങ്ങളുടെ ഉച്ചനില ബോസ്നിയയിലുള്ള സെരാജിവോയിൽ സംഭവിച്ചു. 1914 ജൂൺ മാസം 28-ാം തിയതി അസ്ത്രിയയിലെ ചക്രവർത്തിയായ ഫ്രാൻസ് ജോസഫിന്റെ അനന്തരവനായ ആർച്ച് ഡ്യൂക്ക് ഫ്രാൻസ് ഫെർഡിനാന്റ് സെരാജിവോയിൽ വച്ച് ബോസ്നിയൻ സെർബ് വംശജനായ പ്രിൻസിപ്പിനാൽ കൊല ചെയ്യപ്പെട്ടു. ഈ സന്ദർഭം സെർബിയ എന്ന സ്വതന്ത്രരാജ്യത്തെ ഉന്മൂലനം ചെയ്യാനുള്ള അവസരമായി ആസ്ത്രിയ കരുതി. ആസ്ത്രിയ ആദ്യം സെർബിയയെ ആക്രമിക്കട്ടെ എന്ന് കരുതി ജർമ്മനി കാത്തിരുന്നു. 1914 ഓഗസ്റ്റ് ഒന്നാം തിയതി ജർമ്മനിക്ക് ഫ്രാൻസിനോട് ശത്രുത ഇല്ലായിരുന്നു. എന്നാൽ ഫ്രാൻസ്, റഷ്യൻ സഖ്യത്തിലായതിനാൽ ഈ രണ്ടു രാജ്യങ്ങൾക്കും എതിരായി യുദ്ധം ചെയ്താൽ അത് തങ്ങൾക്ക് പ്രയോജനകരമായിരിക്കുമെന്ന് ജർമ്മനി കരുതി. ബെൽജിയത്തിന്റെ നിഷ്പക്ഷതയെ തകർത്തു കൊണ്ടുള്ള ജർമ്മനിയുടെ പ്രവർത്തി ബ്രിട്ടൺ യുദ്ധത്തിൽ പ്രവേശിക്കുന്നതിന് കാരണമായി.

b) യുദ്ധത്തിന്റെ ഗതി

രണ്ടു യുദ്ധ ചേരികൾ

മധ്യശക്തികൾ

യുദ്ധ സന്നദ്ധമായ രാജ്യങ്ങൾ രണ്ടുചേരി

X Std - History Malayalam Unit-1.indd 5 1/27/2023 9:59:30 AM

കളായി പിരിഞ്ഞു. മധ്യശക്തികൾ - ജർമ്മനി, ആസ്ത്രിയ, ഹംഗറി, തുർക്കി, ബൾഗേറിയ എന്നീ രാജ്യങ്ങൾ ഉൾകൊണ്ടതാണ്. പ്രാരംഭ ഘട്ടത്തിൽ ഇറ്റലി ജർമ്മനിക്കും ആസ്ത്രിയയ്ക്കുമൊപ്പമായിരുന്നു. ഇറ്റാലിയൻ ജനത അധികം വസിക്കുന്നതും, ആസ്ത്രിയ ഹംഗറിയിൽ ഉൾപ്പെട്ടതും എന്നാൽ ഇറ്റലിയുടെ വടക്കു കിഴക്കൻ പ്രദേശത്തിനോട് സ്ഥിതി ചെയ്തതുമായ ട്രന്റിനോ എന്ന പ്രദേശം വീണ്ടെടുക്കാൻ ഇറ്റലി നടത്തിയ ശ്രമത്തിനെ ജർമ്മനി സഹായിക്കാത്തതിനാൽ ഇറ്റലി സഖ്യത്തിൽ നിന്നും പിന്മാറി. യുദ്ധം ആരംഭിച്ചപ്പോൾ ഇറ്റലി നിഷ്പക്ഷതവഹിച്ചു. എന്നാൽ വടക്കു കിഴക്കൻ പ്രദേശം (ട്രന്റിനോ) തങ്ങൾക്ക് ലഭിക്കും എന്ന പ്രതീക്ഷയിൽ യുദ്ധത്തിൽ പ്രവേശിക്കാൻ തീരുമാനിച്ചു. 1915 ഏപ്രിൽ മാസം ലണ്ടനിൽ വച്ച് ബ്രിട്ടൺ, ഫ്രാൻസ്, ഇറ്റലി എന്നീ രാജ്യങ്ങൾ ഒരു രഹസ്യ ഉടമ്പടിയിൽ ഒപ്പുവച്ചു. ഇതിൻപ്രകാരം യുദ്ധാനന്തരം വടക്കു കിഴക്കൻ പ്രദേശം തങ്ങൾക്ക് തിരിച്ചുകിട്ടുമെന്ന പ്രതീക്ഷയിൽ മധ്യശക്തികൾക്കെതിരായി യുദ്ധത്തിൽ പ്രവേശിച്ചു.

സഖ്യ കക്ഷികൾ

ഒൻപതു രാജ്യങ്ങൾ മധ്യശക്തികളെ എതിർത്തു. അവ റഷ്യ, ഫ്രാൻസ്, ബ്രിട്ടൺ, ഇറ്റലി, യു.എസ്.എ., ബെൽജിയം, സെർബിയ, റുമേനിയ, ഗ്രീസ് എന്നിവയാകുന്നു. റുമേനിയ, ഗ്രീസ് എന്നീ രാജ്യങ്ങൾ ക്രമേണ 1916, 1917 എന്നീ വർഷങ്ങളിൽ മധ്യശക്തികൾക്കുമേൽ യുദ്ധം പ്രഖ്യാപിക്കുകയും യുദ്ധത്തിൽ ചെറിയൊരു പങ്കുമാത്രം വഹിക്കുകയും ചെയ്തു. ഭൂരിഭാഗം അമേരിക്കക്കാരും തങ്ങളുടെ രാജ്യം നിഷ്പക്ഷത പാലിക്കണമെന്ന് ആഗ്രഹിച്ചു. ആയതിനാൽ ആദ്യ മൂന്നുവർഷം ബ്രിട്ടണും ഫ്രാൻസും ധാർമ്മിക പിന്തുണ അറിയിക്കുകയും വലിയ തോതിൽ സാധന സഹായം ചെയ്തു കൊടുക്കുകയും ചെയ്തു.

സാർചക്രവർത്തിമാരുടെ വിഫലമായ സമാധാനക്രമം

റഷ്യയിലെ സാർ നിക്കളോസ് രണ്ടാമൻ എല്ലാപേരും ഒത്തുചേർന്ന് ലോക സമാധാനം ഉണ്ടാക്കണമെന്ന് വൻശക്തികൾക്ക് ഒരു നിർദ്ദേശം മുന്നോട്ട് വച്ചു. അതിന്റെ ഫലമായി 1899, 1907 എന്നീ വർഷങ്ങളിൽ ഹോളണ്ടിലെ ദിഹേഗ്-ൽ വച്ച് രണ്ടു സമ്മേളനങ്ങൾ നടന്നുവെങ്കിലും അത് വിഫലമായി.

പടിഞ്ഞാറൻ യുദ്ധം അഥവാ ഫ്രഞ്ച് മുന്നണിയിലെ യുദ്ധം

ജർമ്മൻ സൈന്യം ബെൽജിയം ജനതയുടെ പ്രതിരോധത്തെ തകർത്തെറിഞ്ഞു. സൗഹൃദ രാജ്യങ്ങളുടെ ഭാഗത്ത് ജർമ്മനിയെ ഉപരോധിക്കേണ്ട കടമ ഫ്രഞ്ച് സൈന്യത്തിനായി. എന്നാൽ ഒരു മാസത്തിനിടയിൽ ഫ്രാൻസ് തലസ്ഥാനമായ പാരിസിനുമേൽ കരിനിഴൽ വീണു.


റ്റാനൻബർഗ്ഗ്, മാൺ യുദ്ധങ്ങൾ

ഇതേ സമയം റഷ്യൻ സൈന്യം പ്രഷ്യയുടെ കിഴക്കൻപ്രദേശങ്ങൾ കീഴടക്കി മുന്നേറി. എന്നാൽ ജർമ്മനി റഷ്യയെ തോൽപ്പിച്ചു.റ്റെനൻബർഗ്ഗിൽ നടന്ന യുദ്ധത്തിൽ റഷ്യക്ക് കനത്ത തോൽവി സംഭവിച്ചു. ഈ യുദ്ധം പടിഞ്ഞാറു ഭാഗത്ത് യുദ്ധ സമ്മർദ്ദനത്തിൽ ശമനമുണ്ടാക്കി. ഈ സമയം ഫ്രഞ്ച് സൈന്യം ജർമ്മനിയെ തുരത്താൻ എല്ലാ വിധ സന്നാഹങ്ങളും ഒരുക്കി. 1914 സെപ്തംബറിൽ മാണിൽ നടന്ന യുദ്ധത്തിൽ ജർമ്മൻ മുന്നേറ്റത്തെ തടുക്കാൻ ഫ്രഞ്ച് സൈന്യത്തിനു കഴിഞ്ഞു. ഇപ്രകാരം പാരിസ് സംരക്ഷിക്കപ്പെട്ടു. മാൺ യുദ്ധം ഫ്രഞ്ച് യുദ്ധതന്ത്രത്തിന്റെ അവിസ്മരണീയ ഭാഗമാണ്.

കിടങ്ങ് യുദ്ധമുറ:



സൈന്യം കിടങ്ങുകൾ കുഴിച്ച് അതിൽ സുരക്ഷിതമായി നിന്ന് ശത്രുക്കളുടെ വെടിയുണ്ടകളിൽ നിന്നും സ്വയം രക്ഷപ്പെടുന്ന മുറയാണിത്. ഒന്നാം ലോകമഹായുദ്ധത്തിലെ ഈ സമ്പ്രദായത്തിൽ രണ്ടു മുതൽ നാലുവരെയുള്ള കിടങ്ങുകൾ സമാന്തരമായി വെട്ടപ്പെടുന്നു. ഓരോ കിടങ്ങും ഒരു പ്രത്യേക രീതിയിൽ വളഞ്ഞുപുളഞ്ഞ രീതിയിൽ വെട്ടപ്പെടുന്നു. ഇതിനാൽ ഒരു അറ്റത്ത് നിൽക്കുന്ന ശത്രുവിന് ഒരു നിശ്ചിത ദൂരത്തിനപ്പുറത്തുള്ളവരെ നിറയൊഴിക്കാൻ കഴിയില്ല. മുൻവശത്തെ പ്രധാന കിടങ്ങ് പിൻവശത്തുള്ള കിടങ്ങുകളുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കും. ഇവയിലൂടെ ആഹാരം, ആയുധങ്ങൾ, പുതിയ സൈനികർ, തപാൽ, ഉത്തരവുകൾ വിതരണം ചെയ്യപ്പെടും.



റ്റാനൻബർഗ്ഗ് യുദ്ധം

X Std - History Malayalam Unit-1.indd 6 1/27/2023 9:59:31 AM

വെർഡൻ യുദ്ധം

1916 ഫെബ്രുവരിക്കും ജൂലൈക്കുമിടയിൽ വെർഡൻ പ്രദേശത്തെ പ്രസിദ്ധമായ ഫ്രഞ്ച്കോട്ടയെ ജർമ്മനി ആക്രമിച്ചു. ഈ അഞ്ചുമാസ വെർഡൻ യുദ്ധത്തിൽ ഏകദേശം ഇരുപത് ലക്ഷം ആളുകൾ പങ്കെടുക്കുകയും അതിൽ പകുതിയോളം പേർ കൊല്ലപ്പെടുകയും ചെയ്തു. സമ്മിനദി പ്രദേശത്തിനടുത്തുവച്ച് ബ്രിട്ടീഷ് സൈന്യം ജർമ്മൻ സൈന്യത്തെ നേരിട്ടു. നാലുമാസ സമ്മി നദി യുദ്ധത്തിൽ ആദ്യദിവസം തന്നെ ബ്രിട്ടന് ഇരുപതിനായിരത്തോളം സൈനികരെ നഷ്ടപ്പെട്ടു. എങ്കിലും വെർഡൻ യുദ്ധം സൗഹൃദ രാജ്യങ്ങൾക്ക് അനുകാലമായതായി കരുതപ്പെട്ടു.

കിഴക്കൻ യുദ്ധം അഥവാ റഷ്യൻ മുന്നണിയിലെ യുദ്ധം

കിഴക്കൻ യുദ്ധ മേഖലയിൽ റഷ്യൻ സൈന്യം ആസ്ത്രിയൻ സൈന്യത്തെ തുടർച്ചയായി തോൽപ്പിച്ചുകൊണ്ടേയിരുന്നു. എന്നാൽ ജർമ്മൻ സൈന്യം റഷ്യൻ സൈന്യത്തെ തോൽപ്പിച്ചു. റഷ്യയുടേത് പരിശീലനമില്ലാത്തതും, സജ്ജമല്ലാത്തതുമായ സൈന്യമായതിനാൽ വലിയ നഷ്ടം സഹിക്കേണ്ടിവന്നു. 1917-ൽ റഷ്യയിൽ സാർ ഭരണം വിപ്ലവത്തിനാൽ നിഷ്കാസനം ചെയ്യപ്പെട്ടു. റഷ്യ സമാധാനം ആഗ്രഹിച്ചതിനാൽ 1918 മാർച്ച് മാസം 3-ാം തീയതി ജർമ്മനിയുമായി ബ്രെസ്റ്റ് - ലിറ്റോവസ്റ്റ് എന്ന ഉടമ്പടിയിൽ ഒപ്പുവച്ചു. ഇതിനുശേഷം ജർമ്മനിയുടെ നില കൂടുതൽ മെച്ചപ്പെട്ടു. ഇതിനാൽ സൗഹൃദ രാജ്യങ്ങൾ തോൽക്കുമെന്ന തോന്നലുണ്ടായി. ഈ സന്ദർഭത്തിൽ അമേരിക്കൻ ഐക്യനാടുകൾ രക്ഷകനായി എത്തുകയും അവസാനം ജർമ്മനിയുടെ തോൽവിക്ക് മുഖ്യ പങ്കുവഹിക്കുകയും ചെയ്തു.

ചെറിയ യുദ്ധ ക്കളങ്ങൾ – മധ്യപൂർവ്വ മേഖല

തുർക്കി മധ്യശക്തികൾക്ക് അനുകൂലമായി യുദ്ധം ചെയ്തു. ആരംഭഘട്ടത്തിൽ സൗഹൃദരാജ്യങ്ങൾക്ക് നഷ്ടത്തെ ഏർപ്പെടുത്തി വിജയം കൈവരിച്ച് മെസപെട്ടോമിയ, ഗാലിപ്പോലി പ്രദേശത്ത് തോൽവിയെ ഏർപ്പെടുത്തിയെങ്കിലും അവസാനം തോൽക്കുകയാണുണ്ടായത്. പിന്നീട് തുർക്കി സൂയസ് കനാലിനെ ആക്രമിക്കാൻ തുനിഞ്ഞു. ആ ശ്രമം വിഫലമായി. ബ്രിട്ടൺ തുർക്കിയെ ഇറാക്ക്, പാലസ്തീൻ, സൗദി എന്നിവിടങ്ങളിൽ നിന്നും ആക്രമിച്ചു.

വിദൂര കിഴക്കൻ മേഖല

ചൈന സൗഹൃദ രാജ്യങ്ങളുടെ പക്ഷം ചേർന്നു. ജർമ്മനി ചൈനക്ക് നൽകിയ യഷാന്റ് റ്റങ് പ്രവിശ്യയിലെ കിയൗചൗ പ്രദേശത്തെ കൈവശപ്പെടുത്തുവാൻ ജപ്പാൻ ശക്തിയുള്ളതായിരുന്നു. എന്നാൽ ഈ പ്രദേശത്ത് യുദ്ധം നിലനിന്നിരുന്നില്ല. ഈ സന്ദർഭത്തെ പ്രയോജനപ്പെടുത്തി ചൈനയെ ഭീഷണിപ്പെടുത്തി ചൈനയിൽ നിന്നും പല പ്രത്യേക ആനുകൂല്യങ്ങളും കൈവശപ്പെടുത്താൻ ശ്രമിച്ചു.

ബാൽക്കൻ മേഖല

ബൾഗേറിയയുടെ നേതൃത്വത്തിലുള്ള ആസ്ത്രിയ - ജർമ്മൻ സൈന്യം സെർബിയയെ കശക്കിപ്പിഴിഞ്ഞു. സെർബിയ ജർമ്മൻ ഭരണത്തിൻ കീഴിലായി. ഈ സമയം റുമേനിയ യുദ്ധഗതിയെ നിരീക്ഷിച്ചുകൊണ്ടിരുന്നു. 1916 ആഗസ്റ്റ് മാസം റുമേനിയ സൗഹൃദ രാജ്യങ്ങളുടെ പക്ഷം ചേർന്നു. താമസിയാതെ റുമേനിയയും ജർമ്മൻ-ആസ്ത്രിയ ഭരണത്തിൽ കീഴിലായി.

ആഫ്രിക്കയിലെ ജർമ്മൻ കോളനികളുടെ അവസ്ഥ

ആഫ്രിക്കയുടെ പടിഞ്ഞാറും കിഴക്കുമുള്ള ജർമ്മൻ കോളനികളെ സൗഹൃദരാജ്യങ്ങൾ ആക്രമിച്ചു. ഈ കോളനികൾ ജർമ്മനിയിൽ നിന്നും വളരെ അകലെ സ്ഥിതി ചെയ്തിരുന്നതിനാൽ അവയെ തക്കസമയത്ത് സഹായിക്കാൻ ജർമ്മനിക്ക് ആയില്ല. അതിനാൽ അവ സൗഹൃദ രാജ്യങ്ങൾക്ക് അടിയറവ് പറഞ്ഞു.

ആസ്ത്രിയൻ ആക്രമണത്തിൽ ഇറ്റലിയുടെ പതനം

1916 മേയ് മാസം ഇറ്റല്ലി സൗഹൃദരാജ്യങ്ങളുടെ പക്ഷം ചേർന്നു. ഇറ്റലിക്കാർ ആസ്ത്രിയക്കാരോട് നിരന്തരം യുദ്ധം ചെയ്യുകയും അവരുടെ പ്രതിരോധം നിലനിറുത്തുകയും ചെയ്തു. ജർമ്മൻ സൈന്യം ആസ്ത്രിയയെ സഹായിക്കാനെത്തിയതോടെ ഇറ്റലിതകർന്നു.

മധ്യശക്തികളുടെ വിജയം

മധ്യശക്തികൾ വിജയകരമായി ബെൽജിയം, ഫ്രാൻസിന്റെ വടക്കുകിഴക്കൻ പ്രദേശം, പോളണ്ട്, സെർബിയ, റുമേനിയ എന്നിവയെ കൈക്കലാക്കി.

ഈ യുദ്ധത്തിന്റെ കേന്ദ്രബിന്ദു ജർമ്മനിയുടെ പടിഞ്ഞാറുഭാഗവും കടലുമായിരുന്നു. സൗഹൃദ രാജ്യങ്ങൾ സമുദ്രമാർഗ്ഗത്തെ നിയന്ത്രിച്ചിരുന്നു. അവർ മദ്ധ്യശക്തികൾക്ക് ആഹാര സാധനങ്ങളും മറ്റു സാധനങ്ങളും ലഭിക്കുന്നതിൽ തടസ്സം ഏർപ്പെടുത്തി. ജർമ്മനിയിലും ആസ്ത്രിയയിലും സ്ത്രീകളും കുട്ടികളും ആഹാര സാധനങ്ങളുടെയും മറ്റു അവശ്യ സാധനങ്ങളുടെയും അഭാവത്താൽ വിശപ്പിനാൽ കഷ്ടപ്പെട്ടു. ജർമ്മനി ആകാശമാർഗ്ഗം ബ്രിട്ടണെ ആക്രമിച്ചു. ലണ്ടനിലും മറ്റു വലിയ വ്യവസായ ശാലകൾ നിലനിന്ന പ്രദേശങ്ങളിലും ബോംബുകൾ വർഷിച്ചു. ക്രമേണ ജനവാസ കേന്ദ്രങ്ങളിൽ ബോംബുകൾ ഇട്ട് വിഷവായു പ്രയോഗം നടത്തി. താമസിയാതെ ഇരുപക്ഷവും ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടു.

നാവികയുദ്ധങ്ങളും യുദ്ധത്തിൽ അമേരിക്കയുടെ പ്രവേശനവും

1916-ൽ നാവികയുദ്ധം ജർമ്മനിക്കു വടക്ക് സമുദ്രത്തിലുള്ള **ജട്ട്ലന്റിൽ** നടന്നു. ഈ **യുദ്ധ**ത്തിൽ ബ്രിട്ടൺ വിജയിച്ചു. ഈ തോൽവിക്ക്

X Std - History Malayalam Unit-1.indd 7 1/27/2023 9:59:31 AM

പ്രതികാരമായി ജർമ്മനി അന്തർവാഹിനികളേയും പടക്കപ്പലുകളേയും ഉപയോഗിച്ചു. സൗഹൃദരാജ്യങ്ങളുടെ കപ്പൽ സഞ്ചാരത്തെ തടസ്സപ്പെടുത്താൻ ആരംഭിച്ചു. അതിലൊരു സംഭവമാണ് പ്രസിദ്ധ എംഡൺ കപ്പൽ മദ്രാസിൽ ബോംബിട്ടത്. ബ്രിട്ടന്റെ ഉപരോധത്തിനെതിരെ 1917-ൽ ജനുവരി മാസത്തിൽ ബ്രിട്ടീഷ് സമുദ്രമേഖലയിൽ പ്രവേശിക്കുന്ന നിഷ്പക്ഷ കപ്പലുകളേയും മുക്കുമെന്ന് പ്രഖ്യാപിച്ചു. ഇതിനർത്ഥം ബ്രിട്ടീഷ് സമുദ്രമേഖലയിലുള്ള എല്ലാ കപ്പലുകളും, അവ യുദ്ധത്തിലേർപ്പെട്ടിട്ടുള്ള രാജ്യങ്ങളുടെ ആയാലും ഇല്ലെങ്കിലും ജർമ്മൻ അന്തർവാഹിനികളാൽ മുക്കപ്പെടും. ഇപ്രകാരം അമേരിക്കൻ കപ്പലായ ലൂസിറ്റാനിയ (Lusitania) ജർമ്മൻ അന്തർവാഹിനിയാൽ മുക്കപ്പെട്ടു. ഇതിനാൽ അമേരിക്കൻ പ്രസിഡണ്ടായ വുട്ഡ്രോവിൽസൺ 1917-ഏപ്രിൽ മാസം ജർമ്മനിക്കെതിരെ യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു. അമേരിക്കയുടെ പ്രവേശനം മുൻകൂട്ടി തീരുമാനിച്ച വിജയം പോലെ സൗഹൃദരാജ്യങ്ങളെ വിജയത്തിലെത്തിക്കുകയും ചെയ്തു.



ലൂസിറ്റാനിയ കപ്പൽ മുങ്ങൽ

c) യുദ്ധവിരാമവും വെർസെയിൽസ് ഉടമ്പടിയും

1918-നവംബർ മാസം ജർമ്മനി പരിപൂർണ്ണമായി കീഴടങ്ങി. 1918 നവംബർ മാസം 11-ാം തീയതി മുതൽ വെടി നിറുത്തൽ പ്രാബല്യത്തിൽ വന്നു. കൈസർ വില്യം സ്ഥാന ത്യാഗം ചെയ്തു. രാഷ്ട്രീയ സാഹചര്യങ്ങൾ കഠിന നിബന്ധനകളെ സ്വീകരിക്കാൻ ജർമ്മനി നിർബന്ധിതമായി.


പാരിസ് സമാധാന സമ്മേളനം

യുദ്ധം കഴിഞ്ഞ് രണ്ടുമാസത്തിനു ശേഷം 1919 ജനുവരി മാസം പാരിസിൽ സമാധാന സമ്മേളനം ആരംഭിച്ചു. ഈ സമ്മേളനത്തിൽ വുഡ്രോ വിൽസൺ (USA) ലോയിഡ്ജോർജ്ജ് (UK) ക്ലമൻഷൂ (France) എന്നിവർ ചർച്ചയിൽ പ്രധാന പങ്കുവഹിച്ചു.



പത്ര അറിവിപ്പ്

യുദ്ധം പുനരാരംഭിക്കപ്പെടും എന്ന ഭീഷണിയുടെ അന്തരീക്ഷത്തിൽ കഠി വ്യവസ്ഥകളെ സ്വീകരിക്കാൻ ജർമ്മനി നിർബന്ധിക്കപ്പെട്ടു. 1919 ജൂൺ 28-ാം തിയതി വെർസെയിൽസിലുള്ള കണ്ണാടി മാളികയിൽ വച്ച് സമാധാന ഉടമ്പടി ഒപ്പുവച്ചു.



പാരിസ് സമാധാന സമ്മേളനം

ഉടമ്പടിയിലെ വ്യവസ്ഥകൾ

1. യുദ്ധം ആരംഭിക്കുന്നതിന് ജർമ്മനിയാണ് കാരണമെന്നതിനാൽ യുദ്ധ കുറ്റവാളിയാക്കപ്പെട്ടു. യുദ്ധത്തിനാൽ ഏർപ്പെട്ട നഷ്ടത്തിന് നഷ്ടപരിഹാരം ജർമ്മനി നൽകേണ്ടതാണ്. എല്ലാ മധ്യശക്തികളും യുദ്ധനഷ്ടപരിഹാരം നൽകേണ്ടതാണ്.
2. ജർമ്മൻ സൈന്യത്തിന്റെ അംഗബലം 1,00,000 മായി നിർണ്ണയം ചെയ്തു. ഒരു ചെറിയ കപ്പൽ സൈന്യത്തിന് അനുവാദം നൽകി.
3. ജർമ്മനി ആസ്ട്രിയ എന്നീ നാടുകളുടെ സഖ്യത്തെ നിരോധിച്ചു.
4. എല്ലാ കോളനികളും സർവ്വരാഷ്ട്ര സഖ്യത്തിന്റെ കീഴിൽ കൊണ്ടുവരപ്പെട്ടു.
5. റഷ്യയുമായുള്ള ബ്രെസ്റ്റ്-ലിറ്റോവസക്, ബൾഗേറിയയുമായുള്ള ബച്ചാറെസ്റ്റ് എന്നിവയിൽ നിന്നും പിൻവാങ്ങേണ്ടതാണ്.
6. അൽസേസ്, ലൊറൈൻ പ്രദേശങ്ങൾ ഫ്രാൻസിന് തിരികെ നൽകണം.
7. മുമ്പ് റഷ്യയുടെ ഭാഗങ്ങളായിരുന്ന. ഫിൻലാന്റ്, എസ്തോന്നിയ, ലാറ്റ്മിയ, ലിത്വാനിയ എന്നിവക്ക് സ്വാതന്ത്ര്യം നൽകേണ്ടതാണ്.
8. വടക്കൻ ഷെൽസ്വിഗ് പ്രദേശം ഡൻമാർക്കിന് നൽകപ്പെടുകയും ചില ചെറിയ ജില്ലകൾ ബെൽജിയത്തിനും നൽകപ്പെട്ടു.
9. പോളണ്ടിനെ പുനർനിർമ്മിച്ചു.
10. റെയിൻലാന്റ് കൈവശപ്പെടുത്തപ്പെടും റെയിൽലാന്റിന്റെ കിഴക്കൻ പ്രദേശം സൈനികമുക്തമാക്കപ്പെടും.

പ്രസിഡന്റ് വിൽസൺ തന്റെ 14 അംശ പദ്ധതിക്ക് രൂപം നൽകി അത് സഖ്യകക്ഷികളാൽ പിൻതുടരപ്പെട്ടു. അതിൽ കൂടുതൽ പ്രാധാന്യം നൽകിയ കാര്യമെന്തെന്നാൽ വലുതോ ചെറുതോ എന്നു നോക്കാതെ എല്ലാ രാജ്യങ്ങളും തങ്ങളുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനും ആ രാജ്യങ്ങളുടെ പ്രദേശ ഏകോപനത്തിനും സജ്ജമായ ഒരു പൊതുവായ സംഘടനയുടെ ആവശ്യമാണ്! ഇതിലെ വളരെ രസകരമായ സംഗതി റഷ്യക്ക് പ്രത്യേക അവസരം നൽകിയതാണ്.

സൗഹൃദ രാജ്യങ്ങൾ ആസ്ത്രിയ, ഹംഗറി, ബൾഗേറിയ, തുർക്കി തുടങ്ങിയ നനാടുകളോട് പ്രത്യേകം പ്രത്യേകം ഉടമ്പടികൾ ഒപ്പുവച്ചു. തുർക്കിയോട് ചെയ്ത ഉടമ്പടി സെവ്റസിനെ സുൽത്താൻ അംഗീകരിച്ചെങ്കിലും മുസ്തഫ കമാൽപാഷയും അദ്ദേഹത്തിന്റെ അനുയായികളും എതിർത്തതിനാൽ അത് തോൽവിയടഞ്ഞു.

X Std - History Malayalam Unit-1.indd 8 1/27/2023 9:59:31 AM

ഒന്നാംലോകമഹായുദ്ധത്തിന്റെ ഫലങ്ങൾ

ഒന്നാം ലോകമഹായുദ്ധം യൂറോപ്യൻ സമൂഹത്തിലും രാഷ്ട്രീയത്തിലും അഗാധമായ ചലനങ്ങൾ ഉണ്ടാക്കി. നിർബന്ധിത സൈനിക സേവനത്തിലൂടെയും, ആകാശ യുദ്ധത്തിലൂടെയും യുദ്ധം മുൻകാലങ്ങളെ അപേക്ഷിച്ച് ജനസംഖ്യയിൽ വളരെയധികം നഷ്ടങ്ങളെ ഉണ്ടാക്കി. ഈ യുദ്ധത്തിൽ 8 മില്യൺ ജനങ്ങൾ 4 വർഷത്തിനുള്ളിൽ കൊല്ലപ്പെട്ടു. അതിന്റെ ഇരുമടങ്ങ് ജനങ്ങൾക്ക് മുറിവേറ്റു. പലരും അംഗവിഹാനരായി. മില്യൺ കണക്കിന് ജനങ്ങൾ 1918 ഇൻഫ്ളുവൻസാ ബാധിച്ച് മരിച്ചു. എല്ലാ രാജ്യങ്ങളിലും ലിംഗ അസമത്വം ഉണ്ടായി. പുരുഷ സംഖ്യയിൽ കുറവു സംഭവിച്ചു. പൗരന്മാരേക്കാൾ സൈനികർക്ക് സമൂഹത്തിൽ മാന്യസ്ഥാനം ഉണ്ടായി.

യുദ്ധവും അതിന്റെ അനന്തര ഫലങ്ങളും ചരിത്രത്തിനെ മാറ്റിമറിച്ച കാലമായി മാറി. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് സോവിയറ്റ് യൂണിയന്റെ ഏകീകരണമാകുന്നു. അതിനെ USSR (Union of Soviet Socialist Republic) എന്നു വിളിച്ചു. യുദ്ധാനന്തരം അമേരിക്ക (USA - United States of America) പടിഞ്ഞാറൻ യൂറോപ്പ് കഷ്ടപ്പെട്ടപ്പോൾ എല്ലാ പ്രശ്നങ്ങളിൽ നിന്നും രക്ഷപ്പെടുകയും വളരെയധികം പുരോഗതി നേടുകയും ചെയ്തു. അമേരിക്ക യുദ്ധത്തിൽ ബാധ്യത നിറഞ്ഞ ഒരു രാജ്യമായി പ്രവേശിക്കുകയും യുദ്ധ ശേഷം ലോക രാജ്യങ്ങൾക്ക് കടം നൽകുന്ന രാജ്യമായി മാറുകയും ചെയ്തു.

ഇക്കാലത്തുള്ള മറ്റൊരു പ്രധാന സംഭവമാണ് കോളനികളിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അവബോധം സൃഷ്ടിക്കലും സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ശ്രമങ്ങളും.

തുർക്കി ഒരു നവീന രാജ്യമായി പുനർജനിച്ചതിന് മുസ്തഫ കമാൽ പാഷയുടെ പങ്ക് എടുത്തു പറയേണ്ടതാണ്. കമാൽ പാഷ തുർക്കിയെ ആധുനിക വൽക്കരിച്ചതുമാത്രമല്ല എല്ലാവിധ പ്രതിസന്ധികളിൽ നിന്നും തരണം ചെയ്യിച്ചു.

ഇന്ത്യയിലുണ്ടായ പ്രത്യാഘാതങ്ങൾ

ബ്രിട്ടീഷുകാർ വളരെ അധികം ഇന്ത്യാക്കാരെ യൂറോപ്പ്, ആഫ്രിക്ക, പടിഞ്ഞാറൻ ഏഷ്യ എന്നിവിടങ്ങളിലെ സൈനിക സേവനത്തിനായി തെരഞ്ഞെടുത്തു. യുദ്ധശേഷം ഈ സൈനികർ പുതിയ ആശയങ്ങളുമായാണ് തിരിച്ചെത്തിയത്. അത് ഇന്ത്യൻ സമൂഹത്തിൽ മാറ്റത്തെ ഏർപ്പെടുത്തി. ഇന്ത്യ യുദ്ധ ചെലവിലേക്ക് 230 മില്യൺ പൗണ്ട് നോട്ടായും (Currency) 125 മില്യൻ വായ്പയായും സംഭാവന നൽകി. കൂടാതെ 250 മില്യൺ പൗണ്ട് വിലയുള്ള യുദ്ധ സാമഗ്രികളും നൽകി. ഇത് ഇന്ത്യയിൽ വലിയ സാമ്പത്തിക മാന്ദ്യത്തിന് കാരണമായി. പാവപ്പെട്ടവർ ധാന്യത്തിനായി കടകളെ കൊള്ളയടിച്ചതിനാൽ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ധാന്യ സംഘട്ടനങ്ങൾ ഉണ്ടായി. യുദ്ധ അവസാനം ആഗോള പകർച്ചവ്യാധിയായ ഇൻഫ്ളുവൻസായുടെ കീഴിൽ ജനങ്ങൾ വളരെയധികം കഷ്ടപ്പെട്ടു.

യുദ്ധാവസ്ഥ ഇന്ത്യയെ ഹോംറൂൾ പ്രസ്ഥാനത്തെ സമരത്തിലേക്ക് നയിച്ചു. യുദ്ധ സമയത്ത് കോൺഗ്രസിലെ മിത, തീവ്രവാദ വിഭാഗങ്ങൾ ഒന്നിച്ചു.

യുദ്ധാനന്തരം ബ്രിട്ടീഷുകാർ ഇന്ത്യയോട് കൂറുള്ളവരായിരിക്കുമെന്ന് വിശ്വസിച്ച് ഇന്ത്യാക്കാർ ഒന്നാം ലോകമഹായുദ്ധത്തിൽ ഉൽസാഹത്തോടെ പങ്കെടുത്തു. എന്നാൽ നിരാശയാണ് ഫലം. അങ്ങനെ യുദ്ധം ഇന്ത്യയിൽ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ മേഖലകളിൽ വിവിധ ഫലങ്ങളെ ഏർപ്പെടുത്തി.

1.4 റഷ്യൻ വിപ്ലവവും അതിന്റെ ഫലങ്ങളും

ആമുഖം



ലോക ചരിത്രത്തിൽ ഒന്നാം ലോകമഹായുദ്ധത്തിന്റെ ഫലങ്ങളിൽ പരമമായത് റഷ്യൻ വിപ്ലവമാകുന്നു. റഷ്യയിൽ നിലവിലിരുന്ന സാമൂഹിക, സാമ്പത്തിക രാഷ്ട്രീയ നില റഷ്യയിൽ യുദ്ധത്തിനാൽ സകലതും നഷ്ടപ്പെട്ടവരുടെ കഷ്ടപ്പാടുകൾ വിപ്ലവത്തിലേക്ക് നയിച്ചു. 1917-ൽ രണ്ടു വിപ്ലവങ്ങൾ നടന്നു. ഒന്നു മാർച്ചിലും മറ്റൊന്ന് നവംബറിലുമാണ്. സാർ ചക്രവർത്തിമാരുടെ സ്ഥാനത്യാഗത്തിനുശേഷം അധികാരം തുടർന്ന ബൗർഷ്യ സർക്കാർ യുദ്ധം തുടരുന്നതിന് ആഗ്രഹിച്ചു. എന്നാൽ ജനങ്ങൾ ആ തീരുമാനത്തിനെതിരായിരുന്നു. അതുകൊണ്ട് അവിടെ രണ്ടാമതൊരു വിപ്ലവം ലെനിനിന്റെ നേതൃത്വത്തിൽ നടന്നു. അത് അധികാരം പിടിച്ചെടുക്കുകയും ഒരു കമ്മ്യൂണിസ്റ്റ് സർക്കാരിനെ സ്ഥാപിക്കുകയും ചെയ്തു.

വിപ്ലവത്തിനുള്ള കാരണങ്ങൾ

സാമൂഹിക കാരണങ്ങൾ

റഷ്യയിൽ മഹാനായ പീറ്ററും രണ്ടാം കാതറിനും സാമൂഹിക നിലയെ മാറ്റാതെ പാശ്ചാത്യവൽക്കരണത്തിന് മുതിർന്നു. റഷ്യയിലെ കർഷകരിൽ ഭൂരിഭാഗവും അടിമകളായിരുന്നു. അവർ സമ്പന്നരുടെ ബന്ധനത്തിലായിരുന്നു. ക്രിമിയൻ (Crimean) യുദ്ധത്തിൽ റഷ്യയുടെ തോൽവിക്കുശേഷം പല പരിഷ്കാര കാരണങ്ങൾ നടപ്പിലാക്കി. 1861-ൽ സാർ (Tsar) ചക്രവർത്തി അലക്സാണ്ടർ രണ്ടാമൻ അടിമ സമ്പ്രദായത്തെ ഒഴിക്കുകയും കർഷകരെ മോചിപ്പിക്കുകയും ചെയ്തു. എന്നാൽ അവരുടെ ജീവിത നിലനില്പിനാവശ്യമായ ഭൂമി നൽകിയില്ല. പിൽക്കാലത്ത് ഇവർ വിപ്ലവത്തിലെ വെടിമരുന്നായി മാറി. വ്യവസായ വൽക്കരണത്തിന്റെ ഫലമായി

X Std - History Malayalam Unit-1.indd 9 1/27/2023 9:59:31 AM

തൊഴിലാളികളുടെ അംഗസംഖ്യ വർദ്ധിച്ചു. എന്നാൽ ഈ തൊഴിലാളികൾക്കും ജോലിക്കാർക്കും തുച്ഛമായ വേതനമാണ് ലഭിച്ചിരുന്നത്.

വിപ്ലവകാരികളുടെ പങ്ക്

ബുദ്ധിജീവികളുടെ ഇടയിൽ വിപ്ലവ ആശയങ്ങൾ പ്രചരിച്ചതും സാർ ചക്രവർത്തിമാർ അതിനെ അടിച്ചമർത്തിയതും സമധർമ്മ ആശയങ്ങളിൽ ആകൃഷ്ടരായ വിദ്യാർത്ഥികൾ തങ്ങളുടെ ആശയങ്ങളെ കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കാൻ ഇടയാക്കി. താമസിയാതെ മാർക്സ് തത്വങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ ആശയങ്ങൾ രൂപം കൊണ്ടു. പുതിയ ആശയത്തെ സ്വീകരിച്ചതിനാൽ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി രൂപീകൃതമായി.

സാർ ചക്രവർത്തിമാരുടെ സ്വേച്ഛാധിപത്യം

റൊമനോവ രാജവംശത്തിലെ നിക്കളോസ് രണ്ടാമന് ഭരണത്തിൽ ചെറിയ അറിവു മാത്രമേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന്റെ ഭാര്യയായ സാറിനാ അലക്സാൺട്രാ ആധിപത്യ മനോഭാവം ഉള്ളവരായിരുന്നു. അവരുടെ പൂർണ്ണ നിയന്ത്രണത്തിലായിരുന്നു. നിക്കളോസിനോട് അദ്ദേഹത്തിന്റെ മന്ത്രിമാർ സഹകരിച്ചില്ല. കോളനി ആധിപത്യത്തിൽ നിന്നും റഷ്യ പിൻ വാങ്ങുന്നതിനെ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. നിക്കളോസ് റഷ്യയുടെ ആധിപത്യം മഞ്ചൂറിയ വരെ വ്യാപിപ്പിച്ചു. ഇതിനാൽ 1904-ൽ ജപ്പാനുമായി യുദ്ധം ചെയ്യേണ്ടിവന്നു. ഈ യുദ്ധത്തിൽ റഷ്യയുടെ തോൽവി രാജ്യത്തിനകത്ത് സമരങ്ങൾക്കും സംഘടനകൾക്കും കാരണമായി. 1905 പുരോഹിതനായ ഫാദർ ഗാപ്പോൺ സ്ത്രീകളും കുട്ടികളുമടങ്ങുന്ന ഒരു ജാഥ സാർ ചക്രവർത്തിമാരുടെ കൊട്ടാരമായ സെയിന്റ് പീറ്റേഴ്സ് ബർഗ്ഗിലേക്ക് നടത്തുകയും ദേശീയ നിയമ സഭയിൽ കാർഷിക വ്യവസായ പരിഷ്കരണത്തിന് ഒരു പ്രതിനിധിയെ നിയമിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ പോലീസും സൈന്യവും ഈ ജാഥയുടെ മേൽ നിറയൊഴിച്ചു. നൂറുകണക്കിന് ആളുകൾ മരിക്കുകയും ആയിരക്കണക്കിന് ആളുകൾക്ക് മുറിവേൽക്കുകയും ചെയ്തു. ഈ സംഭവം നടന്ന ദിവസത്തെ രക്തരൂക്ഷഞായർ ദിനം (Bloody Sunday) എന്നുവിളിക്കുന്നു. ഇതിനുശേഷവും രാജ്യത്ത് സമരങ്ങളും, അക്രമങ്ങളും സംഘട്ടനങ്ങളും ഉണ്ടായി. ഈ അക്രമങ്ങളുടെ ഫലമായി മോസ്കോ നഗരത്തിന്റെ ഗവർണ്ണർ ജനറലുമായിരുന്ന സാർ ചക്രവർത്തിയുടെ അമ്മാവൻ കൊല്ലപ്പെട്ടു. ഈ സംഭവങ്ങൾ ഒരു ഭരണഘടന നിർമ്മിക്കുന്നതിനും ഡൂമ എന്ന പേരിൽ പാർലമെന്റ് സ്ഥാപിക്കുന്നതിനും നിർബന്ധിതനാക്കി. ചക്രവർത്തിയുടെ ഈ പ്രവർത്തി ട്രോസ്കി നയിച്ച സെന്റ് പീറ്റേഴ്സ്ബർഗ്ഗിലെ തൊഴിലാളി സംഘടനയായ സോവിയറ്റ് (Council) നെ നയിച്ച ഇടതുപക്ഷ പ്രതിനിധികൾക്ക് ഇഷ്ടപ്പെട്ടില്ല.


സാർ നിക്കളോസ് രണ്ടാമൻ

സാർ ഭരണ എതിർപ്പും ഡൂമ പിരിച്ചുവിടലും

ഒന്നാം ലോകമഹായുദ്ധം ആരംഭിച്ച സമയത്ത് ഫ്രാൻസ്, ബ്രിട്ടൺ എന്നീ നാടുകളോട് റഷ്യ സഖ്യത്തിലായതിനാൽ റഷ്യയിൽ രാജഭരണം തൽക്കാലം ശക്തിയുള്ളതായി മാറി. ഈ സമയത്ത് സാർ ചക്രവർത്തിമാർക്കെതിരെ കൊട്ടാര വിപ്ലവം നടക്കാൻ പോകുന്നു എന്ന വ്യാജവാർത്ത പരന്നു. അതിനാൽ സർവ്വസൈന്യാധിപൻ താനാണെന്ന് നിക്കളോസ് പ്രഖ്യാപിച്ചു. 1916 ന്റെ അവസാനം സാർ ചക്രവർത്തിയിലും ചക്രവർത്തിനിയിലും സ്വാധീനമുണ്ടായിരുന്ന റാസ്പുറ്റിൻ രാജകുടുംബ അംഗത്താൽ കൊല്ലപ്പെട്ടു. ഇതിനാൽ സെയിന്റ് പീറ്റേഴ്സ് ബർഗ്ഗിലെ സോവിയറ്റ് പ്രതിനിധികൾ തടവിലാക്കപ്പെട്ടു. ചക്രവർത്തിയുടെ ഈ പ്രവർത്തിയെ ഡൂമ എതിർത്തതിനാൽ ഡൂമ പിരിച്ചുവിടപ്പെട്ട് പുതിയ തെരഞ്ഞെടുപ്പ് നടന്നു. എന്നാൽ സർക്കാർ നയങ്ങൾ മാറ്റമില്ലാതെ തുടർന്നതിനാൽ 4-ാമത്തെ ഡൂമ 1917-ലെ വിപ്ലവത്തോടുകൂടി അവസാനിച്ചു.

ജനകീയ സമരങ്ങൾ

പരുത്തി വ്യവസായശാലകളിൽ ജോലി ചെയ്തിരുന്ന സ്ത്രീകളുടെ മധ്യത്തിൽ (ഭർത്താക്കന്മാർ സൈനിക സേവനമനുഷ്ഠിച്ചവർ) റൊട്ടിക്ക് ദൗർബല്യം ഏർപ്പെട്ടതിനാൽ അവർ പണിമുടക്കിന് നിർബന്ധിതരായി. പെട്രോഗ്രാഡിലെ തൊഴിൽശാലകൾ തിങ്ങിനിറഞ്ഞ വീഥികളിലൂടെ ജാഥ നടത്തി. സ്ത്രീ തൊഴിലാളികൾ കൂട്ടമായി തൊഴിൽശാലകൾക്കു മുന്നിൽ അധ്വാനിക്കുന്നവന് റൊട്ടി തരുമെന്ന മുദ്രാവാക്യം മുഴക്കി. തൊഴിൽ ശാലകളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന തൊഴിലാളികൾക്കു നേരെ മുഷ്ടിചുരുട്ടി അധ്വാനം അവസാനിപ്പിക്കൂ പുറത്തുവരൂ എന്ന് ആക്രോശിച്ചു. അടുത്ത ദിവസം ഫെബ്രുവരി 24-ാം തീയതി നാലുലക്ഷത്തോളം തൊഴിലാളികൾ പണിമുടക്കിൽ പങ്കുചേർന്നു.



1917-മാണ്ട് റഷ്യൻ വിപ്ലവം

സാറിന്റെ സ്ഥാന ത്യാഗം

പൊതുജനസമരത്തെ തകർക്കുന്നതിന് സർക്കാർ സൈന്യത്തെ ഉപയോഗിച്ചു. ഉടൻ തന്നെ പട്ടാളകൂടാരങ്ങളിൽസൈനികരുടെലഹളആരംഭിച്ചു. സാർ ചക്രവർത്തിമാർ പട്ടാളനിയമം പ്രഖ്യാപിച്ചു. എന്നാൽ ഈ കല്പന നഗരത്തിൽ പ്രക്ഷേപണം ചെയ്യാൻ ആരും കൂട്ടാക്കിയില്ല. സാർ ചക്രവർത്തി

X Std - History Malayalam Unit-1.indd 10 1/27/2023 9:59:31 AM

പെട്രോഗ്രാഡിലേക്ക് തിരിച്ചുപോകാൻ തീരുമാനിച്ചു. എന്നാൽ റെയിൽവേ തൊഴിലാളികൾ അദ്ദേഹത്തിന്റെ ട്രെയിനിനെ തടഞ്ഞുനിറുത്തി. ചില സമര നേതാക്കന്മാരുടെ മുന്നിലെത്തിയ പട്ടാളമേധാവികൾ ഈ സംഭവ വികാസം കണ്ട് അമ്പരക്കുകയും സാർ ചക്രവർത്തിയോട് സ്ഥാനമൊഴിയാൻ അഭ്യർത്ഥിക്കുകയും ചെയ്തു. മാർച്ച് 15-ാം തിയതി നിക്കളോസ് രണ്ടാമൻ സ്ഥാനത്യാഗം ചെയ്തു.

റഷ്യയിൽ വിപ്ലവം നടന്ന് സാർചക്രവർത്തിമാർ പതനമടഞ്ഞപ്പോൾ നമ്മുടെ ദേശീയ കവിയായ ഭാരതിയാർ ആവേശത്തിലെഴുതിയ കവിത:

പുതിയ റഷ്യ,
മാകാളി പരാശക്തി റഷ്യനാട്ടിനർ,
കടയ്ക്കൺ വയ്ക്കാൾ അങ്കേ,
ആഹാവെന്നെഴുന്തുപ്പാർ യുഗപുരട്ചി,
കൊടുങ്കോലൻ അലറി വിഴുന്താൻ,
വാകാന തോൾപുടൈത്താർ വാനമരർ,
പേയ്കളെലാം വരുന്തികണ്ണീർ,
പ്പോകാമർ കൺ പുകയ്ന്തു മടിന്തനവാം,
വൈയകത്തീർ; പുതുമൈകാണീർ!

താല്ക്കാലിക ഭരണകൂടം

റഷ്യയിൽ പുതിയ ഭരണം ഏറ്റെടുക്കാൻ രണ്ടു പ്രസ്ഥാനങ്ങൾ ഉണ്ടായിരുന്നു. ഒന്ന് ബൗർഷ്വാ രാഷ്ട്രീയക്കാരും ഭൂവുടമകളും അടങ്ങിയ പഴയ ഡൂമ. മറ്റൊന്ന് തൊഴിലാളി പ്രതിനിധികൾ അടങ്ങിയ സോവിയറ്റ്. തൊഴിലാളികളുടെ സംഘടനയായ സോവിയറ്റിനെ അധോലോക ഇടതുപക്ഷം നിയന്ത്രിച്ചിരുന്നു. സോവിയറ്റുകളുടെ സമ്മതത്തോടെ പ്രാദേശിയ സർക്കാർ രൂപീകരിക്കാൻ ഡൂമ ശക്തമായിരുന്നു. എന്നാൽ സോവിയറ്റുകൾ മെൻഷെവിക്കുകളുടെ (Mensheviks) അധീനതയിലായിരുന്നു. എന്നാൽ ബോൾഷെവിക്കുകൾ (Bolsheviks) തീരുമാനമെടുക്കാൻ ശക്തരല്ലായിരുന്നു. ഈ സാഹചര്യം ലെനിന്റെ ആഗമനത്തോടെ മാറി.

താല്ക്കാലിക സർക്കാരിന്റെ പരാജയം

റഷ്യയിൽ വിപ്ലവം പൊട്ടിപ്പുറപ്പെടുമ്പോൾ ലെനിൻ സ്വിറ്റ്സർലന്റിലായിരുന്നു. വിപ്ലവം തുടരണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ മുദ്രാവാക്യം എല്ലാ അധികാരവും സോവിയറ്റിന് എന്നതായിരുന്നു. താമസിയാതെ അദ്ദേഹം തൊഴിലാളി നേതാവായി മാറി. യുദ്ധകാല ദൗർലഭ്യത്തിനാൽ റൊട്ടി, സമാധാനം ഭൂമി എന്ന മുദ്രാവാക്യത്തിൽ ജനങ്ങൾ ആകൃഷ്ടരായി. എന്നാൽ താല്ക്കാലിക സർക്കാർ രണ്ടു വലിയ തെറ്റുകൾ ചെയ്തു. ഒന്ന് ഭൂമിവിതരണം ചെയ്യുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നത് മാറ്റിവച്ചു. മറ്റൊന്ന് സർക്കാർ യുദ്ധം തുടരണമെന്ന് ആഗ്രഹിച്ചു. മുഷിഞ്ഞ കർഷകരും സൈനികരും തങ്ങളുടെ സ്ഥാനങ്ങളെ ത്യജിച്ച് ഭൂമി കൈയ്യേറ്റക്കാരോട് ചേർന്നു. ഈ സംഭവങ്ങൾ പെട്രോഗ്രാഡിൽ നടന്ന ബോൾഷെവിക് സമരത്തെ കൂടുതൽ തീവ്രമാക്കി. സർക്കാർ പ്രവട-യെ നിരോധിക്കുകയും ബോൾഷെവിക്കുകളെ അറസ്റ്റുചെയ്യുകയും ചെയ്തു. ട്രോസ്ക്കിയും അറസ്റ്റ് ചെയ്യപ്പെട്ടു. കെറൻസ്കി പ്രധാന മന്ത്രിയാവുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സ്വതന്ത്രവാദികളുടേയും മിതവാദികളുടേയും ഒരു കൂട്ടുകക്ഷി സർക്കാർ രൂപീകൃതമാവുകയും ചെയ്തു. ഒരു രാഷ്ട്രീയ അട്ടിമറി നേരിടേണ്ടി വന്നതിനാൽ സെപ്തംബറിൽ സർക്കാരിനേയും സോവിയറ്റുകളെയും പിരിച്ചുവിടാൻ ശ്രമിച്ചു. എന്നാൽ ഈ ശ്രമം ജനകീയ പിൻതുണയുള്ള ബോൾഷെവിക്കുകളുടെ പ്രതിഷേധത്തിനാൽ പരാജയപ്പെട്ടു.

ലെനിനിന്റെ നേതൃത്വത്തിൽ ബോൾഷെവിക് അധികാരം പിടിച്ചെടുക്കൽ

ഒക്ടോബർ മാസം ലെനിൻ ബോൾഷെവിക് കേന്ദ്ര സംഘത്തോട് അപ്രതീക്ഷിത വിപ്ലവത്തിന് തീരുമാനമെടുക്കാൻ ആവശ്യപ്പെട്ടു. ട്രോസ്കി ഒരു വിശാല പദ്ധതി തയ്യാറാക്കി. എന്നാൽ നവംബർ 7-ാം തീയതി ആയുധ നിർമ്മാണശാലയിലെ ജോലിക്കാരും വിപ്ലവകാരികളും ചേർന്ന് പ്രധാന സർക്കാർ മന്ദിരങ്ങൾ, ശൈത്യകാല കൊട്ടാരം പ്രധാനമന്ത്രിയുടെ ആസ്ഥാനം എന്നിവ പിടിച്ചെടുത്തു. 1917 നവംബർ 8-ാം തിയതി റഷ്യയിൽ ഒരു പുതിയ കമ്മ്യൂണിസ്റ്റ് സർക്കാർ അധികാരമേറ്റു. ഈ സർക്കാരിന് ലെനിൻ നേതൃത്വം നൽകിയ. ബോൾഷെവിക് പാർട്ടി റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന് നാമകരണം ചെയ്യപ്പെട്ടു.


ലെനിൻ

ലെനിൻ (Lenin) 1870-ൽ വിദ്യാസമ്പന്നരായ മാതാപിതാക്കൾക്ക് മധ്യേ പോർഗയ്ക്ക് സമീപം ജനിച്ചു. കാറൽമാക്സിന്റെ ആദർശങ്ങളിൽ ആകൃഷ്ടനായി. സ്വാതന്ത്ര്യം ജനകീയ മുന്നേറ്റത്തിലൂടെ മാത്രമേ സാധിക്കൂവെന്ന് വിശ്വസിച്ചു. തന്റെ സമയം സെയിന്റ് പീറ്റേഴ്സ്ബർഗ്ഗിലെ തൊഴിലാളികൾക്ക് മാർക്സിസത്തെപ്പറ്റി പഠിപ്പിക്കുന്നതിന് വിനിയോഗിച്ചു. ചെറിയ സംഘടനയായ ബോൾഷെവിക്കിന്റെ സഹായം ലെനിനു ലഭിച്ചു. ക്രമേണ അത് ബോൾഷെവിക് പാർട്ടിയായി മാറി. അദ്ദേഹത്തിന്റെ ശത്രുക്കളായ ന്യൂനപക്ഷക്കാരെ (Menshinstvo) മെൻഷെവിക് എന്ന് വിളിച്ചു.

വിപ്ലവത്തിന്റെ ഫലങ്ങൾ

ഒരു നിശ്ചിത സമയത്തിനുള്ളിൽ റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി റഷ്യയിൽ ദാരിദ്ര്യത്തേയും നിരക്ഷരതയേയും ഉന്മൂലനം ചെയ്തു. റഷ്യയിൽ വ്യവസായ ശാലകളും, കാർഷിക മേഖലയും വളരെ വേഗത്തിൽ മുന്നേറ്റം കൈവരിച്ചു. സ്ത്രീകൾക്ക് വോട്ടവകാശം പോലുള്ള തുല്യ അവകാശങ്ങൾ നൽകി. ബാങ്കുകൾ ദേശസാൽക്കരിക്കപ്പെട്ടു. ഭൂമി സമൂഹ പൊതുസ്വത്തായി അറിയിക്കപ്പെട്ടു. പാവപ്പെട്ട കർഷകർക്ക് ഭൂമി വിതരണം ചെയ്തു. യുദ്ധത്തിൽ നിന്നും പിൻമാ

X Std - History Malayalam Unit-1.indd 11 1/27/2023 9:59:31 AM

റാതിരുന്നതാണ് താല്ക്കാലിക സർക്കാരിന്റെ വീഴ്ചയ്ക്കുള്ള കാരണമെന്ന് ലെനിൻ കരുതി. ആയതിനാൽ ഉടനെതന്നെ സമാധാനത്തിനായി അപേക്ഷിച്ചു. പുതിയ സർക്കാർ രൂപീകരിക്കുന്നതിനായി മധ്യശക്തികളുടെ കഠിന നിബന്ധനകൾ കാര്യമാക്കാതെ യുദ്ധത്തിൽ നിന്നും പിൻവാങ്ങാൻ തീരുമാനിച്ചു. ഇതിനായി 1918 മാർച്ച് മാസത്തിൽ ബ്രസ്റ്റ് – ലിറ്റോവിസ്ക് (Brest - Litousk) ഉടമ്പടി ഒപ്പുവച്ചു.

റഷ്യൻ വിപ്ലവത്തിന്റെ ആഗോളഫലങ്ങൾ

റഷ്യൻ വിപ്ലവം ലോകം മുഴുവനുമുള്ള ജനങ്ങളുടെ ഭാവനയെ ഉദ്ദീപിപ്പിച്ചു. പല രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടികൾ രൂപം കൊണ്ടു. റഷ്യൻ കമ്മ്യൂണിസ്റ്റ് സർക്കാർ ലോകം മുഴുവനും സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങൾക്ക് പ്രോത്സാഹനം നൽകി. അന്താരാഷ്ട്ര തലത്തിൽ പ്രധാന പ്രശ്നങ്ങളായ

പ്രവ്ദ എന്ന റഷ്യൻ പദത്തിന്റെ അർത്ഥം സത്യം എന്നതാകുന്നു. 1918-1991 വരെ സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഔദ്യോഗിക ദിനപത്രമായിരുന്നു.

1.5 സർവ്വരാഷ്ട്ര സഖ്യം

ഘടനയും അംഗങ്ങളും

സർവ്വരാഷ്ട്ര സഖ്യത്തിന്റെ സഹകരണ കരാർ ഉടമ്പടി വ്യവസ്ഥകൾ പാരിസ് സമാധാന സമ്മേളനത്തിൽ തയ്യാറാക്കി ഒന്നാംലോകമഹായുദ്ധത്തിനു ശേഷമുള്ള എല്ലാ ഉടമ്പടികളിലും ചേർക്കപ്പെട്ടു. വെല്സണിന്റെ നിർദ്ദേശങ്ങൾ നിറഞ്ഞ ഈ പ്രവർത്തനം അമേരിക്കൻ പ്രസിഡന്റ് വുഡ്രോവിൽസന്റെ നിർബന്ധത്താൽ നിർവ്വഹിക്കപ്പെട്ടു. ഈ സഖ്യത്തിന്റെ ഭരണഘടനയെ സൃഷ്ടിക്കുന്നതിൽ അമേരിക്കയുടെയും ബ്രിട്ടന്റെയും ആശയങ്ങൾ ആധിപത്യം ചെലുത്തി.

ഈ സംഘടന 5 അംഗങ്ങൾ ഉൾക്കൊണ്ടതാണ്. അസംബ്ലി, കൗൺസിൽ, സെക്രട്ടറിയേറ്റ്, കോർട്ട് ഓഫ് ജസ്റ്റിസ്, അന്താരാഷ്ട്ര ലേബർ ഓർഗനൈസേഷൻ എന്നിവയാണ്. ഓരോ അംഗ രാജ്യത്തിനും അസംബ്ലിയിൽ പ്രാതിനിധ്യമുണ്ട്. പൊതുവായ നയങ്ങൾ അസംബ്ലിയിൽ ചർച്ച ചെയ്യപ്പെട്ട് ഏകകണ്ഠേന തീരുമാനങ്ങൾ എടുക്കുന്നു. സഖ്യത്തിന്റെ കാര്യങ്ങളെ നിർവ്വഹിക്കുന്നത് കൗൺസിലാണ്. ബ്രിട്ടൺ, ഫ്രാൻസ്, ഇറ്റലി, ജപ്പാൻ, അമേരിക്കൻ ഐക്യനാടുകൾ എന്നിവ കൗൺസിലിലെ സ്ഥിര അംഗങ്ങളാണ്. ഓരോ അംഗത്തിലും ഒരു വോട്ടുണ്ട്. എല്ലാ തീരുമാനങ്ങളും ഏകകണ്ഠമായിരിക്കണം. ചെറിയ രാജ്യങ്ങൾക്കും വീറ്റോ അവകാശം ഉണ്ട്.

സർവ്വരാഷ്ട്ര സഖ്യത്തിന്റെ സെക്രട്ടറിയേറ്റ് ജനീവയിൽ സ്ഥാപിക്കപ്പെട്ടു. ആദ്യത്തെ സെക്രട്ടറി ജനറൽ ബ്രിട്ടണിൽ നിന്നുള്ള സർ എറിക് ഡ്രൂമണ്ട് ആയിരുന്നു. (Eric Drummond) സെക്രട്ടറിയേറ്റിലുള്ള ജീവനക്കാരെ കൗൺസിലിന്റെ ഉപദേശത്തോടുകൂടി സെക്രട്ടറി ജനറൽ നിയമിച്ചുപോന്നു. അന്താരാഷ്ട്ര നീതിന്യായ കോടതി ദിഹേഗിൽ സ്ഥാപിക്കപ്പെട്ടു. ഈ കോടതിയിൽ 15 ന്യായാധിപന്മാർ ഉണ്ടായിരുന്നു. ഒരു സെക്രട്ടറിയും ഒരു ജനറൽ കോൺഫറൻസും ചേർന്നതാണ് അന്താരാഷ്ട്ര തൊഴിലാളി സംഘടന. ഓരോ രാജ്യത്തിൽ നിന്നും നാലുപ്രതിനിധികൾ ഈ കോൺഫറൻസിലുണ്ട്.

സർവ്വരാഷ്ട്ര സഖ്യത്തിന്റെ ലക്ഷ്യങ്ങൾ

സർവ്വരാഷ്ട്ര സഖ്യം രണ്ടു പ്രധാന ലക്ഷ്യങ്ങളെ ഉള്ളടക്കിയതായിരുന്നു. ഒന്ന് യുദ്ധങ്ങളെ ഒഴിവാക്കി ലോകത്ത് സമാധാനം നിലനിറുത്തുക. മറ്റൊന്ന് സാമ്പത്തിക സാമൂഹിക മേഖലയിൽ അന്താരാഷ്ട്ര സഹകരണം ഏർപ്പെടുത്തുക. ആരംഭത്തിലെ വിവാദ പ്രശ്നങ്ങളെ കണ്ടറിഞ്ഞ് അത് പരിഹരിക്കുന്നത് മധ്യവർത്തിയായി പ്രവർത്തിച്ച് സാന്ത്വനപ്പെടുത്തുക എന്നതാകുന്നു. മധ്യസ്ഥ ശ്രമങ്ങളെ അവഗണിച്ച് യുദ്ധം ഉണ്ടായാൽ യുദ്ധത്തിനു കാരണമായ രാജ്യത്തിന്റെമേൽ സാമ്പത്തിക സൈനിക ഉപരോധങ്ങൾ അംഗരാജ്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

മൂന്നു വൻശക്തികൾ സഖ്യത്തിൽ അംഗങ്ങൾ അല്ലാത്തതിൽ അതിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ ആരംഭം മുതലേ പല പ്രയാസങ്ങൾ നേരിടേണ്ടിവന്നു. അവ യു.എസ്.എ. (അംഗ രാജ്യമല്ല) ജർമ്മനി (പരാജിത രാജ്യം) റഷ്യ എന്നിവയാണ്. ജർമ്മനിയും റഷ്യയും ക്രമേണ 1926, 1934-ൽ സഖ്യത്തിൽ ചേർന്നു. 1933-ൽ ജർമ്മനി സഖ്യത്തിൽ നിന്ന് പിൻവാങ്ങുകയും 1939-ൽ റഷ്യയെ പുറതാക്കുകയും ചെയ്തു.

സഖ്യത്തിന്റെ പ്രവർത്തനങ്ങൾ

1920-1925 വരെയുള്ള കാലത്തിൽ സർവ്വരാഷ്ട്ര സഖ്യം പല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ ശ്രമിച്ചു. മൂന്നു പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ വിജയം കണ്ടു. ആദ്യത്തേത് 1920-ൽ സ്വീഡനും ഫിൻലാന്റിനുമിടയിൽ ഏർപ്പെട്ട ആലാൻറ്റ് (Aaland Island) ദ്വീപിന്റെ പരമാധികാരത്തെക്കുറിച്ചാണ്. ഇതിൽ ദ്വീപ് ഫിൻലാന്റിന് സ്വന്തമാണെന്ന് സർവ്വരാഷ്ട്ര സഖ്യം വിധിച്ചു. തുടർന്നുള്ള വർഷത്തിൽ അഷർ സൈലേഷ്യയിൽ ജർമ്മനിക്കും പോളണ്ടിനുമിടയിലുള്ള അതിർത്തി പ്രശ്നമാകുന്നു. ഇതും വിജയകരമായി പരിഹരിക്കപ്പെട്ടു. അടുത്തത് 1925-ൽ ഗ്രീസിനും ബൾഗേറിയക്കും ഇടയിലുള്ള പ്രശ്നമാണ്. ഗ്രീസ് ബൾഗേറിയയെ ആക്രമിച്ചു സഖ്യം വെടി നിറുത്തലിന് കല്പന പുറപ്പെടുവിച്ചു. അന്വേഷണം നടത്തുകയും ഗ്രീസിനെ കുറ്റപ്പെടുത്തുകയും ബൾഗേറിയക്ക് നഷ്ടപരിഹാരം നൽകാൻ ഉത്തരവിടുകയും ചെയ്തു. ഇപ്രകാരം 1925 ലകർണേ ഉടമ്പടി ഏർപ്പെടുംവരെ സുഗമമായി പ്രവർത്തിച്ചു. ഈ ഉടമ്പടി പ്രകാരം ജർമ്മനി, ഫ്രാൻസ്, ബെൽജിയം, ബ്രിട്ടൺ, ഇറ്റലി എന്നിവ പടിഞ്ഞാറൻ യൂറോപ്പിൽ സമാധാനത്തിന് ഉത്തരവാദം നൽകി. അതിനുശേഷം 1926-ൽ ജർമ്മനി സഖ്യത്തിൽ ചേരുകയും കൗൺസിലിൽ സ്ഥിരാംഗ അന്തസ്സ് നേടുകയും ചെയ്തു. രണ്ടു വർഷങ്ങൾക്കു ശേഷം അമേരിക്കയും, റഷ്യയും സഖ്യത്തിലെ രാഷ്ട്രീയമല്ലാത്ത പ്രവർത്തനങ്ങളിൽ പങ്കെടുത്തു പ്രവർത്തിച്ചു.

ലംഘനങ്ങൾ

യൂറോപ്യൻ രാജ്യങ്ങൾ അഭിമുഖീകരിച്ച വലിയ പ്രശ്നങ്ങളിൽ ഒന്നാണ് നിരായുധീകരിക്കണം. ഈ പ്രശ്നത്തെ കൈകാര്യം ചെയ്യുന്നതിനായി ഒരു സമ്മേളനം നടത്താൻ ഒരു കമ്മിഷനെ നിയമിക്കാൻ 1925 കൗൺസിൽ തീരുമാനിച്ചു. എന്നാൽ 1932 ഫെബ്രു

X Std - History Malayalam Unit-1.indd 12 1/27/2023 9:59:31 AM

വരിയിൽ മാത്രമാണ് ഈ സമ്മേളനം നടന്നത്. ഈ സമ്മേളനത്തിൽ ഫ്രാൻസിന് സമമായി ആയുധം കൈവശം വയ്ക്കാൻ അനുവദിക്കണമെന്ന് ജർമ്മനി ആവശ്യപ്പെട്ടു. എന്നാൽ ജർമ്മനിയ്ക്ക് അനുവാദം നിഷേധിക്കപ്പെട്ടു. ഒക്ടോബർ മാസം ഹിറ്റ്ലർ ജർമ്മനിയെ സമ്മേളനത്തിനും സർവ്വരാഷ്ട്ര സഖ്യത്തിൽ നിന്നും പിൻവലിച്ചു.

1935 സെപ്റ്റംബറിൽ ജപ്പാൻ ജഞ്ചൂറിയയെ ആക്രമിച്ചു. ജപ്പാന്റെ പ്രവർത്തിയെ സഖ്യം കുറ്റം പറഞ്ഞതിനാൽ ജർമ്മനിയുടെ പിന്നാലെ ജപ്പാനും സഖ്യത്തിൽ നിന്നും പുറത്തുപോയി. ഈ സമയത്ത് ഇറ്റലി എത്യോപിയയെ ആക്രമിച്ചതിനാൽ അതിൻമേൽ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തി. ഉപരോധം പ്രാബല്യത്തിൽ വന്നയുടനെ 1937 ഇറ്റലി സഖ്യത്തിൽ നിന്നും രാജിവച്ചു. അതിനുശേഷം സഖ്യത്തിന് റെയിൻലാന്റ് ആസ്ട്രിയ, ചെക്കോസ്ലാവാക്കിയ, പോളണ്ട് എന്നിവിടങ്ങളിലെ പ്രശ്നങ്ങളിൽ വെറും കാഴ്ചക്കാരായി മാറേണ്ടിവന്നു. സഖ്യത്തിന്റെ അവസാനം ഉറച്ച തീരുമാനം ഏതെന്നാൽ 1939 ഡിസംബറിലേതാണ്. റഷ്യ ഫിൻലാന്റിനെ ആക്രമിച്ചപ്പോൾ റഷ്യയെ സഖ്യത്തിൽ നിന്നും പുറത്താക്കി. അതിനുശേഷം അസംബ്ലി സമ്മേളിച്ചതേയില്ല. അങ്ങനെ 1946-ൽ സർവ്വരാഷ്ട്ര സഖ്യം പിരിച്ചുവിടപ്പെട്ടു.

പരാജയത്തിനുള്ള കാരണങ്ങൾ

സർവ്വരാഷ്ട്രസഖ്യം ഒന്നാംലോക മഹായുദ്ധത്തിൽ വിജയിച്ച രാജ്യങ്ങളുടെ പ്രസ്ഥാനമായി കരുതപ്പെട്ടു.

രാഷ്ട്രീയ കാര്യങ്ങളിൽ സഖ്യം എടുക്കുന്ന തീരുമാനങ്ങൾ ഏകകണ്ഠമായിരിക്കണം.

സർവ്വരാഷ്ട്ര സഖ്യത്തെ സ്ഥാപിച്ചവർ ദേശീയവാദത്തിന്റെ ശക്തിയെ അവഗണിച്ചു. കൂട്ടായ സംരക്ഷണം എന്ന നയം പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിഞ്ഞില്ല.

ഇറ്റലി, ജപ്പാൻ, ജർമ്മനി എന്നീ നാടുകളിലെ സ്വേച്ഛാധിപതികൾ സർവ്വരാഷ്ട്രസഖ്യത്തിന്റെ ആജ്ഞകളെ അവഗണിച്ചു. ബ്രിട്ടൻ, ഫ്രാൻസ് എന്നീ വൻ ശക്തികൾ മാത്രമാണ് സഖ്യത്തിൽ ഉറച്ചുനിന്നത്.

സംഗ്രഹം

- മുതലാളിത്വ നാടുകളിൽ വളർന്നുകൊണ്ടിരുന്ന, അസംസ്കൃത വസ്തുക്കൾക്കും ചന്തക്കുമായ ആവശ്യങ്ങൾ എപ്രകാരം കോളനി ആധിപത്യ മത്സരത്തിലേക്ക് നയിച്ചു എന്നതും അതിന്റെ ഫലമായി യൂറോപ്യൻ വൻ ശക്തികൾക്കിടയിൽ ഏർപ്പെട്ട യുദ്ധങ്ങളും വിവരിച്ചിട്ടുണ്ട്.
- ഏഷ്യയിൽ ജപ്പാൻ ഒരു ഏകാധിപത്യ ശക്തിയായി രൂപം പ്രാപിച്ചത് ഉയർത്തിക്കാട്ടിയിരിക്കുന്നു.
- യൂറോപ്പ് രണ്ട് ചേരികളായി തിരിഞ്ഞതും അതിന്റെ ഫലമായി സംഘം ചേരലും എതിർ സംഘം ചേരലും വിവരിച്ചിട്ടുണ്ട്.
- ഒന്നാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെടാൻ കാരണമായ സംഘട്ടനങ്ങൾ ദേശീയവാദം, ജർമ്മനിയുടെ ആക്രമണ മനോഭാവം, അൽസേസ്, ലൊറൈനിൻ പ്രദേശങ്ങളെ നഷ്ടപ്പെട്ടതിലുള്ള വിരോധം, ബാൽക്കൻ മേഖലയിൽ ഏർപ്പെട്ട അധികാര രാഷ്ട്രീയം എന്നിവ വിവരിക്കപ്പെട്ടിട്ടുണ്ട്.
- അന്തർവാഹിനികളെ യുദ്ധത്തിൽ ജർമ്മനി ഉപയോഗിച്ചതും അതിനെതുടർന്ന് അമേരിക്ക യുദ്ധത്തിൽ പ്രവേശിച്ചതും സഖ്യകക്ഷികളുടെ വിജയത്തെക്കുറിച്ചും വിവരിച്ചിട്ടുണ്ട്.
- പാരിസ് സമാധാന സമ്മേളനം, വെർസെയിൽ ഉടമ്പടിയിലെ വ്യവസ്ഥകളും വിചിന്തനം ചെയ്തിട്ടുണ്ട്.
- ഒന്നാം ലോകമഹായുദ്ധത്തിന്റെ അനന്തര ഫലങ്ങൾ പ്രത്യേകിച്ച് റഷ്യൻ വിപ്ലവം, അതിനുള്ള കാരണം, ഗതി, ഫലങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.
- ലോക സമാധാനത്തിനായി സ്ഥാപിക്കപ്പെട്ട സർവ്വരാഷ്ട്രസഖ്യം, യുദ്ധങ്ങളെ ഒഴിവാക്കുന്നതിലും സമാധാനത്തെ നിലനിറുത്തുന്നതിലും അതു വഹിച്ച പങ്കും വിമർശന രൂപേണ ഗവേഷണം ചെയ്തിട്ടുണ്ട്.

പദപരിചയം

കുത്തക	Monopoly	Exclusive possession or control.
മഹാവിപത്ത്	Devastating	Highly destructive or damage.
അന്ധമായ രാജ്യ സ്നേഹം	Jingoism	Blind patriotism, especially in the pursuit of aggressive foreign policy.
തീവ്രസ്നേഹം	Chauvinism	Extreme patriotism.
ജർമ്മൻ സംസ്കാരത്തെ ഉയർന്നതായി കരുതൽ	Kultur	Thinking highly of German civilization and culture.
ശത്രുക്കളെ വിരട്ടിയോടിക്കുക	Repulse	Drive back.
മുക്കുക	Torpedo	Attack or sink (a ship) with a torpedo.

X Std - History Malayalam Unit-1.indd 13 1/27/2023 9:59:31 AM

മുതലാളിത്വം	Bourgeois	Characteristic of the middle class, typically with reference to its perceived materialistic values or conventional attitudes.
ബുദ്ധിജീവൻ	Intelligentsia	Intellectuals or highly educated people as a group, especially when regarded as possessing culture and political influence.

അഭ്യാസം

SAXLQ

I. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക:

1. ഒന്നാം ലോക മഹായുദ്ധ അവസാനം ഛിന്നഭിന്നമായ മൂന്നു നാടുകൾ ഏതെല്ലാം?
   (a) ജർമ്മനി, ആസ്ത്രിയ - ഹംഗറി, തുർക്കി
   (b) ജർമ്മനി, ആസ്ത്രിയ - ഹംഗറി, റഷ്യ
   (c) സ്പെയിൻ, പോർച്ചുഗൽ, ഇറ്റലി
   (d) ജർമ്മനി, ആസ്ത്രിയ - ഹംഗറി, ഇറ്റലി

2. പത്തൊൻപതാം നൂറ്റാണ്ട് അവസാനിക്കുന്ന ഘട്ടത്തിൽ കിഴക്കൻ ഏഷ്യയിൽ ഉദയം കൊണ്ട ശക്തമായ രാജ്യമേത്?
   (a) ചൈന (b) ജപ്പാൻ
   (c) കൊറിയ (d) മംഗോളിയ

3. ഏകാധിപത്യം മുതിലാളിത്വത്തിന്റെ മുർദ്ധന്യമെന്ന് പറഞ്ഞതാര്?
   (a) ലെനിൻ (b) മാർക്സ്
   (c) സൺയാട്സൺ (d) മാ-സേ-തുങ്

4. മാർണെയുദ്ധം എന്തുകൊണ്ട് സ്മരിക്കപ്പെടുന്നു?
   (a) ആകാശ യുദ്ധമുറ
   (b) കിടങ്ങ് യുദ്ധമുറ
   (c) അന്തർവാഹിനി യുദ്ധമുറ
   (d) നാവിക യുദ്ധമുറ

5. സർവ്വരാഷ്ട്ര സഖ്യത്തിലെ ആദ്യത്തെ സെക്രട്ടറി ജനറൽ ഏതു രാജ്യക്കാരനാണ്
   (a) ബ്രിട്ടൺ (b) ഫ്രാൻസ്
   (c) ഡച്ച് (d) യു.എസ്.എ.

6. ഫിൻലാന്റിനെ ആക്രമിച്ചതിനാൽ സർവ്വരാഷ്ട്ര സഖ്യത്തിൽ നിന്നും പുറത്താക്കപ്പെട്ട രാജ്യം ഏത്?
   (a) ജർമ്മനി (b) റഷ്യ
   (c) ഇറ്റലി (d) ഫ്രാൻസ്

II. വിട്ടസ്ഥലം പൂരിപ്പിക്കുക:

1. _____ വർഷം ജപ്പാൻ ചൈനയുടെ മേൽ നിർബന്ധിത യുദ്ധം നടത്തി.
2. 1913-മേയ് മാസം _____ ഏത് ഉടമ്പടി പ്രകാരം അൽബേനിയ എന്ന പുതിയ രാജ്യം രൂപീകരിക്കപ്പെട്ടു.
3. _____ വർഷം ജപ്പാൻ ഇംഗ്ലണ്ടുമായി സൗഹൃദ ഉടമ്പടിയിൽ ഒപ്പുവച്ചു.
4. ബാൽക്കൻ പ്രദേശത്ത് _____ രാജ്യം വിവിധ വർഗ്ഗ ജനങ്ങളെ ഉൾക്കൊണ്ടിരുന്നു
5. റ്റാനെൻബർഗ്ഗ് യുദ്ധത്തിൽ _____നാട് മഹാ വിപത്തിന് ആളായി
6. പാരിസ് സമ്മേളനത്തിൽ പ്രതിനിധിയായി പങ്കെടുത്ത ഫ്രഞ്ച് പ്രധാനമന്ത്രി _____ആണ്
7. _____വർഷം ലൊകർണോ ഉടമ്പടി ഒപ്പുവച്ചു.

III. ശരിയായ ആശയത്തെ തെരഞ്ഞെടുക്കുക:

1. (i) തുർക്കി സാമ്രാജ്യം ബാൽക്കൻ പ്രദേശത്ത് തുർക്കി അല്ലാത്ത പലവർഗ്ഗ ജനങ്ങളെ ഉൾക്കൊണ്ടിരുന്നു.
   (ii) തുർക്കി മധ്യശക്തികളോട് ചേർന്ന് യുദ്ധം ചെയ്തു.
   (iii) സൂയസ് കനാലിനെ ആക്രമിക്കാൻ തുർക്കിയുടെ ശ്രമം പരാജയപ്പെട്ടു.
   (a) (i), (ii) - ശരി
   (b) (i), (iii) - ശരി
   (c) (ii), (iii) - ശരി
   (d) (i), (ii), (iii) - എന്നിവ ശരി

2. **ആശയം :** ആഫ്രിക്കയിൽ കോളനികളെ ഏർപ്പെടുത്താൻ യൂറോപ്യൻ നാടുകൾ കൈകൊണ്ട ആദ്യ ശ്രമങ്ങൾ രക്തരൂക്ഷിത യുദ്ധങ്ങളിൽ അവസാനിച്ചു.
   കാരണം : സ്വരാഷ്ട്ര ജനങ്ങളിൽ നിന്നും കഠിനമായ പ്രതിഷേധമുണ്ടായി.
   (a) ആശയവും കാരണവും ശരി.
   (b) ആശയം ശരി എന്നാൽ കാരണം ആശയത്തിനുള്ള വിവരണം ശരിയല്ല.
   (c) ആശയവും കാരണവും തെറ്റ്.
   (d) കാരണം ശരി എന്നാൽ ആശയത്തിന് പൊരുത്തമില്ല.

IV. യോജിപ്പിക്കുക:

1. ബ്രസ്റ്റ് ലിറ്റോപിക്സ് ഉടമ്പടി - വെർസെയിൽസ്
2. ജിങ്കോയിസം - തുർക്കി
3. കമാൽപാഷാ - റഷ്യയും ജർമ്മനിയും

X Std - History Malayalam Unit-1.indd 14 1/27/2023 9:59:32 AM

4. എംഡൻ - ഇംഗ്ലണ്ട്
5. കണ്ണാടിമാളിക - ചെന്നൈ

V. ചുരുക്കി ഉത്തരമെഴുതുക:

1. ചൈനാ-ജപ്പാൻ യുദ്ധത്തിന്റെ പ്രാധാന്യത്തെ എപ്രകാരം വിലയിരുത്തുന്നു.
2. ത്രൈരാഷ്ട്ര സഖ്യത്തിലെ നാടുകളുടെ പേര് എഴുതുക.
3. യൂറോപ്പിൽ യുദ്ധോത്സുകമായ മൂന്ന് ദേശീയവാദത്തിന്റെ പേര് എഴുതുക.
4. കിടങ്ങ് യുദ്ധ രീതിയെക്കുറിച്ച് നീ മനസ്സിലാക്കിയതെന്ത്?
5. മുസ്തഫ കമാൽ പാഷയുടെ പങ്ക് എന്ത്?
6. സർവ്വരാഷ്ട്ര സഖ്യത്തിന്റെ പരാജയത്തിനുള്ള രണ്ടു കാരണങ്ങൾ എഴുതുക.

VI. താഴെകൊടുത്ത ചോദ്യങ്ങൾക്ക് വിവരിച്ച് ഉത്തരമെഴുതുക:

1. ഒന്നാം ലോകമഹായുദ്ധത്തിനുള്ള പ്രധാന കാരണങ്ങളെ വിവരിക്കുക.
2. ജർമ്മനിയുമായി ബന്ധമുള്ള വെർസെയിൽസ് ഉടമ്പടിയുടെ ശരതുക്കളെ വിവരിക്കുക.
3. ലെനിനിന്റെ നേതൃത്വത്തിലുള്ള റഷ്യൻ വിപ്ലവത്തിന്റെ ഗതിയെ വിവരിക്കുക.
4. സർവ്വരാഷ്ട്ര സഖ്യത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി പരാജയ കാരണങ്ങൾ വിവരിക്കുക.

VII. പ്രവർത്തി പരിചയം:

1. ഒന്നാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത നാടുകളുടെ തലസ്ഥാനങ്ങളേയും യുദ്ധങ്ങളെയും മേപ്പിൽ അടയാളപ്പെടുത്തുന്നതിന് പരിശീലനം നൽകുക.

VIII. ലോക ഭൂപടത്തിൽ താഴെ കൊടുത്ത നാടുകളെ കുറിക്കുക:

1. ഗ്രേറ്റ് ബ്രിട്ടൺ
2. ജർമ്മനി
3. ഫ്രാൻസ്
4. ഇറ്റലി
5. മൊറോക്കോ
6. തുർക്കി
7. സെർബിയ
8. ടാൻസാനിയ
9. ഗ്രീസ
10. ആസ്ട്രിയ - ഹംഗറി
11. ബൾഗേറിയ
12. റുമേനിയ

REFERENCE BOOKS

1. R.D. Cormvell, *World History in the Twentieth Century*, London: Longman, 1972.
2. David Thomson, *Europe since Napoleon,* Harmondsworth: Penguin, 1990.
3. Eric Hobsbawm,*The Age of extremes*, 1914 – 1991, London: Abacus, 1994.
4. Hew Strachan, *The Oxford Illustrated History of the First World War*. Oxford: Oxford University Press, 2014).



ICT കോർണർ

ഒന്നാം ലോക മഹായുദ്ധവും അനന്തര ഫലങ്ങളും

ഈ പ്രവർത്തനത്തിലൂടെ കാലനിർണ്ണയരേഖയിൽ ഒന്നാം ലോകമഹായുദ്ധത്തിലെ സംഭവങ്ങൾ നിങ്ങൾ മനസ്സിലാക്കും



ഘട്ടങ്ങൾ:

- ബ്രൗസറിനെ തുറന്ന് കീഴെ കൊടുത്ത URL നെ ടൈപ്പ് ചെയ്യുക അല്ലെങ്കിൽ QR കോഡിനെ സ്കാൻ ചെയ്യുക.
- Learn മെനുവിനെ തുറന്ന് Interactive Time Line നെ തെരഞ്ഞെടുക്കുക.
- കാലനിർണ്ണയ രേഖയെ തൊട്ട് സംഭവങ്ങളെ ശ്രദ്ധിക്കുക.


DKF1Y

Website URL: https://www.theworldwar.org/

X Std - History Malayalam Unit-1.indd 15 1/27/2023 9:59:32 AM

യൂണിറ്റ് 2

രണ്ടു ലോക മഹായുദ്ധങ്ങൾ ക്കിടയിലെ ലോകം



പഠന ലക്ഷ്യങ്ങൾ

നാം അറിഞ്ഞിരിക്കേണ്ടവ:

- ഒന്നാം ലോക മഹാ യുദ്ധത്തിന് ശേഷമുള്ള ലോകത്തിന്റെ സംഭവ വികാസങ്ങളും, ലോകമെമ്പാടുമുള്ള രാഷ്ട്രീയ, സാമ്പത്തിക തകർച്ചയും, അതിന്റെ സ്വാധീനവും.
- വെർസെയിൽസ് ഉടമ്പടിയുടെ അനീതികൾ ഇറ്റലിയിലെ മുസ്സോളിനി, ജർമ്മനിയിലെ ഹിറ്റ്ലർ തുടങ്ങിയവരുടെ ഫാസിസ്റ്റ് ഗവൺമെന്റുകളുടെ ഉയർച്ച.
- കൊളനി ആദിപത്യ ലോകത്ത് കോളനി വിരുദ്ധ പോരാട്ടങ്ങളും കോളനി ആധിപത്യത്തിന്റെ അന്ത്യവും. പഠനത്തിന് എടുത്ത പകുതികളായി തെക്കു കിഴക്കു ഏഷ്യയിൽ ഇൻഡോ ഫ്രാൻസും, തെക്കു ഏഷ്യയിൽ ഇന്ത്യയും.
- ആഫ്രിക്കയിലെ യൂറോപ്യൻ കോളനിവൽക്കരണം അതേ പോലെ ദക്ഷിണാഫ്രിക്കയിൽ ബ്രിട്ടൺ കോളനികളെ ഏർപ്പെടുത്തൽ.
- ദക്ഷിണ അമേരിക്കയിൽ സ്വാതന്ത്ര്യസമരങ്ങളും രാഷ്ട്രീയ സംഭവ വികാസങ്ങളും മുന്നേറ്റങ്ങളും.

ആമുഖം

ഒന്നാംലോക മഹായുദ്ധം യൂറോപ്യൻ സാമ്രാജ്യത്വത്തെ അടിസ്ഥാനപ്പെടുത്തി ആഗോള മുതലാളിത്ത വ്യവസ്ഥയെ തകർത്തു. യൂറോപ്യൻ ശക്തികൾ യുദ്ധത്താൽ സാമ്പത്തികപരമായും രാഷ്ട്രീയപരമായും ദുർബലപ്പെടുത്തി. ഗവൺമെന്റിനെ നിയന്ത്രിക്കുന്ന തൊഴിലാളികളും ഭരണവർഗവും തമ്മിലുള്ള സംഘർഷം തീവ്രമായി. ഇതിന്റെ ഫലമായി ഇറ്റലിയിലും ജർമ്മനിയിലും ഫാസിസം ഉയർന്നു വന്നു. കേളനി ആധിക്യ ശക്തികളെ യുദ്ധത്തിൽ ദുർബലപ്പെടുത്തിക്കൊണ്ട് കോളനി ആധിക്യ വിരുദ്ധ സമരങ്ങൾ ശക്തിപ്പെടുത്തി.

അവസാനത്തെ അദ്ധ്യായത്തിൽ കണ്ടതുപോലെ പാശ്ചാത്യലോകത്തിലെ പ്രതിസന്ധിയും ഒന്നാം ലോകമഹായുദ്ധം പൊട്ടിപുറപ്പെടുന്നതിന് കാരണമായി. യുദ്ധം അവസാനിച്ചതിനു ശേഷം ഞങ്ങൾ ഇപ്പോൾ ലോകത്തിലെ സാമൂഹ്യവും രാഷ്ട്രീയവുമായ സംഭവ വികാസങ്ങളിലേക്ക് തിരിയുന്നു.

2.1 സാമ്പത്തിക തകർച്ച

ഒന്നാം ലോകമഹായുദ്ധാനന്തര കാലത്തെ സംഭവികാസങ്ങൾ

ഒന്നാംലോകമഹായുദ്ധം യുദ്ധകാലത്തിന്റെ കുതിച്ചുചാട്ടം തുടരുമെന്ന പ്രതീക്ഷയിൽ ചില വ്യവസായങ്ങളുടെ വ്യാപനത്തിനു കാരണമായി. എന്നിരുന്നാലും യുദ്ധം അവസാനിച്ചു കഴിഞ്ഞപ്പോൾ, യുദ്ധ സമയത്തെ ആവശ്യങ്ങൾക്കു വേണ്ടി വളർന്ന വ്യവസായങ്ങൾ ഉപേക്ഷിക്കപ്പെടുകയോ, പരിഷ്ക്കരിക്കുകയോ ചെയ്യേണ്ടിവന്നു. വൻതോതിലുള്ള സ്റ്റോക്കുകൾ ഒഴിവാക്കേണ്ടതുണ്ടായിരുന്നു. അനേകം തൊഴിലാളികളെ പുറത്താക്കേണ്ടി വന്നു. തൊഴിലാളി വർഗത്തിനിടയിൽ ഇത് അസംതൃപ്തി ഉളവാക്കി. വെർസെയിൽസ് ഉടമ്പടിയിൽ ഏർപ്പെട്ട രാഷ്ട്രീയ കലാപങ്ങൾ സാഹചര്യത്തെ കൂടുതൽ വഷളാക്കി. സാമ്പത്തിക ദേശീയവാദം എന്ന പുതിയ അല സംരക്ഷണം അല്ലെങ്കിൽ താരിഫ് തടസ്സങ്ങൾ ഇറക്കുമതി ചെയ്യപ്പെടുന്ന വസ്തുക്കളുടെമേൽ നികുതി ചുമത്തുക എന്ന പേരിൽ സ്വന്തമായി വെളിപ്പെടുത്തി. ഇത് ലോക വ്യാപാരത്തെ ബാധിച്ചു. ഓരോ യൂറോപ്യൻ രാജ്യത്തിനുംഈ യുദ്ധം വലിയ ബാദ്ധ്യതവരുത്തി.

അമേരിക്കൻ ഓഹരി വിപണിയുടെ തകർച്ച

1929-ഓടെ അമേരിക്കൻ ഓഹരി വിപണിയുടെതകർച്ച മൂലം അമേരിക്കൻ മൂലധനം പിൻമാറാൻ തുടങ്ങി. 1929 ഒക്ടോബർ 24 നാണ് ആദ്യത്തെ വലിയ തകർച്ച സംഭവിച്ചത്. നിക്ഷേപകരും ഉപഭോക്താക്കളും അവരുടെ ഓഹരികൾ വിൽക്കാൻ തുടങ്ങി. എന്നാൽ വാങ്ങുന്നവർ ഇല്ലായിരുന്നു. തുടർന്ന് അമേരിക്കൻ

X Std - History Malayalam Unit-2 .indd 16 1/27/2023 10:00:01 AM

ബാങ്കുകൾക്ക് പരാജയം ഉണ്ടായി. അമേരിക്കൻ മുതലാളികൾ വിദേശത്തു നിക്ഷേപിക്കുന്ന സ്വന്തം ഫണ്ടുകൾ തിരിച്ചു കിട്ടാൻ നിർബന്ധിതരായി. ജർമ്മനിക്കു അമേരിക്ക ചെയ്തുകൊണ്ടിരുന്ന കട സഹായം നിറുത്തപ്പെട്ടതാൽ ജർമ്മനിയുടെ രണ്ടു വലിയ ബാങ്കുകൾക്ക് പരാജയം സൃഷ്ടിച്ചു. തുടർന്ന് ഇംഗ്ലണ്ടിലെ ബാങ്കും പാപ്പരത്വത്തിലേക്ക് നീങ്ങി.

അന്തർദേശീയ വിനിമയ രീതിയിൽ ഏർപ്പെട്ട തകർച്ച

ഇംഗ്ലണ്ടിൽ ചെലവുകളെ കുറക്കൽ, നികുതി വർദ്ധിപ്പിക്കൽ തുടങ്ങിയ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടും സ്ഥിതിഗതികളിൽ മുന്നേറ്റം ഏർപ്പെട്ടില്ല. അതിനാൽ ഇംഗ്ലണ്ട് സ്വർണ്ണനിലവാരം ഉപേക്ഷിക്കാൻ തിരുമാനിച്ചു. ഉടൽ തന്നെ ഒരു പാടു രാജ്യങ്ങളും സ്വർണ്ണ നിലവാരം ഉപേക്ഷിച്ചു. ഓരോ രാജ്യവും സംരക്ഷണനയം എന്ന രീതി സ്വീകരിച്ചു. വായ്പാനിരോധനം നിർ ത്തലാക്കാൻ വായ്പക്കാർ നിർബന്ധിതരായിത്തീ ർന്നു. ഇത്ലോക വ്യാപക വിശ്വാം കുറയ്ക്കാൻ ഇടയാക്കി. അതിനാൽ വിവിധ രാഷ്ട്രങ്ങൾ അവരുടെ സാമ്പത്തിക താൽപ ര്യങ്ങൾ സംരക്ഷി ക്കുന്നതിനുള്ള പ്രതിരോധ നടപ ടികൾ അത്ഭുതപൂർ വ്വമായ വീഴ്ചയിലേക്ക് നയിച്ചു. അതിന്റെ പ്രഭാവം ആഴമുള്ളതായും നീണ്ടകാലം ദീർഘിപ്പിച്ചിരുന്നതി നാലും ചരിത്രകാരൻമാരും സാമ്പത്തിക ശാസ്ത്രജ്ഞന്മാരും അതിനെ സാമ്പത്തിക തകർച്ച എന്ന് വിളിച്ചു.

ഗോൾഡ് സ്റ്റാൻഡ്ർഡ് എന്നത് ഒരു നാണയ സമ്പ്രദായമാണ്. ഗോൾഡ്സ്റ്റാൻഡേർഡിലെ രാജ്യങ്ങൾ പേപ്പർ പണത്തെ ഒരു നിശ്ചിത അളവു സ്വർണ്ണമായി മാറ്റാൻ സമ്മതിച്ചു.

രാഷ്ട്രീയത്തിൽ ഉയർന്നുവരുക

സാമ്പത്തിക തകർച്ച വിവിധ രാജ്യങ്ങളുടെ രാഷ്ട്രീയ സ്ഥിതിഗതികളിൽ മാറ്റം ഏർപ്പെടുത്തി. ഇംഗ്ലണ്ടിൽ 1931-ലെ പൊതു തെരഞ്ഞെടുപ്പിൽ ലേബർ പാർട്ടി തോൽവിയടഞ്ഞു. അമേരിക്കയിൽ സാമ്പത്തിക തകർച്ച കഴിഞ്ഞ് ഏകദേശം ഇരുപത് വർഷത്തോളം റിപ്പബ്ലിക്കൽ പാർട്ടിയെ ജനങ്ങൾ പൊതു തെരഞ്ഞെടുപ്പിൽ നിരസിച്ചു.

2.2 ഫാസിസത്തിന്റെയും നാസിസത്തിന്റെയും ഉദയം

(a) ഇറ്റലിയിലെ യുദ്ധത്തിന്റെ സ്വാധീനം

പഴയ ഭരണവാഴ്ചക്കെതിരായിതിരിയുന്ന പടിഞ്ഞാറൻ യൂറോപ്പിലെ ആദ്യരാഷ്ട്രങ്ങൾ ഇറ്റലി ആയിരുന്നു. ഒന്നാം ലോകമഹായുദ്ധ കാലത്ത് ഇറ്റലിയുടെ പ്രധാന ഭൗത്യം തെക്കേ മുനയിലെ ആസ്ട്രിയക്കാരുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തുക എന്നതാണ്. ബ്രിട്ടീഷുകാരും, ഫ്രഞ്ചുകാരും, അമേരി ക്കക്കാരും പ്ളാൻഡേർസിലെ യുദ്ധക്കളത്തിൽ ജർമ്മനിയെയും കീഴടക്കി. യുദ്ധത്തിൽ പങ്കെ ടുക്കുന്നതിന്റെ സാമ്പത്തിക ചെലവ് വളരെ വലുതായിരുന്നു. അതിനുപുറമേ, യുദ്ധത്തുനു ശേഷമുള്ള മുതൽ പങ്കുവയ്ച്ചതിൽ ഇറ്റലി പ്രതീക്ഷിച്ചതിലും കുറവാണ് ലഭിച്ചത്. സോഷ്യലിസ്റ്റ് അനുകൂലികൾക്കും ആസ്ട്രിയൻ അനുകൂല കത്തോലിക്കർക്കുമേതിരെ ജനപ്രീതി നേടിയ ഒരു യുദ്ധത്തിൽ രാജ്യത്തിന് കനത്ത നഷ്ടമുണ്ടായി. വെർസെയിൽസ് ഉടമ്പടിയിൽ നിന്ന് ഈ പ്രദേശത്തുണ്ടായിരുന്ന നേരിയ നേട്ടത്തെ ദേശീയനുപാദികളും അസ്വസ്ഥമാക്കിയിരുന്നു. യുദ്ധം പണപ്പെരുപ്പത്തിനു കാരണമായി. നിരന്തരം പ്രക്ഷോഭങ്ങളും, പണിമുടക്കുകളും നടത്തിരുന്നു. പെർസെയിൽസിലെ നാണക്കേടിന് ഉത്തരവാ ദികളായ ഭരണകർത്താക്കൾ ജനങ്ങളായിരുന്നു.

മുസ്സോളിനിയുടെ ഉദയം

വെർസെയിൽസ് ഉടമ്പടിയുടെ ഫലമായി 1919 നവംബറിൽ നടന്ന തിരഞ്ഞെടുപ്പിൽ ഇറ്റാലിയൻ സോഷ്യലിസ്റ്റുകാർ ബോൾഷവിസം (സോവിയറ്റ് റഷ്യയിലെ കമ്മ്യൂണിസം) പിന്തുടരുകയാണെന്ന് പ്രഖ്യാപിച്ചു. മൂന്നിലൊന്ന് സീറ്റുകൾ നേടിയെടുത്തു. മുസ്സോളിനി ഒരു കൊല്ലപ്പണിക്കാരന്റെ (കരുവാൻ) മകനും ഒരു പ്രാഥമിക സ്കൂൾ മാസ്റ്ററുമായിരുന്നു. അവസാനം സോഷ്യലിസ്റ്റ് വീക്ഷണങ്ങളുമായി ഒരു പത്രപ്രവർത്തകനായി. ശക്തമായ പ്രഭാഷകനാ യിരുന്ന മുസ്സോളിനി ഒന്നാം ലോകമഹാ യുദ്ധത്തിൽ ഇറ്റലി കലർന്നു കൊള്ളുന്നതിന് എതിർപ്പ് പ്രക ടിപ്പിച്ച സോഷ്യലിസ്റ്റു നാടുകളിലിരുന്ന് പിരിഞ്ഞു പോകുന്നതിനും, ഭയങ്കരവാദത്തിലേർപ്പെടുന്നതി നും ആദരവു പ്രകടിപ്പിക്കാൻ തുടങ്ങി. 1919-ൽ ഫാസിസ്റ്റം പാർട്ടിസ്ഥാപിതമായപ്പോൾ മുസ്സോളിനി അതിൽ അംഗമായി. ഫാസിസ്റ്റുകളുടെ അധികരാരം ശക്തമായി നിലകൊണ്ടപ്പോൾ വ്യവസായികൾ, ദേശീയവാദികൾ, വൻസൈനീകർ, ഇടത്തരക്കാർ, അസംതൃപ്തരായ യുവാക്കൾ എന്നിവരിൽ നിന്ന് പിന്തുണ പിൻവലിച്ചു. ഫാസിസ്റ്റുകൾ സ്വതന്ത്രമായി ആക്രമണങ്ങളിൽ മുഴുകി. 1922 ഒക്ടോബറിൽ നീണ്ട പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ മുസ്സോളിനി റോമിൽ ഫാസിസ്റ്റു മാർച്ച് സംഘടിപ്പിച്ചു. അദ്ദേ ഹത്തിന്റെ ശക്തി പ്രകടനത്തിൽ തൃപ്തനായിരു ന്നതിനാൽ രാജാവ് മുസ്സോളിനിയെ ഒരു സർക്കാർ രൂപീകരിക്കാൻ ക്ഷണിച്ചു. ജനാധിപത്യ പാർട്ടി നേ താക്കളുടെ കഴിവില്ലായ്മയും, സഹകരിക്കാനും പ്രവർത്തിക്കാനും കഴിയാത്തതും മുസ്സോളിനിയുടെ വിജയത്തിനു കാരണമായി.

ഫാസിസം റാഡിക്കൽ ഏകാധിപത്യ തീവ്രദേശീ യതയുടെ ഒരു രൂപമാണ്. സ്വേച്ഛാധിപത്യം, ശക്ത മായ എതിർപ്പിനെ അടക്കുന്നത്, സമൂഹത്തെയും സമ്പ്, വ്യവസ്ഥയെയും മേധാവികളുടെ കീഴിൽ കൊണ്ടുവരുന്നത് തുടങ്ങിയ ഇതിന്റെ ഗുണങ്ങളാണ്. ഇത് ഇരുപതാം നൂറ്റാണ്ടിലെ യൂറോപ്പിന്റെ പ്രാധാന്യം നേടി വിക്കിപീഡിയ.

X Std - History Malayalam Unit-2 .indd 17 1/27/2023 10:00:01 AM

മുസ്സോളിനിയുടെ കീഴിൽ ഫാസിസ്റ്റുകൾ

1924-ലെ തിരഞ്ഞെടുപ്പിൽ വോട്ടർമാരെ ഭീഷണിപ്പെടുത്തിയപ്പോൾ 65 ശതമാനം വോട്ടുകളും ഫാസിസ്റ്റുകൾക്കു വേണ്ടി ആയിരുന്നു. തിരഞ്ഞെടുപ്പ് ന്യായമായ നിലപാടിനെ ചോദ്യം ചെയ്ത ഒരു സോഷ്യലിസ്റ്റ് നേതാവായിരുന്ന മാറ്റിയോട്ടി, കൊല്ലപ്പെട്ടു. പാർല മെന്റിന്റെ പ്രതിഷേധത്തെ ബഹിഷ്ക്കരിച്ചു. പ്രതിപക്ഷ കക്ഷികളെ നിരോധിച്ചുകൊണ്ടുള്ള പത്രപ്രവർത്തനത്തെ മുസ്സോളിനി പ്രതികരിച്ചു. പ്രതി പക്ഷ നേതാക്കൾ കൊല്ലപ്പെടുകയോ, തടവിലിടപ്പെടുകയോ ചെയ്തു. 1926-ൽ അദ്ദേഹം രണ്ടാം ഡൂസ് (നേതാവ്) എന്ന പദവി ഏറ്റെടുക്കുകയും, നിയമനിർമ്മാണത്തിന് അധികാരം ഏറ്റെടുക്കുകയും സർവ്വാധികാരിയായി മാറുകയും ചെയ്തു. സ്ട്രൈക്കുകൾ, വ്യവസായശാലകൾ പണിമുടക്കം എന്നിവക്കെതിരായ നിയമങ്ങളും പാസ്സാക്കി. യൂണിയനുകളും തൊഴിലാളികളും കോർപ്പറേഷനുമായി സംഘടിപ്പിച്ചു. 1938-ൽ പാർലമെന്റ് നിർത്തലാക്കി. ഫാസിസ്റ്റു പാർട്ടിയും കോർപ്പറേഷനുകളും രൂപീകരിച്ചു. മുസ്സോളിയുടെ സമ്പദ്വ്യവസ്ഥയുടെ സ്വേച്ഛാധികാരം സായുധസേനയുടെ തലവനായ മഹത്തായ മറ്റു അധികാരത്തെ ശക്തിപ്പെടുത്തുന്നതിനും ഈ പുതിയ ക്രമീകരണം സഹായിച്ചു.


മുസ്സോളിനി

പോപ്പുമായി മുസ്സോളിനിയുടെ ഉടമ്പടി

ഫാസിസ്റ്റ് പാർട്ടിക്ക് ബഹുമതി നൽകാൻ വേണ്ടി. വത്തിക്കാൻ സിറ്റിയെ സ്വതന്ത്ര രാജ്യമായി അംഗീകരിച്ചു കൊണ്ട് റോമൻ കത്തോലിക്ക തിരുസയുടെ സഹായം നേടുന്നതിൽ മാസ്സോളിനി വിജയിപ്പിച്ചു. ഇതിനു പകരമായി ഇറ്റലിയെ അംഗീകരിച്ചു. റോമൻ കത്തോലിക്കാ മതം ഇറ്റലിയിലെ ഭാഗമായി അംഗീകരിക്കപ്പെട്ടു തുടർന്ന് സ്കൂളുകളിൽ നിർബന്ധിത മത പഠനത്തിന് ഉത്തരവിട്ടു. ഈ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ലാറ്ററൻ ഉടമ്പടി 1929-ൽ ഒപ്പു വച്ചു.

സാമ്പത്തിക തകർച്ച സമയത്ത് ഇറ്റലി

സാമ്പത്തിക തകർച്ച വർഷങ്ങളിൽ ഇറ്റലി പുതിയ പാലങ്ങൾ, റോഡുകൾ, കനാലുകൾ, ആശുപത്രികൾ, സ്കൂളുകൾ എന്നിവ കെട്ടിപ്പടുക്കുന്ന പൊതു ജനങ്ങൾക്ക് തൊഴിലില്ലയ്മയുടെ പ്രശ്നം പരിപാലിക്കാനായില്ല. 1935-ൽ മാസ്സോളിനി എത്യോപ്യയെ ആക്രമിച്ചു. സാമ്പത്തിക ബുദ്ധിമുട്ടു കളിൽ നിന്നും ജനങ്ങളുടെ ശ്രദ്ധ തിരിക്കാനും ഇത് ഭരണ വർഗ്ഗങ്ങളിൽ നിന്ന് മാസ്സോളിനി ആരാധകരെ ആകർഷിച്ചു.

(b) യുദ്ധാനന്തരം ജർമ്മനി

1918 മുതൽ 1993 വരെ ജർമ്മനിയിലെ ഫാസിസത്തിന്റെ അവസാന വിജയത്തിലേക്ക് നയിച്ച ഘടകങ്ങൾ ഇതാണ്. 1871-നും 1914നും ഇടയിൽ ജർമ്മനി സാമ്പത്തിക രാഷ്ട്രിയ സാംസ്കാരിക നേട്ടങ്ങളുടെ ഉന്നത തലത്തിൽ ഉയർന്നു വന്നു. ജർമ്മനിയുടെ സർവ്വകലാശാലകൾ, അതിന്റെ ശാസ്ത്രം തത്ത്വ ചിന്ത, സംഗീതം എന്നിവ ലോകമെങ്ങും അറിയപ്പെട്ടിരുന്നു, വ്യവസായിക ഉല്പാതന മേഘലയിൽ ജർമ്മനി ബ്രിട്ടനും, അമേരിക്കയും കടന്നിരുന്നു. കഴിഞ്ഞ അദ്ധ്യയത്തിൽ നാം കണ്ടതുപോലെ ഒന്നാം ലോക മഹായുദ്ധം പൊട്ടി പുറപ്പെട്ടതിന്റെ കാരണവും ഇതു തന്നെയായിരുന്നു. ഒന്നാം ലോക മഹായുദ്ധത്തിൽ തോൽവി ഏറ്റു വാങ്ങി. ജർമ്മൻ ജനത നിരാശരയിരുന്നു.

ഒന്നാം ലോകമഹായുദ്ധത്തിന്റെ അന്ത്യത്തിൽ ജർമ്മനിയുടെ പരാജയവും അപമാനവും ജർമ്മൻ ജനതയ്ക്ക് ആഴത്തിലുള്ള ഞെട്ടലായി തീർന്നു. മഹാന്മാരും, അവരുടെ നിരാശ എന്നിവ റിപ്പബ്ലിക്കൻ ഗവർമന്റിനെതിരേ തിരിയാൻ അവരെ പ്രേരിപ്പിച്ചു.

ജർമ്മൻ ഫാസ്സിസത്തിന്റെ ഉൽഭവം

1919-ൽ ജർമ്മൻ ഫാസിസത്തിനു തുടക്കം കുറിച്ചു. 1919-ൽ ഏഴു അംഗങ്ങളെക്കൊണ്ട ഒരു സംഘം ദേശീയ സോഷ്യലിസ്റ്റു ജർമ്മൻ വർക്കേഴ്സ് പാർട്ടി (നാസി പാർട്ടി) രുപീകരിച്ചു. അവരിൽ ഒരാൾ അഡോൽഫ് ഹിറ്റ്ലർ ആയിരുന്നു. ഒന്നാം ലോകമഹായുദ്ധ സമയത്ത് അദ്ദേഹം ബവേറിയയിലെ സൈന്യത്തിൽ സേവനമനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ പ്രസംഗം സദസ്സിൽ ശ്രദ്ധ പിടിച്ചു പറ്റാൻ സഹായിച്ചു. 1923-ൽ ബവേയിയയിൽ അധികാരത്തെ പിടിച്ചെടുക്കാൻ ഹിറ്റ്ലർ ശ്രമിച്ചു. മ്യൂണിക്കിന്റെ പ്രാന്തപ്രദേശത്തുള്ള ദേശീയ വിപ്ലവം മൂലം അയാളെ ജയിലിൽ അടച്ചു തന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ രാഷ്ട്രീയ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഒരു ആത്മകഥാപരമായ പുസ്തകം മെയിൻ കാംഫ് (എന്റെ സമരം) എഴുതി. 1932-ലെ പ്രസിഡന്റ് തെരഞ്ഞടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് 6,000,000 വോട്ടാണ് ലഭിച്ചത്. അസ്ഥിരമായവ മുതലാളിമാരും ഉടമസഥരും ഫാസിസത്തെ പിന്തുണച്ചു. ഹിറ്റ്ലർ അവസരം ഉപയോഗിച്ച് അധികാരം പിടിച്ചെടുക്കാൻ ശ്രമിച്ചു.


ഹിറ്റ്ലർ

X Std - History Malayalam Unit-2 .indd 18 1/27/2023 10:00:01 AM

1863 മേയ് 23-ന് ലിപ്സിഗിൽ ജനറൽ ജർമ്മൻ വർക്കേഴ്സ് അസോസിയേഷൻ എന്ന പേരിൽ സോഷ്യൽ ഡെമോക്രേറ്റിക് എന്ന പാർട്ടി രൂപികരിക്കപ്പെട്ടു. സ്ഥപകൻ ഫെർഡിനന്റെ് ലാസ്സെൽ ആയിരുന്നു. 19-ാം നൂറ്റാണ്ടിന്റെറ അവസാനകാലത്തെ ജർമ്മൻ കുടിയേറ്റക്കാർ ഒരു സോഷ്യലിസ്റ്റു പാർട്ടിയുടെ നിലനിൽ പിനെ പുതിയതുമായി ഏകീകൃതമായ റെയ്ക്കിന്റെ സംരക്ഷണയ്ക്കും സ്ഥിരതയ്ക്കും ഒരു ഭീഷണിയായി കണക്കാക്കി. അങ്ങനെ 1878 മുതൽ 1890 വരെ ബിസ്മാർക്ക് ഈ പാർട്ടിയെ പുറത്താക്കി.

1945-ൽ ഹിറ്റ്ലറുടെ തകർച്ചയോടപ്പം സോഷ്യൽ ഡെമോക്രാറ്റിക്ക് പാർട്ടി പുനർജ്ജീവിപ്പിക്കുകയായിരുന്നു. വെയ്മർ കാലഘട്ടത്തിൽ ഹിറ്റ്ലർക്ക് എതിരെയുള്ള റെക്കോർഡ് രേഖപ്പെടുത്തിയ ഒരേ ഒരു പാർട്ടിയുമാണിത്.

ഹിറ്റ്ലറുടെ നാസ്സി സർക്കാർ

കമ്മ്യൂണിസ്റ്റുകൾ സോഷ്യൽ ഡെമോക്രാറ്റുകളുമായി സഹകരിക്കാൻ വിസമ്മതിച്ചതോടെ റിപ്പബ്ലിക്കൻ സർക്കാർ തകർന്നു. 1933-ൽ ഹറ്റ്ലർ ചാൻസിലറായി പ്രഖ്യപിക്കാൻ പ്രസിഡന്റെ വാൽഹിന്റൺബർഗ് എന്നയാളെ നിയോഗിച്ചു. മൂന്നാം റെയ്ച് എന്നറിയപ്പെടുന്ന നാസി ഹിറ്റ്ലർ പാർലമെന്ററി ജനാധപത്യത്തിന്റെ അന്ത്യം കുറിച്ചു.

പ്രെമർ റിപ്പബ്ലിക്കിന്റെ ദേശിയ പതാക സ്വാസ്ഥിക ബാനറുകളാൽ ഹിറ്റ്ലർ മാറ്റി. ജർമ്മനി വളരെ കേന്ദ്രീകൃതമായ സംസ്ഥാനമാക്കി മാറ്റി. നാസിസ പാർട്ടി ഒഴികെ എല്ലാ രാഷ്ട്രിയ കക്ഷികളും നിയമ വിരുദ്ധമായി പ്രഖ്യപിച്ചു ബ്രൗൺ ഷർട്ടണിഞ്ഞ സൈനീകർ മുഴങ്കാലിനു മേൽ വരുന്ന ബൂട്ടുകൾ ഇട്ട് സൈന്യത്തെ വിപുലീകരിച്ചു. ഹിറ്റ്ലർ യൂത്ത് അണി സൃഷ്ടിക്കുകയും ലേബർ പർട്ടി സ്ഥാപിക്കുകയും ചെയതു. ട്രേഡ് യൂണിയനുകൾ നിർത്തലാക്കി. അവരുടെ നേതാക്കൾ അറസ്റ്റ് ചെയ്യപ്പെട്ടു. സ്ട്രെക്കുൾ നിയമ വിരുദധമായി നക്കപ്പാക്കുകയും സർക്കാർ വേതനം നിശ്ചയിക്കുകയും ചെയ്യതു. വ്യവസായങ്ങൾ നിയന്ത്രിക്കാൻ നാസികൾ വ്യവസായശാലകളെ ഉപയോഗിച്ചിരുന്നു. മാധ്യമങ്ങൾ തീയേറ്റർ, സിനിമ റേഡിയോ തുടങ്ങിയ എല്ലാം സർക്കാരിന്റെ നിയന്ത്രണത്തിൽ കീഴ് കൊണ്ടുവരപ്പെട്ടു.

നാസി പാർട്ടിയുടെ പ്രചാരണം ജോസഫ് ഗോയബൽസിന്റെ നേതൃത്വത്തിലായിരുന്നു. ആസൂത്രിതമായ പ്രചാരണത്തിലൂടെ പൊതു ജനാഭിപ്രായം കൈകാര്യം ചെയ്ത് അദ്ദേഹം നാസിക്കിന് ആദരവായി പ്രവർത്തിച്ചു. ഗസ്റ്റപ്പോ എന്ന രഹസ്യ സംസ്ഥാന പോലിസ് മറ്റും ഹിറ്റ്ല്റുടെ തിരഞ്ഞെടുക്കപ്പെട്ട സൈനീകരെ ഹൈഡ്രിച്ച് ഹിറ്റ്ലർ രുപപ്പെടുത്തി.

യഹൂദന്മാരോടുള്ള നാസി നയങ്ങൾ

ഹിറ്റ്ലറുടെ ഭരണകൂടം യഹൂദരെ അടിച്ചമർത്തുന്നതിനുള്ള ഒരു നയമാണ് പിന്തുടർന്നിരുന്നത്. യുണിവേഴ്സിറ്റികളിൽ പുറത്താക്കപ്പെടുകയും പൗരത്വം നഷ്ടപ്പെടുകയും ചെയ്യുന്ന സർക്കാർ പദവികളിൽ നിന്ന് പുറത്താക്കപ്പെടന്ന യഹൂദന്മാർ നീക്കം ചെയ്യപ്പെട്ടു. ജൂത ബിസ്സിനസ്സുകൾ അടച്ചു പൂട്ടി. അവരുടെ സ്ഥാപനങ്ങൾ ആക്രമിക്കപ്പെടുകയും ചെയ്തു. രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം വൈദ്യുതി കമ്പികളാൽ ചുറ്റപ്പെട്ട കാവൽ ഗോപുരങ്ങൾ ഉന്മൂലനം ചെയ്യുന്ന ക്യാമ്പുകൾ എന്നിവ സ്ഥാപിക്കപ്പെട്ടു. പിന്നീട് അവരെ നശിപ്പിക്കുന്നതിന് അവരെ ക്യാമ്പുകളിലേക്ക് കൂട്ടി കൊണ്ടുപോയി ഗ്യാസ് ചേമ്പറുകൾ പോലുള്ള വ്യവസായിക മർഗ്ഗങ്ങളിലൂടെ കൊല്ലപ്പെട്ടു. യൂറോപ്പിൽ 6 മില്ല്യൺ യഹൂദന്മാർ കൊല്ലപ്പെട്ടിട്ടുന്നെ് കണക്കാക്കപ്പെടുന്നു. ഈ കൂട്ടക്കൊല നാസിക്കിൽ ദി ഫൈനൽ സൊല്യൂഷൻ എന്നു വിളിക്കപ്പെട്ടു.

വെർസയിൽ ഉടമ്പടിയുടെ ഭീഷണി

1934-ാം ആണ്ട് ആഗസ്റ്റുമാസം തിങ്കൾ ഹിൻടെൻബർഗ് മരണമടഞ്ഞതിനെ തുടർന്ന് ചാൻസിലറായിരുന്ന ഹിറ്റ്ലർ പ്രസിഡന്റായും സൈന്യത്തിന്റെ കമാൻഡർ ഇൻ ചീഫായും അധികാരമേറ്റു. ജർമ്മനിയുടെ സായുധ ശക്തി പുനസ്ഥാപിക്കുന്നതിനും വെർസെയിൽസ് ഉടമ്പടിയിലെ വ്യവസ്ഥകളെ റദ്ദാക്കുന്നതിനും വേണ്ടി ഹിറ്റ്ലർ വിദേശനയത്തിന് ലക്ഷ്യമിട്ടു.

2.3 ഏഷ്യയിലെ കോളനി വിരുദ്ധ പ്രസ്ഥാനങ്ങളും കോളനി ആദിപത്യത്തിന്റെറ അന്ത്യവും

(a) ഫ്രഞ്ച് ഇൻഡോ - ചൈന

കോളനി വിരുദ്ധ പ്രസ്ഥാനങ്ങളുടെ ഉയർച്ച


1887 ഫ്രാൻസാൽ കൈവശപ്പെട്ടതിൽ നിന്നും ഇൻഡോ - ചൈന (ഇന്നത്തെ കമ്പോടിയ, ലാവൊസ്, വിയറ്റ്നാം) തങ്ങളുടെ എതിർപ്പിനെ ഫ്രഞ്ചു ഭാഷയും സംസ്കാരത്തേയും അടുച്ചമർത്താൻ ഇന്തോ-ചൈചന എതിർത്തു. വിപ്ലവത്തിന്റെ ആശയങ്ങൾ അവരിൽ വിന്ന് മനസ്സിലാക്കി. ഫ്രാൻസിൽ ഒരു ലക്ഷം ഇന്തോ-ചൈനക്കാർ യുദ്ധത്തിൽ ഏർപ്പെട്ടു. ചൈനയിൽ നിന്നുള്ള കമ്മ്യൂണിസ്റ്റ് ആശയങ്ങളും ഒരു വലിയ സ്വാധീനം ചെലുത്തിയിരുന്നു. ഇന്തോ-ചൈനയിലെ ഗണ്യമായ

X Std - History Malayalam Unit-2 .indd 19 1/27/2023 10:00:01 AM

സമ്പത്ത്കോളനിയാധിക്യ ശക്തികൾക്ക് ഉപയോഗിക്കുകയാണെന്ന് പലർക്കും ബോധ്യപ്പെട്ടു.

കൊളോണിയാധിപത്യ ശക്തികൾ തങ്ങളുടെ കോളനികളിലെ സ്ഥാപനങ്ങളും നിയമപരമായ നിയന്ത്രണങ്ങളും തദ്ദേശീയ ഗവൺമെൻറുകൾക്ക് കൈമാറുന്ന പ്രക്രിയയാണ് അപകോളനീകരണം

വിയറ്റ്മിൻ കക്ഷിയുടെ ഉദയം



ഹോ-ചി-മിൻ

ഇൻഡോ-ചൈനയിലെ രാഷ്ട്രിയ കക്ഷികളിൽ വിയറ്റ്നാം ദേശിയ കക്ഷിയാണ് ഏറ്റവും മുഖ്യമായത്. 1927-ൽ രൂപം കൊണ്ട ഈ കക്ഷി ജനസംഖ്യയിൽ സമ്പന്നരെയും മധ്യവർഗ്ഗ വിഭാഗങ്ങളെയും കൊണ്ടുള്ളതാണ്. 1929-ൽ വിയറ്റ്നാം സൈനികർ കലാപമുയർത്തി. ഫ്രഞ്ചു ഗവർണ്ണർ ജനറലിനെ വധിക്കാൻ നടത്തിയ ശ്രമം പരാജയപ്പെട്ടു. കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ വളരെയധികം കർഷക കലാപങ്ങൾ ഉണ്ടായി. വൈറ്റ് ടെറർ എന്ന പേരിൽ അറിയപ്പെടുന്ന ഈ കലാപത്തെ തകർത്തെറിഞ്ഞു. ആയിരക്കണക്കിനു കലാപകാരികൾ കൊല്ലപ്പെട്ടുാ.

വൈറ്റ് ഭീകരത്തിന് ശേഷം ഹോപിലിയൻ മോസ്കോവിലേക്ക് പോയി. മോസ്കോയിലും ചൈനയിലും 1930-കളിൽ തൻെറ ജീവിതം ചിലവഴിച്ചു. 1940-ൽ ഫ്രാൻസിനെ ജർമ്മനി തോല്പിച്ചപ്പോൾ വിയറ്റ്നാമിസുകാരനായ ഹോപിവിവിനും അദ്ദേഹത്തിന്റെ ലെഫ്റ്റ് ന്റുകാരും ഈ സന്ദർഭത്തെ ഉപയോഗപ്പെടുത്തി. വിയറ്റ്നാമിന്റെ സ്വതന്ത്ര്യത്തിനായി പരിശ്രമിച്ചു. 1941 ജനുവരി മാസം തിങ്കൾ അതിർത്തി കടന്നു വിയറ്റ്നാമിലേക്ക് എത്തിയ അവർ സ്വതന്ത്ര്യ സംഘം അല്ലേങ്കിൽ വിമറ്റ്നാമിൻ എന്ന് സംഘടനയെ സ്ഥാപിച്ചു. ഒരു വിശിഷ്ട വിയറ്റ്നാമിസ് ദേശിയതക്ക് ഇത് ഊന്നൽ നൽകി.

ഹോ-ചി-മിൻ (1890-1969) ടോങ്കിംഗിൽ ജനിച്ച ഹോപി വിൻ 20 വസ്സായപ്പോൾ യൂറോപ്പിലേക്ക് പോയി. ലൻ ഹോട്ടലിൽ പാചകകാരനായി ജോലി ചെയ്തത ശേഷം അദ്ദേഹം പാരിസിലെത്തി. പാരിസ് സമാധാന സമ്മേളനത്തിൽ അദ്ദേഹം വിയറ്റ്നാമിന്റെ സ്വാതന്ത്ര്യത്തിനായി പരിശ്രമിച്ചു. പത്രങ്ങൾ, പ്രതേക്രിച്ചുംലഘുലേഖ,വിചാരണയെക്കുറിച്ചുള്ള ഫ്രഞ്ചുകോളനിആധിപത്യംഎന്നിവഅദ്ദേഹത്തെ വിമറ്റ്നാമിസ് ദേശീയവാദി എന്ന നിലയിലൽ പ്രശസ്തനാക്കി. 1921-ൽ ഫ്രാൻസിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപിക്കാനയി രണ്ടു വർഷത്തിനു ശേഷം അദ്ദേഹം മോസ്കോയിൽ പോയി. വിദ്യകൾ പഠിപ്പിച്ചു. 1925-ൽ അദ്ദേഹം വിപ്ലവകരമായുവ യുവജന പ്രസ്സ്ഥാനം സ്ഥാപിച്ചു.

(b) ഇന്ത്യയിൽ കോളനി ആധിപത്യത്തിന്റെ അന്ത്യം

പ്രവിശ്യകളിൽ ദ്വിഭരണം

1905-ൽ സ്വദേശി പ്രസ്ഥാനത്തോട് 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇന്ത്യയിൽ അപകോളനീകരണ പ്രക്രിയ ആരംഭിച്ചു. ഒന്നാം ലോക മഹദയുദ്ധം പൊട്ടിപുറപ്പെട്ടതോടെ രാഷ്ട്രിയവും സാമ്പത്തികവുമായ മാറ്റങ്ങൾ വന്നു. തെരെഞ്ഞെടുക്കപ്പെട്ട പ്രവശ്യകൾക്കും ഇന്ത്യൻ മന്ത്രിമാർക്കും കൈമാറ്റം ചെയ്യപ്പെട്ട വിഷയങ്ങൾക്ക് കീഴിൽ ചില വകുപ്പുകൾ കൈവശം വയ്ക്കുന്നതിന് 1919-ലെ ഗവൺമെന്റ ഓഫ് ഇന്ത്യ ആക്ട് അവതരിപ്പിച്ചു. ഇന്ത്യൻ ദേശീയ കോൺഗ്രസ് ദ്വതീയ ഭരണ സമ്പ്രദായത്തെ തള്ളികളയുകയും നിയമനിർമ്മാണം ബഹിഷ്കരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

ഇന്ത്യയെ വ്യവസായവൽക്കരിക്കുന്നതിനുള്ള നടപടികളുടെ അഭാവം

ഇന്ത്യയുടെ വ്യവസായവൽക്കരണത്തിന്റെ കുറവ് പഞ്ചസാര, സിമന്റ് രാസവസ്തുക്കൾ തുടങ്ങിയവയുടെ വില തിരെഞ്ഞെടുക്കപ്പെട്ട വ്യാസായങ്ങൾക്ക് നൽകിയ വിവേചന സംരക്ഷണം ഉായിരുന്നിട്ടും കൊളോണിയൽ സുമ്പത്തിക നയങ്ങളിൽ യാതൊരു മാറ്റവും ഉായില്ല. ബ്രിട്ടിഷ് ഇരുമ്പ് ഉരുക്ക് വ്യവസായത്തിന് കരരാറുകൾ വാങ്ങുക എന്ന ഉറപ്പ് നൽകി പ്രോത്സഹനങ്ങൾ കൊടുത്തു. എന്നാൽ തദ്ദേശിയ വ്യവസായങ്ങളുടെ കായീത്തിൽ സാങ്കേതിക ഉപദേശവും പയോനിയർ ഫാക്ടറികൾ പുതിയ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുള്ള രൂപത്തിൽ മാത്രമാണ് പിന്തുണ നൽകിയത്. എന്നിരുന്നാലും ബ്രിട്ടിഷ് സ്ഥാപനങ്ങൾക്ക് ഇത് എതിരായിരുന്നതിനാൽ ഈ നയം ഉടൻ ഉപേഷിക്കപ്പെട്ടു.

ഇന്ത്യൻ കാർഷിക മേഖലയിൽ സാമ്പത്തിക തകർച്ച ഏർപ്പെടുത്തിയ ആഘാതം

സാമ്പത്തിക തകർച്ച (1929) ഇന്ത്യൻ കാർഷിക മേഖലയിലും തദ്ദേശിയ നിർമ്മാണ മേഖലയിലും ഒരു കനത്ത തിരിച്ചടി നൽകി. കാർഷിക ഉൽപ്പാദനത്തിന്റെ മൂല്യം പകുതിയായി കുറഞ്ഞു. കർഷകർക്ക് നൽകേണ്ട ഭൂമി വാടകയ്ക്ക് മാറ്റമില്ലാതെ തുടർന്നു. കാർഷിക സാധനങ്ങളുടെ വിലക്കയറ്റമനുസരിച്ച് സംസ്ഥാനത്തെ കർഷകരുടെ ബാധ്യത ഇരട്ടിയായിവൻ വിലയിടിവ് ആഭ്യന്തര സമ്പദ്വ്യവസ്ഥയ്ക്കു സംരക്ഷണം

X Std - History Malayalam Unit-2 .indd 20 1/27/2023 10:00:01 AM

ആവശ്യപ്പെടാൻ ഇന്ത്യൻ ദേശീയവാദികളെ പ്രേരിപ്പിച്ചു. 1930-കളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമരത്തെ ഒരു ഭീകരമായ ബഹുജന പ്രസ്ഥാനമായി കണ്ടു.

ഇന്ത്യാ ഗവൺമെന്റ് നിയമം 1935

ബ്രിക്കിഷ്കാർക്ക് ഇന്ത്യൻ ദേശിയ വാദികളെപ്രീണിപ്പിക്കേണ്ടിവന്നു. അതിനാൽ 1935-ലെ ഇന്ത്യാ ഗവൺമെൻറ് നിയമം കൊണ്ടു വന്നു. പ്രാദേശിക ഗവർമെന്റുകൾക്ക് കൂടുതൽ അധികാരവും നേരിട്ട് തെരഞ്ഞെടുപ്പും അറിയിക്കപ്പെട്ടു. 1937-ലെ തെരഞ്ഞെടുപ്പിൽ പല പ്രവിശ്യകളിലും കോൺഗ്രസിന് വിജയം ലഭിച്ചു. എന്നാൽ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട മന്ത്രി സഭയോടും ആലോചിക്കാതെ ബ്രിട്ടിഷ് ഗവൺമെന്റ് ഇന്ത്യയെ രണ്ടാം ലോക മഹായുദ്ധത്തിൽ ഉൾപ്പെടുത്തിയതിനാൽ കോൺഗ്രസ്സ് മന്ത്രി സഭ രാജിവയ്ക്കാൻ നിർബന്ധിതരായി.

2.4 ആഫ്രിക്കയിൽ കോളനി വിരുദ്ധ പ്രസ്ഥാനങ്ങൾ

ആഫ്രിക്കയിൽ കോളനി വൽക്കരണം

പതിനാറാം നൂറ്റാിലാണ് ആഫ്രിക്കയുടെ തീരപ്രദേശത്ത് ഏതാനും യൂറോപ്യൻ കുടിയേറ്റങ്ങൾ രൂപം കൊണ്ടു. എന്നാൽ 19-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടം വരെ ആഫ്രിക്കയുടെ ഉൾവശം പുറം ലോകത്തിനു വെളിപ്പെടുത്താൻ പറ്റിയില്ല. 1875-നു ശേഷം യൂറോപ്യൻ കോളനി വൽത്തരണം ആരംഭിച്ചു. 1884-1885 വർഷങ്ങളിൽ നടന്ന ബെർലിൻ സമ്മേളനത്തിൽ കോളനി ആധിപത്യ ശക്തികൾ ആഫ്രി ക്കയെ തങ്ങൾക്ക് സ്വാധീന മള്ള മണ്ഡലമായി വിഭജിക്കാമെന്ന് തീരുമാനിച്ചു. എന്നാൽ ബ്രിട്ടീഷ്കാർക്കും തെക്കേ ആഫ്രിക്കയിലെ ബോയറിനുമിടയിൽ നടന്ന യുദ്ധം ഈ തീരുമാനത്തിനു എതിരായ പ്രവർത്തിയാണ്.

ബോയർ യുദ്ധം

ഇംഗ്ലണ്ടിലെ കോളനികളായ നോറ്റൽ, കേപ്പ് എന്നീ രണ്ടു ബ്രിട്ടിഷ് കോളനികളും ട്രാൻസ്വാൾ സ്വാതന്ത്ര്യ ബോയറും തമ്മിലുള്ള ബന്ധം ദീർഘകാലാടിസ്ഥാനത്തിൽ ഉണ്ടായിരുന്നു. 1886-ൽ ട്രാൻസ്വാൾ സ്വർണ്ണം കടത്തിയപ്പോൾ ജൊഹാനസ് ബർഗിലിൻ തീരത്ത് അനേകം ബ്രിട്ടിഷ് ഖനികളിൽ ജോലി നോക്കുന്നവർഅവിടെ കുടിയേറിപ്പാർത്തു. ഇവരെ വെറുക്കപ്പെട്ട ബോയർ കൾക്ക് ട്യൂട്ട്ലേന്റ്ഴ്സ് എന്നു വിളിച്ചിരുന്നു. രാഷ്ട്രിയ അവകാശങ്ങൾ നിഷേധിക്കുന്നതിനാൽ ബോയർമാരെ അട്ടിമറിച്ചു. അതിനാൽ ബ്രീട്ടീഷുകാരും ബോയർമാരും ദക്ഷിണാഫ്രിക്യിൽ പരമോന്നതർ ബ്രീട്ടീഷുകാരാണോ? ബോയർ കളാണോ എന്ന ചോദ്യത്തിനിടയായി. ബ്രീട്ടിഷു കാരുടെ ഭീകരാക്രമണത്തിൽ ഭയന്ന ബോയർമാർ സ്വന്തമായി ആയുധം തയ്യാറാക്കി ആക്രമിക്കാൻ തീരുമാനിച്ചു.



ബോയർ യുദ്ധം

ബോയർ യുദ്ധം മുന്നു വർഷത്തോളം നീണ്ടുനിന്നു.(1899-1902) തുടക്കത്തിൽബോയർമാർ വിജയികളായി എന്നാൽ 1900-ത്തിന്റെ ആദ്യ പകുതിയിൽ ബോയർ സൈന്യം പരാജയപ്പെട്ടു. പ്രിട്ടോറിയ കൈവശപ്പെടുത്തി. ബോയർമാർ ഗൊറില്ല യുദ്ധം (ഒളിപ്പോർ) ഏറ്റെടുത്തു. ഇത് രണ്ടു വർഷത്തോളം തുടർന്നു. തിരിച്ചടിയുടെ പേരിൽ ബ്രിട്ടീഷുകാർ കൃഷികൾ നശിച്ചപ്പോൾ അവർ ബോയർ വനിതകളെയും കുട്ടികളെയും അകന്നു കഴിയുന്ന കൃമ്പുകളിൽ പാർപ്പിച്ചു. ഭക്ഷണ, വൈദ്യ. ആരോഗ്യ സംവിധാനങ്ങൾ എന്നിവയുടെ കുയറവിനാൽ 26,000 പേർ മരണത്തി നിടയാക്കി ബ്രിട്ടീഷുകാർ ബോയർ സംസ്ഥാനം പിടിച്ചടക്കി. എന്നാൽ ബോയർമാർക്ക് സ്വയം ഭരണം വാഗ്ദാനം ചെയ്തിരുന്നു. 1907-ൽ പുർണ ഉത്തരവാദിത്വമുള്ള സർക്കാരും ട്രാൻസ്വാൾ - ഉം ഓറഞ്ച് ഫ്രീസ്റ്റേ തുടങ്ങിയ രണ്ടു നാടുകളുടെയും പുർണ്ണമായ ഭരണാധികാരം നൽകപ്പെട്ടു. 1909-ൽ ബ്രിട്ടിഷ് പാർലമെൻറിൽ പാസ്സാക്കിയ സൗത്ത് ആഫ്രിക്ക നിയമം കേപ്പ് ടൗണിൽ കേന്ദ്ര പാർലമെന്റിൽ സ്ഥാപിക്കുന്നതിനിടയാക്കി. 1910-മേയ് മാസത്തിൽ ദക്ഷിണാഫ്രിക്കൻ യൂണിയൻ നിലവിൽ വന്നു.


ദക്ഷിണാഫ്രക്കയിലെ യഥാർത്ഥ ഡച്ച്കുടിയേറ്റ ക്കാരുടെ പിൻഗാമികളെ ആഫ്രിക്കക്കാർ എന്നും അറിയപ്പെട്ടു അവരുടെ ഭാഷ ആഫ്രിക്കനാണ്.

ദക്ഷിണ ആഫ്രിക്കയിലെ ദേശീയ രാഷ്ട്രീയം

ദക്ഷിണാഫ്രിക്കയിൽ രണ്ടു പ്രധാന രാഷ്ട്രിയ കക്ഷികൾ ഉണ്ടായിരുന്നു. പ്രധാനമായും ബ്രിട്ടിഷുകാരെ കൊണ്ടയൂണിയനിസ്റ്റു കക്ഷിയും

X Std - History Malayalam Unit-2 .indd 21 1/27/2023 10:00:01 AM

ആഫ്രിക്കനേർസ് എന്നു വിളിക്കപ്പെട്ട ബോയർകളെ അധികമാക്കികൊണ്ടിരുന്ന ദക്ഷിണാഫ്രിക്കൻ കക്ഷിയുടെ ആദ്യ ഫ്രധാന മന്ത്രിയായിരുന്ന ബോധ ദക്ഷിണാഫ്രിക്കൻ പാർട്ടിയെ ചേർന്ന ആളായിരുന്നു. ബ്രിട്ടിഷുമായി സഹകരിച്ച് ഭരണം നടത്തി. എന്നാൽ ദക്ഷിണാഫ്രിക്കൻ കക്ഷിയെ ചേർന്ന യുദധവീരർകളായ ഒരു വർഗ്ഗക്കാർ ഹെർബോഗിന്റെ അദ്ധ്യക്ഷതയിൽ ദേശീയ കക്ഷി എന്ന ഒരു കക്ഷിയെ സ്ഥാപിച്ചു. ഹെർബോഗ് കറുത്ത വർഗ്ഗക്കാരുടെ മേലധികാരം, മെറ്റാന്ന് വെളുത്ത വർഗ്ഗക്കാരുടെ മേൽ ആഫ്രിക്കക്കാരുടെ മേലാധികൃം, 1920-ലെ തെരെഞ്ഞടുപ്പിൽ ദേശിയ കക്ഷി 44 സീറ്റുകൾ കരസ്ഥമാക്കി. ദഷിണാഫ്രിക്കൻ കക്ഷി സ്മാർട്ടിന്റെ അദ്ധ്യക്ഷതയിൽ 41 സീറ്റുകൾ നേടി. ഈ കാലഘട്ടത്തിൽ ബ്രിട്ടീഷുകാർ അധികമുള്ള യൂണിയനിസ്റ്റുകൾ കക്ഷി ദകഷിണാഫ്രിക്കൻ കകഷിയുമായി ലയിച്ചു ഇതിന ാൽ യോദ്ധക്കളായ ആഫ്രിക്കക്കാരുടെ അധീന തയിലുള്ള ദേശീയ കക്ഷിയെക്കാളും സ്മാർട്ട് ഭൂരിപക്ഷം നേടി.



സ്മട്ട്സ്

കറുത്ത വർഗ്ഗക്കാർക്കെതിരായുള്ള വംശീയ നയം

കുത്തകവർഗ്ഗക്കാർക്കും ന്യൂന പക്ഷ ഇന്ത്യക്കാർക്കും എതിരായി വംശീയ നയം പിൻതുടർന്നു. കുത്തകവർഗ്ഗക്കാരുടെ കുടിയേറ്റ പ്രദേശങ്ങളായ നഗരങ്ങളുടെ ചില കുറിപ്പിട്ട പ്രദേശങ്ങളെ നിയന്ത്രണത്തിൽ കൊണ്ടു വരാൻ ക്കുന്നതിനായി 1923-ൽ ഒരു നിയമം ഏർപ്പെടുത്തി. നേരത്തെ 1913-ൽ നടപ്പാക്കിയ നിയമം വെളുത്ത, കറുത്ത, വ്യാപരികളെ വേർപ്പെടുത്തി. ഇതിനാൽ നാട്ടിന്റെ പല ഭാഗങ്ങളിലും കറുത്ത വർഗ്ഗക്കാരാൽ നിലങ്ങൾ വാങ്ങുന്നതിനു സാധ്യമല്ലാതെയായി 1924-ാം മാണ്ടിലെ തിരെഞ്ഞെടുപ്പിൽ വെളുത്ത വർഗ്ഗ തൊഴിലാളികളെ അധികം കൊണ്ട തൊഴിലാളി പ്രസ്ഥാനത്തിന്റെ ആദരവോടെ ദേശിയ കക്ഷി വിജയിച്ചു. 1924-ൽ നടപ്പിലാക്കിയ നിയമം കറുത്ത വർഗ്ഗക്കാർ സമരങ്ങളിൽ പങ്കെടുക്കു ന്നതിനെയും തൊഴിൽ സംഘത്തിൽ ചേരുന്നതിനെയും തടഞ്ഞു. കേപ്പ് പ്രവിശ്യയിൽ കറുത്ത വർഗ്ഗാരുടെ വോട്ടവകാശം നിർത്തലാക്കി. മണ്ണിന്റെ മക്കളായ കറുത്ത വർഗ്ഗക്കാരുടെ എല്ലാ അവകാശങ്ങളും തടസ്സപ്പെട്ടു. അവരാടെ സാമ്പത്തിക സാമൂഹിക മേഖലകളിൽ വളരെമധീകം കഷ്ടപ്പെടുത്തി.

ദക്ഷിണാഫ്രിക്കയിലെ വർണ്ണ വിവേചന നയം:

വർണ്ണ വിവേചനം എന്നതിന്റെ അർത്ഥം വേർതിരിവ് അങ്കെിൽ ഒതുക്കി വയ്ക്കൽ എന്നതാണ്. ഇത് 1947ൽ ദേശീയ വാദ കക്ഷിയുടെ നയമായി മാറി. 1950 മുതൽ നിരവധി നിയമങ്ങൾ നടപ്പിലാക്കി. രാജ്യം മുഴുവൻ വ്യത്യസ്ത വംശങ്ങൾക്കായി പ്രത്യേകം പ്രത്യേകം പ്രദേശങ്ങളായി വിഭജിക്കപ്പെട്ടു. വെള്ളക്കാർക്കും വെള്ളക്കാരല്ലാത്തവർക്കും ഇടയിൽ വിവാഹ ബന്ധം നിരോധിച്ചു. മിക്കവാറും എല്ലാ സ്കൂളുകളും സർക്കാർ നിയന്ത്രണത്തിലാക്കി അതിനാൽ വെള്ളക്കാരിൽ നിന്ന് വ്യത്യസതമായ വിദ്യാഭ്യാസം ആഫ്രിക്കക്കാർക്ക് നടപ്പിലാക്കി. സർവ്വകലാശാല വിദ്യാഭ്യാസവും വേർതിരിക്കപ്പെട്ടു. ദക്ഷിണാഫ്രിക്കയിൽ വെളുത്ത വർഗ്ഗക്കാരുടേയും കറുത്ത വർഗ്ഗക്കാരുടേയും രാഷ്ട്രിയ സമത്വം എന്നത് വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. ഇത് യൂറോപ്യൻ താല്പര്യങ്ങളെ തകർക്കും എന്നതിനാൽ ആഫ്രിക്കക്കാർ കീഴടങ്ങൽ ബലപ്രയോഗത്തിലൂടെ നിലനി ർത്താൻ തീരുമാനിച്ചു. ANC നിരോധിക്കപ്പെട്ടു. അതിന്റെ നേതാവ് നെൽസൻ മണ്ടേലയെ തടവിലാക്കി. ദക്ഷിണാഫ്രിക്കയിലെ വംശീയ ഭരണം അവസാനിപ്പിക്കാൻ ആഗോള തലത്തിൽ സമ്മർദ്ദം കൂടി 1990-ൽ ANC യുടെ വിലക്ക് നീക്കുകയും മണ്ടേലയെ 27 വർഷത്തിന് ശേഷം മോചിപ്പിക്കുകയും ചെയ്തു. പിന്നീട് നടന്ന തെരടെുപ്പിൽ ആഫ്രിക്കക്കാർക്ക് വോട്ട് ചെയ്യാൻ അനുവാദം നൽകുകയും തിരഞ്ഞെടുപ്പിൽ ANC വിജയിക്കുകയും, മണ്ടേല ദക്ഷിണാഫ്രിക്ക യുടെ കറുത്ത വർഗ്ഗത്തിന്റെറ ആദ്യത്തെ പ്രസിഡൻറാവുകയും ചെയ്തു. വർണ്ണ വിവേചന നയം പൊളിച്ചു മാറ്റിയെങ്കിലും സാമ്പത്തിക മേഖലയിൽ വെള്ളക്കാർ പൂർണ്ണമായും ആധിപത്യം പുലർത്തന്നു.



നെൽസൻ മണ്ടേല

X Std - History Malayalam Unit-2 .indd 22 1/27/2023 10:00:02 AM

2.5 ദെക്ഷിണ അമേരിക്കയൽ രാഷ്ട്രീയ മുന്നേറ്റങ്ങൾ

മായയും ആസ്ടെക്കുകളും

അമേരിക്കയുടെ യൂറോപ്യൻമരെ കണ്ടെത്തൽ ആരംഭിക്കുന്നതിനു മുൻപു മെക്സിക്കോവിൽ മധ്യ അമേരിക്കയിലെയും പെറുവിൽ നിലനിന്നിരുന്ന മുന്നു നാഗരികതകളെ കേന്ദ്രികരിച്ച് മായ, ഇൻക, ആസ്ടെക്ക് എന്നീ സംസ്കാരങ്ങൾ വളരെ വിപുലമായിരുന്നു. ഈ നാഗരികതയുടെ ഒരോ മേഖലയിലും നിരവധി സംസ്ഥാനങ്ങൾ ഉണ്ടായിരുന്നു. നല്ല നിർവ്വാഹത്തോടു കൂടിയ ശക്തവു മായ സർക്കാർ നിലനിന്നിരുന്നു. പതിനൊന്നാം നൂറ്റാണ്ടിൽ ചുറ്റുമുള്ള വലിയ നഗരങ്ങൾ ചേർന്ന് മായാപൻ ലീഗിൽ മായപ്പൻ നാഗരീകത രൂപി കരിച്ചു. മായപ്പൻലിഗ് 100 വഷത്തിലധികം നീണ്ടു. മായപ്പൻ 20 ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ത്തോടെ നശിപ്പിക്കപ്പെട്ടു. 12-ാം നൂറ്റാണ്ടിൽ മെക്സിക്കോയിലിരുന്നു വന്ന ആസ്ടെക്കുകൾ 14-ാം നുറ്റാണ്ടിൽ മായാ സാമ്രാജ്യം പിടിച്ചടക്കി. അവരുടെ തലസഥാന നഗരമാണ് ടെനോക്റ്റിക് ലാൻഡ്. ഏകദേശം 200 വർഷക്കാലം ആസ്ടെക്കുകൾ അവരുടെ സാമാജ്യം ഭരിച്ചു.

യുറോപ്യൻ കോളനി വൽക്കരണവും അതിന്റെ സ്വാധീനവും



പിസ്സുറോ

ലാറ്റിൽ അമേരിക്ക പ തിനാറാം നൂറ്റാണ്ടിൽ (1519) തങ്ങളുടെ അധികാരത്തിൽ ആയിരുന്നപ്പോൾ സ്പെയിൻ മുഴുവൻ ഹെർനൻ കോർട്ടസ് നേതൃത്വത്തിൽ നൽകിയ ചില സാമ്രാജ്യങ്ങൾ തകർന്നു. കൂടാതെ മെക്സിക്കൻ നാഗരികതയും തകർന്നു. മെനാചിട്ടിൻ മഹാ നഗരം നശിച്ചു. ലോകത്തിലെ ഏറ്റവും മോശം പ്രവത്തികളിൽ ഒന്നാണ് ഇത് പ്രശസ്തനായ സ്പാനിഷ് നേതാവ് ഫ്രാൻസിക്കൊ പിസ്സുറോ ആണ്. അദ്ദേഹംഇൻകാൻ സാമ്രാജ്രത്തെ കീഴടക്കി. പിന്നീട് സ്പെയിൻകാർ പെറുവിനെയും അവരുടെ ആധിപത്യത്തിൻ കീഴിലാക്കി.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ രാഷ്ട്രീയ സ്വതന്ത്ര്യം നിർവ്വാഹ, സ്വയം ഭരണം, സാമ്പത്തിക അവകാശം നിർണ്ണയിക്കുന്നതിനുള്ള ആവവശ്യം എന്നിവ ലാറ്റിൻ അമേരിക്കയിലുടനീളം പ്രകടമായി. ഹെയ്തി നാട്ടിന്റെ കോളനി ബ്രിട്ടീ ഷുകാർ ഫ്രാൻസിലെ കോളനികൾ എന്നിവ തമ്മിൽ ശക്തവും രൂക്ഷവുമായ ഏറ്റുമുട്ടലുകൾ നടത്തി. 1791-1804 കാലയളവിൽ റ്റൂസെയിന്റ് ലൂവെൻതുരി എന്നയാളിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഈ പോരാട്ടങ്ങൾ ഫ്രാൻസിന്റെ കോളനി യാധിക്യ നിയന്ത്രണത്തിലിരുന്ന ഹെയ്തി ജനങ്ങൾ സ്വാതന്ത്ര്യം പ്രാപിക്കുന്നതിൽ അവസാനിച്ചു. ഇപ്രകാരം അടിമത്ത സമ്പ്രദായവും ഫ്രാൻസിന്റ കോളനിക്കാരുടെ നിയന്ത്രണങ്ങളെയും മാറ്റിയ ആദ്യത്തെ കരീബിയൻ നാടായി ഹെയ്തി മാറി.

സ്പെയിൻ, പോർച്ചുകല്ലിനു മേൽ നെപ്പോളിയൻ ആക്രമണത്തിന്റെ സ്വാധീനം



സൈമൺ ബൊളിവർ – എലിബറേറ്റർ



പെട്രൊ I

അമേരിക്കൻ ഫ്രഞ്ചു വിപ്ലവങ്ങൾ ലാറ്റിൻ അമേരിക്കക്കാർക്ക് പ്രചോദനം നൽകി. 1808-ൽ നെപ്പോളിയൻ സ്പെയിൻ, പോർട്ടുഗൽ തുടങ്ങിയ നാടുകളുടെ മേൽ പടയെടുക്കുന്നതും ദക്ഷിണ അമേരിക്കയിൽ സ്വാതന്ത്ര്യ സമര പോരാട്ട പ്രവർത്തനങ്ങളെ വേവഗത്തിലാക്കി. സൈമൺ ബൊളിവരുടെ അദ്ധ്യക്ഷതയിൽ നേരത്തേ സ്വത ന്ത്ര്യ ബോധം വളർത്തിക്കൊണ്ടിരുന്നു. സൈമൺ ബൊളി വരാണ് സ്വാതന്ത്ര്യത്തിന്റെ ആത്മാവ്. പോർച്ചുഗല്ലിലെ രാജകുടുംബം പോർച്ചുഗൽ നെപ്പോ ളിയൻ കീഴടക്കിയ സാഹജര്യത്തിൽ ലിസ്ബനിൽ നിന്നും പാലായനം ചെയ്തതും കോളനിയിൽ നിന്നും ഒരു സ്വാതന്ത്ര് രാജ്യത്തിലേക്ക് മാറി. പെട്രൊ പോർച്ചുഗീസ് സിംഹാസനത്തിന്റെ അവകാവാദം ഉപേക്ഷിച്ചു. ബ്രസീലിലേ സ്വതന്ത്ര്യം പ്രഖ്യപിച്ചു.

മൺറോ സിദ്ധാന്തം

1815-ൽ നെപ്പോളിയൻ അധഃപതിച്ചപ്പോൾ സ്വതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടം കൂടുതൽ രൂക്ഷമായി ദെക്ഷിണ അമേരിക്കൻ കോളനികളിൽ വിപ്ലവകാരികളെ തകർക്കാൻ യൂറോപ്യൻമാരെ രാജാ ക്കന്മാർ ആഗ്രഹിച്ചു. എന്നാൽ അമേരിക്കയിലെ പ്രസിഡന്റെ മൺറൊ തന്റെ പ്രസിദ്ധമായ മൺറോ സിദ്ധാന്ധവുമായി മന്നോട്ടു വന്നു. അമേരിക്ക വടക്കോ അല്ലെങ്കിൽ തെക്കോ അതിലൂടെ യൂറോ പ്പുകാർ ഇടപെട്ടാൻ അമേരിക്കെതിരായ യുദ്ധമായി കരുതും എന്ന് യൂറോപ്യൻ ശക്തികളെ ഭയപ്പെടുത്തി. 1830-കളോടെ തെക്കൻ അമേരിക്ക മുഴുവൻ യൂറോപ്യൻ ആധികാരത്തിൽ നിന്ന് സ്വത ന്ത്രമായിരുന്നു. അങ്ങനെ ദെക്ഷിഷ അമേരിക്കൻ നാടുകളെ സംരക്ഷിച്ചു. എന്നാൽ അവരെ രക്ഷ്ട് ഷിക്കാൻ ആരുമില്ല.


X Std - History Malayalam Unit-2 .indd 23 1/27/2023 10:00:02 AM

ലാറ്റിൻ അമേരിക്കൻ ദേശീയവാദികൾക്കിടയിലെ അനൈക്യം

ലാറ്റിനമേരിക്കൻ ദേശീയ വാദികൾ സ്പെയിനും പോർച്ചുഗല്ലും മാത്രമല്ല. ഇവർ പരസ്പരം പോരാടി. 1821-ൽ മെക്സിക്കോ, അമേരിക്കയെ വിട്ടുപോയി. പിന്നീട് 1839-ൽ മധ്യ അമേരിക്ക തന്നെ അഞ്ചു റിപ്പബ്ലിക്കുകളായി (കോസ്റ്റാറിക്ക, എൽസാൽവ, ഗൗതമാല, ഹോണ്ടുറസ് നിഗരഗുവ) പിരിച്ചു. 1828-ൽ വെനിസൂല ബ്രസീലിൽ നിന്നും പിരിഞ്ഞു. 1830-ൽ ബെലിവരാൽ സ്ഥാപിക്കപ്പെട്ട ഗ്രാൻ കൊളംബിയയിൽ നിന്നും വെനിസുലായും ഇക്വേഡറും വേർപിരിഞ്ഞു.

യു.എസ്. സാമ്രാജ്യ താല്പര്യങ്ങൾ

തിയോഡർ റുസ്വെൽറ്റ് 20-ാം നൂറ്റാണ്ടിന്റെ ഉദയത്തോടെ 1898-ൽ ക്യൂബയേയും, പോർട്ടോ റിക്കോവെയും കൈപ്പറ്റി. 1898 മതൽ 1902-വരെ ക്യൂബാ അമേരിക്കയുടെ സൈനീക ഭരണത്തിൻ കീഴിലായി. അവസാനം അമേരിക്കക്കാർ ക്യൂബ യെവിട്ടു വെളിയേറിയ സമയം ക്യൂബബയിൽ കപ്പൽപ്പടത്താവളം ഒന്നു മാത്രം തങ്ങളുടെ പക്കൽ സുക്ഷിച്ചിരുന്നു. 1904-ലെ മൻട്രോ സിദ്ധാന്തത്തിൽ റുസ്വെൽറ്റ് ഒരു പ്രധാന ഭേദഗതി ചെയ്തതു. അച്ചടക്കം നിലനിർത്താൻ ലാറ്റിനമേരി ക്കയിലെ വ്യവഹാരങ്ങളിൽ തലയിടാൻ അമേരിക്ക അനുവാദാം വഴങ്ങുന്ന വണ്ണം ഏർപ്പെടുത്തപ്പെട്ടു. ഈ മാറ്റം കൊണ്ടുവരപ്പെട്ട ശേഷം അമേരിക്ക രാഷ്ട്രിയ രീതിയിൽ മാത്രമല്ല സാമ്പത്തിക രീതിയിലും അഭിവൃത്തി പ്രാപിച്ച നാടായി മാറി.



തിയോഡർ റുസ്വെൽറ്റ്

ദക്ഷിണ അമേരിക്കയിൽ സാമ്പത്തിക തകർച്ച

സാമ്പത്തിക തകർച്ച ഉണ്ടായ സാഹ ചര്യത്തിൽ ചിലരുടെ അല്ലെങ്കിൽ ചില കുടും ബങ്ങളിൽ പുതിയ സംഘങ്ങളുടെ ഭരണത്താൽ പ്രതീക്ഷയെ സ്വീകരിക്കുന്നതിന് സാധിച്ചില്ല. മെക്സിക്കോയിൽ അസം തൃപ്തി സംഘങ്ങൾ. നടുത്തര സംഘങ്ങൾ നടുത്തര വർഗ്ഗങ്ങൾ ബുദ്ധിജീവികൾ, കർഷക കുടുംബങ്ങൾ, തുടങ്ങി യവരെ ഉള്ളടക്കിയ ഭീകരവാദപരമായ സാമുഹ്യ എതിർപ്പുകൾ ഉദയം കൊ. മറ്റു സ്ഥലങ്ങളിൽ തി രെഞ്ഞെടുപ്പ് പരിഷ്കരണം, ബാലറ്റ് ബാക്സിലൂടെ രാഷദ്രിയ അധികുരത്തെ നേടിയെടുക്കുന്നതിന് സഹായിച്ചു.

ലാറ്റിൻ അമേരിക്ക, അമേരിക്കൻ ഇടപെടലിനെ പ്രതിഷേധിക്കുകയും ഡോളർ സാമ്രാജ്യത്തെ ഇഷ്ടപ്പെടാതിരിക്കുകയും ചെയ്തതു. 1933ന് ശേഷം യു.എസ്. നയത്തിൽ മാറ്റം ഏർപ്പെടുത്തി. ഫ്രാങ്കി ളിൻ റൂസ്വെൽട്ട് തന്റെ 'നല്ല അയൽക്കാരൻ' എന്ന നയത്തിൽ, അമേരിക്ക വേറെ യാതൊരു നടുകളുടെ ആഭിപ്രായ സാഹചര്യങ്ങളിൽ തലയിടാൻ പാടില്ല എന്നു സൂചിപ്പിച്ചതോട് ലാറ്റിൻ അമേരിക്ക നാടുകൾക്ക് സാമ്പത്തിക വ്യാവസായിക സഹായങ്ങളെ ചെയ്യാമെന്ന് സമ്മതിച്ചു.

ഡോളർ സാമ്രാജ്യത്വം - ഈ പദം വിദേശങ്ങളിൽ സാമ്പത്തിക സഹായങ്ങൾ ചെയ്യുന്നതനിനാൽ അവരുടെ മേൽ ആധിക്യം സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനും അമേരിക്ക സ്വീകരിച്ച നയത്തെ വ്യക്തമാക്കുന്നതിന് ഉപകരിക്കുന്നു.



ലാറ്റിൻ അമേരിക്ക

X Std - History Malayalam Unit-2 .indd 24 1/27/2023 10:00:02 AM

സംഗ്രഹം

- ഒന്നാം ലോക മഹായുദ്ധത്തിന്റെ അവസാനം മുതൽ കോളനി ആധിപത്യ വിരുദ്ധ സമരങ്ങളുടെ തീവ്രത ഉയർന്നു.
- പരാജയപ്പെട്ട രാജ്യങ്ങൾക്കെതിരായ പാരിസ് സമാധാന സമ്മേളനത്തിലെ നിർണായക തിരുമാനങ്ങൾ ഭരണ നയങ്ങളെ അസ്ഥിര പ്പെടുത്തി. ഇറ്റലിയിലും ജർമ്മനിയിലും ഫാസിസ, നാസിസ ഉയർച്ചയ്ക്ക് ഒരു പ്രത്യേക സാഹചര്യം സൃഷ്ടിച്ചു.
- 1929-ൽ അമേരിക്കയിൽ ഉണ്ടായ സാമ്പത്തിക തകർച്ച പിന്നീട് ലോത്തിന്റെ എല്ലാ മുതലാളിത്ത നാടുകളെയും ബാധിച്ചു രാഷ്ട്രിയ തലത്തിലും സമുഹത്തിലും മാറ്റങ്ങളെ ഏർപ്പെടുത്തി.
- ഇന്ത്യയിൽ രണ്ടു യുദ്ധങ്ങൾക്കും ഇടയിലുള്ള കാലഘട്ടത്തിൽ കോളനി വൽക്കരണത്തന്റെ അന്ത്യം വേഗത്തിലായി.
- മൺറോ സിദ്ധാന്തം ലാറ്റിനമേരിക്കയിൽ യുറോപ്യൻ ശക്തികൾ കോളനികൾ സ്ഥാപി ക്കുന്നതിനെ തടഞ്ഞു. അവർക്ക് ആധ്യകാല പരമാധികാരം ഉറപ്പു വരുത്തുകയും ചെയ്തു. പിന്നീട് ലാറ്റിൻ അമേരിക്കൻ ജനതയുടെ രാജ്യത്തിന്റെ കാര്യങ്ങളിൽ അമേരിക്കൻ ഇടപെടലിനും ചുഷണത്തിനു മായി പുറപ്പെട്ടു എന്നു വിലയിരുത്തി.

A-Z പദപരിചയം

ദൃഡബന്ധം, സഹാനുഭൂതി	Solidarity	A bond of unity support for a common cause
വിലയിടിവ്	Slump	A sudden sever or prolonged fall in the price
പാപ്പരത്തം	Bankruptcy	Insolvancy financial ruin
മൂല്യതകർച്ച	Devaluation	A decrease in the value of a counters
ഭീഷണിപ്പെടുത്തൽ	Intimidation	Threat, the act of making fearful
ശക്തമാക്കുക	Bolstered	Strengthened
നിരാശപ്പെടുത്തി	Demoralized	Having lost confidence or hope, disheartened
കൈര്യ ചെയ്യുക	Manipulate	Control or influence a person or situation cleverly; infairly to acheve a speciefic purpose
റദ്ദാക്കുക	Annulling	Declaning invalid or null and varid

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക:

1. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതിനോട് ഇറ്റലി ലാറ്ററൻ ഉടമ്പടിയിൽ ഒപ്പുവച്ചു?
   a) ജർമ്മനി b) റഷ്യ
   c) പോപ്പ് d) സ്പെയിൻ
2. ആരുടെ ആക്രമണത്തോടെയാണ് മെക്സിക്കൻ നാഗരികത തകർന്നത്?
   a) ഹെർനാൽ കോർട്ടസ്
   b) ഫ്രാൻസിസ്കൊ - പിസ്സാറോ
   c) തൗസെയ്ന്റ് ലൂവർസ്റ്റെയർ
   d) പെട്രൊ ഒന്നാമൻ
3. പെറു നാട്ടിനെ ആരാണ് തങ്ങളുടെ പകുതികളിൽ ഒന്നായി മാറ്റിയത്?
   a) ഇംഗ്ലീഷുകാർ b) സ്പേനിയേഴ്സ്
   c) റഷ്യക്കാർ d) ഫ്രഞ്ചുകാർ
4. ലാറ്റിൻ അമേരിക്കയോ 'നല്ല അയൽക്കാരൻ' എന്ന നയത്തെ പിൻതുടർന്ന അമേരിക്കൻ പ്രസിഡൻറ് ആരാണ്?
   a) ഫ്രാങ്ക്ളിൻ റൂസ്വെൽറ്റ് b) ട്രൂമൻ
   c) ഉഡ്രൊ വിൽസൻ d) ഐസൻഹോവർ
5. ലോകത്തിലെ ഏത് ഭാഗമാണ് ഡോളർ സാമ്രാജ്യത്വത്തെ ഇഷ്ടപ്പെട്ടത്?
   a) യൂറോപ്പ് b) ലാറ്റിൻ അമേരിക്ക
   c) ഇന്ത്യ d) ചൈന

II. പൂരിപ്പിക്കുക:

1. സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയുടെ സ്ഥാപകൻ _____ആയിരുന്നു.
2. നാസി പാർട്ടിയുടെ പ്രചരണത്തിന് നേതൃത്വം വഹിച്ചത്_____ആണ്?
3. വിയറ്റ്നാം നാഷ്ണലിസ്റ്റ് പാർട്ടി _____ൽ രൂപികരിക്കപ്പെട്ടു.
4. നാസിസ ജർമ്മനിയിലെ രഹസ്യ പോലിസ് _____ എന്ന് അറിയപ്പെടുന്നു.
5. ദക്ഷിണാഫ്രിക്കൻ യൂണിയൻ _____-ാം ആണ്ട് മേയ് മാസത്തിൽ രൂപീകരിക്കട്ടെ.

X Std - History Malayalam Unit-2 .indd 25 1/27/2023 10:00:02 AM

6. ആഫ്രിക്ക ദേശിയ കോൺഗ്രസ്സിന്റെ നേധാവായ നെൽസൺ മണ്ടേല _____വർഷങ്ങൾ തടവിലായിരുന്നു.
7. ബോയർകൾ _____ എന്നറിയപ്പെടുന്നു.

III. ശരിയായ ആശയത്തെ തെരഞ്ഞെടുത്തെഴുതുക:

1. i) ഒന്നാം ലോക മഹായുദ്ധ കാലത്ത് തെക്കൻ ആഫ്രിക്കയിലെ ആ സ്ട്രിയൻ സാമ്രാജ്യത്തിൻ്റെ നിയന്ത്രണം നിലനിർത്താൻ ഇറ്റലിയുടെ പ്രാഥമിക ചുമതലയായിരുന്നു.

   ii) ഇറ്റലിയെക്കാളും നീണ്ട കാലം കഴിഞ്ഞ് ജർമ്മനി ഫാസിസത്തെ കൈകൊണ്ടു.

   iii) 1929 ഒക്ടോബർ 24-ന് അമേരിക്കയിലെ ആദ്യത്തെ ഓഹരിവിപണിയുടെ തകർച്ച സംഭവിച്ചു.

   iv) ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ തിരോധാനം 1966-ൽ തളർത്തി.

   a) i), ii) ശരി b) iii) ശരി

   c) iii), iv) ശരി d) i), ii), iii) ശരി

2. **A) ആശയം :** 1884-85 ബേർലിൻ സമ്മേളനം കോളനി ആധിപത്യ ശക്തികളുടെ സ്വാധിന മേഖലയായി ആഫ്രിക്കയെ വിഭജിക്കണമെന്ന് തീരുമാനിച്ചു.

   B) കാരണം : ബ്രിട്ടീഷുകുരും ബോയുംതമ്മിലുള്ള യുദ്ധം ഈ പ്രമേയത്തിന് എതിരായിരുന്നു.

   a) A), B) ശരിയാണ്.

   b) A) ശരിയാണ്, പക്ഷേ B) ശരിയായ കാരണം അല്ല.

   c) A), B) തെറ്റാണ്.

   d) A) തെറ്റാണ് B) എന്നത് ശരിയായ വിശദീകരണമല്ല.

IV. യോജിപ്പിക്കുക:

1.	ട്രാൻസ്വാൾ	-	ജർമ്മനി
2.	ഹിന്റൻബർഗ്	-	ഹിറ്റ്ലർ
3.	മുന്നാം റെയ്ച്	-	ഇറ്റലി
4.	മാറ്റിയോട്ടി	-	സ്വർണ്ണം

V. ചുരുക്കത്തിൽ ഉത്തരമെഴുതുക:

1. ഇൻഡോ - ചൈനയിലെ വൈറ്റ്ടെറർ കുറിച്ച് നിങ്ങൾക്ക് എന്തെറിയാം?
2. മാസ്സോളിനിയുടെ റോമിലേക്കുള്ള പ്രയാണത്തിന്റെ ഫലം എന്തായിരുന്നു?
3. സാമ്പത്തിക തകർച്ച ഇന്ത്യൻ കാർഷിക മേഖലയെ എങ്ങനെ ബാധിച്ചു?
4. ഡോളർ സാമ്രാജ്യത്വം നിർവചിക്കുക?

VI. വിസ്തരിച്ച് ഉത്തരം എഴുതുക:

1. ജർമ്മനിയിൽ ഹിറ്റ്ലറുടെ ഉയർച്ചയിലേക്ക് നയിച്ച സാഹചര്യങ്ങളെ വിവരിക്കുക?
2. ലോക യുദ്ധങ്ങൾക്കിടയിലെ കാലഘട്ടത്തിൽ (1919-39) ഇന്ത്യയിൽ കോളനി എതിർപ്പ് പ്രവർത്തനങ്ങൾ എപ്രകാരം നടന്നു എന്നതിനെ കുറിച്ച് വിവരിക്കുക?
3. ദക്ഷിണ ആഫ്രിക്കൻ ദേശിയ രാഷ്ട്രീയത്തിന്റെ, ഉയർച്ച വളർച്ച എന്നിവയെക്കുറിച്ച് വിവരിക്കുക?

VII. പ്രവർത്തനം:

1. 1929-ൽ ഓഹരി വിപണിയുടെ തകർച്ചയിൽ ഓരോ മേഖലയും ബാധിച്ചതിനെക്കുറിച്ച്ള്ള ഒരു അസ്സൈൻമെൻറ് തയ്യാറാക്കുക.
2. വിയറ്റ്നാം യുദ്ധം കുറിച്ച് ഒരു ഗ്രൂപ്പ് പ്രൊജക്റ്റ് പ്രവർത്തനം അഭികാമ്യാമണ്. അമേരിക്കയുടെ വ്യോക്രമണവും വിയറ്റ്നാം ജനങ്ങളുടെ ധീരമായ എതിരാക്രമണങ്ങളും ചിത്രീകരിക്കുന്ന പടങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക?

REFERENCE BOOKS

1. Richard Overy (ed.) *Complete History of the World* (London: Harper Collins, 2007).
2. Chris Harman, *A People's History of the World* (New Delhi: Orient Longman, 2007).
3. R.D. Cornwell, *World History in the Twentieth Century* (London: Longman, 1972).
4. E.H. Gombrich, *A Little History of the World* (London: Yale University Press, 2008).
5. Jawaharlal Nehru, *Glimpses of World History* (New Delhi: Penguin Books, 2004).

X Std - History Malayalam Unit-2 .indd 26 1/27/2023 10:00:02 AM

യൂണിറ്റ് 3

രണ്ടാം ലോക മഹായുദ്ധം



പഠന ലക്ഷ്യങ്ങൾ

നാം അറിഞ്ഞിരിക്കേണ്ടവ:

- ഒന്നാം ലോകമഹായുദ്ധത്തിനുശേഷം രണ്ടാം ലോകമഹായുദ്ധത്തിലേക്ക് നയിക്കുവാനുള്ള രാഷ്ട്രീയ, സാമ്പത്തിക സംഭവ വികാസങ്ങളെകുറിച്ച് പരിചയപ്പെടുത്തുക.
- യുദ്ധത്തിന്റെ പൊതുവായ ഗതി മനസ്സിലാക്കുകയും യുദ്ധത്തിന്റെ പരിവർത്തന ഘട്ടത്താൽ ഏർപ്പെട്ട പ്രധാന സംഭവങ്ങളെകുറിച്ച് അറിയിക്കുകയും ചെയ്യുക.
- രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലങ്ങളെ അറിയുക.
- ഹൊലകോസ്റ്റ് (holocaust) കൂട്ടക്കൊല, അഗ്നിബാധകൊണ്ടുള്ള ജീവനാശം, മാത്രമല്ല, നാസിയിലെ ജൂദന്മാരുടെ കൂട്ടക്കൊല തുടങ്ങിയവയെക്കുറിച്ച് മനസ്സിലാക്കുക. ഇസ്രയേലിനെ യഹൂദന്റെ ജന്മദേശമായി സൃഷ്ടിക്കുന്നതിലേക്ക് ജർമ്മനി നയിക്കുന്നു.
- രണ്ടാം ലോകമഹായുദ്ധാനന്തരം ഒരു പുതിയ അന്താരാഷ്ട്രക്രമം സൃഷ്ടിക്കുന്നതിനുവേണ്ടി സ്ഥാപിച്ച അന്താരാഷ്ട്ര സംഘടനകളെക്കുറിച്ചുള്ള അറിവുനേടാൻ.

WO7NA

ആമുഖം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ഘട്ടത്തിൽ ലോകത്തിന്റെ അർദ്ധഭാഗത്തെ നശിപ്പിച്ചതിൽ രണ്ടു യുദ്ധങ്ങൾ സാക്ഷ്യം വഹിച്ചു. ഒന്നാം ലോക മഹായുദ്ധം 1914 മുതൽ 1918 കാലയളവുവരെ നീണ്ടുനിൽക്കുകയും, രണ്ടാം ലോകംമഹായുദ്ധം 1939-ൽ ആരംഭിച്ച് 1945-ൽ അവസാനിക്കുകയും ചെയ്തു. നിരവധി വലിയ യുദ്ധങ്ങൾ ലോകം അനുഭവിച്ചിട്ടും ഈ രണ്ടു യുദ്ധങ്ങൾ മാത്രമാണ് ലോകമഹായുദ്ധങ്ങൾ എന്ന് അറിയപ്പെടുന്നത്. ഈ രണ്ടു യുദ്ധങ്ങളിലും വേൾഡ് സിവിലിയന്മാരുടെയും, സായുധ പോരാളികളുടെയും മരണ സംഖ്യ ഉയർന്നു. കാരണം അവർ ഏറ്റുമുട്ടിയ യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നീ മുഖ്യ ഭാഗങ്ങൾ വളരെ വിസ്തൃതമായിരുന്നു.

ഇരു യുദ്ധങ്ങളിലും ഗ്രേറ്റ് ബിട്ടൺ, ഫ്രാൻസ്, റഷ്യ, അമേരിക്ക എന്നീ രാജ്യങ്ങൾ ജർമ്മനി ആസ്ഥാനമായിട്ടുള്ള യുദ്ധസഖ്യത്തിൽ ഒന്നായി പോരാടി. രണ്ടാം ലോകമഹായുദ്ധകാലത്ത് ജർമ്മനിയുടെ സഖ്യശക്തികൾ ഇറ്റലിയും, ജപ്പാനുമായിരുന്നു.

3.1 രണ്ടാം ലോകമഹായുദ്ധത്തിന്റെ കാരണങ്ങൾ, ഗതി, ഫലങ്ങൾ

(a) കാരണങ്ങൾ:

ഒന്നാം ലോകമഹായുദ്ധം ഒരു വലിയ ദുരന്തപ്പോർ (ദുരന്തയുദ്ധം) എന്ന് കണക്കാക്കപ്പെടുന്നു. ഇത് എല്ലാ യുദ്ധങ്ങളെയും അവസാനിപ്പിക്കാനുള്ള ഒരു യുദ്ധമാണെന്ന് കരുതപ്പെടുന്നു. ഒന്നാം ലോകമഹായുദ്ധത്തിനുശേഷമുള്ള അവരുടെ പ്രവർത്തനങ്ങൾക്ക് പിന്നിൽ പ്രവർച്ചിച്ചുകൊണ്ടിരുന്ന ഒരു പ്രധാന ശക്തിയായിരുന്നു ഈ യുദ്ധം. രണ്ടാം ലോകമഹായുദ്ധത്തിന്റെ അടിയന്തിരവും പ്രാഥമികവുമായ കാരണവും അതായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിന്റെ പ്രധാന കാരണക്കാരനെന്ന കുറ്റം ജർമ്മനിയിൽ ചുമത്തുകയും ജർമ്മനിയുടെ കുടിയേറ്റ നാടുകളെ പിടിച്ചെടുക്കുകയും ചെയ്തു. ജർമ്മനിയുടെ സൈനിക ബലം കുറയ്ക്കപ്പെട്ടു.

ജർമ്മനിയും വെർസെയിൽസ് ഉടമ്പടിയും 1919

ഒന്നാം ലോകമഹായുദ്ധത്തിന്റെ അടിസ്ഥാനത്തിൽ വെർസെയിൽസ് കരാർ 1919 ജൂണിൽ ഒപ്പുവച്ചു. കരാറിന്റെ നിരവധി ഭാഗങ്ങളിൽ,

X Std - History Malayalam Unit-3 .indd 27 3/28/2023 6:54:23 PM

പ്രത്യേകിച്ച് മൂന്നു അംശങ്ങൾ ജർമ്മൻകാർക്ക് അതൃപ്തി ഉളവാക്കി. (1) ജർമ്മൻ അതിർത്തിയിലെ പടിഞ്ഞാറൻ, വടക്ക് കിഴക്ക് പ്രദേശങ്ങൾ ജർമ്മനിയ്ക്ക് നിറുത്തി വയ്ക്കേണ്ടി വന്നു. (2) ജർമ്മനിയ നിരായുധീകരിക്കുകയും വളരെ നിയന്ത്രണമുള്ള സായുധസേന (സൈനിക, നാവിക, വ്യോമസേന) മാത്രം നിലനിറുത്താൻ അനുവദിക്കുകയും ചെയ്തു. (3) യുദ്ധത്തിനുവേണ്ടിയുള്ള പുനർ നവീകരണം എന്ന നിലയിൽ സായുധവും സിവിലിയൻ (സാധാരണ) വിലയും സഖ്യകക്ഷികൾക്ക് നൽകേണ്ടി വന്നു.

സർവ്വരാഷ്ട്രസഖ്യത്തിന്റെ പരാജയം

അമേരിക്കൻ പ്രസിഡന്റ് വുഡ്രോവിൽസന്റെ നേതൃത്വത്തിൽ സർവ്വരാഷ്ട്രസഖ്യം രൂപം കൊണ്ടു. രാജ്യങ്ങൾ തമ്മിലുള്ള ഇടപെടലുകളിലും സൈനിക ആക്രമണങ്ങളിൽ ഏർപ്പെടുന്ന രാജ്യങ്ങൾക്കെതിരെ നടപടിയെടുക്കുമെന്നു സർവ്വരാഷ്ട്ര സഖ്യം പ്രതീക്ഷിച്ചിരുന്നു. യൂറോപ്യൻ രാഷ്ട്രീയത്തിൽ ആഗോള പങ്കാളിത്വമോ, മറ്റേതെങ്കിലും പങ്കു വഹിക്കുന്നതിനോ അമേരിക്കയ്ക്ക് താല്പര്യമില്ലായിരുന്നു. പരമ്പരാഗതമായ ഒറ്റപ്പെടൽ കാരണം അമേരിക്ക സർവ്വരാഷ്ട്ര സഖ്യത്തിന്റെ അംശമായിരുന്നില്ല. മറ്റു സഖ്യകക്ഷികളും ഒരു ഇടപെടലില്ലാത്ത മനോഭാവം നിലനിർത്താൻ തീരുമാനിക്കുകയും അതിന്റെ ഫലമായി സർവ്വരാഷ്ട്രസഖ്യം ഫലപ്രദമല്ലാത്ത അന്താരാഷ്ട്ര സംവിധാനമായി നിലകൊണ്ടു.

ഒന്നാംലോകമഹായുദ്ധത്തിനു ശേഷം ജർമ്മനി

മേൽപറഞ്ഞ വെർസെയിൽസ് ഉടമ്പടിയുടെ മൂന്ന് ഉപവിഭാഗങ്ങളിൽ പ്രത്യേകിച്ച് ശിക്ഷാനടപടികൾ ചുമത്തിയതുകാരണം ജർമ്മനിയ്ക്ക് വലിയ തോതിൽ അസംതൃപ്തിയുണ്ടായി. ഇടക്കാല യുദ്ധസമയത്ത് പശ്ചിമയൂറോപ്പിലും അമേരിക്കയിലും കടുത്ത സാമ്പത്തിക മാന്ദ്യം ഏർപ്പെട്ടു. ബ്രിട്ടൻ വൻതോതിലുള്ള തൊഴിലില്ലായ്മയെ നേരിട്ടു. 1926-ലെ പൊതു പണിമുടക്ക് അതിന്റെ സമ്പദ് വ്യവസ്ഥയെ ഏതാണ്ട് മുടക്കിയിരുന്നു. 1929-നുശേഷം അമേരിക്ക മഹാമാന്ദ്യമത്തെ അഭിമുഖീകരിയ്ക്കേണ്ടി വന്നു. ഒന്നാം ലോകമഹായുദ്ധത്തിനുശേഷമുള്ള ദശകങ്ങളിൽ പല രാജ്യങ്ങളും അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ ഇറ്റലി (മുസ്സോളിനി) ജർമ്മനി (ഹിറ്റ്ലർ) സ്പെയിൻ (ഫ്രാൻങ്കോ) എന്നിവിടങ്ങളിലെ വലതുപക്ഷ സ്വേച്ഛാധിപത്യത്തെ ഉയർത്തി.

യുദ്ധാനന്തരം ജർമ്മനിയിൽ ഉയർന്ന തൊഴിലില്ലായ്മയും പണപ്പെരുപ്പവും ഏർപ്പെട്ടു. കൂടാതെ അതിന്റെ നാണയവും പ്രായോഗികമായി പ്രയോജന രഹിതമായി തീർന്നു. സാധാരണ ജനങ്ങൾ റൊട്ടി വാങ്ങുന്നതിനുവേണ്ടി വണ്ടി (Wheel Barrow) നിറയെ പണം കൊണ്ടു പോകുന്നതുപോലുള്ള പല ചിത്രങ്ങൾ 1920 കളിൽ ഉണ്ടായിരുന്നു. ഈ യുദ്ധത്തിന്റെ പരിഹാരത്തിനുവേണ്ടിയുള്ള ഉത്തരവാദിത്വം യുദ്ധ പരിഷ്കരണത്തിനുള്ള അവസാനത്തെ വിശകലനത്തിൽ ജർമ്മനി അടയ്ക്കേണ്ടി വന്നു. നിരവധി റൗണ്ടുകളിൽ ചർച്ചകൾ മോഡറേറ്റ് ചെയ്തു.

അഡോൾഫ് ഹിറ്റ്ലറിന്റെ ഉദയം


ഹിറ്റ്ലറിന്റെ ചൂഷണ പ്രവർത്തി ജനങ്ങളുടെ ഇടയിൽ അതൃപ്തി ഉണ്ടായി. വലിയ ഔദാര്യ കഴിവുകളോടെ അദ്ദേഹം ജർമ്മനിയെ മഹത്തായ പാരമ്പര്യമായ ഭൂതകാലത്തിലേയ്ക്ക് മടങ്ങിവരാനുള്ള വാഗ്ദാനങ്ങളിലൂടെ ജനങ്ങളെ ആയാസപ്പെടുത്താൻ കഴിഞ്ഞു. നാസിസ് എന്നറിയപ്പെടുന്ന ദേശീയ സോഷ്യലിസ്റ്റ് പാർട്ടിയെ അദ്ദേഹം സ്ഥാപിച്ചു. ജർമ്മിക്കാർ തന്നെയാണ് ലോകത്തിലെ ഉയർന്ന വർഗ്ഗക്കാർ (Aryan Race) എന്ന മനോഭാവം ഉള്ള ആളായിരുന്നു. ഹിറ്റ്ലർ - നോർഡിക് ജർമ്മൻ വംശം ഉയർന്നതാണെന്നും സെമിറ്റിക് ജൂതന്മാർ താഴ്ന്നവരാണെന്നും കരുതി. അദ്ദേഹം നോർഡിക് വംശത്തിലെ സവിശേഷതകളെ സംരക്ഷിക്കുന്നതിനുവേണ്ടി സെമിറ്റിക് ജൂതന്മാരെ വെറുത്തു. അദ്ദേഹത്തിന്റെ വെറുപ്പിന്റെ ഉച്ചസ്ഥായിയായിരുന്നു ജൂതവധം.

വെർസെൽസ് ഉടമ്പടിയുടെ ഉപവാക്യങ്ങൾക്ക് നേർ വിരുദ്ധമായി ഹിറ്റ്ലർ ജർമ്മനിയെ വീണ്ടും ആയുധമാക്കാൻ തുടങ്ങി. സായുധ സേനയ്ക്കുള്ള റിക്രൂട്ട്മെന്റും വലിയ തോതിൽ സർക്കാർ ചെലവുകളുള്ള സൈന്യം, നാവിക സേന, വ്യോമസേന എന്നിവയ്ക്കായി ആയുധങ്ങളും, യന്ത്രങ്ങളും നിർമ്മിക്കുന്നത് സാമ്പത്തിക പുനരുജ്ജീവിതത്തിന് കാരണമാവുകയും ജർമ്മനിയിലെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുകയും ചെയ്തു.

എത്തിയോപ്യയിൽ മുസോളിനിയുടെ അധിനിവേശത്തെ തുടർന്ന് ഇറ്റലിയും ബ്രിട്ടനുമായും, ഫ്രാൻസുമായും പിരിഞ്ഞത് ഇറ്റലിയും, ജർമ്മനിയും തമ്മിലുള്ള മികച്ച ബന്ധത്തിന് കാരണമായി. സൈനിക വത്കരിക്കപ്പെടാത്ത മേഖലയായി കരുതിയ റൈൻലാൻറിനെ 1936-ൽ ജെർമ്മനി ആക്രമിച്ചു. ഇറ്റലിയും, ജർമ്മനിയും ചേർന്ന് റോം ബെർലിൻ ഉടമ്പടി ഏർപ്പെടുത്തി. പിന്നീട് ജപ്പാൻ ഈ സഖ്യത്തിൽ ചേർന്നതോടെ അത് റോം, ബെർലിൻ, ടോക്കിയോ ഉടമ്പടിയായി മാറി. 1938-ൽ ഹിറ്റ്ലർ ആസ്ട്രിയയിലുള്ള ചെക്കോസ്ലോവാക്യയിലും ആക്രമണം നടത്തി ആസ്ട്രിയയിലെ സൂസ്റ്റൻലാൻഡ് ജർമ്മൻ സംസാരിക്കുന്നവരായിരുന്നു. ജർമ്മൻ സംസാരിക്കുന്ന ആളുകൾ എല്ലാം ഒരേ രാജ്യമായി ഐക്യപ്പെടണമെന്നായിരുന്നു ഹിറ്റ്ലറുടെ വാദം.

X Std - History Malayalam Unit-3 .indd 28 3/28/2023 6:54:23 PM

X Std - History Malayalam Unit-3 .indd 29



3/28/2023 6:54:24 PM

സഖ്യശക്തികളും ഇടപെടാതിരിക്കലും

ഈ സമയത്ത് ഇറ്റലിയും ജപ്പാനും ചേർന്ന് ആക്രമണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. അങ്ങനെ 1935-ൽ എത്യോപ്യയേയും 1939-ൽ അൽബേനിയേയും ആക്രമണം നടത്തി. എത്യോപ്യയിലെ ചക്രവർത്തിയായ ഹൈലെ സെൽസി (Haile Selassie) സർവ്വരാഷ്ട്രസഖ്യത്തോട് സഹായം അഭ്യർത്ഥിച്ചിരുന്നു. പക്ഷേ സഹായം ലഭിച്ചില്ല. അതിനാൽ കിഴക്കൻ പ്രദേശങ്ങളിൽ ജപ്പാൻ സൈനീക വിപുലീകരണ നയം പിന്തുടർന്നു. 1931-ൽ ജപ്പാൻ മഞ്ചൂറിയെ കീഴടക്കി. 1937-ൽ ചൈനയെ ആക്രമിച്ച് ബെയ്ജിങിനെ പിടിച്ചെടുക്കുകയും ചെയ്തു. ഇതെല്ലാം സഖ്യകക്ഷികൾ അവഗണിക്കുകയും സർവ്വരാഷ്ട്രസഖ്യത്തിന് യാതൊരു നടപടികളും എടുക്കാൻ കഴിഞ്ഞില്ല.

ജർമ്മനി, ഇറ്റലി, ജപ്പാൻ, ബ്രിട്ടൻ, ഫ്രാൻസ് എന്നിവരുടെ സൈനിക പ്രവർത്തനങ്ങളുടെ എല്ലാ പ്രകടനങ്ങളും ഉണ്ടെങ്കിലും ബ്രിട്ടീഷുകാർക്കും ഫ്രാൻസിനും ഇടപെടാൻ കഴിഞ്ഞില്ല. ബ്രിട്ടനിലെ മനോഭാവം മറ്റൊരു യുദ്ധത്തിന്റെ ആരംഭത്തിന് ആദരവ് കൊടുക്കുന്നതല്ലായിരുന്നു. ബ്രിട്ടണിലെ പ്രധാന മന്ത്രിമാരായ ബാൾഡ്വിനും (Baldwin) ചമ്പർലൈനും (Chamberlai) നീതീകരിക്കപ്പെട്ടുവെന്ന് അധികാര പൂർവ്വമായിട്ട് അവരുടെ ഇടപെടാതിരിക്കൽ നയത്തോട് യോജിച്ച് പോകണമെന്ന് വിചാരിച്ചു. അമേരിക്ക പുറം ലോകത്തെ കുറിച്ച് ഒട്ടുംതന്നെ ശ്രദ്ധിക്കാതെ തന്റെ സാമ്പത്തിക വളർച്ച വീണ്ടെടുക്കുന്നതിനുമാത്രം ശ്രദ്ധ ചെലുത്തിയിരുന്നു.

മ്യൂണിച്ച് ഉടമ്പടി (Munich Pact)

സോവിയറ്റ് റഷ്യയും, പാശ്ചാത്യനാടുകളും ഒന്നിനോടൊന്ന് വിശ്വാസക്കുറവ് പ്രകടിപ്പിച്ചിരുന്നു. 1938-ൽ പ്രധാനമന്ത്രിയായിരുന്ന (Chamberlain) നിവിൻ ചേംബർ ലെയിൻ ജർമ്മനിയുമായി മ്യൂണിച്ച് ഉടമ്പടി ചെയ്തു. ജർമ്മനിയിലെ ഡുസറെൻലൻഡിനെ കീഴടക്കാൻ ജർമ്മനിക്കെതിരായ അധിനിവേശം നടത്തിയത് ലജ്ജാകരമായിരുന്നു. 1939 സോവിയറ്റ് യൂണിയൻ സ്വതന്ത്രമായി ജർമ്മനിക്കെതിരെ ഒരു അനാക്രമണ ഉടമ്പടിയിൽ ഒപ്പുവച്ചു. സഖ്യകക്ഷികളുടെ തുടർച്ചയായ നിഷ്ക്രിയത്വവും, രണ്ടാം ലോകമഹായുദ്ധത്തിന്റെ വിപുലീകൃത നാഗരികതയുടെ കാരണവും അവരുടെ സൈന്യത്തെ കെട്ടിപ്പടുക്കാൻ തടസ്സം സൃഷ്ടിച്ചു.

മ്യൂണിച്ച് ഉടമ്പടി പ്രകാരം ഹിറ്റ്ലർ ചെക്കോസ്ലോവാക്യയിലെ ഒരു പ്രദേശമായ സുഡൻകലാന്റിനെ മാത്രം കൈവശപ്പെടുത്തുമെന്നും വാഗ്ദാനം ചെയ്തിരുന്നു. ഈ വാഗ്ദാനത്തെ ലംഘിച്ച് ചെക്കോസ്ലോവാക്യയിലെ എല്ലാ പ്രദേശങ്ങളെയും കീഴടക്കി. അടുത്തതായി പോളണ്ടിനെ ആക്രമിച്ചതുകൊണ്ട് ബ്രിട്ടണും ഫ്രാൻസും ജർമ്മനിക്കെതിരായി യുദ്ധം പ്രഖ്യാപിച്ചു. ബ്രിട്ടനിലെ പ്രധാനമന്ത്രിയായിരുന്ന ചമ്പർലെയിൽ 1940-ൽ രാജി വച്ചു. ഹിറ്റ്ലറെപ്പറ്റിയും അദ്ദേഹത്തിന്റെ സൈനിക അഭിലാഷങ്ങളെകുറിച്ചും എപ്പോഴും മുന്നറിയിപ്പ് നൽകിയിരുന്ന വിൻസ്റ്റൺ ചർച്ചിൽ പ്രധാനമന്ത്രിയായി.



മ്യൂണിച്ച് ഉടമ്പടി

(b) രണ്ടാം ലോകമഹായുദ്ധത്തിന്റെ ഗതി

യുദ്ധത്തിന്റെ സ്വഭാവം

രണ്ടാം ലോക മഹായുദ്ധം യൂറോപ്പ്, ഏഷ്യ പസഫിക് എന്നിങ്ങനെ രണ്ട് വ്യത്യസ്തഭിന്നതികളിലാണ് യുദ്ധം ചെയ്തത്. യൂറോപ്പിൽ ജർമ്മനിക്കെതിരെയും ഇറ്റലിക്കെതിരെയും സഖ്യ കക്ഷികൾ യുദ്ധം പ്രഖ്യാപിച്ചു. ഏഷ്യ പസഫിക്കിൽ സഖ്യകക്ഷികൾ ജപ്പാനെതിരെ യുദ്ധം പ്രഖ്യാപിച്ചു.

രണ്ടാം ലോകമഹായുദ്ധം ഒരു ആധുനിക യുദ്ധമായിരുന്നു. ടാങ്കുകൾ, അന്തർവാഹിനികൾ, യുദ്ധക്കപ്പലുകൾ, വിമാനപ്പടകൾ, യുദ്ധവിമാനങ്ങൾ, ബോംബർ വിമാനങ്ങൾ എന്നീ കനത്ത സൈനിക ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു. ഈ ഉപകരണങ്ങളുടെ നിർമ്മാണത്തിനും വളരെ വലിയ വിഭവങ്ങൾ ആവശ്യമാണ്. സൈനിക സാമഗ്രികൾ മെച്ചപ്പെടുത്തുന്നതിന് അസംസ്കൃത വസ്തുക്കൾ, ഉൽപാദന ശേഷി, സാങ്കേതിക ആവശ്യ വസ്തുക്കൾ എന്നിവ വേണ്ടി വന്നു. ഇത് വിലപിടിപ്പുള്ള ദീർഘമായ ഒരു യുദ്ധാവസാനമായിരുന്നു.

യുദ്ധം പൊട്ടിപുറപ്പെടൽ

ബ്രിട്ടനും ഫ്രാൻസും 1939 സെപ്റ്റംബറിൽ ജർമ്മനിയോട് യുദ്ധം പ്രഖ്യാപിച്ചു. 1940 ജൂണിൽ ഇറ്റലി ജർമ്മനിയോട് ചേർന്നു. 1940 സെപ്റ്റംബറിൽ ജപ്പാൻ അക്ഷശക്തികളോട് ചേർന്നു.

യുദ്ധപ്രഖ്യാപനം കഴിഞ്ഞ ഉടനെ ചെറിയ തോതിൽ യുദ്ധ നടപടികൾ ബ്ലിറ്റ്സ്ക്രിക് നടന്നിരുന്നു. ബ്രിട്ടൺ അതിന്റെ സൈനിക ശേഷിയെ വർദ്ധി

X Std - History Malayalam Unit-3 .indd 30 3/28/2023 6:54:24 PM

പ്പിക്കാൻ തുടങ്ങിയിട്ട് എല്ലാ യുവാക്കളേയും സൈനിക സഹായത്തിന് നിർബന്ധിക്കപ്പെട്ടു. യുദ്ധത്തിന്റെ ആദ്യ വർഷങ്ങൾ ജർമ്മൻ സൈന്യത്തിന് മഹത്തായ വിജയത്തിന്റെ വർഷങ്ങളായിരുന്നു. ഡൻമാർക്ക്, നോർവേ ഫ്രാൻസ് എന്നീ രാജ്യങ്ങളെ ജർമ്മൻ സൈന്യം കൈപ്പറ്റി. 1941-ഓടെ റഷ്യയുടെ അതിർത്തി വരെ യൂറോപ്പിന്റെ എല്ലാ മുഖ്യ ഭൂപ്രകൃതികളും അക്ഷശക്തികളുടെ കീഴിൽ കൊണ്ടു വരപ്പെട്ടു. വിവിധ രാജ്യങ്ങളിലേക്ക് കടന്ന് അവരെ പിൻതിരിപ്പിക്കാൻ ജർമ്മൻ സൈന്യം മിന്നൽ പണിമുടക്ക് (Blitzkrieg) ബ്ലിറ്റ്സ്ക്രിക് എന്ന ഒരു തന്ത്രത്തെ പിൻതുടർന്നു.



മിന്നൽ ആക്രമണം (ബ്ലിറ്റ്സ്ക്രിക്)

ബ്രിട്ടീഷ് റോയൽ നേവി യൂറോപ്യൻ നാവിക സേനയിലെ ഏറ്റവും ശക്തമായ സേനയായി തുർന്നു. ബ്രിട്ടന്റെ കടൽ പ്രക്ഷുബ്ധമായ കടന്നു കയറ്റമുണ്ടായില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്തു. എന്നിരുന്നാലും ബ്രിട്ടൻ അതിന്റെ സാമ്രാജ്യത്തിൽ, അമേരിക്കയിൽ നിന്നും സമുദ്രം വഴി ഇറക്കുമതി ചെയ്യുന്ന അസംസ്കൃത പദാർത്ഥങ്ങളേയും വ്യാവസായിക വസ്തുക്കളേയും വലിയ തോതിൽ ആശ്രയിച്ചിരുന്നു. ഇതിനെ ആക്രമിക്കാൻ ജർമ്മനി അന്തർവാഹിനികളെ വികസിപ്പിച്ചെടുത്ത് ധാരാളം നാശനഷ്ടങ്ങൾ ഏർപ്പെടുത്തി. പ്രധാനമായും അറ്റ്ലാന്റിക് മഹാസമുദ്രത്തിൽ ബ്രിട്ടന് ആവശ്യമായ വസ്തുക്കളെ കയറ്റി വരുന്ന സിവിലിയൻ കപ്പലുകളെ കടലിൽ താഴ്ത്തപ്പെട്ടു.



ബ്രിട്ടീഷ് റോയൽ നേവി

പ്രധാനപ്പെട്ട സംഭവങ്ങൾ

ഡങ്കീർക് (Dunkirk)-1940 മേയ് മാസത്തിൽ ഏകദേശം **300,000** ബ്രിട്ടൻ, ഫ്രാൻസ് നാടുകളെ സൈനികർ ഡങ്കീർക് നഗരത്തിന്റെ കടൽക്കരയിലുള്ള ഭാഗങ്ങളിൽ പിൻമാറേണ്ട സാഹചര്യം (നിർബന്ധ പിൻമാറ്റം) ഉണ്ടായി. ബോംബ് സ്ഫോടനം അധിക അളവിൽ ഉണ്ടായിട്ടും ജർമ്മൻ സൈന്യങ്ങൾ തങ്ങളുടെ അധിക സാമർത്ഥ്യം ഉപയോഗിച്ച് പരിപൂർണ്ണമായ ആക്രമണത്തെ നടത്തിയില്ല.

ബ്രിട്ടന്റെ യുദ്ധം (Battle of Britain) 1940 ജൂലൈയോടെ ബ്രിട്ടനെ ആക്രമിക്കാൻ ജർമ്മനി പദ്ധതിയിടുകയായിരുന്നുയെന്ന് ഭയന്നു. ദീർഘമായ, വായുസേന നടത്തുന്നു. ഒരു ബോംബാക്രമണത്തിലൂടെ ബ്രിട്ടന് സമാധാനത്തിലുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കാൻ ഹിറ്റ്ലർ ശ്രമിച്ചു. ജർമ്മൻ വ്യോമസേന പ്രത്യേക ലക്ഷ്യങ്ങൾ, പ്രത്യേകിച്ച് തുറമുഖങ്ങൾ, എയർ ഫീൽഡുകൾ, വ്യാവസായിക സ്ഥാപനങ്ങൾ എന്നിവ ആക്രമിക്കാൻ തുടങ്ങി. 1940 സെപ്റ്റംബറിൽ ലണ്ടൻ നഗരം പരിതാപകരമായ ബോംബ് സ്ഫോടനത്തിന് ലക്ഷ്യമിട്ടു. 1940 ഒക്ടോബറിൽ ലണ്ടനിലും മറ്റ് ലണ്ടന്റെ വ്യവസായ മേഖലകളിലും രാത്രിയിൽ ബോംബ് സ്ഫോടനങ്ങളാരംഭിച്ചു. ഇതിനെ മിന്നൽ (Blitz) എന്ന് അറിയപ്പെടുന്നു. എന്നാൽ ഇത് തോൽവിയിൽ കലാശിച്ചു. ജർമ്മനിയുടെ യുദ്ധവിമാനങ്ങൾ അല്പ ദൂരത്തിൽ പറക്കുമ്പോൾ തന്നെ അവയെ കണ്ടിരിക്കുന്ന വളരെ രഹസ്യമായ റഡാറു (Radar) കളെ ഉപയോഗപ്പെടുത്തി ബ്രിട്ടന്റെ റോയൽ വ്യോമസേനയുടെ യുദ്ധവിമാനങ്ങൾ ജർമ്മൻ ബോംബർമാർക്ക് കനത്ത നഷ്ടം വരുത്തുവാൻ സഹായിച്ചു.

1940 ഒക്ടോബറിന് ശേഷം റെയ്ഡുകൾ അവസാനിച്ചു. ചർച്ചിൽ, ധീരനായ നേതാവ് അദ്ദേഹത്തിന്റെ സംഭാഷണത്തിൽ ഇങ്ങനെപറഞ്ഞു. "Never was so much owed by so many to so few" അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇങ്ങനെ പറയുകയുണ്ടായി. വ്യോമാക്രമണത്തിൽ ഏർപ്പെട്ട ഈ തോൽവിയാൽ ബ്രിട്ടനിൽ നടത്താനിരുന്ന യുദ്ധത്തെ ജർമ്മനി കൈവിട്ടു.

വാടക നിയമം (Lend Lease) (1941-1945)



റോയൽ - വ്യോമസേന

ഐക്യരാഷ്ട്രസഭ തങ്ങളുടെ ഒറ്റപ്പെടൽ നയത്തെ മാറ്റണമെന്ന് പ്രസിഡന്റ് റൂസ് വെൽസ്റ്റ് തിരിച്ചറിഞ്ഞു. പക്ഷേ യൂറോപ്പിന് യുദ്ധത്തിന് ഇടപെടാൻ കഴിഞ്ഞില്ല. കാരണം അത് രാഷ്ട്രീമായി സാധ്യമല്ല. അങ്ങനെ 1941 മാർച്ചിൽ വാടകനിയമം (Lend Lease) എന്ന പരിപാടി ആരംഭിച്ചു. ആയുധങ്ങൾ, ഭക്ഷണം, സൈനിക ഉപകരണങ്ങൾ, മറ്റു സാധനങ്ങൾ എന്നിവ ബ്രിട്ടനിലേയ്ക്ക് അയച്ച് വായ്പ ആയി മാറ്റപ്പെട്ടു. ഇത് ബ്രിട്ടന്റെ വിഭവങ്ങളെ വലിയ അളവിൽ കൂട്ടി ചേർത്തു. 1941 നും 1945 നും ഇടയിൽ ലെന്റ് ലെയിസിന് കീഴിലുള്ള മൊത്ത സഹായം 46.5 ബില്യൻ ഡോളറായിരുന്നു.

റഷ്യൻ ആക്രമണം (1941–1942)

1941 ജൂണിൽ ജർമ്മൻ പട്ടാളം റഷ്യയെ ആക്രമിച്ചു. ഈ നീക്കത്തിന്റെ ദീർഘകാല ലക്ഷ്യങ്ങൾ ജർമ്മനിക്കാർക്ക് അർഹമായ കമ്മ്യൂണിസ്റ്റ് ഭരണത്തെ നശിപ്പിക്കുന്നതിനും റഷ്യയുടെ ഭൗതിക

X Std - History Malayalam Unit-3 .indd 31 3/28/2023 6:54:24 PM

വിഭവങ്ങൾ പ്രത്യേകിച്ച് എണ്ണയെ ചൂഷണം ചെയ്യുക എന്നതാണ്. മിന്നൽ പണിമുടക്കുകളിലെ ജർമ്മൻ (ബാറ്റ്) തന്ത്രം വിജയകരമായിരുന്നു. സൈന്യത്തിനെ ആയിരം മയിലുകൾ അതിലധിക മായി റഷ്യൻ പ്രദേശത്ത് വളരെ പെട്ടെന്ന് എത്തിച്ചു. പിന്നീട് ജർമ്മൻ സൈന്യം മോസ്ക്കോവിലേയ്ക്ക് പുറപ്പെട്ടു. ഒടുവിൽ സോവിയറ്റ് സൈന്യത്തിന്റെ പ്രതിരോധം കഠിനമായ റഷ്യൻ ശൈത്യകാലം ജർമ്മൻ സൈന്യത്തെ പ്രതിരോധിച്ചു.

സ്റ്റാലിൻ ഗ്രേഡ് യുദ്ധം (Battle of Stalingrad) 1942 ജൂലൈ 17 മുതൽ 1943 ഫെബ്രുവരി 2 വരെ

1942 ആഗസ്റ്റിൽ ജർമ്മൻകാർ സ്റ്റാലിൻ ഗ്രേഡിനെ ആക്രമിച്ചു. വോൾഗാ നദിയിലെ തീരങ്ങളിൽ 30 മൈലുകളോളം നീണ്ടുനിന്ന സ്റ്റാലിൻ ഗ്രേഡ് ഒരു വ്യാവസായിക നഗരമായിരുന്നു. അവിടെ യുദ്ധോപകരണങ്ങളും ട്രാക്ടറുകളും നിർമ്മിക്കുന്നു. ഈ നഗരം പിടിച്ചടക്കുന്നത് തെക്കൻ റഷ്യയുമായുള്ള സോവിയറ്റ് ഗതാഗത ബന്ധങ്ങൾ വെട്ടിക്കുറയ്ക്കുകയും തുടർന്ന് കാക്കസ്സസി (Caucasus) ലെ എണ്ണപ്പാടങ്ങൾ ലഭ്യമാക്കാൻ ജർമ്മൻ നേതാക്കളെ പ്രാപ്തരാക്കും. കൂടാതെ സോവിയറ്റ് നേതാവ് സ്റ്റാലിന്റെ പേര് വഹിച്ച നഗരം പിടിച്ചെടുത്തു. ഹിറ്റ്ലറിനു വേണ്ടി വ്യക്തിപരവും, പ്രചാരണപരവുമായ വിജയമായി തീർന്നു. ജർമ്മൻ ആസൂത്രകർ ആ ലക്ഷ്യം നേടിയെടുക്കുമെന്ന് പ്രതീക്ഷിച്ചു. ജർമ്മനിയുടെ യുദ്ധപദ്ധതികൾ *Fall Blau* ("Operation Blue") *ഫാൾ ബ്ലൂ* ('ഓപ്പറേഷൻ ബ്ലൂ') എന്ന വ്യവസ്ഥ പ്രകാരംഈനഗരത്തെപിടിച്ചടക്കാമെന്ന്പ്രതീക്ഷിച്ചു. 1942 ജൂൺ 28-ാം തീയതി ജർമ്മൻ സൈനികർ ശ്രദ്ധേയമായ വിജയത്തോട് യുദ്ധ നടപടികൾ ആരംഭിച്ചു.

മോശം തൊഴിലിലും ജീവിത നിലവാരം മാത്രമല്ല, ജദർമ്മൻ കരസേനയിൽ അധിനിവേശം നടത്തുന്ന പ്രദേശങ്ങളിൽ റഷ്യൻ ജനതയ്ക്ക് ദുരിതങ്ങൾ അനുഭവിക്കേണ്ടിവന്നു. യുദ്ധത്തിൽ ഏതാണ്ട് 15 മില്ല്യൻ സാധാരണക്കാർ ഉണ്ടായിരുന്നു. യുദ്ധസമയത്ത് 10 ദശലക്ഷം സായുധസേനയിലെ അംഗങ്ങളാണ് കൊല്ലപ്പെട്ടത്. റഷ്യയുടെ ജനസംഖ്യയിൽ 1/10 (പത്തിലൊന്ന്) മരിച്ചു. എന്നിലും ഹിറ്റ്ലർ സ്റ്റാലിൻ വിരുദ്ധ വിപ്ലവത്തെക്കുറിച്ച് പ്രതീക്ഷിച്ചിരുന്നെങ്കിലും ഗവൺമെന്റിനോട് വിശ്വസ്തരായിരുന്നു. അവർ വിജയകരമായി സ്റ്റാലിൻ ഗ്രേഡ് എന്ന നഗരത്തെ സംരക്ഷിച്ചു.

എൽ ആലമീൻ യുദ്ധം (Battle of EL Alamein) (1942)

യുദ്ധത്തിന്റെ ആദ്യവർഷങ്ങളിൽ ജനറൽ റോമലിന്റെ (Rommel) കീഴിൽ ജർമ്മൻ സേനകൾ വടക്കേ ആഫ്രിക്കയിൽ അതിവേഗം വിജയം കൈവരിച്ചു. ഈജിപ്ത് മാത്രം ബ്രിട്ടന്റെ കൈവശമായിരുന്നു.ജനറൽ മോൺഗോ മറി (Montgomery) യുടെ കീഴിലുള്ള സായുധസേന തിരിച്ചറി നടത്തി. വടക്കൻ ആഫ്രിക്കയിലെ എൽ ആലമീൻ എന്ന സ്ഥലത്തുവച്ച് ജർമ്മനി, ഇറ്റലി എന്നീ സൈന്യങ്ങളെ തോല്പിക്കുകയും ചെയ്തു. വടക്കെ ആഫ്രിക്കയിൽ നിന്നും ജർമ്മൻ സൈന്യം മരുഭൂമിയുടെ അതിരുകൾ പിൻതുടർന്നു. ഇതിനാൽ ഇറ്റലിയെ ആക്രമിക്കാൻ സഖ്യസേനയ്ക്ക് അവസരം ലഭിച്ചു.

ഇറ്റലിയുടെ കീഴടങ്ങൽ (Surrender of Italy) (1943)

1943-ൽ മുസ്സോളിനിയെ പുറത്താക്കിയിട്ട് ഇറ്റലിയുടെ പുതിയ സർക്കാർ സഖ്യകക്ഷികൾക്ക് കീഴടങ്ങി. എന്നാൽ ജർമ്മനിയ്ക്ക് വടക്കുഭാഗത്ത് ഒരു പാവാട (Puppet) ഭരണകൂടം മുസ്സോളിനി സ്ഥാപിച്ചു. 1945 ഏപ്രിൽ മാസത്തിൽ ഇറ്റാലിയൻ പക്ഷപാതികളാൽ കൊല്ലപ്പെട്ടു.

ഹിറ്റ്ലറുടെ അന്ത്യം (End of Hitler)

ഫ്രാൻസിലെ നോർമണ്ടിയിലേക്ക് ജനറൽ ഐസേൻവുവറുടെ (Eisenhower) നേതൃത്വത്തിൽ സഖ്യസേനയുടെ സൈന്യം ആക്രമിച്ചു. സാവധാനം ജർമ്മൻ സൈന്യം പുറന്തള്ളപ്പെട്ടു. പക്ഷേ ജർമ്മൻകാർ വീണ്ടും യുദ്ധം ചെയ്തു. യുദ്ധം മറ്റൊരു വർഷം കൂടെ തുടർന്നു. 1945 മേയ് മാസത്തിൽ അവസാനിച്ചു. 1945 ഏപ്രിൽ മാസത്തിൽ ഹിറ്റ്ലർ ആത്മഹത്യ ചെയ്യുകയും ചെയ്തു.

1944 മുതൽ റഷ്യൻ സൈന്യത്തെ കിഴക്കൻ മേഖലയിൽ നിന്ന് ജർമ്മനി ആക്രമിക്കുകയും കിഴക്കൻ യൂറോപ്പ്, പോളണ്ട് എന്നിവ പിടിച്ചടക്കുകയും ചെയ്തു. 1945-ൽ ബർലിൻ നഗരത്തിന്റെ ചില ഭാഗങ്ങൾ റഷ്യൻ സൈന്യം കീഴടക്കി. അതിനാൽ യുദ്ധാനന്തരം ജർമ്മി രണ്ടു വിഭാഗങ്ങളായി വിഭജിക്കപ്പെടുകയും ചെയ്തു.

ഏഷ്യ-പസഫിക് മേഖലയിലെ യുദ്ധം War in the Asia - Pacific Region

ഹിറ്റ്ലറെപ്പോലെ റഷ്യയും ഒരു മഹത്തായ സാമ്രാജ്യത്തെ ആഗ്രഹിച്ചിരുന്നു. 1931-ൽ ജപ്പാൻ സൈന്യം മഞ്ചൂരിയയെ കീഴടക്കി. ചൈന ഇതിനെക്കുറിച്ച് സർവ്വരാഷ്ട്ര സഖ്യത്തിൽ സമർപ്പിച്ചു. എന്നാൽ ഈ ആക്രമണ നടപടികളെ അമേരിക്കയോ ബ്രിട്ടണോ ശ്രദ്ധിക്കുന്നില്ല. 1937-ൽ ജപ്പാൻ ചൈനയെ ആക്രമിക്കുകയും അതിന്റെ പരമ്പരാഗത തലസ്ഥാനമായ ബെയ്ജിങ് (പീക്കിങ്ങ്) നെ പിടിച്ചടക്കുകയും ചെയ്തു. ഷാങ്കായ്ക്ക് ചുറ്റുമുള്ള പ്രദേശങ്ങളും ആ പ്രദേശത്തിന്റെ തലസ്ഥാനമായ നാൻകിങ് (Nanking) നഗരത്തെ ആ വർഷാവസാനത്തിൽ പിടിച്ചെടുക്കുകയും ചെയ്തു. ഇതിനെ തുടർന്ന് ചരിത്രം കണ്ടിട്ടില്ലാത്ത മാനുഷിക കൂട്ടക്കൊല ജപ്പാൻ നാൻങ്കിങ്ങിൽ നടത്തി.

X Std - History Malayalam Unit-3 .indd 32 3/28/2023 6:54:24 PM

പൊതുജനങ്ങൾ അത്രയും നിഷ്കരുണമായി കൊല്ലപ്പെട്ടു. സ്ത്രീകൾ-കുഞ്ഞുങ്ങൾ വരെ മുതിർന്ന വർവരെ പലവിധത്തിൽ ഉപദ്രവിക്കപ്പെട്ട് കൊല്ലപ്പെട്ടു. ഗ്വാങ്സോവു (Guangzhou) (Canton)നും ചൈനയുടെ മറ്റു പല പ്രദേശങ്ങളും ആക്രമിക്കപ്പെട്ടു. ചിയാങ്-കെയ്-ഷെയ്ക് (Chiang Kai-Shek) മേൽനോട്ടത്തിൽ ചൈന സൈനികർ പടിഞ്ഞാറൻ മലമ്പ്രദേശത്തിലിരുന്ന് പിൻതിരിഞ്ഞ് അവിടെയിരുന്നതുപോലെ തന്നെ ജപ്പാനെതിരായിട്ട് യുദ്ധം ആരംഭിച്ചു.

മുത്തു തുറമുഖം (Pearl Harbour 1941)

1941 ഡിസംബറിൽ ഹവായിലുള്ള അമേരിക്കൻ കപ്പൽ സൈന്യകേന്ദ്രമായ മുത്തു തുറമുഖത്തിൽ ജപ്പാൻ വ്യോമസേന മുന്നറിയിപ്പില്ലാതെ ആക്രമിച്ചു. ഇതിനു കാരണം അമേരിക്കയുടെ പസഫിക് കപ്പൽപ്പടയെ തുരത്താൻ തെക്കു കിഴക്കു ഏഷ്യാനാടുകളുടെ നേരെ ആക്രമണം നടത്തുമ്പോൾ എതിർപ്പുകൾ ഒന്നും തന്നെ കാണുകയില്ലായെന്ന് ജപ്പാൻ ചിന്തിച്ചതാണ്. ഈ ആക്രമണത്തിൽ പല യുദ്ധകപ്പലുകളും യുദ്ധ വിമാനങ്ങളും നശിപ്പിക്കപ്പെട്ടു. അമേരിക്ക സൈനിക യോദ്ധാക്കൾ പലരും കൊല്ലപ്പെട്ടു. ഇതിനെ തുടർന്ന് അമേരിക്ക ജപ്പാനോട് യുദ്ധപ്രകടനം നടത്തി. ചൈനയും ബ്രിട്ടണും അമേരിക്കയോട് ചേർന്നു.ഇതിനാൽ ഏഷ്യ പസഫിക് യുദ്ധവും യൂറോപ്പ് യുദ്ധവും ഒന്നുചേർന്ന് ഒരു പൊതു കാരണത്തിനായി വലിയ യുദ്ധമായി മാറി. ഈ ആക്രമണത്താൽ ധാരാളിത്വം നിറഞ്ഞ അമേരിക്കയെ സഖ്യകക്ഷികളോട് പങ്കുചേരാൻ കാരണമായി.


മുത്തു തുറമുഖം ആക്രമിക്കൽ

തെക്കുകിഴക്കൻ ഏഷ്യയിൽ ജപ്പാനീസ് പ്രക്ഷോഭം

തെക്കുകിഴക്കൻ ഏഷ്യയിലുടനീളം തങ്ങളുടെ സാമ്രാജ്യം വിപുലീകരിക്കാനുള്ള അവരുടെ പദ്ധതിയിൽ ജപ്പാൻകാർ വൻ വിജയം നേടി. ഗുവാം (Guam), ഫിലിപ്പൈൻസ്, ഹോങ്കോങ്, സിംഗപ്പൂർ മാലായ്, ഡച്ച്, ഈസ്റ്റ്ഇൻഡീസ് (ഇന്തോനേഷ്യ) ബർമ്മ എന്നിവിടങ്ങളിൽ എല്ലാപേരും ജപ്പാൻകാർക്ക് കീഴടങ്ങി.

മിഡ്വേയുദ്ധവും ഗ്വാഡൽകനാൽ യുദ്ധവും 1942 (Battle of Midway and Battle of Guadalcanal)

മിഡ്വേ യുദ്ധത്തിൽ സഖ്യകക്ഷികളെ പിൻതുണച്ചുകൊണ്ട് അമേരിക്കൻ നാവികസേന ജപ്പാൻ നാവികസേനയെ തോൽപ്പിച്ചു. സോളമൻ ദ്വീപുകളിലെ ഗ്വാഡൻകനാൽ യുദ്ധത്തിൽ പട്ടാളവും, നാവികരും ഉൾപ്പെടുന്ന ഒരു കൂട്ടായ ആക്രമണമായിരുന്നു അത്. ഏതാനും മാസങ്ങൾ നീണ്ടുനിന്നു. ഇരുവരും ജപ്പാനിൽ പരാജയപ്പെട്ടു.


ഗ്വാഡൽകനാൽ യുദ്ധം

അതിനു ശേഷം അമേരിക്ക ഫിലിപൈൻസിനെ വീണ്ടും കൊണ്ടുപോകാൻ കഴിഞ്ഞില്ല. ക്രമേണ ജപ്പാൻകാർ അവർ പിടിച്ചടക്കിയ ഭൂരിഭാഗം ഭൂപ്രദേശങ്ങളെ പുറത്താക്കിയിരുന്നു. 1944-ൽ സംയുക്തമായ ബ്രിട്ടീഷ് ഇന്ത്യൻ സൈന്യം ഇന്ത്യയുടെ വടക്കു കിഴക്കു പ്രദേശങ്ങള കീഴടക്കാൻ ശ്രമിച്ചു. അതിനു ശേഷം ചൈനക്കാർ ജപ്പാൻകാരെ ബർമ്മയിൽ നിന്നും തള്ളിവിടുകയും മലയായേയും, സിംഗപ്പൂരിനെയും സ്വതന്ത്രപ്പെടുത്തുകയും ചെയ്തു.

ഹിരോഷിമയും നാഗസാക്കിയും ആഗസ്റ്റ് 1945 (Hiroshima and Nagasaki, August 1945)

ഏറ്റവും പുതിയ ശാസ്ത്രപദ്ധതികൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു രഹസ്യപദ്ധതിയായി അമേരിക്ക പരമ്പരാഗത സ്ഫോടനങ്ങളേക്കാൾ ശക്തമായ ഒരു അണുബോംബ് വികസിപ്പിച്ചെടുത്തു. ജപ്പാനിലെ ജനറൽമാർ കീഴടങ്ങാൻ വിസമ്മതിക്കുകയും ഒടുവിൽ ഹിറോഷിമയിൽ ഒരു ബോംബ് വിക്ഷേപിക്കുകയും ചെയ്തു. ജപ്പാൻകാർ വീണ്ടും കീഴടങ്ങാൻ വിസമ്മതിച്ചപ്പോൾ നാഗസാക്കിയിൽ മറ്റൊരു ആറ്റംബോംബ് വിക്ഷേപിച്ചു. 1945 ഓഗസ്റ്റ് 15 ന് ജപ്പാൻ കീഴടങ്ങലിനായി പ്രഖ്യാപിക്കുകയും അങ്ങനെ 1945 സെപ്റ്റംബർ 2-ാം തീയതി രണ്ടാംലോക മഹായുദ്ധം അവസാനിക്കുകയും ചെയ്തു.



(c) യുദ്ധത്തിന്റെ ഫലങ്ങൾ

പുതിയ ഭൂ-രാഷ്ട്ര ശക്തികളുടെ ചേരിതിരിയൽ: രണ്ടാം ലോകമഹായുദ്ധം ലോകത്തെ അടിസ്ഥാനപരമായ രീതിയിൽ മാറ്റി. അതിശക്തരാഷ്ട്രങ്ങ

X Std - History Malayalam Unit-3 .indd 33 3/28/2023 6:54:25 PM

ളുടെ നേതൃത്വത്തിൽ ലോകം രണ്ടു സംഘടനകളായി ധ്രുവീകരിക്കപ്പെട്ടു. അതിൽ ഒന്ന് കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രത്യയശാസ്ത്രം അമേരിക്കയുടെ നേതൃത്വത്തിൽ പ്രഖ്യാപിച്ചു. മറ്റൊന്ന് സോവിയറ്റ് റഷ്യയുടെ നേതൃത്വത്തിലും നടന്നു. കമ്മ്യൂണിസ്റ്റ് നാടുകൾ, കമ്മ്യൂണിസമില്ലാത്ത നാടുകൾ എന്ന് യൂറോപ്പ് രണ്ടായി വിഭജിക്കപ്പെട്ടു.

അണു ആയുധങ്ങളുടെ വ്യാപനം (Nuclear Proliferation): അമേരിക്കൻ ഐക്യനാടുകളും സോവിയറ്റ് യൂണിയനും മത്സരിച്ച് കൂടുതൽ അണു ആയുധങ്ങളെ നിർമ്മിക്കാൻ ആരംഭിച്ചു. അതു പോലെ ബ്രിട്ടനും ഫ്രാൻസും അവരുടേതായ ആണവായുധങ്ങളെ തയ്യാറാക്കി.

അന്താരാഷ്ട്ര ഏജൻസികൾ (International Agencies): വലുതും ചെറുതുമായ പല അന്താരാഷ്ട്ര ഏജൻസികൾ, പ്രത്യേകിച്ച് ഐക്യരാഷ്ട്രസഭ, ലോക ബാങ്ക്, അന്താരാഷ്ട്ര നാണയനിധി എന്നിവ ഒരു പൊതുവേദി (Forum) നിലവിൽ വന്നു.

സാമ്രാജ്യത്വ ശക്തികളിൽ നിന്നും സ്വാതന്ത്ര്യം നേടുക എന്ന രീതിയിൽ അധിനിവേശ ശക്തികൾ മുൻകോളനികൾക്ക് സ്വാതന്ത്ര്യം നൽകാൻ നിർബന്ധിതരായി. അങ്ങനെ സ്വാതന്ത്ര്യം നേടിയ ആദ്യത്തെ രാജ്യമായിരുന്നു ഇന്ത്യ.

3.2 കൂട്ടക്കൊലയും അതിന്റെ വീഴ്ചകളും

ഹിറ്റ്ലർ അധികാരത്തിൽ വന്നതിനുശേഷം യഹൂദന്മാർ പലവിധത്തിലും പീഡിപ്പിക്കപ്പെട്ടു. അവരുടെ പൗരാവകാശങ്ങൾ നിഷേധിക്കപ്പെടുകയും, വസ്തുവകകൾ പിടിച്ചടക്കപ്പെടുകയും ചെയ്തു. അവ ചേരി പ്രദേശങ്ങളിൽ ഒതുക്കപ്പെടുകയും ചെയ്തു. ഒടുവിൽ യഹൂദന്മാരെ മുഴുവനായി കൊലപ്പെടുത്തുക എന്ന അന്തിമ തീരുമാനം നാസികൾ എടുക്കുകയുണ്ടായി.

സർവ്വജനനീയ മനുഷ്യാവകാശ പ്രഖ്യാപനം

യുദ്ധത്തിന്റെ പരിണിത ഫലമായി സംഭവിച്ച നാശങ്ങൾക്ക് ശേഷം ഐക്യരാഷ്ട്രസഭ ജാതി, മതം, ലിംഗം, ഭാഷ എന്നീ വ്യത്യാസങ്ങൾ ഇല്ലാതെ സാർവ്വത്രികമായി അടിസ്ഥാന സ്വാതന്ത്ര്യം പ്രോത്സാഹിപ്പിക്കാൻ പ്രതിജ്ഞ എടുത്തു. ആഗോളപരമായി മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി, ഐക്യരാഷ്ട്രങ്ങളുടെ ശ്രമങ്ങളുടെ ഫലമായി, രൂപീകരിക്കപ്പെട്ട സമിതിയിൽ പ്രസിഡന്റ് ഫ്രാങ്ക്ളിൻ റൂസ്വെൽറ്റ് (President Flanklin Roosevelt) ന്റെ വിധവയായ ഭാര്യ അദ്ധ്യക്ഷയായി നിയമിക്കപ്പെട്ടു. ലെബനോനിലെ (Lebanon) ചാൾസ് മാലിക് (Charles Malik) കാനഡയിലെ ജോൺ ഹംഫ്രി (John Humphrey), ഫ്രാൻസിലെ റെൻ കാസിൻ (Rene Cassin) എന്നിവരാണ് സമിതിയിലെ മറ്റു അംഗങ്ങൾ. സർവ്വ ജനനീയ മനുഷ്യാവകാശ പ്രഖ്യാപനങ്ങളിൽ അടിസ്ഥാന മനുഷ്യാവകാശത്തെ കുറിച്ച് 30 നിബന്ധനകൾ മുന്നോട്ടുവയ്ക്കപ്പെട്ടു. 1948 ഡിസംബർ 10 ന് ഐക്യരാഷ്ട്രങ്ങൾ ചരിത്രപരമായ ഈ ഉത്തരവാദിത്വം ഏറ്റെടുത്തു. ഈ ദിനമാണ് ലോകവ്യാപകമായി മനുഷ്യാവകാശദിനമായി ആചരിക്കുന്നത്. 1948 മുതൽ ഏകദേശം 90 രാജ്യങ്ങളുടെ ഭരണഘടന വ്യവസ്ഥയെക്കുറിച്ച് ഈ പ്രഖ്യാപനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതായാണ് ന്യൂയോർക്കിലുള്ള ഫ്രാങ്ക്ളിൻ എലിനോൻ റൂസ്വെൽറ്റ് സ്ഥാപനം പറയപ്പെടുന്നത്.

ഇസ്രായേലിന്റെ ജനനം (Birth of Israel)

കൂട്ടക്കൊലയുടെ പരിണിതഫലമായി യഹൂദന്മാർക്ക് ഇസ്രായേൽ എന്ന നാട് രൂപവത്കരണം ചെയ്യപ്പെട്ടു. ഇത് റോമൻ കാലഘട്ടത്തിൽ യഹൂദന്മാരുടെ ചരിത്ര പ്രാധാന്യമുള്ള പ്രദേശമായിരുന്നു.

3.3 പുതിയ അന്താരാഷ്ട്ര ക്രമം

1941-ൽ, സ്വതന്ത്രരാജ്യങ്ങളെല്ലാം തന്നെ തനതായതും, ശാശ്വതമായതുമായ സമാധാനത്തെ കാത്തു സൂക്ഷിക്കുന്നതിന് ആവശ്യമായ അന്താരാഷ്ട്ര സഹകരണം കുറിച്ച് അമേരിക്ക ഐക്യനാടുകളും, ബ്രിട്ടനും, അതീവ ശ്രദ്ധ ചെലുത്താൻ ആരംഭിച്ചു. അന്താരാഷ്ട്ര സാമ്പത്തികവും, സാമ്പത്തിക സ്ഥിരതയും പ്രധാനപ്പെട്ട ലക്ഷ്യങ്ങളായിരുന്നു. ഈ പ്രധാന ലക്ഷ്യങ്ങൾക്ക് വേണ്ടി ലോകമെമ്പാടുമുള്ള വിവിധ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന അംഗങ്ങളുള്ള അന്താരാഷ്ട്ര സംഘ

രണ്ടാം ലോകമഹായുദ്ധകാലത്ത് ജർമ്മാനിയർ ആറുദശലക്ഷം ജൂത്മാരുടെ വംശഹത്യയെ വിവരിക്കാനായിരിക്കാം ഹൊലക്കോസ്റ്റ് (Holo Cause) എന്ന പദം ഉപയോഗപ്പെടുത്തി. ഹിറ്റ്ലറുടെയും, നാസികളുടെയും രാഷ്ട്രീയ അജണ്ടയിലെ മുഖ്യ ഇനങ്ങളിലൊന്നാണ് യഹൂദന്മാർ യഹൂദ വിശുദ്ധ വികാരങ്ങൾ (സെമിറ്റിസത്തെ വിരുദ്ധമാക്കുന്നു) ജർമ്മനിയിലും, യൂറോപ്പിലുടനീളവും യഹൂദന്മാർ അവിടവിടെയായിട്ട് ജീവിച്ചിരുന്നു. അവരിൽ പലരും വാണിജ്യം, കല, മറ്റു പലവിധമായ തൊഴിലുകളിൽ പ്രാമുഖ്യം ചെലുത്തിയിരുന്നു. ഒരു വലിയ വ്യാപാര പ്രവർത്തനമായ പണം വായ്പ എടുക്കുക എന്നത് യഹൂദന്മാർക്കിടയിൽ നിലനിന്നിരുന്നു. ഇത് അവർക്കിടയിൽ വെറുപ്പ് ഉളവാക്കി. ഷേക്സ്പിയറിന്റെ വെനീസ്സിലെ വ്യാപാരി എന്ന നാടകം ജനങ്ങൾക്കിടയിൽ യഹൂദർക്കിടയിലുള്ള വെറുപ്പ്, അവിശ്വസനീയത എന്നിവയെ ചിത്രീകരിക്കുന്നു.

X Std - History Malayalam Unit-3 .indd 34 3/28/2023 6:54:25 PM

ടനകൾ ആവശ്യമായി. കഠിന പ്രയത്നത്തിന്റെ ഫലമായി ഐക്യരാഷ്ട്രസഭ, ലോകബാങ്ക്, ഇന്റർനാഷണൽ മോണിറ്ററി ഫണ്ട്, നിരവധി ബന്ധപ്പെട്ട സംഘടനകൾ എന്നിവയും, എല്ലാ സമൂഹങ്ങൾക്കും പ്രാധാന്യം നൽകുന്ന അടിസ്ഥാനഘടകങ്ങൾ (സംഘടനകൾ) എന്നിവ ഒടുവിൽ സ്ഥാപിതമായി.

ഐക്യരാഷ്ട്രസഭ

ഐക്യരാഷ്ട്രസഭയുടെ ആദ്യ സംരംഭം 1941-ൽ ഐക്യനാടുകളിൽനിന്നും, ബ്രിട്ടനിൽ നിന്നും അവർ ഒരു സംയുക്ത പ്രഖ്യാപനം എന്നറിയപ്പെടുന്ന അറ്റ്ലാന്റിക് ചാർട്ട് (Atlantic Charer) അറ്റ്ലാന്റിക് ശാസനം പുറപ്പെടുവിച്ചപ്പോൾ വന്നതാണ്. ഇതിൽനാസിഅധർമ്മത്തിന്റെ നാശം കുറിക്കുമെന്നും അവിടെയുണ്ടായിരുന്ന എല്ലാ രാജ്യങ്ങൾക്കും സമാധാനമായിരിക്കാനും, സ്വാതന്ത്ര്യത്തോടെയും തങ്ങളുടെ ആഗ്രഹത്തോടെയും ജീവിതം നയിക്കാനും സാധിക്കും എന്ന് പിന്നീട് പ്രസ്താവിച്ചു. ഐക്യനാടുകൾ സഭയുടെ പ്രഖ്യാപനം 1942 പുതുവത്സരദിനത്തിൽ അക്സിസ് നാടുകൾക്ക് എതിരായി (ജർമ്മനി, ഇറ്റലി, ജപ്പാൻ)യുദ്ധം ചെയ്തുവന്ന 26 നാടുകളാൽ സ്വീകരിക്കപ്പെട്ടു. ഐക്യനാടുകൾ സഭയുടെ ശാസനത്താൽ 1945-ാം ആണ്ട്, ജൂൺ മാസം 26-ാം തിയതി 51 രാജ്യങ്ങൾ ഒപ്പുവെച്ചു. അപ്പോൾ ഇന്ത്യ ഒരു സ്വതന്ത്ര്യരാജ്യമല്ലാതിരുന്നതിനാൽ ശാസനത്തിൽ ഒപ്പുവെച്ചില്ല. ഇപ്പോൾ ഐക്യനാടുകൾ സഭ 193 അംഗരാജ്യങ്ങൾ കൊണ്ട ഒരു വലിയ ഗണ്യരാഷ്ട്രസഭയായി മാറി. ചെറിയ അല്ലെങ്കിൽ വലിയതായ നാടും തുല്യമായ ഓട്ടുരാഷ്ട്രങ്ങളാണ്.



UN അടയാളം

പൊതുസമിതിയും സുരക്ഷാ സമിതിയും

ഒരു ഗവൺമെന്റിന്റെ പ്രവർത്തനങ്ങളായ നിയമം,നിർവാഹം, നീതിന്യായം എന്നി വിങ്ങുകൾക്ക് സമമായി ഒരു പ്രധാന ഭരണകൂടത്തിന്റെ അടിസ്ഥാനത്തിൽ ഐക്യരാഷ്ട്രസഭ ഒരു സർക്കാരിനെപ്പോലെ പ്രവർത്തിക്കുന്നത്. പൊതുസമിതി ഒരു സ്ഥിര സമിതിയാണ് ഇത്. ഐക്യരാഷ്ട്രസഭയുടെ ആലോചന സഭയാണ്. ഇതിൽ എല്ലാ അംഗരാജ്യങ്ങളിലേയും പ്രതിനിധികൾ അടങ്ങിയിട്ടുണ്ട്. ഓരോ അംഗരാജ്യവും 5 അംഗങ്ങളെ ഈ സമിതിയിലേക്ക് അയക്കാവുന്നതാണ്. എങ്കിലും ഒരു രാജ്യത്തിന് ഒരു വോട്ടുമാത്രമേയുള്ളൂ. ഇത് സാധാരണയായി വർഷത്തിൽ ഒരിക്കൽ മാത്രമേ സമ്മേളിക്കുകയുള്ളൂ. ഐക്യരാഷ്ട്ര ശാസനത്തിലുള്ള എല്ലാ വിഷയങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നതിനുള്ള അധികാരം പൊതുസമിതിക്കുണ്ട്. ഐക്യരാഷ്ട്രസഭ സംഘടനയിലെ ഒരു പ്രധാന സമിതിയാണ്. ഈ സമിതിയിൽ 15 അംഗങ്ങളുണ്ട്. അമേരിക്ക, ബ്രിട്ടൺ, ഫ്രാൻസ്, റഷ്യ, ചൈന എന്നിവ ഇതിലെ സ്ഥിരാംഗങ്ങളാണ്. താല്ക്കാലിക അംഗങ്ങളെ രണ്ടു വർഷത്തിലൊരിക്കൽ പൊതുസമിതി തിരഞ്ഞെടുക്കുന്നു. സുരക്ഷാസമിതിയിലെ സ്ഥിര അംഗങ്ങൾക്ക് വീറ്റോ (Veto) അധികാരമുണ്ട്. ഈ സമിതിയുടെ പ്രധാന ജോലി ലോക സമാധാനവും, സംരക്ഷണവും നിലനിറുത്തുക എന്നതാണ്. സുരക്ഷാസമിതിയിലെ സ്ഥിരാംഗങ്ങൾക്ക് മറ്റ് സമിതിയിലുള്ള അംഗങ്ങളുടെ തീരുമാനങ്ങളെ എതിർക്കുവാനുള്ള അധികാരവും ഉണ്ട്. പ്രത്യേകിച്ച് അമേരിക്ക, റഷ്യ എന്നിവരുടെ പ്രശ്നങ്ങളെ സുരക്ഷാസമിതിയാൽ പരിഹരിക്കപ്പെടുന്നു.



ആസ്ഥാനം, ന്യൂയോർക്ക്

> ഐക്യരാഷ്ട്രസഭ ജനങ്ങളെ യുദ്ധത്തിന്റെ ചുറ്റുപാടിൽ നിന്ന് തുടർച്ചയായി തലമുറകളെ രക്ഷിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. നമ്മുടെ ജീവിത കാലത്ത് മനുഷ്യവർഗ്ഗത്തിന് ദുഃഖം വരുത്തി മനുഷ്യാവകാശത്തിന്റെ കാഠിന്യതയേയും മൂല്യത്തേയും അടിസ്ഥാനമാക്കി മനുഷ്യാവകാശങ്ങളിൽ വിശ്വാസം ഉറപ്പുവരുത്താൻ പുരുഷന്മാരും സ്ത്രീകളും വലുതും ചെറുതുമായ രാജ്യങ്ങളിലെ ജനങ്ങൾക്ക് തുല്യാവകാശം നൽകുമെന്ന് ഐക്യരാഷ്ട്രസഭയുടെ പ്രാഗല്ഭ്യം.

ഭരണഘടന (Administrative Structure)

ഐക്യരാഷ്ട്രസംഘടനയുടെ നിർവ്വഹണ പ്രവർത്തനങ്ങളെ നിർണ്ണയിക്കുന്നതോടൊപ്പം അതിന്റെമേൽനോട്ടം വഹിക്കുന്നതും സെക്രട്ടറിയേറ്റാണ്. ഐക്യരാഷ്ട്ര സംഘടനയിലെ ഭരണപരമായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത് ഈ സഭയാണ്. ഐക്യരാഷ്ട്രസഭയുടെ മുഖ്യ അധികാരിയാണ് സെക്രട്ടറി ജനറൽ. ഇദ്ദേഹം സുരക്ഷാസമിതിയുടെ ഉപദേശപ്രകാരം പൊതുസമിതിയാൽ 5 വർഷത്തേയ്ക്ക് നിയമിക്കപ്പെടുന്നു. സെക്രട്ടറി ജനറൽ അദ്ദേഹത്തിന്റെ കേബിനറ്റ് മറ്റ് ഉദ്യോഗസ്ഥർ എന്നിവർ ഐക്യരാഷ്ട്രസഭയിൽ പ്രവർത്തിക്കുന്നു. ഐക്യരാഷ്ട്ര സഭയുടെ അന്തർദേശീയ നീതിന്യായ കോടതി നെതർലാന്റിലെ ദിഹേഗ് ആസ്ഥാനമായി പ്രവർത്തിക്കുന്നു. അന്താരാഷ്ട്ര നീതിന്യായകോടതി ഐക്യരാഷ്ട്രസഭയുടെ അഞ്ചാമത്തെ സമിതിയായ സാമ്പത്തിക, സാമൂഹിക കൗൺസിൽ (ECOSOC)കൗൺസിൽഐക്യരാഷ്ട്രസംഘടനയുടെ സാമ്പത്തിക സാമൂഹിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം നൽകിയിട്ടുണ്ട്. ലോകത്തിന്റെ പല ഭാഗങ്ങളിലും (ഏഷ്യ, പസഫിക്, പശ്ചിമേഷ്യ, യൂറോപ്പ്,

X Std - History Malayalam Unit-3 .indd 35 3/28/2023 6:54:25 PM

ആഫ്രിക്ക, ലാറ്റിൻ അമേരിക്ക) എന്നീ മേഖലകളിലെ പ്രാദേശിക വികസനത്തിനായി പ്രാദേശിയ സാമ്പത്തിക കമ്മീഷൻ (ECOSOC) പ്രവർത്തിക്കുന്നു. ഗുണർ മിർദൽ (Gunnar Myrdal) തുടങ്ങിയുള്ള പ്രമുഖ സാമ്പത്തിക വിദഗ്ദ്ധരുടെ പ്രവർത്തനങ്ങളാൽ ഈ പ്രവർത്തനം വിജയം കൈവരിച്ചു.

ഐക്യരാഷ്ട്രസംഘടനയിലെ മറ്റു പ്രധാന സംഘടനകൾ (Other Important Organs of UN)

ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, സംസ്കാരം തുടങ്ങിയവ ലോകത്തെ സംബന്ധിച്ചിടത്തോളം വിമർശനാത്മകമായ താല്പര്യമുള്ള മേഖലകളെ ഈ മേഖലയിൽ ബന്ധപ്പെടുത്തിയിരിക്കുന്നു. ഫുഡ് ആൻഡ് അഗ്രികൾച്ചറൽ ഓർഗനൈസേഷൻസ് (FAO) ലോകാരോഗ്യ സംഘടന ഐക്യരാഷ്ട്ര വിദ്യാഭ്യാസ, ശാസ്ത്ര സാംസ്കാരിക സംഘടന (UNESCO) എന്നിവയാണ്. അംഗരാജ്യങ്ങൾ സ്വമേധയാ ധനസഹായത്തോടെ പ്രത്യേക സംഘടനകൾ ഏർപ്പെടുത്തി. അവ (UNICEF) ലോകമെമ്പാടുമുള്ള ശിശു ആരോഗ്യവും ക്ഷേമവും പ്രോത്സാഹിപ്പിക്കുകയും ഡചഉജ (United Nations Development Programme) ജനങ്ങളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ഐക്യരാഷ്ട്രസംഘടനയുടെ പ്രവർത്തനങ്ങൾ

ദശകങ്ങളിൽ ഐക്യരാഷ്ട്രസഭ ലോകത്തെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പ്രതികരണമായി പ്രവർത്തനങ്ങൾ വിപുലീകരിച്ചു. 1960കളിൽ അപകോളനികരണം, ഒരു പ്രധാന പ്രശ്നമായിരുന്നു. മനുഷ്യാവകാശങ്ങൾ, അഭയാർത്ഥികളുടെ പ്രശ്നങ്ങൾ, കാലാവസ്ഥ വ്യതിയാനം, ലിംഗ സമത്വം എന്നിവ ഇപ്പോൾ ഐക്യരാഷ്ട്ര സഭയുടെ പ്രവർത്തനങ്ങളുടെ പരിധിയിൽപ്പെടുന്നു. ഐക്യരാഷ്ട്രസഭ സമാധാന സംരക്ഷണത്തിലെ ഒരു പ്രധാന പ്രവർത്തനമായിരുന്നു. അത് ലോകമെമ്പാടുമുള്ള സംഘർഷങ്ങളിൽ പലയിടത്തും പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യൻ സൈന്യം സമാധാന സേനയുടെ ഒരു പ്രധാന ഭാഗമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിന്യസിക്കപ്പെട്ടിരിക്കുന്നു.



ബ്രിട്ടൻ വുഡ്സ് സമ്മേളനം

ലോകബാങ്ക് (World Bank)

1944-ൽ ബെട്ടൺ വുഡ്സ് കോൺഫറൻസിന് ശേഷം 1945 ആരംഭിച്ച ലോകബാങ്കും അന്തർദേശീയ മോണിറ്ററി ഫണ്ടിനേയും ചേർത്ത് ബെട്ടൺ വുഡ്സ് ടുവിൻസ് (Bretton Woods Twins) എന്ന പേരിൽ അറിയപ്പെടുന്നു. ഈ രണ്ടു സ്ഥാപനങ്ങളും അമേരിക്കയിലെ വാഷിങ്ടൺ സ്ഥാപിച്ചിരുന്നു. ഈ രണ്ടു സ്ഥാപനങ്ങളിലെ അംഗങ്ങളിലെ എണ്ണം സമമായിരിക്കും. കാരണം ഒരു രാജ്യം അന്തർദേശീയ നീതിന്യായ കോടതിയിൽ അംഗമാകാതെ ലോകബാങ്കിൽ അംഗമായിരിക്കാൻ പാടില്ല.

ലോകബാങ്കിന്റെ International Bank for Reconstruction (IBRD) യും International Development Agency (IDA) യും ലോകബാങ്കിന്റെ രണ്ടുപ്രധാന അംഗങ്ങളാണ്. ഇവയെല്ലാം പലപ്പോഴും ലോകബാങ്കായി അറിയപ്പെടുന്നു. കഅഞഇ യുടെ പ്രധാന ഉത്തരവാദിത്വം വാർഷികാടിസ്ഥാനത്തിൽ യൂറോപ്യൻ രാജ്യങ്ങളിൽ മാർഷൽ പദ്ധതിയുടെ കീഴിൽ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. പാവപ്പെട്ട രാജ്യങ്ങളിലെ സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനായ അജണ്ട പിന്നീട് വികസിപ്പിച്ചു. വികസന പദ്ധതികൾക്കായി വിവിധ രാജ്യങ്ങളിലേക്ക് ബാങ്ക് പണം നൽകി. കൂടുതൽ പ്രാധാന്യമുള്ള മേഖല ദാരിദ്ര്യ നിർമ്മാർജ്ജനമാണ്. പ്രത്യേകിച്ച് വികസ്വര രാജ്യങ്ങളിലെ ഗ്രാമ പ്രദേശങ്ങളിൽ വികസന പ്രവർത്തനങ്ങൾക്ക് ഗവൺമെന്റിന് ധനസഹായം നൽകുന്നതാണ് അന്താരാഷ്ട്ര വികസന ഏജൻസി (IDA). ഈ വായ്പകൾ മൃദുവായ്പ ആകുന്നു. 50 വർഷം തെ കുറഞ്ഞ പലിശ നൽകിയിരുന്നു. അന്താരാഷ്ട്ര ധനകാര്യ കോർപ്പറേഷൻ (IFC) പ്രധാനമായും വികസ്വര രാജ്യങ്ങളിൽ സ്വകാര്യ സംരംഭങ്ങളുമായി പ്രവർത്തിക്കുന്നു.

സമീപ വർഷങ്ങളിൽ ജീവിതനിലവാരം മെച്ചപ്പെടുത്താനും, നിരക്ഷരത്വം ഇല്ലാതാക്കാനും സ്ത്രീകളെ ശാക്തീകരിക്കാനും, മാതൃശിശു ആരോഗ്യത്തെ മെച്ചപ്പെടുത്താനും, പരിസ്ഥിതിയെ മെച്ചപ്പെടുത്താനും ലക്ഷ്യമിടുന്ന സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളുടെ നേട്ടങ്ങളും ബാങ്കിന്റെ സജീവമായ പ്രവർത്തനങ്ങളാണ്.

അന്താരാഷ്ട്ര നാണയ നിധി (International Monetary Fund - IMF)

അന്താരാഷ്ട്ര നാണയ നിധി പ്രാഥമികമായി ഹാരിഡക്സർ വൈറ്റും (Hary Dexter White) പ്രശസ്ത സാമ്പത്തിക വിദഗ്ദ്ധനായ ജോൺ മെയനാർഡകെയഡ് (John Maynad Keynes) തുടങ്ങിയവരുടെ കഠിനബുദ്ധിപ്രയോഗത്താൽ ഉണ്ടായതാണ്. 1945-ൽ 29 അംഗരാജ്യങ്ങളുമായി അംഗത്വമുണ്ട്. ലോകമെമ്പാടുമുള്ള സാമ്പ

ത്തിക സ്ഥിരതയും വികസനവും ഉറപ്പാക്കാനാണ് അതിന്റെ പ്രധാന ലക്ഷ്യം. അന്താരാഷ്ട്രസാമ്പത്തിക സഹകരണം, അന്താരാഷ്ട്ര വ്യാപാരം, എക്സ്ചേഞ്ച് സ്ഥിരത എന്നിവ വികസിപ്പിക്കുക എന്നതാണ് മുഖ്യ അജണ്ട. പണമടയ്ക്കാൻ ബാലൻസ് ആവശ്യപ്പെടുന്ന രാജ്യങ്ങൾക്ക് ഫണ്ടുകൾ നൽകുന്നു. കാരണം വായ്പകൾ എടുക്കുന്നത് കർശനമാക്കുകയും ധനകാര്യ വിവേചനം പ്രയോഗിക്കുന്നതിനും അവരുടെ ചെലവ് കുറയ്ക്കുന്നതിനും ഇത് കർശനമായി നിർദ്ദേശിക്കുന്നു. ഇത് ജനങ്ങളുടെ പ്രീതിയെ വളർത്തുന്നു. പ്രത്യേകിച്ച് വികസ്വര നാടുകളിലെ ജനങ്ങൾക്ക് സബ്സിഡികൾ നൽകുന്ന വിവിധ പരിപാടികളിലൊന്നാണ് ഇത്.

IMF-ന്റെ ലക്ഷ്യങ്ങൾ ആഗോള സാമ്പത്തിക സഹകരണം, സുരക്ഷിതമായ സാമ്പത്തിക സ്ഥിരത, അന്താരാഷ്ട്ര വ്യാപാരം സുഗമമാക്കുക, ഉയർന്ന തൊഴിൽ സുസ്ഥിരമായ സാമ്പത്തിക വളർച്ച എന്നിവ പ്രോത്സാഹിപ്പിക്കുക, ലോകമെങ്ങും ദാരിദ്ര്യം കുറയ്ക്കുക.

3.4 യൂറോപ്പിലെ യുദ്ധാനന്തര ക്ഷേമ സംസ്ഥാനങ്ങൾ

ക്ഷേമരാഷ്ട്രം എന്ന പ്രയോഗം ജനങ്ങളുടെ സാമൂഹികവും, സാമ്പത്തികവുമായ ക്ഷേമത്തിന് ഉത്തരവാദിയാണെന്നും സംരക്ഷണവും നൽകാതെ ഭരണകൂടത്തിന്റെ പങ്ക് വികസിപ്പിക്കുക എന്ന ആശയം സൂചിപ്പിക്കുന്നു.

ബിവറിഡ്ജ് റിപ്പോർട്ടിൽ ഐക്യരാഷ്ട്ര സഭയിൽ 1942-ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ട് ബ്രിട്ടനിൽ പ്രസിദ്ധീകരിക്കപ്പെട്ടതാണ്. ദാരിദ്ര്യം, രോഗം എന്നിവ മറികടക്കാൻ ആവശ്യമായ വരുമാനം ആരോഗ്യ പരിരക്ഷ, വിദ്യാഭ്യാസം, ഭവനം പൗരന്മാർക്ക് തൊഴിലവസരങ്ങൾ ലഭിക്കുക എന്നിവയെക്കുറിച്ച് അവതരിപ്പിച്ചു.

യുദ്ധത്തിനുശേഷം ബ്രിട്ടനിൽ ലേബർ പാർട്ടി അധികാരത്തിൽ വന്നു. കുട്ടികളെ സംരക്ഷിക്കുകയും ദേശീയ ആരോഗ്യസേവനത്തിലൂടെ പഴയ പെൻഷൻ, തൊഴിലില്ലായ്മ ആനുകൂല്യങ്ങൾ, കുടുംബക്ഷേമ സേവനങ്ങൾ തുടങ്ങിയവയിലൂടെയോ സൗജന്യ ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ നിയമ നിർമ്മാണം സജ്ജമാക്കിയിട്ടുണ്ട്. എല്ലാ കുട്ടികൾക്കും സാർവത്രികവും, സൗജന്യവുമായ സ്കൂൾ വിദ്യാഭ്യാസം നൽകുക എന്നതാണ്.

മുതിർന്നവരുടെ പെൻഷൻ, തൊഴിലില്ലായ്മ നഷ്ടപരിഹാരം, സൗജന്യ സേവനങ്ങൾ എന്നിവയിലൂടെപണകൈമാറ്റങ്ങൾവഴിഗുണഫലങ്ങളെനേടാം. ഇതു കൂടാതെ ഉയർന്ന വരുമാനക്കാർക്ക് ഉയർന്ന നിരക്കിലുള്ള നികുതി ഒഴിവാക്കിക്കൊണ്ട് പുരോഗമന നികുതിയിലൂടെ സാമ്പത്തിക വ്യത്യാസങ്ങൾ കുറയ്ക്കുന്നതിന് രാജ്യങ്ങൾ ശ്രമിക്കുന്നു.

സംഗ്രഹം

- 1939 മുതൽ 1945 വരെ രണ്ടാം ലോകമഹായുദ്ധം നീണ്ടുനിന്നു. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രത്യേകിച്ച് യൂറോപ്പിലും, ആഫ്രിക്കയിലും, ഏഷ്യ പസഫിക്കിലും യുദ്ധം നടന്നു. സഖ്യകക്ഷികൾ തുടക്കത്തിൽ ബ്രിട്ടനും ഫ്രാൻസും പിന്നീട് സോവിയറ്റ് യൂണിയനും (റഷ്യയും) കൂടെ ചേർന്നു. അമേരിക്ക, ജർമ്മനി, ഇറ്റലി, ജപ്പാൻ എന്നീ രാജ്യങ്ങൾ അക്ഷശക്തികളോട് യുദ്ധം ചെയ്തു.
- തുടക്കത്തിൽ യൂറോപ്പിലും, ജപ്പാനിലുമുള്ള ജർമ്മൻ സൈന്യം ജപ്പാന്റെ കിഴക്കുഭാഗത്തെ പിടിച്ചെടുത്ത് വിജയം കൈവരിച്ചു. എന്നിരുന്നാലും അമേരിക്കയുടെ അതിവിപുലമായ വിഭവങ്ങളെ സഖ്യകക്ഷികളുമായി ചേർന്ന് ജപ്പാനുമായി ധാരാളം ഏറ്റുമുട്ടലുകളുണ്ടായി.
- യുദ്ധത്തിനുശേഷമുള്ള ലോകത്തിനു പിന്നിൽ രണ്ട് സുപ്രധാന ശക്തികൾ യു.എസ്.എ., യു.എസ്.എസ്.ആർ. എന്നീ രണ്ടു സുപ്രധാന രാജ്യങ്ങൾ ഉയർന്നു. ഇരുരാജ്യങ്ങളും ആയുധ മത്സരത്തിലായിരുന്നു. പ്രത്യേകിച്ച് അവരുടെ ആണവായുധങ്ങൾ നിർമ്മിക്കൽ ആയിരുന്നു.

A-Z പദപരിചയം

അതീവനാശം, ശൂന്യമാക്കൽ	Devastation/ Havoc	Total destruction
യോദ്ധാവ്, പ്രതിയോഗി	Belligerent	One eager to fight / aggressive
ഉയിർത്തെഴുന്നേറ്റ	Resurgent	Rising again
നഷ്ടപരിഹാരം	Reparations	Compensation exacted from a defeated nation by the victors
യുദ്ധോപകരണങ്ങൾ	Armaments	Weapons
നിർബന്ധിതമായ	Conscripted	Compulsory military service

X Std - History Malayalam Unit-3 .indd 37 3/28/2023 6:54:25 PM

കൊലപാതകം, കൂട്ടക്കൊല	Slaughter	Kill a large number of people indiscriminately
പ്രവർത്തി	Proliferation	A rapid increase
ചേരിപ്രദേശം / സഹൃദ സങ്കേത സ്ഥലം	Ghettos	Slums
	Veto	A vote that blocks a decision / negative vote
ചുറ്റുപാട്, പിരിധി	Ambit	Range
ശിക്ഷിക്കുക, ദൈവശിക്ഷ	Scourge	Eternal suffering
കഠിനമായ, കർശനമായ	Stringent	Tough

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. എപ്പോഴാണ് ജപ്പാൻ ഔപചാരികമായി കീഴടങ്ങിയത്?
   (a) 1945 സെപ്റ്റംബർ 2
   (b) 1945 ഒക്ടോബർ 2
   (c) 1945 ആഗസ്റ്റ് 15
   (d) 1945 ഒക്ടോബർ 12
2. ആരാണ് സർവ്വരാഷ്ട്രസഖ്യം രൂപീകരിച്ചത്?
   (a) റൂസ്വെൽറ്റ്
   (b) ചമ്പർലൈൻ
   (c) വുഡ്റോ വിൽസൺ
   (d) ബാൽഡ്വൻ
3. ജപ്പാൻ നാവിക സേനയെ യു.എസ്. നാവികസേന പരാജയപ്പെടുത്തിയത് എവിടെവച്ചായിരുന്നു?
   (a) ഗ്വാഡൽകനാൽ (b) നദിയിലെ യുദ്ധം
   (c) ലെനിൻ ഗ്രേഡ്യുദ്ധം (d) എൽ അലമിലെ യുദ്ധം
4. അമേരിക്ക ആദ്യമായി അണുബോംബ് വിക്ഷേപിച്ചത് എവിടെയാണ്?
   (a) കവാസാകി (b) ഇന്തോഷിമ
   (c) ഹിരോഷിമ (d) നാഗസാക്കി
5. ആരെയൊക്കെയാണ് ഹിറ്റ്ലർ കൂടുതലായി ക്ലേശിപ്പിച്ചത്?
   (a) റഷ്യൻസ് (b) അറേബ്യൻസ്
   (c) തുർക്കികൾ (d) യഹൂദർ
6. ഇംഗ്ലണ്ടിലെ ഏത് പ്രധാനമന്ത്രിയാണ് മ്യൂണിച്ച് ഉടമ്പടി ജർമ്മനിയുമായി ഒപ്പുവച്ചത്?
   (a) ചമ്പർലൈൻ (b) വിൻസ്റ്റൺ ചർച്ചിൽ
   (c) ലോയ്ഡ് ജോർജ്ജ് (d) സ്റ്റാൻലി ബാൾഡ്വിഡ്
7. ഐക്യരാഷ്ട്രസഭയുടെ ഉടമ്പടികൾ എപ്പോഴാണ് ഒപ്പുവച്ചത്?
   (a) ജൂൺ 26, 1942 (b) ജൂൺ 26, 1945
   (c) ജനുവരി 1, 1942 (d) ജനുവരി 1, 1945

II. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക:

1. ഹിറ്റ്ലർ ആക്രമിച്ച സൈനികവത്കരിക്കപ്പെട്ട മേഖല _____ ആയിരുന്നു.
2. ഇറ്റലി, ജർമ്മനി, ജപ്പാൻ എന്നീ രാജ്യങ്ങൾ തമ്മിലുള്ള സഖ്യത്തെ_____ എന്ന് അറിയപ്പെടുന്നു.
3. 1940-ൽ രാജിവച്ച ബ്രിട്ടൺ പ്രധാനമന്ത്രി _____ ആണ്.
4. _____ അകലെ നിന്ന് ശത്രുക്കളുടെ വിമാനങ്ങളെ കണ്ടുപിടിക്കാൻ ഉപയോഗിക്കുന്ന ഉപകരണം.

III. ശരിയായ ആശയത്തെ തിരഞ്ഞെടുത്തെഴുതുക:

1. **ആശയം :** അമേരിക്ക താങ്കളുടെ ഒറ്റപ്പെട്ട നയങ്ങളെ മാറ്റണമെന്ന് രാഷ്ട്രപതി റൂസ്വെൽറ്റ് മനസ്സിലാക്കി
   കാരണം : അദ്ദേഹം വായ്പാ പദ്ധതി രൂപീകരിച്ചു.
   a) ആശയവും കാരണവും ശരി
   b) ആശയം ശരി കാരണം തെറ്റ്
   c) ആശയവും കാരണവും തെറ്റ്
   d) കാരണം ശരി എന്നാൽ ആശയം കാരണത്തോട് ശരിയായി യോജിക്കുന്നില്ല.

IV. യോജിപ്പിക്കുക:

1. ബ്ലിറ്റ്സ്ക്രിഗ്	-	സ്റ്റാലിംഗ് ഗ്രേഡ്
2. റോയൽ നാവികസേന	-	സോളമൻ ദ്വീപ്
3. വോൾഗ	-	ബ്രിട്ടൻ
4. ഗോഡൽ കനാൽ	-	മിന്നൽ പണിമുടക്ക്

V. ചുരുക്കത്തിൽ ഉത്തരമെഴുതുക:

1. ഒന്നാം ലോകമഹായുദ്ധത്തിന് ശേഷമുള്ള മൂന്ന് സ്വേച്ഛാധിപതികൾ ആരൊക്കെയാണ്?
2. ജർമ്മൻ ജനതയിൽ നിന്ന് ഹിറ്റ്ലർക്ക് പിന്തുണ കിട്ടിയത് എങ്ങനെയാണ്?
3. മത്തു തുറമുഖ സംഭവത്തെക്കുറിച്ച് വിവരിക്കുക?
4. ബെവരിഡ്ജ് അറിയിപ്പിനെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം?
5. ബ്രിട്ടൻ വുഡ്സ് ഇരട്ടകളുടെ പേരെഴുതുക.
6. IMFന്റെ ലക്ഷ്യങ്ങൾ എന്താണ്.

VI. വിശദമായി ഉത്തരമെഴുതുക:

1. രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലങ്ങളെ വിശകലനം ചെയ്യുക.
2. ഐക്യരാഷ്ട്രസഭയുടെ ഘടനയും അതിന്റെ പ്രവർത്തികളുടെയും മൂല്യം നിർണ്ണയിക്കുക.

X Std - History Malayalam Unit-3 .indd 38 3/28/2023 6:54:26 PM

VII. പ്രവർത്തി പരിചയം:

1. സഖ്യശക്തികളെയും അക്ഷശക്തികളേയും കൂടാതെ രണ്ടാം ലോകമഹായുദ്ധത്തിലെ സുപ്രധാന യുദ്ധങ്ങളെയും ലോക ഭൂപടത്തിൽ അടയാളപ്പെടുത്തുക.

VIII. ലോക ഭൂപടത്തിൽ താഴെ കൊടുത്തിട്ടുള്ള നാടുകളെ കുറിക്കുക:

1. അക്ഷശക്തി രാജ്യങ്ങൾ.
2. സഖ്യകക്ഷികൾ രാജ്യങ്ങൾ.
3. ഹിരോഷിമ, നാഗസാക്കി, ഹവായ് ദ്വീപുകൾ, സാൻഫ്രാൻസിസ്കോ, മോസ്കേ.

REFERENCE BOOKS

1. R.D. Cornwell, *World History in the Twentieth Century,* London: Longman, 1972.
2. C.V. Narasimhan, *The United Nations - An Inside View*, New Delhi: Vikas, 1988.
3. *Encyclopaedia Britannica*, Vol. 23 (1962 Edition).
4. Chris Harman, *A People's History of the World* (Delhi: Orient Longman, 2007)



ICT കോർണർ

രണ്ടാം ലോക മഹായുദ്ധം

ഘട്ടങ്ങൾ:

- ബ്രൗസറിനെ തുറന്ന് കീഴെ കൊടുത്ത URL നെ ടൈപ്പ് ചെയ്യുക അല്ലെങ്കിൽ QR കോഡിനെ സ്കാൻ ചെയ്യുക.
- മാപ്പിൽ ക്ലിക്ക് ചെയ്ത് വ്യത്യസ്ഥകാലഘട്ടങ്ങളിൽ നടന്ന പ്രധാന സംഭവങ്ങളെ കാണുക.
- താഴെയുള്ള സമയത്തിൽ നിന്നും ഉദാ: **(Ex. 1939)** തെരെഞ്ഞെടുക്കുക പിന്നീട് രണ്ടാം ലോകമഹാ യുദ്ധത്തിൽ നടന്ന സംഭവങ്ങളെ കുറിച്ച് വിരമായി അറിയുന്നതിന് Screen-ൽ കാണുന്ന ഭൂപടത്തിൽ ഏതെങ്കിലും ഒരു സ്ഥലത്തെ തെരെഞ്ഞെടുക്കുക.

Website URL:
https://www.abmc.gov/sites/default/files/interactive/interactive_files/WW2/index.html

X Std - History Malayalam Unit-3 .indd 39 3/28/2023 6:54:26 PM

യൂണിറ്റ് 4

രണ്ടാം ലോക മഹാ യുദ്ധത്തിനു ശേഷമുള്ള ലോകം



പഠന ലക്ഷ്യങ്ങൾ

താഴെ കൊടുത്തിട്ടുള്ളവയോട് പരിചയപ്പെടൽ

- ചൈനയിലെ കമ്മ്യൂണിസ്റ്റ് വിപ്ലവം.
- ശീതയുദ്ധവും ചേരിചേരാ പ്രസ്ഥാനവും.
- കൊറിയൻ യുദ്ധവും ക്യൂബൻ മിസൈൽ പ്രതിസന്ധിയും.
- അറേബ്യൻ - ഇസ്രയേലിയ യുദ്ധവും വിയറ്റ്നാം യുദ്ധവും.
- യൂറോപ്യൻ സാമ്പത്തിക സമൂഹവും യൂറോപ്യൻ യൂണിയനും.
- ബെർലിൻ മതിലിന്റെ അധഃപതനവും ശീതയുദ്ധത്തിന്റെ അന്ത്യവും.

ആമുഖം

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഒരു പുതിയ യുഗം ആരംഭിച്ചു. ഈ കാലഘട്ടം യൂറോപ്പിലെ കോളനി സാമ്രാജ്യത്തിന്റെ അധഃപതനത്തിനും ഏഷ്യയിലും ആഫ്രിക്കയിലും കോളനികളുടെ സ്വാതന്ത്ര്യത്തിനും ആരംഭമായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിന്റെ ഫലമായി റഷ്യയിൽ കമ്മ്യൂണിസ്റ്റ് വിപ്ലവത്തിന് വഴിയൊരുക്കി. എന്നാൽ രണ്ടാം ലോകമഹായുദ്ധം ചൈനയിലെ കമ്മ്യൂണിസ്റ്റ് വിപ്ലവത്തിന് വലിയ പങ്ക് വഹിച്ചു. അമേരിക്കൻ ഐക്യനാടും ഐക്യസോഷ്യലിസനാടും വൻ ശക്തികളായിമാറിയതോടുകൂടി രണ്ട് എതിർ ധ്രുവങ്ങളായി പിരിഞ്ഞ് നിന്നു. ഈ സാഹചര്യത്തിലുണ്ടായ ശീതയുദ്ധം കൊറിയ, ക്യൂബ, വിയറ്റ്നാം പശ്ചിമ ഏഷ്യ സ്ഥലങ്ങളിൽ തുടങ്ങിയ ഭീകരാക്രമണങ്ങൾ നടക്കാൻ വഴിയൊരുക്കി.

യൂറോപ്പിന്റെ പുനർ നിർമ്മാണത്തിനെ മുൻനിറുത്തിയ മാർഷൽ പദ്ധതിയിൽ അമേരിക്ക വിജയിച്ചു. സോവിയറ്റ് റഷ്യ ഏഷ്യൻ - ആഫ്രിക്കൻ നാടുകളുടെ സ്വതന്ത്രിയ മസരങ്ങൾക്ക് അനുകൂലമായി നിന്നുകൊണ്ട് ആ നാടുകളുടെ സദ്ഗുണങ്ങൾ നേടിയെടുത്തു.

ചേരിചേരാ രാജ്യങ്ങളുടെ സംഘടന രണ്ട് വൻശക്തി രാജ്യങ്ങൾക്കിടയിലുള്ള സംഘർഷം തടയുന്നതിൽ പരിമിതമായ പങ്ക് വഹിച്ചു. അമേരിക്കയുടെ നിയന്ത്രണത്തിൽ നിന്നും പുറത്തു വരുന്നതിന് യൂറോപ്യൻ രാജ്യങ്ങൾ ഒരു കൂട്ടം പ്രവർത്തകരെ മുന്നോട്ട് വച്ചു. ഇത് യൂറോപ്യൻ പൊതുച്ചന്തയിലും പിന്നീട് യൂറോപ്യൻ യൂണിയന്റെ ഇന്നത്തെ നിലയിലേക്കും വികസിച്ചു. ബെർലിൻ മതിൽ തകർക്കപ്പെട്ടതോടുകൂടി ശീതയുദ്ധവും അവസാനിച്ചു.

4.1 ചൈനയിലെ വിപ്ലവം

(a) യുദ്ധത്തിന് മുൻപുള്ള ചൈന

ഒരു നീണ്ട ചരിത്രമുള്ള ചൈന നാഗരീകത യൂറോപ്പിനെക്കാൾ വളരെ മികച്ചതാണ് എന്നാൽ 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ അതിന്റെ വളർച്ച നിലച്ചുപോയി. അതിന്റെ രാജാക്കന്മാരായ മഞ്ചുക്കൾ ചൈനയെ 1650, വർഷത്തോളം ഭരണം നടത്തി. ഭരണാധികാരമെന്നത് വിവേകമുള്ള അധികാരികളായി കരുതപ്പെടുന്ന മാണ്ടറിനുകൾ എന്ന് വിളിക്കപ്പെട്ട ഭൂവുടമകളുടെ വശമായിരുന്നു. സാധാരണ കൃഷിക്കാർക്ക് ഉയർന്ന നികുതി ചുമത്തലും അമിതമായ പാട്ടത്തിന്റെയും കുറഞ്ഞ നിലവും ഉള്ളവരായിരുന്നിനാലും കടുത്ത ദാരിദ്ര്യത്തിന്റെ പിടിയിലായിരുന്നു. എഞ്ചിനീയറിങ് നൈപുണ്യമുള്ള ജോലികൾ നടന്നിരുന്നാലും തൊഴിൽശാലകൾ ആവശ്യമായ തോതിൽ നിർമ്മിക്കപ്പെട്ടില്ല.

രാഷ്ട്രീയ - സാമ്പത്തിക അതൃപ്തി പല സ്ഥലങ്ങളിൽ കർഷകരെ കലാപത്തിനിടയാക്കി.

X Std - History Malayalam Unit-4.indd 40 1/27/2023 10:01:16 AM



തൈപിംഗ് കലാപം

തൈപിംഗ് കലാപം (1850-64) ഒരു പ്രധാന ലഹളയാണ്. ഈ കലാപത്തിൽ ഇരുപതു മില്ല്യൻ ജനങ്ങൾ മരിച്ചു. 1832 ലും 1848 ലും നടന്ന അബിനി യുദ്ധങ്ങളിൽ പരാജയപ്പെട്ട ചൈന ആദ്യമായി പാശ്ചാത്യ സാമ്രാജ്യ ശക്തികൾക്ക് തന്റെ തുറമുഖങ്ങളെ തുറന്നുകൊടുത്തു. ഇതിനാൽ ചൈനയിലെ ജനങ്ങൾ സാമ്പത്തിക ചൂഷണത്തിനും ദാരിദ്ര്യത്തിലും തള്ളപ്പെട്ടു.

യൂറോപ്യരുടെ വരവ് വിദേശികളോട് വലിയ വെറുപ്പ് ഏർപ്പെടുത്താൻ കാരണമായി. ഇതോടു കൂടി യുദ്ധത്തിൽ ഏർപ്പെട്ട പരാചയം പാശ്ചാത്യ വിദ്യാഭ്യാസം നേടിയ ബുദ്ധിജീവികൾക്കിടയിൽ പരിഷ്ക്കാരങ്ങളെ കൊണ്ടുവരുന്നതിന് സമ്മർദ്ദം ചെലുത്തി. 1898-ൽ യുവാവായ ചക്രവർത്തി നൂറുനാളുകൾ പരിഷ്കരണം എന്ന പേരിൽ വരിയായിട്ട് ചില പരിഷ്കാരങ്ങളെ ആരംഭിച്ചു. ഈ പരിഷ്കാരങ്ങൾ യഥാസ്ഥിക ചിന്താഗതിക്കാർക്കും ചക്രവർത്തിയുടെ കാവലാളിയായിരുന്ന മഹാറാണി സൂഹ്സിക്കും കടുത്ത എതിർപ്പുണ്ടാക്കി. മഹാറാണി ചക്രവർത്തിയെ ജയിലിൽ അടച്ച് പരിഷ്കാരങ്ങളെ ദുർബലപ്പെടുത്തുകയും ചെയ്തു.

(b) 1911-ാം ആണ്ടിലെ ചൈനീസ് വിപ്ലവം

മഞ്ചു ഭരണത്തിന്റെ അധഃപതനം 1908-ാമാണ്ട് സാമ്രാജ്യത്തിന്റെ കാവലാളായിരുന്ന മാഹാറാണി ദൊവാഗറിന്റെ മരണത്തോടുകൂടി ആരംഭിച്ചു. പുതിയ ചക്രവർത്തിക്ക് രണ്ട് വയസ്സ് മാത്രം പ്രായമുള്ളതിനാൽ പ്രവിശ്യകളുടെ ഗവർണർമാർ സ്വാതന്ത്ര്യമായി പ്രവർത്തിക്കാനിടയായി. ഉൾനാട്ടിൽ സൈനിക കലാപം 1911-ാമാണ്ട് ഒക്ടോബറിൽ തുടങ്ങി. അതിന്റെ ബാധിപ്പ് പലവിധത്തിൽ വിധത്തിൽ വ്യാപിച്ചു. പ്രവിശ്യകളുടെ ഗവൺമെന്റിന്റെ പ്രാതിനിത്വത്തിനെ തള്ളി തങ്ങൾ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഈ കാലഘട്ടത്തിൽ ഇടത്തരവർഗ്ഗത്തിൽ നിന്നും ചില നേതാക്കന്മാർ രൂപം കൊണ്ടു. അവരിൽ ഒരാൾ ഡോക്ടർ സൺ യാത്-സെൻ ആണ്. ചൈനയിൽ ഏർപ്പെട്ട ഉയർച്ചയെപ്പറ്റി അമേരിക്കൻ പത്രങ്ങൾ മൂലമായിട്ട് മനസ്സിലാക്കിയ ഡോക്ടർ സൺ യാത്-സെൻ ഷാങ്ഹായ് നഗരത്തിൽ വന്നെത്തിയതും അവിടെ അദ്ദേഹം ചൈനീസ് ജനാധിപത്യത്തിന്റെ താല്ക്കാലിക ജനാധിപതിയായി തെരഞ്ഞെടുക്കപ്പെട്ടു. എന്നാൽ മഞ്ചു ഭരണസമിതിയിൽ നേരത്തെ മന്ത്രിമാരായിരുന്ന യുവാൻ ഷി-ക്കായ് വടക്കു ഭാഗം മുഴുവനായും നവീന സൈന്യത്തിന്റെ നിയന്ത്രണം മൂലം തന്റെ പക്കൽ വച്ചിരുന്നു. അദ്ദേഹം ഇളം പ്രായമുള്ള രാജാക്കന്മാർ അധികാരത്തിൽ വരുന്നതിന് കാരണമായിരുന്നവരെ രാജാവിനെക്കൊണ്ട് നിർബന്ധിപ്പിച്ച് പദവിയെ ഉപേക്ഷിച്ചിട്ട് പോകുന്ന ശ്രമത്തിൽ വിജയിച്ചു. അവിടെ ഒരു ജനാധിപത്യം ഏർപ്പെടുത്തി.



ഡോക്ടർ സൺയാത്-സെൻ (1866-1925)

ഒരു പാവപ്പെട്ട കുടുംബത്തിൽ കാന്റൻ നഗരത്തിന്റെ അരുകിൽ ജനിച്ച ഡോക്ടർ സൺയാത്-സെൻ നവീന ചൈനയുടെ പിതാവ് എന്നറിയപ്പെടുന്നു. അദ്ദേഹം ഒരു ക്രിസ്ത്യൻ വിദ്യാലയത്തിൽ പഠിച്ച കാരണത്താൽ ക്രിസ്ത്യാനിയായി മാറി. ഷാങ്ഹായ് നഗരത്തിൽ ഡോക്ടർ പരിശീലനം നേടി രാഷ്ട്രീയത്തിൽ താല്പര്യമുള്ള അദ്ദേഹം 1985-ൽ മഞ്ചുക്കൾക്ക് എതിരായി കലാപം നടത്തി. ആ കലാപം പരാജയപ്പെട്ടതിനാൽ അടുത്ത പതിനാറു വർഷക്കാലം അദ്ദേഹം നാട് കടന്ന് ജീവിക്കേണ്ടിവന്നതായി വന്നു. ഈ കാലഘട്ടത്തിൽ ചൈനക്ക് പുറത്ത് പഠിച്ചുകൊണ്ടിരുന്ന ചൈന വിദ്യാർത്ഥികൾക്കിടയിലും അയൽ നാടുകളിൽ വസിക്കുന്നവർക്കിടയിലും ദേശീയ ബോധം വളർത്താൻ തുടങ്ങി. അദ്ദേഹം 1905-ൽ ടോക്കിയോയിൽ വച്ച് ഒരു രാഷ്ട്രീയ കക്ഷി തുടങ്ങി. 1912-ൽ ഗുവോമിൻഡാങ് എന്ന ജനങ്ങളുടെ ദേശീയ കക്ഷി രൂപീകരിച്ചു. ദേശീയം, ജനനായകം, ജനങ്ങളുടെ ജീവിതരീതി തുടങ്ങിയ മൂന്നാശയങ്ങളെക്കൊണ്ട അദ്ദേഹത്തിന്റെ സിദ്ധാന്തം സോഷ്യലിസ്റ്റ് ആശയങ്ങൾ ഉൾക്കൊണ്ടതായിരുന്നു.

(c) യുവാൻ ഷി-ക്കായും അതിനു ശേഷവും



യുവാൻ-ഷി-ക്കായ്

യുവാൻ ഷി-ക്കായുടെ കീഴിൽ ചൈന നാലുവർഷം ഒത്തൊരുമിപ്പായി നിലനിന്നിരുന്നു. 1916-ാമാണ്ട് അദ്ദേഹത്തിന്റെ മരണത്തിനു ശേഷം അടുത്ത പന്ത്രണ്ടു വർഷത്തേക്ക് ഒരു ജനാധിപതിയെ നിയമിക്കപ്പെട്ടാലും ആ ഗവൺമെന്റ് പേരിന് വേണ്ടി മാത്രമേ നിലനിന്നിരുന്നുള്ളൂ.

X Std - History Malayalam Unit-4.indd 41 1/27/2023 10:01:16 AM



മാവോസേ-തുങ് (1893-1976) തെക്കു കിഴക്കൻ ചൈനയിലുള്ള ഹനാൻ നഗരത്തിൽ മാവോസേ-തുങ് ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് ധനികനായ കർഷകരിൽ ഒരാൾ മാത്രമല്ല മഞ്ചുക്കളുടെ ഭരണ സമ്പ്രദായത്തെ അനുകൂലിച്ച ആളുമാണ്. വായനയിൽ അധികം താല്പര്യമുള്ള മാവോ സേ-തുങ് തന്റെ സാമർത്ഥ്യത്താൽ ഷാങ്ചയിലുള്ള ഒരു ജൂനിയർ കോളേജിൽ ചേർന്നു. അതേ വർഷം (1911) ചൈനയിൽ വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. ഒരു വിപ്ലവ സൈന്യത്തെ രൂപീകരിച്ചെങ്കിലും പെട്ടെന്ന് അതിൽനിന്നും മാറി ചാങ്സിയയിലുള്ള അദ്ധ്യാപക പരിശീലന കോളേജിൽ ചേർന്നു. പിന്നീട് പീക്കിങ്ങ് സന്ദർശിക്കുകയും പീക്കിങ്ങ് സർവ്വകലാശാലയിൽ അസിസ്റ്റന്റ് ലൈബ്രേറിയനായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. അതിനെ തുടർന്ന് മാവോ തന്റെ പൂർണ്ണമായ രാഷ്ട്രീയ പ്രവർത്തനങ്ങളെ മാനിച്ച് ഒരു ശക്തമായ കമ്മ്യൂണിസ്റ്റായി ഉയർന്നു.

(d) ചൈനയിലെ കമ്മ്യൂണിസ്റ്റ് കക്ഷി

വിപ്ലവവും അതോടു ചേർന്ന ചൈനയിലെ പഴയ സമൂഹത്തിന്റെ തകർച്ചക്കും ശേഷം കൺഫ്യൂഷ്യസിന്റെ അഭിപ്രായങ്ങൾ പുറംതള്ളപ്പെട്ട് 1917-ൽ തുടങ്ങിയ റഷ്യൻ വിപ്ലവത്തോട് മാർക്സ്, ലെനിൻ തുടങ്ങിയവരുടെ ആശയങ്ങൾക്ക് ബുദ്ധിജീവികളുടെ ഇടയിൽ പ്രശസ്തി ലഭിച്ചു. മാർസിസത്തെ പഠിക്കുന്നതിനു വേണ്ടി പീക്കിങ്ങ് സർവ്വകലാശാലയിൽ ഒരു സംഘടന രൂപീകരിക്കപ്പെട്ടു. ഈ സംഘടനയാൽ നടത്തപ്പെട്ട യോഗങ്ങളിൽ പങ്കെടുത്തവരിൽ ഒരാൾ **മാവോ-സേ-തുങ്** ആണ്.

ഗുവോമിൻഡാങും ചിയാങ്-കെയ്-ഷെക്കും



ചിയാങ്-കെയ്-ഷെക്

സൺ-യാത്-സെന്റെ മരണശേഷം ഗുവോമിൻഡാങ്. കമ്മ്യൂണിസ്റ്റ് രീതിയിൽ സംഘടിപ്പിക്കാൻ ആഗ്രഹിച്ചപ്പോഴും അത് പൂർണ്ണമായും കമ്മ്യൂണിസ്റ്റ് നയങ്ങളാൽ സ്പഷ്ടമായിരുന്നില്ല. ചിയാങ്-കെയ്-ഷെക് ഗുവോമിൻഡന്റെ നേതാവായും, സൂ-യെൻ-ലായും മാവോ-സേ-തുങും കമ്മ്യൂണിസ്റ്റ് കക്ഷിയുടെ നേതാവുമായിരുന്നു. തീവ്ര കമ്മ്യൂണിസ്റ്റ് വിമർശകനായ ചിയാങ് തന്റെ പാർട്ടിയിലുള്ള കമ്മ്യൂണിസ്റ്റുകളെ യഥാസ്ഥാനത്തുനിന്നും മാറ്റി. കമ്മ്യൂണിസ്റ്റുകളുടെ സ്വാധീനം ഉയരാൻ തുടങ്ങി. അവർ തൊഴിലാളികളെയും കർഷകരെയും തങ്ങളുടെ സൈന്യത്തിൽ വൻതോതിൽ നിയമിക്കാനുള്ള സാഹചര്യം ഏർപ്പെട്ടു.

1928-ൽ വിജയകരമായി പീക്കിംങ്ങ് നഗരത്തെ കൈപ്പറ്റി വീണ്ടും ചൈനയിൽ ഒരു കേന്ദ്ര ഗവൺമെന്റ് രൂപം കൊണ്ടു.

കർഷകരെ നയിച്ച മാവോ

ഗുവോമിൻഡാങ്ങിന്റെ നേതൃത്വം നഗരങ്ങളിൽ തീവ്രമായിരുന്നതിനെ മനസ്സിലാക്കിയ മാവോ കർഷകരെ ഒരുമിപ്പിക്കുന്നതിൽ ശ്രമം തുടങ്ങി. ഗുവോമിൻഡാങ്ങിനും കമ്മ്യൂണിസ്റ്റ് കക്ഷികൾക്കുമിടയിലുണ്ടായിരുന്ന ബന്ധം അവസാനിച്ചതും മാവോയുടെ നേതൃത്വത്തിൽ ചില നൂറു കർഷകർ കാടുകൾ നിറഞ്ഞ മലമ്പ്രദേശങ്ങളിൽ ഏഴുവർഷത്തോളം പതുങ്ങിയിരുന്നു. ഗുവോമിൻഡാങ്ങിനാൽ ആ കാട്ടു മലമ്പ്രദേശങ്ങളിൽ ചെല്ലാൻ കഴിഞ്ഞില്ല. അതേ സമയത്ത് മാവോ സൈന്യം വർദ്ധിച്ചു കൊണ്ടേ പോയി. ഇവരെ നശിപ്പിക്കാൻ ശ്രമിച്ചപ്പോൾ ചിയാങ്-കെയ്-ഷെകിന് ജപ്പാനിലിരുന്നും മറ്റു പല സൈനിക മേധാവികളിലിരുന്നും ഭീഷണി നേരിടേണ്ടിയിരുന്നതിനാൽ അവരുടെ വേഗം കുറഞ്ഞു.

1934-ലെ നീണ്ടയാത്ര



മാവോയുടെ നീണ്ടയാത്ര

ചിയാങ്-കെയ്-ഷെക് കമ്മ്യൂണിസ്റ്റുകളെ വളഞ്ഞാക്രമിക്കുന്ന വിധത്തിൽ പല സ്ഥലത്തും സാഹചര്യങ്ങൾ സൃഷ്ടിച്ചു. മാവോയും ഹനാൻ പ്രദേശത്ത് നിന്നും മാറി ഭദ്രമായ ഒരു സ്ഥലത്ത് ചെല്ലാൻ തീരുമാനിച്ചു. ഏകദേശം 1933-ാമാണ്ട് ചൈനീസ് കമ്മ്യൂണിസ്റ്റ് കക്ഷിയുടെ മുഴുവൻ നിയന്ത്രണവും മാവോയുടെ വശം വന്നു ചേർന്നു. ഒരു നീണ്ട യാത്രയെ മുൻനിറുത്തി 100000 കമ്മ്യൂണിസ്റ്റ് സൈനികർ 1934-ൽ പുറപ്പെട്ടു. ആ യാത്ര ഒരു ശകാപ്തമായി മാറി. ഈ യാത്രയിൽ പങ്കെടുത്തവർ തുടർന്ന് ഗുവോങ്ഡാങ് സൈന്യത്താലും മറ്റ് സൈന്യങ്ങളുടെ മേധാവികളാലും, കാട്ടുവാസികളുടെ എതിർപ്പിനാലും, വലിയ ബുദ്ധിമുട്ടും ഭീഷണിയും നേരിടേണ്ടി വന്നു. ഇപ്രകാരം പുറപ്പെട്ട 1,00,000 പേരിൽ വെറും 20,000 പേർ മാത്രം 1935 ന്റെ അവസാന ഘട്ടത്തിൽ 6000 മൈലുകൾ കടന്ന് ഷേനി പ്രദേശത്തിൽ എത്തിച്ചേർന്നു. അതിനെത്തുടർന്ന് അവരോട് മറ്റ് കമ്മ്യൂണിസ്റ്റ് സൈന്യങ്ങളും എത്തിച്ചേർന്നു. 1937-ാമാണ്ട് ഏകദേശം ഒരു കോടി ജനങ്ങളുടെ നേതാവായി മാവോ അംഗീകരിക്കപ്പെട്ടു.

X Std - History Malayalam Unit-4.indd 42 1/27/2023 10:01:16 AM

ജാപ്പനീസ് അധിനിവേശം

കൊറിയയിൽ ആധിപത്യം സ്ഥാപിക്കാനുള്ള ജപ്പാന്റെ മോഹം ദുർബലവും പിന്നോക്കവുമുള്ള ചൈനയെ ആക്രമിക്കാൻ കാരണമായി. വടക്കൻ ചൈനയെ തുർച്ചയായി ആക്രമിച്ചു വന്ന ജപ്പാൻ മഞ്ചൂറിയയെ തന്റെ സൈന്യത്താവളത്തിനായി ഉപയോഗിച്ചു. മാവോ ജപ്പാനെതിരായി യുദ്ധം ചെയ്തപ്പോൾ ചിയാങ്-കെയ്-ഷെക് ഇതാവശ്യമെന്നും അദ്ദേഹം ഗുവോമിൻഡാങുമായി കുറച്ചു കാലമെങ്കിലും നിയന്ത്രണം കൊണ്ടിരിക്കുന്നത് ആവശ്യമെന്നും ചിന്തിച്ചു. ഇത്തരം ചിന്തകൾ കമ്മ്യൂണിസ്റ്റുകളിന്മേലുള്ള ആക്രമണം ചെറുതായി കുറഞ്ഞു. അതേസമയം ജപ്പാനെതിരായി ശക്തമായ പ്രതികരണമുണ്ടായി. എന്നാലും ജപ്പാൻ ചൈനയുടെ കിഴക്കൻ പ്രദേശത്തെ ഗുവോമിൻഡാങ് സൈന്യം ക്ഷയിപ്പിച്ചതിനാൽ പൂർണ്ണമായും പിടിച്ചെടുക്കാൻ സാധിച്ചു.

കമ്മ്യൂണിസ്റ്റുകളുടെ വിജയം

ജപ്പാൻ കീഴടക്കുന്നതായി അറിയച്ച 1945-ാമാണ്ട് കമ്മ്യൂണിസ്റ്റുകളും ഗുവോമിൻഡാങ് കക്ഷിയും മത്സരം വച്ചുകൊണ്ട് ജപ്പാന്റെ പ്രദേശങ്ങളെ ആക്രമിക്കാൻ തുടങ്ങി. ഈ മത്സരത്തിൽ ഗുവോമിൻഡാങ് വിജയം പ്രാപിച്ചു. ജപ്പാന്റെ നഗരങ്ങളും റെയിൽവേ ഗതാഗതവും അതിന്റെ നിയന്ത്രണത്തിൽ വന്നു. അമേരിക്ക ഐക്യനാട് സൈനിക രീതിയിൽ സഹായിച്ചതിനാൽ ചിയാങ്-കെയ്-ഷെകിന്റെ സൈന്യങ്ങൾ പീക്കിങ്ങന് ചുറ്റിലുമുള്ള പ്രദേശങ്ങളെ തങ്ങളുടെ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവന്നു.

അമേരിക്കൻ ഐക്യനാടിന്റെ വലിയ പിന്തുണയോടെ ഗുവോമിൻഡാങ് ഗവൺമെന്റ് നിർവ്വഹണം, തുറമുഖങ്ങൾ, വാർത്താവിനിമയം മുതലായവയെ തൻവശപ്പെടുത്തി. എന്നാൽ അനേകം കർഷകരെ ക്കൊണ്ട യുദ്ധവീരന്മാരുടെ പ്രതീക്ഷകളെ പൂർത്തീകരിക്കാത്തതിനാൽ അവർ അസംതൃപ്തരായി. ഇടത്തരം വർഗ്ഗത്തിന്റെ സഹായം കിട്ടുന്നതിന് മാവോ തീവ്രമായി ശ്രമിച്ചു. എന്നാൽ കമ്മ്യൂണിസ്റ്റുകൾ ജനനായകമാണ് ആഗ്രഹിക്കുന്നതെന്നും സേച്ഛാധിപത്യമല്ല എന്നും, ചൂഷണത്തിനെ അവസാനിപ്പിക്കാൻ വേണ്ടിയാണെന്നും മുഴുവൻ സമത്വത്തിനും വേണ്ടിയല്ല എന്നും പ്രഖ്യാപിച്ചു.

ദേശീയ ജനങ്ങളുടെ കോൺഗ്രസ്സ്

1949 സെപ്റ്റംബറിൽ തർക്കം അവസാനിക്കുന്നതിന് മുമ്പ് രാഷ്ട്രീയ സമ്മേളനം നടത്തുന്നതിന് വേണ്ടി ജനങ്ങൾ പീക്കിങ്ങ് നഗരത്തിൽ കൂടി. കമ്മ്യൂണിസ്റ്റ് കക്ഷിയിൽ നിന്നും മറ്റു ഇടതുപക്ഷ സംഘടനകളിൽ നിന്നും 650-ൽ അധികം പ്രതിനിധികൾ പങ്കെടുത്ത ഈ സമ്മേളനം കേന്ദ്ര ഭരണ സമിതിയെ തെരഞ്ഞെടുത്ത് അതിന്റെ നേതാവായി മാവോ-സേ-തുങ്ങിനെ നിയമിച്ചു.

മാവോസേ-തൂങ്ങിന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട ചൈന ജനാധിപത്യ ഭരണത്തിന്റെ പ്രവർത്തനങ്ങളെ ലോകരാജ്യങ്ങൾ ശ്രദ്ധിക്കാനിടയായി. ലോകത്തിലെ രണ്ട് വലിയ ശക്തികളായ സോവിയറ്റ് റഷ്യയും ചൈനീസ് ജനാധിപത്യവും രൂപം കൊണ്ടു.

ഐക്യരാഷ്ട്രസഭയിൽ അംഗത്വം നിരസിക്കൽ

അമേരിക്കൻ ഐക്യനാട് ഏകദേശം ഇരുപത് വർഷക്കാലം ജനാധിപത്യത്തെ അംഗീകരിച്ചില്ല. നേരെ മറിച്ച് തൈവാനിലെ (ഫാർമോസ) ചിയാങ്-കെയ്-ഷെക് സർക്കാരിന് അമേരിക്കയുടെ സമ്മർദ്ദം മൂലം അംഗീകാരം ലഭിച്ചു.

4.2 ശീതയുദ്ധം: അമേരിക്കൻ ഐക്യനാടിനും സോവിയറ്റ് യൂണിയനും

1. കമ്മ്യൂണിസത്തെ നിയന്ത്രിക്കുന്ന ട്രൂമന്റെ നയം


ട്രൂമൻ

കിഴക്കൻ യൂറോപ്പിൽ നാസികളുടെ നിയന്ത്രണത്തിൽ നിന്നും മോചിപ്പിച്ച രാജ്യങ്ങളിൽ സോവിയറ്റ് സൈന്യത്താൽ 1948-മുതൽ കമ്മ്യൂണിസ്റ്റ് സർക്കാർ ഏർപ്പെടുത്തപ്പെട്ടു. ഇത് സോവിയറ്റിന്റെ നിരന്തര ആധിപത്യത്തിന് വഴിയൊരുക്കുമോ എന്ന് അമേരിക്കയും ബ്രിട്ടനും ഭയന്നു. അമേരിക്കൻ ഐക്യനാടിന്റെ ജനാധിപതിയായ ഭൂമൻ കമ്മ്യൂണിസത്തിനെ നിയന്ത്രിക്കുന്നതിന് ഒരു നിർദ്ദേശം ഉന്നയിച്ചു. എന്നിരുന്നാലും സോവിയറ്റുകാർ കിഴക്കൻ യൂറോപ്പിൽ മാത്രമല്ല ലോക വ്യാപകമായി കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുന്നതിൽ താല്പര്യം കാണിച്ചിരുന്നു.

ശീതയുദ്ധം

രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം അമേരിക്കയും സോവിയറ്റ് റഷ്യയും അവരുടെ സഖ്യകക്ഷികളും തമ്മിലുണ്ടായ വൈരുദ്ധ്യങ്ങൾ പിരിമുറുക്കം സൃഷ്ടിച്ചത് കാരണം ശീതയുദ്ധം എന്ന് വിളിക്കപ്പെടുന്നു. അവ നേരിട്ട് ആയുധങ്ങൾ കൊണ്ട് ആക്രമണം നടത്തുന്നതിന് പകരം രാഷ്ട്രീയവും സാമ്പത്തിക പ്രത്യയശാസ്ത്ര മുന്നണികൾക്കെതിരെ യുദ്ധം ചെയ്തു.

2. മാർഷൽ പദ്ധതി

പശ്ചിമ യൂറോപ്യൻ രാജ്യങ്ങളെ തന്റെ സ്വാധീനത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി അമേരിക്കൻ ഐക്യനാട് മാർഷൽ പദ്ധതി കൊണ്ടുവന്നു. ഈ പദ്ധതി രണ്ടാം ലോകമഹായുദ്ധത്തിന്റെ ബാധിപ്പുകളിൽ നിന്നും രക്ഷ പ്രാപിക്കുന്നതിന് അമേരിക്കൻ ഡോളറുകളെ ഉപയോഗിക്കാൻ വഴിയൊരുക്കി.

X Std - History Malayalam Unit-4.indd 43 1/27/2023 10:01:17 AM



ജോർജ് സി മാർഷൽ

രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ഏർപ്പെട്ട ദാരിദ്ര്യം, തൊഴിലില്ലായ്മ, കുടിയേറ്റം തുടങ്ങിയ പ്രശ്നങ്ങൾ പശ്ചിമ യൂറോപ്യൻ കമ്മ്യൂണിസം വളരാൻ കാരണമായി. അമേരിക്കൻ ഐക്യനാടിന്റെ സെക്രട്ടറി ജോർജ്ജ് സി മാർഷൽ യൂറോപ്പിന്റെ സ്വയം മുന്നേറ്റ ശ്രമത്തിന് തന്റെ നാട് ധനസഹായം നല്കുമെന്ന് അറിയിച്ചു. പതിനാറു നാടുകൾക്ക് ഈ പദ്ധതിമൂലം ഫലമുണ്ടായി. യുണൈറ്റഡ് സ്റ്റേറ്റ്സ് എക്കണോമിക് കോ-ഓപ്പറേഷൻ അഡ്മിനിസ്ട്രേഷന്റെ കീഴിൽ ഭരണ സാങ്കേതിക സഹായകമാണ് നല്കിയിരുന്നത്. യൂറോപ്യൻ നാടുകൾ 13 മില്യൻ ഡോളറുകൾ എന്ന അളവിൽ ഭക്ഷണ സാധനങ്ങൾ മുതലായവയെ സ്വീകരിച്ചുകൊണ്ട് ഇത് യൂറോപ്പിന്റെ തൊഴിൽ വളർച്ചയ്ക്കുള്ള നിക്ഷേപമായി കരുതി. ധനസഹായംനല്കുംമാർഷലിന്റെപദ്ധതി1951-ൽ അവസാനിച്ചു.

4.3 സൈനീക സഖ്യങ്ങളുടെ രൂപീകരണം

(a) നേറ്റൊ (NATO)



അമേരിക്കൻ ഐക്യനാടും അതിന്റെ യൂറോപ്യൻ സഖ്യശക്തികളും ചേർന്ന് വടക്കൻ അറ്റ്ലാന്റിക് ഉടമ്പടി രൂപീകരിച്ചു. 1949-ൽ സോവിയറ്റ് ആക്രമണത്തെ ചെറുക്കുന്നതിന് വടക്കൻ അറ്റ്ലാന്റിക് ട്രീറ്റി ഓർഗനൈസേഷൻ (NATO) രൂപീകരിച്ചു. വടക്കേ അമേരിക്കയിലും യൂറോപ്പിലും രാജ്യങ്ങൾ തമ്മിലുള്ള അന്തർ - സംസ്ഥാന സൈനിക സഖ്യമായിരുന്നു അത്. ഇതിന്റെ അംഗരാജ്യങ്ങൾ കാനഡ, ബെൽജിയം, ടെൻമാർക്ക്, ഫ്രാൻസ്, ഐസ്ലാന്റ്, ഇറ്റലി, നെതർലാന്റ്, നോർവെ, ലക്സംബർഗ്, പോർച്ചുഗൽ, ഇംഗ്ലണ്ട് തുടങ്ങിയവയാണ്. 1952-ൽ തുർക്കിയും, ഗ്രീസും, 1955-ൽ ജർമ്മനിയും ഈ ഉടമ്പടിയിൽ ചേർന്നു. വടക്കൻ അറ്റ്ലാന്റിക് പ്രദേശത്ത് സമാധാനവും സുരക്ഷയും ഉറപ്പാക്കാനാണ് നാറ്റോ ഉടമ്പടിയുടെ പ്രധാന ഉദ്ദേശ്യം.

(b) സീറ്റോ (SEATO) അല്ലെങ്കിൽ മനീല ഉടമ്പടി

തെക്കുകിഴക്കൻ ഏഷ്യയിലെ രാജ്യങ്ങളുടെ കൂട്ടായ സുരക്ഷക്കായി തെക്കുകിഴക്കൻ ഏഷ്യൻ ഉടമ്പടി (SEATO) സംഘടിപ്പിച്ചു. അമേരിക്കൻ ഐക്യനാട്, ഫ്രാൻസ്, ഇംഗ്ലണ്ട്, ന്യൂസിലാന്റ്, ഓസ്ട്രേലിയ, ഫിലിപൈൻസ്, തായ്ലാന്റ്, പാകിസ്ഥാൻ തുടങ്ങിയ രാജ്യങ്ങൾ മനീല ഉടമ്പടിയിൽ (1954) ഒപ്പു വച്ചു. ഈ മേഖലയിൽ കമ്മ്യൂണിസത്തെ തുരത്തുന്നതിൽ സീറ്റോയുടെ (SEATO) അംഗരാജ്യങ്ങൾ പ്രതിജ്ഞാബദ്ധരാണ്. എന്നാൽ നേറ്റാ സഖ്യത്തിൽ ഉള്ളതുപോലെ നിരന്തര സൈന്യങ്ങളോ സംയുക്ത നിയന്ത്രണങ്ങളോ സീറ്റോക്കില്ലായിരുന്നു.

(c) വാർസാ ഉടമ്പടി



നാറ്റോയ്ക്ക് എതിരായി സോവിയറ്റ് യൂണിയൻ തന്റെ പിൻതുണയുള്ള രാജ്യങ്ങളുമായി രൂപീകരിച്ചതാണ് വാർസാ ഉടമ്പടി. അൽബേനിയ, ബൽഗേറിയ, ഹങ്കേറി, ചെക്കോസ്ലോവേക്കിയ, കിഴക്കൻ ജർമ്മനി, പോളണ്ട്, റുമേനിയ, റഷ്യ തുടങ്ങിയ എട്ട് യൂറോപ്യൻ രാജ്യങ്ങൾ ചേർന്ന് മോസ്കോയിൽ കൂടി ഒരു സമ്മേളനം നടത്തി. ഇവർ വീണ്ടും 1955 മേയ് 14-ാം തിയതി ഒരുമിച്ച് കൂടി ഒരു ഉടമ്പടി ഏർപ്പെടുത്തി. ഇതിനെ വാർസാ ഉടമ്പടി എന്നു പറയുന്നു. ഈ രാജ്യങ്ങൾ മോസ്കോയെ തലസ്ഥാനമാക്കിക്കൊണ്ട് ഒരു സംയുക്ത അധികാരമുള്ള സൈന്യത്തെ രൂപീകരിച്ചു. 1991-ൽ സോവിയറ്റ് റഷ്യയുടെ തകർച്ചയെ തുടർന്ന് വാർസാ ഉടമ്പടി അവസാനിച്ചു.

(d) സെൻറ്റൊ (CENTO) അല്ലെങ്കിൽ ബാഗ്ദാദ് ഉടമ്പടി

1955-ൽ തുർക്കി, ഇറാക്ക്, ഗ്രേറ്റ് ബ്രിട്ടൺ, പാകിസ്ഥാൻ എന്നീ രാജ്യങ്ങൾ ചേർന്ന് ഒരു ഉടമ്പടിയിൽ ഒപ്പുവച്ചു. ഇതിനെ ബാഗ്ദാസ് ഉടമ്പടി എന്നു പറയുന്നു. 1958-ൽ അമേരിക്കൻ ഐക്യനാട് ഈ ഉടമ്പടിയിൽ ചേർന്നതിനുശേഷം ഇതിനെ മദ്ധ്യ ഉടമ്പടി സംഘടന (CENTO) എന്ന പേരിൽ അറിയപ്പെട്ടു. സമാധാനവും സുരക്ഷയും ആഗ്രഹിക്കുന്ന എല്ലാ അറേബ്യൻ രാജ്യങ്ങൾക്കും ഈ ഉടമ്പടി തുറന്നിരിക്കുന്നതായി അറിയിക്കപ്പെട്ടെങ്കിലും ഈ ഉടമ്പടി 1979-ൽ പിരിച്ചുവിട്ടു.

4.4 കൊറിയൻ യുദ്ധം

കൊറിയൻ യുദ്ധം ശീതയുദ്ധത്തിനെ കൂടുതൽ ഊഷ്മളമാക്കി. കൊറിയൻ രാജ്യം വടക്ക്, തെക്ക് എന്ന് രണ്ടായി 1945-ൽ പിരിക്കപ്പെട്ടതിനുശേഷം രൂപം കൊണ്ട രണ്ട് രാജ്യങ്ങളും പുനർ ഏകീകരണത്തെക്കുറിച്ച് തറപ്പിച്ച് പറഞ്ഞാലും

X Std - History Malayalam Unit-4.indd 44 1/27/2023 10:01:17 AM

അപ്രകാരം ഏകീകരിക്കപ്പെട്ട ശേഷം രൂപീകരിക്കപ്പെടുന്ന നാട്ടിന് നാമാണ് നിയമപരമായി ഭരണം നടത്താൻ അവകാശമുള്ളവർ എന്ന് വാദിച്ചു. വടക്കൻ കൊറിയയുടെ ജനാധിപതിയായ കിം രണ്ടാമൻ (കൊറിയ ജനങ്ങളുടെ ജനനായകം) തെക്കൻ പ്രദേശത്തിന്റെ ശത്രുവായി കരുതിയ സിംഗ്മാൻ റീക്ക് (കൊറിയ ജനനായകം) ഒരു സാഹചര്യം കിട്ടുന്നതിന് മുൻപെ പ്രവർത്തിക്കാൻ തീരുമാനിച്ചു. സ്റ്റാലിന്റെ പശ്ചാത്തലത്തിൽ 1950, ജൂൺ മാസത്തിൽ ആക്രമണം തുടങ്ങുകയും കിമും സ്റ്റാലിനും ഈ പ്രശ്നത്തിൽ അമേരിക്കൻ ഐക്യനാട് ഇടപെടുമെന്ന് പ്രതീക്ഷിച്ചില്ല. ഈ യുദ്ധം മൂന്നാം വർഷം നീണ്ടു നിന്നു. ഈ യുദ്ധത്തിൽ മരിച്ചവരുടെ എണ്ണം നിർണ്ണയിക്കാൻ കഴിഞ്ഞില്ല. ഇതിനാൽ കൊറിയൻ ജനങ്ങൾക്ക് ഒരു ഫലവും ഉണ്ടായിരുന്നില്ല.



കൊറിയൻ യുദ്ധം

മൂന്നാം ലോക രാജ്യങ്ങൾ

അമേരിക്കൻ ഐക്യനാട്ടിന്റെ നേതൃത്വത്തിൽ കൂടിയ മുതലാളിത്ത രാജ്യങ്ങൾ ലോക രാഷ്ട്രീയത്തിൽ ഒന്നാം ലോക രാജ്യങ്ങളെന്നും സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിൽ കൂടിയ കമ്യൂണിസ്റ്റ് രാജ്യങ്ങൾ എന്നും വിളിക്കപ്പെട്ടു. ഈ രണ്ടു വിഭാഗത്തിലും ചേരാത്ത രാജ്യങ്ങളെ മൂന്നാം ലോക രാജ്യങ്ങൾ എന്നും വിളിക്കപ്പെട്ടു.

4.5 ചേരിചേരാ പ്രസ്ഥാനം

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഏർപ്പെട്ട കോളനി ആധിപത്യം കുടിയിറക്കത്തിന്റെ പശ്ചാത്തലത്തിൽ ചേരിചേരാ പ്രസ്ഥാനം (NAM) രൂപം കൊണ്ടു. പുതുതായി രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിച്ച ഏഷ്യാ ആഫ്രിക്കൻ നാടുകൾ 1955-ൽ ബന്ദുംഗിൽ (ഇൻഡോനേഷ്യ) കൂടി രണ്ടു വൻശക്തികളിലും ചേരാൻ പാടില്ലെന്ന് ശക്തമായി പറഞ്ഞു. കൂടാതെ കോളനി ആധിപത്യവും സാമ്രാജ്യത്വവും ഏത് രൂപം പ്രാപിച്ചാലും അതിനെ എതിർത്തു നില്ക്കണമെന്നും തീരുമാനിച്ചു.

1961-ൽ ഡിടൊ (യൂക്കോസ്ലോവാക്യ) നാസർ (ഈജിപ്ത്) നെഹ്റു (ഇന്ത്യ), നുക്രുമ (ഗാന) സുഗർണൊ (ഇന്തോനേഷ്യ) തുടങ്ങിയ നേതാക്കന്മാരുടെ നേതൃത്വത്തിൽ ബെൽഗ്രേജിൽ വച്ച് ഒരു സമ്മേളനം നടത്തി. ബെൽഗ്രേഡ് സമ്മേളനത്തിൽ പുറത്തിറക്കിയ പ്രസ്ഥാവനയിൽ പറഞ്ഞിട്ടുള്ള അടിസ്ഥാന തത്വങ്ങൾ: സമാധാനത്തോട് ഒത്തുചേരൽ, സമാധാനത്തിനും സുരക്ഷക്കും വേണ്ടി പ്രയത്നിക്കൽ, യാതൊരു നാടിനോടും സൈനിക രീതിയിൽ ബന്ധം പുലർത്താതിരിക്കൽ, യാതൊരു വൻ ശക്തി രാജ്യത്തിനും തങ്ങളുടെ നാട്ടിനകത്ത് സൈനിക അടിത്തറയുണ്ടാക്കാൻ അനുമതി കൊടുക്കാതിരിക്കൽ മുതലായവയാണ്. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷം ചേരിചേരാ പ്രസ്ഥാനത്തിന്റെ ആശയം നഷ്ടമായി.



ആദ്യ ഉച്ചകോടി സമ്മേളനം, ബെൽഗ്രേഡ്

4.6 ക്യൂബൻ വിപ്ലവം



ഫിദൽ കാസ്ട്രോ

അമേരിക്കൻ ഐക്യനാട് മദ്ധ്യ അമേരിക്കയിലും (ഹോണ്ഡുറസ്, എൽ സൽവഡോർ, നിഗരഗുവ, പനാമ ഗുവാത്മാല) കരീബിയൻ പ്രദേശങ്ങളിലും (ക്യൂബ, ഡൊമിനിയൻ ജനാധിപത്യം, ഹൈതി) കിഴക്കൻ ഏഷ്യയിലും (ഫിലിപൈൻസ്, തെക്കൻ കൊറിയ, തെക്കൻ വിയറ്റ്നാം, തായ്ലാന്റ്) തനിക്ക് ഉപഗ്രഹങ്ങളെപ്പോലെ ചുറ്റി സഞ്ചരിക്കും നാടുകളെക്കൊണ്ടിരുന്നു. ഈ നാടുകൾ സൈനിക മേധാവികളാലും ഭൂ പ്രഭുക്കന്മാരാലും, ചില സാഹചര്യങ്ങളിൽ ഉൾനാടൻ മുതലാളികളാലും ഭരണം നടത്തി വന്നിരുന്നു.

കാസ്ട്രൊ അധികാരമേറ്റ ശേഷം ക്യൂബയിലുള്ള അമേരിക്കൻ ഐക്യനാടിന് സ്വന്തമായ എണ്ണ ശുദ്ധീകരിപ്പ് നിലയങ്ങൾ റഷ്യയിൽ നിന്നും ഇറക്കുമതി ചെയ്യപ്പെട്ട എണ്ണകളെ ശുദ്ധീകരിക്കുന്നതിന് വിസ്സമ്മതിച്ചു. ആയതിനാൽ കാസ്ട്രൊ എണ്ണക്കമ്പനികളെ ദേശസാൽക്കരിച്ചു. അതിന് പ്രതികരണമായി അമേരിക്കൻ ഐക്യനാട് അതുവരെ ക്യൂബയിൽ നിന്നും മൊത്തമായി പഞ്ചസാര വാങ്ങുന്നതിനെ നിറുത്തി വച്ചു. കാസ്ട്രൊ നാട്ടിലുള്ള അമേരിക്കൻ ഐക്യനാട്ടിന് സ്വന്തമായ പഞ്ചസാര കമ്പനികളെ ദേശസാൽക്കരിച്ചതു മൂലം വൈദ്യുതി

X Std - History Malayalam Unit-4.indd 45 1/27/2023 10:01:17 AM

വിതരണത്തിലും, ടെലിഫോൺ സേവനങ്ങൾ നല്കുന്നതിലും ഉള്ള അമേരിക്കയുടെ കുത്തകാവകാശങ്ങളെ അവസാനിപ്പിച്ചു. ഇവയെല്ലാം അമേരിക്കൻ സാമ്പത്തികത്തിന് ഭീഷണിയായി മാറി.

ക്യൂബൻ മിസൈൽ പ്രതിസന്ധി

ക്യൂബയിൽ നിന്നും പുറത്താക്കപ്പെട്ട ജനങ്ങളെക്കൊണ്ട ഒരു സൈന്യത്തിനെ പിഗ്സ് ദ്വീപിൽ 1961, ഏപ്രിൽ മാസത്തിൽ ഇറക്കിയ അതേസമയത്ത് കാസ്ട്രോയുടെ ഭരണത്തെ അവസാനിപ്പിക്കും ലക്ഷ്യത്തിൽ അതിന്റെ വിമാനത്താവളങ്ങളെ അമേരിക്ക ബോംബിട്ട് തകർത്തു. അമേരിക്കയുടെ യുദ്ധക്കപ്പലുകൾ ക്യൂബയെ ചുറ്റി വളഞ്ഞു. സോവിയറ്റ് റഷ്യ (USSR) ക്യൂബയിൽ രഹസ്യമായി ആണവ മിസൈലുകൾ സ്ഥാപിക്കുന്നതിനായി കെന്നഡിയുടെ നേതൃത്വത്തിലുള്ള അമേരിക്കൻ സർക്കാരിന് രഹസ്യാന്വേഷണ വിഭാഗത്തിന് വിവരം അറിയിച്ചു. അവസാനമായി സോവിയറ്റ് പ്രസിഡന്റ് ക്രൂഷ്ചേവ് മിസൈൽ വിക്ഷേപണത്തെ പിൻവലിക്കാൻ തയ്യാറായതിനാൽ പ്രശ്നത്തിന് പരിഹാരമുണ്ടായി.



ക്യൂബൻ മിസൈൽ പ്രതിസന്ധി

കൂടാതെ ഇരു പക്ഷവും ഒരു കരാർ ഉണ്ടാക്കാൻ സമ്മതിച്ചു. അതനുസരിച്ച് അമേരിക്ക ക്യൂബയുടെ മേൽ ഒരിക്കലും യുദ്ധം ചെയ്യുകയില്ല എന്ന വാഗ്ദാനം നല്കിയതിനാൽ സോവിയറ്റ് യൂണിയൻ മിസൈലുകളെ ക്യൂബയിൽ നിന്നും അകറ്റി. അമേരിക്കയും രഹസ്യമായി തുർക്കിയിലും, ഇറ്റലിയിലും സ്ഥാപിച്ചിരുന്ന ആണവ മിസൈലുകളെ അകറ്റുന്നതായി സമ്മതിച്ചു.

4.7 അറേബ്യ - ഇസ്രായേൽ യുദ്ധം

വെർസെയിൽസ് ഉടമ്പടി പ്രകാരം (1919) തുർക്കിയിൽ അറേബ്യൻ സാമ്രാജ്യം നിർമ്മിക്കാൻ നിർബന്ധിതമായി. 'ഫ്രാൻസിനെ' സിറിയയേയും ലെബനാനേയും സമന്വയിപ്പിക്കുന്നതിനും, 'ബ്രിട്ടനെ', ഇറാക്ക്, പാലസ്തീൻ, ജോർദാൻ തുടങ്ങിയവയെ സമന്വയിപ്പിക്കുന്നതിനും ഏല്പിച്ചു. ഒന്നാം ലോകമഹായുദ്ധത്തിന് ശേഷം സ്വാതന്ത്ര്യത്തിനെ പ്രതീക്ഷിച്ച അറേബിയക്കാർ ഈ വേർപാടുകളാൽ ഞെട്ടിപ്പോയി. പാലസ്തീൻ പ്രദേശങ്ങളെ യഹൂദ കുടിയേറ്റക്കാർക്ക് നല്കാമെന്ന് സിയോണിസ്റ്റ് പ്രസ്ഥാന നേതാക്കന്മാരോട് ബ്രിട്ടൺ വാഗ്ദാനം നൽകി. യഹൂദന്മാർ അറേബിയരുടെ എല്ലാവിധ കലഹങ്ങളേയും ബ്രിട്ടനുമായി ചേർന്നു നശിപ്പിക്കാൻ വാഗ്ദാനം നല്കി. സമ്പന്നരായ അറേബ്യരോട് നിലങ്ങളെ വിലക്ക് വാങ്ങിയ ജൂദർകൾക്ക് അവിടെ പല തലമുറകളായി കൃഷി ചെയ്ത് വന്നിരുന്ന അറേബ്യരെ വിരട്ടിയത് കാരണം അറേബ്യർക്ക് അവരോട് വെറുപ്പും എതിർപ്പും കൂടി.

1945 ഒക്ടോബർ അവസാനം ജൂത ഭൂഗർഭ സംഘാടകരായ ജർഗുൻസ്വായ് ല്യൂമി (സിയോണിസ്റ്റ് അർദ്ധ സൈനിക സംഘടന) സ്ടെർൻ ഗേംഗ് (സിയോണിസ്റ്റ് ഭയങ്കരവാദ സംഘടന) ഭീകരാക്രമണങ്ങളെ തുടർന്ന് നടത്തി. റയിൽപ്പാതകൾ, പാലങ്ങൾ, വിമാനത്താവളങ്ങൾ സർക്കാർ ഓഫീസുകൾ തുടങ്ങിയവ വെടിവച്ച് തകർത്തു. ബ്രിട്ടീഷ് സർക്കാർ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ഐക്യരാഷ്ട്ര സഭയെ സമീപിച്ചു. ഐക്യരാഷ്ട്ര സഭയും വിഭജനത്തിന് സമ്മതിച്ചു. ബ്രിട്ടൺ തന്റെ സൈന്യങ്ങളെ പിൻവലിക്കാൻ തീരുമാനിച്ചപ്പോൾ അവിടെ വീണ്ടും വിപ്ലവമുണ്ടായി.

ബ്രിട്ടന്റെ തീരുമാനങ്ങളെ വൻശക്തി രാഷ്ട്രങ്ങൾ പിന്തുണച്ചതിനാൽ ഐക്യരാഷ്ട്ര സഭയും അതിനിണങ്ങി പാലസ്തീനെ യഹൂദനാടായും അറേബ്യ നാടായും (29 നവംബർ 1947) രണ്ടായി പിരിച്ചു. ഇതിനാൽ യഹൂദർക്കും, അറേബ്യർക്കും പാലസ്തീനിൽ കലാപമുണ്ടായി.

സിയോണിസ്റ്റ് പ്രസ്ഥാനം

യഹൂദരുടെ പുരാതന സ്ഥലമായ പാലസ്തീനിൽ 1900-ൽ 1000 യഹൂദരാണ് കുടിയിരുന്നത്. ഈ വർഗ്ഗത്തിൽ 15 മില്ല്യൻ ജനങ്ങൾ യൂറോപ്പിലും വടക്കേ അമേരിക്കയിലും വ്യാപിച്ചിരുന്നു. (ഇതിനെ ഡയസ്പോറ സമൂഹം എന്ന് വിളിക്കുന്നു) ഈ യഹൂദവർഗ്ഗം ആസൂത്രണം ചെയ്യപ്പെട്ട പീഡനങ്ങൾക്ക് കാലം കാലമായിട്ട് വിധേയമായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ ഇതുപോലുള്ള പീഡനങ്ങൾ റഷ്യയിലും (ലോക യഹൂദ ജനസംഖ്യയിൽ മൂന്നിൽ രണ്ട് ഭാഗം ഇവിടെ വസിച്ചിരുന്നു) ഫ്രാൻസിലും, ജർമ്മനിയിലും ഉച്ചനിലയിലെത്തി. ചില യഹൂദർകൾ പാലസ്തീനിലേക്ക് പോയപ്പോൾ മറ്റു ചിലർ അമേരിക്കൻ ഐക്യനാട്ടിലേക്കും ബ്രിട്ടണിലേക്കും പോയി വിയന്നീസ് പത്ര പ്രവർത്തകനായിരുന്ന തോഡോർ ഹെർസ്സകൽ യഹൂദനാട് എന്ന പേരിൽ 1896-ാമാണ്ട് ഒരു ലഘു ലേഖനം പ്രസിദ്ധീകരിച്ചു. തൊട്ടടുത്ത വർഷം (1897) ലോക സിയോണിസ്റ്റ് സംഘടന രൂപീകരിക്കപ്പെട്ടു.

ഇസ്രയേലുകാർ ജെറുസലേമിൽ ചെല്ലുന്ന പ്രധാന റോഡുകളെ തൻവശപ്പെടുത്തിയതിനു ശേഷം അതിനെ തിരിച്ചു പിടിക്കാൻ അറേബ്യക്കാർ നടത്തിയ പല പരിശ്രമങ്ങളെയും പരാജയപ്പെടുത്തി. ഇസ്രയേലുമായി അറേബ്യർ തനിത്തനിയായി 1947 ഫെബ്രുവരി മുതൽ ജൂൺ മാസം വരെ ചെയ്തു കൊണ്ട സമാധാന ഉടമ്പടി പ്രകാരം ഇസ്രായേലിനും അതിനോട് ചേർന്ന നാടുകൾക്കുമിടയിൽ താല്കാലികമായി



ഇസ്രയേൽ ഒരു രാജ്യമായി പ്രഖ്യാപിക്കൽ

X Std - History Malayalam Unit-4.indd 46 1/27/2023 10:01:17 AM

അതിർത്തി നിർണ്ണയം ചെയ്യപ്പെട്ടു. ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം ഈ കാലഘട്ടത്തിൽ നടന്ന യുദ്ധങ്ങളെല്ലാം അതിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി യായിരുന്നു. അറേബ്യരെ സംബന്ധിച്ചിടത്തോളം പലരും ഈ യുദ്ധങ്ങളാൽ അഗതികളായി നാടുവിടേ ണ്ടിയിരുന്നതിനാൽ അവരെ നക്ബ (ദുരന്തം) എന്ന് കരുതി. അറേബ്യരുടെ എതിർപ്പിനെ കടന്ന് ഇസ്രാ യേലിന് ഉടൻ തന്നെ ഐക്യരാഷ്ട്ര സഭയിൽ അംഗത്വം ലഭിച്ചു.

സൂയസ് കനാൽ പ്രതിസന്ധി 1956

ഈജിപ്തിൽ 1952-ൽ നടന്ന ഒരു വിപ്ലവം മൂലം കേണൽ നാസർ ജനാധിപതിയായി. അദ്ദേഹം 1956-ാമാണ്ട് സൂയസ് കനാലിനെ ദേശസാൽക്കരിച്ചു. ഇത് ബ്രിട്ടന്റെ ചിന്താഗതികൾക്കെതിരാണെന്ന് കരുതി. രാജതന്ത്ര പ്രയോഗങ്ങൾ ഫലം കിട്ടാത്ത അവ സരത്തിൽ ബ്രിട്ടനും ഫ്രാൻസും ചേർന്ന് സൈനിക ബലത്തിനെ പ്രയോഗിക്കാൻ തീരുമാനിച്ചു. ഈ സാഹചര്യത്തിൽ തനിക്ക് ഒരു സന്ദർഭം ഇരിക്കുന്ന തായി കരുതിയ ഇസ്രായേൽ തന്റെ കപ്പൽ ഗതാ ഗതത്തിന് സൗകര്യമായി അക്വബ ജലസന്ധിയെ തുറന്നുവിട്ട് ഈജിപ്തിന്റെ അതിർത്തി ലംഘന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിച്ചു. ഇസ്രാ യേൽ സൈന്യങ്ങൾ ഒക്ടോബർ 29-ൽ ഈജിപ് തിനെ ആക്രമിച്ചു. ഈ സന്ദർഭത്തിനെ പ്രയോജനപ്പെ ടുത്തി ബ്രിട്ടൻ തന്റെ സൈന്യങ്ങളോട് കനാൽ മേഖ ലയിൽ പ്രവേശിച്ച് കനാലിനെ സംരക്ഷിക്കാൻ ആവ ശ്യപ്പെട്ടു. ഇതിന് ഈജിപ്ത് വിസ്സമ്മതിച്ചതിനാൽ ഒക്ടോബർ 31-ൽ ബ്രിട്ടനും ഫ്രാൻസും ചേർന്ന് ആ നാട്ടിന്റെ വിമാനത്താവളങ്ങളിലും മുഖ്യ നഗരങ്ങ ളിലും സൂയസ് കനാൽ മേഖലകളിലും ബോംബിട്ടു. എന്നിരുന്നാലും ലോകരാജ്യങ്ങളുടെ നിർബന്ധം കാരണം നവംബർ മാസം 6-ാം തിയതി ഫ്രാൻസും ബ്രിട്ടനുംതങ്ങളുടെപ്രതികരണത്തിനെനിറുത്തിവച്ചു. ഇന്ത്യയെ പ്രതിനിധികരിക്കുന്നതിലൂടെ ഈ പ്രശ്നം അവസാനിപ്പിക്കാൻ നെഹ്റു ഒരു പ്രധാന പങ്കുവഹിച്ചു.



സൂയസ് കനാൽ പ്രതിസന്ധി

അറേബ്യ-ഇസ്രയേൽ യുദ്ധം (1967)

പാലസ്തീൻ സ്വാതന്ത്ര്യസംഘടന രൂപം കൊണ്ടത് മുതൽ സിറിയ, ലെബനോൻ,ജോർദാൻ തുടങ്ങിയ രാജ്യങ്ങളിൽ ഒളിച്ചിരുന്ന പാലസ്തീൻ ഗൊറില്ല സൈന്യങ്ങൾ ഇസ്രായേലിനെ ആക്രമി ച്ചുകൊണ്ടിരുന്നു. ഇസ്രായേൽ പ്രതികരിച്ചുവന്നു. ജോർദാന്റെ പടിഞ്ഞാറ് ഭാഗത്തുള്ള അൽ-സാമും എന്ന ഗ്രാമത്തിൽ 1966 നവംബറിൽ ഇസ്രായേൽ വ്യോമാക്രമണം നടത്തി. ഇതിൽ 18 പേർ മരിച്ചതായും 54 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. സിറിയയു മായി 1967 ഏപ്രിൽ മാസത്തിൽ നടന്ന വ്യോമാക്രമ ണത്തിൽ അറു ചെറിയ മിഗ് ജെറ്റ് യുദ്ധവിമാനങ്ങൾ വെടിവച്ച് വീഴ്ത്തപ്പെട്ടു.

ധാർമ്മിക പിന്തുണ കൊടുക്കാൻ ഒരുമ്പെട്ട നാസർ സിനായ് മലയിൽ ഈജിപ്ത്യൻ സൈന്യ ങ്ങളെ കൊണ്ടുവന്ന് നിറുത്തിയത് മാത്രമല്ല മേയ് മാസം 18-ാം തിയതി ഐരാഷ്ട്രസഭ അവിടെ നിറുത്തി വച്ചിരുന്ന സൈന്യങ്ങളെ പിൻവലിക്കുന്ന തിനും ആവശ്യപ്പെട്ടു. മേയ് മാസം 22-ാം തിയതി അക്വബ ജലസന്ധിയെ വളഞ്ഞ് അവിടെ ഇസ്രാ യേൽ കപ്പലുകൾ പ്രവേശിക്കാൻ കഴിയാത്ത വിധം ചെയ്തു. ജോർദാന്റെ രാജാവ് ഹുസൈൻ ഈജിപ് തിനോട് പരസ്പര സൈനിക ഉടമ്പടികളെ ഏർപ്പെ ടുത്തി. ഇതനുസരിച്ച് ജോർദാൻ സൈന്യങ്ങൾ ഈജിപ്തിന്റെ ഉത്തരവിന് കീഴടങ്ങാൻ സമ്മതിച്ചു. ചുരുങ്ങിയ കാലത്തിനുള്ളിൽ ഇറാക്കും ഈ സഖ്യ ത്തിൽ ചേർന്നു.

പാലസ്തീൻ സ്വാതന്ത്ര്യ സംഘടന – 1948-ൽ ഇസ്രയേൽ എന്ന പാലസ്തീനിലെ അറേബ്യർക്കും അവരുടെ സന്തതികൾക്കും വേണ്ടി രൂപീകരിക്കപ്പെട്ട ഒരു വിശാലമായ സംഘ ടനയാണ് ഇത്. രഹസ്യമായി പ്രവർത്തിച്ചുകൊ ണ്ടിരുന്ന എതിർ സംഘടനകൾ തങ്ങളെ ഒരു മിപ്പിക്കാൻ വേണ്ടി 1964-ൽ രൂപീകരിക്കപ്പെട്ട ഒന്നാണ്. എന്നാൽ 1967 ജൂൺ മാസത്തിൽ നടന്ന അറേബ്യൻ-ഇസ്രായേൽ യുദ്ധത്തിന് ശേഷം ഇത് പ്രാധാന്യം നേടി. ഈ സംഘടന 1960-ലും, 70- ലും, 80-ലും, ഇസ്രായേലിന് എതിരായി നേരിട്ട് ഗൊറില്ല യുദ്ധം നടത്തിയെങ്കിലും 1990-ൽ ആ രാജ്യത്തോടും സമാധാന ഉടമ്പടി ഏർപ്പെ ടുത്തി. ഈ സംഘടനയുടെ മുഖ്യനേതാവ് യാസർ അറഫാത്ത് ആണ്.

ഇസ്രായേലിന്റെ ആക്രമണം

അറേബ്യൻനാടുകളെ ഒരുമിപ്പിക്കാൻ എടുത്ത ശ്രമത്തിനെത്തുടർന്ന് ജൂൺ 5-ാം തീയതി ഇസ്രായേ ലിന്റെ വ്യോമാക്രമണത്തിൽ 90 ശതമാനത്തിലധികം വ്യോമസൈന്യങ്ങളെ തറമട്ടമാക്കി. മറ്റൊരാക്രമണ ത്തിൽ സിറിയയുടെ വ്യോമ സൈന്യങ്ങളും കടുത്ത ബാധിപ്പുകൾക്കുള്ളായി. വെറും മൂന്നു നാളുകളിൽ ഇസ്രായേലുകൾ കാസാ പ്രദേശത്തിനേയും സൂയസ് കനാലിന്റെ കിഴക്കു ഭാഗത്ത് സ്ഥിതിചെയ്തിരുന്ന

X Std - History Malayalam Unit-4.indd 47 1/27/2023 10:01:17 AM


സീനായ് ഉപദ്വീപ് മുഴുവനും പിടിച്ചടക്കി വലിയ വിജയം കൈവരിച്ചു.



യാസർ അറഫാത്ത് (1924-2004)

യാസർ അറഫാത്ത് പാലസ്തീൻ സ്വാതന്ത്ര്യസംഘടനയുടെ സമഗ്ര കമ്മറ്റി ചെയർമാനായി 1969 നേതൃത്വം വഹിച്ച് 2004-ൽ അദ്ദേഹം മരിക്കുന്നതുവരെ ആ സ്ഥാനത്ത് തുടർന്നിരുന്നു. അദ്ദേഹം എല്ലാ പാലസ്തീൻ അറബു ഗൊറില്ലാ സൈന്യങ്ങൾക്കും സൈന്യാധിപനായും നിയമിക്കപ്പെട്ടിരുന്നു. ഈ സമയത്ത് പാലസ്തീൻ വിഘടന വാദികൾ രാജാവ് ഹുസൈൻ സർക്കാരിനെ മറിച്ചിടാൻ ശ്രമിച്ചതോട് പാലസ്തീൻ സ്വാതന്ത്ര്യ സംഘടന ജോർദാനിൽ നിന്നും തുരത്തപ്പെട്ടു. എങ്കിലും അറഫാത്തും അദ്ദേഹത്തിന്റെ സ്വതന്ത്ര്യ സംഘടനയും ബെയ്റൂട്ടിൽ എത്തിച്ചേരുകയും ആ നഗരം 1982 വരെ ഇസ്രായേലിന് എതിരായ പ്രവർത്തനങ്ങൾക്ക് താവളമായും ഇരുന്നു. ഒരു തലക്കെട്ടും ധരിച്ച്, മറച്ചു വച്ചിരുന്ന തോക്കുമായി ഓലീവ് മര ശാഖയുടെ ഭാഗവും സൈനിക കുപ്പായവും കാൺപോരിൻ മനസ്സുകളിൽ പാലസ്തീൻ പ്രശ്നത്തിന്റെ തീവ്രതയെ ഓർമ്മിപ്പിക്കുന്നതായി കാണപ്പെട്ടു. അദ്ദേഹം 1989 ഏപ്രിൽ മാസം 2-ാം തീയതി പാലസ്തീനി സ്വാതന്ത്ര്യ സംഘടനയുടെ കേന്ദ്ര കൗൺസിൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

അറേബ്യ-ഇസ്രായേൽ യുദ്ധം (1973)



പ്രസിഡന്റ് ഹബീസ് അൽ-ആസാദ്

തങ്ങളുടെ സൈന്യങ്ങളെ ഒരേ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടും വരുന്ന ലക്ഷ്യത്തോടുകൂടി ഈജിപ്തിന്റെ പ്രസിഡന്റ് അൻവർ സാദത്തും സിറിയയുടെ പ്രസിഡന്റ് ഹബീസ് അൽ-ആസാത്തും 1973 ജനുവരിയിൽ ഒരു രഹസ്യ ഉടമ്പടി ഏർപ്പെടുത്തി. ഹൈഡ് സിനെ തിരിച്ചെടുക്കുന്നതിൽ ആസാദ് ഏറെ ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ രാജ്യത്തിന്റെ ആയുധങ്ങൾ കാലഹരണപ്പെട്ടതിനെ തിരിച്ചറിഞ്ഞ് സിനായ് മലയിൽ നിന്നും മാറിയാൽ നാം സമാധാന ഉടമ്പടിക്ക് തയ്യാറായിരിക്കുന്നതായി അറിയിച്ചു. ഇതിന് ഇസ്രായേൽ തയ്യാറായില്ല. ആയതിനാൽ ഈജിപ്തും സിറിയയും മതപരമായ യോം കിപ്പൂർ അവധി ദിവസം (1973, ഒക്ടോബർ 6) പ്രതീക്ഷിക്കാത്ത പെട്ടെന്നുള്ള ആക്രമണത്തെ ഇസ്രായേലിൽ നടത്തി. ഈ ആക്രമത്തിൽ ഇസ്രായേലിന് കനത്ത നാശനഷ്ടമുണ്ടായിട്ടും അറേബ്യൻ സൈന്യങ്ങളെ പിന്നോട്ട് തള്ളിയിടാൻ കഴിഞ്ഞു.

ഈ യുദ്ധത്തിനാൽ അറേബ്യർക്ക് യാതൊരു ലാഭവും ഉണ്ടായില്ല. ഈ പ്രശ്നത്തിൽ അമേരിക്കൻ ഐക്യനാട് മദ്ധ്യസ്ഥതയിലൂടെ അറേബ്യയിലും അതിന്റെ എണ്ണക്കിണറുകളിലും മേധാവിത്വം ഉറപ്പിച്ചു.

4.8 വിയറ്റ്നാം യുദ്ധം

രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാന സമയത്ത് വിയറ്റ്നാമിന്റെ വടക്കൻ ഭാഗത്തെ വിയറ്റ്മിൻ നിയന്ത്രണത്തിലാക്കി. വിയറ്റ്മിൻ ഹോസിമിന്നിന്റെ നേതൃത്വത്തിൽ ഹോനായ് നഗരത്തിൽ ഒരു സർക്കാർ രൂപീകരിച്ചു. ഈ വിയറ്റ്മിൻ സർക്കാർ വിയറ്റ്നാമിന്റെ തെക്കൻ ഭാഗത്തിനെ ആക്രമിച്ചു കീഴടക്കി. എന്നാൽ പോട്സ്ഡാം പട്ടണത്തിൽ കൂടിയ സഖ്യകക്ഷികൾ ജപ്പാനിൽ നിന്ന് സംരക്ഷിക്കപ്പെട്ട ഇന്തോ-ചൈനയുടെ തെക്കു ഭാഗത്തിനെ ബ്രിട്ടീഷുകാരും വടക്കു ഭാഗത്തിനെ ചൈനയും പങ്കുവക്കാൻ തീരുമാനിച്ചു. ഹോസിമിനിന്റെ നിയന്ത്രണം ദൃഢമായിരുന്നതിനാൽ വിയറ്റ്നാമിനെയും ഫ്രഞ്ചുകപ്പൽ സൈന്യങ്ങളെയും തമ്മിലടിപ്പിച്ചിട്ട് ചൈനീസ് സൈന്യങ്ങളും ബ്രിട്ടീഷ് സൈന്യങ്ങളും 1946-ന്റെ ആരംഭത്തിൽ പിൻവാങ്ങി. ഇരു സർക്കാരും (ഫ്രഞ്ച്, വിയറ്റ്മിൻ) ഏർപ്പെടുത്തിക്കൊണ്ട ഉടമ്പടി പ്രകാരം വടക്കു വിയറ്റ്നാം ഒരു സ്വാതന്ത്ര്യം നേടിയ നാടായി. ഇന്തോ-ചൈന സംയുക്ത ഭരണത്തിൽ പങ്കെടുക്കുക എന്ന് തീരുമാനിച്ചു. എന്നാൽ ഫ്രാൻസിലെ പുതിയ ഭരണഘടന കോളനി ആധിപത്യത്തിലുള്ള നാടുകളെ ഒരു പൊതുവായ സംയോജനത്തിന്റെ കീഴിൽ കൊണ്ടുവന്നു.

1949-ൽ ജനസഹായം നേടാൻ തീരുമാനിച്ച ഫ്രഞ്ചു സർക്കാർ വിയറ്റ്നാം, ലാവോസ്, കമ്പോഡിയ തുടങ്ങിയ നാടുകളെ ഒരു ഫ്രഞ്ചു സംയുക്ത ഭരണത്തിനുള്ളിൽ കൊണ്ടുവന്ന് അവയെല്ലാം സ്വാതന്ത്ര്യ രാജ്യങ്ങളായി അറിയിച്ച് അവിടെയെല്ലാമുള്ള വിദേശ കാര്യാലയങ്ങളെയും സൈന്യങ്ങളെയും തന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതായി അറിയിച്ചു.


അമേരിക്കയിൽ നിന്ന് ഫ്രഞ്ചുകാർക്ക് സാമ്പത്തിക സഹായം ലഭിച്ചപ്പോൾ വിയറ്റ്മിന്നിന് ചൈനീസ് കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് സഹായിച്ചു. അവസാനം ഫ്രഞ്ചു സൈന്യം യുദ്ധത്തിൽ പരാജയപ്പെട്ടു. പിന്നീട് കൊറിയയിൽ 1954-ൽ കൂടിച്ചേർന്ന ജെനീവാ സമ്മേളനത്തിൽ വിയറ്റ്നാം ഒരു സ്വതന്ത്ര നാടായി. അംഗീകരിച്ചാലും തല്കാല വിയറ്റ്മിൻ വടക്ക് വിയറ്റ്നാമിനെയും ബവോഡായുടെ നേതൃത്വത്തിലുള്ള സർക്കാർ തെക്കു വിയറ്റ്നാമിനെയും ഭരണം നടത്താൻ തീരുമാനിച്ച കമ്പോഡിയയും ലാവോസും സ്വാതന്ത്ര്യം ലഭിച്ച നാടുകളായി മാറി.

ഹോസിമിനെ പ്രസിഡന്റായി അംഗീകരിച്ച് 16 മില്ല്യൻ ജനസംഖ്യയുള്ള വടക്കൻ വിയറ്റ്നാം ഒരു കമ്മ്യൂണിസ്റ്റ് രാജ്യമായി മാറി. ഏകദേശം അതേ ചുറ്റളവും ജനസംഖ്യയുമുള്ള തെക്കൻ

X Std - History Malayalam Unit-4.indd 48 1/27/2023 10:01:17 AM

വിയറ്റ്നാമിന് തീവ്ര കത്തോലിക്കക്കാരനായ ങ്ങോ-ടിൻ-യീം പ്രസിഡന്റായി.

ദക്ഷിണ വിയറ്റ്നാമിലെ ഗവൺമെന്റിന്റെ അതി ജീവനം അമേരിക്കയുടെ സാമ്പത്തിക സഹായ ങ്ങളെ ആശ്രയിച്ചിരുന്നു. 1965-ൽ വന്നിറങ്ങാൻ തുട ങ്ങിയ നാവികസേനകളെ ചേർത്ത് ഒരേ മാസത്തിൽ 35000 സൈന്യങ്ങൾ ഉണ്ടായിരുന്നു. അതേ വർഷ ത്തിന്റെ അവസാനം ഇതിന്റെ എണ്ണം 2,10,000-ാമായി ഉയർന്നു. സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളെ നശിപ്പിക്കും നോക്കത്തിൽ രാത്രി പകലായി ഇരു വിയറ്റ്നാ മിലും ബോംബാക്രമണം നടത്തി. ഇതുപോലുള്ള ആക്രമണത്തിന്റെ ഫലമായി വടക്കൻ വിയറ്റ്നാ മിൽ ഗൊറില്ല യുദ്ധ കാലത്ത് പരിശീലനം നേടിയ പടയാളികൾ യാദൃശ്ചികമായി രൂപം കൊണ്ടു. അമേരിക്കൻ സൈന്യം അസുഖങ്ങൾ പരത്തുന്ന ആയുധങ്ങളെ ഉപയോഗിച്ചിരുന്നു. നപാം, ഏജന്റ്, ഓറഞ്ച് (വനപ്രദേശങ്ങളെ നശിപ്പിക്കുന്ന) എന്നീ അതി ശക്തമായ ബോംബുകൾ ഉപയോഗിച്ചു. വിയ റ്റ്നാമിന്റെ വിശാല പ്രദേശങ്ങൾ തകർത്തു. ആയി രക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടു. അമേരിക്കൻ സേനക്കും കനത്ത നാശനഷ്ടമുണ്ടായി.



വടക്കൻ വിയറ്റ്നാമിലെ അമേരിക്കയുടെ വ്യോമാക്രമണം

1975-ന്റെ തുടക്കത്തിൽ യുദ്ധം നിർണ്ണായകവഴി ത്തിരിവായി. വടക്കൻ വിയറ്റ്നാമിലെ സൈന്യങ്ങളും ദക്ഷിണ വിയറ്റ്നാമിലെ ദേശീയ സ്വാതന്ത്ര്യ പ്രവർത്തകരും അതിർത്തികൾ കടന്ന് അമേരിക്കൻ ആനുകൂല്യം ലഭിച്ച തെക്കൻ വിയറ്റ്നാമിന്റെ സൈന്യ ങ്ങളെ നശിപ്പിച്ചു. അമേരിക്കൻ സൈന്യങ്ങളെല്ലാം 1975, ഏപ്രിൽ 30-ാം തിയതി പിൻവലിക്കപ്പെ ട്ടതിനാൽ ദക്ഷിണ വിയറ്റ്നാമിന്റെ സൈഗോൺ നഗരം സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. വടക്കൻ വിയറ്റ്നാമും ദക്ഷിണ വിയറ്റ്നാമും 1976-ൽ ഒരേ പ്രദേശമായി സംയുക്തപ്പെടുത്തി. വിയറ്റ്നാം ജന തയുടെ മഹത്തായ നേതാവായ ഹോ-സി-മിന്നിന് ശേഷം സൈഗോൺ ന ഗരം ഹോസി-മിൻ നഗരം എന്ന് പുനർനാമകരണം ചെയ്തു.



ഹോസി-മിൻ (സൈഗോൺ നഗരം)

ഒരു ഏകീകൃ തവും സ്വതന്ത്രവുമായ രാജ്യമെന്ന നിലയിൽ വിയറ്റ്നാമിന്റെ ഉദയം ചരിത്ര പ്രധാനമായ സംഭ വമായിരുന്നു. ലോകത്തിലെ ഏറ്റവും വലിയ ആയുധമേന്തിയ ശക്തിയുടെ പ്രതിരോധത്തിന്റെ പശ്ചാത്തലത്തിൽ സ്വാതന്ത്ര്യവും, ഐക്യവും നേടിയെടുക്കുന്നതിൽ ഒരു ചെറിയ രാജ്യം വിജയിച്ചു. സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സഹായവും രാഷ്ട്രീ യപരമായി പല ഏഷ്യ-ആഫ്രിക്കൻ രാജ്യങ്ങളുടെ പിന്തുണയും ലോകത്തിന്റെ നാനാഭാഗത്തുമുള്ള ജനങ്ങൾ പ്രകടിപ്പിച്ച ഐക്യദാർഢ്യം ഇവയെല്ലാം വിജയം നേടിയെടുക്കുന്നതിൽ നന്മയുണ്ടാക്കി.

4.9 യൂറോപ്യൻ യൂണിയനെ ലക്ഷ്യമാക്കി

(a) യൂറോപ്യൻ കൗൺസിൽ

രണ്ടാം ലോകമഹായുദ്ധാനന്തര കാലഘട്ട ത്തിലെ സുപ്രധാന തീരുമാനങ്ങളിൽ പ്രധാനമായത് പടിഞ്ഞാറൻ യൂറോപ്പ് സംസ്ഥാനങ്ങളെ സമന്വയിപ്പി ക്കുക എന്നതാണ്.

(1) യൂറോപ്യർക്കിടയിൽ ഏർപ്പെട്ട യുദ്ധങ്ങളെ തടയു കയും പ്രത്യേകിച്ച് ഫ്രാൻസിനും ജെർമ്മനിക്കും തമ്മിലുള്ള ശത്രുത അവസാനിപ്പിക്കലും.

(2) സോവിയറ്റ് റഷ്യയിൽ നിന്നുള്ള ഭീഷണി നേരി ടാൻ ഒരു ഏകീകൃത യൂറോപ്പ് സൃഷ്ടിക്കൽ.

(3) അമേരിക്കൻ ഐക്യനാടിന്റെ സൈന്യങ്ങൾക്കും സോവിയറ്റ് റഷ്യയുടെ സൈന്യങ്ങൾക്കും സമമായ സൈന്യം രൂപീകരിക്കൽ.

(4) ഭൂഖണ്ഡങ്ങൾക്കിടയിൽ അല്ലെങ്കിൽ ഭൂഖണ്ഡ ങ്ങളുടെ സാമ്പത്തിക, സൈനിക വിഭവങ്ങളെയും സാമർത്ഥ്യങ്ങളെയും മുഴുവനായി പ്രയോജനപ്പെ ടുത്താൻ കഴിയും എന്ന് വിശ്വസിക്കപ്പെട്ടു.

(5) പത്ത് രാജ്യങ്ങൾ ലണ്ടനിൻ 1949 മേയ് മാസ ത്തിൽ കൂടി യൂറോപ്യൻ സമൂഹത്തിനെ രൂപീകരി ക്കാൻ കൈയ്യൊപ്പിട്ടു. സ്ട്രാസ്പെർഗ് നഗര ത്തിനെ തലസ്ഥാനമാക്കിക്കൊണ്ട് യൂറോപ്യൻ സമൂഹത്തിന്റെ അംഗരാജ്യങ്ങളിൽ വിദേശകാര്യ മന്ത്രിമാരെകൊണ്ട ഒരു സംഘവും അയൽരാജ്യ ങ്ങളിൽ പാർലമെന്റ് അംഗങ്ങൾ ചിലരെക്കൊണ്ട പ്രബോധനസഭയും രൂപീകരിച്ചു.

(b) യൂറോപ്യൻ കൽക്കരി, ഉരുക്ക് സമൂഹം

യൂറോപ്യൻ കൗൺസിലിന് യഥാർത്ഥ അധികാരമില്ലാത്തതിനാൽ രണ്ട് യൂറോപ്യൻ സംഘടനകൾ സ്ഥാപിക്കുന്നതിനുള്ള ഒരു നിർദ്ദേശം നിലവിൽ വന്നു. യൂറോപ്യൻ സുരക്ഷാ സമൂഹവും, യൂറോപ്യൻ നിലക്കരി, ഉരുക്ക് സമൂഹവും ആരംഭിച്ചു. യൂറോപ്യൻ നിലക്കരി, ഉരുക്ക് സമൂ ഹത്തിനെ ചേർന്ന ആറ് നാടുകൾ (ഫ്രാൻസ്, പശ്ചിമ ജർമ്മനി, ഇറ്റലി, ബെൽജിയം, ഹോളണ്ട്, ലക്സംബർഗ്) ചേർന്ന് ഒപ്പുവച്ച റോം ഉടമ്പടി പ്രകാരം ബ്രസ്സൽസിനെ തലസ്ഥാനമാക്കി ക്കൊണ്ട് യൂറോപ്യൻ സാമ്പത്തിക സമൂഹവും,

X Std - History Malayalam Unit-4.indd 49 1/27/2023 10:01:17 AM

യൂറോപ്യൻ പൊതുചന്തയും സ്ഥാപിക്കപ്പെട്ടു.

(c) യൂറോപ്യൻ സാമ്പത്തിക സമൂഹം

ഈ സമൂഹം സാധനങ്ങൾ, സേവനങ്ങൾ, മൂലധനം, തൊഴിലാളികൾ തുടങ്ങിയവയുടെ ചലനത്തെ അതിർത്തികളിൽ കൊണ്ടെത്തിക്കുന്നതിനെ ഒഴിവാക്കി. വിപണിയുടെ മത്സരത്തെ നിയന്ത്രിക്കുന്ന പൊതു നയങ്ങളേയും സ്വകാര്യ കരാറുകളെയും നിരോധിച്ചു. ഒരു പൊതു കാർഷിക നയത്തെയും ഒരു പൊതു ബാഹ്യ വാണിജ്യനയത്തെയും രൂപീകരിച്ചു.

(d) ഏക യൂറോപ്യൻ നിയമം

ഏക യൂറോപ്യൻ നിയമം 1987 ജൂലൈ 1-ാം തിയതി പ്രാബല്യത്തിൽ വന്നു. അത് യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ അതിർത്തികളെ വിപുലീകരിച്ച് നിയമ മാതൃക നല്കി. ഇത് അംഗരാജ്യങ്ങളുടെ വിദേശ നയത്തിൽ കൂടുതൽ പിന്തുണ ആവശ്യപ്പെട്ടു. ഈ നിയമം അനുസരിച്ച് ഓരോ അംഗത്തിനും രാജ്യത്തിന്റെ ജനസംഖ്യയെ ആശ്രയിച്ച് വോട്ടുകളുടെ എണ്ണത്തെ നിർണ്ണയിച്ചിരുന്നു. നിയമ നിർമ്മാണത്തിന്റെ അംഗീകാരം ആവശ്യപ്പെടുന്നത് എല്ലാ അംഗങ്ങളുടെയും വോട്ടിന്റെ മൂന്നിൽ രണ്ട് ഭാഗവും ആവശ്യമാണ്. ഈ പുതിയ നടപടിപ്രകാരം യൂറോപ്യൻ പാർലമെന്റിന്റെ പങ്കും വർദ്ധിച്ചു.

(e) യൂറോപ്യൻ യൂണിയൻ

1992 ഫെബ്രുവരി 7-ൽ ഒപ്പുവച്ച മാസ്ട്രിക്ട് (നെതർലാന്റ്) കരാർ അനുസരിച്ച് യൂറോപ്യൻ യൂണിയൻ രൂപീകരിച്ചു. സാമ്പത്തിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ദേശീയ കറൻസികളെ മാറ്റി പകരം പൊതുവായി അംഗീകരിക്കാവുന്ന അൻസിക്ക് (യൂറോ) പദ്ധതി തയ്യാറാക്കുകയും പിന്നീട് അതിനെ നിർവ്വഹിക്കുന്ന പൊതുസ്ഥാപനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്തു. ഇപ്പോൾ യൂറോപ്യൻ യൂണിയനിൽ 28 അംഗരാജ്യങ്ങൾ ഉണ്ട്. ഇത് ബ്രസ്സൽ നഗരത്തിനെ ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്നു. 1917-ൽ ബ്രിട്ടൻ യൂറോപ്യൻ യൂണിയനിൽ നിന്ന് പുറത്ത് പോകുന്നതായി അറിയിച്ചു.

4.10 ബെർലിൻ മതിലിന്റെ തകർച്ചയും ശീതയുദ്ധത്തിന്റെ അന്ത്യവും

പശ്ചിമ ജർമ്മനി (ജെർമൻ സംയുക്ത ജനാധിപത്യം) കിഴക്കൻ ജർമ്മനി (ജർമ്മൻ ജനാധിപത്യ ഭരണം) എന്നും ജർമ്മനിയിലെ ജനങ്ങളുടെ ജീവിത നിലവാരം വ്യത്യസ്ഥങ്ങൾക്കിടയാക്കി മാർഷൽ പദ്ധതിയുടെ പിന്തുണകൊണ്ട് പശ്ചിമ ബെർലിന്റെ സാമ്പത്തികം സമൃദ്ധമായിരുന്നു പകരം കിഴക്കൻ ബെർലിന്റെ സാമ്പത്തിക വളർച്ചയിൽ റഷ്യ ശരിയായ താല്പര്യം കാണിച്ചില്ല. എന്നാൽ കിഴക്കു ബെർലിനിൽ ജനനായകമോ സ്വാതന്ത്ര്യമോ ഇല്ലാതെ ജനങ്ങൾ കഷ്ടപ്പെട്ടിരുന്നു. അതിനാൽ കിഴക്കൻ ബെർലിനിലെ ജനങ്ങൾ പശ്ചിമ ബെർലിനിലേക്ക് ചെല്ലാൻ ശ്രമിച്ചു. പശ്ചിമ ബെർലിനിൽ റഷ്യ ഏതു സമയത്തും ആക്രമണം നടത്തിയേക്കാമെന്നുള്ള ഭയം അവർക്കുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ 1961-ൽ കിഴക്കൻ ജർമ്മനി ഒരു മതിലിനെ കെട്ടി കിഴക്കൻ ബെർലിനും പശ്ചിമ ബെർലിനും ഇടയിലുണ്ടായിരുന്ന ബന്ധത്തിനെ തടഞ്ഞു. ഗോപുരം പോലുള്ള മതിലുകൾ കെട്ടി ഭയങ്കര ആയുധങ്ങളുടെ സഹായത്താൽ നന്നായിട്ട് ശ്രദ്ധിക്കുന്നതു മൂലം കിഴക്കിൽ നിന്നും ജനങ്ങൾ ചെല്ലുന്നതിൽ തടസ്സം സൃഷ്ടിച്ചു. റഷ്യയുടെ നിയന്ത്രണം 1980 ന്റെ മദ്ധ്യത്തിൽ കുറയാൻ തുടങ്ങിയ അവസരത്തിൽ ഈ മതിൽക്കെട്ടിന്റെ ഇരുവശത്തും കൂടിയ ജനങ്ങൾ അതിനെ തകർക്കാൻ തുടങ്ങി. 1990 ഒക്ടോബർ 3-ാം തിയതി ജെർമ്മനി അധികാരപൂർവ്വമായി പുനഃസംയോജിപ്പിക്കപ്പെട്ടു. ബെർലിൻ മതിൽ ഒരു കെട്ടപ്പെട്ട തടസ്സം എന്നതിനെ കടന്ന ഒന്നാണ്. അത് കമ്മ്യൂണിസവും മുതലാളിത്തവും തമ്മിലുള്ള പ്രതികാത്മകമായ അതിർത്തി വരമ്പുകളായിരുന്നു. ബെർലിൻ മതിലിന്റെ വീഴ്ചയെതുടർന്ന് 1991 ഡിസംബർ 26-ാം തിയതി സോവിയറ്റ് യൂണിയന്റെയും വീഴ്ച ശീതയുദ്ധ കാലത്ത് അവസാനിച്ചു.

1982 മുതൽ 1990 വരെ പശ്ചിമ ജർമ്മനിയുടെ അദ്ധ്യക്ഷനായി (Chancellor) സ്ഥാനം വഹിച്ച **ഹെൽമട്ട് ഗോൽ** കിഴക്ക് ജർമ്മനിയെയും, പശ്ചിമ ജർമ്മനിയെയും 1990-ൽ സമന്വയിപ്പിക്കുന്നതിൽ വലിയൊരു പങ്ക് വഹിച്ച. അതുമൂലം നാൽപത്തഞ്ച് വർഷങ്ങൾക്ക് ശേഷം ഐക്യ സംയുക്ത ജർമ്മനിയുടെ അദ്ധ്യക്ഷനായും. അദ്ദേഹം ഫ്രഞ്ച് പ്രസിഡന്റായ മിറ്റരണ്ടിനോട് ചേർന്ന് മാസ്ട്രിക്ട് ഉടമ്പടി ഏർപ്പെടുത്തി അതിൻ മൂലം സമന്വയ യൂറോപ്പിനും (European Union) യൂറോ നാണയ രൂപീകരണത്തിനും വിത്തിട്ടു.



ബെർലിൻ മതിൽ തകർക്കൽ

സോവിയറ്റ് യൂണിയന്റെ തകർച്ച

ലോകരാഷ്ട്രീയത്തിൽ 1970 ലും 80 ന്റെ ആരംഭത്തിലും സോവിയറ്റ് യൂണിയൻ ഉന്നതസ്ഥിതി

X Std - History Malayalam Unit-4.indd 50 1/27/2023 10:01:18 AM

യിലായിരുന്നു. എന്നാൽ അതിന്റെ സാമ്പത്തികം ക്ഷയിക്കുകയും ഒന്നാം ലോകരാജ്യങ്ങളുടെ ഉൽപാദന ശേഷിയോട് യോജിക്കാനാകാത്തതുമായിരുന്നു. 1985-ാമാണ്ട് മൈക്കേൽ ഗോർബച്ചേവ് സോവിയറ്റ് റഷ്യയുടെ പ്രസിഡന്റായി സ്ഥാനമേറ്റു. ഈ പശ്ചാത്തലത്തിൽ ഗോർബച്ചേവ് സ്പഷ്ടത (Glasnot) പറ്റിയും പരിഷ്കരണത്തെ (Perestroika) പറ്റിയും പറഞ്ഞു. എന്നാൽ അദ്ദേഹത്തിന്റെ പരിഷ്കരണ ശ്രമങ്ങൾക്ക് ഭരണപക്ഷമായ കമ്മ്യൂണിസ്റ്റ് കക്ഷിയിൽ നിന്നും പ്രതിഷേധം ഉണ്ടായെങ്കിലും അതിനാവശ്യമായ വിഭവങ്ങൾ സോവിയറ്റ് യൂണിയനിൽ ഉണ്ടായിരുന്നില്ല. ആഭ്യന്തര ഉൽപാദനത്തിൽ മൂന്നിൽ ഒരു ഭാഗം 1980-ന്റെ മദ്ധ്യത്തിൽ സൈന്യത്തിനായി മാറ്റിവച്ചു. അമേരിക്കൻ ഐക്യനാടിന്റെ പ്രസിഡന്റായ റീഗന്റെ ബഹിരാകാശ യുദ്ധ ആസൂത്രണത്തിന് തുല്യമായി സോവിയറ്റ് യൂണിയൻ സൈനികർക്ക് കൂടുതൽ പണത്തിന്റെ ആവശ്യമുണ്ടായി. സൈനിക ചെലവുകളുടെ വർദ്ധനവ് സോവിയറ്റ് സമ്പദ് വ്യവസ്ഥയെ കൂടുതൽ വഷളാക്കി.

പെരിസ്ട്രോയ്ക: (പുനർനിർമ്മാണം) എന്നത് മൈക്കേൽ ഗോർബച്ചേവ് സോവിയറ്റ് യൂണിയന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ വ്യവസ്ഥയെ പുനർ നിർമ്മിക്കുന്നതിനായി മൈക്കേൽ ഗോർബച്ചേവ് അവതരിപ്പിച്ച ഒന്നാണ്. വളർന്ന മുതലാളിത്ത രാജ്യങ്ങൾക്ക് സമാന്തരമായി സോവിയറ്റിന്റെ സമ്പദ് വ്യവസ്ഥ ഊർജ്ജിതമാക്കാൻ തുറന്ന സമീപനത്തോടെ (ഏഹമലൈേ) കൊണ്ടു വരപ്പെട്ടതാണ് പെരിസ്ട്രോയ്ക. അതിന്റെ കീഴിൽ സാമ്പത്തികം ഒരു കേന്ദ്ര ഗവൺമെന്റിന്റെ നിരീക്ഷണത്തിലായിട്ടും വിപണിയിലെ കേന്ദ്രീകൃത പ്രാഥമിക പരിഷ്കാരങ്ങൾ അവതരിപ്പിച്ചു. എന്നിരുന്നാലും അത് പരാജയപ്പെട്ടു. സമ്പദ് വ്യവസ്ഥയിലെ വൈരുദ്ധ്യങ്ങൾ കൂടുതൽ വഷളായി. സോവിയറ്റ് സമ്പദ് വ്യവസ്ഥയിൽ കണ്ടുവന്ന ചരിവിനെ നിലനിറുത്തുവാൻ സാധിച്ചു.

ഗ്ലാസ്നോസ്റ്റ്: (തുറന്ന സമീപനം) എന്നത് മൈക്കേൽ ഗോർബച്ചേവ് പെരിസ്ട്രോയ്ക്കയോടൊപ്പം തത്വശാസ്ത്രപരമായി 1980 കളിൽ സ്പഷ്ടമായി അവതരിപ്പിച്ച ആശയമാണ്. നികിത ക്രൂഷ്ചേവിന്റെ ജീവിതകാലത്തിന് ശേഷം 1960-ൽ ലിയോനിഡ് ബ്രഷ്നേവിന്റെ കാലഘട്ടത്തിൽ വിമർശനങ്ങളും പ്രതികരണങ്ങളും അടിച്ചമർത്തപ്പെട്ടു. ചിന്താശക്തിയേയും സാംസ്കാരിക അന്തരീക്ഷത്തേയും നിഷ്കരുണം മാറ്റിവച്ചു. എഴുത്തുകാർക്ക് വിധിക്കപ്പെട്ടിരുന്ന നിയന്ത്രണങ്ങളെ നീക്കി സർക്കാരിനെയും രാഷ്ട്രീയത്തിനെയും വിമർശിക്കാൻ അവകാശം നല്കി.

1988-ൽ കണ്ട ആദ്യത്തെ ജനകീയ പ്രക്ഷോഭങ്ങൾ അമേരിക്കയിലും പിന്നീട് ബാൾട്ടിക് സംസ്ഥാനങ്ങളിലുമായിരുന്നു. മുൻപുണ്ടായിരുന്ന സോവിയറ്റ് ഭരണകൂടങ്ങൾ അത്തരം പ്രക്ഷോഭങ്ങളെ അടിച്ചമർത്താൻ കഠിനമായ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരുന്നത്. മുൻനടത്തിക്കൊണ്ടിരുന്ന സാഹചര്യത്തിലും സാമ്പത്തികത്തിന്റെ കുറവും കാരണം ഗോർബച്ചേവിന് ക്രൂരമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. സെർനോബി ദുരന്തം 1988-ൽ ഉക്രെയ്നിലുള്ള ഒരു ആണവ നിലയത്തിലെ ഒരു വലിയ ദുരന്തമാണ് 1989 ലും 1991 ലും യഥാസ്ഥിക ശക്തികളെ ആശ്രയിച്ച് തന്റെ സ്ഥാനം നിലനിറുത്താൻ ഗോർബച്ചേവ് ശ്രമിച്ചു. എന്നാൽ ഒരു അവസരത്തിലും ഖനിത്തൊഴിലാളികൾ രാജ്യത്തിന്റെ ഊർജ്ജ സ്രോതസ്സുകളെ അട്ടിമറിക്കാൻ വൻതോതിൽ പണിമുടക്കിൽ ഏർപ്പെട്ടു. ഇത് രാജ്യത്തിന്റെ ഊർജ്ജ ഉൽപാദനം തടയാൻ കാരണമായി.


സോവിയറ്റ് യൂണിയന്റെ കീഴിലുള്ള കിഴക്കൻ യൂറോപ്യൻ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും സാമ്പത്തികമായും സാമൂഹികമായും പ്രതിസന്ധിയിലായിരുന്നു. കിഴക്കൻ യൂറോപ്പിലെ സോവിയറ്റ് നിയന്ത്രണത്തെ ദുർബലമാക്കാൻ ഗോർബച്ചേവ് തീരുമാനിച്ചപ്പോൾ ജനങ്ങൾക്കിടയിൽ സ്വാതന്ത്ര്യവും ജനാധിപത്യപരവുമായ ബോധം വന്നു. അതിനെത്തുടർന്ന് ചെക്കോസ്ലോവിയായിലും, ബൾഗേറിയയിലും, ഉണ്ടായിരുന്ന ഭരണകൂടങ്ങൾക്ക് വീഴ്ചയുണ്ടായി. റുമാനിയയുടെ നിക്കോളായ് ചൗഷസ്ക്യൂ പ്രകടനക്കാരുടെ നേർക്ക് വെടിവയ്പ് (ഡിസംബർ 1989) നടത്തിയതിനാൽ അദ്ദേഹത്തിന്റെ വധശിക്ഷ നടപ്പിലാക്കി. വെടിവയ്പ് സംബന്ധമായ ചിത്രങ്ങളും, ടെലിവിഷൻ ചിത്രീകരണങ്ങളും, ബെർലിൻ മതിൽ തകർച്ചയുമെല്ലാം യെൽത്സിൻ ആദ്യം ഗോർബച്ചേവിന്റെ ഒരു സഖ്യകക്ഷിയായിരുന്നു. മോസ്കോ നഗരത്തിൽ മേയറായിരുന്ന അദ്ദേഹം രാഷ്ട്രീയ സാമ്പത്തിക സ്വാതന്ത്ര്യത്തെ പിന്തുണച്ച കാരണത്താൽ വളരെയധികം പ്രശസ്തി നേടി. സോവിയറ്റ് പാർലമെന്റിന് വേണ്ടി 1989-ൽ ജനനായക രീതിയിൽ ഗോർബച്ചേവ് നടത്തിയ തെരെഞ്ഞെടുപ്പിൽ മോസ്കോ നിയോജക മണ്ഡലത്തിൽ മത്സരിച്ച യെൽത്സിൻ വൻ വിജയത്തോടെ അധികാരത്തിൽ തിരിച്ചെത്തി. അടുത്ത വർഷം ഗോർബച്ചേവ് നടത്തിയ എതിർപ്പിനെതിരെ അദ്ദേഹം റഷ്യയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. പ്രസിഡന്റ് യെൽത്സിൻ റഷ്യൻ റിപ്പബ്ലിക്കിന്റെ കൂടുതൽ സ്വയംഭരണത്തിന് വേണ്ടി വാദിച്ചു. പാർലമെന്റിനെ സ്വാതന്ത്ര്യമായി ഭരിക്കുവാൻ അനുവദിക്കുന്ന ഭരണനിർവ്വഹണ പ്രസിഡൻഷ്യൽ രീതിയെ മുൻവച്ചു.

1991-ൽ ഗോർബച്ചേവ് ശക്തമായ ഒരു നടപടിയെടുക്കാൻ ശ്രമിച്ചപ്പോൾ മോസ്കോ പട്ടണത്തിൽ വളർന്ന രണ്ടാമത്തെ തൊഴിലാളികൾ ഉയർന്നുവന്നു. ഗോർബച്ചേവിന്റെ രാഷ്ട്രീയത്തിലുണ്ടായിരുന്ന പിന്നോക്ക ശക്തികൾ അദ്ദേഹത്തിനെ കൂടാതെ കഠിനമായ നടപടിക്രമങ്ങളെ സ്വീകരിക്കാൻ ശ്രമിച്ചു. എന്നാൽ മറ്റ് സേനകളുടെ പിന്തുണ നേടാൻ കഴിയാതിരുന്ന അദ്ദേഹം പാശ്ചാത്യരാജ്യങ്ങളുടെ പിന്തുണയോട് ബോറിസ് എൽസിന്റെ പരിഷ്കരണ ഭരണത്തെ അവസാനിപ്പിച്ചു.

X Std - History Malayalam Unit-4.indd 51 1/27/2023 10:01:18 AM

കമ്മ്യൂണിസ്റ്റ് ലോകം ഉടയുന്നതിന് ജനങ്ങളെ പ്രേരിപ്പിച്ചു. ആറു മാസത്തിനുള്ളിൽ പകുതി യൂറോപ്പിന്റെ രാഷ്ട്രീയ ചരിത്രവും പുനർനിർമ്മിച്ചു. ഇത് വലിയ മാറ്റത്തിന് കാരണമായി. ഈ പശ്ചാത്തലത്തിൽ സോവിയറ്റ് യൂണിയനിലെ പല രാജ്യങ്ങളുംവിജയിച്ചു. ഭരണ വർഗ്ഗത്തിനുള്ളിലുണ്ടായിരുന്ന വിഭജന മനോഭാവം സമൂഹത്തിൽ അവർക്കുണ്ടായിരുന്ന നിയന്ത്രണത്തെ തളർത്തി.


യെൽത്സിൻ


ഗോർബച്ചേവ്

മദ്ധ്യകാലഘട്ടത്തിൽ മൂന്ന് ബാൾട്ടിക് നാടുകൾ സോവിയറ്റ് യൂണിയനിൽ നിന്നും പുറത്ത് പോയി അവയെല്ലാം ഐക്യരാഷ്ട്രസഭയിൽസ്വതന്ത്ര അംഗങ്ങളായി ചേർക്കപ്പെട്ടു. എസ്തോനിയ, ലാറ്റ്റ്വിയ, ലൂതിയാനിയ തുടങ്ങിയവയാണ് ആ രാജ്യങ്ങൾ. കൂടാതെ 1991 നവംബറിൽ 11 ജനാധിപത്യ രാജ്യങ്ങൾ (ഉക്രൈൻ, ജോർജിയ, ബെലാറസ്, അർമേനിയ, അസർബെയ്ജാൻ, കസക്സ്ഥാൻ, കിർഗിസ്ഥാൻ, മോൾഡോവ, ടർക്മെനിസ്ഥാൻ, തജികിസ്ഥാൻ, ഉസ്ബകിസ്ഥാൻ) സോവിയറ്റ് യൂണിയനിൽ നിന്നും പിരിഞ്ഞു പോകുന്നതായി അറിയിച്ചു. ഇതിന് പകരം അവർ ഒരു പൊതു നന്മയുള്ള സ്വതന്ത്രരാഷ്ട്രം (Common Wealth) പ്രഖ്യാപിച്ചു. ഗോർബച്ചേവ് 1991 ഡിസംബർ 25-ൽ തന്റെ പദവിയെ രാജിവച്ചു. പേരിന് വേണ്ടിമാത്രം ആറു ദിവസങ്ങൾ സോവിയറ്റ് യൂണിയൻ തുടർന്ന് പ്രവർത്തിച്ചെങ്കിലും അത് 1991 ഡിസംബർ 31-ാം തിയതി അർദ്ധരാത്രിയിൽ ഇത് ഔദ്യോഗികമായി പിരിച്ചുവിട്ടു. സോവിയറ്റ് യൂണിയൻ മേൽക്കൊണ്ട് ഇല്ലായിരുന്നു.

സംഗ്രഹം

- 1911 ലെ വിപ്ലവത്തിന് ശേഷം അവിടെ സംഭവിച്ച സംഭവവികാസങ്ങളുടെ കഥ ചരിത്രത്തിൽ രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ചൈന ഒരു കമ്മ്യൂണിസ്റ്റ് രാജ്യമായി മാറി.
- അമേരിക്കൻ ഐക്യനാടിനും സോവിയറ്റ് യൂണിയനും തമ്മിലുള്ള മത്സരം ലോകത്തെ ഭിന്നിപ്പിക്കാൻ രണ്ട് സൈനിക വിഭാഗങ്ങളായി പിരിഞ്ഞതും വടക്കൻ അറ്റ്ലാന്റിക് ഉടമ്പടിയും (NATO) വാർസാ കരാറിന്റെ പ്രാധാന്യവും ഉയർത്തിക്കാട്ടുന്നു
- കൊറിയൻ യുദ്ധവും, ക്യൂബൻ മിസൈൽ പ്രതിസന്ധിയും, അറേബ്യ-ഇസ്രായേൽ യുദ്ധങ്ങളും, വിയറ്റ്നാം യുദ്ധം തുടങ്ങിയവയെല്ലാം ശീതയുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ചിത്രീകരിച്ചു കാണിക്കുന്നു.
- മൂന്നാം ലോകരാജ്യങ്ങളുടെ കാഴ്ചപ്പാടുകളെ പ്രതിനിധീകരിക്കുന്ന ചേരിചേരാ പ്രസ്ഥാനത്തെപ്പറ്റി വിവരിക്കപ്പെട്ടിട്ടുണ്ട്.
- അമേരിക്കയുടെ സ്വാധീനത്തിൽ നിന്ന് സ്വതന്ത്ര്യമായി പ്രവർത്തിക്കുന്നതിന് യൂറോപ്യൻ കൗൺസിൽ രൂപീകരിച്ചു.

A-Z പദപരിചയം

എതിരായ	Antagonistic	Acting against or indicating
പുറത്തു കടക്കുക	Wriggle out	To avoid doing something
വളർച്ച, ഉയർച്ച	Ascension	The act of rising to an important position or a higher level, a movement upward
അതൃപ്തി	Disillusioned	Disappointed on finding out something is not as good as hoped
ഒഴിഞ്ഞുപോകുക, വർജ്ജിക്കു	Abstaining	Restrain oneself from doing something
മുഷിപ്പിക്കുക, കയ്പുവരുത്തുക	Embitter	Cause to feel bitter – to make hateful
ദുർബലപ്പെടുത്തുക, കഴിവുകെടുത്തുക	Incapacitated	Lacking in or deprived of strength or power
ജൈവ ആയുധങ്ങൾ	Bacteriological weapons	The use of harmful bacteria as a weapon

X Std - History Malayalam Unit-4.indd 52 1/27/2023 10:01:18 AM

അഭ്യാസം

CXGI9

I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക:

1. ഏത് അമേരിക്കൻ പ്രസിഡന്റാണ് കമ്മ്യൂണിസ്റ്റിന്റെ പ്രവർത്തനങ്ങളെ തടയുന്ന നയം പിൻതുടർന്നത്?
   (a) ഉട്രോ വിൽസൻ
   (b) ട്രൂമെൻ
   (c) തിയോഡർ റൂസ്വെൽസ്
   (d) ഫ്രാൻക്ലിൻ ഡി റൂസ്വെൽസ്

2. ചൈനയിൽ എപ്പോഴാണ് ജനങ്ങളുടെ രാഷ്ട്രീയ ചർച്ചായോഗം നടന്നു?
   (a) സെപ്റ്റംബർ 1959
   (b) സെപ്റ്റംബർ 1948
   (c) സെപ്റ്റംബർ 1954
   (d) സെപ്റ്റംബർ 1949

3. അമേരിക്കൻ ഐക്യനാടും അതിന്റെ സഖ്യകക്ഷികളും ചേർന്ന് സോവിയറ്റ് നാട്ടിന്റെ ആക്രമണത്തെ തടുക്കാൻ ഏർപ്പെടുത്തിയ സംഘടനയുടെ പേര് എന്ത്?
   (a) സീറ്റോ (b) നേറ്റോ
   (c) സെൻറ്റൊ (d) വാർസാ ഉടമ്പടി

4. പാലസ്തീൻ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ഭരണനിർവ്വഹണ സമിതിക്ക് 1969-ൽ നേതൃത്വം വഹിച്ചത് ആരാണ്.
   (a) ഹബീസ് അൽ-ആസാദ്
   (b) യാസർ അറഫാത്ത്
   (c) നാസർ
   (d) സദ്ദാം ഹുസൈൻ

5. വടക്കൻ വിയറ്റ്നാമും ദക്ഷിണ വിയറ്റ്നാമും സംയുക്തമാക്കിയത് എപ്പോഴാണ്?
   (a) 1975 (b) 1976
   (c) 1973 (d) 1974

6. വാർസ കരാർ പിരിച്ചു വിട്ടതെപ്പോൾ?
   (a) 1979 (b) 1989
   (c) 1990 (d) 1991

II. പൂരിപ്പിക്കുക:

1. നവീന ചൈനയുടെ പിതാവ് എന്ന് വിളിക്കപ്പെടുന്നത് _____ ആണ്.
2. 1918-ൽ മാർക്സിസത്തെക്കുറിച്ചുള്ള പഠനം _____സർവ്വകലാശാലയിൽ രൂപീകരിക്കപ്പെട്ടു.
3. ഡോക്ട് സൺ യാത്സെന്റെ മരണശേഷം ഗുവോമിൻഡാങ് കക്ഷിയുടെ നേതാവ് _____ആണ്.
4. സമാധാനവും സുരക്ഷയും ആഗ്രഹിക്കുന്ന ഏതെങ്കിലും അറേബ്യൻ രാജ്യങ്ങൾക്ക് _____ ഉടമ്പടി തുറന്നു കൊടുക്കുന്നു.
5. തുർക്കിയിലെ അറേബ്യൻ സാമ്രാജ്യം ഏർപ്പെടുത്തും ലക്ഷ്യത്തോടെ ചെയ്യപ്പെട്ട ഉടമ്പടി _____ ആണ്.
6. ജർമ്മനി നേറ്റോയിൽ _____ൽ ചേർന്നു.
7. യൂറോപ്യൻ കൗൺസിലിന്റെ ആസ്ഥാനം _____ൽ സ്ഥിതി ചെയ്യുന്നു.
8. 1992 ഫെബ്രുവരി 7-ൽ ഒപ്പുവച്ച _____ ഉടമ്പടി യൂറോപ്യൻ യൂണിയനെ സൃഷ്ടിച്ചു.

III. ശരിയായ ആശയത്തെ തെരഞ്ഞെടുത്തെഴുതുക:

1. (i) ദക്ഷിണ യൂറോപ്പിൽ 1948-ൽ സോവിയറ്റ് യൂണിയൻ രൂപീകരിച്ച ഇടതുപക്ഷ സർക്കാരുകളെ സോവിയറ്റ് സൈന്യം സ്വതന്ത്രമാക്കി.
   (ii) വടക്ക് അറ്റ്ലാന്റിക് മേഖലയിൽ സമാധാനവും സുരക്ഷയും നിലനർത്താനാണ് നാറ്റോയുടെ പ്രധാന ലക്ഷ്യം
   (iii) സീറ്റോയുടെ അംഗരാജ്യങ്ങൾ ആ പ്രദേശത്ത് ജനാധിപത്യം പരവുന്നതിനെ തടയുന്നതിൽ പ്രതിജ്ഞാബദ്ധരാണ്.
   (iv) ജപ്പാനെതിരെ ബ്രിട്ടൻ ആറ്റംബോംബ് ഉപയോഗിച്ചത് മൂലം റഷ്യയ്ക്ക് തന്റെ നശിപ്പിക്കാനുള്ള കഴിവ് പ്രകടിപ്പിക്കാൻ ആഗ്രഹിച്ചു.
   a) (ii), (iii), (iv) ശരി
   b) (i), (ii) ശരി
   c) (iii), (iv) ശരി
   d) (i), (ii) ശരി

2. **ആശയം:** അമേരിക്കയുടെ മാർഷൽ പദ്ധതി യുദ്ധത്തിൽ ബാധിക്കപ്പെട്ട യൂറോപ്യൻ രാജ്യങ്ങളുടെ പുനരുദ്ധാരണത്തിനായി മുന്നോട്ട് വയ്ക്കുകയുണ്ടായി.
   കാരണം: അമേരിക്കൻ ഐക്യനാട് പശ്ചിമ യൂറോപ്യൻ രാജ്യങ്ങളെ തന്റെ സ്വാധീനത്തിൻ കീഴിൽ കൊണ്ടുവരാൻ ശ്രമിച്ചു.
   a) ആശയം കാരണവും ശരി എന്നാൽ കാരണം ഈ പ്രസ്താവനയുടെ ശരിയായ വിശദീകരണമല്ല.
   b) ആശയം കാരണവും തെറ്റാണ്.
   c) ആശയം കാരണവും ശരി. കാരണം ആശയത്തെ കൃത്യമായി വിശദീകരിക്കുന്നു.
   d) കാരണം തെറ്റ് എന്നാൽ ആശയം ശരി

X Std - History Malayalam Unit-4.indd 53 1/27/2023 10:01:18 AM

IV. യോജിപ്പിക്കുക:

1.	ഡോക്ടർ സൺ യാത്സെൻ	ദക്ഷിണ വിയറ്റ്നാം
2.	സിംഗ്മാൻ റീ	ഗുവോമിൻഡാങ്
3.	അൻവർ സാദാത്ത്	സൗത്ത് കൊറിയ
4.	ഹോ-ചി-മിൻ	ഈജിപ്ത്
5.	ങോ-ടിൻ-യീം	വടക്കൻ വിയറ്റ്നാം

V. ചുരുക്കത്തിൽ ഉത്തരമെഴുതുക:

1. 1911-ൽ ചൈനയിലുണ്ടായ വിപ്ലവത്തിന് ഏതെങ്കിലും മൂന്നു കാരണങ്ങളെ കുറിച്ചെഴുതുക.
2. മാവോയുടെ നീണ്ടയാത്രയെക്കുറിച്ച് കുറിപ്പെഴുതുക.
3. ബാഗ്ദാദ് ഉടമ്പടി എന്താണെന്ന് നിങ്ങൾക്ക് അറിയാമോ?
4. മാർഷൽ പദ്ധതി എന്നാൽ എന്താണ്?
5. മൂന്നാം ലോക രാജ്യങ്ങളെപ്പറ്റി ഒരു ചെറു കുറിപ്പെഴുതുക.
6. ക്യൂബയുടെ മിസൈൽ പ്രതിസന്ധി എങ്ങനെയാണ് പ്രവർത്തനരഹിതമായത്?

VI. വിസ്തരിച്ച് ഉത്തരം എഴുതുക:

1. ചൈനയെ ഒരു കമ്മ്യൂണിസ്റ്റ് രാജ്യമാക്കി മാറ്റുന്നതിൽ മാവോസേതുങ് വഹിച്ച പങ്കിനെക്കുറിച്ച് എഴുതുക.
2. യൂറോപ്യൻ കൗൺസിൽ എങ്ങനെയാണ് യൂറോപ്യൻ യൂണിയനിലേക്ക് പരിവർത്തനമായത് എന്ന ചരിത്രത്തെ വിവരിക്കുക.

VII. പ്രവർത്തനം:

1. ക്ലാസ്സ് രണ്ടു വിഭാഗങ്ങളായി തിരിക്കുക. ഒരു വിഭാഗത്തിനെ അമേരിക്കൻ ഐക്യനാടിന്റെ പിൻതുണക്കാരായും മറ്റെ വിഭാഗത്തിനെ സോവിയറ്റ് യൂണിയന്റെ പിൻതുണക്കാരുമായും പ്രവർത്തിച്ചുകൊണ്ട് ഒരു സംവാദത്തെ സംഘടിപ്പിക്കുക.
2. ദുരന്തത്തെയും ജനങ്ങളുടെ മരണത്തെയും പോലുള്ള ആശയങ്ങളെക്കൊണ്ട് മുഴുവൻ ക്ലാസ്സും ഉൾക്കൊള്ളുന്ന കൊറിയൻ യുദ്ധം, അറേബ്യ-ഇസ്രയേൽ യുദ്ധം, വിയ്റ്റനാം യുദ്ധം തുടങ്ങിയ ചിത്രങ്ങളെ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കാം.



REFERENCE BOOKS

1. R.D. Cornvell, *World History in the Twentieth Century* (London: Longman, 1972)
2. Richard Overy, *Complete History of the World* (London: Harper Collins, 2006)
3. Chris Harman, *A People's History of the World* (London: Orient Longman, 2007)



INTERNET RESOURCES

https://www.brittanica.com

X Std - History Malayalam Unit-4.indd 54 1/27/2023 10:01:18 AM

യൂണിറ്റ് 5

പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹിക മത പരിഷ്കരണ പ്രസ്ഥാനങ്ങൾ



പഠന ലക്ഷ്യങ്ങൾ

താഴെ കാണുന്നവയെ പരിചയപ്പെടൽ

- പത്തൊമ്പതാം നൂറ്റാണ്ടിലെ ബ്രിട്ടീഷ് ഇന്ത്യയിൽ പുതിയ ബോധവൽക്കരണം സൃഷ്ടച്ചതിൽ പാശ്ചാത്യ ആശയങ്ങളും ക്രിസ്ത്യാനികളുടെയും സ്വാധീനം.
- സാമൂഹ്യ, മത മേഖലകളിൽ ഏർപ്പെട്ട പ്രശ്നങ്ങൾ സതി, അടിമത്തം, തൊട്ടുകൂടായ്മ, ശൈശവ വിവാഹം തുടങ്ങിയവ.
- വിഗ്രഹാരാധന, ചടങ്ങുകൾ, അന്ധവിശ്വാസങ്ങൾ എന്നിവയെ എതിർക്കൽ.
- ഇന്ത്യയുടെ പുനരുദ്ധാരണത്തിന് ബ്രഹ്മസമാജം, ആര്യസമാജം, രാമകൃഷ്ണമിഷൻ, തിയോസഫിക്കൽ സൊസൈറ്റി, അലിഗർ പ്രസ്ഥാനം എന്നിവയുടെ സംഭാവനകൾ.
- പാഴ്സികൾക്കും സിക്കുകാർക്കും സാമൂഹ്യബോധം ഉണ്ടാക്കുന്നതിൽ പ്രമുഖവ്യക്തികൾ വഹിച്ച പങ്ക്.
- ജ്യോതി ബഫലെയുടെ സാമൂഹ്യ പ്രസ്ഥാനവും, കേരളത്തിലെയും തമിഴ്നാട്ടിലെയും പരിഷ്കരണ പ്രസ്ഥാനങ്ങളും.

RKHQW

ആമുഖം

ഉദ്യോഗസ്ഥരെ വളർത്തുന്ന രീതിയിൽ അവതരിപ്പിച്ച ഇംഗ്ലീഷ് വിദ്യാഭ്യാസം ഒരു പുതിയ ഇംഗ്ലീഷ് ചരിത്രമായ മധ്യവർഗ്ഗവും നിർമ്മിച്ചു. പാശ്ചാത്യ ആശയങ്ങളുടെയും ചിഹ്നങ്ങളുടെയും സ്വാധീനത്തിലാണ് ഈ വർഗ്ഗം വന്നത്. പുതുതായി വളർന്നു വരുന്ന മധ്യവർഗത്തെ കുറിച്ച് ക്രിസ്ത്യാനികൾ പ്രകടമാക്കി എണ്ണത്തിൽ കുറവാണെങ്കിലും വിദ്യാഭ്യാസമുള്ള മധ്യവർഗ്ഗം രാഷ്ട്രീയത്തിലും പരിഷ്കരണ പ്രസ്ഥാനങ്ങളിലും നേതൃത്വം എറ്റെടുക്കാൻ തുടങ്ങി ഇന്ത്യൻ നവോത്ഥാനകർ തങ്ങ ളുടെ പഴയ ധാരണകളും ശീലങ്ങളും ഗൗരവമായ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കാൻ മടിച്ചു നിന്നു. കരം അവർ ഇന്ത്യൻ പാശ്ചാത്യ സംസ് കാരങ്ങളിൽ യോജിപ്പിക്കാൻ ശ്രമിച്ചു അവരുടെ ആശയങ്ങളും പ്രവർത്തനങ്ങും പെൺശിശുഹത്യ ശൈശവ വിവാഹം വിവിധ അന്ധവിശ്വാസങ്ങൾ തുടങ്ങിയ സാമൂഹിക തിന്മകളെ ലഘൂകരിക്കാൻ സഹായിച്ചു.

പത്തൊമ്പതാം നൂറ്റാണ്ടിലെ മതപരമായ പരിഷ്കരണ പ്രസ്താനങ്ങളെ രണ്ടായി തിരിക്കാം ബ്രഹ്മസമാജം, പ്രാർത്ഥനാ സമാജം, അലിഗർ പ്രസ്ഥാനം തുടങ്ങിയ പരിഷ്കരണ പ്രസ്ഥാനങ്ങൾ ഒരു വിഭാഗം, ആര്യസമാജം, രാമകൃഷ്ണ മിഷൻ, ദിയോ ബന്ദ് പ്രസ്ഥാനം തുടങ്ങിയ പുനരുദ്ധാരണ പ്രവർത്തനങ്ങൾ മറ്റൊരു വിഭാഗം. പൂനയിലെ ജ്യോതിബ ഫൂലെ, നാരായണഗുരു, അയ്യങ്കാളി, രാമലിംഗ അടികൾ, അയോധ്യ ദാസൻ തുടങ്ങിയവരെ അടിച്ചമർത്തുന്ന സാമൂഹിക പ്രവർത്തകരെ വെല്ലുവിളിക്കാൻ ശ്രമിച്ചിട്ടുണ്ട്.

5.1 ബംഗാളിലെ ആദ്യ കാല പരിഷ്കരണ പ്രസ്ഥാനങ്ങൾ

(a) രാജാറാം മോഹൻറോയും ബ്രഹ്മസമാജവും

രാജാറാം മോഹൻറോയ് (1772-1833) പാശ്ചാത്യ ആശയങ്ങളാൽ ആകൃഷ്ടനായി പരിഷ്കരണ പ്രവൃത്തികൾ ആരംഭിച്ചു. ആദ്യ കാല പരിഷ്കരണ വാദികളിൽ ഒരാളാണ്. തന്റെ മാതൃഭാഷയായ ബംഗാളി ഭാഷയിൽ മികച്ച പണ്ഡിതനും സംഗീതം, അറബി, പേർഷ്യൻ, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ, പാണ്ഡിത്യവും, നേടിയിരുന്നു. റാം മോഹൻ റോയ് അർത്ഥരഹിതമായ മതപരമായ ചടങ്ങുകളേയും വിനാശക

X Std - History Malayalam Unit-5.indd 55 1/27/2023 10:01:49 AM

രമായ സാമൂഹ്യ ആചാരങ്ങളേയുംഎതിർത്തു. എന്നിരുന്നാലും കഴിഞ്ഞ കാലത്തെ തുടർച്ചയെ നിലനിർത്താൻ അദ്ദേഹം ആഗ്രഹിച്ചു തന്റെ തത്വ ചിന്തകളാൽ സാമൂഹിക കാഴ്ചപ്പാടിൽ ഏകദൈവാരാധനയും വിഗ്രഹാരാധനയും അദ്ദേഹത്തെ വളരെധികം സ്വാധീനിച്ചിരുന്നു. ഉപനിഷത്തുകളുടെ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ ഹിന്ദുക്കളുടെ പുരാതന ഗ്രന്ഥങ്ങൾ എല്ലാം ഏകദൈവ വിശ്വാസത്തെക്കുറിച്ചും ഏകദൈവ ആരാധനയെക്കുറിച്ചും അദ്ദേഹം വാദിച്ചു.


രാജാ റാംമോഹൻ റോയ്


സമൂഹത്തിൽനിലനിൽക്കുന്നഅനാചാരങ്ങളായ സതി ശൈശവവിവാഹം ബഹുഭാര്യാത്വം തുടങ്ങിയവയുടെ ആചാരങ്ങളെക്കുറിച്ച് അദ്ദേഹം ആശങ്കപ്പെടുക യും അവയ്ക്കെതിരെ ലഘു ലേഖകൾ പ്രസിദ്ധീകരിച്ച് ബ്രിട്ടീഷ് സർക്കാരിനോട് നിയമനിർമാണം നടത്താൻ അപേക്ഷിച്ചു. വിധവകൾ പുനർവിവാഹം നടത്താനുള്ള അവകാശത്തെ ഉപേക്ഷിച്ചു. ബഹുഭാര്യാത്വം അവസാനിപ്പിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹത്തന്റെ ആശയങ്ങളെ പിന്നോക്ക ചിന്താഗതിരായ ഹിന്ദുക്കൾ എതിർത്തു ജനങ്ങളുടെ ന്യായവും, മനുഷ്യത്വവും, അനുകമ്പയും അദ്ദേഹം ആവശ്യപ്പെട്ടു. കൽക്കട്ടയിലെ സ്മശാനം സന്ദർശിച്ച് വിധവകളുടെ ബന്ധുക്കളോട് സതിയെ നിറുത്തലാക്കാൻ ആവശ്യപ്പെട്ടു. ഗവർണർ ജനറൽ ആയ വില്യം ബെന്റിങ്ക് 1829-ൽ സതിയെ നിരോധിച്ചുകൊണ്ടുള്ള നിയമം പാസാക്കിയതിൽ രാജാറാംമോഹൻറോയ് നിർണായക പങ്കു വഹിച്ചു.

സ്ത്രീകളെ കീഴടക്കുന്നതിനെതിരെയും പുരുഷന്മാരേക്കാൾ സ്ത്രീകൾ താഴ്ന്നവരാണ് എന്നുള്ള ആശയങ്ങളെ രാജാറാം മോഹൻ റോയ് എതിർത്തു. സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് വേണ്ടി അദ്ദേഹം ശക്തമായി വാദിച്ചു ഇംഗ്ലീഷ് ഭാഷയും പാശ്ചാത്യ ശാസ്ത്രവും സ്കൂളുകളിലും കോളേജുകളിലും പരിചയപ്പെടുത്താൻ അദ്ദേഹം പൂർണപിന്തുണ നടത്തി.

രാജാറാം മോഹൻറോയ് 1828-ൽ ബ്രഹ്മസമാജം സ്ഥാപിച്ചു. 1828 - ഓഗസ്റ്റ് ഇരുപതാം തിയതി കൊൽക്കത്തയിൽ വിഗ്രഹം ഇല്ലാത്ത ഒരു ക്ഷേത്രം നിർമ്മിച്ചു ഇവിടെ ഏതൊരു മതത്തെയും അപമാനിക്കാനൊ, സംസാരിക്കനൊ, അല്ലെങ്കിൽ പരോക്ഷമായി പ്രചരിപ്പിക്കാനൊ പാടില്ല എന്ന് എഴുതി വെച്ചു. ബ്രഹ്മസമാജം വിഗ്രഹാരാധനയെ വിലക്കുകയും മതരഹിതമായ ആചാരങ്ങളെയും ചടങ്ങുകളെയും അപലപിക്കുകയും ചെയ്തു. എന്നിരുന്നാലുംആദ്യംമുതൽക്കുതന്നെബ്രഹ്മസമാജത്തിന്റെ തത്വങ്ങൾ വിദ്യാഭ്യാസ വിദഗ്ധൻമാരായ ബംഗാളികളെ പ്രബുദ്ധരാകാൻ കഴിയുമായിരുന്നു സമൂഹത്തിന്റെ താഴെക്കിടയിലുള്ള ജനങ്ങളെ തന്നിലേക്ക് ആകർഷിക്കാൻ ബ്രഹ്മ സമാജം ശ്രമിച്ചെങ്കിലും ആധുനിക ബംഗാളിന്റെ സംസ്കാരവും മധ്യവർഗ്ഗവുമായതിന്റെ സ്വാധീനം വളരെ പ്രധാനമായിരുന്നു.

(b) മഹർഷി ദേവേന്ദ്രനാഥ് ടാഗൂർ:

1833-ൽ രാജാറാം മോഹൻ റോയുടെ മരണത്തോടുകൂടി അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ മഹാകവി രവീന്ദ്രനാഥ ടാഗൂറിന്റെ പിതാവായ ദേവേന്ദ്രനാഥ് ടാഗൂർ (1817-1905) തുടർന്നു. അദ്ദേഹം വിശ്വാസത്തെപറ്റിയ നാല് തത്വങ്ങളെ മുൻപിൽ വെച്ചു.


ദേവേന്ദ്രനാഥ ടാഗോർ

1 ആരംഭത്തിൽ ഒന്നുമില്ലഎല്ലാം മായ. ഒരു ദൈവം മാത്രമേ ഉള്ളൂ.
2 അവൻ മാത്രമാണ് സത്യത്തിൽ ദൈവമായ അനന്ത ജ്ഞാനവും, നന്മയും, ശക്തിയും, നിത്യവും,സർവ്വശക്തനും, പുണ്യ ശക്തിയും.
3 ദൈവം നമ്മുടെ രക്ഷയിലും, ഇഹത്തിലും, പരത്തിലും, ആരാധനയിലും, വിശ്വാസത്തിലും, ആശ്രയിച്ചിരിക്കുന്നു
4 അവരെ വിശ്വസിക്കുന്നതിലും സ്നേഹിക്കുന്നതിലും അവന്റെ ഇഷ്ടങ്ങൾ ചെയ്യുന്നതിലും അടങ്ങിയിരിക്കുന്നു.

(c) കേശവ ചന്ദ്രസെനും ഇന്ത്യയിലെ ബ്രഹ്മസമാജവും

ദേവേന്ദ്രനാഥ് ടാഗൂർ മിതവാദ പരിഷ്കർത്താവായിരുന്നു എന്നാൽ അദ്ദേഹത്തിന്റെ യുവ സഹപ്രവർത്തകർ ബ്രഹ്മ സമാജത്തിൽ വളരെ വേഗത്തിലുള്ള മാറ്റങ്ങൾ വരുത്തി. അവരിൽ ഏറ്റവും പ്രധാനമായ കേശവ ചന്ദ്രസെൻ (1838-1884) 1857-ൽ ഈ പ്രസ്ഥാനത്തിൽ ചേർന്നു. ക്രിസ്തു മതത്തിൽ ആഘോഷിക്കപ്പെട്ട ഇദ്ദേഹം ക്രിസ്തു മത തത്വങ്ങളെ വിശ്വസിപ്പിച്ചു. എന്നാൽ 1866-ൽ ഈ സമാജത്തിന്റെ അംഗങ്ങൾക്കിടയിൽ ഒരു പിളർപ്പ് ഏർപ്പെട്ടു. കേശവ് ഈ സമാജത്തിൽ നിന്നും പിന്മാറി പുതിയ ഒരു സംഘടന സ്ഥാപിച്ചു. പിന്നീട് ഇത് ദേവേന്ദ്രനാഥ് സംഘടന 'ആദി ബ്രഹ്മസമാജം' എന്ന പേരിൽ


കേശവ ചന്ദ്ര സെൻ

X Std - History Malayalam Unit-5.indd 56 1/27/2023 10:01:49 AM

അറിയപ്പെട്ടു. ശൈശവവിവാഹത്തെ സമാജം അപലപിച്ച പ്പോഴും അതിനെതിരായി കേശവ ചന്ദ്രൻ തന്റെ 14 വയസ്സ് പ്രായമുള്ള മകളെ ഒരു ഇന്ത്യൻ രാജകുമാരന് വിവാഹം കഴിച്ച് കൊടുത്തപ്പോൾ ശൈശവ വിവഹത്തെ എതിർത്തവർ ഇന്ത്യയുടെ ബ്രഹ്മസമാജം ഉപേക്ഷിക്കുകയും സാധാരണ സമാജം ആരംഭിക്കുകയും ചെയ്തു. ഈ സമാജം ക്രമേണ ക്രിസ്തീയ വിരുദ്ധ പ്രവർത്തനങ്ങളെ വികസിപ്പിച്ചു.

(d) ഈശ്വര ചന്ദ്ര വിദ്യാസാഗർ


ഈശ്വര ചന്ദ്ര വിദ്യാസാഗർ

ബംഗാളിലെ മറ്റൊരു മത പരിഷ്കർത്താവാണ് ഈശ്വരചന്ദ്ര വിദ്യാസാഗർ (1820-1891) രാജാറാം മോഹൻറോയും മറ്റുള്ളവ രുംസമൂഹത്തെ പരിഷ്കരിക്കുന്നതിന് പാശ്ചാത്യ യുക്തിസഹജമായ അവകാശങ്ങൾ ഉണ്ടായിരുന്നപ്പോൾവിദ്യാസാഗർ ഹൈന്ദവ ഗ്രന്ഥങ്ങൾ പുരോഗമനപരമാണ് എന്ന് വാദിച്ചു. വിധവകളെ കത്തിക്കൽ അല്ലെങ്കിൽ വിധവകളുടെ പുനർവിവാഹം നിരോധിക്കാനുള്ള അനുമതി ഇല്ലെന്ന് മതഗ്രന്ഥങ്ങളിൽ നിന്ന് തെളിവുകൾ നൽകി. ഇദ്ദേഹം ധാരാളം ലഘു ലേഖനങ്ങൾ എഴുതിയ ആധുനിക ബംഗാളി ഗവേഷണത്തിന് ആദ്യ പത്രാധിപരായിരുന്നു ഇദ്ദേഹം പെൺകുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിൽ നേതൃത്വം വഹിച്ച അദ്ദേഹം നിരവധി സ്കൂളുകൾ സ്ഥാപിക്കാൻ സഹായിച്ചു. ഹിന്ദു സമൂഹത്തിൽ ശിശു വിധവകളുടെ ക്ഷേമത്തിനായി ഇദ്ദേഹം തന്റെ ജീവിതം മുഴുവനും സമർപ്പിച്ചു. വിദ്യാസാഗർ നയിച്ച പ്രസ്ഥാനത്തിന്റെ ഫലമായി 1856 വിധവാ പുനർവിവാഹ പരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നു. ഈ നിയമം ശിശു വിധവകളുടെ നില മെച്ചപ്പെടുത്താനും നിരന്തരമായി വിധവയായി ഇരിക്കേണ്ടതിൽ നിന്ന് രക്ഷനേടാനും ഉദ്ദേശിച്ചിട്ടുള്ളതാണ്.

1860-ൽ ആദ്യത്തെ (Constant Act) വിവാഹ പ്രായ നിയമം നടപ്പിലാക്കി. ഇത് വിദ്യാസാഗറിന്റെ ശ്രേഷ്ഠയുടെ ഫലമാണ്. വിവാഹത്തിനുള്ള പ്രായപരിധി പത്ത് വയസായി നിശ്ചയിച്ചു. 1891-ൽ 12 വയസായും, 1925-ൽ 13 വയസായും ഉയർത്തി. എന്നാൽ ദുഃഖപരമായ രീതിയിൽ വിവാഹ പ്രായ നിയമം (1929) അവതരിച്ചപ്പോൾ അത് പേപ്പറിൽ മാത്രം അവശേഷിച്ചു. ജഡ്ജിമാർ, അഭിഭാഷകർ, പഠിച്ച പുരുഷന്മാർ, ഏതാനും വിദ്യാസമ്പന്നരുമായ ആളുകൾ മാത്രമേ അതിനെ പറ്റിയുള്ള അറിവ് നേടിയിരുന്നുള്ളൂ.

(e) പ്രാർത്ഥനാ സമാജം

പഴയകാല പ്രവർത്തനങ്ങളുടെ മറ്റൊരു മേഖലയാണ് മഹാരാഷ്ട്രയിൽ 1867-ൽ ബ്രഹ്മസമാജത്തെപോലെ ബോംബെയിൽ സ്ഥാപിച്ച മറ്റൊരു പ്രസ്ഥാനമാണ് പ്രാർത്ഥനാ സമാജം. ആത്മാ റാം പാണ്ടുരംഗ് (1825-1898) ആണ് ഇതിന്റെ സ്ഥാപകൻ. ഈ സമാജത്തിന് പ്രധാനപ്പെട്ട അംഗങ്ങളാണ് ആർ, സി ബന്ധർഹർ, ജസ്റ്റിസ് മഹാദേവ ഗോവിന്ദ റാനഡെ, മിസ്രാ ഭോജനം, മിസ്രവിവാഹം, വിധവ പുനർവിവാഹം, സ്ത്രീകളുടെ ഉന്നമനം, പിന്നോക്കാവസ്ഥയിൽ ഉള്ളവരുടെ പുരോഗതി എന്നിവയ്ക്ക് വേണ്ടി അവർ സ്വയം അർപ്പിച്ചു. വിധവ പുനർവിവാഹ സംഘം (1861), പുനർ സർവ്വജനിക് സഭ (1870), സർക്കാർ വിദ്യാഭ്യാസ സംഘം (1884), എന്നീ സ്ഥാപനങ്ങളെ മഹാദേവ് ഗോവിന്ദ് റാനഡെ സ്ഥാപിച്ചു.


ആത്മാറാം പാണ്ഡുരംഗ്


മഹാദേവ ഗോവിന്ദ റാനഡെ

5.2 ഹിന്ദു പരിഷ്കരണ പ്രസ്ഥാനങ്ങൾ

(a) സ്വാമി ദയാനന്ദ സരസ്വതിയും ആദ്യ സമാജവും 1875:

പഞ്ചാബിൽ പരിഷ്കരണ പ്രസ്ഥാനത്തിന് ആര്യസമാജം നേതൃത്വം നൽകി. പടിഞ്ഞാറൻ ഗംഗാസമതലത്തിലൂടെ സഞ്ചരിച്ച് (1824-1883) സന്യാസിയായ സ്വാമി ദയാനന്ദ സരസ്വതിയിലൂടെയാണ് ഇത് സ്ഥാപിതമായത്. പിന്നീട് 1875-ൽ സ്വാമി ദയാനന്ദ സരസ്വതി തന്റെ തത്വങ്ങൾ പ്രചരിപ്പിക്കുന്നതിനു വേണ്ടി പഞ്ചാബിൽ താമസിക്കുകയും അദ്ദേഹത്തിന്റെ 'സത്യാർത്ഥ പ്രകാശ്' എന്ന പുസ്തകം എല്ലാവരാലും ആകർഷിക്കപ്പെടകയും ചെയ്തു. സ്വാമി ദയാനന്ദ സരസ്വതി ശിശുവിവാഹം, വിധവാ പുനർവിവാഹ നിരോധനം, വിദേശ യാത്രയുടെ ആരോപണങ്ങൾ മുതലായവ മത ഗ്രന്ഥങ്ങളാൽ സ്വീകാര്യമല്ലെന്ന് പ്രഖ്യാപിച്ചു. ദയാനന്ദ സ്വീകരിച്ച അനുകൂലമായ തത്വങ്ങൾ

X Std - History Malayalam Unit-5.indd 57 1/27/2023 10:01:49 AM

കർശനമായ ഏക ദൈവ ആരാധന, വിഗ്രഹാരാധനയെ നിരാകരിക്കുക, സാമൂഹ്യ ആചാരങ്ങളിൽ ബ്രാഹ്മണ മേധാവിത്വം എന്നിവയാണ്. ആ ര്യ സ മാ ജ ം ഹിന്ദുമതത്തിലെ പ്രത്യേകിച്ച് പുരാണ സാഹിത്യത്തിലെ അന്ധവിശ്വാസങ്ങളെ നിരാകരിച്ചു അതിന്റെ ഫലമാണ് വേദങ്ങളിലേക്ക് തിരിച്ചു പോവുക എന്ന തത്വം.




സ്വാമി ദയാനന്ദ സരസ്വതി

ആര്യസമാജം ബ്രിട്ടീഷ് ഇന്ത്യയിൽ മത പരിവർത്തനത്തിലെ പരിണിതഫലങ്ങൾ പരിശോധിക്കാൻ ശ്രമിച്ചു. ക്രിസ്തുമതവുമായി പരിവർത്തനം ചെയ്ത ഹിന്ദുക്കളെ വീണ്ടും ഹിന്ദുമതത്തിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി ശുദ്ധി എന്ന 'ശുദ്ധികരണസമ്പ്രദായം' ആരംഭിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിലെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിലെ ആരംഭത്തിലും പഞ്ചാബിൽ കുഴപ്പമേറിയ ഹിന്ദു, ഇസ്ലാം, ക്രിസ്തു മതങ്ങൾക്കിടയിൽ തീവ്രമായ ചർച്ചകൾ നടന്ന കാലഘട്ടമായിരുന്നു.

ആര്യ സമാജത്തിന്റെ പ്രാഥമിക നേട്ടങ്ങൾ സാമൂഹ്യ പരിഷ്കരണവും വിദ്യാഭ്യാസ പ്രചരണവുമായിരുന്നു. സമാജം ധാരാളം ആഗ്ലോ വേദിക് സ്കൂളുകളും കോളേജുകളും ആരംഭിച്ചു.

(b) രാമകൃഷ്ണ പരമഹംസൻ:

നാം നേരത്തെ കണ്ടതുപോലെ ക്രിസ്ത്യൻ യുക്തിവാദ വിമർശനങ്ങളുടെ പ്രതികരണമായി ബ്രഹ്മസമാജം ആദ്യം വിഗ്രഹാരാധനയും മറ്റ് യാഥാസ്ഥിതിക ഹിന്ദു ആചാരങ്ങളേയും വിമർശിച്ചിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യ ഘട്ടത്തിൽ കൊൽക്കത്തയ്ക്ക് അടുത്തുള്ള ദക്ഷിണേശ്വർ എന്ന ഗ്രാമത്തിൽ ഇതിൽ ദളിതനായ ഒരു പുരോഹിതനായിരുന്നു രാമകൃഷ്ണപരമഹംസർ. (1836 - 1886) ഭജനാ സൂക്തങ്ങൾ പാടുന്നത് പോലെയുള്ള പരമപ്രധാനമായ ആചാരങ്ങളിലൂടെയും ആത്മീയ അനുഭവങ്ങളിലൂടെയും ദൈവത്തോട് ഒത്തു ചേരുന്നതിന് പ്രാമുഖ്യം കൊടുത്തു. കാളി ദേവിയുടെ ഭക്തനായ ഇദ്ദേഹം ദൈവഭക്തി അനന്തമാണെന്ന് പ്രചരിപ്പിച്ചു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ എല്ലാ മതങ്ങളിലും സാർവ്വത്രികമായ ഘടകങ്ങൾ അടങ്ങിയിട്ടുണ്ടെന്നും അതിനെ ആശ്രയിക്കുകയാണെങ്കിൽ അത് നമ്മെ രക്ഷയിലേക്ക് നയിക്കുന്ന ജീവനാണ് ശിവൻ എന്നും അദ്ദേഹം പറയുകയുണ്ടായി. (എല്ലാ ജീവജാലങ്ങളും ദൈവമാണ്) എന്ന് അദ്ദേഹം പറഞ്ഞു പിന്നെ അവരോട് കരുണ കാണിക്കുന്നത് എന്തുകൊണ്ടാണ്? കരുണ എന്ന ശുശ്രൂഷയാണ് ആവശ്യം ദൈവ സേവനത്തിനായി മനുഷ്യനെ ശുശ്രൂഷി ക്കണം.



രാമകൃഷ്ണൻ



രാമകൃഷ്ണ മിഷൻ വേലൂർ മഠം

രാമകൃഷ്ണ മിഷൻ

രാമകൃഷ്ണന്റെ പ്രാഥമിക നേട്ടം എന്നത് ബ്രഹ്മസമാജം പോലെ തികച്ചും യുക്തിസഹചമായ വിവേചന വൽക്കരണമുള്ള യുവാക്കളെ തന്നിലേക്ക് ആകർഷിക്കുന്നതായിരുന്നു. 1886-ൽ അദ്ദേഹം മരണമടഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ശിഷ്യന്മാർ ഒരു മതസമൂഹം ആയി സ്വയം സംഘടിപ്പിക്കുകയും ഇന്ത്യയിലും വിദേശത്തും രാമകൃഷ്ണന്റെ ജീവിതവും ആശയവും പ്രചരിപ്പിക്കുന്നതിനുള്ള ചുമതല ഏറ്റെടുക്കുകയും ചെയ്തു. വിവേകാനന്ദനാണ് ഈ ചുമതലയുടെ പിന്നിൽ പ്രവർത്തിച്ചത്. ക്രിസ്ത്യൻ മിഷനറിമാരെ പിന്തുടർന്ന വിവേകാനന്ദൻ രാമകൃഷ്ണ മിഷൻ സ്ഥാപിച്ചു അത് മതപരമായ പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കാതെ വിദ്യാഭ്യാസം, ആരോഗ്യപരിചരണം, ദുരിതാശ്വാസ വിഷയങ്ങൾ എന്നിവയിൽ സജീവമായി ഇടപെട്ടു.

(c) സ്വാമി വിവേകാനന്ദൻ

സ്വാമി വിവേകാനന്ദൻ എന്ന് അറിയപ്പെടുന്ന നരേന്ദ്ര നാഥ് ദത്ത് (1863-1902) രാമകൃഷ്ണ പരമഹംസന്റെ പ്രധാന അനുയായി ആയിരുന്നു. വിദ്യാസമ്പന്നനായ അദ്ദേഹം യുവാവ്എന്ന നിലയിൽ രാമകൃഷ്ണന്റെ ആശയങ്ങളാൽ ആകർഷി ക്കപ്പെട്ടു. പരമ്പരാഗത ദാർശനികനിലപാടുകളിലും രീതികളിലും പൊരുത്തപ്പെടാത്ത അദ്ദേഹം മനുഷ്യ സേവനത്തിനായുള്ള പ്രായോഗിക വേദാന്തത്തെ ഉപദേശിക്കുകയും എല്ലാ സ്ഥാപനങ്ങളേയും മതവുമായി ബന്ധിപ്പിച്ചരിക്കുന്നതിനാൽ അതിന്റെ പ്രവണതയെ എതിർക്കുകയും ചെയ്തു. ഒരുസാംസ്കാരിക ദേശീയതയെ അദ്ദേഹം ഊന്നിപ്പറയുകയും ഹിന്ദുസമുദായത്തെ പുനർ ജീവിപ്പിക്കുന്നതിനായി ഇന്ത്യൻ യുവാക്കളെ ആഹ്വാനം ചെയ്യുകയും ചെയ്തു. ഇന്ത്യക്കാരുടെ ഇടയിൽ ആത്മവിശ്വാസം നൽകാൻ അദ്ദേഹത്തിന്റെ ആശയങ്ങൾ കാരണമായി. 1893-ചിക്കാഗോ നഗരത്തിൽ വച്ച് നടന്ന ലോക മതമഹാസമ്മേളനത്തിൽ ഹിന്ദുമതത്തെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പ്രശസ്തനായി. അദ്ദേഹത്തിന്റെ പ്രശസ്തി വകവയ്ക്കാതെ പരമ്പരാഗതമായി ഹിന്ദു ആചാരങ്ങളിൽ പങ്കെടുക്കാൻ പാടില്ലെന്നും ഒതുക്കി വെക്കപ്പെട്ട താഴ്ന്നജാതിക്കാർക്ക് അതേപോലുള്ള ഹിന്ദു ആചാരങ്ങളിൽ

X Std - History Malayalam Unit-5.indd 58 1/27/2023 10:01:49 AM

പങ്കെടുക്കണം എന്ന് അദ്ദേഹം വാദിച്ചു. വിവേകാനന്ദന്റെ പ്രത്യയശാസ്ത്രം, വിദ്യാഭ്യാസം നേടിയ ബംഗാളിലെ യുവാക്കൾക്കിടയിൽ രാഷ്ട്രീയ മാറ്റത്തിന് വഴിയൊരുക്കി. ബംഗാൾ വിഭജനത്തെ തുടർന്ന് സ്വദേശി പ്രസ്ഥാനകാലത്ത് തീവ്രവാദ ദേശീയ പോരാട്ടത്തിൽ ഉൾപ്പെട്ടിരുന്ന പല യുവാക്കൾക്കും വിവേകാനന്ദൻ പ്രചോദനം നൽകി.




സ്വാമി വിവേകാനന്ദൻ

(d) ബ്രഹ്മജ്ഞാനസഭ (Theosophical Society)

മാഡം എച്ച്.പി. ബ്ലാവറ്റ്സ്കി (1831-1891), കേണൽ എച്ച് എസ് ഓൾ കോഡ് (1832-1907) എന്നിവരാണ് ബ്രഹ്മജ്ഞാന സഭ (Theosophical Society) സ്ഥാപിച്ചു 1875 അമേരിക്കൻ ഐക്യനാടുകളിൽ സ്ഥാപിക്കപ്പെട്ട ഈ സഭ പിന്നീട് 1886 ഇന്ത്യയിലെ ചെന്നൈയിലുള്ള അടയാർ എന്ന സ്ഥലത്തേക്ക് മാറ്റപ്പെട്ടു.



മാഡം ബ്ലാവറ്റ്സ്കി



കേണൽ എച്ച് എസ് ഓൾ കോഡ്

ബ്രഹ്മജ്ഞാന സഭ ഹിന്ദു മത തത്വങ്ങളെ കൃതികളെ പ്രത്യേകിച്ച് ഉപനിഷത്തുകളുടെയും, ഭഗവത് ഗീതയുടെയും പഠനത്തെ ഉത്തേജിപ്പിക്കുന്ന ഇന്ത്യയിൽ ബുദ്ധമതത്തിന്റെ പുനരുജ്ജീവനത്തിന് ബ്രഹ്മജ്ഞാന സഭ ഒരു പ്രധാന പങ്കുവഹിച്ചു. ഹൈന്ദവ മത ഗ്രന്ഥങ്ങളിലെ പാശ്ചാത്യ തത്വങ്ങൾ ഹിന്ദുക്കളിൽ അവരുടെ പാരമ്പര്യത്തിലും സംസ്കാരത്തിലും വലിയ അഭിമാനം ഉയർത്തി.

ആനി ബസന്റിന്റെ പങ്ക്:

എച്ച് എസ് ഓൾ കോട്ടിന്റെ മരണശേഷം ഇന്ത്യയിൽ ഈ സഭയുടെ അധ്യക്ഷനായി ആനി ബെസന്റ് (1847-1933) തെരഞ്ഞെടുക്കപ്പെട്ടതിനു ശേഷം ഈ സഭ വീണ്ടും പ്രശസ്തി ആർജ്ജിച്ചു ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ ഇതിൽ പ്രശസ്തിയാർജ്ജിച്ച ഇവർ ഹോംറൂൾ പ്രസ്ഥാനം ആരംഭിച്ചത് മൂലം അയർലാൻഡ് പോലെ ഇന്ത്യക്കും സ്വയംഭരണം വേണമെന്ന് ആവശ്യപ്പെട്ടു ഈ സഭയുടെ ആശയങ്ങളെ പ്രചരിപ്പിക്കുന്നതിനായി 'ന്യൂ ഇന്ത്യ, കോമൺ വീൽ' തുടങ്ങിയ വർത്തമാനപത്രങ്ങൾ ആരംഭിച്ചു.





ആനി ബസന്റ്

5.3 ജാതി വിരുദ്ധ പ്രസ്ഥാനങ്ങൾ

(a) ജ്യോതിബാ ഫൂലെ:

ജ്യോതി ഗോവിന്ദറാവു ഫൂലെ 1827 മഹാരാഷ്ട്രയിൽ ജനിച്ചു. അദ്ദേഹം ബ്രാഹ്മണ മേൽക്കോയ്മയെ എതിർക്കുന്നതിൽ ആദ്യകാല നേതാവ് എന്ന് അറിയപ്പെട്ടു.






ജ്യോതിബാ ഫൂലെ & സാവിത്രിബായ് ഫൂലെ

1852 പൂനയിൽ (തൊട്ടുകൂടാത്തവർ) എന്ന പേരിൽ ആദ്യമായി ഒരു സ്കൂൾ തുറന്നു. 1870 ബ്രാഹ്മണനല്ലാത്ത ജനങ്ങളിൽ സ്വയം ആദരവോടും ആഗ്രഹത്തോടും കൂടി ഉത്ഘോഷിപ്പിക്കാൻ അദ്ദേഹം സത്യാന്വേഷികളുടെ സംഘടന (Truth Seeker's Society) ആരംഭിച്ചു. ശൈശവ വിവാഹത്തെ എതിർത്തു, വിധവ പുനർ വിവാഹത്തെ പ്രത്യേകിച്ചും വിധവ പുനർ വിവാഹം നിരോധിക്കപ്പെട്ട ഉയർന്ന ഹിന്ദു വിഭാഗങ്ങളുടെ വിധവ പുനർവിവാഹത്തെ ആദരിച്ചു. ജോതിബായും ഭാര്യ സാവിത്രിബായ് ഫൂലെയും താഴ്ത്തപ്പെട്ട വർഗ്ഗത്തിന്റെ ഉന്നമനത്തിനും സ്ത്രീകളുടെ ഉയർച്ചയ്ക്കും വേണ്ടി തങ്ങളുടെ ജീവിതം അർപ്പിച്ചു. അനാഥമന്ദിരങ്ങളും വിധവകൾക്ക് വേണ്ടി വേണ്ടി സംരക്ഷണകേന്ദ്രങ്ങളും സ്ഥാപിച്ചു. പഴയ സമകാലീന ദേശീയവാദികളെപ്പോലെ അല്ലാതെ അദ്ദേഹം ബ്രിട്ടീഷ് ഭരണത്തെയും മെഷിനറി പ്രവർത്തനങ്ങളെയും സ്വാഗതം ചെയ്തു. ബ്രിട്ടീഷ് ഭരണകൂടം ബ്രാഹ്മണരുടെ മേൽക്കോയ്മയ്ക്ക് എതിരെ താഴ്ന്ന ജാതിക്കാരെ വെല്ലുവിളിക്കാൻ പ്രാപ്തരായി. ഗുലാം ഗിരി, അടിമത്തം തുടങ്ങിയ നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ സമകാലികമായ ആശയങ്ങളെ ഉള്ളടക്കിയവയാണ്.

X Std - History Malayalam Unit-5.indd 59 1/27/2023 10:01:50 AM

(b) നാരായണ ഗുരു:

കേരളത്തിലെ ദരിദ്രരായ മാതാപിതാക്കൾക്ക് ജനിച്ച നാരായണഗുരു (1854-1928) മലയാളം തമിഴ് സംസ്കൃതം എന്നീ ഭാഷകളിൽ ഒരു കവിയും പണ്ഡിതനുമായി പരിണമിച്ചു. ഒരു കാലത്ത് ക്ഷേത്രങ്ങൾ തെരുവുകൾ പൊതുകിണറുകൾ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ താഴ്ന്ന ജാതിക്കാർക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. താഴ്ന്ന ജാതിക്കാരായ സ്ത്രീകൾക്കും പുരുഷന്മാർക്കും മേൽവസ്ത്രം ധരിക്കാൻ അനുവദിച്ചിരുന്നില്ല. ഭയങ്കരമായ ജാതി ആക്രമണങ്ങളെ ആപലപിച്ച് ബന്ധപ്പെട്ട താഴ്ന്ന ജാതിക്കാർക്ക് വേണ്ടി മുഴുവൻ ജീവിതത്തെയും മർദ്ദിതരുടെ ക്ഷേമത്തിനും വേണ്ടി അർപ്പിച്ചു. താഴ്ത്തപ്പെട്ടവരുടെ ഉന്നമനത്തിനായി ശ്രീ നാരായണ ധർമ്മ പരിപാലന യോഗം എന്ന സംഘടന സ്ഥാപിച്ചു. അരുവിപ്പുറം എന്ന സ്ഥലത്ത് ഒരു ക്ഷേത്രം നിർമ്മിക്കുകയും അത് എല്ലാവർക്കും വേണ്ടി സമർപ്പിക്കുകയും ചെയ്തു. കേരള സമൂഹത്തിന്റെ സമൂലമായ പരിവർത്തനത്തിന് പ്രത്യേകിച്ച് ഈഴവ സമുദായത്തിന് അദ്ദേഹം പ്രചോദനമായി. കുമാരനാശാൻ, ഡോ. പൽപു എന്നിവരുടെ ആശയങ്ങളെ സ്വാധീനിക്കുകയും മുന്നോട്ടു കൊണ്ടുപോവുകയും ചെയ്തു.



നാരായണ ഗുരു

(c) അയ്യങ്കാളി

അയ്യങ്കാളി 1863 തിരുവനന്തപുരത്തിനടുത്തുള്ള വെങ്ങാനൂരിൽ ജനിച്ചു. കുട്ടിയായിരിക്കുമ്പോൾ തന്നെ അവൻ നേരിട്ട് വിവേചനത്താൽ അവനെ ജാതി വിരുദ്ധ പ്രസ്ഥാനത്തിന്റെ നേതാവായി മാറ്റി. പിന്നീട് അത് അടിസ്ഥാനപരമായ അവകാശങ്ങൾ ആയ പൊതുസ്ഥലങ്ങളിൽ സഞ്ചരിക്കുന്നതിനും വിദ്യാലയങ്ങളിൽ വിദ്യയ്ക്കുവേണ്ടിയും പോരാട്ടം നടത്തി. നിരവധി ജാതി വ്യവസ്ഥകളെ അയ്യൻകാളി വെല്ലുവിളിച്ചു. താഴ്ന്ന ജാതിക്കാർക്ക് നിരോധിക്കപ്പെട്ട ഉയർന്ന ജാതിക്കാർ മാത്രം ധരിക്കുന്ന വസ്ത്രങ്ങൾ അദ്ദേഹം ധരിച്ചിരുന്നു. സർവ്വ ഹിന്ദുക്കൾ മാത്രം ഉപയോഗിച്ചിരുന്നതും താഴ്ന്നജാതിക്കാർക്ക് നിരോധിക്കപ്പെട്ടതുമായ റോഡുകളിൽ കാളവണ്ടിയിൽ സഞ്ചരിച്ച് തന്റെ പ്രതിഷേധമറിയിച്ചു.


അയ്യങ്കാളി


ശ്രീ നാരായണഗുരുവിന്റെ പ്രചോദനം കൊണ്ട് അയ്യങ്കാളി 1907 സാധു ജന പരിപാലന സംഘം (Association for the Protection of the Poor) എന്ന പ്രസ്ഥാനം ആരംഭിച്ചു.

5.4 ഇസ്ലാമിയ പരിഷ്കരണങ്ങൾ

1857 മഹത്തായ വിപ്ലവം അടിച്ചമർത്തിയ ശേഷം ഇന്ത്യൻ മുസ്ലീങ്ങൾ പാശ്ചാത്യ സംസ്കാരത്തെ സംശയാസ്പദമായ രീതിയിൽ നോക്കിക്കണ്ടു. പാശ്ചാത്യ വിദ്യാഭ്യാസം പാശ്ചാത്യസംസ്കാരം ആശയങ്ങൾ എന്നിവ തങ്ങളുടെ സമുദായത്തിന് ഭീഷണിയാകുമെന്ന് അവർ ഭയപ്പെട്ടു. അതുകൊണ്ട് ആധുനിക വിദ്യാഭ്യാസത്തിനായുള്ള പുതിയ വഴികൾ ഒരു ചെറിയ മുസ്ലീം വിഭാഗം സ്വീകരിച്ചു. അതിന്റെ ഫലമായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉള്ള ഹിന്ദു പ്രമാണി വർഗവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യൻ മുസ്ലിം സമുദായം വളരെ പിന്നിലായിരുന്നു.

സർ സയ്യിദ് അഹമ്മദ് ഖാൻ

വിദ്യാഭ്യാസം പൊതുസേവനം ദേശീയ പൊതുജനനേതൃത്വം എന്നിവയിൽ തങ്ങളുടെ സ്ഥാനങ്ങൾ നഷ്ടപ്പെടുത്തിയ ഇന്ത്യൻ മുസ്ലീങ്ങൾ തങ്ങളുടെ സമൂഹ പുരോഗതിയിലേക്ക് സഞ്ചരിക്കണമെങ്കിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം സ്വീകരിക്കുക അല്ലാതെ മറ്റു മാർഗങ്ങൾ ഇല്ല എന്ന് മനസ്സിലാക്കി. ഈ യാഥാർഥ്യങ്ങൾക്ക് ജീവനും ആത്മാവും നൽകിയ സർ സയ്യിദ് അഹമ്മദ് ഖാൻ (1817-1898) ഡൽഹിയിലെ മുസ്ലീം കുടുംബത്തിൽ ജനിച്ചു ആധുനിക വിദ്യാഭ്യാസം മുസ്ലീങ്ങളെ ദ്രോഹിച്ചു എന്നും പിന്നോക്കാവസ്ഥയിൽ തള്ളപ്പെട്ടു എന്നും കരുതി. അദ്ദേഹം പാശ്ചാത്യ ശാസ്ത്രത്തെയും സർക്കാർ സേവനങ്ങളെയും സ്വീകരിക്കാൻ മുസ്ലീങ്ങളെ ആഹ്വാനം ചെയ്തു. ശാസ്ത്രം, സമുദായം തുടങ്ങിയ പല ഇംഗ്ലീഷ് പുസ്തകങ്ങളെ പ്രത്യേകിച്ച് ശാസ്ത്രപുസ്തകങ്ങൾ ഉർദു ഭാഷയിൽ പരിഭാഷ നടത്തി. വർദ്ധിച്ചു വരുന്ന ദേശീയ പ്രസ്ഥാനവുമായി തിളങ്ങുന്നതിനെക്കാളും ബ്രിട്ടീഷ് ഗവൺമെൻറുമായി ബന്ധപ്പെട്ടിരുന്നെങ്കിൽ മുസ്ലീങ്ങളുടെ താൽപര്യം മികച്ചതായിരിക്കും എന്നും അദ്ദേഹം വിശ്വസിച്ചു. അതുകൊണ്ട് അദ്ദേഹം മുസ്ലീങ്ങളുടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുകയും അതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യാൻ ആഹ്വാനം ചെയ്തു.


സർ സയ്യിദ് അഹമ്മദ് ഖാൻ

X Std - History Malayalam Unit-5.indd 60 1/27/2023 10:01:50 AM

അലിഗർ പ്രസ്ഥാനം



അലിഗാർ മുസ്‌ലിം സർവകലാശാല

സർ സയ്യിദ് അഹമ്മദ് ഖാൻ 1875 ആം ആണ്ടിൽ അലിഗർ നഗറിൽ അലിഗർ മുഹമ്മദൻ ആംഗ്ലോ ഓറീയൻടെൽകോളേജ് സ്ഥാപിച്ചു. അലിഗാർ മുസ്‌ലിം സർവകലാ ശാല അലിഗർ പ്രസ്ഥാനം എന്ന് അറിയപ്പെടുന്ന അദ്ദേഹത്തിന്റെ പ്രസ്ഥാനം ഈ കോളേജ് കേന്ദ്രമാക്കി പ്രവർത്തിച്ചതിനാൽ ആ പേര് ലഭിച്ചു. ഇന്ത്യൻ മുസ്‌ലീങ്ങളുടെ വിദ്യാഭ്യാസ ചരിത്രത്തിൽ ഇത് ഒരു നാഴികക്കല്ലാണ്. 1920-ൽ ഈ കോളേജ് സർവകലാശാല സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു.

ദിയോബന്ദ് പ്രസ്ഥാനം (Deobond Movement)

ഒരു യാഥാസ്ഥിതിക മുസ്‌ലിം ഉലമാ സംഘടിപ്പിച്ച പുനരുദ്ധാരണ പ്രസ്ഥാനമായിരുന്നു ഇത്. 1866-ൽ മുഹമ്മദ് കാസിം വനോതവി, (1832-1880) റഷീദ് അഹമ്മദ് ഗംഗോത്രി (1828-1905) എന്നിവരുടെ നേതൃത്വത്തിൽ ഉത്തർപ്രദേശിലെ സഹാറൻപൂർ ജില്ലയിൽ ദിയോബന്ദ് എന്ന സ്ഥലത്ത് ഒരു സ്കൂൾ സ്ഥാപിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസവും പാശ്ചാത്യ സംസ്കാരത്തെയും ഈ സ്കൂളിലെ പാഠ്യപദ്ധതിയിൽ നിന്ന് ഉപേക്ഷിച്ചു. ഇസ്‌ലാമിക മതത്തിൽ അച്ചടിച്ച നിർദ്ദേശങ്ങൾ മുസ്‌ലിം സമുദായത്തിന് ധാർമികവും മതപരവുമായ പുനർജീവനമായിരുന്നു. ദിയോബന്ദ് സ്കൂൾ വിദ്യാർത്ഥികളെ സർക്കാർ ജോലികൾക്ക് വേണ്ടിയല്ല മറിച്ച് ഇസ്‌ലാം മത വിശ്വാസത്തെ പ്രചരിപ്പിക്കാനാണ് പ്രേരിപ്പിച്ചത്.

മൗലാന മുഹമ്മദ് ഉൽ ഹസൻ ദിയോബന്ദിന്റെ പുതിയ നേതാവായി. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ജമായത്ത്-ഉൽ-ഉലമ സംരക്ഷണത്തെക്കുറിച്ച് ഹസൻ ആശയങ്ങൾ ഇന്ത്യ ദേശീയം എന്ന മുസ്ലീങ്ങളുടെ രാഷ്ട്രീയ മത അവകാശങ്ങളുടെ സംരക്ഷണം എന്നതിനെ പറ്റി ദൃഢമായ ആശയത്തെ മുന്നിൽ വച്ചു.

5.5 പാഴ്സി പരിഷ്കരണ പ്രസ്ഥാനം

പത്തൊമ്പതാം നൂറ്റാണ്ടിലെ മധ്യകാലത്തെ വിദ്യാഭ്യാസം നേടിയിരുന്ന പാഴ്സികളുടെ (മത തീവ്രവാദത്തിൽ നിന്നും രക്ഷപ്പെട്ട ഇറാനിൽ നിന്നും പത്താം നൂറ്റാണ്ടിൽ കുടിയേറിയ ജൊരാഷ്ട്രർകൾ) പരിഷ്കരണ പ്രസ്ഥാനം ബോംബെയിൽ ആരംഭിച്ചു 1851-ൽ 'ബർദൻജി നവറോജി' എന്നയാൾ റഹ്നുമായ് മജ്ദീദ് യാസ് നാൻ സഭ (പാഴ്സികളുടെ പരിഷ്കരണ സംഘം) എന്ന സംഘടനയെ രൂപീകരിച്ചു. രാസതു ഗോപ്താർ (സത്യം) എന്നതാണ് അതിന്റെ നിഗൂഢതയിൽ ആയിരുന്നത്. ഈ സംഘടനയുടെ തലവന്മാർ വിവാഹനിശ്ചയം, വിവാഹം, മരണം എന്നിവകളിൽ ചെയ്യുന്ന വിപുലമായ ആചാരങ്ങളെ വിമർശനം ചെയ്തു. വിവാഹത്തിന് ജ്യോതിഷത്തെ ഉപയോഗിക്കുന്നതിനെ എതിർത്തിരുന്നു. ബോംബെയിലെ പാഴ്സി സമൂഹത്തിലുള്ള പെറംജി മൽബാരി എന്നയാൾ ശൈശവവിവാഹം നടപടികൾക്ക് വിരോധമായി നിയമങ്ങൾ കൊണ്ടുവരണമെന്ന് പ്രസ്ഥാനത്തെ നടത്തി. ഈ പ്രസ്ഥാനം ഫെറോ സമേത, തീൻസാവാൻസ പോലുള്ള പ്രശസ്ത നേതാക്കന്മാരെ സൃഷ്ടിച്ചു. ഇവർ ആരംഭകാല കോൺഗ്രസിൽ പ്രധാനപങ്ക് വഹിച്ചിരുന്നു.

5.6 സിക്കുകാരുടെ പരിഷ്കരണ പ്രസ്ഥാനം (നിരങ്കരികൾ നാമധാരികൾ)

പരിഷ്കരണ പ്രസ്ഥാനത്തിന്റെ തരംഗങ്ങൾ ഏതൊരു സമൂഹത്തെയും ഒഴിവാക്കിയില്ല. പഞ്ചാബിലെ സിക്ക് സമൂഹത്തിൽ പരിഷ്കരണ ശ്രമങ്ങൾ തുടർന്നിരുന്നു. നിരങ്കരി പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ബാബാ ദയാൽദാസ് നിരങ്കരി (രൂപമില്ലാത്ത) ദൈവത്തെ ആരാധിക്കണം എന്ന പറഞ്ഞു. വിഗ്രഹാരാധനയും വിഗ്രഹാരാധനയോട് ബന്ധമുള്ള ചടങ്ങുകളെയും നിരോധിച്ചിരുന്നു. ഗുരുനാനാക്കിന്റെ മേധാവിത്വത്തെയും ആദി ഗ്രന്ഥത്തെയും ബഹുമാനിക്കുക എന്നത് അവരുടെ പ്രബോധനത്തിന് ഭാഗമായിരുന്നു. മദ്യപിക്കുന്നതിനെയും മാംസം ഭക്ഷിക്കുന്നതിനെയും നിർമ്മാർജ്ജനം ചെയ്യാൻ നിർബന്ധിച്ചു.

ബാബാ രാം സിങ് എന്നയാൾ ആരംഭിച്ച നാമധാരി പ്രസ്ഥാനം തിരക്കുകൾക്കിടയിൽ ഉണ്ടായ മറ്റൊരു സാമൂഹ്യ മത പരിഷ്കരണ പ്രസ്ഥാനമാണ്. നാമധാരി പ്രസ്ഥാനം സിക്കുകാരുടെ അടയാളങ്ങളെ (വാൾ ഒഴികെ) ധരിക്കാൻ നിർബന്ധിച്ചു വാളിനു പകരം തന്റെ ശിഷ്യന്മാരെ ലാത്തി ഉപയോഗിക്കാൻ രാം സിംങ് പറഞ്ഞു. ഈ പ്രസ്ഥാനം സ്ത്രീയും പുരുഷനും ഒന്നാണ് എന്ന് കരുതിയിരുന്നു. പുനർവിവാഹത്തെ ആദരിച്ചു. സ്ത്രീധന സമ്പ്രദായത്തെയും ബാല്യ വിവാഹത്തെയും തടഞ്ഞു.

X Std - History Malayalam Unit-5.indd 61 1/27/2023 10:01:50 AM

ആര്യസമാജം ക്രിസ്ത്യൻ മിഷണറികളുടെ സ്വാധീനം വളർന്ന കൊണ്ടിരുന്ന സാഹചര്യത്തിൽ സിഖ് സഭ എന്ന പ്രസ്ഥാനം അമൃതസരസ്സിൽ സ്ഥാപിതമായി. സിക്കു മതത്തിന്റെ പവിത്രതയെ വീണ്ടെടുക്കുക എന്നത് സഭയുടെ പ്രധാന ലക്ഷ്യമായിരുന്നു. ബ്രിട്ടീഷുകാരുടെ സഹായത്തോടെ അമൃത സരസ്സിൽ സിക്കുകാർക്ക് വേണ്ടി ഖൽസ കോളേജ് സ്ഥാപിക്കപ്പെട്ടു. സിംങ് സഭയാണ് അകാലി പ്രസ്ഥാനത്തിന്റെ മുന്നോടി.

5.7 തമിഴ്നാട്ടിലെ സാമൂഹിക പരിഷ്കർത്താക്കൾ

(c) രാമലിംഗ സ്വാമികൾ

വള്ളലാർ എന്ന പ്രശസ്തനായ രാമലിംഗ സ്വാമികൾ അഥവാ രാമലിംഗ അടികൾ (1823 മുതൽ 1874) ചിദംബരത്തിനു അടുത്തുള്ള മരുതൂർ എന്ന ഗ്രാമത്തിൽ ജനിച്ചു. അച്ഛന്റെ മരണശേഷം അദ്ദേഹത്തിന്റെ കുടുംബം ചെന്നയിലുള്ള സഹോദരന്റെ വീട്ടിലേക്ക് കുടിയേറി. മുറയായ വിദ്യാഭ്യാസം അദ്ദേഹം നേടിയില്ലെങ്കിലും ജീവികൾക്കിടയിൽ വിശ്വാസം, കരുണ, എന്നീ ബന്ധങ്ങൾ ഉണ്ടായിരിക്കണം എന്നു കരുതി. 'കഷ്ടപ്പെടുന്ന ജീവജാലങ്ങളെ നോക്കി ദയ കാണിക്കാത്തവർ കഠിന ഹൃദയമുള്ളവരാണെന്നും അവരുടെ അറിവ് മോഹങ്ങളാൽ മൂടപ്പെട്ടിരിക്കും' എന്നും അഭിപ്രായത്തെ ഉദ്ഘോഷിച്ചു. അദ്ദേഹം തന്റെ സ്നേഹവും ദയയും വൃക്ഷലതാദികൾ ഉൾപ്പെട്ട എല്ലാ ജീവജാലങ്ങളോടും പ്രകടിപ്പിച്ചു. ഇതിനെ അദ്ദേഹം ജീവകാരുണ്യം എന്ന് പറഞ്ഞു 1856 സമരസ സൻമാർഗ സംഘം എന്ന പ്രസ്ഥാനത്തെ സ്ഥാപിച്ചു പിന്നീട് അത് സമരസ ശുദ്ധ സന്മാർഗ സത്യ സംഘം എന്ന് നാമകരണം ചെയ്യപ്പെട്ടു. 1866-ൽ തെക്കേ ഇന്ത്യയിൽ ഏർപ്പെട്ട കടുത്ത ക്ഷാമത്തെ തുടർന്ന് 1867-ൽ ജാതി വേർതിരിവുകൾ കടന്ന് എല്ലാ ജനങ്ങൾക്കുമായി സൗജന്യ ഭക്ഷണ ശാല സ്ഥാപിച്ചു. അദ്ദേഹം എഴുതിയ ഭക്തി പാട്ടുകൾ 'തിരുവരുട്പ' എന്ന ശീർഷകത്തിൽ സമാഹരിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ തീവ്ര ചിന്തകൾ യാഥാസ്ഥിതിക ശൈവന്മാരെ അഗാധമായി മുറിവേൽപ്പിച്ചതിനാൽ അവർ വള്ളലാറിന്റെ പാട്ടുകളെ 'മരുട്പാ' (അറിവില്ലായ്മയുടെ പാട്ടുകൾ) എന്ന് കുറ്റം പറഞ്ഞു.


രാമലിംഗ അടികൾ


വടലൂർ സത്യജ്ഞാനസഭ

നാട്ടിൽ നിലനിന്നിരുന്ന പട്ടിണിക്കും ദാരിദ്ര്യത്തിനും രാമലിംഗ അടികൾ സാക്ഷിക്കാരനായി. വിശപ്പിനാൽ വാടിപ്പോയ വളരെ ക്ഷീണിതരായ പാവപ്പെട്ട ഓരോരുത്തരും വീട്ടിൽ ചെല്ലുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്നാലും അവരുടെ വിശപ്പ് അകറ്റാൻ സാധിച്ചില്ല എന്റെ ഹൃദയം കഠിനമായി വേദനിക്കുന്നു. കഠിനമായ രോഗത്തിനാൽ വേദന പെടുന്നവരെ എനിക്ക് മുന്നിൽ ഞാൻ കാണുന്നു. എന്റെ ഹൃദയം പിടയുന്നു. പാവപ്പെട്ടവരും, ആശ്രയമില്ലാത്തവരും, നല്ല ബഹുമാനം കിട്ടാത്തവരും, ക്ഷീണിത ഹൃദയം കൊണ്ടുള്ളതുമായ ജനങ്ങളെ ഞാൻ കാണുന്നു ഞാൻ ബലഹീനൻ ആകുന്നു.

(b) അയോധ്യ ദാസൻ

പണ്ഡിതൻ അയോധ്യ ദാസൻ (1845-1914 വരെ) ഒരു തീവ്ര തമിഴ് പണ്ഡിതനും, സിദ്ധ വൈദ്യവും, പ്രതാധിപനും സാമൂഹ്യരാഷ്ട്രീയ പ്രവർത്തകനുമാണ്. ചെന്നൈയിൽ ജനിച്ച അദ്ദേഹം തമിഴ്, ഇംഗ്ലീഷ്, സംസ്കൃതം, പാലി എന്നീഭാഷകളിൽപാണ്ഡിത്യമുള്ളആളായിരുന്നു. സരളമായി സംസാരിക്കുന്ന ആളുമായിരുന്നു. ഉയർന്ന ജാതിക്കാരുടെ സാമ്രാജ്യമായി വിളങ്ങിയ അച്ചടിച്ച് പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങളിൽ സ്വന്തം ആയുധമായി കരുതി അയോധ്യ ദാസൻ ഒരു പുതിയ അറിവിനെ പരത്തുന്ന രീതിയെ സ്വീകരിച്ചു. സാമൂഹ്യ നീതിക്കായി പ്രസ്ഥാനത്തെ നടത്തിയ അദ്ദേഹം ജാതിയുടെ കഠിന പിടിയിൽ നിന്നും താഴ്ത്തപെട്ടവരുടെ വിമോചനത്തിനായി പാടുപെട്ടു. ജാതിയില്ലാത്ത സമൂഹത്തെ സ്ഥാപിക്കാൻശ്രമിച്ചഅദ്ദേഹംജാതിയ്ക്കുംതീണ്ടായ്മക്കും എതിരായി പ്രതികരിച്ചു. വിദ്യാഭ്യാസത്തെ പുരോഗതി പ്രാപിക്കാനുള്ള ഉദാഹരണമായി കരുതി. അദ്ദേഹം തമിഴ്നാട്ടിൽ താഴ്ന്ന ജാതിക്കാർക്കായി പല സ്കൂളുകളും സ്ഥാപിക്കുന്നതിന് പ്രേരകശക്തിയായി നിലകൊണ്ടു.


അയോധ്യ ദാസൻ

താഴ്ത്തപ്പെട്ടവരുടെ ക്ഷേത്രപ്രവേശനത്തിന് അനുകൂലമായി ശബ്ദമുയർത്താൻ പണ്ഡിത

X Std - History Malayalam Unit-5.indd 62 1/27/2023 10:01:50 AM

അയോധ്യ ദാസൻ അദ്വൈതാനന്ദ സഭ എന്ന പ്രസ്ഥാനത്തെ സ്ഥാപിച്ചു. 1882-ൽ അയോധ്യ ദാസനും ജോൺ ദ്രവ്യം എന്നയാളും 'ദ്രാവിഡർ കഴകം' എന്നും പ്രസ്ഥാനത്തെ സ്ഥാപിച്ചു. കൂടാതെ 1885-ൽ 'ദ്രാവിഡ പണ്ഡിതൻ' എന്ന പ്രസിദ്ധീകരണത്തെയും ആരംഭിച്ചു. ദ്രാവിഡ മഹാജനസഭ എന്ന പ്രസ്ഥാനത്തെ 1891-ൽ സ്ഥാപിച്ച അദ്ദേഹം ആ പ്രസ്ഥാനത്തിന് ആദ്യ സമ്മേളനത്തെ നീലഗിരിയിൽ നടത്തി

പണ്ഡിതർ അയോധ്യ ദാസർ ജാതിയെ പ്രചരിപ്പിക്കുകയും അതിനെ ന്യായപെടുത്തുകയും ചെയ്യുന്ന ഹിന്ദുമത ധർമ്മത്തിനാൽ മനപ്രയാസപ്പെട്ടു. ബ്രഹ്മജ്ഞാന സഭയെ സ്ഥാപിച്ച് അവരിലൊരാൾ ആയ കർണൽ എച്ച്.എസ്. ആൾകാട് ഏർപ്പെടുത്തിയ ആഘാതത്തിന്റെ ഫലമായി 1898-ൽ ശ്രീലങ്കയിൽ പോയ അദ്ദേഹം ബുദ്ധമതം സ്വീകരിച്ചു. അതേ വർഷം ബുദ്ധമതത്തിലൂടെ വിവേചനത്തിന് അടിസ്ഥാനമായ മത തത്വങ്ങളെ കെട്ടിപ്പടുക്കുന്നതിനായി 'ചാണക്യ ബുദ്ധമത സംഘം' എന്ന് പറയുന്ന സംഘടനയെ ചെന്നൈയിൽ സ്ഥാപിച്ചു.

1907-ൽ 'ഒരു പൈസ തമിഴൻ' എന്ന പേരിൽ ഒരു ആഴ്ചപ്പതിപ്പ് ആരംഭിച്ച് 1914-ൽ അദ്ദേഹം മരിക്കും വരെ തുടർന്ന് പ്രസിദ്ധീകരിച്ചു.

സംഗ്രഹം

- രാജാറാം മോഹൻറോയ് ബ്രഹ്മസമാജം സ്ഥാപിക്കപ്പെട്ടതും അദ്ദേഹത്തിന്റെ മരണത്തിനുശേഷം പ്രവർത്തനങ്ങളെ മുന്നോട്ടു. കൊണ്ടുപോകുന്നതിന് മഹർഷി ദേവേന്ദ്രനാഥ് ടാഗൂറും കേശവ് ചന്ദ്ര സെനും വഹിച്ച പങ്കിനെ കുറിച്ച് ചർച്ച ചെയ്തിരിക്കുന്നു.
- എം.ജി. റാനഡെ യുടെ പങ്കും അദ്ദേഹത്തോട് ചേർന്ന് പ്രവർത്തിച്ച പ്രാർത്ഥനാ സമാജത്തിന്റെ പങ്കും നിരീക്ഷണം ചെയ്യപ്പെട്ടിരിക്കുന്നു.
- സ്വാമി ദയാനന്ദ സരസ്വതിയുടെ ആശയത്തോടുകൂടെ ഹിന്ദുമതത്തെ പരിഷ്കരിക്കുന്നതിന് ആര്യസമാജം എടുത്ത ശ്രമങ്ങളും മതം മാറിയവരെ വീണ്ടും ഹിന്ദുമതത്തിലേക്ക് കൊണ്ടുവരുന്നതിന് എടുക്കപ്പെട്ട നടപടിക്രമങ്ങളെയും അടിവരയിട്ട് കാണിച്ചിട്ടുണ്ട്.
- തീവ്ര പരിഷ്കരണ വാദിയായ ഈശ്വര ചന്ദ്ര വിദ്യാസാഗർ അതിനെക്കുറിച്ചും സ്ത്രീകളുടെ പുരോഗമനത്തിനായി അദ്ദേഹം സ്വീകരിച്ച ശ്രമങ്ങളെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്.
- ഹിന്ദു മത തത്വങ്ങളിൽ പരിഷ്കരിക്കുന്നത് രാമകൃഷ്ണപരമഹംസർ അദ്ദേഹത്തിന്റെ ശിഷ്യർ വിവേകാനന്ദൻ എന്നിവരുടെ പങ്കിനെക്കുറിച്ച് വിവരിച്ചിട്ടുണ്ട്.
- മഹാരാഷ്ട്രയിലെ ജോതിബാ ഫൂലെയും തമിഴ്നാട്ടിലെ രാമലിംഗ അടികളും, അവകാശം നിഷേധിക്കപ്പെട്ട ജനവിഭാഗത്തിന് സാമൂഹ്യനീതി ലഭിക്കുന്നതിനു വേണ്ടി നടപ്പിലാക്കിയ സേവനങ്ങൾ മൂല്യനിർണയം ചെയ്തിരിക്കുന്നു.

A-Z പദപരിചയം

ഉന്നയിക്കുക/ആരോപിക്കുക	**Alleged**	**Stated but not proved**
നിർവൃതി/പരമാനന്ദം	**Ecstatic**	**In a state of extreme happiness**
ബൃഹത്തായ, അനവധി ഗ്രന്ഥങ്ങൾ	**Voluminous**	**Bulky**
തുടരെ ആവർത്തിക്കുക	**Reiterated**	**Repeat a statement for emphasis**
വിഗ്രഹ ആരാധന	**Idolatry**	**The practice of worshipping idols**
ചെറിയ ഗ്രന്ഥം	**Tract**	**A small booklet**
വെളിപാട്	**Revelation**	**Disclosure**

X Std - History Malayalam Unit-5.indd 63 1/27/2023 10:01:50 AM

അഭ്യാസം

M6BGQ

I. ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക:

1. സതി എന്ന ദുരാചാരം നിർത്തലാക്കിയ വർഷം?
   a) 1827 b) 1829
   c) 1826 d) 1927

2. ദയാനന്ദ സരസ്വതി ആരംഭിക്കപ്പെട്ട സമാജത്തിന്റെ പേര് എന്ത്?
   a) ആര്യസമാജം b) ബഹ്മസമാജം
   c) പ്രാർത്ഥന സമാജം d) ആദി ബ്രഹ്മസമാജം

3. 1856-ലെ വിധവ പുനർവിവാഹ നിയമം പ്രാബല്യത്തിൽ കൊണ്ടുവന്നത് ആര്?
   a) ഈശ്വര ചന്ദ്ര വിദ്യാസാഗർ.
   b) രാജാറാം മോഹൻ റോയ്.
   c) ആനി ബസന്റ്.
   d) ജ്യോതിബാ ഫൂലെ.

4. രാസ്റ്റ് ഗോഫ്തർ എന്ന മുഴക്കം ആരുടേതാണ്?
   a) പാഴ്സി പ്രസ്ഥാനം. b) അലിഗർ പ്രസ്ഥാനം.
   c) രാമകൃഷ്ണ മിഷൻ. d) ദ്രാവിഡ മഹാജനസഭ.

5. നാമധാരി പ്രസ്ഥാനത്തിന്റെ സ്ഥാപകൻ ആര്?
   a) ബാബാ ദയാൽ ദാസ്.
   b) ബാബാ രാം സിംഗ്.
   c) ഗുരുനാനാക്ക്.
   d) ജ്യോതിബാ ഫൂലെ.

6. വിധവാ പുനർവിവാഹ സംഘത്തിന്റെ ഉപജ്ഞാതാവ്?
   a) എം ജി റാനഡെ b) ദേവേന്ദ്രനാഥ ടാഗോർ
   c) ജ്യോതിബാ ഫൂലെ d) അയ്യൻകാളി

7. സത്യാർത്ഥപ്രകാശം എന്ന പുസ്തകത്തിന്റെ കർത്താവ് ആര്?
   a) ദയാനന്ദ സരസ്വതി b) അയോധ്യദാസർ
   c) ആനി ബസന്റ് d) സ്വാമി ശാരദാനന്ദ

II. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക:

1. _____ സമരസ വേദ സന്മാർഗ സംഘത്തെ സ്ഥാപിച്ചു.
2. പൂന സാർവജനിക് സഭയെ സ്ഥാപിച്ചത് _____ താണ്.
3. ഗുലാം ഗിരി എന്ന പുസ്തകത്തിന്റെ രചയിതാവ് _____ ആണ്.
4. രാമകൃഷ്ണ മിഷനെ സ്ഥാപിച്ചത് _____ ആണ്.
5. _____ അകാലി പ്രസ്ഥാനത്തിന്റെ മുന്നോടിയാണ്.
6. ഒരു പൈസ തമിഴൻ' എന്ന പത്രത്തെ ആരംഭിച്ച ആൾ _____ ആണ്.

III. ശരിയായ ആശയം തിരഞ്ഞെടുക്കുക:

1. i) രാജാറാം മോഹൻ റോയ് ഏകദൈവം എന്ന ആശയത്തെ പ്രചരിപ്പിച്ചു.
   ii) അദ്ദേഹം വിഗ്രഹാരാധനയെ അനുകൂലിച്ചു.
   iii) സാമൂഹ്യതിന്മകൾക്കെതിരായി അദ്ദേഹം ലഘു ലേഖനങ്ങൾ പുറത്തിറക്കി.
   a) ഒന്ന് ശരി
   b) ഒന്നും രണ്ടും ശരി
   c) ഒന്നും രണ്ടും മൂന്നും ശരി
   d) ഒന്നും മൂന്നും ശരി

2. i) പ്രാർത്ഥനാ സമാജം ഡോക്ടർ ആത്മാറാം പാണ്ടുരംഗ്-നാൽ സ്ഥാപിക്കപ്പെട്ടു.
   ii) ഈ സമാജം എല്ലാ ജാതിക്കാരും പങ്കെടുക്കുന്ന സമ പന്തിഭോജനം മിശ്രവിവാഹത്തെയും പ്രോത്സാഹിപ്പിച്ചു.
   iii) ജ്യോതിബാ ഫൂലെ പുരുഷന്മാരുടെ പുരോഗതിക്കായി പ്രവർത്തിച്ചു.
   iv) പ്രാർത്ഥനാ സമാജത്തിന്റെ ജന്മസ്ഥലം പഞ്ചാബ് ആണ്.
   a) ഒന്ന് ശരി b) രണ്ട് ശരി
   c) ഒന്നും രണ്ടും ശരി d) ഒന്നും നാലും ശരി

3. i) രാമകൃഷ്ണ മിഷൻ വിദ്യാഭ്യാസം ആരോഗ്യം ദുരന്തങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ തുടങ്ങിയ സാമൂഹ്യ സേവനങ്ങളിൽ പ്രവർത്തിച്ചിരുന്നു.
   ii) ആനന്ദകരമായ പരിശീലനങ്ങളിലൂടെ വൈവുമായുള്ള ഐക്യത്തിന് രാമകൃഷ്ണൻ ഊന്നൽ നൽകി.
   iii) രാമകൃഷ്ണൻ രാമകൃഷ്ണ മിഷൻ ആരംഭിച്ചു.
   a) i) ശരി b) i), ii) ശരി
   c) iii) ശരി d) i), iii) മാത്രം ശരി

4. **ആശയം :** ജ്യോതിബാ ഫൂലെ അനാഥർക്കുള്ള മന്ദിരങ്ങളും വിധവകൾക്കുള്ള മന്ദിരങ്ങളും ആരംഭിച്ചു.
   കാരണം ജ്യോതിബാ ഫൂലെ ശൈശവ വിവാഹത്തെ എതിർത്തു വിധവ പുനർ വിവാഹത്തെ ആദരിച്ചു.
   a) ആശയവും ശരി എന്നാൽ കാരണം പ്രസ്താവനയ്ക്ക് യോജിച്ചതല്ല.
   b) ആശയവും ശരി കാരണം പ്രസ്താവനക്ക് യോജിച്ചതാണ്.
   c) രണ്ടും തെറ്റ്.
   d) കാരണം ശരി എന്നാൽ പ്രസ്താവന യോജിച്ചതല്ല.

X Std - History Malayalam Unit-5.indd 64 1/27/2023 10:01:50 AM

IV. യോജിപ്പിക്കുക:

1.	ഒരു പൈസ തമിഴൻ	- വിധവാ പുനർവിവാഹ നിയമം
2.	തിരുവരുട്പാ	- പരിഷ്കരണ പ്രസ്ഥാനം
3.	ബാബാദയാൽ ദാസ്	- ആദി ബ്രഹ്മസമാജം
4.	ഈശ്വര ചന്ദ്ര വിദ്യാ സാഗർ	- പത്രപ്രവർത്തകൻ
5.	ദേവേന്ദ്രനാഥ്	- പാട്ടുകൾ

V. താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചുരുക്കി ഉത്തരം എഴുതുക:

1. മഹർഷി ദേവേന്ദ്രനാഥ ടാഗൂർ മുന്നോട്ടുവെച്ച വിശ്വാസത്തിന് നാലു പ്രസ്താവനകളെ കുറിക്കുക?
2. മഹാദേവ് ഗോവിന്ദ് റാനഡെയുടെ സാമൂഹ്യ പരിഷ്കരണ സംഭാവനകൾ?
3. രാമലിംഗ അടികളുടെ പരിഷ്കാരങ്ങളെ കുറിച്ച് എഴുതുക?
4. ബ്രഹ്മസമാജ ത്താൽ ഉന്മൂലനം ചെയ്യപ്പെട്ട സാമൂഹ്യ തിന്മകൾ ഏവ?
5. പാവപ്പെട്ടവരുടെയും പിന്നോക്ക ജനവിഭാഗങ്ങളു ടെയും നന്മയ്ക്കുവേണ്ടി ജ്യോതിബാ ഫൂലെ നിർവഹിച്ച പ്രവർത്തനങ്ങളെ എഴുതുക?

VI. വിവരിച്ച് ഉത്തരമെഴുതുക:

1. പത്തൊമ്പതാം നൂറ്റാണ്ടിൽ പരിഷ്കരണ പ്രസ്ഥാനങ്ങൾ ഉടലെടുക്കാനുള്ള സാഹച ര്യങ്ങളെ കുറിച്ച് ചർച്ച ചെയ്യുക?
2. ഇന്ത്യൻ സമൂഹത്തിന്റെ നവോത്ഥാനത്തിന് രാമകൃഷ്ണപരമഹംസനും വിവേകാനന്ദനും ചെയ്ത സംഭാവനകളെ കുറിച്ച് എഴുതുക?
3. സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി പത്തൊ മ്പതാം നൂറ്റാണ്ടിലെ പരീക്ഷണ വാദികൾ നൽകിയ പ്രവർത്തനങ്ങളെ കുറിച്ച് എഴുതുക?

VII. പ്രായോഗിക അഭ്യാസം:

1. പത്തൊമ്പതാം നൂറ്റാണ്ടിൽ പരിഷ്കരണവാദികൾ അവരുടെ പരിഹാരങ്ങൾ എന്നിവയെ പറ്റി വിദ്യാർത്ഥികൾ നാടകം അവതരിപ്പിക്കുക?
2. പത്തൊമ്പതാം നൂറ്റാണ്ടിൽ നിലവിലിരുന്ന സാമൂഹ്യ തിന്മകൾ ഇന്ന് സമൂഹത്തിൽ നിലവി ലിരിക്കുന്ന തിന്മകൾ എന്നിവയെക്കുറിച്ച് വാദപ്ര തിവാദം നടത്തുക?

REFERENCE BOOKS

1. Kenneth W. Jones, *Socio-Religious Reform Movement in British India*, New Edition, Cambridge University Press, 2006.
2. Manickam, S., "Depressed Class Movement in South India," in Manikumar K.A. (ed.), *History and Society*, Tirunelveli, 1996.
3. V. Geetha and S.V. Rajathurai, *Towards a Non-Brahmin Millennium from Iyothee Thass to Periyar*, Calcutta, 1998.
4. Mohan, P. Sanal (2013), "Religion, Social Space, and Identity: The Prathyaksha Raksha Daiva Sabha and the Making of Cultural Boundaries in Twentieth Century Kerala", in Joan Mencher(ed.), *Life as a Dalit: Views from the Bottom on Caste in India*, SAGE Publications.

INTERNET RESOURCES

https://www.deccanherald.com.
http://en.wikipedia.org/wiki/timesofindia.com

ICT കോർണർ

പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹിക മത പരിഷ്കരണ പ്രസ്ഥാനങ്ങൾ

ഘട്ടങ്ങൾ:

- ബ്രൗസറിനെ തുറന്ന് കീഴെ കൊടുത്ത URL നെ ടൈപ്പ് ചെയ്യുക അല്ലെങ്കിൽ QR കോഡിനെ സ്കാൻ ചെയ്യുക.
- '**History of Modern India**' എന്ന് box-ൽ ടൈപ്പ് ചെയ് അന്വഷിക്കാം.
- കാല നിർണ്ണയ രേഖ സംഭങ്ങളെ ചിത്രവിവരണങ്ങളോടെ അറിയാൻ കഴിയും.

LNDJ3

Website URL:

https://www.timetoast.com/categories

X Std - History Malayalam Unit-5.indd 65 1/27/2023 10:01:51 AM

യൂണിറ്റ് - 6

തമിഴ്നാട്ടിൽ ബ്രീട്ടീഷ് ഭരണത്തിനെതിരായ ആദ്യകാലകലാപങ്ങൾ



പഠന ലക്ഷ്യങ്ങൾ

സ്വയം പരിചയപ്പെടാൻ

- പാളയക്കാരർ സമ്പ്രദായവും ബ്രീട്ടീഷ്കാർക്കെതിരായി പാളയക്കാരരുടെ കലാപവും.
- ബ്രീട്ടിഷ് വിരുദ്ധ പ്രക്ഷോഭത്തിൽ വേലുനാച്ചിയാർ, പുലിതേവർ, കട്ടബൊമ്മൻ, മരുതുസഹോദരൻന്മാർ.
- ദക്ഷിണേന്ത്യയെ ബ്രീട്ടീഷ് സമാധാനിപ്പിക്കുന്നതിനുള്ള പ്രതികരണമായി വെല്ലൂർ കലാപം.

6LXIO

ആമുഖം

മൂന്ന് കർണ്ണാടകയുദ്ധങ്ങളിലും ഫ്രഞ്ചുകാരെയും അവരുടെ ഇന്ത്യൻ സഖ്യകക്ഷികളെയും പരാജയപ്പെടുത്തിയ ശേഷം ഈസ്റ്റ്ഇന്ത്യാ കമ്പനി ശക്തിയും സ്വാധീനവും ഏകീകരിക്കാനും വ്യാപിപ്പിക്കാനും തുടങ്ങി. എന്നിരുന്നാലും പ്രാദേശിക രാജക്കന്മാരും ജന്മിത്തലവന്മാരും ഇതിനെ എതിർത്തു. ഈസ്റ്റിന്ത്യാ കമ്പനിയുടെ പ്രവിശ്യാ വർദ്ധനവിനെതിരെ ആദ്യമായി എതിർത്തുനിന്നത് തിരുനെൽവേലിജില്ലയിൽ നേർക്കാട്ടും സേവയിലെ പുലിത്തേവർ ആയിരുന്നു. വേലുനാച്ചിയാർ, ധീരൻ ചിന്നമലയ്, മരുതു സഹോദരന്മാർ, വീരപണ്ഡ്യകട്ടബൊമ്മൻ എന്നിവരാണ് തമിഴ് രാജ്യത്തെ മറ്റ് നേതാക്കന്മാർ. 1806-ലെ വെല്ലൂർ കലാപമായിരുന്നു അതിന്റെ പര്യവസാനം. തമിഴ് നാട്ടിലെ ബ്രീട്ടീഷ്ഭരണത്തിനെതിരായ ആദ്യ കാല ചെറുത്തുനിൽപ്പ് ഈ പാഠത്തിൽ പ്രതിപാദിക്കുന്നു.

6.1 ബ്രിട്ടീഷ്കാർക്കെതിരായ പ്രാദേശിക അധികാരങ്ങളും ചെറുത്തുനിൽപ്പും

(a) പാളയങ്ങളും പാളയക്കാരരും

'പാളയം' എന്ന വാക്കിന്റെ അർത്ഥം 'ഡൊമെയ്ൻ മിലിട്ടറി ക്യാമ്പ്' അല്ലെങ്കിൽ 'ചെറിയരാജ്യം' എന്നാണ് തമിഴിലെ പാളയക്കാരർ (പോളിഗാർ) എന്നാണ് ബ്രിട്ടീഷുകാർ അവരെ വിശേഷിപ്പിച്ചിരുന്നത്) ഒരു ചെറിയ രാജ്യം കൈവശമുള്ളയാളെ ഒരു വലിയ പരമാധികാരിയായാണ് സൂചിപ്പിച്ചിരുന്നത്. ഈ സംവിധാനം പാളയത്തിൻ കീഴിൽ സേവന മനുഷ്ഠിച്ച ഏറ്റവും വലിയ സൈനികന് നൽകി. കാകതീയ സാമ്രജ്യത്തിലെ പ്രതാപരുദ്രയുടെ (വാരങ്കൽ) കാലത്താണ് ഇത്തരത്തിലുള്ള പാളയക്കാരർ സമ്പ്രദായം പ്രായോഗികമായിരുന്നത്. 1529-ൽ അരിയനാഥ് മന്ത്രിയുടെ പിൻതുണയോടെ വിശ്വനാഥനായക് മധുരയിലെ നായക് ഭരണാധികാരിയായപ്പോൾ തമിഴ്നാട്ടിൽ ഈ സംവിധാനം ഏർപ്പെടുത്തി. പരമ്പരാഗതമായി 72 പാളയക്കാരർ ആയിരുന്നുവെന്ന് കരുതപ്പെടുന്നു.

ഒരു പ്രദേശത്തിന്റെ നികുതി ശേഖരിക്കാനും, ഭരണം നിർവ്വഹിക്കാനും, തർക്കങ്ങൾക്ക് പരിഹാരം കാണുന്നതിനും, ക്രമസമാധാനം പാലിക്കാനും പാളക്കാർക്ക് സ്വാതന്ത്ര്യം ഉായിരുന്നു. എന്നാൽ അവരിൽ പോലീസ് ചുമതലയുള്ളവരെ 'പടിക്കാവൽ' അല്ലെങ്കിൽ 'അസുരക്കാവൽ' എന്നാണ് അറിയപ്പെട്ടിരുന്നത്. പലഅവസരങ്ങളിലും പാളയക്കാരൻ നായക്ക് ഭരണാധികാരികളെ രാജ്യം പുന:സ്ഥാപിക്കാൻ സഹായിച്ചു. മധുരയിലെ നായക്കുകൾ മുതൽ ബ്രീട്ടിഷുകാർ ഈ പ്രദേശങ്ങൾ ഏറ്റെടുക്കുന്നതുവരെ രാജാവും പാളയക്കാരും ധാരണയും ഏകദേശം ഇരുന്നൂറു വർഷത്തോളം നീണ്ടുനിന്നു.

X Std - History Malayalam Unit-6.indd 66 1/27/2023 10:02:11 AM

കിഴക്കു പടിഞ്ഞാറൻ പാളയങ്ങൾ

നായക് ഭരണാധികാരികൾ രൂപികരിച്ച 72 പാളയക്കാരന്മാരിൽ ബ്ലോക്കുകളാണുള്ളത്, അതായത് കിഴക്കൻ, പടിഞ്ഞാറൻ പാളയങ്ങൾ. സത്തൂർ, നാഗലാപുരം, എട്ടയപുരം, പാഞ്ചാലംകുറിച്ചി എന്നിവ കിഴക്കൻ പാളയങ്ങളും, ഉതുമലൈ, തലവൻകോട്ടൈ, നടുവക്കുറിച്ചി, സിങ്കംവെട്ടി, സെയ്ത്തൂർ എന്നിവ പടിഞ്ഞാറൻ പാളയങ്ങളും ആകുന്നു.

6.2 പാളയക്കാരുടെ വിപ്ലവം 1755-1801

(a) പുലിത്തേവരിന്റെ കലാപം (1755-1767)

1755 മാർച്ചിൽ കേണൽ ഹെറോണിന്റെ കീഴിലുള്ള കമ്പനി സൈന്യത്തിന്റെ ഒരു സംഘവുമായി മഹ്ഫൂസ്ഖാനെ (ആർക്കോട്ടിലെ നവാബിന്റെ സഹോദരൻ) തിരുനെൽ വേലിയിലേയ്ക്ക് അയച്ചു. എളുപ്പത്തിൽ മധുര അവരുടെ കൈകളിൽ വീണു. കമ്പനിയുടെ അധികാരത്തെ ധിക്കരിക്കുന്നത് തുടരുന്നതിനാൽ പുലിതേവരിനെ നേരിടാൻ കേണൽ ഹെറോൺ ആവശ്യപ്പെടു. പുലിത്തേവർ പാശ്ചാത്യപാളയക്കാരന്മാരിൽ വളരെയധികം സ്വാധീനം ചെലുത്തി. പീരങ്കിയും സാധനങ്ങളും സൈനികർക്ക് നൽകേണ്ടതിന്റെ പദ്ധതി ഉപേക്ഷിച്ച് മധുരയിലേക്ക് വിരമിച്ചു. മാത്രമല്ല ഹെറോണിനെ തിരിച്ചു വിളിക്കുകയും സേവനത്തിൽ നിന്ന് പുറത്താക്കുകയും ചെയ്തു.


പുലിത്തേവർ

ബ്രിട്ടീഷ്കാരുടെ ശത്രുക്കളുമായുള്ള കൂട്ടുകെട്ടും സഹകരണവും

മൂന്ന് പത്താൻ ഓഫീസർമാർ, നവാബ് ചന്ദസാഹബിന്റെ ഏജന്റുമാരായ മിയാന, മുദിമിയ, നബിഖാൻ കട്ടക് എന്നിവരാണ് മധുര, തിരുനെൽവേലി പ്രദേശങ്ങളിൽ കമാൻഡർ. ആർക്കോട്ട് നവാബ് മുഹമ്മദ് അലിക്കെതിരെ അവർ തമിഴ് പാളയക്കാരെ പിന്തുണച്ചു. പുലിത്തേവർ അവരുമായി അടുത്തബന്ധം സ്ഥാപിച്ചിരുന്നു. ബ്രിട്ടീഷ്കാരുമായി യുദ്ധം ചെയ്യാൻ പുലിത്തേവർ പാളയക്കാരുടെ ഒരു കൂട്ടുകെട്ട് രൂപീകരിച്ചു. ശിവഗിരിയിലെ പാളയക്കാർ ഒഴികെ മറ്റെല്ലാ മറവർ പാളയങ്ങളും അദ്ദേഹത്തെ പിന്തുണച്ചു. എട്ടയപുരം, പാഞ്ചാലംകുറിച്ചി എന്നിവയും ഈ കൂട്ടുകെട്ടിൽ (സംഘത്തിൽ) ചേർന്നിട്ടില്ല. കൂടാതെ രാമനാഥപുരത്തിലെയും പുതുക്കോട്ടയിലെയും രാജാക്കന്മാരെ ഇംഗ്ലീഷ്കാർ പിന്തുണച്ചു. മൈസൂരിലെ ഹൈദർഅലിയുടെയും ഫ്രഞ്ചുകാരുടെയും പിന്തുണ നേടാൻ പുലിത്തേവർ ശ്രമിച്ചു. മറാഠികളുമായുള്ള ഗുരുതരമായ പോരാട്ടത്തിൽ പുലിത്തേവറിനെ ഇതിനകം ബന്ധിച്ചിരുന്നതിനാൽ ഹൈദർ അലിക്ക് സഹായിക്കാനായില്ല.

കളക്കാട് യുദ്ധം

നവാബ് ശിപായിമാരുടെ ഒരു വലിയ സംഘത്തെ മഹ്ഫൂസ്ഖാനിലേക്ക് അയച്ചു. കമ്പനിയുടെ 1000 ശിപായികൾക്ക് പുറമെ നവാബ് അയച്ച 600 എണ്ണം കൂടി മഹ്ഫൂസ്ഖാന് ലഭിച്ചു. കർണ്ണാടകയിൽ നിന്നുള്ള കുതിരപ്പടയുടെയും കാലാൾപ്പടയുടെയും പിന്തുണ അദ്ദേഹത്തിനുണ്ടായിരുന്നു. മഹ്ഫൂസ്ഖാൻ ക്ലൗഡ് സ്റ്റേഷന് മുമ്പ് കലക്കാടിനു സമീപം തിരുവിതാംകൂറിൽ നിന്നുള്ള 2000 സൈനികർ പുലിത്തേവറിന്റെ സൈന്യത്തിൽ ചേർന്നു. കളക്കാടിലെ യുദ്ധത്തിൽ മഹ്ഫൂസ്ഖാന്റെ സൈന്യത്തെ വിരട്ടിയോടിച്ചു.

യൂസഫ്ഖാനും പുലിത്തേവരും

പുലിത്തേവറിനു കീഴിലുള്ള പാലയക്കാരുടെ സംഘടിത ചെറുത്തുനിൽപ്പ് തിരുനെൽവേലിയുടെ കാര്യങ്ങളിൽ നേരിട്ട് ഇടപെടാൻ ഇംഗ്ലീഷുകാർക്ക് അവസരം നൽകി. 1756 മുതൽ 1763 വരെ തിരുവിതാംകൂർ രാജാവിന്റെ സഹായത്തോടെ പുലിത്തേവരിന്റെ നേതൃത്വത്തിലുള്ള തിരുനെൽവേലിയിലെ പാളയക്കാരൻന്മാർ നവാബിന്റെ അധികാരത്തിനെതിരെ നിരന്തരം കലാപത്തിലായിരുന്നു. കമ്പനി അയച്ച യൂസഫ്ഖാൻ (ഖാൻ സാഹിബ് എന്നും അറിയപ്പെടുന്നു), അല്ലെങ്കിൽ ഇസ്ലാം മതം സ്വീകരിക്കുന്നതിന് മുമ്പ് (മരുധനായകം) തിരുച്ചിറാപ്പാള്ളിയിൽ നിന്നും കമ്പനി അയച്ച വലിയ തോക്കുകളും വെടിക്കോപ്പുകളും വന്നില്ലെങ്കിൽ പുലിത്തേവരെ ആക്രമിക്കാൻ തയ്യാറായില്ല. ഇംഗ്ലീഷ്കാർ ഫ്രഞ്ചുകാരുമായും ഹൈദർ അലി,മാറത്താസ് എന്നിവരുമായും യുദ്ധത്തിലായതിനാൽ 1760 സെപ്റ്റംബറിൽ മാത്രമാണ് പീരങ്കികൾ എത്തിയത്. യൂസഫ്ഖാൻ നേർക്കട്ടും സെവൽകോട്ടയെ തകർക്കാൻ തുടങ്ങി. ഏകദേശം മാസത്തോളം ഈ ആക്രമണം തുടർന്നു. 1761 മെയ് 16ന് പുലിതേവറിന്റെ മൂന്ന് പ്രധാനകോട്ടകൾ (നേർക്കട്ടും സെവൽ, വാസുദേവനല്ലൂർ, പനയൂർ) യൂസഫ്ഖാന്റെ നിയന്ത്രണത്തിലായി.

അതിനുശേഷം ഇംഗ്ലീഷുകാർ ചിത്രത്തിൽ നിന്ന് ഫ്രഞ്ചുകാരെ ഒഴിവാക്കി. ഇതിന്റെ ഫലമായി ഫ്രഞ്ചു പിന്തുണ ലഭിക്കാത്തതിനാൽ പാളയക്കാരുടെ ഐക്യം തകർന്നു തുടങ്ങി. തിരുവിതാംകൂർ, സീതൂർ, ഉതുമലൈ, സുരങ്ങായ് എന്നിവർ എതിർ ക്യാമ്പിലേക്കുള്ള വിശ്വസ്തത മാറ്റി. കമ്പനി ഭരണകൂടത്തെ അറിയിക്കാതെ പാളയ

X Std - History Malayalam Unit-6.indd 67 1/27/2023 10:02:11 AM

ക്കാരരുമായി ചർച്ച നടത്തിക്കൊണ്ടിരുന്ന യൂസഫ്ഖാനെ വഞ്ചനാക്കുറ്റത്തിന് ഇരയാക്കുകയും 1764-ൽ തൂക്കിലേറ്റുകയും ചെയ്തു.

പുലിത്തേവരുടെ പരാജയം

ഖാൻസാഹിബിന്റെ മരണശേഷം പുലിത്തേവർ പ്രവാസത്തിൽ മടങ്ങിയെത്തി 1764-ൽ നേർക്കാട്ടും സേവലിനെ തിരിച്ചുപിടിച്ചു. എന്നിരുന്നാലും 1767-ൽ കൃാപ്റ്റൻ കൃാംപൽ അദ്ദേഹത്തെ പരാജയപ്പെടുത്തി. പുലിത്തേവർ രക്ഷപ്പെട്ടു പിന്നീട് മരണപ്പെട്ടു

ഒൺഡിവീരൻ : പുലിത്തേവരുടെ സൈനീക വിഭാഗങ്ങളിലൊന്നാണ് ഒാൻഡിവീരൻ നയിച്ചത്. പുലിത്തേവരിന്റെ പക്ഷത്തുനിന്ന് പോരാടിയ അദ്ദേഹം കമ്പനിയുടെ സൈന്യത്തിന് വളരെധികം നാശമുണ്ടാക്കി. വാമൊഴി പാരമ്പര്യമനുസരിച്ച് ഒരുയുദ്ധത്തിൽ ഓൻഡിവീരന്റെ കൈവെട്ടിമാറ്റി, പുലിത്തേവർ സങ്കടപ്പെട്ടു. എന്നാൽ ശത്രുക്കളുടെ കോട്ടയിലേക്ക് നുഴഞ്ഞു കയറിയതിന്റെ പ്രതിഫലമാണിതെന്ന് ഓൻഡിവീരൻ പറഞ്ഞു.

(b) വേലുനാച്ചിയാർ (1730-1796)

1730-ൽ രാമനാഥപുരത്തെ ബത്തിലെസേതുപതി രാജസെല്ലമുത്തുവിന്റെ രാജകുടുംബത്തിലെ ഏകമകളായി വേലുനാച്ചിയാർ ജനിച്ചു. ഈ രുന്നു. രാജാവിന് പുരുഷ അവകാശികളില്ല. രാജകുടുംബം അവളെ രാജകുമാരിയെപ്പോലെ വളർത്തി. രാജകുടുംബം അവൾക്ക് കളരി, സ്റ്റിക്ക് ഫൈറ്റിംഗ് ആയുധങ്ങൾ പ്രയോഗിക്കൽ തുടങ്ങിയ ആയോധനകലകളിൽ പരിശീലനം നൽകി. കൂടാതെ കുതിര സവാരിയിലും, അമ്പെയ്ത്തിലും അവൾ സമർത്ഥയായിരുന്നു. കൂടാതെ ഇംഗ്ലീഷ്, ഫ്രഞ്ച്, ഉറുദു ഭാഷകളിൽ പ്രാവീണ്യം നേടിയിരുന്നു.


വേലുനാച്ചിയാർ

പതിനാറാമത്തെ വയസ്സിൽ ശിവഗംഗയിലെ രാജാവായ മുത്തുവടുഗറുമായി വേലുനാച്ചിയാർ വിവാഹിതയായി. വെള്ളച്ചി നാച്ചിയാർ ഏകമകളായിരുന്നു. 1772-ൽ ലഫ്റ്റനന്റ് കേണൽ ബോൺ ജോറിന്റെ നേതൃത്വത്തിൽ ആർക്കോട്ടിലെ നവാബും കമ്പനിയും കലൈയാർ കോവിൽ കൊട്ടാരത്തിൽ അതിക്രമിച്ചു കയറി തുടർന്നുള്ള യുദ്ധത്തിൽ മുത്തുവടുഗർ കൊല്ലപ്പെട്ടു. മകളോടൊപ്പം രക്ഷപ്പെട്ട വേലുനാച്ചിയാർ എട്ടുവർഷക്കാലം ദിണ്ടിക്കല്ലിനു സമീപമുള്ള വിരൂ പാക്ഷിയിൽ ഗോപലനായകന്റെ സംരക്ഷണയിൽ താമസിച്ചു.

വിരുപാച്ചിയുടെ പാളയക്കാരനായ ഗോപലനായക്ക് മനപരയിലെ ലക്ഷ്മീനായക്, ദേവദാനപട്ടിയിലെ പൂജയ്നായക് എന്നിവരുമായി ചേർന്ന് പ്രശസ്തമായ ദിണ്ടുക്കൽ സംഘത്തിന് ഗോപാലനായക് നേതൃത്വം നൽകി. തന്റെ സഹപ്രവർത്തകരെ കാണിക്കാൻ ഒരു ഡെപ്യൂട്ടേഷൻ അയച്ച് ടിപ്പുസുൽത്താനിൽ നിന്ന് അദ്ദേഹം പ്രചോദനം ഉൾക്കൊിരുന്നു. കോയമ്പത്തൂരിൽ നിന്ന് ബ്രിട്ടീഷുകാർക്കെതിരായ ചെറുത്തു നിൽപ്പിന് നേതൃത്വം നൽകിയ അദ്ദേഹം പിന്നീട് കട്ടബൊമ്മന്റെ സഹോദരൻ ഊമത്തുരെയുമായി ചേർന്നു. ആനമലൈക്കുന്നുകളിൽ അദ്ദേഹം കടുത്ത (ത്രീവ) പോരാട്ടം നടത്തി. ആ പ്രദേശത്തെ കൃഷിക്കാർ അദ്ദേഹത്തിന് പൂർണ്ണ പിന്തുണ നൽകി എന്നാൽ 1801-ൽ ബ്രിട്ടീഷ് സേന ഗോപാലനായക്കിനെ കീഴടക്കി.

ഒളിവിൽ കഴിഞ്ഞ കാലയളവിൽ വേലുനാച്ചിയാർ ഗോപാല നായകനുമായി മാത്രമല്ല ഹൈദർ അലിയുമായും സഖ്യത്തിൽ ഏർപ്പെട്ടു. ഇംഗ്ലീഷുകാരെ പരാജയപ്പെടുത്താൻ 5000 കാലാൽപ്പടയും 5000 കുതിരപ്പടയും വേണമെന്നാവശ്യപ്പെട്ട് ദളവേ (സൈനികമേധവി) താണ്ടവരായനാർ വേലുനാച്ചിയാറിനുവേണ്ടി സുൽത്താൻ ഹൈദർ അലിക്കു ഒരു കത്തെഴുതി. ഒരു സൈന്യം സുരക്ഷിതമാക്കുന്നതിൽ വിജയിച്ചു. ഈസ്റ്റ് ഇന്ത്യാകമ്പനിയുമായി തനിക്ക് ഉണ്ടായിരുന്ന എല്ലാ പ്രശ്നങ്ങളും വേലുനാച്ചിയർ ഉറുദു ഭാഷയിൽ വിശദമായി പറഞ്ഞു. ഇംഗ്ലീഷുകാരോട് പോരാടാനുള്ള ഉറച്ച തീരുമാനം അവൾ അറിയിച്ചു. അവളുടെ ധൈര്യത്തിൽ ആകൃഷ്ടനായ ഹൈദർ അലി സൈനീകസഹായം നൽകാൻ ദിണ്ടുക്കൽ കോട്ടയിലെ തന്റെ കമാൻഡർ സെയ്ദിനോട് ആവശ്യപ്പെട്ടു.

ബ്രിട്ടീഷ് തങ്ങളുടെ വെടിമരുന്ന് എവിടെ സൂക്ഷിച്ചുവെന്ന് കണ്ടെത്താൻ വേലുനാച്ചിയാർ രഹസ്യ ഏജന്റുമാരെ നിയമിച്ചു. ഗോപലനായകരുടെയും ഹൈദർ അലിയുടെയും സൈനിക സഹായത്തോടെ അവർ ശിവഗംഗയെ തിരിച്ചുപിടിച്ചു. മരുതു സഹോദരന്മാരുടെ സഹായത്തോടെ രാജ്ഞിയായി കിരീടമണിഞ്ഞു.


കുയിലി

വേലുനാച്ചിയാരിന്റെ വിശ്വസ്ത സുഹൃത്തായ കുയിലി ആയിരുന്നു. കുയിലിയെക്കുറിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്താത്തതിന്റെ പേരിൽ കൊല്ലപ്പെട്ട ഇടയ പെൺകുട്ടിയാണ് ഉടൈയാൾ. സ്വയം തീകൊളുത്തിയ ശേഷം കുയിലി ബ്രിട്ടീഷ് ആയുധപ്പുരയിലേക്ക് (1780) നടന്ന് എല്ലാ വെടിമരുന്നുകളും നശിപ്പിച്ചു.

X Std - History Malayalam Unit-6.indd 68 1/27/2023 10:02:11 AM

ഇന്ത്യയിലെ ബ്രിട്ടീഷ് കോളനി ശക്തിക്കാ യുള്ള ഏജന്റുമാരെ ചെറുക്കുന്ന ആദ്യത്തെ വനിതാ ഭരണാധികാരി അല്ലെങ്കിൽ രാജ്ഞിയായി രുന്നു വേലുനാച്ചിയാർ.

(c) വീരപാണ്ഡ്യ കട്ടബൊമ്മൻ കലാപം (1790-1799)

വീരപാണ്ഡ്യകട്ടബൊമ്മൻ പിതാവായ ജഗവീര പാണ്ഡകട്ടബൊമ്മന്റെ മരണശേഷം തന്റെ 30-ാം വയ സ്സിൽ പാഞ്ചാലം കുറിഞ്ചിയുടെ പാളയക്കാരനായി. കമ്പനി യുടെ അഡ്മിനിട്രേറ്റർമാരായ ജെയിംസ്ലനും കോളിൻ ജാക്സണും അദ്ദേഹത്തെ സമാധാനപരമായ സ്വാഭവ മുള്ള ഒരാളായി കണക്കാക്കിയി രുന്നു എങ്കിലും, താമസിയാതെ നിരവധി സംഭവങ്ങൾ വീരപാണ്ഡ്യ കട്ടബൊമ്മനും ഈസ്റ്റ് ഇന്ത്യാ കമ്പനിയും തമ്മിലുള്ള സംഘ ട്ടനത്തിലേക്ക് നയിച്ചു. 1781-ൽ ഒപ്പു വച്ച ഒരു കരാറിലെ വ്യവസ്ഥകൾ പ്രകാരം കർണാടക വരുമാനം മൈസൂർ സുൽത്താനുമായുള്ള യുദ്ധ സമയത്ത് കമ്പനിക്ക് അവരുടെ മാനേജ്മെന്റിനും നിയന്ത്രണത്തിനും വിധേയമായി നവാബ് നൽകി യിരുന്നു. വരുമാനത്തിന്റെ ആറിലൊന്ന് നവാബി ന്റെയും, കുടുംബത്തിന്റെയും ചെലവുകൾക്കായി നൽകേണ്ടതായിരുന്നു. അങ്ങനെ നികുതി പിരിക്കാ നുള്ള അവകാശം കമ്പനി പാഞ്ചാലം കുറിഞ്ചി യിൽ നിന്ന് നേടിയിരുന്നു എല്ലാ പാളയക്കാ രിൽ നിന്നും നികുതി പിരിക്കാനുള്ള കമ്പനി കളക്ടർമാരെ നിയമിച്ചു. കളക്ടർമാർ പാളയക്കാ രരെ അപമാനിക്കുകയും നികുതി പിരിക്കാൻ ബലം പ്രയോഗിക്കുകയും ചെയ്തു. ഇത് ഇംഗ്ലീഷുകാരും കട്ടബൊമ്മനും തമ്മിലുള്ള തർക്കവിഷയമായിരുന്നു.


കട്ടബൊമ്മൻ

ജാക്സനുമായുള്ള ഏറ്റുമുട്ടൽ

1789 ന്റെ 3310 പഗോഡ കളായിരുന്നു കട്ടബൊമ്മനിൽ നിന്നുള്ള ഭൂമി വരുമാനം നൽകിയിരുന്നത്. അഹങ്കാരി യായ ഇംഗ്ലീഷ് ഉദ്യോഗസ്ഥനായ കളക്ടർ ജാക്സൻ വരുമാ നകുടിശ്ശിക പിരിച്ചെടുക്കാൻ സൈന്യത്തെ അയയ്ക്കാൻ ആഗ്രഹി ച്ചുവെങ്കിലും മദ്രാസ് സർക്കാർ അദ്ദേഹ ത്തിന് അനുമതി നൽകിയില്ല. 1798 ഓഗസ്റ്റ് 18-ന് കട്ടബൊമ്മനെ രാമനാഥപുരത്ത് വച്ച് കാണാൻ. ആവശ്യപ്പെട്ടു കുറ്റാലം ശ്രീവി ല്ലിപ്പൂത്തൂരിലും പ്രേക്ഷകരെ നൽകാൻ ജാക്സൺ വിസമ്മതിച്ചതിനാൽ കട്ടബൊമ്മൻ അദ്ദേഹത്തെ കണ്ടുമുട്ടാനുള്ള ശ്രമം നിരർഥക മായി. അവസാനം ഒരു അഭിമുഖത്തിന് അനു വദിക്കുകയും 1789 സെപ്റ്റംബർ 19ന് കട്ടബൊ മ്മൻ രാമനാഥപുരത്ത് വച്ച് ജാക്സനെ കണ്ടു മുട്ടുകയും ചെയ്തു. അഹങ്കാരിയായ കളക്ടർ ജാക്സനുമുമ്പായി മൂന്നുമണിക്കൂർ കട്ടബൊമ്മന് നിൽക്കേണ്ടി വന്നു എന്ന് പറയപ്പെടുന്നു അപകടം മനസ്സിലാക്കിയ കട്ടബൊമ്മൻ മന്ത്രി ശിവസുബ്ര മണ്യത്തിനൊപ്പം രക്ഷപ്പെടാൻ ശ്രമിച്ചു. പെട്ടെന്ന് ഊമതുരൈ തന്റെ ആളുകളുമായി കോട്ടയിൽ പ്രവേശിച്ച് കട്ടബൊമ്മനെ രക്ഷപ്പെടാൻ സഹാ യിച്ചു. രാമനാഥപുരം കോട്ടയുടെ കവാടത്തിൽ ഏറ്റുമുട്ടലുണ്ടായി. അതിൽ ലഫ്റ്റനന്റ് ക്ലാർക്ക് ഉൾപ്പെടെ ചിലർ കൊല്ലപ്പെട്ടു. ശിവസുബ്രമ ണ്യനെ തടവുകാരനാക്കി.

മദ്രാസ് കൗൺസിൽ മുമ്പാകെ ഹാജരാക്കൽ

പാഞ്ചാലം കുറിച്ചിയിലേക്ക് മടങ്ങിയെത്തി കട്ടബൊമ്മൻ കളക്ടർ ജാക്സൻ തന്നോട് മോശമായി പെരുമാറിയതിനെക്കുറിച്ച് മദ്രാസ്സ് കൗൺസിലിൽ ധരിപ്പിച്ചു. വില്ല്യം ബ്രൗൺ, വില്ല്യം ഓരം ജോൺകാസാമേജർ എന്നിവരു മായി ഒരു കമ്മിറ്റിയിൽ ഹാജരാകാൻ കട്ടബൊ മ്മനോട് കൗൺസിൽ ആവശ്യപ്പെട്ടു. അതേസ മയം ശിവസുബ്രഹ്മണ്യനെ മോചിപ്പിക്കാനും കളക്ടർ ജാക്സനെ സസ്പെൻഡ് ചെയ്യാനും ഗവർണ്ണർ എഡ്വേർഡ് ക്ലൈവ് ഉത്തരവിട്ടു. 1798 ഡിസംബർ 15-ന് കട്ടബൊമ്മൻ സമിതിക്ക് മുമ്പിൽ ഹാജരായി രാമപുരത്ത് എന്താണ് സംഭവിച്ച തെന്ന് റിപ്പോർട്ട് ചെയ്തു. കട്ടബൊമ്മൻ കുറ്റക്കാരന ല്ലെന്ന് കമ്മിറ്റി കണ്ടെത്തി. ജാക്സനെ സേവന ത്തിൽ നിന്ന് പുറത്താക്കുകയും പകരം എസ്സ്. ആർ. ലൂഷിങ്ടൺനെ നിയമിക്കുകയും ചെയ്തു. 1080 പഗോഡകളൊഴിച്ച് ബാക്കി എല്ലാ വരുമാന കുടിശ്ശികയും കട്ടബൊമ്മൻ അടച്ചുതീർത്തു.

കട്ടബെമ്മാമ്മനും പാളയക്കാരും തമ്മിലുള്ള കൂട്ടുകെട്ട്

ഇതിനിടയിൽ അയൽരാജ്യങ്ങളായ ദിണ്ടുക്ക ല്ലിലെ ഗോപാലനായക്ക് അണ്ണൊമലൈയിലെ യാദുൽ നായക്ക് എന്നിവരുമായി ചേർന്ന് ശിവ ഗംഗയിലെ ദക്ഷിണേന്ത്യ വിമതരുടെ രാഷ്ട്ര സഖ്യത്തിന് രൂപം നൽകി. മരുതു പാണ്ഡ്യൻ സഖ്യത്തിന്റെ നേതാവായി പ്രവർത്തിച്ച് തിരുച്ചി റാപ്പള്ളി വിളംബരം നടത്തിയിരുന്നു കട്ടബൊ മ്മന് ഈ രാഷ്ട്ര സഖ്യത്തിൽ താല്പര്യമുണ്ടാ യിരുന്നു. മരുതു സഹോദരന്മാരെ കണ്ടുമുട്ടുന്ന തിൽ നിന്ന് കട്ടബൊമ്മനെ കലക്ടർ ലൂഷിംഗ്ടൺ തടഞ്ഞു. എന്നാൽ മരുതു സഹോദരന്മാരും കട്ടബൊമ്മനും ചേർന്ന് ഇംഗ്ലീഷുകരുമായി ഏറ്റു മുട്ടാൻ തീരുമാനിച്ചു. കട്ടബൊമ്മൻ ശിവഗിരി യിലേക്ക് മുന്നേറി എന്നാൽ ശിവഗിരിയിലെ പാളയക്കാരർ കമ്പനിക്ക് കീഴ്പ്പെട്ടവരായിരുന്നു.

X Std - History Malayalam Unit-6.indd 69 1/27/2023 10:02:12 AM

അതിനാൽ കട്ടബൊമ്മന്റെ പര്യവേഷണം തങ്ങളുടെ അധികാരത്തോടുള്ള വെല്ലുവിളിയായി കമ്പനി കണക്കാക്കി. സൈന്യത്തോട് തിരുനെൽവേലിയിലേക്ക് മാർച്ച് ചെയ്യാൻ കമ്പനി ആവശ്യപ്പെട്ടു.

പാഞ്ചാലം കുറിച്ചി ഉപരോധം

തിരുച്ചിറപ്പള്ളി, തഞ്ചാവൂർ, മധുര എന്നിവിടങ്ങളിൽ നിന്ന് തിരുനെൽവേലിയിലേക്കുള്ള മുന്നേറ്റത്തിനായി 1799 മെയ്മാസത്തിൽ വെല്ലസ്ലിപ്രഭു മദ്രാസിൽ നിന്ന് ഉത്തരവുകൾ പുറപ്പെടുവിച്ചു. തിരുവിതാംകൂർ സൈനികരും ബ്രിട്ടീഷുകാരോടൊപ്പം ചേരാൻ മേജർ ബാനർമാൻ സൈനീകരോട് ആജ്ഞാപിച്ചു. 1799 സെപ്തംബർ 1 ന് കീഴടങ്ങണമെന്ന് കട്ടബൊമ്മന് ഒരു അന്ത്യശാസനം നൽകി. കട്ടബൊമ്മന്റെ "ഒഴിവാക്കൽ മറുപടി" ബാനർമാനെ കോട്ട ആക്രമിക്കാൻ പ്രേരിപ്പിച്ചു. ബാനർമാൻ തന്റെ സൈന്യത്തെ മുഴുവൻ സെപ്റ്റംബർ 5ന് പാഞ്ചാലം കുറിച്ചിയിലേക്ക് മാറ്റി. കോട്ടയിലേക്കുള്ള എല്ലാ ആശയവിനിമയങ്ങളും അവർ വിച്ഛേദിച്ചു. കട്ടബൊമ്മനോട് കീഴടങ്ങാൻ ആവശ്യപ്പെടുന്ന സന്ദേശം കൈമാറാൻ ബാനർമാൻ രാമലിംഗനാറിനെ നിയോഗിച്ചു. കട്ടബൊമ്മൻ അത് നിരസിച്ചു. കോട്ടയുടെ എല്ലാ രഹസ്യങ്ങളും രാമലിംഗനാർ ശേഖരിച്ചു. അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാനർമാൻ പ്രവർത്തനത്തിന്റെ തന്ത്രം തീരുമാനിച്ചു. കല്ലാർപട്ടിയിൽ നടന്ന ഏറ്റുമുട്ടലിൽ ശിവസുബ്രഹ്മണ്യനെ തടവുകാരമാക്കി.



പാഞ്ചാലം കുറിച്ചി കോട്ട

കട്ടബൊമ്മന്റെ വധശിക്ഷ നടപ്പിലാക്കൽ

കട്ടബൊമ്മൻ പുതുക്കോട്ടയിലേക്ക് രക്ഷപ്പെട്ടു. ബ്രിട്ടീഷുകാർ അദ്ദേഹത്തിന്റെ തലയ്ക്ക് പാരിതോഷികം നിശ്ചയിച്ചു. എട്ടയപുരത്തെയും പുതുക്കോട്ടയിലെയും രാജാക്കന്മാർ കട്ടബൊമ്മനെ ഒറ്റിക്കൊടുത്തു. സെപ്റ്റംബർ 13ന്നാഗാലപുരത്ത് വച്ച് ശിവ സുബ്രഹ്മണ്യത്തെ വധിച്ചു. ഒക്ടോബർ 16ന് പാളയക്കാർക്കു മുമ്പിൽ വച്ച് കട്ടബൊമ്മന് വിചാരണ നേരിടേണ്ടിവന്നു . ഈ വിചാരണയിൽ കട്ടബൊമ്മനെ ബാനർമാൻ പരിഹസിച്ചു. വിചാരണവേളയിൽ കട്ടബൊമ്മൻ തനിക്കെതിരെ ചുമത്തിയ എല്ലാ ആരോപണങ്ങളും ധൈര്യത്തോടെ സമ്മതിച്ചു. തിരുനെൽവേലിയോട് ചേർന്നുള്ള പഴയ കയത്താർ കോട്ടയിലെ പുളിമരത്തിലാണ് കട്ടബൊമ്മനെ തൂക്കിലേറ്റിയത്. അങ്ങനെ പാഞ്ചാലം കുറിഞ്ചിയിലെ പ്രശസ്തരായ പാളയക്കാരുടെ ജീവിതം അവസാനിച്ചു. കട്ടബൊമ്മന്റെ നിരവധി നാടോടികഥകൾ ജനങ്ങൾക്കിടയിൽ അദ്ദേഹത്തിന്റെ ഓർമ്മകൾ നിലനിർത്താൻ സഹായിച്ചു.

(d) മരുതു സഹോദരൻന്മാർ

പെരിയമരുതു അല്ലെങ്കിൽ വെള്ളമരുതു (1748-1801) ഇളയ സഹോദരൻ ചിന്നമരുതു എന്നിവർ ശിവഗംഗയിലെ മുത്തുവടുഗറിന്റെ ജനറൽമാരായിരുന്നു. കാളയാർ കോവിൽ യുദ്ധത്തിൽ മുത്തു വടുഗറുടെ മരണശേഷം, മരുതു സഹോദരന്മാർ സിംഹാസനം പുന:സ്ഥാപിക്കാൻ വേലു നാച്ചിയാരെ സഹായിച്ചു. പതിനെട്ടാം നൂറ്റാണ്ടിന്റെ കളപ്പുരകൾ കൊള്ളയടിക്കുകയും കമ്പനി സൈനീകർക്ക് നാശനഷ്ടങ്ങൾ ഉണ്ടാക്കുകയും ചെയ്തു.



മരുതു സഹോദരൻന്മാർ

മരുതു സഹോദരന്മാരുടെ കലാപം (1800-1801)

1799-ൽ കട്ടബൊമ്മന്റെ കലാപം അടിച്ചമർത്തപ്പെട്ടിട്ടും 1800-ൽ വീണ്ടും കലാപം പൊട്ടിപ്പുറപ്പെട്ടു. ബ്രിട്ടീഷ് രേഖകളിൽ ഇതിനെ രണ്ടാം പാളയക്കാരൻ യുദ്ധം എന്ന് വിളിക്കുന്നു. ശിവഗംഗയിലെ മരുതു പാണ്ഡ്യൻ, ദിണ്ടുഗലിലെ ഗോപാലനായക്, മലബാറിലെ കേരളവർമ്മ, കൃഷ്ണപ്പനായക്, മൈസൂരിലെ ധൂണ്ടക്കാജി എന്നിവരടങ്ങുന്ന കൂട്ടുകെട്ടാണ് ഇത് സംവിധാനം ചെയ്തത്. 1800 ഏപ്രിൽ അവർ വിരൂപാച്ചിയിൽ കണ്ടുമുട്ടുകയും കമ്പനിക്കെതിരെ ഒരു പ്രക്ഷോഭം സംഘടിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. 1800 ജൂണിൽ കോയമ്പത്തൂരിൽ ഉണ്ടായ പ്രക്ഷോഭം ഉടൻതന്നെ രാമനാഥപുരം, മധുര

X Std - History Malayalam Unit-6.indd 70 1/27/2023 10:02:12 AM

എന്നിവിടങ്ങള്ലേക്ക് വ്യാപിച്ചു. മൈസൂരിലെ കൃഷ്ണപ്പമായക്, മലബാറിലെ കേരളവർമ തുടങ്ങിയവർക്കതിരെ കമ്പനി യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു. കോയമ്പത്തൂർ, സത്യമംഗലം, താരാപുരം എന്നിവിടങ്ങളിലെ പാളയക്കാരെ പിടികൂടി തൂക്കിലേറ്റി.

1801ഫെബ്രുവരിയിൽ കട്ടബൊമ്മന്റെ സഹോദരന്മാരായഊമത്തുരെ,സേവതെയ്യഎന്നിവർ പാളയം കോട്ടജയിലിൽ നിന്ന് കമുധിയിലേക്ക് രക്ഷപ്പെട്ടു. അവിടെ നിന്ന് ചിന്നമരുതു തലസ്ഥാനമായ സിറുവയലിലേക്ക് അവരെ കൊണ്ടുപോയി. പാഞ്ചാലം കുറിചിയിലെ കോട്ട സ്മാരകചിഹ്നമായി പുനർനിർമ്മിച്ചു. ഏപ്രിൽ കോളിൻ മെക്കാലയുടെ കീഴിലുള്ള ബ്രിട്ടീഷ് സൈന്യം കോട്ട തിരിച്ചു പിടിച്ചു. മരുതു സഹോദരന്മാർ ശിവഗംഗയിൽ അഭയം തേടി ഒളിച്ചോടിയവരെ (ഊമതുരൈയും സേവതൈയ്യയും) മരുതുപാണ്ഡ്യർ കൈമാറണമെന്ന് ഇംഗ്ലീഷുകാർ ആവശ്യപ്പെട്ടു. പക്ഷേ അവർ വിസമ്മതിച്ചു. കേണൽ ആദരപൂർവ്വം കേണൽ ഇന്നസും ശിവഗംഗയിലേക്ക് മാർച്ച് നടത്തി. 1801 ജൂണിൽ മരുതു പാണ്ഡ്യന്മാർ മാർച്ച് നടത്തി. 1801 ജൂണിൽ മരുതു പാണ്ഡ്യന്മാർ സ്വാതന്ത്ര്യപ്രഖ്യാപനം നടത്തി. ഇതിനെ തിരുച്ചിറാപ്പള്ളി വിളംബരം എന്ന് വിളിക്കുന്നു.

1801-ലെ വിളംബരം

1801-ലെ വിളംബരം ബ്രിട്ടീഷുകാർക്കെതിരെ സംഘടിപ്പിക്കാനുള്ള ആദ്യകാല ആഹ്വാനമായിരുന്നു. പ്രദേശം, ജാതി, മതം, വർഗ്ഗം എന്നിവ മുറിച്ചുമാറ്റി. തിരുച്ചിറാപ്പള്ളികോട്ടയിലെ നവാബിന്റെ കൊട്ടാരത്തിന്റെ ചുവരുകളിലും ശ്രീരാംഗം ക്ഷേത്രത്തിന്റെ ചുവരുകളിലും വിളംബരം ഒട്ടിച്ചു. ഇംഗ്ലീഷുകാർക്കെതിരെ പോരാടാൻ തമിഴ് രാജ്യത്തെ പല പാളയക്കാരരും ഒരുമിച്ച് അണിനിരന്നു. ഇംഗ്ലീഷ് സൈന്യത്തെ വെല്ലുവിളിക്കാൻ ചിന്ന മരുതു 20,000ത്തോളം പേരെ സംഘടിപ്പിച്ചു ബ്രിട്ടീഷ്കാർ ബംഗാൾ, സിലോൺ, മലയ എന്നിവിടങ്ങളിൽ ഭരണം ശക്തിപ്പെടുത്തി. പുതുക്കോട്ടൈ, എട്ടയപുരം, തഞ്ചാവൂർ എന്നിവിടങ്ങളിലെ രാജാക്കന്മാർ ബ്രിട്ടീഷ്കാർക്കൊപ്പം നിന്നു. ഇംഗ്ലീഷുക്കാർ പിൻതുടർന്ന ഭിന്നിപ്പിച്ചു ഭരിക്കൽ നയം പാളയക്കാരരുടെ ശക്തികേന്ദ്രങ്ങളിൽ വിള്ളൽ ഏർപ്പെടുത്തി.

ശിവഗംഗയുടെ പരാജയം

1801-മെയ് മാസത്തിൽ ഇംഗ്ലീഷുകാർ തഞ്ചാവൂരിലെയും തിരുച്ചിറാപ്പള്ളിയിലെയും വിമതരെ ആക്രമിച്ചു. വിമതർ പീരൺമലയിലേക്കും കാളയാർകോവിലിലേക്കും പോയി ശക്തരായ ഇംഗ്ലീഷുകാർ അവരെ പരാജയപ്പെടുത്തി. അവസാനം സൈനികശക്തിയും, ഇംഗ്ലീഷ് കമ്പനിയുടെ കഴിവുള്ള കമാൻഡർമാരും വിജയിച്ചു. കലാപം പരാജയപ്പെടുകയും 1801-ൽ ശിവഗംഗയെ കൂട്ടിച്ചേർക്കുകയും ചെയ്തു. 1801 ഒക്ടോബർ 24ന് രാമനാഥപുരത്തിനടുത്തുള്ള തിരുപത്തൂർ കോട്ടയിൽ വച്ച് മരുതു സഹോദരന്മാരെ വധിച്ചു. 1801 നവംബർ 16ന് ഊമത്തുരയെയും സേവതയ്യയെയും പാഞ്ചാലം കുറിച്ചിയിൽ വച്ച് പിടിക്കപ്പെടുകയും ശിരച്ഛേദം ചെയ്യുകയും ചെയ്തു. 73 വിമതരെ മലയായിലെ പിനാംഗിലേക്ക് നാടു കടത്തി. പാളയക്കാരർ ഇംഗ്ലീഷുകാരുടെ പക്കലാണെങ്കിലും, അവരുടെ ത്യാഗങ്ങളും വിജയങ്ങളും പിൽക്കാല തലമുറകൾക്ക് പ്രചോദനമായി. അങ്ങനെ ദക്ഷിണേന്ത്യൻ കലാപം എന്ന് വിളിക്കപ്പെടുന്ന മരുതു സഹോദരന്മാരുടെ കലാപം തമിഴ്നാടിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന സംഭവമാണ്.

കർണാട്ടിക് ഉടമ്പടി, 1801

തമിഴ് നാട്ടിലെ പാളയക്കാരുടെ എല്ലാ പ്രാദേശിക നേതാക്കളെയും 1799, 1800-1801 കാലഘട്ടങ്ങളിലെ കലാപത്തിലൂടെ ഇല്ലാതാക്കി. 1801 ജൂലൈ 31-ലെ കർണ്ണാടക ഉടമ്പടി പ്രകാരം ബ്രിട്ടീഷുകാർ തമിഴകത്തിന്റെ മേൽ നേരിട്ടുള്ള നിയന്ത്രണം ഏറ്റെടുക്കുകയും എല്ലാ കോട്ടകളും പൊളിച്ചുമാറ്റുകയും സൈന്യത്തെ പിരിച്ചുവിടുകയുംചെയ്തു. ഇതോടെപാളയക്കാരർ സമ്പ്രദായം അവസാനിക്കുകയും ചെയ്തു.

(e) ധീരൻ ചിന്നമലൈ (1756-1805)


ധീരൻ ചിന്നമലൈ

തീർത്ഥഗിരി പാളയം കോട്ടയിലെ മന്നാഡിയാർരാജകുടുംബത്തിൽ 1756ൽ ജനിച്ചു. ചിലമ്പ്, അമ്പെയ്ത്ത്, കുതിരസവാരി ആധുനികയുദ്ധമുറ എന്നിവയിൽ ധീരൻ ചിന്നമലൈ നല്ല പരിശീലനം നേടി കൊങ്കുമേഖലയിലെ കുടുംബ, ഭൂമി തർക്കങ്ങൾ പരിഹരിക്കുന്നതിൽ അദ്ദേഹം പങ്കാളിയായി . ഈ പ്രദേശം മൈസൂർ സുൽത്താനായ ടിപ്പുവിന്റെ നിയന്ത്രണത്തിലായതിനാൽ നികുതി പിരിക്കാൻ അദ്ദേഹത്തിന്റെ ദിവാൻ മുഹമ്മദ് അലിയെ നിയോഗിച്ചു. ഒരിക്കൽ നികുതി പണവുമായിദിവാൻമൈസൂരിലേക്ക്മടങ്ങുമ്പോൾതീർത്ഥഗിരി വഴി തടയുകയും എല്ലാ നികുതി പണവും പിടിച്ചെടുക്കുകയും ചെയ്തു. ശിവമലൈക്കും ചെന്നിമലയ്ക്കുമിടയിലുള്ള "ചിന്നമല" നികുതി എടുത്തുകളഞ്ഞയാളാണെന്ന് തന്റെ സുൽത്താനോട് പറയാൻ നിർദ്ദേശിച്ചു കൊണ്ട് അദ്ദേഹം മുഹമ്മദ് അലിയെ വിട്ടയച്ചു. അങ്ങനെ അദ്ദേഹം "ധീരൻ

X Std - History Malayalam Unit-6.indd 71 1/27/2023 10:02:12 AM

ചിന്നമലൈ" എന്ന പേര് നേടി. ഇതിൽ പ്രകോപിതനായ ദിവാൻ ചിന്നമലയെ ആക്രമിക്കാൻ ഒരു സംഘത്തെ അയച്ചു. ഇരുസേനകളും നൊയ്യൽ നദിതീരത്ത് വച്ച് ഏറ്റുമുട്ടുകയും ചിന്നമലൈ വിജയിക്കുകയും ചെയ്തു.

ഫ്രഞ്ചു പരിശീലനം നേടിയ ധീരൻ ആയിരക്കണക്കിനു കൊങ്കു യുവാക്കളെ അണിനിരത്തി ടിപ്പുവിനൊപ്പം ബ്രിട്ടീഷുകാരുമായി യുദ്ധം ചെയ്തു. ടിപ്പുവിന്റെ മരണശേഷം ധീരൻ ചിന്നമലൈ ഒരു കോട്ട പണിതു. ആയതിനാൽ ഈ സ്ഥലത്തെ ഒഡനിലൈയ് എന്നാണ് വിളിക്കുന്നത്. അദ്ദേഹം ഗോറില്ല ആക്രമണം നടത്തുകയും പിടിച്ചെടുക്കൽ നയം ഒഴിവാക്കുകയും ചെയ്തു. ഒടുവിൽ ഇംഗ്ലീഷ്കാർ അദ്ദേഹത്തെയും സഹോദരന്മാരേയും പിടിച്ച് ശങ്കഗിരി ജയിലിൽ അടച്ചു. ബ്രിട്ടീഷുകാരുടെ ഭരണം അംഗീകരിക്കാൻ ആവശ്യപ്പെട്ടപ്പോൾ അവർ വിസമ്മതിച്ചു. 1805 ജൂലൈ 31-ന് ശങ്കഗിരികോട്ടയുടെ മുകളിൽ വച്ച് അവരെ തൂക്കിലേറ്റി.

6.3 വെല്ലൂർ കലാപം 1806

1792-ലെ ടിപ്പുസുൽത്താനുമായുള്ള യുദ്ധത്തിൽ തെക്കൻ തമിഴ്നാട്ടിലെ പാളയക്കാരെ കുറക്കുന്നതിന്റെ ഭാഗമായി ഈസ്റ്റ് ഇന്ത്യാ കമ്പനി റവന്യൂ ജില്ലകളായ സേലം, ദിണ്ടുഗൽ എന്നീ പ്രദേശങ്ങൾ കൈവശപ്പെടുത്തി. 1799-ൽ നടന്ന ആംഗ്ലോ മൈസൂർ യുദ്ധത്തിൽ കോയമ്പത്തൂരിനെ കൂട്ടിച്ചേർത്തു. അതേ വർഷം തന്നെ 1798-ൽ തഞ്ചാവൂരിലെ രാജാവിന്റെ അധികാരപരിധി കുറക്കപ്പെട്ടു. ആ പ്രദേശത്തിൻ മേലുള്ള തന്റെ പരമാധികാരം വിട്ടുകൊടുത്തു. കട്ടബൊമ്മൻ (1799) മരുതു സഹോദരന്മാർ (1801) എന്നിവരുടെ ചെറുത്തുനിൽപ്പിനെത്തുടർന്ന് ബ്രിട്ടീഷുകാർ ആർക്കാട്ടിലെ നവാബിൽ അവിശ്വസ്തത ആരോപിക്കുകയും അദ്ദേഹവുമായി ഒരു ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തു. 1801-ലെ ഈ ഉടമ്പടി പ്രകാരം വടക്കെ ആർക്കാട്ട്, തെക്കെ ആർക്കാട്ട്, തിരുച്ചിറപ്പള്ളി, മധുര, തിരുനെൽവേലി എന്നീ ജില്ലകളെ നവാബ് വിട്ടു കൊടുക്കുകയും ഭരണപരമായ എല്ലാ അധികാരങ്ങളും കമ്പനിക്ക് കൈമാറുകയും ചെയ്തു.

(a) ഇന്ത്യൻ പട്ടാളക്കാരുടെ ആവലാതികൾ

എന്നാൽ ചെറുത്തുനിൽപ്പ് അവസാനിക്കുന്നില്ല. പുറത്താക്കപ്പെട്ട ചെറിയ രാജാക്കന്മാരും നാട്ടുത്തലവന്മാരും കമ്പനി സർക്കാരിനെതിരായ ഭാവി നടപടികളെക്കുറിച്ച് ആലോചന തുടർന്നു. അതിന്റെ പരിണിതഫലമാണ് 1806-ലെ വെല്ലൂർ കലാപം. അവസാനത്തെ കുഴി പോരാട്ടത്തിനുള്ള വസ്തുനിഷ്ഠമായ വ്യവസ്ഥകൾ കലാപത്തിന്റെ തലേന്ന് നിലവിലുണ്ടായിരുന്നു. ഇന്ത്യൻ സൈന്യത്തിലെ ശിപായിമാർ കുറഞ്ഞ ശമ്പളത്തോടും സ്ഥാനക്കയറ്റത്തിന്റെ മോശം സാധ്യതകളോടും കടുത്ത നീരസം ബ്രിട്ടീഷുകാരോട് പ്രകടിപ്പിച്ചു. സാമൂഹികവും മതപരവുമായ. വികാരങ്ങളോട് ബ്രീട്ടിഷ് പട്ടാള ഉദ്യോഗസ്ഥർ കാണിക്കുന്ന അനാദരവ് ഇന്ത്യൻ ശിപായിമാരെ പ്രകോപിപ്പിച്ചു. ശിപായിമാരെ റിക്രൂട്ട് ചെയ്ത കർഷകരുടെ അവസ്ഥയും അവരെ വളരെയധികം വിഷമിപ്പിച്ചു. 1805-ൽ ഭൂമിയിലെ പുതിയ പരീക്ഷണങ്ങൾ പരിഹരിക്കപ്പെടാത്ത അവസ്ഥയ്ക്കും ക്ഷാമത്തിനും കാരണമായി. ശിപായിമാരുടെ കുടുംബങ്ങളിൽ പലതും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായി. ടിപ്പുവിന്റെ പുത്രന്മാരെയും കുടുംബാംഗങ്ങളും വെല്ലൂർ കോട്ടയിൽ പാർപ്പിച്ചതാണ് ഏറ്റവും അനുയോജ്യമായ സാഹചര്യം. കമാൻഡർ ഇൻചീഫ് സർ ജോൺ ക്രടോക്ക് അറിയിച്ച സൈനീക നിയന്ത്രണ സാഹചര്യമാണ് കലാപത്തിന് പ്രേരണ നൽകിയത്.

പുതിയ ചട്ടങ്ങൾ അനുസരിച്ച് ഇന്ത്യൻ സൈനികർ യൂണിഫോമിലായിരിക്കുമ്പോൾ ജാതി അടയാളങ്ങളോ ചെവി അടയാളങ്ങളോ ധരിക്കരുതെന്ന് ആവശ്യപ്പെട്ടു. അവർ താടി വടിക്കുകയും മീശയുടെ രൂപത്തെക്കുറിച്ച് തുല്യത നിലനിർത്തുകയും വേണം യുദ്ധസമയത്ത് മൃഗങ്ങളുടെ തോലുകൊണ്ടും തുകൽനാട കൊണ്ടും നിർമ്മിച്ച തലപ്പാവ് ധരിക്കണം. പുതിയ തലപ്പാവ് ധരിക്കാൻ വിസമ്മതിച്ച് കൊണ്ട് ശിപായിമാർ മുന്നറിയിപ്പ് നൽകി. എന്നിട്ടും കമ്പനിഭരണക്കൂടം ശ്രദ്ധിച്ചില്ല.

(b) വിപ്ലവം പൊട്ടിപ്പുറപ്പെടൽ

1806 ജൂലൈ 10ന് അതിരാവിലെ 1ഉം 23ഉം റെജിമെന്റുകളിലെ ഇന്ത്യൻ ശിപായിമാർ തോക്കുകൾ മുഴക്കിക്കൊണ്ട് കലാപത്തിന്റെ നിലവാരം ഉയർത്തി. സൈന്യാധിപനായ കേണൽ ഫാൻകോർട്ടാണ് ആദ്യം ഇരയായത്. അടുത്തതായി 23-ാം റെജിമെന്റിന്റെ സൈന്യാധിപൻ മെക്കറാസ് കൊല്ലപ്പെട്ടു. കോട്ട കടന്നു പോകുകയായിരുന്ന മേജർ ആംസ്ട്രോങ്ങിന് വെടിയൊച്ചയുടെ ശബ്ദം കേട്ടു അന്വേഷിക്കാനായി നിർത്തിയപ്പോൾ അദ്ദേഹത്തിനും വെടിയണ്ടുകളേറ്റു. ഒരു മണിക്കുറിനുള്ളിൽ ഒരു ഡസനോളം മറ്റു ഉദ്യോഗസ്ഥരും കൊല്ലപ്പെട്ടു. അക്കൂട്ടത്തിൽ ലഫ്റ്റനന്റ് എല്ലിയും ലഫ്റ്റനന്റ് പോഫാമും ഹിസ്മജസ്റ്റിയുടെ ബറ്റാലിയനിൽ ഉൾപ്പെട്ടിരുന്നു.

ഗില്ലസ്പിയുടെ ക്രൂരത

കോട്ടയ്ക്ക് പുറത്തുള്ള മേജർ കൂട്ട്സ് ആർക്കോട്ടിലെ വിവരങ്ങൾ കുതിരപ്പടയുടെ സൈന്യാധിപനായ കേണൽ ഗില്ലസ്പിയെ അറിയിച്ചു. രാവിലെ 9.00ന് ക്യാപ്റ്റൻ യങ്ങിന്റെ

X Std - History Malayalam Unit-6.indd 72 1/27/2023 10:02:12 AM



X Std - History Malayalam Unit-6.indd 73 1/27/2023 10:02:12 AM

നേതൃത്വത്തിൽ കുതിരപ്പടയുടെ സൈന്യവിഭാഗവുമായി ഗില്ലസ്പി കോട്ടയിലെത്തി. ഇതിനിടയിൽ, വിമതർ ടിപ്പുവിന്റെ മൂത്തമകനായ ഫത്തേഹൈദറിനെ തങ്ങളുടെ പുതിയ ഭരണാധികാരിയായി പ്രഖ്യാപിക്കുകയും മൈസൂർ കോട്ടയിലെ സുൽത്താന്മാർ കടുവയുടെ ചിത്രം പതിച്ച പതാക ഉയർത്തുകയും ചെയ്തു. എന്നാൽ കലാപം അടിച്ചമർത്തിയ കേണൽ ഗില്ലസ്പി അദ്ദേഹത്തിന്റെ എല്ലാ യുദ്ധനീതിശാസ്ത്രങ്ങൾ കാറ്റിൽ പറത്തി. ദൃക്സാക്ഷിവിവരണമനുസരിച്ച് 800 സൈനീകരെ കോട്ടയിൽ മാത്രം മരിച്ച നിലയിൽ കണ്ടെത്തി. വിവരങ്ങൾക്ക് കാത്തിരുന്ന 600 സൈനീകരെ തിരുച്ചിറാപ്പള്ളി, വെല്ലൂർ എന്നിവിടങ്ങളിൽ തടവിൽ പാർപ്പിച്ചു.

(c) വിപ്ലവത്തിന്റെ പരിണിത ഫലങ്ങൾ

അന്വേഷണക്കോടതി ശിക്ഷിച്ച ആറ് വിമതരെ തോക്കുകൊണ്ട് അടിച്ചു വീഴ്ത്തി, അഞ്ചു പേരെ വെടിവച്ചു കൊന്നു, എട്ട് പേരെ തൂക്കിലേറ്റി. ടിപ്പുവിന്റെ മക്കളെ കൊൽക്കത്തയിലേക്ക് അയയ്ക്കാൻ ഉത്തരവിട്ടു. കലാപം അടിച്ചമർത്താൻ ഏർപ്പെട്ടിരുന്ന ഉദ്യോഗസ്ഥർക്കും പുരുഷന്മാർക്കും സമ്മാനത്തുകയും സ്ഥാനക്കയറ്റവും നൽകി. കേണൽ ഗില്ലസ്പിക്ക് 7000 പഗോഡകൾ നൽകി. എന്നിരുന്നാലും കലാപത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് സൈനീക മേധാവിയായ സർ ജോൺ ക്രാഡോക്ക് സഹ സേനാധിപതി അഗ്നൂവിനെയും ഗവർണർ വില്യം ബെൻഡിക്കിനെയും അവരുടെ കാര്യാലയത്തിൽ നിന്നും നീക്കം ചെയ്യുകയും ഇംഗ്ലണ്ടിലേക്ക് തിരിച്ചുവിളിക്കുകയും ചെയ്തു. മാത്രമല്ല സൈനീക ചട്ടങ്ങൾ പിൻവലിച്ചതായി കണക്കാക്കുകയും ചെയ്തു.

(d) വിപ്ലവത്തിന്റെ ഗതി

പുറത്തുനിന്ന് ഉടനടി സഹായം ലഭിക്കാത്തതിനാൽ വെല്ലൂർ കലാപം പരാജയപ്പെട്ടു. 23-ാംമത് റെജിമെന്റിന്റെ രണ്ടാം ബറ്റാലിയനിലെ സുബേദാർഷെയ്ക്ക് ആദം, ഷെയ്ക്ക് ഹമീദ്, ജെമേദർ ഷെയ്ക്ക് ഹുസൈൻ എന്നിവരും സുബേദാറുകളും ഒന്നാം ബറ്റാലിയനിലെ ജമദാർ ഷെയ്ക്ക് കാസിമും ചേർന്നാണ് കലാപം സംഘടിപ്പിച്ചതെന്ന് സമീപകാല പഠനങ്ങൾ വ്യക്തമാക്കുന്നു. 1857-ലെ മഹത്തായ കലാപത്തിന്റെ എല്ലാ മുൻവിധികളും വെല്ലൂർ കലാപത്തിനുണ്ടായിരുന്നു. ഒരേയൊരു വ്യത്യാസം കലാപത്തെത്തുടർന്ന് ആഭ്യന്തര കലാപം ഉണ്ടായിരുന്നില്ല എന്നതാണ്. 1806-ലെ കലാപം വെല്ലൂർ കോട്ടയിൽ മാത്രമായി ഒതുങ്ങിയില്ല. പകരം ബെല്ലാരി വലജാബാദ്, ഹൈദരബാദ് ബംഗലൂരു, നന്ദിദുർഗ്, ശങ്കരിദുർഗ് എന്നിവിടങ്ങളിൽ പ്രതിധ്വനിച്ചു.

സംഗ്രഹം

- തമിഴ് രാജ്യത്തെ പ്രമുഖ പാളയക്കാരരും ഈസ്റ്റ്ഇന്ത്യാകമ്പനിയുടെ ഭരണത്തിനെതിരായ ചെറുത്തുനിൽപ്പും ചർച്ച ചെയ്യപ്പെടുന്നു.
- പുലിത്തേവർ, വേലുനാച്ചിയാർ, വീരപാണ്ഡ്യ കട്ടബൊമ്മൻ, ശവഗംഗയിലെ മരുദുസഹോദരന്മാർ, ധീരൻ ചിന്നമലൈ എന്നിവർ ബ്രിട്ടീഷുകാർക്കെതിരായി നടത്തിയ യുദ്ധങ്ങൾ വിശദമായി വിവരിക്കുന്നു.
- വെല്ലൂർ കലാപത്തിന്റെ കാരണങ്ങളും ഗില്ലസ്പിയുടെ ക്രൂരമായ അടിച്ചമർത്തൽ രീതിയും വിശദമായി വിവരിക്കുന്നു.

A-Z പദപരിചയം

മറ്റൊരാളുടെ സംരക്ഷണത്തിൽ കഴിയുന്നവർ	**protege**	dependent, a person who receives support from a patron
പ്രതാപം ഉയർത്തൽ, അധികാരോന്നമനം	**aggrandizement**	the act of elevating or raising one's wealth, prestige and power
ആജ്ഞ ലംഘിക്കുന്ന	**defiant**	resisting, disobedient
ശാന്തത	**tranquillity**	harmony, peace, free from disturbances

X Std - History Malayalam Unit-6.indd 74 1/27/2023 10:02:12 AM

വഞ്ചന	**treachery**	disloyalty, betrayal, breach of trust
ധീരൻ, ഭയരഹിതനായ	**audacious**	daring, fearless
അന്ത്യശാസനം	**ultimatum**	a final dominating demand
ഔദാര്യം	**bounty**	payment or reward – something given liberally
തൊപ്പിയിൽ വയക്കുന്ന നാട	**cockade**	an ornament, especially a knot of ribbon worn on the hat
നിരീക്ഷണം	**cognizance**	notice, having knowledge of
തോൽപ്പിക്കുക	**trounce**	crush, defeat
തടവിലാക്കുക	**interned**	imprisoned

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ പ്രവിശ്യാ വർദ്ധനവ് നയത്തെ എതിർത്ത ആദ്യത്തെ പാളയക്കാരൻ ആരാണ്?
   a) മരുതുസഹോദരന്മാർ
   b) പുലിത്തേവർ
   c) വേലുനാച്ചിയാർ
   d) വീരപാണ്ഡ്യകട്ടബൊമ്മൻ.

2. ചന്ദാസാഹിബിന്റെ മൂന്ന് പ്രതിനിധികളുമായി അടുത്ത ബന്ധം സ്ഥാപിച്ചത് ആരാണ്?
   a) വേലുനാച്ചിയാർ
   b) വീരപാണ്ഡ്യകട്ടബൊമ്മൻ.
   c) പുലിത്തേവർ
   d) ഊമദുരൈ

3. എവിടെവച്ചാണ് ശിവസുബ്രഹ്മണ്യനാറിനെ വധിച്ചത്?
   a) കയത്താർ b) നാഗലാപുരം
   c) വിരൂപാച്ചി d) പഞ്ചാലം കുറിച്ചി

4. തിരച്ചിറാപ്പള്ളി സ്വാതന്ത്ര്യ പ്രഖ്യാപനം പുറപ്പെടുവിച്ചതാരാണ്?
   a) മരുതു സഹോദരന്മാർ
   b) പുലിത്തേവർ
   c) വീരപാണ്ഡ്യകട്ടബൊമ്മൻ.
   d) ഗോപാലനായക്

5. വെല്ലൂർ കലാപം പൊട്ടിപ്പുറപ്പെട്ടതെപ്പോൾ?
   a) 1805 മെയ് 24
   b) 1805 ജൂലൈ 10
   c) 1806 ജൂലൈ 10
   d) 1806 സെപ്റ്റംബർ 10

6. വെല്ലൂർക്കോട്ടയിലെ പുതിയ സൈനിക നിയന്ത്രണങ്ങളുടെ ചുമതലയുള്ള സൈനീക മേധാവി ആരാണ്?
   a) കേണൽ ഫാൻകോർട്ട്
   b) മേജർ ആംസ്ട്രോങ്ങ്
   c) സർ ജോൺ ക്രഡോക്
   d) കേണൽ ആഗ്ന്യൂവ്

7. വെല്ലൂർ കലാപത്തിനുശേഷം ടിപ്പു സുൽത്താന്റെ മക്കളെ എവിടെയാണ് അയച്ചത്?
   a) കൽക്കട്ട b) മുംബൈ
   c) ഡൽഹി d) മൈസൂർ

II. പൂരിപ്പിക്കുക:

1. പാളയക്കാരർ സമ്പ്രദായം തമിഴ്നാട്ടിലെ _____ൽ നിലവിൽ വന്നു.
2. വേലുനാച്ചിയാരും മകളും എട്ടുവർഷമായി _____ ന്റെ സംരക്ഷണയിലായിരുന്നു.
3. കട്ടബൊമ്മനോട് കീഴടങ്ങാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ബേനർമാന്റെ സന്ദേശം കൈമാറാൻ _____നെ നിയോഗിച്ചു.
4. കട്ടബൊമ്മനെ തൂക്കിക്കൊന്ന സ്ഥലം _____.
5. മരുതു സഹോദരന്മാരുടെ കലാപം ബ്രിട്ടീഷ് രേഖകളിൽ _____ ആയി തരം തിരിച്ചിട്ടുണ്ട്.

X Std - History Malayalam Unit-6.indd 75 1/27/2023 10:02:12 AM

6. _____നെ വെല്ലൂർ കോട്ടയിലെ വിമതർ പുതിയ സുൽത്താനായി പ്രഖ്യാപിച്ചു.

III. ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക.

1. (i) കാകതിയ സാമ്രാജ്യത്തിൽ പാളയക്കാരർ സമ്പ്രദായം അഭ്യസിച്ചരുന്നു. ഖാൻ സാഹിബിന്റെ മരണശേഷം പുലിത്തേവർ

   (ii) 1764-ൽ നേർക്കാട്ടും വേലിനെ പിടിച്ചെടുത്തു.

   (iii) കമ്പനി ഭരണക്കൂടത്തെ അറിയിക്കാതെ പാളയക്കാരരുമായി ചർച്ചനടത്തിയിരുന്ന യൂസഫ്ഖാനെ രാജ്യദ്രോഹക്കുറ്റം ചുമത്തി 1764-ൽ തൂക്കിലേറ്റി.

   (iv) കട്ടബൊമ്മന്റെ സൈനികവിഭാഗങ്ങളിലൊന്നാണ് ഒൺഡിവീരൻ നയിച്ചത്.

   (a) (i) , (ii), (iv) ഉം ശരിയാണ്

   (b) (i), (ii), (iii) ഉം ശരിയാണ്

   (c) (iii) ഉം (iv) ഉം ശരിയാണ്

   (d) (i) ഉം (iv) ഉം ശരിയാണ്

2. (i) കേണൽ ക്യാംബെല്ലിന്റെ കീഴിലെ ഇംഗ്ലീഷ് സൈന്യം മഹ്ഫൂസ്ഖാന്റെ സൈന്യത്തോടൊപ്പം പോയി.

   (ii) കാളയാർ കോവിൽ യുദ്ധത്തിൽ മുത്തുവടുഗറുടെ മരണ ശേഷം, സിംഹാസനം പുന:സ്ഥാപിക്കാൻ മരുതു ബ്രദേഴ്സ് വേലുനാച്ചിയാറിനെ സഹായിച്ചു

   (iii) പ്രശസ്ത ദിുക്കൽ സംഘത്തിന് ഗോപലനായക് നേതൃത്വം നൽകി.

   (iv) 1799 മെയ് മാസത്തിൽ കോൺവാലീസ് കമ്പനി സൈന്യത്തെ തിരുനെൽവേലിയിലേക്ക് നയിക്കാൻ ഉത്തരവിട്ടു.

   (a) (i) & (ii), ഉം ശരിയാണ്

   (b) (ii) & (iii) ഉം ശരിയാണ്

   (c) (ii) & (iv) ഉം ശരിയാണ്

   (d) (i) & (iv) ഉം ശരിയാണ്

3. **പ്രസ്താവന (A) :** പുലിതേവർ ഹൈദർ അലിയുടെയും ഫ്രഞ്ചുകാരുടെയും പിന്തുണ നേടാൻ ശ്രമിച്ചു.

   കാരണം (R) : പുലിതേവരും മറാഠികളുമായി ഇതിനകം ഗുരുതരമായ പോരട്ടത്തിലായിരുന്നതിനാൽ അദ്ദേഹത്തെ സഹായിക്കാൻ ഹൈദർ അലിക്ക് കഴിഞ്ഞില്ല.

   a) (A) ഉം (R) ഉം ശരിയാണ് എന്നാൽ (R) (A) യുടെ ശരിയായ വിശദീകരണമല്ല

   b) (A) ഉം (R) ഉം തെറ്റാണ്

   c) (A) ഉം (R) ഉം ശരിയാണ് എന്നാൽ (R), (A) യുടെ ശരിയായ വിശദീകരണമാണ്

   d) (A) തെറ്റാണ് (R) ശരിയാണ്

IV. യോജിപ്പിക്കുക:

1.	തീർത്ഥഗിരി	-	വെല്ലൂർ കലാപം
2.	ഗോപാലനായക്	-	രാമലിംഗനാർ
3.	ബെന്നർമാൻ	-	ദിണ്ടുഗൽ
4.	സുബേദാർ ഷെയ്ക് ആദം	-	ഓടനിലൈ

V. ഉത്തരം ചുരുക്കി എഴുതുക:

1. പാളയക്കരരുടെ ചുമതലകൾ എന്തെല്ലാമായിരുന്നു?
2. കിഴക്കും പടിഞ്ഞാറും വിഭജിക്കുന്നതിനെ അടിസ്ഥാനമാക്കി പാളയങ്ങളെ തിരിച്ചറിയുക.
3. കലക്കാട് യുദ്ധത്തിന്റെ പ്രാധാന്യം എന്താണ്?
4. കമ്പനിയും കട്ടബൊമ്മനും തമ്മിലുള്ള തർക്ക വിഷയം എന്തായിരുന്നു?
5. 1801-ലെ തിരുച്ചിറാപ്പള്ളി വിളംബരത്തിന്റെ സാരാംശം എടുത്തു കാണിക്കുക?

VI. വിവരിച്ച് ഉത്തരമെഴുതുക:

1. ഈസ്റ്റ്ഇന്ത്യ കമ്പനിക്കെതിരെ വീരപാണ്ഡ്യ കട്ടബൊമ്മൻ നടത്തിയ വീരസമരത്തിന്റെ ഉപന്യാസം തയ്യാറാക്കുക.
2. ശിവഗംഗയുടെ ദാരുണമായ വീഴ്ചയും അതിന്റെ ഫലങ്ങളും വിവരിക്കുക.
3. 1806-ൽ വെല്ലൂർ കലാപം പൊട്ടിപ്പുറപ്പെട്ടത്തിന്റെ. കാരണമെന്ത്?

VII. പ്രവർത്തനം:

1. തമിഴ്നാട്ടിൽ ബ്രിട്ടീഷ് ഭരണത്തിനെതിരായ ആദ്യകാല കലാപങ്ങളുടെയും ദേശസ്നേഹികളുടെയും ഒരു ആൽബം തയ്യാറാക്കാൻ അധ്യാപകൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടാം. അവരുടെ ഭാവനയ്ക്കനുസരിച്ച് വിവിധയുദ്ധങ്ങളുടെ ചിത്രങ്ങൾ വരയ്ക്കാനും ആവശ്യപ്പെടാം.
2. ജാക്സണും കട്ടബൊമ്മനും തമ്മിലുള്ള സംഭാഷണം ദൃശ്യവൽക്കരിക്കുന്ന സ്റ്റേജ്പ്ലേ വിദ്യാർത്ഥികൾ അധ്യാപകരുടെ സഹായത്തോടെ അവതരിപ്പിക്കുക.



REFERENCE BOOKS

1. Burton Stein, *Peasant State and Society in Medieval South India*, New Delhi:Oxford University Press, 1980.
2. P.M. Lalitha, *Palayakararss as Feudatories Under the Nayaks of Madurai*, Chennai: Creative Enterprises, 2015.
3. K. Rajayyan, *South Indian Rebellion, 1800–1801*, Madurai, Ratna Publication, 2000 (Reprint).
4. K.A. Manikumar, *Vellore Revolt 1806* (Chennai: Allied Publishers, 2007).

X Std - History Malayalam Unit-6.indd 76 1/27/2023 10:02:13 AM

യൂണിറ്റ് - 7

കോളനിവിരുദ്ധ പ്രസ്ഥാനങ്ങളും ദേശീയതയുടെ ഉത്ഭവവും



പഠന ലക്ഷ്യങ്ങൾ

സ്വയം പരിചയപ്പെടാൻ

- ബ്രിട്ടീഷുകാർക്കെതിരായ ഗോത്രവർഗ്ഗക്കാർ, കർഷകർ എന്നിവരുടെ കലാപത്തിന്റെ സ്വഭാവം.
- 1957-ലെ മഹത്തായ വിപ്ലവം പൊട്ടിപ്പുറപ്പെടുന്നതിനും ബ്രിട്ടീഷുകാർ ഇന്ത്യഭരിക്കുന്നതിനുള്ള സമീപനവും തുടർന്നുള്ള മാറ്റങ്ങൾക്കും കാരണമായ ഘടകങ്ങൾ.
- ഇന്ത്യൻ ദേശീയ കോൺഗ്രസ് രൂപീകരിക്കാനുള്ള കാരണങ്ങളും ആരംഭകാല ദേശീയവാദികളുടെ കാഴ്ചപാടുകൾക്കും കാരണമാകുന്ന ഘടകങ്ങൾ.
- 1905-ലെ ബംഗാൾ വിഭജനത്തിനു പിന്നിലെ ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിക്കൽ നയവും, ബംഗാളിലെ സ്വദേശി പ്രസ്ഥാനവും.
- ഹോംറൂൾ പ്രസ്ഥാനം ആരംഭിക്കുന്നതിനുള്ള പശ്ചാത്തലം.

O3DHL

ആമുഖം

1757 ജൂൺ 23-ന് ബംഗാളിലെ നവാബായ സിറാജ്-ഉദ്-ദൗളയെ ഈസ്റ്റ് ഇന്ത്യാ കമ്പനി, പ്ലാസ്സിയുദ്ധത്തിൽ പരാജയപ്പെടുത്തി. ഈസ്റ്റിന്ത്യാ കമ്പനിയുടെ കമാൻഡർ ഇൻ ചീഫ് റോബർട്ട് ക്ലൈവ് ആണ് യുദ്ധം സംഘടിപ്പിച്ചത്. സിറാജ്-ഉദ്-ദൗളയുടെ അമ്മാവനും നവാബിന്റെ സൈന്യത്തിന്റെ നേതാവുമായ മിർജാഫറിൽ നിന്ന് രഹസ്യ പിന്തുണ നേടാൻ അദ്ദേഹത്തിന് കഴിഞ്ഞു. സിറാജ്-ഉദ്-ദൗളയുടെ നയത്തിൽ ദു:ഖിതരായ ജഗത് സേത്സ് (ബംഗാളിൽ നിന്നുള്ള പണമിടപാടുകാർ) ക്ലൈവിനെ സഹായിച്ചു. പ്ലാസ്സിയുദ്ധത്തെ തുടർന്ന് ബംഗാൾ കൊള്ളയടിച്ചു. 1757-നും 1760-നും മദ്ധ്യത്തിൽ ബംഗാളിലെ പുതിയ നവാബായി മാറിയ മിർജാഫറിൽ നിന്ന് കമ്പനിക്ക് 22.5 മില്ല്യൺ രൂപ ലഭിച്ചു. ബ്രിട്ടീഷ് തുണിവ്യവസായത്തെ അതിവേഗം യന്ത്രവൽക്കരിച്ച ബ്രിട്ടനിലെ വ്യാവസായിക വിപ്ലവത്തെ മുന്നോട്ട് നയിക്കാൻ ഇതേ പണം പിന്നീട് നിക്ഷേപിച്ചു. മറുവശത്ത് ഇന്ത്യയെ വ്യവസായികവൽക്കരണത്തിന്റെ പാതയിലേക്ക് നയിക്കുകയും ബ്രിട്ടനിൽ ഒരു വിപണി സൃഷ്ടിക്കാൻ നിർബന്ധിതരാക്കുകയും ചെയ്തു. ഈസ്റ്റ് ഇന്ത്യ കമ്പനി ഇന്ത്യ കൊള്ളയടിച്ചത് 190 വർഷത്തോളം തുടർന്നു.

ഈ പാഠത്തിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ബ്രിട്ടീഷ് ഭരണത്തിനെതിരായ ചെറുത്തുനില്പിന്റെ സ്വഭാവവും പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ മധ്യംവരെയുള്ള പ്രതികരണത്തിന്റെ സംഭവങ്ങളെയും വിവരിക്കുന്നു.

7.1 കർഷക ഗോത്രവർഗ്ഗക്കാരുടെ പ്രതിരോധം

പലതരത്തിലുള്ള സാമൂഹ്യ മത പരിഷ്കാര പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചുകൊണ്ട് പശ്ചാത്യ നവ ആശയങ്ങളും, വിവേചനശക്തി എന്നിവയെക്കുറിച്ചും ഇന്ത്യയിൽ നഗരത്തിലെ ശ്രേഷ്ഠവിഭാഗക്കാർ ബ്രിട്ടീഷുകാർക്ക് എതിരായി പ്രവർത്തിച്ചു. പാരമ്പര്യ ശ്രേഷ്ഠ വിഭാഗക്കാരായ ജനങ്ങളും വ്യവസായികളും ഗോത്രവർഗ്ഗക്കാരുമായി ചേർന്ന് പ്രക്ഷോഭത്തിൽ ഏർപ്പെട്ടു. ഇന്ത്യയിൽ നിന്ന് ബ്രിട്ടീഷുകാരെ പുറത്താക്കുന്നതല്ലാതെ കോളനി ആധിപത്യത്തിൽ മുമ്പുണ്ടായിരുന അവസ്ഥയെ വീണ്ടും നിലനിർത്തുന്നതിനെ നിർബന്ധിപ്പിച്ചു.

ബ്രിട്ടീഷ് ഭരണത്തിൽ ഏകദേശം നൂറിൽ കുറയാത്ത കർഷക വിപ്ലവം നടന്നു. അവയെ താഴെപ്പറയുംവിധത്തിൽ തരം തിരിക്കാം.

a. പുനസ്ഥാപിക്കാനുള്ള പ്രക്ഷോഭങ്ങൾ

ഇത്തരത്തിലുള്ള പ്രക്ഷോഭങ്ങൾ പഴയരീതികളെകൂടാതെ പഴയ സാമൂഹിക

X Std - History Malayalam Unit-7.indd 77 1/27/2023 10:02:42 AM

ബന്ധങ്ങളെയും നിലനിർത്തുവാൻ വേണ്ടിയുള്ളതായിരുന്നു.

b. മത പ്രസ്ഥാനങ്ങൾ - മതപ്രസ്ഥാനങ്ങൾക്ക് നേതൃത്വം വഹിച്ച മതനേതാക്കൾ മത തത്വങ്ങളുടെ അടിസ്ഥാനത്തിൽ സമൂഹത്തെ പുനഃപരിഷ്ക്കരിച്ച് പ്രാദേശികജനങ്ങളുടെ വിമോചനത്തിനായി പോരാടിയവരാണ്.

c. സമൂഹത്തിലെ കൊള്ള - ഈ പ്രസ്ഥാനങ്ങളുടെ നേതാക്കളെ ബ്രിട്ടീഷുകാർ കുറ്റക്കാരായി കരുതിയിരുന്നു. അവരെ തങ്ങളുടെ ഉയർച്ചയ്ക്കായി കഷ്ടപ്പെട്ട വീരന്മാരായും, സാമൂഹ്യനന്മക്കായി ശ്രമിക്കുന്നവർ എന്നും പാരമ്പര്യമായി കണക്കാക്കിയിരുന്നു.

d. കൂട്ടക്കലാപം - പൊതുവായി ഈ കലാപം നേതാക്കന്മാർ ഇല്ലാതെയും പെട്ടെന്നും ഉണ്ടായ കലാപങ്ങളാണ്.

റവന്യൂ സമ്പ്രദായത്തിലെ മാറ്റങ്ങൾ

ഇന്ത്യാ മുഴുവനും നടപ്പിലിരുന്ന മുഗൾ വരുമാനരീതി ഈസ്റ്റിന്ത്യാ കമ്പനിയുടെ പുനപരിഷ്കരിച്ചതിനാൽ കർഷകരുടെ സാമ്പത്തിക ഭാരം വർദ്ധിക്കുവാൻ ഇടയായി. ബ്രിട്ടീഷ് ഭരണത്തിന് മുമ്പ് ഇന്ത്യയിൽ സ്വകാര്യ ഉടമസ്ഥാവകാശമുള്ള നിലങ്ങൾഉണ്ടായിരുന്നില്ല.

ഭൂസ്വത്ത് കുത്തകയ്ക്ക് കൊടുക്കൽ

ഭൂസ്വത്തിനെ കുത്തകയ്ക്ക് കൊടുക്കുന്നത് കാർഷിക ബന്ധത്തിൽ ബുദ്ധിമുട്ടുകൾ ഉളവാക്കുന്നു. ജമീന്ദാർമാർ തങ്ങളുടെ ഭൂസ്വത്തിനെ അധികവും ഭൂപ്രഭുക്കന്മാർക്ക് കീഴ്കുത്തയ്ക്ക് കൊടുത്തു. അതിനു പകരമായി ഭൂപ്രഭുക്കന്മാർക്ക് കൃഷിക്കാരിൽ നിന്ന് ഒരു നിശ്ചിത തുക പിരിച്ച് കൊടുക്കുന്നു. ഇതിനാൽ കൃഷികാർക്ക് നികുതി ഭാരം വർദ്ധിച്ചു.

(a) കർഷകരുടെ പ്രക്ഷോഭം

19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കർഷക കലാപം പൊട്ടിപ്പുറപ്പെട്ടു. കർഷകരുടെ പ്രക്ഷോഭം ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണം അവസാനിക്കും വരെ തുടർന്നു.

ഫറാസി പ്രസ്ഥാനം



ഹാജി ഷരിയദ്ദുള്ള

1818-ൽ ഹാജി ഷരിയദ്ദുള്ളയുടെ നേതൃത്വത്തിൽ ഫറാസി പ്രസ്ഥാനം ആരംഭിച്ചു. ബംഗാളിന്റെ കിഴക്കു പ്രദേശങ്ങളിൽ തുടങ്ങിയ ഈ പ്രസ്ഥാനത്തിലെ അംഗങ്ങളെ മസ്ലീം മതത്തിന് എതിരായനടപടികളിൽ ഇടപെടാൻ പാടില്ല എന്ന് ആജ്ഞാപിച്ചു. ഇതിനാൽജെമീന്ദാർമാർക്കുംഅവരെആനുകൂലിച്ച ബ്രിട്ടീഷുകാർക്കെതിരെയും കലാപം ഏർപ്പൊടാൻ വഴിയൊരുക്കി. 1839 -ൽ ഷരിയദ്ദുള്ളയുടെ മരണശേഷം ഈ കലാപത്തിന് അദ്ദേഹത്തിന്റെ മകൻ ഡുടുമിയാൻ നേതൃത്വം വഹിച്ചു. അവർ നികുതി കൊടുക്കാൻ പാടില്ല എന്ന് കർഷകരോട് പറഞ്ഞു. പൊതുജനങ്ങൾ ഭൂസ്വത്തിനെയും എല്ലാ പ്രകൃതിവിഭവങ്ങളെയും തുല്യമായി പ്രയോജനപ്പെടുത്തണം എന്ന വിളംബരം പ്രസിദ്ധിയാർജ്ജിച്ചു. സമത്വ സ്വഭാവത്തെക്കുറിച്ച് അറിയിച്ച ഡുടുമിയാൽ "നിലം ദൈവത്തിന് സ്വന്തമായത്" അതിനാൽ വാടക ശേഖരിക്കുന്നത് അല്ലെങ്കിൽ നികുതി നിശ്ചയിക്കുന്നത് നിയമത്തിന് വിരുദ്ധമായത് എന്നുപറഞ്ഞു. അതിനാൽ ധാരാളം കർഷകർ ഒരുമിച്ച്കൂടി. 1840 ലും 1850 മുഴുവനും ജമീന്ദാർമാർക്കും തോട്ട ഉടമസ്ഥർക്കും തമ്മിൽ ഏറ്റുമുട്ടൽ ഉണ്ടായി. 1862 ൽ ഡുടുമിയാന്റെ മരണശേഷം 1870-ൽ നോവമിയാൻ മുഖേന ഈ പ്രസ്ഥാനം വീണ്ടും ആരംഭിച്ചു.

ബരാത്തിലെ വഹാബികലാപം



ഡിറ്റു മീർ

വഹാബിക ലാപം എന്നത് സാമ്രാജ്യത്വത്തിനും ഭൂവുടമകൾക്കും എതിരായി ആരംഭിക്കപ്പെട്ടതാണ്. 1827-ൽ ബംഗാളിൽ ബരാസത്ത് എന്ന പ്രദേശത്ത് തുടങ്ങി. വഹാബി മതപ്രബന്ധങ്ങളിൽ സ്വാധീനം ചെലുത്തിയ ഇസ്ലാമിക പ്രസംഗകനായ ഡിറ്റുമീർ ആണ് ഇതിന് നേതൃത്വം വഹിച്ചത്. നിർബന്ധിത ജമീന്ദാരി സമ്പ്രദായത്തിൽ അടിച്ചമർത്തപ്പെട്ട മുസ്ലീം കർഷകരിൽ അദ്ദേഹം സ്വാധീനമുള്ള വ്യക്തിയായിമാറി.

(b) ഗോത്രവർഗ്ഗക്കാരുടെ പ്രക്ഷോഭം

ഇന്ത്യാ ചരിത്രത്തിൽ ആദ്യമായി കോളനി ഭരണത്തിൻകീഴിൽ ഗവൺമെന്റ് വനങ്ങളുടെ ഉടമസ്ഥാവകാശം വേണം എന്ന് ആവശ്യപ്പെട്ടു. കാടുകളുടെ വാണിജ്യവത്കരണം ബ്രിട്ടീഷുകാർ പ്രോത്സാഹിപ്പിച്ചതിനാൽ പാരമ്പര്യഗോത്രവർഗ്ഗ സമ്പ്രദായം ശിഥിലമായി. ഇതുകൊണ്ട് ഗോത്രവർഗ്ഗക്കാരുടെ പ്രദേശങ്ങളിൽ ഗോത്രവർഗ്ഗക്കാർ അല്ലാത്തവരും, പലിശയ്ക്ക് പണം കൊടുക്കുന്നവരും, വ്യാപാരികളും, ഭൂസ്വത്ത് ആക്രമിച്ച് എടുക്കുന്നവരും, കുത്തകക്കാരും ഗോത്രവർഗ്ഗക്കാരുടെ പ്രദേശത്ത് കടന്നുകയറാൻ ഇത് പ്രോത്സാഹനമായി. ഇതുകൊണ്ട് ആദിവാസികളുടെ ഭൂസ്വത്തിൽ ധാരാളം ഭാഗങ്ങൾ

X Std - History Malayalam Unit-7.indd 78 1/27/2023 10:02:42 AM

നഷ്ടപ്പെട്ടു. അവർ പാരമ്പര്യമായി താമസിച്ചിരുന്ന സ്ഥലങ്ങളിൽ നിന്ന് വേറെ പ്രദേശങ്ങളിലേക്ക് മാറിതാമസിക്കേണ്ടതായി വന്നു.

സമാധാനപരമായ ഗോത്രവർഗ്ഗക്കാരുടെ ജീവിതത്തിൽ മാറ്റങ്ങളെ കൊണ്ടുവന്നവർ അല്ലെങ്കിൽ ഗോത്രവർഗ്ഗജനങ്ങളുടെ നിഷ്കളങ്കതയെ മുതലെടുത്ത് പ്രയോജനപ്പെടുത്തിയവർക്കുള്ള മറുപടിയാണ് ഗോത്രവർഗ്ഗക്കാരുടെ പ്രക്ഷോഭം.

(i) കോൽകലാപം

ജാർഖണ്ഡ്, ഒഡീഷ എന്നീ പ്രദേശങ്ങളിലും, ചോട്ടാനാഗ്പൂർ, സിങ്ഭം തുടങ്ങിയ സ്ഥലങ്ങളിൽ 1831-32ാം വർഷങ്ങളിൽ ആദിവാസികൾക്കിടയിൽ നടന്ന ഏറ്റവും വലിയ കലാപമാണ് കോൽകലാപം ഈ കലാപം ബിന്ദ്രായ്, സിഗ്രായ് എന്നിവരുടെ നേതൃത്വത്തിൽ നടന്നു. ഛോട്ടാനാഗ്പ്പൂരിലെ പ്രദേശങ്ങളിൽനിന്നുകുതിപിരിക്കുന്നതിന് പലിശയ്ക്ക് പണം കൊടുക്കുന്നവർക്ക് രാജാവ് പാട്ടത്തിന് നൽകിയിരുന്നു. ആദിവാസികളെ നിർബന്ധിച്ച് വാസസ്ഥലങ്ങളിൽ നിന്ന് പുറത്താക്കുന്നത് കോൽ ജാതിക്കാരെ കോപിഷ്ടരാക്കി. മറ്റു പ്രദേശങ്ങളിലെ ജനങ്ങളുടെ സ്വത്ത് കൊള്ളയടിക്കുക, അക്രമിക്കുക, തീവയ്ക്കുക എന്നീ രീതികളിൽ ആയിരുന്നു കോൽവർഗ്ഗക്കാരുടെ ആരംഭകലാപം. അതിനെ തുടർന്ന് പലിശയ്ക്ക് പണം കൊടുക്കുന്നവർ, വ്യാപാരികൾ എന്നിവരെ കൊലപ്പെടുത്തി. മേളവാദ്യങ്ങൾ മുഴക്കിയും, അമ്പുകൾ എയ്തും ആദിവാസികളല്ലാത്തവർക്ക് പുറത്തുപോകുന്നതിനുള്ള മുന്നറിയിപ്പ് നൽകി.

(ii) സാന്താൾ ഹൂൾ (പ്രക്ഷോഭം)


ഇന്ത്യയുടെ കിഴക്കൻ പ്രദേശങ്ങളിൽ അങ്ങിങ്ങായി ജീവിച്ചു വന്ന സാന്താൾവർഗ്ഗക്കാരെ, സ്ഥിരഭൂമിവ്യവസ്ഥയുടെ കീഴിൽ ജന്മിമാരെ താമസിപ്പിക്കുന്നതിന് വേണ്ടി തങ്ങളുടെ ജന്മസ്ഥലംവിട്ട് പുറത്തുപോകാൻ ആവശ്യപ്പെട്ടു. രാജ്മഹൽ മലയോരപ്രദേശത്തിന് ചുറ്റുമുള്ള വന പ്രദേശങ്ങളിൽനിന്നും നിർബന്ധിപ്പിച്ച് പുറത്താക്കി. റയിൽ നിർമ്മാണജോലിയിൽ ഏർപ്പെട്ടിരുന്ന യൂറോപ്യൻ അധികാരികൾ, പ്രാദേശിക പോലീസുകാർ എന്നിവരാൽ അവരെ പുറത്താക്കി. ജന്മസ്ഥലത്തെവിട്ട് പുറത്താക്കപ്പെട്ട സാന്താൾകൾ തങ്ങൾ ജീവിക്കുന്നതിനുവേണ്ടി പലിശയ്ക്ക് പണം കൊടുക്കുന്നവരോട് ചേർന്ന് ജീവിക്കാൻ നിർബന്ധിക്കപ്പെട്ടു. പെട്ടെന്ന് കടം വാങ്ങുന്നവരായും, പണം കൊള്ളയടിക്കുന്നവരായും തുടങ്ങി. മോശമായ പ്രവൃത്തികളിൽ അവർ ഈടുപെടാൻ തുടങ്ങി. മാത്രമല്ല അഴിമതിക്കാരായി ബ്രിട്ടീഷ് ഭരണത്തിന്റെ കീഴിൽ തങ്ങളുടെ ന്യായമായ കുറവുകൾക്ക് നീതി കിട്ടാത്ത അവസ്ഥയിൽ തങ്ങൾ അവഗണിക്കപ്പെട്ടതായി സാന്തൾവർഗ്ഗക്കാർക്ക് തോന്നി.

പൊട്ടിപ്പുറപ്പെടൽ

1854-ൽ പല സ്ഥലങ്ങളും ബീർസിംഗിന്റെ നേതൃത്വത്തിൽ കൊള്ളയടിക്കപ്പെട്ടു നടന്നു. മഹാജൻകൾക്കും വ്യാപാരി കൾക്കും എതിരായിട്ടായിരുന്നു. ഇത് നടന്നിരുന്നത്



സിദ്ധു



കണ്ണു

1855-ൽ സിദ്ധു, കണ്ണു എന്നീ രണ്ടു സന്താള സഹോദരങ്ങൾ കലാപത്തിന് നേതൃത്വം ഏറ്റെടുത്ത് നടത്താൻ വേണ്ടി തങ്ങൾക്ക് ദൈവത്തിൽ നിന്ന് ദിവ്യ സന്ദേശം ലഭിച്ചു എന്ന് അറിയിച്ചു.

1855-ാം വർഷം ജൂലൈ മാസത്തിൽ ഈ കലാപം മഹാജൻമാർ, ജമീന്താന്മാർ, ബ്രിട്ടീഷ് അധികാരികൾ എന്നിവർക്ക് എതിരായി ഒരു തുറന്ന കലാപമായി രൂപം കൊണ്ടു. വില്ല്, വിഷം പുരട്ടിയ അമ്പുകൾ, കോടാലികൾ, കത്തികൾ എന്നിവയുമായി രാജ്മഹാൾ ഭഗൽപൂർ പ്രദേശങ്ങളിൽ ബ്രിട്ടീഷ് കമ്പനി ഭരണം അവസാനിപ്പിക്കും എന്ന് മുദാവാക്യം മുഴക്കിക്കൊണ്ട് പദയാത്ര പോയി. ഇതിനെതുടർന്ന് ഗ്രാമങ്ങളുടെ മേൽ മിന്നൽ പരിശോധന നടത്തിയ ബ്രിട്ടീഷുകാർ സ്വത്ത് മുഴുവനും നശിപ്പിക്കുകയും ചെയ്തു. ഏകദേശം പതിനഞ്ചായിരത്തിനും ഇരുപത്തിയഞ്ചായിരത്തിനും ഇടയിൽ കലാപകാരികൾ കൊല്ലപ്പെട്ടു. വിപ്ലവം അടിച്ചമർത്തപ്പെട്ടു ഈ സംഭവത്തെ തുടർന്ന് ആദിവാസി നയങ്ങളെ ബ്രിട്ടീഷ് ഗവണ്മെന്റ് പുനപരിശോധന ചെയ്തു. 1855-ൽ സാന്താൾക്കാരുടെ കൈവശമുണ്ടായിരുന്ന പ്രദേശങ്ങൾക്ക് പ്രത്യേകപരിഗണന നൽകുന്ന നിയമം കൊണ്ടുവന്നു.

(b) മുണ്ട കലാപം

റാഞ്ചിയിൽ ഈ കാലഘട്ടത്തിൽ നടന്ന വലിയ കലാപമാണ് ഉലുഗുലൻ കലാപം. ഗോത്രവർഗ്ഗകലാപങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണിത്. മുണ്ട

X Std - History Malayalam Unit-7.indd 79 1/27/2023 10:02:42 AM

ജനങ്ങൾക്ക് ഖുന്ത്കട്ടി (ജോയിന്റ് ഹോൾഡിംഗ്) ഭൂമി സമ്പ്രദായം എന്നറിയപ്പെടുന്ന സഹകരണ അല്ലെങ്കിൽ കൂട്ടായ കൃഷി പരിചിതമായിരുന്നു. ഭൂമിയുടെ സ്വകാര്യ ഉടമസ്ഥാവകാശം നിലവിൽ വന്നതും, വ്യാപരികളുടേയും പലിശയ്ക്ക് പണം കൊടുക്കുന്നവരുടെയും കടന്നുകയറ്റത്തിലൂടെ ഇത് നശിക്കുവാൻ ഇടയായി. കൃഷിത്തോട്ടങ്ങളിൽ മുണ്ട ഗോത്രവർഗ്ഗജനങ്ങളെ അടിമകളായി പണിയെടുപ്പിച്ചു. 1890-ൽ ഗ്രോത്രവർഗ്ഗ ജനങ്ങളെ സ്വന്തപ്രദേശത്ത് നിന്നും മാറി മറ്റൊരു പ്രദേശത്ത് ജീവിക്കുവാൻ നിർബന്ധിച്ചതും, അവരെ "ബെത്ത്ഭെഗാരി" അല്ലെങ്കിൽ നിർബന്ധിത തൊഴിലാളികളാക്കുന്നതും നേതാക്കൾ എതിർത്തു.

ബിർസാമുണ്ട തന്നെസ്വയം ദൈവത്തിന്റെ ദൂതൻ എന്ന് പ്രഖ്യാപിച്ചത് ഈ പ്രസ്ഥാനത്തിന് പ്രചോദനമായി. ദൈവത്തോടുള്ള ബന്ധം തനിക്ക് ലഭിച്ചെന്ന് പറഞ്ഞ ബിർസാമുണ്ട അമാനുഷികശക്തിമൂലം "ബിർസൈറ്റ്രാജ്" സ്ഥാപിച്ച് ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പോകുന്നതായും, ബിർസാ വാഗ്ദാനം ചെയ്തു. മുണ്ടാനേതാക്കൾ കൂടുതൽ ആളുകളെ ആരാധനരീതിഉപയോഗിച്ച് അവരുടെ ആവശ്യത്തിനായി ഒരുമിച്ച് ചേർത്തു. രാത്രിയോഗങ്ങൾ വിളിച്ചു കൂട്ടുകയും കലാപത്തിന് വേണ്ടി പദ്ധതിയിടുകയും ചെയ്തു. 1889-ൽ ഒരു ക്രിസ്തുമസ്സ് ദിവസം അവർ കലാപത്തിൽ ഏർപ്പെട്ടു. നിരവധി കെട്ടിടങ്ങൾ തീക്കിരയാക്കി. ക്രിസ്തുമത മിഷണറിമാരെയും ക്രിസത്യാനികളായി മതം മാറിയ മുണ്ടാമത ജനങ്ങളുടെയും മേൽ അമ്പു എയ്തും ആക്രമണങ്ങൾ നടത്തി. പോലീസ് സ്റ്റേഷനുകളും തകർക്കപ്പെട്ടു. അടുത്ത് ചില മാസങ്ങൾവരെയും ആക്രമണങ്ങൾ തുടർന്നു. അവസാനം ഈ കലാപം അടിച്ചമർത്തപ്പെട്ടു. 1900-ൽ ഫെബ്രുവരി മാസത്തിൽ ബിർസാമുണ്ടയെ അറസ്റ്റു ചെയ്തു പിന്നീട് ജയിലിൽ ജീവൻ വെടികയും ചെയ്തു. പിന്നീട് ഗോത്രവർഗ്ഗക്കാരുടെ പ്രധാന വീര പുരുഷനായി മുണ്ട ആരാധിക്കപ്പെട്ടു. പലനാടൻ പാട്ടുകളിലും അദ്ദേഹത്തെ പ്രകീർത്തിക്കുന്നു. മുണ്ടാ കലാപത്തെ തുടർന്ന് ബ്രിട്ടീഷ് ഗവൺമെന്റ് ഗോത്ര വർഗ്ഗക്കാരുടെ നിലത്തെക്കുറിച്ചുള്ള പദ്ധതി രൂപീകരിച്ചു. 1908-ൽ ചോട്ടനാഗ്പൂർ കുടിയായ്മ നിയമം നിറവേറ്റപ്പെടുകയും, ഗോത്രവർഗ്ഗക്കാരുടെ നിലങ്ങളിൽ ഗോത്ര വർഗ്ഗക്കാരല്ലത്തവരെ പ്രവേശിക്കുന്നത് തടസ്സപ്പെടുത്തുകയും ചെയ്തു.

7.2 1857-ലെ മഹത്തായ വിപ്ലവം (ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യസമരം)

1857-ൽ ബ്രിട്ടീഷ് ഭരണം ധാരാളം വെല്ലുവിളികൾക്കു സാക്ഷ്യം വഹിച്ചു. തുടക്കത്തിൽ ബംഗാൾ പ്രവിശ്യകളിൽ ശിപായ് കലഹമായി രൂപം കൊണ്ട ഈ കലാപം കർഷകർ, പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെ മറ്റുള്ള ഭാഗങ്ങളിലേക്കും വ്യാപിച്ചു. 1857-58ാം വർഷങ്ങളിൽ നടന്ന സംഭവങ്ങളെ താഴെപ്പറയുന്നകാരണങ്ങളാൽ പ്രാധാന്യം അർഹിക്കുന്നു.

1. ആയുധമേന്തിയ സേനാനികളും സാധാരണജനങ്ങളും ചേർന്ന് നടന്ന ആദ്യത്തെ മഹാവിപ്ലവമാണിത്.
2. ഇരുഭാഗങ്ങളിലും അഭൂതപൂർവ്വമായ ആക്രമണത്തിന് സാക്ഷ്യം വഹിച്ചു.
3. ഇംഗ്ലീഷ് ഇസ്റ്റീന്ത്യാ കമ്പനി ഭരണം ഈ വിപ്ലവം മൂലം അവസാനിച്ചു. ഇന്ത്യ ഉപ ഭൂഖണ്ഡ ഭരണം ബ്രിട്ടീഷ് ഗവൺമെന്റ് ഏറ്റെടുത്തു.

(a) കാരണങ്ങൾ

1. ബ്രിട്ടീഷ് ഇന്ത്യയുടെ കൂട്ടിച്ചേർക്കൽ നയം

1840 ഉം 1850 കളിൽ രണ്ട് പ്രധാന നയങ്ങൾ മൂലം പ്രദേശങ്ങളെ കൂട്ടിച്ചേർത്തു.

പരമാധികാര തത്വം - ബ്രിട്ടീഷുകാർ തങ്ങൾ പരമാധികാരമുള്ള ഭരണാധികാരികൾ എന്നും. സ്വദേശി ഭരണാധികാരികൾ അഴിമതിക്കാരെന്നും കഴിവില്ലാത്തവരുമാണെന്നും ഉള്ള കാരണത്താൽ പുതിയ പ്രദേശങ്ങൾ കൂട്ടിചേർത്തു.

ദത്തപഹാരനയം - ഇന്ത്യൻ നാട്ടുരാജാവിന് അദ്ദേഹത്തിന്റെ മരണശേഷം പുരുഷ അവകാശി ഇല്ലാതെ വന്നാൽ ആ രാജ്യം ബ്രിട്ടീഷ് സാമ്രാജ്യത്തേടു ചേർക്കപ്പെടും. സത്താറ, സമ്പൽപൂർ, പഞ്ചാബിൽ ചില പ്രദേശങ്ങൾ ഝാൻസി, നാഗ്പൂർ എന്നിവ ഈ നയത്തിലൂടെ ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽകൊണ്ടു വന്ന രാജ്യങ്ങളാണ്.

2. ഇന്ത്യൻ സംസ്ക്കാരത്തോട് നിർവ്വികാരമായ മനോഭവം

ബ്രിട്ടീഷ്കാരുടെ ഉദ്ദ്യേശങ്ങളെക്കുറിച്ച് ജനങ്ങൾക്ക് സംശയം ഉണ്ടായി. 1806-ൽ വെല്ലൂരിൽ ഇന്ത്യൻ ശിപായിമാർക്ക് മതചിഹ്നങ്ങൾ നെറ്റിയിൽ തൊടുന്നതിനും, താടി വയ്ക്കുന്നതിനും വിലക്ക് ഏർപ്പെടുത്തി. തലപ്പാവിന് പകരമായി വട്ടതൊപ്പി ധരിക്കാൻ നിർദ്ദേശിച്ചു. പുതിയ വസ്ത്രധാരണരീതി ശിപായിമാരെ ക്രിസ്തുമതത്തിലേക്ക് മാറ്റാൻ ഉള്ള ശ്രമാണെന്ന് അവർ ഭയപ്പെട്ടു ഇതാണ് കലഹം ഉണ്ടാകാനുള്ള ഒരു കാരണം.

1824-ൽ കൊൽക്കത്തയ്ക്കു അടുത്തുള്ള ബാരക് പൂരിൽ ശിപായിമാർ സമുദ്രമാർഗ്ഗം ബർമ്മയ്ക്ക് പോകാൻ വിസമ്മതിച്ചു. സമുദ്രം കടന്ന് ചെന്നാൽ തങ്ങളെ ജാതി ഭ്രഷ്ടരാക്കും എന്ന് അവർ വിശ്വസിച്ചു.

X Std - History Malayalam Unit-7.indd 80 1/27/2023 10:02:42 AM

ശമ്പളം, ഉദ്യോഗസ്ഥക്കയറ്റം എന്നിവയിൽ വിവേചനം കാണിക്കുന്നത് ശിപായികൾ ഇഷ്ടപ്പെട്ടില്ല. യൂറോപ്യൻ ശിപായികളോട് താര തമ്യം ചെയ്യുമ്പോൾ ഇന്ത്യൻ ശിപായികൾക്ക് കുറഞ്ഞ വേതനമേ നൽകിയിരുന്നുള്ളൂ. അവരെ തരം താഴ്ന്നവർ എന്ന് അധിക്ഷേപിക്കുകയും ചെയ്തു.

(b) കലാപം

പുതിയ എൻ ഫീൽഡ് തോക്കുകൾ പ്രചാരത്തിൽ കൊണ്ടുവന്നതും, അതിലെ വെടിയുണ്ടകളെക്കുറിച്ചുള്ള തെറ്റായ പ്രചരണവും വിപ്ലവത്തിന് കാരണമായി. പശുവിന്റെയും പന്നിയുടെയും കൊഴുപ്പ് തടവിയ തോക്ക് പ്രചാരത്തിൽ കൊണ്ടുവന്നു എന്ന ഊഹവും, വെടിയുണ്ട നിറയ്ക്കുന്നതിന് മുമ്പ് അതിന്റെ ആവരണം കടിച്ച് തുറക്കണം എന്നതും ശിപാമാർക്ക് പ്രയാസകരമായി. ഹിന്ദുക്കൾ പശുപുണ്യമായി കരുതിയിരുന്നതും മുസ്ലീങ്ങൾക്ക് പന്നി വെറുപ്പുമായിരുന്നു.

മാർച്ച് 29 ാം തിയതി മംഗൾ പാണ്ഡേ എന്ന ശിപായി തന്റെ യൂറോപ്യൻ മേലുദ്യോഗസ്ഥനെ ആക്രമിച്ചു. അറസ്റ്റു ചെയ്യാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടും അദ്ദേഹത്തിന്റെ കൂടെയുള്ള ശിപായികൾ അദ്ദേഹത്തെ അറസ്റ്റ് ചെയ്തില്ല. മംഗൾപാണ്ഡേയെയും കൂട്ടുകാരെയും കോടതിയിൽ ഹാജരാക്കി തൂക്കിക്കൊന്നു. ഇതിനാൽ ശിപായികൾ ആവേശഭരിതരായി അനുസരണക്കേടുകൾ പ്രവർത്തിച്ചു. അംബാല, ലക്നോ, മീററ്റ് എന്നീ സൈനികതാവളങ്ങൾ അഗ്നിക്കിരയാക്കി.

ബഹുദൂർഷായെ ഹിന്ദുസ്ഥാനിലെ ചക്രവർത്തിയായി പ്രഖ്യാപിച്ചു

1857 മെയ് മാസം 11-ൽ മീററ്റിൽ നിന്ന് ഡൽഹിയിലെ ചെങ്കോട്ടയെ നോക്കി ഒരു സംഘം സൈനികർ മാർച്ച് ചെയ്തു. സൈനികരും മറ്റുള്ള ജനങ്ങളും മുഗൾ ചക്രവർത്തി രണ്ടാം ബഹദൂർഷായെ തങ്ങളുടെ നേതാവാക്കി. നിർബന്ധിതനായ ബഹദൂർഷാ രണ്ടാമൻ ഹിന്ദുസ്ഥാന്റെ ഷാഹിൻഷാഇ ഹിന്ദുസ്ഥാൻ (ചക്രവർത്തിയായി) ആയി സ്ഥാനമേറ്റു. ഇതിനെതുടർന്ന് വടക്കുപടിഞ്ഞാറെൻ പ്രദേശങ്ങളെയും അയോദ്ധ്യയിലെ ചില ഭാഗങ്ങളെയും വിപ്ലവകാരികൾ പിടിച്ചെടുത്തു. ഡൽഹിയുടെ പതനത്തിനെക്കുറിച്ചുള്ള വാർത്ത ഗംഗാ നദീ താഴ്വരയിൽ എത്തിയ ഉടൻ ജൂൺമാസആരംഭം മുതൽ ഓരോ സൈനിക താവളങ്ങളിലും വിപ്ലവം നടന്നു. വടക്കേ ഇന്ത്യയിൽ പ്രത്യേകിച്ച് പഞ്ചാബും, ബംഗാളും ഒഴികെയുള്ള ഉത്തരേന്ത്യയിലെ ബ്രിട്ടീഷ് ഭരണ പ്രദേശങ്ങളിൽ ബ്രിട്ടീഷ്ഭരണം ഇല്ലാതായി.


ബഹദൂർ ഷാ II


ആഭ്യന്തര കലാപം

വടക്കേ ഇന്ത്യയിലെ ജനങ്ങളും ഈ വിപ്ലവത്തിന് ആദരവ് അറിയിച്ചു. ബ്രിട്ടീഷു സൈന്യത്തിൽ ജോലി ചെയ്യുന്ന സൈനികർ സത്യത്തിൽ പട്ടാളവേഷം ധരിച്ച കൃഷിക്കാർ ആയിരുന്നു. റവന്യൂ വിഭാഗം പുന:നിർമ്മാണം ചെയ്യപ്പെട്ടതിനാൽ അവരും ഒരുപോലെ ബാധിക്കപ്പെട്ടു. ശിപായി കലാപവും അതിനെ തുടർന്ന് ഇന്ത്യയുടെ പലഭാഗങ്ങളിൽ നടന്ന ആഭ്യന്തര കലാപങ്ങളിലും ഗ്രാമീണജനങ്ങളും പങ്കെടുത്തിരുന്നു. വടക്കു പടിഞ്ഞാറെൻ പ്രദേശങ്ങളും അയോദ്ധ്യയിലെ ചില ഭാഗങ്ങളിലും ആദ്യമായികലാപം ആരംഭിച്ചു. ഈ രണ്ടു പ്രദേശങ്ങളിൽ നിന്നാണ് ശിപായിമാർ പ്രധാനമായി ജോലിയിൽ ചേർക്കപ്പെട്ടത്. വളരെയധികം ജമീന്ദാർമാർക്കും താലൂക്ദാർമാർക്കും വിവിധ പദവികൾ നഷ്ടപ്പെട്ടതിനാൽ അവരും കലാപങ്ങളിൽ പങ്കെടുത്തു. താലൂക്ദാർ കർഷകകൂട്ടായ്മ എന്നത് അവർക്ക് നഷ്ടപ്പെട്ടത് വീണ്ടെടുക്കാനുള്ള ഒരു പൊതു ശ്രമമായിരുന്നു. അതുപോലെ നിരവധി ഭരണാധികാരികളെ പുറത്താക്കിയത് കരകൗശല തൊഴിലാളികളെയും ബാധിച്ചു. ബ്രിട്ടീഷ് വസ്തുക്കൾ ഇന്ത്യൻ വിപണികളിൽ നിറഞ്ഞതിനാൽ കരകൗശലവിദഗ്ധക്കർക്കും ആയിരക്കണക്കിന് നെയ്ത്തു തൊഴിലാളികൾക്കും ജോലിയിൽ തുടരാൻ സാധിച്ചില്ല. എല്ലാവരുടേയുംവെറുപ്പിന്റെഫലമായി വിപ്ലവം ആരംഭിച്ചു.


ബ്രിട്ടീഷ്ക്കാർക്ക് എതിരായി പോരാടിയ പ്രമുഖ വിപ്ലവകാരികൾ

കലാപം മൂലം ദുരിതമനുഭവിക്കുന്നവരായ രജാക്കൻമാർക്കും പ്രഭുക്കൾക്കും രാജ്ഞിമാർക്കും ജമീന്ദർമാർക്കും ബ്രിട്ടീഷുകാരോട് കോപം പ്രകടിപ്പിക്കാനുള്ള അവസരമായിരുന്നു വിപ്ലവം. അവസാനത്തെ പേഷ്വാ ബാജീറാവ് രണ്ടാമന്റെ ദത്തു പുത്രനായ നാനാസാഹിബ് കാൻപൂർ പ്രദേശത്ത് ഈ വിപ്ലവത്തിന് നേതൃത്വം വഹിച്ചു. അദ്ദേഹത്തിന് പെൻഷൻ കൊടുക്കാൻ ഈസ്റ്റിന്ത്യൻ കമ്പനി വിസമ്മതിച്ചു. അതുപോലെ ലക്ക്നൗവിൽ ബീഗം ഹസ്റത്ത് മഹൽ, ബെറേലിയിലെ ഖാൻ ബഹദൂർ എന്നിവർ അവരുടെയോ അല്ലെങ്കിൽ അവരുടെ പൂർവ്വികരുടെയോ പ്രദേശങ്ങളിൽ വിപ്ലവം നയിച്ചു.

X Std - History Malayalam Unit-7.indd 81 1/27/2023 10:02:42 AM



X Std - History Malayalam Unit-7.indd 82 1/27/2023 10:02:42 AM



വിപ്ലവക്കാരായ ശിപായികളെ വെടിവച്ചു വീഴ്ത്തുന്നു



വിപ്ലവക്കാരെ പൊതു സ്ഥലത്ത് തൂക്കി കൊല്ലുക

ഈ കലാപത്തിൽ ശ്രദ്ധയമായെരു പ്രധാന നേതാവയിരുന്നു. റാണി ലക്ഷ്മീ ഭായ്. ബംഗാളില ഗവർണ്ണറായ ഡൽഹൗസി പ്രഭു ലക്ഷ്മി ഭായി യുടെ ഭർത്താവിന്റെ മരണശേഷം അവർക്ക് അവ കാശിയായി ഒരു ആൺകുട്ടിയെ ദത്ത് എടുത്ത് വളർത്താൻ അനുവാദം കൊടുത്തില്ല. അതിനാൽ ദത്തപഹാരനയത്തിലൂടെ അവരുടെ സാമ്രാജ്യം ബ്രീട്ടീഷ് ഗവൺമെന്റിനോട് ചേർക്കപ്പെട്ടു. അതി ശക്തമായി തന്നെ ബ്രിട്ടീഷുകരെ എതിർത്തു താൻ പരാജയപ്പെടുന്നതുവരെ ബ്രിട്ടീഷുകാരോട് പോരാടുകയും ചെയ്തു.

ബഹദൂർഷാ ജാഫർ, കൻവർസിംഗ്, ഖാൻ ബഹദൂർ, റാണി ലക്ഷ്മിഭായി കൂടാതെ പലരും ബ്രിട്ടീഷുഭരണത്തെ സ്വീകരിക്കാൻ വിസമ്മതിച്ച വരും ശിപായികളുടെ ധിരതയാൽ നിർബന്ധിപ്പി ക്കപ്പെട്ട പലരും ഇവരിൽ ഉൾപ്പെടുന്നു.

(c) കലാപം അടിച്ചമർത്തൽ

1857 10-വർഷം ജൂൺ ആരംഭത്തിൽ ഡൽഹി, മീററ്റ്, രോഹിൽഖണ്ഡ്, അലഹബാദ്, ബനാറസ് തുടങ്ങിയ പ്രദേശങ്ങളിലൂടെ സേന കൾ ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിൽ കീഴിൽ കൊണ്ടുവന്നു. അതിക്രൂരമായ പട്ടാള നിയമം പ്രാബല്യത്തിൽ കൊണ്ടുവന്നു .

(d) പരാജയത്തിനുള്ള കാരണങ്ങൾ

1857-ലെ കലാപം സംഘടിതവും ആസൂത്രിത വുമാണെന്ന്തെളിയിക്കുവാൻആധാരങ്ങൾഒന്നുമില്ല. ഡൽഹി ഉപരോധിച്ചതിനു ശേഷം മറ്റ് സംസ്ഥാന ങ്ങളോട് പിന്തുണ ആവശ്യപ്പെടാനുള്ള ശ്രമം നടന്നു. ഏതാനും ഇന്ത്യൻ സംസ്ഥാനങ്ങൾ ഒഴിച്ച് ഈ പ്രക്ഷോഭത്തിൽ പങ്കെടുക്കുവാൻ ഇന്ത്യൻ രാജകുമാരന്മാരും ജെമീന്ദർമാരും തയ്യാറാവുകയും ബ്രിട്ടീഷ് ശക്തിയെ ഭയപ്പെടുകയും ചെയ്തു. അവർ അഞ്ചാം സൈന്യഭാഗമായി പ്രവർത്തിച്ചു കലാപത്തിൽ പങ്കെടുത്ത കുറച്ച് പേർക്ക് മാത്രമേ ആയുധങ്ങളും, വെടിമരുന്നുകളും ലഭിച്ചത്. ഇംഗ്ലീഷ് ഭാഷ അറിയുന്ന ഇടത്തര വർഗ്ഗക്കാരും പ്രക്ഷോഭത്തിൽപങ്കെടുത്തില്ല.

പരാജയത്തിന്റെ ഒരു പ്രധാന കാരണം കേന്ദ്ര നേതൃത്വത്തിന്റെ അഭാവമായിരുന്നു. അവർക്ക് പൊതുവായലക്ഷ്യമോഐക്യമോഉണ്ടായിരുന്നില്ല. നാട്ടുരാജാക്കൻമാരും ജമീന്ദാർമാരും അവരുടെ സ്വന്ത ആവശ്യങ്ങൾക്കായിപോരാടി.

ബ്രിട്ടീഷ് സൈന്യം പ്രക്ഷോഭം ക്രൂരമായി അടിച്ചമർത്തി. ആയുധങ്ങളുടെ അഭാവം, നേതൃത്വമില്ലായ്മ ഐക്യമില്ലായ്മ സഹപ്ര വർത്തകരുടെ വിശ്വാസ വഞ്ചന എന്നീ കാരണങ്ങ ളാൽ പ്രക്ഷോഭം പരാജയപ്പെട്ടു. 1857ൽ ഡൽഹി ബ്രിട്ടീഷുസൈന്യം പിടിച്ചടുത്തു. അറസ്റ്റു ചെയ്യപ്പെട്ട ബഹദൂർഷയെ ബർമ്മയിലേക്ക് നാടുകടത്തി

(e) ഇന്ത്യ-ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കോളനിയായി മാറുന്നു

1857-ലെ സംഭവങ്ങൾ അറിഞ്ഞ് ബ്രിട്ടീഷു കാർ ഞെട്ടി പോയി 1858 നവംബർ മാസത്തിൽ ഇന്ത്യൻ ഗവൺമെന്റെ നിയമം. ബ്രിട്ടീഷ് പാർല മെന്റിൽ പാസാക്കി. പാർലമെന്റ് നേരിട്ട് ഭരിക്കുന്ന നിരവധി കോളനികളിൽ ഒന്നായി ഇന്ത്യയെ പ്രഖ്യാപിച്ചു. മന്ത്രിസഭയിലെ അംഗങ്ങളിൽ ഒരു വ്യക്തിയ്ക്ക് ഉത്തരവാദിത്വം നൽകി ഇന്ത്യൻ ഗവൺമെന്റിന്റെ സെക്രട്ടറിയായി പദവി നൽകി.

ഭരണമാറ്റം

1857-നു ശേഷം ബ്രിട്ടീഷ് ഭരണവും അതിന്റെ നയരീതികളും വലിയതോതിലുള്ള മാറ്റങ്ങൾക്ക് വിധേയമായി. സാമൂഹിക പരിഷ്കരണവുമായി ബന്ധമുള്ള വിഷയങ്ങളിൽ ബ്രിട്ടീഷ് ഗവൺമെന്റ് ജാഗ്രത പുർത്തുന്ന സമീപനമാണ് പിന്തുടർന്നത്. വിക്ടോറിയ രാജ്ഞി ചെയ്ത വിളംബര പ്രകാരം പരമ്പരാഗാതസ്ഥാപനങ്ങളിലും മതപ രമായ കാര്യങ്ങളിലും ബ്രിട്ടീഷുകാർ ഇടപെടാൻ പാടില്ല എന്ന് പ്രഖ്യാപിച്ചു. സർക്കാർ സേവനങ്ങ ളിൽ ഇന്ത്യക്കാരെ ഉൾപ്പെടുത്താമെന്ന് വാഗ്ദാനം നൽകി. ഇന്ത്യൻ സൈന്യത്തിൽ രണ്ട് പ്രധാനപ്പെട്ട മാറ്റങ്ങൾ കൊണ്ടുവന്നു. ഇന്ത്യക്കാരുടെ എണ്ണംകുറക്കാൻ തുടങ്ങി.

X Std - History Malayalam Unit-7.indd 83 1/27/2023 10:02:42 AM

പ്രധാനപ്പെട്ട പദവികളിൽ നിന്നും ഇന്ത്യാക്കാരെ വിലക്കി. പീരങ്കിപ്പടയുടെ നിയന്ത്രണം ബ്രിട്ടീഷുകാർ ഏറ്റെടുത്തു. 1857-ൽ വിശ്വസ്തതമായിരുന്ന സമുദായങ്ങളിൽനിന്നും പ്രദേശങ്ങളിൽനിന്നും ഉള്ളവരെസൈന്യത്തിൽ എടുത്തു. ഉദാഹരണമായി രാജപുത്രന്മാർ, ബ്രഹ്മണർ, വടക്കേ ഇന്ത്യയിലെ മുസ്ലീങ്ങൾ എന്നിവരെ വിലക്കിയ ബ്രിട്ടീഷുകാർ ഗുർഖകൾ, സിക്കുക്കാർ പത്താൻകൾ എന്നീ ഹിന്ദുക്കൾ അല്ലാത്തവർക്ക് പ്രാധാന്യം കൊടുത്തു. ഇതിനോടൊപ്പം ഇന്ത്യൻ സമൂഹത്തിൽ ജാതി, മതം ഭാഷ എന്നിവയോട് ബ്രിട്ടീഷുക്കാർ വ്യത്യാസം കാണിക്കുകയും വിഭജിച്ച് ഭരിക്കുക എന്ന നയത്തെ പ്രയോജനപ്പെടുത്തുകയും ചെയ്തു.

7.3 ബ്രിട്ടീഷ് ഭരണത്തിൻ കീഴ് കർഷകരുടെ പ്രക്ഷോഭം

(a) ഇൻഡിഗോ കലാപം 1859-1860

സിന്തമാറ്റിക് ഡൈകൾ ഉല്പാദിപ്പിക്കുന്നതിന് മുമ്പ് പ്രകൃതിദത്തമായ ഇൻഡിഗോ ഡൈ ലോകമെമ്പാടുമുള്ള വസ്ത്രം നിർമ്മാതാക്കൾ വിശ്വസത്തോടെയാണ് ഉപയോഗിച്ചിരുന്നു. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇന്ത്യ ബ്രിട്ടന് അധികതോതിൽ ഇൻഡിഗോ നൽകി. പല യൂറോപ്യന്മാരും ഇന്ത്യയിലെ ഇൻഡിഗോ തോട്ടക്കാരായിരുന്നു. അവർ ഭക്ഷ്യവിളവുകളേക്കാൾ ഇൻഡിഗോ കൃഷി ചെയ്യാൻ ഇന്ത്യൻ കർഷകരെ നിർബന്ധിച്ചു. ഈ രീതി അടിച്ചമർത്തൽ രീതിയുടെ ഭാഗമായിരുന്നു. കൃഷിക്കാർ ഇൻഡിഗോ കൃഷി ചെയ്യാൻ നിർബന്ധിതരായി. ബ്രിട്ടീഷുകാർ, കൃഷി ചെയ്യുന്നവർക്ക് എല്ലാ ചെലവുകളും കൂടാതെ നിലത്തിനുള്ള വാടകയും മുൻകൂർ പണമായിനൽകി, അതിന്റെ പലിശ അടക്കം തിരികെ കൊടുക്കണം എന്ന വ്യവസ്ഥയിൽ കൊടുത്തു. അവസാനം ഇൻഡിഗോയ്ക്കു ബ്രിട്ടീഷുകാർ ഏറ്റവും കുറഞ്ഞ വിലമാത്രമേ കൃഷിക്കാർക്ക് നൽകിയുള്ളൂ. ഈ കുറഞ്ഞ പണം കൊണ്ട് അവർ വാങ്ങിയ മുൻപണം തിരികെ കൊടുക്കാൻ കഴിഞ്ഞില്ല എന്നതിനാൽ അവർ കടത്തിൽപ്പെട്ടു. ലാഭം കിട്ടിയില്ല എന്നിരുന്നാലും അവർ വീണ്ടും ഇൻഡിഗോ വളർത്താം എന്ന മറ്റൊരു കരാറിൽ ഏർപ്പെടാൻ കർഷകർ നിർബന്ധിതരായി. പിതാവ് വാങ്ങിയ കടം മകനിലേക്കു കൈമാറുകയും ചെയ്തു.

ഇൻഡിഗോ കലാപം ആരംഭിച്ചത് 1859-ൽ ആണ്. ഈ കലാപം ബംഗാളിലെ നടിയ ജില്ലയിലെ ഗ്രാമത്തിലുള്ള കൃഷിക്കാർ ഇൻഡിഗോ വളർത്താൻ വിസമ്മതിച്ചതിനാൽ ആരംഭിച്ചു. ഇത് വേഗത്തിൽ ഇൻഡിഗോ വളരുന്ന ജില്ലകളിലും വ്യാപിച്ചു. ഇത് അക്രമാസക്തമായി തീർന്നു. മുസ്ലിംങ്ങളും ഹിന്ദുക്കളുമായ കർഷകർ ഈ കലാപത്തിൽ പങ്കെടുത്തു. സ്ത്രീകളും പുരുഷന്മാരും കലങ്ങളും, ഇരുമ്പു കൊണ്ടുള്ള ആയുധങ്ങളുമായി ഇതിൽ പങ്കെടുത്തു. ബ്രിട്ടീഷുകാരുടെ ക്രൂരതകളെയും കുറിച്ച് കൊൽക്കത്തയിലെ ഇന്ത്യൻ മാധ്യമ പ്രവർത്തകർ ലേഖനങ്ങൾ എഴുതി. 1860-ൽ ദിനബന്ധു മിത്ര എഴുതിയ നിൽ ദർപ്പൺ (മിറർ ഓഫ് ഇൻഡിഗോ) എന്ന നാടകം ഇൻഡിഗോ കർഷകരുടെ ദുരവസ്ഥയെക്കുറിച്ചും അവരുടെ പ്രശ്നങ്ങളെക്കുറിച്ചു യൂറോപ്പിലേയും ഇന്ത്യയിലേയും ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നു.

(b) ഡക്കാൺ കലാപങ്ങൾ 1875

ബ്രിട്ടണിൽ രാജകുടുംബത്തിന് അധികാരങ്ങൾ കൈമാറിയതിനുശേഷം തൊഴിൽ വീഴ്ചമൂലം കർഷകരുടെ നിലങ്ങൾ നഷ്ടമായി. അധികതോതിലുള്ള നിലനികുതി കൃഷിയെ ബാധിച്ചു. ദാരിദ്ര്യത്താൽ മരണം അധികമായി. 1875-ൽ മെയ്മാസത്തിൽ ഡക്കാണിൽ പലിശയ്ക്ക് പണം കൊടുക്കുന്നവർക്ക് എതിരായി പ്രക്ഷോഭങ്ങൾ പൂനാ അരികെയുള്ള സൂബാ എന്നഗ്രാമത്തിൽ ആദ്യമായി രൂപം കൊണ്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. പൂന അഹമദ്നഗർ എന്നീ പ്രദേശങ്ങൾക്കടുത്തുള്ള 30 ഗ്രാമങ്ങളിൽ ഇതുപോലുള്ള കലാപങ്ങൾ ഏർപ്പെട്ടിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗുജറാത്തിലെ പണമിടപാടുകാരെ ലക്ഷ്യം വച്ചു കൊണ്ടാണ് ഈ കലാപങ്ങൾ അധികവും നടന്നത്. ബ്രിട്ടീഷ് ഭരണത്തിൽ കീഴ് നേരിട്ട് വരുമാനം ഗവൺമെന്റിന് ചെലുത്താൻ നിർബന്ധിക്കപ്പെട്ടു. ഇത് അനുസരിച്ച് ഏത് നിലത്തെ പണയപ്പെടുത്തി കടം വാങ്ങിച്ചുവോ ആ നിലം ലേലത്തിന് വിട്ട് കടം വാങ്ങിയ തുകയെടുക്കാൻ കടംകൊടുത്തവർക്ക് അനുവാദം നൽകിയിരുന്നു. ഇതിന്റെ ഫലമായി കർഷകരിൽ നിന്ന് നിലം കർഷകരല്ലാത്തവർക്ക് കൈമാറാൻ തുടങ്ങി. കടം എന്ന മായ ചക്രത്തിൽ കുടുങ്ങി കുടിശ്ശിക അടയ്ക്കാൻ കഴിയാതെ കൃഷിക്കാരൻ കൃഷി ഉപേക്ഷിക്കുന്ന അവസ്ഥയിലേക്ക് തള്ളപ്പെട്ടു.

7.4 ഇന്ത്യൻ നഷണൽ കോൺഗ്രസ്സിന്റെ രൂപീകരണം (1870-1885

(a) ദേശീയതയുടെ ആവിർഭാവം

19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസമുള്ള ഇന്ത്യക്കാരിൽ ഒരു വിഭാഗത്തിന് ദേശീയ രാഷ്ട്രീയ ബോധം ഉയർന്നുവന്നു. പലതരത്തിലുള്ള പ്രചരണങ്ങൾ മൂലം ദേശം, ദേശീയത, പലതരത്തിലുള്ള ജനാധിപത്യ ആശയങ്ങൾ എന്നിവയെ കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം ഏർപ്പെടുത്തുന്നതിൽ ഇന്ത്യൻ ബുദ്ധി ജീവികൾ നിർണ്ണായക പങ്കുവഹിച്ചു. പൗരത്വം,

X Std - History Malayalam Unit-7.indd 84 1/27/2023 10:02:42 AM

ഭരണകൂടം, നാഗരീക സമൂഹം മനുഷ്യഅവകാശം, നിയമത്തിന് മുന്നിൽ തുല്യത, സ്വതന്ത്ര്യം, പൊതുസ്വകാര്യസ്വത്തുകളിലെ വ്യത്യാസം പരമാധികാരം, ജനാധിപത്യം കൂടാതെ ആധുനിക ആശയങ്ങൾ എന്നിവയെ ചേർത്തിണക്കി പ്രാദേശിക, ഇംഗ്ലീഷ് ഭാഷകളിലും അച്ചടി മാദ്ധ്യമങ്ങളുടെ വളർച്ച ഇതു പോലുള്ളവയുടെ ആശയങ്ങളെ പ്രചരിപ്പിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിച്ചു.


എണ്ണത്തിൽ അവർ കുറഞ്ഞ വിദ്യാസമ്പന്നരായ ഇന്ത്യക്കാർ അഭിഭാഷകർ, പത്രപ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥർ, അദ്ധ്യാപകർ ഡോക്ടർമാർ എന്നിവർ അഖിലേന്ത്യാതലത്തിൽ ബന്ധങ്ങൾ ഉള്ളവരായിരുന്നു. മദ്രാസ് സ്വദേശി സംഘടന (1859), ഈസ്റ്റ് ഇന്ത്യാ അസോസിയേഷൻ (1866) മദ്രാസ് മഹാജന സഭ (1884), പൂനാ സർവ്വജനിക് സഭ (1870) ബോംബേ പ്രസിഡൻസി അസോസിയേഷൻ (1885) തുടങ്ങി നിരവധി രാഷ്ട്രീയ സംഘടനകൾ ഇതിന് മുൻകൈയെടുത്തു.

(b) കോളനിവൽക്കരണത്തിന്റെ സാമ്പത്തിക വിമർശനം

ആദ്യകാല ദേശീവാദികളുടെ പ്രധാന സംഭാവനകളിലൊന്നായിരുന്നു കോളനിവൽക്കരണത്തിന്റെ സാമ്പത്തിക വിമർശനം.

ദാദാഭായ് നവറോജി, ജസ്റ്റിസ് റാനഡെ റൊമേഷ് ചന്ദ്രദത്ത് മുതലായവരാണ് കോളനി ഭരണകാലത്തെ സമ്പദ്വ്യവസ്ഥയെക്കുറിച്ചുള്ള ഈ വിമർശനം കൊണ്ടുവന്നത്. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഉയർച്ച ഇന്ത്യയുടെ സാമ്പത്തികവും രാഷ്ട്രീയവുമായ കീഴടങ്ങലിനെ ആശ്രയിച്ചിരിക്കുന്നവെന്ന് അവർ കണ്ടെത്തി. ഇന്ത്യയുടെ സാമ്പത്തിക പുരോഗതിക്കുള്ള പ്രധാന തടസ്സം കോളനിവത്ക്കരണമാണെന്ന് അവർ വാദിച്ചു.

(c) ലക്ഷ്യങ്ങളും രീതികളും


എ.ഒ. ഹ്യൂം

ഒരു അഖിലേന്ത്യ സംഘടന രൂപീകരിക്കാനുള്ള ശ്രമഫലമായി രൂപപ്പെട്ടതാണ് 1885-ലെ ഇന്ത്യൻദേശീയ കോൺഗ്രസ്സ്. ബോംബെ, മദ്രാസ്, കൽക്കട്ട എന്നീ പ്രസിഡൻസികളിലെ അഭ്യസ്തവിദ്യരുടേയും രാഷ്ട്രീയത്തിൽ സജീവമായിരുന്ന യുവാക്കളുടെയും ശ്രമഫലമായാണ് ഇത് രൂപീകരിക്കപ്പെട്ടത്. ബ്രിട്ടീഷ്കാരനായിരുന്ന എ.ഒ. ഹ്യൂം കോൺഗ്രസ്സിന്റെ രൂപീകരണത്തിന് വേണ്ടി ഏറെ പ്രയത്നിച്ചിട്ടുണ്ട്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സ്ഥാപക പ്രസിഡണ്ട് ഉമേഷ്ചന്ദ്ര ബാനർജി ആയിരുന്നു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒന്നാമത്തെ സമ്മേളനം 1885-ൽ ഡിസംബർ 28-ന് നടന്നു. ഇതിന്റെ ആദ്യകാല ലക്ഷ്യങ്ങളിൽ പ്രധാനം ദേശീയ ഐക്യം വളർത്തുക എന്നതായിരുന്നു. ഇതൊടെപ്പം തന്നെ ബ്രിട്ടനോടുള്ള കൂറും അവർ പ്രകടിപ്പിച്ചിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആദ്യകാലത്തെ പ്രവർത്തനരീതികൾ പ്രധാനമായി ഭരണഘടന പരിമിതിക്കുള്ളിൽ നിന്ന് കൊണ്ട് ബ്രിട്ടനിലേക്ക് പരാതികളും അപ്പീലുകളും മറ്റും അയക്കുക എന്നുള്ളതായിരുന്നു. അവർ ഉന്നയിച്ച പ്രധാനപ്പെട്ട ആവശ്യങ്ങൾ താഴെ പറയുന്നവയാണ്.

- പ്രവിശ്യാതലത്തിലും കേന്ദ്രതലത്തിലും നിയമ നിർമ്മാണ സഭകളുടെ രൂപീകരണം.
- നിയമനിർമ്മാണ സഭകളിലെ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ എണ്ണം വർധിപ്പിക്കൽ.
- ജുഡീഷറി, എക്സിക്യൂട്ടിവ് എന്നിവയുടെ പ്രവർത്തികൾ വേർതിരിക്കൽ
- സൈനികാവശ്യങ്ങൾക്ക് വേണ്ടിയുള്ള ചിലവ് ചുരുക്കൽ
- അഭ്യന്തര ചെലവ് കുറയ്ക്കൽ
- ആഭ്യന്തര നികുതി കുറയ്ക്കൽ
- ഇംഗ്ലണ്ടിലെ പോലെ ഇന്ത്യയിലും സിവിൽ സർവ്വീസ് പരീക്ഷ നടത്തൽ.
- പോലീസ്പരിഷ്കാരം
- ഫോറസ്റ്റ് നിയമങ്ങളുടെ പുന: പരിശോധന
- ഇന്ത്യൻ വ്യവസായങ്ങളുടെ പ്രേത്സാഹനം, അനീതി പൂർവ്വമായ നികുതികളും മറ്റും അവസാനിപ്പിക്കൽ.

തീവ്രദേശീയവാദം

തീവ്രദേശീയവാദം ഇന്ത്യൻ ദേശീയവാദികളുടെ മിതമായ ആവശ്യങ്ങളോടുള്ള ബ്രിട്ടീഷ് മനോഭാവത്തിൽ കാര്യമായ മാറ്റം വരുന്നതിൽ മിതവാദി നേതാക്കളുടെ രീതികൾ പരാജയപ്പെട്ടു. തീവ്രവാദികൾ എന്നറിയപ്പെടുന്ന ഒരുക്കൂട്ടം നേതാക്കൾ അവരെ ക്രൂരമായ വിമർശിച്ചു. ഈ തീവ്രവാദികൾ അപേക്ഷകൾക്കും, നിവേദനങ്ങൾക്കും പകരം സ്വയം ശക്തരാകാനാണ് ശ്രദ്ധിച്ചിരുന്നത്

7.5 ബംഗാൾ വിഭജനം


ലോഡ് കഴ്സൺ

1905-ലെ ബംഗാൾ വിഭജനം ഏറ്റവും ജനവിരുദ്ധ നടപടിയായിരുന്നു. ബംഗാൾ വിഭജനം ദേശവ്യാപകമായി പ്രതിഷേധത്തിനും, അത് വഴി ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ഒരു പുതിയ അദ്ധ്യായത്തിനും തുടക്കം കുറിച്ചു.

X Std - History Malayalam Unit-7.indd 85 1/27/2023 10:02:42 AM

ഹിന്ദു-മുസ്ലീ ഭിന്നത സൃഷ്ടിച്ച് തങ്ങളുടെ ഭരണത്തിനെതിരായുള്ള രാഷ്ട്രീയ പ്രവർത്തനങ്ങൾ അടിച്ചമർത്തുക എന്നതായിരുന്നു ബ്രിട്ടീഷ് നയം.

(a) ഹിന്ദു - മുസ്ലീം ഭിന്നത

ദേശീയ പ്രസ്ഥാനത്തിലെ ബംഗാൾ നേതൃത്വത്തിന്റെ സ്വാധീനം ഇല്ലാതാക്കി. അത് വഴി ദേശീയ പ്രസ്ഥാനത്തെ തന്നെ ദുർബലപെടുത്തലാണ് ബംഗാൾ വിഭജനത്തിന്റെ ലക്ഷ്യമെന്ന് പ്രഖ്യാപിക്കപ്പെട്ടിരുന്നു. ബംഗാളിനെ രണ്ട് ഭരണ വിഭാഗങ്ങളാക്കി. ബംഗാളിഭാഷസംസാരിക്കുന്ന ഭാഷാന്യൂനപക്ഷത്തെ പടിഞ്ഞാറൻ ബംഗാളിലും പുതുതായി രൂപീകരിക്കുന്ന കിഴക്കൻ ബംഗാൾ മുസ്ലീംങ്ങൾക്ക് നൽകാനും, മുഗൾ ഭരണത്തിനു ശേഷമുള്ള മുൻഗണന മുസ്ലീംകൾക്ക് ലഭിക്കുമെന്നും കഴ്സൺ പ്രഭു ഉറപ്പ് നൽകിയിരുന്നു.

മതാടിസ്ഥാനത്തിൽ ബംഗാൾ വിഭജിക്കാനുള്ള നീക്കം ഫലത്തിൽ ബംഗാളി ജനതയുടെ ഐക്യത്തിനാണ് സഹായകമായത്. പ്രാദേശിക ഭാഷാപത്രങ്ങൾ ബംഗാളി ജനതയുടെ ആത്മാഭിമാനം വളർത്തുന്നതിൽ മുഖ്യപങ്ക് വഹിച്ചു.

(b) വിഭജന വിരുദ്ധ പ്രക്ഷോഭം

ബംഗാൾ വിഭജനം തടയുന്നതിൽ പരാജയപ്പെട്ടപ്പോൾ പ്രതിഷേധത്തിന്റെ പുതിയ തന്ത്രങ്ങളും രീതികളും ആവിഷ്കരിക്കുന്ന കാര്യത്തിൽ ഒരു പുനർവിചിന്തനത്തിന് മിതവാദി നേതാക്കൻമാർ നിർബന്ധിതരായി. അതിലൊന്നായിരുന്നു ബ്രട്ടീഷ് സാധനങ്ങളുടെ ബഹിഷ്ക്കരണം. ബംഗാൾ വിഭജനം തടയുകയെന്നതിൽ നിന്ന് കൂടുതൽ ശക്തമായ സമരത്തിന് അപ്പോഴും മിതവാദികർ എതിരായിരുന്നു. നേരെ മിറച്ച്, തീവ്രവാദി വിഭാഗം ദേശീയ പ്രസ്ഥാനത്തെ ബാംഗാൾ വിഭജനത്തിനപ്പുറം പൂർണരൂപത്തിലുള്ള ഒരു ജനകീയ സമരമായി വളർത്തുന്നതിൽ തല്പരരായിരുന്നു.

ബംഗാൾ വിഭജന ദിനം 1905 ഒക്ടോബർ 10 അനുശോചനദിനമായി ആചരിക്കപ്പെട്ടു. ആയിരക്കണക്കിന് ജനങ്ങൾ ഗംഗയിൽ സ്നാനം ചെയ്ത് വന്ദേമാതരം പാടി കൽക്കത്തയിലെ തെരുവുകളിൽ മാർച്ചുചെയ്തു.

(c) ബഹിക്ഷ്കര പ്രസ്ഥാനവും സ്വദേശി പ്രസ്ഥാനവും (1905-1911)

ഇന്ത്യയുടെ സ്വയം പര്യപ്തതലക്ഷ്യം വെച്ച് പരസ്പര പൂരകമായ വിശാലമായ കാഴ്ചപ്പാടോടെ ആരംഭിച്ചതായിരുന്നു ബഹിഷ്ക്കരണ പ്രസ്ഥാനവും സ്വദേശി പ്രസ്ഥാനവും. ബംഗാളിലെ സ്വദേശി പ്രസ്ഥാനത്തിൽ നല്ല പ്രവണതകൾ ദൃശ്യമാണ്.



സ്വദേശി പ്രസ്ഥാനം

1. **മിതവാദി പ്രവണത**
2. **നിർമ്മാണത്മക സ്വദേശി**
3. **തീവ്രദേശീയവാദം**
4. **വിപ്ലവ ഭീകരത**

നിർമ്മാണാത്മക സ്വദേശി പരിപാടികൾ

സൃഷ്ടിപരമായ പദ്ധതികൾ സ്വയംആശ്രയത്തിന് പ്രാധാന്യം നൽകി. ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിന് കീഴിലല്ലാതെ പ്രവർത്തിക്കുന്ന സ്വയം ഭരണസ്ഥാപനങ്ങൾ മാറ്റി രൂപീകരിക്കുന്നതിന് അവർ ശ്രദ്ധ കേന്ദ്രീകരിച്ചു. ജനങ്ങളെ സ്വയം ശക്തിപ്പെടുത്താനും രാഷ്ട്രീയ പ്രക്ഷോഭത്തിന് യോഗ്യരായ ഒരു പൗരനെ സൃഷ്ടിക്കാൻ സാധിക്കണമെന്നും നിർബന്ധിച്ചു. തുണിത്തരങ്ങൾ കൈത്തറി, സോപ്പുകൾ, മൺപാത്രങ്ങൾ, തീപ്പെട്ടി തോൽ ഉല്പന്നങ്ങൾ എന്നിവ വിൽക്കുന്ന സ്വദേശികടകൾ എല്ലായിടത്തും സ്ഥാപിക്കുകയും ചെയ്തു. പ്രത്യക്ഷത്തിൽ ഇതൊരു രാഷ്ട്രീയരഹിത പ്രവർത്തനമായിരുന്നു.

നിഷ്ക്രിയ പ്രതിരോധം

ബംഗാൾ വിഭജനത്തെ റദ്ദാക്കുന്നത് അജണ്ടയിൽ ഇല്ലാത്ത കാരണത്താൽ 1906 -ൽസ്വദേശി പ്രസ്ഥാനം വേറൊരു വഴിയിൽപോകാൻ തുടങ്ങി. രാഷ്ട്രീയ സ്വാതന്ത്ര്യം അല്ലെങ്കിൽ ഇന്ത്യയിൽ സ്വരാജ് എന്ന ആശയം ഇന്ത്യയിലുടനീളം പ്രചരിപ്പിക്കുന്നതിന് ഈ പ്രസ്ഥാനം ശ്രമിച്ചു. പുതിയ നിർദ്ദേശപ്രകാരം സ്വദേശി പ്രസ്ഥാനത്തിൽ നാല് പ്രധാന കാര്യങ്ങൾ ഉൾപ്പെടുന്നു. അവ വിദേശ വസ്തുക്കൾ ബഹിഷ്ക്കരിക്കുക, സർക്കാർ സ്ക്കൂളുകളും കോളേജുകളും ബഹിഷ്കരിക്കുക, കോടതികൾ, ബിരുദങ്ങൾ, കൂടാതെ സർക്കാർ സേവനങ്ങൾ ബഹിഷ്കരിക്കുക എന്നിവയായിരുന്നു. ബ്രിട്ടീഷ്അടിച്ചമർത്തൽ തുടർന്നു.

(d) തീവ്രവാദ ദേശീയത

പഞ്ചാബിലെ ലാലാലജ്പത് റോയ് മഹാരാഷ്ട്രയിലെ ബാലഗംഗാധരതിലക് ബംഗാളിലെ

X Std - History Malayalam Unit-7.indd 86 1/27/2023 10:02:42 AM

ബിപിൻ ചന്ദ്രപാൽ എന്നീ മൂന്നു പ്രധാന നേതക്കളും സ്വദേശി കാലഘട്ടത്തിൽ എപ്പോഴും ലാൽ- പാൽ - ബാൽ - പാൽ (Lal, Pal, Bal) ത്രിനായകത്വം എന്നാണ് അറിയപ്പെട്ടിരുന്നത്. പഞ്ചാബ് ബംഗാൾ, മഹാരാഷ്ട്ര എന്നീ രാജ്യങ്ങൾ സ്വദേശി പ്രസ്ഥാനത്തിന്റെ തീവ്രവാദ ദേശീയതയുടെ കേന്ദ്രമായി ഉയർന്നു. ദക്ഷിണേന്ത്യയിൽ തൂത്തുക്കുടി വ. ഉ ചിദംബരനാർ സ്വദേശി കപ്പൽ സ്ഥാപനം പ്രവർത്തനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലമായി മാറി.



ലാൽ-ബാൽ-പാൽ

സ്വരാജ്യം അല്ലെങ്കിൽ സ്വതന്ത്ര രാഷ്ട്രീയം

സ്വരാജ് അല്ലെങ്കിൽ സ്വതന്ത്രരാഷ്ട്രം നേടിയെടുക്കുക എന്ന ഒരേ ലക്ഷ്യമാണ് തീവ്രവാദനേതാക്കളുടേത്. എന്നിരുന്നാലും, സ്വരാജ് എന്നതിന്റെ പേരിൽ നേതാക്കൾ ഭിന്നിച്ചു. തിലകനെ സംബന്ധിച്ചിടത്തോളം സ്വരാജ് എന്നത് പൂർണ്ണ സ്വതന്ത്രഭരണം എന്നതായിരുന്നു.

7.6 ഹോംറൂൾ പ്രസ്ഥാനം (1916-1918)

ലോകമാന്യ ബാലഗംഗതര തിലകൻ ആനിബെസന്റ് എന്നിവരുടെ നേതൃത്വത്തിലായിരുന്ന ഹോം റൂൾ പ്രസ്ഥാനം (1916-1918). ഇന്ത്യൻ ദേശീയ പ്രസ്ഥാനമായി പുനരുജ്ജീവിപ്പിക്കപ്പെട്ടു. ഒന്നാം ലോകമഹായുദ്ധവും, ഇന്ത്യ ആ യുദ്ധത്തിൽ പങ്കെടുത്തതും സ്വദേശി പ്രസ്ഥാനത്തിന്റെ പശ്ചാത്തലത്തിലായിരുന്നു. 1914-ൽ ബ്രിട്ടൺ ജർമ്മനിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചപ്പോൾ മിതവാദികളും വിശാല മനസ്സ്കതയുള്ളവരും ബ്രിട്ടീഷുകാർക്ക് പിന്തുണ നൽകി. അതിനു പകരമായി ബ്രിട്ടീഷ് സർക്കാർ യുദ്ധാനന്തരം സ്വയം ഭരണം നൽകുമെന്നായിരുന്നു പ്രതീക്ഷിച്ചിരുന്നത്. ഇന്ത്യൻ സൈന്യകരെ ലോക മഹായുദ്ധത്തിൽ പല സ്ഥലങ്ങളിലേക്ക് അയച്ചു. എന്നാൽ ഈ ലക്ഷ്യങ്ങളോട് ബ്രിട്ടീഷുകാർക്ക് ഏതൊരു വിധത്തിലുള്ള ഉത്തരവാദിത്വങ്ങളും ഇല്ലായിരുന്നു. ഇന്ത്യയിൽ സ്വയം ഭരണം ഏർപ്പെടുത്തുന്നതിന് സഹായിക്കാതെ ബ്രിട്ടീഷുകാർ തങ്ങളോട് വഞ്ചനകാണിച്ചതിനുള്ള പ്രതിഫലമായി ബ്രിട്ടീഷ് സർക്കാരിനോട് സമ്മർദം ചെലുത്തുന്ന പുതിയ ബഹുജന പ്രസ്ഥാനത്തിനുള്ള അറിയിപ്പായി ഇത് രൂപം കൊണ്ടു.

(a) സ്വയം ഭരണ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾ

- ഭരണ ഘടനാപരമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ബ്രീട്ടീഷ് സാമ്രജ്യത്തിനുള്ളിൽ സ്വയം ഭരണം ഏർപ്പെടുത്തുക.
- സ്വയം ഭരണ പ്രദേശങ്ങൾ ആധിപത്യ പദവി നേടുന്നതിന് ആസ്ട്രേലിയ, കനഡ, ദക്ഷിണാഫ്രിക്ക, ന്യൂസിലാന്റ് എന്നീ രാജ്യങ്ങൾക്ക് പിന്നീട് ഒരു രാഷ്ട്രീയ പിന്തുണ നൽകി.
- അവരുടെ ലക്ഷ്യങ്ങളെ നേടുന്നതിന് അഹിംസാത്മക ഭരണഘടന പരമായ മാർഗ്ഗങ്ങളിലൂടെ ആകണം.

(b) ലക്നൗ ഉടമ്പടി (1916)

സ്വയം ഭരണ പ്രസ്ഥാനവും തുടർന്നുള്ള മിത ദേശീയവാദികളുടെയും തീവ്രവാദ ദേശീയവാദികളുടെയും പുന:സമാഗമനവും മുസ്ലിംങ്ങളുമായുള്ള പുതിയ ചർച്ചയ്ക്കുള്ള വഴിയൊരുക്കിയത് ലക്നൗ ഉടമ്പടിയോടു കൂടിയാണ്. ലക്നൗ (1916) ഉടമ്പടി പ്രകാരം കോൺഗ്രസ്സും മുസ്ലിം ലീഗും ഇന്ത്യയിൽ സ്വയം ഭരണം നടത്തണമെന്ന് തീരുമാനിച്ചു. അതിനുപകരമായി മുസ്ലീംങ്ങൾക്കും പ്രത്യേക നിയോജകമണ്ഡലം നൽകണം എന്ന് ആവശ്യപ്പെട്ടു



ലക്നൗ ഉടമ്പടിയിൽ ഒപ്പിട്ടവർ

(c) ബ്രിട്ടീഷുകാരുടെ പ്രതികരണം

സ്വരാജ്യത്തിന്റെ ആവശ്യം ഉന്നയിച്ചപ്പോൾ, തിലകനെയും, ആനിബെസന്റിനെയും ബ്രിട്ടീഷുകാർ അടിച്ചമർത്തൽ തന്ത്രം പ്രയോജനപ്പെടുത്തി ഒറ്റപ്പെടുത്തുകയും അവരുടെ പ്രവർത്തനങ്ങൾക്ക് മുടക്കം വരുത്തുകയും ചെയ്തു.

1919-ൽ ബ്രിട്ടീഷ് സർക്കാർ മൊണ്ടേഗു ചെംസ്ഫോർഡ് പരിഷ്കാരങ്ങൾ പ്രഖ്യാപിച്ചു, ഇത് മൂലം ഇന്ത്യക്ക് പടിപടിയായി സ്വയംഭരണം വാഗ്ദാനം നൽകി. ഇത് ഇന്ത്യൻ ദേശീയവാദിക

X Std - History Malayalam Unit-7.indd 87 1/27/2023 10:02:42 AM

ളിൽ കടുത്ത നിരാശയുണ്ടാക്കി. ഇതിന് മറ്റൊരു തിരിച്ചടിയായി സർക്കാർ അനിയന്ത്രിമായി അറസ്റ്റു ചെയ്യുക, കഠിനശിക്ഷ നൽകുക എന്ന റൗലറ്റ് ആക്ട് എന്ന നിയമം ഏർപ്പെടുത്തി.

സംഗ്രഹം

- 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്ത് ബ്രിട്ടീഷ് ഇന്ത്യയിൽ രാഷ്ട്രീയ കോളനി ആധിപത്യവും. സാമ്പത്തിക ആധിപത്യത്തിന് എതിരായി കർഷകരും, ഗോത്രവർഗ്ഗക്കങ്ങളും കലഹങ്ങളിൽ ഏർപ്പെട്ടു. ഇരുന്നു.
- ബ്രിട്ടീഷ്കാരോടുള്ള നാട്ടുരാജാക്കൻമാരുടെയും ഭൂപ്രഭുക്കൻമാരുടെയും എതിർപ്പിന്റെ ഫലമായിട്ടാണ് 1857 ലെ വിപ്ലവം ഉണ്ടായത്.
- ദേശീയവാദികളുടെ രാഷ്ട്രീയ നടപടികളോട് ബ്രിട്ടീഷ്കാർ പ്രധാനമായും രണ്ട് തരത്തിൽ പ്രതികരിച്ചു അതിലൊന്ന് അടിച്ചമർത്തൽ മറ്റൊന്ന് ഐക്യപെടുത്തൽ.
- ഇന്ത്യൻദേശീയ പ്രസ്ഥാനങ്ങൾ ചൂഷണത്തിനെതിരെയും ബ്രിട്ടിഷ് അടിച്ചമർത്തലിനെതിരെയും പൊതു ജനാഭിപ്രായം രൂപീകരിച്ചതിനാൽ യുവതലമുറ ഇതിൽ പങ്കാളിയായി
- ദേശീയ രാഷ്ട്രീയ ത്തിൽ ധാരാളം പൊതുജനങ്ങൾ പങ്കെടുക്കാൻ സ്വദേശി പ്രസ്സ്ഥാനം സഹായിച്ചു.

A-Z പദപരിചയം

ലഷ്യപ്രാപ്തിക്കായുള്ള	**orchestrated**	organized to achieve a desired effect
രഹസ്യം	**clandestine**	secret
പൂർവ്വസ്ഥിതിയിലാവുക	**restorative**	re-establishing
പാട്ടത്തിനുകൊടുക്കുക	**subletting**	property leased by one lessee to another
തുല്ല്യാവകാശങ്ങൾം	**egalitarian**	equal rights for all people
നിർബ്ബന്ധപൂർവ്വം	**coercive**	forcible
പിടിച്ചുപറി	**extortion**	the practice of taking something from an unwilling person by physical force
അസംതൃപ്തി	**disgruntled**	dissatisfied, frustrated
അഗാധമായ	**abysmal**	extremely bad, deep and bottomless

അഭ്യാസം

I. ശരിയായ ഉത്തരം തിരെഞ്ഞെടുത്തെഴുതുക:

1. 1818-ാം വർഷം കിഴക്കൻ ബംഗാളിൽ ഹാജിഷരിയത്ദുള്ള താഴെപറയുന്നവയിൽ ഏതാണ് തുടങ്ങിയ്.
   a) വഹാബികലാപം
   b) ബറാസി പ്രസ്ഥാനം
   c) കോൽകലാപം
   d) ഗോത്രവർഗ പ്രക്ഷേഭം

7UWVQ

2. 'ഭൂമി ദൈവത്തിന് സ്വന്തം" എന്ന് അറിയിച്ച കിട്ടിയ ഉടനെ ഭൂസ്വത്തിൽ മേൽ നികുതി ചുമത്തുകയോ വാടക ശേഖരിക്കുന്നതോ ദിവ്യനിയമത്തിന് വിരുദ്ധമാണെന്ന് പ്രഖ്യപ്പിച്ചത് ആര്?
   a) റിട്ടുമിർ b) സിത്തു
   c) ടിസുമിയാൻ d) ശരിയത്തുള്ള
3. സ്ഥിരമായ ജന്മഭൂമിയുടെ കീഴിൽ ജമീന്തർമാരെ താമസിപ്പിക്കുന്നതിന് വേണ്ടി തങ്ങളുടെ സ്വന്തസ്ഥലത്തെ വിട്ടിട്ട് പുറത്തു പോകാൻ നിർബന്ധിപ്പിക്കപെട്ടവർ.
   a) സാന്തലർ b) ഡുടുമീർ
   c) മുണ്ടാ d) കോൽ

X Std - History Malayalam Unit-7.indd 88 1/27/2023 10:02:43 AM

4. താഴെപ്പറയുന്നവരിൽ തീവ്രദേശീയവാദിയെ കണ്ടെത്തുക.
   a) ദാദാബായ് വനറോജി
   b) ജസ്റ്റിസ് ഗോവിന്ദ് നനാഡേ
   c) ബിബിൻ ചന്ദ്രപാൽ
   d) രമേശ് ചന്ദ്ര
5. ബംഗാളി വിഭജനം പ്രാബല്യത്തിൽ വന്നതെപ്പോൾ?
   a) 1905 ജൂൺ 19 b) 1906 ജൂലൈ 18
   c) 1907 ആഗസ്റ്റ് 19 d) 1905 ഒക്ടോബർ 10
6. ഛോട്ട നാഗ്പ്പൂർ കുടിയാൻ നിയമം ഏത് സന്ദർഭത്തിൽ പാസ്സാക്കപ്പെട്ടു.
   a) കോൽകലാപം b) ഇൻഡിഗോകലാപം
   c) മുണ്ടാകലാപം d) ഡക്കാൺ കലാപം
7. 1916-ാം വർഷം ഏപ്രിൽ ഹോംറൂൾ പ്രസ്ഥാനം ആദ്യമായി ആരംഭിച്ചത് ആര്?
   a) ആനിബസന്റ് അമ്മയാർ
   b) ബിബിൻ ചന്ദ്രപാൽ
   c) ലാലാലജ് പത്റായി
   d) ബാലഗംഗാതരതിലകൻ
8. നീൽ ദർപ്പൻ നാടകം മൂലം ഇൻഡിഗോ കൃഷിക്കരുടെ ദുരിതങ്ങളെക്കുറിച്ച് ബ്രിട്ടീഷ്ക്കാരുടെ ശ്രദ്ധയിൽ കൊണ്ടുവന്നത് ആരാണ്?
   a) ദീന ബന്ധുമിത്ര b) രമേഷ് ചന്ദ്രദത്ത്
   c) ദാദാഭായ് നവറോജി d) ബിർസാമുാ

II. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക:

1. 1827 ൽ ആരംഭിച്ച സാമ്രാജ്യത്വ വിരുദ്ധ, ഭൂവുടമ വിരുദ്ധ പ്രസ്ഥാനം _____ ആയിരുന്നു.
2. ഛോട്ടനാഗ്പൂർ പീഠഭൂമിയിൽ നടന്ന ഏറ്റവും വലിയ ഗോത്രവർഗ്ഗക്കാരുടെ കലാപം _____.
3. ഛോട്ടാനാഗ്പൂർ നിയമം പാസാക്കിയ വർഷം _____ആണ്.
4. W.C. ബാനർജി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെട്ട വർഷം _____.

III. ശരിയായ പ്രസ്താവന തെരെഞ്ഞെടുത്തെഴുതുക:

1. (i) മീർജാഫറിൽ നിന്ന് 22.5 ദശലക്ഷം രൂപ വാങ്ങിയ ഈസ്റ്റിന്ത്യാ കമ്പനി അതിനെ ബ്രിട്ടണിലെ വ്യവസായ വിപ്ലവം മുമ്പോട്ട് നയിക്കാൻ കൊടുത്തു.
   (ii) 1831-1832ാം വർഷം സർക്കാർ ഓഫീസർക്കും പണം കടം കൊടുക്കുന്നവർക്കും എതിരായി വിപ്ലവത്തിന് കോൽജനങ്ങൾ നേതൃത്വം നൽകി.
   (iii) 1855-ൽ രണ്ട് സാന്താൾ സഹോദരന്മാരായ സിദ്ധു,കാനും എന്നിവർ സാക്കാൽ കലാപത്തിന് നേതൃത്വം നല്കി.
   (iv) 1879-ൽ സാന്താൾകൾ കൈവശമായിരുന്ന പ്രദേശങ്ങളെ നിയന്ത്രിക്കുന്നതിനായി ഒരു നിയമം പാസാക്കി.
   a) (i) (ii) ഉം (iii) എന്നിവ ശരിയാണ്.
   b) (ii) (iii) എന്നിവ ശരിയാണ്.
   c) (iii) (iv) എന്നിവ ശരിയാണ്.
   d) (i) (iv) എന്നിവ ശരിയാണ്.
2. (i) കോളനി ഭരണത്തെ കുറിച്ച് സാമ്പത്തിക വിമർശനങ്ങളുടെ രൂപീകരണം ആരംഭകാല ഇന്ത്യൻ ദേശീയവാദികളുടെ ഏറ്റവും പ്രധാനപ്പെട്ട സംഭവങ്ങളിൽ ഒന്നാണ്.
   (ii) ഇന്ത്യയിൽ ദാരിദ്ര്യം വർദ്ധിക്കാൻ ഉള്ള പ്രധാന കാരണം മതപരമായ ചൂഷണമാണെന്ന് ആരംഭകാല കോൺഗ്രസ്സ് നേതാക്കൾ പ്രസ്താവിച്ചു.
   (iii) സ്വരാജ് അല്ലെങ്കിൽ സ്വയം ഭരണം നേടുക എന്നതാണ് മിതവാദി കോൺഗ്രസ്സ് നേതാക്കളുടെ ലക്ഷ്യം
   (iv) ബംഗാളി വിഭജനത്തിന്റെ ലക്ഷ്യം ബംഗാളി സ്വാധീനം കുറക്കുക, ദേശീയ പ്രസ്ഥാനത്തെ ദുർബലപ്പെടുത്തുക എന്നിവയായിരുന്നു.
   a) (ii) (iii) ഉം (iv) ശരിയാണ്.
   b) (i) (iii) ഉം (iv) ശരിയാണ്.
   c) (i) ഉം (iii) ഉം ശരിയാണ്.
   d) (iii) (iv) ഉം (iv) ശരിയാണ്.
3. **പ്രസ്താവന (A):** ഇന്ത്യൻ ചരിത്രത്തിൽ ആദ്യമായി കോളനി ഭരണത്തിന്റെ കീഴിൽ സർക്കാർ വനങ്ങളുടെ മേൽ നേരിട്ടുള്ള ഉടമസ്ഥവകാശം കൊണ്ടുവന്നു.

   കാരണം (R): ഇൻഡിഗോ കൃഷി ചെയ്യാൻ കർഷകരെ നിർബന്ധിച്ച് തൊഴിൽ ചെയ്യുന്നവർ കർഷകരെ ഭയപ്പെടുത്തുകയും ആക്രമണങ്ങൾ ചെയ്യുകയും ചെയ്തു.
   a) A ഉം (R) ഉം ശരിയാണ് എന്നാൽ (R) (A) യുടെ ശരിയായി വിശദീകരണമില്ല.
   b) (A) യും (R) തെറ്റാണ്.
   c) (A) യും (R) ഉം ശരിയാണ്.
   d) (A) തെറ്റ് എന്നാൽ (R) ശരിയാണ്.

X Std - History Malayalam Unit-7.indd 89 1/27/2023 10:02:43 AM

4. **പ്രസ്താവന (A):** 1857-ലെ കലാപം ബ്രിട്ടീഷ് സൈന്യത്താൽ ക്രൂരമായി അടിച്ചമർത്ത പ്പെട്ടു.

കാരണം (R): കേന്ദ്ര അധികാരത്തിന്റെ അഭാവ മാണ് കലാപം പരാജയപ്പെടാനുള്ള കാരണം.

a) A ഉം (R) ഉം തെറ്റാണ്

b) (A) തെറ്റാണ് (R) ശരിയാണ്.

c) (A) യും (R) രണ്ടും ശരിയാണ് (R) - (A) ശരിയായവിശദീകരണമാണ്.

d) (A) തെറ്റ് എന്നാൽ (R) ശരിയാണ്.

IV. യോജിപ്പിക്കുക:

1.	വഹാബികലാപം	-	ലക്നൗ
2.	മുണ്ടാകലാപം	-	പേഷ്വാബാജിറാവു
3.	ബീഗം ഹസ്രത്മഹൽ	-	ടിന്റു മീർ
4.	നാനാസാഹിബ്	-	റാഞ്ചി

V. ചുരുക്കത്തിൽ ഉത്തരമെഴുതുക:

1. ബ്രിട്ടീഷ് ഇന്ത്യയിൽ കർഷകലാപം എപ്രകാരം തരം തിരിച്ചിരിക്കുന്നു.
2. ദത്തപഹാര നിയമത്തിൽ കീഴിൽ ബ്രിട്ടീഷുകാർ പിടയച്ചടക്കിയ പ്രദേശങ്ങളുടെ പേരെഴുതുക.
3. വിഭവം ചൂഷണം ചെയ്യപ്പെടുന്നു. എന്നതിനെ നിങ്ങൾ അർത്ഥമാക്കുന്നതെന്ത്?
4. ഹോംറൂൾ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾ വിവരിക്കുക?
5. ലക്നോ ഉടമ്പടിയുടെ മുഖ്യ അംശങ്ങൾ ചുരുക്കി എഴുതുക?

VI. വിശദമായി ഉത്തരം എഴുതുക?

1. 1857-ലെ കലാപത്തിന്റെ കാരണങ്ങളേയും അനന്തരഫലങ്ങലെയും വിശദമായി ചർച്ച ചെയ്യുക.
2. 1905-ൽ നടന്ന ബംഗാൾ വിഭജനത്തെ കുറിച്ച് ബംഗാൾ ജനങ്ങൾ എപ്രകാരം പ്രതികരിച്ചു.

VII. പ്രവർത്തനം:

1. 1858 മുതൽ 1919 വരെയുള്ള ബ്രിട്ടീഷ ഇന്ത്യയിൽ ഏർപ്പെടുത്തപ്പെട്ട നിയമങ്ങളെ തിരിച്ചറിഞ്ഞ് ഒരോന്നിനെകുറിച്ചും ചുരുക്കത്തിൽ വിവരിക്കുക.
2. 1857 ലെ വിപ്ലവ നടന്ന പ്രധാനപ്പെട്ട സ്ഥങ്ങളെ ഇന്ത്യാ ഭൂപടത്തിൽ അടയാളപ്പെടുത്തുക.
3. ബ്രിട്ടീഷുകാരുടെ കോളനി ഭരണത്തിനെതിരായി പ്രക്ഷേഭണങ്ങളിൽ പങ്കെടുത്ത എല്ലാ പ്രധാനപ്പെട്ട നേതക്കളുടെ ചിത്രങ്ങളെ കൊണ്ട് ഒരു ആൽബം തയ്യാറാക്കുക?

REFERENCE BOOKS

1. Bipan Chandra, *India's Struggle for Independence* (New Delhi: Penguin, 2000)
2. Sekhar Bandyopadhyay, *From Plassey to Partition and After* (New Delhi: Orient Longman, 2004)
3. Sumit Sarkar, *Modern India (1885-1947)* (New Delhi: Pearson, 2014).

INTERNET RESOURCES

https//www.brittanica.com



ICT കോർണർ

കോളനിവിരുദ്ധ പ്രസ്ഥാനങ്ങളും ദേശീയതയുടെ ഉത്ഭവവും

ഘട്ടങ്ങൾ:

- ബ്രൗസറിൽ തന്നിട്ടുള്ള യു ആർ എൽ ടൈപ്പ് ചെയ്യുക ക്യൂ ആർ കോഡിനെ സ്കാൻ ചെയ്യുക
- തിരയൽ ബോക്സിൽ 1857 കലാപം ടൈപ്പ് ചെയ്യുക
- താഴെക്ക് സ്ക്രോൾ ചെയ്ത് ചിത്രങ്ങൾ ശേഖരിച്ച് തയ്യാറക്കുക

Website URL:

https://artsandculture.google.com/

* Pictures are indicatives only.

* If browser requires, allow Flash Player or Java Script to load the page.

MQCSP

X Std - History Malayalam Unit-7.indd 90 1/27/2023 10:02:43 AM

യൂണിറ്റ് 8

ദേശീയത: ഗാന്ധിയുഗം



പഠന ലക്ഷ്യങ്ങൾ

സ്വയം പരിചയപ്പെടാൻ

- ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ ഗാന്ധിയുഗം.
- ഗന്ധിജിയുടെ നയമായ അഹിംസയും സത്യാഗ്രഹവും ഇന്ത്യയിലെ ജനങ്ങളെ ഒന്നിച്ചു നിർത്തുന്നതിനു പരിശ്രമിക്കുകയും പരീക്ഷിക്കുകയും ചെയ്തു.
- റൗലറ്റ് നിയമത്തിനെതിരായ ചമ്പാരൻ അഹിംസാ സത്യാഗ്രഹ പ്രസ്ഥാനം.
- നിസ്സഹകരണ പ്രസ്ഥാനവും അതിന്റെ പതനവും.
- മിതവാദികളുടേയും, വിപ്ലവകാരികളുടേയും പങ്ക് ഇന്ത്യൻ സാതന്ത്ര്യ പ്രസ്ഥാനത്തിൽ.
- നിയമലംഘന പ്രസ്ഥാനത്തിന്റെ ആരംഭം.
- പ്രത്യേക നിയോജകമണ്ഡലവും പൂനെ ഉടമ്പടിയും.
- പ്രവശ്യകളിലെ ഒന്നാമത്തെ കോൺഗ്രസ് മന്ത്രിസഭയും ക്വിറ്റ്ഇന്ത്യാ പ്രസ്ഥാനവും.
- ഇന്ത്യൻ ഉപഭൂഖണ്ഡത്തെ ഇന്ത്യ എന്നും പാക്കിസ്ഥാൻ എന്നും വിഭജിക്കാൻ കാരണമായത് വർഗ്ഗീയതയാണ്.

SW80Y

ആമുഖം

ഇന്ത്യക്കാർ ദക്ഷിണാഫ്രിക്കയിൽ അനുഭവിക്കുന്ന അവകാശ ലംഘനങ്ങൾക്കെതിരെ 20 വർഷത്തോളം പോരാടിയ ശേഷം 1915-ൽ മഹാത്മഗാന്ധി ഇന്ത്യയിലേക്ക് വന്നു. അദ്ദേഹത്തിന്റെ വരവോടെ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരു പുതുയുഗം പിറന്നു. ദക്ഷിണാഫ്രിക്കയിൽ സമരായുധമാക്കിയ സത്യാഗ്രഹ പ്രസ്ഥാനം ഇന്ത്യയിലും പരിചയപ്പെടുത്തി. സ്ത്രീകളും പുരുഷന്മാരും, വൃദ്ധരും, ബാലരും, അതായത് ആബാലവൃദ്ധം ജനങ്ങളും ഇതിൽ പങ്കാളികളായി. ഈ പാഠഭാഗത്തിലൂടെ ഗന്ധിജി, ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തെ എപ്രകാരം നയിച്ചു എന്ന് നസിലാക്കാം.

8.1 ഗന്ധിജിയും ജനകീയ ദേശീയതയും

(a) ഗന്ധിജിയുടെ വളർച്ച

ഗുജത്തിലെപോർബന്ധറിൽ1869 ഒക്ടോബർ 2-ാം തിയതി മോഹൻദാസ് കരംചന്ദ് ഗാന്ധി ജനിച്ചു. വളരെ സമ്പന്നമായ കുടുംബമായിരുന്നു അദ്ദേഹ ത്തിന്റേത്. ഇദ്ദേഹത്തിന്റെ പിതാവായ കബാ ഗാന്ധി പോർബന്ധറിലെ ദിവാനായിരുന്നു. എന്നാൽ പിന്നിടദ്ദേഹം രാജ്കോട്ടിലെ ദിവാനായി. വൈഷ്ണവ ഭക്തയായിരുന്ന അമ്മ പുത്‌ലീഭായ് ഗാന്ധിജിയുടെ ബാല്യകാലജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തി. മെട്രിക്കുലേഷൻ പരീക്ഷ പാസായശേഷം, നിയമം പഠിക്കാനായി 1888-ൽ ലണ്ടനിലേക്ക് കപ്പൽ കയറി. 1891-ൽ അഭിഭാഷകനായി ഗാന്ധിജി ഇന്ത്യയിൽ തിരിച്ചെത്തി. ബ്രിട്ടീഷ് നിയമവ്യവസ്ഥയുടെ വിശ്വസ്തനായാണ് ഗാന്ധിജി ഇന്ത്യയിലെത്തിയത്.

ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിജി ബോംബയിൽ അഭിഭാഷകനായി പ്രവർത്തിച്ചെങ്കിലുംവിജയിച്ചില്ല.ഈസമയത്ത്ഗുജറാത്തിലെ വ്യാപാരികൾ, ദക്ഷിണാഫ്രിക്കയിലെ തങ്ങളുടെ വ്യാപാരസ്ഥാപനത്തിലെ നിയമോപദേശകനായി ഗാന്ധിജിയെ നിയമിച്ചു. ഗാന്ധിജി ഈ നിയമനം സ്വീകരിക്കുകയും 1893 ഏപ്രിലിൽ ദക്ഷിണ ആഫ്രിക്കയിലേക്ക് പോകുകയും ചെയ്തു. ഗാന്ധിജി ആദ്യമായി വർണ്ണവിവേചനം

X Std - History Malayalam Unit-8.indd 91 1/27/2023 10:03:05 AM

നേരിട്ടത് ഇവിടെവച്ചാണ്. ഡർബനിൽ നിന്നും പ്രിട്ടോറിയയിലേക്ക് ട്രെയിനിലെ ഒന്നാം ക്ലാസ് കമ്പാർട്ട്മെന്റിൽ യാത്രചെയ്യവേ, പീറ്റർ മാറിറ്റ്സ്ബർഗ് റെയിൽവേ സ്റ്റേഷനിൽ വച്ച് ഗന്ധിജിയെ ട്രെയിനിൽ നിന്നും പുറത്തേക്കെറിഞ്ഞു. എന്നാൽ ഗന്ധിജി ഇതിനെതിരെ പോരാടാൻ തീരുമാനിച്ചു.

ഗാന്ധിജി ട്രാൻസ്വാളിലെ ഇന്ത്യക്കാരുടെ മീറ്റിംഗ് വിളിച്ചുകൂട്ടി ഒരു സംഘടന രൂപീകരിക്കാൻ ഉദ്ബോധിപ്പിക്കുകയും തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇതാണ് മാർഗമെന്നും അദ്ദേഹം പറഞ്ഞു. ഗാന്ധിജി തുടർച്ചയായി ഇത്തരത്തിലുള്ള മീറ്റിംഗുകൾ വിളിച്ചുകൂട്ടുകയും അനീതിക്കെതിരെയും അവർ തന്നെ നിർമ്മിച്ച നിയമങ്ങൾ അവർതന്നെ ലംഘിക്കുന്നതിനെതിരെയും അധികാരികൾക്ക് പരാതി നൽകുകയും ചെയ്തു. ട്രാൻസ്വാളിലെ ഇന്ത്യക്കാർ £3 നികുതി ചുമത്തണമെന്നും തങ്ങൾക്കായി മാറ്റിവച്ച സ്ഥലം മാത്രമേ സ്വന്തമാക്കാൻ സാധിക്കുകയുള്ളൂ എന്നും, രാത്രി 9 മണിക്കുശേഷം പ്രത്യേക അനുമതിയില്ലാതെ പുറത്തുപോകരുതെന്നുമുള്ള അന്യായനിയമങ്ങൾക്കെതിരെ ഗാന്ധിജി പൊരുതി.

ഗാന്ധിജി ടോൾസ്റ്റോയിയുടേയും, ജോൺ റസ്കിന്റേയും കൃതികളിൽ ആകൃഷ്ടനായി. ടോൾസ്റ്റോയിയുടെ "കിങ്ഡം ഓഫ് ഗോഡ് ഈസ് വിതിൻ യൂ" (Kingdom of God is within you), റസ്കിന്റെ "അൺ ടു ദി ലാസ്റ്റ്" (Unto the last) തോറിയുടെ (Civil Disobedience) എന്നീ പുസ്തകങ്ങൾ ഗാന്ധിജിയെ വളരെയധികം സ്വാധീനിച്ചു. ഇന്ത്യൻ തത്വചിന്തകളുടേയും, പാശ്ചാത്യ തത്വചിന്തകളുടേയും സങ്കലനത്തിലൂടെയാണ് ഗാന്ധിജി തന്റെ ആശയങ്ങൾ രൂപീകരിച്ചത്. പാശ്ചാത്യ തത്വചിന്തകൾ ഗാന്ധിജിയെ വളരെയധികം സ്വാധീനിച്ചെങ്കിലും പാശ്ചാത്യ സംസ്കാരത്തെയും യന്ത്രവൽക്കരണത്തെയും അദ്ദേഹം നിശിതമായി വിമർശിച്ചു. റസ്കിന്റെ തത്വചിന്തകളിൽ പ്രചോദനം ഉൾക്കൊണ്ട് ഫിനിക്സ് അധിവാസ വ്യവസ്ഥ (Settlement) 1905 ലും, ടോൾസ്റ്റോയ് ഫാം 1910 ലും സ്ഥാപിച്ചു. സമത്വം, സാമൂഹികജീവിതം, തൊഴിലിന്റെ അന്തസ്സ് എന്നിവ ഈ അധിവാസകേന്ദ്രങ്ങളിൽ പറഞ്ഞുമനസ്സിലാക്കിക്കൊടുത്തു. ഇവയെല്ലാം സത്യാഗ്രഹികൾക്കുള്ള പരിശീലനമായിരുന്നു.

ദക്ഷിണാഫ്രിക്കയിലെ സത്യാഗ്രഹ സമരതന്ത്രം

ഗാന്ധിജി സത്യാഗ്രഹം (സത്യത്തോടുള്ള ഭക്തി, സത്യം ശക്തിയാക്കിമാറ്റൽ) സമരതന്ത്രമാക്കി. സത്യാഗ്രഹികൾ സമാധാനപൂർവ്വം അന്യായമായ നിയമങ്ങൾക്കെതിരെ സമരം നയിക്കുകയും സ്വയം അറസ്റ്റ് വരിക്കുകയും ചെയ്തു. കൂടിയേറ്റക്കാരുടെ പ്രശ്നപരിഹാരത്തിനായും, വർണ്ണ വിവേചനത്തിനെതിരായും ഈ സമരമാർഗങ്ങൾ പരീക്ഷിച്ചു. മീറ്റിംഗുകൾ സംഘടിപ്പിക്കുകയും കുടിയേറ്റക്കാരുടെ രജിസ്ട്രേഷൻ ഓഫീസുകൾ പിക്കറ്റ് ചെയ്യുകയും ചെയ്തു. പോലീസുകാർ അക്രമം അഴിച്ചുവിട്ടെങ്കിലും തടയാൻ സത്യാഗ്രഹികൾ ശ്രമിച്ചില്ല. ഗാന്ധിജിയും മറ്റ്നേതാക്കന്മാരും അറസ്റ്റിലായി. കച്ചവടക്കാരായി മാറിയ ഭൂരിഭാഗം ഇന്ത്യൻ കരാർ തൊഴിലാളികൾ മൃഗീയമായ പോലീസിന്റെ ക്രൂരതയിലും സമരംതുടർന്നു. അതിന്റെ ഫലമായി സ്മട്ട് - ഗാന്ധി ഉടമ്പടി ഒപ്പുവക്കുകയും കരാർ തൊഴിലാളികളുടെമേൽ ചുമത്തിയിരുന്ന നികുതി നിർത്തലാക്കുകയും ചെയ്തു.

8.2 ഇന്ത്യയിൽ ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള ആദ്യകാല സത്യാഗ്രഹങ്ങൾ

ഗാന്ധിജി ഇന്ത്യാ സന്ദർശനത്തിൽ കണ്ടുമുട്ടിയ ഗോപാലകൃഷ്ണ ഗോഖലെയെ തന്റെ രാഷ്ട്രീയ ഗുരുവായി സ്വീകരിച്ചു. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം രാഷ്ട്രീയത്തിൽ ഇറങ്ങുന്നതിനു മുൻപ് ഗാന്ധിജി ഇന്ത്യയിൽ ഉടനീളം സഞ്ചരിച്ചു. ഇന്ത്യയിലെ സാധാരണ ജനങ്ങളുടെ അവസ്ഥ മനസ്സിലാക്കാൻ ഈ യാത്ര അദ്ദേഹത്തെ സഹായിച്ചു. ഇത്തരത്തിലുള്ള ഒരു യാത്രയിൽ തമിഴ് നാട്ടിൽ വച്ചാണ് തന്റെ മേൽക്കുപ്പായം ഉപേക്ഷിച്ച് മുണ്ട് മാത്രം ഉടുക്കാൻ തീരുമാനിച്ചത്.

(a) ചമ്പാരൻ സത്യാഗ്രഹം



ചമ്പാരൻ സത്യാഗ്രഹം

ബീഹാറിലെ ചമ്പാരനിൽ "തിൻകാതിയ" സമ്പ്രദായം നിലവിലുണ്ടായിരുന്നു. ഈ ചൂഷണ സമ്പ്രദായം അനുസരിച്ച് ഇന്ത്യൻ കർഷകരുടെ കൈവശഭൂമിയിൽ ഇരുപതിൽ മൂന്ന് ഭാഗം ഭൂമിയിലും ഇൻഡിഗോ ചെടികൾ കൃഷിചെയ്യേണ്ടതായി വന്നു. 19-ാം നൂറ്റാണ്ടിന്റെ അവസാന കാലത്ത് ജർമനിയുടെ

X Std - History Malayalam Unit-8.indd 92 1/27/2023 10:03:05 AM

കൃത്രിമ നിറങ്ങൾ ഇൻഡിഗോ ചെടിയെ ചന്തയിൽനിന്നും പുറത്താക്കാൻ നിർബന്ധിച്ചു. ചമ്പാരനിലെ യൂറോപ്യൻ തോട്ട ഉടമകൾ ഈ അവസരം മുതലെടുത്തു. ഇൻഡിഗോ കൃഷിയിൽ നിന്നും കർഷകരെ ഒഴിവാക്കുന്നതിനായി നിയമപ രമല്ലാതെ പണം വസൂലാക്കാൻ തോട്ടയുടമകൾ ശ്രമിച്ചു. കർഷകർ ചെറുത്തു നിൽക്കാൻ ശ്രമിച്ചു. ഗാന്ധിജിയുടെ ചമ്പാരൻ സന്ദർശന സമയത്ത് ഈ സമ്പ്രദായംകൊണ്ട് കഷ്ടം അനുഭവിച്ചുകൊണ്ടിരുന്ന രാജ്കുമാർ ശുക്ല എന്ന കർഷകൻ ഈ വിഷയം ഗാന്ധിജിയുടെ ശ്രദ്ധയിൽപ്പെടുത്തി. ചമ്പാരനിൽ എത്തിയ ഗാന്ധിജിയോട് അവിടെ നിന്നു പോകാൻ പോലീസ് ആവശ്യപ്പെട്ടു. വിസമ്മതിച്ച ഗാന്ധിജിയെ വിചാരണക്കായ് വിളിച്ചുവരുത്തി. ഈ വിഷയം കാട്ടുതീപോലെ പടർന്നു. ആയിരക്കണക്കിന് ആളുകൾ ഗാന്ധിജിയുടെ സഹായത്തിനായെത്തി. ഗാന്ധിജി നിയമലംഘനം നടത്തിയതായി സമ്മതിച്ചു. പിന്നീട് ഈ കേസ് പിൻവലിച്ചു. ഇതിനെക്കുറിച്ച് ഗാന്ധിജി പറഞ്ഞത് ഇപ്രകാരമാണ് "നിയമലംഘന പ്രസ്ഥാനത്തിന്റെ ആദ്യപാഠം രാജ്യം പഠിച്ചത് ഈ സമരത്തിലൂടെയാണ്" ഗാന്ധിജിയെ സഹായിക്കാനായി അഭിഭാഷകനായ ബ്രജ്കിഷോർ പ്രസാദും, സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രസിഡണ്ടായ രാജേന്ദ്രപ്രസാദും ഉണ്ടായിരുന്നു. ലഫ്റ്റനന്റ് ഗവർണർ സ്വമേധയാ ഒരു സമിതി രൂപീകരിക്കുകയും ഗാന്ധിജിയെ അതിൽ അംഗമാക്കുകയും തിൻകാതിയ സമ്പ്രദായം നിരോധിക്കാൻ ശുപാർശചെയ്യുകയും ചെയ്തു. ഇങ്ങനെ കർഷകരുടെ മേൽ ഇൻഡിഗോ തോട്ട ഉടമകൾ നടത്തിവന്ന അടിച്ചമർത്തൽ അവസാനിച്ചു.

ചമ്പാരൻ സത്യാഗ്രഹത്തിന്റെ വിജയത്തെ തുടർന്നുണ്ടായ 1918-ലെ അഹമ്മദാബാദ് മിൽ സമരം, 1918-ലെ കേദാ സത്യാഗ്രഹം എന്നിവയെല്ലാം ഗാന്ധിജിയെ ഒരു വലിയ ജന വിഭാഗത്തിന്റെ നേതാവായി മാറ്റി. ആദ്യകാലനേതാക്കന്മാരിൽ നിന്നും വ്യത്യസ്തനായി ഗാന്ധിജി രാജ്യത്തുട നീളമുള്ള സാധാരണ ജനങ്ങളുടെ നേതാവാണെന്ന് തെളിയിച്ചു.

(b) റൗലറ്റ് സത്യാഗ്രഹവും ജാലിയൻ വാലാബാഗ് കൂട്ടക്കൊലയും

ഒന്നാം ലോക യുദ്ധത്തുനുശേഷം ഉദാരമായ രാഷ്ട്രീയ മാറ്റങ്ങൾ ജനങ്ങൾ പ്രതീക്ഷിച്ചു. യഥാർത്ഥ അധികാരം ഇന്ത്യക്കാർക്ക് കൈമാറാത്ത 1919-ലെ ഇന്ത്യൻ ഗവണ്മെന്റ് നിയമം ജനങ്ങളെ നിരാശരാക്കി. കൂടാതെ യുദ്ധകാല നിയന്ത്രണങ്ങൾ സ്ഥിരമാക്കാനും തുടങ്ങി. വാറണ്ടില്ലാതെ അറസ്റ്റ് ചെയ്യാനും വിചാരണകൂടാതെ ജയിലിൽ അടക്കാനും പോലീസിന് അധികാരം നൽക്കുന്ന റൗലറ്റ് നിയമം പ്രാബല്യത്തിൽ കൊണ്ടുവന്നു. ഗാന്ധിജി ഇതിനെ 'കറുത്തനിയമം' എന്ന് വിളിക്കുകയും ഇതിനെതിരെ പ്രതിഷേധി ക്കാനായി 1919 ഏപ്രിൽ 6-ാം തിയതി ദേശവ്യാപക സത്യാഗ്രഹം ആരംഭിച്ചു. ഇത് അഹിംസാരീതിയിലുള്ള ഉപ വാസവും പ്രാർഥനയുമായിരുന്നു. ഇതാണ് കോളനി ആധപത്യത്തിനെതിരെ ദേശവ്യാപ കമായി നടന്ന ആദ്യത്തെ സത്യാഗ്രഹസമരം. റൗലറ്റ് നിയമത്തിനെതിരെ അതിതീവ്രമായ സമരങ്ങളായിരുന്നു പഞ്ചാബിൽ പ്രത്യേകിച്ച് അമൃതസറിലും, ലാഹോറിലും. പഞ്ചാബിൽ പ്രവേശിക്കാൻ അനുവദിക്കാതെ ഗാന്ധിജിയെ അറസ്റ്റ് ചെയ്തു. പഞ്ചാബിൽ പ്രവേശിക്കുന്നത് തടഞ്ഞു. ഏപ്രിൽ 9-ന് രണ്ടു പ്രധാന നേതാക്കന്മാരായ ഡോ. സത്യപാൽ, ഡോ. സെയ്ഫുദീൻ കിച്ച്ലു എന്നിവരെ അമൃതസറിൽ അറസ്റ്റ് ചെയ്തു.

ജനറൽ ഡയറിന്റെ നിഷ്ഠൂരത

1919 ഏപ്രിൽ 13-ാം തിയതി അമൃതസറിലെ ജാലിയൻ വാലാബാഗിൽ ഒരു പൊതു യോഗം വിളിച്ചുക്കൂട്ടിയിരുന്നു. ഇതു വൈശാഖ ഉത്സവ ദിവസം ആയിരുന്നു (സിക്കുകാരുടെ വസന്തകാലകൊയ്ത്തുത്സവം) ആയിരക്കണക്കിന് ഗ്രാമവാസികൾ ഇവിടെ സന്നിഹിതരായിരുന്നു. ഇതറിഞ്ഞ ജനറൽ ഡയർ വലിയ ആയുധസന്നാഹത്തോടെ ഉദ്യാനം വളഞ്ഞു. ഒരു മുന്നറിയിപ്പും നൽകാതെ ജനറൽ ഡയർ വെടിവെക്കാൻ ആജ്ഞാപിച്ചു. വെടിമരുന്നു തീരുവോളം പത്ത് മിനിട്ട് വെടിവെപ്പ് നീണ്ടുനിന്നു. ഔദ്യോഗിക കണക്കനുസരിച്ച് ഏകദേശം 379 പേർ കൊല്ലപ്പെടുകയും ആയിരത്തിലധികം പേർക്ക് മുറിവേൽക്കുകയും ചെയ്തു. ഈ സംഭവത്തിനു ശേഷം പട്ടാളനിയമം പ്രഖ്യാപിക്കുകയും പഞ്ചാബിലെ പ്രത്യേകിച്ച് അമൃതസറിലെ ജനങ്ങളെ പിടിച്ച് തെരുവിലൂടെ വലിച്ചിഴക്കുകയും അടിക്കുകയും ചെയ്തു. ഈ നിഷ്ഠൂരത ഇന്ത്യക്കാരെ കുപിതരാക്കി. രബീന്ദ്രനാഥ ടാഗോർ നൈറ്റ്ഹുഡ് പദവി തിരിച്ചേൽപ്പിച്ചു. ഗാന്ധിജി തന്റെ കൈസർ-ഇ-ഹിന്ദ് മെഡലും തിരിച്ചേൽപ്പിച്ചു.

(c) ഖിലാഫത്ത് പ്രസ്ഥാനം

ഒന്നാം ലോകയുദ്ധം 1918-ൽ അവസാനിച്ചു. ലോകം മുഴുവനുമുള്ള മുസ്ലിങ്ങളുടെ നേതാവായ ഖലീഫയോട് കർക്കശമായ നിലപാടാണ് സ്വീകരിച്ചത്. ഇതിനെതിരെ അദ്ദേഹത്തെ സഹായിക്കാനായി ആരംഭിച്ച പ്രസ്ഥാനമാണ് ഖിലാഫത്ത് പ്രസ്ഥാനം. അലി സഹോദരന്മാരായ മൗലാന മുഹമ്മദ് അലിയും മൗലാന ഷൗക്കത്ത് അലിയുമാണ് ഖിലാഫത്ത് പ്രസ്ഥാനം നയിച്ചത്.

X Std - History Malayalam Unit-8.indd 93 1/27/2023 10:03:06 AM

ഗാന്ധിജി ഖിലാഫത്ത് പ്രസ്ഥാനത്തെ സഹായിച്ചു. ഇത് ഹിന്ദു മുസ്ലിം ഐക്യമുണ്ടാക്കാനുള്ള അവസരമാണെന്ന് അദ്ദേഹം കരുതി. അദ്ദേഹം 1919-നവംബറിൽ നടന്ന ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ഡൽഹി സമ്മേളനം ഉദ്ഘാടനം ചെയ്തു. ഷൗക്കത്തലിയുടെ "അല്ലാഹു അക്ബർ", "വന്ദേമാതരം", "ഹിന്ദു മുസൽമാൻ കീ ജയ്" എന്നീ മുദ്രാവാക്യങ്ങൾ ഗാന്ധിജി അംഗീകരിച്ചു. 1920 ജൂൺ 9-ന് അലഹബാദിൽ നടന്ന ഖിലാഫത്ത് കമ്മിറ്റി മീറ്റിംഗിൽ ഗാന്ധിജിയുടെ അഹിംസാപ്രസ്ഥാനത്തെയും നിസ്സഹരണ പ്രസ്ഥാനത്തെയും അംഗീകരിച്ചു. നിസ്സഹരണപ്രസ്ഥാനം 1920 ആഗസ്റ്റ് ഒന്നിനാണ് ആരംഭിച്ചത്.

8.3 നിസ്സഹകരണ പ്രസ്ഥാനവും അതിന്റെ പര്യവസാനവും

1920 സെപ്തംബർ 20-ന് കൽക്കട്ടയിൽ ചേർന്ന ഇന്ത്യൻ ദേശീയ കേൺഗ്രസ്സിന്റെ പ്രത്യേക യോഗമാണ് നിസ്സഹരണ പ്രസ്ഥാനം അംഗീകരിച്ചത്. അതിനുശേഷം 1920 ഡിസംബറിൽ നാഗ്പൂരിൽവച്ച് ചേർന്ന സേലം വിജയരാഘവ ആചാര്യൻ അദ്ധ്യക്ഷനായ കോൺഗ്രസ് സമിതി ഒരിക്കൽ കൂടി ഇത് അംഗീകരിച്ചു. നിസ്സഹരണ പ്രസ്ഥാനത്തിൽ ഉൾപെടുത്തിയ പരിപാടികൾ തഴെക്കാണുന്നവയാണ്.

1. ബ്രിട്ടീഷുകാരിൽ നിന്നും ലഭിച്ചബഹുമതികളും പദവികളും തിരിച്ചേൽപ്പിക്കുക.
2. ഗവൺമെന്റിന്റെ പരിപാടികളിൽ പങ്കെടുക്കാതെ വിട്ടുനിൽക്കുക.
3. അഭിഭാഷകർ കോടതി ബഹിഷ്കരിച്ച് കേസുകൾ പുറത്തുനിന്നും മദ്ധ്യസ്ഥം പറഞ്ഞ് തീർപ്പാക്കാൻ ശ്രമം നടത്തുകയും ചെയ്തു.
4. മാതാപിതാക്കളും വിദ്യാർത്ഥികളും സർക്കാർ വിദ്യാലയം ബഹിഷ്കരിച്ചു.
5. 1919-ലെ ആക്റ്റനുസരിച്ച് നിയമസഭാ നടപടികൾ ബഹിഷ്കരിച്ചു.
6. ഔദ്യോഗികപരിപാടികളിലും ഗവൺമെന്റ് പരിപാടികളിലും പങ്കെടുക്കാതെ വിട്ടുനിന്നു.
7. സൈനിക, സൈനികേതര പദവികൾ നിരസിച്ചു.
8. വിദേശ വസ്തുക്കൾ ബഹിഷ്കരിച്ചു. സ്വദേശി വസ്തുക്കൾക്ക് വ്യാപകമായ പ്രചാരണം കൊടുത്തു.

(a) നികുതി നൽകാതിരിക്കലും ചൗരി ചൗരാസംഭവവും

'നികുതി കൊടുക്കാതിരിക്കുക' എന്നത് കർഷകരുടെ മനസ്സിലുദിച്ച ആശയമായിരുന്നു. 1922 ഫെബ്രുവരിയിൽ ഗാന്ധിജി ഇതിനെ സമരമാർഗ്ഗമായി പ്രഖ്യാപിച്ചു. ഈ സമരമാണ് ഒരു ദേശീയ നേതാവെന്ന നിലയിൽ ഗാന്ധിജിയെ കർഷകരുടെ ഇടയിൽ അതിപ്രശസ്തനാക്കിയത്. ഗാന്ധിജി രാജ്യത്തുടനീളം സഞ്ചരിച്ചു. അദ്ദേഹം സന്ദർശിക്കുന്ന സ്ഥലങ്ങളിലെല്ലാം വിദേശവസ്തുക്കൾ കൂട്ടിയിട്ട് കത്തിച്ചു. ആയിരക്കണക്കിനാളുകൾ ഗവൺമെന്റ് ജോലിവിട്ടു. വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചു. അഭിഭാഷകർ തങ്ങളുടെ ജോലി ഉപേക്ഷിച്ചു. ബ്രിട്ടീഷ് വസ്തുക്കളും ബ്രിട്ടീഷ് സ്ഥാപനങ്ങളും ബഹിഷ്കരിച്ചു. വെയിൽസ് രാജകുമാരന്റെ ഇന്ത്യാ സന്ദർശന ബഹിഷ്കരണം വിജയകരമായിരുന്നു.

ഇന്നത്തെ ഉത്തർപ്രദേശിലെ ഗോരഖ് പൂരിനടുത്തുള്ള ഒരുഗ്രാമമാണ് ചൗരിചൗരാ. 1922 ഫെബ്രുവരി 5-ന് ദേശീയവാദികൾ ജാഥ നടത്തിക്കൊണ്ടിരിക്കുമ്പോൾ പോലീസ് അനാവശ്യമായി പ്രകോപിപ്പിച്ചു. ജനക്കൂട്ടം തങ്ങളേക്കാൾ അധികമാണെ ന്ന് മനസ്സിലാക്കിയ പോലീസുകാർ സ്റ്റേഷനുള്ളിൽ കയറി വാതിലടച്ചു. ജനക്കൂട്ടം പോലീസ് സ്റ്റേഷൻ കത്തിച്ചു. 22 പോലീസുകാർ മരിക്കാനിടയായി. ഗാന്ധിജി പെട്ടെന്ന് തന്നെ നിസ്സഹകരണ പസ്ഥാനം പിൻവലിച്ചു.

(b) സ്വരാജ്യകക്ഷി



സി.ആർ. ദാസ്



മോത്തിലാൽ നെഹ്റു

അതിനിടയിൽ കോൺഗ്രസ് രണ്ടായി വിഭജിക്കപ്പെട്ടു 'മാറ്റം ആവശ്യമാണെന്ന് വാദിച്ചവരും' (Pro changers) 'മാറ്റം ആവശ്യമില്ല എന്നു വാദിച്ചവരും' (No changers) മാണവർ. മോത്തിലാൽ നെഹ്റുവിന്റേയും, സി.ആർ ദാസിന്റെയും നേതൃത്വത്തിൽ ചില കോൺഗ്രസ്സുകാർ തെരഞ്ഞെടുപ്പിൽ മത്സരിച്ച് നിയമസഭയിൽ അംഗമാകണം എന്നും ആവശ്യപ്പെട്ടു. ദേശതാത്പര്യത്തിനായി ദ്വിഭരണ നിയമസഭയിൽ അംഗങ്ങളായിചേർന്ന് കോളനി ഗവൺമെന്റിനെ ഇല്ലാതാക്കാൻ ശ്രമിക്കുന്നതാണ് നല്ലതെന്ന് ഇവർ വാദിച്ചു. ഇവരാണ് മാറ്റം ആവശ്യമാണെന്ന് വാദിച്ചവർ. ഗാന്ധിജിയുടെ വിശ്വസ്ത അനുയായികളായ വല്ലഭായ് പട്ടേൽ, സി. രാജാജി തുടങ്ങിയവർ നിസ്സഹകരണം തുടരണമെന്ന് വാദിച്ചു. ഇവരാണ് മാറ്റം ആവശ്യമില്ല എന്ന് വാദിച്ചവർ. ഈ എതിർപ്പിനിടയിൽ മോത്തിലാൽ നെഹ്റുവും സി. ആർ. ദാസും

X Std - History Malayalam Unit-8.indd 94 1/27/2023 10:03:06 AM

ചേർന്ന് 1923 ജനുവരി ഒന്നിന് സ്വരാജ്യകക്ഷി രൂപീകരിച്ചു. പിന്നീട് കോൺഗ്രസ്സിന്റെ പ്രത്യേക യോഗം ഇത് അഗീകരിച്ചു. സ്വരാജ്യ കക്ഷി അംഗങ്ങൾ ധാരാളം പേർ തെരഞ്ഞെടുപ്പിൽ ജയിച്ച് സാമ്രാജ്യത്വ നിയമസഭാംഗങ്ങളും (Imperial Legislative Council). പ്രാദേശിക നിയമസഭാംഗങ്ങളുമായി. ഇവർ തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് ഈ ഭരണസമിതിയെ ഏറ്റവും നന്നായി ഉപയോഗിച്ചു. ഗവൺമെന്റിനോട് സഹകരിക്കുവാൻ താത്പര്യമില്ലാത്തതിനാൽ മാറ്റിയ വകുപ്പുകളുടെ ചുമതല വഹിക്കുവാൻ അവർ വിസമ്മതിച്ചു. കോളനി ഗവൺമെന്റ് തങ്ങളുടെ തനിനിറം വെളിപ്പെടുത്തി എന്നാൽ 1925-ൽ സി.ആർ. ദാസിന്റെ മരണത്തോടെ സ്വരാജ്യകക്ഷി ക്ഷയിച്ചുതുടങ്ങി.

1919-ലെ ഇന്ത്യാ ഗവൺമെന്റ് നിയമം മൂലം കൊണ്ടു വന്നതാണ് ദ്വിഭരണം അഥവാ ഇരട്ട ഗവൺമെന്റ്. 1919-ലെ ഈ നിയമം അധികാരത്തെ വിഭജിച്ചു. ധനകാര്യം പ്രതിരോധം, നിയമപാലനം, നീതിന്യായവകുപ്പ്, ഭൂനികുതി, ജലസേചനം എന്നീവകുപ്പുകൾ ബ്രിട്ടീഷ് അധികാരത്തിൻ കീഴിലാക്കി. മറ്റുവകുപ്പുകളായ തദ്ദേശ സ്വയംഭരണം, വിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതുജന സേവനം, കൃഷി, വനം, മീൻപിടിത്തം എന്നിവ ഇന്ത്യൻ മന്ത്രിസഭയുടെ നിയന്ത്രണത്തിലാക്കി. ഈ സമ്പ്രദായം അവസാനിച്ചത് 1935-ലെ പ്രാദേശികസ്വയം ഭരണനിയമം കൊണ്ടുവന്നതിലൂടെയാണ്.

(c) ഗാന്ധിജിയുടെ സൃഷ്ടിപരമായ പ്രവർത്തനപരിപാടികൾ

ചൗരിചൗരാ സംഭവത്തിനു ശേഷം ഗാന്ധിജി സന്നദ്ധ സേനാപ്രവർത്തക്ക് അഹിംസാരീതിയിലുള്ള സമരം നയിക്കുന്നതിനുള്ള പരിശീലനം നൽകി. ഇതിന്റെ ഭാഗമായി ഖാദി, ഹിന്ദു മുസ്ലീം ഐക്യം, തീണ്ടായ്മ നിരോധനം എന്നിവയെ പ്രോത്സാഹിപ്പിക്കാൻ തുടങ്ങി. ഗാന്ധിജി കോൺഗ്രസ്സുകാരോട് ഇപ്രകാരം അഭ്യർത്ഥിച്ചു. "നിങ്ങൾ നിങ്ങളുടെ ഗ്രാമങ്ങളിലേക്ക് പോയി ഖാദി, ഹിന്ദു-മുസ്ലീം ഐക്യം, തീണ്ടായ്മക്കെതിരെയുള്ള പ്രവർത്തനം എന്നിവ പ്രചരിപ്പിക്കുക. ഇന്ത്യൻയുവാക്കളെ നിങ്ങളുടെ വശത്താക്കുക ഇവരായിരിക്കും സ്വരാജിന്റെ യഥാർത്ഥ പടയാളികൾ". അദ്ദേഹം എല്ലാ കോൺഗ്രസ്സുകാരെയും ഖദർ ധരിക്കാൻ നിർബ്ബന്ധിച്ചു. ഇന്ത്യൻ ദേശീയ നെയ്ത്ത് സംഘടന രൂപികരിച്ചു.

(d) സൈമൺ കമ്മീഷൻ ബഹിഷ്കരണം

1927 നവംബർ 8-ന് ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യൻ സ്റ്റാറ്റ്യൂട്ടറി കമ്മീഷനെ നിയമിച്ചു. സർ ജോൺ, സൈമണിന്റെ നേതൃത്വത്തിലുള്ള ഏഴംഗസംഘമായിരുന്നു ഇത്. അതിനാൽ ഇത് സൈമൺ കമ്മീഷൻ എന്ന് അറിയപ്പെട്ടു. ഈ കമ്മീഷനിലുണ്ടായിരുന്നവരെല്ലാം ബ്രിട്ടീഷുകാരായിരുന്നു. ഒരിന്ത്യക്കാരൻ പോലും ഇതിൽ ഉണ്ടായിരുന്നില്ല സ്വന്തം ഭരണഘടന രൂപീകരിക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടതിൽ ഇന്ത്യക്കാർ കോപാകുലരായി. ഇന്ത്യയിലെ എല്ലാ വിഭാഗങ്ങളും കോൺഗ്രസ്സും, മുസ്ലീംലീഗും ഉൾപ്പെടെ എല്ലാവരും ഈ കമ്മീഷനെ ബഹിഷ്കരിക്കാൻ തീരുമാനിച്ചു. ഈ കമ്മീഷൻ പോകുന്നിടത്തെല്ലാം "സൈമനേ തിരിച്ചുപോകൂ' (Go back Simon) എന്ന് മുദ്രവാക്യം മുഴക്കി, കറുത്ത കൊടികാണിച്ച് ഇന്ത്യക്കാർ പ്രതിഷേധിച്ചു. പ്രതിഷേധിച്ചവരെ പോലീസ് ക്രൂരമായി മർദ്ദിച്ചു. ഇതുപോലെ ലാഹോറിൽ വച്ച് നടന്ന പ്രതിഷേധത്തിൽ പോലീസുകാർ ലാലാ ലജ്പത്റായിയെ ക്രൂരമായി മർദ്ദിച്ചു. മർദ്ദനമേറ്റ അദ്ദേഹം കുറച്ചു ദിവസത്തിനകം മരണമടഞ്ഞു.



'സൈമനേ തിരിച്ചുപോകൂ' പ്രതിഷേധം


(e) നെഹ്റുവിന്റെ റിപ്പോർട്ട്

സൈമൺ കമ്മീഷൻ ബഹിഷ്കരണം ഇന്ത്യൻ രാഷ്ട്രീയ പാർട്ടികൾക്കിടയിൽ ഐക്യമുണ്ടാക്കി. 1928-ൽ ചേർന്ന സർവ്വകക്ഷി സംയുക്ത സമ്മേളനം, സൈമൺ കമ്മീഷന്റെ നിർദ്ദേശങ്ങൾക്കു പകരമായി. ഇന്ത്യൻ ഭരണഘടന നിർമ്മിച്ച് നൽകണമെന്നു തീരുമാനിച്ചു. ഇതിനായി മോത്തിലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഒരു സമിതി രൂപികരിച്ചു. ഭരണഘടന രൂപീകരണത്തിനായുള്ള തത്വങ്ങൾ ക്രോഡീകരിക്കാൻ ഈ സമിതിയെ ചുമതലപ്പെടുത്തി. ഈ സമിതിയുടെ റിപ്പോർട്ടാണ് നെഹ്റുവിന്റെ റിപ്പോർട്ട് എന്ന് അറിയപ്പെടുന്നത്. ഇതിലെ ശുപാർശകൾ.

- ഇന്ത്യക്ക് സ്വയഭരണാധികാരം നൽകണം (Dominion Status).
- യോജിപ്പിച്ചതും ഇടകലർന്നതുമായ നിയോജകമണ്ഡലങ്ങൾ ഉൾപ്പെടുത്തി വേണം കേന്ദ്രനിയമസഭയിലും, പ്രാദേശിക നിയമസഭയിലും തെരഞ്ഞെടുപ്പു നടത്തേണ്ടത്.

X Std - History Malayalam Unit-8.indd 95 1/27/2023 10:03:06 AM

- മുസ്ലീംന്യൂനപക്ഷമേഖലയിൽ കേന്ദ്രനിയമസഭയിലേക്കും പ്രാദേശിക നിയമസഭയിലേക്കും മുസ്ലീംകൾക്കു സംവരണസീറ്റ് നൽകണമെന്നും, ഹിന്ദു ന്യൂനപക്ഷ മേഖലയായ വടക്കുപടിഞ്ഞാറൻ പ്രദേശത്തു ഹിന്ദുക്കൾക്ക് സംവരണ സീറ്റു നൽകണമെന്നും ശുപാർശ ചെയ്തു.
- അടിസ്ഥാന അവകാശങ്ങളും പ്രായപൂർത്തി വോട്ടവകാശവും നൽകണമെന്നും വ്യവസ്ഥ ചെയ്തു.


മുഹമ്മദലി ജിന്ന

കേന്ദ്രനിയമ സഭയിലേക്ക് സംവരണം വേണം എന്ന ഭേദഗതി കൊണ്ടുവരാൻ മുഹമ്മദലി ജിന്ന ആവശ്യപ്പെട്ടു മൂന്നിലൊന്ന് സീറ്റുകൾ മുസ്ലീംങ്ങൾക്ക് സംവരണം ചെയ്യണമെന്ന് ജിന്ന ആവശ്യപ്പെട്ടു. തേജ് ബഹദൂർഷ ഇതിനെ അനുകൂലിച്ചു. ഇത് വലിയ വ്യത്യാസം കൊണ്ടുവരില്ല എന്നായിരുന്നു തേജ് ബഹദൂർ പറഞ്ഞത്. എന്നാൽ സർവ്വ കക്ഷി സംയുക്ത സമ്മേളനത്തിൽ ഇത് പരാജയപ്പെട്ടു. പിന്നീട് ജിന്ന 14-ഇന പ്രമേയം കൊണ്ടുവന്നു. ഇതും സർവ്വ കക്ഷി സമ്മേളനം നിരാകരിച്ചു. ഹിന്ദു -മുസ്ലീം ഐക്യത്തിന്റെ പ്രതിനിധിയായിരുന്ന ജിന്നയുടെ നിലപാടിൽ മാറ്റങ്ങൾ ഉണ്ടാവുകയും പ്രത്യേക മുസ്ലീം രാഷ്ട്രം എന്ന ആവശ്യം ഉന്നയിക്കാൻ കാരണമാകുകയും ചെയ്തു.

8.4 പൂർണ്ണ സ്വരാജ്യത്തിനു വേണ്ടിയുള്ള സമരവും നിയമലംഘന പ്രസ്ഥാനവും

ഇതിനിടയിൽ ചില കോൺഗ്രസ്സുകാർ ഡൊമീനിയൻ പദവികൊണ്ട് തൃപ്തരാകരുതെന്നും പൂർണ്ണസ്വാതന്ത്ര്യമാണ് തങ്ങളുടെ ആവശ്യമെന്നും അറിയിച്ചു. 1929 ഡിസംബറിൽ ലാഹോറിൽ വച്ച് നടന്ന കോൺഗ്രസ്സ് സമ്മേളനത്തിന്റെ അധ്യക്ഷൻ ജവഹർലാൽ നെഹ്റു ആയിരുന്നു. ഈ സമ്മേളനത്തിൽ വച്ച് പൂർണ സ്വരാജാണ് (പൂർണ സ്വാതന്ത്ര്യം) തങ്ങളുടെ ലക്ഷ്യമെന്ന് പ്രഖ്യാപിച്ചു. മാത്രമല്ല ഒന്നാം വട്ടമേശ സമ്മേളനം ബഹിഷ്കരിക്കാനും നിയമലംഘന പ്രസ്ഥാനം കൊണ്ടുവരാനും തീരുമാനിച്ചു. 1930 ജനുവരി 26-ാം തിയതി സ്വാതന്ത്ര്യ ദിനമായി പ്രഖ്യാപിച്ചു. രാജ്യം മുഴുവനും പൂർണസ്വാതന്ത്ര്യത്തിൽ കവിഞ്ഞ് ഒന്നു കൊണ്ടും തൃപ്തരാവില്ല എന്ന് പ്രഖ്യാപിച്ചു. അതിന്റെ ലക്ഷ്യപ്രാപ്തിക്കായി നിയമലംഘന പ്രസ്ഥാനവും നികുതി ചെലുത്താതിരിക്കലും കൊണ്ടുവന്നു. ഇന്ത്യൻ ദേശീയ കോൺഗ്രസ് ഇത് നടപ്പാക്കാനായി ഗാന്ധിജിയെ ഭരമേൽപ്പിച്ചു.

(a) ഉപ്പു സത്യാഗ്രഹപ്രസ്ഥാനം

ചില ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വൈസ്രോയിയായ ഇർവിൻ പ്രഭുവിന് 1930 ജനുവരി 31-ന് ഒരു അന്ത്യശാസനം കൊടുത്തു. അതിൽ ഉൾപ്പെട്ടവ:

- സൈന്യത്തിന്റേയും സിവിൽ സർവ്വീസിന്റേയും ചെലവ് 50% ആയി കുറയ്ക്കുക.
- മൊത്തത്തിലുള്ള നിരോധനം കൊണ്ടുവരുക.
- എല്ലാ രാഷ്ട്രീയ തടവുകാരെയും മോചിപ്പിക്കുക.
- ഭൂനികുതി 50% കുറയ്ക്കുക.
- ഉപ്പുനികുതി നിരോധിക്കുക.



ഗാന്ധിജിയുടെ ദണ്ഡിയാത്ര

വൈസ്രോയി തങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കുന്നില്ല എന്നു മനസ്സിലായപ്പോൾ ഗാന്ധിജി നിയമലംഘന പ്രസ്ഥാനം ആരംഭിച്ചു. ഉപ്പു നികുതി നിരോധിക്കുക എന്ന തീരുമാനം ഇതിൽ ഉൾപ്പെടുത്തിയത് തന്ത്രപരമായ തീരുമാനമായിരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ബാധിക്കുന്ന പ്രശ്നമായിരുന്നു ഉപ്പു നികുതി. ഇതിനാൽ നിയമലംഘന പ്രസ്ഥാനം വലിയ ജനപങ്കാളിത്തമുള്ള സമരമായിമാറി. പ്രത്യേകിച്ച് എല്ലാവിഭാഗങ്ങളിലുമുള്ള ജനങ്ങളും സ്ത്രീകളും, തെരുവിലിറങ്ങി. 1930 മാർച്ച് 12-ന് നേരം പുലർന്നപ്പോൾ ഗാന്ധിജി സബർമതി ആശ്രമത്തിൽ നിന്നും78 സഹചാരികളോടൊപ്പം യാത്ര പുറപ്പെട്ടു. ഈ യാത്രയിൽ 100 കണക്കിന് ജനങ്ങൾ ചേർന്നു. 61 വയസ്സായ ഗാന്ധിജി 241 മൈൽ 24 ദിവസം കൊണ്ട് സഞ്ചരിച്ച് 1930 ഏപ്രിൽ 5-ാം തിയ്യതി സന്ധ്യാസമയത്ത് ദണ്ഡി കടൽപ്പുറത്ത് എത്തിച്ചേർന്നു. പിറ്റേന്ന് രാവിലെ ഉപ്പു നിയമംലംഘിക്കാനുള്ള ദീപം തെളിച്ചു.

രാജാജി വേദാരണ്യത്തിൽ ഉപ്പുണ്ടാക്കുന്നു

തമിഴ്നാട്ടിൽ, സി. രാജാജി ഇതുപോലെ തന്നെ ഉപ്പു നിയമം ലംഘിക്കാനായി തിരുച്ചിറപ്പള്ളിയിൽ നിന്നും വേദാരണ്യത്തിലേക്ക് ജാഥനയിച്ച് ഉപ്പുണ്ടാക്കി ഉപ്പുനിയമം ലംഘിച്ചു. കേരളം, ആന്ധ്ര, ബംഗാൾ എന്നിവിടങ്ങളിലും ഉപ്പുനിയമം ലംഘിക്കപ്പെട്ടു. വടക്കുപടിഞ്ഞാറൻ പ്രവിശ്യയിൽ ഖാൻ അബ്ദുൾ ഗാഫർ ഖാൻ ഇതിന് നേതൃത്വം നൽകി. ചുവപ്പു കുപ്പായക്കാർ എന്നറിയപ്പെടുന്ന 'കൂടൈ കിഡ്മാറ്റ്ഗർ' എന്ന സംഘടന രൂപീകരിച്ചു. ഗാന്ധിജിയെ പാതിരാത്രിയിൽ തന്നെ അറസ്റ്റ് ചെയ്ത് യർവാദാ ജയിലിലടച്ചു.

X Std - History Malayalam Unit-8.indd 96 1/27/2023 10:03:06 AM

ജവഹർലാൽനെഹ്റു, ഖാൻ അബ്ദുൾ ഗാഫർ ഖാൻ മറ്റ് നേതാക്കൻമാർ എന്നിവരെയെല്ലാം ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തു. അടുത്തതായി വിദേശ വസ്തു, വസ്ത്രം എന്നിവയുടെ ബഹിഷ്കരണ സമരം തുടർന്നു. മദ്യശാലകൾ ഉപരോധിച്ചു. നികുതി ചെലുത്താതിരുന്നു. വനനിയമങ്ങൾ ലംഘിച്ചു ഇങ്ങനെയുള്ള സമരരീതികൾ സ്വീകരിച്ചു. സ്ത്രീകളും കർഷകരും ആദിവാസികളും, വിദ്യാർത്ഥികളും കുട്ടികൾ പോലും ദേശവ്യാപകമായി പോരാട്ടങ്ങളിൽ പങ്കെടുത്തു. ഇത് ഇന്ത്യ കണ്ട ഏറ്റവും വലിയ പോരാട്ടമായിരുന്നു.



രാജാജി വേദാരണ്യത്തിൽ ഉപ്പുണ്ടാക്കുന്നു

ബ്രിട്ടീഷുകാർ 1865-ൽ ആദ്യമായി വന നിയമം പ്രാബല്യത്തിൽ കൊണ്ടുവന്നു. വനത്തിൽ. നിന്നും വിറക്, കാലിത്തീറ്റ, മറ്റ് വസ്തുക്കളായ തേൻ, വിത്തുകൾ, പരിപ്പുകൾ, ഔഷധസസ്യങ്ങൾ എന്നിവ ശേഖരിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തി. 1878-ലെ ഇന്ത്യൻ വനനിയമമനിസരിച്ച് വനത്തിന്റെ യഥാർത്ഥ ഉടമസ്ഥർ ഗവൺമെന്റാണെന്ന് നിശ്ചയിച്ചു. പാഴ്ഭൂമി, തരിശുഭൂമി എന്നിവ വനത്തോടു ചേർത്തു. ആദിവാസികൾ ചെയ്തുകൊണ്ടിരുന്ന വിളമാറ്റ്കൃഷി (Shifting Cultivation) നിരോധിച്ചു. വനത്തിന്റെ അന്യവൽക്കരണത്തിൽ ദു:ഖിതരായ ആദിവാസികളും, ദേശീയവാദികളും ശക്തമായി പ്രതിരോധിച്ചു.

രാംപയിലെ അല്ലൂരി സിറ്റരാമ രാജുവിന്റെ നേതൃത്വത്തിൽ ആദിവാസിവിഭാഗങ്ങൾ തുടർച്ചയായി പോരാടി. ആദിവാസികളുടെ പ്രദേശമായ പൂർവ്വഘട്ടത്തെ (വിശാഖപട്ടണം മുതൽ ഗോദാവരി ജില്ല വരെയുള്ള വനപ്രദേശം) രാജു തന്റെ വീടാക്കിമാറ്റി. രാംപ ആദിവാസികളുടെ താത്പര്യങ്ങൽ സംരക്ഷിക്കുന്നതിനായി അഴിമതിക്കാരായ ഉദ്യോഗസ്ഥരോട് പോരാടാനുള്ള രാജുവിന്റെ ശ്രമങ്ങൾ മൂലം ബ്രിട്ടീഷുകാർ അദ്ദേഹത്തിന്റെ ജീവൻ ലക്ഷ്യമാക്കി, ഈ പ്രക്ഷോഭം (1922-2+4) അടിച്ചമർത്താൻ പ്രത്യേക മലബാർ പോലീസ് സംഘത്തെ അയച്ചു. അല്ലൂരി സിറ്റ രാമ രാജു വനവാസികൾക്കായി രക്തസാക്ഷിത്വം വരിച്ചു.

(b) വട്ടമേശ സമ്മേളനങ്ങൾ

ഈ പോരാട്ടങ്ങൾക്കിടയിൽ ഒന്നാം വട്ടമേശ സമ്മേളനം 1930 നവംബറിൽ ലണ്ടനിൽ നടന്നു. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന റാംസെ മക്ഡൊനാൾഡ് ഫെഡറൽ സംവിധാനത്തോടുകൂടിയ പ്രവിശ്യാസ്വയംഭരണം വാഗ്ദാനം ചെയ്തു ന്യൂന പക്ഷങ്ങൾക്ക് പ്രത്യേക നിയോജക മണ്ഡലം നൽകുന്നതിൽ തീരുമാനം ഉണ്ടായില്ല. നേതാക്കൻമാർ ജയിലിലായതിനാൽ കോൺഗ്രസ്സ് ഇതിൽ പങ്കെടുത്തില്ല.

(c) ഗാന്ധി-ഇർവിൻ ഉടമ്പടി

ഇർവിൻ പ്രഭുവും ഗാന്ധിജിയും തമ്മിൽ നടന്ന ചർച്ച 1931 മാർച്ച് 5-ന് നടന്ന ഗാന്ധിജി-ഇർവിൻ ഉടമ്പടിയ്ക്ക് വഴി തുറന്നു. അക്രമണങ്ങളിൽ ഏർപ്പെടാത്ത രാഷ്ട്രീയ തടവുകാരെ, വിട്ടയക്കാനും, പിടിച്ചെടുത്ത നിലങ്ങൾ വിട്ടുകൊടുക്കാനും, രാജിവച്ച ഉദ്യോഗസ്ഥരോട് മാന്യമായി പെരുമാറണം എന്നുമുള്ള ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടു. തീരദേശവാസികൾക്ക് അക്രമമില്ലാതെ പിക്കറ്റിംഗ് നടത്താനും സ്വന്തമായ ആവശ്യങ്ങൾക്ക് ഉപ്പുണ്ടാക്കാനും അനുവാദം കൊടുത്തു. നിയമ ലംഘനപ്രസ്ഥാനം പിരിച്ചു വിടാനും, രണ്ടാം വട്ടമേശ സമ്മേളനത്തിൽ പങ്കെടുക്കാനും കോൺഗ്രസ്സ് സമ്മതിച്ചു. 1931 സെപ്റ്റംബർ 7-ന് ആരംഭിച്ച രണ്ടാം വട്ടമേശസമ്മേളനത്തിൽ ഗാന്ധിജി പങ്കെടുത്തു. ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക നിയോജക മണ്ഡലം എന്നതിനെ ഗാന്ധിജി അംഗീകരിച്ചില്ല. ഇതിനാൽ ഒരു പ്രയോജനവുമില്ലാതെ രണ്ടാം വട്ടമേശ സമ്മേളനം അവസാനിച്ചു.




രണ്ടാം വട്ടമേശ സമ്മേളനം - ലണ്ടൻ

(d) നിയമലംഘന പ്രസ്ഥാനത്തിന്റെ തിരിച്ചുവരവ്

ഇന്ത്യയിലേക്ക് തിരിച്ചു വന്ന ഗാന്ധിജി നിയമലംഘന പ്രസ്ഥാനം വീണ്ടും ആരംഭിച്ചു. സമരത്തെ നേരിടാൻ ഗവൺമെന്റ് തയ്യാറായി. 1932 ജനുവരി 4-ന് സൈനികനിയമം പ്രയോഗിച്ച് അറസ്റ്റ് ചെയ്തു. താമസിയാതെ മറ്റ് കോൺഗ്രസ്സ്

X Std - History Malayalam Unit-8.indd 97 1/27/2023 10:03:06 AM

നേതാക്കളേയും അറസ്റ്റ് ചെയ്തു. ഉപരോധവും പ്രതിഷേധവും നടത്തിയ ജനങ്ങളെ സൈന്യത്തെ ഉപയോഗിച്ച് അടിച്ചമർത്തി



നിയമലംഘന പ്രസ്ഥാനത്തിനുള്ള ആഹ്വാനം

ഇതിനിടയിൽ 1932 നവംബർ 17 മുതൽ ഡിസംബർ 24 വരെ മൂന്നാം വട്ടമേശ സമ്മേളനം നടന്നു നിയമലംഘന പ്രസ്ഥാനം തുടർന്നതിനാൽ മൂന്നാം വട്ടമേശസമ്മളനത്തിൽ കോൺഗ്രസ്സ് പങ്കെടുത്തില്ല.

(e) സാമുദായിക പ്രാതിനിധ്യ അവാർഡും പൂനാ ഉടമ്പടിയും

1932 ആഗസ്റ്റ് 16-ന് റംസേ മക്ഡൊണാൾഡ് സാമുദായിക പ്രാതിനിധ്യ അവാർഡ് പ്രഖ്യാപിച്ചു. മുസ്ലീം, സിക്ക്, ക്രിസ്ത്യൻ, ആംഗ്ളോഇന്ത്യക്കാർ, സ്ത്രീകൾ, അധ:കൃതർ എന്നിവർക്ക് പ്രത്യേക നിയോജക മണ്ഡലം നൽകി. അധ:കൃതരെ ന്യൂനപക്ഷങ്ങളുടെ പട്ടികയിൽ ചേർത്തതിനെ ഗാന്ധിജി ശക്തമായി എതിർത്തു. ഇത് ഹിന്ദുക്കളെ വിഭജിക്കുക മാത്രമല്ല തീണ്ടായ്മക്കെതിരെയുള്ള പ്രവർത്തനം അർത്ഥശൂന്യമാക്കുകയും ഹിന്ദുക്കളിൽ നിന്നും അധ:കൃതരെ വ്യത്യസ്തരായി കണക്കാക്കുമെന്നും ഗാന്ധിജി വാദിച്ചു. എങ്കിലും ഗാന്ധിജി സീറ്റുകൾ സംവരണം ചെയ്തതിനെ അനുകൂലിച്ചു. എന്നാൽ അധ:കൃതരുടെ നേതാവായ അംബേദ്കർ പ്രത്യേക നിയോജകമണ്ഡലം വേണമെന്നും അതിലൂടെ രാഷ്ട്രീയത്തിൽ പ്രവേശിക്കാൻ അവസരം ലഭിക്കുമെന്നും രാഷ്ട്രീയ പ്രാതിനിധ്യവും അധികാരവും ലഭിക്കുമെന്നും വാദിച്ചു. മദൻ മോഹൻ മാളവ്യ, രാജേന്ദ്രപ്രസാദ്, തുടങ്ങിയവർ അംബേദ്കറോടും,എം. സി രാജയോടും ചർച്ചചെയ്തു. നീണ്ട ചർച്ചകൾക്ക്ശേഷം ഗാന്ധിജിയും അബേദ്കറും തമ്മിൽ ഉടമ്പടിചെയ്തു. ഇത് പൂനാ ഉടമ്പടി എന്ന് അറിയപ്പെടുന്നു.

- പ്രത്യേക നിയോജക മണ്ഡലം എന്നത് ഉപേക്ഷിച്ചു ഇതിനുപകരമായി ഒന്നിച്ചുള്ള നിയോജകമണ്ഡലവും സംവരണ സീറ്റുകളും അധ:കൃതർക്കായി മാറ്റിവച്ചു.
- അധ:കൃതരുടെ സംവരണസീറ്റുകളുടെ എണ്ണം 71-ൽ നിന്നും 148 ആക്കി. കേന്ദ്രനിയമ സഭയിൽ 18 ശതമാനം സീറ്റുകൾ സംവരണം ചെയ്തു.

(f) തീണ്ടായ്മക്കെതിരെയുള്ള പ്രചാരണം



ഡോ. ബി.ആർ. അംബേദ്കർ

ഗാന്ധിജി അടുത്ത ചില വർഷങ്ങൾ തീണ്ടായ്മ ഇല്ലാതാക്കാനായി അർപ്പണ ബോധത്തോടെ പ്രവർത്തിച്ചു. അംബേദ്കറോടൊപ്പമുള്ള പ്രവർത്തനം ഗാന്ധിജിയിൽ ജാതി വ്യവസ്ഥയോടുള്ള കാഴ്ചപ്പാടിൽ മാറ്റം വരുത്തി. സത്യാഗ്രഹത്തിന്റെ സ്ഥാനം വാർധ ആശ്രമത്തിലേക്ക് മാറ്റി. അദ്ദേഹം ഇന്ത്യയിലുടനീളം ഹരിജന യാത്ര എന്നപേരിൽ ഒരുയാത്ര നടത്തി. ഹരിജനങ്ങളോടുള്ള വിവേചനം ഇല്ലാതാക്കുന്നതിന് ഹരിജൻ സേവക് സംഘം തുടങ്ങി. അദ്ദേഹം അധ:കൃതരുടെ ഇടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും, വ്യത്തിയും വെടിപ്പും ശീലിപ്പിക്കുകയും മദ്യപാനശീലത്തെ ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്തു. ഇതിനായി രണ്ട് ഉപവാസങ്ങൾ 1933-ൽ നടത്തി. ഇതിലെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനം ക്ഷേത്ര പ്രവേശന പ്രസ്ഥാനമാണ്. 1933 ജനുവരി 8-ന് ക്ഷേത്രപ്രവേശന ദിനമായി ആചരിച്ചു.

8.5 സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളുടെ ആരംഭം




എം.എൻ. റോയി

1917-ലെ റഷ്യൻ വിപ്ലവത്തിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് 1920-ൽ ഉസ്ബക്കിസ്ഥാനിലെ താഷ്ഖണ്ഡിൽവച്ച് 'കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (CPI) സ്ഥാപിച്ചു. എം.എൻ. റോയി, അബ്ബാനി മുഖർജി, എം.പി.റ്റി. ആചാര്യ എന്നിവരാണ് ചില സ്ഥാപകാംഗങ്ങൾ. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ അടിച്ചമർത്താൻ ഇന്ത്യയിലെ ബ്രിട്ടീഷ് സർക്കാർ തീവ്രമായ ശ്രമങ്ങൾ നടത്തി. അതിനായി 1920-കളിൽ കള്ളക്കേസുകളുടെ പരമ്പരതന്നെ ഉണ്ടാക്കി കമ്മ്യൂണിസത്തിന്റെ ഭീഷണി ഒഴിവാക്കാനായി എം എൻ റോയി. എസ്. എ. ഡാങ്കേ, മുസ്സഫർ അഹമ്മദ്, എം സിങ്കാരവേലർ തുടങ്ങിയവരെ അറസ്റ്റ് ചെയ്ത് 1924-ലെ കാൺപൂർ ഗൂഡാലോചന കേസ് ചുമത്തി.

X Std - History Malayalam Unit-8.indd 98 1/27/2023 10:03:06 AM

(a) കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപനം


എസ്.എ. ഡാങ്കേ


കമ്മ്യൂണിസ്റ്റുകാർ തങ്ങളുടെ കാഴ്ചപ്പാടുകൾ പ്രചരിപ്പിക്കുന്നതിനും, ബ്രിട്ടീഷ് ഭരണത്തിന്റെ തനിനിറം തുറന്നുകാട്ടുന്നതിനും വേദികൾ ഉപയോഗിച്ചു. 1925-ൽ കാൺപൂരിൽ ചേർന്ന ഇന്ത്യൻ കമ്മ്യൂണിസ്റ്റ്സമ്മേളനം ഒരു പാർട്ടി രൂപീരിക്കുന്നതിനായിട്ടായിരുന്നു. ശിങ്കാരവേലൻ അധ്യക്ഷ പ്രസംഗം നടത്തി ഈ പ്രസംഗം കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ ഇന്ത്യൻ മണ്ണിൽ സ്ഥാപിക്കുന്നതിന് കാരണമായി കമ്മ്യൂണിസ്റ്റ് തൊഴിലാളികളുടേയും, കർഷകരുടേയും സംഘടനകൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചു. 1920-കളിൽ ധാരാളം സമരങ്ങൾ സംഘടിപ്പിച്ചു. ഈ ദിശയിലുള്ള പാർട്ടിയുടെ പുരോഗമന പ്രവർത്തനങ്ങൾ ഇവരുടെ പ്രവർത്തനഫലമായി 1928-ൽ അഖിലേന്ത്യാ തൊഴിലാളി കർഷക പാർട്ടി സ്ഥാപിച്ചു.

(b) വിപ്ലവ പ്രവർത്തനങ്ങൾ

ഗാന്ധിജിയുടെ പെട്ടെന്നുള്ള നിസ്സഹകരണ പ്രസ്ഥാനത്തിന്റെ പിൻവലിക്കൽ യുവാക്കളെ നിരാശരാക്കുകയും അവർ ആക്രമണങ്ങളിലേക്ക് നീങ്ങുകയും ചെയ്തു. സായുധവിപ്ലവത്തിലൂടെ ഗവൺമെന്റിനെ അട്ടിമറിക്കാം എന്ന ഉദ്ദേശത്തോടെ 1924-ൽ ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ ആർമി (HRA) രൂപികരിച്ചു. 1925-ൽ രാം പ്രസാദ് ബിസ്മിൽ, അഷ്ഫഖുള്ള ഖാൻ തുടങ്ങിയവർ സർക്കാരിന്റെ പണവുമായി വന്ന ട്രെയിൻ ലക്നൗവിലെ കക്കോരി ഗ്രാമത്തിനടുത്തുവച്ച് കൊള്ളയടിച്ചു. കക്കോരി ഗൂഡാലോചന കേസ് ചുമത്തി ഇവരെ അറസ്റ്റ് ചെയ്തു. ഇവരിൽനാല് പേരെ വധശിക്ഷയ്ക്ക് വിധേയമാക്കുകയും മറ്റുള്ളവരെ ജയിലിലടക്കുകയും ചെയ്തു.


ഭഗത്സിങ് രാജഗുരു സുഖ് ദേവ്

ഭഗത് സിങും സുഖ്ദേവും, അവരുടെ സുഹൃത്തുക്കളും ചേർന്ന് പഞ്ചാബിൽ HRA പുനഃസംഘടിപ്പിച്ചു. സോഷ്യലിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടരായ ഇവർ ഈ സംഘടനയെ 1928 -ൽ "ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് അസോസിയേഷൻ" എന്ന് പുനർനാമകരണം ചെയ്തു. ലാലാ ലജ്പത്റായിയുടെ മരണത്തിനിടയാക്കിയ ലാത്തിച്ചാർജിന്റെ ഉത്തരവാദിയായ 'സാൻഡേഴ്സ്' എന്ന ബ്രിട്ടീഷ് ഓഫീസർ കൊല്ലപ്പെട്ടു. 1929-ൽ ഭഗത് സിങിനോടൊപ്പം, ആർ. കെ ദത്തും ചേർന്ന് കേന്ദ്ര നിയമസഭയിലേക്ക് പുക ബോംബെറിഞ്ഞു. ഇത് ആരെയും കൊല്ലാൻ ഉദ്ദേശിച്ചായിരുന്നില്ല. അവർ ലഘുലേഖകൾ വലിച്ചെറിഞ്ഞ് 'ഇൻകിലാബ് സിന്ദാബാദ് എന്നും 'തൊഴിലാളിവർഗ്ഗം 'നീണാൾ വാഴട്ടെ എന്നും' മുദ്രാവക്യം മുഴക്കി ഭഗത് സിങിനേയും, രാജഗുരുവിനേയും അറസ്റ്റ് ചെയ്തു വധശിക്ഷയ്ക്ക് വിധിച്ചു. ഭഗത്സിങിന്റെ സാഹസികതയും ശൗര്യവും ഇന്ത്യയിലുടനീളമുള്ള യുവാക്കളുടെ ഭാവനയെ ഉത്തേജിപ്പിച്ചു. ഭഗത്സിങ് ഇന്ത്യമുഴുവനും പ്രശസ്തനായിത്തീർന്നു.


സൂര്യ സെൻ

1930 ഏപ്രിലിൽ ചിറ്റഗോംങ് ആയുധ നിർമ്മാണശാലയിൽ സൂര്യ സെന്നും കൂട്ടുകാരും ചേർന്ന് മിന്നാലാക്രമണം നടത്തുകയും ആയുധ ശേഖരം പിടിക്കുകയും ചെയ്തു. അവർ ചിറ്റഗോങിൽ താത്ക്കാലിക വിപ്ലവ സർക്കാർ സ്ഥാപന പരിശോധനകളെ അവർ അതിജീവിച്ചെങ്കിലും 1933-ൽ സൂര്യസെന്നിനെ പിടിക്കുകയും ഒരുവർഷത്തിനുശേഷം തൂക്കിലേറ്റുകയും ചെയ്തു.

(c) 1930 കളിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ

1930 കളിൽ ലോക വ്യാപകമായ മഹാമാന്ദ്യംമൂലംമുണ്ടായ സാമ്പത്തിക പ്രതിസന്ധിഘട്ടത്തിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ശക്തി പ്രാപിച്ചു. സമ്പത്തിക മാന്ദ്യത്തിന്റെ പ്രത്യാഘാതങ്ങൾ ബ്രിട്ടന്റെ കോളനികളെയും ബാധിച്ചു. വാണിജ്യ, കാർഷിക വരുമാനങ്ങളിലുണ്ടായ ഇടിവ് സാമ്പത്തിക മാന്ദ്യത്തെ പ്രതിഫലിപ്പിക്കുന്നതായിരുന്നു. നികുതി നിർബന്ധ പിരിവ്, ഇത് യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ രണ്ടുമടങ്ങ്കൂടിശ്ശികയായി പിരിച്ചതിനാൽ കാർഷികവിലയിൽ 50% വിലയിടിവുണ്ടായി. കൂടാതെ പ്രചാരത്തിലുള്ള പണം പിൻവലിക്കൽ ജീവനക്കാരെ തിരിച്ചെടുക്കൽ എന്നിവയും അക്കാലത്തുണ്ടായി.


ജയപ്രകാശ് നാരയൺ ആചാര്യ നരേന്ദ്രദേവ് മിന്നു മസാനി

X Std - History Malayalam Unit-8.indd 99 1/27/2023 10:03:06 AM

ഈ സന്ദർഭത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി, കർഷകരുടെ വരുമാനം കുറഞ്ഞതിനും തൊഴിൽശാലകളിലെ തൊഴിലാളികളുടെ കൂലികുറച്ചതിനെതിരെയും തൊഴിലില്ലായ്മക്കെതിരെയും പ്രക്ഷോഭങ്ങൾ നടത്തി. അതിനാൽ 1934-ൽ ഇത് നിരോധിച്ചു. കോൺഗ്രസ്സ് പ്രസ്ഥാനം തീവ്ര ഇടതുപക്ഷവും, തീവ്ര വലതുപക്ഷവും ഒന്നിച്ച് ചേർന്ന് ഏകലക്ഷ്യമായ 'സ്വരാജ്' നുവേണ്ടി പൂർണ്ണശോഭയോടെ ശക്തമായ സംഘടനയായി പ്രവർത്തിച്ചു. 1930-കളിൽ ഇടതു, വലതു കോൺഗ്രസ്സുകാർ തമ്മിൽ പ്രശ്നങ്ങൾ എപ്പോഴും ഉണ്ടാകുമായിരുന്നു. 1934-ൽ ജയപ്രകാശ് നാരായൺ, ആചാര്യനരേന്ദ്രദേവ്, മിന്നോ മസാനി എന്നിവർ ചേർന്ന് കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചു.

"യഥാർത്ഥ സ്വരാജ്യം എന്നത് കുറച്ചു പേർ അധികാരം നേടിയെടുക്കുന്നതിലൂടെയല്ല, മറിച്ച് അധികാര ദുർവിനിയോഗം നടക്കുമ്പോൾ അധികാരത്തെ ചെറുക്കാനുള്ള ശേഷി നേടിയെടുക്കുക എന്നതാണ്.

– എം.കെ. ഗാന്ധി.

8.6 1935-ലെ ഇന്ത്യാഗവൺമെന്റ് നിയമത്തിൻ കീഴിലുള്ള ഒന്നാമത്തെ കോൺഗ്രസ്സ് മന്ത്രിസഭ

നിയമ ലംഘന പ്രസ്ഥാനത്തിന്റെ പ്രധാന ഫലങ്ങളിൽ ഒന്നാണ് 1935-ലെ ഇന്ത്യാഗവൺമെന്റ് നിയമം. ഇതിന്റെ പ്രധാന സവിശേഷത പ്രാദേശിക സ്വയം ഭരണവും കേന്ദ്രത്തിലെ രാജഭരണവുമായിരുന്നു. ഈ നിയമം മൂലം ഇന്ത്യയെ 11 പ്രവിശ്യകളായും ചീഫ് കമ്മീഷണറുടെ 6 പ്രവിശ്യകളായും തിരിച്ചു. രാജാക്കൻമാർക്ക് ഈ സംയുക്തഭരണത്തിൽ ചേരാൻ സ്വയം തീരുമാനിക്കാനും സ്വാതന്ത്ര്യം കൊടുത്തു. പ്രവിശ്യകളിൽ സ്വയം ഭരണത്തിനുള്ള അവകാശവും കൊടുത്തു. എല്ലാ വകുപ്പുകളും ഇന്ത്യൻ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലേക്കുമാറ്റി പ്രവിശ്യകളിലെ രാജ്യഭരണം കേന്ദ്ര ഗവണ്മെന്റിലേക്ക് നീട്ടി. സ്വത്തിന്റെ അടിസ്ഥാനത്തിലുള്ള വോട്ടവകാശം വിപുലീകരിച്ചെങ്കിലും ജനസംഖ്യയിൽ പത്ത് ശതമാനം പേർക്ക് മാത്രമാണ് വോട്ടവകാശം ലഭ്യമായത്. ഈ നിയമത്തിലൂടെ ബർമ്മയെ ഇന്ത്യയിൽ നിന്നും വേർതിരിച്ചു.

(a) കോൺഗ്രസ്സ് മന്ത്രാലയങ്ങളും അവരുടെ പ്രവർത്തനവും


1935-ലെ ഇന്ത്യാഗവൺമെന്റ് നിയമ പ്രകാരം 1937-ൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. നിയമ ലംഘന പ്രസ്ഥാനം മൂലമുണ്ടായ ഏറ്റവും വലിയ പ്രയോജനമായിരുന്നു ഇത്. നിയമസഭ ബഹിഷ്കരിക്കാനുള്ള തീരുമാനം കോൺഗ്രസ്സ് പിൻവലിക്കുകയും തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ തീരുമാനിക്കുകയും ചെയ്തു. പതിനൊന്ന് പ്രവിശ്യകളിൽ ഏഴിലും കോൺഗ്രസ്സ് വിജയിച്ചു. എട്ട് പ്രവിശ്യകളിൽ മന്ത്രാലയങ്ങൾ രൂപികരിച്ചു. അവ മദ്രാസ്, ബോംബെ മദ്ധ്യപ്രദേശം (സെൻട്രൽ പ്രൊവിൻസ്) ഒറീസ്സ, ബീഹാർ, യുണൈറ്റഡ് പ്രൊവിൻസ് വടക്കു പടിഞ്ഞാറൻ പ്രദേശങ്ങൾ എന്നിവയാണ്. ആസ്സാമിൽ മുഹമ്മദ് സാദുള്ളയുമായി ചേർന്ന് സംയുക്ത (സഖ്യ) മന്ത്രിസഭ രൂപീകരിച്ചു. കോൺഗ്രസ്സ് മന്ത്രാലയങ്ങൾ ജനകീയ സർക്കാരായി പ്രവർത്തിക്കുകയും ജനങ്ങളുടെ ആവശ്യങ്ങളോട് പ്രതികരിക്കുകയുംചെയ്തു. മന്ത്രിമാരുടെ മാസശമ്പളം 2000 ത്തിൽനിന്നും 500 രൂപയായി കുറച്ചു. ദേശീയവാദികൾക്കെതിരെ സ്വീകരിച്ച നടപടികൾ റദ്ദാക്കി. ഗവൺമെന്റിന് അടിയന്തര അധികാരങ്ങൾ നൽകിയിരുന്ന നിയമങ്ങൾറദ്ദാക്കി. കമ്മ്യൂണിസ്റ്റ് പാർട്ടി ഒഴികെയുള്ള രാഷ്ട്രീയ സംഘടനകൾക്കുള്ള വിലക്ക് നീക്കി. ദേശീയ മാധ്യമങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ നീക്കം ചെയ്തു. പോലീസിനെ നിയന്ത്രിക്കുകയും, രാഷ്ട്രീയ പ്രസംഗങ്ങൾ രഹസ്യപ്പോലീസ് റിപ്പോർട്ട് ചെയ്യുന്ന രീതിയും നിർത്തലാക്കി. കർഷകരുടെ കടബാധ്യത കുറയ്ക്കുന്നതിനും തൊഴിൽ ശാലകളിലെ തൊഴിലാളികളുടെ അവസ്ഥമെച്ചപ്പെടുത്തുന്നതിനുമുള്ള നിയമനടപടികൾ സ്വീകരിച്ചു ക്ഷേത്ര പ്രവേശനത്തിനുള്ള നിയമനിർമ്മാണം നടത്തി. വിദ്യാഭ്യാസത്തിനും, പൊതുജനാരോഗ്യത്തിനും പ്രത്യേക ശ്രദ്ധകൊടുത്തു.

(b) കോൺഗ്രസ്സ് മന്ത്രാലയങ്ങളുടെ രാജി

1939-ൽ രണ്ടാം ലോകയുദ്ധം പൊട്ടിപ്പുറപ്പെട്ടു. കോൺഗ്രസ്സ് മന്ത്രിസഭയുമായി ആലോചിക്കാതെ കോളനി സർക്കാർ (ബ്രിട്ടൻ) സഖ്യകക്ഷികൾക്കു വേണ്ടി യുദ്ധത്തിൽ പ്രവേശിച്ചു. ഇതിൽ പ്രതിഷേധിച്ച് കോൺഗ്രസ്സ് മന്ത്രിസഭ രാജിവച്ചു. 1940 ആയപ്പോഴേക്ക് പ്രത്യേക സംസ്ഥാനം വേണമെന്ന വാദത്തിന് മൂർച്ചകൂട്ടി.

(c) രണ്ടാം ലോക മഹായുദ്ധകാലത്ത് ദേശീയ പ്രസ്ഥാനം (1939-1945)

1939-ൽ ഗാന്ധിജി പിന്തുണച്ച സ്ഥാനാർത്ഥിയായ സീതാരാമയ്യയെ പരാജയപ്പെടുത്തി സുഭാഷ് ചന്ദ്രബോസ് കോൺഗ്രസ്സ് പ്രസിഡണ്ടായി. ഗാന്ധിജി സുഭാഷ് ചന്ദ്രബോസിനോട് സഹകരിക്കാതിരുന്ന



പട്ടാഭി സീതാരാമയ്യാ


X Std - History Malayalam Unit-8.indd 100 1/27/2023 10:03:06 AM

തിനാൽ സുഭാഷ് ചന്ദ്രബോസ് സ്ഥാനം രാജി വെച്ച് ഫോർവേർഡ് ബ്ലോക്ക് എന്ന കക്ഷിതുടങ്ങി.

8.7 സംഭവവികാസങ്ങൾ - ക്വിറ്റ് ഇന്ത്യാപ്രസ്ഥാനത്തിലേക്ക

(a) വ്യക്തിഗത സത്യാഗ്രഹം

യുദ്ധത്തിന് കോൺഗ്രസ്സ് പിന്തുണ നൽകിയതിനുള്ള പകരമായി 1940-ആഗസ്റ്റിൽ വൈസ്രോയി ലിൻലിത്ഗോ ഒരു വാഗ്ദാനം നൽകി. അതിനാൽ കുറച്ച് വ്യക്തികളെ മാത്രം ഉൾക്കൊള്ളിച്ചു കൊണ്ട് പരിമിതമായ സത്യാഗ്രഹം ഗാന്ധിജി പ്രഖ്യാപിച്ചു. ഇന്ത്യ നാസിസത്തെ എതിർക്കുന്നുണ്ടെങ്കിലും സ്വമേധയാ യുദ്ധത്തിൽ പ്രവേശിക്കുന്നില്ല എന്ന സന്ദേശം ലോകത്തിന് കൈമാറുക. ന്നതായിരുന്നു ഈ സത്യാഗ്രഹത്തിന്റെ ഉദ്ദേശം. 1940 ഒക്ടോബർ 17-ന് ആചാര്യ വിനോബ ഭാവെ ആദ്യ സത്യാഗ്രഹിയായി. സത്യാഗ്രഹം ഒരുവർഷത്തോളം തുടർന്നു. ഈ കാലയളവിൽ 25,000ത്തിലധികം പേർ അറസ്റ്റിലായി.


വിനോബ ഭാവെ

(b) ക്രിപ്സ് മിഷൻ

1942 മാർച്ച് 22-ന് ബ്രിട്ടീഷ് ഗവൺമെന്റ് കാബിനറ്റ് മന്ത്രിയായ സർ സ്റ്റാഫോർഡ് ക്രിപ്സിന്റെ നേതൃത്വത്തിൽ ഒരു ദൗത്യ സംഘത്തെ ഇന്ത്യയിലേക്കയച്ചു. ജപ്പാൻ അക്രമണത്തിനായി ഇന്ത്യയുടെ വാതിൽക്കൽ എത്തിയ സമയമായിരുന്നു ഇത്. ക്രിപ്സ് ദൗത്യ സംഘവും കോൺഗ്രസ്സും നടത്തിയ ചർച്ചകൾ പരാജയപ്പെട്ടു. ബ്രിട്ടൻ അധികാരം ഉടനെ കൈമാറാൻ തയ്യാറായില്ല. ക്രിപ്സ്മിഷന്റെ വാഗ്ദാനങ്ങൾ

1. യുദ്ധാനന്തരം സ്വയം ഭരണം (Deminion Status) വാഗ്ദാനം ചെയ്തു
2. ഇന്ത്യൻ രാജക്കൻമാർക്ക് ബ്രിട്ടനുമായി പ്രത്യേക കരാർ ഒപ്പിടാൻ കഴിയും, ഇത് പാക്കിസ്ഥാനെ അംഗീകരിക്കുന്നതിന്റെ സൂചനയാണ്.
3. യുദ്ധ സമയത്ത് പ്രതിരോധം നിയന്ത്രിക്കുന്നത് ബ്രിട്ടീഷുകാരായിരിക്കും.

കോൺഗ്രസ്സും മുസ്ലീംലിഗും ഇത് നിരാകരിച്ചു. "തകർന്നു കൊണ്ടിരിക്കുന്ന ബാങ്കിലേക്ക് പിൻതിയതി ഇട്ടു നൽകുന്ന ചെക്കുപോലെയാണ്" ഈ നിർദ്ദേശങ്ങൾ എന്ന് ഗാന്ധിജി വിശേഷിപ്പിച്ചു.

(c) "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" എന്നതിനായി ഗാന്ധിജിയുടെ ആഹ്വാനം

ക്രിപ്സ് മിഷന്റെ പരിണിതഫലങ്ങൾ വളരെയധികം നിരാശപ്പെടുത്തി. യുദ്ധ സമയത്തിലുണ്ടായ വിലക്കയറ്റവും അവശ്യ വസ്തുക്കളുടെ ദൗർലഭ്യവും ജനങ്ങളിൽ തീവ്രമായ അസന്തുഷ്ടി സൃഷ്ടിച്ചു. 1942 ആഗസ്റ്റ് 8-ന് ബോംബെയിൽ ചേർന്ന അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മിറ്റിയിൽ പ്രസിദ്ധമായ ക്വിറ്റ് ഇന്ത്യാപ്രസ്ഥാന പ്രമേയം അവതരിപ്പിച്ചു. ബ്രിട്ടീഷ് ഭരണം ഉടൻ അവസാനിപ്പിക്കണമെന്നായിരുന്നു ഇതിലെ ആവശ്യം "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" എന്നതിന് ഗാന്ധിജി ആഹ്വാനം ചെയ്തു. ഗാന്ധിജി ഇപ്രകാരം പറഞ്ഞു ഒന്നുകിൽ ഞങ്ങൾ ഇന്ത്യയെ സ്വതന്ത്രമാക്കും, അല്ലെങ്കിൽ ആ പരിശ്രമത്തിൽ ഞങ്ങൾ മരണം വരിക്കും. അടിമത്വത്തിന്റെ ശാശ്വതാവസ്ഥ കാണാൻ ഞങ്ങൾ ജീവിച്ചിരിക്കില്ല. ഗാന്ധിജിയുടെ കീഴിൽ ഒരു അഹിംസാപോരാട്ടം ആരംഭിച്ചു. പക്ഷേ അടുത്ത ദിവസം 1942 ആഗസ്റ്റ് 9-ന് തന്നെ ഗാന്ധിജിയെയും മറ്റ് കോൺഗ്രസ്സ് നേതാക്കളെയും അറസ്റ്റ് ചെയ്തു.

(d) സോഷ്യലിസ്റ്റുകാരുടെ പങ്ക്

ഗാന്ധിജിയും മറ്റ് പ്രധാന കോൺഗ്രസ്സ് നേതാക്കളും ജയിലിലായി. ഈ സമയത്ത് സോഷ്യലിസ്റ്റ് നേതാക്കൾ നേതൃത്വം ഏറ്റെടുത്തു. ജയപ്രകാശ് നാരായണും രാമാനന്ദ മിശ്രയും ജയിൽ നിന്ന് രക്ഷപ്പെട്ട് ഒളി സംഘടന (രഹസ്യ സംഘടന) യ്ക്ക് നേതൃത്വം നൽകി. അരുണ ആസിഫ് അലി എന്ന വനിതാ പ്രവർത്തക ധീരയായ പോരാളിയായിരുന്നു ഇവരും ധീരമായ പങ്ക് വഹിച്ചു. ഉഷാമേത്ത അധോലോക കോൺഗ്രസ്സ് റേഡിയോസ്ഥാപിച്ചു. ഇത് 1942 നവംബർ വരെ വിജയകരമായി പ്രവർത്തിച്ചു.


അരുണ ആസിഫ് അലി

(e) ജനങ്ങളുടെ പ്രതികരണം


ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്ക് വാർത്ത പരന്നതോടെ എല്ലായിടത്തും ജനങ്ങൾ സ്വയമേവ പ്രതിഷേധപ്രകടനങ്ങൾ നടത്തി. ഹർത്താലുകൾ, പണിമുടക്കുകൾ, പിക്കറ്റിംഗ് എന്നിങ്ങനെയുള്ള രൂപങ്ങളിലെല്ലാം ജനങ്ങൾ പ്രതിഷേധിച്ചു. ബ്രിട്ടീഷുകാർ പട്ടാളക്കാരെ ഉപയോഗിച്ച് ക്രൂരമായി അടിച്ചമർത്തി. ജനങ്ങൾ സർക്കാർ കെട്ടിടങ്ങൾ, റയിൽവേ സ്റ്റേഷൻ, ടെലഫോൺ, ടെലിഗ്രാഫ്

X Std - History Malayalam Unit-8.indd 101 1/27/2023 10:03:07 AM

എന്നിവയെല്ലാം ആക്രമിച്ചു. ഇവയെല്ലാം മദ്രാസ് പ്രവിശ്യയുടെ സ്വന്തമായിരുന്നു. മദ്രാസിലാണ് അക്രമം വ്യാപകമായത്. സമാന്തര സർക്കാരുകൾ സതാറ, ഒറീസ, ബീഹാർ, ഐക്യ പ്രവിശ്യകൾ, ബംഗാൾ എന്നിവിടങ്ങളിൽ സ്ഥാപിതമായി.

(f) സുഭാഷ് ചന്ദ്രബോസും, ഐ.എൻ എയും

കോൺഗ്രസ്സിൽ നിന്നും വിട്ടുപോയ സുഭാഷ് ചന്ദ്രബോസിനെ വീട്ടുതടങ്കലിലാക്കി. ബ്രിട്ടീഷുകാരോടു പോരാടാനായി, ബ്രിട്ടന്റെ എതിരാളികളോടൊപ്പം ചേർന്നു. 1941 മാർച്ചിൽ അദ്ദേഹം വേഷ പ്രച്ഛന്നനായി വീട്ടിൽ നിന്നും രക്ഷപെട്ട് അഫ്ഗാനിസ്ഥാനിലെത്തി. അദ്ദേഹം സോവിയറ്റ് യൂണിയന്റെ സഹായം നേടി. സഖ്യശക്തിയായ ബ്രിട്ടനോടൊപ്പം ചേർന്നപ്പോൾ അദ്ദേഹം ജർമനിയിലേക്ക് പോയി. 1943 ഫെബ്രുവരിയിൽ ഒരു അന്തർവാഹിനിയിൽ കയറി ജപ്പാനിലെത്തി. ഇന്ത്യൻദേശീയ സൈന്യ (INA) ത്തിന്റെ നിയന്ത്രണം ഏറ്റെടുത്തു. 'മലയ'യിലേയും, ബർമ്മയിലേയും യുദ്ധത്തടവുകാരെ വച്ച് ജപ്പാന്റെ സഹായത്തോടെ ജെനറൽ മോഹൻസിങ് സംഘടിപ്പിച്ച ആസാദ് ഹിന്ദു ഫൗജിന്റെ നേതൃത്വം ഇന്ത്യൻ ദേശീയസൈന്യത്തിന്റെ ക്യാപ്റ്റൻ ലക്ഷ്മി സാഗർ ഏറ്റെടുത്തു. ബോസ് മൂന്ന് ബ്രിഗേഡുകളായി ഇതിനെ പുനഃസംഘടിപ്പിച്ചു ഗാന്ധിബ്രിഗേഡ്,നെഹ്റുബ്രിഗേഡ് എന്നും വനിതാ ബ്രിഗേഡിനെ ജാൻസി റാണി ബ്രിഗേഡ് എന്നും പേരിട്ടു. സുഭാഷ് ചന്ദ്രബോസ് സ്വതന്ത്ര ഇന്ത്യയുടെ താത്ക്കാലിക സർക്കാരിന് സിംഗപ്പൂരിൽ വച്ച് രൂപം നൽകി. 'ദില്ലി ചലോ' എന്ന മുദ്രാവാക്യവും സുഭാഷ് ചന്ദ്ര ബോസിന്റേതാണ്. ജപ്പാൻ സേനയുടെ ഭാഗമായിട്ടാണ് INA വിന്യസിച്ചിരുന്നത്. ജപ്പാന്റെ പരാജയം INA യുടെ മുന്നേറ്റത്തെ കുറച്ചു. സ്വാതന്ത്ര്യത്തിനായുള്ള യുദ്ധം അവസാനിപ്പിച്ചുകൊണ്ട് സുഭാഷ് ചന്ദ്ര ബോസ് സഞ്ചരിച്ചിരുന്ന വിമാനം തകർന്നു വീണു. സുഭാഷ് ചന്ദ്രബോസ് എന്ന ധീരയോദ്ധാവും, സ്വാതന്ത്ര്യസമരപോരാളിയും വിമാന അപകടത്തിൽ പെട്ടു.



സുഭാഷ് ചന്ദ്രബോസും, ഐ.എൻ എയും

ബ്രിട്ടീഷ് ഗവൺമെന്റ് ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്ത് ചെങ്കോട്ടയിൽ കൊണ്ടു വന്ന് വിചാരണ ചെയ്തു. വിചാരണ ദേശീയവാദികളുടെ പ്രചാരണത്തിനുള്ള വേദിയായി, കോൺഗ്രസ്സ്, നെഹ്റു, തേജ് ബഹദൂർ സപ്രു, ബുലാഭായ് ദേശായ്, അസഫ് അലി എന്നിവരടങ്ങുന്ന പ്രതിരോധ, സമിതി രൂപീകരിച്ചു. ഐ എൻ എ ഉദ്യോഗസ്ഥർ ശിക്ഷിക്കപ്പെട്ടെങ്കിലും പൊതു സമ്മർദ്ദം മൂലം വിട്ടയച്ചു. INA യോടുള്ള ചൂഷണവും വിചാരണകളും ഇന്ത്യക്കാർക്ക് പ്രചോദനമായി.

8.8 സ്വാതന്ത്ര്യത്തിലേക്ക്

(a) റോയൽ ഇന്ത്യൻ നാവികസേനാ കലാപം


Hindusthan Standard

INDIAN SAILORS IN REVOLT

SIX HOURS BATTLE WITH BRITISH TROOPS

GRAVE TURN IN R. I. N. MEN'S STRIKE IN BOMBAY

TWENTY SHIPS CAPTURED

Govt. Rushing Strong Naval And Air Reinforcements

"CEASE FIRE" ON BOTH SIDES AFTER CONCLUSION OF TRUCE

POLICE OPEN FIRE ON CROWDS

FIRING ON STRIKERS AT KARACHI

INDIANS RETALIATE WITH NAVAL GUNS

ONE KILLED AND 14 INJURED IN THE DUEL

ULTIMATUM FOR WITHDRAWAL OF MILITARY

SARDAR SARDUL SINGH

India Govt. Orders Release


റോയൽ ഇന്ത്യൻ നാവികസേന

റോയൽ ഇന്ത്യൻ നാവികസേനാകലാപം 1946 ഫെബ്രുവരിയിൽ ബോംബെയിൽ ആരംഭിച്ചു. ഇത് 2,0000 ത്തിലധികം റേറ്റിംഗുകൾ ഉൾപ്പെടുന്ന മറ്റ് സ്റ്റേഷനുകളിലേക്കും ബാധിച്ചു. സമാനമായ സമരങ്ങൾ ഇന്ത്യൻ വ്യോമസേനയിലും, ജബൽപൂരിലെ ഇന്ത്യൻ സിഗ്നൽ വിഭാഗത്തിലേക്കും വ്യാപിച്ചു അങ്ങനെ സായുധസേനയിലും ബ്രിട്ടീഷ് ആധിപത്യ നിയന്ത്രണം നിലച്ചു.

(b) സ്വാതന്ത്ര്യത്തിനുള്ള ചർച്ചകളും സിംല സമ്മേളനവും

1945 ജൂൺ 14ന് വേവൽ പദ്ധതി പ്രഖ്യപിച്ചു, ഇത് ഒരു ഇടക്കാല സർക്കാർ രൂപീകരിക്കുന്നതിനായി അനുവാദം കൊടുത്തു. വൈസ്രോയിയുടെ എക്സികൂട്ടിവ് കൗൺസിലിൽ തുല്യ എണ്ണം ഹിന്ദുക്കളും മുസ്ലീംകളും ഉണ്ടായിരിക്കണം എന്നും നിശ്ചയിച്ചു യുദ്ധവകുപ്പൊഴികെ, എല്ലാ വകുപ്പുകളും ഇന്ത്യൻ മന്ത്രിമാർക്ക് നൽകി എങ്കിലും കോൺഗ്രസ്സും മുസ്ലിംലീഗും തമ്മിൽ ധാരണയായില്ല. എല്ലാ മുസ്ലിം എക്സിക്യൂട്ടീവ് അംഗങ്ങളും മുസ്ലീംലീഗിൽ നിന്നുള്ള വരായിരിക്കണമെന്നും, സുപ്രധാനകാര്യങ്ങളിൽ വീറ്റോ അധികാരം ഉണ്ടായിരിക്കണമെന്നും ജിന്ന ആവശ്യപ്പെട്ടു. 1946-ൽ നടന്ന പ്രാദേശിക തെരഞ്ഞെടുപ്പിൽ പൊതു സീറ്റുകളിൽ ഭൂരിഭാഗവും കോൺഗ്രസ്സും സംവരണ സീറ്റുകളിൽ മുസ്ലീം ലീഗും ജയിച്ചു. അങ്ങനെ മുസ്ലീം ലീഗ് തങ്ങളുടെ അവകാശവാദം ശക്തിപ്പെടുത്തി.

X Std - History Malayalam Unit-8.indd 102 1/27/2023 10:03:07 AM



X Std - History Malayalam Unit-8.indd 103 1/27/2023 10:03:07 AM

(c) കാബിനറ്റ് മിഷൻ

ബ്രിട്ടൻ ലേബർ പാർട്ടി തകർപ്പൻ വിജയം നേടി. ക്ലെമന്റ് അറ്റ്ലീ പ്രധാന മന്ത്രിയായി. എത്രയും വേഗം അധികാരം കൈമാറണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിനായി കാബിനറ്റ് മിഷനെ അയച്ചു. പെഥിക് ലോറൻസ്, സർ സ്റ്റാഫോർഡ് ക്രിപ്സ്, എ.വി. അലക്സാണ്ടർ എന്നിവർ ഇതിലെ അംഗങ്ങളായിരുന്നു. പക്കിസ്ഥാൻ അവശ്യം നിരസിച്ചു. പ്രതിരോധം വാർത്താവിനിമയം, വിദേശകാര്യം എന്നീ വകുപ്പുകളോടെയുള്ള ഫെഡറൽ സർക്കാരിന് വ്യവസ്ഥ ചെയ്തു. ഈ പ്രവിശ്യകളെ (പ്രൊവിൻസ്) മൂന്നായി വിഭജിച്ചു മുസ്ലീം ഭൂരിപക്ഷമില്ലാത്ത പ്രദേശം, മുസ്ലീം ഭൂരിപക്ഷ മുള്ള വടക്കുപടിഞ്ഞാറൻപ്രദേശം, മുസ്ലീം ഭൂരിപക്ഷ മുള്ള വടക്കു കിഴക്കൻപ്രദേശം എന്നിവയായിരുന്നു അവ. ഒരു ഭരണഘടനാ നിയമസഭ തെരഞ്ഞെടുക്കുകയും എല്ലാ സമുദായങ്ങൾക്കും പ്രാതിനിധ്യമുള്ള മുസ്ലീം ലീഗും ഈ പദ്ധതി അംഗീകരിച്ചു. എങ്കിലും ഇരു വിഭാഗവും വ്യത്യാസമായാണ് വ്യാഖ്യാനിച്ചത്.

(d) പ്രത്യക്ഷ പ്രവർത്തന ദിനം മുസ്ലീംലീഗിന്റെ ആഹ്വാനം

കോൺഗ്രസ്സിനും ആദ്യം നാമനിർദേശം ചെയ്യപ്പെട്ട മുസ്ലീംലീഗ് അംഗവും തമ്മിൽ ഭിന്നത ഉണ്ടായി, ഇത് ഏക മുസ്ലീംലീഗ് പ്രതിനിധിയാകണമെന്ന് ലീഗ് വാദിക്കുകയും അംഗീകാരം പിൻവലിക്കുകയും ചെയ്തു. ജിന്ന 1946 ആഗസ്റ്റ് 16 'ഡയറക്ട് ആക്ഷൻ ഡേ (നേരിട്ടുള്ള പ്രവർത്തദിനം) ആയി പ്രഖ്യാപിച്ചു. ഹർത്താലുകളും, പ്രകടനങ്ങളും നടന്നു. താമസിയാതെ ഇത് ഹിന്ദു മുസ്ലീം സംഘർഷമായിമാറി. ബംഗാളിലെ മറ്റുജില്ലകളിലേക്കും ഇത് വ്യാപിച്ചു. 'നവഖലി' ജില്ലയാണ് ഏറ്റവും കൂടുതൽ ബാധിച്ചത്.

(e) മൗണ്ട്ബാറ്റൻ പദ്ധതി

1946 സെപ്റ്റംബറിൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇടക്കാല ഗവൺമെന്റ് രൂപീകരിച്ചു. ആദ്യം ശങ്കിച്ചു നിന്നെങ്കിലും മുസ്ലീം ലീഗും 1946 ഒക്ടോബറിൽ ഗവൺമെന്റിൽ ചേർന്നു. ലീഗിന്റെ പ്രതിനിധിയായി ലിയാക്കത്ത് അലി ഖാനെ ധനകാര്യ അംഗമാക്കി. 1947 ഫെബ്രുവരിയിൽ ക്ലമന്റ് അറ്റ്ലി, 1948 ജൂൺ മാസത്തിനകം അധികാരം കൈമാറ്റം ചെയ്യുമെന്ന് പ്രഖ്യാപ്പിച്ചു.

അധികാരക്കൈമാറ്റം ശരിയായ രീതിയിൽ നടത്തുന്നതിനായി മൗണ്ട് ബാറ്റൻ പ്രഭുവിനെ വൈസ്രോയിയായി ഇന്ത്യയിലേക്കയച്ചു. ജൂൺ 3-ന് മൗണ്ട് ബാറ്റൻ പദ്ധതി അറിയിപ്പുണ്ടായി. ഇതിൽ നിർദ്ദേശിച്ചകാര്യങ്ങൾ താഴെപ്പറയുന്നവയാണ്.

- സ്വയം ഭരണാധികാരം നൽകിക്കൊണ്ട് ഇന്ത്യയ്ക്കും പാക്കിസ്ഥാനും അധികാരം കൈമാറും.
- നാട്ടുരാജ്യങ്ങൾക്ക് ഇന്ത്യയിലോ പാക്കിസ്ഥാനിലോ ചേരാം.
- റാഡ്ക്ലിഫ്ബ്രൗണിന്റെ നേതൃത്വത്തിൽ അതിർത്തി കമ്മീഷൻ രൂപീകരിക്കുകയും അധികാരക്കൈമാറ്റത്തിനുശേഷം അതിർത്തി നിർണ്ണയം അറിയിക്കുമെന്നും തീരുമാനിച്ചു.
- പഞ്ചാബിലേയും ബംഗാളിലേയും നിയമസഭയിൽ വിഭജനം ആവശ്യമാണോ എന്ന് തീരുമാനിക്കാൻ വോട്ട് ചെയ്യാമെന്നും നിർദ്ദേശിച്ചു.

(f) സ്വാതന്ത്ര്യവും, വിഭജനവും

മൗണ്ട് ബാറ്റൻ പദ്ധതിയനുസരിച്ച് ഇന്ത്യൻ സ്വാതന്ത്ര്യനിയമം ബ്രിട്ടീഷ് പാർട്ടിമെന്റിൽ 1947 ജൂൺ 18-ന് നടപ്പിലാക്കി. ഈ നിയമം മൂലം ബ്രിട്ടീഷ് പാർലമെന്റിന് ഇന്ത്യയുടെ മേലുള്ള പരമാധികാരം ഇല്ലാതെയായി. ഇന്ത്യയെ രണ്ട് സ്വയംഭരണധികാരമുള്ള രാജ്യങ്ങളായി വിഭജിച്ചു ഇന്ത്യയും പാക്കിസ്ഥാനും. 1947 ആഗസ്റ്റ് 15-ന് ഇന്ത്യ സ്വാതന്ത്ര്യം നേടി.







വിഭജനത്തിന്റെ പശ്ചാത്തലത്തിലുള്ള അഭയാർത്ഥി പ്രവാഹം

സംഗ്രഹം

- സത്യവും, അഹിംസയും സത്യാഗ്രഹവും എന്ന ദക്ഷിണാഫ്രിക്കയിലെ സമര പരീക്ഷണരീതി ഗാന്ധിജിയെ ഒരു ബഹുജനനേതാവാക്കി മാറ്റി

X Std - History Malayalam Unit-8.indd 104 1/27/2023 10:03:07 AM

- നിസ്സഹകരണ പ്രസ്ഥാനം, നിയമലംഘനപ്രസ്ഥാനം, ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം എന്നീ ജനകീയ സമരങ്ങളുടെ ഫലമായുണ്ടായ നിയമങ്ങളാണ്. ഇന്ത്യാഗവൺമെന്റ് നിയമം 1919, ഇന്ത്യാഗവൺമെന്റ് നിയമം 1935, ഇന്ത്യൻ സ്വാതന്ത്ര്യ നിയമം 1947 എന്നിവ.
- സോഷ്യലിസ്റ്റുകളും, വിപ്ലവകാരികളും, കമ്മ്യൂണിസ്റ്റുകളും ഇതിൽ പങ്ക് വഹിച്ചിട്ടുണ്ട്, ഇവരുടെ പ്രതിനിധികളാണ് ഭഗത് സിങ്, സുഭാഷ് ചന്ദ്ര ബോസ് എന്നിവർ. ഇവരുടെ പ്രവർത്തനങ്ങൾ പ്രാമുഖ്യം നേടി.
- ഹിന്ദു മഹാസഭയും, മുസ്ലീം ലീഗും രാഷ്ട്രീയ സമാഹരണത്തിനായി മതം ഉപയോഗിച്ചത് രാജ്യം വിഭജിക്കപ്പെടുന്നതിന് കാരണമായി.

A-Z പദപരിചയം

സത്യാഗ്രഹം, സമരരീതി	**Satyagraha**	**Passive political resistance advocated by Mahatma Gandhi**
ഭരണഘടനാ വിദഗ്ദൻ	**Constitutionalist**	**Adherent of constitutional methods**
വിവേചനം	**Discrimination**	**Unjust or differential treatment of different categories of people, especially on grounds of caste, creed, etc**
കൂലിക്കാർ	**Coolie**	**Native labourers emigrating under Indentured labour system**
കൂട്ടക്കൊല	**Massacre**	**An indiscriminate and brutal slaughter of many people**
നിസ്സഹകരണം	**Non-Cooperation**	**Failure or refusal to cooperate, especially as a form of protest**
ഉദ്ബോധിപ്പിക്കുക	**Exhort**	**Strongly encourage or urge to do something**
വർഗീയത	**Communalism**	**Allegiance to one's own ethnic, religious or caste group rather than to wider society**
സ്വതന്ത്രഭരണധികാരമുള്ള കൂടിയേറ്റരാജ്യം	**Dominion**	**Self-governing territory**
നിയോജക മണ്ഡലം	**Electorate**	**All the people in a country or area who are entitled to vote in an election**
അന്ത്യശാസനം	**Ultimatum**	**A final demand or statement of terms**
അന്യവൽക്കരണം	**Alienation**	**Isolation**
ചർച്ച	**Negotiation**	**Discussion aimed at reaching an agreement**
ഗൂഡാലോചന	**Conspiracy**	**A secret plan by a group to do something unlawful or harmful**
പ്രവിശ്യയിലെ സ്വയം ഭരണം	**Provincial Autonomy**	**Self-government in the provinces**

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുത്തെഴുതുക

1. റൗളറ്റ് നിയമ വിരുദ്ധ പ്രക്ഷോഭത്തിൽ അറസ്റ്റിലായതാര്?
   a) മോത്തിലാൽ നെഹ്റു
   b) ഡോ. സെയ്ഫുദ്ദിൻകിച്ച്ലൂ
   c) മുഹമ്മദ് അലി
   d) രാജ് കുമാർ ശുക്ല

2. ഏത് സമ്മേളനത്തിലാണ് ഇന്ത്യൻദേശീയ കോൺഗ്രസ്സ് നിസ്സഹകരണ പ്രസ്ഥാനം അംഗീകരിച്ചത്?
   a) ബോംബെ
   b) മദ്രാസ്
   c) കൽക്കട്ടാ
   d) ലക്നൗ

3. താഴെക്കാണുന്നവയിൽ ഏതു ദിവസമാണ് സ്വാതന്ത്ര്യ ദിനമായി പ്രഖ്യപിച്ചത്.
   a) ജനവരി 26, 1930
   b) ഡിസംബർ 26, 1929
   c) ജൂൺ 16, 1946
   d) ജനവരി 15, 1947

X Std - History Malayalam Unit-8.indd 105 1/27/2023 10:03:07 AM

4. ഒന്നാം വനനിയമം പ്രാബല്യത്തിൽ വന്നതെപ്പോൾ?
   a) 1858 b) 1911
   c) 1865 d) 1936

5. 1933 ജനവരി 8-ാം തിയതി _____ ദിനമായി ആചരിച്ചു.
   a) ക്ഷേത്ര പ്രവേശനദിനം
   b) വിടുതലിന്റെ ദിനം
   c) നേരിട്ടുള്ള പ്രവർത്തന ദിനം
   d) സ്വാതന്ത്ര്യദിനം



6. പ്രവിശ്യകളിലെ സ്വയംഭരണം കൊണ്ടു വന്നനിയമം.
   a) 1858-ലെ നിയമം
   b) ഇന്ത്യൻ കൗൺസിൽ നിയമം - 1919
   c) ഇന്ത്യാ ഗവൺമെന്റ് നിയമം - 1919
   d) ഇന്ത്യാ ഗവൺമെന്റ് നിയമം - 1935

II. വിട്ടഭാഗം പൂരിപ്പിക്കുക

1. ഗാന്ധിജിയുടെ രാഷ്ട്രീയ ഗുരു _____ ആണ്.
2. ഖിലാഫാത്ത് പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തത് _____ ആണ്.
3. 1919-ലെ ഇന്ത്യാ ഗവൺമെന്റ് _____ നിയമം കൊണ്ടുവന്നു.
4. വടക്കു പടിഞ്ഞാറൻ പ്രവിശ്യകളിൽ നിയമ ലംഘന പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തത് _____ ആണ്.
5. റംസേ-മക്ഡൊണാൾഡ് പ്രഖ്യാപനംമൂലം _____ ന്യൂനപക്ഷങ്ങൾക്കും, അധ:കൃതർക്കും പ്രത്യേക നിയോജക മണ്ഡല സംവരണം ഏർപ്പെടുത്തി.
6. ക്വിറ്റ് ഇന്ത്യാ സമരകാലത്ത് കോൺഗ്രസ്സ് അധോലോക റേഡിയോ സ്ഥാപിച്ചത് _____ ആണ്.

III. ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക

1. (i) കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ സ്ഥാപിച്ചത് 1920-ൽ താഷ്ഖണ്ഡിൽ വച്ചാണ്.
   (ii) കാൺപൂർ ഗൂഡാലോചനകേസിൽ ശിങ്കാരവേലരെ പ്രതിയാക്കി.
   (iii) കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചത് ജയപ്രകാശ് നാരായൺ, ആചാര്യ നരേന്ദ്രദേവ് മിന്നോ മസാനി എന്നിവരാണ്.
   (iv) ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിൽ സോഷ്യലിസ്റ്റുകൾ പങ്കെടുത്തില്ല.
   a) (i) ഉം (ii) ഉം ശരിയാണ്
   b) (ii) ഉം (iii) ഉം ശരിയാണ്
   c) (iv) ശരിയാണ്
   d) (i)-(ii) ഉം(iii) ഉം ശരിയാണ്

2. **പ്രസ്താവന (A) :** കോൺഗ്രസ്സ് ഒന്നാം വട്ടമേശ സമ്മേളനത്തിൽ പങ്കെടുത്തു.
   കാരണം (R) : ഗാന്ധി ഇർവിൻ ഉടമ്പടി അനുസരിച്ച് രണ്ടാം വട്ടമേശ സമ്മേളനത്തിൽ കോൺഗ്രസ്സ് പങ്കെടുത്തു.
   a) A യും R ഉം ശരിയാണ് എന്നാൽ ഞ ശരിയായ വിശദീകരണം നൽകുന്നില്ല.
   b) A ശരിയാണ് എന്നാൽ R തെറ്റാണ്.
   c) A തെറ്റാണ് എന്നാൽ R ശരിയാണ്.
   d) A ഉം ശരിയാണ് R ഉം ശരിയായ വിശദീകരണമാണ്.

3. **പ്രസ്താവന (A) :** കോൺഗ്രസ്സ് മന്ത്രാലയം 1939-ൽ രാജിവച്ചു
   കാരണം (R) : തെരഞ്ഞെടുത്ത കോൺഗ്രസ്സ് ഗവൺമെന്റിന്റെ സമ്മതമില്ലാതെ കോളനി സർക്കാർ യുദ്ധത്തിൽ പങ്കെടുത്തു.
   a) A യും R ഉം ശരിയാണ് R ശരിയായ വിശദീകരണമല്ല.
   b) A ശരിയാണ് എന്നാൽ R തെറ്റാണ്.
   c) A യും R ഉം തെറ്റാണ്.
   d) A യും R ഉം ശരിയാണ് R ശരിയായ വിശദീകരണമാണ്.

IV. യോജിപ്പിക്കുക

1.	റൗളറ്റ് നിയമം	-	ബഹുമതികൾ തിരിച്ചു കൊടുത്തു
2.	നിസ്സഹകരണ പ്രസ്ഥാനം	-	ദ്വിഭരണം
3.	ഇന്ത്യാ ഗവൺമെന്റ് നിമയം	-	എം.എൻ റോയ്
4.	ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി	-	നേരിട്ടുള്ള പ്രവർത്തന ദിനം
5.	1946 ആഗസ്റ്റ് 16	-	കരിനിയമം

V. ചുരുക്കി ഉത്തരമെഴുതുക

1. ജാലിയൻ വാലാഭാഗ് കൂട്ടക്കൊലയെപ്പറ്റി എഴുതുക.
2. ഖിലാഫത്ത് പ്രസ്ഥാനത്തക്കുറിച്ചെഴുതുക.
3. എന്തുകൊണ്ടാണ് ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം പിൻവലിച്ചത്.
4. സൈമൺ കമ്മീഷനെ ബഹിഷ്കരിച്ച

X Std - History Malayalam Unit-8.indd 106 1/27/2023 10:03:07 AM

തെന്തുകൊണ്ട്?

5. പൂർണ്ണ സ്വരാജ് എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
6. ഭഗത്സിങ്ങിനെക്കുറിച്ചെഴുതുക?
7. പൂനാ ഉടമ്പടിയിലെ പ്രധാന അംശങ്ങൾ ഏവ?

VI. വിശദമായി ഉത്തരമെഴുതുക

1. ഗാന്ധിജിയെ ഒരു ബഹുജന നേതാവാക്കിയ ഘടകങ്ങൾ എന്തെല്ലാമെന്ന് പരിശോധിക്കുക.
2. നിയമലംഘന പ്രസ്ഥാനം ഗാന്ധിയൻ പ്രസ്ഥാനത്തിന്റെ സാധാരണ ഉദാഹരണമാണ്. നിശിതമായി പരിശോധിക്കുക.
3. ഇന്ത്യ വിഭജനത്തിനു പിന്നിലുള്ള കാരണങ്ങൾ ചർച്ച ചെയ്യുക.

VII. പ്രവർത്തനങ്ങൾ

1. ഇന്ത്യാഭൂപടത്തിൽ ഗാന്ധിയൻ പ്രസ്ഥാനവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ അടയാളപ്പെടുത്തി ഒന്നോ രണ്ടോ വാക്യങ്ങളിൽ അവിടെ നടന്ന സംഭവങ്ങളെക്കുറിച്ചെഴുതാൻ വിദ്യാർത്ഥികളോട് അവശ്യപ്പെടുക.
2. വിദ്യാർത്ഥികളെ 4 വിഭാഗങ്ങളായി തിരിച്ച് ഗാന്ധിജി, ജിന്ന, ബി.ആർ. അംബേദ്കർ, വിപ്ലവകാരികൾ, കമ്മ്യൂണിസ്റ്റ് എന്നിവരുടെ കാഴ്ചപ്പാടിനെക്കുറിച്ച് ചർച്ച ചെയ്യാൻ ആവശ്യപ്പെടുക.

REFERENCE BOOKS

1. Bipan Chandra, *History of Modern India*, Orient BlackSwan, 2016.
2. Bipan Chandra, Amales Tripathi and Barun De, *Freedom Struggle*, NBT,1993.
3. Bipan Chandra, *et al.*, *India's Struggle for Independence*, Penguin Books, 1989.
4. Sumit Sarkar, *Modern India, 1885–1947*, Pearson, 2014.
5. Sekhar Bandyopadhyay, *From Plassey to Partition*, Orient BlackSwan, 2013.
6. B.R. Nanda, *Mahatma Gandhi: A Biography*, Oxford University Press, 1958.



ICT കോർണർ

ദേശീയത: ഗാന്ധിയുഗം

ഘട്ടങ്ങൾ:

1. ബ്രൗസറിൽ തന്നിട്ടുള്ള യു ആർ എൽ ടൈപ്പ് ചെയ്യുക ക്യൂ ആർ കോഡിനെ സ്കാൻ ചെയ്യുക
2. ക്ലിക്ക് **'Chronology/Time line' and Select 'Family tree of Mahatma Gandhi'.**
3. ക്ലിക്ക് **'Glimpses of Gandhi'** ഇടത് മെനു ക്ലിക്ക് **'Next or Previous'** ചെയ്ത് events in life of Gandhi കാണുക.

Website URL:

https://www.mkgandhi.org/main.htm

XB405

* Pictures are indicatives only.

* If browser requires, allow Flash Player or Java Script to load the page

X Std - History Malayalam Unit-8.indd 107 1/27/2023 10:03:07 AM

യൂണിറ്റ് - 9

തമിഴ്നാട്ടിലെ സ്വാതന്ത്ര്യസമരം



പഠന ലക്ഷ്യങ്ങൾ

- സ്വയം പരിചയപ്പെടുക
- തമിഴ്നാട്ടിലെ കോളനി വിരുദ്ധപോരാട്ടങ്ങൾ.
- വിദ്യാഭ്യാസ വളർച്ചയ്ക്കും അധ:കൃതരുടെ ഉന്നമനത്തിനുമായി ക്രിസ്ത്യൻ മിഷണറിമാർ നല്കിയ സംഭാവനകൾ.
- തമിഴ്നാട്ടിലെ കോൺഗ്രസ്സ് രാഷ്ട്രീയത്തിന് ജസ്റ്റീസ് പാർട്ടിയുടെ വെല്ലുവിളി.

ആമുഖം

തമിഴ്നാട്ടിൽ കോൺഗ്രസ്സിന്റെ ബഹുജന പ്രക്ഷോഭങ്ങൾ ആമുഖം

കോളനി ഭരണത്തെ എതിർക്കുന്നതിന് തമിഴ്നാട് നേതൃത്വം വഹിച്ചു. ആദ്യകാലത്ത് അതായത് പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനകാലഘട്ടത്തിൽ, ബ്രിട്ടീഷ്കാരുടെ രാഷ്ട്രീയ ആധിപത്യം തമിഴ്നാട്ടിൽ സ്ഥാപിക്കുന്നതിനെതിരെ പാളയക്കാർ പോരാടി. പാളയക്കാരുടെ പരാജയത്തിനുശേഷം 1806-ൽ വെല്ലൂർ കോട്ടയിലുണ്ടായി ഇന്ത്യൻശിപായിമാരുടെയും ഉദ്യാഗസ്ഥാന്മാരുടെയും വിപ്ലവം, തെക്കെ ഇന്ത്യയിലെ വിവിധ പട്ടാളക്യാമ്പിലുണ്ടായ വിപ്ലവത്തിന്റെ പ്രതിധ്വനിയായിരുന്നു. വിദ്യാഭ്യാസമുള്ള മധ്യവർഗ്ഗക്കാരായ ഇന്ത്യക്കാർ ബ്രിട്ടീഷ്കാർക്കെതിരെ ഭരണഘടനയ്ക്കനുസൃതമായി പോരാട്ടം നടത്താനുള്ള കാരണം അവർക്കും ലഭിച്ച പശ്ചാത്യവിദ്യാഭ്യാസമായിരുന്നു. തമിഴ്നാട്ടിലെ സ്വാതന്ത്ര്യ സമരം സമാനതകളില്ലാത്തതായിരുന്നു. എന്തുകൊണ്ടെന്നാൽ ഇംഗ്ലീഷ് ഭരണത്തിൽ നിന്നും സ്വതന്ത്ര്യം ലഭിക്കുക എന്നതു മാത്രമായിരുന്നില്ല തുടക്കത്തിൽ അതിന്റെ ലക്ഷ്യം. കൂടാതെ സാമൂഹ്യ വൈകൃതമായ, അടിച്ചേൽപ്പിയ്ക്കപ്പെട്ടഹീനമായ ജാതി വ്യവസ്ഥയിൽ നിന്നുള്ള മോചനം കൂടിയായിരുന്നു അവർ ലക്ഷമിട്ടത്. തമിഴ്നാട്ടിലെ ദേശീയവാദികൾ തങ്ങളുടെ വ്യത്യസ്ഥമായ ആശയങ്ങളിലൂടെ സ്വാതന്ത്ര്യ സമരത്തിൽ വഹിച്ച പങ്കിനെക്കുറിച്ച് ഈ പാഠത്തിൽ പഠിക്കാം.

9.1 തമിഴ്നാട്ടിലെ ആദ്യകാല ദേശീയവാദ ഉണർവ്.

(a) മദ്രാസ് സ്വദേശി സംഘടന



ഗസലുലക്ഷ്മി നരസു

തെക്ക ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ട ആദ്യത്തെ സംഘടനയാണ് മദ്രാസ് സ്വദേശിസംഘടന. പ്രത്യേക വിഭാഗത്തിന്റെ താല്പര്യത്തെക്കാൾ പൊതുവായ താൽപ്പര്യങ്ങൾക്ക് ഈ സംഘടന ഊന്നൽ നല്കിയത്. ഗസലുലക്ഷ്മി നരസുവും ശ്രീനിവാസനാരും അവരുടെ സഹപ്രവർത്തകരും കൂടി 1852-ൽ ഇത് ആരംഭിച്ചു. ഇതിൽ അംഗങ്ങളുടെ താൽപര്യങ്ങൾ പ്രാത്സാഹിപ്പിക്കുക എന്നതായിരുന്നു ഇതിന്റെ ഉദ്ദേശം ഇതിനായി നികുതി കുറയ്ക്കുന്നനായി പരിശ്രമിച്ചു. ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനകർക്ക് സർക്കാർ നൽകുന്ന പിൻതുണക്കെതിരെയും ഇത് ശബ്ദമുയർത്തി. ജനങ്ങളുടെ അവസ്ഥയിലേക്കും ആവശ്യങ്ങളിലേക്കും സർക്കാരിന്റെ ശ്രദ്ധ ക്ഷണിച്ചു. കർഷകരെ, റവന്യൂ ഉദ്യഗ്യാസ്ഥൻമാർ പിഡീപ്പിക്കുന്നതിനെതിരെ നടത്തിയ പ്രക്ഷോഭമായിരുന്നു എം എൻ എ യുടെ സംഭാവനകളിൽ പ്രധാനം. ഈ പ്രക്ഷോഭത്തിന്റെ ഫലമായി പീഡനകമ്മീഷൻ സ്ഥാപിക്കുകയും പീഡന നിയമം നിരോധിക്കുകയും ചെയ്തു. പീഡനത്തിലൂടെ

X Std - History Malayalam Unit-9.indd 108 1/27/2023 10:03:34 AM

ഭൂനികുതി ശേഖരിക്കുന്നത് നിർത്തലാക്കി. എങ്കിലും 1862-ൽ മദ്രാസ് ജനസംഘടന പിരിച്ചുവിട്ടു.

(b) ദേശീയ വാദ മാധ്യമങ്ങളുടെ തുടക്കം: ഹിന്ദു, സ്വദേശിമിത്രം



T. മുത്തുസ്വാമി



G. സുബ്രമണ്യം


ടി മുത്തുസ്വാമി 1877-ൽ മദ്രാസ് ഹൈക്കോടതിയിൽ ജഡ്ജിയായി നിയമിതനായി. ഇത് മദ്രാസ് പ്രസിഡൻസിയിൽ ആവേശമുണ്ടാക്കി. മദ്രാസിലുള്ള മുഴുവൻ മാധ്യമങ്ങളും ഒരു ഇന്ത്യക്കാരനെ ജഡ്ജിയായി നിയമിച്ചതിനെ വിമർശിച്ചു. വിദ്യാഭ്യാസമുള്ള ഇന്ത്യൻ യുവാക്കാൾക്ക് ഈ പത്രങ്ങളുടെയെല്ലാം ഉടമസ്ഥർ യൂറോപ്യന്മാരാണെന്ന് മനസ്സിലായി .ഇന്ത്യാക്കാരുടെ കാഴ്ചപ്പാടുകൾ പ്രകടിപ്പിക്കുന്നതിനായി ഒരു പത്രം ആവശ്യമാണെന്ന ചിന്ത, ജി സുബ്രമണ്യത്തിനും, എം വീര രാഘവാചരിക്കും നാല് കൂട്ടുകാർക്കുമുണ്ടായി. അങ്ങനെ 1878-ൽ 'ദ ഹിന്ദു' എന്ന പത്രം പ്രസിദ്ധീകരിച്ചു വളരെപ്പെട്ടെന്ന് ദേശീയവാദികളുടെ ആശയങ്ങളെ പ്രചരിപ്പിക്കുന്നതിനുള്ള ഉപകരണമായി ഈ പത്രം മാറി. 1891-ൽ തമിഴ് ദേശീയ വാദിയായ ജി. സുബ്രമണ്യം സ്വദേശി മിത്രം എന്ന മാസിക പ്രസിദ്ധീകരിക്കുകയും1899-ൽഇത് ദിനപത്രമായി മാറുകയും ചെയ്തു. 'ദ ഹിന്ദു', സ്വദേശിമിത്രൻ എന്നീ പത്രങ്ങളുടെ പ്രസിദ്ധീകരണം, മറ്റ് പ്രാദേശിക ഭാഷകളിലും പത്രങ്ങൾ പ്രസിദ്ധീകരിക്കാൻ പ്രോത്സാഹനമായി. അങ്ങനെ പ്രസിദ്ധീകരിച്ച പത്രങ്ങളാണ് ഇന്ത്യൻ പാട്രിയോട്ട് സൗത്ത് ഇന്ത്യൻ മെയിൽ, മദ്രാസ് സ്റ്റാന്റേർഡ്, ദേശാഭിമാനി, വിജയ, സൂര്യോദയം, ഇന്ത്യ എന്നിവ.

(c) മദ്രാസ് മഹാജനസഭ (MMS)

വ്യക്തമായ ദേശീയ ലക്ഷ്യങ്ങളോടെ തെക്കെ ഇന്ത്യയിൽ രൂപം കൊണ്ട ആദ്യത്തെ സംഘടനയാണ് മദ്രാസ് മഹാജനസഭ. ആദ്യതലമുറയിൽപ്പെട്ട ദേശീയ നേതാക്കളുടെ പരിശീലനകളരിയായിരുന്നു ഇത്. 1884-ൽ മെയ് 16-ാം തീയ്യതി എം വീരരാഘവാചാരിയും. പി ആനന്ദാചാര്യലുവും, പി. രംഗയ്യയും മറ്റ് ചിലരും കൂടി മദ്രാസ് മഹാജനസഭ സ്ഥാപിച്ചു. ഇതിൽ പ്രാധാന പങ്ക് വഹിച്ചത് സെക്രട്ടറിയായ പി. ആനന്ദാചാര്യലുവാണ് ഇതിലെ അംഗങ്ങൾ നിശ്ചിത സമയങ്ങളിൽ ഒത്തുചേരുകയും പൊതുജനങ്ങളുടെ പ്രശ്നങ്ങളെപ്പറ്റി രഹസ്യ ചർച്ചകൾ നടത്തുകയും, പിന്നീട് പൊതു പരിപാടികൾ സംഘടിപ്പിച്ച് തങ്ങളുടെ ആശയങ്ങളെ സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. മദ്രാസ് പ്രസിഡൻസിയുടെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങളുടെ പ്രശ്നങ്ങളെപ്പറ്റി അഭിപ്രായ ഐക്യം ഉണ്ടാക്കുകയും അത് ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു എം എം എസ് ന്റെ ലക്ഷ്യം. സിവിൽ സർവ്വീസ് പരീക്ഷ ഒരേ സമയത്ത് ഇംഗ്ലണ്ടിലും ഇന്ത്യയിലും നടത്തണമെന്നുള്ളത് ഇവരുടെ ആവശ്യമായിരുന്നു ലണ്ടനിലെ ഇന്ത്യൻ കൗൺസിലിനെ പിരിച്ചു വിടുക, നികുതി കുറയ്ക്കുക പൊതുസൈനിക ചിലവുകൾ കുറയ്ക്കുക എന്നതും ഇവരുടെ ആവശ്യങ്ങളായിരുന്നു. ഈ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി 1885-ൽ രൂപികരിക്കപ്പെട്ടതാണ് ഇന്ത്യൻ ദേശീയ കോൺഗ്രസ്സ്.

(d) മിതവാദികളുടെ കാലഘട്ടം

മദ്രാസ് മഹാജനസഭ പോലുള്ള പ്രാദേശിക സംഘടനകൾ ഒരു അഖിലേന്ത്യാ സംഘടന രൂപീകരിക്കുന്നതിന് പ്രചോദനമായി. ഇന്ത്യൻ ദേശീയ കോൺഗ്രസ്സിന്റെ രൂപീകരണത്തിനു മുൻപ് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ള കോൺഗ്രസ്സ് നേതാക്കന്മാർ ധാരാളം പരിപാടി സംഘടിപ്പിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു. ഇതുപോലുള്ള ഒരു യോഗം 1884 ഡിസംബറിൽ തിയോസോഫിക്കൽ സൊസൈറ്റി സംഘടിപ്പിച്ചു. ഇതിൽ ദാദാബായ് നവറോജി മദ്രാസിൽ നിന്നുള്ള കെ.റ്റി തേലാജ്, സുരേന്ദ്രനാഥ ബാനർജി മറ്റ് പ്രമുഖ നേതാക്കളായ ജി. സുബ്രമണ്യം, രംഗയ്യ, ആനന്ദാചാരലു എന്നിവരും പങ്കെടുത്തു



ദാദാബായ് നവറോജി



ഗോഖലെ

ഇന്ത്യൻ ദേശീയ കോൺഗ്രസ്സിന്റെ ആദ്യയോഗം 1885-ൽ ബോംബേയിൽ കൂടി. ആകെ ഉണ്ടായിരുന്ന 72 പ്രതിനിധികളിൽ 22 പേർ മദ്രാസിൽ നിന്നുള്ളവരായിരുന്നു.

ഇന്ത്യൻ ദേശീയ കോൺഗ്രസ്സിന്റെ രണ്ടാം സമ്മേളനം 1886-ൽ കൽക്കട്ടയിൽ നടന്നു.



ബദറുദ്ദീൻ ത്യാബ്ജ

X Std - History Malayalam Unit-9.indd 109 1/27/2023 10:03:35 AM

തമിഴ്നാട്ടിലെ പ്രമുഖരായ മിതവാദ ദേശീയവാദികൾ


വി എസ് ശ്രീനിവാസശാസ്ത്രി


പി എസ് ശിവസ്വാമി


ജി എ നടേശൻ

ആദ്യകാല ദേശീയവാദികൾ ഭരണഘടനാരീതികളിൽ വിശ്വാസമുള്ളവരായിരുന്നു. മീറ്റിംഗുകൾ സംഘടിപ്പിക്കുകയും രാജ്യത്തിലെ പ്രശ്നങ്ങൾ ശ്രദ്ധയോടെ ചർച്ച ചെയ്യുകയുമാണ് ഇവരുടെ പ്രവർത്തനരീതികൾ. ഇവർ തങ്ങളുടെ കാഴ്ചപ്പാടുകളെ ഇംഗ്ലീഷിൽ പരാതികളായും നിവേദനങ്ങളായും ഹർജികളായും സമർപ്പിച്ചു. ഇതിന്റെ ഫലമായി സർക്കാർ വിവിധ അന്വോഷണകമ്മീഷണുകളെ നിരോധിച്ചു. ബംഗാൾ വിഭജനസമയത്ത് തിലകനും മറ്റു നോതക്കളും പൊതുയോഗങ്ങൾ സംഘടിപ്പിച്ച്. ധാരാളം ജനങ്ങളെ പങ്കെടുപ്പിക്കുകയും പ്രദേശിക ഭാഷകളിൽ ജനങ്ങളെ അഭിസംബോധനചെയ്യുകയും ചെയ്തു. ആദ്യകാല ദേശീയവാദികളെയാണ് മിതവാദികൾ എന്നു പറയുന്നത്. മദ്രാസിൽ നിന്നുമുള്ള പ്രധാന മിതവാദിനേതാക്കന്മാരായിരുന്നു വി എസ് ശ്രീനിവാസ ശാസ്ത്രി, പി എസ് ശിവസ്വാമി, വി.കൃഷ്ണ സ്വാമി റ്റി. ആർ വെങ്കട്ട് രമണർ, ജി എ നടേശൻ റ്റി എം മാധവറാവു, എസ് സുബ്രഹ്മണ്യർ എന്നിവർ. തങ്ങൾ വിശാലമനസ്ക്കരാണെന്ന് ബ്രിട്ടീഷുകാർ പറഞ്ഞതിന്റെ യാഥാർത്ഥ്യം തുറന്നുകാട്ടിയാണ് മിതവാദികളുടെ പ്രാഥമിക സംഭാവന. ബ്രിട്ടീഷുകാർ ഇന്ത്യയെ എപ്രകാരം ചൂഷണം ചെയ്യുന്നു എന്ന് മിതവാദികൾ വെളിച്ചത്തുകൊണ്ടുവന്നു. ഇംഗ്ലണ്ടിൽ ജനാധിപത്യമര്യാദകൾ പിൻതുടരുന്ന അവർ കോളനികളിൽ പ്രാതിനിധ്യമില്ലാത്ത കാപട്യഭരണം എപ്രകാരം നടത്തുന്നൂ എന്നതും വെളിച്ചത്തു കൊണ്ടുവന്നു.

ദാദാബായ് നവറോജിയായിരുന്നു ഇതിന്റെ അദ്ധ്യക്ഷൻ. മൂന്നാമത്തെ സമ്മേളനം 1887-ൽ മദ്രാസിലെ ആയിരംവിളക്ക് എന്നറിയപ്പെടുന്ന മക്കീസ് പൂന്തോട്ടത്തിൽ വച്ചായിരുന്നു, ബദറുദ്ദീൻ ത്യാബ്ജി ആയിരുന്നു ഇതിന്റെ അദ്ധ്യക്ഷൻ. 607 പ്രതിനിധികൾ ഉണ്ടായിരുന്നതിൽ 362 പേരും മദ്രാസ് പ്രസിഡൻസിയിൽ നിന്നുള്ളവരായിരുന്നു.


തമിഴ്നാട് ചെന്നൈ പ്രസിഡൻസിയുടെ ഒരു ഭാഗമായിരുന്നു. ചെന്നൈ പ്രസിഡൻസിയിൽ ഇപ്പോഴുള്ള ആന്ധ്രപ്രദേശിന്റെ ചില ഭാഗങ്ങൾ (തീര പ്രദേശ ജില്ലകളും റായലസീമയും) കർണ്ണാടകം (ബാംഗ്ലൂർ ബല്ലാരി, തെക്കൻ കാനറാ) കേരളം (മലബാർ ഒഡീഷയിലെ ചില ഭാഗങ്ങൾ (ഗഞ്ജം) എന്നിവ ഉൾപ്പെട്ടിരുന്നു.

9.2 സ്വദേശി പ്രസ്ഥാനം

1905-ലെ ബംഗാൾ വിഭജനം സ്വദേശി പ്രസ്ഥാനത്തിലേക്ക് നയിക്കുകയും സ്വാതന്ത്ര്യസമരത്തിന്റെ ഗതിയിൽമാറ്റം ഉണ്ടാവുകയും ചെയ്തു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രത്യേകിച്ച് ബംഗാൾ, പഞ്ചാബ്, മഹാരാഷ്ട്ര, എന്നിവിടങ്ങളിൽനിന്ന് നേതാക്കൻമാർ ഉയർന്നുവന്നു. സ്വദേശി സംരംഭത്തെ പ്രോത്സാഹിപ്പിക്കാനും വിദേശ വസ്തുക്കൾ ബഹിഷ്കരിക്കാനും ദേശീയ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാനും രാജ്യത്തോട് ആഹ്വനം ചെയ്തു. കൽക്കട്ടകോൺഗ്രസ്സിന്റെ പരിപാടി അവർ നടപ്പിലാക്കി. സ്വദേശി പ്രസ്ഥാനം തമിഴ്നാട്ടിൽ വളരെ ആഴത്തിൽ സ്വാധീനം ചെലുത്തി. കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ വിദേശവസ്തുക്കൾ ബഹിഷ്ക്കരിക്കുന്ന സംഘടിത പ്രവർത്തനങ്ങൾ നടത്തി.

(a) തമിഴ്നാടിന്റെ പ്രതികരണം

സുബ്രമണ്യഭാരതി, സുരേന്ദ്രനാഥ്ആര്യ എന്നിവർ തമിഴ്നാട്ടിൽ നിന്നുമുള്ള ചില പ്രമുഖ നേതാക്കന്മാരായിരുന്നു. ആയിരക്കണക്കിനു ജനങ്ങൾ പങ്കെടുത്ത പൊതുയോഗങ്ങൾ തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽ നടത്തി. ജനങ്ങളെ സംഘടിപ്പിക്കുന്നതിനായി പൊതുവേദികളിൽ ആദ്യമായി തമിഴ് ഉപയോഗിച്ചു.


വി. ഒ ചിദംബരനാർ

സുബ്രമണ്യഭാരതിയുടെ ദേശഭക്തി ഗാനങ്ങൾ ജനങ്ങളുടെ ദേശീയ വികാരത്തെ ഇളക്കി മറിച്ചു ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങൾ സ്വദേശി ആശയങ്ങൾ പ്രചരിപ്പിക്കാൻ തുടങ്ങി. സ്വദേശി മിത്രൻ, ഇന്ത്യ എന്നിവ പ്രസിദ്ധമായ വാർത്ത പത്രികകളായിരുന്നു. ലീഡർ ബിപിൻ ചന്ദ്രപാൽ മദ്രാസിൽ പര്യടനം നടത്തിയതും യുവാക്കൾക്ക് പ്രചോദനമായി. വിദ്യാർത്ഥികളും യുവാക്കളും സ്വദേശി പ്രസ്ഥാനത്തിൽ പങ്കെടുത്തു.

സ്വദേശി നീരാവിക്കപ്പൽകമ്പനി

സ്വദേശി പ്രസ്ഥാനത്തിന്റെ ഏറ്റവും സാഹസികമായ ഉദ്യമം ആയിരുന്നു വി. ഒ ചിദംബരനാർ തുത്തൂക്കുടിയിൽ സ്ഥാപിച്ച സ്വദേശി നീരാവിക്കപ്പൽ കമ്പനി. അദ്ദേഹം ഗാലിയ, ലാവോ എന്നീ രണ്ടു

X Std - History Malayalam Unit-9.indd 110 1/27/2023 10:03:35 AM

കപ്പലുകൾ വാങ്ങി. തുത്തൂക്കുടിയ്ക്കും കൊളംബോയ്ക്കുമിടയിൽ ചരക്ക് ഗതാഗതം നടത്തി.

തിരുനെൽവേലിയിലെ കലാപം



വിപിൻ ചന്ദ്രപാൽ



ഭാരതി

വി.ഒ.സി. സുബ്രമണ്യശിവയോട് ചേർന്ന് തൂത്തുക്കുടി തിരുനെൽവേലി എന്നിവിടങ്ങളിലുള്ള മിൽ തൊഴിലാളികളെ സംഘടിപ്പിച്ചു യൂറോപ്യ ഉടമസ്ഥതയിലുള്ള കോറൽമിൽ 1908-ൽ വി. ഒ. സിയുടെ നേതൃത്വത്തിൽ സമരം നടത്തി. ഇതേ സമയത്തു തന്നെയായിരുന്നു വിപിൻ ചന്ദ്രപാലിന്റെ ജയിൽമോചനം വി.ഒ.സിയും സുബ്രമണ്യശിവയും പൊതുയോഗങ്ങൾ സംഘടിപ്പിച്ചു. വിപിൻ ചന്ദ്രപാലിന്റെ മോചനം ആഘോഷിച്ചു. ഈ രണ്ടു നേതാക്കാന്മാരെയും അറസ്റ്റ് ചെയ്തു രാജ്യദ്രോഹ കുറ്റം ചുമത്തി കഠിനമായ തടവിന് ശിക്ഷിക്കുകയും ചെയ്തു. ഇതിനുമുൻപ് വി.ഒ.സി. യെ രണ്ട് ജീവ പര്യന്തം കഠിന തടവിനു ശിക്ഷിച്ചിരുന്നു. ഇദ്ദേഹം അറസ്റ്റിലായ വാർത്ത തിരുനെൽവേലിയിൽ കലാപത്തിനു കാരണമായി. പോലീസ് സ്റ്റേഷൻ, കോടതി കെട്ടിടം, മുൻസിപ്പൽ ഓഫീസ് എന്നിവ അഗ്നിയ്ക്കിരയാക്കി. ഇതു മൂലമുണ്ടായ പോലീസ് വെടി വെപ്പിൽ നാലുപേർ മരിച്ചു. ജയിലിൽ അദ്ദേഹത്തിന് അതികഠിനമായ പീഡനങ്ങളാണ് നേരിടേണ്ടിവന്നത്. അദ്ദേഹത്തെ കൊണ്ട് ചക്ക് വലിപ്പിക്കുകയും (ഓയിൽ പ്രസ്സ്) ചെയ്തു. ജി സുബ്രമണ്യ, എത്തിരാജ് സുരേന്ദ്രനാഥ് ആര്യ എന്നിവരെയും അറസ്റ്റ് ചെയ്തിരുന്നു. അറസ്റ്റിൽ നിന്ന് ഒഴിവാകാനായി സുബ്രമണ്യ ഭാരതി ഫ്രഞ്ചു ഭരണ പ്രദേശമായ പോണ്ടിച്ചേരിയിലേക്ക് മാറി. അരവിന്ദോഘോഷ്, വി. വി സുബ്രമണ്യനാർ എന്നിവരും സുബ്രമണ്യ ഭാരതിയെ അനുഗമിച്ചു.

(b) തമിഴ് നാട്ടിലെ വിപ്ലവപ്രവർത്തനങ്ങൾ

വിപ്ലകാരികളുടെ സുരക്ഷിത താവളമായിരുന്നു പോണ്ടിച്ചേരി. പാരീസിലും ലണ്ടനിലും ഉള്ള ഇന്ത്യാഹൗസിൽ വച്ച് വിപ്ലവകാരികൾക്ക് വിപ്ലവആശയങ്ങളെക്കുറിച്ചുള്ള പഠനവും പരിശീലനവും ലഭിച്ചു. എ.പി.റ്റി. ആചാര്യ, വി.വി സുബ്രമണ്യനാർ, റ്റി എസ്സ്. എസ്സ് രാജൻ എന്നീ പ്രമുഖരും ഇവരോടൊപ്പം ഉണ്ടായിരുന്നു വിപ്ലവസാഹിത്യ പുസ്തകങ്ങൾ മദ്രാസ് വഴി പോണ്ടിച്ചേരിയിൽ നിന്നും വിതരണം ചെയ്യപ്പെട്ടു. പോണ്ടിച്ചേരിയിൽ നിന്നും പ്രസിദ്ധീകരിച്ച പുരോഗമന വിപ്ലവവാദ പ്രസിദ്ധീകരണങ്ങളായിരുന്നു ഇന്ത്യ, വിജയ, സുര്യോദയം എന്നിവ.

ആഷിന്റെ കൊലപാതകം

1904-ൽ നീലകണ്ഠ ബ്രഹ്മചാരിയും മറ്റ് ചിലരും ചേർന്ന് ഒരു രഹസ്യ സംഘടന ആരംഭിച്ചു. ഇതിന്റെ ഉദ്ദേശം ബ്രിട്ടീഷ് ഉദ്ഗ്യാസ്ഥന്മാരെകൊല്ലുകയും, അതുവഴി ദേശസ്നേഹത്തെ ജനങ്ങൾക്കിടയിൽ ഉണർത്തുകയും ചെയ്യുക എന്നതായിരുന്നു. ചെങ്കോട്ടയിലെ വാഞ്ചിനാഥൻ ഈ സംഘടനയാൽ ആകർഷിക്കപ്പെട്ടു. 1911 ജൂൺ 17 ന് തിരുനെൽവേലി കളക്ടറായ റോബർട്ട് W.D.E ആഷിനെ മണിയാച്ചി റെയിൽവേസ്റ്റഷനിൽ വച്ച് അദ്ദേഹം വെടി വെച്ചു കൊന്നു. അതിനുശേഷം വാഞ്ചിനാഥനും സ്വയം വെടിവെച്ച് മരിച്ചു. ദേശസ്നേഹികളായിരുന്നെങ്കിലും വിപ്ലവകാരികളുടെ ജനങ്ങളിൽ നിന്നും വേർപ്പെട്ടുള്ള ഇത്തരം പ്രവർത്തനം മൂലം സാധാരണ ജനങ്ങളെ ആകർഷിക്കാനോ സംഘടിപ്പിക്കാനോ കഴിയാതെ പോയി.


(c) ആനിബസന്റും ഹോം റൂൾ പ്രസ്ഥാനവും

തീവ്രവാദികളെയും വിപ്ലവകരികളെയും ഇരുമ്പ് കരങ്ങളാൽ അടിച്ചമർത്തിയപ്പോഴും മിതവാദികൾ ഭരണഘടനാപരമായ മാറ്റങ്ങൾക്കായി പ്രതീക്ഷപുലർത്തി. എന്നിരുന്നാലും മിന്റോ മോർലി പരിഷ്ക്കരം ഉത്തരവാദിത്വ സർക്കാർ രൂപീകരണത്തിന് അനുവാദം നൽകാത്തതിനാൽ മിതവാദികൾ നിരാശരായി.

ദേശീയ പ്രസ്ഥാനത്തിന്റെ ഉണർവില്ലാത്ത അവസ്ഥയിൽ തിയോസോഫിക്കൽ സൊസൈറ്റിയുടെ നോതാവായ ആനിബെസന്റ് എന്ന ഐറിഷ് വനിത ഐറിഷ് ഹോംറൂൾ പ്രസ്ഥാനത്തിന്റെ മാതൃകയിൽ ഹോംറൂൾ പ്രസ്ഥാനം ആരംഭിക്കാൻ നിർദേശിച്ചു. ഇന്ത്യമുഴുവനും സ്വദേശി ഭരണം കൊണ്ടുവരണമെന്ന ആവശ്യവുമായി 1916-ൽ അവർ ഹോംറൂൾ പ്രസ്ഥാനം ആരംഭിച്ചു ഈ പ്രവർത്തനത്തിൽ ജി എസ് അരുണ്ഡേൽ, വി.പി വാഡിയ,സിപി. രാമസ്വാമി എന്നിവർ അവരെ സഹായിച്ചു. ബ്രിട്ടീഷ് ഗവൺമെന്റിനോട് നാമമാത്രമായ കൂറ് പുലർത്തുന്ന സ്വദേശി ഭരണമാണ് അവർ



വി.വി സുബ്രമണ്യനാർ



അരവിന്ദോഘോഷ്,

X Std - History Malayalam Unit-9.indd 111 1/27/2023 10:03:35 AM


ആവശ്യപ്പെട്ടത്. ഇവരുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായിന്യൂഇന്ത്യ,കോമൺവീൽഎന്നീപത്രങ്ങൾ ആരംഭിച്ചു. "അതീനവീന സൗകര്യങ്ങളോടെ ട്രെയിനിൽ അടിമകൾ സഞ്ചരിക്കുന്നതിലും ഭേദം സ്വാതന്ത്ര്യത്തോടെ കാളവണ്ടിയിൽ സഞ്ചരിക്കുന്നതാണ് ഉത്തമം" എന്ന് അവർ അഭിപ്രായപ്പെട്ടു 1910-ലെ അച്ചടിശാലാനിയമം അനുസരിച്ച് ആനിബസന്റിനോട് ഒരു വൻതുക ജാമ്യത്തുകയായി കെട്ടാൻ ആവശ്യപ്പെട്ടു. അവർ എഴുതിയ രണ്ട് പുസ്തകങ്ങളാണ് 'ഹൗ ഇന്ത്യറോട്ട് ഫോർ ഫ്രീഡം, ഇന്ത്യ എ നേഷൻ, എ പാംലറ്റ് ഓൺ സെൽഫ് ഗവൺമെന്റ്".

9.3 ബ്രാഹ്മണേതര പ്രസ്ഥാനവും കോൺഗ്രസ്സിന്റെ വെല്ലുവിളിയും

(a) ദക്ഷിണേന്ത്യൻ സ്വാതന്ത്ര്യ സംഘടന

ബ്രാഹ്മണേതരർ അവരുടെ താല്പര്യസംരക്ഷിക്കുന്നതിനായി ഒരു രാഷ്ട്രീയ സംഘടന രൂപീകരിച്ചു. 1912-ൽ മദ്രാസ് ദ്രാവിഡ സംഘടന സ്ഥാപിച്ചു. സെക്രട്ടറിയായി സി നടേശനാർ മുഖ്യപങ്ക് വഹിച്ചു. 1916 ജൂണിൽ ബ്രാഹ്മണേതര വിദ്യാർത്ഥികൾക്കായി ഒരു ഹോസ്റ്റൽ അദ്ദേഹം ആരംഭിച്ചു. അക്കാലത്തെ ബ്രാഹ്മണേതരനേതാക്കന്മാരായ ഡോക്ടർ റ്റി. എം നായർ, പി. ത്യാഗരായർ എന്നിവർക്കിടയിൽ ഉണ്ടായിരുന്ന അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കുന്നതിൽ നടേശനാർ പ്രധാന പങ്ക് വഹിച്ചു. ഡോക്ടർ റ്റി. എം നായരും. ത്യാഗരായരും ആദ്യം കോൺഗ്രസ്സിന്റെ ഭാഗമായിരുന്നു. ഇവരെ ബ്രാഹ്മണർ അല്ലാത്തതിന്റെ പേരിൽ കോൺഗ്രസ്സിൽ നിന്നും മാറ്റി നിർത്തുന്നതിൽ ഇവർ നിരാശരായിരുന്നു. 1916 നവംബർ 20-ന് ചെന്നൈയിലെ വിക്ടോറിയ പബ്ലിക് ഹാളിൽ വച്ച്, പി. ത്യാഗരായർ ഡോ. റ്റി എം നായർ, സി നടേശനാർ എന്നിവരുടെ നേതൃത്വത്തിൽ മുപ്പത് ബ്രാഹ്മണേതരർ ഒരു യോഗം കൂടി. ബ്രാഹ്മണേതരരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി തെക്കെ ഇന്ത്യൻ സ്വാതന്ത്ര്യസംഘടന സ്ഥാപിച്ചു.

ജസ്റ്റീസ് മന്ത്രിസഭ



A സുബ്ബരായലു



പനഗൽ രാജാവ്

1920 ലെ തെരഞ്ഞെടുപ്പ് കോൺഗ്രസ്സ് ബഹിഷ്ക്കരിച്ചു. നിയമ സഭയിലേക്കു 98 സീറ്റുകളിൽ 63 ലും ജസ്റ്റീസ് പാർട്ടി വിജയിച്ചു. ജസ്റ്റീസ് പാർട്ടിയിലെ സുബ്ബരായലു മുഖ്യമന്ത്രിയായി. 1923-ലെ തെരഞ്ഞെടുപ്പിൽ ജസ്റ്റീസ് പാർട്ടി അംഗമായ പനഗൽ രാജാവ് മന്ത്രി സഭ രൂപീകരിച്ചു.

(b) സർക്കാരിന്റെ അടിച്ചമർത്തൽ നയം റൗലറ്റ് നിയമം

ഒരു നിർദ്ദയ അരാചകത്ത വിപ്ലവ കുറ്റകൃത്യനിയമമാണ് ബ്രിട്ടീഷ് ഗവൺമെന്റ് കൊണ്ടുവന്നത്. ഈ നിയമം സർ സിഡ്നി റൗലറ്റിന്റെ പേര് ചേർത്ത് റൗലറ്റ് നിയമം എന്നറിയപ്പെടുന്നു. 1919-ൽ ഈ നിയമം പ്രാബല്യത്തിൽ കൊണ്ടുവരാൻ നിയോഗിച്ച സമിതിയുടെ തലവനായിരുന്നു ഇദ്ദേഹം തീവ്രവാദ കുറ്റമാരോപിച്ച് ഒരാളെ അറസ്റ്റ് ചെയ്യാനും വിചാരണ കൂടാതെ ജയിലിടയ്ക്കാനും ഈ നിയമം അനുവാദം നൽകി. ഇന്ത്യാക്കാർ ഇതിനെ എതിർത്തു. ഗാന്ധിജി കോപകുലരായ ജനങ്ങളോടൊപ്പം ഇതിനെതിരെ ശബ്ദമുയർത്തി. അദ്ദേഹം ദക്ഷിണാഫ്രിക്കയിൽ നടത്തിയ സമരമാർഗ്ഗമായ സത്യാഗ്രഹ സമരം ഇവിടെയും പോരാട്ടമാർഗ്ഗമാക്കി.

റൗലറ്റ് സത്യാഗ്രഹം



എസ് സത്യമൂർത്തി

1919-മാർച്ച് 18 ന് മറീന ബീച്ചിൽ ഗാന്ധിജി ജനങ്ങളെ അഭിസംബോധന ചെയ്തു. 1919-ഏപ്രിൽ 6-ന് 'കറുത്ത നിയമ'ത്തിനെതിരെ (Black Act) പ്രതിഷേധിക്കാനായി ഹർത്താൽ സംഘടിപ്പിച്ചു തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിഷേധ പ്രകടനങ്ങൾ നടന്നു. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രതിക്ഷേധജാഥകൾ മെറീന ബീച്ചിലേക്ക് എത്തി. ഈ വൻജനാവലിമുഴുവൻ ദിവസവും ഉപവാസവും പ്രാർത്ഥനയുമായി കഴിഞ്ഞു. മദ്രാസ് സത്യാഗ്രഹസഭ രൂപീകരിച്ചു. രാജാജി, കസ്തൂരിരംഗർ, എസ് സത്യമൂർത്തി, ജോർജ് ജോസഫ് എന്നിവ ഈ യോഗത്തിൽ പ്രസംഗിച്ചു. തൊഴിലാളികളുടെ ഒരു പ്രത്യേകയോഗത്തിൽ വി. കല്യാണ സുന്ദരം (തിരു.വി.ക) ബി.പി വാഡിയ, വി. ഓ സി എന്നിവർ പ്രസംഗിച്ചു. ഈ പ്രസ്ഥാനത്തിന്റെ പ്രത്യേകത എന്നത് സാധാരണ തൊഴിലാളികൾ, വിദ്യാർത്ഥികൾ സ്ത്രീകൾ എന്നിവർ കൂട്ടമായി ഇതിൽ പങ്കെടുത്തു എന്നുള്ളതാണ്.

(c) ഖിലാഫത്ത് പ്രസ്ഥാനം

ജാലിയൻ ബാലബാഗ് കൂട്ടക്കൊലക്കുശേഷം അതിനുകാരണമായ ജനറൽ ഡയറിനെ കുറ്റവിമുക്തനാക്കുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തു. ഒന്നാം ലോക മഹായുദ്ധത്തിനുശേഷം ഖലീഫയ്ക്ക് അധികാരം നഷ്ടപ്പെടുകയും. അദ്ദേഹം അപമാനിതനാവുകയും ചെയ്തു.

X Std - History Malayalam Unit-9.indd 112 1/27/2023 10:03:35 AM


അദ്ദേഹത്തിന്റെ അധികാരം വീണ്ടെടുക്കാനായി ഖിലാഫത്ത് പ്രസ്ഥാനം ആരംഭിച്ചു.ദേശീയ പ്രസ്ഥാനത്തിൽ നിന്നും അകന്നുനിന്ന മുസ്ലീംകൾ വലിയ അളവിൽ ഈ പ്രസ്ഥാനത്തിൽ ചേർന്നു. 1920 ഏപ്രിൽ 17 ന് മൗലാനാഷൗക്കത്ത് അലിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഖിലാഫത്ത് ദിനം ആചരിക്കുകയും ചെയ്തു. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ മറ്റൊരു സമ്മേളനം ഈ റോഡിലും നടന്നു. ഈപ്രക്ഷോഭത്തിന്റെ പ്രഭവകേന്ദ്രം വാണിയംപാടിയായിരുന്നു.

ജോർജ് ജോസഫ്



അഭിഭാഷകനും വാക്ചാതുര്യമുള്ള പ്രാസംഗികനുമായ ജോർജ് ജോസഫ്, മധുരയിൽ ഹോം റൂൾ പ്രസ്ഥാനം സംഘടിപ്പിക്കുന്നതിനും, പ്രചരിപ്പിക്കുന്നതിനും, നേതൃത്വം നല്കുന്നതിനും പ്രധാന പങ്ക് വഹിച്ചു. ചെങ്ങന്നൂരാണ് ജനിച്ചതെങ്കിലും (കേരള സംസ്ഥാനം ആലപ്പുഴ ജില്ല) മധുരയിൽ താമസിച്ച് അഭിഭാഷകനായി ജോലി ചെയ്യാനാണ് താല്പര്യപ്പെട്ടത്. അദ്ദേഹം തന്റെ നീണ്ട പൊതുജീവിതത്തിൽ വൈക്കം സത്യാഗ്രഹത്തിനു നേതൃത്വം നല്കി. ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും പൗരാവകാശങ്ങൾ തുല്യമാണെന്നുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടായിരുന്നു ഇതിനു കാരണം. ഇദ്ദേഹം തമിഴ്നാട്ടിലെ കുറ്റകൃത്യ പശ്ചാത്തലമുള്ള ഗോത്ര വർഗ്ഗക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിച്ചു ബാധിക്കപ്പെട്ട സമൂഹത്തിനുവേണ്ടിയുള്ള ഇദ്ദേഹത്തിന്റെ പ്രവർത്തനത്തെമാനിച്ച് മധുരയിലെ ജനങ്ങൾ 'റോസാപ്പൂ ദൂരൈ' എന്ന് സ്നേഹത്തോടെ വിളിച്ചുവന്നു.

9.4 നിസ്സഹകരണപ്രസ്ഥാനം



യാക്കൂബ് ഹസ്സൻ

നിസ്സഹരണ പ്രസ്ഥാനത്തിൽ തമിഴ്നാട് സജീവമായി പങ്കെടുത്തു. സി. രാജാജി, ഇ. വി രാമസ്വാമി (ഇ.വി. ആർ പിന്നീട് പെരിയാർ എന്നറിയപ്പെട്ടു) എന്നിവരാണ് ഇതിന് നേതൃത്വം കൊടുത്തത്. മദ്രാസ് ശാഖാ മുസ്ലീം ലീഗിന്റെ സ്ഥാപകനായ യാക്കൂബ് ഹസ്സനോട് ചേർന്നാണ് രാജാജി പ്രവർത്തിച്ചത്. ഇതിന്റെ ഫലമായി തമിഴ്നാടിലെ നിസ്സഹരണ പ്രസ്ഥാനത്തിൽ ഹിന്ദുക്കളും. മുസ്ലീംകളും വളരെ സഹകരണത്തോടെ പ്രവർത്തിച്ചു. കോൺഗ്രസ്സ് ഒരു സന്നദ്ധ സംഘടന രൂപീകരിച്ച് ലഘു ലേഖകൾ വിതരണം ചെയ്യുകയും പതാകകളേന്തി ജാഥ നടത്തുകയും സമ്മേളനങ്ങൾ നിയന്ത്രിക്കുകയും ചെയ്തു. മദ്യഷാപ്പിനു മുൻപിൽ പിക്കറ്റ് ചെയ്യുന്നതിലും ഈ സന്നദ്ധസംഘടന പ്രധാന പങ്ക് വഹിച്ചു

(a) നികുതി ചെലുത്താതെയുള്ള സമരവും മദ്യവിരുദ്ധ പ്രസ്ഥാനവും

നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗമായി കർഷകർ ധാരാളം സ്ഥലങ്ങളിൽ നികുതി ചെലുത്താൻ വിസമ്മതിച്ചു. തഞ്ചാവൂരിൽ നികുതി ചെലുത്താതെയുള്ള സമരം നടത്തി ഭരണസമിതി, വിദ്യാലയം കോടതി എന്നിവ ബഹിഷ്കരിച്ചു. നിരവധി പ്രദേശങ്ങളിൽ ധാരാളം തൊഴിലാളികൾ സമരം നടത്തുകയും ദേശീയ നേതാക്കന്മാർ ഇതിനെല്ലാം നേതൃത്വം നല്കുകയും ചെയ്തു. തമിഴ്നാട്ടിൽ നിസ്സഹരണ പ്രസ്ഥാനത്തിന്റെ സവിശേഷത എന്നത് മദ്യത്തിനെതിരെയുള്ള സമരവും ഇതിലുൾപ്പെടുത്തി എന്നുള്ളതായിരുന്നു. ക്രമിനൽ ഗോത്രനിയമത്തിനെതിരെ വിവിധസമുദായത്തിലുള്ളവർ പ്രക്ഷോഭം നടത്തി. 1921 നവംബറിൽ ഇത് നിയമലംഘന പ്രസ്ഥാനമാക്കി മാറ്റാൻ തീരുമാനിച്ചു. രാജാജി സുബ്രമണ്യശാസ്ത്രി, ഇ, വി, ആർ എന്നിവരെ അറസ്റ്റു ചെയ്തു. 1922-ജനുവരി 13 ന് വെയിൽസ് രാജകുമാരന്റെ സന്ദർശനം ബഹിഷ്കരിച്ചു. പോലീസ് മർദനത്തിൽ രണ്ടുപേർ മരിക്കുകയും ധാരാളം പേർക്ക് പരിക്ക് ഏൽക്കുകയും ചെയ്തു. 1922-ൽ ചൗരിചൗര സംഭവത്തിൽ 22 പോലീസുകാർ കൊല്ലപ്പെട്ടതിനെ തുടർന്ന നിസ്സഹരണ പ്രസ്ഥാനം പിൻവലിച്ചു.

(b) സ്വരാജ്യപാർട്ടിയും ജസ്റ്റീസ് പാർട്ടിയും തമ്മിലുള്ള മത്സരം

നിസ്സഹകരണ പ്രസ്ഥാനം പിൻവലിച്ചതിനെ തുടർന്ന് കോൺഗ്രസ്സിൽ 'മാറ്റം ആവശ്യമുള്ളവർ', 'മാറ്റം ആവശ്യമില്ലാത്തവർ' എന്നു രണ്ടായി പിളർന്നു. നിയമസഭാ ബഹിഷ്കരണം തുടരണമെന്ന് മാറ്റം ആവശ്യമില്ലത്തവർ ആവശ്യപ്പെട്ടു. എന്നാൽ തെരഞ്ഞടുപ്പിൽ മത്സരിച്ച് നിയമസഭയിൽ അംഗങ്ങളാകണമെന്ന് മാറ്റം ആവശ്യമുള്ളവർ വാദിച്ചു. രാജാജിയും, ഗാന്ധിജിയുടെ വിശ്വസ്ത അനുയായികളും നിയമസഭാ പ്രവേശനത്തെ എതിർത്തു എം എ അൻസാരി, കസ്തൂരിരംഗൻ എന്നിവരോടൊപ്പം രാജാജി നിയമസഭ ബഹിഷ്കരിക്കണമെന്ന് വാദിച്ചു. ഇതിനെ എതിർത്ത മോത്തിലാൽ നെഹ്റു. ചിത്തരഞ്ജൻ ദാസ് എന്നിവരുടെ നേതൃത്വത്തിൽ സ്വരാജ്യകക്ഷി രൂപികരിച്ചു. തമിഴ്നാട്ടിൽ എസ് ശ്രീനിവാസനാർ. എസ് സത്യമൂർത്തി എന്നിവരാണ് സ്വരാജ്യകക്ഷിക്ക് നേതൃത്വം നല്കിയത്

(c) സുബ്ബരായൻ മന്ത്രിസഭ

1926-ൽ നടന്ന തെരഞ്ഞെടുപ്പിൽ സ്വരാജ്യകക്ഷി വിജയിച്ച് ഭൂരിപക്ഷം കരസ്ഥമാക്കി. എങ്കിലും

X Std - History Malayalam Unit-9.indd 113 1/27/2023 10:03:35 AM

കോൺഗ്രസ്സിന്റെ ആശയങ്ങളോട് യോജിക്കാത്തതിനാൽ ഭരണ നേതൃത്വം ഏറ്റെടുക്കാൻ വിസമ്മതിച്ചു. അതിനു പകരം സ്വതന്ത്രനായി വിജയിച്ച പി. സുബ്ബരായനെ മന്ത്രി സഭ രൂപീകരിക്കുന്നതിനായി സഹായിച്ചു. 1930-ലെ തെരഞ്ഞെടുപ്പിൽസ്വരാജ്യ കക്ഷി മത്സരിക്കാത്തതിനാൽ ജസ്റ്റീസ് പാർട്ടി വിജയിച്ചു. 1937 വരെ ജസ്റ്റീസ് പാർട്ടി ഭരണം നടത്തി.



പി. സുബ്ബരായൻ

(d) സൈമൺ കമ്മീഷൻ ബഹിഷ്കരണം

1919 നിയമ അവലോകനം നടത്തുന്നതിനും പരിഷ്ക്കാരങ്ങൾ നിർദേശിക്കുന്നതിനുമായി 1927-ൽ ജോൺ സൈമണിന്റെ കീഴിൽ ഒരു നിയമപരമായി കമ്മീഷൻ രൂപീകരിച്ചു. എന്നിരുന്നാലും ഒരു ഇന്ത്യാക്കാരൻപോലും അംഗമാകാത്ത വെള്ളക്കാരുടെ കമ്മീഷനായതിനാൽ ഇന്ത്യക്കാർ നിരാശപ്പെട്ടു. അതിനാൽ കോൺഗ്രസ്സ് സൈമൺ കമ്മീഷനെ ബഹിഷ്കരിച്ചു മദ്രാസ്സിൽ എസ് സത്യമൂർത്തിയുടെ നേതൃത്വത്തിൽ സൈമൺ കമ്മീഷൻ ബഹിഷ്കരണ പ്രചാരണ കമ്മിറ്റി രൂപീകരിച്ചു. വിദ്യാർത്ഥികൾ, വ്യാപാരികൾ, അഭിഭാഷകർ ട്രെയിൻ യാത്രക്കാർ എന്നിവർക്കിടയിൽ വ്യാപകപ്രചാരണം നടന്നു. 1929 ഫെബ്രുവരി 18-ന് സൈമൺ കമ്മീഷൻചെന്നൈയിൽവന്നപ്പോൾഹർത്താലുകളും പ്രകടനങ്ങളും നടത്തി സ്വീകരിച്ചു.

നീൽ പ്രതിമ മാറ്റുന്നതിനായുള്ള പോരാട്ടം (1927)

തോക്ക് കൈവശം വയ്ക്കുന്ന മദ്രാസ്സിലെ കാലാൾപ്പടയുടെ മേധവിയായിരുന്നു ജയിംസ് നീൽ. 1857-ലെ മഹാവിപ്ലവത്തിൽ കാൺപൂർ കൂട്ടക്കൊലയിൽ യൂറോപ്യൻ സ്ത്രീകളെയും കുഞ്ഞുങ്ങളെയും നിഷ്കരുണം കൊലപ്പെടുത്തിയിരുന്നു. ഇതിന്റെ പ്രതികാരമായി നീൽ വളരെ ക്രൂരമായി പെരുമാറി. പിന്നീട് നീലിനെ ഒരു ഇന്ത്യൻ ശിപായി കൊന്നു കളഞ്ഞു. അദ്ദേഹത്തിന്റെ ഒരു പ്രതിമ മദ്രാസ് മൗണ്ട് റോഡിൽ സ്ഥാപിച്ചു. ഇതുമൂലം ഇന്ത്യക്കാരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതായി തോന്നിയ ദേശീയവാദികൾ മദ്രാസ്സിൽ തുടർച്ചയായി പ്രകടനങ്ങൾ നടത്തി. മദ്രാസ് പ്രസിഡൻസിയുടെ വിവിധ ഭാഗങ്ങളിൽ നിന്നു വന്ന പ്രക്ഷോഭകാരികൾക്ക് തിരുനെൽവേലിയിലെ എസ് എൻ സോമയാജലു നേതൃത്വം നൽകി. ധാരാളം പേരെ അറസ്റ്റു ചെയ്ത് ജയിലിടച്ചു. ഈ സമയത്ത് മദ്രാസ്സിൽ വന്ന ഗാന്ധിജി പ്രക്ഷോഭകാരികളെ സഹായിച്ചു. 1937-ലെ രാജാജിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സ് ഭരണത്തിൽ ഈ പ്രതിമ മദ്രാസ് മ്യൂസിയത്തിലേക്ക് മാറ്റി.

9.5 നിസ്സഹകരണപ്രസ്ഥാനം

(a) പൂർണ്ണ സ്വരാജിലേയ്ക്ക്

1927 ൽ ഇന്ത്യൻ ദേശീയ കോൺഗ്രസ്സിന്റെ മദ്രാസ് സമ്മേളനത്തിൽ വച്ച് പൂർണ്ണ സ്വാതന്ത്ര്യമാണ് നമ്മുടെ ലക്ഷ്യമെന്ന് അവർ പ്രഖ്യാപിച്ചു. 1929-ൽ കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനത്തിൽ "പൂർണ്ണ സ്വരാജ്" (പൂർണ്ണ സ്വതന്ത്ര്യം) ആണ് നമ്മുടെ ലക്ഷ്യം എന്ന തീരുമാനം നിറവേറ്റപ്പെട്ടു. അതിനു ശേഷം 1930 ജനുവരി 26-ൽ റാവി നദിയുടെ തീരത്ത് സ്വതന്ത്ര്യത്തെ പ്രഖ്യാപിച്ചു കൊണ്ട് ജവഹാർലാൽ നെഹ്രു ദേശീയ പതാകഉയർത്തി.

(b) വേദാരണ്യത്തിലെ ഉപ്പു സത്യാഗ്രഹം

ഗാന്ധിജി മുന്നോട്ടുവച്ച ആവശ്യങ്ങൾ വൈസ്രോയി അംഗീകരിക്കാതിരുന്നപ്പോൾ, 1930 മാർച്ച് 12 ന് ദണ്ഡിയിലേക്ക് കാൽനടയായി പോയി ഉപ്പ് സത്യാഗ്രഹം നടത്തി. അദ്ദേഹം നിസ്സഹകണ പ്രസ്ഥാനം ആരംഭിച്ചു. നിയമലംഘന പ്രസ്ഥാനം എന്നത് വിദ്യാർത്ഥികൾ, വ്യാപാരികൾ, തൊഴിലാളികൾ സ്ത്രീകൾ മുതലായവരുടെ പ്രകടനങ്ങളും, ഹർത്താലുകളുംനടന്നു. സ്വദേശിനാടകങ്ങളും പാട്ടുകളും ഉൾപ്പെടുന്ന ഒരു ബഹുജനപ്രസ്ഥാനമായിരുന്നു ഇത്. ഗ്രാമങ്ങളിലും നഗരങ്ങളിലും പൊതുസമ്മേളനങ്ങൾ സംഘടിപ്പിക്കുക, പ്രചാരണ ജാഥകൾ സംഘടിപ്പിക്കുക, കടകൾ അടയ്ക്കുക എന്നിവയും അവർ നടത്തി. തമിഴ്നാട് നിയലംഘന പ്രസ്ഥാനത്തിൽ മുൻപന്തിയിലായിരുന്നു. മദ്രാസ് നഗരത്തിൽ കടകൾ അടച്ചു, വിദേശ വസ്തുക്കൾ ബഹിഷ്കരിച്ചു. വേദാരണ്യത്തിൽ രാജാജിയുടെ നേതൃത്വത്തിൽ ഉപ്പുസത്യാഗ്രഹം നടത്താൻ വേണ്ടി കാൽനടയായി പോയി. 1930 ഏപ്രിൽ 13 ന് തിരുച്ചിറപ്പള്ളിയിൽ നിന്ന് ആരംഭിച്ച കാൽ നടയാത്ര ഏപ്രിൽ 28 ന് തഞ്ചാവൂർ ജില്ലയിലെ വേദാരണ്യത്തിലെത്തി. ഈ കാൽ നടയാത്രയ്ക്കായി ഒരു പ്രത്യേക ഗാനം രചിച്ചത് നാമയ്ക്കൽ, വി. രാമലിംഗനാർ ആണ്. ഈ ഗാനത്തിന്റെ വരികൾ "ഒരു യുദ്ധം മുന്നിലാണ്,ആയുധമെടുക്കാതെ രക്തചൊരിച്ചിലില്ലാതെ ഈ കാൽനടയാത്രയിൽ പങ്ക് ചേരുക" പോലീസിന്റെ ക്രൂരമായ അടിച്ചമർത്തൽ ഉണ്ടായിരുന്നിട്ടും അണിനിരന്നു പോയ സത്യാഗ്രഹികൾക്ക് ഊഷ്മളമായ സ്വീകരണമാണ് ലഭിച്ചത്. വേദാരണ്യത്തിലെത്തിയപ്പോൾ രാജാജിയുടെ നേതൃത്വത്തിലുള്ള 12 സന്നദ്ധ പ്രവർത്തനകർ ഉപ്പ് എടുത്ത് ഉപ്പു നിയമം ലംഘിച്ചു. ഇതിനാൽ രാജാജിയെ അറസ്റ്റു ചെയ്തു. വേദാരണ്യം ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്ത പ്രമുഖ നേതക്കളായിരുന്നു റ്റി. എസ്. എസ് രാജൻ, രുഗ്മണിലക്ഷ്മിപതി, സർദാർ വേദരത്തിനം, സി സ്വാമിനാഥൻ, കെ. സന്താനം എന്നിവർ.

X Std - History Malayalam Unit-9.indd 114 1/27/2023 10:03:35 AM



വേദാരണ്യം ഉപ്പു സത്യാഗ്രഹ സ്മാരകം

(c) തമിഴ്നാട് ജില്ലകളിലെ വ്യാപകമായ പ്രക്ഷോഭങ്ങൾ



രുഗ്മണി ലക്ഷ്മിപതി

സത്യാഗ്രഹികൾ മദ്രാസിനടുത്തുള്ള ഉദയവനം എന്ന സ്ഥലത്ത് റ്റി.പ്രകാശത്തിന്റെയും കെ. നാഗേശ്വരറാവുവിന്റെയും നേതൃത്വത്തിൽ ഒരു ക്യാമ്പ് (താവളം) സംഘടിപ്പിച്ചു. എന്നാൽ പോലീസ് ഇവരെ അറസ്റ്റ് ചെയ്തു. ഇതിനാൽ മദ്രാസിൽ ഹർത്താലിനു ആഹ്വാനം ചെയ്തു. 1930 ഏപ്രിൽ 27 ന് തിരുവള്ളിക്കേണിയിൽ, മൂന്നു മണിക്കൂർ നീണ്ടു നിന്ന പോലീസുമായുള്ള ഏറ്റുമുട്ടലിൽ മൂന്നുപേർ മരിച്ചു. രാമേശ്വരത്തിൽ ഉപ്പു സത്യാഗ്രഹം നടത്തിയ സന്നദ്ധപ്രവർത്തകരെ അറസ്റ്റ് ചെയ്തു. അതുപോലെ ഉവാരി, അൻജെൻഗോ, വെപ്പലോടൈ, തൂത്തുക്കുടി, തരുവൈകുളം എന്നിവിടങ്ങളിലെ ശ്രമങ്ങളും അവസാനിപ്പിച്ചു. നെയ്ത്തു തൊഴിലാളികൾ പ്രവിശ്യയലുടനീളം പണിമുടക്കി. സ്ത്രീകളും അത്യുത്സാഹത്തോടെ ഇതിൽ പങ്കെടുത്തു. ഉപ്പ് നിയമം ലംഘിച്ചതിന് പിഴ നല്കിയ ആദ്യ വനിതയാണ് രുഗ്മണി ലക്ഷ്മിപതി. ഈ പ്രസ്ഥാനത്തെ അടിച്ചമർത്തുന്നതിന് പോലീസ് ക്രൂരമായ ബല പ്രയോഗം നടത്തി. 1932 ജനുവരി 26 ന് ആര്യ എന്നുവിളിച്ചിരുന്ന ഭാഷിയം സെന്റ് ജോർജ് കോട്ടയുടെ മുകളിൽ ദേശീയ പതാക ഉയർത്തി.

തിരുപ്പൂർ കുമരന്റെ രക്തസാക്ഷിത്വം



തിരുപ്പൂർ കുമരൻ

1932 ജനുവരി11 ന് തിരുപ്പൂരിൽ ദേശീയ പതാകയെ വഹിച്ചുകൊണ്ടും ദേശഭക്തിഗാനങ്ങൾ ആലപിച്ചു കൊണ്ടും പോയ പ്രചാരണക്കാരെ തിരുപ്പൂർ പോലീസ് ക്രൂരമായി മർദ്ദിച്ചു. എല്ലാവരാലും തിരുപ്പൂർ കുമരൻ എന്നു വിളിക്കപ്പെടുന്ന O.K.S.R. കുമാരസ്വാമി, ദേശീയ പതാകയെ ഉയർത്തിപിടിച്ചു കൊണ്ട് മരിച്ചു. ഇതിനാൽ അദ്ദേഹത്തെ കൊടികാത്തകുമരൻ എന്ന റിയപ്പെടുന്നു.

(d) ആദ്യ കോൺഗ്രസ് മന്ത്രാലയം



സി. രാജാജി

1935-ലെ ഇന്ത്യാ ഗവൺമെന്റ് നിയമപ്രകാരം പ്രാദേശിക സ്വയം ഭരണം കൊണ്ടുവന്നു. നിയമസഭയുടെ ഉത്തരവാദിത്വങ്ങളും പ്രാദേശികഭരണവും മന്ത്രി സഭാ സമിതിയുടെ കീഴിലായിരുന്നു. എന്നിരുന്നാലും തെരഞ്ഞെടുക്കപ്പെട്ട സർക്കാരിന്റെ ഉപദേശങ്ങൾ അവഗണിക്കാനുള്ള അധികാരം ഗവർണറിന് നല്കി. 1937-ലെ തെരഞ്ഞെടുപ്പിലും കോൺഗ്രസ്സ് ഉന്നത വിജയം നേടി. ജസ്റ്റിസ് പാർട്ടി പരാജയപ്പെട്ടു. കോൺഗ്രസ്സിന്റെ വിജയം അതിന്റെ ജനസമ്മതിയ്ക്ക് ലഭിച്ച വിജയമാണ്.

ആദ്യ കോൺഗ്രസ്സ് രാജാജി മന്ത്രി സഭ രൂപീകരിച്ചു അദ്ദേഹം പരീക്ഷണാടിസ്ഥാനത്തിൽ മദ്യനിരോധനം കൊണ്ടുവന്നു. ഇതു മൂലം ഉണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കാൻ വില്പന നികുതി കൊണ്ടുവന്നു. തെരഞ്ഞെടുക്കപ്പെട്ട കോൺഗ്രസ്സ് മന്ത്രിസഭയോട് ആലോചിക്കാതെ രണ്ടാം ലോകമഹായുദ്ധത്തിൽ ബ്രിട്ടീഷുകാർ ഇന്ത്യയെ ഉൾപ്പെടുത്തിയതിനാൽ കോൺഗ്രസ്സ് മന്ത്രിസഭ രാജിവെച്ചു.

(e) ഹിന്ദി വിരുദ്ധ പ്രക്ഷോഭം

വിദ്യാലയങ്ങളിൽ ഹിന്ദി നിർബന്ധ വിഷയമായി കൊണ്ടു വന്നത് രാജാജിയുടെ വിവാദ നടപടികളിൽ ഒന്നായിരുന്നു. ഉത്തരേന്ത്യൻ-ആര്യൻ സംസ്കാരം, ഭാഷ അടിച്ചേൽപ്പിക്കുന്നത് തമിഴ്ഭാഷയ്ക്കും സംസ്കാരത്തിനും കോട്ടം തട്ടുമെന്നതിനാൽ ഇതിനെതിരെ ജനരോഷം ഉയർന്നു. ഇതിനെതിരെ ഇ.വി ആറിന്റെ നേതൃത്വത്തിൽ ബഹുജന പ്രചാരണപരിപാടി ആരംഭിച്ചു അദ്ദേഹം സേലത്ത് ഹിന്ദി വിരുദ്ധ സമ്മേളനം സംഘടിപ്പിച്ചു. ഇത് ഒരു കൃത്യമായ പരിപാടിയ്ക്ക് രൂപം നല്കി പിന്നോക്ക വിഭാഗസംഘടനയും മുസ്ലീംലീഗും ഹിന്ദി വിരുദ്ധ പ്രക്ഷോഭത്തിന് പിന്തുണ നൽകി. നടരാജൻ, തലമുത്തു എന്നീ ആവേശഭരിതരായ പ്രക്ഷോഭകാരികൾ ജയിലിൽ വെച്ച് മരണമടഞ്ഞു. തിരിച്ചിറപ്പള്ളിയിൽ നിന്ന് ചെന്നൈയിലേക്ക് ഒരു ജാഥ സംഘടിപ്പിച്ചു. ഇ. വി ആർ ഉൾപ്പെടെ 1200 പ്രക്ഷോഭകാരികൾ

X Std - History Malayalam Unit-9.indd 115 1/27/2023 10:03:35 AM

അറസ്റ്റിലായി. കോൺഗ്രസ്സ് മന്ത്രിസഭ രാജി വെച്ച ശേഷം ഭരണത്തലവനായ ഗവർണർ ഹിന്ദി നിർബന്ധ വിഷയമല്ലാതാക്കി.

9.6 ക്വിറ്റ് ഇന്ത്യാ സമരം

1942 ആഗസ്റ്റ് 8 ന് ക്വിറ്റ് ഇന്ത്യ (വെള്ളക്കാരാ വെളിയേറ്) പ്രമേയം പാസാക്കി. ഗാന്ധിജിയുടെ പ്രസിദ്ധമായ "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" എന്ന മുദ്രാവാക്യം ഇതിന്റെ ഭാഗ മായിരുന്നു. കോൺഗ്രസ്സിന്റെ എല്ലാ നേതാക്കന്മാരെയും രാത്രി തന്നെ അറസ്റ്റ് ചെയ്തു.



കെ. കാമരാജ

കെ. കാമരാജ് ബോംബെയിൽ നിന്ന് മടങ്ങി വരുന്ന വഴി പോലീസുകാർ എല്ലാ റെയിൽവേ സ്റ്റേഷനിലും പ്രാദേശിക നേതാക്കന്മാരുടെ പട്ടികയുമായി നിന്ന് അറസ്റ്റ് ചെയ്ത് കൊണ്ടു പോകുന്നത് ശ്രദ്ധയിൽപെട്ടു, അതിനാൽ കാമരാജ് പോലീസിന്റെ ശ്രദ്ധയിൽ പെടാതെ അരക്കോണത്തിറങ്ങി. പിന്നീടദ്ദേഹം ഒളിവിൽ നിന്നു കൊണ്ട് ക്വിറ്റ് ഇന്ത്യാ പ്രസ്ഥാന പരിപാടികൾ സംഘടിപ്പിച്ചു.

അനശ്വരമായ ബഹുജന പ്രസ്ഥാനം

എല്ലാ വിഭാഗം ജനങ്ങളും ഇതിൽ പങ്കാളി കളായി. ബക്കിംഗ്ഹാം, കർണ്ണാട്ടിക് മില്ലുകൾ, മദ്രാസ് തുറമുഖം, മദ്രാസ് കോർപ്പറേഷൻ വൈദ്യുത വാഹനപ്പാത എന്നിവിടങ്ങളിൽ ഭൂരി പക്ഷം തൊഴിലാളികളും സമരത്തിലേർപ്പെട്ടു. പനപാക്കം, വെല്ലൂർ എന്നിവിടങ്ങളിൽ ടെലഗ്രാഫ്, ടെലഫോൺ ലൈനുകൾ ഛേദിക്കുകയും പൊതു കെട്ടിടങ്ങൾ തീവെച്ചു നശിപ്പിക്കുകയും ചെയ്തു. വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾ സജീ വമായി സമരത്തിൽ പങ്കെടുത്തു. ധാരാളം യുവാ ക്കളും യുവതികളും ഇന്ത്യൻ ദേശീയ സേന (INA) യിൽ ചേർന്നു. ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം നിഷ്ഠൂരമായി അടിച്ചമർത്തി.

റോയൽ ഇന്ത്യൻ നാവിക സേനാ കലാപവും പുതിയതായി ഇംഗ്ലണ്ടിൽ രൂപം കൊണ്ട ലേബർപാർട്ടി സർക്കാരിന്റെ ചർച്ചകളും മൂലം ഇന്ത്യൻ സ്വാതന്ത്ര്യത്തിന് വഴിയൊരുങ്ങി. എന്നാൽ രാജ്യത്തെ ഇന്ത്യ, പാക്കിസ്ഥാൻ എന്ന് രണ്ടായി വിഭജിച്ചത് ശോകപര്യവസായി യായി. ഇതിനെക്കുറിച്ച് ഏട്ടാമത്തെ പാഠത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

സംഗ്രഹം

- മദ്രാസ് സ്വദേശിസംഘടന, മദ്രാസ് മഹാജനസഭ ദേശീയവാദ മാധ്യമങ്ങൾ എന്നിവയുടെ സംഭാവനകൾ തമിഴ്നാട്ടിലെ ദേശീയ വളർച്ചയ്ക്ക് കാരണമായതായി ചർച്ച ചെയ്യപ്പെട്ടു.
- ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലെ സ്വദേശ പ്രസ്ഥാനത്തിൽ വി. ഓ സി, സുബ്രഹ്മണ്യശിവ, സുബ്രഹ്മണ്യ ഭാരതി എന്നിവരുടെ പങ്ക് തമിഴ്നാട്ടിൽ എടുത്തു പറയത്തക്കതാണ്.
- നിസഹരണ പ്രസ്ഥാനം, കോൺഗ്രസ്സുമായി ഇ.വി ആറിന്റെ അഭിപ്രായ ഭിന്നത, സ്വരാജ്യ പാർട്ടിയുടെ ആരംഭം, തമിഴ്നാട്ടിലെ സ്വാഭിമാന പ്രസ്ഥാനം എന്നിവയെല്ലാം അവലോകനം ചെയ്യപ്പെട്ടു
- നിയമലംഘന പ്രസ്ഥാനത്തിൽ തമിഴ്നാടിന്റെ പങ്കാളിത്തം, സൈമൺ കമ്മീഷന്റെ പരാജയം, വട്ടമേശ സമ്മേളനങ്ങൾ എന്നിവയെപ്പറ്റിയെല്ലാം പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.
- 1935-ലെ ഇന്ത്യാ ഗവൺമെന്റ് നിയമമനുസരിച്ച് നടന്ന തെരഞ്ഞെടുപ്പിൽ രാജാജിയുടെ നേതൃത്വത്തിൽ ആദ്യത്തെ കോൺഗ്രസ്സ് മന്ത്രിസഭ പ്രാബല്യത്തിൽ വന്നു.

X Std - History Malayalam Unit-9.indd 116 1/27/2023 10:03:35 AM

A-Z പദപരിചയം

ആധിപത്യം	Hegemony	Leadership or dominance, especially by one state or social group over others
അപ്രിയമായ	Obnoxious	Extremely unpleasant
പ്രചാരണം	Propaganda	Biased information used to promote political cause
സർവ്വസമ്മതം	Consensus	A general agreement
കാപട്യം	Hypocrisy	Insincerity/two-facedness, dishonesty, lip service
ഒരുമിച്ച്കൂട്ടുക	Mobilize	Prepare and organize
രാജ്യദ്രോഹപരമായ	Seditious	Inciting or causing people to rebel against the authority of a state or monarch
പ്രകടനം	Demonstration	A protest meeting or march against something
പിക്കറ്റ്ചെയ്യൽ	Picket	A blockade of a workplace or other venue
വിവേചനം	Discrimination	Unjust or differential treatment of different categories of people, especially on the grounds of caste, creed, etc.
ബഹിഷ്കരണം	Boycott	Refuse to cooperate with or participate in
ക്രൂരമായ	Brutal	Savagely violent
ദേശസ്നേഹം	Patriotic	Having devotion to and vigorous support for one's own country
അടിച്ചമർത്തൽ	Repression	Action of subduing someone or something with force
സംവരണം	Reservation	Assignment of electoral seats especially for some community
വിപ്ലവം	Revolution	Forcible overthrow of a government

അഭ്യാസം

I. ശരിയായ ഇത്തരം തെരഞ്ഞെടുത്തെഴുതുക:

1. മദ്രാസ് മഹാജന സഭയുടെ ഒന്നാമത്തെ പ്രസിഡണ്ട് ആരായിരുന്നു
   a) റ്റി എം നായർ
   b) പി. രങ്കയ്യാ
   c) ജി സുബ്രഹ്മണ്യം
   d) ജി. എ നടേശൻ

2. മൂന്നാമത്തെ ഇന്ത്യൻ കോൺഗ്രസ്സ് സമ്മേളനം എവിടെ വച്ചാണ് നടന്നത്.
   a) മെറീന
   b) മൈലാപ്പൂർ
   c) സെന്റ് ജോർജ് കോട്ട
   d) ആയിരം വിളക്ക്

3. 'സ്വാതന്ത്ര്യമില്ലാതെയുള്ള ആഡംബര ട്രെയിൻ യാത്രയെക്കാൾ നല്ലത് സ്വാതന്ത്ര്യത്തോടെയുള്ള കാളവണ്ടി യത്രയാണ് നല്ലത്' എന്ന് പറഞ്ഞതാര് ?
   a) ആനിബെസന്റ്
   b) വീര രാഘവ ആചാരി
   c) ബി. വാഡിയ
   d) ജി എസ് അരുൺഡേൽ

4. താഴെ കാണുന്നവയിൽ ആരാണ് സ്വരാജ്യക ക്ഷിയിൽ ഉൾപ്പെട്ടത് ?
   a) എസ്. സത്യമൂർത്തി
   b) കസ്തൂരിരംഗൻ
   c) സുബ്ബരായൻ
   d) പെരിയാർ ഇ.വി.ആർ

5. ചെന്നൈയ്ക്കടുത്തുള്ള ഉദയവാനത്തിൽ സത്യാഗ്രഹ സ്ഥലം തയ്യാറാക്കിയതാര് ?
   a) കാമരാജ്
   b) രാജാജി
   c) റ്റി.പ്രകാശം
   d) കെ സന്താനം

6. ഹിന്ദി വിരുദ്ധ സമ്മേളനം നടന്നത് എവിടെ വച്ചാണ് ?
   a) ഈറോഡ് b) മദ്രാസ്
   c) സേലം d) മധുരൈ

X Std - History Malayalam Unit-9.indd 117 1/27/2023 10:03:36 AM

II. പൂരിപ്പിക്കുക:

1. _____ ആണ് മദ്രാസ് ഹൈക്കോടതിയിൽ നിയമിതനായ ആദ്യത്തെ ഇന്ത്യൻ ജഡ്ജി
2. നീലകണ്ഠ ബ്രഹ്മചാരി തുടങ്ങിയ രഹസ്യ സംഘടനയുടെ പേര് _____ആണ്.
3. _____ആണ് മദ്രാസ്സിൽ ഒന്നാം കോൺഗ്രസ്സ് മന്ത്രിസഭ രൂപീകരിച്ചത്.
4. _____ആണ് മുസ്ലീം ലീഗിന്റെ മദ്രാസ് ശാഖ സ്ഥാപിച്ചത്.
5. 1932 ജനവരി 26 ന് സെന്റ് ജോർജ് കോട്ടയിൽ ദേശീയ പതാക ഉയർത്തിയത്_____ ആണ്

III. ശരിയായ പ്രസ്താവന തെരഞ്ഞെടുത്തെഴുതുക:

1. (i) മദ്രാസ് സ്വദേശി സംഘടന 1852-ൽ പ്രാബല്യത്തിൽ വന്നു
   (ii) തമിഴ്ദേശീയവാദ വർത്തമാന പത്രമായ സ്വദേശിമിത്രൻ 1891-ൽ ആരംഭിച്ചു
   (iii) സിവിൽ സർവീസ് പരീക്ഷ ഇന്ത്യയിൽ വച്ച് നടത്തണമെന്ന് മദ്രാസ് മഹാജനസഭ ആവശ്യപ്പെട്ടു
   (iv) വി എസ് ശ്രീനിവാസൻ ഒരു തീവ്ര ദേശീയ വാദിയാണ്
   a) (i) ഉം (ii) എന്നിവ ശരിയാണ്
   b) (iii) മാത്രം ശരി
   c) (iv) മാത്രം ശരി
   d) എല്ലാം ശരിയാണ്
2. (i) നിസ്സഹരണ പ്രസ്ഥാനത്തിൽ ഇ. വി പെരിയാർ പങ്കെടുത്തില്ല
   (ii) മുസ്ലീം ലീഗിലെ യാക്കൂബ് ഹസനുമായി രാജാജി ഒന്നിച്ച് പ്രവർത്തിച്ചു
   (iii) നിസ്സഹരണ പ്രസ്ഥാനത്തിൽ തൊഴിലാളികൾ പങ്കെടുത്തില്ല
   (iv) തമിഴ്നാട്ടിൽ കള്ള് ഷാപ്പുകൾ ബഹിഷ്കരിച്ചില്ല.
   a) (i) ഉം (ii) എന്നിവശരിയാണ്
   b) (i) ഉം (iii) ഉം ശരി
   c) (ii) മാത്രം ശരി
   d) (i) (iii)(vi) എന്നിവ ശരിയാണ്

IV. യോജിപ്പിക്കുക:

1. ദ്രാവിഡകുലം സംഘടന	-	ഹിന്ദി വിരുദ്ധ പ്രക്ഷോഭം
2. ഇ.വി.ആർ. പെരിയാർ	-	നീൽ പ്രതിമ അകറ്റൽ
3. എസ്.എൻ. സോമയാജലു	-	ഉപ്പുസത്യാഗ്രഹം
4. വേദാരണ്യം	-	പീഡനക്കമ്മീഷൻ
5. താളമുത്തു	-	വൈക്കം വീരൻ

V. ചുരുക്കത്തിൽ ഉത്തരമെഴുതുക:

1. ദേശീയ മിതവാദികളുടെ സംഭാവനകൾ പട്ടികയിലാക്കുക.
2. തിരുനെൽവേലി പ്രക്ഷോഭത്തെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക.
3. ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിൽ ആനി ബെസന്റിന്റെ സംഭാവന എന്താണ് ?

VI. വിശദമായ ഉത്തരമെഴുതുക:

1. തമിഴ്നാട്ടിലെ സ്വദേശി പ്രസ്ഥാനത്തിന് ഉണ്ടായ പ്രതികരണം ചർച്ച ചെയ്യുക.
2. തമിഴ്നാട്ടിൽ ബ്രാഹ്മണേതര പ്രസ്ഥാനത്തിന്റെ ഉദ്ഭവവും അതിന്റെ വളർച്ചയേയും പരിശോധിക്കുക.
3. നിസ്സഹകരണ പ്രസ്ഥാനത്തിൽ തമിഴ്നാടിന്റെ പങ്കിനെക്കുറിച്ച് എഴുതുക.

VII. പ്രവർത്തനങ്ങൾ:

1. തമിഴ്നാട്ടിലെ സ്വാതന്ത്ര്യ സമരത്തിനോട് ബന്ധമുള്ള പ്രധാന സ്ഥലങ്ങളെക്കുറിച്ച് വിദ്യാർത്ഥികളോട് ഒന്നോ രണ്ടോ വാക്യങ്ങളിൽ എഴുതാൻ പറയുക.
2. വിവാദിക്കുക: വിദ്യാർത്ഥികളെ ഗ്രൂപ്പായി തരംതിരിച്ച് മിതദേശീയവാദികൾ, തീവ്രദേശീയ വാദികൾ, വിപ്ലവ ദേശീയവാദികൾ, ആനിബെസന്റിന്റെ പിന്തുണക്കാർ, ജസ്റ്റിസ് പാർട്ടി, ബ്രിട്ടീഷ് ഗവൺമെന്റ് എന്നിവരുടെ ആശയങ്ങളെയും അഭിപ്രായങ്ങളെയും ചർച്ച ചെയ്യാൻ ആവശ്യപ്പെടുക.`


REFERENCE BOOKS

1. K. Rajayyan, *Tamil Nadu: A Real History*, Ratna Publications, Trivandrum, 2005.
2. Saroja Sundararajan, *March to Freedom in Madras Presidency, 1916–1947*, Lalitha Publications, Madras, 1989.
3. N. Rajendran, *National Movement in Tamil Nadu, 1905–1914: Agitational Politics and State Coercion*, Oxford University Press, Madras, 1994.
4. A.R. Venkatachalapathy, *Tamil Characters: Personalities, Politics, Culture*, Pan Macmillan, 2018.

X Std - History Malayalam Unit-9.indd 118 1/27/2023 10:03:36 AM

യൂണിറ്റ് 10

തമിഴ്നാട്ടിലെ സാമൂഹിക പരിവർത്തനം



പഠന ലക്ഷ്യങ്ങൾ

സ്വയം പരിചയപ്പെടാൻ

- ആധുനിക തമിഴ്നാടിന്റെ സാമൂഹിക പരിവർത്തനത്തെകുറിച്ചുള്ള അറിവ് നേടുക.
- തമിഴ്നാട്ടിലെ വ്യത്യസ്ത സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങളെ അറിയുക.
- സാമൂഹിക പരിഷ്കർത്താക്കളുടെ ആശയങ്ങൾ മനസ്സിലാക്കുക.

2ZWCV

ആമുഖം

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ യൂറോപ്യന്മാർ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ തങ്ങളുടെ രാഷ്ട്രീയ അധികാരം സ്ഥാപിച്ചു. ഇന്ത്യയെ പിടച്ചെടുക്കുന്നതിൽ അവർ ആശങ്കാക്കുലരായിരുന്നു. എങ്കിലും പത്തൊൻമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അവർ ഇന്ത്യൻ സമൂഹത്തെ പുന: ക്രമീകരിക്കുകയായിരുന്നു. പുതിയ ആദായവകുപ്പുകൾ ഉണ്ടാക്കി. ബ്രിട്ടീഷ്കാരുടെ ഉപയോഗപ്രദമായ ആദായങ്ങളും ദൈവീകപരമായ ആശയങ്ങളെയും സ്വാധീനിച്ച അവർ തങ്ങളുടെ സാംസ്ക്കാരിക മേധാവിത്വം ഇന്ത്യൻ ജനതയുടെമേൽ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചു.

ഇത് ഇന്ത്യൻ ജനങ്ങളുടെ പ്രതികരണത്തിന് കാരണമായി. പത്തൊൻപതാം നൂറ്റാണ്ടിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാസമ്പന്നരായ ഇന്ത്യാക്കാർക്ക് അപമാനകരമായ അനുഭവം ഉണ്ടാകാൻ തുടങ്ങി. അവരുടെ കഴിഞ്ഞ കാലത്തിൽ നിന്ന്, സാമൂഹിക സാംസ്കരിക സ്വാതന്ത്ര്യം തേടി പ്രതികരിച്ചു. എന്നിരുന്നാലും കോളനി ആധിപത്യവാദങ്ങളിലെ ചില ഗുണങ്ങൾ അവർ മനസ്സിലാക്കുകയും പരിഷ്കരണത്തിന് തയ്യാറാവുകയും ചെയ്തു.

നവോത്ഥാനംഒരുപ്രത്യേകശാസ്ത്രസാംസ്കാര പ്രതിഭാസമാണ്. ആധുനികത, യുക്തിവാദം, സമൂഹത്തിന്റെ പുരോഗമന പ്രസ്ഥാനം എന്നിവയുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. വിമർശകാത്മക ചിന്തയാണ് ഇതിന്റെ അടിസ്ഥാനം. മാനവികതയുടെ ഈ പ്രത്യേകശാസ്ത്രം സാമൂഹിക ജീവിതത്തിന്റെ എല്ലാമേഖലകളിലും ഉള്ള സൃഷ്ടിപരമായ കഴിവുകളാണ്. ഭാഷ, സാഹിത്യം, തത്വചിന്ത, സംഗീതം, ചിത്രരചന, വാസ്തുവിദ്യ തുടങ്ങിയവ.

10.1 തമിഴ് നവോത്ഥാനം

കോളനി ആധിപത്യത്തിന്റെ സാംസ്ക്കാരിക മേധാവിത്വവും, മാനവികതയുടെ ഉയർച്ചയും ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ സാമൂഹിക-സാംസ്ക്കാരിക മാറ്റങ്ങൾ ഉണ്ടാക്കി. ആധുനിക തമിഴ്നാട് അത്തരമൊരു മാറ്റത്തിനു സാക്ഷ്യം വഹിച്ചു. അവരുടെയിടയിൽ ഭാഷയും സാഹിത്യവും ഒരു പ്രധാന പങ്ക് വഹിച്ചു. അച്ചടിശാലയുടെ കണ്ടുപിടിത്തം ദ്രാവിഡഭാഷയിലുള്ള ഭാഷാഗവേഷണം മുതലായവ തമിഴ് നവോത്ഥാന പ്രക്രിയക്ക് അടിവരയിട്ടു. മുൻകാലങ്ങളിൽ മതം സാഹിത്യം പ്രസിദ്ധീകരണത്തിനായി ഏറ്റെടുത്തിരുന്നുവെങ്കിലും, അച്ചടി സാങ്കേതിക വിദ്യയുടെ ആവിർഭാവത്തിനുശേഷം കാലക്രമേണ ഇതിന് മാറ്റം വരാൻ തുടങ്ങി. മതേതരമെന്ന് വിശേഷിപ്പിക്കാവുന്ന കൃതികൾ പ്രസിദ്ധീകരിക്കാൻ തുടങ്ങി.


അച്ചടി സാങ്കേതികവിദ്യയുടെ വരവ്


അച്ചടിക്കപ്പെട്ട ആദ്യത്തെ യൂറോപ്യൻ ഇതരഭാഷയാണ് തമിഴ്. 1578-ൽ തമിഴ് പുസ്തകമായ തമ്പിരാൻ വണക്കം ഗോവയിൽ നിന്നും

X Std - History Malayalam Unit-10.indd 119 1/27/2023 10:04:12 AM

പ്രസിദ്ധീകരിച്ചു. 1709-ൽ ട്രാൻക്ബാറിലെ (തരംഗംപാടി) സീഗൻ ബാൾഗിന് നന്ദി പറഞ്ഞു കൊണ്ട് ഒരു ഉടനീള അച്ചടിശാല സ്ഥാപിച്ചു. 1812-ൽ പ്രസിദ്ധീകരിച്ച ആദ്യകാല തമിഴ് സാഹിത്യഗ്രന്ഥങ്ങളിലൊന്നാണ് തിരുക്കുറൾ. ആ കാലഘട്ടത്തിൽ കൂടുതൽ തമിഴ് സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കുന്നതിൽ തമിഴ് പണ്ഡിതന്മാർക്കിടയിൽ താല്പര്യം ഉണ്ടായി.



സീഗൻബാൾഗ്


സി.ഡബ്ല്യു. ദാമോധരനാർ



യു.വി. സ്വാമിനാഥൻ

പത്തൊൻപതാം നൂറ്റാണ്ടിൽ തമിഴ്പണ്ഡിതന്മാരായ സി.ഡബ്ല്യു. ദാമോധരനാർ (1832-1901), യു.വി. സ്വാമിനാഥൻ (1885-1942) തമിഴ് സാഹിത്യഗ്രന്ഥങ്ങളുടെ പുനർനിർമ്മാണത്തിന് അവരുടെ ജീവിതകാലം ചിലവഴിച്ചു. സി.ഡബ്ല്യു. ദാമോധരനാർ തമിഴ് വ്യാകരണത്തിന്റെയും സാഹിത്യത്തിന്റെയും പനഓലയിൽ തയ്യാറാക്കപ്പെട്ട കൈയെഴുത്തുമാസിക പത്രികകൾ ശേഖരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രസിദ്ധീകരണങ്ങളിൽ തൊൽകാപ്പിയം, വീരചോഴിയം, ഇറൈയനാർ - അകപ്പൊരുൾ, ഇലക്കണവിളക്കം, കലിന്തൊകൈ, കുലമണി തുടങ്ങിയ ഗ്രന്ഥങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. യു.വി. സ്വാമിനാഥർ മീനാക്ഷിസുന്ദരനാരുടെ ശിഷ്യനായിരുന്നു. അദ്ദേഹത്തിന്റെ പരിശ്രമഫലമായിട്ടാണ് തമിഴ് സാഹിത്യഗ്രന്ഥങ്ങളായ ജീവകചിന്താമണി (1887), പതിറ്റുപ്പത്തു (1889), ചിലപ്പതികാരം (1892) പുറനാനൂറ് (1894), പുറപ്പൊരുൾ-വെൺപ-മലയ് (1895), മണിമേഖലൈ (1898), ഐങ്കുറുനൂറ് (1903), പതിറ്റിപത്തു (1904) എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടത്.


ഈ പുരാതന സാഹിത്യഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം തമിഴ് ജനതക്ക് അവരുടെ ചരിത്ര പാരമ്പര്യം, ഭാഷ സാഹിത്യം, മതം എന്നിവയെക്കുറിച്ച് ഒരു അവബോധം സൃഷ്ടിച്ചു. ആധുനിക തമിഴർ അവരുടെ സാമൂഹികവും സാംസ്കാരികവുമായ മുദ്ര പുരാതനതമിഴ് ഗ്രന്ഥങ്ങളിൽ സ്ഥാപിച്ചു. ഈ കാലഘട്ടത്തെ സംഘകാലസാഹിത്യം എന്നും അറിയപ്പെട്ടിരുന്നു.


റോബർട്ട് കാൾഡ് വെൽ

1886-ൽ എഫ്ഡബ്ല്യു. എല്ലിസ് സെന്റ് ജോർജ് കോളേജ് സ്ഥാപിച്ചു (1777-1819), ദക്ഷിണേന്ത്യൻ ഭാഷകൾ ഇന്തോ ആര്യൻ കുടുംബ ഭാഷകളുമായി ബന്ധമില്ലാത്ത ഒരു പ്രത്യേക വിഭാഗത്തിൽ പെട്ടതാണെന്ന സിദ്ധാന്തത്തിനു രൂപം നല്കി. റോബർട്ട് കാൾഡ് വെൽ (1814-1891) 1856-ൽ ദ്രാവിഡ അല്ലെങ്കിൽ ദക്ഷിണേന്ത്യൻ ഭാഷകളുടെ താരതമ്യ വ്യാകരണം എന്ന പുസ്തകത്തിൽ, റോബർട്ട് കാൾഡ്വെൽ, തന്റെ വാദം വിപുലീകരിച്ചു സംസ്കൃതത്തിൽ നിന്ന് വ്യത്യസ്തമായി ദ്രാവിഡ ഭാഷകൾ അടുത്ത ബന്ധം സ്ഥാപിക്കുകയും തമിഴിനെ പ്രാചീന ഭാഷയെന്ന് സ്ഥാപിക്കുകയും ചെയ്തു.


P. സുന്ദരനാർ

തമിഴ് പണ്ഡിതന്മാർ തമിഴ് ദ്രാവിഡ ആര്യൻ ബ്രാഹ്മണിസം എന്നീ ഭാഷകളിലുള്ള വ്യത്യാസങ്ങൾ അടിസ്ഥാനപരമായി തിരിച്ചറിഞ്ഞു. തമിഴ്, ദ്രാവിഡ ഭാഷയാണെന്ന് അവർ വാദിച്ചു. തമിഴ് ജനങ്ങൾ ബ്രാഹ്മണരല്ലാത്തവർ എന്നും അവരുടെ സാമൂഹിക ജീവിതത്തിൽ ജാതിയും ലിംഗഭേദവുമില്ലെന്നും, സമത്വം നിലനിൽക്കുന്നു എന്നും അഭിപ്രായപ്പെട്ടു. തമിഴ്നവോത്ഥാനം തമിഴ്നാട്ടിൽ ദ്രാവിഡബോധത്തിന്റെ ഉത്ഭവത്തിനും വളർച്ചക്കും കാരണമായി. പി. സുന്ദരനാർ (1855-1897) എഴുതിയ മനോൻമണിയം എന്ന നാടകത്തിൽ എഴുതിയിട്ടുള്ള തമിഴ്മൊഴി ഇതിനുദാഹരണമാണ്.


തിരു വൈ കല്യാണസുന്ദരം


ഭാരതി ദാസൻ

വള്ളലാർ എന്നറിയപ്പെടുന്ന രാമലിംഗഅടികൾ (1823-1874) നിലവിലെ ഹിന്ദുമതയാഥാസ്ഥിതികതികത്വത്തെ ചോദ്യം ചെയ്തു. അബ്രഹാം പണ്ഡിതർ (1859-1919) തമിഴ് സംഗീതത്തിന് പ്രാധാന്യം നല്കുകയും

X Std - History Malayalam Unit-10.indd 120 1/27/2023 10:04:12 AM

തമിഴ് സംഗീതത്തിന്റെ ചരിത്രത്തെക്കുറിച്ചുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. സി.ഡബ്ല്യു. ദാമോധരനാർ, യൂ.വി.സ്വാമിനാഥർ, തിരുവൈകല്യാണസുന്ദരം (1883-1953), പരിത്തിമാർ കലൈജ്ഞർ (1870-1903) മറൈമലയ് അടികൾ (1876-1950), സുബ്രമണ്യഭാരതി (1882) (1921), എസ്. വൈയ്യാപുരി (1891-1956), കവി ഭാരതി ദാസൻ (1891-1964) എന്നിവർ തങ്ങളുടേതായ വഴികളിലൂടെയും, രചനകളിലൂടെയും തമിഴ് സാഹിത്യത്തിന്റെ പുനരുജ്ജീവനത്തിനു കാരണമായി. എം. സിംഗാരവേലർ (1860-1946). ആദ്യകാല ബുദ്ധമതപണ്ഡിതൻ കോളനി ആധിപത്യത്തെ നേരിടാൻ കമ്മ്യൂണിസത്തെയും, സോഷ്യലിസത്തെയും പ്രോത്സാഹിപ്പിച്ചു. പണ്ഡിതർ അയോദ്ധ്യദാസർ (1845-1941), പെരിയാർ ഇ.വി. രാമസ്വാമി (1879-1973) എന്നിവർ സാമൂഹികമായ പിന്നോക്കാവസ്ഥയിലായവരും വ്യത്യസ്ഥവിഭാഗമായ ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി സമൂലമായി തത്വചിന്തഉയർത്തി.

വി.ജി. സൂര്യനാരായണ ശാസ്ത്രി (പരിതിമാർ കലൈജ്ഞർ)




പരിതിമാർ കലൈജ്ഞർ

മധുരയ്ക്കടുത്തു ജനിച്ച വി.ജി. സൂര്യനാരായണശാസ്ത്രി, മദ്രാസ് (1870-1903) ക്രിസ്റ്റ്യൻ കോളേജിലെ തമിഴ് പ്രൊഫസർ ആയിരുന്നു. സംസ്കൃതത്തിലുള്ള തമിഴ് സ്വാധീനം തിരിച്ചറിഞ്ഞ ആദ്യകാല പണ്ഡിതന്മാരിൽ ഒരാളായിരുന്നു ഇദ്ദേഹം. അദ്ദേഹം സ്വന്തമായി പരിതിമാർ കലൈജ്ഞർ എന്ന ഒരു തമിഴ് പേരും സ്വീകരിച്ചു. തമിഴ് ഒരു ക്ലാസ്സിക്കൽ ഭാഷയാണെന്ന് ആദ്യമായി വാദിച്ച അദ്ദേഹം, മദ്രസ് സർവ്വകലാശാല തമിഴിനെ പ്രാദേശിക ഭാഷയെന്ന് വിളിക്കരുതെന്ന് അവശ്യപ്പെട്ടു. വെസ്റ്റേൺ സാഹിത്യമാതൃകകളിൽ ആകൃഷ്ടനായ അദ്ദേഹം തമിഴിൽ സോണറ്റ് ഫോം രൂപീകരിച്ചു അദ്ദേഹം ധാരാളം നോവലുകളും, നാടകങ്ങളും ശാസ്ത്രത്തെക്കുറിച്ചുള്ള ലേഖനങ്ങളും എഴുതി അദ്ദേഹത്തിനു 33 വയസ്സുള്ളപ്പോൾ ദാരുണമായി അദ്ദേഹം മരണപ്പെട്ടു.

മറൈമലൈ അടികൾ

മറൈമലൈ അടികളിനെ (1856-1950) തമിഴ് ഭാഷയുടെ പിതാവും തനി തമിഴ് ഇയക്കത്തിന്റെ (ശുദ്ധമായ തമിഴ് പ്രസ്ഥാനം) സ്ഥാപകനുമായും കണക്കാക്കപ്പെടുന്നു. സംഘ കാലകൃതികളായ പട്ടിനപ്പാലൈ, മുല്ലയ്പാട്ടു എന്നിവയ്ക്ക് അദ്ദേഹം വ്യാഖ്യാനങ്ങൾ എഴുതി. ചെറുപ്പത്തിൽ തന്നെ അദ്ദേഹം സിദ്ധാന്തദീപിക എന്ന പത്രത്തിൽ ജോലി ചെയ്തു. പിന്നീട് മദ്രാസ് ക്രിസ്റ്റ്യൻ കോളേജിൽ തമിഴ് അധ്യാപകനായി വർഷങ്ങളോളം സേവനമനുഷ്ഠിച്ചു. ബ്രാഹ്മണേതര പ്രസ്ഥാനങ്ങളോട് അദ്ദേഹം താൽപര്യം കാണിച്ചു. അദ്ദേഹത്തിന്റെ ഗുരുക്കന്മാരായ പി. സുന്ദരനാർ, സോമസുന്ദരനായകർ എന്നിവർ അദ്ദേഹത്തിന്റെ ജീവിതത്തിൽ നല്ല സ്വാധീനം ചെലുത്തി.


മറൈമലയ് അടികൾ

തനി തമിഴ് ഇയക്കം

മറൈമലൈ അടികൾ ശുദ്ധമായ തമിഴ് പദങ്ങളുടെ ഉപയോഗവും, സംസ്കൃത സ്വാധീനവും തമിഴ് ഭാഷയിൽ നിന്ന് നീക്കം ചെയ്യുന്നതിന് പ്രോത്സാഹിപ്പിച്ചു. ഈ പ്രസ്ഥാനം തമിഴ് സംസ്ക്കാരത്തിൽ പ്രത്യേകിച്ചും ഭാഷയിലും സാഹിത്യത്തിലും വലിയ സ്വാധീനം ചെലുത്തി. ഈ പ്രസ്ഥാനം 1916-ൽ ആരംഭിച്ചുയെങ്കിലും തമിഴിലെ വിദേശ പദങ്ങളുടെ സ്വാധീനം തിരിച്ചറിയുന്നതിനും അവ ഇല്ലാതാക്കുന്നതിനുമുള്ള പ്രക്രിയ പത്തൊൻപതാം നൂറ്റാണ്ട് വരെ നീണ്ടു നിന്നു. അദ്ദേഹത്തിന്റെ മകൾ നീലാംബികൈ, ഈ പ്രസ്ഥാനത്തിൽ പ്രധാന പങ്കു വഹിച്ചു. വേദാചലം എന്ന സ്വന്തം പേരു മാറ്റിയ അദ്ദേഹം മറൈമലൈ അടികൾ എന്ന ശുദ്ധമായ തമിഴ് നാമം സ്വീകരിച്ചു. ഇദ്ദേഹത്തിന്റെ പത്രമായ ജ്ഞാനസാഗരം അറിവുക്കടൽ എന്നും അദ്ദേഹത്തിന്റെ സ്ഥാപനം സമരസ സന്മാർഗ്ഗസംഘം എന്നത് പൊട്ടുനിലൈ കഴകം എന്നും പുനർനാമകരണം ചെയ്യപ്പെട്ടു. ഈ പ്രസ്ഥാനം ഹിന്ദി, സംസ്കൃതം, തമിഴ് സമൂഹത്തിലെ ബ്രാഹ്മണമേധാവിത്വം എന്നിവയെ വിമർശിച്ചു. ഈ പ്രസ്ഥാനം തമിഴ് സമൂഹത്തിൽ ബ്രാഹ്മണമേധാവിത്വത്തെയും സംസ്കൃത പാരമ്പര്യത്തെയും എതിർത്ത് പിൻക്കാലത്ത് സാമൂഹിക പ്രസ്ഥാനങ്ങൾക്ക് വഴിയൊരുക്കി.

10.2 ദ്രാവിഡ പ്രസ്ഥാനത്തിന്റെ ഉയർച്ച

ബ്രഹ്മണ ആധിപത്യത്തിനെതിരെ ദ്രാവിഡ പ്രസ്ഥാനം ഉയർന്നു വന്നു. ബ്രാഹ്മണേതര വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി 1909-ൽ മദ്രാസ് നോൺ ബ്രാഹ്മണ അസോസിയേഷൻ എന്ന പേരിൽ ഒരു സംഘടന ആരംഭിച്ചു 1912-ൽ സി. നടേശനാർ എന്ന

X Std - History Malayalam Unit-10.indd 121 1/27/2023 10:04:12 AM

മെഡിക്കൽ ഡോക്ടർ മദ്രാസ് ഐക്യ സംഘടന സ്ഥാപിച്ചു. പിന്നീട് ഇത് മദ്രാസ് ദ്രാവിഡക ഴകം എന്നു മാറ്റപ്പെട്ടു പിന്നീട് സംഘടന ദ്രാവിഡ രുടെ പുരോഗതിയ്ക്കായി പ്രവർത്തിച്ചു. ബിരുദധാ രികളാല്ലാത്തവരെ കുറിച്ച് ബ്രാഹ്മണേതരരെ ബോധ വത്കരിക്കുക അവരുടെ പരാതികൾ പങ്കുവയ്ക്കു ന്നതിനായി പതിവ് മീറ്റിംഗുകൾ നടത്തുക എന്നി വയിലാണ് ഈ സംഘടന ശ്രദ്ധകേന്ദ്രീകരിച്ചത്. അതേസമയം, ബ്രാഹ്മണേതര വിദ്യാർത്ഥി കൾക്ക് അവരുടെ വിദ്യാഭ്യാസവികാസനത്തിനു തടസ്സമായി നിൽക്കുന്ന ഹോസ്റ്റലുകളുടെ അഭാവം പരിഹരിക്കുന്നതിനായി 1916-ൽ ജൂലൈയിൽ നടേശനാർ ദ്രാവിഡ ഹോം (മദ്രാസ്) എന്ന ഒരു ഹോസ്റ്റൽ സ്ഥാപിച്ചു. ഇതിലൂടെ ബ്രാഹ്മണേതര വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലയിൽ പുരോ ഗതി ഉണ്ടാകുമെന്ന് അദ്ദേഹം വിശ്വസിച്ചു. കൂടാതെ ബ്രാഹ്മണേതര വിദ്യാർത്ഥികളുടെ നന്മക്കുവേണ്ടി ഈ സംഘടന ഒരു സാഹിത്യ സംഘം സ്ഥാപിച്ചു.


ഡോ. സി. നടേശനാർ

10.3 ദക്ഷിണ ഇന്ത്യൻ സ്വതന്ത്രസംഘടന (ജസ്റ്റീസ് പാർട്ടി)



സർ പി.ഡി. ത്യാഗരായർ



ടി.എം. നായർ

1916 നവംബർ 20-ന് ഡോ: നടേശനാർ, സർ പി.ഡി. ത്യാഗരാജൻ, ടി.എം. നായർ അലമേ ലുമങ്കൈ, തായാരമ്മാൾ ഉൾപ്പെടെയുള്ള 30 പ്രധാന ബ്രാഹ്മണരല്ലാത്ത നേതാക്കൾ ചേർന്ന് ദക്ഷിണ ഇന്ത്യൻ സ്വതന്ത്ര സംഘടന (എസ്ഐഎൽഎഫ്, SILF) രൂപികരിച്ചു. ഇതിനിടയിൽ വിക്ടോറിയ പബ്ലിക് ഹാളിൽ നടന്ന ഒരു യോഗത്തിൽ 1916 ഡിസംബറിൽ ബ്രാഹ്മണേതര സമുദാ യങ്ങളുടെ എണ്ണം വ്യക്തമാക്കുകയും മദ്രാസ് പ്രസിഡൻസിയിലെ ബ്രാഹ്മണർ അല്ലാത്തവരുടെ അവസ്ഥകൾ പ്രകാശപ്പിക്കുകയും ചെയ്തു.

ഈ സംഘടനയുടെ ആശയങ്ങൾ പ്രചരിപ്പി ക്കുന്നതിനായി അസോസിയേഷൻ മൂന്നു ദിനപത്ര ങ്ങൾ പ്രസിദ്ധീകരിച്ചു അവ തമിഴിൽ 'ദ്രാവിഡൻ' ഇംഗ്ലീഷിൽ 'ജസ്റ്റിസ്' തെലുങ്കിൽ 'ആന്ധ്രാപ്രകാ ശിക' എന്നിവയാണ്.

മൊണ്ടേഗു ചെംസ് ഫോർഡ് പരിഷ്കാരത്തി നുകീഴിലുള്ള ആദ്യതെരഞ്ഞെടുപ്പ് 1920-ൽ നടന്നു പ്രവിശ്യയുടെ ഈ ഭരണം നിലവിൽ വന്നതിനു ശേഷം നടന്നു. ജസ്റ്റിസ് പാർട്ടി തെരഞ്ഞെടുപ്പിൽ വിജയിക്കുകയും മദ്രാസ്സിൽ ആദ്യമായി ഇന്ത്യൻ മന്ത്രി സഭ രൂപീകരിക്കുകയും ചെയ്തു. എ സുബ്ബ യ്യരായലു മദ്രാസ് പ്രസിഡൻസിയുടെ മുഖ്യമന്ത്രി യായി. 1920-1923, 1923-1926 കാലഘട്ടങ്ങ ളിൽ പാർട്ടി സർക്കാർ രൂപീകരിച്ചു. കോൺഗ്രസ്സ് പാർട്ടി നിയമസഭബഹിഷ്കരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ, 1937-ലെ തെരെഞ്ഞെടുപ്പ് നടക്കുന്നതുവരെ ജസ്റ്റിസ് പാർട്ടി അധികാരത്തിൽ തുടർന്നു. 1937-ലെ തെരെഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ആദ്യമായി തെരെഞ്ഞെടു പ്പിൽ മത്സരിച്ച് ജസ്റ്റിസ് പാർട്ടിയെ തോൽപ്പിച്ചു.

പ്രോഗ്രാമുകളും പ്രവർത്തനങ്ങളും

ജസ്റ്റീസ് പാർട്ടിയാണ് ബ്രാഹ്മണേതര പ്രസ്ഥാനത്തിന്റെ അടിസ്ഥാനഘടകം. ജസ്റ്റീസ് പാർട്ടിയാണ് ജസ്റ്റീസ് പാർട്ടിജനങ്ങൾക്ക് വിദ്യാ ഭ്യാസം, തൊഴിലവസരങ്ങൾ എന്നിവ നല്കു കയും അവർക്ക് രാഷ്ട്രീയത്തിൽ ഒരു പ്രത്യേക സ്ഥാനം നൽകുകയും ചെയ്തത്. ജസ്റ്റീസ് പാർട്ടി അധികാരത്തിലിരിക്കുന്ന കാലത്തോളം തമിഴ് നാടിന്റെ സാമൂഹിക രീതിയുടെ പാരമ്പര്യത്തിൽ പ്രധാനപങ്കുവഹിച്ചുപോന്നു.


മുത്തുലക്ഷ്മി അമ്മയാർ

ജസ്റ്റീസ് പാർട്ടി മിശ്രവിവാഹനിയമങ്ങളെ ഇല്ലാതാക്കുകയും, പൊതുകിണറുകളും കുളങ്ങളും പിന്നോക്ക സമുദായക്കാർക്കും ഉപയോഗിക്കാമെന്നും, പൊതുപണിയിൽ അവരെയും ഉൾപ്പെടുത്താമെന്നുള്ള നിയമം കൊണ്ടുവന്നു. പിന്നോക്ക സമുദായത്തിൽപ്പെട്ട കുട്ടിക്ക് 1923-ൽ താമസിച്ചു പഠിക്കാനുള്ള ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തി. ജസ്റ്റീസ് പാർട്ടിയുടെ കീഴിലുള്ള നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുപ്പിൽ ആദ്യ മായി സ്ത്രീകൾക്കും മത്സരിക്കാമെന്ന് 1921-ൽ അംഗീകരിച്ചു. ഈ തീരുമാനപ്രകാരം സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തി. 1926-ൽ ഡോക്ടർ മുത്തുലക്ഷ്മി അമ്മയാർ ഇന്ത്യയുടെ ആദ്യത്തെ നിയമസഭാംഗമായി തെരഞ്ഞെടുക്ക പ്പെട്ടു.

നിയമനിർമ്മാണത്തിനുള്ള വ്യവസ്ഥകൾക്കായി ജസ്റ്റീസ് പാർട്ടി പ്രവർത്തിച്ചു. വിവിധ സമുദാ

X Std - History Malayalam Unit-10.indd 122 1/27/2023 10:04:12 AM

യങ്ങൾക്കുള്ള സംവരണം ഏർപ്പെടുത്തുകയും ചെയ്തു. സാമൂഹിക നീതി കൈവരിക്കുന്നതിന്റെ ഭാഗമായി വിവിധ ജാതികൾക്കും സമുദായങ്ങൾക്കുമിടയിൽ നിയമനങ്ങളിൽ തുല്യമായ സ്ഥാനം ഉറപ്പാക്കുന്നതിന് രണ്ട് സാമുദായിക സർക്കാർ ഉത്തരവുകൾ (1921 സെപ്റ്റംബർ 16,1922 ആഗസ്റ്റ് 15) പാസ്സാക്കി. ജസ്റ്റിസ് പാർട്ടി ഭരണം 1924-ൽ സർക്കാർ ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നതിനായി സ്റ്റാഫ് സെലക്ഷൻ ബോർഡ് സ്ഥാപിക്കുകയും ഭരണപരമായ അധികാരങ്ങൾ പങ്കിടാൻ എല്ലാ സമുദായങ്ങളെയും പ്രാത്സാഹിപ്പിക്കുകയും ചെയ്തു. 1929-ൽ ബ്രിട്ടീഷ് ഇന്ത്യാ സർക്കാർ ഈ രീതി സ്വീകരിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ സ്ഥാപിച്ചു.

ജസ്റ്റിസ് പാർട്ടി മതസ്ഥാപനങ്ങളിലെ പരിഷ്ക്കാരങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ജസ്റ്റിസ് പാർട്ടി 1926-ൽ ഹിന്ദുമത എൻഡോവ്മെന്റ് (HRE) നിയമം അവതരിപ്പിക്കുകയും ഏതെങ്കിലും വ്യക്തിക്ക് അവരുടെ ജാതി കണക്കിലെടുക്കാതെ ക്ഷേത്ര സമിതിയിൽ അംഗമാകാനും മതസ്ഥാപനങ്ങളുടെ സമ്പത്ത് നിയന്ത്രിക്കാനും അധികാരം കൊടുത്തു.

10.4 സ്വാഭിമാന പ്രസ്ഥാനം *(സ്വയമരിയാതെ ഇയക്കം)*


സ്വാഭിമാന പ്രസ്ഥാനം, നിലവിലുണ്ടായിരുന്ന ആചാരനുഷ്ഠാനങ്ങളും ജാതി അടിസ്ഥാനമാക്കിയുള്ള വ്യാത്യാസങ്ങളുമില്ലാത്ത ഒരു സമൂഹത്തെ വാർത്തെടുക്കാമെന്ന് വാദിച്ചു. ഈ പ്രസ്ഥാനം യുക്തി സഹാചര്യം, ആത്മാഭിമാനവും എല്ലാമനുഷ്യരുടെയും ജന്മഅവകാശമായി പ്രഖ്യാപിക്കുകയും സ്വയം ഭരണത്തെക്കാൾ പ്രാധാന്യമർഹിക്കുകയും ചെയ്തു. ഈ പ്രസ്ഥാനം നിരക്ഷരതയെ സ്ത്രീകളുടെ കീഴ്വഴക്കത്തിന്റെ ഉറവിടമായി പ്രഖ്യാപിക്കുകയും എല്ലാവർക്കും നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ഈ പ്രസ്ഥാനം സ്ത്രീ വിമോചനത്തിനും അന്ധവിശ്വാസങ്ങളെ നീക്കുന്നതിനും യുക്തിചിന്തകൾക്ക് പ്രാധാന്യം കൊടുക്കാനുമുള്ള ആവശ്യങ്ങളെ ഉന്നയിച്ചു. കൂടാതെ ഈ പ്രസ്ഥാനം മിശ്രവിവാഹം അല്ലെങ്കിൽ സ്വാഭിമാനവിവാഹം എന്നിവയെ പ്രാത്സാഹിപ്പിച്ചു.

സ്വാഭിമാന പ്രസ്ഥാനം ബ്രാഹ്മണർ അല്ലാത്ത ഹിന്ദുക്കളുടെ നന്മയ്ക്കുവേണ്ടി മാത്രമല്ല മുസ്ലീങ്ങളുടെ നന്മയ്ക്കുവേണ്ടിയും പോരാടി. മുസ്ലിങ്ങളുടെ ഉന്നത തത്വങ്ങളായ സമത്വം, സാഹോദര്യം എന്നിവയെ സ്വാഭിമാന പ്രസ്ഥാനം പ്രകീർത്തിച്ചു.

പെരിയാർ ഇ.വി.ആർ.

പെരിയാർ ഇ.വി. രാമസ്വാമി (1879-1973) സ്വാഭിമാന പ്രാസ്ഥാനം ആരംഭിച്ചു. ഈറോഡിലുള്ള ഒരു ധനികകുടുംബത്തിൽ വെങ്കടപ്പയുടെയും ചിന്നത്തായമ്മാലുവിന്റെയും മകനായി ജനിച്ചു. ഔപചാരിക വിദ്യാഭ്യാസംകുറവാണെങ്കിലും പണ്ഡിതരുമായി വിമർശനാത്മകചർച്ചകളിൽ പെരിയാർ ഏർപ്പെട്ടു. അദ്ദേഹം തന്റെ പിതാവിന്റെ പാത പിൻതുടർന്നു. ചെറുപ്പത്തിൽ, ഒരിക്കൽ വീട്ടിൽ നിന്നും ഓടി പോയ അദ്ദേഹം വാരണാസിയിലും മറ്റുമത കേന്ദ്രങ്ങളിലും മാസങ്ങൾ ചെലവഴിച്ചു യാഥാസ്ഥിതിക ഹിന്ദുമതത്തിന്റെ ആദ്യ അനുഭവം മൂലം മതത്തോടുള്ള അദ്ദേഹത്തിന്റെ വിശ്വാസം നശിച്ചു. മടങ്ങിയെത്തിയ അദ്ദേഹം കുറച്ചു വർഷങ്ങളായി കുടുംബ ബിസിനസ്സ് നടത്തി വന്നു. അദ്ദേഹത്തിന്റെ നിസ്വാർത്ഥ പൊതുസേവനം അദ്ദേഹത്തെ ജനപ്രിയ വ്യക്തിയാക്കി മാറ്റി. മുൻസിപ്പൽ കൗൺസിലിന്റെ ചെയർമാൻ സ്ഥാനം (1918-1919) ഉൾപ്പെടുന്ന ഈറോഡിന്റെ വിവിധ ഔദ്യോഗിക പദവികൾ അദ്ദേഹം വഹിച്ചു.


പെരിയാർ ഇ.വി.ആർ.



തമിഴ്നാട് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് എന്ന നിലയിൽ പെരിയാർ ക്ഷേത്ര പ്രവേശനത്തിനുള്ള "തൊട്ടുകൂടാത്തവരുടെ" അവകാശങ്ങൾ സംബന്ധിച്ച പ്രമേയം മുന്നോട്ടു വച്ചു. "ജാതി ധർമ്മത്തിന്റെ പേരിൽ താഴ്ന്ന ജാതിയിൽപ്പെട്ട ജനങ്ങൾ ക്ഷേത്രങ്ങളിലേക്കും ക്ഷേത്രത്തിനു ചുറ്റുമുള്ള പ്രദേശങ്ങളിലേക്കും പ്രവേശനം നിഷേധിച്ചു. വൈക്കത്തിൽ (അന്നത്തെ രാജകീയ സംസ്ഥാനമായ തിരുവിതാംകൂറിലും ഇന്നത്തെ കേരളത്തിലും) ആളുകൾ ഈ സമ്പ്രാദയത്തിനെതിരെ പ്രതിഷേധിച്ചു, പ്രാരംഭഘട്ടത്തിൽ മധുരയിലെ ജോർജ് ജോസഫ് ഇതിൽ പ്രാധാന പങ്ക് വഹിച്ചു. പ്രാദേശിക നേതാക്കളെ അറസ്റ്റ് ചെയ്തു. പെരിയാർ ഈ പ്രസ്ഥാനത്തിന്


തന്തൈ പെരിയാർ സ്മാരകം (വൈക്കം കേരളം)

X Std - History Malayalam Unit-10.indd 123 1/27/2023 10:04:13 AM

നേതൃത്വം നൽകിയതിനാൽ അദ്ദേഹത്തെ ജയിലിലടച്ചു. ജനങ്ങൾ അദ്ദേഹത്തെ വൈക്കം വീരൻ (വൈക്കം നായകൻ) എന്ന് പ്രശംസിച്ചു. ഇതിനിടയിൽ, ചേരൻമാദേവി ഗുരുകുലത്തിലെ ജാതിയടിസ്ഥാന വിവേചനം അദ്ദേഹത്തെ അസ്വസ്ഥനാക്കി. ഈ ഗുരുകുലം തമിഴ്നാട് കോൺഗ്രസ് കമ്മിറ്റിയുടെ ധനസാഹായത്താൽ വി.വി. സുബ്രഹ്മണ്യം എന്ന കോൺഗ്രസ്സ് നേതാവിനാൽ നടത്തപ്പെട്ടതാണ്. ഈ വിവേചനത്തിനെതിരായ എതിർപ്പുകളും പ്രതിഷേധങ്ങളും ഉണ്ടായിരുന്നിട്ടും ഗുരുകുലത്തിലെ അനീതി നിറഞ്ഞ ഏകീകൃത സമുദായ പരിശീലനത്തെ കോൺഗ്രസ്സ് തുടർന്നു പിൻതുണച്ചപ്പോൾ പെരിയാർ നിരാശനായി.

യുക്തിവാദചിന്ത പ്രചരിപ്പിക്കുന്നതിൽ ബഹുജനആശയവിനിമയത്തിന്റെ പ്രശസ്തി പെരിയാർ മനസ്സിലാക്കി. കുടിയരശു (ജനാധിപത്യം) (1925), റിവോൾട്ട് (1928), പുരട്ച്ചി (വിപ്ലവം) (1933), പകുത്തറിവ് (യുക്തിവാദം) (1934), വിടുതലൈ (വിമോചനം) (1935) തുടങ്ങിയ നിരവധി പത്രങ്ങളും മാസികകളും അദ്ദേഹം ആരംഭിച്ചു. കുടിയരശു സ്വാഭിമാന പത്രത്തിന്റെ ഔദ്യോഗിക പത്രമായിരുന്നു. ബ്രാഹ്മണേതരരുടെ ഒന്നിലധികം ആശയങ്ങളും ശബ്ദങ്ങളും അത് പുറത്തു കൊണ്ടുവന്നു. പെരിയാർ ഒരു ലേഖനം എഴുതുകയും അതിൽ സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്തു ചിത്രപുത്രൻ എന്ന ഓമനപ്പേരിൽ അദ്ദേഹം ലേഖനങ്ങൾ എഴുതി.

ദക്ഷിണേന്ത്യയിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റും ബുദ്ധമതത്തിന്റെ തുടക്കകാരനുമായി കണക്കാക്കപ്പെടുന്ന സിംങ്കാരവേലുമായി പെരിയാറിന് അടുത്ത ബന്ധമുണ്ടായിരുന്നു. 1936-ൽ പെരിയാർ ഡോ: ബി ആർ അംബേദ്ക്കരുടെ ജാതി ഉന്മൂലനം എന്ന ഗ്രന്ഥം തമിഴിലേക്ക് വിവർത്തനം ചെയ്തു. പട്ടികജാതിക്കാർക്ക് പ്രത്യേക സംവരണം വേണമെന്ന അംബേദ്ക്കറുടെ ആവശ്യത്തെയും അദ്ദേഹം പിൻതുണച്ചു.

നിർബന്ധിത ഹിന്ദി പഠിപ്പിക്കണമെന്നുള്ള രാജാജി സർക്കാരിന്റെ നീക്കത്തെ എതിർത്തു കൊണ്ട് പെരിയാർ 1937-ൽ ഒരു ജനകീയ പ്രസ്ഥാനം ആരംഭിച്ചു. ഹിന്ദി വിരുദ്ധ പ്രക്ഷോഭം (1937-39) സ്വാധീനം ചെലുത്തി. ഈ പ്രക്ഷോഭത്തിൽ പങ്കെടുത്തതിനാൽ പെരിയാർ ജയിലിലടയ്ക്കപ്പെട്ടു. ജയിലിൽ കഴിയുമ്പോൾ പെരിയാർ ജസ്റ്റിസ് പാർട്ടിയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. അതിനു ശേഷം ജസ്റ്റിസ് പാർട്ടി സ്വാഭിമാന പ്രസ്ഥാനവുമായി ലയിച്ചു. 1944-ൽ ഇതു ദ്രാവിഡ കഴകം (ഡി.കെ.) എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു.

മദ്രാസ് സംസ്ഥാന മുഖ്യമന്ത്രിയായ രാജാജി (1952-54) ഒരു തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പരിപാടി അവതരിപ്പിച്ചു. അത് സ്ക്കൂൾ കുട്ടികളെ അവരുടെ പിതാവിന്റെ തൊഴിലുമായി ബന്ധപ്പെട്ട് പരിശീലനം നൽകാൻ പ്രോത്സാഹിപ്പിച്ചു. പെരിയാർ ഇതിനെ കുലകൽവിതിട്ടം (ജാതി അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസം പദ്ധതി) എന്ന് വിമർശിക്കുകയും കഠിനമായി എതിർക്കുകയും ചെയ്തു. ഇതിനെതിരായ അദ്ദേഹത്തിന്റെ പ്രചരണങ്ങൾ രാജാജിയുടെ സ്ഥാനം രാജിവയ്ക്കുന്നതിലേയ്ക്ക് നയിച്ചു. കെ. കാമരാജ് മദ്രാസ് സംസ്ഥാന മുഖ്യമന്ത്രിയായി. പെരിയാർ 94-ാം വയസ്സിൽ (1973)-ൽ അന്തരിച്ചു അദ്ദേഹത്തിന്റെ മൃതദേഹം പെരിയാർ 'തിടലിൽ' സംസ്കരിച്ചു.

പെരിയാർ, ഒരു സ്ത്രി വിമോചനവാദി

പെരിയാർ പുരുഷാധിപത്യ സമൂഹത്തെ വിമർശിച്ചു. ബാല്യ വിവാഹത്തെയും ദേവദാസി സമ്പ്രദായത്തെയും (ക്ഷേത്രപെൺകുട്ടികളുടെ സ്ഥാപനം) എതിർത്തു. 1929 മുതൽ സ്വാഭിമാന പ്രസ്ഥാന സമ്മേളനങ്ങളിൽ സ്ത്രീകളുടെ മോശമായ അവസ്ഥകളെകുറിച്ച് ചൂണ്ടികാണിക്കാൻ തുടങ്ങി. സ്ത്രീകൾക്ക് വിവാഹമോചനം നേടാനും സ്വത്തിൽ അവർക്കും അവകാശം ഉണ്ടെന്നും അദ്ദേഹം വാദിച്ചു. വിവാഹം കഴിച്ചു കൊടുക്കുക, സ്ത്രീകളെ ഒരു വസ്തുവായികണക്കാക്കുക എന്നീ പദങ്ങളെ പെരിയാർ എതിർത്തു. അതിനു പകരമായി തിരുക്കുറളിൽ നിന്നും വിവാഹം എന്നവാക്കിനു എടുത്തിട്ടുള്ള വാഴ്കൈ തുണൈ (ജീവിത പങ്കാളി) എന്ന പദം ഉപയോഗിക്കാമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഫെമിനിസ്റ്റിനെക്കുറിച്ച് പെരിയാർ എഴുതിയ ഗ്രന്ഥത്തിൽ സ്ത്രീ എന്തു കൊണ്ട് അടിമയാകും? എന്ന് പരാമർശിച്ചിട്ടുണ്ട്.

സ്ത്രീകൾക്ക് സ്വത്തവകാശം നല്കിയാൽ അവർക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനവും, സംരക്ഷണവും ലഭിക്കുകയും ചെയ്യും എന്ന് പെരിയാർ വിശ്വസിച്ചു.


1889-ൽ തമിഴ്നാട് ഗവൺമെന്റ് മാറ്റങ്ങൾ കൊണ്ടുവരാൻ ആഗ്രഹിച്ച സാമൂഹിക പരിഷ്കർത്താക്കളുടെ സ്വപ്നം നിറവേറ്റുന്നതിനു വേണ്ടി1889-ൽ ഹിന്ദു പിൻതുടർച്ചാവകാശ നിയമം പാസ്സാക്കി. ഈ നിയമം പാരമ്പര്യ സ്വത്തിൽ സ്ത്രീകൾക്കും അവകാശമുണ്ടെന്ന് പ്രസ്താവിച്ചു. ഈ നിയമം ദേശീയതലത്തിലും നിയമങ്ങൾ പാസ്സാക്കുന്നതിന് അടിസ്ഥാന കാരണമായി.

രെട്ടയ്മലൈ ശ്രീനിവാസൻ

രെട്ടയ്മലൈ ശ്രീനിവാസൻ (1859-1945) മുത്തച്ഛൻ (താത്ത) എന്നു പരക്കെ അറിയപ്പെ

X Std - History Malayalam Unit-10.indd 124 1/27/2023 10:04:13 AM

ടുന്ന ഇദ്ദേഹം 1859-ൽ കാഞ്ചീ പുരത്തിൽ ജനിച്ചു. ജാതി വ്യത്യാസത്താൽ തരം തിരിക്കപ്പെട്ട ജനങ്ങളുടെ സാമൂഹിക നീതി, സമത്വം സാമൂഹിക അവകാശങ്ങൾ എന്നിവയ്ക്കായി അദ്ദേഹം പോരാടി. അദ്ദേഹത്തിന്റെ സേവനങ്ങളെ കണക്കിലെടുത്ത്, റാവ് സാഹിബ് (1926) റാവ് ബഹദൂർ (1930) ദിവാൻ ബഹദൂർ (1936) മുതലായ ബഹുമതി പേരുകൾ അദ്ദേഹത്തിനു ലഭിച്ചു. അദ്ദേഹത്തിന്റെ ജീവചരിത്രം, ജീവിയസരിതചുരുക്കം (ജീവചരിത്ര ചുരുക്കം) 1939 പ്രസിദ്ധീകരിച്ച ആദ്യത്തെ ജീവചരിത്രമാണ്.


രെട്ടയ്മലൈ ശ്രീനിവാസൻ

തൊട്ടുകൂടായ്മയുടെ ഭീകരത നല്ലവണ്ണം അനുഭവിച്ച രെട്ടൈമലൈ ശ്രീനിവാസൻ സമൂഹത്തിലെ പിന്നോക്ക ജാതിക്കാരുടെ പുരോഗതിക്കായി പ്രവർത്തിച്ചു. 1893-ൽ അദ്ദേഹം ആദിദ്രാവിഡ മഹാജനസഭ സ്ഥാപിച്ചു. അദ്ദേഹം പട്ടികജാതി സംഘടനയുടെയും, മദ്രാസ് പ്രവിശ്യയുടെ പിന്നോക്ക സമുദായ സംഘടനകളുടെയും പ്രസിഡന്റായിരുന്നു.

ഇദ്ദേഹം ഡോ. ബി.ആർ. അംബേദ്ക്കറോടൊപ്പം ലണ്ടനിൽ നടന്ന (1930-1931) ഒന്നും രണ്ടും വട്ടമേശ സമ്മേളനങ്ങളിൽ പങ്കെടുത്ത് സമൂഹത്തിലെ പിന്നോക്ക സമുദായങ്ങളുടെ ഉന്നമനത്തിനുവേണ്ടി പ്രയത്നിച്ചു 1932-ലെ പൂനെ ഉടമ്പടിയിൽ ഒപ്പിട്ടയാളായിരുന്നു ശ്രീനിവാസൻ.

എം.സി. രാജാ


മയിലൈ ചിന്നത്തമ്പി രാജാ (1883-1943) (ജനപ്രിയമായി അറിയപ്പെടുന്ന എം സി രാജാ) പിന്നോക്ക വർഗ്ഗക്കാരുടെ പ്രമുഖ നേതാക്കളിൽ ഒരാളായിരുന്നു. അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച രാജാ സ്ക്കൂളുകൾക്കും കോളേജുകൾക്കുമായി വ്യത്യസ്ത പാഠപുസ്തകങ്ങൾ എഴുതി. ഇദ്ദേഹം ദക്ഷിണേന്ത്യൻ സ്വതന്ത്ര സംഘടന (ജസ്റ്റീസ് പാർട്ടി) യുടെ സ്ഥാപക അംഗങ്ങളിൽ ഒരാളായിരുന്നു. മദ്രാസ് പ്രവിശ്യയിലെ പിന്നോക്ക സമുദായക്കാരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ നിയമസഭംഗമായിരുന്നു (1920-26) ഇദ്ദേഹം. മദ്രാസ് നിയമസഭയിൽ ജസ്റ്റിസ് പാർട്ടിയുടെ ഡെപ്യൂട്ടി നേതാവായി ഇദ്ദേഹം പ്രവർത്തിച്ചു.


എം.സി. രാജാ

1928 അഖില ഇന്ത്യാ പിന്നോക്ക സമുദായ സംഘടന സ്ഥാപിക്കുകയും അതിന്റെ ദീർഘകാല നേതാവാകുകയും ചെയ്തു.

10.5 തമിഴ്നാട്ടിലെ തൊഴിലാളി പ്രസ്ഥാനങ്ങൾ

ഒന്നാം ലോകമഹായുദ്ധം (1914-18) ഇന്ത്യയിലെ വ്യവസായ വളർച്ചക്ക് പ്രോൽസാഹനം നല്കി. യുദ്ധകാല ആവശ്യങ്ങൾ നിറവേറ്റുന്ന ഈ വ്യവസായങ്ങൾ ധാരാളം തൊഴിലാളികളെ നിയമിച്ചിരുന്നു. യുദ്ധത്തിന്റെ അവസാനത്തിൽ വ്യവസായത്തിലുടനീളം ആവശ്യകതകൾ കുറഞ്ഞു. ഉയർന്ന വില വർദ്ധനവ് തൊഴിലാളി പ്രസ്ഥാനം ഉണ്ടാകാൻ കാരണമായി. സംഘടിത തൊഴിലാളി ശക്തിയുടെ മൂല്യം മനസ്സിലാക്കിയ ദേശീയവാദികൾ അധ്വാനത്തിന്റെ ലക്ഷ്യത്തെ പിൻതുണയ്ക്കാൻ തുടങ്ങി. ബി.പി. വാഡിയ, എം സിംഗാരവേലർ, തിരു. വി. കല്യാണസുന്ദരം തുടങ്ങിയവർ മദ്രാസ് പ്രസിഡൻസിയിൽ യൂണിയനുകളുണ്ടാക്കി തൊഴിലാളി രൂപീകരണത്തിനു തുടക്കംകുറിച്ചു. 1918-ൽ ഇന്ത്യയുടെ ആദ്യത്തെ സംഘടിത തൊഴിലാളി യൂണിയൻ, മദ്രാസ് തൊഴിലാളി സംഘടന രൂപീകരിച്ചു.


മെറിനാ കടൽക്കരയിലെ തൊഴിലാളിശില്പം

ആദ്യത്തെ അഖിലേന്ത്യാ തൊഴിലാളി യൂണിയൻ സമ്മേളനം (AITUC) 1920 ഒക്ടോബർ 31-ന് ബോംബെയിൽ നടന്നു. പ്രതിനിധികൾ നിരവധി പ്രമേയങ്ങൾ ചർച്ച ചെയ്തു. തൊഴിൽ തർക്കങ്ങളിൽ പോലീസ് ഇടപെടൽ, തൊഴിലില്ലായ്മ രജിസ്റ്റർ പരിപാലനം, കയറ്റുമതി ഉല്പാദനങ്ങൾക്കു നിയന്ത്രണം, മുറിവേറ്റവർക്ക് ധനസഹായം, ആരോഗ്യ ഇൻഷുറൻസ് എന്നിവ ആവശ്യപ്പെട്ടു. കൂടാതെ നിയമനിർമ്മാണ കൗൺസിലുകളിൽ തൊഴിലുടമകൾക്ക് പ്രാതിനിധ്യം നൽകാൻ സർക്കാരിനോട് പ്രതിനിധികൾ ആവശ്യപ്പെട്ടു.

എം സിംഗാരവേലൻ (1860-1946), മദ്രാസ് പ്രവിശ്യയിലെ തൊഴിലാളി പ്രസ്ഥാന പ്രവർത്തനങ്ങളുടെ മുഖ്യപ്രവർത്തകനായിരുന്നു. മദ്രാസിൽ

X Std - History Malayalam Unit-10.indd 125 1/27/2023 10:04:13 AM

ജനിച്ച ഇദ്ദേഹം, മദ്രാസ് സർവ്വകലാശാലയിൽ നിന്നും ബിരുദം നേടി. തന്റെ ചെറുപ്പകാലത്തിൽ ബുദ്ധമതത്തിനു പ്രാധാന്യം കല്പിച്ചിരുന്നു അദ്ദേഹം തമിഴ്, ഇംഗ്ലീഷ്, ഉറുദു ഹിന്ദി, ജർമ്മൻ, ഫ്രഞ്ച്, റഷ്യൻതുടങ്ങിയ നിരവധി ഭാഷകൾ പഠിക്കുകയും കാറൽമാർക്സ്, ചാൾസ് ഡാർവിൻ, ഹെർബർട്ട്. സ്പെൻസർ, ആൽബർട്ട് ഐൻ സ്റ്റീൻ എന്നിവരുടെ ആശയങ്ങൾ തമിഴിൽ എഴുതുകയും ചെയ്തു. 1923-ൽ മെയ്ദിനാഘോഷ പരിപാടി സംഘടിപ്പിച്ചതും ഇദ്ദേഹമായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യകാലനേതാക്കളിൽ ഒരാളായിരുന്നു ഇദ്ദേഹം. അദ്ധ്വാനിക്കുന്ന തൊഴിലാളി വർഗ്ഗത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അദ്ദേഹം തൊഴിലാളൻ (ജോലിക്കാർ) എന്ന തമിഴ് പത്രം പ്രസിദ്ധീകരിച്ചു. പെരിയാറുമായും സ്വാഭിമാനപ്രസ്ഥാനവുമായും അദ്ദേഹം ബന്ധം സ്ഥാപിച്ചിരുന്നു.


എം. സിംഗാര വേലർ

10.6 ഇന്ത്യൻ സ്വാതന്ത്ര്യത്തിനു മുൻപുള്ള ഭാഷാ പോരാട്ടം

പൊതുവേ ഭാഷ എന്നത് അടയാളത്തിന്റെ പ്രതീകമാണ് അത് ഒരു സമൂഹത്തിന്റെ സംസ്ക്കാരവും, വികാരങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. പത്തെൻപതാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും മറൈമലൈ അടികളുടെ ശുദ്ധമായ തമിഴ് പ്രസ്ഥാനം പെരിയാറിന്റെയും, തമിഴ് പ്രസ്ഥാനം പെരിയാറിന്റെയും, തമിഴ് ഇസൈ പ്രസ്ഥാനത്തിന്റെയും ഭാഷാ പരിഷ്ക്കാരങ്ങൾ തമിഴ്ഭാഷയെ ശക്തിപ്പെടുത്താൻ സഹായിച്ചു. ദ്രാവിഡബോധത്തെ നയിച്ച തമിഴ് നവോത്ഥാനം ആധുനിക തമിഴ് ഭാഷയുടെയും അതിന്റെ കലാരൂപങ്ങളുടെയും വളർച്ചയിൽ പ്രധാന പങ്കുവഹിച്ചു. ആഗമവിധിപ്രകാരമുള്ള ക്ഷേത്രങ്ങളിൽ തമിഴ് ആചാരങ്ങൾ അനുവദിച്ചിരുന്നില്ല. സംഗീതകച്ചേരികളിൽ തമിഴിന് ഒരു പ്രത്യേക സ്ഥാനം ഉണ്ടായിരുന്നു. അബ്രഹാം പണ്ഡിതൻ തമിഴ് സംഗീതത്തിന്റെ ചരിത്രം ആസൂത്രിതമായി പഠിക്കുകയും, പൂർവ്വകാല തമിഴ് സംഗീതം വീണ്ടെടുക്കാൻ ശ്രമിക്കുകയും ചെയ്തു. 1912-ന് അദ്ദേഹം തഞ്ചാവൂർ സംഗീതവിദ്യാമഹാജനസംഘം സ്ഥാപിച്ചു. ഇത് തമിഴ് ഇസൈ ഉന്നമന പ്രസ്ഥാനത്തിന്റെ (തിമിഴ് സംഗീതത്തിന്റെ) കേണലായി. സംഗീത കച്ചേരികളിൽ തമിഴിൽ സംഗീതം ആലപിക്കാൻ ഈ പ്രസ്ഥാനം പ്രാധാന്യം നല്കി. തമിഴ് സംഗീതത്തിന്റെ അവസ്ഥ ചർച്ച ചെയ്തു 1943-ൽ ആദ്യത്തെ തമിഴ് ഇസൈ സമ്മേളനം നടന്നു.

തമിഴ്നാട്ടിൽ വിവിധഘട്ടങ്ങളിൽ ഹിന്ദി നിർബന്ധിത ഭാഷയായി നടപ്പാക്കിയത് തമിഴ് ഭാഷയും സംസ്ക്കാരത്തിനും ഭീഷണിയായിട്ടാണ് കാണപ്പെട്ടിരുന്നത്. മദ്രാസ് പ്രസിഡൻസിയിൽ മുഖ്യമന്ത്രിയായിരുന്ന സി. രാജാജി സ്ക്കൂളിൽ ഹിന്ദി നിർബന്ധിത വിഷയമായി അവതരിപ്പിച്ചു. ഇത് മദ്രാസ് പ്രവിശ്യയിൽ കടുത്ത എതിർപ്പ് ഉണ്ടാക്കി. തമിഴ്നാട്ടിൽ ഹിന്ദി ഏർപ്പെടുത്തുന്നത് ദ്രാവിഡർക്ക് അവരുടെ തൊഴിലവസരങ്ങളെ ഇല്ലാതാക്കുമെന്ന് പെരിയാർ പ്രഖ്യാപിച്ചു. ഹിന്ദി പ്രചാരത്തിൽ കൊണ്ടു വന്നാൽ തമിഴ് ഭാഷയെ അത് ബാധിക്കുമെന്ന് മറൈമലൈ അടികൾ ചൂണ്ടികാട്ടി. ഹിന്ദി വിരുദ്ധ പ്രക്ഷോഭകർ ഇത് ബ്രാഹ്മണർക്കെതിരായ പോരാട്ടമായും സംസ്കൃതത്തിന്റെ മേധാവിത്വമായും കണക്കാക്കി.

10.7 വനിതാ പ്രസ്ഥാനങ്ങൾ

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മദ്രാസ് പ്രവിശ്യയിൽ സ്ത്രീ ശാക്തീകരണത്തിനായി നിരവധി സംഘടനകളും പ്രസ്ഥാനങ്ങളും സ്ഥാപിക്കപ്പെട്ടു. അവയിൽ തമിഴ്നാട്ടിൽ രൂപീകരിച്ചവയാണ് ഇന്ത്യവനിതാസംഘടന (WIA), അഖില ഇന്ത്യാ വനിതാസംഘടന (AIWC) എന്നിവയാണ്. ഇന്ത്യ വനിതാസംഘം (WIA) എന്നത് 1917-ൽ മദ്രാസിലെ അഡയാറിൽ ആനിബസന്റും ഡൊറോത്തി ജിനരാജദാസയും മാർഗരറ്റ് കസിൻസും ചേർന്നാണ് ആരംഭിച്ചത്. ഈ സംഘടന വ്യക്തിപരമായ ആരോഗ്യം, വിവാഹനിയമങ്ങൾ, വോട്ടവകാശം, കുട്ടികളുടെ സംരക്ഷണം, പൊതുജീവിതത്തിൽ സ്ത്രീകളുടെ പങ്ക് എന്നിവ വിശദീകരിക്കുന്നതിനായി വിവിധ ഭാഷകളിൽ ലഘുലേഖകളും മാഗസിനുകളും പ്രസിദ്ധീകരിച്ചു ഇതേസമയം 1927-ൽ ഇന്ത്യാ വനിതാസംഘവും അഖിലഇന്ത്യാ വനിതാ സംഘവും സ്ത്രീകളുടെ വിദ്യാഭ്യാസത്തിനു വേണ്ടി അഖില ഇന്ത്യാ വനിതാ സമ്മേളനം നടത്തി. കൂടാതെ ഗവൺമെന്റ് ജോലിക്കാരായ സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി നടപടികൾ കൈകൊള്ളണമെന്നും അവർ ആവശ്യപ്പെട്ടു.


മുവല്ലൂർ രാമാമൃതം

സ്വാഭിമാന പ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ് സ്ത്രീ വിമോചനം പെരിയാർ നേതൃത്വം വഹിച്ച സ്വാഭിമാന പ്രസ്ഥാനം

X Std - History Malayalam Unit-10.indd 126 1/27/2023 10:04:13 AM

ലിംഗസമത്വത്തിനും, സമൂഹത്തിലെ ജനങ്ങളുടെ വികാരങ്ങളെ പുരോഗമിപ്പിക്കുന്നതിനും വേണ്ടി പ്രയത്നിച്ചു. സ്ത്രീകൾക്ക് അവരുടെ ആശയങ്ങൾ പങ്കിടാൻ ഒരുസ്ഥലം നേടി കൊടുത്തു. ഈ പ്രസ്ഥാനത്തിന് വേണ്ടി കഠിനമായി പ്രവർത്തിച്ച അനേകസ്ത്രീകളും ഉണ്ടായിരുന്നു. മുത്തുലക്ഷ്മി അമ്മയാർ, നാഗമ്മൈ, കണ്ണമ്മ നീലാവതി, മൂവല്ലൂർരാമാമൃതം, രുഗ്മണി അമ്മാൾ, അല മേലുമങ്കൈ, തായമ്മാൾ നീലാംബികൈ, ശിവകാമിചിദംബരനാർ എന്നിവർ മുഖ്യപങ്ക് വഹിച്ചിരുന്നു.

ചെറുപ്പക്കാരായപെൺകുട്ടികളെ ഹിന്ദുക്ഷേത്രങ്ങളിൽ സമർപ്പിക്കുന്ന ഒരു സമ്പ്രദായം ഉണ്ടായിരുന്നു ഇത് ദേവദാസിസമ്പ്രദായം എന്ന് അറിയപ്പെട്ടു. ദൈവത്തിനുള്ള ഒരു സേവനമായിട്ടാണ് ഇത് ഉദ്ദേശിച്ചതു എങ്കിലും കാലക്രമേണ ഇത് അഴിമതിയിലേക്കും, സ്ത്രീകളെ ദുരുപയോഗത്തിലേയ്ക്കും നയിച്ചു. ഈ ദേവദാസി സമ്പ്രദായം നിർത്തലാക്കാൻ നിയമനിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെട്ട് പ്രചാരണത്തിൽ മുൻപന്തിലായിരുന്നു ഡോ. മുത്തുലക്ഷ്മി അമ്മയാർ. 1947-ലെ മദ്രാസ് ദേവദാസി (ദേവദാസി നിരോധന നിയമം) നിയമം സർക്കാർ നടപ്പിലാക്കി.

1930-ൽ മദ്രാസ് പ്രവിശ്യയിലെ ഹിന്ദു ക്ഷേത്രങ്ങളിൽ സ്ത്രീകളുടെ സമർപ്പണം തടയുന്നതിനുള്ള ബിൽ മുത്തുലക്ഷ്മി അമ്മയാർ മദ്രാസ് നിയമ സഭയിൽ അവതരിപ്പിച്ചു. പിന്നീട് ദേവദാസി നിർത്തലാക്കൽ നിയമമായി മാറിയ ഈ ബിൽ ഹിന്ദു ക്ഷേത്രങ്ങളുടെ പരിസരത്ത് അല്ലെങ്കിൽ മറ്റ് ആരാധനാലയങ്ങളിൽ "പൊട്ടുകെട്ടും ചടങ്ങ്' നിയമ വിരുദ്ധമാണെന്ന് പ്രഖ്യാപിച്ചു. ദേവദാസികൾക്ക് വിവാഹം കഴിക്കാമെന്നുള്ള നിയമം കൊണ്ടുവന്നു. ദേവദാസി സമ്പ്രദായം തുടർന്നാൽ അവർക്ക് 5 വർഷം വരെ ജയിൽ ശിക്ഷ അനുഭവിക്കണം എന്നുള്ള നിയമം കൊണ്ടു വന്നു. ഈ നിയമം പാസ്സായിവരാൻ 15 വർഷത്തോളം എടുത്തു.

സംഗ്രഹം

- കോളനി ആധിപത്യവും യുക്തിവാദത്തിന്റെ ഉയർച്ചയും കാരണം 19-ാം നൂറ്റാണ്ടിൽ ഇന്ത്യയിൽ ബുദ്ധിജീവികൾക്കിടയിൽ ആത്മപരിശോധന ഉണ്ടായി. ഇത് ഇന്ത്യൻ നവോത്ഥാനത്തിലേക്ക് നയിച്ചു.
- തമിഴ്നാട്ടിൽ അച്ചടി ശാലകളുടെ വ്യാപനം പുരാതന തമിഴ് സാഹിത്യത്തിന്റെ പ്രസിദ്ധീകരണത്തിനും വ്യാപനത്തിനും ഒരു ഉത്തേജകമായി പ്രവർത്തിച്ചു.
- 19-ാം നൂറ്റാണ്ടിലെ തമിഴ് പണ്ഡിതന്മാർ തമിഴ് സാഹിത്യങ്ങളെ പ്രസിദ്ധീകരിക്കാൻ കഠിനമായി പരിശ്രമിച്ചു. ഇതു ഒരു ബൗദ്ധികവിപ്ലവത്തിന് തുടക്കമിട്ടു. ഇത് തമിഴ് നവോത്ഥാനം എന്നറിയപ്പെട്ടു.
- ഈ മാറ്റം തമിഴ് ഭാഷയെയും സാഹിത്യത്തെയും പുന:രുജ്ജീവിപ്പിക്കുക, മാത്രമല്ല, നിലവിലുള്ള ജാതി വ്യവസ്ഥയെ വെല്ലുവിളിക്കുകയും ദ്രാവിഡ ബോധത്തിന്റെ ഉയർച്ചയെ സ്വാധീനിക്കുകയും ദ്രാവിഡ കുടുംബത്തിന്റെ ഭാഷയായി തമിഴിനെ സ്ഥാപിക്കുകയും ചെയ്തു.
- 1916-ൽ സ്ഥാപിതമായ ജസ്റ്റിസ് പാർട്ടി മദ്രാസ് പ്രവിശ്യയിൽ ബ്രാഹ്മണർ അല്ലാത്തവരുടെ പ്രശ്നങ്ങൾ ഉന്നയിച്ചു. സാമുദായിക പ്രാതിനിധ്യം, വനിതാവോട്ടവകാശങ്ങൾ ഹിന്ദുമതപരമായ എൻഡോവ്മെന്റ് പോലുള്ള പ്രധാന പരിഷ്കാരങ്ങൾ ജസ്റ്റിസ് പാർട്ടി അവതരിപ്പിച്ചു.
- സ്വാഭിമാന പ്രസ്ഥാനത്തിന്റെ തുടക്കം കാരണം പെരിയാർ. ഇ.വി. രാമസ്വാമി, മതമൗലികവാദത്തെ വിമർശിക്കുകയും മനുഷ്യസമൂഹത്തിന്റെ മെച്ചപ്പെട്ട കാര്യങ്ങൾക്കായി ആളുകൾക്കിടയിൽ യുക്തിവാദത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അദ്ദേഹം തമിഴ് സമൂഹത്തെ പരിഷ്കരിച്ചു. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധനൽകി.
- അവസാനമായി തമിഴ്നാടിന്റെ യുക്തി സഹജമായ ആശയങ്ങൾ ആധുനിക ഇന്ത്യൻ സംസ്ഥാനത്തിന്റെ സൃഷ്ടിപരമായ സംഭവവികാസങ്ങൾക്ക് മാതൃകയായി.

X Std - History Malayalam Unit-10.indd 127 1/27/2023 10:04:13 AM

A-Z പദപരിചയം

സുവിശേഷപ്രസംഗകർ	Evangelical	Christian groups that believe that the teaching of the Bible and persuading others to join them is extremely important
ആധിപത്യം	Hegemony	LLeadership or dominance, especially by one country or social group over others
നവീകരണം	Resurgence	Renewal, revival
ഭാഷസംബന്ധമായ	Linguists	A person skilled in languages
ഉദാഹരിക്കുക	Exemplified	Be a typical example of
പാർശ്വവൽക്കരിക്കുക	Marginalised	A person, group concept treated as insignificant or sidelined
വെറുപ്പിക്കുക	Irked	Irritated, annoyed
കളവ് വെളിച്ചത്ത് ആക്കുക	Debunking	Expose the falseness or hollowness of (a myth, idea or belief)
പരാജയം	Trounced	Defeat heavily in a contest
വിമർശിക്കൽ	Critiquing	Evaluate in a detailed and analytical way
അനീതിയായ	Iniquitous	Grossly unfair and morally wrong
തൂലികനാമം	Pseudonym	A fictitious name, especially one used by an author
പുനർനാമകരണം	Rechristened	Give a new name to
പുരുഷ മേധവിത്വം സമൂഹം	Patriarchy	A society or institution organised according to the principles or practices of male domination
പൗരുഷമുള്ള	Masculinity	Possession of the qualities traditionally associated with men

അഭ്യാസം

I. ശരിയായ ഉത്തരം എഴുതുക

1. _____ ആണ് 1709 പൂർണ്ണ അച്ചടിശാല തരംഗംപാടിയിൽ സ്ഥാപിച്ചത്.
   a) കാൾഡ്വെൽ
   b) സീഗൻബാൾഗ്
   c) F.W. എല്ലിസ്
   d) മീനാക്ഷി സുന്ദരം

2 _____ നാൽആദിദ്രാവിഡമഹാജനസഭ 1893-ൽ ആരംഭിക്കപ്പെട്ടു.
   a) രെട്ടൈമലൈ ശ്രീനിവാസൻ
   b) രാജാജി
   c) വി.ആർ. അംബേദ്കർ
   d) എം.സി. രാജാ

3. ഇന്ത്യയുടെ ആദ്യത്തെ തൊഴിലാളി സംഘടനയായ മദ്രാസ് തൊഴിലാളി സംഘടന രൂപികരിച്ചത് _____ആണ്.
   a) 1918 b) 1916
   c) 1917 d) 1914

4. ജെസ്റ്റീസ് കക്ഷിയുടെ ഗവൺമെന്റ്, ഗവൺമെന്റ് ഉദ്യോഗസ്ഥരെ തെരെഞ്ഞെടുക്കുന്നതിന്_____ രൂപീകരിച്ചു.
   a) സ്റ്റാഫ് സെലക്ഷൻ ബോർഡ്
   b) പബ്ലീക് സർവ്വീസ് കമ്മീഷൻ
   c) പ്രൊവിൻഷ്യൽ സ്റ്റാഫ് റിക്രൂട്ട്മെന്റ് ബോർഡ്
   d) സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ.

5. മദ്രാസ്പ്രവിശ്യയിലെ അധ:കൃത വർഗ്ഗത്തിന്റെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട നിയമസഭയിലെ അംഗമാണ് _____.
   a) എം.സി. രാജാ
   b) റ്റി.എം. നായർ
   c) രെട്ടൈമലൈ ശ്രീനിവാസൻ
   d) പി വരദരാജലു

II. പൂരിപ്പിക്കുക:

1. യൂറോപ്യേതര ഭാഷയിലെ ആദ്യത്തെ പത്രം _____ ആണ്.
2. സെന്റ് ജോർജ്ജ് ഫോർട്ടിൽ കോളേജ് ആരംഭിച്ചത് _____ ആണ്.
3. _____ നെയാണ് ശുദ്ധ തമിഴ് ഭാഷയുടെ പിതാവ് എന്നറിയപ്പെടുന്നത്.
4. _____ ആണ് ആദ്യമായി സ്ത്രീകൾക്ക് തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിൽ പ്രാതിനിധ്യം കൊണ്ടുവന്നത്.
5. സൂര്യനാരായണ ശാസ്ത്രി എന്ന പേര് തമിഴിൽ _____ എന്ന് മാറ്റപ്പെട്ടു.
6. തമിഴ് സംഗീതത്തിന് പ്രാധാന്യം കൊടുത്തത് _____ ആണ്.
7. ഇന്ത്യയുടെ ആദ്യത്തെ വനിതാ നിയമസഭാംഗം _____ ആണ്.

X Std - History Malayalam Unit-10.indd 128 1/27/2023 10:04:13 AM

III. ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക:

1. (i) 1812-ൽ പ്രസിദ്ധീകരിച്ച തമിഴ് സാഹിത്യ കൃതിയാണ് തിരുക്കുറൾ
   (ii) മറൈമലൈ അടികൾ തമിഴ് വ്യാകരണവും സാഹിത്യവും അടങ്ങിയ പ്രബന്ധങ്ങളും ലഘുലേഖകളും ശേഖരിച്ച് തയ്യാറാക്കി.
   (iii) റോബർട്ട് കാൾഡ്‌വെൽ ദ്രാവിഡ ഭാഷയും സംസ്കൃത ഭാഷയും തമ്മിലുള്ള വ്യാത്യാസം തമിഴ് പഴമയിൽ നിന്ന് ശേഖരിച്ച് ഇതിന്റെ ബന്ധം ഉറപ്പിക്കുന്നു.
   (iv) തൊഴിലാളി സംഘടനാ പ്രസ്ഥാനത്തിന്റെ ഒരു ആദ്യകാല നേതവാണ് തിരു.വി. കല്ല്യാണസുന്ദരം
   a) (i), (ii) ശരിയാണ്
   b) (i), (iii) ശരിയാണ്
   c) (iv), ശരിയാണ്
   d) (i), (iii) ശരിയാണ്

2. **പ്രസ്താവന (A):** ജെസ്റ്റിസ് പാർട്ടി 1920-1931 വരെ മദ്രാസ് പ്രവിശ്യയിൽ അധികാരത്തിൽ തുടർന്നിരുന്നു.
   കാരണം (R): കോൺഗ്രസ്സ് പാർട്ടി മദ്രാസ് നിയമ സഭയെ, ദ്വയാർക്കി നിലനിന്ന (ദ്വിഭരണം) കാലഘട്ടത്തിൽ ബഹിഷ്കരിച്ചു.
   a) (A) ഉം (R) ശരിയാണ്.
   b) (A) ശരിയാണ് എന്നാൽ R ശരിയായ വിശദീകരണം അല്ല.
   c) (A), (R) രണ്ടും തെറ്റാണ്.
   d) (R) ശരിയാണ് എന്നാൽ ഇതിന് A യുമായി ബന്ധം ഇല്ല.

IV. യോജിപ്പിക്കുക:

1.	ദ്രാവിഡകുലം	–	മറൈ മലൈ അടികൾ
2.	തൊഴിലാളി	–	രെട്ടൈമലൈ ശ്രീനിവാസൻ
3.	തനി തമിഴ് ഇയക്കം	–	ശിങ്കാരവേലർ
4.	ജീവിയ ചരിത ചുരുക്കം	–	നടേശനാർ

V. ചുരുക്കി ഉത്തരമെഴുതുക:

1. തമിഴ് നവോത്ഥാനത്തെ കുറിച്ചെഴുതുക?
2. കാൾഡ് വെല്ലിന്റെ സംഭാവനകൾ തെക്കെ ഇന്ത്യൻ ഭാഷയ്ക്ക് എങ്ങനെ പ്രയോജനപ്പെട്ടു? - എടുത്തുകാണിക്കുക.
3. തങ്ങളുടെ എഴുത്തുകളിലൂടെ തമിഴ് സാഹിത്യത്തിന്റെ വളർച്ചയ്ക്ക് സംഭാവനകൾ നൽകിയവരുടെ പേരെഴുതുക?
4. ജെസ്റ്റിസ് മന്ത്രിസഭ പാസാക്കിയ ഹിന്ദുമത പുനരുദ്ധാരണ നിയമത്തിന്റ പ്രധാന്യം എന്ത്?
5. തെക്കെ - ഇന്ത്യൻ സ്വാതന്ത്ര്യ സംഘടനയുടെ കീഴിൽ പ്രസിദ്ധീകരിച്ച പത്രങ്ങൾ ഏവ?
6. പെരിയാർ ഒരു സ്ത്രീപുരോഗമനവാദി - വിവരിക്കുക?

VI. വിശദമായി ഉത്തരമെഴുതുക:

1. 19-ാം നൂറ്റാണ്ടിലെ തമിഴ് നവോത്ഥാന പ്രസ്ഥാനത്തെ കുറിച്ച് വിശദമായി എഴുതുക?
2. ജസ്റ്റിസ് പാർട്ടിയുടെ രൂപീകരണവും അതിന്റെ സംഭാവനകളും, സാമൂഹിക നീതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളും വിവരിക്കുക?
3. പെരിയാർ EVR ന്റെ സാമൂഹിക മാറ്റത്തിനു വേണ്ടിയുള്ള സംഭാവനകളെ തമിഴ്നാടുമായി ബന്ധപ്പെടുത്തി വിവരിക്കുക.

VII. വിദ്യാർത്ഥി പ്രവർത്തനം:

1. തൊഴിലാളി പ്രസ്ഥാനങ്ങളും വാണിജ്യ വ്യവസായ സംഘടനകളും തമ്മിലുള്ള വ്യത്യാസം വിശദമാക്കുക? വിദ്യാർത്ഥികൾക്ക് പ്രവർത്തന പ്രക്രിയയായി പ്രാദേശിക വാണിജ്യ സംഘടനകളുടെ വിവരം തയ്യാറാക്കൽ.
2. വിദ്യാർത്ഥികൾക്ക് പ്രാദേശിക എഴുത്തുകാരായ സ്ത്രീ സംഘടനകളുടെ വിവരങ്ങൾ എന്നിവ പ്രോജക്ട് പ്രവർത്തനത്തിന് തിരഞ്ഞെടുക്കാം.

REFERENCE BOOKS

1. K. Nambi Arooran, *Tamil Renaissance and Dravidian Nationalism 1905–1944*. Madurai: Koodal Publishers, 1980.
2. V. Geetha and S.V. Rajadurai, *Towards a Non-Brahmin Millennium: From Iyothee Thass to Periyar*. Calcutta: Samya, 1998.
3. Robert Hardgrave *The Dravidian Movement*. Bombay: Popular Prakashan, 1965.
4. Eugene F. Irschick, *Politics and Social Conflict in South India*. Berkeley: University of California Press, 1969.
5. Periyar. E.V. Ramasami, *Women Enslaved*. New Delhi: Critical Quest, 2009.
6. *Thoughts of Periyar E.V.R.: Speeches and Writings of Periyar E.V. Ramasamy*. V. Anaimuthu. Comp. Chennai: Periyar E.V. Ramasamy–Nagammai Education and Research Trust, 1974.

X Std - History Malayalam Unit-10.indd 129 1/27/2023 10:04:13 AM

കാലനിർണ്ണയരേഖ

1 യൂണിറ്റ് = 10 വർഷം

ഇന്ത്യൻദേശീയ പ്രസ്ഥാനത്തിലെ പ്രധാന സംഭവങ്ങൾ (1900-1947)

1900

1905 - ബംഗാൾവിഭജനം / സ്വദേശി പ്രസ്ഥാനം
1906 - സ്വദേശി നീരാവിക്കപ്പൽ കമ്പനി ആരംഭിച്ചു

1910

1916 - ഹോം റൂൾ പ്രസ്ഥാനം/ലക്നൗ ഉടമ്പടി
1917 - ചമ്പാരൻ സത്യാഗ്രഹം
1918 - കേദ സത്യാഗ്രഹം
1919 - റൗളത് നിയമം/ജാലിയൻ വാലാ ബാഗ്ക്കൂട്ടക്കൊല
1920 - 1920 - ഖിലാഫത്ത് പ്രസ്ഥാനം/നിസ്സഹരണ പ്രസ്ഥാനം

1922 - ചൗരിചൗരാ സംഭവം
1923 - സ്വരാജ് പാർട്ടി ആരംഭം

1927 - സൈമൺ കമ്മിഷൻ നിയമനം
1928 - മോട്ടിലാൽ നെഹ്റു റിപ്പോർട്ട്
1929 - ലാഹോർ കോൺഗ്രസ്സ് സമ്മേളനം
1930 - 1930 - ഉപ്പു സത്യാഗ്രഹം / ഒന്നാം വട്ടമേശ സമ്മേളനം
1931 - ഗാന്ധി ഇർവിൻ ഉടമ്പടി/രണ്ടാം വട്ടമേശ സമ്മേളനം
1932 - സാമുദായിക പ്രാധിനിത്യ അവാർഡ്/പൂനാ ഉടമ്പടി/മൂന്നാം വട്ടമേശ സമ്മേളനം

1935 - ഇന്ത്യാ ഗവൺമെന്റ് നിയമം

1937 - പ്രവിശ്യകളിലെ ഒന്നാം കോൺഗ്രസ്സ് മന്ത്രിസഭ

1940 - 1940 - ആഗസ്റ്റ് വാഗ്ദാനം / വ്യക്തിഗത സത്യാഗ്രഹം

1942 - ക്രിപ്സ് മിഷൻ/ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം

1945 - വേവൽ പദ്ധതി/സിംല സമ്മേളനം
1946 - RIN (റിൻ) വിപ്ലവം/കേബിനറ്റ് മിഷൻ/ഇടക്കാല ഗവൺമെന്റ്
1947 - മൗണ്ട് ബാറ്റൺ പദ്ധതി / ഇന്ത്യാ സ്വാതന്ത്ര്യം നേടി

1950

X Std - History Malayalam Unit-10.indd 130 1/27/2023 10:04:14 AM

കാലനിർണ്ണയരേഖ

1 യൂണിറ്റ് = 10 വർഷം

ഇന്ത്യൻദേശീയ പ്രസ്ഥാനത്തിലെ പ്രധാന സംഭവങ്ങൾ (1900-1947)

1900

1910

1910 - ദക്ഷിണാഫ്രിക്കൻ യൂണിയന്റെ രൂപീകരണം

1912 - ഒന്നാം ബാൽക്കൻ യുദ്ധം

1914 - ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു

1917 - റഷ്യൻ വിപ്ലവം
1918 - ഒന്നാം ലോകമഹായുദ്ധം അവസാനം
1919 - പാരീസ് സമാധാന ഉടമ്പടി / വേർസെയിൽസ് ഉടമ്പടി

1920

1920 - സർവ്വരാഷ്ട്ര സംഘടനയുടെ രൂപീകരണം

1922 - റോമിലെ മുസ്സോളിനിയുടെ മാർച്ച്

1927 - വിയറ്റ്നാം നാഷണലിസ്റ്റ് പാർട്ടിയുടെ രൂപീകരണം

1929 - മഹാമാന്ദ്യം / ലാറ്ററൻ ഉടമ്പടി

1930

1933 - ഹിറ്റ്ലർ ജർമ്മനിയുടെ ചാൻസലറായി
1934 - നീണ്ട മാർച്ച്
1935 - മുസ്സോളിനി എത്യോപ്യ ആക്രമിച്ചു

1938 - മ്യൂണിച്ച് ഉടമ്പടി
1939 - രണ്ടാം ലോക മഹായുദ്ധം ആരംഭം

1940

1940 - ബ്രിട്ടനിലെ യുദ്ധം
1941 - പേൾ ഹാർബർ സംഭവം
1942 - സ്റ്റാലിൻ ഗ്രേഡ് യുദ്ധം

1945 - രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനം / ഐക്യ രാഷ്ട്ര സംഘടന യുടെ രൂപീകരണം

1950

X Std - History Malayalam Unit-10.indd 131 1/27/2023 10:04:14 AM

പത്താം തരം

ഭൂമിശാസ്ത്രം

യൂണിറ്റ് 1

ഇന്ത്യ - സ്ഥാനം, ഭൂപ്രകൃതി, ജലപ്രവാഹം



പഠന ലക്ഷ്യങ്ങൾ

- ലോകത്തിൽ ഇന്ത്യയുടെ ഇരിപ്പിടത്തിന്റെ (സ്ഥാനം) പ്രാധാന്യത്തെക്കുറിച്ച് മസ്സിലാക്കുക.
- ഇന്ത്യയുടെ വൈവിധ്യമാർന്ന ഭൂവിഭാഗങ്ങളുടെ സവിശേഷതകളെക്കുറിച്ചറിയുക.
- ഇന്ത്യയിലെ മഹാസമതല പ്രദേശങ്ങളെ താരതമ്യം ചെയ്യുക.
- ഇന്ത്യയുടെ ജലപ്രവാഹ സംവിധാനത്തെക്കുറിച്ച് മനസ്സിലാക്കുക.
- ഹിമാലയൻ നദികളെയും ഉപദ്വീയ നദികളെയും വേർതിതിച്ചറിയുക.

LGAM5

ആമുഖം

വിസ്തൃതിയിൽ ലോകത്തിൽ ഏഴാം സ്ഥാന ത്തിലുള്ള ഇന്ത്യ, ഏഷ്യവൻകരയിലെ രണ്ടാമത്തെ വലിയ രാജ്യമാണ്. തെക്കൻ ഏഷ്യയുടെ ഒരു ഭാഗമായ ഇന്ത്യയെ ഹിമാലയ പർവ്വതനിരകൾ ഏഷ്യാ വൻകരയുടെ മറ്റു ഭാഗങ്ങളിൽ നിന്നും വേർതിരിക്കുന്നു. ലോകവിസ്തൃതിയിൽ ഏകദേശം 2.4% വരെ വ്യാപിച്ചു കിടക്കുന്ന ഇന്ത്യയുടെ വിസ്തീർണ്ണം 32,87,263 ച.കി.മീ. ആണ്. ലോകത്തിൽ ചില രാജ്യങ്ങളെക്കാൾ ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും വലുപ്പമുള്ളവയാണ്.

ഇന്ത്യയുടെ കര, ജല, അതിർത്തികൾ

പടിഞ്ഞാറ് പാകിസ്ഥാൻ, വടക്കു പടിഞ്ഞാറ് അഫ്ഗാനിസ്ഥാൻ, വടക്കു നേപ്പാൾ, ഭൂട്ടാൻ, ചൈന എന്നിവയും കിഴക്ക് ബംഗ്ലാദേശ്, മ്യാൻമർ എന്നീ രാജ്യങ്ങളുമായി ഇന്ത്യ 15,200 കി.മീറ്റർ നീളത്തിൽ അതിന്റെ കര അതിർത്തി പങ്കിടുന്നു.

ഇന്ത്യയുടെ വലിയ അതിർത്തി ബംഗ്ലാദേശും (4156 കി.മീ.) ചെറിയ അതിർത്തി (106 കി.മീ.) അഫ്ഗാനിസ്ഥാനും ആണ്.

ഇന്ത്യൻ മഹാസമുദ്രവും അതിന്റെ ഇരു കരങ്ങളായ ബംഗാൾക്കടൽ കിഴക്കു ഭാഗത്തും അറബിക്കടൽ പടിഞ്ഞാറു ഭാഗത്തും ഏകദേശം 6100 കി.മീ. നീളത്തിൽ ഇന്ത്യയുടെ മൂന്നു പാർശ്വങ്ങളിലുമായി സമുദ്ര അതിർത്തി പങ്കിടുന്നു. ദ്വീപുകളുടെ തീരങ്ങൾ കൂടി ഉൾപ്പെടു ത്തിയാൽ ഇന്ത്യയുടെ സമുദ്രതീരത്തിന്റെ നീളം 7,516.6 കി.മീ. ആണ്. ഇന്ത്യയെയും ശ്രീലങ്കയെയും വേർതിരിക്കുന്ന ഇടുങ്ങിയ കടൽ ഭാഗത്തെ പാക് ജല സന്ധി (പാക് കടലിടുക്ക്) എന്നു വിളിക്കുന്നു.

ഇന്ത്യയും ലോകവും

ഇന്ത്യയുടെ സ്ഥാനം പശ്ചിമ പൂർവ്വ ഏഷ്യയുടെ മധ്യത്തിലും ഏഷ്യാ വൻകരയുടെ തെക്കെ അറ്റത്തിലും ആണ്. ട്രാൻസ് ഇന്ത്യൻ മഹാ സമുദ്രമാർഗ്ഗം പറിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങളെയും കിഴക്കൻ ഏഷ്യൻ രാജ്യങ്ങളെയും ബന്ധിപ്പിക്കുന്ന കേന്ദ്ര സ്ഥാനം ഇന്ത്യയ്ക്കു നൽകുന്നു. അങ്ങനെ ഇത് പടിഞ്ഞാറൻ തീരപ്ര ദേശത്തിൽ നിന്നും പശ്ചിമ ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്, എന്നിവയുമായും കിഴക്കൻ തീരപ്ര ദേശങ്ങളിൽ നിന്ന് തെക്കൻ ഏഷ്യ, തെക്കു കിഴക്കൻ ഏഷ്യ എന്നീ രാജ്യങ്ങളുമായും അടുത്തബന്ധം സ്ഥാപിക്കാൻ സഹായിക്കുന്നു.

ഇന്ത്യ ഒരു ഉപഭൂഖണ്ഡം

ഇന്ത്യയോടൊപ്പം മ്യാൻമാർ, ബംഗ്ലാദേശ്, പാകി സ്ഥാൻ, നേപ്പാൾ, ഭൂട്ടാൻ, ശ്രീലങ്ക എന്നീ രാജ്യങ്ങളെല്ലാം ചേർന്ന് ഉപഭൂഖണ്ഡം എന്നറിയപ്പെടുന്നു.

ഈ മേഖലഭൂപ്രകൃതി, കാലാവസ്ഥ, സസ്യ ജാലങ്ങൾ, ധാതുവിഭവങ്ങൾ, മാന വവിഭവങ്ങൾ എന്നിവയിൽ വൈവിധ്യമാർന്ന ഭൂഖണ്ഡ സവിശേഷതകളുള്ളതുമാണ്. അതിനാൽ ഇന്ത്യ ഉപഭൂഖണ്ഡം എന്നറിയപ്പെടുന്നു.

X Std - Geography Malayalam Unit-1.indd 133 2/2/2023 5:47:42 PM



1.1 സ്ഥാനവും വിസ്തൃതിയും

ഇന്ത്യ **8°4'N** (ഉത്തര അക്ഷാംശം) മുതൽ **37°6'N** (ഉത്തര അക്ഷാംശം) വരെയും **68°7'E** (പൂർവ്വ രേഖാംശം) മുതൽ **97°25'E** (പൂർവ്വരേഖാംശം) വരെയും വ്യാപിച്ചു കിടക്കുന്നു. അതിനാൽ ഇന്ത്യയുടെ സ്ഥാനം വടക്കു പൂർവ്വാർദ്ധ ഗോളത്തിലാണ്.

രാജ്യത്തിന്റെ തെക്കെയറ്റമായ പിഗ്മാലിയൻ പോയിന്റ് അഥവാ ഇന്ദിരാ പോയിന്റ് **(6°45'N)** ആൻഡമാൻ നിക്കോബർ ദ്വീപുകളിൽ സ്ഥിതി ചെയ്യുന്നു. ഇന്ത്യയുടെ പ്രധാന കരഭാഗത്തിന്റെ തെക്കേയറ്റം **കന്യാകുമാരിയാണ്**. ഇന്ത്യയുടെ വടക്കെയറ്റം **ഇന്ദിരാകോൾ** ആണ്.

വടക്ക് ജമ്മുകാശ്മീരിലെ **ഇന്ദിരാകോൾ** മുതൽ തെക്കു കന്യാകുമാരി വരെ **3,214** കി.മീ. നീളത്തിലും പടിഞ്ഞാറ് ഗുജറാത്തിലെ റാൻ ഓഫ് കച്ച് മുതൽ കിഴക്ക് അരുണാചൽ പ്രദേശ് വരെ **2933** കി.മീ. നീള ത്തിലും ഇന്ത്യ വ്യാപിച്ചു കിടക്കുന്നു. ഇന്ത്യയുടെ മധ്യഭാഗത്തുകൂടി കടന്നു പോകുന്ന ഉത്തരായന രേഖ (23°30' N) ഇന്ത്യയെ ഉത്തരമിതോഷ്ണ മേഖലയെന്നും ദക്ഷിണ ഉഷ്ണമേഖലയെന്നും രണ്ടായി വിഭജിക്കുന്നു.

ഭരണ സൗകര്യത്തിനായി ഇന്ത്യയെ 28 സംസ്ഥാനങ്ങളായും 9 കേന്ദ്ര ഭരണ പ്രദേശങ്ങളായും വിഭജിച്ചിരിക്കുന്നു.

കണ്ടുപിടിക്കുക

- ഇന്ത്യയുടെ കിഴക്ക് - പടിഞ്ഞാറ്, വടക്ക് - തെക്ക് വ്യാപനം കണ്ടുപിടിക്കുക
- വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ചെറിയ സംസ്ഥാനം ഏത്? വലിയ സംസ്ഥാനം ഏത്?
- അന്താരാഷ്ട്ര അതിർത്തിയില്ലാത്ത സംസ്ഥാനമേത്?

ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം (IST)

പടിഞ്ഞാറ് ഗുജറാത്ത് മുതൽ കിഴക്ക് അരുണാചൽപ്രദേശ് വരെ ഏകദേശം 30° ആണ് ഇന്ത്യയുടെ രേഖാംശീയ വ്യാപ്തി. പടിഞ്ഞാറു ഭാഗത്തുള്ള ഗുജറാത്തിൽ സൂര്യോദയം നടക്കുന്നതിന് 2 മണിക്കൂർ മുമ്പ് കിഴക്കു ഭാഗത്തുള്ള അരുണാചൽപ്രദേശിൽ സൂര്യൻ ഉദിക്കുന്നു. ഈ വ്യത്യാസം ഒഴിവാക്കാൻ വേണ്ടിയാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം കണക്കാക്കിയിരിക്കുന്നത്. ഇന്ത്യയുടെ മാനകരേഖാംശത്തിന്റെ സമയമാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം. **82°30'** പൂർവ്വ രേഖാംശരേഖയാണ്. ഇന്ത്യയുടെ മാന കരേഖാംശരേഖ. മിർസാപൂരിലൂടെ കടന്നു പോകുന്ന ഈ രേഖ രാജ്യത്തെ രേഖാംശത്തിന്റെ അടിസ്ഥാനത്തിൽ രണ്ടായി വിഭജിക്കുന്നു. ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം ശ്രീൻവിച്ച് സമയത്തെക്കാൾ 5.30 മണിക്കൂർ മുമ്പിലാണ്.

X Std - Geography Malayalam Unit-1.indd 134 2/2/2023 5:47:42 PM

നിങ്ങൾക്ക് അറിയാമോ?

അന്ധ്രാപ്രദേശിന്റെ പുതിയ തലസ്ഥാനം അമരാവതിയാണ്. എന്നാൽ ആന്ധ്രാപ്രദേശ് പുനഃസംഘടനാ നിയമപ്രകാരം 2024 വരെ ആന്ധ്രാ പ്രദേശിന്റെയും തെലുങ്കാനയുടെയും തലസ്ഥാനം ഹൈദ്രാബാദ് തന്നെയായിരിക്കും. (നിയമം പാസ്സാക്കി 10 വർഷം വരെ).

1.2 ഇന്ത്യയുടെ ഭൂപ്രകൃതി വിഭാഗങ്ങൾ

വടക്ക് ഹിമാലയപർവ്വത ശിഖരങ്ങളും, തെക്ക് മനോഹരമായ കടൽത്തീരങ്ങളും പടിഞ്ഞാറ് ഇന്ത്യൻ മഹാമരുഭൂമിയും കിഴക്ക് അതിശയിപ്പിക്കുന്ന സ്വാഭാവിക പൈതൃകകേന്ദ്രങ്ങളും ഇന്ത്യയെ ഭൂമിശാസ്ത്ര പ്രാധാന്യമുള്ള വർണ്ണാഭമായ രാജ്യമാക്കി മാറ്റുന്നു.

G30XR

ഇന്ത്യയുടെ സ്ഥലപ്രകൃതി വ്യത്യസ്ത ഭൂസ്ഥിതി സവിശേഷതയോടു കൂടിയതാണ്. ഭൗമോപരിതല സവിശേഷതകളുടെ അടിസ്ഥാനത്തിൽ ഇന്ത്യയെ 5 ഭൂപ്രകൃതി വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു:

1. **ഉത്തര പർവ്വതങ്ങൾ**
2. **ഉത്തര സമതലങ്ങൾ**
3. **ഉപദ്വീപീയ പീഠഭൂമികൾ**
4. **തീരദേശ സമതലങ്ങൾ**
5. **ദ്വീപുകൾ**

ഉത്തര പർവ്വതങ്ങൾ

ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ, ഉയർന്ന പർവ്വത നിരകൾ ഉൾപ്പെടുന്ന ഹിമാലയ പർവ്വതം(ഉത്തരപർവ്വതം) ചിലമില്യൻവർഷങ്ങൾക്കു മുമ്പ് ഫലക ചലനം നിമിത്തം ഭൂവൽക്കത്തിൽ രൂപം കൊണ്ട മടക്കു പർവ്വതങ്ങളാണ്. ഇത് പടിഞ്ഞാറ് സിന്ധൂ നദീതടം മുതൽ കിഴക്ക് ബ്രഹ്മ പുത്രാ നദീ തടം വരെ 2,500 കി.മീ. നീളത്തിൽ സ്ഥിതി ചെയ്യുന്നു. കാശ്മീരിൽ 500 കി.മീ മുതൽ അരുണാചൽ പ്രദേശിൽ 200 കി.മീ. വരെ ഉത്തര പർവ്വത നിരകളുടെ വീതിയിൽ വ്യത്യാസം കാണപ്പെടുന്നു. ലോകത്തിന്റെ മേൽക്കൂര എന്നറിയപ്പെടുന്ന പാമീർ പീഠഭൂമി മധ്യ ഏഷ്യയിലെ ഉയരം കൂടിയ ഭൂപ്രദേശങ്ങളെയും ഹിമാലയത്തെയും ബന്ധിപ്പിക്കുന്നു. ഹിമാലയ പർവ്വതനിരകൾ പാമീർ ഗ്രന്ഥിയിൽ നിന്നും ഒരു കമാനത്തിന്റെ ആകൃതിയിൽ കിഴക്കോട്ടു വ്യാപിച്ചിരിക്കുന്നു. മഞ്ഞുറവിടം (മഞ്ഞിന്റെ വീട്) എന്നർത്ഥമുള്ള ഹിമാലയ എന്ന സംസ്കൃത പദത്തിൽ നിന്നാണ് ഹിമാലയം എന്ന പദത്തിന്റെ ഉത്ഭവം.

ഒരു വൻമതിൽ പോലെ പ്രവർത്തിക്കുന്ന ഉത്തരപർവ്വതങ്ങളെ മൂന്നു വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു.

1) **ട്രാൻസ് ഹിമാലയൻ നിരകൾ,**
2) **ഹിമാലയം,**
3) **കിഴക്കൻ മലനിരകൾ/പൂർവ്വാഞ്ചൽ.**

നിങ്ങൾക്ക് അറിയാമോ?

ഇന്ത്യയിലെ ഏറ്റവും പ്രായം കൂടിയ മലനിരകളാണ് ആരവല്ലി മലനിരകൾ.



1. ട്രാൻസ് ഹിമാലയൻ നിരകൾ

ഇത് പടിഞ്ഞാറൻ ഹിമാലയം എന്ന പേരിലും അറിയപ്പെടുന്നു. ഇത് ഹിമാലയൻ നിരകളുടെ വടക്കു ഭാഗത്ത് സ്ഥിതി ചെയ്യുന്നു. ഇത് ജമ്മുകാശ്മീരിലും ടിബറ്റ് പീഠഭൂമിയിലുമായി വ്യാപിച്ചു കിടക്കുന്നു. ടിബറ്റിൽ വളരെ വിസ്തൃതിയിൽ വ്യാപിച്ചിരിക്കുന്നതിനാൽ ഇതിനെ ടിബറ്റ്യൻ ഹിമാലയം എന്നും വിശേഷിപ്പിക്കുന്നു. ട്രാൻസ് ഹിമാലയൻ നിരകളുടെ വീതി കിഴക്കു പടിഞ്ഞാറ് അഗ്രങ്ങളിൽ ഏകദേശം 40 കി.മീറ്ററും മധ്യഭാഗത്ത് ഏകദേശം 225 കി.മീറ്ററും ആണ്. തെഥിസ് കടലിനടിയിലുണ്ടായിരുന്ന ജൈവാവശിഷ്ടങ്ങൾ ഇതിലടങ്ങിയിരിക്കുന്നു. ഇവിടത്തെ പാറകൾ ത്രിതീയ ഗ്രാനൈറ്റ് പാറകളാണ്. ഈ പാറകളുടെ ഒരു ഭാഗം രൂപാന്തരശിലകളായി പരിണമിച്ച് ഹിമാലയ നിരകളുടെ കേന്ദ്ര അക്ഷമായി നിലകൊള്ളുന്നു. സസ്ക്കർ, ലഡാക്ക്, കാരക്കോറം, കൈലാസം. എന്നിവ ട്രാൻസ് ഹിമാലയത്തിലെ പ്രധാന മല നിരകളാണ്.

2. ഹിമാലയൻ നിരകൾ

ഉത്തര പർവ്വത നിരകളുടെ കേന്ദ്ര ഭാഗമാണിത്. ഇത് പ്രായം കുറഞ്ഞ മടക്കു പർവ്വതമാണ്. വടക്ക് യൂറേഷ്യ ഭൂഭാഗത്തിന്റെയും തെക്ക് ഗാണ്ടാന ഭൂഭാഗത്തിന്റെയും ചലനം കൊണ്ടാണ് ഇത് രൂപം കൊണ്ടത്. രണ്ടു ഭൂഭാഗങ്ങളുടെയും മധ്യത്തിലുള്ള തെഥിസ് കടൽ സമ്മർദ്ദം കൊണ്ട് ഉയർത്തപ്പെട്ടതിന്റെ ഫലമായി ഉണ്ടായ ഭൂപ്രകൃതിയാണ് ഹിമാലയ പർവ്വതം. ഇതിൽ ധാരാളം മലനിരകളുണ്ട്.

X Std - Geography Malayalam Unit-1.indd 135 2/2/2023 5:47:43 PM



ഇന്ത്യ സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും

(i) ഹിമാദ്രി

(ii) ഹിമാചൽ

(iii) ശിവാലിക് എന്നിങ്ങനെ ഹിമാലയൻ നിരകളെ മൂന്നായി വിഭജിച്ചിരിക്കുന്നു.

(i) ഹിമാദ്രി

ഹിമാചൽ നിരകളുടെ വടക്കുഭാഗത്ത് ഒരു ചുവരുപോലെ ഹിമാദ്രിനിര വളരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. ഹിമാദ്രിനിരയ്ക്ക് ഏകദേശം 25 കിലോമീറ്റർ വീതിയുണ്ട്. ഇതിന്റെ ശരാശരി ഉയരം 6,000 മീറ്ററാണ്. ഹിമാചൽ, ശിവാലിക്

X Std - Geography Malayalam Unit-1.indd 136 2/2/2023 5:47:43 PM



X Std - Geography Malayalam Unit-1.indd 137 2/2/2023 5:47:44 PM

നിരകളെ അപേക്ഷിച്ച് താരതമ്യേന കുറഞ്ഞ തോതിലാണ് ഇവിടെ മഴ ലഭ്യമാകുന്നത്. മറ്റു മലനിരകളെക്കാൾ ഇവിടെ ഭൗതിക അപക്ഷയം അധികമായി സംഭവി ക്കുന്നു. ഹിമാലയത്തിലെ ഉയരം കൂടിയ കൊടുമുടി കൾ അധികവും ഈ നിരകളിലാണുള്ളത്. അവയിൽ എവറസ്റ്റുകൊടുമുടി (8,848 മീ.) കാഞ്ചൻജംഗ (8,586 മീ.) എന്നിവ എടുത്തുപയറത്തക്കവയാണ്. എവറസ്റ്റു കൊടുമുടി നേപ്പാളിലും കാഞ്ചൽജംഗ നേപ്പാളിനും സിക്കിമിനും ഇടയിലും സ്ഥിതി ചെയ്യുന്നു. മറ്റുള്ള നിരകളെപ്പോലെയല്ലാതെ ഇവ തുടർച്ചയായ മലനിരകളാണ്. എപ്പോഴും മഞ്ഞുമൂടി കിടക്കുന്ന ഈ മേഖലയിൽ ധാരാളം ഹിമനദികളുണ്ട്. ഗംഗോത്രി, യമുനോത്രി, സിയാച്ചിൻ എന്നിവ അവയിൽ ചിലതാണ്.

നിങ്ങൾക്ക് അറിയാമോ?

ധാരാളം ഉയർന്ന കൊടുമുടിക ളുടെ കലവറയാണ് ഹിമാലയം. മറ്റു പർവ്വതനിരകളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ കൊടുമുടികളുള്ള പർവ്വത നിരകളാണ് ഹിമാലയ പർവ്വതം. ലോകത്തിൽ ഏറ്റവും ഉയരം കൂടിയ 14 കൊടുമുടികളിൽ 9 എണ്ണം ഹിമാലയത്തിലാണുള്ളത്.

(ii) ഹിമാചൽ നിര

ഹിമാലയത്തിന്റെ മധ്യഭാഗത്തുള്ള നിരയാണിത്. ഈ നിരയുടെ ഉയരം 3,700 മീറ്റർ മുതൽ 4,500 മീറ്റർ വരെ വ്യത്യാസപ്പെട്ടു കാണുന്നു. ഇതിന്റെ വീതി 80 കിലോമീറ്റർ വരെ വ്യത്യാസപ്പെട്ടിരിക്കുന്നു. ഈ നിരയിൽ സ്ലേറ്റ്, ചുണ്ണാമ്പു കല്ല്, ക്വാർട്ട്സൈറ്റ് പാറകളാണുള്ളത്. കനത്ത വർഷപാതം, വനനശീകരണം, നഗരവൽക്കരണം എന്നിവ കാരണം ഈ പ്രദേശം അധികമായി ഖാദന പ്രക്രിയയ്ക്ക് വിധേയമാകുന്നു. പീർപാൻജൽ, ധൗളദാർ, മഹാഭാരത് എന്നീ മലനിരകൾ ഇവിടെ കാണപ്പെടുന്നു. സിംല, മുസോറി, നൈനറ്റിനാൾ, അൽമോറ, റാണിഘട്ട് ഡാർജിലിങ് എന്നീ സുഖവാസ കേന്ദ്രങ്ങൾ ഈ മലനിരകളിൽ സ്ഥിതി ചെയ്യുന്നു.

- ഹിമാലയത്തിൽ കാണപ്പെടുന്ന പ്രധാന ചുരങ്ങളാണ് കാരക്കോറം (ജമ്മുകാശ്മീ) സോജില, ഷിപ്കിലാ (ഹിമാചൽ പ്രദേശ്) ബോംഡില (അരുണാചൽ പ്രദേശ്) നാഥുല (സിക്കിം) ജെലപ്ല (സിക്കിം) എന്നിവ.
- ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉൾപ്പെടുന്ന പ്രധാന ചുരങ്ങളാണ് പാകിസ്ഥാനെയും അഫ്ഗാനിസ്ഥാനെയും ബന്ധിപ്പിക്കുന്ന കൈബർ ചുരം, പാക്കിസ്ഥാനിലെ ബോലാൻ ചുരം എന്നിവ.

(iii) ശിവാലിക് നിര

ശിവാലിക് നിര ജമ്മുകാശ്മീർ മുതൽ ആസ്സാം വരെ വ്യാപിച്ചു കിടക്കുന്നു. ഇത് ഭാഗികമായി ഹിമാലയൻ നദികൾ വഹിച്ചു കൊണ്ടുവന്ന നിക്ഷേപങ്ങളാൽ രൂപം കൊണ്ടതാണ് 1300 മീറ്റർ ഉയരമുള്ള ഈ മലനിരകൾക്ക് 900 മുതൽ 1100 മീറ്റർ വരെ ഉയരവ്യത്യാസമുണ്ട്. കിഴക്കു ഭാഗത്ത് 10 കി.മീ. മുതൽ പടിഞ്ഞാറു ഭാഗത്ത് 50 കി.മീ. വരെ ഇതിന്റെ വീതി വ്യത്യാസപ്പെട്ടു കാണുന്നു. ഇടവിട്ടുള്ള മലനിരകളാണിവ. ഹിമാചൽ, ശിവാലിക് നിരകൾക്കിടയിൽ കാണപ്പെടുന്ന നീളമേറിയ താഴ്വരകളാണ് പടിഞ്ഞാറു ഭാഗത്തുള്ള ഡ്യൂണും കിഴക്കു ഭാഗത്തുള്ള ഡ്യൂവാർസും. കുടിയേറ്റത്തിന്റെ വികസനത്തിന് ഏറ്റവും അനുയോജ്യമായ മേഖലയാണിത്.

3. പൂർവ്വാഞ്ചൽ

ഹിമാലയത്തിന്റെ കിഴക്കെയറ്റത്തെ ശാഖയാണിത്. ഇത് ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ വ്യാപിച്ചു കിടക്കുന്നു. മലനിര കളിലധികവും ഇന്ത്യയുടെയും മ്യാൻമറിയെും അതിർത്തിയിലും ചിലത് ഇന്ത്യയ്ക്കുള്ളിലും സ്ഥിതി ചെയ്യുന്നു. ഡാഫ്ല കുന്നുകൾ, അബോർ കുന്നുകൾ, പാട്കൈബം കുന്നുകൾ, നാഗാ കുന്നുകൾ, മണിപ്പൂർ കുന്നുകൾ, മിസ്സോ കുന്നുകൾ, ത്രിപുര കുന്നുകൾ, ഗാരോ കുന്നുകൾ, മികിർ കുന്നുകൾ, ഖാസികുന്നുകൾ, ജയന്തിയ കുന്നുകൾ എന്നിവ ഉൾപ്പെട്ടതാണ് പൂർവ്വാഞ്ചൽ.

ഹിമാലയത്തിന്റെ പ്രാധാന്യം

- ഹിമാലയ പർവ്വതം തെക്കു പടിഞ്ഞാറൻ കാല വർഷക്കാറ്റുകളെ തടഞ്ഞു നിർത്തി ഉത്തരേന്ത്യ യിൽ കനത്ത മഴ പെയ്യിക്കുന്നു.
- ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ പ്രകൃതി ദത്തമായ അതിർത്തിയായി ഹിമാലയം നിലകൊള്ളുന്നു.
- വർഷം മുഴുവൻ ജലലഭ്യതയുള്ള ഗംഗ, സിന്ധു, ബ്രഹ്മപുത്ര എന്നീ നദികളുടെ ഉത്ഭവസ്ഥാനം ഹിമാലയമാണ്.
- പ്രകൃതി രമണീയമായ ഉത്തരപർവ്വത മേഖലയെ സഞ്ചാരികളുടെ പറുദീസ എന്നു വിശേഷിപ്പിക്കുന്നു.
- നിരവധി സുഖവാസകേന്ദ്രങ്ങളും, അമർനാഥ് കേദാർനാഥ്, ബദരിനാഥ്, വൈഷ്ണവിദേവി ക്ഷേത്രം തുടങ്ങിയ പുണ്യസ്ഥലങ്ങളും ഇവിടെ സ്ഥിതിചെയ്യുന്നു.
- വനവിഭവങ്ങളെ ആധാരമാക്കിയുള്ള വ്യവസാ യശാലകൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ഇവിടെ നിന്നും ലഭ്യമാകുന്നു.
- മധ്യ ഏഷ്യയിൽ നിന്നും വീശുന്ന ശീതക്കാറ്റിനെ തടഞ്ഞു നിർത്തി ഇന്ത്യയെ അതിശൈത്യത്തിൽ നിന്നും സംരക്ഷിക്കുന്നു.
- സമ്പന്നമായ ജൈവ വൈവിധ്യങ്ങൾക്കു പേരു കേട്ടതാണ് ഹിമാലയം.

X Std - Geography Malayalam Unit-1.indd 138 2/2/2023 5:47:44 PM

ഉത്തരമഹാ സമതലങ്ങൾ

ഉത്തരേന്ത്യയിൽ ഏഴു സംസ്ഥാനങ്ങളിലായി വ്യാപിച്ചിരിക്കുന്ന ഫലഭൂയിഷ്ഠമായ ഭൂപ്രദേശമാണ് ഉത്തരമഹാസമതലങ്ങൾ. വിശാലമായ ഈ സമതലം ഉത്തരപർവ്വത മേഖലയുടെ തെക്കുഭാഗത്തു സ്ഥിതി ചെയ്യുന്നു. ലോകത്തിലെ ഏറ്റവും വിസ്തൃതമായ എക്കൽ സമതലങ്ങളിലൊന്നാണിത്. സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നീ നദികളും അവയുടെ പോഷക നദികളും വഹിച്ചുകൊണ്ടു വരുന്ന അവസാദങ്ങളുടെ നിക്ഷേപണ പ്രക്രിയയാൽ രൂപം കൊണ്ടതാണ് ഈ സമതലം. ഏകദേശം 2,400 കി.മീ. നീളമുള്ള ഈ സമതലത്തിന്റെ വീതി 240 കി.മീ. മുതൽ 320 കി.മീ. വരെ വ്യത്യാസപ്പെട്ടു കാണുന്നു. ഇതിന്റെ വീതി കിഴക്കു നിന്നും പടിഞ്ഞാറോട്ടു പോകുന്തോറും കൂടിക്കൂടി വരുന്നു. ഏഴു ലക്ഷം ചതുരശ്രകിലോ മീറ്റർ വിസ്തീർണ്ണത്തിൽ ഇത് വ്യാപിച്ചു കിടക്കുന്നു.

ഉയർന്നും താഴ്ന്നുമല്ലാതെ സൂക്ഷ്മമായ ചരിവുകളുള്ള നിരപ്പായ ഉപരിതലത്തോടു കൂടിയ ഭൂപ്രദേശമാണ് ഇന്ത്യയിലെ മഹാ സമതലങ്ങൾ. ഈ ഭൂപ്രദേശങ്ങൾ ഹിമാലയൻ നദികളുടെയും വിന്ധ്യാ നദികളുടെയും നിക്ഷേപണ പ്രക്രിയയാൽ രൂപം കൊണ്ടവയാണ്. വെള്ളപ്പൊക്ക സമതലത്തിലും മലയടിവാരത്തിലും ഈ നദികൾ വൻതോതിൽ അവസാദങ്ങൾ നിക്ഷേപിക്കുന്നു. അവസാദങ്ങൾ നിക്ഷേപിക്കപ്പെടുന്നതിനാൽ രൂപം കൊള്ളുന്ന ഭൂസ്ഥിതി സവിശേഷതകൾ താഴെ പറയുന്നവയാണ്.

a) ബബാർ സമതലം

ഹിമാലയൻ നദികൾ വഹിച്ചു കൊണ്ടു വരുന്ന ചരൽക്കല്ലുകളുടെയും ക്രമരഹിത അവസാദങ്ങളുടെയും നിക്ഷേപണത്താൽ രൂപം കൊണ്ടതാണ് ബബാർ സമതലം. ഈ നിക്ഷേപങ്ങളിൽ നിരവധി സുക്ഷിരങ്ങൾ കാണുന്നതിനാൽ ഇതിലൂടെ ഒഴുകുന്ന ചെറിയ അരുവികൾ അപ്രത്യക്ഷമാകുന്നു. (ജമ്മുകാശ്മീർ മുതൽ ആസ്സാം വരെ) ഇതിന്റെ വീതി 8 മുതൽ 15 കി.മീ. വരെ വ്യത്യാസപ്പെട്ടു കാണുന്നു. ഈ സമതലത്തിന്റെ പടിഞ്ഞാറുഭാഗം (ജമ്മുകാശ്മീർ) കിഴക്കുഭാഗത്തെക്കാൾ (ആസ്സാം) വീതി കൂടിയതാണ്. ഈ സമതലം കൃഷിക്ക് അനുയോജ്യമല്ല. വളരെ ആഴത്തിൽ വേരിറങ്ങുന്ന വൻ വൃക്ഷങ്ങൾ മാത്രമേ ഇവിടെ വളരുകയുള്ളൂ.

b) തറായ് ചതുപ്പുനിലം

അത്യധികം ഈർപ്പമുള്ള മേഖലയായതിനാൽ നിബിഡ വനങ്ങളും വന്യജീവികളും അധികമായി കാണുന്നു. ബബാർ സമതലത്തിന്റെ തെക്കുഭാഗത്ത് ഈ ചതുപ്പുനീലം സ്ഥിതി ചെയ്യുന്നു. ഇതിന് 15 കി.മീ. മുതൽ 30 കി.മീ. വരെ വീതിയുണ്ട്. കനത്ത മഴ പെയ്യുന്നതിനാൽ മഹാസമതലങ്ങളുടെ കിഴക്കുഭാഗം, പ്രത്യേകിച്ച് ബ്രഹ്മപുത്രാ നദീതടത്തിലെ ചതുപ്പുനിലം വിശാലമായതാണ്. നിരവധി സംസ്ഥാനങ്ങളിൽ ചതുപ്പുനിലക്കാടുകളെ കൃഷി ഭൂമിയാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

c) ഭംഗർ സമതലം

പഴയ എക്കൽ നിക്ഷേപങ്ങളാൽ രൂപം കൊണ്ട സമതലമാണ് ഭംഗർ. നദികളുടെ വെള്ള പ്പൊക്ക പരിധിക്കു മുകളിൽ സ്ഥിതിചെയ്യുന്ന പ്രദേശമാണിത്. ഇരുണ്ടനിറമുള്ളതും വളക്കൂറുള്ളതുമായ ഈ മണ്ണ് കൃഷിക്ക് ഉപയോഗപ്രദമാണ്.

d) ഖദാർ സമതലങ്ങൾ

പുതിയ എക്കൽ നിക്ഷേപങ്ങളാൽ നദീയോരങ്ങളിൽ രൂപപ്പെടുന്ന സ്ഥലപ്രകൃതിയാണ് ഖദാർ സമതലങ്ങൾ. മഴക്കാലങ്ങളിൽ പുതിയ വണ്ടൽ നിക്ഷേങ്ങൾ വർഷംതോറും ഖദാർ സമതലങ്ങളിൽ വന്നടിയുന്നു. ഇതിൽ മണൽ, സിൽറ്റ്, കളിമണ്ണ്, ചെളിമണ്ണ് എന്നിവ അടങ്ങിയിരിക്കുന്നു. വളരെ ഫലഭൂയിഷ്ഠമായ മണ്ണാണിത്.

e) ഡെൽറ്റാ സമതലങ്ങൾ

ഖദാർ സമതലങ്ങളുടെ തുടർച്ചയാണ് ഡെൽറ്റാ സമതലങ്ങൾ. ഗംഗാനദിയുടെ താഴ്വാരത്തിൽ ഏകദേശം 1.9 ലക്ഷം ച.കി.മീ. വിസ്തൃതിയിൽ ഇത് വ്യാപിച്ചു കിടക്കുന്നു. ഈ മേഖലയിൽ നദികളുടെ വേഗത കുറയുന്നതിനാൽ ഒഴുക്കിക്കൊണ്ടു വരുന്ന അവസാദങ്ങൾ അവിടെ നിക്ഷേപിക്കുന്നു. പുതിയ എക്കൽ നിക്ഷേപങ്ങൾ, പഴയ എക്കൽ നിക്ഷേപങ്ങൾ ചതുപ്പുനിലങ്ങൾ എന്നിവ അടങ്ങിയതാണ് ഡെൽറ്റാ സമതലം. ഡെൽറ്റാ സമതലങ്ങളിൽ ഉയർന്ന ഭൂഭാഗത്തെ സാർസ് എന്നും താഴ്ന്ന ഭൂഭാഗത്തെ ബിൽസ് എന്നും പറയുന്നു.

നദികളുടെ അവസാന നിക്ഷേപണ പ്രക്രിയയെ അടിസ്ഥാനമാക്കിയുള്ള ഭൂസ്ഥിതി സവിശേഷതകൾ. ഉത്തരേന്ത്യൻ സമതലങ്ങളെ താഴെ പറയുന്ന വിധം നാലായി തരം തിരിക്കാം:

1) **രാജസ്ഥാൻ സമതലം:** ആരവല്ലി മലനിരകളുടെ പടിഞ്ഞാറു ഭാഗത്താണ് രാജസ്ഥാൻ സമതലം സ്ഥിതി ചെയ്യുന്നത്. ഏകദേശം 1,75,000 ച.കി.മീ. വിസ്തൃതിയിൽ ഇത് വ്യാപിച്ചു കിടക്കുന്നു. ലൂനി നദിയുടെയും വളരെക്കാലം മുമ്പ് അപ്രത്യക്ഷമായ സരസ്വതി നദിയുടെയും നിക്ഷേപണ പ്രക്രിയയാൽ രൂപം കൊണ്ടതാണ്. രാജസ്ഥാൻ സമതലത്തിൽ ധാരാളം ഉപ്പു തടാകങ്ങളുണ്ട്. അവയിൽ പ്രധാനപ്പെട്ടത് ജയ്പൂരിനു സമീപമുള്ള സാമ്പാർ തടാകം (പുഷ്കർ തടാകം) ആണ്.

ഇന്ത്യയിലെ മഹാമരുഭൂമി എന്നറിയപ്പെടുന്ന ഥാർ മരുഭൂമി, ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ വടക്കു പടിഞ്ഞാറു ഭാഗത്തു സ്ഥിതിചെയ്യുന്ന വിശാലമായ വരണ്ട പ്രദേശമാണ്. ഇന്ത്യയ്ക്കും പാകിസ്ഥാനുമിടയിൽ പ്രകൃതിദത്തമായ അതിർത്തിയായി 2,00,000 ച.കി.മീ. വിസ്തൃതിയിൽ ഇത് വ്യാപിച്ചു കിടക്കുന്നു. ഇത് ലോകത്തിലെ ഏഴാമത്തെ വലിയ മരുഭൂമിയുമാണ്.

ആരവല്ലി മലനിരകളുടെ പടിഞ്ഞാറിലുള്ള ഥാർ മരുഭൂമി, രാജസ്ഥാൻ സംസ്ഥാനത്തിന്റെ മൂന്നിൽ രണ്ടു ഭാഗത്തിലും വ്യാപിച്ചിരിക്കുന്നു. ഥാർമരുഭൂമിയെ യഥാർത്ഥ മരുഭൂമി (മരുസ്ഥലി)

X Std - Geography Malayalam Unit-1.indd 139 2/2/2023 5:47:44 PM

എന്നും അർദ്ധ മരുഭൂമി (ഭംഗർ) എന്നും രണ്ടായി വിഭജിച്ചിട്ടുണ്ട്. ധാരാളം മണൽക്കുന്നുകളും ഉപ്പു തടാകങ്ങളും ഇവിടെ കാണപ്പെടുന്നു.

2) **പഞ്ചാബ് ഹരിയാന സമതലം:** ഇത് ഇന്ത്യയിലെ മഹാമരുഭൂമിയുടെ വടക്കുകിഴക്കു ഭാഗത്തു സ്ഥിതി ചെയ്യുന്നു. 1.75 ലക്ഷം ച.കി.മീ വിസ്തൃതിയിൽ ഇത് വ്യാപിച്ചുകിടക്കുന്നു. സത്‌ലജ്, റാബി ബിയാ സ് എന്നീ നദികളുടെ നിക്ഷേപത്താൽ രൂപം കൊണ്ടതാണ് പഞ്ചാബ് ഹരിയാന സമതലങ്ങൾ. ഇത് ജലാശയങ്ങളെ വേർതിരിക്കുന്ന (ദോബ്) ഭൂഭാഗമായി കാണുന്നു. യമുന സത്‌ലജ് നദികളെയും ഗംഗ യമുന നദികളെയും ഇത് വേർതിരിക്കുന്നു.

3) **ഗംഗാസമതലം:** പടിഞ്ഞാറ് യമുനാന ദി മുതൽ കിഴക്ക് ബംഗ്ലാദേശ് വരെ ഇത് വ്യാപിച്ചു കിടക്കുന്നു. 3.75 ച.കി.മീ വിസ്തൃതിയിൽ ഇത് സ്ഥിതി ചെയ്യുന്നു. ഗംഗാനദിയും അതിന്റെ പോഷകനദികളായ ഗോഗ്ര, ഗണ്ടക്, കോശി, ചമ്പൽ, ബത്‌വാ എന്നീ നദികളും അവസാദങ്ങൾ നിക്ഷേപിച്ച് ഇതിനെ ഇന്ത്യയിലെ ഒരു മഹാസമതലമാക്കി മാറ്റുന്നു. ഗംഗാ സമതലമാണ് ഇന്ത്യയിലെ ഏറ്റവും വലിയ സമതലം. ഗംഗാ സമതലം തെക്കുകിഴക്കായി ചരിഞ്ഞു കാണപ്പെടുന്നു.

4) **ബ്രഹ്മപുത്ര സമതലം:** ഇത് ആസ്സാമിൽ സ്ഥിതി ചെയ്യുന്നു. ഇന്ത്യയിലെ മഹാസമതലങ്ങളുടെ കിഴക്കേയറ്റത്ത് സ്ഥിതി ചെയ്യുന്ന ഈ താഴ്ന്ന സമതലം ബ്രഹ്മ പുത്രനദിയുടെ നിക്ഷേപണപ്രക്രിയ യാൽ രൂപം കൊണ്ടതാണ്. ഏകദേശം 56,275 ച.കി.മീ. വിസ്തൃതിയിൽ ഇത് വ്യാപിച്ചിരിക്കുന്നു. ഈ സമതലം എക്കൽ വിശറികളെയും ചതുപ്പുനിലങ്ങളെയും സൃഷ്ടിക്കുന്നു.

ഉപദ്വീപീയ പീഠഭൂമി

ഉത്തരമഹാസമതലത്തിന്റെതെക്കുഭാഗത്താണ് പീഠഭൂമി മേഖല സ്ഥിതിചെയ്യുന്നത്. നമ്മുടെ രാജ്യ ത്തിലെ ഏറ്റവും വലിയ ഭൂവിഭാഗമാണിത്. ഏകദേശം 16 ലക്ഷം ച.കി.മീ. വിസ്തൃതിയിൽ (രാജ്യത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ പകുതി) വ്യാപിച്ചു കിടക്കുന്നു. വളരെയധികം പഴക്കമുള്ള ഭൂവിഭാഗമാണിത്. പീഠഭൂമി ശ്രേണികളും മലനിരക ളും നദീതാഴ്വരകളും ചേർന്നതാണ് ഈ ഭൂവിഭാഗം.

പീഠഭൂമി മേഖലയുടെ വടക്കുപടിഞാറൻ അതിർത്തിയായി ആരവല്ലി മലനിരകൾ സ്ഥിതി ചെയ്യുന്നു. ബന്ദേൽഖണ്ഡ്, കൈമൂർ, രാജമഹാൽ എന്നിവ ഈ മേഖലയുടെ വടക്കുകിഴക്കൻ അതിർത്തികളാണ്. പശ്ചിമഘട്ടം, പൂർവ്വഘട്ടം എന്നിവ യഥാക്രമം ഈ മേഖലയുടെ പടിഞ്ഞാറ്, കിഴക്കു അതിർത്തികളായി സ്ഥിതിചെയ്യുന്നു. പീഠഭൂമിയുടെ ഏറിയ പങ്കും സമുദ്രനിരപ്പിൽ നിന്നും 600 മീറ്ററിലധികം ഉയരത്തിലാണുള്ളത്. ഈ മേഖലയിലെ ഉയരമേറിയ കൊടുമുടി ആന മുടിയാണ്. ആനമലയിൽ സ്ഥിതിചെയ്യുന്ന ഇതിന്റെ ഉയരം 2,695 മീറ്റർ ആണ്. ഇത് കിഴക്കോട്ട് ചരിഞ്ഞിരിക്കുന്നു. ഗണ്ഡ്വാന (വളരെ പഴക്കമുള്ള ഒന്ന്) പ്രദേശത്തിന്റെ ഭാഗമാണ് ഈ പീഠഭൂമി. ഈ മേഖലയിലെ നദികൾ അവയുടെ പരിപ ക്വാവസ്ഥയിൽ വിശാലവും ആഴം കുറഞ്ഞതുമായ താഴ്വരകൾ രൂപപ്പെടുത്തുന്നു.

നർമ്മദാനദി ഉപദ്വീപീയ പീഠഭൂമിയെ രണ്ടായി വിഭജിക്കുന്നു. നർമ്മദ നദിയുടെ വടക്കു ഭാഗത്തെ മധ്യ ഉന്നത നിലമെന്നും തെക്കുഭാഗത്തെ ഡെക്കാൺ പീഠഭൂമിയെന്നും വിളിക്കുന്നു. വിന്ധ്യാ മലനിരകൾക്ക് തെക്കു ഭാഗത്തു സ്ഥിതി ചെയ്യുന്ന പ്രധാനനദികളെല്ലാം (മഹാനദി, ഗോദാവരി, കൃഷ്ണ, കാവേരി) കിഴക്കോട്ടൊഴുകി ബംഗാൾ ഉൾക്കടലിൽ ചെന്നു പതിക്കുന്നു. വിന്ധ്യാമലകളുടെ തെക്കു ഭാഗത്തു സ്ഥിതി ചെയ്യുന്ന നർമ്മദ, തപ്തി എന്നീ രണ്ടു നദികളും പടിഞ്ഞാറോട്ടൊഴുകുന്നു. ഭ്രംശ താഴ്വരകളുടെ സാന്നിദ്ധ്യമാണ് ഈ നദികൾ പടിഞ്ഞാറോട്ടൊഴുകാൻ കാരണം.

a) മധ്യ ഉന്നത നിലം

ഉത്തര മഹാസമതലത്തിനും നർമ്മദാ നദി ക്കുമിടയിൽ മധ്യ ഉന്നതനിലം വ്യാപിച്ചു കിടക്കുന്നു. മധ്യ ഉന്നതനിലത്തിന്റെ വടക്ക്, വടക്കു പടിഞ്ഞാറ് അഗ്രങ്ങളിൽ ആരവല്ലി മലനിരകൾ കാണപ്പെടുന്നു. ഇത് ഗുജറാത്തിൽ നിന്നും രാജസ്ഥാനിലൂടെ ഡൽഹി വരെ കിഴക്കു പടിഞ്ഞാറു ദിശയിൽ ഏകദേശം 700 കി.മീറ്റർ ദൂരത്തിൽ വ്യാപി ച്ചിരിക്കുന്നു. തെക്കുപടിഞ്ഞാറു ഭാഗത്ത് ഈ മലകളുടെ ഉയരം ഏകദേശം 1,500 മീറ്ററും ഡൽഹിയിൽ ഇതിന്റെ ഉയരം 400 മീറ്ററുമാണ്. ഈ നിരയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി 1,722 മീറ്റർ ഉയരമുള്ള ഗുരുശിഖർ ആണ്.

മധ്യ ഉന്നത നിലത്തിന്റെ പടിഞ്ഞാറുഭാഗത്തെ മാൾവാ പീഠഭൂമി എന്നു വിളിക്കുന്നു. ഇത് ആരവല്ലി മലനിരകളുടെ തെക്കുകിഴക്കും വിന്ധ്യാമല നിരകളുടെ വടക്കു ഭാഗത്തും സ്ഥിതി ചെയ്യുന്നു. ചമ്പൽ, ബെത്‌വ, കെൻ എന്നീ നദികൾ യമുന യിൽ ചേരുന്നതിനു മുമ്പ് മാൾവാ പീഠഭൂമിയിലൂടെ ഒഴുകുന്നു. മധ്യ ഉന്നത നിലത്തിന്റെ ഒരു ഭാഗം, മാൾവാ പീഠഭൂമിക്കു കിഴക്ക് സ്ഥിതിചെയ്യുന്നതിനെ ബന്ദേൽ ഖണ്ഡ് എന്നും അതിന്റെ തുടർച്ചയെ ബഘേൽ ഖണ്ഡ് എന്നും വിളിക്കുന്നു. ഇന്ത്യയിലെ പീഠഭൂമിയുടെ വടക്കുകിഴക്കു സ്ഥിതി ചെയ്യുന്ന മധ്യഉന്നത നിലത്തിന്റെ കിഴക്കുഭാഗത്തെ ഛോട്ടാ നാഗ്പൂർ പീഠഭൂമി എന്നു പറയുന്നു. ജാർഖണ്ഡിന്റെ ഭൂരിഭാഗവും ഒഡീഷയുടെ തൊട്ടടുത്ത ഭാഗവും, പശ് ചിമ ബംഗാൾ, ബീഹാർ, ഛത്തീസ്ഗഡ് എന്നിവയും ഈ മേഖലയിൽ ഉൾപ്പെടുന്നു. ധാതുവിഭവങ്ങൾ പ്രത്യേകിച്ച് ഇരുമ്പയിരും കൽക്കരിയും ഈ മേഖലയിൽ സമൃദ്ധിയായി കാണുന്നു.

X Std - Geography Malayalam Unit-1.indd 140 2/2/2023 5:47:44 PM

b) ഡെക്കാൺ പീഠഭൂമി

ഇന്ത്യയിലെ പീഠഭൂമി പ്രദേശങ്ങളിൽ വെച്ച് ഏറ്റവും വലിയ ഭൂവിഭാഗമാണിത്. ഇതിനു ത്രികോണകൃതിയാണ്. ത്രികോണത്തിന്റെ ഒരു പാർശ്വത്തിൽ രാജമഹൽ കുന്നുകളും കന്യാകുമാരിയും സംഗമിക്കുന്നു. ഇത് പൂർവ്വ ഘട്ടത്തിലൂടെ കടന്നു പോകുന്നു. രണ്ടാമത്തെ പാർശ്വത്തിൽ സാത്പുര മലനിരകൾ, മഹാദേവ് കുന്നുകൾ, മൈക്കലാ നിരകൾ എന്നിവയും മൂന്നാമത്തെ പാർശ്വത്തിൽ പശ്ചിമഘട്ടവും സ്ഥിതിചെയ്യുന്നു. ഏകദേശം 7 ലക്ഷം ച.കി.മീ. വിസ്തീർണ്ണമുള്ള ഈ പീഠഭൂമി സമുദ്രനിരപ്പിൽ നിന്നും 500 മുതൽ 1000 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു.

1. പശ്ചിമഘട്ടം

ഉപദ്വീപീയ പീഠഭൂമിയുടെ പടിഞ്ഞാറ് അഗ്രത്തിലുള്ള പശ്ചിമഘട്ടം അറബിക്കടലിന്റെ തീരത്തിന് സമാന്തരമായി സ്ഥിതി ചെയ്യുന്നു. ഈ മലനിരകളുടെ വടക്കുഭാഗത്തെ സഹ്യാദ്രി എന്നു വിളിക്കുന്നു. വടക്കു നിന്നും തെക്കോട്ടു പോകുന്തോറും സഹ്യാദ്രിയുടെ ഉയരം കൂടിക്കൂടി വരുന്നു. ആനമല, ഏലഗിരി, പഴനിമല എന്നിവയുടെ ത്രിസംഗമസ്ഥാനമാണ് ആനമുടി. കൊടൈക്കനാൽ പഴനിമലയിൽ സ്ഥിതിചെയ്യുന്ന മനോഹരമായ ഒരു സുഖവാസ കേന്ദ്രമാണ്.

2. പൂർവ്വഘട്ടം

ഡെക്കാൺ പീഠഭൂമിയുടെ കിഴക്കെ അറ്റത്ത് തെക്കു പടിഞ്ഞാറു മുതൽ വടക്കു കിഴക്കു വരെ പൂർവ്വഘട്ടം സ്ഥിതി ചെയ്യുന്നു. ഇത് പൂർവ്വാദ്രി എന്നും അറിയപ്പെടുന്നു. തമിഴ്നാട് കർണ്ണാടക അതിർത്തിയിലുള്ള നീലഗിരി മലയിൽ പശ്ചിമവും പൂർവ്വഘട്ടവും സംഗമിക്കുന്നു. പശ്ചിമഘട്ട പർവ്വതനിരകളെപ്പോലെ പൂർവ്വഘട്ടം തുടർച്ചയായ മലനിരകളല്ല. മഹാനദി, ഗോദാവരി, കൃഷ്ണ, പെണ്ണാർ, കാവേരി എന്നീ നദികൾ പൂർവ്വഘട്ട മലനിരകളെ പല സ്ഥലങ്ങളിലും വെച്ച് ഖണ്ഡിക്കുന്നു.

തീരദേശ സമതലങ്ങൾ

ഇന്ത്യയിലെ ഉപദ്വീപീയ പീഠഭൂമിയുടെ പാർശ്വങ്ങളിൽ വ്യത്യസ്ത അകലത്തിൽ വടക്കു തെക്കു ദിശകളിലായി സ്ഥിതി ചെയ്യുന്ന ഇടുങ്ങിയ തീരപ്രദേശത്തെ പശ്ചിമ തീരസമതലമെന്നും പൂർവ്വ തീര സമതലമെന്നും പറയുന്നു. നദികളുടെ നിക്ഷേപണം, കടൽത്തിരമാലകളുടെ ഖാദനം, നിക്ഷേപണം എന്നീ പ്രക്രിയകളാൽ രൂപം കൊണ്ടവയാണ് ഈ തീരപ്രദേശങ്ങൾ. ഇന്ത്യയുടെ തീരപ്രദേശത്തെ രണ്ടായി തരം തിരിച്ചിട്ടുണ്ട്

1. പശ്ചിമ തീരസമതലം
2. പൂർവ്വ തീരസമതലം എന്നിങ്ങനെ രണ്ടായി വിഭജിച്ചിട്ടുണ്ട്.

1. പശ്ചിമതീര സമതലം (പടിഞ്ഞാറൻ തീരപ്രദേശം)

അറബിക്കടലിനും പശ്ചിമഘട്ടത്തിനും ഇടയിലായി ഇത് സ്ഥിതി ചെയ്യുന്നു. വടക്ക് റാൻ ഓഫ് കച്ച് മുതൽ തെക്ക് കന്യാകുമാരി വരെ വ്യാപിച്ചു കിടക്കുന്ന ഈ പ്രദേശത്തിന്റെ വീതി 10 കി.മീ. മുതൽ 80 കി.മീ. വരെ വ്യത്യാസപ്പെട്ടു കാണുന്നു. മണൽ നിറഞ്ഞ കടൽക്കര, തീരദേശമണൽക്കൂനകൾ, ചെളി അടിഞ്ഞുണ്ടാകുന്ന നദീമുഖപ്പരപ്പ്, കായലുകൾ, അഴിമുഖം, ചെങ്കൽമേടുകൾ, അവശിഷ്ടങ്ങൾ അടിഞ്ഞുണ്ടാകുന്ന കുന്നുകൾ എന്നിവ തീരപ്രദേശങ്ങളുടെ മുഖ്യ സവിശേഷതകളാണ്. പശ്ചിമതീര സമതലത്തിന്റെ വടക്കുഭാഗം കൊങ്കൺതീരം എന്നറിയപ്പെടുന്നു. ഈ സമതലപ്രദേശത്തിന്റെ മധ്യഭാഗം കനാര എന്നറിയപ്പെടുന്നു. 550 കി.മീറ്റർ നീളവും 20 മുതൽ 100 കി.മീ. വരെ വീതിയുമുള്ള തെക്കുഭാഗത്തെ മലബാർതീരം എന്നറിയപ്പെടുന്നു. മണൽക്കൂനകൾ ഈ പ്രദേശത്തിന്റെ മുഖ്യ സവിശേഷതയാണ്. തീരപ്രദേശത്തിലുടനീളം നിരവധി തടാകങ്ങളും കായലുകൾ എന്നുവിളിക്കുന്ന ജലാശയങ്ങളും കാണപ്പെടുന്നു. ഈ തീരപ്രദേശത്തിൽ കാണപ്പെടുന്ന പ്രധാനപ്പെട്ട കായലാണ് വേമ്പനാട്ടു കായൽ.

2. പൂർവ്വ തീരസമതലം (കിഴക്കൻ തീരസമതലം)

പൂർവ്വഘട്ടത്തിലും ബംഗാൾ ഉൾക്കടലിനു മിടയിൽ സ്ഥിതി ചെയ്യുന്ന പൂർവ്വതീര സമതലം പശ്ചിമ ബംഗാൾ, ഒഡീഷ, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ വ്യാപിച്ചു കിടക്കുന്നു. ഇന്ത്യയിലെ കിഴക്കോട്ടൊഴുകുന്ന നദികൾ നിക്ഷേപിച്ച എക്കൽ നിറഞ്ഞുറണ്ടായ തീരദേശ മേഖല യാണ് ഈ സമതലങ്ങൾ. പുതിയ എക്കൽ നിക്ഷേപങ്ങൾ അടങ്ങിയതാണ് ഈ തീരസമതലങ്ങൾ ഈ പ്രദേശത്ത് നീളത്തിൽ സ്ഥിതി ചെയ്യുന്ന സമുദ്രതീര ങ്ങളും ബീച്ചുകളും കാണപ്പെടുന്നു. മഹാനദിക്കും കൃഷ്ണാനദിക്കും ഇടയിലുള്ള തീരസമതലത്തെ വടക്കൻ സർക്കാർസ് എന്നും കൃഷ്ണ, കാവേരി എന്നീ നദികൾക്കിടയിലുള്ള തെക്കുഭാഗത്തെ ചോളമണ്ഡലതീരം എന്നും വിളിക്കുന്നു. ലോകത്തിലെ രണ്ടാമത്തെ വലിയ കടൽത്തീരമായ ചെന്നൈയിലെ മെറീന ബീച്ച് ഇവിടെ സ്ഥിതിചെയ്യുന്നു. ഈ തീരപ്രദേശത്തിലെ ചിൽക്കാ തടാകം (ഒഡീഷ) മഹാനദി ഡെൽറ്റയുടെ തെക്കു പടിഞ്ഞാറു ഭാഗത്തു സ്ഥിതി ചെയ്യുന്നു. ഇത് ഇന്ത്യയിലെ ഏറ്റവുംവലിയ തടാകമാണ്. ഗോദാവരി, കൃഷ്ണ ഡെൽറ്റകൾക്കിടയിലുള്ള കൊല്ലേറു തടാകവും ആന്ധ്രാ, തമിഴ്നാട് അതിർത്തിയിലുള്ള പുലിക്കാട്ട് തടാകവും ഈ തീരസമതലത്തിലെ പ്രധാന തടാകങ്ങളാണ്.

ദ്വീപുകൾ

ഇന്ത്യയിൽ ആൻഡമാൻ നിക്കോബർ ദ്വീപുകൾ ലക്ഷദ്വീപ് എന്നീ പേരുകളിൽ രണ്ടു ദ്വീപ സമൂഹങ്ങളുണ്ട് ബംഗാൾ ഉൾക്കടലിലുള്ള ആൻഡമാൻ നിക്കോബർ ദ്വീപുകളിൽ 572 ദ്വീപു

X Std - Geography Malayalam Unit-1.indd 141 2/2/2023 5:47:44 PM

കളും അറബിക്കടലിലുള്ള ലക്ഷദ്വീപിൽ 27 ദ്വീപുകളുമുണ്ട്. ഫലകചലനവും അഗ്നി പർവ്വത സ്ഫോടനവുമാണ് ഇതിന്റെ ഉത്ഭവത്തിനാധാരം. ഇന്ത്യയിലെ ഒരേ ഒരു സജീവ അഗ്നിപർവ്വതമായ ബാരൻദ്വീപ് ആൻഡമാൻ നിക്കോബറിൽ സ്ഥിതി ചെയ്യുന്നു. എന്നാൽ അറബിക്കടലിലെ ദ്വീപുകൾ അധികവും പവിഴപ്പാറകളാൽ നിർമ്മിതമാണ്.

a) ആൻഡമാൻ നിക്കോബർ ദ്വീപുകൾ

സമുദ്രാന്തർ പർവ്വതനിരകളുടെ ഉയർന്ന് കാണപ്പെടുന്ന ഭാഗമാണ് ഈ ദ്വീപുകൾ. ഭൂമധ്യരേഖയ്ക്ക് സമീപം സ്ഥിതി ചെയ്യുന്നതിനാൽ ഇവിടത്തെ കാലാവസ്ഥ ചൂടുള്ളതും ഈർപ്പം നിറഞ്ഞതുമാണ്. ഇടതൂർന്ന വനങ്ങളും ഇവിടെ കാണപ്പെടുന്നു. ഈ ദ്വീപസമൂഹങ്ങളുടെ വിസ്തീർണ്ണം ഏകദേശം 8,249 ച.കി.മീ ആണ്. ഈ ദ്വീപസമൂഹത്തെ വടക്ക് ആൻഡമാൻ എന്നും തെക്ക് നിക്കോബർ എന്നും രണ്ടായി വിഭജിച്ചിട്ടുണ്ട്. ആൻഡമാൻ നിക്കോബർ ദ്വീപുകളുടെ തലസ്ഥാനം പോർട്ട് ബ്ലയർ ആണ്. 10^{o} ചാനൽ ആൻഡമാൻ ദ്വീപുകളെ നിക്കോബർ ദ്വീപുകളിൽ നിന്നു വേർതിരിക്കുന്നു. ഇന്ത്യയുടെ തെക്കെ അറ്റമായ ഇന്ദിരാ പോയിന്റ് നിക്കോബർ ദ്വീപുകളുടെ ഒരു ഭാഗമാണ്.

b) ലക്ഷദ്വീപുകൾ

ഇത് ഇന്ത്യയുടെ പടിഞ്ഞാറൻ കടൽത്തീരത്തോടു ചേർന്നു കിടക്കുന്ന പവിഴദ്വീപുകളുടെ ചെറിയ സമൂഹമാണ്. 32 ച.കി.മീ. വിസ്തൃതിയിൽ ഇത് വ്യാപിച്ചു കിടക്കുന്നു. കവറത്തിയാണ് ലക്ഷദ്വീപിന്റെ തലസ്ഥാനം. 8^{o} ചാനൽ ലക്ഷദ്വീപിനെയും മാലിദ്വീപിനെയും വേർതിരിക്കുന്നു. ഈ ദ്വീപ സമൂഹത്തിലെ ജനവാസയോഗ്യമല്ലാത്ത പിറ്റ്ദ്വീപ് പക്ഷികളുടെ സങ്കേത കേന്ദ്രമാണ്. ആരംഭത്തിൽ ലക്കദ്വീപ്, മിനിക്കോയ് അമിൻദിവി എന്നിങ്ങനെ മൂന്നു പിരിവുകൾ ഉണ്ടായിരുന്നു 1973-ൽ ആണ് ഇതിന് ലക്ഷദ്വീപ് എന്ന പേര് ലഭിച്ചത്.

c) കടൽത്തീരത്തോടു ചേർന്നു കിടക്കുന്ന ദ്വീപുകൾ


ഇന്ത്യയിൽ ഈ രണ്ടു ദ്വീപ സമൂഹങ്ങൾ കൂടാതെ തീരപ്രദേശങ്ങളോട് ചേർന്നു കിടക്കുന്ന കടൽഭാഗങ്ങൾ, ഗംഗാനദിയുടെ ഡെൽറ്റാ പ്രദേശം, മന്നാർ ഉൾക്കടൽ എന്നിവിടങ്ങളിൽ ധാരാളം ദ്വീപുകളുണ്ട്. ഈ ദ്വീപുകളധികവും വാസയോഗ്യമല്ലാത്തതാണ്. ഇവ തൊട്ടടുത്തു കിടക്കുന്ന സംസ്ഥാനങ്ങളുടെ ഭരണ മേഖലയിൽ ഉൾപ്പെട്ടിരിക്കുന്നു.

1.3 ഇന്ത്യയുടെ ജലപ്രവാഹ സംവിധാനം

പ്രധാന നദികളും പോഷക നദികളും വഹിച്ചു കൊണ്ടു വരുന്ന ഉപരിതല ജലം കടലിലോ, തടാകത്തിലോ മറ്റേതെങ്കിലും ജലാശയത്തിലോ ചെന്നു ചേരുന്ന പ്രക്രിയയാണ് ജലപ്രവാഹ സംവിധാനം. നദികളും അവയുടെ പോഷക നദികളും ഒഴുകുന്ന പ്രദേശങ്ങളുടെ ആകെ വിസ്തൃതിയെ നിർവാർച്ചാ പ്രദേശം അഥവാ വൃഷ്ടി പ്രദേശം എന്നു പറയുന്നു. ഒരു പ്രദേശത്തിന്റെ ജലപ്രവാഹ സംവിധാനം അവിടത്തെ ഭൂഘടനയെ ആശ്രയിച്ചിരിക്കുന്നു. ഇന്ത്യയുടെ ജലപ്രവാഹ സംവിധാനത്തെ അവയുടെ ഉത്ഭവ സംസ്ഥാനത്തെ അടിസ്ഥാനമാക്കി ഹിമാലയൻ നദികൾ എന്നും ഉപദ്വീപീയ നദികൾ എന്നും രണ്ടായി തിരിച്ചിരിക്കുന്നു.

ഹിമാലയൻ നദികൾ

ഹിമാലയ പർവ്വതത്തിൽ നിന്നുത്ഭവിച്ച് ഉത്തരേന്ത്യയിലൂടെ ഒഴുകുന്ന നദികളാണ് ഹിമാലയങ്ങൾ നദികൾ. വർഷം മുഴുവൻ ജലലഭ്യതയുള്ള നദികളാണിവ (വറ്റാത്ത നദികൾ).




a) സിന്ധുനദീ വ്യൂഹം

ലോകത്തിലെ ഏറ്റവും വലിയ നദികളിലൊന്നാണ് സിന്ധു. ടിബറ്റിലെ കൈലാസ പർവ്വതനിരകളുടെ വടക്കൻ ചരിവിലുള്ള മാനസ സരോവർ തടാകത്തിനരികിൽ ഏകദേശം 5150 മീറ്റർ ഉയരത്തിൽ നിന്നാണ് ഈ നദി ഉത്ഭവിക്കുന്നത്. ഏകദേശം 2800 കി.മീ. നീളമുള്ള സിന്ധു നദിയുടെ 709 കി.മീ. ഭാഗം മാത്രമേ ഇന്ത്യയിലൂടെ ഒഴുകുന്നുള്ളൂ. സിന്ധുവിന്റെ നീർവാർച്ചാ പ്രദേശത്തിന് 11,65,500 ച.കി.മീ. വിസ്തീർണ്ണമുണ്ട്. ഇന്ത്യയിൽ ഈ നദികളുടെ നീർവാർച്ചാ പ്രദേശം 3,21,289 ച.കി.മീ. ആണ്. ഇത് ലഡാക്ക്, സസ്കർ എന്നീ പർവ്വത നിരകളിലൂടെ ഒഴുകി ഗിരികന്ദരങ്ങൾ സൃഷ്ടിക്കുന്നു. ഈ നദി ജമ്മുകാശ്മീരിലെ ചില്ലാർ എന്ന സ്ഥലത്തിനടുത്തുവെച്ച് തെക്കോട്ടൊഴുകി പാക്കിസ്ഥാനിലേക്ക് കടക്കുന്നു. ഝലം, ചിനാബ്, രവി, ബിയാസ്, സത്‌ലജ് എന്നിവ സിന്ധുനദിയുടെ പ്രധാന പോഷക നദികളാണ്. പോഷകനദികളിൽ ഏറ്റവും വലുത് ചിനാബ് ആണ്. സിന്ധുനദിയും അതിന്റെ പോഷകനദികളും പല ഉപനദികളായി പിരിഞ്ഞ് അറബിക്കടലിൽ ചെന്നു ചേരുന്നു.

b) ഗംഗാനദീ വ്യൂഹം

ഇന്ത്യയിൽ 8,61,404 ച.കി.മീ. വിസ്തൃതിയിൽ വ്യാപിച്ചിരിക്കുന്ന ഗംഗാനദീ വ്യൂഹം ഇന്ത്യയിലെ ഏറ്റവും വലിയ ജലപ്രവാഹ സംവിധാനമാണ്. ഇന്ത്യയിൽ ഏറ്റവുമധികം ജനസാന്ദ്രതയുള്ള പ്രദേശമാണ് സിന്ധു നദീതടം. അനേകം

X Std - Geography Malayalam Unit-1.indd 142 2/2/2023 5:47:44 PM



X Std - Geography Malayalam Unit-1.indd 143 2/2/2023 5:47:44 PM

നഗരങ്ങൾ രൂപം കൊണ്ടു വികാസം പ്രാപിച്ചത് ഈ നദീതീരത്തു നിന്നാണ്. ഉത്തരാഖണ്ഡിലെ ഉത്തർകാശി ജില്ലയിൽ 7010 മീറ്റർ ഉയരത്തിൽ ഗംഗോത്രി ഹിമാനിയിൽ നിന്നും ഭഗീരഥി എന്ന പേരിലാണ് ഗംഗാനദി ഉത്ഭവിക്കുന്നത്. ഈ നദിയുടെ നീളം ഏകദേശം 5,525 കി.മീ. ആണ്. ഗോമതി, ഗണ്ഡക്, കോസി ഘാഗ്ര എന്നിവ ഇതിന്റെ വടക്കുള്ള പോഷകനദികളും യമുന, സോൺ, ചമ്പൽ എന്നിവ തെക്കുള്ള പോഷകനദികളുമാണ്. ബംഗ്ലാദേശിൽ ഗംഗാനദി അറിയപ്പെടു ന്നത് പത്മ എന്നാണ്. ഗംഗയും ബ്രഹ്മപുത്രയും സംയോജിപ്പിച്ച് ബംഗ്ലാദേശിൽ ലോകത്തിലെ ഏറ്റവും വലിയ ഡെൽറ്റാ പ്രദേശമായ സുന്ദരവനം സൃഷ്ടിച്ചു കൊണ്ട് ബംഗാൾ ഉൾക്കടലിൽ ചെന്നു ചേരുന്നു.



ഗംഗാനദി - ഹരിദ്വാർ

c) ബ്രഹ്മപുത്രാ നദീ വ്യൂഹം

ടിബറ്റിലെ മാനസ സരോവർ തടാകത്തിന് കിഴക്കായുള്ള കൈലാസ പർവ്വത നിരകളിലെ ചെമയുങ്ദുങ് എന്ന ഹിമാനിയിൽ ഏകദേശം 5,150 മീറ്റർ ഉയരത്തിൽ നിന്ന് ബ്രഹ്മപുത്ര നദി ഉത്ഭവിക്കുന്നു. ഈ നദിയുടെ ആകെ വിസ്തീർണ്ണം 5,80,8000 ച.കീ.മീറ്ററാണ്. ഇതിൽ ഇന്ത്യയിലുള്ള നീർ വാർച്ചാ പ്രദേശത്തിന്റെ വിസ്തീർണ്ണം 1,94,413 ച.കി.മീറ്ററാണ്. ടിബറ്റിൽ ഈ നദി സാങ്പോ എന്നാണ് അറിയപ്പെടുന്നത്. ഈ ന ദിയുടെ നീളം ഏകദേശം 2900 കി.മീ. ആണ് ഇതിൽ 900 കി.മീ. മാത്രമാണ് ഇന്ത്യയിലൂടെ ഒഴുകുന്നത്. അരുണാചൽ പ്രദേശിലെ ദിഹാങ് ഗിരികന്ദരത്തിലൂടെ (മലയിടുക്ക്) ഇന്ത്യയിലേക്ക് പ്രവേശിക്കുന്നു. തിസ്ത, മനാസ്, ബരാക്, സുബൻഗിരി എന്നിവ ഈ നദിയുടെ പ്രധാന പോഷകനദികളാണ്. ബംഗ്ലാദേശിൽ ഈ നദിയുടെ പേര് ജമുന എന്നാണ്. തുടർന്ന് ബംഗ്ലാദേശിൽ വച്ച് ഗംഗയുമായി സംയോജിച്ച് മേഘ്ന എന്ന പേരിൽ അറിയപ്പെടുന്നു.

ഹിമാലയൻ നദികളുടെ സവിശേഷത

1 നീളമേറിയതും വിശാലമായതും.

2 വർഷം മുഴുവൻ ജലലഭ്യതയുള്ള നദികൾ.

3 വൈദ്യുതോല്പാദനത്തിന് അനുയോജ്യമല്ല.

4 ജലഗതാഗതത്തിന് അനുയോജ്യമാണ്.

ഉപദ്വീപീയ നദികൾ

ദക്ഷിണേന്ത്യയിലെ നദികളെ ഉപദ്വീപീയ നദികൾ എന്നു വിളിക്കുന്നു. ഇതിലുള്ള മിക്ക നദികളും പശ്ചിമഘട്ടത്തിൽ നിന്നുത്ഭവിക്കുന്നു. ഈ നദികൾ മഴയെ മാത്രം ആശ്രയിച്ചൊഴുകു ന്നതിനാൽ ഋതുഭേദങ്ങൾക്കനുസരിച്ച് ജലത്തിന്റെ അളവിൽ ഏറ്റക്കുറച്ചിലുണ്ടാകുന്നു. ഈ നദികൾ ക്രമേണ ചെങ്കുത്തായ ചരിവുകളുള്ള താഴ്വരകളിലൂടെ ഒഴുകുന്നു. ഒഴുകുന്ന ദിശയെ അടിസ്ഥാനമാക്കി ഉപദ്വീപീയ നദികളെ രണ്ടായി തരം തിരിച്ചിരിക്കുന്നു.

1. കിഴക്കോട്ടൊഴുകുന്ന നദികൾ

2. പടിഞ്ഞാറോട്ടൊഴുകുന്ന നദികൾ

കിഴക്കോട്ടൊഴുകുന്ന നദികൾ

a) മഹാനദി

മഹാനദി ഛത്തീസ്ഗഢിലെ റായ്പൂർ ജില്ലയിലുള്ള സിഹാവയ്ക്കടുത്തു നിന്നുത്ഭവിച്ച് ഒഡീഷയിലൂടെ ഒഴുകുന്നു. ഇതിന്റെ നീളം 851 കി.മീ. ആണ്. സിയോനാഥ്, ടെൽ, സന്ദൂർ, ഐബ് എന്നിവ ഇതിന്റെ പ്രധാന പോഷകനദികളാണ്. മഹാനദിയുടെ പ്രധാന നീരൊഴുക്ക് പൈക്ക, ബിരുപ, ചിറ്റാർത്തല, ഗെംഗുട്ടി, നൂൻ എന്നീ ഉപന ദികളായി പിരിയുന്നു. ഈ ഉപനദികളെല്ലാം ചേർന്ന് ഇന്ത്യയിലെ ഏറ്റവും വലിയ ഡെൽറ്റാ പ്രദേങ്ങളി ലൊന്നായ മഹാനദി ഡെൽറ്റാ പ്രദേശത്തെ സൃഷ്ടിക്കുന്നു. മഹാനദി ബംഗാൾ ഉൾക്കടലിൽ ചെന്നു ചേരുന്നു.

b) ഗോദാവരി

ഉപദ്വീപീയ നദികളിൽ വെച്ച് ഏറ്റവും നീളം (1,465 കി.മീ.) കൂടിയ ഗോദാവരിയുടെ വിസ്തീർണ്ണം 3.13 ലക്ഷം ചതുരശ്രകിലോമീറ്ററാണ്. ഇത് വൃദ്ധഗംഗ എന്നും അറിയപ്പെടുന്നു മഹാരാഷ്ട്രയിലെ നാസിക് ജില്ലയിൽ ഉൾപ്പെടുന്ന പശ്ചിമഘട്ട മലനിരകളിൽ നിന്ന് ഉത്ഭവിക്കുന്നു. ഇത് ബംഗാൾ ഉൾക്കടലിൽ പതിക്കുന്നതിനു മുമ്പ് തെലുങ്കാന, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലൂടെ ഒഴുകുന്നു. പൂർണ്ണ, പെൻഗംഗ, പ്രണിത, ഇന്ദ്രാവതി, താൽ, സലാമി എന്നിവ ഇതിന്റെ പ്രധാനപ്പെട്ട ഉപനദികളാണ്. ഈ നദി രാജമുന്ദ്രിക്കു സമീപം ഗൗതമി, വസിഷ്ഠ എന്നീ ശാഖകളായി പിരിഞ്ഞ് ഇന്ത്യയിലെ ഏറ്റവും വലിയ ഡെൽറ്റാ പ്രദേശങ്ങളിലൊന്നിനെ രൂപ പ്പെടുത്തുന്നു. ഗോദാവരിയുടെ ഡെൽറ്റാ പ്രദേശത്ത് കൊല്ലാറ് എന്ന ശുദ്ധജല തടാകം സ്ഥിതി ചെയ്യുന്നു.

c) കൃഷ്ണ

മഹാരാഷ്ട്രയിലെ മഹാബലേശ്വരർ എന്ന സ്ഥലത്തിനടുത്തുള്ള പശ്ചിമഘട്ട മലനിരകളിലെ ഒരു നീരുറവയിൽ നിന്നാണ് കൃഷ്ണാ നദിയുടെ

X Std - Geography Malayalam Unit-1.indd 144 2/2/2023 5:47:45 PM

ഉത്ഭവം. ഏകദേശം 1400 കി.മീ. നീളമുള്ള ഈ നദിയുടെ നീർവാർച്ചാ പ്രദേശത്തിന്റെ വിസ്തൃതി 2.58 ലക്ഷം ച.കി.മീ ആണ്. ഉപദ്വീപീയ നദികളിൽ രണ്ടാമത്തെ വലിയ നദിയാണിത്. ഭീമ, പെഡവാഗു, കൊയ്ന, തുംഗഭദ്ര എന്നിവ ഇതിന്റെ പ്രധാന പോഷക നദികളാണ്. ഇത് ആന്ധ്രാപ്രദേശിലൂടെ ഒഴുകി ഹമസലാദേവി എന്ന സ്ഥലത്തുവെച്ച് ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു.

d) കാവേരി

ഏകദേശം 800 കി.മീ. നീളമുള്ള കാവേരി നദി കർണ്ണാടകത്തിലെ കുടകുമലയിലുള്ള തലക്കാവേരിയിൽ നിന്നുത്ഭവിക്കുന്നു. ഇത് ദക്ഷിണഗംഗ എന്ന പേരിലും അറിയപ്പെടുന്നു. ഹാരംഗി, ഹേമാവതി, കബിനി, ഭവാനി, അർക്കാവതി, നൊയ്യൽ, അമരാവതി എന്നിവ കാവേരി നദിയുടെ പ്രധാന പോഷകനദികളാണ്. ഈ നദി കർണ്ണാടകയിൽ വെച്ച് രണ്ടുതവണ രണ്ടായി പിരിഞ്ഞതിന്റെ ഫല മായി രൂപം കൊണ്ട പുണ്യസ്ഥലങ്ങളാണ് ശ്രീരംഗ പട്ടണവും, ശിവസമുദ്രവും. കാവേരി നദി തമിഴ്നാ ട്ടിൽ കടന്നതിനുശേഷം ഹൊഗനേക്കൽ വെള്ളച്ചാട്ട ത്തിൽ എത്തുന്നതുവരെ ഗിരികന്ദരങ്ങളുടെ വളഞ്ഞു തിരിഞ്ഞൊഴുകുന്നു. സേലത്തിനടുത്ത് എത്തുന്ന തോടെ വീതികുറഞ്ഞ ഋജുവായ മലയിടുക്കിലൂടെ യാണ് നദിയുടെ പ്രയാണം. ശ്രീരംഗം ദ്വീപിൽ വെച്ച് ഈ നദി കൊല്ലിടം, കാവേരി എന്നിങ്ങനെ രണ്ടു നീർ ച്ചാലുകളായി പിരിഞ്ഞ് പൂംപുഹാറിൽ വെച്ച് ബംഗാൾ ഉൾക്കടലിൽ ചെന്നു ചേരുന്നു.

പടിഞ്ഞാറോട്ടൊഴുകുന്ന നദികൾ

a) നർമ്മദ

മധ്യപ്രദേശിലെ അമരകണ്ഡക് പീഠഭൂമിയിൽ ഏകദേശം 1057 മീ. ഉയരത്തിൽ നിന്നാണ് ഈ നദി ഉത്ഭവിക്കുന്നത്. 1312 കി.മീ. നീളമുള്ള ഈ നദിയുടെ വിസ്തീർണ്ണം 98,796 ച.കി.മീ. ആണ്. ഈ നദി 27 കി.മീ. നീളമുള്ള അഴിമുഖം സൃഷ്ടിച്ചു കൊണ്ട് കാംബേ ഉൾക്കടലിലൂടെ ഒഴുകി അറബിക്കടലിൽ ചെന്നു പതിക്കുന്നു. പടിഞ്ഞാറോട്ടൊഴുകുന്ന നദികളിൽ ഏറ്റവും വലുതാണിത്. ബർനർ, ഹിരൺ, ഹലൂൺ, ബഞ്ചർ, ദുധി, ഷക്കാർ, ടവാ, ബർ കോലർ എന്നിവ ഇതിന്റെ പ്രധാന പോഷകനദികളാണ്.

b) തപ്തി

724 കി.മീ. നീളമുള്ള തപ്തി നദി ഉപദ്വീപീയ ഇന്ത്യയിലെ പ്രധാന നദികളിലൊന്നാണ്. ഇതിന് 65,145 ച.കി.മീ. വിസ്തീർണ്ണമുണ്ട്. മധ്യപ്രദേശിലെ ബൈതുൽ ജില്ലയിൽ സ്ഥിതി ചെയ്യുന്ന മുൽതായ് പീഠ ഭൂമിയിൽ ഏകദേശം 752 കി.മീ. ഉയരത്തിൽ നിന്ന് തപ്തി നദി ഉത്ഭവിക്കുന്നു. ഉപദ്വീപിയ ഇന്ത്യയിൽ കിഴക്കു നിന്നു പടിഞ്ഞാറോട്ടൊഴുകുന്ന മൂന്നു നദികളിൽ ഒന്നാണിത്. നർമ്മദയും മാഹിയും ആണ് മറ്റു രണ്ടു നദികൾ. വാകി, ഗോമൈ, അരുണാവതി, അനർ, നേസു, ബോറി, പാഞ്ചർ, ബൊറെയ്, എന്നിവയാണ് ഇതിന്റെ പോഷകനദികൾ ഇത് കാംബേ ഉൾക്കടലിലൂടെ അറബിക്കടലിൽ ചെന്നു ചേരുന്നു.

ഗെറോസപ്പ (ജോഗ്) വെള്ള ച്ചാട്ടം കാണുന്നത് ഏതു നദി യിലാണ്.

ദക്ഷിണേന്ത്യൻ നദികളുടെ സവിശേഷതകൾ

1 പശ്ചിമഘട്ടത്തിൽ നിന്ന് ഉത്ഭവിക്കുന്നു.
2 ചെറുതും ഇടുങ്ങിയതുമാണ്.
3 വറ്റുന്ന നദികൾ (മഴയെ മാത്രം ആശ്രയിച്ച് ഒഴുകുന്നു).
4 വൈദ്യുതി ഉല്പാദിപ്പിക്കാൻ അനുയോജ്യമാണ്.
5 ജലഗതാഗതത്തിന് അനുയോജ്യമല്ല.

സംഗ്രഹം

- ഭൂഘടനയനുസരിച്ച് ഇന്ത്യയെ ഉത്തര പർവ്വ തങ്ങൾ, ഉത്തരമഹാസമതലം, പീഠഭൂമികൾ, തീരദേശ സമതലങ്ങൾ ദ്വീപുകൾ എന്നിങ്ങനെ 5 ഭൂവിഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു.
- ഉത്തര പർവ്വതങ്ങളെ ട്രാൻസ് ഹിമാലയം, ഹിമാലയം, കിഴക്കൻ ഹിമാലയം (പൂർവ്വാഞ്ചൽ) എന്നിങ്ങനെ മൂന്നായി വിഭജിച്ചിട്ടുണ്ട്.
- രാജസ്ഥാൻ സമതലം, പഞ്ചാബ് ഹരിയാന സമതലം, ഗംഗാസമതലം, ബ്രഹ്മപുത്ര സമതലം എന്നിങ്ങനെ ഉത്തരമഹാ സമതലത്തെ നാലായി വിഭജിച്ചിരിക്കുന്നു.
- പീഠഭൂമി മേഖലയെ മധ്യ ഉന്നത നിലം, ഡെക്കാൺ പീഠഭൂമി എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു.
- ആൻഡമാൻ നിക്കോബർ ദ്വീപുകൾ, ലക്ഷദ്വീപ് എന്നിവ ഇന്ത്യയിലെ രണ്ടു പ്രധാന ദ്വീപ സമൂഹങ്ങളാണ്.
- ഇന്ത്യയുടെജലപ്രവാഹ സംവിധാനത്തെ ഹിമാലയൻ നദികൾ, ഉപദ്വീപീയ നദികൾ എന്നിങ്ങനെ രണ്ടായി വിഭജിച്ചിട്ടുണ്ട്.
- നർമ്മദ, തപ്തി, മാഹി, സബർമതി എന്നീ നദികൾ അറബിക്കടലിൽ ചെന്നു ചേരുന്നു.
- മഹാനദി, ഗോദാവരി, കൃഷ്ണ, കാവേരി എന്നിവ കിഴക്കോട്ടൊഴുകുന്ന പ്രധാന നദികളാണ് അവ ബംഗാൾ ഉൾക്കടലിൽ ലയിക്കുന്നു.

X Std - Geography Malayalam Unit-1.indd 145 2/2/2023 5:47:45 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. ഇന്ത്യയുടെ വടക്കു തെക്കു വ്യാപനം
   a. 2,500 കി.മീ
   b. 2,933 കി.മീ
   c. 3,214 കി.മീ
   d. 2814 കി.മീ



2. ബീഹാറിന്റെ ദുഃഖം എന്നറിയപ്പെടുന്ന നദി.
   a. നർമ്മദ
   b. ഗോദാവരി
   c. കോശി
   d. ദാമോദർ

3. മൂന്നും പാർശ്വങ്ങളും ജലത്താൽ ആവരണം ചെയ്യപ്പെട്ട ഭൂഭാഗം _____എന്നറിയപ്പെടുന്നു.
   a. തീരദേശം
   b. ദ്വീപ്
   c. ഉപദ്വീപ്
   d. ജലസന്ധി

4. പാക് ജലസന്ധിയും മന്നാർ ഉൾക്കടലും ഇന്ത്യയെ _____ൽ നിന്ന് വേർതിരിക്കുന്നു
   a. ഗോവ
   b. പഞ്ചിമബംഗാൾ
   c. ശ്രീലങ്ക
   d. മാലിദ്വീപ്

5. ദക്ഷിണേന്ത്യയിലെ ഏറ്റവും ഉയരം കൂടിയ ശിഖരം
   a. ഊട്ടി
   b. കൊടൈക്കനാൽ
   c. ആനമുടി
   d. ജിൻധാഗാഡാ

6. പഴയ എക്കൽ മണ്ണിനാൽ രൂപം കൊള്ളുന്ന സമതലം _____ ആണ്.
   a. ബബാർ
   b. താരായ്
   c. ഭംഗർ
   d. ഖദാർ

7. _____ , _____എന്നീ സംസ്ഥാനങ്ങൾക്കിടയിൽ പുലിക്കാട്ട് തടാകം സ്ഥിതി ചെയ്യുന്നു?
   a. പശ്ചിമബംഗാൾ, ഒഡീഷ
   b. കർണ്ണാടകം, കേരളം
   c. ഒഡീഷ, ആന്ധ്രാപ്രദേശ്
   d. തമിഴ്നാട്, ആന്ധ്രാപ്രദേശ്

II. ചേരുംപടി ചേർക്കുക:

1.	സാങ്പോ	-	ഗംഗയുടെ പോഷകനദി
2.	യമുന	-	ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ ശിഖരം
3.	പുതിയ എക്കൽ	-	ടിബറ്റിൽ ബ്രഹ്മപുത്രാ നദി
4.	മൗണ്ട് ഗോഡ് വിൻ ആസ്റ്റിൻ (K2)	-	പൂർവ്വതീരസമതലത്തിന്റെ തെക്കുഭാഗം
5.	ചോഴമണ്ഡല തീരം	-	ഖദാർ

III. കാരണം എഴുതുക:

1. ഹിമാലയത്തെ പ്രായം കുറഞ്ഞ മടക്കുപർവ്വതങ്ങൾ എന്നു വിളിക്കുന്നു.
2. ഉത്തരേന്ത്യൻ നദികൾ വറ്റാത്ത നദികളാണ്.
3. ദക്ഷിണേന്ത്യൻ നദികൾ കിഴക്കോട്ടൊഴുകുന്നു.

IV. വേർതിരിച്ചെഴുതുക:

1. ഹിമാലയൻ നദികൾ, ഉപദ്വീപീയ നദികൾ.
2. പശ്ചിമഘട്ടം, പൂർവ്വഘട്ടം.
3. പശ്ചിമ തീരദേശസമതലം, പൂർവ്വ തീരദേശ സമതലം.

V. ഉത്തരം ചുരുക്കി എഴുതുക

1. ഇന്ത്യയുടെ അയൽ രാജ്യങ്ങളുടെ പേരെഴുതുക.
2. ഇന്ത്യൻ സ്റ്റാൻഡേർഡ് സമയത്തിന്റെ പ്രാധാന്യത്തെ കുറിച്ചെഴുതുക.
3. ഡെക്കാൺ പീഠഭൂമിയെക്കുറിച്ച് ചെറുകുറിപ്പെഴുതുക.
4. പടിഞ്ഞാറോട്ടൊഴുകുന്ന ഇന്ത്യൻ നദികളെ കുറിച്ചെഴുതുക.
5. ലക്ഷദ്വീപിനെ കുറിച്ചെഴുതുക.

VI. ഉത്തരം വിവരിച്ചെഴുതുക:

1. ഉത്തരപർവ്വതങ്ങളുടെ വിഭജനത്തെയും ഇന്ത്യയിൽ അവയുടെ പ്രാധാന്യത്തെയും കുറിച്ച് വിശദമാക്കുക.
2. ഇന്ത്യയിലെ പ്രധാനപ്പെട്ട ഉപദ്വീപീയ നദികളെ കുറിച്ചെഴുതുക.
3. ഗംഗാനദീതടത്തെ കുറിച്ച് വിവരിക്കുക.

X Std - Geography Malayalam Unit-1.indd 146 2/2/2023 5:47:45 PM

VII. ഭൂപട പരിശീലനം:

ഇന്ത്യയുടെ ഭൂപടത്തിൽ താഴെ പറയുന്നവ അടയാളപ്പെടുത്തുക:

1. പ്രധാനപ്പെട്ട പർവ്വത നിരകൾ : കാരക്കോറം, ലഡാക്ക്, സസ്ക്കർ, ആരവല്ലി, പശ്ചിമഘട്ടം, പൂർവ്വഘട്ടം.
2. പ്രധാനപ്പെട്ട നദികൾ : സിന്ധു, ഗംഗ, ബ്രഹ്മപുത്ര, നർമ്മദ, തപ്തി, മഹാനദി, ഗോദാവരി, കൃഷ്ണ, കാവേരി.
3. പ്രധാന പീഠഭൂമികൾ : മാൾവാ, ഛോട്ടാനാഗ്പൂർ, ഡെക്കാൺ.

VIII. പ്രവർത്തനങ്ങൾ:

1. ഉപദ്വീപീയ ഇന്ത്യയുടെ ഭൂപടത്തിൽ പീഠഭൂമി വിഭാഗങ്ങളെ അടയാളപ്പെടുത്തുക
2. ഉപദ്വീപീയ ഇന്ത്യയിൽ കിഴക്കോട്ടൊഴുകുന്ന നദികളുടെയും പടിഞ്ഞാറോട്ടൊഴുകുന്ന നദികളുടെയും പട്ടിക തയ്യാറാക്കുക.
3. നിങ്ങൾ പശ്ചിമ ബംഗാളിൽ നിന്ന് ഗുജറാത്തിലേയ്ക്ക് തീരപ്രദേശങ്ങളിലൂടെ യാത്ര ചെയ്യുന്നുവെന്ന് കരുതുക. ഏതെല്ലാം സംസ്ഥാനങ്ങളിലൂടെ കടന്നുപോകും? കണ്ടു പിടിക്കുക?
4. ഗംഗാനദി ഒഴുകുന്ന സംസ്ഥാനങ്ങൾ ഏതെല്ലാമെന്ന് ഭൂപടങ്ങളുടെ സഹായത്തോടെ കണ്ടു പിടിക്കുക.
5. ഇന്ത്യയിലെ പ്രധാനപ്പെട്ട നദികളുടെ പട്ടിക തയ്യാറാക്കി അവയുടെ പോഷകനദികൾ, ഉത്ഭവം, നീളം, വിസ്തീർണ്ണം എന്നിവ കണ്ടുപിടിക്കുക.

REFERENCE BOOKS

1. Husain, M. (2015). Geography of India (6th Edition). McGraw Hill Education, New Delhi.
2. Siddhartha, K. and Mukherjee, S. (2013). Geography through Maps (11th Edition). Kisalaya Publications Pvt. Ltd., New Delhi.
3. Singh, G. (1976). A Geography of India. Atma Ram & Sons Publications, New Delhi.
4. Singh, S. and Saroha, J. (2014). Geography of India (1st Edition). Access Publishing India Pvt. Ltd., New Delhi.

INTERNET RESOURCES

1. http://www.nplindia.in/
2. http://india-wris.nrsc.gov.in/
3. http://ncert.nic.in/ncerts/l/iess102.pdf
4. http://www.scert.kerala.gov.in/images/text_books/chapter%204.pdf

X Std - Geography Malayalam Unit-1.indd 147 2/2/2023 5:47:45 PM

യൂണിറ്റ് 2

ഇന്ത്യയുടെ കാലാവസ്ഥയും പ്രകൃതി സസ്യങ്ങളും



പഠന ലക്ഷ്യങ്ങൾ

- ഇന്ത്യയുടെ കാലാവസ്ഥയെ നിയന്ത്രിക്കുന്ന ഘടകങ്ങളെക്കുറിച്ച് വിശദമായി അറിയുക.
- ഇന്ത്യയിലെ വ്യത്യസ്ത ഋതുക്കളുടെ സവിശേഷതകളെക്കുറിച്ച് മനസ്സിലാക്കുക.
- മഴയുടെ വിതരണത്തെക്കുറിച്ച് മനസ്സിലാക്കുക.
- ഇന്ത്യയിലെ വിവിധതരം പ്രകൃതി സസ്യങ്ങളെയും വന്യജീവികളെയും കുറിച്ച് പഠിക്കുക.

SPNOJ

ആമുഖം

നാം വേനൽക്കാലത്ത് ധാരാളം വെള്ളം കുടിക്കുന്നു. എന്നാൽ ശൈത്യകാലത്ത് അതേ അളവിൽ വെള്ളം കുടിക്കാറില്ല. നാം വേനൽ കാലങ്ങളിൽ കനം കുറഞ്ഞ പരുത്തി വസ്ത്രങ്ങളും ഉത്തരേന്ത്യക്കാർ ശൈത്യകാലങ്ങളിൽ കമ്പിളി വസ്ത്രങ്ങളും ധരിക്കുന്നത് എന്തുകൊണ്ട്? ദക്ഷിണേന്ത്യക്കാരായ നാം കമ്പിളി വസ്ത്രങ്ങൾ ധരിക്കുന്നില്ല. എന്തുകൊണ്ട്? ഉത്തരേന്ത്യക്കും ദക്ഷിണേന്ത്യക്കുമിടയിൽ വ്യത്യസ്ത അന്തരീക്ഷ സ്ഥിതി നിലനിൽക്കുന്നതാണ് ഇതിനു കാരണം.

നിങ്ങൾക്ക് അറിയാമോ?

അത്യുഷ്ണമോ അതിശൈത്യമോ അല്ലാത്തതിനാൽ ഭൂമധ്യാരേഖാ കാലാവസ്ഥയെ ബ്രിട്ടീഷ് കാലാവസ്ഥ എന്നും വിളിക്കും.

2.1 കാലാവസ്ഥയെ നിർണ്ണയിക്കുന്ന ഘടകങ്ങൾ

അക്ഷാംശം, കടലിൽ നിന്നുള്ള ദൂരം, കാല വർഷക്കാറ്റുകൾ, ഭൂപ്രകൃതി സവിശേഷതകൾ, ജെറ്റ്കാറ്റ് എന്നിവയാണ് ഇന്ത്യയുടെ കാലാവസ്ഥയെ നിർണ്ണയിക്കുന്ന ഘടകങ്ങൾ.

അക്ഷാംശങ്ങൾ

ഇന്ത്യ 8°4' ഉത്തര അക്ഷാംശത്തിനും 37°6' ഉത്തര അക്ഷാംശത്തിനും (8°4'N - 37°6'N) ഇടയിൽ സ്ഥിതി ചെയ്യുന്നു. ഇന്ത്യയുടെ മധ്യത്തിലൂടെ കടന്നു പോകുന്ന ഉത്തരായന രേഖ രാജ്യത്തെ രണ്ടു തുല്യഭാഗങ്ങളായി വിഭജിക്കുന്നു. ഉത്തരായനരേഖയ്ക്ക് തെക്കുള്ള ഭാഗങ്ങളിൽ വർഷം മുഴുവൻ അത്യുഷ്ണം അനുഭവപ്പെടുന്നു. എന്നാൽ കടുത്ത തണുപ്പ് അനുഭവപ്പെടുന്നില്ല. ഉത്തരായന രേഖയ്ക്ക് വടക്കുള്ള ഭാഗങ്ങളിൽ മിതോഷ്ണ കാലാവസ്ഥയും അനുഭവപ്പെടുന്നു.

ഉയരം

ഉയരം കൂടുന്തോറും താപനില കുറയുന്നു. ഓരോ 1000 മീറ്റർ ഉയരത്തിനും 6.5°C എന്ന തോതിൽ ഉയരം കൂടുന്നതിനനുസരിച്ച് താപനില കുറയുന്നു. ഇത് **സാധാരണ താപ വീഴ്ചാ നിരക്ക്** എന്നറിയപ്പെടുന്നു.

അതിനാൽ സമതല പ്രദേശങ്ങളെക്കാൾ മലമ്പ്രദേശങ്ങൾ തണുപ്പുള്ളതായിരിക്കും. അതു കൊണ്ടാണ് തെക്കെ ഇന്ത്യയിൽ പോലും ഉയർന്ന പ്രദേശങ്ങളിൽ തണുത്ത കാലാവസ്ഥ അനുഭവപ്പെടുന്നത്. ദക്ഷിണേന്ത്യയിലെ ഊട്ടിയും മറ്റു സുഖവാസ കേന്ദ്രങ്ങളും ഹിമാലയ പർവ്വതനിരകളിലെ മുസൂറി, സിംല തുടങ്ങിയ സുഖവാസ കേന്ദ്രങ്ങളും ഗംഗാസമതലങ്ങളിൽ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളെക്കാൾ തണുപ്പുള്ളവയാണ്.

ചെന്നൈയിൽ (6.7മീ.) താപനില 35° C ആയിരിക്കുമ്പോൾ ഊട്ടിയിലെ (2240 മീ.) താപനില എന്ത്?

X Std - Geography Malayalam Unit-2.indd 148 1/27/2023 10:05:57 AM

സമുദ്രത്തിൽ നിന്നുള്ള അകലം

സമുദ്രത്തിൽ നിന്നുള്ള അകലം താപം, മർദ്ദം എന്നിവയിൽ വ്യത്യാസമുണ്ടാക്കുന്നതു മാത്രമല്ല മഴയുടെ അളവിനെയും ബാധിക്കുന്നു. ഇന്ത്യയുടെ ഏറിയഭാഗവും പ്രത്യേകിച്ച് പീഠഭൂമി പ്രദേശം കടലിൽ നിന്ന് ബഹുദൂരത്തിലല്ല സ്ഥിതി ചെയ്യുന്നത്. അതിനാൽ ഈ പ്രദേശത്തിന്റെ കാലാവസ്ഥയെ നിർണ്ണയിക്കുന്നതിൽ സമുദ്ര സാമീപ്യം സ്വാധീനം ചെലുത്തുന്നു. നമ്മുടെ രാജ്യത്തിന്റെ ഈ ഭാഗത്ത് വ്യക്തമായി രേഖപ്പെടുത്തിയ ശൈത്യകാലം ഇല്ല. കൂടാതെ വർഷം മുഴുവൻ താപനില തുല്യമായിരിക്കും. സമുദ്ര സാമീപ്യമില്ലാത്ത മധ്യ ഇന്ത്യയിലും ഉത്തരേന്ത്യയിലും ഋതുഭേദങ്ങൾ ക്കനുസരിച്ച് കാലാവസ്ഥാ വ്യതിയാനം ഏർപ്പെടുന്നു. ഇവിടെ വേനൽക്കാലത്ത് അത്യുഷ്ണവും ശൈത്യകാലത്ത് അതിശൈത്യവും അനുഭ വപ്പെടുന്നു. സമുദ്ര സാമീപ്യമുള്ള കൊച്ചിയിലെ ശരാശരി വാർഷിക താപനില 30°C-ൽ അധികമാകുന്നില്ല. എന്നാൽ സമുദ്ര സാമീപ്യ മില്ലാത്ത ഡൽഹിയിലെ വാർഷിക താപനില 40°C-ൽ അധികമാണ്. കടലോരപ്രദേശങ്ങളിൽ കാറ്റിന് ഈർപ്പം കൂടുതലായതിനാൽ മഴപെയ്യാനുള്ള സാധ്യത അധികമാണ്. കടൽത്തീരത്തോട് ചേർന്നു കിടക്കുന്ന കൊൽക്കത്തയിൽ മഴയുടെ അളവ് 119 സെ.മീ. ആണ്. എന്നാൽ കരഭാഗത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ബിക്കാനറിൽ 24 സെ.മീ. മഴയാണ് ലഭിക്കുന്നത്.

മൺസൂൺ കാറ്റ് (കാലവർഷക്കാറ്റ്

ഇന്ത്യയുടെ കാലാവസ്ഥയെ നിർണ്ണയിക്കു ന്നതിൽ കാലവർഷക്കാറ്റുകൾ പ്രധാന പങ്കു വഹിക്കുന്നു. ഇവ ഋതുക്കൾക്കനുസരിച്ച് ദിശമാറി വീശുന്ന കാറ്റുകളാണ്. ഒരു വർഷത്തിൽ ഗണ്യമായ ഒരു കാലയളവ് ഇന്ത്യ ഈ കാറ്റുകളുടെ സ്വാധീനത്തി ലാണ്. ഇന്ത്യയുടെ കേന്ദ്രഭാഗത്ത് സൂര്യരശ്മികൾ ചെങ്കുത്തായി പതിക്കുന്നത് ജൂൺ മാസത്തിന്റെ മധ്യത്തിലാണെങ്കിലും മേയ് മാസത്തിന്റെ അന്ത്യ ത്തിൽ ഇന്ത്യയിലെ വേനൽക്കാലം അവസാനി ക്കുന്നു. ഇതിനു കാരണം തെക്കു പടിഞ്ഞാറൻ മൺസൂൺ കാറ്റിന്റെ ഒരു ശാഖ ഇന്ത്യയുടെ താപനില കുറയ്ക്കുകയും ഇന്ത്യയുടെ പല ഭാഗങ്ങളിലും മിതമായ മഴയോ കനത്ത മഴയോ പെയ്യിക്കുകയും ചെയ്യുന്നതാണ്. അതുപോലെ വടക്കുകിഴക്ക് മൺസൂൺ കാറ്റ് ഇന്ത്യയുടെ തെക്കുകിഴക്കൻ പ്രദേശങ്ങളുടെ കാലാവസ്ഥയെ സ്വാധീനിക്കുന്നു.

ഭൂപ്രകൃതി

കാലാവസ്ഥാ ഘടകങ്ങളായ താപനില, അന്ത രീക്ഷ മർദ്ദം, കാറ്റിന്റെ ദിശ, വർഷപാതത്തിന്റെ അളവ് എന്നിവയെ പ്രധാനമായും നാർണ്ണയിക്കുന്നത് ഇന്ത്യയുടെ ഭൂപ്രകൃതിയാണ്. ഹിമാലയ പർവ്വത നിരകൾ മധ്യ ഏഷ്യയിൽ നിന്നു വരുന്ന ശീത ക്കാറ്റിനെ ഇന്ത്യയിലേയ്ക്ക് കടത്തിവിടാതെ, ഇന്ത്യാ

> **നിങ്ങൾക്ക് അറിയാമോ?**
>
> - അന്തരീക്ഷസ്ഥിതി എന്നത് ഒരു നിശ്ചിത സമയത്ത് ഒരു പ്രത്യേക സ്ഥലത്തിന്റെ അന്തരീക്ഷാവ സ്ഥയെ സൂചിപ്പിക്കുന്നു.
> - കാലാവസ്ഥ എന്നത് ഒരു നിശ്ചിത സ്ഥലത്തിന്റെ ഏകദേശം 30-35 വർഷത്തെ അന്തരീക്ഷസ്ഥിതിയുടെ ശരാശരി ആണ്.

ഉപഭൂഖണ്ഡത്തെ ഉഷ്ണമേഖലാ രാജ്യമായി നിലനിർത്തുന്നു. അതിനാൽ ശൈത്യ കാലത്തിലും ഉത്തരേന്ത്യയിൽ ഉഷ്ണമേഖലാ കാലാവസ്ഥ അനുഭവപ്പെടുന്നു. തെക്കുപടിഞ്ഞാറൻ മൺസൂൺ കാലങ്ങളിൽ പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറൻ ചരിവുകളിൽ കനത്ത മഴ ലഭിക്കുന്നു. എന്നാൽ മഹാരാഷ്ട്രയുടെ ഭൂരിഭാഗം പ്രദേശങ്ങളും, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നിവ മഴ നിഴൽ പ്രദേശങ്ങളിൽ (പശ്ചിമഘട്ടത്തിന്റെ കാറ്റി നെതിർ മുഖമായ ദിശയിൽ) സ്ഥിതി ചെയ്യുന്നതിനാൽ വളരെ കുറഞ്ഞ തോതിലും മഴ ലഭിക്കുന്നു. ഈ കാലയളവിൽ പടിഞ്ഞാറൻ തീരപ്രദേശത്തു സ്ഥിതി ചെയ്യുന്ന മാംഗ്ലൂരിൽ 280 സെ.മീ. മഴ പെയ്യുന്നു. എന്നാൽ മഴ നിഴൽ പ്രദേശത്തു സ്ഥിതി ചെയ്യുന്ന ബാംഗ്ലൂരിൽ 50 സെ.മീ. മഴ മാത്രമേ ലഭിക്കുന്നുള്ളൂ.

ജെറ്റ് കാറ്റുകൾ

വായുമണ്ഡലത്തിന്റെ ഏറ്റവും മുകളിലത്തെ നിരയിൽ ഒരു ഇടുങ്ങിയ മേഖലയിലെ ശക്തമായ വായു പ്രവാഹമാണ് ജെറ്റ്കാറ്റ്. ജെറ്റ് സ്ട്രീംസ് സിദ്ധാന്തമനുസരിച്ച് ഉപോഷ്ണമേഖലാ പടിഞ്ഞാറൻ ജെറ്റ്കാറ്റ് ഉത്തരസമതലങ്ങളിൽ നിന്നും ടിബറ്റൻ പീഠഭൂമിയിലേയ്ക്ക് ഗതിമാറുന്നതിനാൽ രൂപപ്പെടുന്നതാണ് തെക്കുപ ടിഞ്ഞാറൻ മൺസൂൺ കാറ്റിന്റെ ഒരു ശാഖ. തെക്കു പടിഞ്ഞാറൻ മൺസൂൺ കാലത്തിലും മൺസൂണിന്റെ പിൻവാങ്ങൽ കാലത്തിലും ഉഷ്ണമേഖലാ ന്യൂനമർദ്ദങ്ങൾ ഉണ്ടാകാൻ കാരണം കിഴക്കൻ ജെറ്റ്കാറ്റുകളാണ്.

2.2 മൺസൂൺ (കാലവർഷക്കാറ്റ്)



ഋതുക്കൾ എന്നർത്ഥം വരുന്ന മൗസിം എന്ന അറബി പദത്തിൽ നിന്നാണ് മൺസൂൺ എന്ന പദത്തിന്റെ ഉത്ഭവം. മൺസൂൺ എന്ന പദം ചില നൂറ്റാണ്ടുകൾക്കു മുമ്പ് അറേബ്യൻ കപ്പിത്താൻമാർ ഇന്ത്യൻ മഹാസമുദ്രത്തിൽ നിന്നും പ്രത്യേകിച്ച് അറബിക്കടലിൽ നിന്നും ഋതുക്കൾക്കനുസരിച്ച് ദിശമാറി വീശുന്ന കാറ്റുകളെ വിശേഷിപ്പിക്കുന്നതിന് ഉപ യോഗിച്ചിരുന്നു. ഇത് വേനൽക്കാലങ്ങളിൽ തെക്കുപടിഞ്ഞാറു നിന്നും വടക്കുകിഴക്കിലേക്കും ശൈത്യകാലങ്ങളിൽ വടക്കുകിഴക്കു നിന്നും തെക്കു പടിഞ്ഞാറിലേക്കും വീശുന്നു.

X Std - Geography Malayalam Unit-2.indd 149 1/27/2023 10:05:57 AM

സങ്കീർണ്ണമായ കാലാവസ്ഥ പഠന പ്രതിഭാസമാണ് കാലവർഷക്കാറ്റുകൾ അഥവാ മൺസൂൺകാറ്റുകൾ. കാലാവസ്ഥ നിരീക്ഷകർ മൺസൂണിന്റെ ഉത്ഭവത്തെക്കുറിച്ച് വിവിധ ആശയങ്ങൾ ഉന്നയിച്ചിട്ടുണ്ട്. സൂര്യന്റെ സ്ഥാനമനുസരിച്ച് മർദ്ദമേഖലകൾക്കിടയിൽ രൂപപ്പെടുന്ന ആഗോള വാതങ്ങളാണ് മൺസൂണിന്റെ ഉത്ഭവസ്ഥാനം എന്നതാണ് പ്രധാന ആശയം. ഉത്തരായനാന്തത്തിൽ സൂര്യരശ്മികൾ ഉത്തരായനരേഖയിൽ ലംബമായി പതിക്കുന്നു. അതിനാൽ ഭൂഗോളത്തിലെ മർദ്ദ മേഖലകളും കാറ്റും വടക്കു ദിശയിലേയ്ക്ക് ഗതി മാറുന്നു. ഇതേ കാലയളവിൽ മധ്യരേഖാ ന്യൂന മർദ്ദ മേഖല വടക്കോട്ടു നീങ്ങുന്നതിനാൽ ഇന്ത്യയുടെ ഭൂരിഭാഗം പ്രദേശങ്ങളും തെക്കുകിഴക്കൻ വാണിജ്യക്കാറ്റുകളാൽ സ്വാധീനിക്കപ്പെടുന്നു. ഭൂമധ്യരേഖ കടക്കുന്നതോടെ തെക്കുകിഴക്കൻ വാണിജ്യക്കാറ്റുകൾക്ക് ദിശാവ്യതിയാനം സംഭവിച്ച് തെക്കു പടിഞ്ഞാറൻ മൺസൂൺ കാറ്റുകളായി രൂപപ്പെടുന്നു. ശൈത്യകാലങ്ങളിൽ കാറ്റും മർദ്ദമേഖലകളും തെക്കോട്ടു ഗതിമാറുന്നതിനാൽ വടക്കുകിഴക്കൻ മൺസൂൺകാറ്റ് രൂപപ്പെടുന്നു. ഋതുക്കൾക്കനുസരിച്ച് ദിശമാറി വീശുന്ന ആഗോളവാതങ്ങളെ മൺസൂൺകാറ്റുകൾ എന്നു വിളിക്കുന്നു.

ഋതുക്കൾ

ഇന്ത്യയിലെ ഋതുക്കളെ കാലാവസ്ഥ നിരീക്ഷകർ നാലായി തരം തിരിച്ചിരിക്കുന്നു;

1. **ശൈത്യകാലം (ജനുവരി - ഫെബ്രുവരി).**
2. **ഉഷ്ണകാലം (മാർച്ച - മേയ്).**
3. **തെക്കു പടിഞ്ഞാറൻ മൺസൂൺ കാലം അല്ലെങ്കിൽ വർഷകാലം (ജൂൺ - സെപ്റ്റംബർ).**
4. **വടക്കുകിഴക്കൻ മൺസൂൺ കാലം (ഒക്ടോബർ - ഡിസംബർ).**

1. ശൈത്യകാലം

ഈ കാലയളവിൽ ഇന്ത്യയിൽ നിന്ന് വളരെ അകലെയുള്ള ദക്ഷിണായനരേഖയിൽ സൂര്യരശ്മികൾ ലംബമായി പതിക്കുന്നു. ഇന്ത്യയിൽ സൂര്യരശ്മികൾ ചരിഞ്ഞു പതിക്കുന്നതിനാൽ താപനില കുറയുന്നു. തെളിഞ്ഞ ആകാശവും മന്ദമായി വീശുന്ന വടക്കൻക്കാറ്റും, കുറഞ്ഞമഴയുമുള്ള സുഖപ്രദമായ അന്തരീക്ഷ അവസ്ഥ എന്നിവ ശൈത്യകാലത്തിന്റെ പ്രത്യേകതയാണ്. ഈ സമയത്ത് ഉത്തരേന്ത്യയിൽ ഉച്ചമർദ്ദം രൂപപ്പെടുകയും വടക്കു പടിഞ്ഞാറിൽ നിന്ന് സിന്ധുഗംഗാ സമതലത്തിലൂടെ കാറ്റ് വീശുകയും ചെയ്യുന്നു. ദക്ഷിണേന്ത്യയിൽ കാറ്റിന്റെ ദിശ കിഴക്കു നിന്നും പടിഞ്ഞാറോട്ടായിരിക്കും.

പടിഞ്ഞാറൻ ഹിമാലയം, തമിഴ്നാട്, കേരളം എന്നിവിടങ്ങളിൽ ശൈത്യ കാലത്ത് പൊതുവായി മഴ പെയ്യാറുണ്ട്. ഈ കാലത്ത് മെഡിറ്ററേനിയൻ കടലിനു മുകളിൽ രൂപം കൊള്ളുന്ന ശക്തമായ ന്യൂനമർദ്ദം പശ്ചിമ അസ്വസ്ഥത എന്ന പശ്ചിമ വാതങ്ങൾ ഉത്തരേന്ത്യയിൽ ശൈത്യകാല മഴയ്ക്ക് കാരണമാകുന്നു. ഈ പശ്ചിമ വാതങ്ങൾ ഇന്ത്യയിലേയ്ക്ക് പ്രവഹിക്കുന്നതിൽ ജെറ്റ്കാറ്റുകൾ പ്രധാന പങ്ക് വഹിക്കുന്നു. ഈ കാറ്റുകൾ പഞ്ചാബ്, ഹരിയാന, ഹിമാചൽ പ്രദേശ് എന്നിവിടങ്ങളിൽ മഴ പെയ്യുന്നതിനും ജമ്മുകാശ്മീരിലെ കുന്നുകളിൽ മഞ്ഞുവീഴ്ച ഉണ്ടാകുന്നതിനും കാരണമാകുന്നു. ഈ മഴ ശൈത്യകാല ഗോതമ്പുകൃഷിക്ക് വളരെ പ്രയോജനകരമാണ്.

2. ഉഷ്ണകാലം (വേനൽക്കാലം അല്ലെങ്കിൽ മൺസൂണിനു മുമ്പുള്ള കാലം)

ഈ കാലയളവിൽ ഉപദ്വീപീയ ഇന്ത്യയിൽ സൂര്യരശ്മികൾ ലംബമായി പതിക്കുന്നു. അതിനാൽ തെക്കു നിന്നു വടക്കോട്ടു പോകുന്തോറും താപനില കൂടിക്കൂടി വരുന്നു. വേനൽക്കാലത്തിന്റെ ആദ്യഘട്ടത്തിൽ രാജ്യം മുഴുവൻ അത്യുഷ്ണമുള്ള വരണ്ട കാലാവസ്ഥ അനുഭവപ്പെടുന്നു. വേനൽക്കാലത്തിന്റെ മധ്യത്തിലും അന്ത്യത്തിലും ഇടിയോടുകൂടിയ മഴയും ആലിപ്പഴ വീഴ്ചയും ഉണ്ടാകാറുണ്ട്.

ഈ കാലയളവിൽ രാജ്യത്തിലുടനീളം താപനിലഉയരുന്നു. ഏപ്രിൽമാസത്തിൽദക്ഷിണേന്ത്യയുടെ ഉൾഭാഗങ്ങളിൽ പ്രതിദിനം ശരാശരി താപനില 30°C–35°C. വരെ രേഖപ്പെടുത്തുന്നു. മധ്യഇന്ത്യയിൽ അത്യുഷ്ണവും, പകൽ സമയത്തെ കൂടിയ താപനില പല സ്ഥലങ്ങളിലും 40°C വരെ ഉയരുകയും ചെയ്യുന്നു.


അന്തരീക്ഷ മർദ്ദം കാരണം കാറ്റ് അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും തെക്കു പടിഞ്ഞാറു നിന്നും വടക്കുകിഴക്കു ദിശയിലേയ്ക്കു വീശുന്നു. ഈ കാറ്റുകൾ മേയ് മാസത്തിൽ പടിഞ്ഞാറൻ തീരപ്രദേശങ്ങളിൽ കാലവർഷത്തിനു മുമ്പുള്ള മഴ നൽകുന്നു. മാംഗോഷവർസ് (മാങ്ങാചാറ്റൽ) എന്നറിയപ്പെടുന്ന ഇടിയോടുകൂടിയ മഴ കേരളത്തിലെയും കർണ്ണാടകത്തിലെ യും തീരപ്രദേശങ്ങളിൽ മാങ്ങകൾ വേഗത്തിൽ വിളഞ്ഞു പഴുക്കാൻ സഹായിക്കുന്നു.


ഏപ്രിൽ, മേയ് മാസങ്ങളിൽ വടക്കു പടിഞ്ഞാറൻ പ്രദേശങ്ങളിൽ നിന്നു വീശുന്ന പ്രാദേശികക്കാറ്റുകളെ നോർവെസ്റ്റർഡ് അല്ലെങ്കിൽ കാൽബൈശാഖി എന്നു വിളിക്കുന്നു. ഈ കാറ്റ് ഇന്ത്യയുടെ കിഴക്ക്, വടക്കു കിഴക്ക് പ്രദേശങ്ങളായ ബീഹാർ, പശ്ചിമ ബംഗാൾ, ആസ്സാം എന്നിവിടങ്ങളിൽ ഇടിയോടു കൂടിയ മഴ നൽകുന്നു.

3. തെക്കുപടിഞ്ഞാറൻ മൺസൂൺ കാലം അല്ലെങ്കിൽ വർഷകാലം

തെക്കു പടിഞ്ഞാറൻ മൺസൂൺ ഇന്ത്യൻ കാലാവസ്ഥയുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതയാണ്. തെക്കു പടിഞ്ഞാറൻ മൺസൂണിന്റെ ഒരു ശാഖ ജൂൺ മാസത്തിന്റെ ആദ്യവാരത്തിൽ രാജ്യത്തിന്റെ തെക്കെയറ്റത്തു നിന്നും ഉത്ഭവിച്ച്

X Std - Geography Malayalam Unit-2.indd 150 1/27/2023 10:05:57 AM





ജൂൺ മാസത്തിന്റെ ആദ്യ പകുതിയിൽ കൊങ്കൺ തീരത്തിലൂടെ കടന്ന് ജൂലൈ പതിനഞ്ചോടു കൂടി രാജ്യം മുഴുവൻ വ്യാപിക്കുന്നു. തെക്കു പടിഞ്ഞാറൻ മൺസൂൺ കാറ്റുകൾ **എൽനിനോ** എന്ന ആഗോള കാലാവസ്ഥ പ്രതിഭാസത്താൽ ബാധിക്കപ്പെടുന്നു.

തെക്കു പടിഞ്ഞാറൻ മൺസൂൺ കാലം ആരംഭിക്കുന്നതിനുമുമ്പ് ഉത്തരേന്ത്യയിലെ താപനില $46^{\circ}C$ വരെ ഉയരുന്നു. ഇടിമിന്നലോടു കൂടി മൺസൂൺകാറ്റ് ദക്ഷിണേന്ത്യയിലേയ്ക്ക് പെട്ടെന്നു പ്രവേശിക്കുന്നതിനെ കാലവർഷവിസ്ഫോടനം എന്നു പറയുന്നു. ഇത് ഇന്ത്യയുടെ താപനില വളരെ കുറയ്ക്കുന്നു. തെക്കു പടിഞ്ഞാറൻ കാല വർഷക്കാറ്റ് ഇന്ത്യയുടെ ഉപദ്വീപീയ ഘടനയാൽ രണ്ടു ശാഖകളായി തിരിയുന്നു. ഇതിന്റെ ഒരു ശാഖ അറബിക്കടലിലൂടെയും മറ്റെ ശാഖ ബംഗാൾ ഉൾക്കടലിലൂടെയും വീശാൻ ആരംഭിക്കുന്നു.

പശ്ചിമഘട്ടത്തിൽ കാറ്റിനഭിമുഖമായി സ്ഥിതി ചെയ്യുന്ന പടിഞ്ഞാറൻ തീരപ്രദേശങ്ങളിൽ തെക്കു പടിഞ്ഞാറൻ മൺസൂണിന്റെ അറബിക്കടൽ ശാഖ ശക്തമായ മഴ നൽകുന്നു. ഇതിന്റെ മറ്റൊരു ഭാഗം വടക്കോട്ടു നീങ്ങി ഹിമായ പർവ്വത നിരകളാൽ തടഞ്ഞു നിർത്തപ്പെടുന്നതിന്റെ ഫലമായി ഉത്തരേന്ത്യയിൽ കനത്ത മഴ പെയ്യിക്കുന്നു. ആരവല്ലി മലനിരകൾ കാറ്റിന്റെ ദിശയ്ക്കു സമാന്തരമായി സ്ഥിതി ചെയ്യുന്നതിൽ രാജസ്ഥാനിലും പടിഞ്ഞാറൻ പ്രദേശങ്ങളിലും മഴ ലഭിക്കുന്നില്ല.

ബംഗാൾ ഉൾക്കടൽശാഖ മ്യാൻമാർ, ഇന്ത്യയുടെ വടക്കുകിഴക്കൻ പ്രദേശങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് വീശുന്നു. ഗാരോ, ജയന്തിയ, ഖാസി തുടങ്ങിയ മലനിരകൾ ഈ കാറ്റിനെ തടഞ്ഞുനിർത്തി മേഘാലയയിലെ മൗസിൻറാമിൽ കനത്തമഴ പെയ്യിക്കുന്നു. തുടർന്ന് ഈ കാറ്റ് പ ടിഞ്ഞാറിലേയ്ക്കു വീശുന്നതിനാൽ കിഴക്കു നിന്ന് പടിഞ്ഞാറോട്ട് പോകുന്തോറും മഴയുടെ അളവ് കുറയുന്നു. ഇന്ത്യയിലെ വർഷ പാതത്തിന്റെ 75% ഈ മൺസൂൺ കാലത്ത് ലഭിക്കുന്നു. മഴ നിഴൽ പ്രദേശത്ത് സ്ഥിതിചെയ്യുന്ന തിനാൽ (കാറ്റിനെ തിർമുഖമായ വശം) തമിഴ് നാട്ടിൽ വളരെ കുറഞ്ഞ തോതിലാണ് മഴ ലഭിക്കുന്നത്.

4. വടക്കുകിഴക്കൻ മൺസൂൺ കാലം (മൺസൂണിന്റെ പിൻവാങ്ങൽ കാലം)

സെപ്റ്റംബർ മാസത്തിന്റെ അന്ത്യത്തിൽ മർദ്ദമേഖല തെക്കോട്ടു നീങ്ങുന്നതിനാൽ തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റ് പിൻവാങ്ങാൻ ആരംഭിക്കുന്നു. ഉത്തരേന്ത്യയിലെ കരഭാഗത്തു നിന്നും പിൻവാങ്ങുന്ന തെക്കു പടിഞ്ഞാറൻ മൺസൂൺ കാറ്റ് ബംഗാൾ ഉൾക്കടലിലേയ്ക്ക് വീശുന്നു. ഭൂമിയുടെ ഭ്രമണം (കോറിയോലിസ് പ്രഭാവം) കാരണം കാറ്റിന്റെ ദിശ വ്യതിചലിച്ച് വടക്കുകിഴക്കു ദിശയിൽ നിന്ന് വീശുന്നു. അതിനാൽ ഈ കാറ്റ് വടക്കുകിഴക്ക് മൺസൂൺകാറ്റ് (മൺസൂണിനു ശേഷമുള്ള കാറ്റ്) എന്നു പറയുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ വടക്കു കിഴക്കൻ കാറ്റിന്റെ രൂപീകരണവുമായി ഈ കാലത്തിന് ബന്ധമുണ്ട്. ആന്ധ്രാപ്രദേശ്, തമിഴ്നാട്, കേരളം, ദക്ഷിണ കർണ്ണാടകത്തിന്റെ ഉൾഭാഗം എന്നിവിടങ്ങളിൽ കനത്ത മഴ ലഭി ക്കുന്നു. അതായത് അവിടത്തെ വാർഷിക വർഷ പാതത്തിന്റെ 35% ഈ കാലവർഷക്കാറ്റിനാൽ ലഭിക്കുന്നു. ബംഗാൾഉൾക്കടലിൽ രൂപംകൊള്ളുന്നു ശക്തമായ ന്യൂനമർദ്ദം കാരണം തമിഴ്നാ

X Std - Geography Malayalam Unit-2.indd 151 1/27/2023 10:05:57 AM

ടിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും ആന്ധ്രാപ്രദേശിൽ ചിലയിടങ്ങളിലും കർണ്ണാടകത്തിലും മഴ ലഭിക്കുന്നു. ശക്തമായ മഴയും കൊടുങ്കാറ്റും കടലോര പ്രദേശങ്ങളിൽ മനുഷ്യന്റെ ജീവനും സ്വത്തുകൾക്കും കനത്ത നാശനഷ്ടമുണ്ടാക്കുന്നു. രാജ്യം മുഴുവൻ പകൽ താപനില വളരെ കുറയുന്നു. രാജ്യത്തിന്റെ വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിൽ ശരാശരി താപനില ഒക്ടോബറിൽ 38°C ൽ നിന്നും നവംബറിൽ 28°C ലേക്ക് കുറയുന്നു.



ലോകത്തിൽ ഏറ്റവുമധികം മഴ (1141 സെ.മീ.) ലഭിക്കുന്ന പ്രദേശം മൗസിൻറാം ആണ്. ഇത് മേഘാലയത്തിൽ സ്ഥിതി ചെയ്യുന്നു.

2.3 മഴയുടെ വിതരണം

ഇന്ത്യയിലെ ശരാശരി വാർഷിക വർഷപാതം 118 സെ.മീ. ആണ്. മഴയുടെ പ്രാദേശിക വിതരണം രാജ്യത്തിൽ എല്ലാസ്ഥലത്തും ഒരുപോലെയല്ല

പടിഞ്ഞാറൻ തീരപ്രദേശം, ആസ്സാം, ദക്ഷിണമേഘാലയം, ത്രിപുര, നാഗാലാന്റ്, അരുണാചൽപ്രദേശ്, എന്നിവിടങ്ങളിൽ 200 സെന്റിമീറ്ററിലധികം മഴ ലഭിക്കുന്നു. രാജസ്ഥാൻ,പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശിന്റെ പടിഞ്ഞാറും തെക്കുപടിഞ്ഞാറും, പടിഞ്ഞാറൻ മധ്യപ്രദേശ്, തമിഴ്നാട്ടിലെ തീരപ്രദേശത്തിന്റെ ഒരു ഇടുങ്ങിയ ഭാഗമൊഴികെ ഡക്കാൺ പീഠഭൂമി പ്രദേശം എന്നിവിടങ്ങളിൽ 100 സെ.മീറ്ററിൽ കുറഞ്ഞ മഴ ലഭിക്കുന്നു. ബാക്കിയുള്ള പ്രദേശങ്ങളിൽ 100 സെന്റിമീറ്ററിനും 200 സെന്റിമീറ്ററിനും ഇട യിൽ മഴ പെയ്യുന്നു.

2.4 പ്രകൃതി സസ്യങ്ങൾ

പ്രത്യക്ഷമായോ പരോക്ഷമായോ മനുഷ്യന്റെ ഇടപെടലുകളില്ലാതെ വളരുന്ന സസ്യജാലങ്ങളെ പ്രകൃതിസസ്യങ്ങൾ എന്നു പറയുന്നു. ഇതിന്റെ നിലനില്പിനെ നിയന്ത്രിക്കുന്ന ചില പരിസ്ഥിതി ഘടകങ്ങളുണ്ട്. മനുഷ്യന്റെ ഇടപെടലുകളില്ലാമെത വളരെക്കാലമായി ഒരു സ്ഥലത്തു വളരുന്ന വൃക്ഷങ്ങൾ, കുറ്റിച്ചെടികൾ, പുൽച്ചെടികൾ തുടങ്ങി സ്വാഭാവികമായി വളരുന്ന സസ്യജാലങ്ങളെല്ലാം പ്രകൃതി സസ്യങ്ങളിൽ ഉൾപ്പെടും.

കാലാവസ്ഥ, മണ്ണ്, ഭൂപ്രകൃതി എന്നിവയാണ് പ്രകൃതി സസ്യങ്ങളുടെ വിതരണത്തെ സ്വാധീനിക്കുന്ന പരിസ്ഥിതി ഘടകങ്ങൾ.

മുകളിൽ പ്രസ്താവിച്ച ഘടകങ്ങളെ അടിസ്ഥാനമാക്കി ഇന്ത്യയിലെ പ്രകൃതിസസ്യങ്ങളെ താഴെ പറയുന്ന വിധം തരം തിരിച്ചിട്ടുണ്ട്.

ഉഷ്ണമേഖല നിത്യഹരിതവനങ്ങൾ

വർഷത്തിൽ 200 സെ.മീറ്ററിലധികം മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ നിത്യഹരിത വനങ്ങൾ കാണപ്പെടുന്നു. ഇവിടത്തെ വാർഷിക താപനില 22° സെൽഷ്യസും ആർദ്രത 70 ശതമാനത്തിലധികവുമാണ്. മഹാരാഷ്ട്ര, കർണ്ണാടകം, കേരളം, ആൻഡമാൻ നിക്കോബർ ദ്വീപുകൾ, ആസ്സാം, പശ്ചിമബംഗാൾ, നാഗാലാന്റ്, ത്രിപുര, മിസ്സോറം, മണിപ്പൂർ, മേഘാലയ എന്നിവിടങ്ങളിൽ ഇത്തരം വനങ്ങൾ കാണപ്പെടുന്നു. മഹാഗണി, റബ്ബർ, എബണി, റോസ്വുഡ്, പന, അയൺവുഡ്, സിഡാർ എന്നീ മരങ്ങൾ ഇവിടെ വളരുന്നു. ഗതാഗത സൗകര്യങ്ങളുടെ അഭാവത്താൽ ഇത് പൂർണ്ണമായും ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

ഉഷ്ണമേഖലാ ഇലപൊഴിയും കാടുകൾ

വർഷത്തിൽ 100 സെന്റിമീറ്ററിനും 200 സെന്റിമീറ്ററിനും ഇടയിൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഈ വനങ്ങൾ കാണപ്പെടുന്നു. ഇവയെ **മൺസൂൺ കാടുകൾ** എന്നും വിളിക്കുന്നു. ഈ മേഖലയിലെ ശരാശരി വാർഷിക താപനിലഏകദേശം 27 സെൽഷ്യസും വാർഷിക ആപേക്ഷിക ആർദ്രത 60 മുതൽ 70 ശതമാനം വരെയുമാണ്. വസന്തകാലത്തിലും വേനൽ ക്കാലത്തിന്റെ ആരംഭത്തിലും ഈ കാടുകളിലെ മരങ്ങൾ ഇല പെ ാഴിക്കുന്നു. (ഉപ ഹിമാലയൻ മേഖലയിൽ പഞ്ചാബ് മുതൽ അസ്സാം വരെയും മഹാസമതലത്തിൽ പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്, ബീഹാർ, പശ്ചിമബംഗാൾ എന്നിവിടങ്ങളിലും മധ്യ ഇന്ത്യയിൽ ജാർഖണ്ഡ്, മധ്യപ്രദേശ്, ഛത്തീസ്ഗഢ് എന്നിവിടങ്ങളിലും ദക്ഷിണേന്ത്യയിൽ മഹാരാഷ്ട്ര, കർണ്ണാടക, തെലുങ്കാന, ആന്ധ്രാപ്രദേശ്, തമിഴ്നാട്, കേരളം എന്നിവിടങ്ങളിലും ഇത്തരം വനങ്ങളുണ്ട്. തേക്ക്, സാൽ എന്നിവ ഇവിടത്തെ പ്രധാന വൃക്ഷങ്ങളാണ്. ചന്ദനം, റോസ്വുഡ്, കുസുമം, മാഹു, പാല, ഹൽഡു, അംല, പഡുക്, മുള തുടങ്ങിയ സാമ്പത്തിക പ്രാധാന്യമുള്ള ധാരാളം മരങ്ങൾ ഇവിടെയുണ്ട്. ഈ കാടുകളിൽ നിന്ന് സുഗന്ധദ്രവ്യങ്ങൾ വാർണിഷ്, ചന്ദനതൈലം, വാസനതൈലം എന്നിവ ലഭിക്കുന്നു.


ഉഷ്ണമേഖലാ വരണ്ടകാടുകൾ

50 സെന്റീമീറ്ററിനും 100 സെന്റിമീറ്ററിനും ഇടയിൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഈ കാടുകൾ കാണപ്പെടുന്നു. കിഴക്കു രാജസ്ഥാൻ, ഹരിയാന, പഞ്ചാബ്, ഉത്തർപ്രദേശിന്റെ പടിഞ്ഞാ റുഭാഗം, മധ്യപ്രദേശ്, കിഴക്കൻ മഹാരാഷ്ട്ര, തെലുങ്കാന, പടിഞ്ഞാറൻ കർണ്ണാടകം, തമിഴ് നാടിന്റെ കിഴക്കുഭാഗം എന്നിവിടങ്ങളിൽ ഈ കാടുകൾ കാണപ്പെടുന്നു. മാഹു, ആൽമരം, കടമ്പു വൃക്ഷം, കീകാർ, മുള, കരുവേലം ഖയിർ എന്നിവ ഇവിടെ വളരുന്ന മരങ്ങളാണ്.

മരുഭൂമി അർദ്ധമരുഭൂമി സസ്യങ്ങൾ: ഇവയെ ഉഷ്ണമേഖലാ മുൾക്കാടുകൾ എന്നും പ റയുന്നു. വാർഷിക വർഷപാതം 50 സെന്റിമീറ്ററിൽ കുറവായ പ്രദേശങ്ങളിൽ ഇവ കാണപ്പെടുന്നു. ആർദ്രത കുറഞ്ഞ അത്യുഷ്ണ മേഖലയാണിവ. വടക്കുപടിഞ്ഞാറൻ ഇന്ത്യയിലെ പടിഞ്ഞാറൻ രാജസ്ഥാൻ, ഉത്തര ഗുജറാത്ത്, തെക്കു പടിഞ്ഞാറൻ പഞ്ചാബ്, എന്നിവിടങ്ങളിലും ഡെക്കാൺ

X Std - Geography Malayalam Unit-2.indd 152 1/27/2023 10:05:57 AM

ഇന്ത്യയിലെ പ്രകൃതി സസ്യങ്ങൾ



പീഠ ഭൂമിയിൽ കർണ്ണാടക, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലും ഇത്തരം വനങ്ങൾ കാണപ്പെടുന്നു. കരുവേലകം, കികാർ, കാട്ടുപന എന്നീ മരങ്ങൾ ഇവിടെ സാധാരണയായി കണ്ടുവരുന്നു.

പർവ്വത വനങ്ങൾ (മലങ്കാടുകൾ)

ഉയരം, മഴയുടെ അളവ് എന്നിവ അടിസ്ഥാനമാക്കിയാണ് ഈ വനങ്ങളെ തരം തിരിച്ചിരിക്കു ന്നത്.

(i) വടക്കു കിഴക്കൻ ഇന്ത്യൻ സംസ്ഥാനങ്ങളിലുള്ള ഹിമാലയ നിരകളുടെ കിഴക്കൻ ചരിവുകളിൽ ഈ വനങ്ങൾ കാണപ്പെടുന്നു. ഈ വനങ്ങളുടെ 1200 മീറ്റർ മുതൽ 2400 മീറ്റർ വരെ ഉയരമുള്ള ഭാഗങ്ങളിൽ സാൽ, ഓക്ക്, ചെസ്ട്നട്ട്, ലോറൽ, അമുറ, കറുവപ്പട്ട പോലെയുള്ള മരങ്ങളും 2400 മീറ്റർ മുതൽ 3600 മീറ്റർ വരെ ഉയരമുള്ള ഭാഗങ്ങളിൽ ഓക്ക്, ബിർച്ച്, സിൽവർ, ഫിർ, പൈൻ, സ്പ്രൂസ്, ജൂനിപെർ പോലെയുള്ള മരങ്ങളും വളരുന്നു.

(ii) മിതമായ മഴ ലഭിക്കുന്ന മേഖലകളിൽ ഇത്തരം വനങ്ങൾ കാണപ്പെടുന്നു. ജമ്മുകാശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ ഈ വനങ്ങൾ കാണുന്നു. 900 മീറ്റർ ഉയരം വരെ അർദ്ധ മരുഭൂമി സസ്യങ്ങൾ കാണപ്പെടുന്നു. ഇതിനെ കുറ്റിച്ചെടികളെന്നും, ചെറിയ വൃക്ഷങ്ങൾ എന്നും പറയുന്നു. 900 മീറ്റർ മുതൽ 1800 മീറ്റർ വരെ ഉയരമുള്ള മലകളിൽ ചിർപൈൻ മരങ്ങൾ അധികമായി കാണപ്പെടുന്നു. 1800 മീറ്ററിനും 3000 മീറ്ററിനു മിടയിൽ ഉപ മിതോഷ്ണ മേഖല സൂചിയിലക്കാടുകൾ കാണപ്പെടുന്നു

ആൽപൈൻ വനങ്ങൾ

ഹിമാലയത്തിൽ 2400 മീറ്ററിലധികം ഉയരമുള്ള സ്ഥലങ്ങളിൽ ഇവ വളരുന്നു. ഓക്ക്, സിൽവർഫിർ, പൈൻ, ജൂനിപെർ എന്നിവ ഈ

X Std - Geography Malayalam Unit-2.indd 153 1/27/2023 10:05:58 AM



വനങ്ങളിലെ പ്രധാന വൃക്ഷങ്ങളാണ്. ഹിമാലയൻ നിരകളുടെ കിഴക്കു ഭാഗങ്ങളിൽ ഈ വനങ്ങൾ അധികമായി കാണുന്നു.

കണ്ടൽ വനങ്ങൾ

ഡെൽറ്റാപ്രദേശങ്ങൾ, അഴിമുഖങ്ങൾ തുടങ്ങിയ വേലിയേറ്റത്തിരകളുടെ സ്വാധീനമുള്ള പ്രദേശങ്ങളിലുള്ള വനങ്ങളാണിവ. ഇതിനെ ഡെൽറ്റാ വനങ്ങൾ അല്ലെങ്കിൽ ചതുപ്പു നില ക്കാടുകൾ എന്നും അറിയപ്പെടുന്നു. ഗംഗാ-ബ്രഹ്മപുത്ര എന്നീ നദികളുടെ ഡെൽറ്റാ പ്രദേശങ്ങളിൽ വളരെ വലിയ കണ്ടൽ വനങ്ങളുണ്ട്. മഹാനദി, ഗോദാവരി, കൃഷ്ണ എന്നീ നദികളുടെ

X Std - Geography Malayalam Unit-2.indd 154 1/27/2023 10:05:59 AM

ഡെൽറ്റാ പ്രദേശങ്ങളിലും ഇത്തരം വനങ്ങൾ കാണുന്നു. ഇവയെ മാങ്ഗ്രോവ് വനങ്ങൾ എന്നു വിളിക്കുന്നു.

2.5 വന്യജീവികൾ

പ്രകൃതിയിൽ ഏതെങ്കിലും ഒരു ആവാസ വ്യവസ്ഥയിൽ ജീവിക്കുന്ന ജന്തുജാലങ്ങളെ വന്യ ജീവികൾ എന്നു പറയുന്നു. നട്ടെല്ലുള്ള ജീവികൾ (മത്സ്യങ്ങൾ, ഉഭയജീവികൾ, ഇഴജന്തുക്കൾ, പക്ഷികൾ,സസ്തനികൾ) എന്നും നട്ടെല്ലില്ലാത്ത ജീവികൾ (പ്രാണികൾ, നിശാശലഭങ്ങൾ, ചിത്ര ശലഭങ്ങൾ) എന്നും വന്യജീവികൾ രണ്ടു തരത്തി ലുണ്ട്. വൈവിധ്യ പൂർണ്ണമായ വന്യജീവികളാൽ സമ്പന്നമാണ് ഇന്ത്യ. ലോകത്തിൽ ഏകദേശം 1.5 ജന്തുവർഗ്ഗങ്ങൾ ഉള്ളതിൽ 81,251 വർഗ്ഗങ്ങൾ ഇന്ത്യയിലുണ്ട്.

കടുവ, സിംഹം, പുലി, ഹിമക്കരടി, മലമ്പാമ്പ്, കുറുക്കൻ, ചെന്നായ്, കരടി, മുതല, കാണ്ടാമൃഗം, ഒട്ടകം, നായ, കുരങ്ങ്, പാമ്പ്, പോത്ത്, വിവിധയിനം മാനുകൾ, ഏഷ്യൻ ആനകൾ തുടങ്ങിയ വന്യമൃഗങ്ങളുടെ ആവാസകേന്ദ്രമാണ് ഇന്ത്യ. വേട്ടയാടൽ, മൃഗവേട്ട, വനനശീകരണം തുടങ്ങിയ മാനുഷിക പ്രവർത്തനങ്ങൾ വന്യ ജീവികളുടെ നിലനില്പിനെ പ്രതികൂലമായി ബാധിക്കുന്നു.

ഇന്ത്യൻ വന്യജീവി ബോർഡ് (കഡഋഘ)

വന്യജീവി സംരക്ഷണത്തിനും പരിപാലന ത്തിനും വേണ്ടി ഗവൺമെന്റിന് നിർദ്ദേശം നൽകാനായി 1952-ൽ ഇന്ത്യൻ ബോർഡ് ഫോർ വൈൽഡ് ലൈഫ് രൂപീകരിച്ചു. വന്യജീവികളെ പരിപാലിക്കുന്നതിനും മൃഗവേട്ട, കടത്തൽ, നിയമവിരുദ്ധ വ്യാപാരം എന്നിവ നിയന്ത്രിച്ച് വന്യജീവികളെ സംരക്ഷിക്കുന്നതിനും വേണ്ടി 1972-ൽ വന്യജീവി സംരക്ഷണനിയമം പാസ്സാക്കി.

രാജ്യത്തിന്റെ സമ്പന്നവും വൈവിധ്യവുമായ വന്യജീവികളെ സംരക്ഷിക്കാനായി 102 ദേശീയ പാർക്കുകളും 515 വന്യജീവി സംരക്ഷണകേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്.

ജൈവ സംരക്ഷണ മേഖല

തീരദേശ പരിസ്ഥിതിയിലുള്ള സംരക്ഷിത പ്രദേശങ്ങളാണ് ജൈവസംരക്ഷണമേഖല.

ഇന്ത്യാ ഗവൺമെന്റ് 18 ജൈവ സംരക്ഷണമേഖലകൾ സ്ഥാപിച്ചിട്ടുണ്ട്. വിശാലമായ സ്വാഭാവിക ആവാസവ്യവസ്ഥകളുടെ സംരക്ഷണവും സാമ്പത്തിക ഉപയോഗത്തിനായി സ്ഥാപിക്കപ്പെട്ട ഒന്നോ അതിലധികമോ ദേശീയ പ ാർക്കുകളുടെ സംരക്ഷണവുമാണ് ഇതിന്റെ മുഖ്യ ചുമതല.

നിങ്ങൾക്ക് അറിയാമോ?

ഇന്ത്യയിലെ കടുവ സംരക്ഷണം കേന്ദ്രങ്ങളിൽ കടുവകളെ സംര ക്ഷിക്കുന്നതിനും അവയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും വേണ്ടി 1973 ഏപ്രിൽ മാസത്തിൽ 'ടൈഗർ പ്രോജക്ട്' പദ്ധതി നടപ്പിലാക്കി.

ഇന്ത്യയിലെ ജൈവ സംരക്ഷണ മേഖല

ഇന്ത്യയിലെ18 ജൈവസംരക്ഷണ മേഖലയിൽ 11 കേന്ദ്രങ്ങൾ (മന്നാർ ഉൾക്കടൽ, നന്ദാദേവി, നീലഗിരി, നോക്‌രെക്ക്, പച്ച്മാർഹി, സിംലിപാൽ, സുന്ദരവനങ്ങൾ, അഗസ്ത്യമല, ഗ്രേറ്റ്നിക്കോബർ, കാഞ്ചൻജംഗ, അമരകണ്ടക്) UNESCO യുടെ മനുഷ്യനും ജൈവമണ്ഡലവും പ്രോഗ്രാമുകളുടെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നു.

സംഗ്രഹം

- ഇന്ത്യയിലെ കാലാവസ്ഥ പൊതുവെ ഉഷ്ണമേഖലാ മൺസൂൺ കാലാവസ്ഥ എന്നാണ റിയപ്പെടുന്നത്.
- ഇന്ത്യയിലെ ഋതുക്കളെ നാലായി തിരിച്ചിട്ടുണ്ട്. അവ ശൈത്യകാലം, ഉഷ്ണകാലം തെക്കു പടിഞ്ഞാറൻ മൺസൂൺ കാലം, വടക്കു കിഴക്കൻ മൺസൂൺ കാലം എന്നിവയാണ്.
- പ്രത്യക്ഷമായോ പരോക്ഷമായോ മനുഷ്യന്റെ ഇടപെടലുകളില്ലാതെ വളരുന്ന സസ്യജാലങ്ങളെ പ്രകൃതിസസ്യങ്ങൾ എന്നുപറയുന്നു.
- പ്രകൃതി സസ്യങ്ങളെ ഉഷ്ണമേഖല നിത്യഹരിതവനങ്ങൾ, ഉഷ്ണമേഖല ഇലപൊഴിയും കാടുകൾ, ഉഷ്ണമേഖല വരണ്ടകാടുകൾ, മരുഭൂമി അർദ്ധമരുഭൂമി സസ്യങ്ങൾ, പർവ്വതവനങ്ങൾ (മലങ്കാടുകൾ) ആൽപൈൻ വനങ്ങൾ, കണ്ടൽവനങ്ങൾ (ചതുപ്പുനിലക്കാടുകൾ) എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.
- തീരദേശപരിസ്ഥിതി സംരക്ഷണത്തിനായി ഏർപ്പെടുത്തിയ ജൈവസംരക്ഷണ മേഖലയിലെ അവിഭാജ്യഘടകമാണ് ജനങ്ങൾ.

X Std - Geography Malayalam Unit-2.indd 155 1/27/2023 10:05:59 AM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. പശ്ചിമ അസ്വസ്ഥതകൾ എന്ന കാറ്റിനാൽ മഴ ലഭിക്കുന്ന പ്രദേശം_____.
   a) തമിഴ്നാട് b) കേരളം
   c) പഞ്ചാബ് d) മധ്യപ്രദേശ്
2. കേരളത്തിലെയും കർണ്ണാടകത്തിലേയും തീര പ്രദേശങ്ങളിൽ മാങ്ങകൾ വേഗത്തിൽ വിളഞ്ഞു പഴുക്കാൻ സഹായിക്കുന്നത്_____.
   a) ലൂ b) നോർവെസ്റ്റേർസ്
   c) മാംഗോഷവർസ് d) ജെറ്റ് കാറ്റ്
3. തുല്യ വർഷപാതമുള്ള സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന രേഖ_____ ആണ്.
   a) ഐസൊഹൈറ്റ് b) ഐസൊബാർ
   c) ഐസെതെം d) അക്ഷാംശങ്ങൾ
4. ഇന്ത്യയുടെ കാലാവസ്ഥ _____എന്നറിയപ്പെടുന്നു.
   a) ഉഷ്ണമേഖല ആർദ്രത
   b) ഭൂമധ്യരേഖാ കാലാവസ്ഥ
   c) ഉഷ്ണമേഖലാ മൺസൂൺ കാലാവസ്ഥ
   d) മിതോഷ്ണ മേഖലാ കാലാവസ്ഥ
5. മൺസൂൺ കാടുകളെ _____എന്നും വിളിക്കുന്നു.
   a) ഉഷ്ണമേഖലാ നിത്യഹരിത വനങ്ങൾ
   b) ഇലപൊഴിയും കാടുകൾ
   c) മാങ്ഗ്രോവ് വനങ്ങൾ
   d) പർവ്വത വനങ്ങൾ
6. ശേഷാചലം ജൈവ സംരക്ഷണ മേഖല സ്ഥിതിചെയ്യുന്നത് _____ലാണ്.
   a) തമിഴ്നാട് b) ആന്ധ്രാപ്രദേശ്
   c) മധ്യപ്രദേശ് d) കർണ്ണാടക
7. UNESCO യുടെ ജൈവസംരക്ഷണ മേഖലയിൽ അംഗമല്ലാത്തത് _____ ആണ്
   A) നീലഗിരി b) അഗസ്ത്യമല
   c) ഗ്രേറ്റ് നിക്കോബാർ d) കച്ച്

II. ചേരും പടി ചേർക്കുക:

1.	സുന്ദരവനങ്ങൾ	-	മരുഭൂമി, അർദ്ധമരുഭൂമി സസ്യങ്ങൾ
2.	ജൈവ വൈവിധ്യ മേഖല	-	ഒക്ടോബർ - ഡിസംബർ
3.	വടക്കു കിഴക്കു മൺസൂൺ	-	കടൽത്തീരത്തിനടുത്തുള്ള വനങ്ങൾ
4.	ഉഷ്ണമേഖലാ മുൾക്കാടുകൾ	-	പശ്ചിമബംഗാൾ
5.	തീരദേശ വനങ്ങൾ	-	ഹിമാലയം

III. താഴെ തന്നിട്ടുള്ള പ്രസ്താവന പരിഗണിച്ച് ചുവടെയുള്ള ചോദ്യങ്ങളുടെ ഉത്തരം തെരഞ്ഞെടുക്കുക:

1. പ്രസ്താവന **(A):** ഹിമാലയ പർവ്വത നിരകൾ കാലാവസ്ഥാസീമയായി പ്രവർത്തിക്കുന്നു.
   കാരണം **(R):** ഹിമാലയപർവ്വത നിരകൾ മധ്യ ഏഷ്യയിൽ നിന്നു വരുന്ന ശീതക്കാറ്റിനെ തടഞ്ഞു നിർത്തി ഇന്ത്യ ഉപഭൂഖണ്ഡത്തെ ഉഷ്ണമേഖലാ രാജ്യമായി നിലനിർത്തുന്നു.
   a) പ്രസ്താവനയും (A) കാരണവും (B) ശരി കാരണം R പ്രസ്താവനയെ വിശദമാക്കുന്നു.
   b) പ്രസ്താവനയും (A) കാരണവും (B) ശരി കാരണം R പ്രസ്താവനയെ വിശദമാക്കുന്നില്ല.
   c) പ്രസ്താവന (A) ശരി കാരണം (R) തെറ്റ്.
   d) പ്രസ്താവന (A) തെറ്റ് കാരണം (R) ശരി.

IV. ഉചിതമല്ലാത്ത ഉത്തരം കണ്ടെത്തുക:

1. കണ്ടൽ വനങ്ങൾ കാണുന്നത്_____ൽ ആണ്.
   (a) മരുഭൂമി
   (b) ഗംഗയുടെയും ബ്രഹ്മപുത്രയുടെയും ഡെൽറ്റാ പ്രദേശത്ത്
   (c) ഗോദാവരി ഡെൽറ്റ
   (d) മറ്റാനദി ഡെൽറ്റ
2. ഇന്ത്യയുടെ കാലാവസ്ഥയെ ബാധിക്കുന്ന ഘടകങ്ങൾ.
   (a) അക്ഷാംശങ്ങളുടെ വ്യാപനം
   (b) ഉയരം
   (c) സമുദ്രത്തിൽ നിന്നുള്ള അകലം
   (d) മണ്ണ്

V. ഉത്തരം ചുരുക്കി എഴുതുക:

1. ഇന്ത്യയുടെ കാലാവസ്ഥയെ നിർണ്ണയിക്കുന്ന ഘടകങ്ങൾ ഏവ?.
2. സാധാരണ താപ വീഴ്ചാ നിരക്ക് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

X Std - Geography Malayalam Unit-2.indd 156 1/27/2023 10:06:00 AM

3. ജെറ്റ് കാറ്റുകൾ എന്നാൽ എന്ത്?
4. മൺസൂൺ കാറ്റുകൾ ചെറുകുറിപ്പെഴുതുക.
5. ഇന്ത്യയിലെ നാല് ഋതുക്കളുടെ പേരെഴുതുക.
6. കാലവർഷ വിസ്ഫോടനം എന്നാൽ എന്ത്?
7. കനത്തമഴ ലഭിക്കുന്ന പ്രദേശങ്ങളുടെ പേരെഴുതുക.
8. ഇന്ത്യയിൽ മാങ്ഗ്രോവ് കാടുകൾ കാണുന്ന സ്ഥലങ്ങളുടെ പേരെഴുതുക.
9. ഇന്ത്യയിലെ ഏതെങ്കിലും അഞ്ച് ജൈവ മണ്ഡല സംരക്ഷണ കേന്ദ്രങ്ങളുടെ പേരെഴുതുക.

VI. വേർതിരിച്ചെഴുതുക:

1. അന്തരീക്ഷസ്ഥിതി, കാലാവസ്ഥ.
2. ഉഷ്ണമേഖലാ നിത്യഹരിതവനങ്ങൾ, ഇല പൊഴിയും കാടുകൾ.
3. വടക്കുകിഴക്ക് മൺസൂൺകാറ്റ്, തെക്കുപടിഞ്ഞാറൻ മൺസൂൺകാറ്റ്.

VII. കാരണം കണ്ടുപിടിക്കുക:

1. ഇന്ത്യയിൽ ഉഷ്ണമേഖലാ മൺസൂൺ കാലാവസ്ഥയാണുള്ളത്.
2. സമതലപ്രദേശങ്ങളെക്കാൾ മലമ്പ്രദേശങ്ങളിൽ തണുപ്പ് കൂടുതലായിരിക്കും.

VIII. ഉത്തരം വിവരിച്ചെഴുതുക:

1. തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റിനെ കുറിച്ചെഴുതുക.
2. ഇന്ത്യയിലെ വനങ്ങളെ കുറിച്ചെഴുതുക.

IX. ഭൂപടം:

ഇന്ത്യാ ഭൂപടത്തിൽ താഴെ പറയുന്നവ അടയാളപ്പെടുത്തുക.

1. തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റിന്റെ ദിശ.
2. വടക്കു കിഴക്കൻ മൺസൂൺ കാറ്റിന്റെ ദിശ.
3. അധികം മഴ ലഭിക്കുന്ന പ്രദേശങ്ങൾ.
4. പർവ്വത വനങ്ങൾ (മലങ്കാടുകൾ).
5. പന്ന ജൈവമണ്ഡല സംരക്ഷണ കേന്ദ്രം.
6. അഗസ്ത്യമല ജൈവ മണ്ഡല സംരക്ഷണ കേന്ദ്രം.

REFERENCE BOOKS

1. Attri, S.D. and A. Tyagi, 2010. "*Climate Profile of India*", India Meteorological Department, Ministry of Earth Sciences, Govt. of India, New Delhi.
2. Singh, S. and J. Saroha, 2014. "*Geography of India*", Access Publishing India Pvt. Ltd. New Delhi.
3. Hussain, M. 2008. "*Geography of India*" Tata McGraw-Hill Publishing House Company Ltd. New Delhi.
4. Govt. of India, 2014. "*India's fifth National report to the Convention on Biological Diversity*" Ministry of Environment and Forests.



ICT കോർണർ

ഇന്ത്യയുടെ കാലാവസ്ഥയും പ്രകൃതി സസ്യങ്ങളും

ഘട്ടങ്ങൾ

- ബ്രൗസർ തുറന്ന് തന്നിരിക്കുന്ന URL ടൈപ്പ് ചെയ്യുക അല്ലെങ്കിൽ QR Code സ്കാൻ ചെയ്യുക.
- താഴോട്ട് സ്ക്രോൾ ചെയ്ത് 'Explore' ക്ലിക്ക് ചെയ്യുക.
- ഇടതുവശത്തു കൊടുത്തിട്ടുള്ള 'Climate' ക്ലിക്ക് ചെയ്ത് 'Annual Rainfall' തെരഞ്ഞെടുത്തെഴുതുക.

Website URL:

https://bhuvan-app1.nrsc.gov.in/mhrd_ncert/

1TULW

X Std - Geography Malayalam Unit-2.indd 157 1/27/2023 10:06:00 AM

യൂണിറ്റ് 3

കൃഷിയുടെ ഘടകങ്ങൾ



പഠന ലക്ഷ്യങ്ങൾ

- ഇന്ത്യയിലെ മൺതരങ്ങളുടെ സ്വഭാവത്തെക്കുറിച്ചും അവയുടെ വിതരണത്തെക്കുറിച്ചും മനസ്സിലാക്കൽ.
- ഇന്ത്യയിലെ ജലസേചന സമ്പ്രദായത്തെക്കുറിച്ചും വിവിധോദ്ദേശ്യ പദ്ധതികളുടെ പ്രാധാന്യത്തെക്കുറിച്ചും അറിയുക.
- കൃഷി, കൃഷിയുടെ തരങ്ങൾ, അവയുടെ പ്രാധാന്യം എന്നിവ മനസ്സിലാക്കുക.
- ഇന്ത്യയുടെ കന്നുകാലിസമ്പത്തിനെക്കുറിച്ചും മത്സ്യസമ്പത്തിനെക്കുറിച്ചും അറിയുക.
- ഇന്ത്യയിലെ കൃഷിയുടെ പ്രശ്നങ്ങളെ കുറിച്ച് മനസ്സിലാക്കുക.

58D2Z

ആമുഖം

മണ്ണ് വളരെ പ്രധാനപ്പെട്ട പ്രകൃതി വിഭവങ്ങളിൽ ഒന്നാണ്. ഇന്ത്യയുടെ അതേ വലിപ്പത്തിലുള്ള മറ്റു രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വ്യത്യസ്തങ്ങളായ ഭൂപ്രകൃതിയുടെ ഫലമായി വിവിധതരം മണ്ണിനങ്ങൾ ഇവിടെ കാണപ്പെടുന്നു. സമ്പന്നവും ഫലഭൂയിഷ്ഠവുമായ മൺതരങ്ങളുടെ ഫലമായുള്ള കാർഷിക അഭിവൃദ്ധി ഉയർന്ന ജനസാന്ദ്രതയെ താങ്ങി നിർത്തുന്നതിന് സഹായിക്കുന്നു.

3.1 മണ്ണ്


ധാതുക്കൾ, ജൈവപദാർത്ഥങ്ങൾ, ജീവജാലങ്ങൾ, വായു, ജലം എന്നിവയടങ്ങിയ ഭൂമിയുടെ ഉപരിതലത്തെയാണ് മണ്ണ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സിലിക്ക, കളിമണ്ണ്, ചുണ്ണാമ്പുകല്ല് പോലുള്ള ധാതുക്കൾ മണ്ണിലടങ്ങിയിരിക്കുന്നു. വ്യത്യസ്ത കാലാവസ്ഥകളുടെ ഫലമായി പാറകൾ പൊടിഞ്ഞ് മണ്ണ് ഉണ്ടാകുന്നു. വ്യത്യസ്ത സ്ഥലങ്ങളിൽ വ്യത്യസ്തങ്ങളായ മൺതരങ്ങൾ കാണപ്പെടുന്നു.

മൺതരങ്ങൾ

1953-ൽ സ്ഥാപിതമായ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ICAR) ഇന്ത്യയിലെ മൺതരങ്ങളെ താഴെ പറയുന്ന എട്ടുവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.\

1. എക്കൽമണ്ണ്
2. ചെമ്മണ്ണ്
3. കരിമണ്ണ്
4. ചരൽമണ്ണ്
5. മലമ്പ്രദേശമണ്ണ്
6. മരുഭൂമിമണ്ണ്
7. ക്ഷാരമണ്ണ്
8. ചതുപ്പുനിലമണ്ണ്

ഇന്ത്യയിലെ മൺതരങ്ങൾ



X Std - Geography Malayalam Unit-3.indd 158 1/27/2023 10:06:19 AM

മൺതരം	മണ്ണിന്റെ സവിശേഷതകൾ	വിതരണം	വളരുന്ന വിളകൾ
വണ്ടൽമണ്ണ് (എക്കൽ മണ്ണ്)	**ഖദാർ :** മണൽ കലർന്ന ഇളം നിറം. **ഭംഗർ :** കളിമണ്ണ് കലർന്ന പഴയ വണ്ടൽമണ്ണ് ഇരുണ്ടനിറം. **രൂപീകരണം :** അരുവികളും നദികളും നിക്ഷേപിക്കുന്ന അവശിഷ്ടങ്ങളാൽ ഉണ്ടാകുന്നു. **രാസഗുണങ്ങൾ :** പൊട്ടാഷ്, ഫോസ്ഫറസ്സ്, അമ്ലം, കാർബൺയൗഗികങ്ങൾ, എന്നിവ ധാരാളം അടങ്ങിയിരിക്കുന്നു. പക്ഷേ നൈട്രജൻ കുറവായി കാണപ്പെടുന്നു. **സ്വഭാവം :** മണലും, കളിമണ്ണും, ചുണ്ണാമ്പു കല്ലും കലർന്നതാണ്.	ഗംഗാ, ബ്രഹ്മപുത്രാ നദീതാഴ്വരകൾ, ഉത്തർപ്രദേശ്, ഉത്തരാഞ്ചൽ, പഞ്ചാബ്, ഹരിയാന, പശ്ചിമബംഗാൾ, ബീഹാർ.	നെല്ല്, ഗോതമ്പ്, കരിമ്പ്, എണ്ണ വിത്തുകൾ.
കരിമണ്ണ്	**രൂപീകരണം :** ഡക്കാൻ പീഠഭൂമിയിലെ ആഗ്നേയ ശിലകൾക്ക് അപചയം സംഭവിച്ച് ഉണ്ടാകുന്നു. **നിറം :** ടൈറ്റാനിയം, ഇരുമ്പ് എന്നിവയുടെ സാനിദ്ധ്യത്താൽ കറുപ്പുനിറം. **രാസഗുണങ്ങൾ :** കാൽസ്യം, ഇരുമ്പ്, പൊട്ടാസ്യം, അലുമിനിയം, മഗ്നീഷ്യം, കാർബണേറ്റുകൾ എന്നിവ അധിക അളവിൽ കാണപ്പെടുന്നു. എന്നാൽ ഫോസ് ഫറസ്, നൈട്രജൻ, ജൈവാവശിഷ്ടങ്ങൾ എന്നിവ കുറവാണ്. **സ്വഭാവം :** ഈർപ്പം നിലനിർത്താനുള്ള കഴിവ് അധികമാണ്.	മഹാരാഷ്ട്ര മാൾവാ പീഠഭൂമി, കത്തിയവാർ, പീഠഭൂമി, ഡക്കാൻ പീഠഭൂമി, തെലങ്കാന, ആന്ധ്രാ പ്രദേശിന്റെ ചില ഭാഗങ്ങൾ.	പരുത്തി, തിന വർഗ്ഗങ്ങൾ, പുകയില, കരിമ്പ്.
ചെമ്മണ്ണ്	**രൂപീകരണം :** പഴയ ഊറൽപ്പാറകൾ, പരിണാമ ശിലകൾ. എന്നിവയ്ക്ക് അപചയം സംഭവിച്ചുണ്ടാകുന്നു. **രാസഗുണങ്ങൾ :** ഇരുമ്പ്, മഗ്നീഷ്യം, എന്നീ ധാതുക്കളാൽ സമ്പന്നമാണ്. നൈട്രജൻ, ചുണ്ണാമ്പ്, ഫോസ്ഫറസ്, ജൈവാവശിഷ്ടങ്ങൾ എന്നിവ കുറവാണ്. **സ്വഭാവം :** ചുവപ്പുനിറത്തിലും പഴുപ്പുനിറത്തിലും മഞ്ഞനിറത്തിലും കാണപ്പെടുന്നു. ഈർപ്പത്തെ താങ്ങി നിൽത്താനുള്ള കഴിവ് കുറവാണ്.	ഡക്കാൻ പീഠഭൂമിയുടെ കിഴക്കൻ ഭാഗം ഛോട്ടാനാഗപ്പൂർ പീഠഭൂമി (ജാർഖണ്ഡ്), കേരള, തമിഴ്നാട്, കർണ്ണാടക. എന്നീ തെക്കൻ സംസ്ഥാനങ്ങൾ.	നെല്ല്, ഗോതമ്പ്, പരുത്തി, കരിമ്പ്, പരിപ്പു വകകൾ.
ചരൽമണ്ണ്	**രൂപീകരണം :** നനവുള്ളതും ചൂടുള്ളതും വരണ്ടതുമായ കാലാവസ്ഥകൾ മാറി മാറി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ലീച്ചിങ് പ്രക്രിയയിലൂടെ രൂപപ്പെടുന്നു. **രാസഗുണങ്ങൾ :** ഇരുമ്പ്, അലുമിനിയം, എന്നിവയുടെ ഓക്സൈഡുകൾ അധിക അളവിൽ കാണപ്പെടുന്നു. **സ്വഭാവം :** കാഠിന്യമുള്ള മണ്ണാണ്. ധാരാളം സുക്ഷിരങ്ങൾ കാണപ്പെടുന്നു.	ആസ്സാം കുന്നുകൾ, കേരളാ കർണ്ണാടക സംസ്ഥാനങ്ങളിലെ ഉയർന്ന പ്രദേശങ്ങൾ, പൂർവ്വഘട്ടം, ഒഡീഷ എന്നിവിടങ്ങളിൽ കാണപ്പെടുന്നു.	കാപ്പി, റബ്ബർ, കശുവണ്ടി, മരച്ചീനി.

X Std - Geography Malayalam Unit-3.indd 159 1/27/2023 10:06:19 AM

മൺതരം	മണ്ണിന്റെ സവിശേഷതകൾ	വിതരണം	വളരുന്ന വിളകൾ
മലമ്പ്രദേശമണ്ണ്	കാലാവസ്ഥ വ്യതിയാനം അനുസരിച്ച് വ്യത്യസ്ത സ്ഥലങ്ങളിൽ വ്യത്യാസപ്പെട്ട് കാണപ്പെടുന്നു. **രൂപീകരണം :** മഞ്ഞ്, ഉഷ്ണവ്യതിയാനം എന്നിവ കാരണം അപക്ഷയം സംഭവിച്ച് രൂപപ്പെടുന്നു. **രാസഗുണങ്ങൾ :** പൊട്ടാഷ്, ഫോസ്ഫറസ് എന്നിവ കുറഞ്ഞ തോതിൽ കാണപ്പെടുന്നു. **സ്വഭാവം :** കല്ലും, ചരലും മണലും നിറഞ്ഞ് കാണപ്പെടുന്നു ജൈവാവശിഷ്ടങ്ങളാൽ സമ്പുഷ്ടമായത്. അമ്ലഗുണമുണ്ട്. മാതൃശിലകൾക്കനുസരിച്ച് സ്വഭാവഗുണങ്ങൾ വ്യത്യാസപ്പെടുന്നു.	ഹിമാചൽ പ്രദേശ്, ഉത്തർപ്രദേശ്, എന്നീ സംസ്ഥാനങ്ങളുടെ മലമ്പ്രദേശങ്ങൾ, ജമ്മുകാശ്മീർ വന പ്രദേശങ്ങൾ, പൂർവ്വ പശ്ചിമഘട്ട മല നിരകൾ.	കാപ്പി, ചായ, നെല്ല്, ഗോതമ്പ്, ചോളം, പഴവർഗ്ഗങ്ങൾ.
മരുഭൂമി മണ്ണ്	**രൂപീകരണം :** വരണ്ട കാലാവസ്ഥയായാലും അത്യുഷ്ണത്താലും രൂപപ്പെടുന്നു. **രാസഗുണങ്ങൾ :** ഉപ്പു രസവും ക്ഷാര ഗുണവുമുള്ള മണ്ണ് കാൽസിയം കാൽബനൈറ്റ്, ഫോസ്ഫൈറ്റ് എന്നിവ കൂടുതലായി കാണപ്പെടുന്നു. ജൈവാവശിഷ്ടങ്ങൾ, നൈട്രജൻ എന്നിവ കുറഞ്ഞ തോതിലും കാണപ്പെടുന്നു. **സ്വഭാവം :** ഈർപ്പം നിലനിർത്താനുള്ള കഴിവ് കുറവാണ്. ഇളം നിറത്തിൽ കാണപ്പെടുന്നു.	രാജസ്ഥാൻ, ഗുജറാത്തിന്റെ വടക്കു ഭാഗം, പഞ്ചാബിന്റെ തെക്കുഭാഗം.	ധാന്യ വർഗ്ഗങ്ങൾ ബാർലി പരുത്തി തിന വർഗ്ഗ ങ്ങൾ ജലസേചനത്തിന്റെ സഹായത്താൽ കൃഷി ചെയ്യപ്പെടുന്നു.
ഉപ്പു കലർന്ന ക്ഷാര ഗുണമുള്ള മണ്ണ്	**രൂപീകരണം :** ഓവുചാൽ സംവിധാനത്തിന്റെ ഫല മായി അഴുക്കുവെള്ളം കെട്ടിക്കിടക്കുന്നതാണ് ഇത്തരം മണ്ണ് രൂപപ്പെടുന്നതിനുള്ള ഒരു പ്രധാന കാരണം. **രാസഗുണങ്ങൾ :** കാൽസിയം, സോഡിയം, മഗ്നീഷ്യം ലവണങ്ങളെ പുറന്തള്ളുന്നു. **സ്വഭാവം :** പാറക്കഷണങ്ങളും ധാതുലവണങ്ങളും അടങ്ങിയ മണ്ണ്.	ആന്ധ്രപ്രദേശ്, കർണ്ണാടകം സംസ്ഥാനങ്ങൾ, ഉത്തർപ്രദേശ്, ഹരിയാന, പഞ്ചാബ്, രാജസ്ഥാൻ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളുടെ വരണ്ട പ്രദേശങ്ങൾ.	
ചതുപ്പു നില മണ്ണ്	**രൂപീകരണം :** അധിക മഴയാലും ഈർപ്പത്താലും രൂപപ്പെടുന്നു. **രാസഗുണങ്ങൾ :** പൊട്ടാഷ്യം, ഫോസ്ഫേറ്റും കുറഞ്ഞ അളവിൽ കാണപ്പെടുന്നു. നല്ലശതമാനം ഉപ്പ് 10-40 ശതമാനം വരെ ജൈവാവശിഷ്ടങ്ങൾ എന്നിവ ഈ മണ്ണിൽ അടങ്ങിയിരിക്കുന്നു. **സ്വഭാവം :** പൊതുവേ കറുപ്പ് നിറത്തിൽ കാണപ്പെടുന്നു. അമ്ലാംശം കൂടുതലാണ്. ഈർപ്പത്തിന്റെ അളവ് വളരെ കൂടുതലാണ്.	കേരളത്തിലെ കോട്ടയം, ആലപ്പുഴ, ജില്ലകൾ, ഒഡീഷയുടെയും തമിഴ്നാടിന്റെയും തീരപ്രദേശങ്ങൾ പശ്ചിമബംഗാളിലെ സുന്ദർബൻസ്, ബീഹാർ, ഉത്തരഖണ്ഡിലെ അൽമോറ ജില്ല.	നെല്ല്, ചണം.

X Std - Geography Malayalam Unit-3.indd 160 1/27/2023 10:06:19 AM

മണ്ണിന്റെ അപചയം


മണ്ണിന്റെ അപചയം ഇന്ത്യയിലെ ഒരു പ്രധാന പ്രശ്നമാണ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിമോട്ട് സെൻസിങ്ങിന്റെ 2015-ലെ കണക്കനു സരിച്ച് ഇന്ത്യയിൽ സംഭവിച്ച മണ്ണൊലിപ്പ് അഥവാ മണ്ണരിപ്പ് 147 മില്യൻ ഹെക്ടറാണ്.

ഇന്ത്യൻ മണ്ണിന്റെ പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ് (i) മണ്ണരിപ്പ്, (ii) മണ്ണിന്റെ അപ ചയം, (iii) വെള്ളക്കെട്ട്, (iv) ഉപ്പ്, ക്ഷാരാംശങ്ങൾ, (v) ഉപ്പളങ്ങൾ.

മണ്ണ് സംരക്ഷണ പരിപാലന പദ്ധതികൾ

1. മരങ്ങൾ വച്ചുപിടിപ്പിക്കൽ
2. അണക്കെട്ടുകളും തടയണങ്ങളും നിർമ്മിക്കൽ
3. അമിതമേച്ചിൽ തടയൽ
4. മെച്ചപ്പെട്ടതും ആധുനികവുമായ കൃഷിരീതികൾ

കോണ്ടൂർ രീതി, ചക്രീയ കൃഷി, കോണ്ടൂർ ബണ്ടിങ്, സ്ട്രിപ്പ് ക്രോപ്പിങ്, ഷെർട്ടർ ബെൽറ്റുകൾ നടുക, സുസ്ഥിര കാർഷിക മേഖലകൾ സ്വീകരിക്കുക തുടങ്ങിയവയാണ് മണ്ണുപരിപാലനത്തിനുള്ള വിവിധ രീതികൾ.



X Std - Geography Malayalam Unit-3.indd 161 1/27/2023 10:06:19 AM


3.2 ജലസേചനം

കൃത്രിമമായ രീതിയിൽ കൃഷിയിടങ്ങൾ നനയ്ക്കുന്നതിനെയാണ് ജലസേചനം എന്നു പറയുന്നത്. ഇന്ത്യ ഒരു ഉഷ്ണമേഖലാ രാജ്യമായതുകൊണ്ടും കാലവർഷം കൃത്യമല്ലാത്തതും അനിശ്ചിതവും ആയതുകൊണ്ടും കൃഷിയുടെ വികസനത്തിന് പ്രത്യേകിച്ച് വാണിജ്യകൃഷിക്ക് ജലസേചനം കൂടിയേ തീരു.

ജലസേചന രീതികൾ

ഭൂപ്രകൃതി, മണ്ണിന്റെ ഘടന, മഴയുടെ ലഭ്യത, നദികളുടെ സ്വഭാവം, വിളകളുടെ ആവശ്യം എന്നിവയ്ക്കനുസരിച്ച് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ ജലസേചന രീതികൾ അവലംബിക്കുന്നു.

- കനാൽ ജലസേചനം
- കിണറു ജലസേചനം
- സംഭരണി ജലസേചനം



ജലസേചന കൃഷിയിടം

a) കനാൽ ജലസേചനം

നമ്മുടെ രാജ്യത്തെ രണ്ടാമത്തെ ഏറ്റവും വലിയ ജലസേചന രീതിയാണിത്. 24% കൃഷിയിടങ്ങളും ഇത്തരത്തിൽ നനയ്ക്കപ്പെടുന്നവയാണ്.

ഫലഭൂയിഷ്ഠവും, വിശാലവും വർഷം മുഴുവനും ജലലഭ്യതയുള്ളതുമായ സ്ഥലങ്ങളിൽ കനാൽ ജലസേചന രീതിയാണ് ഏറ്റവും ഉത്തമം.

1. **സ്വാഭാവിക കനാലുകൾ :** യാതൊരു വിധത്തിലുള്ള തടയണകളോ അണക്കെട്ടുകളോ ഇല്ലാതെ മഴക്കാലത്തുണ്ടാകുന്ന വെള്ളപ്പൊക്ക ജലത്തെ സ്വാഭാവിക രീതിയിൽ വഴിതിരിച്ച് ജലസേചനം നടത്തുന്ന രീതിയാണിത്.
2. **നിരന്തര കനാലുകൾ :** തടയണകൾ നിർമ്മിച്ചുകൊണ്ട് വർഷം മുഴുവൻ ജലമുള്ള നദികളിൽ നിന്നും ജലം കനാലുകളിലേക്ക് തിരിച്ചുവിട്ട് ആ ജലം കാർഷികാവശ്യങ്ങൾക്കു വേണ്ടി പ്രയോജനപ്പെടുത്തുന്ന രീതിയാണിത്. ഉത്തരേന്ത്യൻ സമതലങ്ങളിലെ 60% കനാലുകളും ഈ ഗണത്തിൽ പെടുന്നവയാണ്.

b) കിണറു ജലസേചനം

ഭൂഗർഭജലം ഭൂമിയുടെ ഉപരിതലത്തിൽ എത്തിക്കുന്നതിനു വേണ്ടി ഭൂമിയുടെ ഉപരിഭാഗത്ത് കുത്തനെ താഴേയ്ക്ക് കുഴിക്കുന്ന കുഴിയാണ് കിണർ. ഇന്ത്യയുടെ മൊത്ത ജലസേചന വിസ്തൃതിയുടെ 62 ശതമാനവും കിണറു ജലസേചനത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഇത് ചെലവുകുറഞ്ഞതും, ആശ്രയിക്കാവുന്നതും, സാർവ്വത്രികവുമായ ജലസേചന സ്രോതസ്സാണിത്. കുറഞ്ഞ തോതിൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിലും ടാങ്ക് ജല സേചന സംവിധാനങ്ങൾ പ്രായോഗികമല്ലാത്തതുമായ മേഖലകളിൽ കിണറു ജലസേചനരീതി അത്യന്താപേക്ഷിതമാണ്.

കിണറുകൾ രണ്ടു തരത്തിലുണ്ട്.

i) തുറന്ന കിണറുകൾ

ii) കുഴൽ കിണറുകൾ.

1. **തുറന്നകിണറുകൾ:** ഭൂഗർഭജലം ആവശ്യത്തിന് ലഭ്യമായ മേഖലകളിൽ ഇത്തരത്തിലുള്ള ജലസേചന രീതി കൂടുതലായും അവലംബിക്കുന്നു. ഗംഗാസമതലം, മഹാനദി, കൃഷ്ണ, കാവേരി എന്നീ നദികളുടെ അഴിമുഖ പ്രദേശങ്ങൾ, നർമ്മദ, താപതീ നദീ താഴ്വരകൾ എന്നീ മേഖലകളിൽ പ്രധാനമായും ഇത്തരത്തിലുള്ള തുറന്ന കിണറുകൾ ഉപയോഗപ്പെടുത്തിയാണ് ജലസേചനം നടത്തുന്നത്.
2. **കുഴൽ കിണറുകൾ :** ഭൂഗർഭ ജലവിതാനം വളരെ താഴെയുള്ളതും ആവശ്യത്തിന് വിദ്യുച്ഛക്തി ലഭ്യമുള്ളതും കരോപരിതലത്തിന്റെ ഉൾഭാഗം മൃദുവായതുമായ മേഖലകളിൽ കുഴൽകിണറുകൾ ഉപയോഗിച്ച് ജലസേചനം നടത്തുന്നു. ഗുജറാത്ത്, മഹാ രാഷ്ട്ര, പഞ്ചാബ്, മദ്ധ്യപ്രദേശ്, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ പ്രധാനമായും കുഴൽകിണറു ജലസേചനരീതിയാണ് നില വിലുള്ളത്.

c) സംഭരണി ജലസേചനം

ഒരു അരുവിക്കോ, ചെറിയ ആറിനോ കുറുകെ മനുഷ്യൻ നിർമ്മിക്കുന്ന ഒരു ആഴത്തിള്ള കുഴിയാണ് ജലസംഭരണി എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് ജലസേചനത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി പുരാതനമായ ഒരു ജലസേചന രീതിയാണിത്. തടാകങ്ങളിലും കുളങ്ങളിലും നിന്നുള്ള ജലസേചനവും ഇതിലുൾപ്പെടുന്നു.

സംഭരണി ജലസേചനം ഇന്ത്യയിൽ സാർവ്വത്രികമാകുവാനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്:

1 കഠിനമായ പാറകൾ കനാലുകളുടെ നിർമ്മാണത്തിനും കിണറുകൾ കുത്തുന്നതിനും തടസ്സം സൃഷ്ടിക്കുന്നു.

2 സ്വാഭാവികമായ കുഴികൾ ജലസംഭരണികളായി പ്രയോജനപ്പെടുന്നു.

3 വർഷം മുഴുവനും ജലമുള്ള നദികളുടെ അഭാവം.

X Std - Geography Malayalam Unit-3.indd 162 1/27/2023 10:06:20 AM

4 സുഷിരങ്ങളില്ലാത്ത പാറകൾ.
5 ചിതറിക്കിടക്കുന്ന ജനങ്ങളും കൃഷിസ്ഥലങ്ങളും.

സംഭരണി ജലസേചനം കൂടുതലായി പ്രയോ

ആധുനിക ജലസേചന രീതികൾ

ആധുനിക ജലസേചന രീതികളിൽ പ്രധാനപ്പെ ട്ടവ താഴെ പറയുന്നവയാണ്. തുള്ളി ജലസേചനം, സ്പ്രിംഗ്ളർ ജലസേചനം, മഴത്തോക്ക്, കേന്ദ്രീയ ജലസേചനം.

തുള്ളി ജലസേചനം

തുള്ളി ജലസേചനത്തിലൂടെ ചെടികളുടെ വേരുകൾക്ക് നേരിട്ട് നനവു ലഭിക്കുന്നു. വലിയ മരങ്ങൾക്കും ഈ രീതി പ്രയോജനകരമാണ്.

സ്പ്രിംഗ്ളർ ജലസേചനം

ലളിതവും സുഗമവുമായ ജലസേചന രീതിയാണിത്. ചെറിയ ദ്വാരങ്ങളുള്ള പൈപ്പുകൾ ഉപയോഗിച്ച് ജല സ്രോതസ്സുകളിൽ നിന്ന് കൃഷിയിടങ്ങളിലേക്ക് വെള്ളം തളിക്കുന്നു. അസമമായ ഉപരിതലമുള്ള പ്രദേശങ്ങളിലും ഈ രീതി ഉപയോഗിക്കാം.

മഴത്തോക്ക്

മഴ പെയ്യുന്നതു പോലെ പരത്തിയും ചിതറിച്ചും ജലം ചെടികളുടെ ഇടയിലേക്ക് എത്തിച്ച് നനയ്ക്കുന്ന തീരിയാണിത്. നാലോ അതിലധികമോ അടി ഉയരത്തിൽ വളരുന്ന ചെടികൾക്ക് ഈ രീതി വളരെ പ്രയോജന പ്രദമാണ്. കരിമ്പ്, ചോളം എന്നീ വിളകൾക്ക് ഈ രീതി വിധം പ്രയോജനപ്പെടുന്നു.

കേന്ദ്രീയ ജലസേചന രീതി

ഒരു പ്രത്യേക ഉപകരണത്തെ കേന്ദ്രീകരിച്ച് സ്പ്രിംഗ്ളറുടെ സഹായത്തോടെ ഒരു നിശ്ചിത വിസ്തൃതിയിൽ വൃത്താകൃതിയിൽ ചെടികൾ നന യ്ക്കുന്ന രീതിയാണ് കേന്ദ്രീയ ജലസേചന രീതി.

വിവിധോദ്ദേശ നദീതാഴ്വര പദ്ധതികൾ

ശാസ്ത്രീയമായ രീതിയിൽ ജലവിഭവത്തെ കൈകാര്യം ചെയ്യുന്ന രീതിയാണിത്. നദികൾക്ക് കുറുകെ നിർ മ്മിക്കുന്ന അണക്കെട്ടുകൾ വിവിധോദ്ദേശങ്ങളോടു കൂടിയവയാണ്. അതുകൊണ്ട് ഇത്തരം പദ്ധതി. കളെ വിവിധോദ്ദേശ നദീതാഴ്വര പദ്ധതികൾ എന്നു പറയുന്നു. ജലസേചനം, വിദ്യുച്ഛക്തിയുടെ ഉല്പാദനം, കുടിവെള്ള വിതരണം, വ്യാവസായികാവശ്യങ്ങൾക്കായുള്ള ജലവിതരണം, വെള്ളപ്പൊക്ക നിയന്ത്രണം, മത്സ്യബന്ധനം, ജലയാത്ര ഇവയെല്ലാം ഒരു അണക്കെട്ടു നിർമ്മാണത്തിന് പിന്നിലുള്ള വിവിധോദ്ദേശങ്ങളാണ്. ഭൂരിഭാഗം അണക്കെട്ടുകളും ജലസേചനത്തിനും വിദ്യുച്ഛക്തി ഉല്പാദനത്തി നും വേണ്ടിയാണ് പ്രയോജനപ്പെടുത്തുന്നത്.

EZRP4

നിങ്ങൾക്ക് അറിയാമോ?

പ്രധാനമന്ത്രി കൃഷി സിൻചയ് യോജ്ന(PMKSY)

ജലസേചനവും ജലപരിപാലന സാങ്കേതികവിദ്യകളും ഉപയോഗിച്ച് കൂടുതൽ ഉൽപ്പാദനം നേടുന്നതിന് ഇത് നടപ്പിലാക്കി.

3.3 കൃഷി

മനുഷ്യർക്ക് ഭക്ഷണം ഉല്പാദിപ്പിക്കുക, കന്നുകാലികൾക്ക് തീറ്റ ഉണ്ടാക്കുക, വിവിധതരം ചെടികളും മരങ്ങളും മറ്റും വളർത്തുക, കന്നുകാലികളെ വളർത്തുക എന്നീ പ്രവർത്തനങ്ങളുടെയെല്ലാം ആകെത്തുകയാണ് കൃഷി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

കൃഷിയെ നിർണ്ണയിക്കുന്ന ഘടകങ്ങൾ

ഇന്ത്യൻ കൃഷിയെ നിർണ്ണയിക്കുന്ന പ്രധാന പ്പെട്ട ഘടകങ്ങൾ താഴെ പറയുന്നവയാണ്:

1. ഭൗതികഘടകങ്ങൾ : ഭൂപ്രകൃതി, കാലാവസ്ഥ, മൺതരങ്ങൾ.
2. സ്ഥാപിതഘടകങ്ങൾ : കൃഷിയിടത്തിന്റെ വലിപ്പം ഭൂപരിഷ്ക്കരണം.
3. മറ്റു ഘടകങ്ങൾ : ജലസേചനം, വിദ്യുച്ഛക്തി, ഗതാഗതം, വായ്പ, കമ്പോളം, സുരക്ഷ, സംഭരണം.
4. സാങ്കേതിക ഘടകങ്ങൾ : ഉയർന്ന തരം വിത്തുകൾ രാസവളങ്ങൾ, കീടനാശിനികൾ, യന്ത്രങ്ങൾ.

കൃഷിയുടെ തരങ്ങൾ

ഭൂപ്രകൃതിയുടെയും സംസ്ക്കാരത്തിന്റെയും വ്യത്യാസമനുസരിച്ച് ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ വിവിധകൃഷിരീതികൾ പിൻ തുടർന്നു വരുന്നു.


a) സ്വയം പര്യാപ്ത കൃഷി

ഇന്ത്യയിൽ ഒരു നല്ലശതമാനം കൃഷിക്കാരും സ്വയം പര്യാപ്തകൃഷിയിൽ ഏർപ്പെടുന്നവരാണ്. ഈ രീതിയിൽ കൃഷിയിടങ്ങൾ ചെറുതായിരിക്കും. പാവപ്പെട്ട കൃഷികാർക്ക് ആധുനിക രീതികൾ പ്രയോജന പ്പെടുത്തുവാൻ കഴിയുന്നില്ല. കുടുംബാംഗങ്ങൾ എല്ലാവരും ചേർന്ന് കൃഷിചെയ്യുകയും ഭൂരിഭാഗം ഉല്പാദനവും അവർ തന്നെ ഉപയോഗിക്കുകയും ചെയ്യുന്നു. ഈ രീതിയിൽ ഭക്ഷ്യവിളകളാണ് കൂടുത ലായും ഉല്പാദിപ്പിക്കപ്പെടുന്നത്. കൂടാതെ കരിമ്പ്, എണ്ണക്കുരുകൾ, പരുത്തി ചണം, പുകയില എന്നിവയും കൃഷിചെയ്യപ്പെടുന്നു. പാരമ്പര്യ കാർഷികരീതി അവലംബിക്കുന്നതിനാൽ ഉല്പാദനം താരതമ്യേന കുറവാണ്.

b) സ്ഥലമാറ്റ കൃഷിരീതി

ഈ കൃഷിരീതി കൂടുതലായും കാണപ്പെടുന്നത് ഗോത്രവർഗ്ഗക്കാരുടെ ഇടയിലാണ്. അവർ വനങ്ങൾ വെട്ടിത്തെളിച്ച്

X Std - Geography Malayalam Unit-3.indd 163 1/27/2023 10:06:20 AM



X Std - Geography Malayalam Unit-3.indd 164 1/27/2023 10:06:20 AM

പദ്ധതിയുടെ പേര്	നദി	ഗുണഭോക്ത സംസ്ഥാനങ്ങൾ
ദാമോദർ താഴ്വര പദ്ധതി	ദാമോദർ	ജാർഖണ്ഡ് പശ്ചിമ ബംഗാൾ
ഭക്രാനംഗർ	സട്ലജ്	പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ
ഹിരാക്കുഡ് പദ്ധതി	മഹാനദി	ഒഡീഷ
കോശി പദ്ധതി	കോശി	ബീഹാർ (നേപ്പാൾ)
തുംഗഭദ്ര പദ്ധതി	തുംഗഭദ്ര	ആന്ധ്രാപ്രദേശ്, കർണ്ണാടക
ടെഹ്റി അണക്കെട്ട്	ഭഗീരഥി	ഉത്തരഖണ്ഡ്
ചമ്പൽ താഴ്വര പദ്ധതി	ചമ്പൽ	രാജസ്ഥാൻ, മധ്യപ്രദേശ്
നാഗാർജ്ജുന സാഗർ പദ്ധതി	കൃഷ്ണ	ആന്ധ്രാപ്രദേശ്
സർദാർ സരോവർ പദ്ധതി	നർമ്മദ	മധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ
ഇന്ദിരാഗാന്ധി കനാൽ പദ്ധതി	സട്ലജ്	രാജസ്ഥാൻ, പഞ്ചാബ്, ഹരിയാന
മേട്ടൂർ അണക്കെട്ട്	കാവേരി	തമിഴ്നാട്

തീയിട്ട് നിലം ഒരുക്കി കൃഷിചെയ്യുന്ന രീതിയാണിത്. ഒരിക്കൽ നിലം ഒരുക്കിക്കഴിഞ്ഞാൽ തുടർച്ചയായി രണ്ടുമൂന്ന് വർഷത്തേക്ക് അവിടെ കൃഷിചെയ്യുന്നു. കൃഷിഭൂമിയുടെ ഫലഭൂയിഷ്ഠത കുറയുന്നതോടു കൂടി അവർ ആ സ്ഥലം ഉപേക്ഷിച്ച് വേറെ സ്ഥലം തേടിപ്പോയി ഈ രീതി ആവർത്തിക്കുന്നു. സാധാരണയായി ധാന്യങ്ങളും പച്ചക്കറികളുമാണ് അവർ കൃഷി ചെയ്യുന്നത്.

സ്ഥലമാറ്റ കൃഷിരീതി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വിവിധ പേരുകളിൽ അറിയപ്പെടുന്നു

പേര്	സ്ഥലം
ജും	ആസ്സാം
പൂനം	കേരള
പൊഡു	ആന്ധ്രാപ്രദേശ്, ഒഡീഷ
ബീവർ മാഷൻ, പെൻഡ, ബീറ	മദ്ധ്യപ്രദേശിന്റെ വിവിധ ഭാഗങ്ങൾ

c) തീവ്ര കൃഷിരീതി


ഉയർന്നതരം വിത്തുകൾ, ആധുനികകൃഷി രീതികൾ, യന്ത്രസമഗ്രികൾ, രാസവളങ്ങൾ, കീടനാശിനികൾ, എന്നിവ പ്രയോജനപ്പെടുത്തി കുറഞ്ഞ സ്ഥലത്തു നിന്നും കൂടുതൽ വിളവുല്പാദിപ്പിക്കുന്ന കൃഷിരീതിയാണിത്. കന്നുകാലികളുടെ ഉല്പാദനത്തിലും ഈ ആധുനിക, യാന്ത്രിക തീവ്രരീതി പ്രയോജനപ്പെടുത്താറുണ്ട്. രാജസ്ഥാൻ, ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ വിവിധ ഭാഗങ്ങളിലും പഞ്ചാബിലും ഈ രീതി അവലംബിക്കപ്പെടുന്നു.

d) വരണ്ട കൃഷി രീതി

ജലസേചനക്കുറവും ജലക്ഷാമവും ഉള്ള വരണ്ട പ്രദേശങ്ങളിൽ ഈ കൃഷിരീതിയാണ് നിലവിലു ള്ളത്. വരൾച്ചയെ അതിജീവിക്കുവാൻ കഴിവുള്ള വിളവുകളാണ് ഇവിടെ കൃഷിചെയ്യപ്പെടുന്നത്. ഈ രീതിയിൽ വിളവ് പൊതുവെ കുറവായിരിക്കും. പൊതുവെ വർഷത്തിൽ ഒരു വിള എന്ന രീതിയാണ് അവലംബിക്കപ്പെടുന്നത്.

e) മിശ്രകൃഷി രീതി

കൃഷി, കന്നുകാലിവളർത്തൽ, കോഴിവളർത്തൽ മീൻ വളർത്തൽ, തേനീച്ച വളർത്തൽ, എന്നിങ്ങനെ വിവിധ കാർഷിക പ്രവർത്തനങ്ങൾ ഒരേ കൃഷിയിടത്തിൽ ചെയ്തു കൊണ്ട് കൃഷിക്കാരുടെ എല്ലാ ആവശ്യങ്ങളും പൂർത്തീകരിക്കുന്ന കൃഷിരീതിയാണ് മിശ്രകൃഷിരീതി.



മിശ്രകൃഷി രീതി

f) തട്ടുതട്ടായിട്ടുള്ള കൃഷിരീതി

കുന്നിൻ ചെരിവുകളും, ചെങ്കുത്തായ മലമ്പ്രദേശങ്ങളും വെട്ടിത്തെളിച്ച് നിരപ്പാക്കി കൃഷിചെയ്യുന്ന രീതിയാണിത്. മണ്ണൊലിപ്പ് തടയുന്നതിനും ഇത് സഹായിക്കുന്നു.

X Std - Geography Malayalam Unit-3.indd 165 1/27/2023 10:06:21 AM

3.4 ഇന്ത്യയിലെ പ്രധാന കാർഷികവിളകൾ

ഇന്ത്യയിൽ കൃഷി ചെയ്യുന്ന വിളവുകളെ നാലു പ്രധാന വിഭാഗങ്ങളായി തിരിക്കാം:

1. **ഭക്ഷ്യവിളകൾ :** (നെല്ല്, ഗോതമ്പ്, ചോളം, തിനവർഗ്ഗങ്ങൾ, ധാന്യങ്ങൾ, തുടങ്ങിയവ).
2. **നാണ്യവിളകൾ :** (കരിമ്പ്, പുകയില, പരുത്തി, ചണം, എണ്ണക്കുരുക്കൾ തുടങ്ങിയവ).
3. **തോട്ടവിളകൾ :** (തേയില, കാപ്പി, റബർ).
4. **ഹോർട്ടികൾച്ചർ :** (പഴങ്ങൾ, പച്ചക്കറികൾ, പൂക്കൾ).

1. ഭക്ഷ്യവിളകൾ

ഇന്ത്യയിൽ ജനസംഖ്യ വളരെ കൂടുതലായതു കൊണ്ട് ഭക്ഷ്യവിളകൾക്ക് കൂടുതൽ പ്രാധാന്യം ഉണ്ട്.

നെല്ല്

നെല്ല് തദ്ദേശീയമായ ഒരു ഭക്ഷ്യവിളവാണ്. ലോകത്ത് ചൈന കഴിഞ്ഞാൽ ഏറ്റവും കൂടുതൽ നെല്ല് ഉല്പാദിപ്പിക്കുന്ന രാജ്യം ഇന്ത്യയാണ്. 24°C ഊഷ്മാവും വർഷത്തിൽ 50 സെ.മീ. മഴയും ആവശ്യമുള്ള ഒരു ഉഷ്ണമേഖലാ വിളവാണ് നെല്ല്. എക്കൽ മണ്ണടങ്ങിയ ഫലഭൂയിഷ്ഠമായ നദീതാഴ്വരകളാണ് നെൽകൃഷിക്ക് ഏറ്റവും അനുയോജ്യം. കുറഞ്ഞ വേതനത്തിൽ കൂടുതൽ തൊഴിലാളികളെ ആവശ്യമുള്ള കൃഷിയാണിത്




നെൽകൃഷി

ഇന്ത്യയിൽ മൂന്നു രീതിയിലാണ് നെല്ല് കൃഷിചെയ്യപ്പെടുന്നത്.

1. പ്രക്ഷേപണ രീതി
2. ഉഴുതു മറിക്കുന്ന രീതി
3. പറിച്ചുനടുന്ന രീതി

ഉയർന്ന ഉല്പാദനശേഷിയുള്ള വിത്തുവകകളുടെ (CR Dhan 205,AR Dhan 306, CRR 451 etc.) ഉപയോഗം നിമിത്തം തദ്ദേശീയമായ പല വിത്തുവകകളും അപ്രത്യക്ഷമായി. 2016-ലെ സ്ഥിതി വിവര കണക്കനുസരിച്ച് ഏറ്റവും കൂടുതൽ നെല്ല് ഉല്പാദിപ്പിക്കുന്ന ഇന്ത്യൻ സംസ്ഥാനങ്ങൾ ചുവടെ പറയുന്നവയാണ്. പശ്ചിമബംഗാൾ, ഉത്തർപ്രദേശ്, പഞ്ചാബ്, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ബീഹാർ, ഛത്തീസ്ഗർ, ഒഡീഷ, ആസ്സാം ഹരിയാന.



ഗോതമ്പ്


നെല്ല് കഴിഞ്ഞാൽ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട രണ്ടാമത്തെ ഭക്ഷ്യവിളവാണ് ഗോതമ്പ്. രാജ്യത്തെ മൊത്ത കൃഷിയിടത്തിന്റെ 22 ശതമാനം ഗോതമ്പ് കൃഷി ചെയ്യപ്പെടുന്നു. മൊത്ത ഭക്ഷ്യധാന്യ ഉല്പാദനത്തിന്റെ 34 ശതമാനം ഗോതമ്പാണ്. വിതയ്ക്കുന്ന സമയത്ത് 10-15 ഊഷ്മാവും വിളവെടുപ്പ് സമയത്ത് 20-25 ഊഷ്മാവും ഗോതമ്പു കൃഷിക്കാവശ്യമാണ്.

ഇന്ത്യ കാർഷിക കാലങ്ങൾ

കാർഷിക കാലങ്ങൾ	പ്രധാന വിളകൾ	
	വടക്കൻ സംസ്ഥാനങ്ങൾ	തെക്കൻ സംസ്ഥാനങ്ങൾ
ഖാരിഫ് ജൂൺ - സെപ്റ്റംബർ	നെല്ല്, പരുത്തി, ബജ്റ, ചോളം, ജോവർ, ടർ	നെല്ല്, റാഗി, ചോളം, ജോവാർ, നിലക്കടല
റാബി ഒക്ടോബർ - മാർച്ച്	ഗോതമ്പ്, കടുക്, ബാർളി, കടല	നെല്ല്, ചോളം, റാഗ്, നിലക്കടല, ജോവാർ
സെയ്ദ് ഏപ്രിൽ - ജൂൺ	പച്ചക്കറികൾ, പഴങ്ങൾ, കാലിത്തീറ്റ	നെല്ല്, പച്ചക്കറികൾ, കാലിത്തീറ്റ

X Std - Geography Malayalam Unit-3.indd 166 1/27/2023 10:06:21 AM

ഇന്ത്യയിലെ മൊത്ത ഗോതമ്പുല്പാദനത്തിന്റെ 85 ശതമാനം നടക്കുന്നത് താഴെ പറയുന്ന അഞ്ചു സംസ്ഥാനങ്ങളിലാണ്. അവ ഉത്തർപ്രദേശ്, പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ, മധ്യപ്രദേശ്, എന്നിവയാണ്. ഇവ കൂടാതെ കരിമണ്ണ് അധികമായുള്ള ഡക്കാൺ പീഠഭൂമി, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ പ്രദേശത്തിലും ഗോതമ്പ് കൃഷിചെയ്യപ്പെടുന്നു.



ജോവാർ

ജോവാറാണ് മൂന്നാമത്തെ ഏറ്റവും വലിയ ഭക്ഷ്യവിളവ്. ഇത് ഒരു തദ്ദേശീയ ആഫ്രിക്കൻ വിളയാണ്. പ്രതികൂലമായ കാലാവസ്ഥയിലും വളരാൻ കഴിവുള്ള വിളയാണിത്. കാർബോഹൈഡ്രേറ്റ്, ധാതുക്കൾ, വിറ്റാമിനുകൾ, പ്രോട്ടീൻ എന്നിവ ഈ ധാന്യത്തിൽ ധാരാളമായുണ്ട്. അതുകൊണ്ട് തന്നെ ഇതിലൂടെ സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ കൂടുതൽ പോഷകാംശം ലഭ്യമാകുന്നു. ചില സ്ഥലങ്ങളിൽ ഇത് കാലിത്തീറ്റയും ഉപയോഗിക്കുന്നു. ഇത് ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കപ്പെടുന്നത് മഹാരാഷ്ട്ര, മധ്യപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലാണ്.

ബജ്റ

ഇതും ആഫ്രിക്കക്കാരുടെ തദ്ദേശീയമായ ഒരു ഭക്ഷ്യവിളയാണ്. പാവപ്പെട്ടവന്റെ മുഖ്യ ആഹാപദാർത്ഥമാണ് ബജ്റ. ഇതിന്റെ പുല്ല് കാലിത്തീറ്റയായും വീടു മേയുന്നതിനും പ്രയോജനപ്പെടുത്തുന്നു. ഇത് വരണ്ട കാലാവസ്ഥയിലും നന്നായി വളരും. ബജ്റ ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കപ്പെടുന്നത് രാജസ്ഥാനിലാണ്. ഉത്തർ പ്രദേശ്, ഹരിയാന, ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലും ബജ്റ കൃഷി ചെയ്യുന്നു.

ബാർലി

ബാർലി പ്രധാനപ്പെട്ട ധാന്യ വിളകളിൽ ഒന്നാണ്. ബാർലിവെള്ളം, ബീയർ, വിസ്കി എന്നിവ ഉല്പാദിപ്പിക്കുന്നതിന് ബാർലി പ്രയോജനപ്പെടുത്തുന്നു. ബാർലി ഏറ്റവും കൂടുതൽ കൃഷിചെയ്യപ്പെടുന്നത് രാജസ്ഥാനിലും ഉത്തർപ്രദേശിലുമാണ്.

പയറുവർഗ്ഗങ്ങൾ

പയറുവർഗ്ഗങ്ങളിൽ പ്രോട്ടീൻ ധാരാളമുണ്ട്. ഇവ മനുഷ്യർക്ക് ആഹാരമായും കന്നുകാലികൾക്ക് കാലിത്തീറ്റയായും പ്രയോജനപ്പെടുന്നു. ലോകത്ത് ഏറ്റവും കൂടുതൽ പയർവർഗ്ഗങ്ങൾ ഉല്പാദിപ്പിക്കുന്ന രാജ്യം ഇന്ത്യയാണ്. മധ്യപ്രദേശ്, ഉത്തർപ്രദേശ്, രാജസ്ഥാൻ, മഹാരാഷ്ട്ര, ആന്ധ്ര പ്രദേശ്, എന്നീ സംസ്ഥാനങ്ങളിൽ പയറു വർഗ്ഗങ്ങൾ ധാരാളം കൃഷിചെയ്യപ്പെടുന്നു.

2. നാണ്യവിളകൾ

വാണിജ്യത്തിനു വേണ്ടി കൃഷിചെയ്യുന്ന വിളകളെയാണ് നാണ്യവിളകൾ എന്ന് പറയുന്നത്. കരിമ്പ്, പരുത്തി, പുകയില, ചണം എന്നിവ പ്രധാന നാണ്യവിളകളാണ്.

കരിമ്പ്

ഇന്ത്യയുടെ ഏറ്റവും പ്രധാനപ്പെട്ട നാണ്യവിളയാണ് കരിമ്പ്. കരിമ്പുല്പാദനത്തിൽ ഇന്ത്യ ലോകത്തിൽ രണ്ടാം സ്ഥാനത്താണുള്ളത്. പഞ്ചസാര വ്യവസായശാലകൾക്കുള്ള അസംസ്കൃതപദാർത്ഥമാണ് കരിമ്പ്. ഇന്ത്യയിലെ രണ്ടാമത്തെ ഏറ്റവും വലിയ വ്യവസായ ശൃംഖലയാണ് പഞ്ചസാര വ്യവസായശാല. ആൾക്കഹോൾ വ്യവസായത്തിനും, കടലാസ് നിർമ്മാണത്തിനും അസംസ്കൃത പദാർത്ഥമായി കരിമ്പിന്റെ മൊളാസസ്സ്, ചണ്ടി (ബഗാസ്സി) എന്നിവ പ്രയോജനപ്പെടുന്നു. പഞ്ചസാര ഉല്പാദനത്തിൽ ലോകത്തിൽ ക്യൂബയ്ക്കും ബ്രസിലീനും അടുത്ത് മൂന്നാം സ്ഥാനത്ത് ഇന്ത്യയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കരിമ്പ് കൃഷിചെയ്യുന്ന സംസ്ഥാനം ഉത്തർപ്രദേശ് ആണ്. മഹാരാഷ്ട്ര, കർണ്ണാടക, ഗുജറാത്ത്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലും വൻ തോതിൽ കരിമ്പ് കൃഷി ചെയ്യുന്നു.

പരുത്തി


ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട നാണ്യവിളയാണ് പരുത്തി. ഇത് ഇന്ത്യയിലെ ഏറ്റവും വലിയ വ്യവസായശാലയ്ക്ക് അസംസ്കൃത പദാർത്ഥമായി പ്രയോജനപ്പെടുന്നു. പരുത്തി ഉല്പാദനത്തിൽ ലോകത്തിൽ ചൈന കഴിഞ്ഞാൽ രണ്ടാം സ്ഥാനം ഇന്ത്യയ്ക്കാണ്.

രാജ്യത്തിന്റെ മൊത്തം വിസ്തൃതിയുടെയും ഉല്പാദനത്തിന്റെയും ഏകദേശം 79 ശതമാനവും സംഭാവന ചെയ്യുന്നത് ഗുജറാത്ത്, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, പഞ്ചാബ് എന്നീ നാലു സംസ്ഥാനങ്ങളാണ്.

X Std - Geography Malayalam Unit-3.indd 167 1/27/2023 10:06:22 AM

ചണം

ഇത് എക്കൽ മണ്ണിൽ വിളയുന്ന ഒരു ഉഷ്ണമേഖലാ വിളയാണ്. ചണവ്യവസായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അസംസ്കൃത പദാർത്ഥമാണിത്. ചാക്കുകൾ, വിരിപ്പുകൾ, കയർ, നൂൽ, പുതപ്പുകൾ, ചണതുണികൾ, ടാർപ്പോളിൻ എന്നിവ ചണം ഉപയോഗിച്ച് നിർമ്മിക്കുന്ന വസ്തുക്കളാണ്. ചണത്തിന്റെ കൃഷിയിലും ഉല്പാദനത്തിലും ഒന്നാം സ്ഥാനം പശ്ചിമ ബംഗാളിലാണ്. ബീഹാർ, ആസ്സാം, മേഘാലയ എന്നീ സംസ്ഥാനങ്ങളിലും ചണം ഉല് പാദിപ്പിക്കുന്നു.



ഇന്ത്യ - നാണ്യവിളകൾ

എണ്ണ വിത്തുകൾന

ലോകത്തിൽ എണ്ണവിത്തു കളുടെ ഉല്പ ാദനത്തിൽ ഇന്ത്യ പ്രധാന പങ്കു വഹി ക്കുന്നു. നിലക്കടല, എള്ള്, കടുക്, സൂര്യകാന്തി, ആവണക്ക്, നാളികേരം, സോയാബിൻസ് എന്നിവ ഇന്ത്യയിൽ കൃഷിചെയ്തു വരുന്നു. ഇന്ത്യൻ ഭക്ഷണത്തിൽ എണ്ണ പ്രധാനപങ്കുവഹിക്കുന്നു. വാർണിഷ്, മരുന്ന്, വാസന ദ്രവ്യങ്ങൾ, മെഴുകുതിരികൾ, സോപ്പ്, ലൂബ്രിക്കന്റ് സ് എന്നിവ ഉല്പാദിപ്പിക്കാനുള്ള അസംസ്കൃത പദാർത്ഥങ്ങളായും, വളങ്ങളായും, കാലിത്തീറ്റ യായും, എണ്ണ വിത്തുകൾ ഉപയോഗിക്കുന്നു. ഇന്ത്യ യിൽ ഏറ്റവും കൂടുതൽ എണ്ണവിത്തുകൾ ഉല്പാദിപ്പി ക്കുന്നത് ഗുജറാത്തിലാണ്. ലോകത്തിൽ ചൈന കഴിഞ്ഞാൽ ഏറ്റവും അധികം എണ്ണ വിത്തുകൾ ഉല്പാദി പ്പിക്കുന്ന രാജ്യം ഇന്ത്യയാണ്.

3. തോട്ടവിളകൾ

തോട്ടവിളകൾ പ്രധാനമായും കയറ്റുമതി ലക്ഷ്യമിട്ടാണ് കൃഷി ചെയ്യുന്നത്. ഉയർന്ന പ്രദേശങ്ങളിലും മലഞ്ചെരിവുകളിലും ആണ് പ്രധാന തോട്ടവിളകളായ തേയില, കാപ്പി, റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ കൃഷി ചെയ്യപ്പെടുന്നത്.

തേയില

തേയില ഒരു നിര്യഹരിത സസ്യമാണ്. തേയിലച്ചെടി വെള്ളം കെട്ടിനി ല്ക്കാത്ത ഉഷ്ണ, മിതോഷ്ണ മണ്ഡല കാലാവസ്ഥയുള്ള മലഞ്ചെരിവുകളിൽ നന്നായി വളരുന്നു. രണ്ട് പ്രധാനയിനം തേയിലച്ചെടികൾ ഇന്ത്യയിൽ കൃഷിചെയ്യപ്പെടുന്നു അവ.

i) ബൊഹീയചൈനയിൽ ഉത്ഭവിച്ചത്
ii) ആസാമിക - ഇന്ത്യയിൽ ഉത്ഭവിച്ചത്

ഇവ രണ്ടിനേയും സംയോജിപ്പിച്ചുകൊണ്ട് ധാരാളം മിശ്രയിനം തേയിലച്ചെടികളും ഇപ്പോൾ നിലവിലുണ്ട്. ലോകത്തിൽ ചൈന കഴിഞ്ഞാൽ ഏറ്റവും അധികം തേയില ഉല്പാദിപ്പിക്കുന്ന രാജ്യം ഇന്ത്യയാണ്. ആസ്സാമാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ തേയില കൃഷിചെയ്യപ്പെടുന്ന സംസ്ഥാനം. കേരളം, തമിഴ്നാട് പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിലും തേയില വലിയതോതിൽ കൃഷി ചെയ്യപ്പെടുന്നുണ്ട്.

കാപ്പി

സമുദ്രനിരപ്പിൽ നിന്ന് 100 മീറ്റർ മുതൽ 150 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങളിലാണ് കാപ്പി കൃഷിചെയ്യപ്പെടുന്നത്. കാപ്പി പ്രധാനമായും രണ്ട് വിഭാഗമുണ്ട്. അവ

1) അറബിക്ക (ഇന്ത്യയിൽ കൃഷി ചെയ്യുന്ന ഉയർന്നയിനം കാപ്പി)

2) റോബസ്റ്റ (താഴ്ന്നയിനം കാപ്പി) എന്നിവ.

കാപ്പിയുടെ ഉല്പാദനത്തിൽ ലോകത്തിൽ ഇന്ത്യയ്ക്ക് ഏഴാം സ്ഥാനവും, കർണ്ണാടകത്തിന് ഇന്ത്യയിൽ ഒന്നാം സ്ഥാനവുമാണുള്ളത്. ഇന്ത്യയിലെ മൊത്തം കാപ്പി ഉല്പാദ നത്തിൽ 71% വും ലോകത്തിലെ മൊത്തം ഉല്പാദനത്തിൽ 2.5% വും കർണ്ണാടകത്തിൽ നിന്നാണ് (ആധാരം ഇന്ത്യൻ കോഫി ബോർഡ് 2018).

റബ്ബർ

1902-ൽ കേരളത്തിലാണ് ആദ്യമായി റബ്ബർ കൃഷി ആരംഭിച്ചത്. ഉഷ്ണമണ്ഡല കാല വർഷക്കാലാവസ്ഥയാണ് റബ്ബറിന് ഏറ്റവും അനുയോജ്യം (20° C നു മുകളിൽ ഊഷ്മാവും 300 സെ.മീ. നു മുകളിൽ മഴയും) ഇന്ത്യയിൽ ഏറ്റവും കൂടുതൽ റബ്ബർ ഉല്പാദിപ്പിക്കുന്ന സംസ്ഥാനം കേരളമാണ്. തമിഴ്നാട്, കർണ്ണാടക,

X Std - Geography Malayalam Unit-3.indd 168 1/27/2023 10:06:22 AM

സംസ്ഥാനങ്ങളിലും ആൻഡമാൻ നിക്കോബർ ദ്വീപുകളിലും റബ്ബർ കൃഷി ചെയ്യപ്പെടുന്നുണ്ട്.

സുഗന്ധവ്യഞ്ജനങ്ങൾ

പുരാതന കാലം മുതൽക്കേ സുഗന്ധവ്യഞ്ജനങ്ങൾക്ക് പേരുകേട്ട രാജ്യമാണ് നമ്മുടെ ഇന്ത്യ. ഭക്ഷണസാധനങ്ങൾക്ക് രുചിയും മണവും പകരുന്നതിനും മരുന്നുകൾ, ഡൈ എന്നിവയുടെ നിർമ്മാണത്തിനും സുഗന്ധവ്യഞ്ജനങ്ങൾ ഉപയോഗിക്കുന്നു. കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഏലം, കറുവപ്പട്ട, അടയ്ക്ക എന്നിവയാണ് ഇന്ത്യയിൽ കൃഷി ചെയ്യപ്പെടുന്ന പ്രധാനപ്പെട്ട സുഗന്ധവ്യഞ്ജനങ്ങൾ. കേരളമാണ് ഏറ്റവും കൂടുതൽ സുഗന്ധവ്യഞ്ജനങ്ങൾ ഉല്പാദിപ്പിക്കുന്ന സംസ്ഥാനം.

4. പഴങ്ങളും പച്ചക്കറികളും

പഴങ്ങളും, പച്ചക്കറികളും നമ്മുടെ ശരീരത്തിനാവശ്യമായ ധാതുക്കൾ വിറ്റാമിനുകൾ, നാര് പദാർത്ഥങ്ങൾ എന്നിവ നൽകുന്നു. പഴങ്ങളുടെയും പച്ചക്കറികളുടെയും ഉല്പാദനത്തിൽ ഇന്ത്യ രണ്ടാം സ്ഥാനം വഹിക്കുന്നു.

3.5 കന്നുകാലി വളർത്തൽ

കന്നുകാലി വളർത്തലും ക്ഷീരോല്പാദനവും രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിലും കുടുംബവരുമാനത്തിലും പ്രധാനപങ്ക് വഹിക്കുന്നു. ഇവ നല്ല ഒരു ശതമാനം ജനങ്ങൾക്ക് ജോലിയും വരുമാനവും നൽകുന്നതോടൊപ്പം പോഷകാംശം അടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു.

കന്നുകാലികൾ

മൊത്തം മൃഗസമ്പത്തിന്റെ 37.3 ശതമാനം കന്നുകാലികളാണ്. ലോകത്തിൽ ബ്രസീൽ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കന്നുകാലികൾ ഉള്ളത് ഇന്ത്യയിലാണ്. ഇന്ത്യയിൽ വിവിധയിനം കന്നുകാലികൾ കാണപ്പെടുന്നു.

1 ക്ഷീരോല്പാദനത്തിനുവേണ്ടി വളർത്തുന്ന ഇനം.
2 ഭാരം ചുമക്കുന്നതിനുവേണ്ടി വളർത്തുന്ന ഇനം.
3 പൊതുവായ ആവശ്യങ്ങൾക്കുവേണ്ടി വളർത്തുന്ന ഇനം.

ആടുകൾ

സാധാരണക്കാരന്റെ പശു എന്നാണ് ആട് അറിയപ്പെടുന്നത്. പാലിനും മാംസത്തിനും തോലിനും വേണ്ടി ആടുകളെ വളർത്തുന്നു.

എരുമകളും പോത്തുകളും

എരുമകളിൽ നിന്ന് ധാരാളം പാൽ ലഭിക്കുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ എരുമകളെ വളർത്തുന്ന സംസ്ഥാനം ഉത്തർപ്രദേശാണ് (28.2%). ആന്ധ്രാപ്രദേശ് (7.9%), രാജസ്ഥാൻ (9.6%), എന്നീ സംസ്ഥാനങ്ങളിലും എരുമകളെ ധാരാളമായി വളർത്തുന്നു.

കന്നുകാലി സെൻസസ്: ഇന്ത്യയിലെ ആദ്യത്തെ കന്നുകാലി സെൻസസ് 1919-ൽ 'Diary Cattle Census' എന്ന ശീർഷകത്തിൻ കീഴിൽ നടത്തി.

കന്നുകാലി സെൻസസ് തമിഴ്നാട്ടിൽ എങ്ങനെ നടത്തുന്നു?

കൃഷി മന്ത്രാലയം, കർഷകക്ഷേമവകുപ്പ്, മൃഗസംരക്ഷണവകുപ്പ്, ക്ഷീരോല്പാദന വകുപ്പ്, മത്സ്യബന്ധന വകുപ്പ് എന്നിവയുടെ നിർദ്ദേശമനുസരിച്ച് സംസ്ഥാനത്തിൽ മൃഗസംരക്ഷണവകുപ്പിന്റെയും ജില്ലാതലത്തിൽ റീജിയണൽ ജോയിന്റ് ഡയറക്ടറുടെയും സഹായത്തോടെ സർക്കാർ കന്നുകാലി കണക്കെടുപ്പ് നടത്തുന്നു.

പാൽ, മാംസം, കമ്പിളി ഉല്പാദനം

സംസ്ഥാന/യൂണിയൻ പ്രദേശ മൃഗസംരക്ഷണവകുപ്പിന്റെ 2016-2017- സെൻസസ് അനുസരിച്ച് രാജ്യത്തിന്റെ മൊത്തം പാലുല്പാദനത്തിൽ ഗണ്യമായ പങ്കുവഹിക്കുന്നത് ഉത്തർ പ്രദേശ്, രാജസ്ഥാൻ, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ്.

മാംസത്തിന്റെ കാര്യത്തിൽ ഉത്തർ പ്രദേശാണ് മുന്നിൽ നില്ക്കുന്നത്. അതിനടുത്ത സ്ഥാനത്തിലുള്ളത് മഹാരാഷ്ട്രയും രാജസ്ഥാനും ആണ്.

കമ്പിളി ഉല്പാദനത്തിൽ രാജസ്ഥാനാണ് മുന്നിൽ നില്ക്കുന്ന സംസ്ഥാനം. അതിനടുത്ത സ്ഥാനത്തിലുള്ളത് കർണ്ണാടകം ആണ്.

3.6 മത്സ്യബന്ധനം

ഇന്ത്യയിൽ ധാരാളം തൊഴിൽ സാധ്യതകളോടുകൂടിയതും വ്യത്യസ്ത വിഭവങ്ങളോടുകൂടി വ്യാപകമായി കണ്ടു വരുന്നതുമായ ഒരു സാമ്പത്തിക പ്രവർത്തനമാണ് മീൻവളർത്തൽ. ഇന്ത്യയിലെ വളരെ പ്രധാനപ്പെട്ട ഒരു തൊഴിലായ മീൻപിടിത്തത്തിൽ തീരദേശസംസ്ഥാനങ്ങളിലെ ഏകദേശം 14 മില്യൻ ജനങ്ങൾ ഏർപ്പെട്ടിരിക്കുന്നു. മത്സ്യബന്ധനത്തിൽ ലോകത്തിൽ ഇന്ത്യ രണ്ടാം സംസ്ഥാനത്തുണുള്ളത്. പോഷകാംശപ്രദമായ ഭക്ഷണത്തിനും, തൊഴിൽ ചെയ്ത് വരുമാനം നേടുന്നതിനും, കയറ്റുമതി ചെയ്ത് വിദേശനാണ്യം നേടുന്നതിനും മത്സ്യബന്ധനം സഹായിക്കുന്നു. ഇന്ത്യയിലെ മത്സ്യബന്ധനത്തെ രണ്ടായി തിരിക്കാം.

X Std - Geography Malayalam Unit-3.indd 169 1/27/2023 10:06:22 AM



മത്സ്യബന്ധനം

1. **ആഴക്കടൽ മത്സ്യബന്ധനം :** ഇതിൽ തീര ദേശ, കടൽത്തീര, ആഴക്കടൽ മത്സ്യബന്ധനം ഉൾപ്പെടുന്നു. ഭൂഖണ്ഡതിട്ട മുതൽ 200 മീറ്റർ ആഴത്തിൽ വരെയുള്ള മത്സ്യബന്ധന മേഖലയാണിത്. ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളമാണ് ആഴക്കടൽ മത്സ്യബന്ധനത്തിൽ മുൻപന്തിയിലുള്ളത്.
2. **ഉൾനാട്ടു മത്സ്യബന്ധനം :** നദികൾ, തടാക ങ്ങൾ, കുളങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള മത്സ്യബന്ധനത്തെയാണ് ഉൾനാട്ടു മത്സ്യബന്ധനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. രാജ്യത്തെ മൊത്ത മത്സ്യബന്ധത്തിൽ 50% ശതമാനവും ഇത്തരത്തിലുള്ളതാണ്. ആന്ധ്രാ പ്രദേശ് ആണ് ഉൾനാട്ടു മത്സ്യബന്ധനത്തിൽ മുൻപന്തിയിൽ ഉള്ളത്.

മത്സ്യബന്ധന തൊഴിലാളികൾ പ്രധാനമായും പിടിക്കുന്നത് കാറ്റ്ഫിഷ്, മത്തി, അയല, ഈൽ, മുള്ളറ്റ്സ് എന്നീ മത്സ്യങ്ങളെയാണ്.

3.7 ഇന്ത്യൻ കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

ചെറിയ കൃഷിയിടങ്ങൾ

ജനസാന്ദ്രത കൂടുത ലുള്ളതും തീവ്രകൃഷിരീതികൾ അവലംബിക്കു ന്നതുമായ സ്ഥലങ്ങളിൽ ചെറിയ കൃഷിയിടങ്ങൾ ഒരു ഗൗരവകരമായ പ്രശ്നം തന്നെയാണ്.

നല്ല ഇനം വിത്തുകളുടെ ദൗർലഭ്യവും വിലകൂടുതലും

നിർഭാഗ്യവശാൽ ഉയർന്ന വില കാരണം ചെറുകിട കർഷകർക്ക് നല്ലയിനം വിത്തുകൾ ലഭ്യ മാകുന്നില്ല.

ഫലഭൂയിഷ്ഠത കുറഞ്ഞ മണ്ണ്

ആയിരക്കണക്കിന് വർഷങ്ങളായി ഒരേ സ്ഥലത്തു കൃഷി ചെയ്യുന്നതിനാൽ മണ്ണിന്റെ ഫലഭൂയിഷ്ഠത കുറയുന്നു. മണ്ണിന്റെ വളക്കൂറു കുറ യുന്നതിലൂടെ ഉല്പാദന ക്ഷമതയും കുറയുന്നു.

ജനസേചന സൗകര്യത്തിന്റെ അഭാവം

കൃഷിഭൂമിയുടെ മൂന്നിലൊരു ഭാഗം മാത്ര മാണ് ജലസേചന സൗകര്യമുള്ള മേഖലയിലു ള്ളത്. കാർഷികാഭിവൃദ്ധി കൈവരിക്കാൻ ജല സേചന സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്.

ആധുനിക യന്ത്രവൽക്കരണത്തിന്റെ അഭാവം

രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ കാർഷിക മേഖലയിൽ വൻതോതിൽ യന്ത്രവൽക്കരണം നടക്കുന്നുണ്ടെങ്കിലും, അധികം സ്ഥലങ്ങളിലും കാർഷിക പ്രവർത്തനങ്ങൾ ലളിതവും പരമ്പരാഗതമായ ഉപകരണങ്ങൾ ഉപയോഗിച്ച് മനു ഷ്യർ കൈകൊണ്ടു ചെയ്യുന്നു.

മണ്ണൊലിപ്പ്

കാറ്റ്, ജലം എന്നിവയുടെ പ്രവർത്തനം കാരണം ഫലഭൂയിഷ്ഠമായ മേൽമണ്ണ് ഒലിച്ചുപോകുന്നു.

കാർഷിക വിപണനം

ഗ്രാമീണ മേഖലയിൽ കാർഷിക വിപണനം മോശമായ അവസ്ഥയിൽ തുടരുന്നു. ശരിയായ കാർഷിക വിപണനത്തിന്റെ അഭാവം കാരണം കർഷ കർക്ക് അവരുടെ ഉല്പന്നങ്ങൾ കുറഞ്ഞ വിലയ്ക്കു വിൽക്കേണ്ടി വരുന്നു. കൂടാതെ കാർഷികോല്പന്ന ങ്ങളുടെ വിലയിലും ഏറ്റക്കുറച്ചിലുകാകുന്നു.

അപര്യാപ്തമായ സംഭരണ സൗകര്യം


ഗ്രാമീണ മേഖലയിൽ സംഭരണ സൗകര്യം അപര്യാപ്തമാണ്. അത്തരം സാഹചര്യങ്ങളിൽ വിള വെടുപ്പ് കഴിഞ്ഞാൽ വിപണിയുടെ അവസ്ഥ കണ ക്കിലെടുക്കാതെ കർഷർ തങ്ങളുടെ ഉല്പന്നങ്ങൾ വില്ക്കാൻ നിർബന്ധിതരാകുന്നു.

ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത

ചെലവു കുറഞ്ഞതും കാര്യക്ഷമവുമായ ഗതാഗത മാർഗ്ഗത്തിന്റെ അഭാവമാണ് ഇന്ത്യയിലെ മേഖലയുടെ പരാജയത്തിനു പ്രധാന കാരണം.

മൂലധനത്തിന്റെ കുറവ്

വലിയ മൂലധനം ആവശ്യമുള്ള ഒരു വ്യവസാ യമാണ് കൃഷി. നൂതനമായ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിൽ മൂലധനം പ്രധാന പങ്കുവഹിക്കുന്നു.



X Std - Geography Malayalam Unit-3.indd 170 1/27/2023 10:06:23 AM

ഇന്ത്യയിലെ പ്രധാനപ്പെട്ട കാർഷിക വിപ്ലവങ്ങൾ	
വിപ്ലവം	ബന്ധപ്പെട്ട ഉല്പനങ്ങൾ
മഞ്ഞ വിപ്ലവം	എണ്ണവിത്തുകൾ (പ്രത്യേകിച്ച് കടുക്, സൂര്യകാന്തി)
നീല വിപ്ലവം	മത്സ്യബന്ധനം
സുവർണ്ണ നാര് വിപ്ലവം	ചണ ഉല്പാദനം
സുവർണ്ണ വിപ്ലവം	പഴങ്ങൾ, പച്ചക്കറികൾ, തേൻ
ചാരനിറ വിപ്ലവം	വളങ്ങൾ
പിങ്ക് വിപ്ലവം	ഉള്ളി ഉല്പാദനം, ഫാർമസ്യൂട്ടിക്കൽസ്, ചെമ്മീൻ ഉല്പാദനം
നിത്യഹരിത വിപ്ലവം	മൊത്ത കാർഷികോല്പാദനം
വെള്ളി വിപ്ലവം	കോഴി, കോഴിമുട്ട ഉല്പാദനം
ചുവപ്പ് വിപ്ലവം	മാസം, തക്കാളി ഉല്പാദനം
ഉരുള വിപ്ലവം	ഉരുളക്കിഴങ്ങ് ഉല്പാദനം
ഹരിത വിപ്ലവം	ഭക്ഷ്യധാന്യങ്ങൾ
ധവള വിപ്ലവം	പാലുല്പാദനം
തവിട്ടു വിപ്ലവം	തോൽ, കൊക്കോ, ഉല്പാദനം
വെള്ളി നാര് വിപ്ലവം	പരുത്തി

സംഗ്രഹം

- ഭൂമിയുടെ ഉപരിതലത്തിൽ കാണപ്പെടുന്ന ഒരു പ്രധാന പദാർത്ഥമാണ് മണ്ണ്.
- കനാൽ ജലസേചനം, കിണറു ജലസേചനം, ടാങ്ക് ജലസേചനം എന്നിവയാണ് ഇന്ത്യയിലെ പ്രധാന ജലസേചനരീതികൾ.
- ഖാരിഫ്, റാബി, സെയ്ദ്, എന്നിവയാണ് ഇന്ത്യയിലെ കാർഷിക കാലങ്ങൾ.
- ഇന്ത്യയിലെ കാർഷികവിളകളെ ഭക്ഷ്യവിളകൾ നാണ്യവിളകൾ, തോട്ടവിളകൾ, പഴങ്ങളും, പച്ചറികളും എന്നിങ്ങനെ നാലായി തിരിക്കാം.
- ആഴക്കടൽ മത്സ്യബന്ധനം, ഉൾനാട്ടു മത്സ്യബന്ധനം എന്നിങ്ങനെ മത്സ്യബന്ധനത്തെ രണ്ടായി തിരിക്കാം.

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. ഇരുമ്പ് ഓക്സൈഡ് അധികമുള്ള മണ്ണ് _____.
   a) എക്കൽമണ്ണ്
   b) കരിമണ്ണ്
   c) ചെമ്മണ്ണ്
   d) ക്ഷാരമണ്ണ്

2. ഇന്ത്യൻ മണ്ണുകളെ എട്ട് പ്രധാനവിഭാഗങ്ങ ളായി വിഭജിച്ചത്?
   a) ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ
   b) ഇന്ത്യൻ കാലാവസ്ഥ വകുപ്പ്
   c) സോയിൽ സർവ്വേ ഓഫ് ഇന്ത്യ
   d) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോയിൽ സയൻസ്

3. നദികളാൽ രൂപപ്പെട്ട മണ്ണ്:
   a) ചെമ്മണ്ണ് b) കരിമണ്ണ്
   c) മരുഭൂമിമണ്ണ് d) എക്കൽമണ്ണ്

4. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഗുരുത്വബലം ഉള്ള അണക്കെട്ട്_____.
   a) ഹിരാക്കുഡ് b) ഭക്രനംഗൽ
   c) മേട്ടൂർ d) നാഗാർജ്ജുന സാഗർ

X Std - Geography Malayalam Unit-3.indd 171 1/27/2023 10:06:23 AM

5. _____ ഒരു നാണ്യവിളയാണ്.
   a) പരുക്കി b) ഗോതമ്പ്
   c) നെല്ല് d) ചോളം

6. കരിമണ്ണ് _____ എന്നറിയപ്പെടുന്നു:
   a) വരണ്ട മണ്ണ് b) ക്ഷാരഗുണമുള്ള മണ്ണ്
   c) റീഗുർമണ്ണ് d) പർവ്വതമണ്ണ്

7. ലോകത്തിലെ ഏറ്റവും നീളം കൂടിയ അണക്കെട്ട് _____.
   a) മേട്ടൂർ b) കോശി
   c) ഹിരാക്കുഡ് d) ഭക്രേനംഗൽ

8. സുവർണ്ണ നാര് എന്നറിയപ്പെടുന്നത്?
   a) പരുത്തി b) ഗോതമ്പ്
   c) ചണം d) പുകയില

II. തന്നിരിക്കുന്ന പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. പ്രസ്താവന **(A):** പഴങ്ങളുടെയും പച്ചക്കറികളുടെയും പൂക്കളുടെയും കൃഷിയാണ് ഹോർട്ടികൾച്ചർ.

   കാരണം **(R):** മാമ്പഴം, വാഴപ്പഴം, ഓറഞ്ച് എന്നിവയുടെ ഉല്പാദനത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണ്.

   (a) (A) ഉം (R) ഉം ശരിയാണ്, (R) (A) യെ സാധൂകരിക്കുന്നു.

   (b) (A) ഉം (R) ഉം ശരിയാണ് (R) (A) യെ സാധൂകരിക്കുന്നില്ല

   (c) (A) ശരിയാണ് (R) തെറ്റാണ്

   (d) (A) തെറ്റാണ് (R) ശരിയാണ്

2. പ്രസ്താവന **(A):** എക്കൽമണ്ണ് നദികൾ ഒഴുക്കിക്കൊണ്ടുവരുന്ന വസ്തുക്കളാൽ രൂപപ്പെടുന്നു.

   കാരണം **(R):** നെല്ലും ഗോതമ്പും ഈ മണ്ണിൽ നന്നായി വളരുന്നു.

   (a) (A) ഉം (R) ഉം ശരിയാണ് (R) (A) യെ സാധൂകരിക്കുന്നു

   (b) (A) ഉം (R) ഉം ശരിയാണ് (R) (A) യെ സാധൂകരിക്കുന്നില്ല

   (c) (A) ശരിയാണ് (R) തെറ്റാണ്

   (d) (A) തെറ്റാണ് (R) ശരിയാണ്

III. യോജിക്കാത്തത് എടുത്തെഴുതുക:

1. a) ഗോതമ്പ് b) നെല്ല്
   c) തിനാവർഗ്ഗങ്ങൾ d) കാപ്പി

2. a) ഖാദർ b) ഭംഗർ
   c) എക്കൽമണ്ണ് d) കരിമണ്ണ്

3. a) വെള്ളപ്പൊക്കത്താൽ നിറയുന്ന കനാൽ
   b) വർഷം മുഴുവനും വെള്ളമുള്ള കനാൽ
   c) ജലസംഭരണികൾ
   d) കനാലുകൾ

IV. യോജിപ്പിക്കുക:

1. ഇന്ത്യയുടെ പഞ്ചസാരക്കിണ്ണം	a) മഹാനദി
2. കാപ്പി	b) സുവർണ്ണവിപ്ലവം
3. ടെഹ്റി	c) കർണ്ണാടക
4. ഹിരാക്കുഡ്	d) ഉത്തർപ്രദേശും ബീഹാറും
5. ഹോർട്ടികൾച്ചർ	e) ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ അണക്കെട്ട്

V. ചുരുക്കി ഉത്തരമെഴുതുക:

1. മണ്ണ് നിർവ്വചിക്കുക.
2. ഇന്ത്യയിലെ മൺതരങ്ങൾ എഴുതുക.
3. കരിമണ്ണിന്റെ രണ്ട് സവിശേഷതകൾ എഴുതുക.
4. കൃഷിയെ നിർവ്വചിക്കുക.
5. ഇന്ത്യൻ കൃഷിയുടെ തരങ്ങൾ ഏവ?
6. ഇന്ത്യയിലെ കാർഷിക കാലങ്ങൾ ഏവ?
7. ഇന്ത്യയിലെ തോട്ടവിളകൾ ഏവ .
8. വിവിധതരം മത്സ്യബന്ധനരീതികളെ കുറിച്ച് കുറിപ്പെഴുതുക?

VI. കാരണം എഴുതുക:

1. കൃഷിയാണ് ഇന്ത്യയുടെ നട്ടെല്ല്.
2. മഴവെള്ള ശേഖരണം അത്യാവശ്യമാണ്.

VII. വേർതിരിച്ചെഴുതുക:

1. റാബി, ഖാരിഫ്.
2. വെള്ളപ്പൊക്ക കനാൽ, വർഷം മുഴുവൻ വെള്ള മുള്ള കനാൽ.
3. ആഴക്കടൽ മത്സ്യബന്ധനം, ഉൾനാട്ടു മത്സ്യ ബന്ധനം.
4. എക്കൽമണ്ണ്, കരിമണ്ണ്.

VIII. ഖണ്ഡികയിൽ ഉത്തരമെഴുതുക:

1. ഇന്ത്യയിലെ മൺതരങ്ങളിൽ ഏതെങ്കിലും? അഞ്ചെണ്ണത്തിന്റെ സവിശേഷതകളെ കുറിച്ചും വിതരണത്തെ കുറിച്ചും എഴുതുക.
2. ഇന്ത്യയിലെ ഏതെങ്കിലും രണ്ട് വിവിധോദ്ദേശ്യ പദ്ധതികളെ കുറിച്ച് എഴുതുക.

X Std - Geography Malayalam Unit-3.indd 172 1/27/2023 10:06:23 AM

3. തീവ്രകൃഷിരീതിയുടെയും മിശ്രകൃഷിയുടെയും സവിശേഷതകളെ കുറിച്ച് എഴുതുക.
4. നെൽകൃഷിയ്ക്കും ഗോതമ്പുകൃഷിയ്ക്കും അനുകൂലമായ ഭൂമിശാസ്ത്രപരമായ ഘടകങ്ങളെ കുറിച്ച് എഴുതുക.

IX. ചിന്തിച്ച് ഉത്തരം എഴുതുക:

1. കൃഷിയില്ലാത്ത ഒരു രാജ്യത്തെക്കുറിച്ച് നിങ്ങൾക്ക് വിഭാവനം ചെയ്യുവാൻ കഴിയുമോ? കാരണങ്ങൾ?
2. ഇപ്പോൾ തെക്കെ ഇന്ത്യയിൽ നിലവിലിരുന്ന ജലത്തിനുവേണ്ടിയുള്ള തർക്കങ്ങൾക്ക് നിങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാമോ. (അണക്കെട്ടു നിർമ്മാണം, അണക്കെട്ടുകളുടെ ഉയരം കൂടുക, ജലസംഭരണികൾ വൃത്തിയാക്കുക)?

X. ഭൂപട സംബന്ധമായ അഭ്യാസങ്ങൾ ഇന്ത്യയുടെ ഭൂപടത്തിൽ അടയാളപ്പെടുത്തുക:

1. എക്കൽമണ്ണ് ധാരാളമുള്ള സ്ഥലങ്ങൾ.
2. കരിമണ്ണ് അധികമുള്ള സ്ഥലങ്ങൾ.
3. ഹിരാക്കുഡ് ഡാം, മേട്ടൂർ ഡാം, ദാമോദർ ഡാം.
4. ചണം കൃഷിചെയ്യപ്പെടുന്ന സ്ഥലങ്ങൾ.
5. തേയില, കാപ്പി എന്നിവ കൃഷിചെയ്യുന്ന ഏതെങ്കിലും 3 സ്ഥലങ്ങൾ വീതം.
6. മരുഭൂമി മണ്ണ് ഉള്ള സ്ഥലങ്ങൾ.
7. മത്സ്യബന്ധന കേന്ദ്രങ്ങൾ : തൂത്തുക്കുടി, ചെന്നൈ, കൊച്ചി, മുംബൈ, മചിലിപ്പട്ടണം.
8. കാവേരി അഴിമുഖം, ഗോദാവരി അഴിമുഖം.

REFERENCE BOOKS

1. Singh, G. (1976). A Geography of India. Atma Ram & Sons Publications, New Delhi.
2. Siddhartha, K. and Mukherjee, S. (2013). Geography through Maps (11th Edition). Kisalaya Publications Pvt. Ltd., New Delhi.
3. Husain, M. (2015). Geography of India (6th Edition). McGraw Hill Education, New Delhi.
4. Sharma, T.C. and Coutinho, O. (1978). Economic and Commercial Geography India (2nd Edition). Vikas Publishing House Pvt. Ltd., New Delhi.
5. Mamoria, C.B. (1980). Economic and Commercial Geography of India. Shiva Lal Agarwala & Company, Agra.

INTERNET RESOURCES

1. https://extension.psu.edu/introduction-to-soils-managing-soils
2. http://mospi.nic.in/statistical-year-book-india/2017/181
3. http://www.india-wris.nrsc.gov.in/wrpinfo/index.php?title=Multi_Purpose_Projects
4. http://dahd.nic.in/sites/default/filess/Volume%20I.pdf

X Std - Geography Malayalam Unit-3.indd 173 1/27/2023 10:06:23 AM

യൂണിറ്റ് 4

വിഭവങ്ങളും വ്യവസായ ശാലകളും






പഠന ലക്ഷ്യങ്ങൾ

- വിഭവങ്ങളെയും അവയുടെ തരങ്ങളെയും കുറിച്ച് പഠിക്കുക.
- പുതുപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങളെയും പുതുപ്പിക്കാൻ സാധിക്കാത്ത വിഭങ്ങളെയും കുറിച്ച് മനസ്സിലാക്കുക.
- ഇന്ത്യയിലെ തൊഴിൽ ശാലകളുടെ വിവിധ തരങ്ങളും വിതരണവും തിരിച്ചറിയുക.
- ഇന്ത്യയിലെ വ്യവസായശാലകളുടെ പ്രശ്നങ്ങളെ വിശകലനം ചെയ്യുക.

TCD5Z

ആമുഖം

പ്രകൃതിയിൽ നിന്ന് ലഭിക്കുന്നതും ജീവജാലങ്ങൾക്ക് ഉപയോഗപ്രദവുമായ ഏതൊരു വസ്തുവിനെയും അല്ലെങ്കിൽ ഊർജ്ജത്തെയും പ്രകൃതി വിഭവങ്ങൾ എന്നു പറയുന്നു. വായു, ജലം, മണ്ണ്, ധാതുക്കൾ, അശ്മക ഇന്ധനങ്ങൾ, സസ്യങ്ങൾ, വന്യജീവികൾ തുടങ്ങിയവയെല്ലാം പ്രകൃതി വിഭവങ്ങളിൽപ്പെടും. പ്രകൃതിവിഭവങ്ങളെ അസംസ്കൃതവസ്തുക്കളായി ഉപയോഗിക്കുന്നു. ഒരു പ്രദേശത്തിന്റെ സാമ്പത്തിക പുരോഗതിയിൽ അവ പ്രധാന പങ്കുവഹിക്കുന്നു. പ്രകൃതി വിഭവങ്ങളെ നരവധി അടിസ്ഥാനത്തിൽ തരം തിരിച്ചിരിക്കുന്നു. ലഭ്യതയുടെ അടിസ്ഥാനത്തിൽ വിഭവങ്ങളെ രണ്ടായി തരം തിരിച്ചിരിക്കുന്നു. ഉപയോഗശേഷം പുനരുല്പാദനം ചെയ്യാനാവുന്ന വിഭവങ്ങളാണ് പുതുപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങൾ.

സൗരോർജ്ജം, കാറ്റിൽ നിന്നുള്ള ഊർജ്ജം, ജൈവ വാതകം, വേലിയേറ്റ ഊർജ്ജം, തിരമാല ഊർജ്ജം തുടങ്ങിയവ പുതുപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങളാണ്. ഉപയോഗശേഷം പുനരുല്പാദനം ചെയ്യാനാകാത്ത വിഭവങ്ങളാണ് പുതുപ്പിക്കാൻ സാധിക്കാത്ത വിഭവങ്ങൾ. കൽക്കരി, പെട്രോളിയം പ്രകൃതി വാതകം തുടങ്ങിയവ ഈ വിഭാഗത്തിൽ പ്പെടുന്നു.

4.1 ധാതു വിഭവങ്ങൾ

നിയതമായ രാസഘടനയും ഭൗതിക ഗുണങ്ങളുള്ള കാർബണികമോ അകാർബണികമോ ആയ പ്രകൃതി വസ്തുക്കളാണ് ധാതുക്കൾ. ഭൂമിയിൽ നിന്ന് ധാതുക്കൾ വേർതിരിച്ചെടുക്കുന്ന പ്രക്രിയയെ ഖനനം എന്നു പറയുന്നു. ഭൂവൽക്കത്തിനു സമീപമുള്ള ഖനികളെ ഭൂതലഖനി (തുറന്ന കുഴൽ ഖനി) എന്നും ആഴത്തിലുള്ള ഖനികളെ ഷാഫ്റ്റ് ഖനി എന്നും പറയുന്നു.

നിങ്ങൾക്ക് അറിയാമോ?

ഇന്ത്യയിലെ ധാതുസംബന്ധമായ സംഘടനകൾ

1 കൊൽക്കത്ത ആസ്ഥാനമായി സ്ഥിതി ചെയ്യുന്ന ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ.

2 നാഗ്പൂർ ആസ്ഥാനമായി സ്ഥിതി ചെയ്യുന്ന ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസ്.

3 ഹൈദ്രാബാദ് ആസ്ഥാനമായി സ്ഥിതി ചെയ്യുന്ന ഇന്ത്യൻ ഫെറസ് മെറ്റീരിയൽ ടെക്നോളജി ഡെവലപ്പ്മെന്റ് സെന്റർ (NFTDC)

4 ഇന്ത്യയിലെ ഖനികളുടെയും ധാതുക്കളു ടെയും ഭരണനിർവ്വഹണത്തിന്റെ ഉത്തരവാദിത്വം ഖനന മന്ത്രാലയത്തിലാണ് (വികസന നിയന്ത്രണ നിയമം 1957).

ധാതുവിഭവങ്ങളുടെ തരങ്ങൾ

രാസഘടനീക ഗുണങ്ങളുടെ അടിസ്ഥാനത്തിൽ ധാതുവിഭവങ്ങളെ ലോഹധാതുക്കൾ അലോഹ ധാതുക്കൾ എന്നിങ്ങനെ രണ്ടായി തരം തിരിച്ചിരിക്കുന്നു.


X Std - Geography Malayalam Unit-4.indd 174 1/27/2023 10:06:44 AM

1) ലോഹധാതുക്കൾ

ഒന്നോ അതിലധികമോ ലോഹമൂലകങ്ങൾ അടങ്ങിയിരിക്കുന്ന ധാതുവിഭവങ്ങളാണ് ലോഹധാതുക്കൾ. സ്വാഭാവികമായി രൂപം കൊള്ളുന്ന സാന്ദ്രതയുള്ള ധാതുനിക്ഷേപങ്ങളിൽ ലോഹധാതുക്കൾ അപൂർവ്വമായി കാണപ്പെടുന്നു. ഈ നിക്ഷേപങ്ങളിൽ ഇരുമ്പ്, മാംഗനീസ്, ചെമ്പ്, ബോക്സൈറ്റ്, സിങ്ക്, ലെഡ്, നിക്കൽ, സ്വർണ്ണം മുതലായ വിലയേറിയ ലോഹങ്ങൾ ഉൾപ്പെടുന്നു.

i) ഇരുമ്പയിര്

ഭൂവൽക്കത്തിൽ ഏറ്റവുമധികമായി കാണപ്പെടുന്ന മൂലകം ഇരുമ്പയിരാണ്. ഇരുമ്പുധാതുക്കൾ സ്വതന്ത്രമായ അവസ്ഥയിൽ വളരെ അപൂർവ്വമായി മാത്രമേ



X Std - Geography Malayalam Unit-4.indd 175 1/27/2023 10:06:45 AM

കാണുകയുള്ളൂ. അനേകം പാറകളും ധാതുക്കളും പ്രത്യേകിച്ച് ആഗ്നേയ ശിലകളും രൂപാന്തരശിലകളും ചേർന്ന മിശ്രിതമായി ഇത് കാണപ്പെടുന്നു. ഇന്ത്യയിൽ ഇരുമ്പധാതുവിന്റെ ഏറിയ പങ്കും ഹേമറ്റൈറ്റ്, മാഗ്നറ്റൈറ്റ് എന്നീ അയിരുകളായി കാണപ്പെടുന്നു.

ഇരുമ്പയിരിന്റെ ഉല്പാദനത്തിൽ ജാർഖണ്ഡ് മുന്നിലാണ്. രാജ്യത്തിന്റെ മൊത്തം ഉല്പാദനത്തിന്റെ 25 ശതമാനവും ഇവിടെയാണുള്ളത്. സിങ്ഭും, ഹസാരിബാഗ്, ധൻബാദ്, റാഞ്ചി എന്നീ ജില്ലകളാണ് ഇതിന്റെ പ്രധാന ഉല്പാദകർ. 21 ശതമാനം ഉല്പാദിപ്പിച്ച് ഒഡീഷ രണ്ടാം സ്ഥാനത്തു നിൽക്കുന്നു. സുന്ദർഗഡ്, മയൂർഭഞ്ജ്, സംബൽപൂർ, കിയോഞ്ജർ ജില്ലകളാണ് പ്രധാന ഉല്പാദകർ. ഛത്തീസ്ഗഢിലെ മാഗ്നറ്റൈറ്റ് ഉല്പാദനം 18 ശതമാനം ആണ് (റായ്ഗഢ്, ബിലാസ്പൂർ, എന്നീ ജില്ലകളാണ് പ്രധാന ഉല്പാദകർ. കർണ്ണാടക സംസ്ഥാനത്തിൽ ചിക്മംഗലൂർ, ചിത്രദുർഗ, ഷിമോഗധാർവാഡ് എന്നീ ജില്ലകളിലായി 20% മാഗ്നറ്റൈറ്റ് ഉല്പാദിപ്പിക്കുന്നു. ആന്ധ്രാപ്രദേശും തമിഴ്നാടും ഓരോന്നും 5% വീതം ഉല്പാദിപ്പിക്കുന്നു. ആന്ധ്രാപ്രദേശിലെ കർണൂർ, ഗുണ്ടൂർ, കഡപ്പ, അനന്തപുർ, എന്നീ ജില്ലകളും, തമിഴ്നാട്ടിലെ സേലം നാമക്കൽ, തിരുവണ്ണാമലൈ, തിരുച്ചിറാപ്പള്ളി, കോയമ്പത്തൂർ, മധുര, തിരുനെൽവേലി ജില്ലകളും ഇരുമ്പയിര് ഉല്പാദിപ്പിക്കുന്നു.

SAIL (സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ്): ഇന്ത്യയിലെ ഇരുമ്പുരുക്കു വ്യവസായങ്ങളുടെ ആസൂത്രണത്തിന്റെയും വികസനത്തിന്റെയും ഉത്തരവാദിത്വം ഈ മന്ത്രാലയത്തിനാണ്.

2) മാംഗനീസ്

മാംഗനീസ് വെള്ളിനിറം കലർന്ന ചാര നിറത്തിലുള്ള ഒരു മൂലകമാണ്. ഇത് കാഠിന്യമുള്ളതും വേഗത്തിൽ പൊട്ടുന്നവയുമാണ്. ഇത് എല്ലായ്പ്പോഴും ഇരുമ്പ്, ലാറ്ററൈറ്റ് (ചെങ്കല്ല്) മറ്റു ധാതുക്കൾ എന്നിവയോടൊപ്പമാണ് ലഭിക്കുന്നത്. ഇരുമ്പ്, ഉരുക്ക് മറ്റു ലോഹമിശ്രിതങ്ങൾ തുടങ്ങിയവ നിർമ്മിക്കാനുള്ള പ്രധാന അസംസ്കൃത വസ്തുവാണിത്. ഒരു ടൺ ഇരുമ്പുരുക്ക് നിർമ്മിക്കുന്നതിന് ഏകദേശം 10 കി.ഗ്രാം മാംഗനീസ് ആവശ്യമാണ്. ഇരുമ്പുരുക്കു നിർമ്മാണത്തിൽ പ്രധാനമായും ഉപയോഗിക്കുന്ന ധാതുവാണിത്. ബ്ലീച്ചിങ് പൗഡർ, കീടനാശിനികൾ പെയിന്റ്, ബാറ്ററികൾ എന്നിവയുടെ നിർമ്മാണത്തിലും ഇത് ഉപയോഗിക്കുന്നു.

MOIL - മാംഗനീസ് ഓർ ഇന്ത്യാ ലിമിറ്റഡ് നാഗ്പൂർ ആസ്ഥാനമാക്കി പ്രവർത്തിച്ചു വരുന്ന ഈ കമ്പനി ഇന്ത്യയിലെ ഏറ്റവും വലിയ മാംഗനീസ് ഖനന കമ്പനിയാണ്. 50% വിപണി പങ്കാളിത്തത്തോടെ ഇന്ത്യയിലെ ഏറ്റവും വലിയ മാംഗനീസ് ഉല്പാദന കേന്ദ്രമായി ഇത് നിലകൊള്ളുന്നു.

മാംഗനീസ് ലഭ്യമാകുന്നത് രൂപാന്തര ശിലകളിലെ അവസാദ നിക്ഷേപങ്ങളിൽ നിന്നാണ്. മാംഗനീസ് നിക്ഷേപങ്ങൾ അധികവും ഒഡീഷ, കർണ്ണാടക, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഗോവ, ആന്ധ്രാപ്രദേശ്, ജാർഖണ്ഡ്, എന്നീ സംസ്ഥാനങ്ങളിൽ കാണപ്പെടുന്നു. ഇന്ത്യയുടെ മാംഗനീസ് ഉല്പാദനത്തിന്റെ 2% രാജസ്ഥാൻ, ഗുജറാത്ത്, തെലുങ്കാന, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ നിന്നു ലഭിക്കുന്നു. മാംഗനീസ് ഉല്പാദനത്തിൽ ലോകത്തിലെ അഞ്ചാമത്തെ വലിയ രാജ്യമാണ് ഇന്ത്യ.

3) ചെമ്പ്

ചരിത്രാതീതകാല മനുഷ്യൻ വിവിധ ആവശ്യങ്ങൾക്കായി ആദ്യം ഉപയോഗിച്ച ലോഹം ചെമ്പ് ആണ്. വേഗത്തിൽ അയവു വരുത്താൻ കഴിയുന്ന ലോഹമായതിനാൽ ഇതിനെ പലരൂപത്തിലുമുള്ള ഉപയോഗ വസ്തുക്കളാക്കി മാറ്റാൻ കഴിയും. ചെമ്പിൽ സിങ്ക്, ടിൻ എന്നിവ ചേർത്താൽ യഥാക്രമം പിച്ചള, വെങ്കലം എന്നീ ലോഹമിശ്രിതങ്ങൾ ലഭിക്കുന്നു. സാധാരണയായി പാചക പാത്രങ്ങളും മറ്റു ഉപയോഗ വസ്തുക്കളും ഉണ്ടാക്കുന്നതിന് ചെമ്പ് ഉപയോഗിക്കുന്നു. ആധുനികകാലങ്ങളിൽ വൈദ്യുത യന്ത്രങ്ങൾ, കമ്പിച്ചുരുൾ, കേബിളുകൾ എന്നിവയുടെ നിർമ്മാണത്തിന് ഇത് വ്യാപകമായി ഉപയോഗിക്കുന്നു.

രാജസ്ഥാൻ, ജാർഖണ്ഡ്, മധ്യപ്രദേശ്, എന്നീ സംസ്ഥാനങ്ങളിലാണ് ഏറ്റവുമധികം ചെമ്പു നിക്ഷേപങ്ങൾ ഉള്ളത്. ഇന്ത്യയുടെ മൊത്തം ചെമ്പു നിക്ഷേപത്തിന്റെ 7.9 ശതമാനവും ആന്ധ്രാപ്രദേശ്, ഗുജറാത്ത്, ഹരിയാന, കർണ്ണാടക, മഹാരാഷ്ട്ര, മേഘാലയ, നാഗാലാന്റ്, ഒഡീഷ, സിക്കിം, തമിഴ്നാട്, തെലുങ്കാന, ഉത്തരഖണ്ഡ്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിലാണുള്ളത്.

ഹിന്ദുസ്ഥാൻ കോപ്പർ ലിമിറ്റഡ് ഇന്ത്യാ ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ഖനനമന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖല സ്ഥാപനമാണ് ഹിന്ദുസ്ഥാൻ കോപ്പർ ലിമിറ്റഡ്.

X Std - Geography Malayalam Unit-4.indd 176 1/27/2023 10:06:45 AM

4) ബോക്സൈറ്റ്

ബോക്സൈറ്റ് അയിരിൽ നിന്നാണ് അലുമിനിയം വേർതിരിച്ചെടുക്കുന്നത്. ജലാംശമുള്ള അലുമിനിയം ഓക്സൈഡ് അടങ്ങിയ പാറകളിൽ ഇത് കാണപ്പെടുന്നു. ചെങ്കൽമണ്ണ് അധികമായി കാണപ്പെടുന്ന സ്ഥലങ്ങളിൽ ഉപരിതല നിക്ഷേപങ്ങളിൽ ബോക്സൈറ്റ് വ്യാപിച്ചിരിക്കുന്നു. ഭാരം കുറഞ്ഞ കാഠിന്യമുള്ള ലോഹമായതിനാൽ വിമാനങ്ങൾ, എഞ്ചിനുകൾ എന്നിവ നിർമ്മിക്കാൻ അലുമിനിയം ഉപയോഗിക്കുന്നു. സിമന്റ്, രാസവസ്തുക്കൾ എന്നിവ നിർമ്മിക്കുന്നതിനും ബോക്സൈറ്റ് ഉപയോഗിക്കുന്നു.



അലുമിനിയത്തിന്റെ ഓക്സൈഡാണ് ബോക്സൈറ്റ്. ലീ ബോക്സ് ഫ്രഞ്ചു പദത്തിൽ നിന്നാണ് ബോക്സൈറ്റ് എന്ന പദം ഉത്ഭവിച്ചത്.

പ്രധാന ബോക്സൈറ്റ് നിക്ഷേപങ്ങൾ ഒഡീഷ, ഗുജറാത്ത് (ജുനാഗാദ്, അമ്രേലി, ഭാവ്നഗർ ജില്ലകൾ), ജാർഖണ്ഡ് (റാഞ്ചി, ഗുമില, ജില്ലകൾ), മഹാരാഷ്ട്ര (സിന്ധുദുർഗ്, രത്നഗിരി, ജില്ലകൾ), ഛത്തീസ്ഗഢ (ബല്ലാർപൂർദുർഗ് ജില്ലകൾ), തമിഴ്നാട് എന്നിവിടങ്ങളിൽകാണപ്പെടുന്നു.

NALCO, (നാൽകോ) എന്നറിയപ്പെടുന്ന നാഷണൽ അലുമിനിയം കമ്പനി ലിമിറ്റഡിന്റെ (1981-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്) ശാഖകൾ ഒഡീഷയിലെ അങ്കുൽ, ദാമൻജോഡി എന്നിവിടങ്ങളിലുണ്ട്. 1981-ൽ ഇന്ത്യാഗവൺമെന്റ് ഖനന മന്ത്രാലയത്തിന്റെ ഒരു പൊതുമേഖലാ സ്ഥാപനമായി ഇതിനെ ഉൾപ്പെടുത്തി.

नालको NALCO

b) അലോഹധാതുക്കൾ

ഇതിൽ ലോഹങ്ങൾ അടങ്ങിയിട്ടില്ല. മൈക്ക, ചുണ്ണാമ്പുകല്ല്, ജിപ്സം, നൈട്രേറ്റ്, പൊട്ടാഷ്, ഡോളമൈറ്റ്, കൽക്കരി, പെട്രോളിയം, തുടങ്ങിയവയാണ് അലോഹധാതുക്കൾ.

മൈക്ക

പുരാതനകാലത്ത് ആയുർവേദ ചികിത്സയിൽ മൈക്ക ഉപയോഗിച്ചിരുന്നു. ഇലക്ട്രിക് വ്യവസായത്തിന്റെ പുരോഗതിയോടെ മൈക്ക ഏറെ പ്രചാരം നേടി. നല്ലനിലവാരമുള്ള ഒരു തരം മൈക്കയാണ് അഭ്രക്. ഇത് സുതാര്യവും നേരിയ ഷീറ്റുകളാക്കി മാറ്റാൻ കഴിയുന്നതും നിറമില്ലാത്തതും ഇലാസ്റ്റികത യുള്ളതുമാണ്. ഉയർന്ന വോൾട്ടേജിലുള്ള വൈദ്യുത പ്രവാഹത്തെയും താഴ്ന്ന വോൾട്ടേജിലുള്ള വൈദ്യുതപ്രവാഹത്തെയും താങ്ങാൻ കഴിവുള്ളതിനാൽ വിദ്യുത്രോധന വസ്തുക്കൾ നിർമ്മിക്കാൻ ഇത് ഉപയോഗിക്കുന്നു. വൈദ്യുതി കടത്തി വിടാത്തതിനാൽ വൈദ്യുതോപകരണങ്ങളുടെ നിർമ്മാണത്തിന് ഇതു പയോഗിക്കുന്നു. ലൂബ്രിക്കന്റ് (ഘർഷണം കുറയ്ക്കുന്ന എണ്ണ) മരുന്നുകൾ, പെയിന്റ്, വാർണിഷ് എന്നിവ നിർമ്മിക്കുന്നതിന് ഇത് ഉപയോഗിക്കുന്നു.

ആന്ധ്രാപ്രദേശ്, രാജസ്ഥാൻ, ഒഡീഷ, എന്നിവയാണ് മൈക്കാ നിക്ഷേപം അധികമുള്ള സംസ്ഥാനങ്ങൾ.

ചുണ്ണാമ്പു കല്ല്

കാൽസ്യം കാർബണേറ്റ്, അല്ലെങ്കിൽ കാൽസ്യം, മെഗ്നീഷ്യം എന്നിവയുടെ ഇരട്ട കാർബണേറ്റ് അല്ലെങ്കിൽ രണ്ടും ചേർന്ന മിശ്രിതം അടങ്ങിയ പാറകളിൽ ചുണ്ണാമ്പുകല്ല് കാണപ്പെടുന്നു. ചെറിയ തോതിൽ സിലിക്കയും, അലുമിനാ, ഇരുമ്പ് ഓക്സൈഡ്, ഫോസ്ഫറസ്, സൾഫർ എന്നിവയും ചുണ്ണാമ്പുകല്ലിൽ അടങ്ങിയിരിക്കുന്നു.

സോഡാ ആഷ്, കാസ്റ്റിക് സോഡ, ബ്ലീച്ചിങ് പൗഡർ, പേപ്പർ, സിമന്റ്, ഇരുമ്പുരുക്ക്, ഗ്ലാസ്, വളം എന്നിവ നിർമ്മിക്കുന്നതിന് രാസവ്യവസായ ശാലകളിൽ ചുണ്ണാമ്പുകല്ല് ഉപയോഗിക്കുന്നു.പ്രധാന ഉല്പാദന മേഖലകൾ: കർണ്ണാടകം, ആന്ധ്രാപ്രദേശ്, തെലുങ്കാന, രാജസ്ഥാൻ, മധ്യപ്രദേശ്, തമിഴ്നാട്, ഗുജറാത്ത്, ഛത്തീസ്ഗഡ്, എന്നിവയാണ്.

ജിപ്സം

ജലാംശമുള്ള കാത്സ്യം സൾഫേറ്റ് ധാതുവാണ് ജിപ്സം. ചുണ്ണാമ്പുകല്ല്, മണൽകല്ല്, മൃദുശില പോലെയുള്ള അവസാദ ശിലാനിക്ഷേപത്തിൽ കാണുന്ന സുതാര്യമോ, അല്ലെങ്കിൽ അതാര്യമോ ആയ വെളുത്ത ധാതുവാണിത്. സിമന്റ്, വളം, പ്ലാസ്റ്റർ ഓഫ് പാരിസ്, എന്നിവ നിർമ്മിക്കുന്നതിനും മണ്ണിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ഇത് ഉപയോഗിക്കുന്നു. രാജസ്ഥാൻ തമിഴ്നാട് ഗുജറാത്ത്, ഹിമാചൽപ്രദേശ്, കർണ്ണാടക, ഉത്തരഖണ്ഡ്, ആന്ധ്രാപ്രദേശ്, മധ്യപ്രദേശ് എന്നിവയാണ് പ്രധാന ഉല്പാദകർ.

4.2 ഊർജ്ജ വിഭവങ്ങൾ



വൈദ്യുതി ഉല്പാദിപ്പിക്കുന്ന വിഭവങ്ങളെ ഊർജ്ജ വിഭവങ്ങൾ എന്നു പറയുന്നു. വൈദ്യുതി നമ്മുടെ ജീവിതത്തിന്റെ ഒരു പ്രധാന ഘടകമാണ്. ഈ ഊർജ്ജം ഉപയോഗിക്കാതെ ദൈനംദിന പ്രവർത്തനങ്ങൾ ഒന്നും നടക്കുകയില്ല. എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളുടെയും വ്യാവസായിക

X Std - Geography Malayalam Unit-4.indd 177 1/27/2023 10:06:45 AM

പുരോഗതിയുടെയും അടിസ്ഥാന ഘടകമാണിത്. ഊർജ്ജവിഭവങ്ങളെ പുതുപ്പി ക്കാൻ സാധിക്കുന്ന വിഭവങ്ങൾ എന്നും പുതുപ്പിക്കാൻ സാധിക്കാത്ത വിഭവങ്ങൾ എന്നും രണ്ടായി തിരിക്കാം. കൽക്കരി, പെട്രോളിയം, പ്രകൃതി വാതകം, ആണവ ധാതുക്കൾ എന്നിവ പുതുപ്പിക്കാൻ സാധിക്കാത്ത വിഭവങ്ങളാണ്. ജലം, സൂര്യപ്രകാശം, കാറ്റ്, ജൈവവാതകം, വേലിയേറ്റ ഊർജ്ജം എന്നിവ പുതുപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങളാണ്.

പുതുപ്പിക്കാൻ സാധിക്കാത്ത വിഭവങ്ങൾ

a) കൽക്കരി

പ്രധാനമായി ഹൈഡ്രോകാർബണുകൾ അടങ്ങിയ കത്തുന്ന ജൈവ പദാർത്ഥമാണ് കൽക്കരി.

അവസാദശിലകളുടെ രൂപത്തിൽ കൽക്കരി ലഭിക്കുന്നു. താപവൈദ്യുതി ഉല്പാദിപ്പിക്കാൻ ഇത് ഉപയോഗിക്കുന്നു. ഒരു രാജ്യത്തിന്റെ വ്യവസായിക വികസനവുമായി വളരെയടുത്ത ബന്ധമുണ്ട്. ഇതിൽ അടങ്ങിയിരിക്കുന്ന കാർബ ണിന്റെ അളവിനെ അടിസ്ഥാനമാക്കി താഴെ പ റയുന്ന വിധം തരം തിരിച്ചിട്ടുണ്ട്.

ആന്ത്രസൈറ്റ് : 80 മുതൽ 90% വരെ കാർബൺ അടങ്ങിയിരിക്കുന്നു.

ബിറ്റുമിനസ് : 60 മുതൽ 80% വരെ കാർബൺ അടങ്ങിയിരിക്കുന്നു

ലിഗ്നൈറ്റ് : 40 മുതൽ 60% വരെ കാർബൺ അടങ്ങിയിരിക്കുന്നു.

പീറ്റ് : 40% ത്തിൽ കുറവായി കാർബൺ അടങ്ങിയിരിക്കുന്നു.

ഇന്ത്യയിൽ നിരവധി ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ പ്രധാന ഉറവിടമാണ് കൽക്കരി. ഇതിനെ വാതകം, എണ്ണ, താപവൈദ്യുതി എന്നിങ്ങനെ മാറ്റാൻ സാധിക്കും. രാസ്തുക്കൾ, ഛായങ്ങൾ, രാസവളങ്ങൾ, പെയിന്റ്, സിന്തറ്റിക്, സ്ഫോടക വസ്തുക്കൾ എന്നിവയുടെ നിർമ്മാണത്തിൽ ഇത് ഉപയോഗിക്കുന്നു.

ഇന്ത്യയിലെ കൽക്കരി പാടങ്ങൾ ഗ്വാണ്ഡ്വാന പ ാറകളുമായി ബന്ധപ്പെട്ടിരി ക്കുന്നു. ഇത് പ്രധാനമായും കാണപ്പെടുന്നത്ഉപദ്വീപീയ ഇന്ത്യയിലാണ്. ഏകദേശം 2% കൽക്കരി നിക്ഷേപം മൂന്നാം തരത്തിൽപ്പെട്ടതാണ്. അവ അധിക മായി കാണപ്പെടുന്നത് ആസ്സാമിലും ജമ്മുകാശ്മീരിലും ആണ്.

ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലുള്ള കോൾ ഇന്ത്യാ ലിമിറ്റഡ് (CIL) എന്ന കൽക്കരി ഖനന കമ്പനി പ ശ്ചിമബംഗാളിലെ കൊൽക്കത്ത ആസ്ഥാനമാക്കി പ്രവർത്തിക്കുന്നു.

ഇന്ത്യയിൽ കൽക്കരി അധികമായി ഉല്പാദി പ്പിക്കുന്നത് ജാർഖണ്ഡിലാണ്. ഛത്തീസ്ഗഢ്, പശ്ചി മബംഗാൾ, മധ്യപ്രദേശ്, ആന്ധ്രാപ്രദേശ്, മഹാ രാഷ്ട്ര എന്നീ സംസ്ഥാനങ്ങളും കൽക്കരി ഉല്പാ ദനത്തിൽ മുഖ്യ പങ്കു വഹിക്കുന്നു.

ഉപദ്വീപീയ ഇന്ത്യയുടെ തെക്കും പടിഞ്ഞാറും പ്രത്യേകിച്ച് തമിഴ്നാട്, കേരളം, പുതുച്ചേരി എന്നിവിടങ്ങളിൽ ലിഗ്നൈറ്റ് നിക്ഷേപങ്ങൾ കാണപ്പെടുന്നു.

ഇന്ത്യയിൽ കൽക്കരി വിഭവങ്ങളുടെ പര്യവേക്ഷണം, വികസനം, പദ്ധതി ആസൂത്രണം ചെയ്യൽ തുടങ്ങിയ എല്ലാ ഉത്തരവാദിത്തങ്ങളുടെയും ചുമതല കൽക്കരി മന്ത്രാലയത്തി നാണ്. കോൾ ഇന്ത്യാ ലിമിറ്റഡ് (CIL), NLC ഇന്ത്യാ ലിമിറ്റഡ്, സിംഗറേനി കോളറീസ് കമ്പനി ലിമിറ്റഡ് (SCCL) എന്നിവ ഈ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളാണ്.

b) പെട്രോളിയം (അല്ലെങ്കിൽ) അസംസ്കൃത എണ്ണ

പെട്രോ (പാറ), ഓലിയ (എണ്ണ) എന്നീ രണ്ടു ലാറ്റിൻ പദങ്ങളിൽ നിന്നാണ് പെട്രോളിയം എന്ന പദ ത്തിന്റെ ഉത്ഭവം. ഭൂമിയിലെ പാറകളിൽ നിന്നും ലഭി ക്കുന്ന എണ്ണയാണ് പെട്രോളിയം അതുകൊണ്ട് ഇതിനെ ധാതു എണ്ണ എന്നും വിളിക്കുന്നു 90-95 ശതമാനം ഹൈഡ്രോകാർബണുകളും 5-10 ശതമാനം ഓക്സിജൻ ഹൈഡ്രജൻ, ഗന്ധകം, സൾഫർ, കാർബണിക ലോഹ സംയുക്തങ്ങൾ എന്നിവയും അടങ്ങിയ കത്തുന്ന ദ്രാവകമാണ് പെട്രോളിയം.

ഇന്ത്യാഗവൺമെന്റിന്റെ അധീന തയിൽ പ്രവർത്തിക്കുന്ന സ്ഥാപന മാണ് പെട്രോളിയം & പ്രകൃതി വാതക മന്ത്രാലയം (MOP & NG) പെട്രോളിയത്തിന്റെ പര്യവേക്ഷണം, ഉല്പാദനം, ശുദ്ധീകരണം, വിതരണം, വിപണനം, കയറ്റുമതി, ഇറക്കുമതി, എന്നിവയും, പ്രകൃതി വാതകം, പെട്രോളിയം ഉല്പന്നങ്ങൾ, ദ്രവീകൃത പ്രകൃതി വാതകം എന്നിവയുടെ സംരക്ഷണം തടങ്ങിയ ഉത്തരവാദിത്തം ഈ മന്ത്രാലയത്തിനാണ്.



ഇന്ത്യ - എണ്ണ ശുദ്ധീകരണം

X Std - Geography Malayalam Unit-4.indd 178 1/27/2023 10:06:45 AM

കടൽത്തീരത്തിലുള്ള എണ്ണപ്പാടങ്ങൾ	കരഭാഗത്തെ എണ്ണപ്പാടങ്ങൾ
1. മുംബൈ ഹൈ (65% വലുത്)	ബ്രഹ്മപുത്ര തടം (ദിബ്രുഗാർഹ്, സിബ്സാഗർ, ജില്ലകൾ ആസ്സാം).
2. ഗുജറാത്ത് കടൽത്തീരം (2-ാമത്തെ വലുത്)	ദിഗ്ബോയ് എണ്ണപ്പാടങ്ങൾ (രാജ്യത്തിന്റെ ഏറ്റവും പഴയ എണ്ണപ്പാടം).
3. ബേസൈം എണ്ണപ്പാടം മുംബൈ ഹൈയുടെ തെക്കുഭാഗം	നാഹോരട്ടിയ എണ്ണപ്പാടം (ദിഗ്ബോയുടെ തെക്കു പടിഞ്ഞാറ്).
4. അലിയാബെത്ത് (ഭാവ്നഗറിന്റെ തെക്ക്)	മോരാൻ ഹഗ്രിജൻ (നാഹോരാട്ടിയുടെ തെക്കു പടിഞ്ഞാറ് ഭാഗം).
5. അങ്കലേശ്വർ	രുദ്ര സാഗർ ലാവ എണ്ണപ്പാടം (ആസ്സാമിലെ സിബ് സാഗർജില്ല)
6. കാംബേ-ലൂനി മേഖല	സർമാതാഴ്വര (ബദംപൂർ, മാസിംപൂർ, പതാരിയ).
7. അഹമ്മക്കാബാദ് കലോൽ	ആൻഡമാൻ നിക്കോബർ തീരങ്ങൾ, മന്നാർ ഉൾക്കടൽ, ബലേശ്വർ തീരം, പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്.

ഊർജസ്രോതസ്സായി പെട്രോളിയം ഉപയോഗിക്കുന്നു. വാഹനങ്ങൾ, വിമാനങ്ങൾ, കപ്പലുകൾ എന്നിവയിൽ ഇന്ധനമായി ഇത് ഉപയോഗിക്കുന്നു. ലൂബ്രിക്കന്റുകൾ, മണ്ണെണ്ണ, വാസലിൻ, ടാർ, സോപ്പ്, ടെറിലിൻ, മെഴുക് എന്നിവ ഇതിന്റെ ഉപ ഉല്പന്നങ്ങളാണ്. ഇന്ത്യയിൽ കടൽത്തീരങ്ങളിൽ നിന്നും കടലോര പ്രദേശങ്ങൾക്കു സമീപമുള്ള കരഭാഗത്തു നിന്നും ഈ എണ്ണ ലഭിക്കുന്നു.

c) പ്രകൃതി വാതകം

പ്രകൃതി വാതകം സാധാരണയായി എണ്ണപ്പാടങ്ങളോട് ചേർന്നു കാണപ്പെടുന്നു. പ്രകൃതിയിൽ നിന്നു ലഭിക്കുന്ന ഈ ഹൈഡ്രോ കാർബൺ വാതകമിശ്രിതത്തിൽ ഭൂരിഭാഗവും മീഥേയ്ൻ അടങ്ങിയിരിക്കുന്നു. സാധാരണയായി പ്രകൃതിവാതകത്തിൽ വ്യത്യസ്ത അളവുകളിൽ മറ്റു ആൽക്കലികളും ചിലസമയങ്ങളിൽ വളരെ കുറഞ്ഞ തോതിൽ കാർബൺഡൈ ഓക്സൈഡ്, നൈട്രജൻ, ഹൈഡ്രജൻ, സൾഫൈഡ് തുടങ്ങിയ വാതകങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു. ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പ് ജീർണ്ണിച്ച സസ്യങ്ങളുടെയും ജന്തുക്കളുടെയും അവശിഷ്ടങ്ങൾ പാളികളായി അടിഞ്ഞ് താപം, മർദ്ദം എന്നിവ കാരണം പ്രകൃതി വാതകമായി രൂപം കൊള്ളുന്നു. ചൂടാക്കുന്നതിനും വൈദ്യുതോല്പാദനത്തിനും പാചകത്തിനും വേണ്ടി ഊർജ്ജസ്രോതസ്സായി പ്രകൃതിവാതകം ഉപയോഗിച്ചു വരുന്നു. കൂടാതെ വാഹനങ്ങൾക്ക് ഇന്ധനമായും പ്ലാസ്റ്റിക് നിർമ്മാണത്തിൽ രാസവസ്തുവായും വ്യാവസായിക പ്രാധാന്യമുള്ള കാർബണിക രാസവസ്തുക്കൾ നിർമ്മിക്കാനും ഇത് ഉപയോഗിക്കുന്നു.

വടക്കെ ഇന്ത്യയിൽ തൃതീയ പാറകളും എക്കൽ നിക്ഷേപങ്ങളും വളരെ വലിയ അനുപാതത്തിലുണ്ട്. ഒരു കാലത്ത് ആഴം കുറഞ്ഞ കടലിനടിയിലുണ്ടായിരുന്ന അവസാദശിലകൾക്ക് എണ്ണ, പ്രകൃതിവാതകം എന്നീ നിക്ഷേപങ്ങളെ അഭിവൃദ്ധിപ്പെടുത്താനുള്ള സാധ്യതയുണ്ട്. മുംബൈ ഹൈ, ബേസ്സൈം എണ്ണപ്പാടങ്ങൾ എന്നിവിടങ്ങളിൽ പ്രകൃതി വാതകം അധികമായി കാണപ്പെടുന്നു. ഗുജറാത്തിലെ ജഗാതീയ, ഗോഘ, ആസ്സാമിലെ നാഹാർകാട്ടിയാ മോരാൻ, തമിഴ്നാട്ടിലെ നെയ്പള്ളത്തൂർ, മങ്കമടം (തഞ്ചാവൂർ) ത്രിപുരയിലെ ബരനുര, അതർനുര മലനിരകൾ, രാജസ്ഥാനിലെ ബർമർ, സരസ്വാല, അരുണാചൽ പ്രദേശിലെ മിയാവേപുങ്, ലാപ്ടാങ്, പഞ്ചാബിലെ ഫിരോസ്പുർ, ജമ്മുകാശ്മീരിലെ മവുസർ, മരദ്പുർ പശ്ചിമ ബംഗാളിലെ മേദിനിപ്പൂർ എന്നിവിടങ്ങളിൽ പ്രകൃതിവാതകം കാണപ്പെടുന്നു.

ഗെയ്ൽ (ഇന്ത്യ) ലിമിറ്റഡ് (മുമ്പ് ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യാ ലിമിറ്റഡ്) എന്നറിയപ്പെട്ടിരുന്നു. സർക്കാർ ഉടമസ്ഥതയിലുള്ള ഏറ്റവും വലിയ പ്രകൃതി വാതക സംസ്കരണ, വിതരണ കമ്പനിയാണ്. ഇതിന്റെ ആസ്ഥാനം ന്യൂഡെൽഹിയിലാണ്.

പെട്രോളിയം, ഡീസൽ, പ്രൊപ്പെൻ, ദ്രവീകൃത പെട്രോളിയം വാതകം, എന്നിവയ്ക്കുപകരമായി ഉപയോഗി ക്കാൻ കഴിയുന്ന ഇന്ധനമാണ് സമ്മർദ്ദിത പ്രകൃതി വാതകം. മറ്റു ഇന്ധനങ്ങളെ അപേക്ഷിച്ച് ഇതിൽ വിഷവാതകങ്ങളുടെ അളവ് കുറവാണ്. ഇതിനു വായുവിനെക്കാൾ ഭാരം കുറവായതു കൊണ്ട് ഇന്ധനച്ചോർച്ച ഉണ്ടാകുന്ന പക്ഷം വായുവിൽ പെട്ടെന്നുതന്നെ ലയിച്ചുചേരുന്നു. ഡൽഹി അഹമ്മദാബാദ്, മുംബൈ, പൂനൈ, കൊൽക്കത്ത, ലക്നന, വാരണാസി, കാൺപൂർ തുടങ്ങിയ സ്ഥലങ്ങളിൽ വാഹനങ്ങളിലെ ഇന്ധനമായി പ്രകൃതി വാതകം കൂടുതലായി ഉപയോഗിക്കുന്നുണ്ട്.

X Std - Geography Malayalam Unit-4.indd 179 1/27/2023 10:06:45 AM

X Std - Geography Malayalam Unit-4.indd 180 1/27/2023 10:06:50 AM

d) താപവൈദ്യുതി

അശ്മക ഇന്ധനങ്ങളായ കൽക്കരി, ഡീസൽ, പെട്രോളിയം, പ്രകൃതി വാതകം എന്നിവയിൽ നിന്ന് ഉല്പാദിപ്പിക്കുന്നു. 1975-ൽ നാഷ്ണൽ തെർമൽ പവർ കോർപ്പറേഷൻ (ദേശീയ താപ വൈദ്യുത കോർപ്പറേഷൻ) സ്ഥാപിച്ചു. ഇപ്പോൾ ഈ സ്ഥാപനത്തിന്റെ കീഴിൽ കൽക്കരി ഉപയോഗിച്ച് പ്രവർത്തിക്കുന്ന 13 താപ വൈദ്യുത പദ്ധതികളും പ്രകൃതി വാതകം/ദ്രവീകൃത ഇന്ധനം ഉപയോഗിച്ച് പ്രവർത്തി ക്കുന്ന 7 താപവൈദ്യുത പദ്ധതികളും ആസ്സാം, ബീഹാർ, ജാർഖണ്ഡ്, ഛത്തീസ്ഗഢ്, മിസോറം, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിലുണ്ട്. ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്ന താപ വൈദ്യുതിയുടെ 5% തമിഴ് നാട്ടിൽ ഉല്പാദിപ്പിക്കുന്നു. നെയ്വേലി, മേട്ടൂർ, തൂത്തുക്കുടി, എണ്ണൂർ (ചെന്നൈ) എന്നിവ തമിഴ്നാട്ടിലെ പ്രധാന താപ വൈദ്യുത നിലയങ്ങളാണ്.

e) അണുശക്തി

അണുവിഘടനം അല്ലെങ്കിൽ സംയോജനം നടക്കുമ്പോൾ പുറന്തള്ളപ്പെടുന്ന ഊർജ്ജം വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഉപയോഗിക്കുന്നു.

യുറേനിയം തോറിയം എന്നീ ധാതുക്കളിൽ നിന്ന് ആണവോർജം ഉല്പാദിപ്പിക്കുന്നു. ഇന്ത്യയിലെ ആദ്യത്തെ അണുവൈദ്യുത നിലയം മുംബൈയ്ക്കു സമീപമുള്ള താരാപ്പൂരിൽ 1969-ൽ സ്ഥാപിച്ചു. അതിനു ശേഷം റാവാത്ത്ഭട്ട (335 മെഗാവാട്ട്) രാജസ്ഥാനിലെ കോട്ടയ്ക്കു സമീപം (100 മെഗാവാട്ട്) തമിഴ് നാട്ടിൽ കൽപ്പാക്കം (440 മെഗാവാട്ട്) കൂടംകുളം (2000 മെഗാ വാട്ട്) ഉത്തർപ്രദേശിൽ നാരോര (235 മെഗാവാട്ട്) കർണ്ണാടകത്തിൽ കെയ്ഗ (235 മെഗാവാട്ട്) ഗുജറാത്തിലെ കാക്രപാര (235 മെഗാവാട്ട്) എന്നിവിടങ്ങളിൽ ആണവോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു.

മഹാരാഷ്ട്രയിലെ മുംബൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപന മാണ് ന്യൂക്ലിയർ പവർ കോർപ്പ റേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ്. ആണവോർജ്ജ ഉല്പാദനത്തി ന്റെ ഉത്തരവാദിത്തം നിർവ്വഹി ക്കുന്ന ഈ സ്ഥാപനം പൂർണ്ണമാ യും സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതാണ്.

പുതുപ്പിക്കാൻ സാധിക്കുന്ന അല്ലെങ്കിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

a) ജലവൈദ്യുതി

ജലത്തിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയെ ജലവൈദ്യുതി എന്നു പറയുന്നു. ഒഴുകിക്കൊണ്ടിരിക്കുന്ന ജലത്തിൽ നിന്നും ജലവൈദ്യുതി ഉല്പാദിപ്പിക്കുന്നു. സാമ്പത്തിക പ്രാധാന്യമുള്ള ജലവൈദ്യുത പദ്ധതി മലിനീകരണമില്ലാത്ത ഊർജ്ജ സ്രോതസ്സാണ്. ആഗോള വൈദ്യുതോല്പാദനത്തിന്റെ 7% ജലവൈദ്യുത നിലയങ്ങളിൽ നിന്ന് ലഭിക്കുന്നു. പുതുപ്പിക്കാൻ സാധിക്കുന്ന വിഭവമായതിനാൽ മറ്റു വൈദ്യുത നിലയങ്ങളെ അപേക്ഷിച്ച് ഇതിന്റെ ഉല്പാദനച്ചെലവ് താരതമ്യേന കുറവാണ്. ആവശ്യാനുസരണം ഉല്പാദനം വർദ്ധിപ്പിക്കാനും കുറയ്ക്കാനും സാധിക്കുന്ന ഊർജ്ജസ്രോതസ്സാണിത്.

നിങ്ങൾക്ക് അറിയാമോ?

ഇന്ത്യയുടെ ആദ്യത്തെ ജല വൈദ്യുത നിലയം 1897-ൽ ഡാർജിലിങ്ങിൽ സ്ഥാപിച്ചു.

ഇന്ത്യയിലെ ഫരീദാബാദിൽ ദേശീയ ജല വൈദ്യുത കോർപ്പറേഷൻ ലിമിറ്റഡ് NHPC സ്ഥിതി ചെയ്യുന്നു.

b) സൗരോർജം

ഫോട്ടോ വോൾട്ടായിക് സെൽ ഉപയോഗിച്ച് പ്രത്യക്ഷമായോ കേന്ദ്രീകൃത സൗരവികിരണ സംവിധാനത്തിലൂടെ പരോക്ഷമായോ സൂര്യ പ്രകാശത്തെ വൈദ്യുതിയാക്കി മാറ്റുന്നതാണ് സൗരോർജ്ജം. കേന്ദ്രീകൃത സൗരവികിരണ സംവിധാനത്തിൽ കണ്ണാടി അല്ലെങ്കിൽ ലെൻസ് ഉപയോഗിച്ച് സൂര്യപ്രകാശത്തെ ഒരു ചെറിയ മേഖലയിൽ കേന്ദ്രീകരിച്ച് സൗരോർജ്ജം ഉല്പാ ദിപ്പിക്കുന്നു. ഫോട്ടോ വോൾട്ടായിക് പ്രതിഭാസം മൂലം ഫോട്ടോ വോൾട്ടായിക് സെല്ലുകൾ സൂര്യ പ്രകാശത്തെ വൈദ്യുതിയാക്കി മാറ്റുന്നു.

സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ് (ഇന്ത്യാ ഗവൺമെന്റ് സംരംഭം) ന്യൂഡൽഹിയിൽ സ്ഥിതി ചെയ്യുന്നു.

വിപണി വികാസം, വ്യവസായ വൽക്കരണം, വീടുകൾക്കും സ്ഥാപനങ്ങൾക്കും വ്യവസായ ശാലകൾക്കും ഉപയോഗിക്കേണ്ട ഊർജ്ജത്തിന്റെ ആവശ്യകത നിർവ്വഹിക്കുക തുടങ്ങിയവയാണ് പാരമ്പര്യേതര ഊർജ്ജസ്രോതസ് മന്ത്രാലയം നടപ്പിലാക്കിയ സൗരതാപോർജ്ജ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഹീറ്ററുകൾ, റെഫ്രിജറേറ്ററുകൾ, പമ്പിങ്, വൈദ്യുതോല്പാദനം, ഫോട്ടോ വോൾട്ടായിക് സെൽ തുടങ്ങിയവയിൽ സൗരോർജ്ജം ഉപയോഗിക്കുന്നു. ആന്ധ്രാപ്രദേശ്, ഗുജറാത്ത്, രാജസ്ഥാൻ, മഹാരാഷ്ട്ര, മധ്യപ്രദേശ്, എന്നിവയാണ് സൗരോർജത്തിന്റെ പ്രധാന ഉല്പാദകർ.

X Std - Geography Malayalam Unit-4.indd 181 1/27/2023 10:06:51 AM

c) കാറ്റിൽ നിന്നുള്ള ഊർജ്ജം

ടർബൈനുകൾ ഉപയോഗിച്ച് കാറ്റിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്നു. ചെലവു കുറഞ്ഞ, മാലിന്യമുക്തമായ ഊർജ്ജസ്രോതസ്സാണിത്. വെള്ളം പമ്പു ചെയ്യുന്നതിനും പായ്ക്കപ്പലുകൾ പ്രവർത്തിപ്പിക്കുന്നതിനും കാറ്റിൽ നിന്നും എടുക്കുന്ന ഊർജ്ജം ഉപയോഗിക്കുന്നു. സുലഭമായി ലഭിക്കുന്നതും, പുതുപ്പിക്കാൻ സാധിക്കുന്നതും വ്യാപകമായി വിതരണം ചെയ്യപ്പെടുന്നതും പ്രവർത്തിക്കുമ്പോൾ ഹരിത ഗൃഹവാതകങ്ങൾ പുറത്തുവിടാത്തവയുമാണ് ഇത്തരം ഊർജ്ജ സ്രോതസ്സുകൾ. കാറ്റാടിയന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് വളരെ കുറച്ചു സ്ഥലം മതിയാകും.

നിങ്ങൾക്ക് അറിയാമോ?

ഇന്ത്യയിൽ ഏറ്റവുമധികം കാറ്റാടിയന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ള സംസ്ഥാനം തമിഴ്നാടാണ്. ലോകത്തിൽ ഏറ്റവുമധികം കാറ്റാടിയന്ത്രങ്ങൾ ഒരേ സ്ഥലത്തു സ്ഥാപിച്ചിട്ടുള്ള കാറ്റാടിപ്പാടം സ്ഥിതിചെയ്യുന്നത് കന്യാകുമാരിക്കു സമീപമുള്ള മുപ്പന്തൽ പെരുങ്കുടി മേഖലയിലാണ്.

ഇന്ത്യയിൽ ആദ്യമായി 1986-ൽ കടലോര പ്രദേശങ്ങളായ ഗുജറാത്ത് (ഓക) മഹാരാഷ്ട്ര (രന്തഗിരി) തമിഴ്നാട് (തൂത്തുക്കുടി) എന്നിവിടങ്ങളിൽ 55 കിലോ വാട്ട് ഉല്പാദന ക്ഷമതയോടെ ആരംഭിച്ച കാറ്റാടിമില്ലുകൾ പുരോഗതി പ്രാപിച്ചു. കഴിഞ്ഞ കുറെ വർഷങ്ങളിലായി ഇതിന്റെ ഉല്പാദനത്തിൽ വർദ്ധനവുണ്ടായി. കാറ്റിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്നതിൽ ലോകത്തിൽ നാലാമത്തെ സ്ഥാനം ഇന്ത്യയ്ക്കാണ്.

1998-ൽ തമിഴ്നാട്ടിൽ സ്ഥാപിച്ച ചെന്നൈയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിൻഡ് എനർജി (NIWE) ഒരു സ്വയംഭരണ സ്ഥാപനമാണ്. ഈ സ്ഥാപനം പ്രവർത്തിക്കുന്നത് പുതിയതും, പുനരുല്പാദിപ്പിക്കാവുന്നതുമായ ഊർജ്ജ മന്ത്രാലയത്തിന്റെ ഭരണ നിയന്ത്രണത്തിലാണ്. വിഭവസ്രോതസ്സുകളെ കുറിച്ചുള്ള വിലയിരുത്തലും പരിശോധനയും സർട്ടിഫിക്കേഷനും CIWE- യുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു

NATIONAL INSTITUTE OF WIND ENERGY
नीवे NIWE
(ISO 9001:2008)

d) ജൈവ ഊർജ്ജം

മൃഗങ്ങളുടെ വിസർജ്യവസ്തുക്കൾ, അടുക്കള മാലിന്യങ്ങൾ, കുളവാഴച്ചെടികൾ, കാർഷിക അവശിഷ്ടങ്ങൾ, നഗരമാലിന്യങ്ങൾ തുടങ്ങിയ ജൈവാശിഷ്ടങ്ങളിൽ നിന്നും ജൈവ ഊർജ്ജം ഉല്പാദിപ്പിക്കുന്നു. ഇത് മാലിന്യമില്ലാത്തതും ചെലവു കുറഞ്ഞതുമായ ഊർജ്ജ സ്രോതസ്സാണ്. ഇന്ത്യയിൽ ജൈവ വസ്തുക്കളിൽ നിന്നുമെടുക്കുന്ന ജൈവ ഊർജ്ജം പ്രധാനമായും ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.

e) വേലിയേറ്റ ഊർജ്ജവും തിരമാല ഊർജ്ജവും

വേലിയേറ്റ ഊർജ്ജവും തിരമാല ഊർജ്ജവും സമുദ്രത്തിലെ ഊർജ്ജസ്രോതസ്സിൽ നിന്നും ലഭിക്കുന്നു കാംബേ ഉൾക്കടൽ വേലിയേറ്റ ഊർജ്ജം ഉല്പാദിപ്പിക്കുന്നതിന് അനുയോജ്യമായ പ്രദേശമാണ്. കൂടാതെ കച്ച് ഉൾക്കടൽ (1000 മെഗാവാട്ട്) സുന്ദരവനങ്ങൾ (100 മെഗാവാട്ട്) എന്നിവിടങ്ങളിൽ ഇത്തരം ഊർജ്ജം ഉല്പാദിപ്പിക്കുന്നു.

150 മെഗാവാട്ട് ഉല്പാദനശേഷിയുള്ള തിരമാല ഊർജ്ജനിലയം തിരുവനന്തപുരത്തിനടുത്തുള്ള വിഴിഞ്ഞത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതുപോലെ മറ്റൊരു ഊർജ്ജനിലയം ആൻഡമാൻ നിക്കോബർ ദ്വീപുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

4.3 വ്യവസായശാലകൾ

ഇത് അസംസ്കൃത വസ്തുക്കളെ ഉപയോഗപ്രദമായ ഉല്പന്നങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങളെ സൂചിപ്പിക്കുന്നു. ഈ മേഖലയെ മൂല്യവർദ്ധിത മേഖല എന്നു പറയുന്നു. അസംസ്കൃത വസ്തുക്കളുടെ സ്രോതസ്സ് അടിസ്ഥാനമാക്കി വ്യവസായശാലകളെ കാർഷിക വിഭവങ്ങളെ ആധാരമാക്കിയുള്ള വ്യവസായശാലകൾ, വനവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായശാഖകൾ ധാതുവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായശാലകൾ എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.

കാർഷിക വിഭവങ്ങളെ അടിസ്ഥാന മാക്കിയുള്ള വ്യവസായശാലകൾ

ഇത്തരം വ്യവസായശാലകൾക്ക് കാർഷിക മേഖലയിൽ നിന്ന് അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നു. കാർഷിക വിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായശാലകളെ കുറിച്ച് ചുവടെ വിവരിച്ചിരിക്കുന്നു.


a) പരുത്തിത്തുണി വ്യവസായശാലകൾ

തുണിത്തരം എന്നതിൽ പരുത്തി ചണം, കമ്പിളി, കൃത്രിമനൂൽ എന്നിവ കൊണ്ടുള്ള വസ്ത്രങ്ങൾ എല്ലാം ഉൾപ്പെടും. പരുത്തിത്തുണി വ്യവസായ രംഗത്ത് ലോകത്തിൽ ഇന്ത്യ രണ്ടാം സ്ഥാനം വഹിക്കുന്നു.

നിങ്ങൾക്ക് അറിയാമോ?

1818-ൽ ഇന്ത്യയിൽ കൊൽക്കയിലെ ഫോർട്ട് ഗ്ലോസ്റ്റർ എന്ന സ്ഥലത്ത് ആദ്യത്തെ പരുത്തി തുണിമില്ല് സ്ഥാപിച്ചു.

X Std - Geography Malayalam Unit-4.indd 182 1/27/2023 10:06:51 AM



കൈത്തറി, കരകൗശല വസ്തുക്കൾ, ചെറിയ വൈദ്യുതത്തറി യൂണിറ്റുകൾ പോലെയുള്ള പരമ്പരാഗത തൊഴിലുകൾ ഗ്രാമീണ അർദ്ധന ഗരമേഖലകളിലെ ദശലക്ഷക്കണക്കിന് ജനങ്ങളുടെ തൊഴിലവസരങ്ങളുടെ ഏറ്റവും വലിയ ഉറവിടമാണ്.

ഇപ്പോൾ പരുത്തി ഉല്പാദനത്തിൽ ലോകത്തിലെ മൂന്നാമത്തെ വലിയ രാജ്യവും നെയ്ത്തുതറികളും നൂൽനൂല്ക്കുന്ന യന്ത്രങ്ങളും ഏറ്റവുമധികമുള്ള രാജ്യവും ഇന്ത്യയാണ്. നിലവിൽ പരുത്തി തുണി വ്യവസായം ഇന്ത്യയിലെ ഏറ്റവും വലിയ സംഘടിത ആധുനിക വ്യവസായമാണ്.

പരുത്തി ഇഴകളിൽ നിന്ന് (പഞ്ഞിയിൽ) വിത്തു നീക്കം ചെയ്യുന്ന പ്രക്രിയയാണ് ജിന്നിങ്.

മുംബൈയും സമീപ പ്രദേശങ്ങളും കേന്ദ്രീകരിച്ച് നിരവധി തുണിമില്ലുകൾ സ്ഥാപിച്ചിട്ടുള്ളതിനാൽ മുംബൈ ഇന്ത്യയുടെ മാഞ്ചസ്റ്റർ എന്നറിയപ്പെടുന്നു. മഹാരാഷ്ട്രയിലെ കരിമണ്ണിന്റെ സാന്നിദ്ധ്യം ഈർപ്പമുള്ള കാലാവസ്ഥ, മുംബൈയിലെ തുറമുഖം, ജല വൈദ്യുതിയുടെ ലഭ്യത, നല്ല കമ്പോളങ്ങൾ, മികച്ച ഗതാഗത സൗകര്യം എന്നിവ മുംബൈയിൽ പരുത്തി വ്യവസായശാലകൾ സ്ഥാപിക്കുന്നതിന് അനുകൂലമായ ഘടകങ്ങളാണ്.

മഹാരാഷ്ട്ര, ഗുജറാത്ത്, പശ്ചിമബംഗാൾ, ഉത്തർപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ പ്രധാന പരുത്തിത്തുണി വ്യവസായശാലകൾ കേന്ദ്രീകരിച്ചിട്ടുണ്ട്. തമിഴ്നാട്ടിലെ 435 തുണിമില്ലുകളിൽ 200 മില്ലുകൾ കോയമ്പത്തൂരിലാണുള്ളത്. അതിനാൽ കോയമ്പത്തൂർ ദക്ഷിണേന്ത്യയുടെ മാഞ്ചസ്റ്റർ എന്നറിയപ്പെടുന്നു. ഈറോഡ്, തിരുപ്പൂർ, കരൂർ, ചെന്നൈ, തിരുനെൽവേലി, മധുര, തൂത്തുക്കുടി, സേലം, വിരുദുനഗർ എന്നീ ജില്ലകളാണ് മറ്റു പ്രധാന പരുത്തി വ്യവസായ കേന്ദ്രങ്ങൾ .

b) ചണം വ്യവസായ ശാലകൾ

ചണ സഞ്ചികൾ പോലെയുള്ള വസ്തുക്കൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന വില കുറഞ്ഞ നാരുകളാണ് ചണം. വസ്ത്രങ്ങളുണ്ടാക്കാൻ പരുത്തി, കമ്പിളി എന്നിവയോടൊപ്പം ചണം ഉപയോഗിക്കുന്നു. പരുത്തി തുണിത്തരങ്ങൾ കഴിഞ്ഞാൽ ഇന്ത്യയിലെ രണ്ടാമത്തെ ടെക്സ്റ്റൈൽ വ്യവസായമാണിത്. പുതുപ്പിക്കാൻ സാധിക്കുന്നതും ജീർക്കുന്നതും പരിസ്ഥിതി പ്രശ്നങ്ങളില്ലാത്തതുമായ ഉല്പന്നമായതിനാൽ ചണം സ്വർണ്ണ നാരുകൾ എന്നറിയപ്പെടുന്നു.

ദേശീയ ചണ ബോർഡിന്റെ ആസ്ഥാനം കൊൽക്കത്തയിലാണ്.

NATIONAL JUTE BOARD

X Std - Geography Malayalam Unit-4.indd 183 1/27/2023 10:06:51 AM

ഇന്ത്യയിൽ ആദ്യമായി 1854-ൽ ഇംഗ്ലീഷുകാരനായ ജോർജ് ഓക്ലാൻഡ് കൊൽക്കത്തയ്ക്കു സമീപം റിശ്രയിൽ ചണമില്ല് സ്ഥാപിച്ചു. ചണം ഉല്പാദനത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്തും ചണവസ്തുക്കളുടെ കയറ്റുമതിയിൽ ബംഗ്ലാദേശ് കഴിഞ്ഞ് രണ്ടാം സ്ഥാനത്തും നിൽക്കുന്നു. ചണസഞ്ചികൾ, കൂടാരത്തുണികൾ, കയറുകൾ, പരവതാനികൾ, തുണികൾ, നൂലുകൾ, കാൻവാസ്, തിരശ്ശീലകൾ, എന്നിവ നിർമ്മിക്കാൻ ചണം ഉപയോഗിക്കുന്നു. ഇപ്പോൾ പ്ലാസ്റ്റിക് ഉപകരണങ്ങൾ, വൈദ്യുതകമ്പിയുറകൾ, കമ്പിളിയോട് ചേർത്ത് തുണികൾ നിർമ്മിക്കുന്നതിനും ചണം ഉപയോഗിക്കുന്നു. പരുത്തി നൂലിനോട് ചണം ചേർത്ത് പരവതാനികൾ പുതപ്പ് എന്നിവ നിർമ്മിക്കുന്നു. ചണ ഉല്പാദന കേന്ദ്രങ്ങൾ പശ്ചിമബംഗാളിൽ ഹൂഗ്ലി നദിക്കരയിൽ കൊൽക്കത്തയുടെ ആറു കിലോമീറ്റർ പരിധിക്കുള്ളിൽ സ്ഥാപിച്ചിട്ടുണ്ട്. ടിറ്റാകർ, ജഗത്ദത്, ബഡ്ജ്ബഡ്ജ്, ഹൊര, ഭദ്രേശ്വർ എന്നിവ ഈ വ്യവസായത്തിന്റെ പ്രധാന കേന്ദ്രങ്ങളാണ്. ആന്ധ്രാപ്രദേശ്, ബീഹാർ, ഉത്തർപ്രദേശ്, ആസ്സാം, ഛത്തീസ്ഗഢ്, ഒഡീഷ എന്നിവയാണ് മറ്റു കേന്ദ്രങ്ങൾ.

പട്ടിന്റെ സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട ഗവേഷണ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി സ്ഥാപിച്ചിരിക്കുന്ന ഏക ഗവേഷണ കേന്ദ്രമാണ് CSTRI 1983-ൽ ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ കീഴിൽ സെൻട്രൽ സിൽക്ക് ബോർഡാണ് ഇത് സ്ഥാപിച്ചത്. ഇതിന്റെ ആസ്ഥാനം ബാംഗ്ലൂർ ആണ്.

c) പട്ടു വ്യവസായം

ഇന്ത്യ പട്ടുല്പാദനത്തിൽ പ്രശസ്തി നേടിയ രാജ്യമാണ്. പട്ടിന്റെ അസംസ്കൃത വസ്തുക്കളുടെ ഉല്പാദനത്തിൽ ചൈന കഴിഞ്ഞാൽ ലോകത്തിലെ രണ്ടാമത്തെ വലിയ രാജ്യം ഇന്ത്യയാണ്.

നിങ്ങൾക്ക് അറിയാമോ?

1975 നവംബർ 20-ന് ധന മന്ത്രാലയത്തിനു കീഴിൽ കൈത്തറി വികസന കമ്മീഷൻ സ്ഥാപിച്ചു. ഇപ്പോൾ ഈ സ്ഥാപനം ടെക്സ്റ്റൈൽ മന്ത്രാലയത്തിനു കീഴിൽ ന്യൂഡൽഹിയിലെ ഉദ്യോഗ് ഭവൻ ആസ്ഥാനമാക്കി പ്രവർത്തിക്കുന്നു.

ഇന്ത്യയിൽ പട്ടുല്പാദനത്തിൽ കർണ്ണാടക സംസ്ഥാനം മുന്നിൽ നില്ക്കുന്നു. പശ്ചിമബംഗാൾ, ജമ്മുകാശ്മീർ, ബീഹാർ, ജാർഖണ്ഡ്, ഉത്തർപ്രദേശ്, പഞ്ചാബ്, ആസ്സാം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളാണ് മറ്റു പ്രധാന ഉല്പാദകർ.

d) പഞ്ചസാര വ്യവസായം

കരിമ്പ്, മധുരമുള്ള കിഴങ്ങുകൾ, മധുരം അടങ്ങിയിട്ടുള്ള ധാന്യങ്ങൾ എന്നിവയിൽ നിന്ന് പഞ്ചസാര ഉല്പാദിപ്പിക്കുന്നു. ഇന്ത്യയിൽ പഞ്ചസാര ഉല്പാദനത്തിന്റെ പ്രധാന സ്രോതസ്സ് കരിമ്പാണ്. കാർഷിക വിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളിൽ പരുത്തി വ്യവസായത്തിനുശേഷം ഇന്ത്യയിലെ രണ്ടാമത്തെ വലിയ വ്യവസായമാണിത്. ലോകത്തിൽ കരിമ്പുല്പാദനത്തിൽ ബ്രസീൽ കഴിഞ്ഞ് രണ്ടാമത്തെ വലിയ രാജ്യം ഇന്ത്യയാണ്. പഞ്ചസാര വ്യവസായ ശാലകൾ മിക്കവാറും കരിമ്പുകൃഷി ചെയ്യുന്ന പ്രദേശങ്ങൾക്കരികിൽ സ്ഥിതി ചെയ്യുന്നു.

രാജ്യത്തിന്റെ മൊത്തം ഉല്പാദനത്തിൽ 50 ശതമാനം പഞ്ചസാര ഉല്പാദിപ്പിച്ച് ഉത്തർപ്രദേശ് മുന്നിൽ നില്ക്കുന്നു. മഹാരാഷ്ട്ര, ബീഹാർ, കർണ്ണാടകം, ആന്ധ്രാപ്രദേശ്, തമിഴ്നാട്, പഞ്ചാബ്, ഗുജറാത്ത്, ഹരിയാന, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് മറ്റു പ്രധാന ഉല്പാദകർ. 90 ശതമാനത്തിലധികം പഞ്ചസാര വ്യവസായശാലകളും പഞ്ചസാര ഉല്പാദനവും ഈ സംസ്ഥാനങ്ങളിലാണുള്ളത്.

വനവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായ ശാലകൾ

അരക്ക്, കായിക വസ്തുക്കൾ, പ്ലൈവുഡ്, തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ വനങ്ങളിൽ നിന്ന് ലഭിക്കുന്നു.

a) കടലാസ് വ്യവസായശാലകൾ

വർത്തമാന പത്രങ്ങൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവ അച്ചടിക്കുന്ന കടലാസുകൾ, കടലാസു ഷീറ്റുകൾ, കടലാസു പെട്ടികൾ, ടിഷ്യൂപേപ്പർ, കടലാസുബാഗുകൾ, കവറുകൾ എന്നിങ്ങനെ നിരവധി വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന സവിശേഷവും വിഭിന്നവുമായ വ്യവസായമാണ് കടലാസു വ്യവസായം. ഉയർന്നതരം അച്ചടി പേപ്പറുകൾ നിർമ്മിക്കുന്നതിനുള്ള പ്രധാന അസംസ്കൃത വസ്തുവായി മൃദുവായ മരത്തടികൾ ഉപയോഗിക്കുന്നു. കടലാസുകൾ വിദ്യാഭ്യാസം, സാക്ഷരത എന്നിവയിലെ മുന്നുപാധിയും ഇതിന്റെ ഉപയോഗം ഈ രണ്ടു മേഖലകളുടെയും മൊത്തത്തിലുള്ള സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെയും അഭിവൃദ്ധിയുടെ സൂചനയാണ്.



ഇന്ത്യയിലെ കടലാസ് വ്യവസായശാലകൾ

X Std - Geography Malayalam Unit-4.indd 184 1/27/2023 10:06:51 AM

നിങ്ങൾക്ക് അറിയാമോ?

1812-ൽ പശ്ചിമ ബംഗാളിലെ സെറാമ്പൂരിൽ ഇന്ത്യയിലെ ആദ്യത്തെ പേപ്പർ മില്ല് ആരംഭിച്ചു.

വിജയകരമായ ആദ്യ സംരംഭം റോയൽ ബംഗാൾ പേപ്പർ മില്ല് 1867-ൽ കൊൽക്കത്തയ്ക്കു സമീപം ബാലിഗഞ്ചിൽ സ്ഥാപിച്ചു. തുടർന്ന് 1879-ൽ ലക്നൗവിലും 1882-ൽ ടിറ്റാഗാർഹിലും 1887-ൽ പൂനെയിലും 1892-ൽ റാണിഗഞ്ചിലും 1892-ൽ കൻകിന്റയിലും 1918-ൽ നൈഹാട്ടിലും പേപ്പർ മില്ലുകൾ സ്ഥാപിച്ചു. മരക്കുഴമ്പ്, മുള, സലായ്, സലാബ് പുല്ലുകൾ, പഴയ കടലാസുകൾ, കരിമ്പിൻ ചണ്ടി എന്നിവ കടലാസ് വ്യവസായത്തിൽ അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്നു. പശ്ചിമ ബംഗാൾ ആണ് രാജ്യത്തിലെ ഏറ്റവും വലിയ കടലാസ് ഉല്പാദകർ. മധ്യപ്രദേശ്, ഒഡീഷ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളും കടലാസ് നിർമ്മാണത്തിൽ പ്രധാന പങ്കു വഹിക്കുന്നു.

നിങ്ങൾക്ക് അറിയാമോ?

നാഷണൽ ന്യൂസ്പ്രിന്റ് ആൻഡ് പേപ്പർ മിൽസ് (NEPA) മധ്യപ്രദേശിലെ ബർഹാൻപൂർ ജില്ലയിൽ നേപാനഗറിൽ സ്ഥിതി ചെയ്യുന്നു.

ധാതുവിഭവങ്ങളെ അടിസ്ഥാനമാക്കി യുള്ള വ്യവസായ ശാലകൾ

ധാതുവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായശാലകളിൽ ലോഹ, അലോഹ ധാതുക്കളെ അസംസ്കൃതവസ്തുക്കളായി ഉപയോഗിക്കുന്നു.

a) ഇരുമ്പുരുക്കു വ്യവസായശാല

ഇരുമ്പുരുക്കു വ്യവസായ ശാലകളിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ മറ്റു വ്യവസായ ശാഖകളിൽ അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്നു. അതിനാൽ ഇരുമ്പുരുക്കു വ്യവസായശാലകളെ അടിസ്ഥാനലോഹ വ്യവസായശാലകൾ എന്നു വിളിക്കുന്നു. എഞ്ചിനിയറിങ്, ഭാരമുള്ള യന്ത്രസാമഗ്രികൾ, യന്ത്രഭാഗങ്ങൾ, വാഹനങ്ങൾ, റെയിൽ എഞ്ചിൻ തുടങ്ങിയവ നിർമ്മിക്കുന്ന നിരവധി വ്യവസായശാലകളിൽ ഇരുമ്പ്, ഉരുക്ക് എന്നിവ അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്നു. അതിനാൽ ഒരു രാജ്യത്തിലെ സ്റ്റീൽ ഉല്പാദനശേഷിയെ ആ രാജ്യത്തിന്റെ വ്യവസായ പുരോഗതിയെ നിർണ്ണയിക്കുന്ന ഒരു സൂചകമായി കണക്കാക്കുന്നു.

നിങ്ങൾക്ക് അറിയാമോ?

1830-ൽ ഇരുമ്പുരുക്കു വ്യവസായത്തിന്റെ ആദ്യശ്രമം തമിഴ്നാട്ടിലെ പോർട്ടനോവയിൽ സ്ഥാപിച്ചു.

ഇന്ന് ജംഷഡ്പൂർ എന്നറിയപ്പെടുന്ന സാക്ചിയിൽ ടാറ്റ ഇരുമ്പുരുക്കു വ്യവസായശാല സ്ഥാപിച്ചതോടെ വ്യവസായശാലകളുടെ ആധുനിക വൽക്കരണം (നവീകരണം) ആരംഭിച്ചു. ഇന്ത്യയിലെ ഇരുമ്പുരുക്കുശാലകൾ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് ജാർഖണ്ഡ്, പശ്ചിമബംഗാൾ, ഒഡീഷ എന്നീ സംസ്ഥാനങ്ങളിലാണ്. റാണിഗഞ്ച്, ഝാറിയ, ബൊക്കാറോ, കരൺപുര തുടങ്ങിയ കൽക്കരിപ്പാടങ്ങളും മയൂരഭഞ്ജ്, കിയോഞ്ജർ, ബ്രോണ തുടങ്ങിയ ഇരുമ്പുധാതു ഖനികളും സമീപമുള്ളതാണ് ഇതിനുകാരണം. വ്യവസായശാലകൾക്ക് ആവശ്യമായ ഡോളമൈറ്റ്, ചുണ്ണാമ്പുകല്ല്, മാംഗനീസ്, സിലിക്കോൺ തുടങ്ങിയ ധാതുവിഭവങ്ങളും ഈ പ്രദേശങ്ങളിൽ നിന്നു ലഭിക്കുന്നു.

വാഹന നിർമ്മാണശാല

ഇന്ത്യ വാഹനനിർമ്മാതാക്കളുടെ ആഭ്യന്തര വിപണി മാത്രമല്ല, ആഗോള ഓട്ടോ മൊബൈൽ ശൃംഖലയുടെ ഒരു പ്രധാന കണ്ണിയും കൂടിയാണ്. ഇന്ത്യയിൽ വളരെ വേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്ന വ്യവസായങ്ങളിൽ ഒന്നാണിത്.

1947ൽഇന്ത്യയിലെആദ്യത്തെവാഹനനിർമ്മാണശാലയായ പ്രീമിയർ ഓട്ടോമൊബൈൽ ലിമിറ്റഡ് കുർല (മുംബൈ) സ്ഥാപിച്ചു. ഇപ്പോൾ വാഹന നിർമ്മാണത്തിൽ ഇന്ത്യ ഏഴാം സ്ഥാനത്തിലാണ്. ഇരുചക്രവാഹനങ്ങൾ, വാണിജ്യവാഹനങ്ങൾ, കാർ, ജീപ്പ്, മൂന്നു ചക്രവാഹനങ്ങൾ, മോട്ടോർ സൈക്കിൾ തുടങ്ങയവ ഇന്ത്യയിൽ നിർമ്മിക്കുന്നു. മുംബൈ, ചെന്നൈ, ജംഷഡ്പൂർ, ജബൽപൂർ, കൊൽക്കത്ത, പൂനെ, ന്യൂഡൽഹി, കാൺപൂർ, ബംഗളൂരു, താറ, ലക്നൗ, മൈസൂർ എന്നിവ പ്രധാന വാഹന നിർമ്മാണ കേന്ദ്രങ്ങളാണ്.


പ്രധാനപ്പെട്ട വാഹന നിർമ്മാണ കമ്പനികളും അനുബന്ധ വ്യവസായശാലകളും ചെന്നൈയിലും സമീപപ്രദേശങ്ങളിലും സ്ഥിതി ചെയ്യുന്നതിനാൽ ചെന്നൈ ഏഷ്യയിലെ ഡെട്രോയിറ്റ് എന്നറിയപ്പെടുന്നു.

ടാറ്റ മോട്ടോർസ്, മാരുതി സുസുകി, മഹീന്ദ്ര & മഹേന്ദ്ര, ഹിന്ദുസ്ഥാൻ മോട്ടോർസ് എന്നിവയാണ് ഇന്ത്യയിൽ പ്രധാനപ്പെട്ട കാർ നിർമ്മാണ കമ്പനികൾ. വിദേശകമ്പനികളുടെ സാന്നിദ്ധ്യം മെഴ്സിഡസ്ബെൻ, ഫിയറ്റ് ജനറൽ മോട്ടോർസ്, ടൊയോട്ട എന്നിവയ്ക്കും സമീപകാലത്തിൽ ഇന്ത്യയിൽ പ്രചാരം നേടിയ വോൾക്ക്സ്വാഗൻ, വോൾവ തുടങ്ങിയ ഇന്ത്യയിലെ വാഹനവ്യവസായത്തെ കൂടുതൽ സവിശേഷതയുള്ളതാക്കുന്നു. ടാറ്റ മോട്ടോർസ്, അശോക് ലെയ്ലാൻഡ്, ഇഷർമോട്ടോർസ് എന്നിവ ഇന്ത്യയിൽ വാണിജ്യ പ്രാധാന്യമുള്ള വാഹനങ്ങൾ നിർമ്മിക്കുന്ന കമ്പനികളാണ്. മെഴ്സിഡസ് ബെൻസ്, സ്കാനിയ, ഹുണ്ടായ് എന്നിവ വാണിജ്യ പ്രാധാന്യ മുള്ള വാഹനങ്ങൾ

X Std - Geography Malayalam Unit-4.indd 185 1/27/2023 10:06:51 AM

നമ്പർ	വ്യവസായശാല	സ്ഥലം	സ്ഥാപിച്ച വർഷം	ഉല്പന്നം
1.	ടാറ്റ ഇരുമ്പുരുക്ക് വ്യവസായ ശാല (TISCO).	ജംഷഡ്പൂർ, ജാർഖണ്ഡ്.	1907	പച്ചിരുമ്പ്.
2.	ഇന്ത്യാ ഇരുമ്പുരുക്ക് വ്യവസായശാല (IISCO).	ബർനപൂർ, ഹിരാപ്പൂർ, കുൽടി, പശ്ചിമബംഗാൾ.	1972	പച്ചിരുമ്പ്, ശുദ്ധീകരിക്കാത്ത ഉരുക്ക്.
3.	വിശ്വേശ്വരായ ഇരുമ്പുരുക്ക് ലിമിറ്റഡ് (VISL).	ഭദ്രാവതി, കർണ്ണാടക.	1923	ലോഹമിശ്രിതം, സ്പോഞ്ച് സ്റ്റീൽ.
4.	ഹിന്ദുസ്ഥാൻ സ്റ്റീൽ (HSL) റഷ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്നു.	ഭിലായ്, ഛത്തീസ്ഗഢ്.	1957	റെയിൽവേ ഉപകരണങ്ങൾ, കപ്പലുണ്ടാകുന്ന ഉപകരണങ്ങൾ.
5.	ഹിന്ദുസ്ഥാൻ സ്റ്റീൽ (HSL) (ജർമ്മനിയോട് സഹകരിച്ച് പ്രവർത്തിക്കുന്നു).	റൂർക്കോല, ഒഡീഷ.	1965	ചൂടുള്ളതും തണുത്തതു മായ ഷീറ്റുകൾ, ഇലക്ട്രിക്കൽ പ്ലേറ്റുകൾ, ലോഹങ്ങൾ പൂശിയ ഷീറ്റുകൾ.
6.	ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ് (HSL) യുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.	ദുർഗാപൂർ, പശ്ചിമ ബംഗാൾ.	1959	സ്റ്റീൽ ചേർന്ന ലോഹ മിശ്രിതം, കെട്ടിട നിർമ്മാണ വസ്തുക്കൾ, റെയിൽവേ ഉപകരണങ്ങൾ.
7.	ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ് (HSL) റഷ്യയുമായി സഹകരിച്ചു പ്രവർത്തിക്കുന്നു).	ബൊക്കാറോ, ജാർഖണ്ഡ്.	1972	ഇരുമ്പുമാലിന്യം ഇരുമ്പുലോഹം.
8.	സേലം സ്റ്റീൽ ലിമിറ്റഡ്.	സേലം, തമിഴ്നാട്.	1982	തുരുമ്പിക്കാത്ത ഇരുമ്പ്.
9.	വിപയനഗർ സ്റ്റീൽ നിലയം.	ടോർനഗർ, കർണ്ണാടകം.	1994	നീണ്ടതും പരന്നതുമായ സ്റ്റീൽ.
10.	വിശാഖ പട്ടണം സ്റ്റീൽ നിലയം (VSP).	വിശാഖ പട്ടണം, ആന്ധ്രാപ്രദേശ്.	1981	ഉഷ്ണ ലോഹങ്ങൾ.

ഇന്ത്യയിലെ പ്രധാന ഇലക്ട്രോണിക് സോഫ്റ്റ്വെയർ, വാഹന വ്യവസായ ശാലകൾ



X Std - Geography Malayalam Unit-4.indd 186 1/27/2023 10:06:55 AM

നിർമ്മിക്കുന്ന വിദേശ കമ്പനി കളാണ്. ഇരുചക്രവാഹനങ്ങളുടെ നിർമ്മാണത്തിൽ ഇന്ത്യയിൽ ഹീറോ, ബജാജ് ഓട്ടോ, TVS. എന്നീ കമ്പനികൾ മുന്നിൽ നില്ക്കുന്നു.

ഇലക്ട്രോണിക് വ്യവസായങ്ങൾ

വൈദ്യുതിയുടെ ഉല്പാദനം, വിതരണം, വിനി യോഗം തുടങ്ങിയ ആവശ്യങ്ങൾക്കു വേണ്ടിയുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്നു. നീരാവി, ജല വൈദ്യുതി നിലയങ്ങളിൽ ഉപ യോഗിക്കുന്ന ടർബൈനുകൾ, താപവൈദ്യുത നിലയങ്ങളിൽ ഉപയോഗിക്കുന്ന ബോയിലറുകൾ, ജനറേറ്ററുകൾ, ട്രാൻസ്ഫോമറുകൾ, സ്വിച്ച് ഗിയറുകൾ, തുടങ്ങിയവ ഈ വ്യവസായത്തിന്റെ മുഖ്യ ഉല്പന്നങ്ങളാണ്. ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡ് ആണ് ഇലക്ട്രോണിക് വ്യവസായത്തിലെ ഏറ്റവും പ്രധാ നപ്പെട്ട കമ്പനി. ഹരിദ്വാർ, ഭോപ്പാൽ, ഹൈദ്രാബാദ്, ജമ്മു, ബംഗളൂരു, ഝാൻസി, തിരുച്ചിറാപ്പള്ളി എന്നി വിടങ്ങളിൽ ഇതിന്റെ ശാഖകളുണ്ട്. ടെലിവിഷൻ സെറ്റുകൾ, ടെലഫോൺ എക്സ്ചേഞ്ചുകൾ, സെല്ലുലാർ ടെലഗ്രാം കമ്പ്യൂട്ടറുകൾ എന്നിവയും തപാൽ, റെയിൽവേ, പ്രതിരോധവകുപ്പ്, കാലാവസ്ഥ പ ഠനവിഭാഗം എന്നിവിടങ്ങൾക്കാവശ്യമായ ഉപ കര ണങ്ങളും ഈ വ്യവസായശാലകളിൽ ന ിർമ്മിക്കുന്ന ഉല്പന്നങ്ങളാണ്.

ഇന്ത്യയിൽ ഏറ്റവുമധികം ഇലക്ട്രോണിക് ഉപകരണങ്ങൾ നിർമ്മിക്കുന്നത് ബംഗളൂരു വിലാണ്. അതിനാൽ ബംഗളൂരിനെ ഇലക്ട്രോണിക് തലസ്ഥാനം എന്നറിയപ്പെടുന്നു. ഹൈദ്രാബാദ്, ഡൽഹി, മുംബൈ, ചെന്നൈ, കൊൽക്കത്ത, കാൺപൂർ, പൂനെ, ലക്നൗ, ജയ്പൂർ, കോയമ്പത്തൂർ എന്നിവയാണ് ഇലക്ട്രോണിക് ഉല്പന്നങ്ങളുടെ മറ്റു പ്രധാന ഉല്പാദകർ.

> നിങ്ങൾക്ക് അറിയാമോ?
>
> ആഗോള രൂപകല്പനയ്ക്കും നിർമ്മാണത്തിനുമുള്ള ഒരു പ്രധാന കേന്ദ്രമായി ഇന്ത്യയെ ലോകഭൂ പടത്തിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടു കൂടി 2014-ൽ ഇന്ത്യയിൽ ഉല്പാദനം ചെയ്യുന്ന പദ്ധതി (Make in India Programme) ആരംഭിച്ചു.

സോഫ്റ്റ്വെയർ വ്യവസായശാല

ലോകത്തിലെ ഏറ്റവും മികച്ച സോഫ്റ്റ് വെയർ കമ്പനികളുടെ ആസ്ഥാനമാണ് ഇന്ത്യ. ഇന്ത്യയിലെ സോഫ്റ്റ്വെയർ വ്യവസായ ശാലകൾ വിവര സാങ്കേതിക വിദ്യയിലും ബിസിനസ്സ് സംബ ന്ധമായ വിഷയങ്ങൾ പരിഹരിക്കുന്നതിലും പ്ര ശസ്തി നേടിയിട്ടുണ്ട്. ഇന്ത്യയുടെ വർദ്ധിച്ചു വരുന്ന സമ്പദ് വ്യവസ്ഥയിൽ സോഫ്റ്റ് വെയർ വ്യവസായം വൻ വിജയം കൈവരിച്ചിട്ടുണ്ട്.

1970-ൽ ടാറ്റ കൺസൾട്ടൻസിയുടെ പ്രവേശന ത്തോടെ ഇന്ത്യയിൽ സോഫ്റ്റ്വെയർ വ്യവസായം ആരംഭിച്ചു. L & T, ഇൻഫോടെക്, ഐഫ്ളക്സ്, ആക്സൻസർ, കോഗ്നിസന്റ്, ഗാലെക്സ് ഇസൊലൂഷൻസ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് ITC ഇൻഫോടെക് എന്നിവയാണ് രാജ്യത്തെ പ്രധാന സോഫ്റ്റ് വെയർ വ്യവസായശാലകൾ. ഇപ്പോൾ 500 ൽ അധികം സോഫ്റ്റ്വെയർ സ്ഥാപനങ്ങൾ നമ്മുടെ രാജ്യത്ത് പ്രവർത്തിച്ചു വരുന്നു. ഏകദേശം 95 രാജ്യങ്ങൾക്കൗ ഇന്ത്യ സോഫ്റ്റ്വെയർ സേവനങ്ങൾ കയറ്റുമതി ചെയ്യുന്നു.

ചെന്നൈ, കോയമ്പത്തൂർ, തിരുവനന്തപുരം, ബംഗളൂരു, മൈസൂർ, ഹൈദ്രാബാദ്, വിശാഖപട്ടണം, മുംബൈ, പൂനെ, എൻഡോർ, ഗാന്ധിനഗർ, ജയ്പൂർ, നോയിഡ, മൊഹാലി, ശ്രീനഗർ എന്നിവ പ്രധാന സോഫ്റ്റ് വെയർ വ്യവസായ കേന്ദ്രങ്ങളാണ്.

ഇന്ത്യയിലെ വ്യവസായശാലകൾ നേരിടുന്ന വെല്ലുവിളികൾ

ഇന്ത്യയിലെ വ്യവസായശാലകൾ നിരവധി പ്രതിസന്ധികൾ നേരിടുന്നു. അവയിൽ പ്രധാന പ്പെട്ടവ ചുവടെ കൊടുത്തിരിക്കുന്നു.

- വൈദ്യുത വിതരണത്തിന്റെ അപര്യാപ്തതയും (ക്ഷാമവും) ഏറ്റക്കുറച്ചിലും.
- തൊഴിൽശാലകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലപരിമിതി.
- വായ്പയിലേയ്ക്കുള്ള പ്രവേശനം.
- കടമെടുത്ത വായ്പയ്ക്ക് ഉയർന്ന പലിശ നിരക്ക് ഈടാക്കുന്നത്.
- കുറഞ്ഞ വേതനത്തിൽ തൊഴിലാളികൾ ലഭിക്കുന്നില്ല.
- ജീവനക്കാർക്ക് സാങ്കേതികവും തൊഴിലധി ഷ്ഠിതവുമായ പരിശീലനം ഇല്ലാത്തത്.
- വ്യവസായശാലകൾക്കു സമീപമുള്ള അനുചിതമായ ജീവിത സാഹചര്യങ്ങൾ.



ഇന്ത്യയിലെ വ്യവസായശാലകൾ നേരിടുന്ന വെല്ലുവിളികൾ

X Std - Geography Malayalam Unit-4.indd 187 1/27/2023 10:06:57 AM

സംഗ്രഹം

- പ്രകൃതി വിഭവം : ഭൂമിയിൽ നിന്ന് സ്വാഭാവികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ.
- പുതുപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങൾ : ഉപയോഗ ശേഷം പുനരുല്പാദനം ചെയ്യാൻ സാധിക്കുന്ന വിഭവങ്ങൾ.
- പുതുപ്പിക്കാൻ സാധിക്കാത്ത വിഭവങ്ങൾ : ഉപയോഗശേഷം പുനരുല്പാദനം ചെയ്യാനാകാത്ത വിഭവങ്ങൾ.
- കാർഷിക വിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായശാലകൾ : അസംസ്കൃത വസ്തുക്കൾ ക്കായി കൃഷിയെ ആശ്രയിക്കുന്നു.
- ധാതുവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായശാലകൾ : ധാതുവിഭവങ്ങളെ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്നു.
- വനവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായ ശാലകൾ : വനത്തിൽ നിന്നും ലഭിക്കുന്ന വിഭവങ്ങളെ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്നു.

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക:

1. മാംഗനീസ്_____ൽ ഉപയോഗിക്കുന്നു.
   a) സ്റ്റോറേജ് ബാറ്ററികൾ
   b) സ്റ്റീൽ നിർമ്മാണം
   c) ചെമ്പ് ഉരുക്കാൻ
   d) പെട്രോളിയം ശുദ്ധീകരിക്കാൻ

2. ആന്ത്രസൈറ്റ് കൽക്കരിയിൽ_____ അടങ്ങിയിരിക്കുന്നു.
   a) 80 മുതൽ 95% വരെ കാർബൺ
   b) 70% മുകളിൽ കാർബൺ
   c) 60 മുതൽ 7% വരെ കാർബൺ
   d) 50% കുറവായി കാർബൺ

3. പെട്രോളിയത്തിൽ പ്രധാനമായും അടങ്ങിയിരിക്കുന്ന ധാതുക്കൾ ഹൈഡ്രജനും_____ ആണ
   a) ഓക്സിജൻ b) ജലം
   c) കാർബൺ d) നൈട്രജൻ

4. ദക്ഷിണേന്ത്യയുടെ മാഞ്ചസ്റ്റർ എന്നറിയപ്പെടുന്ന നഗരം _____ആണ്
   a) ചെന്നൈ b) സേലം
   c) മധുര d) കോയമ്പത്തൂർ

5. ഇന്ത്യയിലെ ആദ്യത്തെ അണുവൈദ്യുത നിലയം സ്ഥാപിച്ചത് _____ൽ ആണ്
   a) ഗുജറാത്ത് b) രാജസ്ഥാൻ
   c) അഹമ്മദാബാദ് d) ബറോഡ

6. ഏറ്റവുമധികമായി ലഭിക്കുന്ന ഊർജ്ജസ്രോതസ്സ്
   a) പ്രകൃതി വാതകം b) സൂര്യൻ
   c) കൽക്കരി d) എണ്ണ

7. പ്രസിദ്ധമായ സിന്ദ്രി രാസവള നിർമ്മാണശാല സ്ഥിതിചെയ്യുന്ന സ്ഥലം
   a) ജാർഖണ്ഡ് b) ബീഹാർ
   c) രാജസ്ഥാൻ d) ആസ്സാം

8. ഛോട്ടാനാഗ്പൂർ പീഠഭൂമി പ്രദേശത്തിന്റെ പുരോഗതിയ്ക്ക് മൂലകാരണം _____
   a) ഗതാഗതം b) ധാതു നിക്ഷേപം
   c) ആവശ്യകത
   d) വൈദ്യുതിയുടെ ലഭ്യത (വിദ്യുച്ഛക്തിയുടെ ലഭ്യത)

II. ചേരുംപടി ചേർക്കുക:

a. ബോക്സൈറ്റ്	- സിമന്റ്
b. ജിപ്സം	- വിമാനം
c. കറുത്ത സ്വർണ്ണം	- ഇലക്ട്രോണിക് സാധനങ്ങൾ
d. ഇരുമ്പു ധാതു	- കൽക്കരി
e. മൈക്ക	- മാഗ്നറ്റൈറ്റ്

III. താഴെ തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം ചുരുക്കി എഴുതുക:

1. വിഭവങ്ങൾ നിർവചിക്കുക. അവയുടെ തരങ്ങൾ ഏതെല്ലാം?
2. ധാതുക്കൾ എന്നാൽ എന്ത്? അവയുടെ തരങ്ങളേവ?
3. മാംഗനീസിന്റെ ഉപയോഗങ്ങൾ എന്തെല്ലാം?.
4. പ്രകൃതി വാതകം എന്നാൽ എന്ത്?
5. കൽക്കരിയുടെ വകഭേദങ്ങൾ എഴുതി അതിലടങ്ങിയിരിക്കുന്ന കാർബണിന്റെ അളവിനെ കുറിപ്പിടുക.
6. ഇന്ത്യയിൽ ചണം ഉല്പാദിപ്പിക്കുന്ന പ്രദേശങ്ങളെ കുറിപ്പിടുക.

X Std - Geography Malayalam Unit-4.indd 188 1/27/2023 10:06:57 AM

7. ഇന്ത്യയിലെ പ്രധാനപ്പെട്ട എണ്ണ ഉല്പാദന കേന്ദ്രങ്ങളുടെ പേരെഴുതുക.

IV. വേർതിരിച്ചെഴുതുക:

1. പുതുപ്പിക്കാൻ സാധിക്കുന്ന വിഭവങ്ങൾ - പുതുപ്പിക്കാൻ സാധിക്കാത്ത വിഭവങ്ങൾ.
2. ലോഹധാതുക്കൾ - അലോഹധാതുക്കൾ.
3. കാർഷിക വിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള. വ്യവസായശാലകൾ - ധാതുവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായശാലകൾ.
4. ചണ വ്യവസായം - പഞ്ചസാര വ്യവസായം.
5. പാരമ്പര്യ ഊർജസ്രോതസ്സ് - പാരമ്പര്യേതര ഊർജ്ജസ്രോതസ്സ്.

V. ഉത്തരം വിവരിച്ചെഴുതുക:

1. ഇന്ത്യയിലുള്ള പരുത്തി വ്യവസായശാലകളുടെ വിതരണത്തെക്കുറിച്ചെഴുതുക.
2. ഇന്ത്യയിലെ വ്യവസായശാലകൾ നേരിടുന്ന വെല്ലുവിളികളെ കുറിച്ചെഴുതുക.

VI. ഇന്ത്യാ ഭൂപടത്തിൽ താഴെ പറയുന്നവ അടയാളപ്പെടുത്തുക:

1. ഇരുമ്പു ധാതു ഉല്പാദന കേന്ദ്രങ്ങൾ.
2. പെട്രോളിയം, പ്രകൃതി വാതകം എന്നിവയുടെ ഉല്പാദന കേന്ദ്രങ്ങൾ.
3. കൽക്കരി ഖനനം ചെയ്യുന്ന കേന്ദ്രങ്ങൾ.
4. പരുത്തി കൃഷി ചെയ്യുന്ന സ്ഥലങ്ങൾ.
5. ഇരുമ്പുരുക്കു വ്യവസായ ശാലകൾ.

REFERENCE BOOKS


1. Singh, S. and J. Saroha – Geography of India, New Delhi, Access Publishing Inida Pvt. Ltd.
2. Tiwar R.C. – Geography of India, Allahabad, Prayag Pustak Bhawan.
3. Government of India, Ministry of Mines, Coal, Textiles, Steel, Petroleum and Natural Gas – Annual Report 2017-18.
4. Annual Reports of the Indian Bureau of Mines - 2017.
5. Human Geography, Kings page number 323.
6. Economic and Commercial Geography, Professor S.A. Ghazi.
7. Development of Industries in India, from Independence till today.



ICT കോർണർ

വിഭവങ്ങളും വ്യവസായ ശാലകളും

സ്കൂൾ ഭൂവൻ സന്ദർശിക്കുക പ്രകൃതി വിഭവങ്ങൾ, പരിസ്ഥിതി, ഇന്ത്യയിൽ അവയുടെ സുസ്ഥിര വികസനം എന്നിവ സ്കൂൾ ഭൂവൻ ദൃശ്യ വത്ക്കരിക്കുക



ഘട്ടങ്ങൾ:

- ബ്രൗസർ തുറന്ന് തന്നിരിക്കുന്ന URL ടൈപ്പ് ചെയ്യുക അല്ലെങ്കിൽ QR Code സ്കാൻ ചെയ്യുക.
- താഴോട്ട് സ്ക്രോൾ ചെയ്ത് 'Explore' ക്ലിക്ക് ചെയ്യുക.
- മുകളിൽ കൊടുത്തിരിക്കുന്ന **'Thematic Serious 2'** ക്ലിക്ക് ചെയ്ത് **'Mineral'** തെരഞ്ഞെടുക്കുക.

Website URL:

https://bhuvan-app1.nrsc.gov.in/mhrd_ncert/

X Std - Geography Malayalam Unit-4.indd 189 1/27/2023 10:06:57 AM

യൂണിറ്റ് 5

ഇൻഡ്യ - ജനസംഖ്യ, ഗതാഗതം, വാർത്താവിനിമയം, വാണിജ്യം



പഠന ലക്ഷ്യങ്ങൾ

- നഗരവൽക്കരണത്തിന്റെ ഘട്ടങ്ങളെയും അതിന്റെ ആഘാതങ്ങളെക്കുറിച്ചും മനസ്സിലാക്കൽ.
- ഇൻഡ്യയിലെ മാനവവിഭവ വികസനത്തെപ്പറ്റി മനസ്സിലാക്കൽ.
- ഇൻഡ്യയിലെ ഗതാഗത മാർഗ്ഗങ്ങളെപ്പറ്റിയുള്ള പഠിക്കുക.
- ഇൻഡ്യയിലെ വാർത്താവിനിമയ ഘടകങ്ങളെപ്പറ്റി മനസ്സിലാക്കൽ.
- ഇൻഡ്യയിലെ വാണിജ്യത്തിന്റെ പ്രത്യേകതകളെപ്പറ്റി മനസ്സിലാക്കൽ.

RHY4V

ആമുഖം

ഒരു പ്രദേശത്തിന്റെ ഭൂമിശാസ്ത്ര ഘടകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ജന സംഖ്യ പഠനം. ജനങ്ങളുടെ എണ്ണം, വ്യാപനം ജനസാന്ദ്രത എന്നീ അടിസ്ഥാന ഘടകങ്ങൾ ഉൾപ്പെട്ടതാണ് ജനസംഖ്യ പഠനം. അതിനാൽ ഈ ഘടകങ്ങളെക്കുറിച്ച് പഠിക്കേണ്ടതാവശ്യമാണ്. ഇവയെക്കുറിച്ചുള്ള പഠനം ഒരു രാജ്യത്തിന്റെ തൊഴിൽ ശക്തിയെ വെളിപ്പെടുത്തുന്നു.

5.1 ജനസംഖ്യ

ഒരു രാജ്യത്ത് ഒരു നിശ്ചിത കാലയളവിൽ വസിക്കുന്ന ജനങ്ങളുടെ ആകെ എണ്ണത്തെ ജന സംഖ്യ എന്നു പറയുന്നു. ചൈന കഴിഞ്ഞാൽ ലോകത്തിൽ ഏറ്റവും അധികം ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യം ഇന്ത്യയാണ്. ലോക വിസ്തൃതിയിൽ 2.4 ശതാമനം മാത്രമുള്ള ഇന്ത്യയുടെ ജനസംഖ്യ, ലോകജനസംഖ്യയുടെ 17.5 ശതാമനമാണ്. ഇന്ത്യയുടെ ജനസംഖ്യയുടെ അനുപാതം അതിന്റെ വിസ്തീർണ്ണത്തിന്റെ അനുപാതത്തെക്കാൾ വളരെ കൂടുതലാണ്. ലോകജന സംഖ്യയിൽ ആറിൽ ഓരോൾ ഇന്ത്യക്കാരനാണ്.

5.1.1 ജനസംഖ്യ കണക്കെടുപ്പ്

ഒരു നിശ്ചിത കാലയളവിൽ ഒരു രാജ്യത്തിന്റെ പ്രത്യേക പരിധിക്കുള്ളിലുള്ള അല്ലെങ്കിൽ രാജ്യത്തിലാകമാനമുള്ള ജനങ്ങളുടെ എണ്ണം, സാമൂഹിക- സാമ്പത്തിക അവസ്ഥ തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുകയും വിശകലന വിധേയമാക്കുകയും ചെയ്യാറുണ്ട്. ഈ പ്രവർത്തനമാണ് ജനസംഖ്യ കണക്കെടുപ്പ്. 10 വർഷത്തിലൊരിക്കലാണ് ജനസംഖ്യ കണക്കെടുപ്പ് നടത്തുന്നത്. ജനസംഖ്യ കണക്കെടുപ്പിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ ഭരണം, ആസൂത്രണം, നയരൂപീകരണം എന്നിവയിൽ ഉപയോഗപ്പെടുന്നതുപോലെ ഗവൺമെന്റിന്റെ പല പദ്ധതികളും പരിപാലിക്കാനും മൂല്യ നിർണ്ണയം ചെയ്യാനും സഹായകമായിരിക്കുന്നു.

നിങ്ങൾക്ക് അറിയാമോ?

ഇൻഡ്യയുടെ ആദ്യത്തെ ജന സംഖ്യാ കണക്കെടുപ്പ് 1872-ൽ നടന്നു. 1881-ൽ ആദ്യത്തെ സമ്പൂർണ്ണ ജനസംഖ്യകണക്കെടുപ്പ് നടന്നു. രാജ്യത്തിന്റെ 15-ാമത്തെ ജനസംഖ്യാ കണക്കെടുപ്പ് 2011-ൽ നടന്നു.

ജനസാന്ദ്രതയും, വ്യാപനവും

ജനസംഖ്യാ വ്യാപനം എന്നത് ഭൗമോ പരിതലത്തിൽ ഏതെല്ലാം ഭാഗങ്ങളിൽ ജനങ്ങൾ വസിക്കുന്നു എന്നതിനെ കുറിക്കുന്നു. ഇൻഡ്യയുടെ ജനസംഖ്യാ വ്യാപനം വിഭവങ്ങളുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ക്രമരഹിതമായി കാണുന്നു. വ്യവസായകേന്ദ്രങ്ങൾ, ഫല

X Std - Geography Malayalam Unit-5.indd 190 1/27/2023 10:07:19 AM

ഭൂയിഷ്ഠമായ കാർഷിക പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ജനസംഖ്യാ അധികമായിരിക്കും. മലമ്പ്രദേശങ്ങളിലും, വരണ്ടഭാഗങ്ങളിലും, വന പ്രദേശത്തും, ഉൾഗ്രാമങ്ങളിലും ജനസംഖ്യാ കുറവായും അല്ലെങ്കിൽ ജനവാസം ഇല്ലാതെയും കാണപ്പെടുന്നു. ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണ്, ജലസേചനം, ധാതുവിഭവങ്ങൾ തൊഴിൽശാലകൾ, ഗതാഗതം,നഗരവത്കരണം, എന്നിവ ജന സംഖ്യാ വ്യാപനത്തെ ബാധിക്കുന്ന പ്രധാന ഘടകങ്ങളാണ്.

199.5 മില്യൻ ജനങ്ങളുള്ള ഉത്തരപ്രദേശാണ് ഇൻഡ്യയിൽ ഏറ്റവുമധികം ജനസംഖ്യയുള്ള സംസ്ഥാനം. തുടർന്ന് മഹാരാഷ്ട്ര (112.3 മില്യൻ), ബീഹാർ (103.8 മില്യൻ), പശ്ചിമ ബംഗാൾ (91.3 മില്യൻ), സംയോജിത ആന്ധ്രാപ്ര ദേശ് (84.6 മില്യൻ) എന്നിവയും ജനസംഖ്യ അധികമുള്ള സംസ്ഥാനങ്ങളാണ്. രാജ്യത്തിന്റെ ജനസംഖ്യയിൽ പകുതി ഈ അഞ്ചു സംസ്ഥാ നങ്ങളിലാണുള്ളത്. രാജ്യത്തിന്റെ ജനസംഖ്യ യുടെ നാലിൽ ഒരു ഭാഗം ഉത്തർപ്രദേശിലും മഹാരാഷ്ട്രയിലും വസിക്കുന്നു. ഇൻഡ്യയിൽ വളരെ കുറഞ്ഞ ജനസംഖ്യയുള്ള സംസ്ഥാനം സിക്കിം (0.61 മില്യൻ) ആണ്. 16.75 മില്യൻ ജനസംഖ്യയുള്ള ന്യൂഡൽഹിയാണ് കേന്ദ്ര ഭരണ പ്രദേശങ്ങളിൽ ഒന്നാം സ്ഥാനം വഹിക്കുന്നത്.

രാജ്യത്തിന്റെ ജനസംഖ്യാ വ്യാപനം ക്രമരഹിതമായി കാണുന്നതിന് ഭൗതിക, സാമൂഹ്യ-സാമ്പത്തിക, ചരിത്രപരമായ ഘടകങ്ങൾ പ്രധാന പങ്കു വഹിക്കുന്നു. ഭൗതിക ഘടകങ്ങളിൽ. ഭൂപ്രകൃതി, കാലാവസ്ഥ, ജലസേചനം, പ്രകൃതിസസ്യങ്ങൾ, ധാതുക്കൾ, ഊർജ്ജസ്രോതസ്സുകൾഎന്നിവഉൾപ്പെടുന്നു. മതം, സംസ്കാരം, രാഷ്ട്രീയ പ്രശ്നങ്ങൾ, സാമ്പത്തികം, മാനുഷ്യവാസം, ഗതാഗത ശൃംഖല, വ്യവസായ വൽക്കരണം, ജോലി സാധ്യത, തുടങ്ങിയവ പ്രധാന സാമൂഹ്യ സാമ്പത്തിക കാരണങ്ങളാണ്.

ജനസാന്ദ്രത


ജനസംഖ്യാ വ്യാപനത്തിലുള്ള വ്യത്യാസം മന സ്സിലാക്കാനുള്ള മികച്ച അളവുകോലാണ് ജനസാ ന്ദ്രത. ഒരു ചതുരശ്ര കിലോ മീറ്റർ പ്രദേശത്ത് താമ സിക്കുന്ന ജനങ്ങളുടെ എണ്ണമാണ് ജനസാന്ദ്രത. 2011-ലെ ജനസംഖ്യാ കണക്കെടുപ്പനുസരിച്ച് ഇന്ത്യ യിലെ ശരാശരി ജനസാന്ദ്രത ഒരു ചതുരക്ര കിലോ മീറ്ററിന് 382 ആണ്. ലോകത്തിൽ ഏറ്റവുമധികം ജനസാന്ദ്രതയുള്ള പത്തു രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ഇന്ത്യയിൽ ഏറ്റവുമധിക ജനസാന്ദ്രതയുള്ള സംസ്ഥാനം ബീഹാറും ഏറ്റവും കുറഞ്ഞ ജനസാ ന്ദ്രതയുള്ള സംസ്ഥാനം അരുണാചൽപ്രദേശുമാണ്. കേന്ദ്രഭരണപ്രദേശങ്ങളിൽ ഏറ്റവുംമധികം ജനസാ ന്ദ്രതയുള്ളത് ഡൽഹിയിലും (11297/ച.കി.മീ.) ഏറ്റ വും കുറഞ്ഞ ജനസാന്ദ്രതയുള്ളത് ആൻഡമാൻ നിക്കോബർ ദ്വീപുകളിലുമാണ്.

ജനസാന്ദ്രത വളർച്ചയും മാറ്റവും

ജനസംഖ്യാ വളർച്ച എന്നത് ഒരു നിശ്ചിതകാല യളവിൽ ഒരു രാജ്യത്തിന്റെ /പ്രദേശത്തിന്റെ നിവാ സികളുടെ എണ്ണത്തിലുള്ള വർദ്ധനവിനെ സൂചി പ്പിക്കുന്നു. ജനസംഖ്യാ വളർച്ചയെ ശതമാതന ത്തിൽ സൂചിപ്പിക്കുകയും ജനസംഖ്യാ വളർച്ചാ നിരക്ക് എന്നു വിശേഷിപ്പിക്കുകയും ചെയ്യുന്നു.

ജനസംഖ്യാ മാറ്റം : ജനസംഖ്യാ മാറ്റം എന്നത് ഒരു പ്രത്യേക കാലഘട്ടത്തിൽ നിന്നും മറ്റൊരു കാലഘട്ടത്തിന്റെ ഇടവേളയിൽ ജന സംഖ്യ വർദ്ധിക്കുന്നതിനെയോ അല്ലെങ്കിൽ കുറയുന്നതിനെയോ സൂചിപ്പിക്കുന്നു. ജനസം ഖ്യാ വളർച്ചയെ സ്വാധീനിക്കുന്ന ജനനനിരക്ക്, മരണനിരക്ക്, കുടിയേറ്റം എന്നിവയാണ് ജനസംഖ്യാ മാറ്റം സൃഷ്ടിക്കുന്ന ഘടകങ്ങൾ.

ജനനനിരക്ക് എന്നത് ഒരു വർഷത്തിൽ ആയിരം ജനങ്ങളുടെ എണ്ണത്തിൽ ജീവനോടെ ജനിച്ച കുഞ്ഞുങ്ങളുടെ എണ്ണമാണ്. ആകെ ജന സംഖ്യയിൽ 1000 പേരിൽ എത്ര മരണങ്ങൾ നടക്കുന്നു എന്നതാണ് മരണനിരക്ക്. മരണ നിരക്കിന്റെ ദ്രുതഗതിയിലുള്ള വീഴ്ചയാണ് ഇൻഡ്യയിലെ ജനസംഖ്യയുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് പ്രധാന കാരണം.



X Std - Geography Malayalam Unit-5.indd 191 1/27/2023 10:07:19 AM

5.2 കുടിയേറ്റം

കുടിയേറ്റം എന്നു പറയുന്നത് ഒരു ഭാഗത്തു നിന്നും മറ്റൊരു ഭാഗത്തേക്ക് ജനങ്ങൾ സ്ഥലം മാറിപോകുന്നതാണ്. ഇത് ആഭ്യന്തര കുടിയേറ്റം എന്നും അന്താരാഷ്ട്ര കുടിയേറ്റം എന്നും രണ്ടു തരമുണ്ട്. ആഭ്യന്തര കുടിയേറ്റം രാജ്യത്തിന്റെ ജനസംഖ്യയിൽ മാറ്റമുണ്ടാക്കുന്നില്ല. എന്നാൽ ഒരു രാജ്യത്തിന്റെ ജനസംഖ്യാവ്യാപനത്തിൽ മാറ്റമുണ്ടാക്കുന്നു. കുടിയേറ്റം എന്നത് ജന സംഖ്യാവ്യാപനത്തിലും ജനസംഖ്യാഘടനയിലും മാറ്റമുണ്ടാക്കുന്നിൽ പ്രധാന പങ്കു വഹിക്കുന്നു. ഇൻഡ്യയിൽ ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്ക് കുടിയേറ്റം വലിയതോതിൽ കാണപ്പെടുന്നു. ഗ്രാമങ്ങളിലെ തൊഴിലില്ലായ്മയാണ് കുടിയേറ്റത്തിനുള്ള പ്രധാന കാരണം. നഗരപ്രദേശങ്ങളിൽ വ്യവസായമേഖലയുടെ പുരോഗമനത്താലുണ്ടായ കൂടുതൽ തൊഴിൽ സാധ്യത, കൂടുതൽ വേതനം എന്നിവ കുടിയേറ്റത്തിന് മുഖ്യകാരണങ്ങളാണ്. 2011-ലെ ജനസംഖ്യ കണക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ 121 കോടി ജനങ്ങളിൽ 45 കോടി ജനങ്ങളും കുടിയേറ്റക്കാരാണ്. ജനസംഖ്യയിലെ 37% കുടിയേറ്റക്കാരാണ്. ഇതിൽ 48% സ്ത്രീകളും 52% പുരുഷൻമാരുമാണ്.

ജനസംഖ്യാഘടന

ഒരു രാജ്യത്തിലുള്ള ജനസംഖ്യയെ പ്രായം, ലിംഗം, വൈവാഹികനില, ജാതി, മതം, ഭാഷ, വിദ്യാഭ്യാസം, തൊഴിൽ എന്നിവയുടെ അടിസ്ഥാനത്തിൽ വിവിധ ഗ്രൂപ്പുകളായി തരം തിരിച്ച്, ആകെ ജനസംഖ്യിൽ ഓരോഗ്രൂപ്പും എത്രയെന്ന് ആനുപാതികമായി വിശേഷിപ്പിക്കുന്നതിനെ യാണ് ജനസംഖ്യാഘടന എന്നു പറയുന്നത്. ജനസംഖ്യാ ഘടനയെക്കുറിച്ചുള്ള പഠനം സാമൂഹ്യ, സാമ്പത്തിക ഘടനയെ കുറിച്ചറിയുന്നതിന് സഹായിക്കുന്നു.

പ്രായ ഘടന

പ്രായ ഘടന എന്നത് ഒരു രാജ്യത്തിലുള്ള ജനസംഖ്യയിൽ കാണപ്പെടുന്ന വിവിധ പ്രായ പരിധിയിലുള്ളവരുടെ എണ്ണത്തെ കുറിക്കുന്നു. ഇത് ജനസംഖ്യയിലെ സവിശേഷ ഘടകമാണ്. ആശ്രിത ജനസംഖ്യക്കും, സ്വതന്ത്രജന സംഖ്യയ്ക്കും ഇടയ്ക്കുള്ള അനുപാതത്തെ മനസ്സിലാക്കാൻ സഹായിക്കുന്നു. രാജ്യത്തിന്റെ ജനസംഖ്യയെ വയസ്സിന്റെ അടിസ്ഥാനത്തിൽ 3 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഇൻഡ്യയിൽ 15 വയസ്സിനു താഴെയുള്ളവർ 23.5% വും, 60 വയസ്സിനു മുകളിലുള്ളവർ 8% വുംആണ്. എന്നാൽ ആകെ ജനസംഖ്യയിൽ 37.5% ആശ്രയത്വ വിഭാഗത്തിലും 62.5% അധ്വാനശേഷിയുള്ളവരുടെ വിഭാഗത്തിലും കാണപ്പെടുന്നു. ഇത് നമ്മുടെ രാജ്യത്തിലെ ഉയർന്ന മാനവ വിഭവശേഷിയെ തെളിയിക്കുന്നു.

ലിംഗ അനുപാതം

ലിംഗ അനുപാതം എന്നത് ജനസംഖ്യയിൽ 1000 പുരുഷൻമാർക്കിടയിലുള്ള സ്ത്രീകളുടെ എണ്ണത്തെ കുറിക്കുന്നതാണ്.

> നമ്മുടെ രാജ്യത്തിലെ ലിംഗ അനുപാതം എപ്പോഴും സ്ത്രീകൾക്കു അനുകൂലമായി കാണപ്പെടുന്നില്ല എന്തുകൊണ്ട്?

2011 ജനസംഖ്യാ കണക്കെടുപ്പനുസരിച്ച് ഇൻഡ്യയുടെ ലിംഗ അനുപാതം 1000 പുരുഷൻമാർക്ക് 940 സ്ത്രീകൾ ആണ്. സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടെ എണ്ണത്തെക്കാൾ കുറവായിരിക്കുന്നു. കേരളത്തിൽ 1084 സ്ത്രീകളും പോണ്ടിച്ചേരിയിൽ 1038 സ്ത്രീകളും ഉണ്ട്. എന്നാൽ യൂണിയൻ പ്രദേശമായ ഡ്യൂ, ഡാമനിൽ 618 എന്ന് കുറഞ്ഞ അനുപാതത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

സാക്ഷരതാ നിരക്ക്

ജനങ്ങളിൽ എഴുതാനും വായിക്കാനും അറി യുന്നവരെയാണ് സാക്ഷരർ എന്നു വിളിക്കുന്നത്. ഇത് ജനങ്ങളുടെ കഴിവിനെ അറിയുന്നതിനുള്ള പ്രധാന അളവുകോലാണ്. ആകെ ജനസംഖ്യ യിൽ സാക്ഷരതയുള്ള ജനസംഖ്യാശതമാനത്തെ സാക്ഷരതാ നിരക്ക് എന്നു പറയാം. ഇൻ്യയിൽ സാക്ഷരതാനിലവാരത്തിൽ പുരോഗമനം കണ്ടുവരുന്നു. 2011-ലെ ജനസംഖ്യാകണക്കനു സരിച്ച് ഇൻഡ്യയുടെ സാക്ഷരതാ നിരക്ക് 74.04% ആണ്. ഇതിൽ പുരുഷൻമാരുടെ സാക്ഷരതാ നിരക്ക് 82.14% ഉം സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 65.46% ഉം ആണ്. ഇപ്പോഴും സാക്ഷരതാ നിരക്കിൽ സ്ത്രീപുരുഷന്മാർക്കിടയിൽ (16.68%) വലിയ വ്യത്യാസം കാണുന്നു. ഇൻഡ്യയിൽ സാക്ഷരതാനിരക്കിൽ 93.9% മുള്ള കേരളസംസ്ഥാനം ഒന്നാം സ്ഥാനവും, 92.28% മുള്ള ലക്ഷദ്വീപ് രണ്ടാം സ്ഥാനവും വഹിക്കുന്നു. ബീഹാർ കുറഞ്ഞ സാക്ഷരതാനിരക്ക് ഉള്ള (63.82%) സംസ്ഥാനമായി അറിയപ്പെടുന്നു.

തൊഴിൽ ഘടന

ജനസംഖ്യ കണക്കെടുപ്പനുസരിച്ച് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ തൊഴിലാളികൾ എന്നു വിളിക്കുന്നു. തൊഴിൽ ഘടനയെ അടിസ്ഥാനമാക്കി ജനസംഖ്യയെ മൂന്ന് വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. അവ പ്രഥമ തൊഴിലാളികൾ, നാമമാത്ര തൊഴിലാളികൾ തൊഴിൽ രഹിതർ എന്നിവ. ജനസംഖ്യ കണക്കെടുപ്പനുസരിച്ച് ഒരു വർഷത്തിൽ അധിക ദിവസങ്ങളിൽ ജോലി ചെയ്യുന്നവരെ പ്രഥമ തൊഴിലാളികൾ എന്നു വിളിക്കുന്നു (വർഷത്തിൽ

X Std - Geography Malayalam Unit-5.indd 192 1/27/2023 10:07:19 AM

6 മാസം അല്ലെങ്കിൽ 183 ദിവസങ്ങൾ). ഒരു വർഷത്തിൽ 6 മാസത്തിൽ കുറവായി ജോലിചെയ്യുന്നവരെ നാമമാത്ര തൊഴിലാളികൾ എന്നും, ജോലി ചെയ്യാത്ത ജനങ്ങളെ തൊഴിൽ രഹിതർ എന്നും പറയുന്നു. തൊഴിൽ പങ്കാളിത്ത നിരക്ക് എന്നത് മൊത്തം തൊഴിലാളികളുടെ ശതമാനത്തെ കുറിക്കുന്നു. അതായത് ഒരു പ്രദേശത്തുള്ള ആകെ ജനസംഖ്യയിൽ പ്രഥമ തൊഴിലാളികളും നാമമാത്ര തൊഴിലാളികളും ചേർന്ന് ആകെ എത്ര ശതമാനം എന്നതിനെ സൂചിപ്പിക്കുന്നു.

ചലനാത്മക ജനസംഖ്യ

ജനസംഖ്യയുടെ അളവിലും അതിന്റെ സ്വഭാവത്തിലും ഉള്ള മാറ്റങ്ങളുമായി ബന്ധപ്പെട്ട ഘടകങ്ങൾ കണ്ടെത്തുന്ന ഒരു മേഖലയാണ് ഹ്യൂമൻ പോപ്പുലേഷൻ ഡൈനാമിക്സ്. ജനസംഖ്യാവ്യതിയാനങ്ങൾ പ്രവചിക്കുന്നത് ജനസംഖ്യാപഠനത്തിന്റെ ഒരു പ്രധാന ഭാഗമാണ്.

ജനസംഖ്യാ വർദ്ധനവിനാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ

ഇന്ത്യയിൽ ജനസംഖ്യയുടെ വർദ്ധിച്ചുവരുന്ന സമ്മർദ്ദം നിരവധി സാമൂഹിക സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ, പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിച്ചു. ജനസംഖ്യാ പശ്നങ്ങൾ സ്ഥലത്തിനും കാലഘട്ടത്തിനും അനുസരിച്ച് വ്യത്യാസപ്പെടുന്നു. തൊഴിലില്ലായ്മ, കുറഞ്ഞ ജീവിത നിലവാരം, പോഷകാഹാരക്കുറവ്, പ്രകൃതിവിഭവങ്ങളുടെയും കാർഷിക വിഭവങ്ങളുടെയും ദുരുപയോഗം, അനാരോഗ്യകരമായ പരിസ്ഥിതി തുടങ്ങിയവയാണ് നമ്മുടെ രാജ്യത്ത് അമിത ജനസംഖ്യ സൃഷ്ടിക്കുന്ന പ്രധാന പ്രശ്നങ്ങൾ.

5.3 നഗരവത്കരണം



സമൂഹം ഗ്രാമത്തിൽ നിന്ന് നഗരത്തിലേക്ക് മാറുന്നപ്രക്രിയയെ നഗരവൽക്കരണം എന്നുവിളിക്കുന്നു.

5.3.1 ഇൻഡ്യയിലെ നഗരവൽക്കരണം

നഗരവൽക്കരണത്തിന്റെ തോത് നഗര ജനസംഖ്യയുടെ ശതമാനത്തിന്റെ അടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്.

നഗരവൽക്കരണം ഏറ്റവുമധികമുള്ള സംസ്ഥാനമാണ് ഗോവ. കേന്ദ്രഭരണ പ്രദേശങ്ങളിൽ നഗരവൽക്കരണം ഏറ്റവുമധികമുള്ള പ്രദേശമാണ് ദില്ലി. തൊട്ടുപിന്നിൽ ചണ്ഡിഗഢ് ആണ് പ്രധാന സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ നഗരവൽക്കരിക്കപ്പെട്ട സംസ്ഥാനം (നഗര ജനസംഖ്യയുടെ 48.4 ശതമാനം) തമിഴ്നാടാണ്. തുടർന്ന്. കേരളം (47.7 ശതമാനം), മഹാരാഷ്ട്ര (45.2 ശതമാനം) എന്നിവയാണ്.

നഗരവൽക്കരണത്തിന്റെ പ്രത്യാഘാതങ്ങൾ


നഗരവൽക്കരണവും, ജനസാന്ദ്രതയും ഒന്നിനോടൊന്ന് അടുത്ത ബന്ധമുള്ളതാണ്. ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്കുള്ള കുടിയേറ്റം നഗരപ്രദേശങ്ങളിൽ ജനസംഖ്യാ വിസ്ഫോടനത്തിന് വഴി തെളിയിക്കുന്നു. മുംബൈ, കൊൽക്കത്ത,ന്യൂഡൽഹി തുടങ്ങിയ മഹാനഗരങ്ങൾ ആ നഗരങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിലും അധികം ജനസംഖ്യയുള്ളതായി കാണപ്പെടുന്നു.

ഇന്ത്യയിൽ നഗരവത്ക്കരണത്തിന്റെ ഫലമായുണ്ടാകുന്ന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

- നഗരവികസനം സൃഷ്ടിക്കുന്നു.
- നഗരപുറങ്ങളിൽ ജനപെരുപ്പം സൃഷ്ടിക്കുന്നു
- നഗരപ്രദേശങ്ങളിൽ വാസസ്ഥലങ്ങളുടെ അഭാവം ഉണ്ടാകുന്നു.
- ചേരി പ്രദേശങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്നു.
- ഗതാഗതത്തിരക്ക് വർദ്ധിക്കുന്നു.
- ജലക്ഷാമത്തിന് കാരണമാകുന്നു.
- അഴുക്കു ചാലുകളിൽ പ്രശ്നം ഉണ്ടാകുന്നു.
- ഖരമാലിന്യ നിയന്ത്രണം പ്രശ്നത്തിലാകുന്നു.
- കുറ്റകൃത്യങ്ങൾ വർദ്ധിക്കാൻ കാരണമാകുന്നു.

5.4 ഗതാഗതം

ഗതാഗതം എന്നത് യാത്രക്കാരെയും സാധനങ്ങളെയും ഒരിടത്തിൽ നിന്നും മറ്റൊരിടത്തേക്ക് കൊണ്ടു പോകുന്ന സമ്പ്രദായമാണ്. ഗതാഗത സൗകര്യത്തെ ഒരു രാജ്യത്തിന്റെ ജീവനാഡിയായി കരുതപ്പെടുന്നു. പ്രാചീന കാലത്ത് മനുഷ്യൻ കാൽനടയായോ, അല്ലെങ്കിൽ മൃഗങ്ങളേയോ ഗതാഗതത്തിന് പ്രയോജനപ്പെടുത്തിയിരിക്കുന്നു. ചക്രം കണ്ടുപിടിച്ചതോടെ ഗതാഗതം സുഗമമായി. ക്രമേണ പല വിധത്തിലുള്ള ഗതാഗത മാർഗ്ഗങ്ങൾ ഉണ്ടായി. ലോകത്തിലെ മൂന്ന് പ്രധാനപ്പെട്ട ഗതാഗത മാർഗ്ഗങ്ങൾ താഴെ പറയുന്നവയാണ്.



X Std - Geography Malayalam Unit-5.indd 193 1/27/2023 10:07:19 AM

റോഡുഗതാഗതം

ഹ്രസ്വ, ദീർഘ ദൂരയാത്രയ്ക്കും വൻതോതിലുള്ള ചരക്കുനീക്കത്തിനും സൗകര്യ പ്രദമായ ഗതാഗത മാർഗ്ഗമാണ് റോഡു ഗതാഗതം. ഹ്രസ്വദൂര സേവനങ്ങൾക്കു ഉചിതമായതാണിത്. മറ്റു ഗതാഗത മാർഗ്ഗങ്ങളെ താരതമ്യം ചെയ്യുമ്പോൾ റോഡു നിർമ്മാണവും പരിപാലനവും ചെലവു കുറഞ്ഞതാണ്. റോഡു ഗതാഗത സമ്പ്രദായം മുഖേന കൃഷിസ്ഥലങ്ങൾ, വ്യവസായശാലകൾ, കമ്പോളങ്ങൾ എന്നിവിടങ്ങളിൽ എളുപ്പത്തിൽ ബന്ധപ്പെടാൻ സാധിക്കുന്നു.സാർവ്വത്രികമായ ഗതാഗത മാർഗ്ഗമാണ് റോഡുകൾ. ഇത് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും പ്രയോജനപ്പെടുത്തുന്ന വിധം ചെലവു കുറഞ്ഞ ഗതാഗതമാർഗ്ഗമാണ്.

ഇന്ത്യയിൽ വടക്കൻ സമതലങ്ങളിൽ റോഡ് ശൃംഖല കൂടുതലായി കാണപ്പെടുന്നു. അവിടെ റോഡുകളുടെ നിർമ്മാണം താരതമ്യേന എളുപ്പ മാണ്. പർവതപ്രദേശത്ത് റോഡുകൾ നിർമ്മിക്കു ന്നത് വളരെ ബുദ്ധിമുട്ടാണ്. കേരളത്തിലെ റോഡ് സാന്ദ്രത ഏറ്റവും ഉയർന്നതും ജമ്മു കശ്മീരിലേത് ഏറ്റവും താഴ്ന്നതുമാണ്

നിങ്ങൾക്ക് അറിയാമോ?

ഷെർഷാസൂരി തന്റെ സാമ്രാജ്യത്തെ ശക്തിപ്പെടുത്തുന്നതിനും സംയോജി പ്പിക്കുന്നതിനും സാഹി (റോയൽ) എന്ന റോഡ് സിന്ധു താഴ്വാരത്തിൽ നിന്നും, പശ്ചിമബംഗാളിലുള്ള സോണാർ താഴ്വര വരെ നിർമ്മിച്ചു. കൊൽക്കത്തയിൽ നിന്നും പെഷവാർ വരെയുള്ള ഈ റോഡിനെ ഇംഗ്ലീഷുകാരുടെ ഭരണകാലത്തിൽ ഗ്രാന്റ് ട്രങ്ക് റോഡ് എന്ന് പേര് മാറ്റി. ഇപ്പോൾ ഈ റോഡ് അമൃതസരസിൽ നിന്നും കൊൽക്കത്തവരെ നിർമ്മിച്ചിരിക്കുന്നു. ഈ റോഡ് NH-1 ഡൽഹി യിൽ നിന്നും അമൃതസരസ് വരെയും NH-2 ഡൽഹിയിൽ നിന്നും കൊൽക്കത്ത വരെയും രണ്ടായി വിഭജിച്ചു.

റോഡ് നിർമ്മിക്കാനും പരിപാലിക്കാനും വേണ്ടി ഇൻഡ്യയിലെ റോഡുകളെ ദേശീയ പാതകൾ സംസ്ഥാന റോഡുകൾ, ജില്ലാറോഡുകൾ, ഗ്രാമീണറോഡുകൾ, അതിർത്തി റോഡുകൾ, അന്താരാഷ്ട്ര റോഡുകൾ എിങ്ങനെ വർഗ്ഗീകരിച്ചിട്ടുണ്ട്.

1. ഇൻഡ്യയിലെ റോഡുകളുടെ വർഗ്ഗീകരണം

a) ദേശീയ പാതകൾ (NH)

ദേശീയ പാതകൾ ഇൻഡ്യയിലെ റോഡുഗതാഗതത്തിന്റെ വളരെ പ്രധാനപ്പെട്ട ഘടനയാണ്. ദേശീയ പാതകൾ രാജ്യത്തിന്റെ വടക്കു മുതൽ തെക്കു വരെയും കിഴക്കു മുതൽ പടിഞ്ഞാറു വരെയും രാജ്യത്തിന്റെ അതിർത്തികളെയും, സംസ്ഥാനങ്ങളുടെ തലസ്ഥാനങ്ങളെയുംപ്രധാനപ്പെട്ട തുറമുഖങ്ങളെയും റയിൽവേ സ്റ്റേഷനുകളെയും, വിനോദസഞ്ചാര കേന്ദ്രങ്ങളെയും, വ്യവസായ ശാലകളെയും ബ ന്ധിപ്പിക്കുന്നു. ഇൻഡ്യയുടെ ദേശീയ പാതകളെ പരിപാലിക്കുന്നതും സംരക്ഷിക്കുന്നതും ദേശീയ റോഡുഗതാഗത മന്ത്രാലയം ആണ്. 4076 കി.മീ ദൈർഘ്യമുള്ള NH-44 ആണ്. ഇൻഡ്യയിലെ ഏറ്റവും വലിയ ദേശീയപാത. ഇത് ജമ്മുകാശ്മീരിലെ ശ്രിനഗറിനെയും തമിഴ്നാട്ടിലെ കന്യാകുമാരിയെയും ബന്ധിപ്പിക്കുന്നു. ഇൻഡ്യയിലെ ഏറ്റവും നീളം കുറഞ്ഞ ദേശീയ പാത. NH-47A ആണ്. ഇതിന് എറണാകുളം മുതൽ കൊച്ചി തുറമുഖം വരെ 6 കി.മീ. (വെല്ലിങ്ടൺ ദ്വീപ്) ദൈർഘ്യമുണ്ട്.

നിങ്ങൾക്ക് അറിയാമോ?

ഇൻഡ്യ ദേശീയ പാത കമ്മീഷൻ (NHAI) 1995-ൽ സ്ഥാപിച്ചു. ഇത് കരമാർഗ്ഗ ഗതാഗത മന്ത്രാലയ ത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം ഭരണ സ്ഥാപനമാണ്.



b) സംസ്ഥാന പാതകൾ

സംസ്ഥാന പാതകൾ പൊതുവായി സംസ്ഥാനത്തിലുള്ള പ്രധാന മഹാനഗരങ്ങൾ, നഗരങ്ങൾ മറ്റും ജില്ലാ തലസ്ഥാനങ്ങൾ എന്നിവയെ സംസ്ഥാന തലസ്ഥാന ത്തോടും, ദേശീയ പാതകളോടും അല്ലെങ്കിൽ അയൽസംസ്ഥാനത്തിലുള്ള റോഡുകളോടും ബ ന്ധിപ്പിക്കുന്നു. ഈ റോഡുകൾ പരിപാലിക്കുന്നത് സംസ്ഥാനസർക്കാരാണ്.

c) ജില്ലാറോഡുകൾ

ജില്ലാ റോഡുകൾ ജില്ല, താലൂക്ക് ആസ്ഥാനങ്ങളെ സംസ്ഥാന പാതകളോടും ദേശീയ പാതകളോടും, ബന്ധിപ്പിക്കുന്നു. ജില്ലാ റോഡുകൾ, സംസ്ഥാന പൊതുമരാമത്ത് വകുപ്പിനാൽ പരിപാലിച്ചു വരുന്നു.

d) ഗ്രാമീണറോഡുകൾ

ഈ റോഡുകൾ ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിൽ പ്രധാനപങ്ക് വഹിക്കുന്നു. ഇത് വിവിധ ഗ്രാമങ്ങളെ അതിന്റെ അരുകിലുള്ള നഗരങ്ങളുമായി ബന്ധിപ്പിക്കുന്നു. ഈ റോഡുകളെ ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്നു.

X Std - Geography Malayalam Unit-5.indd 194 1/27/2023 10:07:20 AM

ഇന്ത്യ - റോഡുകൾ



e) അതിർത്തി റോഡുകൾ

അതിർത്തി റോഡുകൾ രാജ്യത്തിന്റെ അതിർത്തി പ്രദേശങ്ങളിലുള്ള പ്രധാനപ്പെട്ട റോഡുകളാണ്. ഈ റോഡുകൾ നിർമ്മിക്കുന്നതും പരിപാലിക്കുന്നതും അതിർത്തി റോർഡു സംഘടനയാണ്. ഈ സ്ഥാപനം 1960-ൽ സ്ഥാപിച്ചു. ഈ റോഡുകൾ വടക്ക്, വടക്കു കിഴക്ക് അതിർത്തികളിൽ വളരെ പ്രാധാന്യം അർഹിക്കുന്നവയാണ്. അതിർത്തി റോഡ് സംഘടന ലോകത്തിലെ ഏറ്റവും ഉയർന്ന അതിർത്തി റോഡ് നിർമ്മിച്ചു. ഇത് ലഡാക്കിലുള്ള ലേ മതൽ ചണ്ഡിഗഢ് വരെ നിർമ്മിച്ചിരിക്കുന്നു. ഈ റോഡ് സമുദ്ര നിരപ്പിൽ നിന്നും ശരാശരി 4270 മീറ്റർ ഉയരത്തിലാണുള്ളത്.

f) സുവർണ്ണ നാലുവരിപാതകൾ: ഇത് 5.846 കിലോ മീറ്റർ നീളവും 4 മുതൽ 6 വരികളെ കൊണ്ടുള്ളതുമാണ്. ഇത് വടക്കു തെക്കായി ഇൻഡ്യയുടെ നാലു മഹാനഗരങ്ങളായ ന്യൂഡൽഹി-കൽക്കട്ട - ചെന്നൈ-മുംബൈ-ന്യൂഡൽഹി എന്നിവയെ ബന്ധിപ്പിക്കുന്നു. ഈ പദ്ധതി 1999-ൽ ആരംഭിച്ചു.

ചിന്തിക്കുക


സുവർണ്ണനാലുവരി പാതയുടെ പ്രത്യേകതകളും പ്രയോജനങ്ങളും എന്തെല്ലാം?

X Std - Geography Malayalam Unit-5.indd 195 1/27/2023 10:07:20 AM

g) വടക്കുതെക്ക്, കിഴക്കുപടിഞ്ഞാറ് ഇടനാഴികൾ: 4,076 കിലോമീറ്റർ നീളമുള്ള വടക്കുതെക്ക് ഇടനാഴി ജമ്മുകശ്മീരിലെ ശ്രീനഗറിനെനെയും തമിഴ് നാട്ടിലെ കന്യാകുമാരിയെയും (കൊച്ചി-സേലം സ്പർ ഉൾപ്പെടെ) ബന്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. 3,640 കിലോമീറ്റർനീളമുള്ള കിഴക്കു പടിഞ്ഞാറൻ ഇടനാഴി ആസ്സാമിലെ സിൽചാറിനെയും തുറമുഖ നഗരമായ ഗുജറാത്തിലെ പോർബന്ദറിനെയും ബന്ധിപ്പിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. രണ്ട് ഇടനാഴികളും ഝാൻസിയിൽ സംഗമിക്കുന്നു.

h) ത്വരിത മാർഗ്ഗങ്ങൾ

ത്വരിത മാർഗ്ഗങ്ങൾ എന്നത് ആധുനിക സാങ്കേതിക വിദ്യകളാൽ നിർമ്മിക്കപ്പെടുന്ന നവീന റോഡ് ശൃംഖലകളാണ്. പ്രധാനപ്പെട്ട ചില ത്വരിത മാർഗ്ഗങ്ങൾ, (i) മുംബൈ-പൂന ത്വരിത മാർഗ്ഗം (ii) കൊൽക്കത്ത-ഡംഡം വിമാനത്താവള ത്വരിത മാർഗ്ഗം (iii) ദുർഗാപൂർ-കൊൽക്കത്ത ത്വരിത മാർഗ്ഗം (iv) യമുനാ ത്വരിത മാർഗ്ഗം ഡൽഹി-ആഗ്ര.



മുംബൈ-പൂന ത്വരിത മാർഗ്ഗം

i) അന്തർദേശീയ പാത

ഇന്ത്യയെ അയൽരാജ്യങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളാണിവ. എക്കണോമിക് ആൻഡ് സോഷ്യൽ കമ്മീഷൻ ഫോർ ഏഷ്യപസഫിക് (ESCAP)-മായുള്ള കരാർ പ്രകാരം ലോക ബാങ്കിന്റെ സഹായത്തോടെയാണ് ഈ ഹൈവേകൾ നിർമ്മിച്ചിരിക്കുന്നത്. ഈ റോഡുകൾ ഇന്ത്യയിലെ പ്രധാന ഹൈവേകളെ അയൽ രാജ്യങ്ങളായ പാകിസ്ഥാൻ, നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ്, മ്യാൻമർ എന്നിവയുമായി ബന്ധിപ്പിക്കുന്നു. .

റയിൽഗതാഗതം

രാജ്യത്തെ ഉൾനാടൻ ഗതാഗതത്തിന്റെ പ്രധാന ധമനിയാണ് ഇന്ത്യൻ റെയിൽവേ സംവിധാനം. ചരക്കുനീക്കത്തിനും യാത്രക്കാർക്കും വേണ്ടി വൻതോതിലുള്ള ഗതാഗതാവശ്യങ്ങൾ റെയിൽവേ നിറവേറ്റുന്നു. അതു സാമ്പത്തിക വളർച്ചയ്ക്ക് കാരണമാകുന്നു. ഇന്ത്യയുടെ കരമാർഗ്ഗ ഗതാഗത സംവിധാനത്തിന്റെ നട്ടെല്ലായി റെയിൽവേ കണക്കാക്കപ്പെടുന്നു. ഇത് ദേശീയ ഏകീകരണത്തെ പ്രോത്സാഹിപ്പിക്കുന്നു. വ്യാപാരം, ടൂറിസം, വിദ്യാഭ്യാസം തുടങ്ങിയവയും ഇത് പ്രോത്സാഹിപ്പിക്കുന്നു. വേഗം കേടാവുന്ന വസ്തുക്കളുടെ ദ്രുതഗതിയിലുള്ള ചലനം സാധ്യമാക്കുന്നതിലൂടെ കാർഷിക മേഖലയുടെ വാണിജ്യവത്ക്കരണത്തിന് റെയിൽവേ സഹായിക്കുന്നു. അസംസ്കൃത വസ്തുക്കൾ വ്യവസായശാലകളിലേക്കും ഉല്പന്നങ്ങളെ വിപണിയിലേക്കും കൊണ്ടുപോകുന്നതിൽ അതിന്റെ പങ്ക് വിലമതിക്കാനാവാത്തതാണ്. ഇന്ത്യൻ റെയിൽവേ ശൃംഖല ഏഷ്യയിലെ ഏറ്റവും വലുതും ലോകത്തിലെ രണ്ടാമത്തെ വലിയതുമാണ്. 7,349 റെയിൽവേ സ്റ്റേഷനുകളുള്ള ഇന്ത്യൻ റെയിൽവേ ശൃംഖലയുടെ ദൈർഘ്യം 67,368 കിലോമീറ്ററാണ്. പ്രവർത്തനം, പരിപാലനം എന്നിവയ്ക്കായി ഇന്ത്യൻ റെയിൽവേ

മേഖല	ആസ്ഥാനം
ഉത്തര റെയിൽവേ	ദില്ലി
ഉത്തര പശ്ചിമ റെയിൽവേ	ജയ്പൂർ
ഉത്തര മധ്യ റെയിൽവേ	അലഹബാദ്
ഉത്തര പൂർവ്വ റെയിൽവേ	ഗോരഖ്പൂർ
ഉത്തര പൂർവ്വ അതിർത്തി റെയിൽവേ	ഗുവാഹത്തി
പൂർവ്വ റെയിൽവേ	കൊൽക്കത്ത
പൂർവ്വ തീര റെയിൽവേ	ഭുവനേശ്വർ
പൂർവ്വ മധ്യ റെയിൽവേ	ഹസിപൂർ
പശ്ചിമ മധ്യ റെയിൽവേ	ജബൽപൂർ
മധ്യ റെയിൽവേ	മുംബൈ (VT)
പശ്ചിമ റെയിൽവേ	മുംബൈ (ചർച്ച് ഗേറ്റ്)
ദക്ഷിണ റെയിൽവേ	ചെന്നൈ
ദക്ഷിണ മധ്യ റെയിൽവേ	സക്കെന്തരാബാദ്
ദക്ഷിണ പൂർവ്വ റെയിൽവേ	കൊൽക്കത്ത
ദക്ഷിണ പശ്ചിമ റെയിൽവേ	ഹബ്ബോൾ
ദക്ഷിണ പൂർവ്വ മധ്യ റെയിൽവേ	ബിലാസ്പൂർ
കൊങ്കൺ റെയിൽവേ	നവി മുംബൈ

പാതയുടെ അകലം അടിസ്ഥാനമാക്കി ഇൻഡ്യൻ റയിൽവേ മേഖലയെ നാല് ഘട്ടങ്ങളായി വിഭജിച്ചിരിക്കുന്നു.

1. ബ്രോഡ്ഗേജ് (വിസ്തൃത പാത 1.676 മീ.)
2. മീറ്റർ ഗേജ് (1.00 മീ.)
3. ഇടുങ്ങിയ പാത (നേരോഗേജ് 0.672 മീ.)
4. ഹ്രസ്വ പാത (0.610 മീ.).

നിങ്ങൾക്ക് അറിയാമോ?

- 1925-ൽ ഇൻഡ്യയിലെ ആദ്യത്തെ സബ് അർബൻ റയിൽ ഗതാഗതം മുംബൈയിൽ ആരംഭിച്ചു.
- ഇൻഡ്യയിലെ അധിക വേഗ ട്രെയിനാണ് ഗാത്തിമൻ എക്പ്രസ്സ്. ഈ ട്രെയിൻ ന്യൂഡൽഹിയെയും ആഗ്രയെയും ബന്ധിപ്പിക്കുന്നു. ഇത് മണിക്കൂറിൽ 160 കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കുന്നു.

X Std - Geography Malayalam Unit-5.indd 196 1/27/2023 10:07:21 AM

a) ഇൻഡ്യയിലെ മെട്രോ റയിൽവേ

ഇൻഡ്യയിൽ 8 മഹാനഗരങ്ങളിൽ മെട്രോ റയിൽ സേവനം നൽകി വരുന്നു.അവ കൊൽക്കത്ത (പശ്ചിമബംഗാൾ), ചെന്നൈ (തമിഴ്നാട്), ന്യൂഡൽഹി, ബാംഗ്ലൂർ (കർണാടകം, ഗുർഗക്യോൻ (ഹരിയാന), മുംബൈ (മഹാരാഷ്ട്ര), ജയ്പൂർ (രാജസ്ഥാൻ), കൊച്ചി (കേരളം) എന്നിവയാണ്. ഈ റയിൽസേവനം ആദ്യമായി കൊൽക്കത്തയിൽ ആരംഭിച്ചു. ഇത് കൂടുതൽ ജനങ്ങളെ കൊണ്ട് വേഗത്തിൽ എത്തിക്കുന്ന ഒരു ഗതാഗതമാർഗ്ഗമായി (MRTS) കരുതപ്പെടുന്നു. സെപ്റ്റംബർ 2018-ൽ ഇൻഡ്യയിൽ 507 കിലോമീറ്റർ ദൈർഘ്യമുള്ള മെട്രോറയിൽ പാതകൾ 381 റയിൽവേ സ്റ്റേഷനുകളോടു കൂടി പ്രവർത്തിച്ചു വരുന്നു.

നിങ്ങൾക്ക് അറിയാമോ?

മേഘാലയ സംസ്ഥാനത്തിൽ റയിൽ ഗതാഗതം ഇല്ല.

കുഴൽവഴി ഗതാഗതം:

എണ്ണ, പ്രകൃതി വാതക പാടങ്ങളെയും എണ്ണ ശുദ്ധീകരണ ശാലകളെയും അതിന്റെ കമ്പോളങ്ങളുമായി ബന്ധിപ്പിക്കുന്നതിന് അനുയോജ്യമായ മാർഗ്ഗമാണ് കുഴൽവഴി ഗതാഗതം. മുൻകാലങ്ങളിൽ ഇവ നഗരങ്ങൾക്കും വ്യവസായ ശാലകൾക്കും ജലവിതരണത്തിന് പ്രയോജന പ്പെടുത്തിയിരുന്നു. ഇപ്പോൾ ഖരവസ്തുക്കൾ ദ്രവരൂപത്തിലാക്കി കുഴൽവഴി കൊണ്ടു പോകുന്നു. കുഴൽ വഴി ഗതാഗതം സ്ഥാപി ക്കുന്നതിന് ആരംഭ ചെലവുകൾ അധികമാണ്. തുടർന്ന് പരിപാലിക്കുന്നതിനും നിർവഹിക്കുന്നതിനും ചെലവ് കുറവാണ്. ഈ കുഴലുകളെ കരടുമുരടായ പ്രദേശങ്ങളിലും സ്ഥാപിക്കാൻ കഴിയും. ഇതു പ്രതിബന്ധമില്ലാതെയും, കുറഞ്ഞ ചെലവിൽ കാലതാമസമില്ലാതെയും, ബാഷ്പീകരണം മൂലം ഏർപ്പെടുന്ന നഷ്ടങ്ങ ളൊഴിവാക്കിയും സേവനം ഉറപ്പുവരുത്തുന്നു.

ആസാമിലുള്ള എണ്ണ പാടങ്ങളിൽ നിന്നും കാൺപൂർ വരെയും, ഗുജറാത്തിൽ നിന്നും സലായാ ഭാഗത്തേക്കും പഞ്ചാബിൽ നിന്നും ജലന്തറിലേയ്ക്കും ഗുജറാത്തിലുള്ള ഹജിറാവിൽ നിന്നും ഉത്തരപ്രദേശിലുള്ള ജഗദീഷ്പൂർ വരെയും സ്ഥാപിച്ചിട്ടുള്ള കുഴൽ മാർഗ്ഗങ്ങൾ ഇൻഡ്യയിലെ പ്രധാനപ്പെട്ട കുഴൽ വഴി ഗതാഗത ശൃംഖലയാണ്.

ജല ഗതാഗതം

യാത്രയ്ക്കും വൻതോതിലുള്ള ചരക്കു നീക്കത്തിനും ഇന്ത്യയിൽ ഉപയോഗിക്കുന്ന ഒരു പ്രധാന ഗതാഗത മാർഗ്ഗമാണ് ജലപാത. ഏറ്റവും പഴക്കമേറിയതും വിലകുറഞ്ഞതുമായ ഗതാഗത മാർഗ്ഗമാണിത്. ഒരു രാജ്യത്തു നിന്ന് മറ്റൊന്നിലേക്ക് ഭാരമേറിയതും വലുതുമായ വസ്തുക്കൾ

ഇന്ത്യ - തീവണ്ടി മാർഗ്ഗം



X Std - Geography Malayalam Unit-5.indd 197 1/27/2023 10:07:21 AM

കൊണ്ടുപോകുന്നതിന് ഏറ്റവും അനുയോജ്യമായ മാർഗ്ഗമാണിത്. ഇത് ഇന്ധനക്ഷമതയുള്ളതും പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാത്തതുമായ ഗതാഗത മാർഗ്ഗമാണ്. ജലഗതാഗതമാർഗങ്ങളെ രണ്ടായി തരം തിരിച്ചിരിക്കുന്നു.

1) ഉൾനാടൻ ജലഗതാഗതം
2) സമുദ്ര ജലഗതാഗതം

a) ഉൾനാടൻ ജലഗതാഗതം

ഇന്ത്യയിൽ നദികൾ, കനാലുകൾ, തടാകങ്ങൾ, കായൽ എന്നീ ജലാശയങ്ങളിൽ ഉൾനാടൻ ജലഗതാഗതത്തിന്റെ വിപുലമായ ശൃംഖലകളുണ്ട്. ഇത് ജലാശയങ്ങളുടെ ആഴം, വീതി, തുടർച്ചയായ ജലപ്രവാഹം എന്നിവയെ ആശ്രയിച്ചിരിക്കുന്നു. രാജ്യത്തിലെ ദേശീയ ജലപാതകളുടെ വികസനം, പരിപാലനം, നിയന്ത്രണം എന്നിവയ്ക്കായി 1986-ൽ ഉൾനാടൻ ജലപാത അതോറിറ്റി സ്ഥാപിച്ചു.

പ്രധാന ദേശീയ ജലപാതകൾ ഇവയാണ്:

ദേശീയ ജലപാത 1:

ഇത് ഹാൽഡിയയ്ക്കും അലഹബാദിനുമിടയിൽ 620 കിലോമീറ്റർ നീളത്തിൽ ഗംഗ,ഭാഗീരഥി,ഹൂഗ്ലി നദി വ്യൂഹത്തിൽ സ്ഥിതി ചെയ്യുന്നു.

ദേശീയ ജലപാത 2

ദുബ്രിക്കും സാദിയയ്ക്കും ഇടയിൽ 891 കിലോമീറ്റർ നീളത്തിൽ ബ്രഹ്മപുത്ര നദിയിൽ ഈ ജലപാത സ്ഥിതി ചെയ്യുന്നു.

ദേശീയ ജലപാത 3:

കേരളത്തിലെ കൊല്ലത്തിനും കോട്ടപുരത്തിനും ഇടയിൽ ഈ ജലപാത. സ്ഥിതിചെയ്യുന്നു. 205 കിലോമീറ്റർ ദൈർഘ്യമുള്ള ഈ ജലപാത, 24 മണിക്കൂർ ഗതാഗത സൗകര്യമുള്ള രാജ്യത്തെ ആദ്യത്തെ ദേശീയ ജലപാതയാണ്.

b) സമുദ്ര ജല ഗതാഗതം

ഇൻഡ്യയുടെ സമ്പദ്വ്യവസ്ഥയിൽ ഗതാഗത മേഖലയിലെ സമുദ്രജല ഗതാഗതം പ്രധാന പങ്കുവഹിക്കുന്നു. ഇൻഡ്യയുടെ വിദേശവാണിജ്യത്തിൽ ഏകദേശം 95% ശതമാനവും ചരക്കുനീക്കത്തിന്റെ മൂല്യത്തിൽ 70 ശതമാനവും സമുദ്രജല ഗതാഗതത്തിലൂടെ നടക്കുന്നു.

ഇൻഡ്യയിൽ വൻതോതിലുള്ള ചരക്കു നീക്കത്തിന് കപ്പൽഗതാഗതം പ്രധാന പങ്കുവഹിക്കുന്നു.ഇത് വളരെ ചെലവ് കുറഞ്ഞ ഗതാഗതമാർഗ്ഗമാണ്. മാത്രമല്ല പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാത്തതുമാണ്. കടൽ, സമുദ്ര ഗതാഗതമാർഗ്ഗങ്ങൾ അന്താരാഷ്ട്ര വാണിജ്യത്തിനായി വ്യാപകമായി ഉപയോഗിച്ചു വരുന്നു. ഈ മാർഗ്ഗങ്ങൾ തുറമുഖങ്ങൾ മുഖേന ബന്ധിപ്പിക്കുന്നു. ഇൻഡ്യയിൽ 13 പ്രധാന തുറമുഖങ്ങളും 200 ചെറിയ, ഇടത്തരം തുറമുഖങ്ങളും ഉണ്ട്. വലിയ തുറമുഖങ്ങളെ കേന്ദ്രസർക്കാരും, ചെറിയ ഇടത്തരം തുറമുഖങ്ങളെ സംസ്ഥാന സർക്കാരും നിയന്ത്രിക്കുന്നു. കൊൽക്കത്ത, ഹാൽദിയ, പാരദ്വീപ്, വിശാഖപട്ടണം, ചെന്നൈ, എണ്ണൂർ, തൂത്തുക്കുടി എന്നിവ ഇൻഡ്യയുടെ കിഴക്കൻ കടൽത്തീരത്തിൽ സ്ഥിതി ചെയ്യുന്ന പ്രധാനപ്പെട്ട തുറമുഖങ്ങളാണ്. കാണ്ട്ല, മുംബൈ, മർമ്മഗോവ, നവസേവ (ജവഹർലാൽ നെഹ്റു തുറമുഖം), ന്യൂ മാംഗ്ളൂർ, കൊച്ചി എന്നിവ. ഇൻഡ്യയുടെ പടിഞ്ഞാറൻ കടൽത്തീരത്ത് സ്ഥിതി ചെയ്യുന്ന പ്രധാന തുറമുഖങ്ങളാണ്.

ഇൻഡ്യയിൽ 4 പ്രധാനപ്പെട്ട കപ്പൽ നിർമ്മാണ കേന്ദ്രങ്ങൾ ഉണ്ട്.

1. ഹിന്ദുസ്ഥാന കപ്പൽ നിർമ്മാണ കേന്ദ്രം വിശാഖപട്ടണം,
2. ഗാർഡൻ റിച്ച് കപ്പൽ നിർമ്മാണകേന്ദ്രം കൊൽക്കത്ത,
3. മാസഗാൺ ഡോക്ക് മുംബൈ
4. കൊച്ചി കപ്പൽ നിർമ്മാണ കേന്ദ്രം

ഇൻഡ്യ കപ്പൽ നിർമ്മാണ മേഖലയിൽ ഏഷ്യയിൽ രണ്ടാം സ്ഥാനവും ലോകത്തിൽ 16-ാം സ്ഥാനവും വഹിക്കുന്നു.

വ്യോമഗതാഗതം

വ്യോമഗതാഗതം എന്നത് ചെലവേറിയതും വേഗത കൂടിയതും സൗകര്യപ്രദമായതും നവീനവുമായ ഗതാഗത മാർഗ്ഗമാണ്. വ്യോമഗതാഗതം രാജ്യത്തെ ദേശീയ അന്തർദേശീയ പ്രാദേശിക നഗരങ്ങളുമായി ബന്ധിപ്പിക്കുന്നു. ഉയർന്ന പർവ്വതങ്ങൾ, മരുഭൂമികൾ, നിബിഡവനങ്ങൾ, എന്നീ കഠിന പ്രദേശങ്ങളെ എളുപ്പത്തിൽ കടക്കാൻ വ്യോമഗതാഗതം സഹായിക്കുന്നു. ഈ ഗതാഗതം യാത്രക്കാർ, ചരക്കുകൾ, തപാൽ എന്നിവയെ കയറ്റിക്കൊണ്ടുപോകുന്നു. പ്രകൃതി ദുരന്തങ്ങൾ, മനുഷ്യ നിർമ്മിത ദുരന്തങ്ങൾ, വെള്ളപ്പൊക്കം, ദാരിദ്ര്യം, പകർച്ചവ്യാധികൾ, യുദ്ധങ്ങൾ പോലുള്ള അടിയന്തര ഘട്ടങ്ങളിൽ വ്യോമ ഗതാഗതം പ്രധാന പങ്കു വഹിക്കുന്നു.

1918 ഫെബ്രുവരി 18-ാം തിയതി ഹെൻട്രി പിക്കറ്റ് അലഹബാദിൽ നിന്നും നൈനി എന്ന സ്ഥലത്തേക്ക് തപാൽ കൊണ്ടു പോകുന്നതിനായി ഇൻഡ്യയിൽ ആദ്യത്തെ വ്യോമഗതാഗതം ആരംഭിച്ചു. 1953-ൽ രാജ്യത്ത് പ്രവർത്തിച്ചു വന്ന 8 വിമാനത്താവളങ്ങളെ ദേശസാൽകൃതമാക്കി.

ആഭ്യന്തര വ്യോമഗതാഗതം ഒരു രാജ്യത്തിന്റെ അതിർത്തിക്കുള്ളിലും **അന്താരാഷ്ട്ര വ്യോമഗതാഗതം** ലോകത്തിലെ പ്രധാനപ്പെട്ട നഗരങ്ങളെയും ബന്ധിപ്പിക്കുന്നു. ഇന്ത്യൻ സർക്കാർ സർവീസ് നടത്തുന്ന രണ്ട് വ്യോമഗതാഗത സേവനങ്ങളാണ് ഇന്ത്യൻ എയർ ലൈൻസും എയർ ഇന്ത്യയും. **ഇന്ത്യൻ എയർ ലൈൻസ്** ആഭ്യന്തര ഗതാഗത

X Std - Geography Malayalam Unit-5.indd 198 1/27/2023 10:07:21 AM

സേവനങ്ങളും വിദേശ ഗതാഗത സേവനങ്ങളും നൽകി വരുന്നു. നിലവിൽ 19 നിയുക്ത അന്താരാഷ്ട്ര വിമാനത്താവളങ്ങൾ രാജ്യത്തിലുണ്ട്. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയാണ് ഈ വിമാനത്താവളങ്ങൾ നിയന്ത്രിക്കുന്നത്.

ചിന്തിക്കുക

വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ വിമാന യാത്രകൾ തെരഞ്ഞെടുക്കുന്നു. എന്തുകൊണ്ട്?

പവൻ-ഹാൻസ് ഹെലികോപ്റ്റർ ലിമിറ്റഡ്

പവൻ-ഹാൻസ് ഹെലികോപ്റ്റർ ലിമിറ്റഡ് ഒഎൻജിസി, ഓയിൽ ഇന്ത്യ ലിമിറ്റഡ് എന്നിവയുൾപ്പെടെയുള്ള പെട്രോളിയം മേഖലയ്ക്ക് ഹെലികോപ്റ്റർ പിന്തുണാ സേവനങ്ങൾ നൽകുന്നു. ന്യൂഡൽഹി ആസ്ഥാനമായുള്ള ഒരു പൊതുമേഖലാ കമ്പനിയാണിത്. മുംബൈയിലെ വൈൽ പാർലെയിലെ (പടിഞ്ഞാറ്) ജുഹു വിമാനത്താവളത്തിലാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. മിനി രത്ന-1 വിഭാഗത്തിലെ പൊതുമേഖലാ സ്ഥാപനമാണ് പവൻ-ഹാൻസ്. ഇത് പലപ്പോഴും ഇന്ത്യയിലെ വിവിധ സംസ്ഥാന സർക്കാരുകൾക്ക്, പ്രത്യേകിച്ച് വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്ക് സേവനങ്ങൾ നൽകുന്നു. ഇന്ത്യയിലെ ദ്വീപുകൾക്കിടയിലും സേവനം ചെയ്തു വരുന്നു. ഇത് ആന്റമാൻ നിക്കോബാർ ദ്വീപുകൾക്കും, ലക്ഷദ്വീപുകൾക്കും ബോട്ടുസർവ്വീസുകളും നൽകി വരുന്നു.

എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ (AAI)

എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ (AAI) 1995 ലാണ് രൂപീകൃതമായത്. ഇത് ഇന്ത്യൻ വിമാനത്താവളങ്ങൾക്ക് സുരക്ഷ നൽകുന്നു. ഇന്ത്യയിൽ സിവിൽ ഏവിയേഷനിൽ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം, നവീകരണം, പരിപാലനം നിയന്ത്രണം എന്നിവയുടെ ഉത്തരവാദിത്വം സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന് കീഴിലുള്ള. എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയ്ക്കാണ്.

5.5 വാർത്താവിനിമയം

വിവരങ്ങൾ, ചിന്തകൾ സന്ദേശങ്ങൾ എന്നിവയുടെ കൈമാറ്റത്തെ വാർത്താവിനിമയം എന്നു പറയുന്നു. വാർത്താ വിനിമയ മേഖലയിൽ സാങ്കേതിക വിദ്യ അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു. വാർത്താവിനിമയത്തെ വ്യക്തിഗത വാർത്താ വിനിമയം, ബഹുജന വാർത്താവിനിമയം എന്നിങ്ങനെ രണ്ടായി തരം തിരിച്ചിരിക്കുന്നു.

വ്യക്തിഗത വാർത്താവിനിമയം

വ്യക്തികൾ തമ്മിലുള്ള വിവര കൈമാറ്റത്തെ വ്യക്തിഗത ആശയവിനിമയം എന്ന് വിളിക്കുന്നു. തപാൽ സേവനം, ടെലിഗ്രാഫ്, ടെലിഫോൺ, മൊബൈൽ ഫോൺ, ഹ്രസ്വ സന്ദേശ സേവനങ്ങൾ, ഫാക്സ്, ഇന്റർനെറ്റ്, ഇ-മെയിൽ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. വ്യക്തിഗതവാർത്താ വിനിമയ രീതിയിൽ ഉപഭോക്താവുമായി നേരിട്ട് ബന്ധപ്പെടാൻ സാധിക്കുന്നു.


1,55,000 പോസ്റ്റോഫീസുകളുള്ള ലോകത്തിലെ ഏറ്റവും വലിയ തപാൽ ശൃംഖലയാണ് ഇന്ത്യയിലെ തപാൽ ശൃംഖല. അവയിൽ 1,39000 ത്തിലധികം തപാൽ നിലയങ്ങൾ ഗ്രാമപ്രദേശങ്ങളിലാണുള്ളത്. രാജ്യത്ത് 1837-ൽ പൊതുജനങ്ങൾക്കായി തപാൽ സേവനം ആരംഭിച്ചു. ആദ്യത്തെ ഇന്ത്യൻ തപാൽ സ്റ്റാമ്പ് 1852 ൽ കറാച്ചിയിൽ പുറത്തിറക്കി. മെയിൽ ശേഖരിച്ച് വിതരണം ചെയ്യുക എന്നതാണ് തപാൽ വകുപ്പിന്റെ പ്രാഥമിക പ്രവർത്തനം. 1975-ൽ ത്വരിത തപാൽ സേവനം ആരംഭിച്ചു. ഇന്ന് രാജ്യം മുഴുവനും ഈ സേവനം നിലവിലുണ്ട്. 1972-ൽ അവതരിപ്പിച്ച പിൻകോഡിന്റെ (തപാൽ സൂചിക നമ്പർ) അടിസ്ഥാനത്തിലാണ് ദ്രുത മെയിൽ സേവനം പ്രവർത്തിക്കുന്നത്. ഇതിന്റെ സേവനങ്ങളിൽ മണി ഓർഡർ, ഇ-മണി ഓർഡർ, സ്പീഡ് പോസ്റ്റ്, എക്സ്പ്രസ് പാർസൽ പോസ്റ്റ്, ബിസിനസ് പോസ്റ്റ്, മീഡിയ പോസ്റ്റ്, സാറ്റലൈറ്റ് പോസ്റ്റ്, റീട്ടെയിൽ പോസ്റ്റ്, ഗ്രീറ്റിംഗ് പോസ്റ്റ്, ഡാറ്റ പോസ്റ്റ്, സ്പീഡ് നെറ്റ്, സ്പീഡ് പാസ്പോർട്ട് സേവനങ്ങൾ എന്നിവ ഉൾപ്പെടുന്നു.

ഏഷ്യയിലെ ഏറ്റവും വലിയ ടെലികമ്മ്യൂണിക്കേഷൻ ശൃംഖല ഉള്ള രാജ്യങ്ങളിൽ ഒന്നാണ് ഇൻഡ്യ. നഗരപ്രദേശങ്ങൾ കൂടാതെ ഇന്ത്യയിലെ മൂന്നിൽ രണ്ടു ഭാഗം ഗ്രാമങ്ങളിലും ഇതിനകം **സബ്സ്ക്രൈബർ ട്രങ്ക് ഡയലിങ്** (എസ് ടി ഡി) ടെലഫോൺ സൗകര്യം ഏർപ്പെടുത്തി. അതേസമയം അന്താരാഷ്ട്ര ആശയവിനിമയം ഐ എസ് ഡി **(ഇന്റർനാഷണൽ സബ്സ്ക്രൈബർ ട്രങ്ക് ഡയലിങ്)** വഴി നടത്താം. ഇന്ത്യയിലുടനീളം എസ് ടി ഡി സൗകര്യങ്ങളുടെ ഏകീകൃത നിരക്ക് ഉണ്ട്. ടെലഫോൺ എന്നത് സംഭാഷണ വിനിമയ മുറയാണ്. വാണിജ്യ വളർച്ചയ്ക്ക് ഇത് വളരെ അത്യാവശ്യമാണെന്ന് കണക്കാക്കപ്പെടുന്നു. തൽക്ഷണ ആശയവിനിമയം നൽകുന്നതിനാൽ ജനങ്ങൾ കൂടുതൽ പ്രാധാന്യം നൽകുന്ന ഒരു വകുപ്പാണിത്. മൊബൈൽഫോൺ, ഫാക്സ് ഇന്റർനെറ്റ് എന്നിവ രാജ്യത്ത് ഉപയോഗിക്കുന്ന മറ്റ് വ്യക്തിഗത വാർത്താ വിനിമയ ഉപാധികളാണ്.

ബഹുജന വാർത്താവിനിമയം

പൊതുജന മാദ്ധ്യമം എന്നത് ഒരേ സമയത്ത് ലക്ഷക്കണക്കിന് ജനങ്ങൾക്ക് വിവരങ്ങൾ ലഭ്യമാക്കുന്ന രീതിയാണ്. വിദ്യാഭ്യാസവും, വിനോദവും, നൽകുന്ന നല്ലൊരു മാർഗ്ഗമാണിത്. പല വിധത്തിലുള്ള ദേശീയനയങ്ങൾ, പദ്ധതികൾ എന്നിവയെ കുറിച്ച് ബോധവൽക്കരണം നടത്താൻ ബഹുജന മാദ്ധ്യമം പ്രയോജനപ്പെടുന്നു. ബഹുജനമാദ്ധ്യമ സമ്പ്രദായം രണ്ടു വിധത്തിൽ വിവരങ്ങൾ ജനങ്ങളിൽ എത്തിക്കുന്നു. അവ അച്ചടി മാധ്യമവും ഇലക്ട്രോണിക് മാധ്യമവുംആണ്.

X Std - Geography Malayalam Unit-5.indd 199 1/27/2023 10:07:21 AM



X Std - Geography Malayalam Unit-5.indd 200 1/27/2023 10:07:22 AM

ഇലക്ട്രോണിക് മാധ്യമം:

റേഡിയോ : ബോംബെയിലെ റേഡിയോ ക്ലബ് 1923 ൽ ഇന്ത്യയിൽ റേഡിയോ പ്രക്ഷേപണം ആരംഭിച്ചു. അത് ജനങ്ങളുടെയിടയിൽ വളരെയധികം പ്രചാരം നേടുകയും സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തെ മാറ്റിമറിക്കുകയും ചെയ്തു. 1936-ൽ ഓൾ ഇന്ത്യ റേഡിയോ (ഐഎആർ) എന്ന് നാമകരണംചെയ്യപ്പെടുകയും1957-ൽആകാശവാണി എന്ന് പുനർനാമകരണം ചെയ്യപ്പെടുകയും ചെയ്തു. വിവരങ്ങൾ, വിദ്യാഭ്യാസം, വിനോദം എന്നിവയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ ഇത് പ്രക്ഷേപണം ചെയ്യുന്നു. പാർലമെന്റ്, സംസ്ഥാന നിയമസഭകൾ തുടങ്ങിയ പ്രത്യേക അവസരങ്ങളിലും പ്രത്യേക വാർത്താ ബുള്ളറ്റിനുകൾ പ്രക്ഷേപണം ചെയ്യുന്നു.

ദൂരദർശിനി : ടെലിവിഷൻ പ്രക്ഷേപണം വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമുള്ള ഏറ്റവും ഫലപ്രദമായ ദൃശ്യശ്രവ്യ മാധ്യമമായി മാറി. ഇന്ത്യയിലെ ടെലിവിഷൻ ശൃംഖല ദൂരദർശൻ (DD) എന്നറിയപ്പെടുന്നു, ഇത് കോമൺ നാഷണൽ പ്രോഗ്രാം (CNP) സേവനങ്ങൾ ആരംഭിച്ചു ഈ സേവനം പിന്നോക്കാവസ്ഥയിലുള്ള വളരെ ദൂരത്തിലുള്ള ഗ്രാമങ്ങളിൽ വ്യാപിപ്പിക്കുകയും ചെയ്തു.

ഇന്റർനെറ്റ്: (പരസ്പരബന്ധിതമായ നെറ്റ്വർക്കിന്റെ സങ്കോചം) ലോകമെമ്പാടുമുള്ള ഉപകരണങ്ങളെ ബന്ധിപ്പിക്കുന്നതിന് ഇന്റർനെറ്റ് പ്രോട്ടോക്കോൾ സ്യൂട്ട് ഉപയോഗിക്കുന്നപരസ്പരബന്ധിതമായകമ്പ്യൂട്ടർനെറ്റ്വർക്കുകളുടെ ആഗോള സംവിധാനമാണ് ഇന്റർനെറ്റ്. വാർത്താരൂപീകരണം, ചിന്തകൾ, തൊഴിൽ സാദ്ധ്യത, മറ്റു വാർത്തകൾ എന്നിവ നേരിട്ട് പങ്കുവയ്ക്കാനുതകുന്ന ഒരു സാമൂഹ്യ മാദ്ധ്യമമാണിത്.


അച്ചടി മാധ്യമം:

വർത്തമാന പത്രങ്ങൾ: അച്ചടി മാധ്യമത്തിന് കീഴിലുള്ള ഏറ്റവും സാധാരണവും എന്നാൽ ശക്തവുമായ ആശയവിനിമയ മാർഗമാണ് പത്രങ്ങൾ. പ്രാദേശിക, ദേശീയ, അന്തർദേശീയ സംഭവങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്ന നിരവധി പത്രങ്ങൾ ഇന്ത്യയിലുണ്ട്.

കൃത്രിമോപഗ്രഹ വാർത്താ വിനിമയം

കൃത്രിമ ഉപഗ്രഹങ്ങൾ ഉപയോഗിച്ച് വിശാലമായ ഒരു പ്രദേശത്തിന്റെ സംക്ഷിപ്തമായ ദൃശ്യം നിരന്തരമായി ലഭിക്കുന്നതിലൂടെ വാർത്തകൾ സംപ്രേഷണംചെയ്യാൻ സാധിക്കുന്നു. ഈ സംവിധാനം രാജ്യത്തിന്റെ വാർത്താവിനിമയ രംഗത്ത് നിർണായകമായ പങ്കു വഹിക്കുന്നു. കാലാവസ്ഥാ പ്രവചനം, പ്രകൃതിദുരന്തങ്ങളുടെ നിരീക്ഷണം, അതിർത്തി പ്രദേശങ്ങളുടെ നിരീക്ഷണം തുടങ്ങിയവയ്ക്കായി സാറ്റലൈറ്റ് ചിത്രങ്ങൾ ഉപയോഗിക്കുന്നു. 1969-ൽ ഇന്ത്യൻ ബഹിരാകാശഗവേഷണസംഘടന(ISRO)സ്ഥാപിതമായതിനുശേഷം ഉപഗ്രഹങ്ങളിലൂടെയുള്ള ആശയവിനിമയം നമ്മുടെ രാജ്യത്തിലെ വാർത്താവിനിമയ സംപ്രേക്ഷണത്തിലെ ഒരു പുതിയ യുഗമായി ഉയർന്നു.

കൃത്രിമ ഉപഗ്രഹ ശൃംഗല



PSTN = Public Switched Telephone Network

ഇന്ത്യയിലെ കൃത്രിമോപഗ്രഹ സംവിധാനത്തെ രണ്ടായി തിരിക്കാം

1) ഇന്ത്യൻ നാഷണൽ സാറ്റലൈറ്റ് സിസ്റ്റം (INSAT)

2) ഇന്ത്യൻ റിമോട്ട് സെൻസിങ് സാറ്റലൈറ്റ് സിസ്റ്റം (IRS)

1983ൽ സ്ഥാപിതമായ ഇൻസാറ്റ് വിദൂര വാർത്താവിനിമയം, കാലാവസ്ഥാനിരീക്ഷണം, മറ്റനവധി പദ്ധതികൾ എന്നിവയ്ക്കുള്ള ഒരു വിവിധോദ്ദേശ്യ സംവിധാനമാണ്. ടെലിവിഷൻ, ടെലിഫോൺ, റേഡിയോ, മൊബൈൽ ഫോൺ എന്നിവയിലേക്ക് സിഗ്നലുകൾ പുനഃസംപ്രേക്ഷണം ചെയ്യുന്നതിന് ഇൻസാറ്റ് സീരീസ് ഉപയോഗിക്കുന്നു. കാലാവസ്ഥ നിരീക്ഷണം, ഇന്റർനെറ്റ്, സൈനിക ആവശ്യങ്ങൾ എന്നിവയിലും ഇത് ഉപയോഗപ്രദമാണ്.

വാർത്താവിനിമയത്തിനായി ഉപയോഗിക്കുന്ന പ്രധാന ആശയവിനിമയ ഉപഗ്രഹങ്ങളാണ് ഇൻസാറ്റ് സീരീസ്, ജിസാറ്റ് സീരീസ്, കൽപ്പന 1, ഹംസാറ്റ്, എഡ്യൂസാറ്റ് എന്നിവ. ജിസാറ്റ്–7എ (ഡിസംബർ 19, 2018) വാർത്താവിനിമയത്തിനായി സമീപ കാലത്ത് അയച്ച കൃത്രിമ ഉപഗ്രഹമാണ്. 1983 ഓഗസ്റ്റ് 30-ന് വിക്ഷേപിച്ച ഇൻസാറ്റ്–1 ബി ഇൻസാറ്റ് സീരീസിലെ ആദ്യത്തെ വാർത്താവിനിമയ ഉപഗ്രഹമാണ്.

5.6 വാണിജ്യം

ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ച തീരുമാനിക്കുന്ന ഒരു പ്രധാന പ്രതിഭാസമാണ് വാണിജ്യം. ചരക്കുകളും സേവനങ്ങളും ക്രയവിക്രയം (അല്ലെങ്കിൽ) കൈമാറ്റം ചെയ്യുന്ന പ്രക്രിയയാണ് വാണിജ്യം. പുരാതന കാലത്ത് നിലവുലുണ്ടായിരുന്ന കച്ചവടരീതി ബാർട്ടർ സമ്പ്രദായം എന്നറിയപ്പെട്ടു. അതിൽ സാധനങ്ങൾക്കു പകരം സാധനങ്ങൾ കൈമാറ്റം ചെയ്തിരുന്നു. കാലക്രമേണ സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിന് ഒരു വിനിമയ മാധ്യമമായി പണം നിലവിൽ വന്നു.

X Std - Geography Malayalam Unit-5.indd 201 1/27/2023 10:07:22 AM

കയറ്റുമതിയുടെ മൂല്യത്തിനും ഇറക്കുമതിയുടെ മൂല്യത്തിനും തമ്മിലുള്ള വ്യത്യാസത്തെ വാണിജ്യ സംതുലനം എന്നു പറയുന്നു. കയറ്റുമതി ചെയ്യുന്ന സാധനങ്ങളുടെ മൂല്യം ഇറക്കുമതി ചെയ്യുന്ന സാധനങ്ങളുടെ മൂല്യത്തേക്കാൾ അധികമായാൽ അതിനെ അനുകൂല വാണിജ്യ സംതുലനം എന്നു പറയുന്നു, ഇത് വിപരീതമായാൽ അതിനെ പ്രതികൂല വാണിജ്യ സംതുലനം എന്നു പറയുന്നു.

വാണിജ്യത്തിന്റെ തരങ്ങൾ

പൊതുവായി വാണിജ്യം രണ്ടു വിധത്തിലുണ്ട്.

1) ആഭ്യന്തര വാണിജ്യം

2) അന്തർദ്ദേശീയ വാണിജ്യം

ഒരു രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ നടക്കുന്ന വാണിജ്യത്തെ ആഭ്യന്തരവാണിജ്യം എന്നു പറയുന്നു. ഇതിനെ ഗാർഹിക വാണിജ്യം അല്ലെങ്കിൽ പ്രാദേശിക വാണിജ്യം എന്നും പറയുന്നു. ആഭ്യന്തര വാണിജ്യത്തിൽ റോഡ് ഗതാഗതവും തീവണ്ടി ഗതാഗതവും പ്രധാന പങ്കുവഹിക്കുന്നു. ആഭ്യന്തര വ്യാപാരത്തിൽ പ്രാദേശിക കറൻസി ഉപയോഗിക്കുന്നു. രാജ്യത്ത് സന്തുലിതമായ പ്രാദേശിക വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് ഇത് സഹായിക്കുന്നു,

രണ്ടോ അതിലധികമോ രാജ്യങ്ങൾക്കിടയിൽ നടക്കുന്ന വാണിജ്യത്തെ അന്താരാഷ്ട്ര വാണിജ്യം എന്നു പറയുന്നു. ഇതിനെ ബാഹ്യ വ്യാപാരം അല്ലെങ്കിൽ വിദേശ വ്യാപാരം എന്നും വിളിക്കുന്നു. കയറ്റുമതിയും ഇറക്കുമതിയും അന്താരാഷ്ട്ര വാണിജ്യത്തിന്റെ രണ്ട് ഘടകങ്ങളാണ്. കയറ്റുമതി എന്നത് രാജ്യത്തിലെ ഉപരിയായിട്ടുള്ള സാധനങ്ങളെയും സേവനങ്ങളെയും വിദേശ നാണ്യങ്ങൾക്കായി വിദേശ രാജ്യങ്ങൾക്കു വിൽക്കുന്ന രീതിയാണ് ഇറക്കുമതി എന്നത് സാധനങ്ങളെയും സേവനങ്ങളും വിദേശ ഉൽപാദകരിൽ നിന്നും വാങ്ങുന്ന രീതിയാണ്. സമുദ്രഗതാഗതവും വ്യോമ ഗതാഗതവും വിദേശ വാണിജ്യത്തിൽ പ്രധാന പങ്കുവഹിക്കുന്നു. അന്താരാഷ്ട്ര വ്യാപാരത്തിൽ വിദേശ കറൻസി പ്രധാന പങ്കു വഹിക്കുന്നു. രണ്ട് രാജ്യങ്ങൾ തമ്മിലുള്ള വാണിജ്യത്തെ ദ്വിരാഷ്ട്ര വാണിജ്യം എന്നു പറയുന്നു. രണ്ടിലധികം രാജ്യങ്ങൾ തമ്മിലുള്ള വാണിജ്യത്തെ ബഹുരാഷ്ട്ര വാണിജ്യം എന്നു പറയുന്നു.

ചിന്തിക്കുക

ബഹുരാഷ്ട്ര വാണിജ്യത്തെ സുഗമമായി നടത്താൻ ഉപയോഗിക്കുന്ന വാണിജ്യ സംഘടനകൾ ഏതൊക്കെയാണെന്ന് കണ്ടെത്തുക.

കയറ്റുമതി

ഇൻഡ്യയിലെ പ്രധാന കയറ്റുമതി ഉല്പന്നങ്ങൾ തേയില, സമുദ്ര ഉല്പന്നങ്ങൾ, ധാതുക്കൾ, ഖനിജങ്ങൾ, തോലുല്പന്നങ്ങൾ, നവരത്ന കല്ലുകൾ, ആഭരണങ്ങൾ, കായികവസ്തുക്കൾ, രാസവസ്തുക്കൾ, റബ്ബറും പ്ലാസ്റ്റിക് വസ്തുക്കളും, കുമ്മായം, ശില്പങ്ങൾ, സിമന്റ്, ആസ്ബസ്റ്റോസ്, മൈക്ക, കണ്ണാടി ഉല്പന്നങ്ങൾ, കടലാസ്സ് ഉല്പന്നങ്ങൾ, ധാതുക്കൾ, മരുന്നുകൾ, ശസ്ത്രക്രിയ ഉപകരണങ്ങൾ, ഇലക്ട്രോണിക് ഉൽപന്നങ്ങൾ, യന്ത്രങ്ങൾ, കരകൗശല വസ്തുക്കൾ, തുണിത്തരങ്ങൾ, എന്നിവയാണ്.

ഇറക്കുമതി

പെട്രോളിയം ഉല്പന്നങ്ങൾ, മുത്തുകൾ, വിലയുയർന്ന രത്നങ്ങൾ, സ്വർണ്ണാഭരണങ്ങൾ, വാർത്താവിനിമയ ഉപകരണങ്ങൾ എന്നിവ ഇറക്കു മതി ചെയ്യുന്ന വസ്തുക്കളാണ്.

പ്രവർത്തനം

ഇന്ത്യയുമായി വാണിജ്യബന്ധത്തിലേർപ്പെടുന്ന രാജ്യങ്ങളുടെ പേരുകൾ കണ്ടെത്തി പട്ടിക തയാറാക്കുക.

സംഗ്രഹം

- ഒരു പ്രത്യേക കാലത്തിൽ ഒരു രാജ്യത്തിൽ വസിക്കുന്ന ജനങ്ങളുടെ ആകെ എണ്ണത്തെ ജനസംഖ്യ എന്നും പറയുന്നു.
- ജനനനിരക്ക്, മരണനിരക്ക്, കുടിയേറ്റങ്ങൾ എന്നിവയാണ് ജനസംഖ്യ വളർച്ചയെ നിർ ണ്ണയിക്കുന്ന ഘടകങ്ങൾ.
- ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്ക് ജനങ്ങൾ കുടിയേറി പാർക്കുന്നതിനെ നഗര വത്ക്കരണം എന്നു പറയുന്നു.
- വാർത്താവിനിമയത്തെ വ്യക്തിഗത വാർത്താവിനിമയം എന്നും ബഹുജനവാർത്താവിനിമയം എന്നും രണ്ടായി തരം തിരിച്ചിരിക്കുന്നു.
- വാണിജ്യം എന്നത് സാധനങ്ങളുടെയും സേവനങ്ങളുടെയും കൈമാറ്റമാണ്. ഇതിന്റെ രണ്ടു വകഭേദങ്ങൾ ആഭ്യന്തരവാണിജ്യവും, അന്താഷ്ട്ര വാണിജ്യവുമാണ്. അന്താഷ്ട്ര വിദേശവാണിജ്യത്തിന്റെ രണ്ടു പ്രധാന ഘടകങ്ങളാണ് കയറ്റുമതിയും ഇറക്കുമതിയും.

X Std - Geography Malayalam Unit-5.indd 202 1/27/2023 10:07:22 AM

അഭ്യാസം

I. ശരി ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. വിവിധ ജനസംഖ്യാഘടകങ്ങളെ കുറിച്ചുള്ള ശാസ്ത്രീയമായ പഠനം
   a) ശബ്ദചിത്ര പഠനം
   b) ഡെമോഗ്രഫി
   c) നൃത്തകലാപഠനം
   d) ജനസാന്ദ്രത.

P1XQ7

2. _____ഗതാഗതം വീടുതോറുമുള്ള സേവനങ്ങൾ നൽകുന്നു.
   a) റയിൽവേ b) വ്യോമമാർഗ്ഗം
   c) റോഡുകൾ d) ജലമാർഗ്ഗം
3. ഇൻഡ്യയിലെ സുവർണ്ണ നാലുവരി പാതയുടെ നീളം
   a) 5846 കി.മീ. b) 5847 കി.മീ.
   c) 5849 കി.മീ. d) 5800 കി.മീ.
4. ദേശീയ വിദൂര സംവേദന കേന്ദ്രത്തിന്റെ ആസ്ഥാനം _____.
   a) ബാംഗ്ലൂർ b) ചെന്നൈ
   c) ന്യൂഡൽഹി d) ഹൈദ്രാബാദ്
5. ദുർഘടമായ ഭൂപ്രകൃതിയുള്ള പ്രദേശങ്ങളിലൂടെ പോകാൻ ഉപയോഗപ്രദമായ ഗതാഗത മാർഗ്ഗം
   a) റോഡുമാർഗ്ഗ ഗതാഗതം
   b) റയിൽ ഗതാഗതം
   c) വ്യോമ മാർഗ്ഗ ഗതാഗതം
   d) ജലമാർഗ്ഗ ഗതാഗതം
6. താഴെ പറയുന്നവയിൽ ഏതാണ് ഹെലികോപ്റ്ററുമായി ബന്ധമുള്ളത്?
   a) എയർ ഇന്ത്യ b) ഇന്ത്യൻ എയർലൈൻസ്
   c) വായുദൂത് d) പവൻ ഹാൻസ്
7. ഇന്ത്യയിലെ പ്രധാന ഇറക്കുമതി ഉല്പന്നം
   a) സിമന്റ് b) ആഭരണങ്ങൾ
   c) തേയില d) പൈട്രോളിയം

II. ചേരുംപടി ചേർക്കുക:

1.	അതിർത്തി റോഡ് സംഘടന	-	കൃത്രിമോപഗ്രഹ വാർത്താവിനിമയം
2.	INSAT (ഇൻസാറ്റ്)	-	നഗരവൽക്കരണത്തിന്റെ ഫലം
3.	മാസാഗോൺ കപ്പൽ നിർമ്മാണശാല	-	1955
4.	നഗര വികസനം	-	മുംബൈ
5.	NHAI	-	1960
		-	ഹൈദ്രാബാദ്

III. ചെറുകുറിപ്പെഴുതുക:

1. കുടിയേറ്റം എന്നാൽ എന്ത്? അതിന്റെ തരങ്ങൾ ഏവ.
2. റയിൽ ഗതാഗതത്തിന്റെ ഗുണങ്ങളിൽ നാലെണ്ണം എഴുതുക.
3. ഇൻഡ്യയിലെ കുഴൽ ഗതാഗതത്തെ കുറിച്ചെഴുതുക?
4. ഇൻഡ്യയിലെ പ്രധാനപ്പെട്ട ഉൾനാടൻ ജല ഗതാഗതമാർഗ്ഗങ്ങളെ കുറിച്ചെഴുതുക?
5. വാർത്താവിനിമയം എന്നാൽ എന്ത്? അതിന്റെ തരങ്ങൾ ഏവ?
6. അന്താരാഷ്ട്ര വാണിജ്യം കുറിപ്പെഴുതുക?
7. റോഡുഗതാഗതത്തിന്റെ നന്മകൾ എഴുതുക?

IV. വേർതിരിച്ചെഴുതുക:

1. വ്യക്തിഗതവാർത്താവിനിമയവും ബഹുജന വാർത്താവിനിമയവും.
2. അച്ചടി മാധ്യമങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും.
3. റോഡു മാർഗ്ഗവും റയിൽ മാർഗ്ഗവും.
4. ജലമാർഗ്ഗ ഗതാഗതം, വ്യോമമാർഗ്ഗ ഗതാഗതം.
5. ആഭ്യന്തര വാണിജ്യവും അന്തർദ്ദേശീയ വാണിജ്യവും.

V. വിവരിച്ച് ഉത്തരമെഴുതുക:

1. നഗരവത്കരണം എന്നാലെന്ത്? നഗരവൽക്കരണത്തിന്റെ ഫലങ്ങൾ വിശദീകരിക്കുക.
2. ഇൻഡ്യയിലുള്ള കൃത്രിമോപഗ്രഹ വാർത്താവിനിമയത്തിന്റെ പ്രാധാന്യം വിവരിക്കുക.
3. ഇന്ത്യയിലെ റോഡു ഗതാഗതത്തെ തരം തിരിച്ച് വിവരിക്കുക?

VI. താഴെ കൊടുത്തിട്ടുള്ളവയെ ഇന്ത്യാ ഭൂപടത്തിൽ അടയാളപ്പെടുത്തുക:

1. ദേശീയ പാത NH-7.
2. ഇൻഡ്യയിലെ പ്രധാനപ്പെട്ട തുറമുഖങ്ങൾ.
3. ഇൻഡ്യയിലെ പ്രധാനപ്പെട്ട അന്താരാഷ്ട്ര വിമാനത്താവളങ്ങൾ.
4. ഇൻഡ്യയിലെ ജനസാന്ദ്രത കൂടിയ സംസ്ഥാനങ്ങൾ.
5. ഇൻഡ്യയിലെ ഉയർന്ന സാക്ഷരതയുള്ള സംസ്ഥാനങ്ങൾ.
6. ഇൻഡ്യയിലെ റയിൽവേ മേഖലകൾ.

REFERENCE BOOKS

1. D.R.Khullar (2014) India, A comprehensive Geography.
2. Surender Singh and Jitender Saroha (2014) Geography of India, New Delhi: Access publishing
3. Census of India (2011) Provisional Population Totals, “Urban Agglomerations and Cities”.

INTERNET RESOURCES

1. www.Commerce,gov.in
2. www.konkan Railway.com
3. www.Community.data.gov.in

X Std - Geography Malayalam Unit-5.indd 203 1/27/2023 10:07:22 AM

യൂണിറ്റ് 6

തമിഴ്നാടിന്റെ ഭൗതിക ഭൂമിശാസ്ത്രം



പഠന ലക്ഷ്യങ്ങൾ

പഠനലക്ഷ്യങ്ങൾ:

- സംസ്ഥാന രൂപീകരണത്തിന്റെ ചരിത്രം മനസിലാക്കുക.
- സംസ്ഥാനത്തിലെ പ്രധാന പ്രകൃതിഘടനാവിഭാഗങ്ങളെപ്പറ്റി മനസ്സിലാക്കുക.
- കാലാവസ്ഥ, മണ്ണ്, പ്രകൃതി സസ്യങ്ങൾ എന്നിവയെപ്പറ്റി മനസിലാക്കുക.
- വിദ്യാർഥികളുടെ താമസസ്ഥലത്തിനടുത്തുള്ള പ്രാദേശിക ഭൂമിശാസ്ത്രഘടന പരിചയപ്പെടുത്തുക.
- പ്രധാന പ്രകൃതി ദുരന്തങ്ങളെപ്പറ്റിയും, തമിഴ്നാട്ടിൽ അതിന്റെ സംഭവ്യതയെപ്പറ്റിയും അറിയുക.

VPQAN

ആമുഖം


ആഗോള പൗരനാകാനുള്ള ആദ്യ പടിയാണ് സ്വന്ത പ്രദേശത്തെക്കുറിച്ചുള്ള പഠനം. നമ്മുടെ ചുറ്റുപാടുകളിലുള്ള ജീവിതത്തെക്കുറിച്ച് പഠിക്കുന്നതിനാണ് പ്രാദേശിക ഭൂമിശാസ്ത്രം പഠിക്കുന്നത്. കഴിഞ്ഞ അഞ്ച് പാഠങ്ങളിൽ വിവിധ ഭൂമിശാസ്ത്ര സവിശേഷതകളെക്കുറിച്ച് പഠിച്ചു. അതിന്റെ പിൻതുടർച്ചയായി തമിഴ്നാടിന്റെ ഭൂമിശാസ്ത്രം ഈ പാഠങ്ങളിലൂടെ പഠിക്കാം. തമിഴ്നാട്ടിലെ പാദോത്പത്തി, രൂപീകരണചരിത്രം, ഇരിപ്പിടം, വലിപ്പം, പ്രകൃതിഘടന, നദികൾ, കാലാവസ്ഥ, മണ്ണ്, പ്രകൃതിസസ്യങ്ങൾ എന്നിവയെക്കുറിച്ച് ഈ പാഠത്തിൽ പഠിക്കാം.

അതിമനോഹരമായ പ്രകൃതിഘടനയും കാലാവസ്ഥയും നമ്മുടെ സംസ്ഥാനത്തെ ഇന്ത്യയിൽ അതുല്യ മാക്കുന്നു. വെയിലേൽക്കുന്ന നീളമുള്ള കടൽത്തീരങ്ങൾ, വെള്ളച്ചാട്ടങ്ങൾ, കുന്നുകൾ, വനങ്ങൾ, സസ്യജന്തു ജാലങ്ങൾ എന്നിവയെല്ലാം ഇതിനുണ്ട്.

നിങ്ങൾക്ക് അറിയാമോ?

1956-ലെ സംസ്ഥാന പുനഃസംഘടനയിൽ സംസ്ഥാന അതിർത്തികൾ നിശ്ചയിച്ചത് ഭാഷാഅടിസ്ഥാനത്തിലാണ്.

ഇന്ത്യയിൽ തമിഴ്നാടിന്റെ സ്ഥാനം



- ഭാഷാ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ആദ്യ സംസ്ഥാനം ഏത്?
- തമിഴ്നാടിന്റെ തലസ്ഥാന നാമം മാറ്റാൻ കാരണമെന്ത്?

X Std - Geography Malayalam Unit-6.indd 204 1/27/2023 10:07:43 AM

6.1 ഇരിപ്പിടവും വലുപ്പവും

ഇന്ത്യയുടെ 28 സംസ്ഥാനങ്ങളിൽ ഒന്നായ തമിഴ്നാട് തെക്കൻ മുനമ്പിൽ സ്ഥിതിചെയ്യുന്നു. ഭൂമിയുടെ കിടപ്പ് $8^{o}4'$ നും $13^{o}35'$ അക്ഷാംശരേഖക്കും $76^{o}8'$ നും $80^{o}20'$ ദീർഘാംശരേഖക്കും ഇടയിലാണ്.

- കിഴക്ക് - പോയിന്റ് കാലിമെർ
- പടിഞ്ഞാറ് - ആനമല കുന്നുകൾ
- വടക്ക് - പുലിക്കാട്ട് തടാകം
- തെക്ക് - കന്യാകുമാരി

1,30,058 ചതുരശ്ര കി മീ വിസ്തൃതിയുള്ള ഇതിന്റെ സ്ഥാനം ഇന്ത്യയിൽ 11-ാമതാണ്. രാജ്യത്തിന്റെ 4% മാണ് ഇതിന്റെ വിസ്തീർണം.

അതിർത്തികളും അയൽ സംസ്ഥാനങ്ങളും

കിഴക്കണ്ട് ബംഗാൾ ഉൾക്കടലും, പടിഞ്ഞാറ് കേരളവും വടക്ക് ആന്ധ്രപ്രദേശും, വടക്ക് പടിഞ്ഞാറ് കർണ്ണാടകവും, തെക്ക് ഇന്ത്യൻ മഹാസമുദ്രവുമാണ് തമിഴ്നാടിന്റെ അതിർത്തികൾ. മന്നാർ ഉൾക്കടലും, പാക്ക് ജലസന്ധിയും തമിഴ്നാടിനെ ശ്രീലങ്കയിൽനിന്നും വേർതിരിക്കുന്നു. ഇത് തെക്കുകിഴക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്നു. 1076 കി.മീ. കടൽത്തീരമുള്ള ഇതിന്റെ നീളം ഇന്ത്യയിൽ ഗുജറാത്തിനും, ആന്ധ്രപ്രദേശിനുമടത്ത് മൂന്നാം സ്ഥാനമാണുള്ളത്.

ഭരണവിഭാഗങ്ങൾ

തമിഴ്നാടിന്റെ രൂപീകരണസമയത്ത് 13 ജില്ലകൾ മാത്രമാണ് ഉണ്ടായിരുന്നതെന്ന് കഴിഞ്ഞ പാഠത്തിൽ പഠിച്ചുവല്ലോ? അതിനുശേഷം ഭരണസൗകര്യത്തിനായി പല പ്രാവശ്യം സംസ്ഥാനത്തെ പുനഃസംഘടിപ്പിച്ചു.

പ്രവർത്തനം

- തമിഴ്നാടിന്റെ തീരദേശജില്ലകൾ ഭൂപടത്തിന്റെ സഹായത്തോടെ കണ്ടുപിടിക്കുക.
- ആന്ധ്രപ്രദേശ്, കർണ്ണാടകം, കേരളം, എന്നിവയുമായി അതിർത്തി പങ്കിടുന്ന തമിഴ്നാട് ജില്ലകൾ കണ്ടുപിടിക്കുക.

കണ്ടുപിടിച്ചെഴുതുക

വിഭാഗങ്ങൾ	എണ്ണം
ജില്ലകൾ	
റവന്യൂവിഭാഗങ്ങൾ	
താലൂക്കുകൾ	
ഫർക്കകൾ	
റവന്യൂവില്ലേജ്	
മുൻസിപ്പൽ കോർപ്പറേഷൻ	
നഗരസഭ (മുൻസിപ്പാലിറ്റി)	
പഞ്ചായത്ത് യൂണിയൻ	
ടൗൺ പഞ്ചായത്ത്	
വില്ലേജ് പഞ്ചായത്ത്	
ലോകസഭാ മണ്ഡലങ്ങൾ	
നിയമസഭാ മണ്ഡലങ്ങൾ	

പ്രകൃതിഘടനാ വിഭാഗങ്ങൾ

തമിഴ്നാടിന്റെ പ്രകൃതിഘടനയെക്കുറിച്ചും അതിന്റെ സവിശേഷതകളെക്കുറിച്ചും ഈ പാഠത്തിൽ പഠിക്കാം.

ഉപദ്വീപിയ പീഠഭൂമിയായ ഡക്കാൻ പീഠഭൂമിയിലാണ് തമിഴ്നാട് സ്ഥിതിചെയ്യുന്നത്. 135 ദശലക്ഷം വർഷങ്ങൾക്കുമുമ്പ് ഉണ്ടായിരുന്ന ഗോണ്ട്വാന ഭൂഭാഗത്തുനിന്നും ക്രേറ്റാഷിയസ് (cretaceous) കാലഘട്ടത്തിൽ വേർപെട്ട ഭൂഭാഗത്തിന്റെ ഒരു ഭാഗമാണ് തമിഴ്നാടെന്ന് കരുതിവരുന്നു. തമിഴ്നാട്ടിനെ പശ്ചിമഘട്ടം, പൂർവ്വഘട്ടം,പീഠഭൂമി,കടൽ,തീരസമതലം,ഉൾനാടൻ സമതലപ്രദേശം എന്നിങ്ങനെ തിരിച്ചിരിക്കുന്നു.

6.2 പശ്ചിമഘട്ടം

പശ്ചിമഘട്ടം വടക്ക് നീലഗിരിമലയിൽ നിന്നും തെക്ക് കന്യാകുമാരിയിലെ സ്വാമിത്തോപ്പിലുള്ള മരുന്തുവാഴ് മലവരെ വ്യാപിച്ചു കിടക്കുന്നു. പശ്ചിമഘട്ടത്തിന്റെ ഉയരം 2000 മുതൽ 3000 മീറ്റർ വരെയാണ്. 2500 ചതുരശ്ര കിലോമീറ്ററാണ് ഇതിന്റെ വിസ്തീർണം. ഇത് തുടച്ചയായുള്ള മലനിരകളാണെങ്കിലും ഇടയിൽ ചില മലമ്പാതകളും കാണപ്പെടുന്നുണ്ട്. പാൽഘാട്ട്, ചെങ്കോട്ട, ആരൽവായ്മൊഴി, അച്ചൻകോവിൽ എന്നീ മലമ്പാതകളാണവ. നീലഗിരി, ആനമല, പഴനിമല, ഏലമല, വർഷനാട്, ആണ്ടിപ്പട്ടി, അഗസ്ത്യമല എന്നിവ പശ്ചിമഘട്ടത്തിലെ മലകളാണ്.

X Std - Geography Malayalam Unit-6.indd 205 1/27/2023 10:07:43 AM

തമിഴ്നാട് രാഷ്ട്രീയ ഭൂപടം



നിങ്ങൾക്കറിയാമോ?

ചെന്നൈ, നീലഗിരി, കന്യാകുമാരി എന്നീ ജില്ലകളൊഴികെ ബാക്കി ജില്ലകളെല്ലാം വിവിധ സമയങ്ങളിൽ പുന:സംഘടിപ്പച്ചവയാണ്

- നിങ്ങളുടെ വിദ്യാലയം ഏത് അക്ഷാംശരേഖക്കും ദീർഘാംശരേഖക്കും ഇടയിലാണുള്ളത്?

X Std - Geography Malayalam Unit-6.indd 206 1/27/2023 10:07:44 AM

നീലഗിരിമല

നീലഗിരിമല സ്ഥിതിചെയ്യുന്നത് തമിഴ്നാടിന്റെ വടക്ക് പടിഞ്ഞാറ് ഭാഗത്താണ്. 24 ശിഖരങ്ങൾ (കൊടുമുടികൾ) അടങ്ങിയ ഇതിൽ 2000 മീറ്ററിലധികം ഉയരമുള്ള കൊടുമുടികളും ഉണ്ട്. 2637 മീറ്റർ നീളമുള്ള ദൊഡ്ഡബെഡ ഏറ്റവും ഉയരം കൂടിയ കൊടുമുടിയാണ്. ഇതുകഴിഞ്ഞാൽ 2554 മീറ്റർ നീളമുള്ള മുക്കൂർത്തിയാണ് ഉയരം കൂടുതലുള്ള കൊടുമുടി. പ്രധാനമലമ്പ്രദേശനഗരങ്ങളായ ഊട്ടി, കുന്നൂർ എന്നിവ ഇവിടെ സ്ഥിതിചെയ്യുന്നു. 2700 തരത്തിലുള്ള പുഷ്പ്പിക്കുന്ന ചെടികളും, സംസ്ഥാന മൃഗമായ നീലഗിരി താറും ഇവിടെയാണ് കാണപ്പെടുന്നത്.




ദൊഡ്ഡബെഡ

ആനമല

തമിഴ്നാട് കേരള അതിർത്തിയിലാണ് ആനമല സ്ഥിതിചെയ്യുന്നത്. പാലക്കാട് ചുരത്തിന്റെ തെക്ക്ഭാഗത്താണ് ഇത് സ്ഥിതിചെയ്യുന്നത്. ആനമല കടുവാസംരക്ഷണകേന്ദ്രം, ആളിയാർ സംരക്ഷിത വനപ്രദേശം, വാൾപ്പാറ വിനോദസഞ്ചാരകേന്ദ്രം (Hill Station) കടമ്പാറ ജലവൈദ്യുതിശക്തി ഉല്പാദനകേന്ദ്രം എന്നിവ സ്ഥിതിചെയ്യുന്നത് ഈ പർവ്വതനിരയിലാണ്. ആളിയാർ, തിരുമൂർത്തി ഡാമുകൾ ഈ പർവ്വതനിരയുടെ താഴ്വരയിലാണ് സ്ഥിതിചെയ്യുന്നത്.

പഴനിമല

പഴനിമല പശ്ചിമഘട്ടത്തിന്റെ കിഴക്കൻ വ്യാപനമാണ്. ഈ കുന്നിന്റെ പടിഞ്ഞാറുഭാഗമൊഴികെ സ്ഥിതിചെയ്യുന്നത് ദിണ്ടിഗൽ ജില്ലയിലാണ്. വന്ദരവു (2533 മീറ്റർ) ആണ് പഴനിമലയിലെഉയർന്നകൊടുമുടി. വെമ്പാടി ഷോല (2505 മീറ്റർ) യാണ് രണ്ടാമത്തെ ഉയരം കൂടിയ കൊടുമുടി. സുഖവാസകേന്ദ്രമായ കൊടൈക്കനാൽ (2,150മീറ്റർ) സ്ഥിതി ചെയ്യുന്നത് ഈ നിരയുടെ തെക്ക്മദ്ധ്യഭാഗത്താണ്.



പഴനിമല

പശ്ചിമഘട്ടത്തിലെ കൊടുമുടികൾ	ഉയരം (മീ.)
ദൊഡ്ഡബെഡ	2,637
മുക്കുരുത്തി	2,554
പെരുമാൾമലൈ	2,234
വണ്ടരാവു	2,533
കോട്ടമലൈ	2,019
പാഗാസുര	1,918

ഏലമല

ഇത് ഏലമല എന്നും അറിയപ്പെടുന്നു. തമിഴ്നാടിന്റെ തെക്കുപടിഞ്ഞാറൻ ഭാഗത്തായിട്ടാണ് ഇത് സ്ഥിതിചെയ്യുന്നത്. ഇവിടെ സാധരണയായി വർളർന്നുവരുന്ന സുഗന്ധ വിളയായ ഏലത്തിന്റ പേരിലാണ് ഇത് അറിയപ്പെടുന്നത്. കുരുമുളകും, കാപ്പിയുംഈകുന്നിന്മുകളിൽകൃഷിചെയ്യുന്നു. വടക്ക് പടിഞ്ഞാറ് ആനമലയും വടക്ക്കിഴക്ക് പഴനിമലയും തെക്കുകിഴക്ക് വർഷനാടും ആണ്ടിപ്പട്ടിമലയും ഒത്തുചേരുന്നു.

വർഷനാട്, ആണ്ടിപ്പട്ടി മലകൾ

പശ്ചിമഘട്ടത്തിന്റെ കിഴക്കൻ വ്യാപതമാണ് വർഷനാടും ആണ്ടിപ്പട്ടിമലയും. മേഘമല (ഹൈവേമല), കഴുകുമല, കുരങ്ങണിമല വിനോദ സഞ്ചാര കേന്ദ്രം, സുരുളി, കുമ്പകരൈ വെള്ളച്ചാട്ടം എന്നിവ ഈ മലനിരകളിലാണുള്ളത്. ശ്രീ വിലിപ്പട്ടത്തൂർ ചാരനിറ അണ്ണാൻ വന്യജീവി സംരക്ഷണകേന്ദ്രംസ്ഥിതിചെയ്യുന്നത്ഈമലയുടെ തെക്കൻ ചെരിവായ വിരുദുനഗർ ജില്ലയിലാണ്. വൈഗൈനദിയും ഇതിന്റെ പോഷകനദികളും ഉത്ഭവിക്കുന്നതും ഇവിടെ നിന്നാണ്.

പൊതിഗൈ മലകൾ

ഇതിന്റെ ഭൂരിഭാഗവും തെങ്കാശി ജില്ലയിലും തെക്കൻ ചെരിവ് കന്യാകുമാരി ജില്ലയിലുമാണ് സ്ഥിതിചെയ്യുന്നത്. പൊതിഗൈമല മറ്റു പലപേരുകളിലുംഅറിയപ്പെടുന്നു. ശിവജ്ഞോതിപർവ്വതം, അഗസ്തിയർമല, തെക്കൻ കൈലാസം എന്നിവയാണവ. പശ്ചിമഘട്ടത്തിലെ ജൈവ വൈവിധ്യസമ്പന്നമായ മേഖലയാണിത്. നിത്യഹരിതസസ്യങ്ങൾ, വെള്ളച്ചാട്ടം, പുരാതനക്ഷേത്രങ്ങൾ എന്നിവ ഈ പ്രദേശത്ത് കാണപ്പെടുന്നു. കളക്കാട്, മുന്തുറൈ കടുവാ സംരക്ഷണ കേന്ദ്രം സ്ഥിതി ചെയ്യുന്നതും ഈ പ്രദേശത്താണ്.

മഹേന്ദ്രഗിരി മലകൾ

കന്യാകുമാരി, തിരുനെൽവേലി ജില്ലകളുടെ അതിർത്തി പ്രദേശത്ത് കാണപ്പെടുന്ന തുടർച്ചയായനിരകളായ ഇത് പശ്ചിമഘട്ടത്തിന്റെ തെക്കൻ നിരയാണ്. ഇതിന്റെ ഏകദേശ ഉയരം 1645 മീറ്ററാണ്.

X Std - Geography Malayalam Unit-6.indd 207 1/27/2023 10:07:44 AM

6.3 പൂർവ്വഘട്ടം

പശ്ചിമഘട്ടംപോലെയല്ലാതെ പൂർവ്വഘട്ടം ഇടവിട്ടും ക്രമമില്ലാതെയും കാണപ്പെടുന്നു. ഇത് പല സ്ഥലങ്ങളിലും നദികളാൽ വിഭജിച്ച് കാണപ്പെടുന്നു. ഇതിന്റെ ഉയരം 1100 മുതൽ 1600 മീറ്റർ വരെയാണ്. ഈ മലകൾ സമതലങ്ങളെ പീഠഭൂമിയിൽ നിന്നും വേർതിരിക്കുന്നു. ജവാദ്, ഷെർവരായൻ, കൽവരായൻ, കൊല്ലിമല, പച്ചമല എന്നിവ തമിഴ്നാട്ടിൽ സ്ഥിതിചെയ്യുന്ന പൂർവ്വഘട്ടത്തിലെ മലകളാണ്. ഇവയെല്ലാം സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിലാണ് സ്ഥിതിചെയ്യുന്നത്.

ജവ്വാദ് മലകൾ

വെല്ലൂർ, തിരുവണ്ണാമല ജില്ലകളിൽ വ്യാപിച്ചു കിടക്കുന്ന പൂർവ്വഘട്ടത്തിന്റെ ഭാഗമാണ് ജവ്വാദ് മലകൾ. ഇരു ജില്ലകളേയും വേർതിരിക്കുന്നതും ജവ്വാദ് മലയാണ്. ഈ മലനിരകളിലെ ശിഖരങ്ങളുടെ ഉയരം 1100 മുതൽ 1150 മീ. മീറ്റർ വരെയാണ്. 'മേൽപ്പത്തു' ആണ് ഉയരംകൂടിയ ശിഖരം. ഈ നിരകളുടെ ചില ഭാഗങ്ങൾ ചാരനീല നിറത്തിലുള്ള ഗ്രാനൈറ്റ് പാറകളെക്കൊണ്ടുള്ളതാണ്. പഴംനിറഞ്ഞ ചെടികളും, ഔഷധ സസ്യങ്ങളും ചന്ദനമരങ്ങളും ഇവിടെ കാണപ്പെടുന്നു. നിയമ വിരുദ്ധമായ മരം മുറിക്കൽമൂലം ചന്ദനമരങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

കാൽവരായൻ മലകൾ

കാൽവരായൻ എന്ന പേര് വന്നത് 'കരളർ' എന്ന ആദിവാസിവിഭാഗത്തിന്റെ പഴയപേരിൽ നിന്നാണ്. തമിഴ്നാട്ടിലെ പൂർവ്വഘട്ടത്തിലെ ഒരു പ്രധാന മലയാണിത്. ഈ മലയോടൊപ്പം പച്ചമല, ആരൽവായ്മല, ജവാദ് മല, ഷെർവരായൻ മല എന്നിവ കാവേരി, പാലാർ നദീതടങ്ങളെ വേർതിരിക്കുന്നു. ഇതിന്റെ ഉയരം 600 മുതൽ 1220 മീറ്ററാണ്.

ഷെർവരായൻ മലകൾ

ഈ മലകൾ സേലം പട്ടണത്തിനടുത്ത് സ്ഥിതി ചെയ്യുന്നു. ഇതിന്റെ ഉയരം 1200 മുതൽ 1620 മീറ്റർവരെയാണ്. ഈ പേര് വരാനുള്ള കാരണം പ്രാദേശിക ദൈവമായ സെർവരായന്റെ പേരാണ്. പൂർവ്വഘട്ടത്തിന്റെ തെക്കൻ ഭാഗത്തുള്ള ഏറ്റവും ഉയർന്ന ശിഖിരം സ്ഥിതിചെയ്യുന്നത് ഈ നിരകളിലാണ്. ഇതിന്റെ ശിഖരമായ സോലൈക്കരടിന്റെ ഉയരം 1620 മീറ്ററാണ്. 'പാവങ്ങളുടെ ഊട്ടി' എന്നറിയപ്പെടുന്ന 'യേർക്കാട്' സ്ഥിതിചെയ്യുന്നതും ഈ നിരകളിലാണ്. ഷെർവരായൻ ക്ഷേത്രം ഏറ്റവും ഉയർന്ന പ്രദേശത്ത് (1623) സ്ഥിതിചെയ്യുന്നു.

തമിഴ്നാട്ടിലെ പ്രധാനമലകൾ

ജില്ലകൾ	മലകൾ
കോയമ്പത്തൂർ	മരുതമല, വെള്ളിയങ്കിരി, ആനമല
ധർമപുരി	തീർത്ഥമല, ചിത്തേരിമല, വാതമല
ദിണ്ടുഗൽ	പഴനിമല
ഈറോഡ്	ചെന്നിമല, ശിവൻ മല
തിരുപ്പത്തൂർ	ഏലഗിരിമല
തെങ്കാശി	പൊതികൈമല
വെല്ലൂർ	ജവ്വാദ്, രത്നമല കുന്നുകൾ
നാമക്കൽ	കൊല്ലിമല
സേലം	ഷെർവരായൻ, കഞ്ചാമല, ചോക്കുമല
വില്ലുപുരം	ജിഞ്ചിമല
പെരമ്പലൂർ	പച്ചമല
കന്യാകുമാരി	മരുത്തുവാഴ്മല
തിരുനെൽവേലി	മഹേന്ദ്രഗിരി
നീലഗിരി	നീലഗിരിമലകൾ
കള്ളക്കുറിച്ചി	കൽവരായൻമല

കൊല്ലിമല

ഈ ചെറിയ മലനിര നാമക്കൽ ജില്ലയിലാണ് സ്ഥിതിചെയ്യുന്നത്. 2800 ചതുരശ്ര കി. മീറ്റർ വിസ്തീർണ്ണത്തിൽ വ്യാപിച്ചുകാണപ്പെടുന്നു. ഇതിന്റെ ഉയരം 1300 മീറ്ററാണ്. ഈ മലനിര, തെക്കേ ഇന്ത്യയിലെ കിഴക്കൻ സമുദ്രതീര സമതലത്തിനു സമാന്തരമായിട്ടാണ് സ്ഥിതി ചെയ്യുന്നത്. പ്രധാന തീർത്ഥാടന കേന്ദ്രമായ അർപ്പലീശ്വരക്ഷേത്രം സ്ഥിതിചെയ്യുന്നത് ഇവിടെയാണ്.

പച്ചമല


പെരമ്പലൂർ, തിരുച്ചിറപ്പള്ളി സേലം ജില്ലകളിലായി വ്യാപിച്ചു കാണപ്പെടുന്ന ഉയരം കുറഞ്ഞ മലനിരകളാണിവ. തമിഴിൽ പച്ച എന്നതിന് പച്ചനിറം എന്നാണർത്ഥം. ഈ

പൂർവ്വഘട്ടത്തിലെ കൊടുമുടികൾ	ഉയരം (മീ.)
സോലയ്കരട്	1,620
പഴമലൈ	1,500
ഉർഗാമല	1,486
കുട്ടിരായൻ	1,395
മുഖനൂർ	1,279
വൽസമല	1,034

എന്തുകൊണ്ടാണ് പർവ്വതങ്ങളുടെ ഉയരം ഭൂനിരപ്പിൽനിന്നും അളക്കാതെ ശരാശരി സമുദ്രനിരപ്പിൽ നിന്നും അളക്കുന്നത്?

X Std - Geography Malayalam Unit-6.indd 208 1/27/2023 10:07:44 AM

തമിഴ്നാട് – ഭൂപ്രകൃതി



X Std - Geography Malayalam Unit-6.indd 209 1/27/2023 10:07:44 AM

പ്രദേശത്തുള്ള മറ്റ് മലകളിൽ കാണുന്നതിനേക്കാൾ പച്ചനിറത്തിലുള്ള പ്രകൃതി സസ്യങ്ങൾ ഇവിടെ നിറഞ്ഞുക്കാണപ്പെടുന്നതിനാലാണ് ഇതിനു പച്ചമല എന്ന പേരു വന്നത്. ഈ മലയിലെ പ്രസിദ്ധമായ കാർഷിക കാല ഉത്പന്നം ചക്കയാണ്.

6.4 പീഠഭൂമികൾ

പശ്ചിമഘട്ടത്തിനും, പൂർവ്വഘട്ടത്തിനും ഇടയിലാണ് തമിഴ്നാട്ടിലെ പീഠഭൂമികൾ സ്ഥിതിചെയ്യുന്നത്. ത്രികോണാകൃതിയിൽ കാണപ്പെടുന്ന ഇതിന്റെ വിസ്തൃതി 60000 ചതുരശ്ര കിലോമീറ്ററാണ്. കിഴക്കുനിന്നും പടിഞ്ഞാറോട്ട്പോകുന്തോറുംതമിഴ്നാടിന്റെവടക്ക് പടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്ന മൈസൂർ പീഠഭൂമിയുടെ ഭാഗമാണ് ബാരിമഹൽ പീഠഭൂമി. ഇതിന്റെ ഉയരം 350 മീറ്റർ മുതൽ 710 മീറ്റർ വരെയാണ്. ധർമ്മപുരി, കൃഷ്ണഗിരി ജില്ലകൾ സ്ഥിതിചെയ്യുന്നത് ഈ പ്രദേശത്താണ്.

നീലഗിരി, ധർമ്മപുരി ജില്ലകൾക്കിടയിലാണ് കോയമ്പത്തൂർ പീഠഭൂമി സ്ഥിതിചെയ്യുന്നത്. ഇതിന്റെ ഉയരം 150 മുതൽ 450 മീറ്റർ വരെയാണ്. ഈ പ്രദേശം സേലം, കോയമ്പത്തൂർ, ഈറോഡ് ജില്ലകളിലായി ഉൾപ്പെട്ടു കിടക്കുന്നു. മോയാർ നദി ഈപീഠഭൂമിയെ മൈസൂർ പീഠഭൂമിയിൽ നിന്നും വേർതിരിക്കുന്നു.

ഭവാനി, നെയ്യാർ, അമരാവതി എന്നീ നദികൾ ഉത്ഭവിക്കുന്നത് പശ്ചിമഘട്ടത്തിൽ നിന്നണ്. ഇവ ഈ പ്രദേശത്ത് താഴ്വരകൾക്ക് രൂപം നൽകുന്നു. മലകൾക്കിടയിലുള്ള ധാരാളം പീഠഭൂമികൾ നീലഗിരിയിൽ കാണപ്പെടുന്നു. സിഗർ പീഠഭൂമി ഇത്തരത്തിലുള്ള ഒരു പീഠഭൂമിയാണ്.

മധുരജില്ലയിൽ പശ്ചമഘട്ടത്തിന്റെ താഴ്വാരത്തിൽ ഈ പീഠഭൂഭി സ്ഥിതിചെയ്യുന്നു. വൈഗ, താമ്രപർണ്ണി നദികൾ ഇതിലൂടെ ഒഴുകുന്നു.

6.5 സമതലങ്ങൾ


തമിഴ്നാട്ടിലെ സമതലങ്ങളെ രണ്ടായി വിഭജിക്കാം.

1. ഉൾനാടൻ സമതലങ്ങൾ
2. തീരദേശസമതലങ്ങൾ

പാലാർ, പൊന്നയാർ, കാവേരി, താമ്രപർണി നദികൾ ഒഴുകുന്നത് ഉൾനാടൻ സമതലങ്ങളിലൂടെയാണ്. തമിഴ്നാട്ടിലെ പ്രധാന പ്പെട്ടതും ഫലസമ്പു ഷ്ടമായതുമായ സമതലമാണ് കാവേരി സമതലം. കാവേരി സമതലം സേലം, ഈറോഡ്, കരൂർ, തിരുച്ചിറപ്പള്ളി, പുതുക്കോട്ട, തഞ്ചാവൂർ, തിരുവള്ളൂർ, നാഗപ്പട്ടണം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്നു.

തമിഴ്നാടിന്റെ കടൽതീര സമതലത്തെ കൊറോമാണ്ടൽ അല്ലെങ്കിൽ ചോഴമണ്ഡലക്കര (ചോഴന്മാരുടെ സ്ഥലം) എന്നും വിളിക്കുന്നു. ഇത് ചെന്നൈ മുതൽ കന്യാകുമാരിവരെ വ്യാപി ച്ചുകിടക്കുന്നു. കിഴക്കോട്ടൊഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്ന നദികളാണ് ഈ സമതലത്തെ രൂപപ്പെടുത്തുന്നത്. ചില സ്ഥലങ്ങളിൽ ഇതിന് 80 കിലോമീറ്ററിലധികം വീതിയുണ്ട്. ഇത് ഉയർന്നുവന്ന സമതലങ്ങളാണെങ്കിലും ചില സ്ഥലങ്ങളിൽ വെള്ളത്തിൽ കടലിലേക്ക് മുങ്ങിയും കാണപ്പെടുന്നു. രാമനാഥപുരം, തൂത്തുക്കുടി ജില്ലകളിലൂടെ തീരപ്രദേശങ്ങളിൽ മണൽകുന്നുകൾ രൂപപ്പെട്ടിട്ടുണ്ട്. ഇതിനെ ടെറി എന്ന് വിളിക്കുന്നു. കിഴക്കൻ സമുദ്രതീരസമതലത്തിലുള്ള മന്നാർ ഉൾകടലിൽ പവിഴപ്പാറകൾ കാണപ്പെടുന്നു.

ബീച്ചുകൾ



മറീന ബീച്ച്

ബംഗാൾ ഉൾക്കടലിന് സമാന്തരമായി കാണപ്പെടുന്ന കൊറമാണ്ടൽ (ചോഴമണ്ഡലക്കര) തീരപ്രദേശത്ത് മനോഹരവും ആകർഷകവുമായ നിരവധി ബീച്ചുകൾ കാണപ്പെടുന്നു. സ്വർണ്ണമണൽ ബീച്ചുകൾ പനമരങ്ങളാലും കാഷ്യാറിനാ മരങ്ങളാലും ചിതറി കാണപ്പെടുന്നു. ചെന്നൈയിലെ മറീന, എലിയറ്റ് ബീച്ചുകളും, കന്യാകുമാരിയിലെ കോവളം, വെള്ളി ബീച്ചുകളും തമിഴ്നാട്ടിലെ പ്രശസ്തമായ ബീച്ചുകളുമാണ്.

6.6 നദികൾ

തമിഴ്നാട്ടിലെ നദികളാണ് ഇതിന്റെ ജീവൻ എന്നുപറയാം ഇവിടെ ധാരാളം ന ദികളുണ്ടെങ്കിലും കാവേരി, പാലാർ, പൊന്നയാർ, വൈഗൈ, താമ്രപർണി, നദികളാണ് എടുത്തുപ റയത്തക്കത്. തമിഴ്നാട്ടിലൂടെ ഒഴുകുന്ന ഭൂരിഭാഗം നദികളും പശ്ചിമഘട്ടത്തിൽ നിന്ന് ഉത്ഭവിച്ച് കിഴക്കോട്ട് ഒഴുകുകയും ബംഗാൾ ഉൾക്കടലിൽ പതിക്കുകയും ചെയ്യുന്നു. തമ്രപർണിയെഴികെ എല്ലാ നദികളും വറ്റുന്ന (non perennial) നദികളാണ്. തെക്കുപടിഞ്ഞാറൻ കാലവർഷ ക്കാറ്റിനാലും വടക്കുകിഴക്കൻ കാലവർഷകാറ്റിനാ ലും മഴലഭിക്കുന്നതിനാലാണ് തമ്രപർണി വറ്റാത്ത (perennial) നദിയായത്.

X Std - Geography Malayalam Unit-6.indd 210 1/27/2023 10:07:44 AM

കാവേരി

പശ്ചിമഘട്ടത്തിലെ കർണാടകയിലെ കുടക് ജില്ലയിലുള്ള ബ്രഹ്മഗിരി മലയിൽ കാണപ്പെടുന്ന തലക്കാവേരിയിൽ നിന്നാണ് കാവേരി നദി ഉത്ഭവിക്കുന്നത്. കാവേരി നദിയുടെനീളം 805 കി.മീ.ആണ്. ഇതിന്റെ 416 കി.മീ തമിഴ്നാട്ടിലാണ് ഒഴുകുന്നത്. ഈ നദി 64 കി.മീ. ദൂരം കർണാടകയിലൂടെയും, തമിഴ്നാടിന്റേയും അതിർത്തിയായി നിലകൊള്ളുന്നു. ധർമ്മപുരി ജില്ലയിലുള്ള ഹൊഗേന്നക്കൽ വെള്ളച്ചാട്ടവും ഈ നദിയിൽ രൂപംകൊണ്ടതാണ്. സേലം ജില്ലയിൽ കാവേരിനദിയുടെ കുറുകെ കെട്ടിയിട്ടുള്ളതാണ് സ്റ്റാൻലി റിസർവോയർ എന്ന മേട്ടൂർഡാം. കാവേരിയുടെ പോഷകനദിയായ ഭവാനി മേട്ടൂർ റിസർവോയറിൽ നിന്നും 45 കി.മീ. അകലെ വലതുഭാഗത്തായി കാവേരി നദിയോട് ചേരുന്നു. ഇതിന്ശേഷം കിഴക്കോട്ടൊഴുകി തമിഴ്നാട് സമതലങ്ങളിലേക്കൊഴുകുന്നു. ഇതിന്റെ മറ്റു രണ്ട് പോഷകനദികളായ നൊയ്യൽ, അമരാവതി എന്നിവ കരൂരിൽ നിന്നും 10 കി.മീ. അകലെ നദിയുടെ വലതു കരയിൽ തിരുമുക്കൂടൽ എന്ന സ്ഥലത്ത് സംഗമിക്കുന്നു. നദി വിശാലമായി ഒഴുകുന്ന ഈ സ്ഥലത്തെ അഗ്രഹാര കാവേരി എന്ന് വിളിക്കുന്നു.

തിരുച്ചിറപ്പള്ളി ജില്ലയിൽ ഈ നദി രണ്ടായി വിഭജിക്കപ്പെടുന്നു. വടക്കൻ വിഭാഗത്തെ കൊളകെൺ അല്ലെങ്കിൽ കൊള്ളിടം എന്നും പറയുന്നു. ബാക്കിഭാഗം കാവേരിയായി തന്നെ ഒഴുകുന്നു. ഇവിടെ നിന്നും കാവേരി ഡൽറ്റ പ്രദേശം ആരംഭിക്കുന്നു. 16 കി.മീ. ദൂരം ഒഴുകിയതിനു ശേഷം വീണ്ടും രണ്ട് ശാഖകളായി തിരിഞ്ഞ് ശ്രീരംഗം ദ്വീപ് രൂപീകരിക്കുന്നു. ഗ്രാൻഡ് അണക്കെട്ട് എന്നു വിളിക്കുന്ന കല്ലണ കെട്ടിയിരിക്കുന്നത് കാവേരിക്ക് കുറികെയാണ്. കല്ലണയ്ക്ക് ശേഷം ഈ നദി ധാരാളം ഉപനദികളായി (distributaries) പിരിഞ്ഞ് ഡൽറ്റാ ശൃംഖല രൂപീകരിക്കുന്നു. കാവേരി നദിതീരത്തുള്ള ഡൽറ്റാ ശൃംഖലയെ "തെക്കേ ഇന്ത്യയുടെ പൂന്തോട്ടം" (Garden of Southern India) എന്ന് വിളിക്കുന്നു. കടലൂരിന്റെ തെക്കുഭാഗത്ത് ഇത് ബംഗാൾ ഉൾക്കടലിൽ ചെന്നു ചേരുന്നു.

> **നിങ്ങൾക്ക് അറിയാമോ?**
>
> പാമ്പൻ, ഹരേ, ക്രുസഡൈ, നല്ലതണ്ണി ദ്വീപ്, പള്ളിവാസൽ, ശ്രീരംഗം, ഉപ്പുതണ്ണിദ്വീപസമൂഹം, കാട്ടുപള്ളി ദ്വീപ്, കയ്ബിൾ ദ്വീപ്, വിവേകാനന്ദാ സ്മാരകം എന്നിവ തമിഴ്നാട്ടിലെ പ്രധാന ദ്വീപുകളാണ്.

പാലാർ

കർണാടകയിലെ കോലാർ ജില്ലയിലുള്ള തലഗവര ഗ്രാമത്തിനപ്പുറത്തുനിന്നുമാണ് പാലാർ ഉത്ഭവിക്കുന്നത്. ഇത് ഒഴുകുന്ന പ്രദേശം 17871 ചതുരശ്ര കി.മീറ്ററാണ്. ഇതിൽ 57% തമിഴ്നാട്ടിലും ബാക്കിപ്രദേശം കർണാടകത്തിലും ആന്ധ്രപ്രദേശിലുമാണ്. പൊന്നൈ, ഗൗണ്ടിനിയ നദി, മലട്ടാർ, ചെയ്യാർ, കളിയാർ എന്നിവയാണ് ഇതിന്റെ പ്രധാനപോഷകനദികൾ. ഇതിന്റെ ആകെ നീളം 348 കി.മീ. ആണ്. ഇതിൽ 222 കി.മീ. ദൂരം തമിഴ്നാട്ടിലൂടെ ഒഴുകുന്നു. ഇത് വെല്ലൂർ, കഞ്ചീപുരം ജില്ലകളിലൂടെ ഒഴുകി കൂവത്തൂരിനടുത്തു നിന്ന് ബംഗാൾ ഉൾക്കടലിൽ പതിയുന്നു.

തെൻപെണ്ണയാർ/ തെൻപൊണ്ണയാർ

കിഴക്കൻ കർണാടകയിലെ നന്ദിദുർഗമലയുടെ കിഴക്കൻചരിവിൽ നിന്നാണ് ഇത് ഉത്ഭവിക്കുന്നത്. ഇത് ഒഴുകുന്ന പ്രദേശവിസ്തൃതി 16019 ചതുരശ്ര കി.മീ. റാണ്. ഇതിൽ 77% പ്രദേശം തമിഴ്നാട്ടിലാണ്. ഇത് തെക്കുകിഴക്കു ദിശയിലായി കൃഷ്ണഗിരി, ധർമ്മപുരി, വെല്ലൂർ, തിരുവണ്ണാമലൈ, കടലൂർ, വില്ലുപുരം, എന്നീ ജില്ലകളിലായി 247 കി.മീറ്റർ ഒഴുകുന്നു. ഇത് ഗാഡിലം, തിരുക്കൊയ്ലൂർ അണക്കെട്ടിനടുത്തുള്ള പൊന്നയാർ എന്നിങ്ങനെ രണ്ടായി വിഭജിക്കുന്നു. ഗാഡിലം കടലൂരിനടുത്തുനിന്നും ബംഗാൾ ഉൾക്കടലിൽ ചേരുന്നു. പൊന്നയാർ കേന്ദ്രഭരണപ്രദേശമായ പുതുച്ചേരിയിലൂടെയും ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു. ചിന്നാർ, മാർക്കണ്ഡനദി, വാണിയാർ, പാമ്പാർ എന്നിവ ഇതിന്റെ പോഷകനദികളാണ്. നദിയുടെ ഉത്ഭവസ്ഥലത്തുള്ള കനത്തമഴ പെട്ടന്നുള്ളതും ഹ്രസ്വകാലവുമായ വെള്ളപ്പൊക്കത്തിന് കാരണമാകുന്നു. പ്രത്യേകിച്ച് തമിഴ്നാട്ടിൽ ജലസേചനത്തിനായി ഈ നദിയിൽ അണ കെട്ടിയിട്ടുണ്ട്.

വൈഗൈ

പശ്ചിമഘട്ടത്തിൽ തമിഴ്നാട്ടിലെ വർഷനാടുമലയിൽനിന്നും വൈഗൈ നദി ഉത്ഭവിക്കുന്നു. തമിഴ്നാട്ടിലൂടെ മാത്രം ഒഴുകുന്ന ഇതിന്റെ വിസ്തൃതി 7741 ചതുരശ്ര കി.മീറ്ററാണ്. മധുര, ശിവഗംഗ, രാമനാഥപുരം ജില്ലകളിലൂടെയാണ് ഇത് ഒഴുകുന്നത്. ഇതിന്റെ നീളം 258 കി. മീറ്ററാണ്. ഇതിലെ ജലം രാമനാട്ടിലുള്ള വലിയ ജലസംഭരണിയിലും മറ്റ് ചെറിയ ജലസംഭരണികളിലും സംഭരിക്കുന്നു. ബാക്കിയുള്ള ജലം രാമനാഥപുരത്തിനടുത്തുള്ള പാക്ക് കടലിടുക്കിലേക്ക് ഒഴുകുന്നു.

താമ്രപർണി

ഈ പേരുണ്ടായത് താമ്രം (ചെമ്പ്) വും വരുണിയും (നദിയുടെ അരുവികൾ) എന്നതിൽ നിന്നാണ്. അതായത് ഈ നദിയിലെ ജലം ലയിക്കാത്ത ചെമ്മണ്ണിന്റെ സാനിധ്യത്താൽ ചെമ്പിന്റെ നിറമായി കാണപ്പെടുന്നു എന്നതിനാൽ ഇതിന് തമ്രപർണി എന്ന് പേരുണ്ടായി എന്ന് പറയപ്പെടുന്നു. അംബാസമുദ്രം താലൂക്കിലെ

X Std - Geography Malayalam Unit-6.indd 211 1/27/2023 10:07:44 AM

പാപനാശത്തിനു മുകളിലുള്ള പശ്ചിമഘട്ടത്തിലെ പൊതികൈമലയുടെ ശിഖിരത്തിൽനിന്നാണ് ഈ നദി ഉത്ഭവിക്കുന്നത്. ഇത് തിരുനെൽവേലി, തൂത്തുക്കുടി ജില്ലകളിലൂടെ ഒഴുകി തൂത്തുക്കുടി ജില്ലയിലെ പുന്നൈക്കായലിനടുത്ത് ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു. കാരയാർ, സെർവലാർ, മണിമുത്താർ, ഗാഡനനദി, പച്ചയാർ, ചിറ്റാർ, രാമനദി എന്നിവ പ്രധാന പോഷകനദികളാണ്. തമിഴ്നാട്ടിലെ ഏകവറ്റാത്ത നദിയാണിത്

തമിഴ്നാട്ടിലെ പ്രധാന വെള്ളച്ചാട്ടങ്ങൾ

ജില്ല	വെള്ളച്ചാട്ടം
ധർമപുരി	ഹൊഗേനക്കൽ
തിരുനെൽവേലി	കല്യാണതീർത്ഥം,
തെങ്കാശി	കുറ്റാലം
തേനി	കുമ്പക്കരൈ, സുരുളി
നാമക്കൽ	അഗയഗംഗൈ
നീലഗിരി	കാതറിൻ, പൈക്കാറ
സേലം	കിള്ളിയൂർ
വിരുദുനഗർ	അയ്യനാർ
കോയമ്പത്തൂർ	വൈദേഹി, സെങ്കുപതി, ശിറുവാണി, കോവൈകുറ്റാലം
തിരുപ്പകർ	തിരുമൂർത്തി
മധുരൈ	കുറ്റ്ലാഡംപട്ടി
കന്യാകുമാരി	തൃപ്പരപ്പ്, കാളികേശം, ഉലക്കൈ, വട്ടപ്പാറ

6.7 കാലാവസ്ഥ

ഉത്തരായനരേഖ ഇന്ത്യയെ ഏകദേശം തുല്യമായി വിഭജിക്കുന്നു എന്നും തമിഴ്നാട് സംസ്ഥാനം ഭൂമധ്യരേഖക്കടുത്ത് ഉത്തരായനരേഖക്ക് തെക്ക്ഭാഗത്ത് സ്ഥിതിചെയ്യുന്നു എന്ന് ആദ്യമേ പഠിച്ചതാണല്ലോ. ഇവിടെ ലംബമായി സൂര്യരശ്മി പതിക്കുന്നതിനാൽ വർഷം മുഴുവൻ ഉയർന്ന താപനിലയാണുള്ളത്. തമിഴ്നാട് ചൂടുള്ള കാലാവസ്ഥ പ്രദേശമാണെങ്കിലും തമിഴ്നാട് അനുഭവിക്കുന്നത് ഉഷ്ണമേഖല സമുദ്രതീരകാലാവസ്ഥയാണ്. ബംഗാൾ ഉൾക്കടലും ഇന്ത്യൻമഹാസമുദ്രവും തീരപ്രദേശങ്ങളിലെ കാലാവസ്ഥയെ സ്വാധീനിക്കുന്നു

കിഴക്കൻ തീരം ഉഷ്ണമണ്ഡല സമുദ്ര തീര കാലാവസ്ഥയാണെങ്കിലും പടിഞ്ഞാറൻ പ്രദേശം മലമ്പ്രദേശ കാലാവസ്ഥയാണ് അനുഭവിക്കുന്നത്. ഉയരക്കുറവും കടലിൽനിന്നുള്ള ദൂരവും മദ്ധ്യഭാഗത്ത് ഉയർന്നതാപനിലയും, വരണ്ടഅവസ്ഥയും ഉണ്ടാകുന്നതിന് കാരണമാകുന്നു. ലംബമായ സൂര്യരശ്മിയുടെ പതനം തമിഴ്നാട്ടിൽ വിവിധ കാലങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്നു. തനിഴ്നാട്ടിലെ വിവിധകാലങ്ങൾ താഴെകൊടുത്തിരിക്കുന്നു.

തമിഴ്നാട്ടിലെ കാലങ്ങൾ	
കലങ്ങൾ	**കാലഘട്ടം**
ശൈത്യകാലം	ജനുവരി-ഫെബ്രുവരി
വേനൽക്കാലം	മാർച്ച്-മെയ്
തെക്കുപടിഞ്ഞാറൻ കാലവർഷം	ജൂൺ-സെപ്റ്റംബർ
വടക്കുകിഴക്കൻ കാലവർഷം	ഒക്ടോബർ-ഡിസംബർ

ശൈത്യകാലം

ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ലംബമായ സൂര്യരശ്മികൾ ദക്ഷിണായന രേഖയ്ക്കും ഭൂമധ്യരേഖയ്ക്കുമിടയിൽ പതിക്കുന്നു. അതുകൊണ്ട്തമിഴ്നാട്ടിലും, ഇന്ത്യ മുഴുവനും സൂര്യരശ്മികൾ ചരിഞ്ഞ് പതിയ്ക്കുന്നു. അതിനാൽ അന്തരീക്ഷസ്ഥിതി ഈ മാസങ്ങളിൽ അൽപ്പം തണുപ്പുള്ളതായി കാണുന്നു. ശൈത്യകാലത്തിന്റെയും വേനൽക്കാലത്തിന്റെയും താപനിലയിൽ വലിയ വ്യത്യാസങ്ങളൊന്നും കാണുന്നില്ല. തനിഴ്നാട്ടിലെ ശൈത്യകാല താപനില $15^{o}C$ മുതൽ $25^{o}C$ വരെയാണ്. എങ്കിലും മലമ്പ്രദേശങ്ങളിൽ ശൈത്യകാലത്ത് ചിലസമയങ്ങളിൽ $5^{o}C$ നുംതാഴെയാകാറുണ്ട്. നീലഗിരിയുടെ ചില താഴ്വരകളിൽ$0^{o}C$ രേഖപെടുത്തിയിട്ടുണ്ട്. ഈ താപനില കട്ടിയുള്ളമഞ്ഞും, മൂടൽ മഞ്ഞും രൂപപ്പെടുന്നതിന് കാരണമാകുന്നു. ഈ കാലം പൊതുവെ വരണ്ടു കാണപ്പെടുന്നു.

വേനൽക്കാലം

സൂര്യന്റെ വടക്കോട്ടുള്ള പ്രയാണത്താൽ മാർച്ച്, ഏപ്രിൽ, മെയ്മാസങ്ങളിൽ തെക്കേഇന്ത്യയിൽ സൂര്യരശ്മി ലംബമായി പതിക്കുന്നു. അതിനാൽ ഭൂമധ്യരേഖയ്ക്കടുത്ത് ഉത്തരായനരേഖയ്ക്ക് തെക്കാണെങ്കിലും ഉയർന്നതാപനിലയാണ് അനുഭവപ്പെടുന്നത്. പൊതുവെ താപനില $30^{o}C$ യിൽ തുടങ്ങി $40^{o}C$ വരെ ഉയരുന്നു. ഈ കാലങ്ങളിൽ പ്രത്യേകിച്ച് മെയ്മാസത്തിൽ സംസ്ഥനത്തിന്റെ തെക്കൻഭാഗത്ത് കാലവർഷത്തിന്റെറ മുന്നോടിയായി (മാങ്ങച്ചാറ്റൽ/പുഷ്പച്ചാറ്റൽ) അൽപ്പം മഴ ലഭിക്കുന്നു അതിനാൽ ചില പ്രദേശങ്ങളിൽ സംവഹനമഴ ലഭിക്കുന്നു.

- എന്താണ് അഗ്നി നക്ഷത്രം.
- തമിഴ്നാട്ടിലെ ജില്ലകളെ കുറഞ്ഞ മഴലഭിക്കുന്ന പ്രദേശം, സാധാരണ മഴലഭക്കുന്ന പ്രദേശം, അധികമഴ ലഭിക്കുന്ന പ്രദേശം എന്ന് വേർ തിരിക്കുക.

തെക്കുപടിഞ്ഞാറൻ കാലവർഷക്കാറ്റ്

മാർച്ച് മുതൽ മെയ് വരെയുള്ള മാസങ്ങളിൽ വടക്കുഭാഗത്തുള്ള കരഭൂമി നന്നായി ചൂടാകുന്നു. അതിനാൽ ഇന്ത്യയുടെ വടക്ക്ഭാഗത്ത് ന്യൂന മർദ്ദമേഖല രൂപം കൊള്ളുന്നു. ഈ ന്യൂന മർദ്ദം ഇന്ത്യൻ മഹാസമുദ്രത്തിലെ കാറ്റിനെ

X Std - Geography Malayalam Unit-6.indd 212 1/27/2023 10:07:44 AM

ആകർഷിക്കുന്നു. ഇതിന്റെ ഫലമായി തെക്കിപടിഞ്ഞാറൻ കാലവർഷക്കാറ്റ് രൂപംകൊള്ളുന്നു. ഈ കാലത്തിൽ അറബിക്കടലിൽ നിന്നും വീശുന്ന കാറ്റിന്റെ മഴനിഴൽ പ്രദേശത്താണ് തനിഴ്നാടിന്റെ സ്ഥാനം. അതിന്റെ ഫലമായി തമിഴ്നാട്ടിൽ വളരെക്കുറഞ്ഞ മഴ മാത്രമാണ് ഈ കാലവർഷക്കാറ്റിലൂടെ ലഭിക്കുന്നത്. ഈ കലത്തിൽ പടിഞ്ഞാറുനിന്നും കിഴക്കോട്ടു പോകുന്തോറും മഴയുടെ അളവ് കുറഞ്ഞ് വരുന്നു. കോയമ്പത്തൂർ പീഠഭൂമിയിൽ ഏകദേശം 50 സെ മീ മഴ ലഭിക്കുന്നു. എങ്കിലും തെക്കൻ ജില്ലകളായ കന്യാകുമാരിയിലും, തിരുനെൽ വേലിയിലും കൂടാതെ നീലഗിരിയിലും 50-100 സെ മീ മഴ ഈ സമയത്ത് ലഭിക്കുന്നു. സംസ്ഥാനത്തിന്റെ കിഴക്കൻ ഭാഗത്ത് ഈ മഴ വളരെ കുറവായാണ് ലഭിക്കുന്നത്.

വടക്കുകിഴക്കൻ കാലവർഷക്കാറ്റ്

ഒക്ടോബർമാസത്തിൽ തുടങ്ങി ഡിസംബർ മദ്ധ്യഭാഗം വരെ വടകുകിഴക്കൻ മൺസൂൺ കാലമാണ്. മദ്ധേഷ്യയിലും, ഇന്ത്യയുടെ വടക്കുഭാഗത്തും രൂപപ്പെടുന്ന ഗുരുമർദ്ദമാണ് വടക്കുകിഴക്കൻ കാലവർഷക്കാറ്റിന്റെ സ്രോതസ്സ്. ഉത്തരായനരേഖയിൽനുന്നും ദക്ഷിണായന രേഖയിലേക്ക് സൂര്യൻ സഞ്ചരിക്കുമ്പോൾ ഈ കാലത്തിലെ താപനിലയും വായുമർദ്ധവും സ്വീകരിക്കുന്നതിൽ മാറ്റം വരുത്തുന്നു. ഇതിനാൽ വടക്കേഇന്ത്യയിൽ നിന്നും കാറ്റ് ബംഗാൾ ഉൾക്കടലിൽ എത്തിയശേഷം കാറ്റ് കോറിയോളിസ് ശ്ക്തിമൂലം ദിശമാറി വടക്കുകിഴക്കൻ ദിശയിലേക്ക് വീശുന്നു. അതിനാൽ ഇതിനെ വടക്കുകിഴക്കൻ കാലവർഷക്കാറ്റ് എന്നു വിളിക്കുന്നു. വടക്കുകിഴക്കൻ കാലവർഷക്കാറ്റ്, തെക്കുപടിഞ്ഞാറൻ കാലവർഷക്കാറ്റിന്റെ തിരിച്ചു വരവിന്റെ ഭാഗമായതിനാൽ ഇതിനെ പിൻവാങ്ങുന്ന കാലവർഷക്കാറ്റ് എന്നും വിളിക്കുന്നു. തമിഴ്നാട്ടിലെ പ്രധാന മഴക്കാലമാണിത്. വാർഷിക മഴയുടെ 48% വും ഇതിൽനിന്നാണ് ലഭിക്കുന്നത്. തീരദേശ ജില്ലകളിൽ ഏകദേശം 60% വാർഷിക മഴയും ഉൾനാടൻ ജില്ലകളിൽ 40-50% വരെ വാർഷിക മഴയും ഈ കാലത്താണ് ലഭിക്കുന്നത്.

ഈ കാലത്ത് ഉഷ്ണമേഖല ചുഴലിക്കാറ്റ് സാധരണയാണ്. ബംഗാൽ ഉൾക്കടലിൽ നിന്നും ഉത്ഭവിക്കുന്ന ചുഴലിക്കാറ്റ് കിഴക്കൻ തീരപ്രദേശത്ത് ശക്തമായ മഴ പെയ്യിക്കുന്നു. സംസ്ഥാനത്ത് ലഭ്ക്കുന്ന 50% ത്തിൽ അധികം മഴയും ഇക്കാലത്ത് വീശുന്ന ഉഷണമേഖല ചുഴലിക്കാറ്റിൽ നിന്നുമാണ്. കിഴക്ക്ൻ തീരപ്രദേശത്ത് 100 മുതൽ 200 സെ മീ വരെ മഴ ലഭിക്കുന്നു. മദ്ധ്യഭാഗത്തും വടക്കുപടിഞ്ഞാറ് ഭാഗത്തും 50-100 സെ മീ വരെ മഴ ലഭിക്കുന്നു. ചില സമയത്ത് ചുഴലിക്കാറ്റ് ജീവനും, സമ്പത്തിനും കൃഷിയ്ക്കും നാശം വിതയ്ക്കുന്നു.

> നിങ്ങൾക്ക് അറിയാമോ?
> വാൾപാറയ്ക്കടുത്തുള്ള 'ചിന്നക്കല്ലാർ' ഇന്ത്യയിലെ മൂന്നാമത്തെ ഈർപ്പമുള്ള (നനവുള്ള) പ്രദേശവും തമിഴ്നാട്ടിലെ ഏറ്റവും ഈർപ്പമുള്ള പ്രദേശവുമാണ്.

6.8 തമിഴ്നാട്ടിലെ മണ്ണിനങ്ങൾ

കാലാവസ്ഥയുടെ ഭേദം മൂലം പാറപൊടിഞ്ഞ് ഉണ്ടാകുന്ന് ഇളകി അയഞ്ഞ വസ്തുവാണ് മണ്ണ്. കാർഷികമേഖലയുടെ പ്രധാനഘടകമാണ് മണ്ണ്. തമിഴ്നാട്ടിലെ മണ്ണിനെ അതിന്റെ സ്വാഭാവമനുസരിച്ച് അഞ്ചായി തരം തിരിച്ചിരിക്കുന്നു അവ 1. വണ്ടൽമണ്ണ്, 2. കരിമണ്ണ്, 3. ചെമ്മണ്ണ്, 4. ലാറ്ററൈറ്റ് മണ്ണ്, 5. ഉപ്പ്മണ്ണ് എന്നിവയാണ്.

വണ്ടൽമണ്ണ്

നദികളൊഴുക്കികൊണ്ടുവരുന്ന അവശിഷ്ടങ്ങൾ അടിഞ്ഞുകൂടി രൂപപ്പെടുന്നതാണ് വണ്ടൽമണ്ണ്. നദീതാഴ്വാര പ്രദേശങ്ങളിലും തമിഴ്നാടിന്റെ തീരപ്രദേശങ്ങളിലും ഇത് കണ്ടുവരുന്നു. തഞ്ചാവൂർ, തിരുവാരൂർ, മയിലാടുതുറൈ നാഗപ്പട്ടണം, വില്ലുപുരം, കടലൂർ, തിരുനെൽവേലി, കന്യാകുമാരി എന്നീ ജില്ലകളിൽ ഈ മണ്ണ് കാണപ്പെടുന്നു. ഉൾനാടൻ ജില്ലകളിൽ നദീ താഴ്വരകളുള്ള ചില സ്ഥലങ്ങളിൽ ഈ മണ്ണ് കാണപ്പെടുന്നു.

കരിമണ്ണ്

ആഗ്നേയശിലകൾ പൊടിഞ്ഞാണ് കരിമണ്ണ് രൂപപ്പെടുന്നത്. ഇതിനെ റിഗർമണ്ണ് എന്നും വിളിക്കുന്നു. പരുത്തി നന്നായി വളരുന്ന ഈ മണ്ണിനെ പരുത്തികരിമണ്ണ് എന്നും വിളിക്കുന്നു. കോയമ്പത്തൂർ, മധുര, വിരുദുനഗർ, തിരുനെൽ വേലി തൂത്തുക്കുടി ജില്ലകളിൽ കരിമണ്ണ് വ്യാപകമായി കാണപ്പെടുന്നു.

ചെമ്മണ്ണ്

തമിഴ്നാടിന്റെ മൊത്തം വിസ്തൃതിയുടെ മൂന്നിൽ രണ്ട് ഭാഗവും ചുവന്ന മണ്ണാണ് പ്രത്യേകിച്ചും തമിഴ്നാടിന്റെ മധ്യഭാഗത്തുള്ള ജില്ലകളിലാണ് ഇത്തരത്തിലുള്ള മണ്ണ് കാണപ്പെടുന്നത്. ശിവഗംഗ, രാമനാഥപുരം ജില്ലകളിൽ ഇത് അധികമായി കാണപ്പെടുന്നു.

ലാറ്ററൈറ്റ് മണ്ണ് (ചരൽമണ്ണ്)

ഈ മണ്ണ് രൂപപ്പെടുന്നത് തുടച്ചയായ നീർവാർച്ച മൂലമാണ്. കാഞ്ചീപുരം, തിരുവള്ളൂർതഞ്ചാവൂർ ജില്ലകളിലും, മലമ്പ്രദേശമായ നീലഗിരിയുടെ ചില പ്രദേശങ്ങളിലും ഈ മണ്ണ് കാണപ്പെടുന്നു.

ഉപ്പുമണ്ണ്

ഉപ്പ്മണ്ണ് തമിഴ്നാട്ടിലെ ചോഴമണ്ഡലക്കരയിൽ മാത്രമാണ് ഉള്ളത്. വേദാരണ്യത്താണ് ഉപ്പ്മണ്ണ്

X Std - Geography Malayalam Unit-6.indd 213 1/27/2023 10:07:44 AM

ഏറ്റവും കൂടുതലുള്ളത്. എങ്കിലും 2004 ഡിസംബർ 24-ന് ഉണ്ടായ സുനാമി അലകൾ തമിഴ്നാടിന്റെ കിഴക്കൻ തീരപ്രദേശത്ത് ധാരാളം മണൽ നിക്ഷേപിച്ചു. സുനാമി തീരപ്രദേശത്തെ നിശ്ചിത അളവുവരെ കൃഷിയോഗ്യമല്ലാതാക്കി തീർത്തു.

6.9 മണ്ണരിപ്പ്

മണ്ണ് പുതുപ്പിക്കാനാവാത്ത വിഭവമാണ്. ഒരിക്കൽ മണ്ണ് നഷ്ടപ്പെട്ടുപോയാൽ വീണ്ടും അതിനെ യഥാസ്ഥാനത്താക്കാൻ പ്രയാസമാണ്. വനനശീകരണം, അമിതമായ കന്നുകാലിമേയൽ, നഗരവത്കരണം, കനത്ത മഴ എന്നിവ മണ്ണൊലിപ്പിന് കാരണമാകുന്നു. മണ്ണിന്റെ ഫലഭൂയിഷ്ടത ഇതിനാൽ നഷ്ടമാകുന്നു. കാർഷിക ഉത്പാദനക്ഷമത കുറയാൻ ഇത് കാരണമാകുന്നു. അതിനാൽ മൺവിഭവം സംരക്ഷിക്കാൻ തീവ്രമായ പരിചരണം ആവശ്യമാണ്.

6.10 പ്രകൃതി സസ്യങ്ങൾ

പ്രകൃതി സസ്യങ്ങൾ എന്നത് വനമേഖലയെ സൂചിപ്പിക്കുന്നു. പ്രകൃതി സസ്യങ്ങളുടെ വിതരണത്തെ നിയന്ത്രിക്കുന്ന ഘടകങ്ങളാണ് ഭൂപ്രകൃതി, മണ്ണിന്റെ തരം, താപനില, മഴ എന്നിവ. 1988-ലെ ദേശീയ വനനയമനുസരിച്ച് കുറഞ്ഞത് മൂന്നിൽ ഒരുഭാഗം ഭൂമിശാസ്ത്ര പ്രദേശം വനമേഖലയായിരിക്കണം എന്ന് നിഷ്കർഷിക്കുന്നു. തമിഴ്നാടിന്റെ മൊത്തം വനമേഖല ഇതിനേക്കാൾ വളരെക്കുറവാണ്. 2017-ലെ തമിഴ്നാട് സംസ്ഥാന വനവിഭാഗത്തിന്റെ പ്രസ്താവന (Tamil Nadu State of Forest Report 2017) അനുസരിച്ച് 26281 ചതുരശ്ര കി.മീ. വനഭൂമിയാണ്. ഇത് മൊത്ത വിസ്തീർണത്തിന്റെ 20.21 ശതമാനമാണ്. ഈ സംസ്ഥാനത്ത് വിവിധതരത്തിലുള്ള സസ്യങ്ങൾ കാണപ്പെടുന്നു. ഈർപ്പമുള്ള നിത്യഹരിത വനങ്ങളും, വരണ്ട കുറ്റിക്കാടുകൾ വരെ വിവിധതരം കാടുകൾ കാണപ്പെടുന്നു.

വനത്തിന്റെ തരങ്ങൾ

സംസ്ഥാനത്തിലെ വനപ്രദേശത്തെ അഞ്ചായി തരംതിരിക്കാം.

ഉഷ്ണമേഖല നിത്യഹരിത വനങ്ങൾ

അധിക മഴലഭിക്കുന്ന പ്രദേശങ്ങളിലാണ് ഇത്തരത്തിലുള്ള വനം കാണപ്പെടുന്നത്. ഇടതൂർന്ന ഒന്നിലധികം നിരകളുള്ള വനമാണിത്. പശ്ചിമഘട്ടത്തിന്റെ മുകൾചെരിവിൽ വ്യാപിച്ച് കിടക്കുന്ന ജില്ലകളായ തിരുനെൽവേലി, കന്യാകുമാരി, നീലഗിരി, കോയമ്പത്തൂർ ജില്ലകളിൽ ഇത്തരത്തിലുള്ള കാടുകൾ കാണപ്പെടുന്നു. പ്രധാന മരങ്ങളായ കറുവപ്പട്ട, മലബാർ ഇരുമ്പുമരം, പനാസ, ഞാവൽമരം, പ്ലാവ്, കിൻഡൽ, അയനി, സുഗന്ധ മരങ്ങൾ എന്നിവ കാണപ്പെടുന്നു. പൂർവ്വഘട്ടത്തിലെ ഉപ ഉഷ്ണമേഖലാ കാലാവസ്ഥാ പ്രദേശങ്ങളിൽ അർധനിത്യഹരിത വനം കാണപ്പെടുന്ന പ്രധാന പ്രദേശങ്ങളാണ് സെർവരായൻ, കൊല്ലിമല, പച്ചമല എന്നിവ. ഇന്ത്യൻ വർഗ്ഗത്തിൽപ്പെട്ട മരങ്ങളായ മഹാഗണി, കുരങ്ങൻ തേക്ക്, കമ്പിളിക്കൊന്ന, പ്ലാവ്, മാവ് എന്നിവ സാധാരണയായി ഈ പ്രദേശങ്ങളിൽ കണ്ടുവരുന്നു.

മിതോഷ്ണ മേഖല മലങ്കാടുകൾ

ആനമല, നീലഗിരിമല, പഴനിമല, എന്നിവയുടെ 1000 മീറ്റർ ഉയരത്തിലുള്ള ഭാഗമായ അഭയത്താഴ്വരയിൽ ഇത്തരത്തിലുള്ള കാടുകൾ കാണപ്പെടുന്നു. ഇവയെ പൊതുവെ ചോല എന്ന് വിളിക്കുന്നു. ഉയരംകുറഞ്ഞ് ഹരിതാഭമായി കാണപ്പെടുന്നതാണ് ഇവിടെയുള്ള മരങ്ങൾ. നീലഗിരി ചെമ്പകം, ചാമ്പയ്ക്കായ്, ലിച്ചി എന്നിവ സാധാരണയായി കാണുന്ന മരങ്ങളാണ്.

ഉഷ്ണമേഖലാ ഇലപൊഴിയും കാടുകൾ

അർദ്ധ നിത്യഹരിത, നിത്യഹരിത വനങ്ങളുടെ അരികിലാണ് ഇത്തരം വനവിഭവങ്ങൾ കാണപ്പെടുന്നത്. വരണ്ട കാലാവസ്ഥയിൽ ഈ മരങ്ങൾ തങ്ങളുടെ ഇലകൾ പൊഴിക്കുന്നു 30 മീറ്റർ ഉയരം വരെ ഈ മരങ്ങൾ വളരുന്നു. ഉന്നം, പഞ്ഞിമരം, കടമ്പ, തേക്ക്, സ്ത്രീനാവ്, അച്ചാണി മരം (silk cotton, kapok, kadamba, dog teak, womens tounge, axle wood) എന്നീ മരങ്ങളും ഇവിടെ കണ്ടുവരുന്നു. സാധാരണയായ് ഈ കാടുകളിൽ മുള (bamboo) കാണാറുണ്ട്. ഈ കാടുകളിലെ ചില മരങ്ങൾക്ക് സാമ്പത്തിക പ്രാധാന്യമുണ്ട്.

കണ്ടൽ (mangrove) കാടുകൾ

ഇത്തരത്തിലുള്ള കാടുകൾ നദിയുടെ ഡൽറ്റാ പ്രദേശങ്ങളിലും, സമുദ്രതീര പ്രദേശങ്ങളിലും, ദ്വീപിന്റെ നിണ്ടുകിടക്കുന്ന ഭാഗത്തും, കടൽ മുഖങ്ങൾ എന്നിവിടങ്ങളിലും കാണപ്പെടുന്നു. നിത്യ ഹരിതവും

കടലൂർ ജില്ലയിലെ ചിദംബരത്തിനടുത്താണ് പിച്ചാവരം കണ്ടൽകാടുകൾ സ്ഥിതിചെയ്യുന്നത്. വിസ്തൃതിയിൽ ലോകത്തെ രണ്ടാമത്തെ വലിയ കാടാണിത്. 1,100 ഹെക്ടർ (11 ചതുരശ്ര കി.മീ.) വിസ്താരമാണ് ഇതിനുള്ളത്, ഒരു മണൽ തിട്ടുകൊണ്ട് ഇത് ബംഗാൾ ഉൾക്കടലിനെ വേർതിരിക്കുന്നു. അവിസാനിയ, റൈസോഫോറ ഇനങ്ങളിലുള്ള മരങ്ങളാണ് ഇവിടെയുള്ളത്.



X Std - Geography Malayalam Unit-6.indd 214 1/27/2023 10:07:45 AM

സാധാരണഉയരവും,തുകൽപോലുള്ളഇലകളുമാണ് ഇതിനുള്ളത്. വേലിയേറ്റസമയത്തുള്ള ചെളിയിലും ഉപ്പുവെള്ളത്തിലും നിലനിൽക്കാനുള്ള കഴിവ് ഈ മരങ്ങൾക്കുണ്ട്. ഏഷ്യൻ കണ്ടൽ, വെളുത്ത കണ്ടൽ, കാട്ടുമുല്ല/ ഇന്ത്യൻകുറ്റിച്ചെടി എന്നിവയെല്ലാം ഈ കാടുകളിലെ എടുത്തുപറയത്തക്ക മരങ്ങളാണ്. പിച്ചാവരം, വേദാരണ്യം, മുത്തുപേട്ട്, സിത്രം, തൂത്തുക്കുടി എന്നിവിടങ്ങളിലാണ് തമിഴ്നാട്ടിൽ കണ്ടൽ കാടുകൾ കണ്ടുവരുന്ന പ്രദേശങ്ങൾ.

തീര പ്രദേശ സംരക്ഷണത്തിന് കണ്ടൽകാടുകളുടെ പങ്ക്

കാറ്റും, തിരമാലകളും മൂലമുള്ള തീരപ്രദേശത്തിന്റെ അരിപ്പ് തടയാൻ കണ്ടൽ കാടുകൾ സഹായിക്കുന്നു. ഇത് പവിഴപ്പുറ്റിനേയും കടൽ പുൽമേടുകളേയും ഊറലുകളിൽ നിന്നും സംരക്ഷിക്കുന്നു.

ഉഷ്ണമേഖല മഴക്കാടുകൾ

വളരെ കുറഞ്ഞ മഴ ലഭിക്കുന്ന പ്രദേശങ്ങളിലാണ് മുൾക്കാടുകൾ കാണപ്പെടുന്നത്. ഇത്തരം കാടുകൾ കാണപ്പെടുന്നത് കടൽ നിരപ്പിൽ നിന്നും 400 മീറ്റർ ഉയരത്തിലുള്ള സമതലങ്ങളിലാണ്. ഈ കാടുകളിൽ കാണപ്പെടുന്ന മരങ്ങളാണ് അക്കേഷ്യ, വീൽ, വേപ്പ്, പന എന്നിവ. കറ്റിക്കാടുകൾ സാധാരണയായി ഇത്തരം കാടുകളിൽ കാണപ്പെടുന്നു. ധർമ്മപുരി, രാമനാഥപുരം, വിരുദുനഗർ, ചില ഉൾനാടൻ ജില്ലകൾ എന്നിവയിൽ ഇത്തരത്തിലുള്ള കാടുകൾ കാണപ്പെടുന്നു.

മുഖ്യവനപ്രദേശങ്ങളടങ്ങിയ തമിഴ്നാട്ടിലെ ജില്ലകൾ

ജില്ല	വിസ്തൃതി, ചതുരശ്ര (കി.മീ.)
ഈറോഡ്	2,295
കോയമ്പത്തൂർ	1,985
ദിണ്ടുഗൽ	1,877
വെല്ലൂർ	1,824
നീലഗിരി	1,731
ധർമ്മപുരി	1,702

6.11 വന്യജീവി

വനത്തിൽ ജീവിക്കുന്ന പക്ഷികളും മൃഗങ്ങളും വന്യജീവികളിൽ ഉൾപ്പെടുന്നു. തമിഴ്നാട്ടിൽ വിവിധതരം വന്യ മൃഗങ്ങളും, പക്ഷികളും ഇഴജന്തുക്കളുമുണ്ട്. ആന, കാട്ടുപ്പോത്ത്, കടുവ, മാൻ, കുരങ്ങുകൾ എന്നിവയുടെ അഭയസ്ഥാനമാണ് മലകൾ.

നിരവധി വന്യജീവിസങ്കേതങ്ങളും ദേശീയ ഉദ്യാനങ്ങളും മൃഗങ്ങളെ സംരക്ഷിക്കുന്നതിനായി ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.

ക്രമനമ്പർ	തമിഴ്നാട്ടിലെ ജൈവമണ്ഡല സംവരണ മേഖല
1	നീലഗിരി ജൈവമണ്ഡല സംരണ മേഖല
2	മാന്നാർ ഉൾക്കടൽ ജൈവമണ്ഡല സംരണ മേഖല
3	അഗസ്ത്യമല ജൈവമണ്ഡല സംരണ മേഖല

വ്യത്യസ്തമായ കാലവസ്ഥയും ഭൂപ്രകൃതിയും, വിഭവങ്ങളുള്ള ഒരു സംസ്ഥാനമാണ് തമിഴ്നാട്. ഇതിനാൽ നമ്മുടെ സംസ്ഥാനം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുംവിഭിന്നമായി കാണപ്പെടുന്നു. തമിഴ്നാട്ടിൽ ലഭ്യമായ വിഭവങ്ങൾ യുക്തി പൂർവ്വമായി ഉപയോഗിച്ചാൽ തമിഴ്നാട് രാജ്യത്തിന്റെ ഏറ്റവും ഉയർന്ന നിലയിൽ തുടരും എന്നത് സംശയാതീതമാണ്. അതുകൊണ്ട് ഓരോ വ്യക്തിയുടേയും കടമ എന്നത് ഈ ലക്ഷ്യം സാക്ഷാത്കരിക്കാനായി പ്രയത്നിക്കുക എന്നതാണ്.

6.12 തമിഴ്നാട്ടിലെ പ്രകൃതി ദുരന്തങ്ങൾ

ജീവനും സമ്പത്തിനും നാശമുണ്ടാക്കുന്ന പൊട്ടെന്നുണ്ടാകുന്ന പ്രാകൃതികമായ മഹാവിപത്തിനെയാണ് ദുരന്തം എന്നു വിളിക്കുന്നത്.

ഐക്യരാഷ്ട്ര സഭയുടെ ദുരന്ത അപായ ലഘൂകരണ വിഭാഗം പറയുന്ന പ്രകാരം, ദുരന്ത അപായ ലഘൂകരണം (UNDRR) എന്നത്. ദുരന്തങ്ങളുടെ കാരണം വിശകലനം ചെയ്യുന്നതിനും, അപകടസാധ്യത കുറയ്ക്കുന്നതിനുമുള്ള ആസൂത്രിത ശ്രമങ്ങളിലൂടെ ദുരന്തസാധ്യത കുറയ്ക്കാനുള്ള ആശയവും പ്രയോഗവുമാണ്. അപകടത്തിന്റെ അളവ് കുറക്കുന്നതും, ജനങ്ങളുടേയും വസ്തുക്കളുടേയും നാശത്തിന്റെ തോത് കുറക്കുന്നതും, ഭൂമിയുടേയും, പരിതഃ സ്ഥിതിയുടേയും വിവേകപൂർണ്ണമായ ഉപയോഗത്തിനുള്ള നടത്തിപ്പ്,പ്രതികൂലസാഹചര്യങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ടെന്നുള്ള മുന്നറിയിപ്പ് തയ്യാറെടുപ്പ് എന്നിവ ഇതിൽ ഉൾപ്പെടുത്തണം.

തമിഴ്നാട്ടിലെ പ്രകൃതി ദുരന്തങ്ങളെക്കുറിച്ചും, വ്യത്യസ്തമായ ദുരന്തങ്ങൾക്ക് മുമ്പും, ശേഷവും സ്വീകരിക്കേണ്ടനടപടികളെക്കുറിച്ചുംഈപാഠത്തിൽ ചർച്ച ചെയ്യാം.

മണ്ണിടിച്ചിൽ (Landslide)

ഒരു പർവ്വതത്തിലെ നിന്നോ, മലഞ്ചെരുവിൽ നിന്നോ പെട്ടെന്നുള്ള തകർച്ചയെ മണ്ണിടിച്ചിൽ എന്നു പറയുന്നു. മണ്ണിടിച്ചിലിന്റെ പ്രേരകശക്തിയാണ് വെള്ളം. രാജ്യത്തെ ഏറ്റവും ദുർബലമായ ജില്ലകളിൽ ഒന്നാണ് തമിഴ്നാട്ടിലെ നീലഗിരി. മണ്ണിടിയുന്ന അവസ്ഥ ഈ പ്രദേശത്തിന്റെ ഏറ്റവും വലിയ ഭീഷണിയണ്. മണ്ണിടിച്ചിൽ ഭീഷണിയുള്ള മറ്റ് പ്രദേശങ്ങളാണ് കോയമ്പത്തൂർ, കൊടൈക്കനാൽ,

X Std - Geography Malayalam Unit-6.indd 215 1/27/2023 10:07:45 AM

തമിഴ്നാട്ടിലെ വന്യജീവിസങ്കേതങ്ങളും പക്ഷി സങ്കേതങ്ങളും



X Std - Geography Malayalam Unit-6.indd 216 1/27/2023 10:07:49 AM

മലമ്പ്രദേശസുഖവാസ കേന്ദ്രം, ദിണ്ടിഗൽ ജില്ലയിലെ പഴനിമല എന്നിവ.

(അപകട സാധ്യത കുറയ്ക്കുന്നതിനുള്ള നടപടികൾ)

അപകടത്തിനു **മുൻപ്:** അപകടത്തിനു മുമ്പ് അവബോധം സൃഷ്ടിക്കുക, ജാഗരൂകരായിരിക്കുക, വാർത്തകൾ ക്രമമായി ശ്രദ്ധിക്കുക, ഒഴിപ്പിക്കാനുള്ള പദ്ധതി തയ്യാറക്കുക, അസാധാരണമായ ശബ്ദ ങ്ങൾ കേൾക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക, അതായത് ഇടിഞ്ഞ് വീഴുന്നതോ, മരം ഒടിയുന്നതോ, ഉരുളൻകല്ല് വന്ന് വീഴുന്നതോ ആയ ശബ്ദങ്ങൾ കേട്ടാൽ ആ സ്ഥലത്ത് മണ്ണിടിച്ചിൽ സാധ്യതയുള്ളതിനാൽ ആ സ്ഥലത്തു നിന്നും സുരക്ഷിതമായ സ്ഥലത്തേക്ക് മാറുക.



മണ്ണിടിച്ചിൽ

അപകടത്തിനുശേഷം: മണ്ണിടിച്ചിൽ പ്രദേശത്തു നിന്നും ദൂരെ താമസിക്കുക. പുതിയതും അത്യാ വശ്യവുമായ പ്രദേശിക വാർത്തകൾ അടുത്തുള്ള റേഡിയോ/ടെലിവിഷൻ എന്നിവയിലൂടെ ശ്രദ്ധിക്കുക. വെള്ളപ്പൊക്കമുണ്ടാകുന്നുണ്ടോ എന്നും ശ്രദ്ധിക്കുക. മണ്ണിടിഞ്ഞോ, അവശിഷ്ടങ്ങൾ വീണോ പരിക്കേറ്റ വരും, മണ്ണിനടിയിൽപ്പെട്ടവരും ഉണ്ടോ എന്ന് പരിശോ ധിക്കുക. മണ്ണിടിഞ്ഞ പ്രദേശങ്ങളിലേക്ക് നേരിട്ട് പോകാതിരിക്കുക.

വെള്ളപ്പൊക്കം

വടക്കുകിഴക്കൻ കാലവർഷക്കാറ്റ് വീശുന്ന കാലയളവിൽ, തമിഴ്നാട്ടിലെ തീരദേശജില്ലകളിൽ വെള്ളപ്പൊക്കം സാധാരണമാണ്. സംസ്ഥാനത്ത് അടുത്ത കാലത്തായി ഉണ്ടായ വെള്ളപ്പൊക്കം 2015-ൽ ആയിരുന്നു.



വെള്ളപ്പൊക്കം

ദുരന്ത അപായ ലഘൂകരണം

(അപകട സാധ്യത കുറയ്ക്കുന്നതിനുള്ള നടപടികൾ)


അപകടത്തിനു **മുൻപ്:** രക്ഷപ്പെടാനുള്ള വഴിയും, സുരക്ഷാകേന്ദ്രങ്ങളും എവിടയാണെന്ന് മന സിലാക്കുക. അടിയന്തര ഫോൺ നമ്പറുകളും, പ്രധാനപ്പെട്ട വിവരങ്ങളും സൂക്ഷിക്കുക. അത്യാവശ്യ സാധനങ്ങൾ മടക്കിയെടുത്ത് ഉയർന്ന സ്ഥാനങ്ങളിലേക്ക് പോകുക.

അപകടസമയം: വളരെവേഗം സുരക്ഷിതസ്ഥാന ത്തേക്ക് മാറുക. കുട്ടികളേയും പ്രായമായവരേയും സുരക്ഷിതമായി പുറത്തിറക്കി ഉയർന്ന പ്രദേശ ത്തേക്കു മാറ്റുക. വൈദ്യുത ഉപകരണങ്ങളുടെ ബ ന്ധം വിഛേദിക്കുക. പാചകവാതകം സ്വിച്ച് ഓഫ് ചെയ്യുക. വളരെപ്പെട്ടെന്ന് അവിടം വിട്ട് പുറത്ത് പോവുക. വെള്ളത്തിലൂടെ വാഹനം ഓടിക്കരുത്. വൈദ്യുത കമ്പികളിൽനിന്നും പൊട്ടിവീണ കേബി ളുകളിൽനിന്നും അകലം പാലിക്കുക. വെള്ളത്തിൽ പൊട്ടിവീണവയെ സുരക്ഷിതമായി മാറ്റാൻ ശ്രമിക്കുക.

അപകടത്തിനുശേഷം: വീടിനുള്ളിൽ കയറുമ്പോൾ എല്ലാ വൈദ്യുത ഉപകരണങ്ങളും സ്വിച്ച് ഓഫ് ചെയ്തനിലയിലാണോ എന്ന് ഉറപ്പ്വരുത്തുക അതിനുശേഷം പ്രശ്നമൊന്നുമില്ലാ എന്നു മനസ്സിലാക്കിയ ശേഷം അനുയോജ്യമായ വസ്ത്രം ധരിച്ച് സ്വിച്ച് ഓൺ ചെയ്യുകയും വീട് വൃത്തിയാക്കുകയും ചെയ്യുക.

ചുഴലിക്കാറ്റ്

വടക്കുകിഴക്കൻ കാലവഷക്കാറ്റിന്റെ കാലത്ത് ബംഗാൾ ഉൾക്കടലിൽ രൂപപ്പെടുന്ന ഉഷ്ണമേഖലാ ചുഴലിക്കാറ്റ് സാധാരണയായി തമിഴനാടിന്റെ തീരപ്രദേശങ്ങളിൽ ആഞ്ഞടിക്കുന്നു. വെള്ളപ്പൊ ക്കത്തിന്റെ സമയത്ത് ജീവനും സ്വത്തും നഷ്ടപ്പെടുന്നത് ഇവിടെ ആവർത്തിക്കപ്പെടുന്നു. ചുഴലിക്കാറ്റടിക്കുന്ന പ്രദേശത്തെ ആസ്പദമാക്കി തമിഴ്നാടിന്റെ 5 മേഖലകളാക്കിത്തിരിച്ചിരിക്കുന്നു. അവ വളരെ ഉയർന്നത്, ഉയർന്നത്, മിതമായത്, കുറഞ്ഞത്, വളരെക്കുറഞ്ഞത് എന്നിവയാണ്.



ചുഴലിക്കാറ്റ് (Cyclone)

(അപകടസാധ്യതകുറയ്ക്കാനുള്ള നടപടികൾ)

അപകടത്തിനു മുമ്പ്: കിംവതന്തികൾ അവഗണിക്കുക, ശാന്തമായിരിക്കുക, പരിഭ്രാന്തരാ കാതിരിക്കുക. മെബൈൽ ഫോൺ ചാർജ് ചെയ്യുക, മറ്റുള്ളവരുമായി ബന്ധപ്പെടാൻ ഇത് അത്യാ വശ്യമാണ്. സന്ദേശങ്ങൾ ഉപയോഗിക്കുക, റേഡിയോ ശ്രദ്ധിക്കുക, റ്റി.വി. കാണുക, കാലാവസ്ഥ യെക്കുറിച്ചുള്ള വാർത്തകൾ പത്രങ്ങളിൽ വായിക്കുക, പ്രധാന പ്രമാണങ്ങളും, രേഖകളും വെള്ളം കയറാത്ത പാത്രങ്ങളിൽ സൂക്ഷിക്കുക, അതിജീവനത്തിനായുള്ള ആവശ്യ വസ്തുക്കളുടെ

X Std - Geography Malayalam Unit-6.indd 217 1/27/2023 10:07:50 AM

സഞ്ചി(കിറ്റ്)കൾ തയ്യാറാക്കുക. വീടിന്റെ സുരക്ഷ ഉറപ്പുവരുത്തുക, അറ്റകുറ്റപ്പണികൾ നടത്തുക, മൂർച്ചയുള്ള വസ്തുക്കൾ അശ്രദ്ധമായി വലിച്ചെറിയരുത്. കന്നുകാലികൾ, മൃഗങ്ങൾ എന്നിവയെ അഴിച്ചുവിടണം. മത്സ്യത്തൊഴിലാളികൾ റേഡിയോ കൊണ്ടുപോകുകയും അധിക എണ്ണം ബാറ്ററികൾ കൈവശം വെയ്ക്കുകയും ചെയ്യുക. ബോട്ടുകളും, റാഫ്റ്റുകളും സുരക്ഷിതമായി കെട്ടിയിട്ട് കടലിൽ ഇറങ്ങാതിരിക്കുക.

അപകടസമയം: എല്ലാകുടുംബാംഗങ്ങളേയുംവീടിനുള്ളിൽ സുരക്ഷിതരാക്കുക പ്രത്യേകിച്ച് വൃദ്ധരേയും കുട്ടികളേയും ശ്രദ്ധിക്കുക. എല്ലാ വൈദ്യുത ഉപകരണങ്ങളുടേയു സ്വിച്ച് ഓഫ് ചെയ്യുക. ശൂന്യമായ മുറിയിൽ താമസിക്കുക, ചലിക്കുന്ന വസ്തുക്കൾ സുരക്ഷിതമായി കെട്ടിവെയ്ക്കുക, അയൽക്കാരെ സഹായിക്കാൻ ശ്രമിക്കുക, പക്ഷേ ചുഴലിക്കാറ്റ് വീശുന്ന സമയത്ത് പുറത്ത് പോകാതിരിക്കുക.

അപകടത്തിന് ശേഷം: സുരക്ഷിത കേന്ദ്രത്തിലേക്ക് മാറിതാമസിച്ചവർ മറ്റൊരു അറിയിപ്പുണ്ടാകുന്നതുവരെ അവിടെ തന്നെ തുടരുക. ചുഴലിക്കാറ്റിനുശേഷം അയഞ്ഞുകിടക്കുന്ന വൈദ്യുത വയറുകൾ കർശനമായി ഒഴിവാക്കുക ചുഴലിക്കറ്റിനു ശേഷം പാമ്പുകളേയും മറ്റ് മൃഗങ്ങളേയും സൂക്ഷിക്കുക. നിങ്ങൾ താമസിക്കുന്ന സ്ഥലത്തിനടുത്ത് ജീർണ്ണാവശിഷ്ടങ്ങളോ, ശവങ്ങളോ കണ്ടാൽ ഉത്തരവാദപ്പെട്ടവരോട് വളരെ കൃത്യമായും, സത്യമായും വിവരങ്ങൾ റിപ്പോർട്ട് ചെയ്യുക.

വരൾച്ച

തമിഴ്നാട് ആവശ്യത്തിന് വെള്ളമില്ലാത്ത സംസ്ഥാനമാണ്. ഇത് മിക്കവാറും സാധാരണമാണ്, അല്ലാതെ കാലാനുസൃതമല്ല. ഇതിന്റെ അധിക ഭാഗവുംവടക്കുകിഴക്കൻകാലവർഷത്തെമഴയ്ക്കായി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. മഴപെയ്തില്ലെങ്കിൽ വിനാശമാണ് ഫലം. സംസ്ഥാനത്തെ മൊത്തം ജലസ്രോതസ്സ് 1587 TMC (ആയിരം ദശലക്ഷം ഘനയടി) ആണ്. ജലലഭ്യതാകുറവ് പരിഹരിക്കുന്നതിന് മഴവെള്ളശേഖരണവും, ജലസംരക്ഷണവും കർശനമായി നടപ്പിലാക്കേണ്ടതാണ്.



വരൾച്ച

ജലസംരക്ഷണത്തിനുള്ള ചില മാർഗ്ഗങ്ങൾ

ജലത്തെ മലിനീകരണത്തിൽ നിന്നും സംരക്ഷിക്കുക. ജലം പുനരുപയോഗപ്പെടുത്തുക. ഭൂഗർഭജലത്തെ വിവേകപൂർവ്വം ഉപയോഗിക്കുക. ജനസംഖ്യയെ നിയന്ത്രിക്കുക, പാരമ്പര്യ ജലസ്രോതസ്സുകൾ നവീകരിക്കുക. വനമേഖല വർദ്ധിപ്പിക്കുക എന്നതാണ് പ്രധാന ജലസംരക്ഷണമാർഗ്ഗങ്ങൾ.

കാട്ടുതീ

തമിഴ്നാട് ഒരു ഉഷ്ണമേഖല സംസ്ഥാനമാണ്. വേനൽക്കാലത്തുള്ള ഉയർന്ന താപനിലമൂലം ഇലകൊഴിയും കാടുകളിലും, മുൾക്കാടുകളിലും സാധാരണയായി കാട്ടുതീ ഉണ്ടാകുന്നു.



കാട്ടുതീ

അപകട സാധ്യത കുറയ്ക്കാനുള്ള നടപടികൾ

അപകടത്തിന് മുൻപ്: തീ കത്താൻ സാധ്യതയുള്ള സസ്യജാലങ്ങളിൽ നിന്നും വസ്തുക്കളിൽ നിന്നും പ്രതിരോധസ്ഥലം ഉണ്ടാക്കി നിങ്ങളുടെ വീടിനെ വേർതിരിക്കുക (30 അടി) പ്രാദേശികമായി അഗ്നി ബാധയുണ്ടാകാൻ സാധ്യതയുള്ള കെട്ടിടങ്ങളേയും പ്രദേശങ്ങളേയും തിരിച്ചറിയുക. മരങ്ങളും ചെടികളും വെട്ടിയൊതുക്കുക. അംഗീകൃത അഗ്നി പ്രതിരോധശേഷിയുള്ള വസ്തുക്കൾ ഉപയോഗിക്കുക. കുടുംബാംഗങ്ങളോടൊപ്പം രക്ഷപെടാനുള്ള മാർഗ്ഗം തയ്യാറാക്കുക. പുറത്തു പരസ്പരം ബന്ധപ്പെടാനുള്ള സ്ഥലങ്ങളെപ്പറ്റിയും വിവിധ മാർഗ്ഗങ്ങളെപ്പറ്റിയും തീരുമാനിക്കുക.

അപകടസമയം: റേഡിയോയിലും ടി.വി യിലും വാർത്തകൾ ശ്രദ്ധിക്കുക ന്യൂസ്പേപ്പറിൽ പുതിയ വിവരങ്ങളുണ്ടോ എന്ന് പരിശോധിക്കുക. ആവശ്യത്തിനു വെള്ളം ലഭ്യമാണെങ്കിൽ പാത്രങ്ങളിൽ സംഭരിച്ച് വയ്ക്കുക. പുക വരുന്നു എന്നു സംശയം തോന്നിയാൽ വെളിച്ചം കൊണ്ടുവന്ന് പരിശോധിക്കുക. പാചകവാതകം ഓഫ് ചെയ്യുക വൈദ്യുത ബന്ധങ്ങൾ വിച്ഛേദിക്കുക. എല്ലാ കുടുംബാംഗങ്ങളേയും ഒഴിപ്പിക്കാൻ തയ്യാറാവുക.

അപകടത്തിന്ശേഷം: വീട്ടിലേക്ക്തിരിച്ചുവരുന്നതിന് മുമ്പ് അഗ്നിശമനസേന വിഭാഗ ഉദ്യോഗസ്ഥരോടൊപ്പം വീട് പരിശോധിക്കുക. അഗ്നിബാധ ഉണ്ടായ സ്ഥലത്തേയ്ക്ക് തിരിച്ച്പോകുമ്പോൾ ജാഗ്രത പാലിക്കുക. പുറത്തും, മേൽക്കൂരയിലും മറ്റ് ഭാഗങ്ങളിലും ചൂടോ, തീപ്പൊരിയോ, കനലോ ഉണ്ടോ എന്നും പരിശോധിക്കുക.

സുനാമി

ഇന്ത്യയിൽ സുനാമി ഒരു സാധാരണ സംഭവമായി കാണാറില്ല എങ്കിലും, 2004 ലെ സംഭവം ഇന്ത്യക്കും, തമിഴ്നാടിനും മുന്നറിയിപ്പ് നൽകി.

X Std - Geography Malayalam Unit-6.indd 218 1/27/2023 10:07:50 AM



സുനാമി

അപകടസാധ്യത കുറയ്ക്കാനുള്ള നടപടികൾ

അപകടത്തിനു മുൻപ്: നിങ്ങൾ ഒരു തീരപ്രദേശത്താണ് താമസിക്കുന്നതെങ്കിൽ സുനാമി അപകടസാധ്യതയെക്കുറിച്ചും, പ്രാദേശിക മുന്നറിയിപ്പു ക്രമീകരണങ്ങളെക്കുറിച്ചും, കുടുംബമായി രക്ഷപെടാനുള്ള പദ്ധതിയെക്കുറിച്ചും, അടുത്തുള്ള ഉയർന്ന വിജനസ്ഥലത്തെക്കുറിച്ചും അവിടെ എത്തിച്ചേരാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും അറിഞ്ഞിരിക്കുമല്ലോ.

അപകട സമയം: നിങ്ങളുടെ സഞ്ചി എടുക്കുക. അധിക ദൂരം യാത്ര ചെയ്യരുത്. വളരെപ്പെട്ടെന്ന് ഉയർന്ന വിജനസ്ഥലത്ത് എത്തിച്ചേരുക. നിങ്ങൾക്ക് സുനാമിയിൽ നിന്നും രക്ഷപ്പെടാൻ കഴിയിലെങ്കിൽ മുകളിലത്തെ നിലയിലേക്ക് കയറുക അല്ലെങ്കിൽ മേൽക്കൂരയിലേക്കോ, മരത്തിനു മുകളിലേക്കോ കയറുക, വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന വസ്തുവിൽ പിടിച്ചുകിടക്കുക എന്നിവയെല്ലാം ചെയ്യാം, ഒരിക്കലും തീരപ്രദേശത്ത് സുനാമി കാണാൻ പോകരുത്. റേഡിയോയിൽ പ്രാദേശിക വാർത്തകൾ കേൾക്കുക, അത്യാവശ്യ പദ്ധതികൾ തയ്യാറാക്കുക.

അപകടത്തിനു ശേഷം: തുടർച്ചയായി റേഡിയോ ശ്രദ്ധിക്കുക. അധികാരികൾ പ്രശ്നബാധിത മേഖലകൾ പരിശോധിച്ച് പ്രശ്നമില്ല എന്നറിയിച്ചശേഷം മാത്രം ആസ്ഥലങ്ങളിലേക്ക് തിരിച്ചുപോവുക. നിങ്ങൾ മുറിവുകളോ, പ്രശ്നങ്ങളോ ഉണ്ടോ എന്ന് സ്വയം പരിശോധിച്ച് പ്രഥമശുശ്രൂഷ ചെയ്യുക.

ഭൂചലനം (ഭൂകമ്പം)

ഇന്ത്യ വിസ്താരമേറിയ രാജ്യമാണ്. ഇവിടെ ധാരാളം ഭൂചലനങ്ങൾ നടന്നിട്ടുണ്ട്. പൊതുവേ ഉയർന്ന പ്രശ്നബാധിത മേഖലകൾ വടക്കും മദ്ധ്യഭാഗത്തുമാണ്. തമിഴ്നാട് സംസ്ഥാനം സ്ഥിതി ചെയ്യുന്നത് കുറഞ്ഞ പ്രശ്നബാധിത മേഖലയിലാണ്.

അപകടസാധ്യത കുറയ്ക്കാനുള്ള നടപടികൾ

അപകടസമയം: ഏതെങ്കിലും ഉറപ്പുള്ള മേശയുടേയോ, മരസാധനങ്ങളുടെ അടിയിൽ കമ്പനം തീരുന്നതുവരെ ഇരിക്കുക.

അപകടത്തിനു ശേഷം: ജാഗ്രതയോടെ പ്രവർത്തിക്കുക, ഭൂകമ്പത്തിൽ അപകടം സംഭവിച്ചേക്കാവുന്ന റോഡുകൾ, പാലങ്ങൾ എന്നിവ ഒഴിവാക്കുക.

സംസ്ഥാന ദുരന്ത നിവാരണ നേതൃത്വ സംഘടന പ്രവർത്തനങ്ങൾക്ക് താഴെപ്പറയുന്ന വകുപ്പുകളും, സംഘടനകളും സേവനമനുഷ്ഠിക്കുന്നു

സംസ്ഥാന / യൂണിയൻ പ്രദേശ സംഘടന	ജില്ലാ സംഘടന
1. സംസ്ഥാന ദുരന്ത നിവാരണ അധികാരം (ചെയർമാൻ /മുഖ്യമന്ത്രി)	1. ജില്ലാ മജിസ്ട്രേറ്റ് (ചെയർമാൻ, ജില്ലാ കളക്ടർ)
2. ദുരിതാശ്വാസം/ ദുരന്തനിവാരണ വകുപ്പ്	2. വരുമാന വകുപ്പ്
3. പോലീസ്	3. സിവിൽ അഡ്മിനിസ്ട്രേഷൻ
4. വനവകുപ്പ്	4. പ്രാദേശിക പോലീസ്
5. തീ മറ്റും സിവിൽ ഡിഫൻസ് സേവനം	5 സിവിൽ ഡിഫൻസ്
6. ആരോഗ്യ സേവനം	6. തീ & അത്യാഹിതസേവനം.
7. ഗതാഗത വകുപ്പ്	7. വീട് കാവൽ (പ്രാദേശിക വിഭാഗം, സർക്കാർ അല്ലാത്ത സംഘടന, സ്വയം തൊഴിൽ സംഘടന) മുതലായവ
8. പൊതുപ്രവർത്തനവകുപ്പ്	
9. മൃഗ സേവനംഡ	
10. ഭക്ഷ്യ & പൊതു വിതരണ വകുപ്പ്	

സംഗ്രഹം

- ഭൗതിക ഭൂമിശാസ്ത്രം എന്നത് ഭൂമിശാസ്ത്രത്തിന്റെ ഒരു വിഭാഗമാണ്. ഭൗതിക വിഭവങ്ങളായ ഭൂഘടന, നദി, കാലാവസ്ഥ, മണ്ണ്, പ്രകൃതിസസ്യങ്ങൾ etc എന്നിവയെപ്പറ്റിയുള്ള പഠനമാണ്.
- തമിഴ്നാടിനെ മൂന്ന് പ്രധാന ഭൗതിക വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അവ പർവ്വതങ്ങൾ (പശ്ചിമഘട്ടവും, പൂർവ്വഘട്ടവും) പീഠഭൂമികൾ (ബാരാമഹാൾ, കോയമ്പത്തൂർ, മധുര) സമതലങ്ങൾ എന്നിവയാണ്.
- കാവേരി പാലാർ, പൊന്നയാർ, വൈഗൈ, താമ്രപർണി എന്നിവയാണ് തമിഴ്നാട്ടിലെ പ്രധാന നദികൾ.
- തമിഴ്നാട്ടിലെ കാലാവസ്ഥ ഉഷ്ണമണ്ഡല സമുദ്രതീര കാലവസ്ഥ. ശൈത്യം, വേനൽ, തെക്കുപടിഞ്ഞാറൻ, വടക്കുകിഴക്കൻ കാലവർഷ ക്കാറ്റുകൾ എന്നിവയാണ് തമിഴ്നാട്ടിലെ കാലങ്ങൾ.
- തമിഴ്നാട്ടിലെ 20.21% ഭൗമശാസ്ത്ര പ്രദേശം വനമേഖലയാണ്. നിത്യഹരിതവനം ഇലപൊഴിയും കാടുകൾ, കൽക്കാടുകൾ, മുൾക്കാട്, മിതേഷണമേഖല മലങ്കാടുകൾ എന്നിവയാണ് പ്രധാനപ്പെട്ട വനങ്ങൾ.
- ചിട്ടയോടുള്ള പ്രവർത്തനങ്ങളാൽ ദുരന്തങ്ങളുടെ അപകങ്ങൾ കുറയ്ക്കാം.
- ഭൂചലനം, അഗ്നിപർവ്വതം, മൺചെരിവ്, ചുഴലിക്കാറ്റ്, വരൾച്ച, കാട്ടുതീ എന്നിവ പ്രകൃതി ദുരന്തങ്ങളാണ്.

X Std - Geography Malayalam Unit-6.indd 219 1/27/2023 10:07:50 AM

അഭ്യാസം

RHUS5

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. അക്ഷാംശരേഖയുടെ തമിഴ്നാട്ടിലെ വ്യാപനം
   a) 805'N to 13035'N b) 805'S to 13035'S
   c) 800'N to 1305'N d) 800'S to 13005'S
2. തമിഴ്നാട്ടിലെ ദീർഘാംശരേഖയുടെ വ്യാപനം
   a) 76018'E to 80020'E b) 76018'W to 80020'W
   c) 86018'E to 10020'E d) 86018'W to 10020'W
3. തമിഴ്നാട്ടിലെ ഉയർന്ന കൊടുമുടി
   a) ആനുമുടി b) ദൊഡ്ഡബെട്ട
   c) ബോർഗട്ട് d) സെർവരായൻ
4. തമിഴ്നാട്ടിലെ പശ്ചിമഘട്ടത്തിൽ സ്ഥിതി ചെയ്യാത്ത മലമ്പാത (ചുരം വഴി) താഴെതന്നവയിൽ ഏതാണ്.
   a) പാൽഘട്ട് b) ചെങ്കോട്ട
   c) ബോർഗട്ട് d) അച്ചൻകോവിൽ
5. താഴെത്തന്നവയിൽ ഏത് നദിയാണ് അറബിക്കടൽ പതിക്കുന്നത്.
   a) പെരിയാർ b) കാവേരി
   c) ചിറ്റാർ d) ഭവാനി
6. തമിഴ്നാട്ടിലെ ഏത് ജില്ലയിലാണ് കണ്ടൽക്കാടുകൾ ഏറ്റവും കൂടുതൽ ഉള്ളത്
   a) രാമനാഥപുരം b) നാഗപട്ടണം
   c) കടലൂർ d) തേനി
7. പിൻ വാങ്ങുന്ന കാലവർഷക്കാറ്റിന് എവിടെനിന്നാണ് ഈർപ്പം ലഭിക്കുന്നത്?
   a) അറബിക്കടൽ b) ബംഗാൾ ഉൾക്കടൽ
   c) ഇന്ത്യൻ മഹാസമുദ്രം d) ടൈമർ കടൽ
8. തമിഴ്നാട്ടിലെ ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ വനമുള്ളത്?
   a) ധർമ്മപുരി b) വെല്ലൂർ
   c) ദിണ്ടുഗൽ d) ഈറോഡ്

II. വിട്ടഭാഗം പൂരിപ്പിക്കുക:

1. നീലഗിരി ജില്ലയുടേയും, ധർമ്മപുരി ജില്ലയുടേയും ഇടയിൽ സ്ഥിതിചെയ്യുന്ന പീഠഭൂമി _____ആണ്.
2. പൂർവഘട്ടത്തിന്റെ തെക്കുഭാഗത്തുള്ള ഉയരംകൂടിയ കൊടുമുടി _____.
3. കാവേരി നദിയുടെ _____ഉം _____ഉം ശാഖകൾക്കിടയിലാണ് ശ്രീരംഗത്തിലെ റിവറൈൻ ദ്വീപ് സ്ഥിതിചെയ്യുന്നത്.
4. _____ തമിഴ്നാടിന്റെ സംസ്ഥാന മൃഗം.

III. യോജിപ്പിക്കുക:

1.	ശൈത്യകാലം	-	കാലവർഷത്തിനു മുൻപ്
2.	വേനൽക്കാലം	-	ജൂൺ മുതൽ സെപ് തംബർ വരെ
3.	തെക്കുപടിഞ്ഞാറൻ കാലവർഷം	-	മാർച്ച് മുതൽ മെയ് വരെ
4.	വടക്കുകിഴക്കൻ കാലവർഷം	-	ജനുവരിയും ഫെബ്രുവരിയും
5.	മാങ്ങാച്ചാറ്റൽ	-	ഒക്ടോബർ മുതൽ ഡിസംബർ വരെ

IV. പ്രസ്താവനാതരത്തിലുള്ള ചോദ്യങ്ങൾ:

1. **പ്രസ്താവന (A):** തെക്കുപടിഞ്ഞാറൻ കാലവർഷകാറ്റിൽ നിന്നും തമിഴ്നാട്ടിൽ അധികം മഴ ലഭിക്കുന്നില്ല.
   കാരണം (R): ഇത് സ്ഥിതി ചെയ്യുന്നത് പശ്ചിമഘട്ടത്തിന്റെ മഴനിഴൽ പ്രദേശത്താണ്.
   a) A യും R ഉം ശരിയാണ്. R എന്നത് A യുടെ വിശദീകരണമാണ്.
   b) A യും R ഉം ശരിയാണ്. പക്ഷേ R - A യുടെ വിശദീകരണമാണ്.
   c) A ശരിയാണ്. പക്ഷേ R തെറ്റാണ്.
   d) R ശരിയാണ്. പക്ഷേ A തെറ്റാണ്.

V. ചുരുക്കി ഉത്തരമെഴുതുക:

1. തമിഴ്നാടിന്റെ അതിർത്തികൾ ഏവ?
2. എന്താണ് ടെറി?
3. എങ്ങനെയാണ് തീരപ്രദേശസമതലം രൂപപ്പെടുന്നത്?
4. തമിഴ്നാട്ടിലെ പ്രധാന ദ്വീപുകൾ ഏവ?
5. തമ്രപർണി നദിയുടെ പോഷക നദികൾ ഏവ?
6. അപകടസാധ്യത കുറക്കാനുള്ള നടപടികൾ നിർവചിക്കുക.
7. ചുഴലിക്കാറ്റടിക്കുന്ന സമയത്ത് കാലാവസ്ഥ വിഭാഗം എപ്രകാരമാണ് മീൻപിടുത്തക്കാരോട് മുന്നറിയിപ്പുകൾ നൽകുന്നത്.

VI. താഴെത്തന്നവയെ വേർതിരിക്കുക:

1. താമ്രപർണി, കാവേരി

VII. കാരണം വ്യക്തമാക്കുക:

1. പൂർവഘട്ടം തുടർച്ചയായുള്ള മലനിരകളല്ല.
2. തെക്കുപടിഞ്ഞാറൻ കാലവർഷക്കാറ്റിനാൽ തമിഴ്നാട്ടിൽ വളരെക്കുറഞ്ഞ മഴയാണ് ലഭിക്കുന്നത്.

VIII. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക:

1. തമിഴ്നാട്ടിലെ പീഠഭൂമിയുടെ സ്വഭാവഘടന വിവരിക്കുക.
2. കാവേരി നദിയെക്കുറിച്ച് വിവരണം നൽകുക.
3. തമിഴ്നാട്ടിലെ ശൈത്യകാലത്തിന്റേയും വേനൽക്കാലത്തിന്റേയും സവിശേഷ സ്വഭാവങ്ങൾ വിവരിക്കുക.

X Std - Geography Malayalam Unit-6.indd 220 1/27/2023 10:07:51 AM

4. ചുഴലിക്കാറ്റ് അപകടത്തിനു മുൻപും അപകടത്തിനുശേഷവും എന്തൊക്കെനടപടികൾ സ്വീകരിക്കണം?

IX. ഭൂപട പഠനം

1. തമിഴ്നാട് ഭൂപടത്തിൽ പ്രധാന നദികളും മണ്ണിന്റെ വിതരണവും വനത്തിന്റെ തരങ്ങളും അടയാളപ്പെടുത്തുക.

REFERENCE BOOKS

1. *Geography of Tamil Nadu* by Kumarasamy (2018), Varthamana Publication, T. Nagar, Chennai.
2. *2. Kumaraswamy, S.V. (2014). Geography of Tamil Nadu (Tamil Version), Sakthi Abirami Pathipagam, Coimbatore.*
3. *Statistical Hand Book of Tamil Nadu (2016). Department of Economics and Statistics, Government of Tamil Nadu, Chennai.*
4. *Mathew, M. (2018). Manorama Yearbook – 2018 (English Version), Manorama Company Ltd., Kottayam..*

INTERNET RESOURCES

1. http://www.tn.gov.in/ta/Tamil Nadustate
2. https://www.forests.tn.gov.in
3. http://www.india-wris.nrsc.gov.in/wrpinfo/index.php?title=Major_Rivers_Flowing_in_Tamil_Nadu
4. http://www.environment.tn.nic.in/
5. http://agritech.tnau.ac.in/

ICT കോർണർ

തമിഴ്നാട്: ദുരന്തങ്ങളും ബോധവൽക്കരണവും

ഈ പ്രവർത്തനത്തിലൂടെ നിങ്ങൾ തമിഴ്നാട്ടിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കും.




ഘട്ടങ്ങൾ:

- ബ്രൗസറിനെ തുറന്ന് കീഴെ കൊടുത്ത URL നെ ടൈപ്പ് ചെയ്യുക അല്ലെങ്കിൽ QR കോഡിനെ സ്കാൻ ചെയ്യുക.
- ടോപ്പ് മെനുവിലെ 'ഭാഷ' മാറ്റി 'മീഡിയയും പൊതു അവബോധവും' എന്നതിലേക്ക് പോയി 'ഇൻഫോഗ്രാഫിക്സ്' തിരഞ്ഞെടുക്കുക.
- തമിഴ്നാട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മുൻകരുതലുകളുടെ വിശദാംശങ്ങൾ കാണുന്നതിന് 'ഡൗൺലോഡ്' ക്ലിക്കുചെയ്യുക



ഘട്ടം-1



ഘട്ടം-2



ഘട്ടം-3

Website URL:

https://tnsdma.tn.gov.in/

* ചിത്രങ്ങൾ സൂചകങ്ങൾ മാത്രമാണ്.

* ബ്രൗസറിന് ആവശ്യമെങ്കിൽ, ഫ്ളാഷ് പ്ലെയർ അല്ലെങ്കിൽ ജാവ സ്ക്രിപ്റ്റ് ലോഡുചെയ്യാൻ അനുവദിക്കുക.

X Std - Geography Malayalam Unit-6.indd 221 1/27/2023 10:07:51 AM

യൂണിറ്റ് 7

തമിഴ്നാടിന്റെ മാനുഷിക ഭൂമിശാസ്ത്രം



പഠന ലക്ഷ്യങ്ങൾ

സ്വയം പരിചയപ്പെടാൻ

- തമിഴ്നാടിന്റെ കാർഷിക വസ്തുക്കൾ പ്രധാന വിളവുകൾ അവയുടെ വിതരണവും മനസ്സിലാക്കുക.
- തമിഴ്നാടിന്റെ ജലവിഭവങ്ങളെക്കുറിച്ച് മനസ്സിലാക്കുക
- തമിഴ്നാടിന്റെ ധാതുവിഭവങ്ങളെയും വ്യാവസായിക വിഭവങ്ങളെയും കുറിച്ചുള്ള പഠനം.
- തമിഴ്നാടിന്റെ ജനസംഖ്യയെകുറിച്ച് വിശകലനം ചെയ്യുക.
- തമിഴ്നാടിന്റെ മനുഷ്യനിർമ്മിതമായ ദുരന്തങ്ങളെക്കുറിച്ചുള്ള പഠനം.

KWGS4

ആമുഖം

മാനുഷിക ഭൂമിശാസ്ത്രം എന്നത് മനുഷ്യ സമൂഹങ്ങളുടെ വികസനമാർഗ്ഗങ്ങളെക്കുറിച്ചും അവ യുടെ ഭാതിക പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്ര വർത്തനത്തെക്കുറിച്ചും പഠിക്കുന്നു. ഈ അദ്ധ്യായം തമിഴ്നാട്ടിലെ വിവിധ വിഭവങ്ങളുടെ വിതരണം സവിശേഷതകൾ വിനിയോഗം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഭൂപ്രകൃതി നദികൾ മണ്ണ്, പ്ര കൃതി സസ്യങ്ങൾ, ജലം വന്യജീവികൾ എന്നിങ്ങനെ വിവിധതരം പ്രകൃതിവിഭവങ്ങൾ ഭൂമിയിലുണ്ടെന്ന് നാം പഠിച്ചീട്ടുണ്ട്. ഈ വിഭവങ്ങൾ ഉപയോഗപ്പെടു ത്തുമ്പോൾ മാത്രമേ അവ പ്രയോജനകരമാവുകയു ള്ളൂ. മനുഷ്യർ ബുദ്ധി ശക്തിയും, നൈപുണ്യവും ഉപയോഗിച്ച് ഈ വിഭവങ്ങൾ കൈകാര്യം ചെയ്യുന്നു. അങ്ങനെ ഭൂമിയുടെ ഉപരിതലത്തിലെഏറ്റവും ശ്രേഷ്ഠമായ വിഭവങ്ങളിൽ ഒന്നാണ് മനുഷ്യർ. ഈ പ്രകൃതി വിഭവങ്ങൾ എല്ലാം അവരുടെ കഴിവുകളും പ്രവർത്തനക്ഷമതയും ഉപയോഗിച്ച് ഉപയോഗ പ്രദമായ ഉൽപന്നങ്ങളാക്കി മാറ്റുന്നു.

7.1 കൃഷി

'കൃഷി' എന്നവാക്ക് ലാറ്റിൽ പദങ്ങളായ 'അഗർ', 'കൾച്ചുറ' എന്ന വാക്കിൽ നിന്നാണ് രൂപം കൊണ്ടത്. കൃഷി ഒരു വിളവാണ്. വിത്തുവിത യ്ക്കൽ, കന്നുകാലി വളർത്തൽ, പക്ഷികൾ, വന സംരക്ഷണം, മീൻ വളർത്തൽ, മറ്റ് അനുബന്ധ പ്ര വർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്നു. തമിഴ്നാട്ടിലെ ജനങ്ങളുടെ മുഖ്യ തൊഴിൽ കൃഷിആണ്. സ്വാതന്ത്രാലപ്ധിക്കു ശേഷം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ മുഖ്യഘടകം കാർഷിക മേഖലയാണ്. സ്വാതന്ത്ര്യത്തിനുശേഷം 65% ത്തിൽ കൂടുതൽ ജനസംഖ്യ ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്നു. സംസ്ഥാനത്തിൽ സാമ്പത്തികത്തിന്റെ 21% കാർഷികമേഖലയിൽ നിന്നാണ് കിട്ടുന്നത്. ഇങ്ങനെയാണെങ്കിലും വർഷംന്തോറും ഏറ്റക്കുറ ച്ചിലുകൾ ഉണ്ടാകാറുണ്ട്. നെല്ല്, തിനവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, എന്നിവയാണ് തമിഴ് നാട്ടിലെ പ്രധാനപ്പെട്ട ഭക്ഷ്യ വിളവുകൾ. കരിമ്പ്, പരുത്തി സൂര്യകാന്തി, തേങ്ങ, കശുവണ്ടി, മുളക്, ഇഞ്ചി, നില ക്കടല, ചായ, കാപ്പി ഏലം, റബർ എന്നിവ പ്രധാന പ്പെട്ട വാണിജ്യ വിളവുകളാണ്.

7.2 കൃഷിയെബാധിക്കുന്ന ഭൂമി ശാസ്ത്ര പരമായ ഘടകങ്ങൾ

ഭൂഘടന, കാലാവസ്ഥ, മണ്ണ് ജലസേചനം എന്നിവ കാർഷി വളർച്ചയെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്.

ഭൂഘടന

വൈവിധ്യമാർന്ന ഭൂപ്രകൃതിയുടെ നാടാണ് തമിഴ്നാട്, ഇവിടെ കുന്നുകളും പീഠഭൂമികളും, സമതലങ്ങളും കാണപ്പെടുന്നു .സമതലങ്ങൾ കാർ

X Std - Geography Malayalam Unit-7.indd 222 1/27/2023 10:10:53 AM

ഷിക മേഖലയ്ക്ക് ഏറ്റവും അനുയോജ്യമാണ്. സമതല പ്രദേശങ്ങളിലുള്ള വരണ്ട മണ്ണ് കാർഷിക ഉല്പാദനത്തിന് വളരെയോജിച്ചതാണ്. ഉദ: കവേരി സമതലം പീഠഭൂമി പ്രദേശങ്ങളിലെ കൃഷി സമ്പ്രദായം വളരെ മിതമായതും കുന്നുകളിലെ കൃഷി സമ്പ്രദായം വളരെകുറവുമാണ്.

കാലാവസ്ഥ

ഭൂമദ്ധ്യരേഖയ്ക്ക്ടുത്തുള്ള ഉഷ്ണമേഖല പ്രദേശങ്ങളിലാണ് തമിഴ്നാട് സ്ഥിതി ചെയ്യപ്പെടുന്നത്. തമിഴ്നാട്ടിൽ ഉഷ്ണമേഖലകാലവസ്ഥയാണുള്ളത്. അതിനാൽ വർഷം മുഴുവനും തമിഴ്നാട്ടിലെ താപനില താരതമ്യേന ഉയർന്നതാണ്. അതിനാൽ ഉഷ്ണ മേഖലാവിളവുകൾ മാത്രമാണ് ഇവിടെ കൃഷിചെയ്യപ്പെടുന്നത്. കാർഷികമേഖലയെ പരിമിതപ്പെടുത്തുന്ന മറ്റൊരു ഘടകമാണ് ജലം. വടക്ക് കിഴക്കൻ കാലവർഷം മൂലമാണ് തമിഴ് നാട്ടിൽ മഴ ലഭിക്കുന്നത് അതിനാൽ പ്രധാന കാർഷിക വിളവുകൾ ഈ കാലങ്ങളിലെമഴയും ജലസേചന സൗകര്യങ്ങളും കാർഷിക മേഖലയെ വളരെയധികം ബാധിക്കുന്നു.

മണ്ണ്

കാർഷിക മേഖലയിലെ ഏറ്റവും ആവശ്യമായ ഘടകങ്ങളിൽ ഒന്നാണ് മണ്ണ്. വിളവുകളുടേയും സസ്യങ്ങളുടെയും വളർച്ചയ്ക്ക് ആവശ്യമായ ധാതുക്കളും പോഷകങ്ങളും ഇതുനൽകുന്നു. സംസ്ഥാനത്തെ ഏറ്റവും കാർഷിക ഉല്പാദന ക്ഷമതയുള്ള പ്രദേശങ്ങൾ നദീതടങ്ങളും, തീരദേശങ്ങൾ ഫലഭൂയിഷ്ഠമായ മണ്ണ് നിറഞ്ഞതും ആണ്.

തമിഴ്നാട്ടിലെ വിവിധ പ്രദേശങ്ങളിലെ കാർഷിക രീതി

ജലസേചനം

സംസ്ഥാനത്തിൽ കാലവർഷം ക്രമരഹിതമായിട്ടാണ് അനുഭവപ്പെടുന്നത്, ഇത് കൂടുതൽ കാലാനുസൃതമാണ് അതിനാൽ സംസ്ഥാനത്തിൽ വിളവുകൾ വിജയകരമായി കൃഷി ചെയ്യുന്നതിന് ജലസേചനം അത്യാവശ്യമാണ്. വരണ്ട പ്രദേശങ്ങളിൽ മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്യപ്പെടുന്നത്.

കാർഷിക രീതികൾ	വ്യാവസായിക പ്രദേശങ്ങൾ
ഉപജീവന കൃഷി സമ്പ്രദായം	തമിഴ്നാട്ടിലെ കുറച്ച് പ്രദേശങ്ങൾ ഒഴികെ മറ്റെല്ലാ പ്രദേശങ്ങളിലും ഈ കൃഷി സമ്പ്രദായം നടത്തി വരുന്നു.
തോട്ട കൃഷി	പശ്ചിമഘട്ടത്തിന്റെയും പൂർവ്വഘട്ടത്തിന്റെയും മലഞ്ചരിവുകളിൽ ഈ കൃഷി സമ്പ്രദായം നടന്നുവരുന്നു.
മിശ്ര കൃഷി സമ്പ്രദായം	കാവേരി, തെൻപ്പണ്ണയ് നദീതീരങ്ങളിലും ഈ കൃഷി സമ്പ്രദായം നടന്നു വരുന്നു.

7.3 തമിഴ് നാട്ടിലെ കാർഷിക കാലങ്ങൾ

കൃഷിയുടെ വിവിധ കാലങ്ങളിൽ കർഷകർ വ്യത്യസ്ഥവിളവുകൾ തെരഞ്ഞെടുക്കുന്നു. മണ്ണിലെ ഈർപ്പത്തിന്റെ താപനിലയെ അടിസ്ഥാനമാക്കിയാണ് ഈ രീതി സ്വീകരിക്കുന്നത്. ഇതനുസരിച്ച് സംസ്ഥാനത്തെ കാർഷിക കാലങ്ങൾ ചുവടെ ചേർക്കുന്നു.

പേര്	വിതയ്ക്കുകാലം	കൊയ്ത്തുകാലം	പ്രധാന വിളകൾ
സ്വർണ്ണവാരി (ചിത്തരപട്ടം)	ഏപ്രിൽ-മെയ്	ആഗസ്റ്റ്-സെപ്റ്റംബർ	തിന വർഗ്ഗങ്ങൾ പരുത്തി
ചമ്പാ (ആടി പട്ടം)	ജൂലൈ-ആഗസ്റ്റ്	ജനുവരി-ഫെബ്രുവരി	നെല്ല് കരിമ്പ്
നവരൈയ്	നവംബർ-ഡിസംബർ	ഫെബ്രുവരി-മാർച്ച്	പഴവർഗ്ഗങ്ങൾ പച്ചക്കറികൾ വെള്ളരിക്ക തണ്ണിമത്തൻ

7.4 തമിഴ് നാട്ടിലെ പ്രധാന വിളവുകളുടെ വിതരണം

നെല്ല്

തമിഴ്നാട്ടിലെ ജനങ്ങളുടെ പ്രധാനപ്പെട്ട ഭക്ഷ്യ വിളവാണ് നെല്ല്. ഇവിടെ കൃഷി ചെയ്യപ്പെടുന്ന നെല്ലിന്റെ പ്രധാന ഇനങ്ങൾ പൊന്നി, കിച്ചടി, ചമ്പ എന്നിവയാണ്. തമിഴ്നാട്ടിൽ ഏകദേശം 30 ദശലക്ഷം ഹെക്ടകർ നിലത്തിൽ നെല്ല് കൃഷി ചെയ്യപ്പെടുന്നുണ്ടെങ്കിലും തഞ്ചാവൂർ, തിരുവാരൂർ, തിരുവള്ളുവർ, കാഞ്ചിപുരം, വിഴുപ്പുറം കടലൂർ, തിരുനെൽവേലി എന്നീ ജില്ലകളിലാണ് ഇതിന്റെ കൃഷി കേന്ദ്രീകരിച്ചിരിക്കുന്നത്, ഇന്ത്യയിലെ അരി ഉല്പാദനത്തിൽ തമിഴ്നാട് മൂന്നാം സ്ഥാനം വഹിക്കുന്നു കാവേരി നദീതട സമതലങ്ങളിൽ (ഒഴിവാക്കാൻ ആകാത്തത് തഞ്ചാവൂർ ജില്ല) കൂടുതലും നെൽകൃഷി ചെയ്യപ്പെടുന്നു അതുകൊണ്ട് ഈപ്രദേശത്തെ "തമിഴ്നാടിന്റെ നെൽകലവറ" എന്നു പറയുന്നു.



നെൽകൃഷി

X Std - Geography Malayalam Unit-7.indd 223 1/27/2023 10:10:55 AM

നിങ്ങൾക്ക് അറിയാമോ?

തമിഴ്നാട്, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി (TNAU) യുടെ കീഴിൽ അരി മേഖലയിൽ പ്രവർത്തിക്കുന്ന ഒരു ഇന്ത്യൻ ഗവേഷണസ്ഥാപനമാണ് തമിഴ്നാട് അരി ഗവേഷണ സ്ഥാപനം (TRRJ). ഇതു തഞ്ചാവൂർ ജില്ലയിലെ ആടുതുറൈയിലാണ് സ്ഥിതി ചെയ്യുന്നത്. 1985 ഏപ്രിലിൽ തമിഴ്നാട് കാർഷിക ഗവേഷണ യൂണിവേഴ്സിറ്റി ഇവിടെ സന്ദർശിച്ചു. നിലവിലുള്ള കാർഷിക കോളേജുകളുടെയും ഗവേഷണകേന്ദ്രങ്ങളുടെയും സഹായത്തോടെ മേഖലയിലെ ഗവേഷണ ആവശ്യകതകളും നെല്ലും അടിസ്ഥാനമാക്കിയുള്ള വിള സമ്പ്രദായഗവേഷണത്തിനായി ശ്രമം നടത്തിവരുന്നു.

തിന വർഗ്ഗങ്ങൾ

തമിഴ്നാട്ടിലെ ജനസംഖ്യയുടെ ⅓ ഭാഗം ജനങ്ങളുടെ പ്രധാന ഭക്ഷണമാണ് തിനവർഗ്ഗങ്ങൾ. സോർഗം/ജോവർ, റാഗി (കേഴ് വരക്) ബജ്റ (കമ്പ്) എന്നിവയാണ് പ്രധാനപ്പെട്ട തിന വർഗ്ഗങ്ങൾ. ഇവ വരണ്ട പ്രദേശങ്ങളിൽ മാത്രമല്ല തീരപ്രദേശങ്ങളിലും വളരുന്നു. കോയമ്പത്തൂർ പീഠഭൂമിയിലും കമ്പം താഴ്വരയിലുമാണ് ചോളം കൃഷി ചെയ്യുന്നത്. കോയമ്പത്തൂർ, ധർമ്മപുരി, വെല്ലൂർ, കടലൂർ ജില്ലകളിലാണ് റാഗി കൃഷി ചെയ്യപ്പെടുന്നത്. രാമനാഥപുരം തിരുനെൽവേലി, കരൂർ പെരമ്പലൂർ സേലം ജില്ലകളിലാണ് കമ്പ് കൂടുതലും കൃഷി ചെയ്യപ്പെടുന്നത്.

2018 തിനവർഗ്ഗങ്ങളുടെ ദേശീയ വർഷമായി ആചരിച്ചു. തിന വർഗ്ഗങ്ങളുടെ അന്താരാഷ്ട്ര വർഷമായി 2023 ആചരിക്കാൻ FAO തീരുമാനിച്ചു.

പയറുവർഗ്ഗങ്ങൾ

പ്രോട്ടീനിന്റെ പ്രധാന ഉറവിടമാണ് പയറുവർഗ്ഗങ്ങൾ. ബംഗാൾഗ്രാം (കറിക്കടല) ഉഴുന്ന്, ചെറുപയർ, വെള്ളപ്പയർ, മുതിര എന്നിവയാണ് തമിഴ് നാട്ടിൽ വളരുന്ന പ്രധാന പയറുവർഗ്ഗങ്ങൾ. വരണ്ട പ്രദേശങ്ങളിൽ ജലസേചനത്തോടൊപ്പമോ അല്ലാതെയോ പയറുവർഗ്ഗങ്ങൾ കൃഷി ചെയ്യപ്പെടുന്നു. മിതമായ തണുത്തകാലവസ്ഥയും കുറഞ്ഞതോതിലുള്ള മഴയുമാണ് ഈ കൃഷിയ്ക്ക് അനുയോജ്യം മികച്ച കാലിത്തീറ്റയായി പയറുവർഗ്ഗങ്ങൾ പ്രയോജനപ്പെടുന്നു. ചെന്നൈ, നീലഗിരി, കന്യാകുമാരി എന്നീ ജില്ലകൾ ഒഴികെ മറ്റുള്ള എല്ലാ ജില്ലകളിലും പയറുവർഗ്ഗങ്ങൾ കൃഷി ചെയ്യപ്പെടുന്നു. കടല ഉൽപ്പാദത്തിൽ കോയമ്പത്തൂർ മുഖ്യ സ്ഥാനം വഹിക്കുന്നു. വെല്ലൂർ, കന്യാകുമാരി എന്നീ ജില്ലകളിൽ നിലക്കടല കൃഷി ചെയ്യപ്പെടുന്നു.

എണ്ണ വിത്തുകൾ

നിലക്കടല, ഇഞ്ചി, ആവണക്ക്, തേങ്ങ, സൂര്യകാന്തി, കടുക് എന്നിവയാണ് തമിഴ്നാട്ടിൽ

ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്രം ജൈവകൃഷി സംബന്ധിച്ചഒരു ദേശീയപദ്ധതി ആരംഭിച്ചു. പൊതുവായ കാര്യങ്ങൾ കൂടാതെ (അവബോധം സൃഷ്ടിക്കുക, ജൈവ വളങ്ങൾ പ്രോത്സാഹിപ്പിക്കുക, പരിശീലനം) ഈ പദ്ധതി കാർഷിക മാലിന്യങ്ങൾക്കുള്ള മൂലധന നിക്ഷേപം സബ്സിഡി സ്കീം വഴി സാമ്പത്തിക സഹായംനൽകുന്നു. കാർഷിക മാലിന്യവളം, ഉല്പാദന യൂണിറ്റുകൾ, ജൈവവളങ്ങൾ, ജൈവകീടനാശിനി ഉല്പാദന യൂണിറ്റുകൾ, ഗുണനിലവാരനിയന്ത്രണം, മാനവവിഭവശേഷിവികസനം എന്നിവക്കുള്ള ധനസഹായം നൽകുന്നു.

വളരുന്ന എണ്ണ വിത്തുകൾ. ഭക്ഷണം തയ്യാറാക്കുന്നതിനുള്ള ഉപയോഗത്തിനു പുറമേ വ്യവസായ ശാലകളിൽ ഉപയോഗിക്കുന്നതിനും ചായം പൂശുന്നതിനും സോപ്പ്, മെഴുകുതിരികൾ, സൗന്ദര്യ വസ്തുക്കൾ, ഔഷധങ്ങൾ എന്നിവയുടെ നിർമ്മാണത്തിനും എണ്ണ വിത്തുകൾ ഉപയോഗിക്കുന്നു. സംസ്ഥാനത്തെ പ്രധാന എണ്ണ വിത്ത് നിലക്കടലയാണ്. വെല്ലൂർ, തിരുവണ്ണാമലൈ, വിഴുപ്പുറം കള്ളക്കുറിച്ചി എന്നീ ജില്ലകളിൽ നിലക്കടല കൂടുതലായി കൃഷി ചെയ്യപ്പെടുന്നു. കൂടാതെ ധർമ്മപുരി, സേലം, പുതുക്കോട്ടൈ, കടലൂർ പെരമ്പലൂർ, മധുര എന്നീ ജില്ലകളിലും ഇവ കൃഷി ചെയ്യപ്പെടുന്നു. ഈറോഡ്, രാമപുരം, ശിവഗംഗ, വിരുതുനഗർ ജില്ലകളിൽ ചെറിയ തോതിൽ എണ്ണ വിത്തുകൾ ഉല്പാദിപ്പിക്കുന്നു. കോയമ്പത്തൂർ, തഞ്ചാവൂർ കന്യാകുമാരി ജില്ലകളിലാണ് തേങ്ങ കൃഷി ചെയ്യപ്പെടുന്നത്.


കരിമ്പ്

സംസ്ഥാനത്തെ പ്രധാന നാണ്യവിളവുകളിൽ ഒന്നാണ് കരിമ്പ്. ഇത് ഒരു വാർഷിക വിളവാണ്. കരിമ്പ് കൃഷിക്ക് ഉയർന്ന താപനിലയും കനത്തമഴയും ആവശ്യമാണ്. ഇത് ഉഷ്ണമേഖല പ്രദേശങ്ങളിലാണ് നന്നായിവളരുന്നത്. തിരുവള്ളൂർ, കാഞ്ചിപുരം, വെല്ലൂർ, കടലൂർ, തിരുച്ചിറാപ്പള്ളി, കോയമ്പത്തൂർ ഈറോഡ്, തിരുനെൽവേലി എന്നീ ജില്ലകളിലാണ് പ്രധാനമായി കരിമ്പ് കൃഷി ചെയ്യപ്പെടുന്നത്.

പരുത്തി

പരുത്തി ഒരു നാരുവിളവും നാണ്യവിളവുമാണ് പരുത്തി കൃഷിക്ക് യോജിച്ച മണ്ണ് കരിമണ്ണാണ്. ഇത് ഉഷ്ണ മിതോഷ്ണ മണ്ഡല പ്രദേശങ്ങളിൽ നന്നായി വളരുന്നു പരുത്തി കൃഷിയ്ക്ക് ആരംഭത്തിൽ ഈർപ്പമുള്ള കാലാവസ്ഥയും ആവശ്യമാണ് ഇത് പ്രധാനമായും കൃഷി ചെയ്യപ്പെടുന്നത് മധുര, രാമനാഥപുരം, വിരുതുനഗർ, തിരുനെൽവേലി,

X Std - Geography Malayalam Unit-7.indd 224 1/27/2023 10:10:56 AM



കുറിപ്പ്

നെല്ല് കരിമ്പ് റാഗി പരുത്തി കാപ്പി

പയറു വർഗ്ഗങ്ങൾ എണ്ണവിത്തുകൾ തേയില

തിനവർഗ്ഗങ്ങൾ റബ്ബർ

X Std - Geography Malayalam Unit-7.indd 225 1/27/2023 10:10:56 AM

തൂത്തുക്കുടി സേലം ധർമ്മപുരി ജില്ലകളിലാണ്.

ഉയർന്ന ഗുണനിലവാരമുള്ള ക്ലോണൽ ചായയുമായി ബന്ധമുള്ളതാണ്. ഇന്ത്യയിലെ ഏറ്റവും വലിയ ബ്ലാക്ക്ടീ നിർമ്മാതാക്കളിൽ ഒരാളാണ് ടാൻടിയ (ടാൻടിയ കോർപറേഷൻ ലിമിറ്റഡ്) ഇതിന്റെ തോട്ടം 4500 ഹെക്ടർ നിലത്തിൽ വ്യപിച്ചു കിടക്കുന്നു.

തോട്ടവിളവുകൾ

സംസ്ഥാനത്തെ പ്രധാന തോട്ടവിളവുകൾ ചായ, കാപ്പി, കശുവണ്ടി, റബ്ബർ, സിങ്കോണ എന്നിവയാണ്. ആസ്സാമിനു തൊട്ടടുത്തായി ഇന്ത്യയിലെ തേയിലഉല്പാദനത്തിൽ തമിഴ്നാട് രണ്ടാം സ്ഥാനം വഹിക്കുന്നു. തേയില കൃഷിയിൽ നീലഗിരി ജില്ല മുഖ്യസ്ഥാനം വഹിക്കുന്നു. പശ്ചിമഘട്ടത്തിലും, പൂർവ്വഘട്ടത്തിലും കാണപ്പെടുന്ന മലഞ്ചരുവുകളിൽ കാപ്പി കൃഷി ചെയ്യപ്പെടുന്നു. ദിണ്ടുക്കൽ, മധുര, തേനി ജില്ലകളിലെ മലയോര പ്രദേശങ്ങളിലും കാപ്പി കൃഷി ചെയ്യപ്പെടുന്നു. ഏർക്കാട്, കൊല്ലിമല കൊടൈക്കനാൽ മലകളിലും കാപ്പിത്തോട്ടങ്ങൾ കണ്ടുവരുന്നുണ്ട്. കർണ്ണാടകയ്ക്ക് അടുത്തതായി കാപ്പി ഉല്പാദനത്തിൽ തമിഴ്നാട് രണ്ടാം സ്ഥാനം വഹിക്കുന്നു. കന്യാകുമാരിയിലെ റബ്ബർത്തോട്ടങ്ങൾ പ്രാധാന്യം അർഹിക്കുന്നവയാണ്. കുരുമുളക് തമിഴ്നാട്ടിലെ കിഴക്ക് പടിഞ്ഞാറൻ ഘട്ടങ്ങളിലെ ഈർപ്പമുള്ളതും വരണ്ടതുമായ പ്രദേശങ്ങളിൽ കൃഷി ചെയ്യപ്പെടുന്നു. കടലൂർ ജില്ലയിലാണ് കശുവണ്ടി വ്യാപകമായി കൃഷി ചെയ്യപ്പെടുന്നത്.

രണ്ടാം ഹരിത വിപ്ലവം (എക്കോഫാമിംഗ് അല്ലെങ്കിൽ ഓർഗാനിംഗ് ഫാമിംഗ്)

ജൈവകൃഷിയിൽ കൃതിമവളങ്ങൾ കീടനാശിനികൾ, കന്നുകാലി തീറ്റ വളർച്ച റെഗിലേറ്റർ, കന്നുകാലി വളം എന്നിവ ഉപയോഗിക്കില്ല. മണ്ണിന്റെ ഉല്പാദനക്ഷമത നിലനിർത്തുന്നതിന് വിളവുകളുടെ അവശിഷ്ടങ്ങൾ, മൃഗങ്ങളുടെ വളം കൃഷി സ്ഥലത്തെ ജൈവമാലിന്യങ്ങൾ, ജൈവകീടനിയന്ത്രണം എന്നിവ ആവശ്യമാണ് സംസ്ഥാനത്തെ വളരെക്കുറച്ച് കർഷകരാണ് ഈ കാർഷിക രീതി സ്വീകരിക്കുന്നത് ഈ രീതിയെ അവലംബിക്കുകയാണെങ്കിൽ കാർഷിക വിളവുകളെ മെച്ചപ്പെടുത്താം.

7.5 കന്നുകാലികൾ/മൃഗസംരക്ഷണം

കന്നുകാലി ഗ്രാമീണ ജനതയുടെ സാമൂഹിക സാമ്പത്തിക ഘടനയുടെ അവിഭാജ്യഘടകമാണ്.

തമിഴ്നാട് ഡയറി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, പുതുതായി രജിസ്റ്റർ ചെയ്ത് തമിഴ്നാട് സഹകരണ ക്ഷീരോല്പാദക ഫെഡറേഷൻ ലിമിറ്റഡ് 'ആവിൻ' എന്ന പേരിൽ അറിയപ്പെടുന്നു.

ആട്

ആടിനെ ഇന്ത്യയിലെ പാവപ്പെട്ട പശു എന്നും അറിയപ്പെടുന്നു. വരണ്ട പ്രദേശങ്ങളിലെ കൃഷി സമ്പ്രദായത്തിൽ ഇതു വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. പശു അല്ലെങ്കിൽ എരുമപോലുള്ള മറ്റു കന്നുകാലികളെ വളർത്താൻ അനുയോജ്യമല്ലാത്ത പ്രദേശങ്ങളിൽ, ആടിനെ വളർത്താൻ സാധിക്കും. ചെറുകിട കർഷകർക്ക് ലാഭകരമായ ഒരു സംരഭമാണ് ആടുവളർത്തൽ.

ചെമ്മരിയാട്

കമ്പിളി, മാംസം, പാൽ തൊലികൾ വളം എന്നിങ്ങനെ ഒന്നിലധികം ആവശ്യങ്ങൾക്കായി ആടുകളെ വളർത്തുന്നു. ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ പ്രധാന ഘടകമാണ് ഇവ. പ്രത്യേകിച്ച് തമിഴ്നാട്ടിലെ വരണ്ടതും, അർദ്ധവരണ്ട പ്രദേശങ്ങളിലും ഇത്തരത്തിലുള്ള ആടുകളെ വളർത്താൻ സാധിക്കുന്നു. കമ്പിളി, മൃഗങ്ങൾ എന്നിവയുടെ വിൽപ്പനയിലൂടെ ഇടയൻമാർക്ക് വിശ്വസിനിയമായ വരുമാന മാർഗ്ഗം ഉണ്ടാകുന്നു.

മീൻപിടിത്തം

തമിഴ്നാട്ടിലെ തീരദേശജനങ്ങളുടെ മുഖ്യ തൊഴിൽ മീൻ പിടിത്തമാണ്. നദികളിലും ജലസംഭരണികളിലും ഉൾനാട്ടുമീൻപിടിത്തം ഗണ്യമായ രീതിയിൽ നടന്നു വരുന്നു.

സമുദ്ര മത്സ്യ ബന്ധനം

സംസ്ഥാനത്തിന്റെ 41.412 ചതുരശ്ര കി.മീ. വിസ്തീർണ്ണം തീരദേശമത്സ്യബന്ധനത്തെ അനുകൂലിക്കുന്നു സമുദ്ര മത്സ്യ ഉല്പാദനത്തിൽ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാണ് തമിഴ്നാട്. സമുദ്ര മത്സ്യബന്ധനത്തെ 'ഇൻഷോർഫിഷ്' അല്ലെങ്കിൽ നെറിറ്റിക് ഫിഷ് എന്നുവിളിക്കുന്നു വലിയ യന്ത്രവൽക്രിത ബോട്ടുകൾ മത്സ്യ ബന്ധനത്തിന് ഉപയോഗിക്കുന്നു സമുദ്രത്തിലോ, സമുദ്ര ജലത്തിലോ കടൽത്തീരത്തുനിന്നും ഏതാനും മീറ്റർ അകലെയുള്ള മത്സ്യബന്ധനത്തെ കടൽത്തീര മത്സ്യബന്ധനമെന്നും കരയിൽ നിന്നും 20 മുതൽ 30 മൈൽ അകലെയുള്ള മത്സ്യബന്ധനത്തെ 'ഓഫ്ഷോർ ഫിഷിംങ്' എന്നും വിളിക്കുന്നു. ഇവിടുത്തെ മത്സ്യ ഇനങ്ങൾ സ്രാവ്, പറക്കുന്ന മത്സ്യം, കൊഞ്ച്, പുച്ച മത്സ്യം, സിൽവർ ബെല്ലി, ഞണ്ട് എന്നിവയാണ് ചെന്നൈ, കന്യാകുമാരി തിരുനെൽവേലി നാഗപട്ടണം, തഞ്ചാവൂർ രാമനാഥപുരം എന്നീ ജില്ലകളിൽ 40% ത്തോളം ഈ രീതികളിലാണ് മീൻപിടിത്തം നടത്തുന്നത്. സംസ്ഥാനത്തിന്റെ തീരദേശഘടന ഈ രീതിയിലുള്ള മീൻപിടിത്തത്തിന് അനുയോജ്യമാണ്.

X Std - Geography Malayalam Unit-7.indd 226 1/27/2023 10:10:56 AM

ഉൾനാടൻ മത്സബന്ധനം

ഉൾനാടൻ മത്സ്യബന്ധനം നടത്തുന്നത് നദികളിലും, തടാകങ്ങളിലും, കുളങ്ങളിലും കായലുകളിലും, അഴിമുഖങ്ങളിലും, ചതുപ്പു നിലങ്ങളിലുമാണ്. മുത്തു ചിപ്പികളും, ചെമ്മീനും പ്രത്യേക സ്ഥലങ്ങളിൽ സംസ്കരിക്കപ്പെടുന്നു. കട്ടമരം, ഡീസൽ ബോട്ടുകൾ, മീൻ വലകൾ എന്നിവ മീൻ പിടിക്കുന്നതിന് ഉപയോഗിക്കുന്നു. മീൻ പിടിത്തത്തിന്റെ പുരോഗമനത്തിനായി തമിഴ്നാട് ഫിഷറീസ് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട പദ്ധതികൾ കാർഷികക്കുളങ്ങൾ, ജലസേചനസംഭരണികൾ, മത്സ്യ ബീജശേഖരം, മത്സ്യ സംസ്കരണം, എന്നിവയാണ്. ഉൾനാടൻ മത്സ്യ ഉത്പാദനത്തിൽ വെല്ലൂർ ജില്ല മുൻ നിരയിലാണ്. കടലൂർ ശിവഗംഗ, വിരുതനഗർ ജില്ലകൾ രണ്ടാം സ്ഥാനത്താണ് 9% ഉൾനാടൻ മത്സ്യങ്ങളെ പിടിക്കുന്നു.

7.6 ജല വിഭവം

മനുഷ്യ വർഗ്ഗത്തിനും ഭൂമിയിൽ ജീവിക്കുന്ന ദശലക്ഷ കണക്കിന് ജീവജാലങ്ങൾക്കും പ്രകൃതിയുടെ വിലയേറിയ ഒരു സമ്മാനമാണ് ജലം.

ഇന്ത്യയുടെ ഭൂവിസ്തൃതിയുടെ 4% തമിഴ്നാടാണ്. ഇന്ത്യയിൽ 6% ത്തോളം ആളുകൾ വസിക്കുന്നു, എങ്കിലും ഇന്ത്യയിലെ ജലസ്രോതസ്സുകളുടെ 2.5% മാണ് ഇവിടെ ഉള്ളത്. ഉപരിതല ജലത്തിന്റെ 95% വും ഭൂഗർഭജലത്തിന്റെ 80% ഇതിനകം ഉപയോഗിച്ച് കഴിഞ്ഞു .

ഉപരിതല വിഭവങ്ങൾ	എണ്ണം
നദി തടങ്ങൾ	17
റിസർവേഴ്സ്	81
ടാങ്കുകൾ	41,127
കുഴൽ കിണറുകളും കിണറുകളും	4,98,644
ഓപ്പൺ വെൽസ്	15,06,919
മൊത്ത (മില്ല്യൻ ക്യൂബിക് മീറ്ററിൽ)	2046788 MCM

ആധാരം : സ്റ്റാറ്റിസ്ക്കൽ ഹാൻബുക്ക് ഓഫ് തമിഴ്നാട് - *2017*

വിവിധോദ്ദേശ നദീതാഴ്വര പദ്ധതികൾ

വിവിധോദ്ദേശ നദീതാഴ്വര പദ്ധതികൾ അടിസ്ഥാനപരമായി രൂപകൽപ്പന ചെയ്തിരിക്കുന്നത് കാർഷിക ജലസേചനത്തിനും ജലവൈദ്യുതിക്കും വേണ്ടിയാണ് എന്നിരുന്നാലും പല ആവശ്യങ്ങൾക്കായി ഈ പദ്ധതി ഉപയോഗിച്ചു വരുന്നു.

മേട്ടൂർ അണക്കെട്ട്

കാവേരി സമതലങ്ങളിലേയ്ക്ക് പ്രവേശിക്കുന്ന ഒരു മലയിടുക്കിലാണ് മേട്ടൂർഡാം നിർമ്മിച്ചിട്ടുള്ളത് ഇന്ത്യയിലെ ഏറ്റവു പഴക്കമേറിയ അണക്കെട്ട് കളിൽ ഓന്നാണിത്. സേലം, ഈറോഡ്, കരൂർ തിരിച്ചിറപ്പള്ളി, തഞ്ചാവൂർ, തിരുവാരൂർ നാഗപട്ടണം എന്നീ ജില്ലകളിലെ 2,71,30 ഏക്കർ കൃഷി സ്ഥലങ്ങളിൽ ജലസേചനം നടത്തുന്നു.



മേട്ടൂർ അണക്കെട്ട

ഭവാനി സാഗർ അണക്കെട്ട്

ഈറോഡ് ജില്ലയിലെ- കോയമ്പത്തൂരിൽ നിന്ന് 80 കി.ലോ. മീറ്റർ അകലെയാണ് ഭവാനി സാഗർ അണക്കെട്ട് നിർമ്മിച്ചിട്ടുള്ളത്. ഭവാനി നദിക്ക് കുറുകെയാണ് ഈ അണക്കെട്ട് നിർമ്മിച്ചിട്ടുള്ളത്. മണ്ണു കൊണ്ടു (earthen) നിർമ്മിതമായ രാജ്യത്തെ ഏറ്റവും വലിയ അണക്കെട്ടുകളിൽ ഒന്നാണിത്.

അമരാവതി അണക്കെട്ട്

തിരുപ്പൂർ ജില്ലയിലെ ഉടുമലപ്പേട്ടയിൽ നിന്ന് 25 കിലോ മീറ്റർ അകലെയാണ് അമരാവതി അണക്കെട്ട് ഉള്ളത് കാവേരി നദിയുടെ പോഷക നദിയായ അമരാവതി നദിയ്ക്ക് കുറുകെയാണ് ഈ അണക്കെട്ട് നിർമ്മിച്ചിട്ടുള്ളത് പ്രധാനമായും ജല സേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും ആണ് ഈ അണക്കെട്ട് നിർമ്മിച്ചിട്ടുള്ളത്. ഈ അടുത്ത കാലത്ത് ഒരു ചെറിയ ജല വൈദ്യുതി നിലയവും അവിടെ സ്ഥാപിച്ചിട്ടുണ്ട്.

കൃഷ്ണഗിരി അണക്കെട്ട്

ധർമ്മ പുരിയിൽ നിന്ന് 7 കിലോ മീറ്റർ അകലെയാണ് കൃഷ്ണഗിരി അണക്കെട്ട് നിർമ്മിച്ചിട്ടുള്ളത്.

സാത്തനൂർ അണക്കെട്ട്

ചെങ്ങം താലൂക്കിലെ തെൻ പെണ്ണൈ നദിക്കുറുകെ സാത്തനൂർ അണക്കെട്ട് നിർമ്മിച്ചിരിക്കുന്നു. ചെന്നകേശവക്കുന്നുകൾക്കിടയിലാണ് ഈ അണക്കെട്ട് ഉള്ളത്. തന്ത്രംപേട്ട് തിരുവണ്ണാമലൈ പ്രദേശങ്ങളിൽ ഈ അണക്കെട്ട് മൂലം ജല സേചനം നൽകി വരുന്നു. ഇവിടെ ഒരു വലിയ മുതല സംരക്ഷണ കേന്ദ്രവും, ഫിഷ് ഗ്രോട്ടോയും (മീൻഗുഹ) ഉണ്ട് ഡാമിനുള്ളിൽ പാർക്കുകൾ പരിപാലിക്കുകയും പൂന്തോട്ടങ്ങൾ ചലച്ചിത്രത്തിന് ഉപയോഗിക്കുകയും ചെയ്യുന്നു.

X Std - Geography Malayalam Unit-7.indd 227 1/27/2023 10:10:56 AM

മുല്ലപ്പെരിയാർ അണക്കെട്ട്

1895 - ബ്രീട്ടിഷ് ഭരണകൂടമാണ് മുല്ലപ്പെരിയാർ അണക്കെട്ട് നിർമ്മിച്ചത് കേരളത്തിലെ തേക്കടിക്കുന്നുകളിൽ നിന്ന് ഉത്ഭവിക്കുന്ന പെരിയാർ നദിയിലാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. വരൾച്ച ബാധിത പ്രദേശമായ തമിഴ് നാട്ടിലെ കാർഷിക ഭൂമിയിൽ ജലസേചനം നടത്തുന്നതിനാണ് പ്രധാനമായും ഈ അണക്കെട്ട് നിർമ്മിച്ചത്. ഈ അണക്കെട്ട് കേരള സംസ്ഥാനത്ത് ആണെങ്കിലും അതിന്റെ ഭൂരിഭാഗം ജലവും തമിഴ്നാട് ജല സേചനത്തിനായി ഉപയോഗിക്കുന്നു.

വൈഗൈ അണക്കെട്ട്

ആണ്ടിപെട്ടിക്കടുത്തുള്ള വൈഗൈ നദിക്ക്കുറകെയാണ് ഈ അണക്കെട്ട് നിർമ്മിച്ചിച്ചുള്ളത് 111 അടി വരെ ഉയരമുള്ള ഈ അണക്കെട്ടിന് 71 അടി വരെ ജലം സംഭരിക്കാൻ കഴിയും. ആണ്ടിപെട്ടിയിൽ നിന്ന് 7 കിലോ മീറ്ററും മധുരയിൽ നിന്നു 70 കിലോമീറ്ററും അകലത്തിലാണ് ഈ ഡാം നിർമ്മിച്ചിരിക്കുന്നത്. 1959 ജനുവരി 21-നാണ് ഈ അണക്കെട്ട് ഉദ്ഘാടനം ചെയ്തത്.

മണിമുത്താർ അണക്കെട്ട്

തിരുനെൽവേലിയിൽ നിന്ന് 47 കിലോ മീറ്റർ അകലെയാണ് മണിമുത്താർ ഡാം സ്ഥിതി ചെയ്യുന്നത്.

പാപനാശം അണക്കെട്ട്

തിരുനെൽവേലിയിൽ നിന്ന് 49 കിലോ മീറ്റർ അകലെയാണ് ഈ അണക്കെട്ട് സ്ഥിതി ചെയ്യുന്നത്. ഇതിനെകരയാർ അണക്കെട്ട് എന്നും അറിയപ്പെടുന്നു. തിരുനെൽവേലി, തൂത്തുക്കുടി ജില്ലകളിലെ ജല സേചനം നടത്താൻ ഈ അണക്കെട്ട് പ്രയോജനപ്പെടുന്നു.


പറമ്പിക്കുളം ആളിയാർ പദ്ധതി

തമിഴ്നാടിന്റെയും കേരളത്തിന്റെയും സമീപ സംരഭമാണിത് പറമ്പിക്കുളം, ആഴിയാർ എന്നീ പ്രധാന നദികൾ ഉൾപ്പെടുന്ന 7 നദികളുടെ ജലം ഉപയോഗിച്ച് പരസ്പരം ബന്ധിപ്പിച്ച 7 ജലസംഭരണികളുടെ നിർമ്മാണമായിട്ടാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്.

പരപ്പലാർ പദ്ധതി സ്ഥിതി ചെയ്യുന്നത് ഒട്ടൻച്ചത്രത്തിലാണ്. ഇതിന്റെ സംഭരണശേഷി 167 ദശലക്ഷം ഘനയടി (ക്യൂബിക് ഫീറ്റ്) യാണ് ഇത് മധുരയിൽ നിന്ന് 75 കിലോ മീറ്റർ അകലെയുള്ള പഴനി താലൂക്കിലാണ് ഉള്ളത്.

ജല വിഭവ പരിപാലനം

ജലവിഭവങ്ങളുടെ പരമാവധി ഉപയോഗം, ആസൂത്രണം ചെയ്യുക, വികസിപ്പിക്കുക, വിതരണം ചെയ്യുക, കൈകാര്യം ചെയ്യുക എന്നിവ ജല വിഭവ പരിപാലനത്തിന്റെ ചുമതലയാണ് വർദ്ധിച്ചു വരുന്ന ജന സംഖ്യയും സാമ്പത്തിക വളർച്ചയുടെ കാരണമായ പ്രതിശീർഷ ആവശ്യങ്ങളും കാരണം തമിഴ്നാട്ടിലെ ജലത്തിന്റെ ഉപയോഗം അതിവേഗം വർദ്ധിച്ചു കൊണ്ട് ഇരിക്കുകയാണ്. ആഭ്യന്തര, വ്യാവസായിക മേഖലകളിൽ നിന്നുള്ള ആവശ്യങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ് മൺസൂൺ മഴയെ സംസ്ഥാനം വളരെയധികം ആശ്രയിച്ചിരിക്കുന്നു.



7.7 ധാതു വിഭവങ്ങൾ

രാജ്യത്തിന്റെ വിഭവങ്ങളായ വെർമികുലേറ്റ് മാംഗനറ്റെറ്റ്, ടൃൂനൈറ്റ് റട്ടൈയിൽ, ഗാർനെറ്റ് മോളിബ്ഡേനിം,ഇൽമൈനൈറ്റ് എന്നീ ധാതുക്കളുടെ വിഭവങ്ങൾക്ക് തമിഴ്നാട് മുഖ്യസ്ഥാനം വഹിക്കുന്നു.

നെയ്വേലിയിൽ വലിയ തോതിൽ ലിഗ്നൈറ്റ് വിഭവങ്ങൾ ഉണ്ട്. എണ്ണയും, വാതകവും കാവേരി തടങ്ങളിൽ കാണപ്പെടുന്നു.

സേലം ജില്ലയിലെ കഞ്ചാമലയ്മേഖലയിലും തിരുവണ്ണാമലയ് ജില്ലയിലെ കൽവരാൻ മലയ്മേഖലയിലും ഇരുമ്പിന്റെ നിക്ഷേപം കാണപ്പെടുന്നു. കോത്തഗിരി, ഉദകമണ്ഡലം, പഴനി, കൊല്ലിമലയ് പ്രദേശങ്ങളിൽ ബോക്സൈസറ്റ് കാണപ്പെടുന്നു. തിരിച്ചിറപ്പള്ളി, തിരുനെൽവേലി, തുത്തൂക്കുടി വിരുതുനഗർ ജില്ലകളിലും ജിപ്സം ലഭിക്കുന്നു. കന്യാകുമാരി ജില്ലയിലെ തീര പ്രദേശങ്ങളിൽ ഇൽമനൈറ്റ്, റൂട്ടൈയിൽ എന്നിവ കാണപ്പെടുന്നു. കോയമ്പത്തൂർ, കടലൂർ

X Std - Geography Malayalam Unit-7.indd 228 1/27/2023 10:10:57 AM

ദിണ്ടുക്കൽ, കാഞ്ചീപുരം, കരൂർ, നാഗപട്ടണം, നാമക്കൽ, പെരമ്പലൂർ രാമനാഥപുരം, മധുര, സേലം, തിരുവള്ളുവർ എന്നീ ജില്ലക ളിൽ നിന്ന് ചുണ്ണാമ്പുകല്ല് ലഭിക്കുന്നു.

കോയമ്പത്തൂർ, ധർമ്മപുരി, കരൂർ, നാമക്കൽ, നീലഗിരി, സേലം, തിരുച്ചിറാപ്പള്ളി, തിരുനെ ൽവേലി, തിരുപ്പത്തൂർ, വെല്ലൂർ ജില്ലകളിൽ നിന്നും മാംഗനസൈറ്റും ലഭിക്കുന്നു. ഫെൽസ്പാർ, ക്വാർട്ട്സ്, ചെമ്പ് ഈയം എന്നി വയും സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ കാണപ്പെടുന്നു.

7.8 വ്യവസായങ്ങൾ

വ്യവസായ ശാലകളിൽ അസംസ്കൃത വസ്തു ക്കൾ ഉപയോഗിക്കുകയും അവയെ ഉപയോഗയോ ഗ്യമായ ഉല്പന്നങ്ങളായി മാറ്റുകയും ചെയ്യുന്നു തുണിത്തരങ്ങൾ പഞ്ചസാര പേപ്പർ,തോൽ ഉല്പന്നങ്ങൾ, സിമന്റ്, ഇലക്ട്രിക് ഉപകരണങ്ങൾ, വാഹനങ്ങൾ വിവരസാങ്കേതിക വിദ്യ, ടൂറിസം, എന്നിവയാണ് തമിഴ്നാട്ടിലെ പ്ര ധാന വ്യവസായങ്ങൾ.

വസ്ത്ര വ്യവസായം

തമിഴ്നാട്ടിൽ പരമ്പരാഗത മായി വികസിപ്പിച്ച വ്യവസായ ങ്ങളിൽ ഒന്നാണിത്. കോയമ്പ ത്തൂർ തിരുപ്പൂർ, സേലം പല്ലടം, കരൂർ ദിണ്ടുക്കൽ, വിരുതുനഗർ, തിരുനെൽവേലി തൂത്തുക്കുടി, മധുര ഈറോഡ് എന്നിവിടങ്ങളി ലാണ് തുണി മില്ലുകൾ കേന്ദ്രീകരിച്ചിരിക്കുന്നത്. തമിഴ്നാട്ടിലെ ഈറോഡ് ജില്ല കൈത്തറി പവർലൂം റെഡിമെയ്ഡ് വസ്ത്രങ്ങൾ എന്നി വയുടെ വിപണനത്തിന് പ്രശസ്തമാണ്. 'കോയമ്പത്തൂർ തമിഴ്നാട്ടിലെ മാഞ്ചസ്റ്റർ' എന്നും അറിയപ്പെടുന്നു. കോയമ്പത്തൂർ, തിരുപ്പൂർ, ഈറോഡ് എന്നിവ വസ്ത്ര വ്യവസായത്തിലൂടെ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ വലിയ പങ്ക് വഹിക്കുന്നു. അതിനാൽ ഈ പ്രദേശത്തെ "തമിഴ്നാട്ടിലെ ടെക്സ്റ്റൈൽ വാലി' എന്നാണ് വിളിക്കുന്നത്. കരൂർ തമിഴ് നാട്ടിന്റെ "ടെക്സ്റ്റൈൽ തലസ്ഥാനം" എന്നും അറിയപ്പെടുന്നു.



വസ്ത്ര വ്യവസായം

പട്ട് വസ്ത്ര വ്യവസായം

പട്ട് ഉല്പാദനത്തിൽ ഇന്ത്യയിൽ 4-ാം സ്ഥാനത്താണ് തമിഴ് നാട്. കഞ്ചിപുരം സിൽക്ക് നല്ല ഗുണ നിലവാരമുള്ള സിൽക്കാണെന്ന് മാത്ര മല്ല ലോകമെമ്പാടുമുള്ള പരമ്പരാഗത മൂല്യ ത്തിന് പേരുകേട്ടതുമാണ്. തമിഴ്നാട്ടിലെ വാർഷിക സിൽക്ക് ഉല്പാദനം 1200 മെട്രിക് ടൺ ആണ്. കാഞ്ചിപുരം, ആരണി, കുമ്പകോണം, സേലം, കോയമ്പത്തൂർ, മധുര, തിരുനെൽവേലി എന്നി വയാണ് തമിഴ്നാട്ടിലെ പ്രധാന പട്ട് നെയ്ത്ത് കേന്ദ്രങ്ങൾ. സിന്തറ്റിക്, സിൽക്ക് വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനായി രാമനാഥപുരത്ത് ചില പ്രത്യേക മേഖലകൾ ഉണ്ട്.

തോൽ വ്യവസായം

ഇന്ത്യയിലെ തോൽ പതപ്പെടുത്തൽ പ്രക്രി യയുടെ 60% വും തോൽപാദരക്ഷകൾ, വസ്ത്ര ങ്ങൾ, ഘടക വസ്തുക്കൾ എന്നിവയിൽ 38% തമിഴ് നാട്ടിൽ ഉണ്ട്. നൂറുക്കണക്കിന് തോൽപതപ്പെടു ത്തൽ സ്ഥലങ്ങൾ വെല്ലൂരിനും സമീപ പട്ടണങ്ങ ളായ റാണിപ്പേട്ട്, അമ്പൂർ വാണിയംപാടി എന്നി വിടങ്ങളിലുമുണ്ട് രാജ്യത്ത് തുകൽ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നത് വെല്ലൂർ ജില്ലയിൽ നിന്നാണ് കേന്ദ്ര തുകൽഗവേഷണ കേന്ദ്രം (CLRI) CSIR ഗവേഷണ ലബോറട്ടറി ചെന്നൈയിൽ സ്ഥിതിചെയ്യുന്നു.

ജിഐ ടാഗ്

ജിഐ ടാഗ് (ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ) എന്നത് ഒരു നിർദ്ദിഷ്ട ഭൂമി ശാസ്ത്രപരമായ സ്ഥാ നത്തിന് അനുയോജ്യമായ ഉൽപ്പന്നങ്ങളിൽ ഉപയോ ഗിക്കുന്നപേരോ അടയാളമോ ആണ്. ഇത് ഉടമ കൾക്ക് അവകാശങ്ങളും പരിരക്ഷയും നൽകുന്നു. തമിഴ്നാട്ടിലെ ചില ജി ഐ ടാഗുകൾ ഇവയാണ്:

സ്ഥലം	ഉല്പന്നങ്ങൾ
ആരണി	പട്ട്
കാഞ്ചിപുരം	പട്ട്
കോയമ്പത്തൂർ	വെറ്റ് ഗ്രെയിന്റർ, കോറകോട്ടൻ
തഞ്ചാവൂർ	പെയിന്റിംഗ്, കല, ബൊമ്മ, വീണ
നാഗർകോവിൽ	ക്ഷേത്ര ആഭരണങ്ങൾ
ഈറോഡ്	മഞ്ഞൾ
സേലം	വെൺപട്ട് (സേലം പട്ട്)
ഭവാനി	ജമക്കാളം
മധുര	ചുങ്കിടി സാരി
സ്വാമിമലൈ	വെങ്കല ഉപകരണങ്ങൾ
സച്ചിയാർ കോവിൽ	കുത്തുവിളക്ക്
പട്ടാമടൈ	പായ്
നീലഗിരി	ഓർത്തഡോക്സ് എംബ്രോയിഡറി
മഹാബലിപുരം	കൽശില്പങ്ങൾ
സിറുമലൈ	മല വാഴപ്പഴം
ഈത്താമൊഴി	തേങ്ങ

X Std - Geography Malayalam Unit-7.indd 229 1/27/2023 10:10:59 AM

കടലാസ്സ് വ്യവസായം

തമിഴ്നാട്ടിൽ ധാരാളം കടലാസ്സ് വ്യവസായ ശാലകൾ കാണപ്പെടുന്നു. കരൂർ ജില്ലയിലെ കാകിത പുരത്ത് സ്ഥിതി ചെയ്യുന്ന മില്ലിൽ ന്യൂസ് പ്രിന്റും, അച്ചടിയും പേപ്പറും നിർമ്മിക്കുന്നു. തമിഴ്നാട് സർക്കാരാണ്, തമിഴ്നാട് ന്യൂസ് പ്രിന്റ് ആൻഡ് പേപ്പേഴ്സ് ലിമിറ്റഡ് (TNPL). പ്രതിവർഷം കരിമ്പിൻ ചണ്ടി മരക്കുഴമ്പ് എന്നിവയിൽ നിന്ന് സ്വീകാര്യമായ ഗുണനിലവാരമുള്ള വ്യത്യസ്ത ഇനം പേപ്പർ ഉല്പാദിപ്പിക്കുന്ന റ്റി എൻ പിഎൽ. ലോകത്തിലെ ഏറ്റവും മികച്ച മില്ലുകളിൽ ഒന്നാണ്. കാഞ്ചിപുരം ജില്ലയിലെ പുക്കാത്തുറൈ ഭവാനി സാഗർ, പള്ളിപ്പാളയം, പരമാതി, വെല്ലൂർ, കോയമ്പത്തൂർ ഉടമലയ്പ്പേട്ട തേപ്പാംപെട്ടി, നിലാക്കോട്ടയ്, ചേരൻമാഹാദേവി എന്നീവിടങ്ങളിൽ സംസ്ഥാനത്തെ മറ്റു പേപ്പർ മില്ലുകൾ കാണപ്പെടുന്നു.

സിമന്റ് വ്യവസായം

സമ്പദ് വ്യവസ്ഥയിലെ പൊതുമാന്ദ്യത്തെ പരിഹരിക്കുന്നതിനായി സിമന്റ് ഉല്പാദനവും ഉപഭോഗവും വർദ്ധിച്ചു കൊണ്ടിരിക്കുന്നു ഏറ്റവും വലിയ സിമന്റ് ഉല്പാദന രാജ്യമായ ഇന്ത്യ 181 ദശലക്ഷം ടൺ വാർഷിക ഉല്പാദന ശേഷിയുള്ള ലോകത്ത് രണ്ടാം സ്ഥാനത്താണ്. രണ്ടു സിമന്റ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്ന തമിഴ് നാട്ടിലെ പ്രധാന സിമന്റ് ഉല്പാദകരിൽ ഒന്നാണ്ത മിഴ്നാട് സിമന്റ്സ് കോർപ്പറേഷൻ ലിമിറ്റഡ് (TANCEM). ഒന്ന് അരിയലൂരിലും മറ്റൊന്ന് ആലംകുളത്തലും. ആസ്ബറ്റോസ് സിമന്റ് ഷീറ്റ് പ്ലാന്റും വിരുതാചലത്തിലെ സ്റ്റോൺവെയർ പൈപ്പ് യൂണിറ്റും TANCEMന്റെ കിഴിലുള്ള യൂണിറ്റുകളാണ്. ശങ്കർ സിമന്റ് സുവരിസിമന്റ് അൾട്രാടെക് സിമൻറ്, മദ്രാസ് സിമൻറ്, ടാൾമിയ സിമൻറ് എന്നിവ തമിഴ്നാട്ടിലുള്ള പ്രധാനപ്പെട്ട സ്വകാര്യ സിമന്റ് സ്ഥാപനങ്ങളാണ്.

7.9 വിവരസാങ്കേതിക വിദ്യ

നേഷണൽ അസോസിയേഷൻ ഓഫ് സോഫ്റ്റ് വെയർ ആൻഡ് സർവ്വീസ് കമ്പനികളുടെ (MASCOM) കണക്കനുസരിച്ച് രാജ്യത്തെ മൊത്തം സോഫ്റ്റ്വെയർ കയറ്റുമതിയുടെ പകുതിയിൽ അധികവും തെക്കൻ സംസ്ഥാനങ്ങളിൽ നടക്കുന്നു. ഇന്ത്യയുടെ മൊത്തം സോഫ്റ്റ് വെയർ കയറ്റുമതിയുടെ 59.6% തമിഴ്നാടും ആന്ധ്രപേദേശും ചേർന്നാണ് നടത്തുന്നത് രാജ്യത്ത് കർണ്ണാടക കഴിഞ്ഞാൽ രണ്ടാമതായി സോഫ്റ്റ് വെയർ കയറ്റുമതി ചെയ്യുന്ന നാടാണ് തമിഴ്നാട് സംസ്ഥാനം.

പ്രത്യേക സാമ്പത്തിക മേഖലകൾ

പ്രത്യേക സാമ്പത്തിക മേഖലകൾ (സെസ്) കയറ്റുമതിക്ക് അന്താരാഷ്ട്രതലത്തിൽ മത്സരപരവും തടസ്സരഹിതവുമായി അന്തരീക്ഷം നൽകുന്നു സെസിലെ യൂണിറ്റുകൾ ചരക്കുകൾ നിർമ്മിക്കുകയും നിരവധി സേവനങ്ങൾ നൽകുകയും ചെയ്യുന്നു. നംഗുനേരി, എണ്ണൂർ, ഹൊസൂർ, പെരമ്പലൂർ എന്നിവിടങ്ങളിലാണ് സെസ് സ്ഥാപിച്ചിട്ടുള്ളത്. ടൈഡെൽ-II, ടൈഡെൽ-III ബയോഫാർമസ്യൂട്ടിക്കൽസ് സെസ് എന്നിവ ഐടി & ഐടിഇഎസ് ചെന്നൈയിലും കോയമ്പത്തൂർ സെസ് എന്ന വിളിക്കുന്ന TIDEL, പാർക്ക്-IV നഗരത്തിലും സ്ഥിതി ചെയ്യുന്നു.

തമിഴ്നാട്ടിലെ ഐടി പാർ പാർക്കുകകളുടെ പട്ടിക
ടൈഡൽ പാർക്ക്, അസെൻഡാസ്, മഹേന്ദ്ര ലോക നഗരം 4 ഐടി & ഐറ്റിഎസ് സെസ് ടൈഡൽ -II, ഐടി & ഐറ്റിഎസ് സെഡ് ടൈഡൽ-III, കോയമ്പത്തൂർ സെസ് ടൈഡൽ പാർക്ക്.

നിർമ്മാണം, യന്ത്രവ്യവസായശാല

ഉൽപ്പാദന വ്യവസായം സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ ഊർജ്ജസ്വലമായ മേഖകളിൽ ഒന്നാണ്. ഇത് വ്യാവസായിക ഉൽപ്പാദനത്തിന് ഗണ്യമായ സംഭാവന നൽക്കുന്നു. യന്ത്ര സാമഗ്രികളുടെയും ഉപകരണങ്ങളുടെയും നിർമ്മാണം. മോട്ടോർ വാഹനങ്ങൾ, ലോഹ ഉൽപ്പന്നങ്ങൾ., മൂലധനവസ്തുക്കളുടെ അറ്റകുറ്റപ്പണികൾ എന്നിവ ഈ നിർമ്മാണ വ്യവസായത്തിൽ ഉൾപ്പെടുന്നു.

വാഹന വ്യവസായ ശാല

21% പാസഞ്ചർ കാറുകളും 33% വാണിജ്യ വാഹനങ്ങളും 35% വാഹന ഘടകങ്ങളും ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്നു. പ്രമുഖ വാഹന നിർമ്മാതാക്കളായ ഫോർഡ്. ഹുണ്ടായ്, എച്ച്എം-മിത്സുബിഷി, അശോക് ലെലാന്റ്, ടഫേ എന്നിവയ്ക്ക് തമിഴ്നാട്ടിൽ ഉല്പാദന കേന്ദ്രങ്ങൾ ഉണ്ട്.


കൈത്തറി, പവർലൂം

ധാരാളം ഗ്രാമീണ ജനങ്ങൾക്ക് ഉപജീവനമാർഗ്ഗവും കയറ്റുമതി വരുമാനം പ്രോത്സാഹിപ്പിക്കുന്നതുമായ ഏറ്റവും വലിയ കുടിൽ വ്യവസായമാണ് കൈത്തറി മേഖല. ഈ സൊസൈറ്റികൾ പ്രധാനമായും സ്ക്കൂൾകുട്ടികൾക്ക് യൂണിഫോം സൗജന്യമായി വിതരണം ചെയ്യുന്നതിനും സാരികളുടെയും മുണ്ടുകളുടെയും സൗജന്യ വിതരണത്തിനും ആവശ്യമായ തുണി ഉല്പാദിപ്പിക്കുന്നു.

X Std - Geography Malayalam Unit-7.indd 230 1/27/2023 10:10:59 AM

പഞ്ചസാരവ്യവസായം

തമിഴ്നാട്ടിലെ പഞ്ചസാര വ്യവസായം കാർഷിക അധിഷ്ഠിത വ്യവസായമാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിൽ പ്രത്യേകിച്ച് ഗ്രാമ പ്രദേശങ്ങളിൽ ഇത് പ്രധാന പങ്ക് വഹിക്കുന്നു. കരിമ്പ്കൃഷി, വിളവെടുപ്പ്, ഗതാഗതം മറ്റ് സേവനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന ഗ്രാമീണ മേഖലയിലെ ലക്ഷക്കണക്കിന് കർഷകർക്കും, കാർഷിക തൊഴിലാളികൾക്കും പഞ്ചസാര വ്യവസായം നേരിട്ട് തൊഴിൽ നൽകുന്നു. തമിഴ് നാട്ടിൽ 34 പഞ്ചസാരമില്ലുകൾ ഉണ്ട്. അതിൽ 16 എണ്ണം സഹകരണ മേഖലയിലും 18 എണ്ണം സ്വകാര്യമേഖലയിലുമാണ്.



വിനോദ സഞ്ചാര വ്യവസായം

വിനോദ സഞ്ചാരത്തെ ഒരു വ്യവസായമായി കണക്കാക്കുന്നത് ധാരാളം ആളുകൾക്ക് തൊഴിൽ നൽകുന്നത് കൊണ്ടാണ്. സമീപ വർഷങ്ങളിൽ, ആഭ്യന്തര വിദേശ വിനോദസഞ്ചാരികളുടെ പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളിലൊന്നായി സംസ്ഥാനം മാറിയിരിക്കുന്നു. തമിഴ് നാട്ടിലെ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നത് തമിഴ്നാട് ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനാണ് (ടിടിഡിസി). പുരാതന സ്മാരകങ്ങൾ തീർത്ഥാടന കേന്ദ്രങ്ങൾ, ഹിൽസ്റ്റേഷനുകൾ വൈവിധ്യമാർന്ന പ്രകൃതി ദൃശ്യങ്ങൾ, നീളമുള്ള തീരപ്രദേശങ്ങൾ സമ്പന്നമായ സംസ്ക്കാരവും, പൈതൃകവും തമിഴ് നാടിനെ സഞ്ചാരികളുടെ ഇഷ്ടസ്ഥാനമാക്കിമാറ്റുന്നു.

7.10 ജനസംഖ്യ

ജനസംഖ്യ എന്ന പദം ഒരു പ്രദേശത്ത് താമസിക്കുന്ന ആളുകളുടെ എണ്ണത്തെ സൂചിപ്പിക്കുന്നു. മനുഷ്യ ജനസംഖ്യയുടെ സവിശേഷതകളെക്കുറിച്ചുള്ള സ്ഥിതി വിവരകണക്കുകളെ ജനസംഖ്യാ ശാസ്ത്രം എന്നു പറയുന്നു.

SPU05

ഉയർന്ന ജനസംഖ്യയുള്ള പ്രദേശങ്ങൾ

കോയമ്പത്തൂർ തിരുവള്ളൂർ, കാഞ്ചിപുരം വില്ലുപുറം, ധർമ്മപുരി, സേലം മധുര തിരുനെൽവേലി എന്നിവയാണ് സംസ്ഥാനത്തെ ഏറ്റവും ജനസംഖ്യയുള്ള ജില്ലകൾ. കാർഷിക, വ്യാവസായിക വികസനവുമാണ് ഈ ജില്ലകളിലെ ഉയർന്ന സംഖ്യയുടെ പ്രധാന കാരണം.

മിതമായ ജനസംഖ്യയുള്ള പ്രദേശങ്ങൾ

തിരുവണ്ണാമല, കടലൂർ, തിരുച്ചിറപ്പള്ളി, തഞ്ചാവൂർ, ജില്ലകളിൽ 30-35 ലക്ഷം ജനസംഖ്യയുണ്ട് വെല്ലൂർ ദിണ്ഡുക്കൽ, വിരുദുനഗർ, തൂത്തൂക്കുടി ജില്ലകളിൽ ഓരോ ജില്ലയിലും 15-20 ലക്ഷം ജനസംഖ്യയുണ്ട്, കൃഷി കൂടാതെ ചെറുകിട വ്യവസായങ്ങളും തീരപ്രദേശങ്ങളിലെ മത്സ്യ ബന്ധനവുമാണ് ഈ ജില്ലകളിലെ പ്രധാന തൊഴിൽ.

കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങൾ

തീരദേശ ജില്ലകളായ നാഗപട്ടണം, തിരുവാരൂർ പുതുക്കോട്ടൈ, രാമനാഥപുരം, ശിവഗംഗ എന്നീ ജില്ലകളുടെ ജനസംഖ്യ 15 ലക്ഷത്തിൽ താഴെയാണ്. നീലഗിരി ജില്ലയിൽ 10 ലക്ഷത്തിൽ താഴെ ജനസംഖ്യയുണ്ട്

ജനസാന്ദ്രത

2011-ലെ കണക്കെടുപ്പ് പ്രകാരം ദേശീയ ശരാശരി ജനസാന്ദ്രത 382 ആണ്. ചതുരശ്രകിലോ മീറ്ററിന് 26,903 ജനങ്ങൾ ഉള്ള ജില്ലയാണ് ചെന്നൈ തൊട്ടുപിന്നിൽ കന്യാകുമാരി (1106) തിരുവള്ളൂർ (1049), കാഞ്ചിപുരം (927) മധുര (823), കോയമ്പത്തൂർ (748), കടലൂർ (702) തഞ്ചാവൂർ(691), നാഗപട്ടണം (668) സേലം (663), വെല്ലൂർ (646), തിരുച്ചിറപള്ളി (602) അധിക ജനസാന്ദ്രതയുള്ള പ്രദേശങ്ങളാണിവ. ജനസംഖ്യയുടെ ഏറ്റവും കുറഞ്ഞ സാന്ദ്രത നീലഗിരിയിലും മറ്റു ജില്ലകളിൽ മിതമായ ജനസാന്ദ്രതയാണുള്ളത്.

മതം

ഹിന്ദുമതം, ക്രിസ്തുമതം, ഇസ്ലാംമതം, എന്നിവയാണ് സംസ്ഥാനത്തെ പ്രധാന മതങ്ങൾ ജനസംഖ്യയിൽഅധികവും ഹിന്ദുക്കളാണ്. തൊട്ടുപിന്നിൽ ക്രിസ്ത്യാനികളും മുസ്ലിങ്ങൾ ജൈനമതം സിക്ക് മതം ബുദ്ധമതവും സംസ്ഥാനത്ത് നിലവിൽ ഉണ്ട്.

X Std - Geography Malayalam Unit-7.indd 231 1/27/2023 10:10:59 AM

വർഗ്ഗാനുപാതം

വർഗ്ഗാനുപാതം 1000 പുരുഷന്മാരിൽ സ്ത്രീകളുടെ എണ്ണത്തെ നിർണ്ണയിക്കപ്പെടുന്നു.

ഏറ്റവും ഉയർന്ന വർഗ്ഗാനുപാതം നീലഗിരി ജില്ലയിലാണ്. തഞ്ചാവൂർ ജില്ലയിലും ഏറ്റവും കുറഞ്ഞ വർഗ്ഗാനുപാതം ധർമ്മപുരി, സേലം ജില്ലകളിലും ആണ്.

സാക്ഷരതാ നിരക്ക്

കന്യാകുമാരി ജില്ലയിലാണ് ഏറ്റവും കൂടുതൽ സാക്ഷരതാനിരക്ക്. ധർമ്മപുരി ജില്ലയിൽ ഏറ്റവുംകുറഞ്ഞ സാക്ഷരതാ നിരക്കും ചെന്നൈ തുത്തൂക്കുടി, നീലഗിരി കാഞ്ചിപുരം ജില്ലകളിൽ ഉയർന്ന സാക്ഷരതാനിരക്കും കാണപ്പെടുന്നു.

7.11 ഗതാഗതവും, വാർത്താവിനിമയവും

റോഡുമാർഗ്ഗം



സംസ്ഥാനത്തിന്റെ മൊത്തം റോഡ് ദൈർഘ്യം 167,000 കിലോമീറ്റർ ആണ്, അതിൽ 60,628 കിലോമീറ്റർ സംസ്ഥാന ഹൈവേ വകുപ്പ് പരിപാലിക്കുന്നു പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ പ്രവൃത്തിച്ചു കൊണ്ടിരിക്കുന്ന മൊത്തം റോഡ് പദ്ധതി കളിൽ 20%-ൽ അധികം വിഹിതമുള്ള ഇന്ത്യയിൽ ഇത് 2-ാം സ്ഥാനത്താണ്.

റെയിൽ മാർഗ്ഗം

ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന തെക്കൻ റെയിൽവേയുടെ വികസിത റെയിൽവ ശൃംഖലയാണ് തമിഴ്നാട്ടിൽ ഉള്ളത്. നിലവിൽ ഉള്ള തെക്കൻ റെയിൽവേ ശൃംഖല ഇന്ത്യയുടെ തെക്കൻ ഉപദ്വീപിലെ ഒരു വലിയ പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്നു. ഇതിൽ തമിഴ്നാട്, കേരളം പുതുച്ചേരി, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നിവയുടെ ചെറിയ ഭാഗങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു. ചെന്നൈയിൽ പട്ടണ പ്രാന്ത റെയിൽവേ ശൃംഖലയുണ്ട്, ഒരു മാസ് റാപ്പിഡ് ട്രാൻസ് പോർട്ട് സിസ്റ്റം (M.R.T.S.), നിലവിൽ ഒരു മെട്രോ സംവിധാനം വികസിപ്പിച്ചു കൊണ്ടിരിക്കുകയാണ്. മെയ് 2017 മുതൽ ഇതിനായുള്ള ശ്രമം നടന്നു വരുന്നു.

വിമാന മാർഗ്ഗം

തമിഴ്നാട്ടിൽ 4 പ്രധാന അന്തരാഷ്ട്ര വിമാനത്താവളങ്ങൾ ഉണ്ട്. മുബൈയ്ക്കും ഡൽഹിക്കും ശേഷം ഇന്ത്യയിലെ മൂന്നാമത്തെ വലിയ വിമാനത്താവളമാണ് ചെന്നൈ അന്തരാഷ്ട്ര വിമാനത്താവളം കോയമ്പത്തൂർ മധുര, തിരുച്ചിറപ്പള്ളി വിമാനത്താവളങ്ങളാണ് തമിഴ്നാട്ടിലെ മറ്റു അന്താരാഷ്ട്ര വിമാനത്താവളങ്ങൾ. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന അഭ്യന്തരവിമാനത്താവളങ്ങൾ തുത്തൂക്കുടിയിലും സേലത്തും ഉണ്ട്



തമിഴ് നാട്ടിലെ ഏറ്റവും നീളം കൂടിയ ദേശീയ പാതയാണ് എൻ എച്ച് 44 ഹൊസൂരിൽ നിന്ന് കന്യാകുമാരിവരെ (627.2 കിലോ മീറ്റർ) വഴി ധർമ്മപുരി, സേലം കരൂർ, ദിണ്ഡുഗൽ, മധുര തിരുനെൽവേലി.

എൻ എച്ച്-785 എന്നത് തമിഴ്നാട്ടിലെ ഏറ്റവും ചെറിയ ദേശീയ പാതയാണ്. മധുരയിൽ നിന്ന് തുവരൻകുറിച്ചി വരെ

ജല മാർഗ്ഗം

തമിഴ് നാട്ടിൽ മൂന്ന് പ്രധാന തുറമുഖങ്ങളുണ്ട് അവ ചെന്നൈ, എണ്ണൂർ, തൂത്തുക്കുടി എന്നിവയാണ് നാഗപട്ടണത്തിൽ ഒരു ഇടത്തരം തുറമുഖവും 15 ചെറിയ തുറമുഖങ്ങളും ഉണ്ട്. എല്ലാ ചെറിയ തുറമുഖങ്ങളും കൈകാര്യം ചെയ്യുന്നത് തമിഴ്നാട് മാരിടൈം ബോർഡും ചെന്നൈ തുറമുഖവുമാണ്. ഇത് ഒരു കൃത്രിമ തുറമുഖവും കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനുള്ള രാജ്യത്തെ രണ്ടാമത്തെ പ്രധാന തുറമുഖവുമാണ്.

7.12 വാർത്താ വിനിമയം

ആശയ വിനിമയം എന്നത് ലാറ്റിൽ പദമായ 'കമ്മ്യൂണി കെയർ' എന്നതിൽ നിന്നാണ് ഉരുത്തിരിഞ്ഞത്. വിവരങ്ങൾ കൈമാറുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ ഉള്ള ആശയവിനിമയത്തിനുള്ള മാർഗ്ഗം എന്നു വിളിക്കുന്നു. അവ ബഹുജനആശയ വിനിമയവും വ്യക്തിഗത ആശയവിനിമയവുമാണ്.


തമിഴ്നാടിന്റെ പോസ്റ്റൽ ജില്ലകളും തലസ്ഥാന നഗരങ്ങളും

മേഖല/ജില്ല	തലസ്ഥാനങ്ങൾ
ചെന്നൈ	ചെന്നൈ
പടിഞ്ഞാറ്	കോയമ്പത്തൂർ
മദ്ധ്യം	തിരുച്ചിറാപള്ളി
തെക്കൻ	മധുര

X Std - Geography Malayalam Unit-7.indd 232 1/27/2023 10:10:59 AM

X Std - Geography Malayalam Unit-7.indd 233 1/27/2023 10:11:00 AM

തമിഴ്നാട് - ഗതാഗതം



X Std - Geography Malayalam Unit-7.indd 234 1/27/2023 10:11:00 AM

7.13 കച്ചവടം

കയറ്റുമതിയും ഇറക്കുമതിയും വാണിജ്യത്തിന്റെ രണ്ടുഘടകങ്ങളാണ്. കയറ്റുമതി എന്നാൽ വിദേശ കറൻസിക്ക് വിൽക്കുന്ന ചരക്കുകളും സേവനങ്ങളുമാണ്. രാജ്യത്തിന്റെ കയറ്റുമതിയിൽ തമിഴ്നാട് 12.2 ശതമാനം വഹിക്കുന്നു. ഇറക്കുമതി എന്നത് വിദേശ ഉല്പാദകരിൽ നിന്നുള്ള ചരക്കുകളെയും സേവനങ്ങളെയും സൂചിപ്പിക്കുന്നു. തമിഴ്നാട് ധാരാളം സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നു. കയറ്റുമതിയുടെയും ഇറക്കുമതിയുടെയും മൂല്യങ്ങൾ തമ്മിലുള്ള വ്യത്യാസത്തെ വ്യാപര സംതുലനം എന്നുപറയുന്നു.

7.14 തമിഴ്നാട് ഇറക്കുമതികൾ

ഗതാഗത ഉപകരണങ്ങൾ, യന്ത്രഉപകരണങ്ങൾ വൈദ്യുതേതരയന്ത്രങ്ങൾ, ഇലക്ട്രിക്കൽ യന്ത്രങ്ങൾ,മരുന്നുഉല്പാദനങ്ങൾ,പെട്രോളിയം വളങ്ങൾ, ന്യൂസ് പ്രിന്റ് തുടങ്ങിയ തമിഴ്നാടിന്റെ ഇറക്കുമതി സാധനങ്ങൾ പ്രധാന തുറമുഖങ്ങളിലൂടെ രാജ്യത്തിന്റെ വ്യാപാരത്തിനു വേണ്ടി സംസ്ഥാനം 10.94 % വഹിക്കുന്നു.

തമിഴ്നാടിന്റെ പ്രധാനപ്പെട്ട കയറ്റുമതി	
(i) കാർഷിക ഉല്പന്നങ്ങൾ	പുകയില, പയറുവർഗങ്ങൾ, പരുത്തി, കരിമ്പ്, നെല്ല് നിലക്കടല, സുഗന്ധ ദ്രവ്യങ്ങൾ പച്ചക്കറിക്കൾ.
(ii) തോൽ ഉൽപന്നങ്ങൾ	വാലറ്റ്, പേഴ്സ്, പൗച്ച്, ബേഗ്, ബെൽറ്റ്, ചെരുപ്പ് കൈയുറകൾ.
(iii) മുത്തുകളും ആഭാരണങ്ങളും	പവിഴം, വിലപ്പിടിപ്പുള്ള കല്ലുകൾ സ്വർണ്ണാഭരണങ്ങൾ, അലങ്കാര വസ്തുക്കൾ പൗരാണിക വസ്തുക്കൾ.
(iv) രാസവളങ്ങളും ഉല്പന്നങ്ങളും	പേപ്പർ, രാസവളങ്ങൾ, റബർ, ഗ്ലാസ്.

വലിപ്പം,ജനസംഖ്യ, വിഭവങ്ങൾ സാമ്പത്തിക വികസനം എന്നിവയിൽ തമിഴ്നാട് ഇന്ത്യയിലെ ഒരു പ്രാധാന സംസ്ഥാനമാണെന്ന് മുകളിലുള്ള ചർച്ച വ്യക്തമാക്കുന്നു സംസ്ഥാനത്തെ ജനങ്ങൾ സുരക്ഷിതരാണ്. സംസ്ഥാന ഭരണക്കൂടം കാലാകാലങ്ങളിൽ അവതരിപ്പിച്ച പുതിയ പദ്ധതികൾ വിവിധ മേഖലകളിൽ ശ്രദ്ധേയമായ പുരോഗതി സാധ്യമാക്കി.

സംഗ്രഹം

- മനുഷ്യന്റെ പ്രവർത്തനം പ്രകൃതി എങ്ങനെ ബാധിക്കുന്നു അല്ലെങ്കിൽ സ്വാധീനിക്കുന്നു എന്നതുമായി ബന്ധപ്പെട്ട ഭൂമിശാസ്ത്രത്തിന്റെ ശാഖയാണ് മാനുഷിക ഭൂമിശാസ്ത്രം.
- ഉഷ്ണ മേഖല വിളവുകളായ നെല്ല് തിന വർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ,എണ്ണവിത്ത്, തോട്ടവിളവുകളായ തേയില, കാപ്പി, കശുവണ്ടി റബ്ബർ തുടങ്ങിയവയാണ് തമിഴ്നാട്ടിലെ പ്രധാന വിളവുകൾ.

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. ദക്ഷിണേന്ത്യയിലെ കലവറ എന്നറിയപ്പെടുന്നത്
   a) കാവേരി ഡെൽറ്റ, b) മഹാനദി ഡെൽറ്റ
   c) ഗോദാവരി ഡെൽറ്റ d) കൃഷ്ണഡെൽറ്റ
2. തമിഴ്നാട്ടിലെ ജനങ്ങളുടെ രണ്ടാമത്തെ പ്രധാന ഭക്ഷണം
   a) പയറുവർഗ്ഗങ്ങൾ b) തിനവർഗ്ഗങ്ങൾ
   c) എണ്ണ വിത്തുകൾ d) അരി
3. തമിഴ്നാട്ടിലെ ഒരു പ്രധാന ജലവൈദ്യുത പദ്ധതി
   a) മേട്ടൂർ b) പാപനാശം
   c) സാത്തൂർ d) തുംഗഭദ്ര
4. തമിഴ് നാട്ടിലെ പ്രധാന വലിയ, ചെറു തുറമുഖങ്ങളുടെ എണ്ണം
   a) 3 ഉം 15 b) 4 ഉം 15
   c) 3 ഉം 16 d) 4 ഉം 16

II. പൂരിപ്പിക്കുക:

1. തമിഴ്നാട്ടിലെ കൃഷി അതിന്റെ സമ്പദ്വ്യവസ്ഥയുടെ _____% ആണ്.
2. സാത്തനൂർ ഡാം _____ഏത് നദിയുടെ കുറുകെയാണ് കെട്ടിയിട്ടുള്ളത്.
3. മുബൈക്കും, ഡൽഹിക്കും ശേഷം _____ ഇന്ത്യയിലെ മൂന്നാമത്തെ വലിയ വിമാനത്താവളം ആണ്.

X Std - Geography Malayalam Unit-7.indd 235 1/27/2023 10:11:00 AM

4. കയറ്റുമതിയുടെയും ഇറക്കുമതിയുടെയും മൂല്യം _____ എന്നു വിളിക്കുന്നു.

III. യോജിപ്പിക്കുക:

1.	ബോക്സൈറ്റ്	- സേലം
2.	ജിപ്സം	- സേർവരായൻക്കുന്നുകൾ
3.	ഇരുമ്പ്	- കോയമ്പത്തൂർ
4.	ചുണ്ണാമ്പ്കല്ല്	- തിരുച്ചിറാപ്പള്ളി

IV. ചോദ്യങ്ങൾ:

1. **പ്രസ്ഥാവന(A):** കോയമ്പത്തൂർ തിരുപ്പൂർ ഈ റോഡ് എന്നീപ്രദേശങ്ങളെ വിളിക്കുന്നത് തമിഴ് നാടിന്റെ 'തുണിത്തരങ്ങളുടെ താഴ്വര'.

   കാരണം (R): സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ മുഖ്യ പങ്ക് തുണിത്തരങ്ങളിലൂടെ ഈ എന്നീ പ്രദേശങ്ങൾ സംഭാവന ചെയ്യുന്നു.

   a) രണ്ടും (A) ഉം (R) ഉം ശരിയാണ് എന്നാൽ (R), (A) യെ വിശദീകരിക്കുന്നു.

   b) രണ്ടും (A) ഉം (R) ഉം ശരിയാണ് എന്നാൽ (R), (A) യെ വിശദീകരിക്കുന്നില്ല.

   c) (A) ശരിയാണ് എന്നാൽ (R) തെറ്റാണ്.

   d) (A) എന്നത് തെറ്റാണ് എന്നാൽ (R) ശരിയാണ്.

2. **പ്രസ്ഥാവന (A):** തമിഴ്നാട്ടിൽ നീലഗിരി ജില്ലയാണ് ഏറ്റവും കുറഞ്ഞ ജനസംഖ്യയുള്ള ജില്ല.

   കാരണം (R): തമിഴ്നാടിന്റെ പടിഞ്ഞാറൻ ഭാഗത്താണ് നീലഗിരി ജില്ല സ്ഥിതി ചെയ്യുന്നു.

   a) രണ്ടും (A) ഉം (R) ഉം ശരിയാണ് എന്നാൽ (R), (A) യെ വിശദീകരിക്കുന്നു.

   b) രണ്ടും (A) ഉം (R) ഉം ശരിയാണ് എന്നാൽ (R), (A) യെ വിശദീകരിക്കുന്നില്ല.

   c) (A) ശരിയാണ് എന്നാൽ (R) തെറ്റാണ്.

   d) (A) എന്നത് തെറ്റാണ് എന്നാൽ (R) ശരിയാണ്.

V. ചുരുക്കത്തിൽ ഉത്തരമെഴുതുക:

1. തമിഴ്നാടിന്റെ കാർഷിക കാലങ്ങൾ വിശദമാക്കുക.
2. കോയമ്പത്തൂരിനെ തമിഴ്നാടിന്റെ മാഞ്ചസ്റ്റർ എന്നുവിളിക്കുന്നു കാരണമെന്ത്?
3. തമിഴ്നാടിന്റെ മൂന്ന് വിവിധോദ്ദേശ പദ്ധതികൾ ഏതെല്ലാം?
4. എം ആർ. റ്റി എസ് എന്താണ്?
5. തമിഴ്നാട്ടിന്റെ വിമാനത്താവളങ്ങളും തുറമുഖങ്ങളും പട്ടികയാക്കുക.

VI. വേർതിരിച്ചെഴുതുക:

1. ഭക്ഷ്യവിളവുകൾ, ഭക്ഷ്യേതരവിളവുകൾ
2. ഉപരിതലജലം, ഭൂഗർഭജലം.

VII. താഴെപ്പറയുന്നവയ്ക്ക് കാരണം എഴുതുക:

1. കൃഷിക്കാർ അജൈവകൃഷിയിൽ നിന്നും ജൈവകൃഷിയിലേക്ക് മാറുന്നു.
2. ഗ്രാമങ്ങളെ അപേക്ഷിച്ച് നഗരങ്ങൾ ജനസാന്ദ്രമാണ്.

VIII. ഖണ്ഡിക ഉത്തരമെഴുതുക:

1. തമിഴ്നാട്ടിലെ തോട്ട കൃഷിയെക്കുറിച്ച് എഴുതുക.
2. തമിഴ്നാട്ടിലെ ജല സ്രോതസ്സുകളെക്കുറിച്ച് വിവരണം നൽകുക.
3. തമിഴ്നാട്ടിലെ ധാതുക്കളുടെ വിതരണത്തെക്കുറിച്ച് വിശദമാക്കുക.
4. തമിഴ്നാട്ടിലെ ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ വിശദീകരിക്കുക.

IX. ഭൂപടം

തമിഴ്നാട് ഭൂപടത്തിൽ പ്രധാനവിളവുകൾ, ഡാധുക്കൾ, അണക്കെട്ടുകൾ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ എന്നിവ കുറിക്കുക

REFERENCE BOOKS

1. *Geography of Tamil Nadu* by Kumarasamy (2018), Varthamana Publication, T. Nagar, Chennai
2. *Manoramma Year book 2018*

INTERNET RESOURCES

1. http://www.tn.gov.in/ta/Tamil Nadustate
2. http://www.environment.tn.nic.in/
3. http://agritech.tnau.ac.in/
4. http://www.fisheries.tn.gov.in/
5. https://www.census2011.co.in/census/state/tamil+nadu.html

X Std - Geography Malayalam Unit-7.indd 236 1/27/2023 10:11:00 AM

A-Z പദസമുച്ചയം

കായൽ : പ്രധാന നദിയുടെ ഒരു ഭാഗം ജലപ്രവാഹത്താൽ തള്ളപ്പെട്ട് കടലിൽ ചെന്നു ചേരാതെ കെട്ടികിടക്കുന്നത്.

ഉപനദികൾ : പ്രധാന നദിയിൽ നിന്ന് വേർതിരിഞ്ഞ്, വീണ്ടും അതിനോട് ചേരാതെ ജലം വഹിച്ചുകൊണ്ട് കടലിലോ തടാകങ്ങളിലോ ചെന്നു ചേരുന്നത്.

ദോബ് : രണ്ടു നദികൾക്കിടയിലുള്ള പ്രദേശം.

അഴിമുഖം : നദിയും സമുദ്രവും ചേരുന്ന സ്ഥലം.

വറ്റാത്ത നദികൾ : സ്ഥിരമായ ജലസ്രോതസ്സിൽ വർഷം മുഴുവനും ജലം ഒഴുകുന്ന നദികൾ.

മലമ്പാത (ചുരം) : പർവ്വതങ്ങൾക്കിടയിലുള്ള ഇടുങ്ങിയ പാത.

ഉപദ്വീപ് : മൂന്നു പാർശ്വങ്ങളും ജലത്താൽ ആവരണം ചെയ്യപ്പെട്ട കരഭാഗം.

ഉപഭൂഖണ്ഡം : ഒരു ഭൂഖണ്ഡത്തിന്റെ സവിശേഷതകളോടു കൂടിയതും ഭൂഖണ്ഡത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും വേറിട്ടു നിൽക്കുന്നതുമായ ഭൂഭാഗം.

സ്റ്റാൻഡേർഡ് സമയം : ഒരു രാജ്യത്തിലെ മാനക രേഖാംശത്തിന്റെ പ്രാദേശിക സമയം.

പോഷകനദി : പ്രധാന നദിയെ പരിപോഷിപ്പിക്കുന്ന ചെറിയ നദി അല്ലെങ്കിൽ അരുവി.

കാലാവസ്ഥ : ഒരു സ്ഥലത്തു ദീർഘ കാലമായി അനുഭവപ്പെടുന്ന ദിനാന്തരീക്ഷ സ്ഥിതിയുടെ ശരാശരി.

കാലാവസ്ഥാശാസ്ത്രം : വിവിധ കാലാവസ്ഥ ഘടകങ്ങളെക്കുറിച്ചും, അന്തരീക്ഷ പ്രതിഭാസങ്ങളെ കുറിച്ചും പഠനം നടത്തുന്ന പ്രത്യേകിച്ച് കാലാവസ്ഥ പ്രവചനം നടത്താൻ സഹായിക്കുന്ന ശാസ്ത്രശാഖ.

ഋതുക്കൾ : ഒരു വർഷത്തെ നാല് ഋതുക്കളായി (വസന്തകാലം, ഉഷ്ണകാലം, ഹേമന്തകാലം, ശൈത്യകാലം) തിരിച്ചിരിക്കുന്നു.

അന്തരീക്ഷസ്ഥിതി : ഒരു നിശ്ചിത സമയത്ത് ഒരു പ്രത്യേക സ്ഥലത്തിന്റെ അന്തരീക്ഷ അവസ്ഥ (താപം, മേഘപടം, സൂര്യപ്രകാശം, മഴ, കാറ്റ് എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കി കണ്ടുപിടിക്കുന്നു).

വന്യജീവി : ഒരു പ്രദേശത്തിലുള്ള മൃഗങ്ങളും പ്രകൃതി സസ്യങ്ങളും ചേർന്നത്.

മണ്ണ് : ഭൗമോപരിതലത്തിൽ ഏറ്റവും മുകളിലത്തെ നിരയിൽ കാണപ്പെടുന്ന പദാർത്ഥമാണ് മണ്ണ്. ഇതിൽ ധാതുക്കൾ, ജൈവവസ്തുക്കൾ, ജീവജലങ്ങൾ, ജലം എന്നിവ അടങ്ങിയിരിക്കുന്നു.

ഖദർ : വെള്ളപ്പൊക്ക സമതലങ്ങളുടെ താഴ്വാരങ്ങളിൽ കാണപ്പെടുന്ന പുതിയ എക്കൽ നിക്ഷേപം.

ഭംഗർ : വെള്ളപ്പൊക്കത്തിന്റെ നിരപ്പിൽ നിന്നും 30 മീറ്റർ ഉയരത്തിൽ കാണപ്പെടുന്ന പഴയ എക്കൽ നിക്ഷേപം.

മണ്ണൊലിപ്പ് : മേൽമണ്ണ് മാറ്റപ്പെടുന്നത്.

മണ്ണുസംരക്ഷണം മണ്ണൊലിപ്പ് തടഞ്ഞ് മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടാതെ സംരക്ഷിക്കുന്നത്.

ജലസേചനം : കൃത്രിമ മാർഗ്ഗങ്ങളിലൂടെ ചെടികളെ നനയ്ക്കുന്നതിനുള്ള സംവിധാനം.

വിവിധോദ്ദേശ പദ്ധതി : പല ഉദ്ദേശങ്ങളും ലക്ഷ്യമിട്ട് നദികൾക്കു കുറുകെ ഡാമുകളുടെ നിർമ്മാണം.

കൃഷി : ചെടികൾ നട്ടുവളർത്തുന്നതിലൂടെയും മൃഗങ്ങളെ വളർത്തുന്നതിലൂടെയും ഭക്ഷണം, കാലിത്തീറ്റ, നാരുകൾ മറ്റു ആവശ്യമുള്ള വസ്തുക്കൾ എന്നിവ ഉല്പാദിപ്പിക്കുന്ന പ്രക്രിയ.

ജൈവവാതകം : സസ്യങ്ങളുടെയും ജന്തുക്കളുടെയും അവശിഷ്ടാങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്ന മീഥേൻ, കാർബൺഡൈ ഓക്സൈഡ് എന്നീ വാതകങ്ങൾ.

അശ്മ ഇന്ധനങ്ങൾ : പ്രകൃതിയിൽ നിന്നും ലഭിക്കുന്ന കാർബൺ അല്ലെങ്കിൽ ഹൈഡ്രോ കാർബൺ, കൽക്കരി, പെട്രോളിയം, പ്രകൃതി വാതകം.

അയിർ : ഭൂവൽക്കത്തിൽ കാണപ്പെടുന്ന ഒന്നോ അതിലധികമോ വിലപിടിപ്പുള്ള ധാതുക്കളുടെ നിക്ഷേപം

സൗരോർജ്ജം : സൂര്യനിൽ നിന്നുള്ള താപവികിരണത്തെ വൈദ്യുതിയാക്കി മാറ്റുന്നു.

താപ വൈദ്യുത നിലയം : കൽക്കരി അല്ലെങ്കിൽ പെട്രോളിയത്തിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന നിലയം.

ബാർട്ടർ : രണ്ടു വ്യക്തികൾക്കിടയിൽ നടക്കുന്ന സാധന കൈമാറ്റം. ഇതിൽ നാണയം ഉപയോഗിക്കുന്നില്ല.

വിദേശ വിനിമയം : വ്യത്യസ്ത ദേശീയ കറൻസി സമ്പ്രദായത്തിന് കീഴിൽ ഏതെങ്കിലും രണ്ട് സ്ഥലങ്ങൾക്കിടയിൽ നടപ്പിലാക്കുന്ന പണമടയ്ക്കൽ സംവിധാനം. യഥാർത്ഥ പണമോ സ്വർണ്ണമോ കൈമാറാതെ നടപ്പിലാക്കുന്നു.

ഹാർബർ : കപ്പലുകൾക്ക് സുരക്ഷിതമായി നങ്കൂരമിടാൻ കഴിയുന്ന കടൽത്തീരത്തിനടുത്തുള്ള ആഴത്തിലുള്ള ഒരു ഭാഗം ചരക്കുകളുടെ കയറ്റുമതിക്കും. ഇറക്കുമതിക്കും ഇത് ഉപയോഗിക്കുന്നു.

തുറമുഖം : ചരക്കുകൾ സംഭരിക്കാനും കയറ്റിയയ്ക്കാനും ഇറക്കാനും സൗകര്യമുള്ള സ്ഥലം. ഒരു തുറമുഖത്തിന്റെ വാണിജ്യ ഭാഗം.

ഉൾക്കടൽ : കരയുടെ അകത്തേയ്ക്ക് വളയുന്ന കടലിന്റെ വിശാലമായ പ്രവേശനം.

കടൽത്തീരം : മണൽത്തീരം, പ്രത്യേകിച്ച് ഉയർന്നതും താഴ്ന്നതുമായ ജില്ല അടയാളങ്ങൾക്കിടയിലുള്ള കടൽ.

X Std - Geography Malayalam Unit-7.indd 237 1/27/2023 10:11:01 AM

ബംഗർ : 30 മീറ്ററിൽ വെള്ളപ്പൊക്കമുണ്ടാകുമ്പോൾ നിക്ഷേപിക്കപ്പെടുന്ന പഴയ വണ്ടൽമണ്ണ്.

ജൈവവളം : സസ്യങ്ങളിൽ നിന്നും മൃഗങ്ങളുടെ മാലിന്യങ്ങളിൽ നിന്നും മീഥേൻ കാർബൺഡൈഓക്സൈഡ് എന്നിവ ഉത്പാദിപ്പിക്കുന്നു.

വാണിജ്യ വിളവുകൾ : വാണിജ്യ ലാഭത്തിനു വേണ്ടി കൃഷി ചെയ്യുന്ന വിളവുകൾ.

ചുഴലിക്കാറ്റ് : അന്തരീക്ഷ മർദം കൊണ്ടുണ്ടാകുന്ന വലിയ തോതിലുള്ള കാറ്റ്.

അണക്കെട്ട് : വെള്ളം തടഞ്ഞു നിർത്താനും വെള്ളത്തിന്റെ തോത് ഉയർത്താനും, വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും വെള്ളം മറ്റു ഉപയോഗങ്ങൾക്കുമായി ഉപയോഗിക്കുന്ന ഒരു ജല സംഭരണിയാണ്.

ഡെൽറ്റ : ത്രികോണകൃതിയിലുള്ള മണൽ നിക്ഷേപം.

ജനസാന്ദ്രത : ഒരു ചതുശ്രകിലോമീറ്ററിൽ താമസിക്കുന്ന ജനങ്ങളുടെ ശരാശരി എണ്ണം.

വരൾച്ച : ജല ദൗർലഭ്യം മൂലം നിശ്ചിത പ്രദേശത്ത് ഉണ്ടാകുന്ന പ്രകൃതി ദുരന്തം.

മുങ്ങിമരിക്കുക : വെള്ളത്തിനടിയിൽ ആയതിനാലും ശ്വസിക്കാൻ കഴിയാത്തതിനാലും ഉണ്ടാകുന്ന മരണം.

സാമ്പത്തിക പ്രവർത്തനങ്ങൾ : ഒരു സമൂഹത്തിലെ എല്ല തലങ്ങളിലുമുള്ള ചരക്കുകളുടെയും സേവനങ്ങളുടെ ഉല്പാദനം, വിതരണം, ഉപഭോഗം എന്നിവ ഉൾപ്പെടുന്ന പ്രവർത്തനം.

എൻഡിമിസം : ഒരു ദ്വീപ്, രാഷ്ട്രം പോലുള്ള നിർവചിക്കപ്പെട്ട ഭൂമിശാസ്ത്ര പരമായ സ്ഥാനത്തിന് സവിശേഷതമായ പാരിസ്ഥിതികാവസ്ഥ.

അഴിമുഖം : ഒരൊറ്റ ചാനലിലൂടെ കടലിലേക്ക് പ്രവേശിക്കുന്ന നദി മുഖം.

കയറ്റുമതി : ഒരു രാജ്യത്തിൽ നിന്നും മറ്റൊരു രാജ്യത്തിലേക്ക് കയറ്റി അയയ്ക്കുന്നത്.

വെള്ളപ്പൊക്കം : ഒരു നദിയിൽ ആവശ്യത്തിൽ കവിഞ്ഞു ജലം വന്നു നിറയുന്നത്.

ഇറക്കുമതി : ആവശ്യമുള്ള സാധനങ്ങൾ വിദേശരാജ്യങ്ങളിൽ നിന്നും വാങ്ങുന്നത്.

നിലചരിവ് : മലയുടെ അടിവാരത്തിൽ പെട്ടെന്നുണ്ടാകുന്ന പാറകളുടെ വീഴ്ച.

സാക്ഷരത : എഴുതാനും വായിക്കാനും കഴിവുള്ള ആളുകൾ.

മണ്ണരിപ്പ് : മഴക്കാലത്ത് മണ്ണരിപ്പ് ഉണ്ടാകുമ്പോൾ എല്ലാ ധാതുക്കളെയും അരിച്ചെടുത്ത് മണ്ണിനെ ഫലഭൂയിഷ്ഠമില്ലാതാക്കുന്നു.

അക്ഷാംശം : ഭൂഗോളത്തിൽ കിഴക്കു പടിഞ്ഞാറോട്ടു വരച്ചിരിക്കുന്ന സാങ്കൽപിക രേഖകൾ.

രേഖാംശം : ഭൂഗോളത്തിൽ വടക്കുതെക്കു ദിശകളിൽ വരച്ചിരിക്കുന്ന സാങ്കൽപിക രേഖകൾ.

കണ്ടൽക്കാടുകൾ : നിത്യഹരിത വനപരിസ്ഥിതി വ്യവസ്ഥ പ്രധാനമായും ഉഷ്ണമേഖല, ഉപഉഷ്ണമേഖലാതീരപ്രദേശങ്ങളിലും അന്തർ -ടൈഡൽ പ്രദേശങ്ങളിലും കാണപ്പെടുന്നു.

മാഞ്ചസ്റ്റർ : വടക്കു പടിഞ്ഞാറൻ ഇംഗ്ലണ്ടിലെ ഒരു വ്യവസായിക നഗരവും മെട്രോപോളിറ്റൻ ജില്ലയും/ പരുത്തി കൊണ്ടു നിർമ്മിച്ചഷീറ്റുകൾ തലയണകൾ മേശവിരിപ്പുകൾ മുതലായ വീട്ടിലേക്ക് വേണ്ട സാധനങ്ങൾ ഉണ്ടാകുന്നു.

മിശ്ര കൃഷി : ഇതൊരുകൃഷിരീതിയാണ് ഒന്നോ അതിലധികമോ തരത്തിലുള്ള കൃഷികൾ ചെയ്യപ്പെടുന്നു.

മൺസൂൺ : സീസൺ.

പ്രകൃതി വിഭവങ്ങൾ : പ്രകൃതിയിൽ നിന്നും കിട്ടുന്ന വസ്തുക്കളെ പ്രകൃതി വിഭവങ്ങൾ എന്നുപറയുന്നു.

ഓപ്പൺ ഫോറസ്റ്റ് : പത്തുമുതൽ 40 % ത്തിനു മേലെ ജനസാന്ദ്രതയുള്ള, വനമേഖയുള്ള സ്ഥലങ്ങൾ.

സമതലം : പരന്നതും വിശാലവുമായ സമതല പ്രദേശം.

തോട്ടകൃഷി : ഒരു നിശ്ചിത പ്രദേശത്ത് ഓരെറ്റ വിളവ് ഉപയോഗിച്ച് നന്നായി സംഘടിതവും നിയന്ത്രിതവുമായ കൃഷി ഇത് മൂലധന തീവ്രമായ കൃഷിയാണ് തേയില,കാപ്പി റബ്ബർ എന്നി പ്രധാനപ്പെട്ട തോട്ടവിളവുകളാണ്.

പീഠഭൂമി : ഭൂമിയുടെ പരന്ന വിശാലമായ പ്രദേശം

ജനസംഖ്യ : ഒരു പ്രത്യേക സ്ഥലത്ത് താമസിക്കുന്ന ആകെ ജനങ്ങളുടെ എണ്ണം.

ജനസംഖ്യ കണക്കെടുപ്പ് : സാമ്പത്തികവും സാമൂഹികവുമായ ഗുണസവിശേഷതകളോടെ ഒരു നിശ്ചിത ഇടവേളയിൽ ജനസംഖ്യയുടെ ഔദ്യോഗിക കണക്കെടുപ്പ്.

ജനസന്ദ്രത : ഒരു ചതുരശ്രകിലേമീറ്ററിന് ഒരു പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ ശാരാശരി എണ്ണം.

X Std - Geography Malayalam Unit-7.indd 238 1/27/2023 10:11:01 AM

സംരക്ഷിത വനം : പരിമിതമായ പരിരക്ഷയുള്ള ഇന്ത്യൻ വനനിയമം അല്ലെങ്കിൽ സംസ്ഥാന വനനിയമത്തിന്റെയോ വ്യവസ്ഥ പ്രകാരം അിറയിച്ച പ്രദേശം സംരക്ഷിതവനത്തിൽ നിരോധിത പ്രദേശങ്ങൾ ഒഴികെ എല്ലാ പ്രവർത്തനങ്ങളും അനുവദനീയമാണ്.

പ്രദേശങ്ങൾ : ഒരു പ്രദേശം പ്രത്യേകിച്ചും ഒരു രാജ്യത്തിന്റെ അല്ലെങ്കിൽ ലോകത്തിന് കൃത്യമായ സ്വാഭവ സവിശേഷതകൾ ഉണ്ടെങ്കിലും, എല്ലായ്പ്പോഴും നിശ്ചിത അതിരുകളില്ല.

റിസർവ്ഡ് ഫോറസ്റ്റ് : ഇന്ത്യൻ വനനിയമത്തിന്റെയോ മറ്റ് സംസ്ഥാന വനനിയമത്തിന്റെയോ വ്യവസ്ഥകൾ പ്രകാരം സംരക്ഷിക്കപ്പെട്ട പ്രദേശം. ഈ പ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുവാദമില്ലാതെ മറ്റൊരു പ്രവർത്തനവും നടത്താൻ പാടില്ല.

ജലസംഭരണികൾ : ജലവിതരണ സ്രോതസ്സായി ഉപയോഗിക്കുന്ന ഒരു വലിയ പ്രകൃതദത്ത അല്ലെങ്കിൽ കൃതിമ താടകം.

ഊറൽപാറ : അവശിഷ്ടങ്ങളുടെ ഏകീകരണത്തിലൂടെ രൂപം കൊണ്ട പാറ.

ലിംഗാനുപാതം : ആയിരം പുരുഷന്മാർക്കുള്ള സ്ത്രീകളുടെ അനുപാതം.

കൂട്ടഞെരിച്ചിൽ : അനേകം മൃഗങ്ങളോ ആളുകളോ ഒരേദിശയിൽ അനിയന്ത്രിതമായി ഓടുന്നതും പരിക്കുകളും,മരണങ്ങളും ഉണ്ടാക്കുന്ന സാഹചര്യം.

ഇന്ത്യൻപ്രാദേശികസമയം : ഇന്ത്യയുടെ ഔദ്യോഗികസമയം.

കടലിടുക്ക് : രണ്ട് വലിയ കടലുകളേയൊ പ്രദേശങ്ങളെയോ ബന്ധിപ്പിക്കുന്ന ഇടുങ്ങിയ ജലസന്ധി

സ്വയംപര്യാപ്തകൃഷി: ഈകൃഷിരീതിയിൽ വിളവെടുക്കുമ്പോൾ സ്വന്തം ആവശ്യങ്ങളെ പൂർത്തീകരിച്ച ശേഷം കുറച്ചുഭാഗം വിൽപ്പനക്കായി നീക്കിവയ്ക്കുന്നു.

തരംതിരിക്കാനാവാത്ത വനം : വനമായി രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ റിസർവ് ചെയ്തതോ സംരക്ഷിതമോ, ആയ വനവിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പ്രദേശം.

യുനെസ്കോയുടെ ലോക പൈതൃകേന്ദ്രം: യുനെസ്കോ ഭൂമിയിലെ ജനിതകവിഭവങ്ങളെ സംരക്ഷിക്കുന്നതിനും ആവാസവ്യവസ്ഥയെക്കുറിച്ച് ഗവേഷണം നടത്തുന്നതിനും, നിരീഷണം നടത്തുന്നതിനും ഉള്ള പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നു.


X Std - Geography Malayalam Unit-7.indd 239 1/27/2023 10:11:01 AM

പൗരധർമ്മം

X Std - Civics Malayalam Unit-1.indd 240 1/27/2023 10:15:22 AM

യൂണിറ്റ് 1

ഇന്ത്യൻ ഭരണഘടന



പഠന ലക്ഷ്യങ്ങൾ

- ഇന്ത്യൻ ഭരണഘടന രൂപീകരണത്തിനെക്കുറിച്ച് മനസ്സിലാക്കൽ
- ഇന്ത്യൻ ഭരണഘടനയുടെ പ്രധാനസവിശേഷതകളെ കുറിച്ച് അറിയാൻ
- മൗലിക അവകാശങ്ങളും കടമകളും മനസ്സിലാക്കൽ
- സംസ്ഥാന മാർഗ്ഗനിർദ്ദേശ നയങ്ങളെക്കുറിച്ച് അറിയാൻ
- കേന്ദ്ര സംസ്ഥാന ബന്ധങ്ങളും അടിയന്തരവസ്ഥകളും മനസ്സിലാക്കൽ

6PQZ5

ആമുഖം

ഭരണഘടന എന്നത് ഒരു രാജ്യത്തിൻറെ അടിസ്ഥാന നിയമമാണ്. അത് ആ രാജ്യത്തിലെ ഗവൺമെൻറിൻറെ ആധികാരിക പ്രമാണങ്ങളുടെ അടിസ്ഥാനതത്വങ്ങളെ പ്രതിഫലിപ്പിക്കുന്നു. ഭരണഘടന എന്ന ആശയം ആദ്യമായി ആവിർഭവിച്ചത് അമേരിക്കൻ ഐക്യനാടുകളിലാണ്.

1.1 ഭരണഘടനയുടെ ആവശ്യകത

എല്ലാ ജനാധിപത്യ രാജ്യങ്ങൾക്കും അവയെ നിയന്ത്രിക്കുന്ന ഒരു ഭരണഘടന ആവശ്യമാണ്. പൗരൻമാർ എന്ന നിലയിൽ നമുക്ക് ആഗ്രഹമുള്ള രീതിയിൽ ജീവിക്കാൻ രാഷ്ട്രത്തിന്റെ അടിത്തറയായ ചില തത്വങ്ങളെ ഭരണഘടന നിർദ്ദേശിക്കുന്നു. നമ്മുടെ സമൂഹത്തിന്റെ അടിസ്ഥാന സ്വഭാവമാണ് ഭരണഘടന പറയുന്നത്. വ്യത്യസ്ത വിശ്വാസങ്ങളുള്ള ജനങ്ങളുടെ

1.2 ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണം

1946-ൽ ക്യാബിനറ്റ് മിഷൻ പദ്ധതി പ്രകാരം ഭരണഘടന നിർമ്മാണ സഭ രൂപീകരിച്ചു. പ്രവിശ്യകൾ (292), സംസ്ഥാനങ്ങൾ (93) മുഖ്യകമ്മീഷണർമാരുടെ പ്രവിശ്യകൾ (3) ബലൂചിസ്ഥാൻ (1) എന്നിവയെ പ്രതിനിധീകരിച്ച് 389 അംഗങ്ങൾ നിയമ സഭയിൽ ഉണ്ടായിരുന്നു. 1946 ഡിസംബർ 9-തിനാണ് ആദ്യമായി നിയമസഭ സമ്മേളനം നടന്നത്. ഏറ്റവും പ്രായം കൂടിയ അംഗമായ ഡോ. സച്ചിദാനന്ദസിൻഹയാണ് നിയമസഭയുടെ താത്കാലിക പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത്. ആ ജോലി പുരോഗമിക്കുന്നതിനിടയിൽ ഡോ സച്ചിദാനന്ദ സിൻഹ അന്തരിച്ചു. ഡോ. രാജേന്ദ്രപ്രസാദ്. നിയമസഭയുടെ അടുത്ത പ്രസിഡന്റായി തെരഞ്ഞെടു ക്കപ്പെട്ടു. അതുപോലെ മുഖർജിയും കൃഷ്ണമാചാരിയും നിയമസഭയുടെ വൈസ് പ്രസിഡന്റുമാരായി തെരഞ്ഞെടുക്കപ്പെട്ടു. ഈ നിയമസഭ 166 ദിവസത്തെ യോഗങ്ങളും 11 സമ്മേളനങ്ങളും നടത്തി. ഈ ചർച്ചയിൽ 2473 ഭേദഗതികൾ വരുത്തി. അവയിൽ ചിലത് അംഗീകരിക്കുകയും ചെയ്തു. വിവിധ കമ്മിറ്റികളിലൂടെ നിയമസഭ പ്രവർത്തിക്കുകയും ഡോ. ബി.ആർ. അംബേദ്കർ ചെയർമാനായി ഭരണഘടനയുടെ ആദ്യ രൂപരേഖ തയ്യാറാക്കുകയും ചെയ്തു. അദ്ദേഹത്തെ 'ഭരണഘടനയുടെ പിതാവ്' എന്ന് വിശേഷിപ്പിക്കുന്നു.



Dr. B.R. അംബേദ്കർ

X Std - Civics Malayalam Unit-1.indd 241 1/27/2023 10:15:22 AM

ആദ്യ രൂപരേഖ തയ്യാറാക്കിയ തിനു ശേഷം ജനങ്ങളും പ്രത്രങ്ങളും, പ്രവിശ്യാ സമ്മേളനങ്ങളും മറ്റുള്ളവരും ചർച്ച ചെയ്തതിനുശേഷം 1949 നവംബർ 26-ന് ഭരണഘടനയ്ക്ക് ഔപചാരികമായി അംഗീകാരം ലഭിച്ചു. ഇതിൽ ഒരു ആമുഖം 22 ഭാഗങ്ങൾ 395 അനുച്ഛേദങ്ങൾ 8 പട്ടികകൾ എന്നിവ ഉൾപ്പെടുത്തി. ഇപ്രകാരം രൂപകൽപ്പന ചെയ്ത ഭരണഘടന 1950 ജനുവരി 26-ന് പ്രാബല്യത്തിൽ വന്നു. ഈ ദിനം റിപ്പബ്ലിക് ദിനം എന്ന് അറിയപ്പെടുന്നു. ഇത് എല്ലാ വർഷവും നാം ആഘോഷിക്കുന്നു.





പ്രേം ബിഹാരിനരേൻ റൈസാഡ ആയിരുന്നു ഇന്ത്യൻ ഭരണഘടനയുടെ കൈയെഴുത്തു ശാസ്ത്ര വിദഗ്ധൻ. യഥാർത്ഥ ഭരണഘടന അദ്ദേഹം തയ്യാറാക്കിയത് ഇറ്റാലിക് ശൈലിയിലാണ്.

1.3 ഇന്ത്യൻ ഭരണഘടനയുടെ പ്രധാനസവിശേഷതകൾ

- ലോകത്തിലെ എല്ലാ ലിഖിതമായ ഭരണഘടന യിൽ ഏറ്റവും ദൈർഘ്യമേറിയതാണിത്.
- വിവിധ രാജ്യങ്ങളുടെ ഭരണഘടനയിൽ നിന്നും അതിന്റെ മിക്ക വ്യവസ്ഥകളും കടം എടുത്തിട്ടുണ്ട്.
- ഇത് ഭാഗികമായി സ്ഥിരതയുള്ളതും ഭാഗികമായി അയവുള്ളതുമാണ്.
- ഇത് സംയുക്തഭരണ സംവിധാനമുള്ള ഒരു ഗവൺമെന്റ് രൂപീകരിക്കുന്നു.
- ഇത് ഇന്ത്യയെ ഒരു മതേതര രാഷ്ട്രമായി മാറ്റുന്നു.
- ഇത് ഒരു സ്വതന്ത്ര നീതിന്യായ വ്യവസ്ഥ. പ്രദാനം ചെയ്യുന്നു.
- ഇത് പ്രായപൂർത്തിവോട്ടവകാശം മുഖേന പതിനെട്ടു വയസ്സ് പൂർത്തിയായ പൗരൻമാർക്ക് യാതൊരു വിവേചനവുമില്ലാതെ വോട്ട് ചെയ്യാനുള്ള അവകാശം നൽകുന്നു.
- ഇത് ഏക പൗരത്വം നൽകുന്നു.

1.4 ആമുഖം

ആമുഖം എന്നത് ഭരണഘടനയുടെ മുഖവുരയാണ്. ഭരണഘടനയുടെ ആദർശങ്ങളും ലക്ഷ്യങ്ങളും അടിസ്ഥിനതത്വങ്ങളും ഇതി ലടങ്ങിയിരിക്കുന്നു. ഇതിന് മഹത്തായ മൂല്യമുള്ളതുകൊണ്ട് ഇത് "ഭരണഘടനയുടെ താക്കോൽ എന്നു വിശേഷിപ്പിക്കുന്നു.

ഇന്ത്യൻ ഭരണഘടനയുടെ ആമുഖം ജവർഹർലാൽ നെഹ്റു തയ്യാറാക്കിയ വസ്തുനിഷ്ഠമായ പ്രമേയം അടിസ്ഥാന മാക്കിയുള്ളതാണ് ഇത് 1947 ജനുവരി 22-ന് ഭരണഘടനാസമിതി അംഗീകരിച്ചു 1976 ലെ 42 മത് ഭരണഘടനാ അംഗീകരിച്ചു. 1976 ലെ 42 മത് ഭരണഘടനാ ഭേദഗതി നിയമപ്രകാരം സ്ഥിതിസമത്വം മതേതരത്വം സമഗ്രത തുടങ്ങിയ മൂന്നുപദങ്ങൾ കുട്ടിച്ചേർത്തു. നാം ഇന്ത്യയിലെ ജനങ്ങൾ എന്ന പദത്തോടു കൂടിയാണ് ആമുഖം ആരംഭിക്കുന്നത്. ജനങ്ങൾ ഇന്ത്യൻ ഭരണഘടന യിൽ നിന്നും അധികാരം കൈപ്പറ്റുന്നുവെന്നാണ് ഇത് വ്യക്തമാക്കുന്നത്. അങ്ങനെ ഇന്ത്യയിലെ ജനങ്ങൾ നമ്മുടെ ഭരണഘടനയുടെ ഉറവിടമാണെന്ന് പറയാൻ സാധിക്കും. നമ്മുടെ ഭരണഘടനയുടെ ആമുഖത്തിൽ ഇന്ത്യ ഒരു പരമാധികാര, സ്ഥിതി സമത്വ മതേതരത്വ ജനാധിപത്യ റിപ്പബ്ലിക് എന്നു വിശേഷിപ്പിക്കുന്നു. ഇതിന്റെ ലക്ഷ്യം ഇന്ത്യൻ പൗരൻമാർക്ക് സാമൂഹ്യവും, സാമ്പത്തികവും രാഷ്ട്രീയവുമായ നീതി ഉറപ്പാക്കുന്നു എന്നതാണ്.



1789-ലെ ഫ്രഞ്ചുവിപ്ലവ സമയത്ത് ഉരുത്തിരിഞ്ഞ മുദ്രാവാക്യമാണ് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം നമ്മുടെ ഭരണഘടനയുടെ ആമുഖത്തിൽ അവയ്ക്ക് പ്രാധാന്യം നൽ കിയിരിക്കുന്നു.

1.5 പൗരത്വം

'സിറ്റിസൻ' എന്ന പദം **സിവിസ്** എന്ന ലാറ്റിൻ പദത്തിൽ നിന്നും ഉരുത്തിരിഞ്ഞതാണ്. ഇതിന ർത്ഥം നഗരരാഷ്ട്ര നിവാസി എന്നാണ്. ഇന്ത്യൻ ഭരണഘടന ഇന്ത്യയ്ക്ക് ഏകീകൃതമായഏക പൗരത്വം നൽകുന്നു. ഭരണഘടനയുടെ രണ്ടാം ഭാഗത്തിന്റെ 5 മുതൽ 11 വരെയുള്ള അനുച്ഛേദങ്ങൾ പൗരത്വത്തെക്കുറിച്ചുള്ളതാണ്.

പൗരത്വനിയമം 1955

1955-ലെ പൗരത്വ നിയമം ഭരണഘടന യുടെ തുടക്കത്തിനുശേഷം പൗരത്വം നേടാനും ന ഷ്ട പ്പെടുന്നതിനും അനുവദിക്കുന്നു. ഈ നിയമം ഒൻമ്പത് തവണ ഭേദഗതി ചെയ്തു.

പൗരത്വം ലഭിക്കുന്നത്

1955-ലെ പൗരത്വനിയമം അനുസരിച്ച് താഴെപ്പറ യുന്ന ഏതെങ്കിലും മാർഗ്ഗത്തിലൂടെ പൗരത്വം ഏറ്റെടുക്കാം.

1. **ജനനം :** 1950 ജനുവരി 26 നോ അതിനു ശേഷമോ രാജ്യത്ത് ജനിച്ച എല്ലാ വ്യക്തികളെയും ഇന്ത്യൻ പൗരൻമാരായി കണക്കാക്കുന്നു.
2. **പാരമ്പര്യം :** 1950 ജനുവരി 26നോ അതിനു ശേഷമോ ഇന്ത്യയുടെ പുറത്ത് ജനിച്ച ഒരു വ്യക്തി അവന്റെ പിതാവ് ഇന്ത്യൻ പൗരനാ ണെങ്കിൽഅവൻപാരമ്പര്യമായിഇന്ത്യൻപൗരനായി കണക്കാക്കപ്പെടുന്നു.

X Std - Civics Malayalam Unit-1.indd 242 1/27/2023 10:15:22 AM

3. **രജിസ്ട്രേഷൻ :** വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷ നൽകി ഒരു വ്യക്തിക്ക് ഇന്ത്യൻ പൗരത്വം നേടാം.
4. **സ്വാഭാവിക പൗരത്വം:** വിദേശികൾക്കും ഗവൺമെൻറിനോട് അപേക്ഷിച്ച് ഇന്ത്യൻ പൗരത്വം നേടാം.
5. **പ്രാദേശിക സംയോജനത്തിലൂടെ:** ഒരു പ്രദേശം ഇന്ത്യയോട് കൂട്ടി ചേർക്കുകയാണെങ്കിൽ അവിടത്തെ നിവാസികൾക്ക് സ്വാഭാവികമായും ഇന്ത്യൻ പൗരത്വം ലഭിക്കും.

പൗരത്വം നഷ്ടപ്പെടൽ

1955 ലെ പൗരത്വ നിയമം പ്രകാരം പൗരത്വ നഷ്ടം മൂന്നു വിധത്തിൽ നിഷേധിക്കുന്നു. അതായത് പുനർവിചാരണ, അവസാനിപ്പിക്കൽ, നഷ്ടപരിഹാരം എന്നിവയാണ്.

1. സ്വമേധയാ പൗരത്വം ഉപേക്ഷിക്കാവുന്നതാണ്.
2. ഒരു വ്യക്തി മറ്റൊരു രാജ്യത്തിന്റെ പൗരത്വം നേടുന്നതിലൂടെ പൗരത്വം നഷ്ടപ്പെടും.
3. വഞ്ചന പ്രാതിനിധ്യം അല്ലെങ്കിൽ വസ്തുക്കളെ മറച്ചുവയ്ക്കുകയോ, ശത്രുരാജ്യങ്ങളുമായി വ്യാപാരത്തിലേർപ്പെടുകയോ, അല്ലെങ്കിൽ രണ്ട് വർഷം തടവുശിക്ഷയ്ക്ക് വിധിക്കുകയാണെങ്കിൽ തെറ്റായ പൗരത്വം നേടിയെടുക്കുകയോ ചെയ്താൽ കേന്ദ്ര ഗവൺമെന്റിനെ ആവ്യക്തിയുടെ സ്വാഭാവിക പൗരത്വം നഷ്ടപ്പെടുത്താം.

1.6 മൗലീക അവകാശങ്ങൾ

മൗലീക അവകാശങ്ങൾ ഭരണ ഘടനയുടെ മൂന്നാം ഭാഗത്തിൽ 12 മുതൽ 35 വരെയുള്ള അനുച്ഛേദത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇക്കാര്യത്തിൽ ഭരണഘടനാവക്താക്കൾ അമേരിക്കൻ ഐക്യ നാടുകളിലെ ഭരണഘടനാ അനുച്ഛേദങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടു. യഥാർത്ഥത്തിൽ ഏഴ് മൗലീകാവകാശങ്ങൾ ഭരണഘടനവ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്പോൾ അവയിൽ ആറ് മൗലീകാ വകാശങ്ങൾ മാത്രമാണുള്ളത്. ഭരണഘടനയുടെ മൂന്നാം ഭാഗത്തെ ഇന്ത്യയുടെ മാഗ്നാ കർട്ടയായി വിശേഷിപ്പിക്കുന്നു. മൗലീക അവകാശങ്ങൾ എല്ലാ വ്യക്തികൾക്കും. ലഭ്യമാണെങ്കിലും ചില മൗലീക അവകാശങ്ങൾ ഇന്ത്യൻ പൗരൻമാർക്ക് മാത്രമേ ലഭ്യമാകൂ.

ഭരണഘടനാപരമായി പരിഹാരം കാണുന്നതിനുള്ള അവകാശം (അനുച്ഛേദം 32)

റിട്ട് എന്നത് ഒരു കോടതിയുടെ മുദ്രയിട്ട ഉത്തരവുകളാണ്. ഏതെങ്കിലും ഒരു പ്രവർത്തി ചെയ്യരുതെന്ന് നിരോധിക്കുന്നതോ എങ്ങനെ ചെയ്യണമെന്ന് ആജ്ഞാപിക്കുന്നതോ റിട്ടിൻറെ പരിധിയിൽ വരും.

അഞ്ചു തരം റിട്ടുകൾ നൽകുന്നതിന് സുപ്രീം കോടതിക്കും, ഹൈകോടതികൾക്കും അധികാരമുണ്ട.അതുകൊണ്ടാണ്സുപ്രീംകോടതിയെ ഭരണഘടനയുടെ സംരക്ഷകൻ എന്ന് വിളിക്കുന്നത്. ഡോ. അംബേദ്ക്കറുടെ അഭിപ്രായത്തിൽ അനുച്ഛേദം 32-നെ ഭരണഘടനയുടെ ഹൃദയവും ആത്മാവുമാണെന്ന് വിശേഷിപ്പിക്കുന്നു.

(a) **ഹേബിയസ് കോർപ്പസ്:** നിയമവിരുദ്ധമായി ഒരാളെ തടവിലാക്കുന്നതിൽ നിന്നും സംരക്ഷിക്കുന്നു.

(b) **മാൻഡമസ് റിട്ട്:** പൊതു സേവനം നടത്തുന്ന അധികാരികളിൽ നിന്ന് നിയമപരമായ സഹായം ആവശ്യമുള്ള പരാതിക്കാരനെ ഇത് സംരക്ഷിക്കുന്നു.

(c) **പ്രൊഹിബിഷൻ റിട്ട്:** കീഴ്ക്കോടതികൾ തങ്ങളുടെ അധികാര പരിധിക്ക് പുറത്തുള്ള കാര്യങ്ങൾ ചെയ്യുമ്പോൾ അത് തടയാനുള്ള മേൽകോടതികളുടെ ഉത്തരവുകളാണ് പ്രൊഹിബിഷൻ റിട്ട്.

(d) **സെർഷിയോററി റിട്ട്:** കീഴ്ക്കോടതികൾ തങ്ങളുടെ അധികാര പരിധിക്ക് പുറത്തുള്ള കാര്യങ്ങളിൽ എടുത്ത തീരുമാനങ്ങൾ അസാധു വാക്കാനുള്ള മേൽക്കോടതികളുടെ ഉത്തരവുകളാണ്.

(e) **കോ വാറൻറോ റിട്ട്:** നിയമവിരുദ്ധമായി നിസ്സാരം കയ്യാളുന്നത് തടയുക എന്നതാണ് കോ വാറൻ റോ റിട്ടിന്റെ ഉദ്ദേശം.

മൗലീകാവകാശങ്ങളുടെ നിരോധനം

അനുച്ഛേദനം 352 പ്രകാരം രാഷ്ട്രപതി അടിയന്തരാവസ്ഥ പ്രഖ്യാപനം നടത്തുമ്പോൾ അനുച്ഛേദനം 19-ൽ ഉറപ്പു നൽകുന്ന സ്വാതന്ത്ര്യങ്ങൾ സ്വപ്രേരിതമായി നിരോധിക്കപ്പെടും. രാഷ്ട്രപതിക്ക് പ്രത്യേകഉത്തരവുകളിലൂടെ മറ്റു മൗലീകാവകാശങ്ങൾ നിർത്തലാക്കാവുന്നതാണ്. ഈ ഉത്തരവുകൾ പാർലമെന്റിനാൽ അംഗീകരിക്കപ്പെടണം.

മൗലീകാവകാശങ്ങളും സാസ്ഥാന മാർഗ്ഗ നിർ ദ്ദേശനയങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ:

മൗലീകാവകാശങ്ങൾ	സംസ്ഥാന മാർഗ്ഗ നിർദ്ദേശങ്ങൾ
അമേരിക്കൻ ഐക്യനാടുകളിലെ ഭരണഘടനയിൽ നിന്നാണ് രൂപവത്കരിച്ചത്.	അയർലാന്റിലെ ഭരണഘടനയുടെ മാതൃകയിലാണ് ഇത് എഴുതപ്പെട്ടത്.
ഗവൺമെന്റിനു പോലും ഈ അവകാശങ്ങൾ എടുത്തു മാറ്റാനോ ചുരുക്കാനോ കഴിയില്ല.	ഗവൺമെന്റിന് ഇത് ഒരു നിർദ്ദേശമാണ്.
ഇത് കോടതി നിയമം വഴി നടപ്പിലാക്കാൻ സാധിക്കും.	ഏതൊരു കോടതി മുഖേനയും ഇവ നടപ്പിലാക്കാൻ സാധിക്കില്ല.
ഇവയ്ക്ക് നിയമപരമായ ഉപരോധങ്ങളുണ്ട്.	ഇവയ്ക്ക് ധാർമ്മികവും രാഷ്ട്രീയവുമായ ഉപരോധങ്ങളുണ്ട്.
ഈ അവകാശം ഉറപ്പാക്കുന്ന രാജ്യത്ത് രാഷ് ട്രീയ ജനാധിപത്യം ശക്തിപ്പെടുത്തുന്നു.	ഈ തത്വങ്ങളുടെ നടത്തിപ്പ് സാമൂഹ്യ സാമ്പത്തിക ജനാധിപത്യത്തെ സഹായിക്കുന്നു.

X Std - Civics Malayalam Unit-1.indd 243 1/27/2023 10:15:22 AM

I. സമത്വാവകാശം



അനുച്ഛേദം 14 : നിയമത്തിനുമുന്നിൽ സമത്വം.

അനുച്ഛേദം 15 : മതം, വർഗ്ഗം, ജാതി, ലിംഗം അല്ലെങ്കിൽ ജൻമസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനം തടയുക.

അനുച്ഛേദം 16 : പൊതു തൊഴിലവസര മേഖലകളിൽ സമത്വം.

അനുച്ഛേദം 17 : തീണ്ടായ്മ ഇല്ലാതാക്കൽ.

അനുച്ഛേദം 18 : സൈനീക അക്കാദമിക് ഒഴികെയുള്ള ശീർഷകങ്ങളെ നിർത്തലാക്കൽ.

II. സ്വാതന്ത്ര്യാവകാശം



അനുച്ഛേദം 19 : സംസാരസ്വാതന്ത്ര്യം, പ്രസ്ഥാനം, സമ്മേളനം, താമസസൗകര്യം, തൊഴിൽ സ്വാതന്ത്ര്യം.


അനുച്ഛേദം 20 : കുറ്റകൃത്യങ്ങളുടെ ശിക്ഷ സംബന്ധിച്ചുള്ള സംരക്ഷണം.

അനുച്ഛേദം 21 : ജീവിതവും, വ്യക്തിപരമായ സ്വാതന്ത്ര്യം സംരക്ഷിക്കൽ.

അനുച്ഛേദം 21 : പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം.

അനുച്ഛേദം 22 : ചില കേസുകളിൽ അറസ്റ്റിനും തടങ്കലിനും എതിരായ സംരക്ഷണം.

III. ചൂഷണത്തിനെതിരെയുള്ള അവകാശം



അനുച്ഛേദം 23 : മനുഷ്യാവകാശത്തിനു തടസ്സമുണ്ടാക്കുന്നത്, നിർബന്ധിത തൊഴിൽ എന്നിവ നിരോധിക്കുക.

അനുച്ഛേദം 24 : തൊഴിൽശാലകൾ മറ്റും അപകടകരമായ സ്ഥലങ്ങളിൽ ബാലവേല നിരോധിക്കൽ.

IV. മതസ്വാതന്ത്ര്യാവകാശം



അനുച്ഛേദം 25 : മനസാക്ഷിയുടെ സ്വാതന്ത്ര്യവും സ്വതന്ത്രതൊഴിലും മതവും അതിന്റെ പ്രായോഗികതയും പ്രചരിപ്പിക്കുക.

അനുച്ഛേദം 26 : മതകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം.

അനുച്ഛേദം 27 : ഏതെങ്കിലും മതത്തെ പ്രോത്സാഹിപ്പിക്കുതിനായി നികുതി അടയ്ക്കുന്നതിനുള്ള സ്വാതന്ത്ര്യം.

അനുച്ഛേദം 28 : ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതപഠനത്തിനോ, ആരാധനയിലോ പങ്കെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം.

V. സാംസ്കാരിക വിദ്യാഭ്യാസ അവകാശങ്ങൾ



അനുച്ഛേദം 29 : ന്യൂനപക്ഷങ്ങളുടെ ഭാഷയും ലിപിയും സംസ്ക്കാരവും സംരക്ഷിക്കുക.

അനുച്ഛേദം 30 : വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനും നിയന്ത്രിക്കാനും ന്യൂനപക്ഷങ്ങളുടെ അവകാശം.

VI. ഭരണഘടനാപരമായി പരിഹാരം നേടാനുള്ള അവകാശം



അനുച്ഛേദം 32 : വ്യക്തികളുടെ മൗലീകാവകാശങ്ങളുടെ ലംഘനത്തിനു പരിഹാരം തേടുന്നതിന് അനുവദിക്കുന്നു.

സ്വത്തവകാശം (അനുച്ഛേദം 31)

നിങ്ങൾക്ക് അറിയാമോ?

1978 ലെ 44 മത് ഭേദഗതി നിയമപ്രകാരം മൗലീകാവകാശങ്ങളുടെ പട്ടികയിൽ നിന്ന് സ്വത്തവകാശം നീക്കി ഭരണഘടനയുടെ 12-ാം ഭാഗം അനുച്ഛേദം 300 പ്രകാരം ഇത് നിയമപരമായ അവകാശമാണ്.



സ്റ്റാമ്പുകളിൽ നിർദ്ദേശിച്ചിട്ടുള്ള വിഷയവുമായി ബന്ധപ്പെടുത്തി ഏതു വിധത്തിലുള്ള മൗലീകാവകാശം ആണ് നിഷേധിക്കപ്പെട്ടിട്ടുള്ളത് എന്ന് കണ്ടെത്തുക?

X Std - Civics Malayalam Unit-1.indd 244 1/27/2023 10:15:23 AM

1.7 സംസ്ഥാന മാർഗ്ഗ നിർദ്ദേശ നയങ്ങൾ

ഭരണഘടനയുടെ നാലാം ഭാഗത്തിൽ അനുച്ഛേദനം 36 മുതൽ 51 വരെ സംസ്ഥാന മാർഗ്ഗനിർദ്ദേശ നയത്തിന്റെ മാനദണ്ഡങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് ഭരണഘടനയിൽ മാർഗ്ഗനിർദ്ദേശ നയത്തിന്റെ യാതൊരു വർഗ്ഗീകരണവും അടങ്ങിയിട്ടില്ല. എന്നിരുന്നാലും അവയുടെ ഉള്ളടക്കവും നിർദ്ദേശവും അനുസരിച്ച് അവയെ സ്ഥിതി സമത്വ, ഗാന്ധിയൻ, സ്വതന്ത്രബുദ്ധി എന്നിങ്ങനെ മൂന്നു വിശാല വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ കോടതികൾ മുഖേന നടപ്പിലാക്കാൻ പാടില്ല.

എന്നാൽ രാജ്യഭരണത്തിന് ഇവ അടിസ്ഥാനപരമായതാണ്. ജനങ്ങളുടെ സാമൂഹ്യക്ഷേമത്തെ പ്രോത്സാഹിപ്പിക്കുന്നതിനാണ് അവർ ലക്ഷ്യമിടുന്നത്. ഡോ.ബി. ആർ അംബേദ്ക്കർ ഈ തത്വങ്ങളെ ഇന്ത്യൻ ഭരണഘടനയുടെ നോവൽ സവിശേഷതകൾ എന്ന് വിശേഷിപ്പിച്ചു.

> **നിങ്ങൾക്ക് അറിയാമോ?**
>
> 2002-ലെ 86-ാം ഭേദഗതി നിയമപ്രകാരം അനുച്ഛേദനം 45 എന്ന വിഷയത്തെ മാറ്റി പ്രാഥമിക വിദ്യാഭ്യാസത്തിന് അനുച്ഛേദനം 21 പ്രകാരം പ്രാമുഖ്യം നൽകി. എല്ലാ കുട്ടികൾക്കും 6 വയസ്സ് തികയുന്നതു വരെ ബാല്യകാല സംരക്ഷണവും വിദ്യാഭ്യാസവും നൽകാൻ ഭേദഗതി നിർദ്ദേശിക്കുന്നു.

1.8 അടിസ്ഥാനപരമായ കടമകൾ

ഇന്ത്യൻ ഭരണഘടനയിലെ അടിസ്ഥാനപരമായ കടമകൾ മുൻ സോവിയറ്റ് യൂണിന്റെ ഭരണ ഘടനയിൽനിന്ന് സ്വീകരിച്ചതാണ്. 1976-ൽ അടിസ്ഥാനപരമായ കടമകൾ സംബന്ധിച്ച് ശുപാർശകൾ നടത്താൻ കോൺഗ്രസ് പാർട്ടി സർദാർസ്വരൺസിംഗ് കമിറ്റി രൂപീകരിച്ചു. 1976-ലെ 42 ാമത് ഭേദഗതി നിയമപ്രകാരം ചില ഉത്തരവാദിത്വങ്ങൾ അടിസ്ഥാന കടമകൾ എന്ന് ഭരണഘടനയിൽ ചേർത്തു. ഈ ഭേദഗതി ഭരണഘടനയിൽ ഭാഗം IV എന്ന് ചേർത്തു. ഈ പുതിയ ഭാഗത്തിൽ അനുച്ഛേദം 51 എന്ന ഒരേയൊരു അനുച്ഛേദം മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഇത് പൗരൻമാരുടെ പത്ത് അടിസ്ഥാന കടമകളുടെ ഒരു സംഹിത ആദ്യമായി നിർദ്ദേശിച്ചു.

അടിസ്ഥാന കടമകൾ

അനുച്ഛേദം 51A ഇന്ത്യയിലെ ഓരോ പൗരന്റെയും കടമയാണെന്ന് പ്രഖ്യാപിക്കുന്നു.

(a) ഭരണഘടന അനുശാസിക്കുന്ന ആദർശങ്ങളെയും സ്ഥാപനങ്ങളെയും, ദേശീയപതാകയും ദേശീയ ഗാനത്തേയും ആദരിക്കുക.



(b) ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു കാരണമായ ആദർശപരമായ ആശയങ്ങളെ ഓർമ്മിക്കുകയും പിന്തുടരുകയും ചെയ്യുക.

(c) ഇന്ത്യയുടെ പരമാധികാരം, ഐക്യം, അഖണ്ഡത എന്നിവയെ സംരക്ഷിക്കുക.

(d) രാജ്യത്തിനുവേി സേവനം ചെയ്യാൻ ഏതു സന്ദർഭത്തിലും സന്നദ്ധരാവുക.

(e) മതം ഭാഷാ, പ്രാദേശിക, വിഭാഗീയ വൈവിധ്യങ്ങൾ ഭേദിച്ച് ഇന്ത്യയിലെ എല്ലാ ജനങ്ങളും തമ്മിലുള്ള ഐക്യവും സാഹോദര്യം മനോഭാവവും വളർത്തുക. സ്ത്രീകളുടെ അന്തസ്സിനെ അവഹേളിക്കുന്ന രീതിയിലുള്ള പെരുമാറ്റങ്ങൾ ഉപേക്ഷിക്കുക.

(f) നമ്മുടെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ വിലമതിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

(g) വനങ്ങൾ, തടാകങ്ങൾ, നദികൾ, വന്യജീവികൾ എന്നിവ ഉൾപ്പെടെയുള്ള പ്രകൃതി പരിസ്ഥിതി സംരക്ഷിക്കാനും മെച്ചപ്പെടുത്താനും ജീവജാലങ്ങളോട് അനുകമ്പയുണ്ടാക്കാനും ശ്രമിക്കുക.

(h) ശാസ്ത്രവികാസം, മാനവിക പുരോഗതി, അന്വേഷണതര, പരിഷ്കരണം എന്നിവയുടെ വികാസം സംബന്ധിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുക.

(i) പൊതുസമ്പത്തുകളെ സംരക്ഷിക്കുകയും, ആക്രമണങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക.

(j) വ്യക്തിപരമായും, കൂട്ടായ പ്രവർത്തനങ്ങളിലൂടെയും എല്ലാ മേഖലകളിലും മികവു പുലർത്താനും അങ്ങനെ രാജ്യം നിരന്തരം ഉയർന്ന നേട്ടങ്ങൾ കൈവരിക്കാനും ശ്രമിക്കുക.

(k) 6 വയസ്സിനും 14 വയസ്സിനും ഇടയിലുള്ള കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവകാശം നൽകുക. (2002 ലെ 86-ാംമത് ഭരണഘടന ഭേദഗതി നിയമം പതിനൊന്നാമത്തെ മൗലീക കടമയായി) ഇതിൻപ്രകാരം ഇന്ത്യൻ പൗരൻമാർക്കും അല്ലെങ്കിൽ മാതാപിതാക്കൾക്കും 6 നും 14 വയസ്സിനും ഇടയിൽ പ്രായമുള്ള തങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ നൽകുന്നു.

X Std - Civics Malayalam Unit-1.indd 245 1/27/2023 10:15:23 AM

1.9 കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ

നിയമനിർമ്മാണ ബന്ധങ്ങൾ

കേന്ദ്രഗവൺമെന്റിന് ഇന്ത്യയുടെ മുഴുവൻ അല്ലെങ്കിൽ ഏതെങ്കിലും ഒരു പ്രദേശത്ത് നിയമ നിർമ്മാണം നടത്തുന്നതിന് അധികാരമുണ്ട്. ഇതിൽ സംസ്ഥാനങ്ങൾ മാത്രമല്ല കേന്ദ്ര ഭരണ പ്രദേശങ്ങൾ അല്ലെങ്കിൽ മറ്റേതെങ്കിലും ഇന്ത്യൻ പ്രദേശവും ഉൾപ്പെടുന്നു. ഭരണഘടനയുടെ ഏഴാമത്തെ ഷെഡ്യൂളിൽ യഥാക്രമം 97, 66, 44 വകുപ്പുകളിലായി യൂണിയൻ ലിസ്റ്റ്, സംസ്ഥാന ലിസ്റ്റ് , കൺകറണ്ട് ലിസ്റ്റ് എന്നിങ്ങനെ മൂന്ന് പട്ടികകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളിൽ നിയമനിർമ്മാണം നടത്താൻ പാർലമെന്റിന് പ്രത്യേകം അധികാരമുണ്ട്. സംസ്ഥാന നിയമസഭക്ക് സംസ്ഥാന ലിസ്റ്റിൽ നിയമനിർമ്മാണം നടത്താൻ അവകാശമുണ്ട്. കൺകറണ്ട് ലിസ്റ്റിൽ അടങ്ങിയിരിക്കുന്ന വിഷയങ്ങളിൽ നിയമനിർമ്മാണം നടത്താൻ പാർലമെന്റിൽ സംസ്ഥാന നിയമ നിർമ്മാണ സഭയ്ക്കും അധികാരമുണ്ട്.

നിങ്ങൾക്ക് അറിയാമോ?

നിലവിൽ കേന്ദ്ര പട്ടിക സംസ്ഥാന പട്ടിക സമാന്തര പട്ടിക യഥാക്രമം 100, 61, 52 വകുപ്പുകളായി ക്രമപ്പെടു ത്തിയിരിക്കുന്നു. 1976 ലെ 42 മത് ഭേദഗതി നിയമം സംസ്ഥാനപട്ടിക യിൽ നിന്ന് വിദ്യാഭ്യാസം, പ്രാമുഖ്യവും പ്രാതിനിത്യവും, വനം, വന്യ ജീവി സംരക്ഷണം, നീതി നിർവ്വഹണം എന്നീ അഞ്ച് വിഷയങ്ങൾ സമാന്തര പട്ടികയിലേക്ക് കൈമാറി. സുപ്രീം കോടതിയും ഹൈകോടതികളും ഒഴികെയുള്ള മറ്റ് കോടതികളുടെ ഭരണ ഘടനയും സംഘടനയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭരണപരമായ ബന്ധങ്ങൾ

ഒരു ഭരണകൂടത്തിന്റെ ഭരണാധികാരം അതിന്റെ അതിർത്തിക്ക് മാത്രമായി പരിമിതപ്പെടുത്തുന്നു. അതിന് നിയമനിർമ്മാണ ശേഷിയുണ്ട്. എന്നാൽ കേന്ദ്രത്തിനു മാത്രമുള്ള നിയമനിർവ്വഹണ അധികാരണമാണ് (a) പാർലമെന്റിന് നിയമനിർമ്മാണം ഉണ്ടാക്കാനുള്ള അധികാരവും (b) കരാർ പ്രകാരം നൽകപ്പെട്ട അധികാരങ്ങളുടെ വ്യാഖ്യാനവും.

സാമ്പത്തികപരമായ ബന്ധങ്ങൾ

ഭാഗം XII-ലെ അനുച്ഛേദം 268 മുതൽ 293 വരെയുള്ളവ കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങളെക്കുറിച്ച് വിവരിക്കുന്നു. വിവിധ തരത്തിലുള്ള നികുതി ചുമത്തുന്നതിന് ഭരണഘടന കേന്ദ്രത്തെയും സംസ്ഥാനങ്ങളേയും അധികാരപ്പെടുത്തിയിരിക്കുന്നു. ഭരണഘടനയുടെ അനുച്ഛേദം 280 അനുസരിച്ച് രാഷ്ട്രപതി നിയമിച്ച ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം ചില നികുതികൾ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ചേർന്ന് ശേഖരിക്കപ്പെടുന്നു.

കേന്ദ്രസംസ്ഥാന ബന്ധങ്ങളെക്കുറിച്ച് ഒരു അന്വേഷണം നടത്താൻ 1983-ൽ മുൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധി സർക്കാരിയ കമ്മീഷനെ നിയമിച്ചു. ഈ കമ്മീഷന്റെ ശുപാർശപ്രകാരം കേന്ദ്രസർക്കാർ 180 (247) ശുപാർശകൾ നടപ്പിലാക്കി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് 1990-ൽ ആരംഭിച്ച അന്തർസംസ്ഥന സഭയാണ്.

നിങ്ങൾക്ക് അറിയാമോ?

കേന്ദ്രസംസ്ഥാന ബന്ധങ്ങളുടെ മുഴുവൻ ചോദ്യങ്ങളും പരിശോധിക്കാൻ 1969-ൽ തമിഴ്നാട് ഗവൺമെൻറ് ഡോക്ടർ പി.വി.രാജമന്നാരുടെ അധ്യക്ഷതയിൽ മൂന്നംഗ സമിതിയെ നിയോഗിച്ചു.

1.10 ഔദ്യോഗിക ഭാഷകൾ

ഭരണഘടനയുടെ XVII-ാം ഭാഗത്തിൽ അനുച്ഛേദം 343 മുതൽ 351 വരെ ഔദ്യോഗിക ഭാഷയെക്കുറിച്ച് വിവരിക്കുന്നു. ആരംഭത്തിൽ ഭരണഘടന 14 പ്രാദേശിക ഭാഷകൾക്ക് അംഗീകാരം നൽകി 8-ാം പട്ടികയിൽ ഉൾപ്പെടുത്തി. നിലവിൽ 22 ഭാഷകൾ അംഗീകരിച്ചിട്ടുണ്ട്.

പ്രവർത്തനം

ഭരണഘടനയിലെ 8-ാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രാദേശിക ഭാഷകളുടെ പട്ടിക തയ്യാക്കാക്കുക?

നിങ്ങൾക്ക് അറിയാമോ?

2004-ൽ ശ്രേഷ്ഠഭാഷകൾ എന്ന പേരിൽ പുതിയ ഭാഷാ വിഭാഗം രൂപീകരിക്കാൻ ഇന്ത്യാഗവൺമെന്റ് തീരുമാനിച്ചു. ഇതുവരെ 6 ഭാഷകൾ ശ്രേഷ്ഠ ഭാഷകളായി അംഗീകരിച്ചിട്ടുണ്ട്. അവ തമിഴ് (2004) സംസ്കൃതം (2005) തെലുങ്ക് (2008) കന്നട (2008) മലയാളം (2013) ഒടിയ (2014).

1.11 അടിയന്തിരവ്യവസ്ഥകൾ

ദേശീയ അടിയന്തരാവസ്ഥ (അനുച്ഛേദം 352)

ഇന്ത്യൻ സുരക്ഷയ്ക്ക് ഭീഷണി, യുദ്ധം, അന്യ രാജ്യ സൈന്യങ്ങളുടെ നുഴഞ്ഞുകയറ്റം, സൈനീക കലാപം, എന്നിവ ഉണ്ടാകുമ്പോൾ അതിനെ നേരിടുന്നതിന് ഇന്ത്യൻ ഭരണഘടനാ നിയമം 352-ാം അനുച്ഛേദം അനുശാസിക്കുന്നതനുസരിച്ച് രാഷ്ട്രപതിക്ക് അടിയന്തരാവസ്ഥ പ്രഖ്യാപിക്കാവുന്നതാണ്. യുദ്ധം

X Std - Civics Malayalam Unit-1.indd 246 1/27/2023 10:15:23 AM

അല്ലെങ്കിൽ അന്യരാജ്യ ആക്രമണം ഉണ്ടാകുമ്പോൾ പ്രഖ്യാപിക്കുന്ന ദേശീയടിയന്തിരാവസ്ഥയെ ബാഹ്യ അടിയന്തരാവസ്ഥ എന്നു പറയുന്നു. മറുവശത്ത് സായുധ വിപ്ലവത്തിന്റെ അടിസ്ഥാനത്തിൽ പ്രാഖ്യാപിക്കപ്പെടുമ്പോൾ അത് ആഭ്യന്തര അടിയന്തരാവസ്ഥഎന്നുപറയുന്നു.ഇത്തരത്തിലുള്ള അടിയന്തരാവസ്ഥ മൂന്നു തവണയാണ് പ്രഖ്യാപി ച്ചിട്ടുള്ളത്. അവ 1962, 1971, 1975 എന്നിവ.

സംസ്ഥാന അടിയന്തരാവസ്ഥ (അനുച്ഛേദം 656)

സംസ്ഥാന ഗവൺമെന്റിന് ഭരണഘടന പ്രകാരമുള്ള കർത്തവ്യ നിർവ്വഹണം സാധ്യമാകുന്നില്ല എന്ന് ഗവർണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണ ഘടന യുടെ 356-ാം അനുച്ഛേദം അനുസരിച്ച് സംസ്ഥാനങ്ങളിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിനുള്ള അധികാരം രാഷ്ട്രപ തിക്ക് ഉണ്ട്. നിയമസഭ തെരഞ്ഞെടുപ്പുകൾ നടത്താനുള്ള ബുദ്ധിമുട്ടുകൾ തെരഞ്ഞെടുപ്പു കമ്മീഷൻ സാക്ഷ്യപ്പെടുത്തുന്നപക്ഷം അനുച്ഛേദം 352 പ്രകാരം വീണ്ടും ഒരു വർഷത്തേക്ക് സംസ്ഥാന അടിയന്തരാവസ്ഥ തുടരാനാകും. അടി യന്തരാവസ്ഥയുടെ കാലാവധി മൂന്നു വർഷമാണ്. ഇത്തരത്തിലുള്ള അടിയന്തരാവസ്ഥകളിൽ സംസ്ഥാനങ്ങൾ നിയമനിർമ്മാണത്തിലും, നിയമ നിർവ്വഹണത്തിലും തങ്ങൾക്കുള്ള സ്വയം ഭരണം നഷ്ടപ്പെടുന്നു. അത്തരമൊരു പ്രഖ്യാപനത്തിനു ശേഷം സംസ്ഥാന നിയമനിർമ്മാണ സഭയെ പിരിച്ചു വിടുകയും രാഷ്ട്രപതിയെ പ്രതിനിധീകരിച്ച് സംസ്ഥാനത്തെ ഗവർണർ ഭരിക്കുകയും ചെയ്യുന്നു. ആദ്യമായി 1951-ൽ പഞ്ചാബിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തി.

സാമ്പത്തിക അടിയന്തരാവസ്ഥ (അനുച്ഛേദം 360)

ഇന്ത്യൻ സാമ്പത്തിക ഘടനയ്ക്ക് പ്രതിസന്ധി നേരിട്ടാൽ അതിനെ പരിഹരിക്കുന്നതിന് ഇന്ത്യൻ ഭരണഘടനാ നിയമം 360-ാം അനുച്ഛേദം പ്രകാരം രാഷ്ട്രപതിക്ക് സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിനുള്ള അവകാശമുണ്ട് ഇത്തരത്തിലുള്ള അടിയന്തരാവസ്ഥയിൽ സുപ്രീം കോടതിയിലേയും ഹൈകോടതിയിലേയും ന്യായാധി പൻമാർ ഉൾപ്പെടെ സംസ്ഥാനത്തിലോ കേന്ദ്രത്തിലോ സേവനമനുഷ്ഠിക്കുന്ന ഏതൊരു വിഭാഗത്തിന്റെയും ശമ്പളവും ആനുകൂല്യങ്ങളും രാഷ്ട്രപതിയുടെ ഉത്തരവനുസരിച്ച് കുറയ്ക്കാൻ കഴിയും. ഇത്തരത്തിലുള്ള അടിയന്തരാവസ്ഥ ഇതുവരെ ഇന്ത്യയിൽ പ്രഖ്യാപിച്ചിട്ടില്ല.

1.12 ഭരണഘടനാ ഭേദഗതി

ഭേദഗതി എന്ന വാക്ക് മാറ്റം, പുരോഗതി, പരിഷ്ക്കരണം എന്നിവയെ സൂചിപ്പിക്കുന്നു. ഭരണഘടനയിലെ XX-ാം ഭാഗം അനുച്ഛേദം 368 പ്രകാരം ഭരണഘടനയിലും അതിന്റെ നടപടി ക്രമത്തിലും ഭേദഗതി ചെയ്യാൻ പാർലമെന്റിന് അധികാരമുണ്ട്.

ഭേദഗതിയുടെ നടപടിക്രമം

പാർലമെന്റിന്റെ ഇരു സഭകളിലെ ഉദ്ദേശത്തിനായി ഒരു ബിൽ അവതരിപ്പിച്ചുകൊണ്ട് മാത്രമേ ആ ഭരണഘടന ഭേദഗതി വരുത്തുവാൻ കഴിയൂ. ആ സഭയിലെ മൊത്തം അംഗത്വത്തിൽ ഭൂരിപക്ഷവും ഓരോ സഭയിലും ബിൽപാ സാക്കിയാൽ ആ സഭയിലെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭാഗത്തിൽ കൂടുതലോ കുറവോ വോട്ടിംഗ് നടത്തി ബിൽപാസാക്കപ്പെടുമ്പോൾ അത് രാഷ്ട്രപതിക്ക് നൽകപ്പെടും. ബില്ലിന് അനുമതി നൽകുമ്പോൾനിബന്ധനകൾഅനുസരിച്ച്ഭേദഗതി ചെയ്യപ്പെടും. പാർലമെന്റിന് മാത്രമേ ഭരണഘടനാ ഭേദഗതി കൊണ്ടുവരാൻ കഴിയൂ. ഭരണഘടനയിൽ യാതൊരു വിധത്തിലുള്ള ഭേദഗതി വരുത്തുവാനും സംസ്ഥാന സഭയ്ക്ക് അധികാരമില്ല.

ഭേദഗതിയുടെ തരങ്ങൾ

368-ാം അനുച്ഛേദമനുസരിച്ച് ഭരണഘടന മൂന്നു വിധത്തിൽ ഭേദഗതി ചെയ്യാവുന്നതാണ്:

1. പാർലമെന്റിന്റെ കേവല ഭൂരിപക്ഷ ഭേദഗതി
2. പാർലമെന്റിന്റെ സവിശേഷ ഭൂരിപക്ഷ ഭേദഗതി
3. പാർലമെന്റിന്റെ സവിശേഷ ഭൂരിപക്ഷ ഭേദഗതിയും സംസ്ഥാന നിയമ സഭകളുടെ പകുതിയെണ്ണത്തിന്റെ അംഗീകാരവും.



ഭരണഘടനയുടെ 42-ാം ഭേദഗതി യാണ് മിനിഭരണഘടന എന്ന് അറിയപ്പെടുന്നത്.

1.13 ഭരണഘടന പരിഷ്ക്കരണ കമ്മീഷനുകൾ

എം.എൻ വെങ്കടാചലയ്യരുടെ നേതൃത്വത്തിൽ 2000-ൽ ഇന്ത്യൻ ഭരണകൂടത്തിന്റെ പ്രമേയം അവലോകനം ചെയ്യാനായി ഒരു ദേശീയ കമ്മീഷൻ രൂപീകരിച്ചു. വിവിധ തലങ്ങളിലുള്ള സർക്കാറുകളെ യും അവയുടെ പരസ്പര ബന്ധങ്ങളെയും ഉത്തരവാദിത്വങ്ങ ബന്ധങ്ങളെയും ഉത്തരവാദിത്തങ്ങളും പരിശോധിക്കാൻ അന്നത്തെ ഗവൺമെൻറ് 2007 ഏപ്രിൽ മാസം സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസ് എംഎം പുഞ്ചിയുടെ നേ തൃത്വത്തിൽ മൂന്നംഗ സമിതിയെ നിയമിച്ചു.

X Std - Civics Malayalam Unit-1.indd 247 1/27/2023 10:15:24 AM

സംഗ്രഹം

- 1946-ലെ ക്യാബിനറ്റ് മിഷൻ പദ്ധതിപ്രകാരം ഭരണഘടന നിയമനിർമ്മാണസഭ ഭരണഘടനയ്ക്കു രൂപം നൽകിന.
- ഭരണഘടനയുടെ ആമുഖപ്രകാരം ഇന്ത്യ ഒരു പരമാധികാര, സ്ഥിതിസമത്വ, മതേതരത്വ, ജനാധിപത്യ റിപ്പബ്ലിക് ആണ്.
- 'സിറ്റിസൺ' എന്ന പദം ലാറ്റിൻ പദമായ 'സിവിസ്' എന്നതിൽ നിന്നും എടുത്തതാണ്. ഇതിന്റെ അർത്ഥം നഗരസംസ്ഥാന നിവാസി എന്നതാണ്.
- ഡോ. അംബേദ്ക്കറുടെ അഭിപ്രായപ്രകാരം അനുച്ഛേദം 32 എന്നത് മുഴുവൻ ഭരണഘടനയുടെ ഹൃദയവും ആത്മാവുമാണ്.
- 2004-ൽ ഇന്ത്യാ ഗവൺമെന്റ് ശ്രേഷ്ഠഭാഷകൾ എന്നറിയപ്പെടുന്ന പുതിയ ഭാഷാവിഭാഗം രൂപീകരിക്കാൻ തീരുമാനിച്ചു.

A-Z പദപരിചയം

ഭരണഘടനയുടെ ആമുഖം	Preamble	The introduction to the constitution of India
മതേതരത്വ രാജ്യം	Secular state	A state which protects all religions equally
വിവേചനം	Discrimination	Unfair treatment of a person or group
പുനഃപരിശോധന	Writ	Written command of court
പരമാധികാരം	Sovereignty	Supreme power or authority
പാരമ്പര്യം	Heritage	Something handed down from one's ancestors
സ്വയം ഭരണം	Autonomy	Independence in one's thoughts or actions
പ്രകടനം	Proclamation	An announcement

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. ആമുഖത്തെ സംബന്ധിച്ച് താഴെ പറയുന്നവയിൽ ഏതാണ് ശരിയായ രീതിയിൽ ക്രമീകരിച്ചിട്ടുള്ളത്?

(a) റിപ്പബ്ലിക്, ജനാധിപത്യം, മതേതരത്വം, സ്ഥിതിസമത്വം, പരമാധികരം.

(b) പരമാധികാര, സ്ഥിതിസമത്വ, മതേത രത്വ, റിപ്പബ്ലിക്, ജനാധിപത്യം.

(c) പരമാധികാര, റിപ്പബ്ലിക്, മതേതരത്വ, സ്ഥിതിസമത്വ, ജനാധിപത്യം.

(d) പരമാധികാര, സ്ഥിതിസമത്വ, മതേത രത്വ, ജനാധിപത്യ റിപ്പബ്ലിക്.

2. ഭരണഘടനയിലെ ആമുഖം എത്ര തവണ ഭേദഗതി ചെയ്യപ്പെട്ടിട്ടുണ്ട്?

(a) ഒരിക്കൽ (b) രണ്ടു പ്രാവശ്യം

(c) മൂന്നു പ്രാവശ്യം (d) ഒരിക്കലുമില്ല

3. ഒരു വിദേശി ഇന്ത്യൻ പൗരത്വം നേടുന്നത്

(a) പാരമ്പര്യം (b) രജിസ്ട്രേഷൻ

(c) സ്വാഭാവികത (d) ഇവയെല്ലാം

4. ഒറ്റപ്പെട്ടത് കണ്ടെത്തുക.

(a) സമത്വവകാശം.

(b) വിവേചനത്തിന് എതിരായുള്ള അവകാശം.

(c) സ്വത്തവകാശം.

(d) സാംസ്കാരിക വിദ്യാഭ്യാസവകാശം.

5. താഴെപ്പറയുന്നവയിൽ ഒന്ന് മൗലീകവകാശത്തിന്റെ വ്യാഖ്യാനമല്ല?

(a) കർണ്ണാടകത്തിലെ തൊഴിലാളികൾ കേരളത്തിലെ പാടങ്ങളിൽ ജോലിക്കായി പോകുന്നു.

(b) ക്രിസ്റ്റ്യൻ മിഷണറിമാർ ധാരാളം മിഷണറി സ്കൂളുകൾ സ്ഥാപിച്ചു.

(c) പുരുഷൻമാർക്കും വനിതാ സർക്കാർ ജീവനക്കാർക്കും ഒരേ വേതനമാണ് ലഭിച്ചത്.

(d) മാതാപിതാക്കളുടെ സ്വത്തിൻമേൽ മക്കൾക്ക് അവകാശമുണ്ട്.

6. ഡോ. ബി. ആർ. അംബേദ്ക്കറുടെ അഭിപ്രായത്തിൽ ഭരണഘടനയുടെ ഹൃദയവും ആത്മാവുമായി കരുതപ്പെടുന്നത് താഴെപ്പറയുന്നവയിൽ ഏത്?

(a) മതസ്വാതന്ത്ര്യാവകാശം

(b) സമത്വാവകാശം

(c) ഭരണഘടനാപരമായി പരിഹാരം കാണാനുള്ള അവകാശം

(d) സ്വത്തവകാശം

X Std - Civics Malayalam Unit-1.indd 248 1/27/2023 10:15:24 AM

7. **എപ്രകാരമാണ് മൗലികാവകാശങ്ങൾ നി രോധക്കപ്പെടുന്നത്?**
   (a) സുപ്രീംകോടതി ആഗ്രഹിക്കുന്നെങ്കിൽ.
   (b) പ്രധാനമന്ത്രി നിർദ്ദേശിച്ചാൽ.
   (c) ദേശീയ അടിയന്തരാവസ്ഥാ കാലത്ത് രാഷ്ട്രപതി ഉത്തരവ് ഇടുകയാണെങ്കിൽ.
   (d) മേൽപ്പറഞ്ഞവ എല്ലാം.

8. **അടിസ്ഥാന കടമകൾ എവിടെ നിന്നും കടം എടുക്കപ്പെട്ടിട്ടുള്ളതാണ്**
   (a) അമേരിക്കൻ ഭരണഘടന
   (b) കനേഡിയൻ ഭരണഘടന
   (c) റഷ്യൻ ഭരണഘടന
   (d) ഐറീഷ് ഭരണഘടന

9. **ഏത് അനുച്ഛേദത്തിന്റെ അടിസ്ഥാനത്തിലാണ് സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപി ക്കപ്പെടുന്നത്?**
   (a) അനുച്ഛേദം 652 (b) അനുച്ഛേദം 656
   (c) അനുച്ഛേദം 360 (d) അനുച്ഛേദം 368

10. **കേന്ദ്രസംസ്ഥാന ബന്ധങ്ങളെ കുറിച്ച് താഴെ പ്പറയുന്നവയിൽ ഏത് കമ്മിറ്റിയാണ് നിർ ദ്ദേശം നൽകിയിട്ടുള്ളത്?**
   1. സർക്കാരിയ കമ്മീഷൻ
   2. രാജമന്നാർ കമ്മിറ്റി
   3. എം.എൻ വെങ്കടാചല കമ്മീഷൻ

   താഴെപ്പറയുന്നവയിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.
   (a) 1, 2 & 3 (b) 1 & 2
   (c) 1 & 3 (d) 2 & 3

II. പൂരിപ്പിക്കുക:

1. ഭരണഘടന എന്ന ആശയം ആദ്യമായി ആരംഭിച്ചത് _____.
2. നിയമ നിർമ്മാണ സഭയുടെ താത്കാലിക പ്രസിഡന്റായി_____നെ തെരഞ്ഞെടുത്തു.
3. ഇന്ത്യൻ ഭരണഘടന നിലവിൽ വന്നത് _____.
4. അനുച്ഛേദം 32-ൽ സൂചിപ്പിക്കുന്ന റിട്ടുകൾ ____.
5. ഇന്ത്യയിലെ പൗരൻ അടിസ്ഥാനപരമായ കടമകൾ നൽകിയിരിക്കുന്ന അനു ച്ഛേദം _____.

III. യോജിപ്പിക്കുക:

1.	പൗരത്യനിയമം	-	ജവഹർലാൽ നെഹ്റു
2.	ആമുഖം	-	42-ാം ഭേദഗതി
3.	മിനിഭരണഘടന	-	1955
4.	ശ്രേഷ്ഠ ഭാഷ	-	1962
5.	ദേശീയ അടിയന്തരാവസ്ഥ	-	തമിഴ്

IV. ചുരുക്കി ഉത്തരമെഴുതുക:

1. ഭരണഘടന എന്നാലെന്ത്?
2. പൗരത്വം എന്നതു കൊണ്ട് അർത്ഥമാക്കുന്ന തെന്ത്?
3. ഇന്ത്യൻ ഭരണഘടനയിൽ എത്ര വിധ ത്തിലുള്ള മൗലികാവകാശങ്ങളാണ് ഉൾപ്പെ ടുത്തിയിട്ടുള്ളത്?
4. റിട്ട് എന്നാൽ എന്ത്?
5. കേന്ദ്രസംസ്ഥാന ബന്ധങ്ങളുടെ മൂന്ന് തലങ്ങളെ രേഖപ്പെടുത്തുക.
6. ഇന്ത്യയിലെ ശ്രേഷ്ഠഭാഷകൾ ഏതെല്ലാം?
7. ദേശീയ അടിയന്തരാവസ്ഥ എന്നാലെന്ത്?

V. വിവരിച്ച് ഉത്തരമെഴുതുക:

1. ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകളെ കുറിച്ച് വിവരിക്കുക.
2. മൗലീക അവകാശങ്ങളെ കുറിച്ച് വിശദീ കരിക്കുക.
3. ഭരണഘടനാപരമായി പരിഹാരം കാണു ന്നതിനെ കുറിച്ച് വിശദമായി എഴുതുക.
4. മൗലീക അവകാശങ്ങളും സംസ്ഥാന മാർഗ്ഗ നിർദ്ദേശ നയങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.

VI. പ്രോജക്ടും പ്രവർത്തനവും:

1. നിയമനിർമ്മാണസഭയിലെ അംഗങ്ങളുടെ സാമൂഹ്യ പശ്ചാത്തലത്തെകുറിച്ച് വിവരങ്ങൾ ശേഖരിക്കുക.
2. ആലേഖനകമ്മിറ്റി അംഗങ്ങളുടെ ചിത്രങ്ങൾ ശേഖരിക്കുക.

REFERENCE BOOKS

1. D.D. Basu - Introduction of the Constitution of India, S.C. Sarkar & Sons (Private) Ltd, 1982.
2. PM Bakshi - The Constitution of India, Universal Law Publishing - an imprint of LexisNexis, 2018.

INTERNET RESOURCES

- https://www.india.org/
- https://www.constitution.org/cons/india/p03.html

X Std - Civics Malayalam Unit-1.indd 249 1/27/2023 10:15:24 AM

യൂണിറ്റ് 2

കേന്ദ്ര ഗവൺമെന്റ്




പഠന ലക്ഷ്യങ്ങൾ

- രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നിവരുടെ അധികാരങ്ങളെക്കുറിച്ച് മനസ്സിലാക്കൽ.
- പ്രധാനമന്ത്രി, മന്ത്രിസഭ എന്നിവയെക്കുറിച്ച് മനസ്സിലാക്കൽ.
- ലോക്സഭ, രാജ്യസഭ എന്നിവയെക്കുറിച്ച് അറിയുക.
- സുപ്രീംകോടതിയെ കുറിച്ച് മനസ്സിലാക്കൽ.

3908F

ആമുഖം

നമ്മുടെ രാജ്യത്തെ പരമോന്നത ഗവൺമെന്റാണ് കേന്ദ്രഗവൺമെന്റ്. കേന്ദ്രഗവൺമെന്റിന്റെ ആസ്ഥാനം ന്യൂഡൽഹിയാണ്. ഇന്ത്യൻ ഭരണഘടനയുടെ V-ാം ഭാഗത്തിൽ അനുച്ഛേദം 52 മുതൽ 78 വരെ കേന്ദ്ര നിർവ്വാഹത്തെക്കുറിച്ച് പരാമർശിക്കുന്നു. നമ്മുടെ ഭരണഘടന ഒരു ജനാധിപത്യ ഭരണകൂടമാണ്. ഇന്ത്യൻ ഭരണഘടനയുടെ നിർമ്മാതാക്കൾ നമ്മുടെ രാജ്യത്തെ വിശാലവും ബഹുസ്വരവുമായ സ്വഭാവം തിരിച്ചറിയുന്നതിലൂടെ അവരുടെ ഭരണത്തിന് ഒരു സംയുക്ത ക്രമീകരണം നൽകിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നിർവ്വഹണ സമിതി, നിയമ നിർമ്മാണം, നീതിന്യായം എന്നീ മൂന്നു ഘടകങ്ങൾ ഉൾപ്പെട്ടതാണ്. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, അദ്ദേഹത്തിന്റെ കീഴിലുള്ള മന്ത്രിസഭ, ഇന്ത്യയിലെ അറ്റോർണി ജനറൽ എന്നിവർ അടങ്ങിയതാണ് കേന്ദ്ര നിർവ്വഹണ സമിതി. നിയമനിർമ്മാണ സഭയെ പാർലമെന്റ് എന്ന് അറിയപ്പെടുന്നു. ഇത് ലോക്സഭ, രാജ്യസഭ




X Std - Civics Malayalam Unit-2.indd 250 1/27/2023 10:15:45 AM

എന്നിവ ഉൾപ്പെട്ടതാണ്. കേന്ദ്രന്യായ വകുപ്പിനെ സുപ്രീംകോടതി എന്ന് വിശേഷിപ്പിക്കുന്നു.

2.1 ഇന്ത്യൻ രാഷ്ട്രപതി

ഭരണഘടന നൽകുന്ന പാർലമെന്ററി സംവിധാനത്തിന്റെ പദ്ധതിയിൽ രാഷ്ട്രപതി നാമ മാത്രമായ നിർവ്വഹണ അധികാരിയാണ്. ഇന്ത്യൻ യൂണിയന്റെ നിർവ്വാഹസമിതിയുടെ തലവനാണ് രാഷ്ട്രപതി. അദ്ദേഹത്തെ ഇന്ത്യയുടെ ഒന്നാമത്തെ പൗരനായി കണക്കാക്കുന്നു. സായുധസേനയുടെ പരമോന്നതനായകമാന്റർ ആണ് അദ്ദേഹം. കേന്ദ്ര നിർവ്വാഹ സമിതിയുടെ ഭരണഘടന തലവൻ കൂടിയാണ് രാഷ്ട്രപതി. കൂടാതെ നീതിന്യായ വകുപ്പ് രൂപവത്കരി ക്കേണ്ടഉത്തരവാദിത്വവും ഇദ്ദേഹത്തിനുണ്ട്. ഭരണഘടനയുടെ 53-ാം അനുച്ഛേദം അനുസരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അധികാരമെല്ലാം രാഷ്ട്രപതിയിൽ നിക്ഷിപ്തമാണ്. അത് നേരിട്ടോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ മുഖേനയോ നടപ്പിലാക്കാം.



ഡോ. രാജേന്ദ്രപ്രസാദ്
(ഇന്ത്യയിലെ ആദ്യത്തെ രാഷ്ട്രപതി)

രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള യോഗ്യതകൾ

- ഇന്ത്യൻ പൗരനായിരിക്കണം.
- 35 വയസ്സ് പൂർത്തിയായ വ്യക്തിയായിരിക്കണം.
- കേന്ദ്ര, സംസ്ഥാന, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വേതനം പറ്റുന്ന പദവി വഹിക്കാൻ പാടില്ല.
- ലോക്സഭയിലെ അംഗമായി തെരഞ്ഞെടുക്കപ്പെടേണ്ട യോഗ്യത ഉണ്ടായിരിക്കണം.
- രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്ന ഇലക്ടറൽ കോളേജിലെ പത്ത് വോട്ടർമാർ ആദ്യമായി നാമ നിർദ്ദേശം ചെയ്യുകയും രണ്ടാമതായി വീണ്ടും പത്ത് വോട്ടർമാർ അംഗീകരിക്കുകയും ചെയ്യണം.

പാർലമെന്റിലോ സംസ്ഥാന നിയമ സഭകളിലോ രാഷ്ട്രപതി അംഗമായി ഇരിക്കാൻ പാടില്ല. അപ്രകാരം അംഗമായിരുന്നാൽ രാഷ്ട്രപതി അധികാരമേൽക്കുന്ന ദിവസം ആ സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടണം.

നിങ്ങൾക്ക് അറിയാമോ?

ഇന്ത്യൻ രാഷ്ട്രപതി ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവനിൽ വസിക്കുന്നു എന്നത് വളരെ പ്രസിദ്ധമാണ്. രാഷ്ട്രപതിയുടെ വസതിയും കാര്യാലയവും ഒരേ കെട്ടിടത്തിലാണ് സ്ഥിതി ചെയ്യുന്നത്. എന്നിരുന്നാലും ഇതു കൂടാതെ അദ്ദേഹത്തിന് രണ്ട് കാര്യാലയവും വസതിയും ഉണ്ട്. അവിടെ വർഷത്തിൽ ഒരിക്കൽ അദ്ദേഹത്തിന്റെ കാര്യാലയം പ്രവർത്തിക്കുന്നു. സിംലയിലെ റിട്രീറ്റ് ബിൽഡിംഗ് ഹൈദ്രബാദിലെ രാഷ്ട്രപതി നിലയം എന്നിവയാണ് അവ. വടക്കുഭാഗത്ത് ഒന്നും തെക്കു ഭാഗത്ത് മറ്റൊന്നും രാജ്യത്തിന്റെ ഐക്യവും ജനങ്ങളുടെ വൈവിദ്ധ്യസംസ്ക്കാരത്തിന്റെ ഐക്യവും പ്രതീകമാണ്.

രാഷ്ട്രപതി തെരഞ്ഞെടുപ്പ്

ആനുപാതിക പ്രാധിനിത്യ സമ്പ്രദായത്തെ പിൻതുടർന്നു ഏക പരിവർത്തന വോട്ടിംഗ്ങ്ങിലൂടെ പ്രതിനിധിസഭ രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നു. ഈ പ്രതിനിധി സഭയിൽ പാർലമെന്റിലെ രണ്ട് സഭകളിലേയും, സംസ്ഥാന നിയമ സഭകളിലേയും കേന്ദ്രഭരണ പ്രദേശങ്ങളായ ഡൽഹി മറ്റും പോണ്ടിച്ചേരിയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും ഉൾപ്പെടുന്നു. ഇന്ത്യയുടെ മുഖ്യ ന്യായാധിപന്റെ മുൻപാകെ രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തി സത്യപ്രതിജ്ഞ ചെയ്യണം. രാഷ്ട്രപതിയുടെ അധികാര കാലാവധി അഞ്ച് വർഷമാണ്. അദ്ദേഹം വീണ്ടും തെരഞ്ഞെടുക്കപ്പെടാൻ യോഗ്യനാണ്.

രാഷ്ട്രപതിയുടെ അധികാരങ്ങൾ

നിർവ്വഹണ അധികാരങ്ങൾ

അനുച്ഛേദം 77 പ്രകാരം കേന്ദ്രത്തിന്റെ നിർവ്വാഹ നടപടി രാഷ്ട്രപതിയുടെ പേരിൽ എടുക്കപ്പെടും. ഭരണ നിർവ്വഹണ ത്തിനായി.

രാഷ്ട്രപതി, പ്രധാനമന്ത്രിയേയും മന്ത്രിസഭയിലെ മറ്റ് അംഗങ്ങളെയും നിയമിക്കുകയും പ്രധാനമന്ത്രിയുടെ ഉപദേശപ്രകാരം വകുപ്പുകൾ വിഭജിച്ച് നൽകുകയും ചെയ്യുന്നു. വിവിധ നിയമനങ്ങൾ ഉണ്ടാക്കുവാനുള്ള ഉത്തരവാദിത്വം ഇദ്ദേഹത്തിനാണുള്ളത്. സംസ്ഥാനങ്ങളിലെ ഗവർണർമാർ, സുപ്രീം കോടതി, ഹൈക്കോടതി മുഖ്യ ന്യായാധിപൻമാരും മറ്റു ന്യായാധിപൻമാരെയും, അറ്റോർണി ജനറൽ, കൺട്രോളർ മറ്റും ഓഡിറ്റർ ജനറൽ, മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ മറ്റുതെരഞ്ഞെടുപ്പു കമ്മീഷൻമാർ, യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷൻ അദ്ധ്യക്ഷനും മറ്റു അംഗങ്ങൾ, അംബാസിഡർമാർ, മറ്റു രാജ്യങ്ങളിലെ ഹൈകമ്മീഷൻമാർ എന്നിവരെല്ലാം ഇതിൽ ഉൾപ്പെടുന്നു.

X Std - Civics Malayalam Unit-2.indd 251 1/27/2023 10:15:45 AM

നിയമനിർമ്മാണ അധികാരങ്ങൾ

രാഷ്ട്രപതി പാർലമെന്റിന്റെ അഭിഭാജ്യ ഘടകമാണ്. പൊതുതെരഞ്ഞെടുപ്പിന് ശേഷമുള്ള ആദ്യത്തെ പാർലമെന്റ് സമ്മേളനത്തെ ഉദ്ഘാടനം ചെയ്യുകയും അഭിസംബോധന ചെയ്യുകയും, ഓരോ വർഷവും ആദ്യ സമ്മേളനത്തിൽ പ്രസംഗിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ രാജ്യത്തോടുള്ള അഭിസംബോധന പ്രത്യേകിച്ച് സമാനതകൾ ഇല്ലാത്തതാണ്. രാഷ്ട്രപതി വർഷത്തിൽ കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും പാർലമെന്റ് വിളിച്ചു കൂട്ടേണ്ടതാണ്.

സഭയിലെ ശേഷിക്കുന്ന ബില്ലിന്റെ കാര്യത്തിൽ പാർലമെന്റിലെ ഇരു സഭകൾക്കും സന്ദേശങ്ങൾ അയക്കാവുന്നതാണ്. അങ്ങനെ പാസ്സാക്കിയ എല്ലാ ബില്ലുകളും രാഷ്ട്രപതി അംഗീകരിക്കുമ്പോൾ മാത്രമേ ചട്ടങ്ങളുടെ നിയമങ്ങൾ ആകുകയുള്ളൂ ധനം സംബന്ധമായ ബില്ലുകൾ ഇദ്ദേഹത്തിന്റെ അനുവാദമില്ലാതെ പാർലമെന്റിൽ അവതരിപ്പിക്കാൻ പാടില്ല. പാർല മെന്റിലെ ഇരു സഭകളിലെ സമ്മേളനങ്ങളേയും പിരിച്ചുവിടാനുള്ള അധികാരം രാഷ്ട്രപതിക്കാണ്. കാലാവധി തീരുന്നതിനു മുമ്പ് ലോക്സഭയെ പിരിച്ചു വിടാൻ പോലും ഇദ്ദേഹത്തിന് കഴിയും.

രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്യുന്ന 12 പേർ കല, ശാസ്ത്രം, സാഹിത്യം, സാമൂഹ്യസേവനം എന്നീ രംഗങ്ങളിൽ പ്രത്യേക പരിജ്ഞാനവും, പരിശീലനവും സിദ്ധിച്ചവരിൽ നിന്ന് രാഷ്ട്രപതി തെരഞ്ഞെടുക്കുന്നു. ആഗ്ലോ ഇന്ത്യൻ സമുദായത്തിൽ നിന്നുള്ള രണ്ടു പേ രെ ലോക്സഭയിലേക്ക് നാമനിർദ്ദേശം ചെയ്യാമെങ്കിലും അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ആ സമുദായത്തെ സഭയിൽ അപര്യാപ്തമായി പ്രതിനിധീകരിക്കുന്നു.

സാമ്പത്തിക അധികാരങ്ങൾ

കേന്ദ്രഗവൺമെന്റിന്റെ വാർഷികബ ജറ്റ് രാഷ്ട്രപതിയുടെ അനുമതിയോടെ മാത്രമേ കേന്ദ്ര ധനകാര്യ മന്ത്രിക്ക് ലോക്സഭയിൽ അവതരിപ്പിക്കാനാവൂ. പാർലമെന്റിന്റെ വാർഷിക സാമ്പത്തിക പ്രസ്താവന (കേന്ദ്ര ബജറ്റ്) കൊണ്ടുവരാൻ അദ്ദേഹം ഇടയാക്കുന്നു. ഇന്ത്യയുടെ കണ്ടിജൻസി ഫണ്ടിന്റെ വിനിയോഗാധികാരം രാഷ്ട്രപതിക്കാണ്. അദ്ദേഹത്തിന്റെ അനുവാദം കൂടാതെ യാതൊരു വിധത്തിലുള്ള പണമിടപാടുകളും നടത്താൻ പാടില്ല. അപ്രതീക്ഷിതമായ ചെലവുകൾക്ക് കണ്ടിജൻസി ഫണ്ടിൽ നിന്നും അഹേത്തിന് മുൻകൂറായി ഉപയോഗിക്കാവുന്നതാണ്. കേന്ദ്രസംസ്ഥാനങ്ങളുടെ വരുമാനം വിതരണം ചെയ്യാനും സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കാനും ഓരോ അഞ്ച് വർഷം കൂടുമ്പോഴും ധനകാര്യകമ്മീഷനെ രൂപ വത്കരിക്കാൻ രാഷ്ട്രപതി ചുമതലപ്പെടുത്തുന്നു.

നീതിന്യായ അധികാരങ്ങൾ

പൊതുമാപ്പ് നൽകൽ, വധശിക്ഷ നീട്ടിവയ്ക്കൽ, ശിക്ഷയെ കുറയ്ക്കുവാനോ, നിറുത്തിവയ്ക്കാനോ തള്ളിക്കളയുവാനോ ഉള്ള അധികാരം അനുച്ഛേദം 72 പ്രകാരം രാഷ്ട്രപ തിക്ക് മാത്രമാണുള്ളത്.

സൈന്നീക അധികാരങ്ങൾ

അനുച്ഛേദം 53 (2) പ്രകാരം കേന്ദ്രത്തിന്റെ പ്രതിരോധ സേനയിലെ ഏറ്റവും വലിയ കമാൻഡർ രാഷ്ട്രപതിയിൽ നിക്ഷിപ്തമായിരിക്കും. അതിന്റെ പ്രവർത്തനം നിയമപ്രകാരം നിയന്ത്രിക്കപ്പെടും.

നയതന്ത്ര അധികാരങ്ങൾ

രാഷ്ട്രപതി ഇന്ത്യൻ നയതന്ത്രജ്ഞൻമാരെ മറ്റ് രാജ്യങ്ങളിലേക്ക് നിയമിക്കുകയും, വിദേശന യതന്ത്ര ഉദ്യോഗസ്ഥരെ ഇന്ത്യയിലേക്ക് സ്വീകരിക്കുകയും ചെയ്യുന്നു. അംബാസഡർമാർ രാഷ്ട്രപതിക്ക് തങ്ങളുടെ യോഗ്യതകൾ സമർപ്പിച്ച ശേഷം, അംബാസഡർമാരായി ചുമതലയേൽക്കുന്നു. വിദേശ രാഷ്ട്ര ങ്ങളുമായി കരാറുകളും ഉടമ്പടികളും രാഷ്ട്രപതിയുടെ പേരിൽ ഏർപ്പെടുത്തും.

അടിയന്തിര അധികാരങ്ങൾ

ഇന്ത്യൻ ഭരണഘടനാ നിയമം 352-ാം അനുച്ഛേദം അനുശാസിക്കുന്നതനുസരിച്ച് രാഷ്ട്രപതിക്ക് ദേശീയ അടിയന്തിരാവസ്ഥ, അനുച്ഛേദം 356 പ്ര കാരം സംസ്ഥാന അടിയന്തിരാവസ്ഥ, അനുച്ഛേദം 360 അനുസരിച്ച് സാമ്പത്തികാടിയന്തരാവസ്ഥ എന്നിവ പ്രഖ്യാപിക്കാവുന്നതാണ്.

> കേരളത്തിലും, പഞ്ചാബിലും രാഷ്ട്രപതി ഭരണം പരമാവധി നട പ്പിലാക്കിയിട്ടുണ്ട് അതായത് രണ്ട് സംസ്ഥാനങ്ങളിലും 9 തവണ.

രാഷ്ട്രപതിയെ നീക്കം ചെയ്യൽ

രാഷ്ട്രപതി പദവിയിൽ പ്രവേശിക്കുന്ന തിയതി മുതൽ അഞ്ച് വർഷം വരെ ആ പദവി വഹിക്കാം. രാഷ്ട്രപതിക്ക് ഉപരാഷ്ട്രപ തിയെ അഭിസംബോധന ചെയ്തു കൊണ്ട് തന്റെ പദവിയിൽ നിന്ന് രാജി വയ്ക്കുകയും ചെയ്യാം. അനുച്ഛേദനം 61 പ്രകാരം ഭരണ ഘടനാ ലംഘനത്തിന് കുറ്റാരോപണവിധേയനാ യാൽ അദ്ദേഹത്തെ പദവിയിൽ നിന്നും പുറത്താക്കുകയും പാർലമെന്റിന്റെ ഏതെങ്കിലും ഒരു സഭയിൽ കുറ്റാരോപണ നടപടിയുടെ പ്രമേയം അവതരിപ്പിക്കേണ്ടതാണ്. ഇതിനു വേണ്ടി സഭയിലെ മൊത്തം പ്രതിനിധികളുടെ നാലിൽ ഒരു ഭാഗം കുറയാതെ പിന്തുണയ്ക്കണം. തന്റെ പിൻഗാമി പദവിയിൽ പ്രവേശിക്കുന്നതുവരെ രാഷ്ട്രപതി തന്റെ പദവികാലം അവസാനിച്ചാലും അത് വകവയ്ക്കാതെ ഓഫീസിൽ തുടരും.

X Std - Civics Malayalam Unit-2.indd 252 1/27/2023 10:15:45 AM

2.2 ഉപരാഷ്ട്രപതി

ഉപരാഷ്ട്രപതി രാജ്യത്തെ രണ്ടാമത്തെ പരമോന്നതസ്ഥാനം അലങ്കരിക്കുന്നു. രാഷ്ട്രപതിക്ക് അടുത്തായി ഔദ്യോഗിക പദവി അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ഈ പദവി അമേരിക്കൻ ഉപരാഷ്ട്രപതിയുടെ മാതൃകയിലാണ്. ഭരണഘടനയുടെ 63ാം അനുച്ഛേദം ഉപരാഷ്ട്രപതിയുടെ പദവിയെ വിവരിക്കുന്നു. രാജ്യത്തിന്റെ രാഷ്ട്രീയമായ നടപടിക്രമങ്ങൾ തുടർച്ചയായി നടത്താൽ ഉപാധി ആവശ്യമാണ്.



ഡോ. രാധാകൃഷ്ണൻ
(ഇന്ത്യയിലെ ആദ്യത്തെ ഉപരാഷ്ട്രപതി)

ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കാനുള്ള യോഗ്യതകൾ

- ഇന്ത്യൻ പൗരനായിരിക്കണം.
- 35 വയസ് പൂർത്തിയായ വ്യക്തിയായിരിക്കണം.
- കേന്ദ്ര സംസ്ഥാന, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ വേതനം പറ്റുന്ന പദവി വഹിക്കാൻ പാടില്ല.
- രാജ്യസഭയിലെ അംഗമായിരിക്കാൻ എല്ലാ യോഗ്യതകളും അദ്ദേഹത്തിനുണ്ടായിരിക്കണം.

ഉപരാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പും കാലാവധിയും

അനുച്ഛേദം 66 (1) പ്രകാരം, രാഷ്ട്രപതിയെപ്പോലെ ഉപരാഷ്ട്രപതിയും ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുകയല്ല, മറിച്ച് പരോക്ഷ തെരഞ്ഞെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നു. പാർലമെന്റിന്റെ ഇരു സഭകളുടെയും അംഗങ്ങൾ പ്രതിനിധാനം ചെയ്യുന്ന ഇലക്ടറൽ കോളേജ് മുഖേന ഇദ്ദേഹത്തെ തെരഞ്ഞെടുക്കുന്നു. ഉപരാഷ്ട്രപതിയുടെ ഔദ്യോഗിക കാലാവധി 5 വർഷ മാണ്. രാജിവയ്ക്കുക, മരണം സംഭവിക്കുക, സ്ഥാനത്തു നിന്നും നീക്കം ചെയ്യുക എന്നിവയിലൂടെ നിർദ്ദിഷ്ട കാലാവധിക്കു മുമ്പു തന്നെ ഇദ്ദേഹം യോഗ്യനാണ്. ഭരണഘടന ഉപരാഷ്ട്രപതിയുടെ പദവിയെപ്പറ്റിയുള്ള തുടർച്ചയായ വിവരങ്ങൾ നമുക്ക് നൽകുന്നില്ല. അത്തരം സാഹചര്യങ്ങളിൽ ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പ് കഴിയുന്നത്ര വേഗം നടക്കാൻ നടപടികൾ സ്വീകരിക്കും. കൂടാതെ രാജ്യസഭയുടെ അദ്ധ്യക്ഷനായി പ്രവർത്തിച്ചുകൊണ്ട് ഉപാധ്യക്ഷന്റെ ചുമതലകളും വഹിക്കുന്നു.

നിങ്ങൾക്ക് അറിയാമോ?

രാഷ്ട്രപതി, ഉപരാഷ്ട്രപതി, എന്നിവരുടെ സ്ഥാനം എപ്പോഴെങ്കിലും ഒഴിവ് വന്നാൽ ഇന്ത്യയുടെ മുഖ്യ ന്യായാധിപൻ രാഷ്ട്രപതിസ്ഥാനം വഹിക്കും. അപ്രകാരം 1969-ൽ മുഖ്യ ന്യായാധിപനായ എം. ഹിദായത്തുല്ലയെ ഇന്ത്യയുടെ രാഷ്ട്രപതിയായി നിയമിച്ചു.

ഉപരാഷ്ട്രപതിയുടെ പദവി നീക്കം

സംസ്ഥാന സഭയിലെ ഭൂരിപക്ഷം അംഗങ്ങളും ചേർന്ന് തയ്യാറാക്കുന്ന പ്രമേയത്തെ ജനപ്രതിനിധി സഭയിലെ മുഴുവൻ അംഗങ്ങളും അംഗീകരിക്കുകയും ചെയ്താൽ ഉപരാഷ്ട്രപതി തത്സ്ഥാനത്ത് നിന്ന് നീക്കം ചെയ്യപ്പെടും. കുറഞ്ഞത് 14 ദിവസത്തെ നോട്ടീസ് നൽകിയതിനു ശേഷം മാത്രമേ ഈ ഉദ്ദേശത്തിനായി പ്രമേയം നീങ്ങാവൂ.

ഉപരാഷ്ട്രപതിയുടെ പ്രവർത്തനങ്ങൾ

ഉപരാഷ്ട്രപതി രാജ്യസഭയുടെ അദ്ധ്യക്ഷനാണ്.


- അദ്ദേഹം സഭാനടപടികൾ നിയന്ത്രിക്കുന്നു.
- അദ്ദേഹം സഭയുടെ വ്യവസ്ഥകൾ തീരുമാനിക്കുന്നു.
- ചോദ്യങ്ങൾ അല്ലെങ്കിൽ പ്രമേയം എപ്രകാരം അനുവദിക്കണമെന്ന് അദ്ദേഹം തീരുമാനിക്കുന്നു.
- രാഷ്ട്രപതി സ്വയം അധികാരം ഒഴിയുകയോ, മരണം അല്ലെങ്കിൽ കുറ്റമാരോപണ വിധേയനായി അധികാരം ഒഴിയുമ്പോഴോ ഉപരാഷ്ട്രപതി അടുത്ത ആറു മാസത്തേയ്ക്ക് രാഷ്ട്രപതിയുടെ സ്ഥാനം വഹിക്കുന്നു.
- രാഷ്ട്രപതി ആരോഗ്യ പ്രശ്നങ്ങളാൽ ഔദ്യോഗിക കർത്തവ്യത്തെ നിറവേറ്റാൻ കഴിയാത്ത സാഹചര്യങ്ങളിലും അദ്ദേഹം രാജ്യത്തില്ലാത്ത സമയങ്ങളിലും ഇദ്ദേഹം രാഷ്ട്രപതിയുടെ ജോലികൾ ഏറ്റെടുക്കുന്നു.

നിർണ്ണായക വോട്ട്

ഭരണഘടനയിലെ 100-ാം അനുച്ഛേദപ്രകാരം രാജ്യസഭയിൽ ബിൽ അവതരിപ്പിക്കുമ്പോൾ തുല്യത ഏർപ്പെട്ടാൽ ഉപരാഷ്ട്രപതിക്ക് തന്റെ ഒരു വോട്ടവകാശം രേഖപ്പെടുത്താവുന്നതാണ്. ഇതർത്ഥമാക്കുന്നത് ബിൽ പാസ്സാകാൻ ഒരു വോട്ട് വേണം എന്നതാണ് അതിനാൽ ഉപരാഷ്ട്രപതി തന്റെ വിവേചനാധികാരം ഉപയോഗിച്ച് ബില്ലിനെ എതിർത്തോ പിൻതുണച്ചോ വോട്ട് ചെയ്യാം. ഒരു അംഗത്തിനു പോലും അദ്ദേഹത്തിന്റെ തീരുമാനത്തെ എതിർക്കാൻ അവകാശമില്ല.

X Std - Civics Malayalam Unit-2.indd 253 1/27/2023 10:15:45 AM

2.3 പ്രധാനമന്ത്രി



ജവഹർലാൽ നെഹ്റു
(ഇന്ത്യയിലെ ആദ്യത്തെ പ്രധാനമന്ത്രി)

അനുച്ഛേദം 74 (1) പറയുന്നത് രാഷ്ട്രപതിയുടെ ഉപദേശം തേടാനും ഉപദേശം നൽകാനും പ്രധാന മന്ത്രി തലവനായി ഒരു മന്ത്രിസഭ ഉണ്ടായിരിക്കും. ഇംഗ്ലണ്ടിലെ വെസ്റ്റ് മിനിസ്റ്റർ മാതൃകയിലാണ് ഇന്ത്യൻ പ്രധാനമന്ത്രി പദവി സ്വീകരിച്ചിട്ടുള്ളത്. ലോക്സഭയിൽ ഭൂരിപക്ഷകക്ഷിയുടെ നേതാവിനെ പ്രധാനമന്ത്രിയായി രാഷ്ട്രപതി നിയമിക്കുന്നു. പ്രധാനമന്ത്രിയുടെ ഉപദേശപ്രകാരം രാഷ്ട്രപതി മറ്റ് മന്ത്രിമാരേയും നിയമിക്കുന്നു. ലോക്സഭയിൽ ഒരു കക്ഷിക്കും ഭൂരിപക്ഷം ലഭിക്കാത്ത സാഹചര്യത്തിൽ രാഷ്ട്രപതിക്ക് ഏതെങ്കിലും ഒരു കക്ഷിയുടെ നേതാവിനെ അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം മന്ത്രിസഭ രൂപീകരിക്കാൻ ശുപാർശ ചെയ്യാവുന്നതാണ്. രാഷ്ട്രപതി മന്ത്രിമാർക്ക് സത്യവാചകം ചൊല്ലികൊടുക്കുന്നു പ്രധാനമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും ശബ്ദവുംമറ്റ് ആനുകൂല്യങ്ങളും പാർലമെന്റ് നിർണ്ണയിക്കുന്നു. പാർലമെന്റിന്റെ അംഗമല്ലാത്ത വ്യക്തിയെ മന്ത്രിയായി നിയമിക്കാവുന്നതാണ്. പക്ഷേ ആറ് മാസത്തിനുള്ളിൽ പാർലമെന്റിലേക്ക് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടിരിക്കണം. മന്ത്രിമാർ വ്യക്തിപരമായും, സംയുക്തമായും ലോക്സഭയ്ക്ക് ഉത്തരവാദികളാണ്.

N4HW7

2.3.1 പ്രധാനമന്ത്രിയുടെ കടമകളും ചുമതലകളും

അനുച്ഛേദം 78 പ്രധാനമന്ത്രിയുടെ കടമകളെക്കു റിച്ച് വിവരിക്കുന്നു :

- പ്രധാനമന്ത്രി മന്ത്രിമാരെ നിയമിക്കുകയും വിവിധ വകുപ്പുകളിൽ നിർണ്ണയിക്കുകയും ചെയ്യുന്നു.
- പ്രധാനമന്ത്രി അദ്ധ്യക്ഷനായ ക്യാബിനറ്റ് യോഗത്തിന്റെ അജണ്ടയും അദ്ദേഹം തീരുമാനിക്കും.
- മന്ത്രിസഭായോഗം ചേരാത്ത അവസരങ്ങളിൽ പ്രധാനമന്ത്രി രണ്ടോ മൂന്നോ മുതിർന്ന സഹപ്രവർത്തകരുമായി അനൗപചാരികമായി ആലോചിക്കുന്നു.
- വിവിധ മന്ത്രിമാരുടെ ജോലിയെ പ്രധാനമന്ത്രി നിരീക്ഷിക്കുന്നു.
- രാഷ്ട്രപതിക്ക് കേന്ദ്രവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും, നിയമ നിർമ്മാണത്തിനുള്ള നിർദ്ദേശങ്ങളും മന്ത്രിസഭയുടെ എല്ലാ തീരുമാനങ്ങളും ചർച്ച ചെയ്യാനുള്ള അവകാശം പ്രധാനമന്ത്രിക്കാണ്.
- പ്രധാന മന്ത്രി രാഷ്ട്രപതിക്കും മന്ത്രിസഭയ്ക്കും ഇടയിൽ പാലമായി പ്രവർത്തിക്കുന്നു.
- പ്രധാനമന്ത്രി ദേശത്തിന്റെ നേതാവും രാജ്യത്തിന്റെ പ്രതിനിധിയുമാണ്.
- ദേശത്തിന്റെ നേതാവ് എന്ന നിലയിൽ, കോമൺവെൽത്ത് പോലെയുള്ള അന്താരാഷ്ട്ര സമ്മേളനങ്ങൾ, ചേരിചേരാ രാജ്യങ്ങൾ, സാർക്ക് രാജ്യങ്ങളുടെ ഉച്ചകോടി എന്നിവയെ നമ്മുടെ രാജ്യത്തിന്റെ പ്രതിനിധിയായി പ്രധാനമന്ത്രി അഭിസംബോധന ചെയ്യുന്നു.

മന്ത്രിസഭ

തെരഞ്ഞെടുപ്പിന് ശേഷം പ്രധാനമന്ത്രിയുടെ ഉപദേശപ്രകാരം ഇന്ത്യൻ രാഷ്ട്രപതി മന്ത്രിസഭാ അംഗങ്ങളെ നിയമിക്കുന്നു. പ്രധാനമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിസഭകളുടെ എണ്ണം ലോക്സഭയിലെ ആകെ അംഗങ്ങളുടെ 15 ശതമാനമായി ഇന്ത്യൻ ഭരണഘടന നിയന്ത്രിച്ചിരിക്കുന്നു.

മന്ത്രിമാരുടെ തരങ്ങൾ

മന്ത്രിമാരെ മൂന്നു പദവികളിൽ തരം തിരിച്ചിരിക്കുന്നു.

(i) കേബിനറ്റ് മന്ത്രിമാർ

(ii) സഹമന്ത്രിമാർ

(iii) ഉപ മന്ത്രിമാർ

കേബിനറ്റ് മന്ത്രിമാർ

ഭരണ നിർവഹണത്തിന്റെ കേന്ദ്രം രൂപീകരിക്കുന്ന മുതിർന്ന മന്ത്രിമാരുടെ അനൗപചാരിക ഘടകമാണ് കേബിനറ്റ്. കേബിനറ്റ് മന്ത്രിമാരാണ് പ്രതിരോധം ധനകാര്യം, വിദേശകാര്യം, ആഭ്യന്തരം എന്നിവയിലെ പ്രധാന തീരുമാനങ്ങളെടുക്കുന്നത്

സഹമന്ത്രിമാർ

ഈ മന്ത്രിമാർ മന്ത്രിസഭയിലെ രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ടവരാണ്. ഇവർ വിവിധ വകുപ്പുകളുടെ ഉത്തരവാദികളായി പ്രവർത്തിക്കുന്നു. ഇവർ ക്ഷണിക്കപ്പെട്ടാൽ മാത്രമേ കേബിനറ്റ് സമ്മേളനത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

ഉപമന്ത്രിമാർ

കേബിനറ്റ് മന്ത്രി സഭയിലെ ഏറ്റവും താഴ്ന്ന റാങ്കിലുള്ള മന്ത്രിമാരാണ് അവർ. കേബിനറ്റ് മന്ത്രിമാർക്കും സഹമന്ത്രിമാർക്കും സഹായിയായി പ്രവർത്തിക്കുന്നു.

X Std - Civics Malayalam Unit-2.indd 254 1/27/2023 10:15:46 AM

2.4 ഇന്ത്യൻ പാർലമെന്റ്

പാർലമെന്റ് കേന്ദ്രസർക്കാരിന്റെ നിയമ നിർമ്മാണ സഭയാണ്. ഇന്ത്യൻ പാർലമെന്റിൽ മൂന്നു ഭാഗങ്ങൾ ഉൾക്കൊള്ളുന്നു. അവ രാജ്യസഭ (സംസ്ഥാനസഭ) ലോക്സഭ (ജനപ്രതി നിധി സഭ) എന്നിവയാണ്. രാജ്യസഭ മേൽസഭയും ലോക്സഭ കീഴ്സഭയുമാണ്. ഇതിനെ ഇരുസഭ പാർലമെന്റ് എന്ന് വിശേഷിപ്പിക്കുന്നു.



പാർലമെന്റ്

രാജ്യസഭ

സംസ്ഥാനസഭ അല്ലെങ്കിൽ രാജ്യസഭ 250 അംഗങ്ങൾ ഉൾപ്പെട്ടതാണ്. ഇതിൽ 238 അംഗങ്ങളെ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും പരോക്ഷ തെരഞ്ഞെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നു.

സാഹിത്യം, ശാസ്ത്രം, കായികവിഭാഗം, കല, സാമൂഹ്യസേവനം എന്നീ മേഖലകളിൽ പ്രത്യേക വിജ്ഞാനവും പ്രായോഗിക അനുഭവവുമുള്ള 12 അംഗങ്ങളെ രാഷ്ട്രപതി നിയമിക്കുന്നു.

രാജ്യസഭാംഗങ്ങളുടെ യോഗ്യതകൾ

- ഇന്ത്യൻ പൗരനായിരിക്കണം.
- 30 വയസ് പൂർത്തിയായിരിക്കണം.
- സർക്കാരിന്റെ വേതനം പറ്റുന്ന പദവി വഹിക്കാൻ പാടില്ല.
- മാനസ്സികാവസ്ഥ ബാധിച്ചവരോ, വാങ്ങിയ കടം തിരിച്ചു നൽകാൻ കഴിവില്ലാത്തവരോ ആകാൻ പാടില്ല.
- ലോക്സഭയിലോ മറ്റ് ഏതെങ്കിലും നിയമസഭയിലോ അംഗമായിരിക്കാൻ പാടില്ല.

രാജ്യസഭാ അംഗങ്ങളുടെ അധികാര കാലാവധി

രാജ്യസഭ ഒരു നിരന്തരസഭയാണ്. ഇതിനെ പിരിച്ചുവിടാൻ സാധിക്കില്ല. രാജ്യസഭയിലെ അംഗങ്ങളെ6 വർഷത്തിലേക്ക് തെരഞ്ഞെടുക്കുന്നു. രാജ്യസഭയിലെ 1/3 ഭാഗം അംഗങ്ങൾ ഓരോ രണ്ടു വർഷം കൂടുമ്പോഴും വിരമിക്കുകയും, ഒഴിവു വരുന്ന പദവികളിലേക്ക് പുതിയ അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു. ഉപരാഷ്ട്രപതി ഔദ്യോഗികസ്ഥാനം കൊണ്ടുതന്നെ രാജ്യസഭ അദ്ധ്യക്ഷനാണ്. രാജ്യസഭയിലെ അംഗങ്ങൾ ചേർന്നാണ് ഉപാദ്ധ്യക്ഷനെ തെരഞ്ഞെടുക്കുന്നത്.

ധനകാര്യബിൽ

നിങ്ങൾക്ക് അറിയാമോ?

ധനകാര്യബില്ലിനെ ഭേദഗതി ചെയ്യാനോ നിരസിക്കാനോ രാജ്യസഭക്ക് അധികാരമില്ല ലോക്സഭയിൽ മാത്രമേ ധനകാര്യബില്ലിനെ അവതരിപ്പിക്കാൻ കഴിയുകയുള്ളൂ. ഒരിക്കൽ അത് ലോക്സഭയിൽ അംഗീകരിക്കുകയും പിന്നീട് അംഗീകാര ത്തിനായി രാജ്യസഭയിലേക്ക് കൈമാറുകയും ചെയ്യും. 14 ദിവസത്തിനുള്ളിൽ രാജ്യ സഭ അംഗീകാരം നൽകിയില്ലാ എങ്കിൽ രാജ്യസഭയുടെ അംഗീകാരം ഇല്ലാതെ തന്നെ ബില്ല്പാസ്സാകും. കൂടാതെ രാജ്യസഭ അംഗീകരിച്ച ഭേദഗതികൾ ലോക്സഭ പരിഗണിക്കേണ്ടതില്ല. എല്ലാ നിർദ്ദേശങ്ങളും ലോക്സഭ അംഗീകരിക്കുകയും തള്ളിക്കളയുകയും ചെയ്യാം.

തെരഞ്ഞെടുപ്പ്

സംസ്ഥാന നിയമസഭ അംഗങ്ങൾ ആനുപാതിക പ്രാധിനിത്യം അനുസരിച്ചുള്ള ഏകപരിവർത്തന വോട്ട് മുഖേന രാജ്യസഭ അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കാത്തതിനാൽ ഇപ്രകാരമുള്ള തെരഞ്ഞെടുപ്പിനെ പരോക്ഷ തെരഞ്ഞെടുപ്പ് എന്നു പറയുന്നു.

ലോക്സഭ

ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ അടങ്ങിയ ഇന്ത്യൻ പാർലമെന്റിലെ പ്രധാന സഭയാണ് ലോക്സഭ. ലോക്സഭയിലെ അംഗങ്ങളുടെ പരമാവധി എണ്ണം 552 ആണ്. ഇപ്പോഴത്തെ ലോക്സഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ എണ്ണം 543 ആണ്. ഇതിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് 530 അംഗങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്ന് 13 അംഗങ്ങളേയും ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്നു. ആഗ്ലോ ഇന്ത്യൻ സമുദായത്തിൽ നിന്നും 2 അംഗങ്ങളെ രാഷ്ട്രപതി നിയമിക്കുന്നു. നിലവിൽ 545 അംഗങ്ങൾ ഉൾപ്പെട്ടതാണ് ലോക്സഭ.

അംഗങ്ങളുടെ യോഗ്യതകൾ

- ഇന്ത്യൻ പൗരനായിരിക്കണം.
- 25 വയസ്സ് പൂർത്തിയായിരിക്കണം.
- രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്തുള്ള വോട്ടർ പട്ടികയിൽ പേര് ഉണ്ടായിരിക്കണം.
- കേന്ദ്ര, സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ വേതനം പറ്റുന്ന ഉദ്യോഗസ്ഥനായിരിക്കരുത്.
- മാനസ്സിക വളർച്ച ഉള്ളവരും സാമ്പത്തികമായി പരിഹാരം കാണാൻ കഴിവുള്ളവരുമയിരിക്കണം.

X Std - Civics Malayalam Unit-2.indd 255 1/27/2023 10:15:46 AM

ലോക്സഭ അംഗങ്ങളുടെ കാലാവധി

പൊതുവായി ലോക് സഭയുടെ ആദ്യസമ്മേളനം ആരംഭിച്ച നാൾ മുതൽ 5 വർഷത്തേക്ക് പ്രവർത്തിക്കാവുന്നതാണ്. പ്രധാനമന്ത്രിയുടെ നിർദ്ദേശപ്രകാരം കലാവധി പൂർത്തിയാകുന്നതിനുമുമ്പ്രാഷ്ട്രപതിക്ക്ലോക്സഭയെ പിരിച്ചു വിടാവുന്നതാണ്. ഇന്ത്യൻ ഭരണഘടനയിലെ അടിയന്തര നിയമപ്രകാരം ലോക്സഭയിലെ വിശ്വാസ വോട്ടെടുപ്പിൽ ഏതെങ്കിലും ഒരു കക്ഷിക്കോ അല്ലെങ്കിൽ കൂട്ടുകക്ഷികൾക്കോ ഭൂരിപക്ഷം ഇല്ലാത്ത അവസരത്തിൽ രാഷ്ട്രപതിക്ക് ലോക്സഭയെ പിരിച്ചുവിടാം.

തെരഞ്ഞെടുപ്പുകൾ

ലോക്സഭയിലെ അംഗങ്ങളെ ജനസംഖ്യാനുപാത അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ട മണ്ഡലങ്ങളിലെ ജനങ്ങളാൽ നേരിട്ട് തെരഞ്ഞെടുക്കുന്നു. ഇന്ത്യൻ തെരഞ്ഞെടുപ്പു കമ്മീഷൻ ലോക്സഭ തെരഞ്ഞെടുപ്പു നടത്തുന്നതിലേക്കുള്ള പ്രവർത്തനം ആരംഭിച്ച് അതിന്റെ മേൽനോട്ടത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നു. ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പിനു വേണ്ടിരാജ്യത്തെജനസംഖ്യയുടെഅടിസ്ഥാനത്തിൽ പല നിയോജക മണ്ഡലങ്ങളായി പിരിക്കപ്പെടുന്നു.

പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ലോക്സഭയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. വോട്ടർപട്ടികയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 18 വയസ് പൂർത്തിയായ എല്ലാ ഇന്ത്യൻ പൗരൻമാർക്കും തങ്ങളുടെ പ്രതിനിധികളെ വോട്ട് ചെയ്ത് തെരഞ്ഞെടുക്കാൻ യോഗ്യത ഉള്ളവരാണ്.



സാർവത്രിക മുതിർന്നവർക്കുള്ള വോട്ടവകാശം

ലോക്സഭയുടെ പ്രവർത്തനങ്ങൾ

- ലോക്സഭയിൽ എല്ലാ ബില്ലുകളും (ധനകാര്യ ബിൽ ഉൾപ്പെടെ) അവതരിപ്പിക്കാനും പാസാക്കാനും കഴിയും.
- രാഷ്ട്രപതി, സുപ്രീകോടതി ന്യായാധിപൻമാരുടെ കുറ്റവിചാരണയിൽ പങ്കെടുക്കാൻ രാജ്യ സഭയെ പോലെ തന്നെ ലോക്സഭയ്ക്കും അധികാരമുണ്ട്.
- ഭരണഘടനാ ഭേദഗതിക്കായി ബിൽപാസാക്കുന്നതിൽ രാജ്യസഭയുടെതുപോലെ തുല്യ അധികാരമുണ്ട്.

തമിഴ്നാട്ടിൽ നിന്നും പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ.

- രാജ്യസഭ – 18 അംഗങ്ങൾ
- ലോക്സഭ – 39 അംഗങ്ങൾ

സ്പീക്കർ

ലോക് സഭയിലെ അംഗങ്ങൾ തെരഞ്ഞെടുക്കുന്ന അദ്ധ്യക്ഷൻ സ്പീക്കർ പദവി വഹിക്കുന്നു. നമ്മുടെ പാർലമെന്ററി ജനാധിപത്യത്തിൽ സ്പീക്കറുടെ സ്ഥാനം അനിവാര്യമാണ്. പുതിയ ലോക്സഭയിൽ പുതിയ സ്പീക്കറെ തെരഞ്ഞെടുക്കുന്നതുവരെ സഭ പിരിച്ചുവിട്ടാലും സ്പീക്കർ പദവിയിൽ തുടരാവുന്നതാണ്. പാർലമെന്റിന്റെ രണ്ടു സഭകളിലേയും സംയുക്ത സമ്മേളനത്തിൽ സ്പീക്കർ അദ്ധ്യക്ഷത വഹിക്കുന്നു. ഒരു ബിൽ ധനകാര്യബില്ലാണോ അതോ സാധാരണ ബില്ലാണോ എന്ന് തീരുമാനിക്കാനുള്ള അധികാരം സ്പീക്കർക്കുണ്ട്. ഒരു ബിൽ ധനകാര്യ ബില്ലാണ് എന്ന സ്പീക്കറുടെ തീരുമാനം അന്തിമമാണ്. 1985-ലെ കക്ഷിവിരുദ്ധ നിയമപ്രകാരം ഇന്ത്യൻ ഭരണഘടനയുടെ 10 പട്ടികയുടെ അടിസ്ഥാനത്തിൽ ഒരു വ്യക്തി ലോക്സഭാ അംഗം ആകാൻ യോഗ്യനാണോ, അല്ലയോ എന്ന് തീരുമാനിക്കാനുള്ള അധികാരം സ്പീക്കറുക്കുണ്ട്. സ്പീക്കറുടെ പദവി ഒഴിവു വരുകയോ, സഭയിൽ ഇല്ലാത്ത സമയങ്ങളിലോ ഡപ്യൂട്ടിസ്പീക്കർ സഭയെ നിയന്ത്രിക്കുന്നു.

പാർലമെന്റ് സമ്മേളനം	
ബജറ്റ് സമ്മേളനം	ഫെബ്രുവരി മുതൽ മെയ് വരെ
മൺസൂൺ കാല സമ്മേളനം	ജൂലായ് മുതൽ സെപ്റ്റംബർ വരെ
ശൈത്യകാല സമ്മേളനം	നവംബർ മുതൽ ഡിസംബർ വരെ.

പാർലമെന്റിന്റെ അധികാരങ്ങളും പ്രവർത്തനങ്ങളും

- ഭരണ നിർവഹണം, ഭരണകൂടത്തിന്റെ മേൽനോട്ടം,ബജറ്റ്പാസ്സാക്കൽ,ജനങ്ങളുടെപൊതുപ്രശ്നങ്ങൾ പരിഹരിക്കൽ, വികസന പദ്ധതികൾ, അന്താരാഷ്ട്ര ബന്ധങ്ങൾ, ആഭ്യന്തര നയങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങളെ കുറിച്ചുള്ള ചർച്ചകൾക്ക് ഇന്ത്യൻ പാർലമെന്റ് മേൽ നോട്ടം വഹിക്കുന്നു.
- ഭരണഘടനയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് രാഷ്ട്രപതിയെ കുറ്റവിചാരണ ചെയ്യാനും, സുപ്രീംകോടതി, ഹൈക്കോടതി, മുഖ്യ തെരഞ്ഞെടുപ്പ്

X Std - Civics Malayalam Unit-2.indd 256 1/27/2023 10:15:46 AM

കമ്മീഷണർ, ഇന്ത്യയുടെ കോംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ എന്നിവരെ നീക്കം ചെയ്യാനുള്ള അധികാരങ്ങൾ പാർലമെന്റിൽ നിക്ഷിപ് തമാണ്.

- സംസ്ഥാനങ്ങളുടെ അതിർത്തികൾ മാറ്റുന്നതിനുള്ള അധികാരം പാർലമെന്റിനാണ്.

2.5 ഇന്ത്യയുടെ അറ്റോർണി ജനറൽ

ഭരണഘടനയുടെ 76-ാം അനുച്ഛേദം ഇന്ത്യയുടെ അറ്റോർണി ജനറലിന്റെ പദവിയെ കുറിച്ച് പറയുന്നു. അദ്ദേഹംരാജ്യത്തെ ഏറ്റവും ഉയർന്ന നിയമ ഉദ്യോഗസ്ഥനാണ് അദ്ദേഹം അദ്ദേഹത്തെ രാഷ്ട്രപതി നിയമിക്കുന്നു. സുപ്രീംകോടതി ന്യായാധിപനായി നിയമിക്കാൻ യോഗ്യനായ വ്യക്തിയായിരിക്കണം. രാഷ്ട്രപതി ആഗ്രഹിക്കുന്നതു വരെ ഇദ്ദേഹം പദവി വഹിക്കാവുന്നതാണ്. എപ്പോൾ വേണമെങ്കിലും രാഷ്ട്രപതിക്ക് ഇദ്ദേഹത്തെ നീക്കം ചെയ്യാം. തന്റെ രാജിക്കത്ത് രാഷ്ട്രപതിക്ക് സമർപ്പിച്ചു കൊണ്ട് സ്ഥാനം ഒഴിയാവുന്നതുമാണ്.

ഇന്ത്യൻ അറ്റോർണി ജനറലിന്റെ കടമകളും പ്രവർത്തനങ്ങളും

രാഷ്ട്രപതി നിർദ്ദേശിച്ചിട്ടുള്ള നിയമപരമായ കാര്യങ്ങളിൽ ഭാരതസർക്കാരിന്റെ ഉപദേശം നൽകുന്നു. രാഷ്ട്രപതിയാൽ നൽകപ്പെടുന്ന നിയമപരമായ ചുമതലകളും ഭരണഘടനയോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമപ്രകാരമോ നൽകിയിരിക്കുന്ന ഉത്തരവാദിത്തങ്ങളും ഏറ്റെടുത്തു നടത്തുന്നു. തന്റെ ഔദ്യോഗിക ചുമതലകളോടൊപ്പം ഇന്ത്യയിലുള്ള ഏതു കോടതികളിലും വാദിക്കാനുള്ള അധികാരം ഇദ്ദേഹത്തിനുണ്ട്. കൂടാതെ പാർലമെന്റിന്റെ ഇരു സഭകളുടെ സമ്മേളനത്തിലോ, സംയുക്ത സമ്മേളനത്തിലോ, പാർലമെന്റിന്റെ ഏതെങ്കിലും കമ്മിറ്റിയിലോ വോട്ടു അവകാശമില്ലാതെ തന്നെ ഇദ്ദേഹം സഭാംഗമായി പങ്കെടുക്കാനും, അവിടത്തെ നടപടികൾ നിരീക്ഷിക്കാനും അദ്ദേഹത്തിന് അധികാരമുണ്ട്. പാർലമെന്റിലെ അംഗം എന്ന നില യിൽ അവിടത്തെ എല്ലാ ആനുകൂ ല്യങ്ങളും നിയമപരിരക്ഷയും അദ്ദേഹത്തിന് ലഭിക്കുന്നു.

2.6 നീതിന്യായം

ഭരണകൂടത്തിന്റെ മൂന്നാമത്തെ അംഗമാണ് നീതി, ന്യായം പൗരൻമാരുടെ അവകാശങ്ങളും സ്വതന്ത്ര്യവും സംരക്ഷിക്കുന്നതിൽ ഒരു സുപ്രധാന പങ്ക് വഹിക്കുന്നു.

സുപ്രീംകോടതി

സുപ്രീം കോടതി ഭരണഘടനയുടെ സംരക്ഷകൻ ആണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിയമ നിർമ്മാണം നിർവാഹ പിരിവുകളിൽ നിന്ന് നമ്മുടെ നീതിന്യായവകുപ്പ് സ്വയം ഭരണമായി നിലകൊള്ളുന്നു. ഏകീകൃത നീതിന്യായ വകുപ്പ് എന്നത് രാജ്യ ത്തൊട്ടാകെയുള്ള നീതിന്യായങ്ങളുടെ ഒറ്റപ്പെട്ട അധികാര ശ്രേണിയാണ്. പൗരൻമാരുടെ അവകാശങ്ങളും സ്വതന്ത്ര്യവും പ്രതിരോധിക്കുന്നത് നീതിന്യായ വകുപ്പിന് പ്രധാന പങ്കുണ്ട്. നിയമത്തിന്റെയും ഭരണ ഘടനയുടെയും ആവശ്യകതകളെ വിശകലനം ചെയ്യുന്നതിലും വ്യാഖ്യാനിക്കുന്നതിലും അത് ഒരു പ്രധാന പങ്ക് വഹിക്കുന്നു.



സുപ്രീം കോടതി

നിങ്ങൾക്ക് അറിയാമോ?

1950 ജനുവരി 28 നാണ് ഇന്ത്യൻ സുപ്രീം കോടതി ഡൽഹിയിൽ ഉദ്ഘാടനം ചെയ്തത്. 1935-ലെ ഇന്ത്യൻ സർക്കാർ നിയമപ്രകാരം ഇന്ത്യൻ സംയുക്ത കോടതിയെ തുടർന്ന് സ്ഥാപിതമായതാണ്.

സുപ്രീംകോടതിയുടെ ഘടന

1950-ാം ആണ്ട് ഇന്ത്യയിൽ ഭരണഘടന നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സുപ്രീംകോടതിയിൽ ഒരു മുഖ്യ ന്യായാധിപൻ ഉൾപ്പെടെ എട്ട് ന്യായാധിപൻമാർ ഉണ്ടായിരുന്നു. ഇപ്പോൾ സുപ്രീം കോടതിയിൽ ഒരു മുഖ്യ ന്യായാധിപനും 28 മറ്റ് ന്യായാധിപൻമാരും ഉൾപ്പെട്ടിട്ടുണ്ട്.

ന്യായാധിപൻമാരുടെ നിയമനം

ഇന്ത്യയുടെ സുപ്രീം കോടതി മുഖ്യ ന്യായാധിപനെ രാഷ്ട്രപതി നിയമിക്കുന്നു. മുഖ്യ ന്യായാധിപൻ തലവനായിട്ടുള്ള സമിതിയുടെ ഉപദേശപ്രകാരം മറ്റ് ന്യായാധിപൻമാരെയും രാഷ്ട്രപതി നിയമിക്കുന്നു.

സുപ്രീം കോടതി ന്യായാധിപൻ മാരുടെ യോഗ്യതകൾ

- ഇന്ത്യൻ പൗരനായിരിക്കണം.
- ഹൈക്കോടതിയിൽ കുറഞ്ഞത് 5 വർഷം ന്യായാധിപനായി സേവനം അനുഷ്ഠിച്ചിരിക്കണം.
- ഹൈക്കോടതിയിൽ കുറഞ്ഞത് 10 വർഷങ്ങൾ അഭിഭാഷകനായി സേവനം അനുഷ്ഠിച്ചിരിക്കണം.
- രാഷ്ട്രപതിയുടെ അഭിപ്രായത്തിൽ ബഹുമാനിക്കപ്പെടുന്ന ന്യായാധിപനായിരിക്കണം.

താല്ക്കാലിക അടിസ്ഥാനത്തിൽ സുപ്രീം കോടതി ന്യായാധിപൻമാരെ നിയമിക്കാൻ

X Std - Civics Malayalam Unit-2.indd 257 1/27/2023 10:15:46 AM

ഭരണഘടന അനുശാസിക്കുന്നു. സുപ്രീം കോടതിയിലെ മുഖ്യ ന്യായാധിപനും മറ്റ് ന്യായാധിപൻമാരും 65 വയസ്സ് പൂർത്തി യാകുന്നതു വരെ പദവി വഹിക്കും. സുപ്രീം കോടതി ന്യായാധിപൻമാർ കാലാവധി തീരുന്നതിനു മുമ്പ് തങ്ങളുടെ രാജിക്കത്ത് രാഷ്ട്രപതിക്ക് നൽകാ വുന്നതാണ്. കൂടാതെ പാർലമെന്റിൽ കുറ്റമാരോപ ണങ്ങൾ നടത്തിയും ന്യായാധിപൻമാരെ തൽസ്ഥാനത്തു നിന്ന് നീക്കാവുന്നതാണ്. എങ്കിലും രാഷ്ട്രപതിയുടെ അനുമതിയോടെ മുഖ്യന്യാ യാധിപന്റെ ഇഷ്ടപ്രകാരം ഇന്ത്യയുടെ ഏതുപ്ര ദേശത്തും സുപ്രീം കോടതിക്ക് പ്രവർത്തിക്കാനുള്ള അധികാരമുണ്ട്.

സുപ്രീം കോടതിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും

(a) മൗലീകമായ ന്യായാധികാരം

സുപ്രീം കോടതിയിൽ നേരിട്ട് ആദ്യമായി കൊണ്ടു വരുന്ന കേസുകളെ വിചാരണ ചെയ്യുന്നതിനുള്ള അധികാരത്തെ മൗലികമായ ന്യായാധികാരം (i) സംസ്ഥാന സർക്കാരുകൾക്കും കേന്ദ്രഗവൺമെന്റിനും ഇടയിലുള്ള പ്രശ്നങ്ങൾ (ii) രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ ക്കിടയിലുള്ള പ്രശ്നങ്ങൾ (iii മൗലീക അവകാശങ്ങൾ സംബന്ധിച്ച പ്രശ്നങ്ങൾ എന്നിവ സുപ്രീം കോടതിക്ക് നേരിട്ട് സ്വീകരിക്കാവുന്നതാണ്. മൗലിക അവകാശങ്ങൾ നടപ്പിലാക്കുന്നതിനായി സുപ്രീംകോടതി ഉത്തരവുകൾകൾ പുറപ്പെടുവിക്കുന്നു.

(b) അപ്പീൽ ന്യായാധികാരം

സുപ്രീം കോടതിയാണ് രാജ്യത്തിന്റെ അന്തിമ അപ്പീൽ കോടതി സിവിൽ, ക്രിമിനൽ, എന്നിവ കൂടാതെ ഭരണഘടനാ സംബന്ധമായ കേസുകളിൽ ഹൈക്കോടതിയുടെ ഉത്തരവിനെ തിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകാവുന്നതാണ്. ഇപ്രകാരമുള്ള കേസുകൾ അവസാനിപ്പിക്കാൻ ഭരണഘടനാപ്രകാരം വീണ്ടും നിയമസാധ്യത ആവശ്യമാണെന്ന് ഹൈക്കോടതി സാക്ഷ്യപ്പെടുത്തിയാൽ സുപ്രീം കോടതിയിൽ വിചാരണ ചെയ്യാവുന്നതാണ്.

(c) ഉപദേശ അധികാരം

പൊതുപ്രാധാന്യമുള്ള ഏതൊരു നിയമത്തെ കുറിച്ചോ, അല്ലെങ്കിൽ സുപ്രീം കോടതിയുടെ വസ്തുതയെ ചോദ്യം ചെയ്യാനുള്ള അധികാരം ഭരണഘടന രാഷ്ട്രപതിക്ക് നല്കിയിരിക്കുന്നു.

(d) പലവക അധികാരം

- സുപ്രീംകോടതി പ്രഖ്യാപിക്കുന്ന നിയമം ഇന്ത്യയിലെ എല്ലാ പ്രദേശങ്ങളിലുള്ള മറ്റു കോടതികളെ നിയന്ത്രിക്കും.
- രാഷ്ട്രപതിയുടെ അംഗീകാരത്തോടെ കോടതിയുടെ ചട്ടക്കൂടുകളും, പൊതുനി യമവും, ചട്ടങ്ങളും ഉണ്ടാക്കാൻ സുപ്രീം കോടതി അധികാരപ്പെടുത്തിയിട്ടുണ്ട്.

(e) നീതിന്യായ പുനഃപരിശോധന

ഒരു നിയമത്തെ ഭരണഘടനാ വിരുദ്ധമെന്ന് തീരുമാനിക്കുന്ന സുപ്രീം കോടതിയുടെ അധികാരത്തെ നീതിന്യായ പുനഃപരിശോധന എന്നു പറയുന്നു. താഴെപ്പറയുന്ന വ്യക്തിഗത അവലോകന അധികാരം ഇന്ത്യൻ സുപ്രീം കോടതിക്ക് ഉണ്ട്.

1) കേന്ദ്രസംസ്ഥാനങ്ങൾക്കിടയിലുള്ള തർക്കങ്ങൾ.
2) ഭരണഘടനയിൽ ഏർപ്പെടുന്ന സംശയങ്ങൾ അഭിപ്രായ വ്യത്യാസങ്ങൾ എന്നിവയെ വിശദീകരിക്കൽ.
3) മൗലീക അവകാശങ്ങളെ സംരക്ഷിക്കൽ.
4) സംസ്ഥാന നിയമ സഭകളാൽ നിറവേറ്റുപ്പെടുന്ന നിയമങ്ങൾ ഭരണഘടനക്ക് വിരുദ്ധമാണെന്ന് അറിയാനുള്ള അധികാരം.

സംഗ്രഹം

- കേന്ദ്രഗവൺമെന്റ് മൂന്നു അംഗങ്ങളെ കൊണ്ടതാണ് അവ നിർവാഹം, നിയമനിർമ്മാണം, നീതിന്യായം എന്നിവ.
- രാഷ്ട്രപതിയാണ്പ്രധാനമന്ത്രിയേയും മറ്റ് മന്ത്രിസഭാ അംഗങ്ങളെയും നിയമിക്കുന്നത്.
- രാഷ്ട്രപതി ,രാജ്യസഭ, ലോകസഭ എന്നീ മൂന്നു ഭാഗങ്ങൾ ഉൾപ്പെട്ടതാണ് പാർലമെന്റ്.
- ഇന്ത്യയുടെ അറ്റോർണി ജനറൽ രാജ്യത്തിന്റെ ഉയർന്ന നിയമ ഉദ്യോഗസ്ഥനാണ്. ഇദ്ദേഹം രാഷ്ട്രപ തിയാൽ നിയമിക്കപ്പെടുന്നു.
- ഭരണഘടനയുടെ സംരക്ഷകനായി സുപ്രീം കോടതി നിലകൊള്ളുന്നു.
- സുപ്രീം കോടതിയിലെ മുഖ്യ ന്യായാധിപനെ രാഷ്ട്രപതി നിയമിക്കുന്നു.

A-Z പദപരിചയം

നീക്കം ചെയ്യൽ	Terminate	Bring to an untimely end.
അപ്രതീക്ഷിത ചെലവുകൾ	Contingency fund	An amount of money that can be used to pay for problems that might happen.
പൊതുമാപ്പ്	Pardon	Absolving the convict of all guilt and punishment.

X Std - Civics Malayalam Unit-2.indd 258 1/27/2023 10:15:46 AM

ശിക്ഷ കുറയ്ക്കൽ	Remission	Quantitative reduction of punishment without affecting Nature of punishment.
മുൻപതിവ്	Precedence	Priority of importance.
ഔദ്യോഗികസ്ഥാനം നിമിത്തമുള്ള	Ex-officio	Because of an office.

അഭ്യാസം

XI8E9

I. ശരിയായ ഉത്തരങ്ങൾ തെരഞ്ഞെടുക്കുക:

1. കേന്ദ്രഭരണഘടനതലവൻ_____ ആണ്

a) രാഷ്ട്രപതി b) മുഖ്യന്യായാധിപൻ
c) പ്രധാനമന്ത്രി d) മന്ത്രിസഭ

2. ഒരു ബില്ല് ധനകാര്യ ബില്ല് ആണോ, അല്ലയോ എന്ന് ആരാണ് ചർച്ച ചെയ്യുന്നത്?

a) രാഷ്ട്രപതി
b) അറ്റോർണിജനറൽ
c) പാർലിമെന്ററി കാര്യ വകുപ്പു മന്ത്രി
d) ലോക്സഭ സ്പീക്കർ

3. മന്ത്രി സഭ സംയുക്തമായി_____ന് ഉത്തരവാദികളാണ്:

a) രാഷ്ട്രപതി b) ലോക്സഭ
c) പ്രധാനമന്ത്രി d) രാജ്യസഭ

4. ലോക്സഭ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ വേണ്ടുന്ന പ്രായപരിതി_____?

a) 18 വയസ്സ് b) 25 വയസ്സ്
c) 25 വയസ്സ് d) 30 വയസ്സ്

5. ഇന്ത്യൻ സംസ്ഥാനങ്ങളുടെ അതിർത്തികൾ മാറ്റി നിർണ്ണയിക്കാനുള്ള അധികാരം _____ആകുന്നു?

a) രാഷ്ട്രപതി b) പ്രധാനമന്ത്രി
c) സംസ്ഥാന ഗവൺമെന്റ് d) പാർലമെന്റ്

6. സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിക്കാനുള്ള അധികാരം രാഷ്ട്രപതിക്ക് നൽകുന്നത് താഴെപ്പറയുന്നവയിൽ ഏതാണ്

a) അനുച്ഛേദം 352 b) അനുച്ഛേദം 360
c) അനുച്ഛേദം 356 d) അനുച്ഛേദം 365

7. സുപ്രീം കോടതി മുഖ്യ ന്യായാധിപനെയും മറ്റു ന്യായാധിപൻമാരെയും നിയമിക്കുന്നത്:

a) രാഷ്ട്രപതി b) അറ്റോർണി ജറൽ
c) ഗവർണ്ണർ d) പ്രധാനമന്ത്രി

II. പൂരിപ്പിക്കുക:

1. _____ ബില്ലുകൾ രാഷ്ട്രപതിയുടെ അനുവാദം ഇല്ലാതെ പാർലമെന്റിൽ അവതരിപ്പിക്കാൻ പാടില്ല.
2. _____ ദേശത്തിന്റെ നേതാവും രാജ്യത്തിന്റെ പ്രതിനിധിയുമാണ്.
3. രാജ്യസഭയുടെ ഔദ്യോഗികസ്ഥാനം നിമിത്തമുള്ള അധ്യക്ഷനാണ്_____.
4. പാർലമെന്റിന്റെ ഇരുസഭകളേയും അഭിസംബോധന ചെയ്യാനും സമ്മേളനങ്ങളിൽ പങ്കെടുക്കാനും_____അവകാശമുണ്ട്.
5. സുപ്രീംകോടതി മുഖ്യ ന്യായാധിപത്യം മറ്റു ന്യായാധിപൻമാരും_____ വയസ്സ് പൂർത്തിയാകുന്നതുവരെ പദവി വഹിക്കാം.
6. ഭരണഘടനയുടെ സംരക്ഷകൻ_____ ആണ്.
7. നിലവിൽ സുപ്രീം കോടതി മുഖ്യന്യായാധിപൻ ഉൾപ്പെടെ ന്യായാധിപൻമാരുടെ എണ്ണം _____.

III. ശരിയായ പ്രസ്താവന തെരഞ്ഞെടുത്തെഴുതുക:

1. i) രാജ്യസഭയിലെ മൊത്തം അംഗങ്ങളുടെ എണ്ണം 250.
   ii) സാഹിത്യം, ശാസ്ത്രം, കല, സാമൂഹ്യ സേവനം, എന്നീ മേഖലകളിൽ അനുഭവമുള്ള 12 അംഗങ്ങളെ രാഷ്ട്രപതി നേരിട്ട് നിയമിക്കുന്നു.
   iii) രാജ്യസഭ അംഗമാകാൻ 30 വയസ്സ് പൂർത്തിയായിരിക്കണം.
   iv) രാജ്യസഭ അംഗങ്ങളെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു.
   a) ii & iv ഉം ശരി
   b) iii & iv ഉം ശരി
   c) i & iv ഉം ശരി
   d) i, ii & iii ഉം ശരി
2. i) സുപ്രീംകോടതി മുഖ്യന്യായാധിപനും മറ്റു ന്യായാധിപൻമാരും 62 വയസ്സ് പൂർത്തിയാകുന്നതു വരെ പദവി വഹിക്കാം.
   ii) ഗവൺമെന്റിന്റെ മൂന്നാമത്തെ അംഗമാണ് നീതിന്യായം.
   iii) മൗലീകാവകാശങ്ങളെ കുറിച്ചുള്ള വഴക്കുകൾ അപ്പീൽ ന്യായാധികാര പരിധിയ്ക്കുൾപ്പെട്ടതാണ്.
   iv) സുപ്രീം കോടതി പുറപ്പെടുവിക്കുന്ന നിയമങ്ങൾ ഇന്ത്യയിലെ എല്ലാ പ്രദേശങ്ങളിലുമുള്ള കോടതികൾക്ക് ബാധകമാണ്.
   a) ii & iv ഉം ശരി
   b) iii & iv ഉം ശരി
   c) i & iv ഉം ശരി
   d) i & ii ഉം ശരി

X Std - Civics Malayalam Unit-2.indd 259 1/27/2023 10:15:47 AM

IV. യോജിപ്പിക്കുക:

1.	അനുച്ഛേദം 53	-	സംസ്ഥാന അടിയന്തരാവസ്ഥ
2.	അനുച്ഛേദം 63	-	ആഭ്യന്തര അടിയന്തരാവസ്ഥ
3.	അനുച്ഛേദം 356	-	രാഷ്ട്രപതിയുടെ നിർവാഹ അധികാരം
4.	അനുച്ഛേദം 76	-	ഉപരാഷ്ട്രപതിയുടെ കാര്യാലയം
5.	അനുച്ഛേദം 352	-	അറ്റോർണിജനറലിന്റെ കാര്യാലയം

V. ചുരുക്കി ഉത്തരമെഴുതുക:

1. ഇന്ത്യൻ രാഷ്ട്രപതി എപ്രകാരം തെരഞ്ഞെടുക്കുന്നു?
2. കേന്ദ്രമന്ത്രിസഭയിലെ മന്ത്രിമാരുടെ തരങ്ങളേവ?
3. സുപ്രീം കോടതി ന്യായാധിപന്റെ യോഗ്യതകൾ എന്തെല്ലാം?
4. ധനകാര്യബിൽ എന്നാൽ എന്ത്?
5. ഇന്ത്യയിലെ അറ്റോർണി ജനറലിന്റെ പ്രത്യേക അധികാരങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക?

VI. വിവരിച്ച് ഉത്തരമെഴുതുക:

1. രാഷ്ട്രപതിയുടെ അധികാരങ്ങളെയും പ്രവർത്തനങ്ങളെയും വിവരിക്കുക.
2. ഇന്ത്യൻ സുപ്രീം കോടതിയുടെ അധികാരങ്ങളും നീതിന്യായ പുനഃപരിശോധനയും വിവരിക്കുക?
3. ഇന്ത്യൻ പ്രധാനമന്ത്രിയുടെ കടമകളും പ്രവർത്തനങ്ങളും വിവരിക്കുക?
4. പാർലമെന്റിന്റെ അധികാരങ്ങളെയും പ്രവർത്തനങ്ങളെ കുറിച്ച് വിമർശനം ചെയ്യുക.

VII. പ്രോജക്ടും പ്രവർത്തനവും:

1. നിങ്ങളുടെ ക്ലാസ്സ് മുറിയിൽ മാതൃകാ പാർലമെന്റ് സംഘടിപ്പിക്കുക രാഷ്ട്രപതി, പ്രധാനമന്ത്രി, മന്ത്രിമാർ എന്നിവരുടെ പങ്കിനെപ്പറ്റി ചർച്ച ചെയ്യുക.
2. ഇന്ത്യൻ രാഷ്ട്രപതിയ്ക്കും, അമേരിക്കൻ രാഷ്ട്രപതിയ്ക്കും തമ്മിലുള്ള സാദൃശ്യങ്ങളും വ്യത്യാസങ്ങളും ചർച്ച ചെയ്യുക.
3. ഇന്ത്യയിലെ രാഷ്ട്രപതിമാർ, പ്രധാനമന്ത്രി, മന്ത്രിമാർ എന്നിവരുടെ പേരുകൾ പട്ടികയിലാക്കുക

REFERENCE BOOKS

1. D.D. Basu - Introduction of the Constitution of India, S.C. Sarkar & Sons (Private) Ltd, 1982.
2. PM Bakshi - The Constitution of India, Universal Law Publishing - an imprint of LexisNexis, 2018.
3. Subhash Kashyap - Our Constitution, National Book Trust, India, 2011.

INTERNET RESOURCES

- https://www.india.org/
- https://presidentofindia.nic.in/
- http://vicepresidentofindia.nic.in/
- http://www.pmindia.gov.in/en/
- https://www.sci.gov.in/



ICT കോർണർ

കേന്ദ്ര ഗവൺമെന്റ്

നടപടികൾ

- ബ്രൗസർ തുറന്ന് താഴെ നൽകിയിട്ടുള്ള URL ടൈപ്പ് ചെയ്യുക.
- ഇപ്പോഴത്തെ ഭരണാധികാരികളെ കാണുന്നതിനും ലോക്സഭയേയും രാജ്യസഭയെയും കുറിച്ച് ആരാണ് എന്നതുമായി ബന്ധപ്പെട്ട ഇനങ്ങളിൽ ക്ലിക്ക് ചെയ്യുക.
- ഉദാഹരണത്തിന് രാഷ്ട്രപതിയുടെ വിശദാംശങ്ങൾ കാണുന്നതിന് ഇടതുവശത്തെ മെനുവിൽ നിന്നും രാഷ്ട്രപതിയെ ക്ലിക്ക് ചെയ്യുക.
- അതുപോലെ നിലവിലെ ഭരണസമിതിയുടെ എല്ലാ വിവരങ്ങളും നിങ്ങൾക്ക് കാണാൻ കഴിയും.

I670M

Website URL:

https://www.india.gov.in/my-government/whos-who

X Std - Civics Malayalam Unit-2.indd 260 1/27/2023 10:15:47 AM

യൂണിറ്റ് 3

സംസ്ഥാന ഗവൺമെന്റ്



പഠന ലക്ഷ്യങ്ങൾ

- സംസ്ഥാന സർക്കാരിന്റെ ഘടനയെക്കുറിച്ച് കുട്ടികൾ അറിവ് ശേഖരിക്കാൻ.
- ഗവർണ്ണർ, മുഖ്യമന്ത്രി, മന്ത്രിമാർ, സ്പീക്കർ എന്നിവരുടെ അധികാരങ്ങൾ മറ്റും ചുമതലകളെക്കുറിച്ച് മനസ്സിലാക്കൽ.
- സംസ്ഥാന നിയമ നിർമ്മാണത്തെ കുറിച്ച് അറിയാൻ.
- സംസ്ഥാന നീതിന്യായവകുപ്പിനെ കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെ കുറിച്ചും മനസ്സിലാക്കൽ.

G0N7L


ആമുഖം

കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും പ്രത്യേക ഭരണ സംവിധാനങ്ങളുള്ള ഒരു സംയുക്ത ഗവൺമെന്റിനായി ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്നു. 28 സംസ്ഥാനങ്ങളും 8 യൂണിയൻ പ്രദേശങ്ങളും ഒരു ദേശീയ തലസ്ഥാനമായ ഡൽഹിയും ഉൾപ്പെടുന്നതാണ് ഇന്ത്യ. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ഭരിക്കുന്നതിനുള്ള ഭരണകൂടം വ്യവസ്ഥ ചെയ്യുന്നു. ഇന്ത്യൻ ഭരണഘടനയുടെ ഭാഗം VI-ൽ 152 മുതൽ 237 വരെയുള്ള അനുച്ഛേദം എല്ലാ സംസ്ഥാന സർക്കാരുകൾക്കും ഒരേ രീതിയിലുള്ള ഭരണത്തെ കുറിച്ച് നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റേതു പോലെ തന്നെ സംസ്ഥാന സർക്കാരുകൾക്കും നിയമ നിർമ്മാണം നീതിന്യായം എന്നീ മൂന്നു വകുപ്പുകളുണ്ട്.

3.1 നിർവാഹ സഭ

ഗവർണ്ണർ

സംസ്ഥാന നിർവാഹസഭയുടെ അധ്യക്ഷൻ ഗവർണ്ണറാണ്. പൊതുവായി ഓരോ സംസ്ഥാനത്തിനും ഓരോ ഗവർണ്ണർ ഉണ്ട്.



X Std - Civics Malayalam Unit-3.indd 261 1/27/2023 10:17:04 AM

എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ അതേ ഗവർണ്ണർ തന്നെ രണ്ടോ അതിലധികമോ സംസ്ഥാനങ്ങളിലെ ഗവർണ്ണറായി നിയമിക്കപ്പെടാം. അനുച്ഛേദം 154 സംസ്ഥാന ഗവർണ്ണറുടെ നിർവാഹ അധികാരത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.

നിയമനം

സംസ്ഥാന ഗവർണ്ണറെ രാഷ്ട്രപതി നിയമിക്കുന്നു. സാധാരണയായി ഇദ്ദേഹത്തിന്റെ പദവികാലം 5 വർഷമാണ്. എന്നാൽ രാഷ്ട്രപതി ആഗ്രഹിക്കുന്നതു വരെ അദ്ദേഹത്തിന് പദവിയിൽ തുടരാവുന്നതാണ്. പൊതുവിൽ ഗവർണ്ണർ തന്റെ സ്വന്തം സംസ്ഥാനത്ത് ഗവർണ്ണറായി നിയമിക്കപ്പെടുകയില്ല. കൂടാതെ അദ്ദേഹം രാഷ്ട്രപതിയാൽ ഒരു സംസ്ഥാനത്തു നിന്ന് മറ്റൊരു സംസ്ഥാനത്തേക്ക് മാറ്റപ്പെടാവുന്നതാണ്. രാഷ്ട്രപതിക്ക് രാജിക്കത്ത് നല്കികൊണ്ട് ഏതു സമയത്തും ഗവർണ്ണർക്ക് തന്റെ പദവി രാജിവയ്ക്കാവുന്നതാണ്.

ഗവർണ്ണറെ തൽസ്ഥാനത്തു നിന്ന് മാറ്റുന്നതിൽ സംസ്ഥാന നിയമനിർമ്മാണ സഭയ്ക്കോ ഹൈക്കോടതിക്കോ യാതൊരു പങ്കുമില്ല. ഒരു വ്യക്തി എത്ര തവണ വേണമെങ്കിലും ഗവർണ്ണറായി നിയമിക്കപ്പെടാം. ഒരു വ്യക്തിയെ ഗവർണ്ണറായി നിയമിക്കപ്പെടുന്നതിൽ രണ്ട് നിബന്ധനകൾ പിൻ തുടരുന്നു. അവ ഒരു വ്യക്തി ഏത് സംസ്ഥാനത്താണോ ഗവർണ്ണറായി നിയമിക്കുന്നത് ആ സംസ്ഥാനത്ത് വസിക്കുന്നവനായിരിക്കരുത്. കൂടാതെ കേന്ദ്ര സംസ്ഥാനസർക്കാരുമായി കൂടിയാലോചിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പേര് നിർദ്ദേശിക്കാവുന്നതാണ്.

അനുച്ഛേദം 158 (3) പ്രകാരം, ഒരു വ്യക്തിയെ രണ്ടോ അധിലധികമോ സംസ്ഥാനങ്ങളിൽ ഗവർണറായി നിയമിക്കപ്പെടുമ്പോൾ രാഷ്ട്രപതി ഒരു പ്രസ്താവനയിലൂടെ അദ്ദേഹത്തിന്റെ വേതനം മറ്റു ആനുകൂല്യങ്ങളും സംബന്ധപ്പെട്ട സംസ്ഥാനങ്ങൾ തുല്യമായി നൽകണമെന്ന് തീരുമാനിക്കാം.

യോഗ്യതകൾ

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 157-ഉം 158-ഉം ഗവർണ്ണർ പദവിക്ക്:

- ഇന്ത്യൻ പൗരനായിരിക്കണം.
- 35 വയസ്സ് പൂർത്തിയായിരിക്കണം.
- പാർലമെന്റിലോ, നിയമ സഭയിലോ അംഗമായിരിക്കാൻ പാടില്ല. അങ്ങനെയാണെങ്കിൽ ആ വ്യക്തി ഗവർണ്ണറായി പദവിയേൽക്കുമ്പോൾ പദവി ഒഴിഞ്ഞതായി കണക്കാക്കും.
- ലാഭം കിട്ടുന്ന മറ്റേതൊരു തൊഴിലും അദ്ദേഹം ചെയ്യാൻ പാടില്ല.

ഗവർണ്ണറുടെ അധികാരങ്ങളും പ്രവർത്തനങ്ങളും

സംസ്ഥാന നിർവാഹത്തിന്റെ തലവനായ ഗവർണ്ണർക്ക് ധാരാളം അധികാരങ്ങളുണ്ട്. അനുച്ഛേദം 163 പ്രകാരം മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരുടെ ഉപദേശ പ്രകാരം ഗവർണ്ണർ ചില പ്രത്യേക സന്ദർഭങ്ങളൊഴികെ മറ്റ് അധികാരങ്ങൾ നടപ്പിലാക്കുന്നു. സംസ്ഥാന നിർവാഹത്തിന്റെ തലവനെന്ന നിലയിൽ ഗവർണ്ണർ താഴെപ്പറയുന്ന അധികാരങ്ങൾ നടപ്പിലാക്കുന്നു.

നിർവാഹ അധികാരങ്ങൾ

- സംസ്ഥാന നിയമസഭയിൽ ഭൂരിപക്ഷമുള്ള കക്ഷിയുടെ തലവനെ സംസ്ഥാന മുഖ്യമന്ത്രിയായി അദ്ദേഹം നിയമിക്കുന്നു:
- മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം മന്ത്രിസഭയിലെ മറ്റ് അംഗങ്ങളേയും അദ്ദേഹം നിയമിക്കുന്നു.
- സംസ്ഥാന പബ്ളിക് സർവീസ് കമ്മീഷന്റെ അദ്ധ്യക്ഷനെയും മറ്റ് അംഗങ്ങളേയും ഗവർണ്ണർ നിയമിക്കുന്നു.
- അദ്ദേഹം സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനെ നിയമിക്കുകയും അവരുടെ സേവനവ്യവസ്ഥകളും പദവികാലവും നിർണ്ണയിക്കുന്നു.
- സംസ്ഥാന സർവകലാശാലകളുടെ ചാൻസലറായി പ്രവർത്തിക്കുകയും, സംസ്ഥാന സർവ കലാശാലകളിൽ വൈസ് ചാൻസലർമാരെ നിയമിക്കുകയും ചെയ്യുന്നു.
- സംസ്ഥാനത്ത് രാഷ്ട്രപതി അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് രാഷ്ട്രപതി ഭരണം. ഏർപ്പെടുത്തിയാൽ ഗവർണ്ണർ നേരിട്ട് സംസ്ഥാനത്തെ ഭരിക്കുന്നു.

നിയമ നിർമ്മാണ അധികാരങ്ങൾ

ഗവർണ്ണർ സംസ്ഥാന നിയമസഭയുടെ അവിഭാജ്യ ഘടകമാണ്. എന്നാൽ അദ്ദേഹം ഏതെങ്കിലു നിയമനിർമ്മാണ സഭയിലെ അംഗമല്ല. അദ്ദേഹം താഴെപ്പറയുന്ന നിയമ നിർമ്മാണ അധികാരങ്ങൾക്കും പ്രവർത്തനങ്ങൾക്കും നേതൃത്വം വഹിക്കുന്നു:

- സംസ്ഥാന നിയമനിർമ്മാണ സഭയെ വിളിച്ചു കൂട്ടാനും മാറ്റിവയ്ക്കാനും പിരിച്ചു വിടാനും ഗവർണ്ണർക്ക് അധികാരമുണ്ട്.
- ഓരോ പൊതു തെരഞ്ഞെടുപ്പിനു ശേഷവും ഓരോ വർഷത്തെ ആദ്യ സമ്മേളനത്തിന്റെ ആരംഭത്തിൽ സംസ്ഥാന നിയമസഭയെ ഗവർണ്ണർ അഭിസംബോധന ചെയ്യുന്നു.
- നിയമനിർമ്മാണ സഭയിൽ നിലവിലുള്ള ബില്ലിനെ കുറിച്ച് സംസ്ഥാന നിയമസഭക്ക് സന്ദേശം അയക്കാവുന്നതാണ്.

X Std - Civics Malayalam Unit-3.indd 262 1/27/2023 10:17:04 AM

- സ്പീക്കർ, ഡെപ്യൂട്ടിസ്പീക്കർ എന്നിവരുടെ പദവി ഒഴിവ് നികത്തുന്നതിന് നിയമാനുസൃത മായി നിയമസഭയിലെ ഏതെങ്കിലും അംഗത്തെ ഗവർണ്ണർക്ക് നിയമിക്കാവുന്നതാണ്.
- ആഗ്ലോ ഇന്ത്യൻ സമുദായത്തിൽ നിന്ന് ഒരു അംഗത്തെ സംസ്ഥാന നിയമനിർമ്മാണ സഭയിലേക്ക് ശുപാർശ ചെയ്യുന്നു.
- സാഹിത്യം, ശാസ്ത്രം, കല, സഹകരണപ്രസ്ഥാനം, സാമൂഹ്യ സേവനം എന്നീ മേഖലകളിൽ പ്രത്യേക അനുഭവവും പ്രവൃത്തി പരിചയവുമുള്ള അതിപ്രഗത്ഭരായ വ്യക്തികളിൽ നിന്നും 1/6 അംഗങ്ങളെ സംസ്ഥാന നിയമ നിർമ്മാണ സഭയിലേക്ക് നിയമനം ചെയ്യുന്നു.
- സംസ്ഥാന നിയമസഭ പാസ്സാക്കിയ എല്ലാ ബില്ലുകളും ഗവർണ്ണർ ഒപ്പിട്ടശേഷം മാത്രമേ നിയമമാകൂ. എന്നാൽ നിയമസഭ പാസ്സാക്കി യശേഷം ബിൽ ഗവർണ്ണർക്ക് അയച്ചാൽ ബില്ലിന് അനുമതി നൽകാനോ, പിന്തുണക്കാനോ, മടക്കി അയക്കാനോ ഉള്ള അധികാരം ഉണ്ട്.
- ഭരണഘടനയുടെ 213-ാം അനുച്ഛേദ പ്രകാരം സംസ്ഥാന നിയമസഭ സമ്മേളിക്കാത്ത അവസരങ്ങളിൽ അടിയന്തര നിയമം പുറപ്പെടുവിക്കാനുള്ള അധികാരം ഗവർണ്ണർക്ക് ഉണ്ട്. എന്നാൽ ഈ നിയമങ്ങൾ 6 മാസത്തിനുള്ളിൽ നിയമ നിർമ്മാണ സഭ അംഗീകരിച്ചിരിക്കണം. എപ്പോൾ വേണമെങ്കിലും ഈ അടിയന്തര നിയമം ഗവർണ്ണർക്ക് പിൻവലിക്കാവുന്നതാണ്.
- സംസ്ഥാന ധനകാര്യകമ്മീഷൻ, സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷന്റെ കോംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ എന്നിവരുടെ റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കുന്നു.

ധനകാര്യ അധികാരങ്ങൾ

- സംസ്ഥാന നിയമ സഭയിലെ വാർഷിക ബജറ്റ് തയ്യാറാക്കി നിയമസഭയിൽ അവതരിപ്പിക്കാനുള്ള അവകാശം ഭരണഘടന ഗവർണ്ണർക്ക് നൽകിയിട്ടുണ്ട്. ആവശ്യമെങ്കിൽ ഇടക്കാല ബജറ്റും അവതരിപ്പിക്കാം.
- ധനകാര്യബില്ലുകൾ ഗവർണ്ണറുടെ മുൻ അനുമതിയോടു കൂടി മാത്രമേ നിയമസഭയിൽ അവതരിപ്പിക്കാൻ സാധിക്കുകയുള്ളൂ.
- ഗവർണ്ണറുടെ ശുപാർശ ഇല്ലാതെ ഏതൊരു വിധമായ പണമിടപാടുകളും നടത്താൻ പാടില്ല.
- പ്രതീക്ഷിക്കാത്ത ആവശ്യങ്ങളെ നിറവേറ്റുന്നതിനു വേണ്ടി ഗവർണ്ണറുടെ അടിയന്തിര നിധിയിൽ നിന്നും പണം വിനിയോഗിക്കാവുന്നതാണ്.

നീതിന്യായ അധികാരങ്ങൾ

- സംസ്ഥാന അറ്റോർണി ജനറലിനെ ഗവർണ്ണർ നിയമിക്കുന്നു.
- കീഴ് കോടതിയിലെ ന്യായാധിപൻമാരെ ഗവർണ്ണർ നിയമിക്കുന്നു.
- ജില്ലാ ന്യായാധിപൻമാരുടെ നിയമനം, പദവികൾ, പദവി ഉയർവ് എന്നിവയെക്കുറിച്ച് സംസ്ഥാന ഹൈക്കോടതിയുമായി ചർച്ച ചെയ്യുന്നു.
- സംസ്ഥാന ഗവർണ്ണറുമായി ചർച്ച ചെയ്ത ശേഷം രാഷ്ട്രപതി ഹൈക്കോടതിയിലെ മുഖ്യ ന്യായാധിപനെ നിയമിക്കുന്നു.
- കുറ്റവാളികളുടെ ശിക്ഷ ഇളവ് ചെയ്യുന്നതിനും മാപ്പ് നൽകുന്നതിനും, ശിക്ഷാകാലാവധി കുറയ്ക്കുന്നതിനും ഗവർണ്ണർക്ക് അധികാരമുണ്ട്.

വിവേചനാധികാരം

- രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി ഗവർണ്ണർക്ക് ഒരു ബില്ലിനെ നിറുത്തിവയ്ക്കാൻ സാധിക്കും.
- പൊതുതെരഞ്ഞെടുപ്പിന് ശേഷം നിയമസഭയിൽ ഏതെങ്കിലും പാർട്ടിക്ക് വ്യക്തമായ ഭൂരിപക്ഷം ഇല്ലെങ്കിൽ ഏതുപാർട്ടിയുടെയും നേതാവിനെ മന്ത്രിസഭ രൂപീകരിക്കാൻ ഗവർണ്ണർക്ക് വിളിക്കാവുന്നതാണ്.
- മന്ത്രിസഭക്ക് ഭൂരിപക്ഷം നഷ്ടപ്പെട്ടാൽ നിയമസഭയെ പിരിച്ചു വിടാൻ അദ്ദേഹത്തിന് കഴിയും.

അടിയന്തര അധികാരങ്ങൾ

സംസ്ഥാന ഗവൺമെന്റ് ഭരണഘടനാവസ്ഥ പ്രകാരം പ്രവർത്തിക്കുന്നില്ല എന്ന് ഗവർണർ ഉറച്ച് വിശ്വസിച്ചാൽ അനുച്ഛേദം 356 പ്രകാരം സംസ്ഥാന നിയമ സഭയെ പിരിച്ചുവിട്ട് രാഷ്ട്രപതി ഭരണം ഏർപ്പെടുത്താൻ ഗവർണ്ണർ രാഷ്ട്രപതിയോട് ശുപാർശ ചെയ്യുന്നു. അപ്രകാരം രാഷ്ട്രപതി ഭരണം നടപ്പിലാക്കപ്പെട്ട ഉടൻതന്നെ രാഷ്ട്രപതിയുടെ പ്രതിനിധിയായി ഗവർണ്ണർ സംസ്ഥാനത്തിന്റെ ഭരണാധികാരിയായി ചുമതല വഹിക്കും.

ഗവർണ്ണറുടെ വിശേഷാധികാരം

അനുച്ഛേദം 361 (1) ഗവർണ്ണറുടെ വിശേഷാധികാരത്തെക്കുറിച്ച് പറയുന്നു:

- സംസ്ഥാനഗവൺമെന്റ് തന്റെ അധികാരങ്ങളും ചുമതലകളും നിർവഹിക്കുന്നതിൽ ഏതു കോടതിക്കും ഉത്തരം നൽകേണ്ടതില്ല.
- ഗവർണ്ണറുടെ പദവികാലത്ത് അദ്ദേഹത്തിനെതിരെ കുറ്റങ്ങൾ ചുമത്താനോ അറസ്റ്റ് ചെയ്യാനോ ഏതു കോടതിക്കും ഉത്തരവിടാൻ പാടില്ല.

X Std - Civics Malayalam Unit-3.indd 263 1/27/2023 10:17:04 AM

3.2 മുഖ്യമന്ത്രി

ഭരണഘടന നൽകുന്ന പാർലമെന്ററി ഭരണസംവിധാനത്തിന്റെ പദ്ധതിയിൽ ഗവർണ്ണർ നാമമാത്രമായ നിർവാഹ അധികാരിയും, മുഖ്യമന്ത്രി യഥാർത്ഥ നിർവാഹ അധികാരിയുമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഗവർണ്ണർ സംസ്ഥാനത്തിന്റെ തലവനും മുഖ്യമന്ത്രി സർക്കാരിന്റെ തലവനുമാണ്.

മുഖ്യമന്ത്രിയുടെ നിയമനം

മുഖ്യമന്ത്രിയെ സംസ്ഥാന ഗവർണ്ണർ നിയമിക്കുന്നു. നിയമസഭയിൽ ഭൂരിപക്ഷകക്ഷിയുടെ, അല്ലെങ്കിൽ ഭൂരിപക്ഷകൂട്ടുകക്ഷിയുടെ നേതാവിനെ മുഖ്യ മന്ത്രിയായി നിയമിക്കുന്നു. ഒരുപക്ഷേ ഏതൊരു കക്ഷിക്കും നിയമസഭയിൽ ഭൂരിപക്ഷം ലഭിക്കാത്ത സാഹചര്യത്തിൽ അല്ലെങ്കിൽ ഭൂരിപക്ഷം ലഭിച്ചവർ തങ്ങളുടെ നേതാവിനെ തെരഞ്ഞെടുക്കുന്നതിൽ പരാജയപ്പെട്ടാൽ ഗവർണ്ണർ തന്റെ അധികാരം ഉപയോഗിച്ച് അടുത്ത ഏറ്റവും വലിയ കക്ഷിയുടെ നേതാവിനെ മന്ത്രിസഭ രൂപീകരിക്കാൻ ക്ഷണിക്കാവുന്നതാണ്. എന്നാൽ ഗവർണ്ണർ നിർദ്ദേശിക്കുന്ന ദിവസത്തിനു ള്ളിൽ നിയമസഭയിൽ തനിക്ക് ഭൂരിപക്ഷമുണ്ടെന്ന് തെളിയിക്കേണ്ടതാണ്.

മുഖ്യമന്ത്രിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും

സംസ്ഥാന നിർവാഹത്തിന്റെ യഥാർത്ഥ നേതാവ് മുഖ്യമന്ത്രിയാണ്. മുഖ്യമന്ത്രിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും താഴെപ്പറയുന്നവയാണ്.

മന്ത്രിസഭാംഗങ്ങളുമായി ബന്ധപ്പെട്ടവ

- മുഖ്യമന്ത്രി നിർദ്ദേശിക്കുന്ന വ്യക്തികളെ ഗവർണ്ണർ മന്ത്രിമാരായി നിയമിക്കുന്നു.
- മന്ത്രിമാർക്ക് വകുപ്പുകൾ വിഭജിച്ച് നൽകുന്നു.
- തന്റെ മന്ത്രിസഭയെ അടിക്കടിമാറ്റുന്നു.
- മന്ത്രിയുമായി അഭിപ്രായ വ്യത്യാസം ഉണ്ടായാൽ രാജി ആവശ്യപ്പെടുകയോ അല്ലെങ്കിൽ പദവിയിൽ നിന്ന് പുറത്താക്കാൻ ഗവർണ്ണരെ ഉപദേശിക്കുകയും ചെയ്യും.
- എല്ലാ മന്ത്രിമാരുടെയും പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നു.

ഗവർണ്ണറുമായി ബന്ധപ്പെട്ടവ

താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ നിയമിക്കാൻ മുഖ്യമന്ത്രി ഗവർണ്ണരെ ഉപദേശിക്കുന്നു:

- സംസ്ഥാന അഡ്വക്കേറ്റ് ജനറൽ.
- സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ.
- സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷനും അംഗങ്ങളും.
- സംസ്ഥാന ആസൂത്രണ കമ്മീഷന്റെ അദ്ധ്യക്ഷനും അംഗങ്ങളും.
- സംസ്ഥാനധനകാര്യകമ്മീഷന്റെഅദ്ധ്യക്ഷനും അംഗങ്ങളും.

നിയമസഭയുമായി ബന്ധപ്പെട്ടവ

- നിയമസഭ സമ്മേളനം ആരംഭിക്കുന്നതിനും, മാറ്റി വയ്ക്കുന്നതിനും ഗവർണ്ണർക്ക് ഉപദേശം നൽകുക.
- നിയമസഭയിൽ സർക്കാരിന്റെ നയങ്ങൾ പ്രഖ്യാപിക്കുന്നു.
- നിയമസഭയിൽ ബില്ലുകൾ അവതരിപ്പിക്കുന്നു.
- ഏതു സമയത്തും നിയമസഭയെ പിരിച്ചു വിടാൻ ഗവർണ്ണരെ ഉപദേശിക്കുന്നു.

മന്ത്രി സഭ

സംസ്ഥാനമന്ത്രിസഭ സംസ്ഥാന നിയമ സഭയ്ക്ക് കൂട്ടുത്തരവാദിത്തമുള്ളതാണ്. മന്ത്രിസഭയിലെ എല്ലാ അംഗങ്ങളും നിയമസഭയിലെ അംഗങ്ങളായിരിക്കണം. നിയമന സമയത്ത് അംഗങ്ങളല്ലാത്തവർ 6 മാസത്തിനുള്ളിൽ നിയമസഭയിൽ അവരുടെ അംഗത്വം ഉറപ്പാക്കേണ്ടതാണ്. എല്ലാ മന്ത്രിമാരും മുഖ്യമന്ത്രിയുടെ കീഴിൽ കൂട്ടായ്മയോടെ പ്രവർത്തിക്കുന്നു. മുഖ്യമന്ത്രി അധികാരത്തിൽ ഉള്ളിടത്തോളം മന്ത്രിസഭയും അധികാരത്തിൽ തുടരും നിയമസഭയിൽ അവിശ്വാസപ്രമേയം നിറവേറ്റിയാൽ മന്ത്രിസഭ പിരിച്ചു വിടേണ്ടതാണ്.

ഗവർണ്ണർക്ക് സഹായവും ഉപദേശവും നൽകാനായി അനുച്ഛേദം 163 പ്രകാരം മന്ത്രിസഭക്ക് അനുവാദം നൽകിയിരിക്കുന്നു. (അനുച്ഛേദം 163 (1) പ്രകാരം) തന്റെ ചുമതലകൾ നടപ്പാക്കുന്നതിന് ഗവർണ്ണർക്ക് സഹായവും ഉപദേശവും നൽകാനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭ ഉണ്ടായിരിക്കും. ഭരണഘടനയിലൂടെയോ അല്ലെങ്കിൽ തന്റെ ചുമതലകൾ നടപ്പിലാക്കുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ വിവേചന അധികാരം മുഖേനയോ നടപ്പിലാക്കുന്നു.

മന്ത്രിസഭയുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ

ഭരണഘടനയുടെ അനുച്ഛേദം 164(1) പ്രകാരം മുഖ്യമന്ത്രിയെ ഗവർണ്ണർ നിയമിക്കും.

ഭരണഘടനയുടെ അനുച്ഛേദം 164(1) പ്രകാരം സംസ്ഥാന മന്ത്രിസഭയിൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ എണ്ണം നിയമസഭാ അംഗങ്ങളുടെ ആകെ എണ്ണത്തിന്റെ 15 നിയമസഭാ അംഗങ്ങളുടെ ആകെ എണ്ണത്തിന്റെ 15 ശതമാനത്തിൽ കൂടാൻ പാടില്ല.

മന്ത്രിസഭയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും

- സംസ്ഥാന നയങ്ങൾ രൂപീകരിച്ച് അതിനെ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുകയും ചെയ്യുന്നു.

X Std - Civics Malayalam Unit-3.indd 264 1/27/2023 10:17:04 AM

- നിയമസഭ പരിപാടികൾ തീരുമാനിക്കുകയും പ്രധാന ബില്ലുകളെ അംഗീകരിക്കുകയും ചെയ്യുന്നു.
- ഇത് സാമ്പത്തിക നയത്തെ നിയന്ത്രിക്കുകയും സംസ്ഥാനത്തിന്റെ പൊതു ക്ഷേമത്തിന് നികുതി ഘടന തീരുമാനിക്കുകയും ചെയ്യുന്നു.
- ഇത് വകുപ്പുകളുടെ മേധാവികളെ നിയമിക്കുന്നു.
- മറ്റ് സംസ്ഥാനങ്ങളുടെ തർക്കങ്ങൾ സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുകയും അതിനെ പ്രതിരോധിക്കുകയും ചെയ്യുന്നു.
- സംസ്ഥാനങ്ങളുടെ ചെലവുകളെ പരിഹരിക്കാൻ ആസൂത്രണ പദ്ധതികൾ രൂപീകരിക്കുന്നു.
- നിയമ സഭയിൽ അവതരിപ്പിക്കുന്ന എല്ലാ ബില്ലുകളും അതായത് സാധാരണ ബില്ലാണോ അല്ലെങ്കിൽ ധനകാര്യ ബില്ലാണോ എന്ന് തീരുമാനിക്കേണ്ടത് മന്ത്രിസഭയാണ്.
- മന്ത്രിസഭയിലെ ഓരോ മന്ത്രിയുടെ അധികാരങ്ങളെ നിയന്ത്രിച്ച് മേൽനോട്ടം വഹിക്കുന്നു.
- വാർഷിക ബജറ്റ് മന്ത്രിസഭയിൽ ചർച്ച ചെയ്ത ശേഷം തീരുമാനം എടുക്കുന്നു.

3.3 സംസ്ഥാന നിയമസഭ

ഇന്ത്യൻ ഭരണഘടനാ നിയമപ്രകാരം ഓരോ സംസ്ഥാനങ്ങളിൽ രണ്ടു സഭകൾ ഉള്ള നിയമ സഭകളും ഏർപ്പെടുത്തിയിട്ടുണ്ട്. (ഉദാഹരണം ബീഹാർ, കർണ്ണാടകം, മഹാരാഷ്ട്രം, ഉത്തർപ്രദേശ്, ആന്ധ്രപ്രദേശ്, തെലുങ്കാന, ജമ്മുകാശ്മീർ) നിയമ സഭയിലെ കീഴ്സഭ പൊതു ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്നു. മേൽസഭയിലെ അംഗങ്ങളെ അധ്യാപകർ, ബിരുദ്ധാരികൾ, പഞ്ചായത്ത് അംഗങ്ങൾ എന്നിവരാൽ തെരഞ്ഞെടുക്കുന്നു.



തമിഴ്നാട് നിയമ സഭ

തമിഴ്നാട് നിയമസഭ അഗങ്ങളുടെ ആകെ എണ്ണത്തിൽ (234 അംഗ ങ്ങൾ) മന്ത്രിമാരുടെ എണ്ണം 36 വരെ ഇരിക്കാം. അതായത് 234-ൽ 15 ശതമാനം.

നിയമസഭ (കീഴ്സഭ)

സംസ്ഥാനങ്ങളിൽ നിയമസഭ യഥാർത്ഥ അധികാര കേന്ദ്രമായി വിളങ്ങുന്നു. പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഉൾക്കൊണ്ടതാണ്. ജനസംഖ്യാ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്കു സംസ്ഥാനം നിയമസഭാ അംഗങ്ങളുടെ എണ്ണം വ്യത്യാസപ്പെട്ടിരിക്കുന്നു എന്നിരുന്നാലും നിയമസഭയിലെ പരമാവധി എണ്ണം 500-ൽ കവിയാനും 60-ൽ കുറയാനും പാടില്ല. നിയമ സഭയുടെ കാലാവധി5 വർഷമാണ്. എന്നാലും 5 വർഷം തീരുന്നതിനു മുമ്പ് തന്നെ നിയമസഭയെ പിരിച്ചുവിടാവുന്നതാണ്.

നിയമസഭയുടെ വലുപ്പം ആ സംസ്ഥാനത്തിലെ നിയമ സഭയുടെ മൂന്നിൽ ഒന്ന് (1/3) അംഗത്വത്തിൽ കൂടുതൽ ആകാൻ പാടില്ല. എന്നാൽ ആകെ അംഗങ്ങൾ 40-ൽ കുറയാൻ പാടില്ല.

ഘടന

തമിഴ്നാട് നിയമസഭ 235 അംഗങ്ങളെ കൊണ്ടതാണ്. ഇതിൽ 234 അംഗങ്ങൾ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളാൽ നേരിട്ട് തെരഞ്ഞെടുക്കുന്നു. ആഗ്ലോ ഇന്ത്യൻ സമൂഹ ത്തിൽ നിന്ന് ഒരു അംഗത്തെ ഗവർണ്ണർ നിയമിക്കുന്നു.

മന്ത്രിസഭയും മന്ത്രിസഭ കമ്മിറ്റികളും

കേബിനറ്റ് എന്ന ഒരു ചെറിയ വിഭാഗം മന്ത്രിസഭയുടെ മുഖ്യഭാഗമാണ്. ഇത് കേബിനറ്റ് മന്ത്രിമാർ മാത്രം ഉൾപ്പെട്ടതാണ്. ഇത് സംസ്ഥാന സർക്കാരിന്റെ യഥാർത്ഥ അധികാര കേന്ദ്രമായി നിലകൊള്ളുന്നു.

കേബിനറ്റ് കമ്മിറ്റികൾ എന്ന പേരിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ച് കേബിനറ്റ് പ്രവർത്തിക്കുന്നു. ഇത് രണ്ടുതരത്തിലുണ്ട്. സ്ഥിരമായതും താല്ക്കാലികമായും ആദ്യത്തേത് ഒരു സ്ഥിരം സ്വഭാവമുള്ളതും രണ്ടാമത്തേത് താൽക്കാലികസ്വാഭാവമുള്ളതുമാണ്.

സ്പീക്കർ

നിയമസഭാ അംഗങ്ങളിൽ നിന്ന് രണ്ട് പേരെ സ്പീക്കറായും ഡെപ്യൂട്ടി സ്പീക്കറായും നിയമിക്കുന്നു. സ്പീക്കർ തന്റെ പദവി രാജിവച്ചാൽ നിയമസഭാ അംഗമായി തുടരാൻ സാധിക്കില്ല. സ്പീക്കർ ഏതു സമയത്തും തന്റെ പദവി രാജിവയ്ക്കാം. 14 ദിവസത്തെ നോട്ടീസ് നൽകി നിയമസഭയുടെ പ്രമേയത്തിലൂടെ സ്പീക്കറെ അധികാരത്തിൽ നിന്നും നീക്കം ചെയ്യാം. എപ്രകാരം പ്രമേയം പാസ്സാക്കി വോട്ട് ചെയ്യുന്ന സമയത്ത് ഭൂരിപക്ഷം അംഗങ്ങളും ഉണ്ടായിരിക്കണം. നിയമസഭ പിരിച്ചു വിടുമ്പോൾ സ്പീക്കർ തന്റെ പദവി ഒഴിയുന്നില്ല. കൂടാതെ നിയമ സഭയുടെ ആദ്യ സമ്മേളനം തുടങ്ങുന്നതു വരെ തന്റെ പ്രവർത്തനം തുടരുന്നു. സ്പീക്കറുടെ

X Std - Civics Malayalam Unit-3.indd 265 1/27/2023 10:17:04 AM

അഭാവത്തിൽ ഡെപ്യൂട്ടിസ്പീക്കർ അദ്ദേഹത്തിന്റെ ചുമതലകൾ നിർവഹിക്കുന്നു.

നിയമസഭ കൗൺസിൽ (മേൽസഭ)

നിയമസഭ കൗൺസിൽ സംസ്ഥാന നിയമസഭയുടെ ഉപരിസഭയാണ്. ഇത് ഒരു സ്ഥിരസഭയാണ്.

വിധാൻ പരിഷത്തുകൾ (നിയമസഭ കൗൺസിൽ) ഇന്ത്യയുടെ സംസ്ഥാന നിയമസഭകളുടെ ഒരു ഭാഗമാണ്. ഇന്ത്യയിലെ 29 സംസ്ഥാനങ്ങളിൽ 7 സംസ്ഥാനങ്ങളിൽ ഇരുസഭാപാർലമെന്റിന്റെ മേൽ സഭയിലെ അംഗങ്ങളെ പരോക്ഷ തെരഞ്ഞെടുപ്പിലൂടെ തെരഞ്ഞെടുത്ത് പ്രവർത്തിക്കുന്നു. (ബീഹാർ, കർണ്ണാടം, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, അന്ധ്രപ്രദേശ് തെലുങ്കാന, ജമ്മുകാശ്മീർ) ഇത് ഒരു നിരന്തര സഭയാണ്. അതുകൊണ്ട് തന്നെ ഇതിനെ പിരിച്ചുവിടാൻ സാധ്യമല്ല. മേൽസഭയിലെ അംഗങ്ങളുടെ കാലാവധി 6 വർഷമാണ്. അതിൽ 1/3 ഭാഗം അംഗങ്ങൾ രണ്ടു വർഷം കൂടുമ്പോൾ വിരമിക്കുന്നു. ഒരാൾ മേൽ സഭയിലെ അംഗമാവണമെങ്കിൽ ഇന്ത്യൻ പൗരനായിരിക്കണം, 30 വയസ്സ് പൂത്തി യായിരിക്കണം. 30 വയസ്സ് പൂർത്തി യായിരി ക്കണം, തെളിഞ്ഞമാനസ്സികാവസ്ഥയും കടം വാങ്ങിയവനോ ആകാൻ പാടില്ല. ഏത് സംസ്ഥാനത്താണോ മത്സരിക്കുന്നത്. ആ സംസ്ഥാനത്ത് വോട്ടർ പട്ടികയിൽ അദ്ദേഹത്തിന്റെ പേര് ഉണ്ടായിരിക്കേണ്ടതാണ്.



1986-ൽ തമിഴ്നാട് നിയമസഭ കൗൺസിൽ (നിരോധനം) നിയമ പ്രകാരം തമിഴ്നാട് നിയമസഭാ കൗൺസിൽ നീക്കപ്പെട്ടു. 1986 വംബർ 1-ന് ഈ നിയമം പ്രാബല്യത്തിൽ വന്നു.

നിയമസഭാ കൗൺസിലിന്റെ തെരഞ്ഞെടുപ്പ്

- 1/3 ഭാഗം അംഗങ്ങൾ തദ്ദേശസ്ഥാപനങ്ങളിലെ പ്രതിനിധികളാൽ തെരഞ്ഞെടുക്കപ്പെടുന്നു.
- 1/12 ഭാഗം അംഗങ്ങൾ സംസ്ഥാനത്തെ സർവ്വ കലാശാലകളിലെ ബിരുദധാരികൾ തെരഞ്ഞെടുക്കുന്നു.
- 1 /12 ഭാഗം അംഗങ്ങൾ ബിരുധാരി അദ്ധ്യാപകരാൽ തെരഞ്ഞെടുക്കുന്നു.
- 1/3 ഭാഗം അംഗങ്ങൾ നിയമസഭാ അംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്നു.
- 1/6 ഭാഗംഅംഗങ്ങൽള സാഹിത്യമികവ്, കല, സാമൂഹ്യ സേവനം അല്ലെങ്കിൽ സഹകരണ മേഖലയിലെ പ്രമുഖരായ വ്യക്തികളെ ഗവർണ്ണർ ശുപാർശ ചെയ്യുന്നു.

അധ്യക്ഷൻ

മേൽസഭയെ നടത്തുന്നത് മേൽസഭാദ്ധ്യക്ഷൻ ആണ്. മേൽസഭാദ്ധ്യക്ഷൻ, മേൽസഭ ഉപാദ്ധ്യക്ഷൻ എന്നിവർ മേൽസഭയിലെ അംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്നു. മേൽസഭാദ്ധ്യക്ഷന്റെ അഭാവത്തിൽ മേൽസഭാ ഉപാദ്ധ്യക്ഷൻ നടപടികളെ നിയന്ത്രിക്കുന്നു.

മേൽസഭ രൂപീകരണം അല്ലെങ്കിൽ പിരിച്ചുവിടൽ

അനുച്ഛേദം 169-ൽ സംസ്ഥാനത്തെ മേൽസഭ രൂപീ കരണം അഥവാ പിരിച്ചു വിടലിനെ കുറിച്ച് പ്രതിപാദിക്കുന്നു. ഇത് പ്രകാരം നിയമസഭയുടെ മൊത്തം അംഗങ്ങളിൽ 2/3 അംഗങ്ങൾ വോട്ട് ചെയ്ത് പ്രമേയം പാസ്സാക്കുകയും മേൽസഭ രൂപീകരിക്കാനോ അല്ലെങ്കിൽ പിരിച്ചു വിടാനോ പാർലമെന്റിനോട് അപേക്ഷിച്ചാൽ പാർലമെന്റ് ഒരു നിയമം മൂലം മേൽസഭയെ രൂപീകരിക്കും അല്ലെങ്കിൽ പിരിച്ചു വിടും.

3.4 സംസ്ഥാന നിയമ സഭയുടെ പ്രവർത്തനങ്ങൾ

നിയമനിർമ്മാണ അധികാരികൾ

ഭരണഘടന അനുസരിച്ച് സംസ്ഥാനപട്ടികയിലുള്ള എല്ലാ വിഷയങ്ങൾക്കും നിയമനിർമ്മാണം നടത്താവുന്നതാണ്. എന്നാൽ ഇതേ നിയമത്തെ കേന്ദ്രമന്ത്രിസഭ നടപ്പിലാക്കിയാൽ, സംസ്ഥാന മന്ത്രിസഭയുടെ നിയമം പ്രായോഗികമല്ലാതാവും. പാർലമെന്റിലെന്ന പോലെ സംസ്ഥാന നിയമസഭയിലെ ബില്ലും നിയമമായി മാറുന്നു. ഓരോ ബില്ലും മൂന്നുവായനക്കു ശേഷം നിറവേറ്റുന്നു. ഗവർണ്ണറുടെ അംഗീകാരത്തിനുശേഷം ഇത് നിയമമാകുന്നു.

സാമ്പത്തിക അധികാരങ്ങൾ

സംസ്ഥാനത്തിന്റെ ധനകാര്യ നിയന്ത്രണം നിയമ സഭക്കാണ്. ധനവിനിയോഗത്തിൽ മേൽ സഭയെക്കാൾ കീഴ്സഭയ്ക്ക് കൂടുതൽ അധികാരങ്ങൾ നല്കിയിട്ടുണ്ട്. ധനകാര്യബില്ലുകൾ നിയമസഭയുടെ കീഴ്സഭയിൽ മാത്രമേ അവതരിപ്പിക്കൂ. നിയമ സഭയുടെ അനുമതിയില്ലാതെ പുതിയ നികുതികൾ ചുമത്താൻ പാടില്ല.

നിർവാഹ അധികാരത്തിനുള്ള നിയന്ത്രണങ്ങൾ

നിയമ നിർമ്മാണ സഭ നിർവാഹത്തിനെ നിയന്ത്രിക്കുന്നു. മന്ത്രി സഭകൾ നിയമ സഭയ്ക്ക് ഉത്തര വാദിയാണ്. നിയമ നിർമ്മാണ സഭയിലെ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് മന്ത്രിമമാർ ഉത്തരം നല്ക്കേതാണ്. മന്ത്രിസഭയ്ക്ക് എതിരെയുള്ള അവിശ്വാസ പ്രമേയം അംഗീകരിക്കപ്പെട്ടാൽ മന്ത്രിമാർ തൽസ്ഥാനത്തു നിന്ന് നീക്കം ചെയ്യപ്പെടും.

X Std - Civics Malayalam Unit-3.indd 266 1/27/2023 10:17:04 AM

3.5 സംസ്ഥാന നീതിന്യായം

ഹൈക്കോടതി

1862-ൽ കൊൽക്കത്ത, മുംബൈ മദ്രാസ് എന്നീവിടങ്ങളിൽ ഹൈകോടതികൾ സ്ഥാപിത മായതോടെ ഹൈകോടതി സ്ഥാപനം ഇന്ത്യയിൽ ആരംഭിച്ചു. കാലക്രമത്തിൽ ബ്രിട്ടീഷ് ഇന്ത്യയുടെ ഓരോ പ്രാവിശ്യകളിലും സ്വന്തം ഹൈക്കോടതികൾ പ്രവർത്തിക്കുകയുണ്ടായി. 1950 നു ശേഷം ഒരു പ്രവിശ്യയിലുണ്ടായിരുന്ന ഹൈക്കോടതി അടുത്തുള്ള സംസ്ഥാനത്തിനും ഹൈകോടതിയായി പ്രവർത്തിച്ചു. സംസ്ഥാന തലത്തിലെ ഉയർന്ന കോടതികൾ ഹൈക്കോടതികളാണ്. എന്നാൽ സംയോജിത ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ ഭാഗമായി അവർ സുപ്രീം കോടതിയുടെ മേൽനോട്ട ത്തിലും സംവിധാനത്തിലും നിയന്ത്രണത്തിൻ കീഴിൽ പ്രവർത്തിക്കുന്നു.



മദ്രാസ് ഹൈക്കോടതി

ഇന്ത്യൻ ഭരണഘടന ഓരോ സംസ്ഥാനത്തും ഓരോ ഹൈക്കോടതി സ്ഥാപിക്കാൻ അനുവാദം നല്കുന്നു. എന്നാൽ 1956 ലെ 7 ഭേദഗതി നിയമം രണ്ടോ അധിലധികമോ സംസ്ഥാനങ്ങൾ അല്ലെങ്കിൽ യൂണിയൻ പ്രദേശങ്ങൾക്ക് ഒരു പൊതുവായ ഹൈക്കോടതി സ്ഥാപിക്കാൻ പാർലമെന്റിന് അംഗീകാരം നൽകുകയുണ്ടായി.

ഉദാഹരണത്തിന് പഞ്ചാബ്, ഹരിയാന, സംസ്ഥാനങ്ങളും ഛത്തീസ്ഗഡ് കേന്ദ്രഭരണ പ്രദേശവും ചേർന്ന് ഛത്തീസ്ഗഡിൽ ഉള്ള ഹൈക്കോടതി പൊതുഹൈക്കോടതിയായി പ്രവർത്തിക്കുന്നു. അതുപോലെ ഗുവാഹത്തിയിലെ ഹൈക്കോടതി ഏഴ് വടക്കു കിഴക്കൻ സംസ്ഥാനങ്ങളായ അസ്സാം, നാഗാലാന്റ്, മണിപൂർ, മേഘാലയ, മിസോറം, ത്രിപുര, അരുണാചൽപ്രദേശ് എന്നിവയ്ക്ക് പൊതു ഹൈക്കോടതിയായി നിലകൊള്ളുന്നു. ഡൽഹി ഒരു സംസ്ഥാനമല്ലാതിരുന്നിട്ടു പോലും ഓരോ ഹൈക്കോടതിയിലും ഒരു മുഖ്യന്യായാധിപനും മറ്റു പലന്യായാധിപൻമാരേയും അടങ്ങിയതാണ്. സംസ്ഥാനങ്ങൾക്കു സംസ്ഥാനം ന്യായാധിപൻ മാരുടെ എണ്ണം രാഷ്ട്രപതി നിർണ്ണയിക്കുന്നു. നിലവിൽ 28 സംസ്ഥാനങ്ങൾക്കും 9 യൂണിയൻ പ്രദേശങ്ങൾക്കുമായി 25 ഹൈക്കോടതികൾ പ്രവർത്തിക്കുന്നു. (2019 ജനുവരി ഒന്നിന് അമരാവതിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട് പ്രവർത്തനം ആരംഭിച്ച ആന്ധ്രപ്രദേശ് ഹൈക്കോടതി ഉൾപ്പെടെ).

> **നിങ്ങൾക്ക് അറിയാമോ?**
>
> 1862 ജൂൺ26-ന് വിക്ടോറിയമഹാ രാജ്ഞി ഏർപ്പെടുത്തിയ കുത്തകാ വകാശത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് പ്രസിഡൻസി നഗരങ്ങളായ മുംബൈ, കൽക്കത്ത മദ്രാസ് എന്നിവിടങ്ങളിൽ സ്ഥാപിതമായ ഇന്ത്യയിലെ മൂന്ന് ഹൈകോ ടതികളിൽ ഒന്നാണ് മദ്രാസ് ഹൈകോടതി ലണ്ടൻ കഴിഞ്ഞാൽ ലോകത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ കോടതി സമച്ചയമാണ് മദ്രാസ് കോടതി.

ഹൈകോടതിയുടെ ന്യായാധികാരവും മറ്റ് അധികാരങ്ങളും

മൗലീകമായ ന്യായാധികാരം

ഹൈക്കോടതിയുടെ പ്രസിഡൻസി ന ഗരങ്ങൾക്ക് (ബോംബെ, കൊൽക്കത്ത, മദ്രാസ്) മൗലികന്യായാധികാരത്തോടൊപ്പം അധികമായി അപ്പീൽ ന്യായാധികാരവും നല്കിയിട്ടുണ്ട്. എന്നാൽ മറ്റു ഹൈക്കോടതികൾക്ക് അപ്പീൽ ന്യാ യാധികാരം മാത്രമേ നല്കിയിട്ടുള്ളു.

നാവികസൈന്യമന്ത്രികാര്യാലയം വിൽപ്പത്രം, വിവാഹം കോടതി അലക്ഷ്യം എന്നിവയ്ക്ക് മാത്രമേ നേരിട്ട് വിചാരണ നടത്താൻ അധികാരമുണ്ട്. പ്രസിഡൻസി കേടതികൾ തന്റെ പരിധിക്ക് ഉൾപ്പെട്ട സ്ഥലങ്ങളിൽ 2000 രൂപയ്ക്കും അതിനു മുകളിലുള്ള ക്രിമിനൽ കേസുകൾ വാദിക്കുന്നതിന് പ്രസിഡൻസി മജിസ്ട്രേറ്റുകൾക്ക് അധികാരമുണ്ട്.

അപ്പീൽ ന്യായാധികാരം

കീഴ്കോടതികളിൽ നിന്നും വരുന്ന സിവിൽ, ക്രിമിനൽ കേസുകളും സ്വന്തം നിലയിൽ വരുന്ന എല്ലാ അപ്പീൽ കേസുകളും അപ്പീൽ കോടതിയുടെ അധികാരം ഉപയോഗിച്ച് വാദിക്കാവുന്നതാണ്.

രാജ്യത്തിന്റെ സായുധസേനയുമായി ബന്ധപ്പെട്ട നിയമങ്ങളാൽ രൂപീകരിക്കപ്പെട്ട നീതിന്യായ കോടതികൾക്ക് മേൽ അവർക്ക് അധികാരമില്ല.

റിട്ട് അധികാരം

ഭരണഘടനയുടെ അനുച്ഛേദം 223 പ്രകാരം മൗലീകാവകാശങ്ങൾക്ക് മാത്രമല്ല മറ്റ് അവകാശങ്ങൾക്ക് വേണ്ടിയും റിട്ടുകൾ പുറപ്പെടുവിക്കാനുള്ള അധികാരം ഹൈക്കോ ടതികൾക്ക് നൽകിയിട്ടുണ്ട്. അനുച്ഛേദം 32 പ്രകാരം

X Std - Civics Malayalam Unit-3.indd 267 1/27/2023 10:17:05 AM

സുപ്രീംകോടതി പുറപ്പെടുവിക്കുന്ന റിട്ടുകൾ, ഉത്തരവുകൾ മറ്റ് മാർഗ്ഗങ്ങൾ പോലെ തന്നെ ഹൈക്കോടതികൾക്കും അധികാരം നൽകിയിട്ടുണ്ട്.

ഈ ന്യായാധികാരത്തിൻ കീഴിൽ റിട്ടുകൾ പുറപ്പെടുവിക്കാനുള്ള ഹൈക്കോടതികളുടെ അധികാരം വളരെ വലുതാണ്. മൗലീകാവകാശങ്ങളെ ലംഘിച്ചാൽ മാത്രമേ സുപ്രീം കോടതി ഈ റിട്ടുകൾ പുറപ്പെടുവിക്കുകയുള്ളൂ. ഇതുപോലെ വഴക്കുകൾക്ക് മാത്രമല്ല സാധാരണ നിയമലംഘനങ്ങൾക്കും ഹൈക്കോടതികൾക്ക് 5 തരത്തിലുള്ള റിട്ടുകൾ പുറപ്പെടുവിക്കാൻ അധികാരമുണ്ട്. ഹേബിയസ് കോർപ്പസ്, മാൻഡമസ് റിട്ട്, പ്രൊഹിബിഷൻ റിട്ട്, സെർഷിയോററി റിട്ട്, ക്വോ വാറന്റോ റിട്ട് എന്നിവയാണ് റിട്ടുകൾ.

മേൽനോട്ടാധികാരം

സൈനീക കോടതികൾ ഒഴികെ മറ്റെല്ലാ പ്രാദേശിക കോടതികളെ മേൽനോട്ടം വഹിക്കുന്ന അധികാരം ഹൈക്കോടതികൾക്ക് ഉണ്ട്.

- കീഴ്കോടതികൾക്ക് നൽകിയിട്ടുള്ള അധികാരത്തെ തിരിച്ചെടുക്കാനുള്ള അധികാരം.
- പൊതുവായ നിയമങ്ങൾ അവരുടെ നടപടികൾ നിയന്ത്രിക്കാനുള്ള രൂപരേഖ നിർദ്ദേശിക്കുക.
- നിർദ്ദേശിച്ചിട്ടുള്ള പുസ്തകങ്ങൾ, പദവികൾ, കണക്കുകൾ എന്നിവയെ കീഴ്കോടതികളിൽ സൂക്ഷിക്കുക.
- ഗ്രാമനിയമജ്ഞൻ, നിയമോപദേഷ്ടാവ്, ഗുമസ്തൻ എന്നിവർക്കുള്ള ഫീസ് നിർണ്ണയിക്കുന്നതിനെ കുറിച്ച് തീരുമാനിക്കുന്നു.

കോടതി രേഖകൾ

ഹൈകോടതി പുറപ്പെടുവിച്ച എല്ലാ രേഖകളും തീരുമാനങ്ങളും, കല്പനകളും അച്ചടിക്കപ്പെട്ട രേഖകളായി സൂക്ഷിക്കണം. ഭാവിയിൽ ആരെങ്കിലും ആവശ്യം ഉന്നയിക്കപ്പെട്ടാൽ ഈ രേഖകൾ ഉപയോഗപ്രദമാകുന്നു. അതുകൊണ്ട് ഹൈക്കോടതികൾ രേഖകളുടെ കോടതിയായി പ്രവർത്തിക്കുന്നു.



മദ്രാസ് ഹൈക്കോടതിലെ സമ നീതി കണ്ട ചോഴന്റെ പ്രതിമ

സംഗ്രഹം

- സംസ്ഥാന നിർവാഹത്തിന്റെ ഭരണഘടന തലവനാണ് ഗവർണ്ണർ.
- സംസ്ഥാന ഗവർണ്ണർ മുഖ്യമന്ത്രിയെ നിയമിക്കുന്നു.
- സംസ്ഥാന നിയമ നിർമ്മാണ സഭയിൽ മന്ത്രിമാർക്ക് കൂട്ടുത്തരവാദിത്വമാണുള്ളത്.
- സംസ്ഥാനത്തെ യഥാർത്ഥ അധികാര കേന്ദ്രം നിയമ നിർമ്മാണ സഭയ്ക്കാണ്.
- നിലവിൽ 28 സംസ്ഥാനങ്ങൾക്കും 9 യൂണിയൻ പ്രദേശങ്ങൾക്കും 25 ഹൈക്കോടതികൾ ഉണ്ട്.

A-Z പദപരിചയം

ഭരണഘടന	Constitution	It has been defined as the fundamental law of a State.
മന്ത്രിസഭ	Cabinet	It is an inner body within the Council of Ministers which is responsible for formulating the policy of the Government.
നിയമസഭ	Legislature	The group of people in a country or part of a country who have the power to make and change laws.
നീതിന്യായം	Tribunal	A special court chosen, especially by the government, to examine particular problem.
പ്രമേയം	Resolution	An official decision that is made after a group or organisation has voted.

X Std - Civics Malayalam Unit-3.indd 268 1/27/2023 10:17:06 AM

അഭ്യാസം

IQ6JL

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. **സംസ്ഥാന ഗവർണ്ണനെ നിയമിക്കുന്നത്**
   (a) പ്രധാനമന്ത്രി (b) മുഖ്യമന്ത്രി
   (c) രാഷ്ട്രപതി (d) മുഖ്യന്യായാധിപൻ

2. **സംസ്ഥാന സ്പീക്കർ ഒരു _____**
   (a) സംസ്ഥാന തലവൻ
   (b) ഗവൺമെന്റിന്റെ തലവൻ
   (c) രാഷ്ട്രപതിയുടെ പ്രതിനിധി
   (d) ഇവരാരുമല്ല

3. **താഴെപ്പറയുന്നവയിൽ ഗവർണ്ണറുടെ അധികാരമല്ലാത്തത് ഏതാണ്?**
   (a) നിയമ നിർമ്മാണം (b) നിർവാഹം
   (c) നീതിന്യായം (d) നയതന്ത്രജ്ഞൻ

4. **ആഗ്ലോ ഇന്ത്യൻ സമുദായത്തിൽ നിന്നും സംസ്ഥാന നിയമ സഭയിലേയ്ക്ക് ഒരു പ്രതിനിധിയെ നിയമിക്കുന്നത് ആരാണ്?**
   (a) രാഷ്ട്രപതി
   (b) ഗവർണ്ണർ
   (c) മുഖ്യമന്ത്രി
   (d) സംസ്ഥാന നിയമസഭാ സ്പീക്കർ

5. **ഗവർണ്ണർ നിയമിക്കാത്തത് ആരെയാണ്**
   (a) മുഖ്യമന്ത്രി
   (b) സംസ്ഥാന പബ്ളിക്സർവ്വീസ് കമ്മീഷന്റെ അധ്യക്ഷൻ
   (c) സംസ്ഥാന അഡ്വക്കേറ്റ് ജനറൽ
   (d) ഹൈക്കോടതി ന്യായാധിപൻമാർ

6. **സംസ്ഥാന മന്ത്രിസഭയുടെ തലവൻ**
   (a) മുഖ്യമന്ത്രി (b) ഗവർണ്ണർ
   (c) സ്പീക്കർ (d) പ്രധാനമന്ത്രി

7. **നിയമസഭ കൗൺളിൽ അംഗമാകുന്നതിനുള്ള കുറഞ്ഞ പ്രായപരിധി**
   (a) 25 വയസ്സ് (b) 21 വയസ്സ്
   (c) 30 വയസ്സ് (d) 35 വയസ്സ്

8. **താഴെപ്പറയുന്നവയിൽ ഏതു സംസ്ഥാനമാണ് ഇരുസഭ നിയമസഭ ഇല്ലാത്തത്?**
   (a) ആന്ധ്രപ്രദേശ് (b) തെലുങ്കാന
   (c) തമിഴ്നാട് (d) ഉത്തർ പ്രദേശ്

9. **ഇന്ത്യയിൽ ആദ്യമായി ഹൈക്കോടതി സ്ഥാപിക്കപ്പെട്ട സ്ഥലങ്ങൾ**
   (a) കൊൽക്കത്ത, ബോംബെ, മദ്രാസ്
   (b) ഡൽഹി, കൊൽക്കത്ത
   (c) ഡൽഹി, കൊൽക്കത്ത, മദ്രാസ്
   (d) കൊൽക്കത്ത, മദ്രാസ്, ഡൽഹി

10. **താഴെപ്പറയുന്നവയിൽ ഏതു സംസ്ഥാനങ്ങളിലാണ് പൊതുവായ ഹൈക്കോടതി സ്ഥാപിച്ചിട്ടുള്ളത്?**
    (a) തമിഴ്നാട്, ആന്ധ്രപ്രദേശ്
    (b) കേരളം, തെലുങ്കാന
    (c) പഞ്ചാബ്, ഹരിയാന
    (d) മഹാരാഷ്ട്രം, ഗുജറാത്ത്

II. പൂരിപ്പിക്കുക:

1. സംസ്ഥാന ഗവർണ്ണറിന്റെ രാജികത്തിന്റെ _____ സമർപ്പിക്കുന്നു.
2. നിയമസഭാ അംഗങ്ങൾ _____ആൽ തെരഞ്ഞെടുക്കപ്പെടുന്നു.
3. _____ സംസ്ഥാനത്തെ സർവകലാശാലകളും ചാൻസിലറായി നിയമിക്കുന്നു.
4. സംസ്ഥാന പബ്ളിക് സർവ്വീസ് അധ്യക്ഷനെയും അംഗങ്ങളെയും _____ൽ മാത്രമേ പദവിയിൽ നിന്നും നീക്കം ചെയ്യാനാവൂ.

III. യോജിപ്പിക്കുക:

1.	ഗവർണ്ണർ	ഗവൺമെന്റിന്റെ തലവൻ
2.	മുഖ്യമന്ത്രി	സംസ്ഥാനത്തിന്റെ തലവൻ
3.	മന്ത്രിസഭ	നീതിന്യായം
4.	മേൽസഭ അംഗങ്ങൾ	നിയമസഭയുടെ ഉത്തരവാധിത്വം
5.	സൈന്യം	ധനസഹായത്തിന് വോട്ട് ചെയ്യാൻ പാടില്ല

IV. ചുരുക്കി ഉത്തരമെഴുതുക:

1. സംസ്ഥാന ഗവർണ്ണറുടെ പ്രാധാന്യമെന്ത്?
2. ഗവർണ്ണറായി തെരഞ്ഞെടുക്കാനുള്ള യോഗ്യതകൾ എന്തെല്ലാം?
3. ഹൈക്കോടതിയുടെ മൗലീകന്യായാധികാരങ്ങൾ ഏവ?
4. ഹൈക്കോടതിയുടെ അപ്പീൽ ന്യായാധികാരം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

X Std - Civics Malayalam Unit-3.indd 269 1/27/2023 10:17:06 AM

V. വിവരിച്ച് ഉത്തരമെഴുതുക:

1. മുഖ്യമന്ത്രിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും വിവരിക്കുക?
2. ഗവർണ്ണറുടെ പല വിധത്തിലുള്ള അധികാരങ്ങളും പ്രവർത്തനങ്ങളും വിവരിക്കുക.
3. മന്ത്രിസഭയുടെ അധികാരങ്ങളും പ്രവർത്തനങ്ങളെകുറിച്ച് വിശകലനം ചെയ്യുക.

VI. പ്രവർത്തനവും പ്രായോഗികവും:

1. സംസ്ഥാന ഗവൺമെന്റിന്റെ ഭരണ തന്ത്രത്തെ വിശദീകരിക്കുന്ന ചാർട്ട് തയ്യാറാക്കുക.
2. അയൽ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രി, ഗവർണ്ണർ, മറ്റുമന്ത്രിമാർ, എന്നിവരോടൊപ്പം തമിഴ്നാടിന്റെ മുഖ്യമന്ത്രി, ഗവർണ്ണർ, മന്ത്രിമാർ എന്നിവയെ പട്ടികപ്പെടുത്തുക.

REFERENCE BOOKS

1. D.D. Basu - Introduction of the Constitution of India, S.C. Sarkar & Sons (Private) Ltd, 1982.
2. Subhash Kashyap - Our Constitution, National Book Trust, India, 2011.

INTERNET RESOURCES

1. www.tnrajbhavan.gov.in
2. www.tn.gov.in
3. www.hcmadras.tn.nic.in



ICT കോർണർ

സംസ്ഥാന ഗവൺമെന്റ്

നടപടികൾ

- ബ്രൗസർ തുറന്ന് താഴെ നൽകിയിട്ടുള്ള URL ടൈപ്പ് ചെയ്യുക.
- ഔദ്യോഗിക വെബ്സൈറ്റ് കാണുന്നതിന് ഇന്ത്യൻ ഭൂപടത്തിലെ ഏതെങ്കിലു സംസ്ഥാനത്തിൽ ക്ലിക്ക് ചെയ്യുക.
- ഉദാഹരണത്തിന് തമിഴ്നാട് സംസ്ഥാനത്തിൽ ക്ലിക്ക് ചെയ്യുക. ഒരു അധിക ടാബ് നിങ്ങളുടെ ബ്രൗസറിൽ തുറക്കും അവിടെ നിങ്ങൾക്ക് തമിഴ്നാടിന്റെ ഔദ്യോഗിക വെബ്സൈറ്റ് കാണാൻ കഴിയും.
- അതുപോലെ മറ്റു സംസ്ഥാനങ്ങളുടെ വിശദാംശങ്ങൾ നിങ്ങൾക്ക് കാണാൻ കഴിയും.

Website URL:
https://www.mea.gov.in/india-at-glance.htm

BL16N

X Std - Civics Malayalam Unit-3.indd 270 1/27/2023 10:17:06 AM

യൂണിറ്റ് - 4

ഇന്ത്യയുടെ വിദേശനയം



പഠന ലക്ഷ്യങ്ങൾ

ഈ പാഠത്തിന്റെ പഠനശേഷം, വിദ്യാർത്ഥികൾ നൈപുണ്യം നേടുന്നുവ

- ഇന്ത്യയുടെ വിദേശനയത്തിന്റെ അടിസ്ഥാന തത്വങ്ങൾ തിരിച്ചറിയുക.
- ചേരിചേരായ്മയുടെ അർത്ഥവും പ്രാധാന്യവും വിശദീകരിക്കുക.
- നമ്മുടെ വിദേശനയത്തിന്റെ വിവിധ ഘട്ടങ്ങൾ വിശകലനം ചെയ്യുക.
- വിദേശനയത്തിന്റെ പ്രാധാന്യം വിശദീകരിക്കുക.
- ആഭ്യന്തര നയവും വിദേശനയവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുക.

9C2S1

ആമുഖം

ഉഭയകക്ഷിപരമായും ബഹുമുഖപരമായും മറ്റ് രാജ്യങ്ങളുമായുള്ള ബന്ധത്തിൽ രാജ്യത്തിന്റെ ബാഹ്യകാര്യങ്ങളിൽ ദേശീയ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ആവിഷ്ക്കരിച്ചതും രൂപപ്പെടുത്തിയതുമായ ഒരു രാജ്യത്തിന്റെ നയമായി വിദേശനയത്തെ നിർവചിക്കാം. ഇത് മികച്ച താല്പര്യങ്ങൾ നേടാൻ ശ്രമിക്കുന്നു. ജനങ്ങൾ, പ്രദേശം രാജ്യത്തിന്റെ സമ്പത്ത് വ്യവസ്ഥ രാജ്യത്തിന്റെ പരമ്പരാഗത മൂല്യങ്ങളുടെയും മൊത്തത്തിലുള്ള ദേശീയ നയങ്ങളുടെയും രാജ്യത്തിന്റെ അഭിലാഷങ്ങളുടെയും സ്വയം ധാരണയുടെയും നേരിട്ടുള്ള പ്രതിഫലനമാണിത്. രാഷ്ട്രങ്ങളും പരസ്പരം ആശ്രിതമാണ്.പരസ്പര ആശ്രയത്വം അന്താരാഷ്ട്ര ബന്ധങ്ങളുടെ അനിഷേധ്യമായ വസ്തുതയാണ്. വസ്തുനിഷ്ഠവും ലക്ഷ്യാധിഷ്ഠിതവുമായ വിദേശനയത്തിന് മറ്റു രാജ്യങ്ങളുമായി മെച്ചപ്പെട്ട ബന്ധം കൈവരിക്കാനും വളർച്ച ത്വരിതപ്പെടുത്തുവാനും കഴിവുണ്ട്. ഉടമ്പടികളും കരാറുകളും നടപ്പിൽ വരുത്തുക, സ്ഥാനപതിമാരെ നിയമിക്കുക, വിദേശസഹായം, അന്താരാഷ്ട്ര വ്യാപാരം, സായുധ സേന എന്നിവയാണ് വിദേശനയത്തിന്റെ പ്രധാന ഉപകരണങ്ങൾ.

മറ്റു രാജ്യങ്ങളുമായി ഇന്ത്യയുടെ വിദേശബന്ധം നിലനിർത്തേതിന്റെ ഉത്തരവാദിത്വം ഇന്ത്യയുടെ വിദേശകാര്യമന്ത്രാലയം എന്നറിയപ്പെടുന്ന ഇന്ത്യൻ സർക്കാരിന്റെ കീഴിലുള്ള വിദേശകാര്യ മന്ത്രാലയത്തിനാണ്. 1986-ൽ സ്ഥാപിതമായ ന്യൂഡൽഹിയിലെ വിദേശസേവന പരിശീലന കേന്ദ്രത്തിൽ ഇന്ത്യൻ വിദേശ സേവനം (IFS) ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നു.

ഇന്ത്യൻ ഭരണഘടന 1950
അനുച്ഛേദം 51
ഇന്ത്യയുടെ വിദേശനയത്തിന്റെ മാർഗ്ഗനിർദ്ദേശക തത്വങ്ങൾ താഴെ പ്രതിപാദിക്കുന്നു.

രാജ്യത്തിന്റെ പരിശ്രമങ്ങൾ.

- അന്താരാഷ്ട്ര സമാധാനവും സുരക്ഷയും പ്രോത്സാഹിപ്പിക്കുക.
- രാജ്യങ്ങൾ തമ്മിലുള്ള നീതിയുക്തവും മാന്യവുമായ ബന്ധം നിലനിർത്തുക.
- അന്താരാഷ്ട്ര നിയമത്തോടും അന്താരാഷ്ട്ര സംഘടനയോടും ആദരവ് വളർത്തുക.
- അന്താരാഷ്ട്ര തർക്കങ്ങൾ വ്യവഹാരത്തിലൂടെ പരിഹരിക്കാൻ പ്രോത്സാഹിപ്പിക്കുക.

4.1 നമ്മുടെ വിദേശനയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ

- ദേശീയ സുരക്ഷ.
- ദേശീയ അഭിവൃദ്ധി.
- സൗഹൃദ രാഷ്ട്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കൽ.

X Std - Civics Malayalam Unit-4.indd 271 1/27/2023 10:17:22 AM

- ലോകസമാധാനം കൈവരിക്കുകയും ഓരോ രാജ്യത്തേയും സമാധാനപരമായി നിലനിർത്താൻ പ്രവർത്തനക്ഷമമാക്കുക.
- സാമ്പത്തിക പുരോഗതി.

4.2 പഞ്ചശീലതത്വങ്ങൾ

(സംസ്കൃത പദങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞത്, പഞ്ച്- അഞ്ച്, ഷീൽ - സദ്ഗുണങ്ങൾ)

ഇന്ത്യയും (പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു) ചൈനയും (പ്രിമിയർ ചൗ-എൻ-ലായ്) തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വത്തിന്റെ അഞ്ച് തത്വങ്ങൾ (പഞ്ചശീലതത്വങ്ങൾ) 1954 ഏപ്രിൽ 28 ന് ഒപ്പുവച്ചു. ഇനിപ്പറയുന്നതത്വങ്ങൾ അടിസ്ഥാനമാക്കി ഇരു സർക്കാരുകളും ഒരു കരാറിൽ ഏർപ്പെട്ടുവെന്ന് അതിൽ പ്രസ്താവിച്ചു.



1955-ൽ ഇന്തോനേഷ്യയിൽ നടന്ന ആഫ്രിക്കൻ ഏഷ്യൻ സമ്മേളനത്തിൽ ഒപ്പിട്ട ബന്ദുങ് പ്രഖ്യാപനത്തിൽ ഈ തത്വങ്ങൾ ഉൾപ്പെടുത്തിട്ടുണ്ട്.

4.3 വിദേശനയത്തെ സ്വാധീനിക്കുന്ന അടിസ്ഥാന ഘടകങ്ങൾ

- ഭൂപ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനവും വലുപ്പവും.
- രാഷ്ട്രത്തിന്റെ ചരിത്രവും പാരമ്പര്യവും ദാർശനിക അടിത്തറയും.
- പ്രകൃതിവിഭവങ്ങൾ.
- നിർബന്ധിത സാമ്പത്തിക വികസനം.
- രാഷ്ട്രീയ സ്ഥിരതയും സർക്കാരിന്റെ ഘടനയും.
- സമാധാനം, നിരായുധീകരണം, ആണവായുധങ്ങൾ വ്യാപിക്കാതിരിക്കൽ എന്നിവയുടെ ആവശ്യകത.
- സൈനീക ശക്തി.
- അന്താരാഷ്ട്ര പരിതസ്ഥിതി.

1950 കളിലേയും 1960 കളിലേയും വിദേശനയം

സ്വാതന്ത്ര്യം മുതൽ 1950, 1960 വരെയുള്ള കാലഘട്ടം ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ മാർഗ്ഗനിർദേശപ്രകാരം ഇന്ത്യയുടെ വിദേശനയത്തിന്റെ ഏറ്റവും അനുയോജ്യമായ ഘട്ടമായിരുന്നു. കോളനി ആധിപത്യത്തിനെതിരെയുള്ള പോരാട്ടത്തിന്റെ കാലയളവിനുശേഷം സ്വാതന്ത്ര്യം നേടിയ പുതിയ രാഷ്ട്രങ്ങൾ സാമ്പത്തിക വികസനവുമായ ബന്ധപ്പെട്ട് വളരെ പ്രയാസകരമായ സാഹചര്യത്തിലായിരുന്നു. അതിനാൽ അമേരിക്കൻ ഐക്യനാടുകൾ (യു.എസ്.എ.) അല്ലെങ്കിൽ യൂണിയൻ ഓഫ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക് (യു.എസ്.എസ്.ആർ.) എന്നിവയുമായി ഒത്തുചേരാതിരിക്കുന്നത് ആവശ്യമായിരുന്നു. ഏഷ്യയിലെയും ആഫ്രിക്കയിലെയും പുതുതായി ഉയർന്നു വരുന്ന രാജ്യങ്ങളിൽ സ്വാധീനം ചെലുത്താൻ ശ്രമിക്കുന്ന ഇരു മഹാശക്തികളുടെ (അമേരിക്ക, റഷ്യ) പരസ്പരമത്സരത്തെ ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായ നെഹ്റു എതിർത്തു. അതിനാൽ അദ്ദേഹം ചേരിചേരാനയത്തിന്റെ (ഒരു ചേരിയിലും ചേരാതെ) പാത പിൻതുടരുകയും ശീതയുദ്ധകാലത്ത് ഇരുചേരികളിലും ചേരാതെ അന്തരാഷ്ട്ര കാര്യങ്ങളിൽ രാജ്യങ്ങളുടെ മൂന്നാമത്തെ ചേരി രൂപീകരിക്കാൻ ശ്രമിച്ചു.

വിശാലമായി, ചേരിചേരാനയം അർത്ഥമാക്കുന്നത് സൈനീക ചേരികളുമായി സ്വയംബന്ധിക്കരുത.....അതിനർത്ഥം കാര്യങ്ങൾ കാണാൻ ശ്രമിക്കുക, കഴിയുന്നിടത്തോളം സൈനീക കാഴ്ചപ്പാട് രൂപീകരിക്കരുത്, അത് ചിലപ്പോൾ വരേണ്ടതാണെങ്കിലും, സ്വതന്ത്ര്യമായി കഴിയുന്നത്രയും എല്ലാ രാജ്യങ്ങളുമായും സൗഹൃദബന്ധം നിലനിർത്താൻ ശ്രമിക്കുക.

– ജവഹർലാൽ നെഹ്റു

4.4 1961-ൽ ചേരിചേരാ പ്രസ്ഥാനം (NAM)

1953-ൽ ഐക്യരാഷ്ട്രസഭയിൽ വി.കൃഷ്ണ മേനോൻ നടത്തിയ പ്രസംഗത്തിൽ നോൺ അലൈൻമെന്റ് (ചേരിചേരായ്മ) എന്ന പദം ഉപയോഗിച്ചു. ഇത് ഇന്ത്യയുടെ വിദേശനയത്തെ സൂചിപ്പിക്കുന്നു. ഒരു സൈനീക സഖ്യത്തിലും ചേരാതെ വിദേശകാര്യങ്ങളിൽ ദേശീയ സ്വാതന്ത്ര്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതയായി നിലനിർത്താനാണ് ഇത് ലക്ഷ്യമിട്ടത്. ബഹുരാഷ്ട്ര വേദികളിലെ ഏറ്റവും വലിയ രാഷ്ട്രീയ സംഘമായിരുന്നു ഇത്. 120 രാജ്യ

X Std - Civics Malayalam Unit-4.indd 272 1/27/2023 10:17:22 AM

ങ്ങളും 10 അന്തരാഷ്ട്ര സംഘടനകൾ അംഗങ്ങളായും 17 സംസ്ഥാനങ്ങൾ നിരീക്ഷരായുമായാണ് ചേരിചേരാ പ്രസ്ഥാനം രൂപീകരിച്ചത്. അവികസിത രാജ്യങ്ങൾക്കിടയിൽ സാമ്പത്തിക സഹകരണത്തിന്റെ അടിത്തറ സ്ഥാപിക്കുന്നതിൽ ചേരിചേരാ രാജ്യങ്ങൾ വിജയിച്ചു.

ചേരിചേരാ പ്രസ്ഥാനത്തിന്റെ സ്ഥാപക പിതാക്കമാർ: ഇന്ത്യയുടെ ജവഹർലാൽ നെഹ്റു, യൂഗോസ്ലോവിയയിലെ റ്റിറ്റോ, ഈജിപ്തിലെ നാസർ, ഇന്തോനേഷ്യയിലെ സുക്കാർനോ, ഹാനയിലെ ക്വാമെ, നുകുമാര എന്നിവരാണ് ചേരിചേരാ പ്രസ്ഥാനത്തിന്റെ സ്ഥാപക പിതാക്കന്മാർ.

ശീതയുദ്ധകാലത്തെ ഇന്ത്യയുടെ വിദേശനയം

1971-ലെ ഇന്തോ-സോവിയറ്റ് ഉടമ്പടി പ്രകാരം സോവിയറ്റ് യൂണിയനുമായി സഖ്യത്തിൽ ഏർപ്പെടുന്നതിന് ഇന്ത്യയുടെ ചേരിചേരാ നയം ഒരു തടസ്സമായില്ല. (സമാധാനം, സൗഹൃദം, സഹകരണം എന്നിവയുടെ 20 വർഷത്തെ കരാർ) അതിനുശേഷം സൈനീക നവീകരണത്തിനു വേണ്ടി ഗണ്യമായ ഒരു പദ്ധതി ഇന്ത്യ ആരംഭിച്ചു. 1964-ൽ ലോപ്നോറിൽ (Lop Nor) ചൈന നടത്തിയ ആണവ പരീക്ഷണത്തിന് മറുപടിയായി 1974-ൽ ഇന്ത്യ സബ്റ്ററേനിയൻ ആണവ സ്ഫോടന പദ്ധതിക്ക് കീഴിൽ പോഖ്റാനിൽ ആദ്യത്തെ ആണവ പരീക്ഷണം നടത്തി.

ആഗോള സാഹചര്യങ്ങളിൽ വരുന്ന മാറ്റം വിദേശനയ വിശദാംശങ്ങൾ നിർണ്ണയിക്കുന്നു, എന്നിട്ടും ഇന്ത്യയുടെ വിദേശനയം കൃത്യമായി നിർവചിക്കപ്പെട്ട ചില തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. ഈ തത്വങ്ങൾ കേവലം ആദർശപരമല്ല, പ്രായോഗികപരവുമാണ്. വിനാശകരമായ രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഇന്ത്യയ്ക്ക രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിച്ചു, കടുത്ത ദാരിദ്ര്യം, നിരക്ഷരത, കുഴപ്പത്തിലായ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ എന്നിവയിൽനിന്നും ഇന്ത്യയെ വീണ്ടെടുക്കേണ്ടി വന്നു. അതിനാൽ സൈനീക സങ്കീർണ്ണതകൾ പരിഹരിക്കുന്നതിനോ പുതിയ സൈനീക കൂട്ടുകെട്ടുകളുണ്ടാക്കുന്നതിനോ നമ്മുടെ പുതിയ രാഷ്ട്രത്തിന് കഴിവുണ്ടായിരുന്നില്ല. സ്വതന്ത്ര ഇന്ത്യയ്ക്ക് അതിന്റെ ജനാധിപത്യവ്യവസ്ഥയെ പ്രതിരോധിക്കേണ്ടിവന്നു, അതേ സമയം തന്നെ രാജ്യത്തെ പിന്നോക്കാവസ്ഥയിൽ നിന്നും രക്ഷിക്കാനുള്ള മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കുകയും നടപ്പാക്കുകയും ചെയ്തു. സൈനിക ചേരികളെ ഒഴിവാക്കുക എന്നത് നിർബന്ധിതമായ ഒരു ആവശ്യമായിരുന്നു. ഇപ്പോൾ സഖ്യം അർത്ഥമാക്കുന്നത് നിക്ഷ്പക്ഷതയാണങ്കിലും സ്വതന്ത്ര്യമായി പ്രശ്നങ്ങൾക്ക് തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം രാഷ്ട്രത്തിനുണ്ട് ചേരിചേരായ്മ സൈനീക പിൻമാറ്റത്തെ അർത്ഥമാക്കുന്നില്ല. സംഘട്ടനങ്ങളും പിരിമുറുക്കങ്ങളും ഇല്ലാതാക്കുന്നത് ഉറപ്പാക്കാനായിരുന്നു ഇത്. ചേരിചേരാ നയത്തിന്റെ നിരാകരണം ഇന്ത്യയുടെ പ്രതിരോധ സംവിധാനത്തെ വളരെയധികം ശക്തിപ്പെടുത്തുകയും, ഒരു ആണവോർജ്ജശക്തിയായി രൂപാന്തരപ്പെടുത്തുകയും ചെയ്യും. വിദേശനയ നിർവ്വഹണത്തിന്റെ വിശദാംശങ്ങളിലെ പിഴവുകൾ അല്ലെങ്കിൽ കുറവുകൾ വീണ്ടണ്ടും വീണ്ടണ്ടും അഭിമുഖീകരിക്കപ്പെടുന്നുണ്ടെണ്ടങ്കിലും ഇന്ത്യയുടെ അടിസ്ഥാന നയമായ ചേരിചേരാനയം ഇപ്പോഴും പ്രാബല്യത്തിൽ ഉണ്ട്.



പോഖ്റാനിൽ ആദ്യത്തെ ആണവ പരീക്ഷണം (രാജസ്ഥാൻ)

പുതിയ സംഭവവികാസങ്ങൾ : 1990 കളിലും ഇരുപതാം നൂറ്റാണ്ടണ്ടിലും

സോവിയറ്റ് യൂണിയന്റെ പതനത്തോടെ 1990 കളിൽ പാശ്ചാത്യശക്തികളുടെ പിന്തുണയോടെ ഒരു പുതിയ ആഗോള സാമ്പത്തിക ക്രമം (ഉദാരവൽക്കരണം,സ്വാകര്യവത്ക്കരണം,ആഗോളവത്ക്കരണം) ഉയർന്നുവന്നു. ഇന്ത്യ ആഗോളസാമ്പത്തിക ഫോറവുമായി (GATT) കരാറുകളിൽ ഏർപ്പെടുകയും ഉഭയകക്ഷി, ത്രിരാഷ്ട്ര ബഹുരാഷ്ട്ര കരാറുകളിൽ പ്രവേശിക്കുകയും ചെയ്തു. ആണവ പരീക്ഷണത്തിന്റെ ഫലമായി പാശ്ചാത്യ ലോകത്ത് നിന്നും ഭയപ്പെടുത്തുന്ന പ്രതികരണങ്ങളുായി.

ഇന്ത്യയുടെ നയത്തിലെ ഈ മാറ്റം വിവിധ രീതികളിൽ പ്രകടമാണ്. അവ.

- ചൈനയുമായുള്ള മികച്ച ബന്ധം - ലുക്ക് ഈസ്റ്റ് പോളിസി (1992).
- രാജസ്ഥാനിലെ പോഖ്റാനിന്റെ (1998) നടന്ന രണ്ടാമത്തെ ആണവ പരീക്ഷണം.
- ഇസ്രായേലുമായുള്ള പ്രതിരോധ സംഭരണ ബന്ധം.
- അറേബിയൻ രാജ്യങ്ങളും ഇറാനുമായുള്ള ഊർജ്ജനയതന്ത്രം.
- യു.എസ്. ആണവ മിസൈൽ പ്രതിരോധ പരിപാടി അംഗീകരിക്കുന്നു.

X Std - Civics Malayalam Unit-4.indd 273 1/27/2023 10:17:23 AM

- അന്തരാഷ്ട്ര ആണവോർജ്ജ ഏജൻസിയിൽ ഇറാനെതിരായ ഇന്ത്യയുടെ വോട്ട്.

21 നൂറ്റാണ്ടിലെ ഇന്ത്യയുടെ പുനഃരാരംഭം

അന്താരാഷ്ട്ര സംവിധാനത്തിന്റെ ഘടനമാറി ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാനദൗത്യം ഇന്ത്യയുടെ ആഭ്യന്തര പരിവർത്തനം സാധ്യമാക്കുക എന്നതാണ്.

ലോകവുമായുള്ള തീവ്രമായ സാമ്പത്തിക ഇടപഴകലിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഇന്ത്യ വിദേശനയം രൂപീകരിച്ചു ഇത് നമ്മുടെ വികസനത്തിനായുള്ള മൂലധനം, സാങ്കോതിക വിദ്യ, ആശയങ്ങൾ നവീകരണം എന്നിവയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ലോകത്തെ പ്രമുഖ സമ്പത്ത് വ്യവസ്ഥകളിലൊന്നായി വീണ്ടും ഉയർന്നു വരാൻ രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്.

നിലവിലെ ആഗോള വിഷയങ്ങളുമായി ഇന്ത്യ ഇടപഴകുകയും ഒരു പ്രധാന സ്ഥാനം നേടുന്നതിനായി അന്താരാഷ്ട്ര നയങ്ങൾ ആവിഷ്ക്കരിക്കുകയും ആഗോളതലത്തിൽ അതിന്റെ സാന്നിധ്യം അറിയിക്കുകയും ചെയ്യുന്നു. ഗ്രൂപ്പ് ഓഫ് 20 (ജി-20) ഇന്ത്യ, ബ്രസീൽ, ദക്ഷിണാഫ്രിക്ക (IBSA), ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക (BRICS) എന്നീ പുതിയ ഗ്രൂപ്പുകളിൽ അംഗത്വമെടുത്ത് ആഗോളകാര്യങ്ങളിൽ വലിയ പങ്കുവഹിക്കുന്നതിന് ഇന്ത്യയെ സഹായിക്കുന്നു.

സൈനീക നവീകരണം, സമുദ്ര സുരക്ഷ, ആണവനയങ്ങൾ എന്നിവയിൽ ഇന്ത്യയുടെ ആഗോള സുരക്ഷാ ആശങ്കകൾ പ്രതിഫലിക്കുന്നു.

ആഗോളകാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിലും, നടത്തിപ്പിലും ഇന്ത്യ ഒരു പ്രധാന ശബ്ദമായി വളർന്നു വരുകയും, ആഗോള തന്ത്രപരമായ വാസ്തുവിദ്യയിലെ ഒരു പാലമായും സന്തുലിതശക്തിയായും മാറിയിരിക്കുന്നു. വളരെയധികം വികസനവെല്ലുവിളികൾ നേരിടുന്ന ഇന്ത്യയെ, സാമ്പത്തികവും രാഷ്ട്രീയവും, തന്ത്രപരവുമായ തലത്തിലുള്ള നമ്മുടെ നയരൂപീകരണക്കാരുടെ ഇടപെടലുകൾ മൂലം ഒരു വൻശക്തിയായി ഉയർന്നു വരാൻ പ്രാപ്തമാക്കി. ഈ വെല്ലുവിളികളിൽ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് നിലനിർത്തുക ഊർജ്ജവും സുരക്ഷയും ഉറപ്പാക്കുക ഉൾപ്പെടുന്നു. സൈനീകേതര പ്രശ്നങ്ങളായ കാലാവസ്ഥ വ്യതിയാനം, ഊർജ്ജസുരക്ഷ, അപര്യാപ്ത വിഭവങ്ങൾക്കായുള്ള മത്സരം, ഭക്ഷണം ജലസുരക്ഷ, സാംഗ്രമിക രോഗങ്ങൾ, കുടിയേറ്റം തുടങ്ങിയ അസംഖ്യവും ശക്തവുമായ വെല്ലുവിളികൾ നേരിടേണ്ടി വരുന്നുണ്ടെങ്കിലും, ഇതൊന്നും ഇന്ത്യയുടെ നയ രൂപീകരണത്തിന് അപ്പുറമല്ല.

4.5 ഇന്ത്യൻ വിദേശനയത്തിന്റെ അടിസ്ഥാന ആശയങ്ങൾ

- ദേശീയ താൽപര്യം സംരക്ഷിക്കുക.
- ലോകസമാധാനം കൈവരിക്കുക.
- നിരായുധീകരണം.
- മറ്റു രാജ്യങ്ങളുമായി സൗഹാർദ്ദപരമായ ബന്ധം വളർത്തിയെടുക്കുക.
- സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ സംഘർഷങ്ങൾ പരിഹരിക്കുക.
- NAM തത്വമനുസരിച്ച് ചിന്തിക്കാനും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം.
- അന്താരാഷ്ട്രബന്ധങ്ങളിലുള്ള തുല്യത.
- കോളനി ആധിപത്യ വിരുദ്ധത സാമ്രജ്യത്വ വിരുദ്ധത, വംശീയ വിരുദ്ധത.

നിരായുധികരണ നയം

സ്വാതന്ത്ര്യലബ്ധിക്കുശേഷം ആഗോള ആണവ വ്യാപനം ഇന്ത്യയുടെ ആണവ നയത്തിന്റെ പ്രധാന വിഷയമാണ്. അതിനാൽ യു. എൻ. നിരായുധീകരണ പദ്ധതിയെ ഇന്ത്യ പിന്തുണച്ചു. 1974-ലും 1998-ലും ഇന്ത്യൻ ആണവ പദ്ധതി തന്ത്രപരമായ ആവശ്യങ്ങൾക്കായി മാത്രമാണ് ചെയ്യുന്നത്.

ഇന്ത്യയുടെ ആണവ സിദ്ധാന്തത്തിന്റെ രണ്ട് നയങ്ങൾ ഇവയാണ്.

- ആദ്യം ഉപയോഗിക്കരുത്
- വിശ്വസനീയമായ ഏറ്റവും കുറഞ്ഞ പ്രതിരോധം


"ആക്രമണാത്മ ആവശ്യങ്ങൾക്കായി ആണവേതര രാജ്യങ്ങൾക്കെതിരായും" ആണവോർജ്ജം ഒരിക്കലും ഉപയോഗിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു ഇന്തോ-യു.എസ്. സിവിലിയൻ ആണവ കരാർ ഇന്ത്യയുടെ വിദേശനയത്തിലെ സുപ്രധാന പുരോഗതിയെ അടയാളപ്പെടുത്തുന്നു.

4.6 സാർക്ക്-പ്രാദേശിക സഹകരണത്തിനുള്ള ദക്ഷിണേഷ്യൻ സംഘടന (SAARC)

പ്രാഥമിക ദക്ഷിണേഷ്യയിൽ സ്ഥിതി ചെയ്യുന്ന എട്ട് രാജ്യങ്ങളുടെ സാമ്പത്തിക, ഭൗമ രാഷ്ട്രീയ സംഘടനയാണ് സാർക്ക്. ക്ഷേമ സാമ്പത്തിക ശാസ്ത്രം ദക്ഷിണേഷ്യയിലെ രാജ്യങ്ങൾക്കിടയിൽ കൂട്ടായ സ്വാശ്രയത്വം പ്രോത്സാഹിപ്പിക്കുക, മേഖലയിലെ സാമൂഹിക സാംസ്കാ

X Std - Civics Malayalam Unit-4.indd 274 1/27/2023 10:17:23 AM

രിക വികസനം ത്വരിതപ്പെടുത്തുക എന്നിവയാണ് സാർക്ക് നയങ്ങൾ ലക്ഷ്യമിടുന്നത്. സാർക്ക് ദുരന്ത നിവാരണകേന്ദ്രം ന്യൂഡൽഹിയിൽ ആരംഭിച്ചു. ദക്ഷിണേഷ്യയിലെ ദുരന്തസാധ്യത കുറയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതി നുമുള്ള വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകളുടെ ഒരു ആകർഷകമായ സ്ഥാപനമാണ് ഈ കേന്ദ്രം. സാർക്ക് മേഖലയ്ക്കായി ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന (ISRO) നിർദ്ദേശിച്ച ആശ യവിനിമയ - കാലാവസ്ഥ ഉപഗ്രഹമാണ് സാർക്ക് ഉപഗ്രഹം.



അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, ഭൂട്ടാൻ, ഇന്ത്യാ, നേപ്പാൾ, മാലദ്വീപ് പാകിസ്ഥാൻ, ശ്രീലങ്ക എന്നിവയാണ് അംഗരാജ്യങ്ങൾ.

വിദേശനയം : മറ്റ് രാജ്യങ്ങളുമായി ബന്ധം നിലനിർത്തന്നതിന് ഒരു രാജ്യം ശ്രദ്ധാപൂർവ്വം രൂപപ്പെടുത്തിയ തന്ത്രങ്ങളുടെ സംയോജനമാണ് വിദേശനയം.

നയതന്ത്രം : ഒരു രാജ്യത്തിന്റെ വിദേശനയം നടപ്പിലാക്കുന്നതിനുള്ള ഉപകരണമാണ് നയതന്ത്രം.

4.7 സമകാലിക സന്ദർഭം : ഇന്ത്യയുടെ വിദേശനയത്തിലെ മാറ്റവും തുടർച്ചയും

a) അയൽ രാജ്യങ്ങൾക്ക് മുൻഗണന നൽകുകയും സംയോജിപ്പിക്കുകയും ചെയ്യുക: അയൽ രാജ്യങ്ങളുടെ ആദ്യനയം.

ഇന്ത്യയുടെ വിദേശനയം എല്ലായ്പ്പോഴും അയൽ രാജ്യത്തെ ചരിത്രപരവും സാംസ്ക്കാരികവു മായ സമാനതകളെ കേന്ദ്രീകരിച്ചുള്ള അച്ചുതണ്ടിനു ചുറ്റുമുള്ള ഒരു കേന്ദ്രീകൃത ചുറ്റളവായി കാണക്കാക്കപ്പെടുന്നു. ഇന്ത്യ തന്റെ അയൽരാജ്യങ്ങൾക്കും ഇന്ത്യൻ മഹാസമുദ്രത്തിലെ ദ്വീപു സംസ്ഥാനങ്ങളായ മാലദ്വീപുകൾക്കും രാഷ്ട്രീയവും നയതന്ത്രപരവു മായ മുൻഗണന നൽകുന്നു. ഇന്ത്യയുടെ വിദേശന യത്തിലെ അയൽരാജ്യങ്ങളുടെ ഈ കേന്ദ്രീകരണം ഇന്ത്യയുടെ വിവിധ വികസനലക്ഷ്യങ്ങൾ കൈവരി ക്കുന്നതിന് സമാധാനപരമായ ചുറ്റളവ് അനുവാര്യ മാണെന്ന വ്യക്തമായ ധാരണയിൽ നിന്നാണ്. വിഭ വങ്ങൾ, ഉപകരണങ്ങൾ, പരിശീലനം എന്നിവയുടെ രൂപത്തിൽ ഇന്ത്യ അയൽരാജ്യങ്ങൾക്ക് പിൻതുണ നൽകുന്നു ചരക്കുകൾ, ആളുകൾ, ഊർജ്ജം, മൂല ധനം, വിവരങ്ങൾ എന്നിവയുടെ സൗജന്യഒഴുക്ക് മെച്ചപ്പെടുത്തുന്നതിനായി മികച്ച ബന്ധങ്ങളും സംയോജനവും നൽകുന്നു.

b) നയതന്ത്രവും വികസനവും പാലിക്കുന്നു

ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ഇന്ത്യയുടെ ആഭ്യന്തര വികസ നത്തിനായി അന്തരാഷ്ട്ര പങ്കാളിത്തം പ്രയോജ നപ്പെടുത്തുക എന്നാണ്. സാങ്കേതിക വിവരങ്ങൾ മെച്ചപ്പെടുത്തൽ,മൂലധനം ഉറവിടമാക്കുക, വിപ ണിയിൽ പ്രവേശനം നേടുക, പ്രകൃതി വിഭവങ്ങൾ സുരക്ഷിതമാക്കുക എന്നിവ ഉൾപ്പെടുന്നു.

c) 'കിഴക്കു നോക്കുക' എന്നതിൽ നിന്ന് 'കിഴക്കു പ്രവർത്തിക്കുക' എന്ന നയത്തിലേക്ക് ക്രമേണ മാറ്റം

വടക്കു കിഴക്കൻ ഇന്ത്യയിൽ നിന്നാണ് തെക്കുകിഴക്കൻ ഏഷ്യ ആരംഭിക്കുന്നത്. മ്യാൻമർ ഇന്ത്യക്കും തെക്കുകിഴക്കേഷ്യൻ രാജ്യങ്ങളുടെ കൂട്ടായ്മയിലുള്ള രാജ്യങ്ങൾക്കും (ASEAN) ഒരു പാലമായി വർത്തിക്കുന്നു. ഇന്തോ-പെസഫി ക്കിൽ സ്ഥിരവും സന്തുലിതവുമായ ശക്തി ഉറ പ്പാക്കുകയും ഏഷ്യയുടെ അവിഭാജ്യഘടകവു മായി മാറുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. ഈ നയം ആസിയൻ (ASEAN) കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ എന്നിവയ്ക്കുള്ള ഉൽപാ ദനപരമായ പങ്കിനെ ഊന്നിപ്പറയുന്നു. നമ്മുടെ കിഴക്കൻ നയത്തിലെ മൂന്ന് മുഖ്യഘടകങ്ങൾ ശക്തമായ പ്രാദേശികബന്ധം വാണിജ്യപരവും സുരക്ഷയുമായി ബന്ധപ്പെട്ടവ എന്നിവയാണ്.

d) സാമ്പത്തിക വളർച്ച

നിലവിൽ ഇന്ത്യയുടെ രാഷ്ട്രീയ നീക്ക ങ്ങളെ സാമ്പത്തിക അനിവാര്യത സ്വാധീനിക്കു ന്നു. ഇന്ത്യയുമായി മികച്ച ബന്ധം സ്ഥാപിക്കാൻ പലരാജ്യങ്ങളും ശ്രമിക്കുന്നു. ത്വരിതപ്പെടു ത്തിയതും സന്തുലിതവും സമന്വയിപ്പിച്ചതു മായ സാമ്പത്തിക വികസനമാണ് ഇന്ത്യയുടെ പ്രാഥമിക ലക്ഷ്യം. സമാധനപരവും സുരക്ഷയും ഉറപ്പുവരുത്തുന്നതിലൂടെയും രാജ്യത്തിന്റെ അന്തർദേശീയ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതി

X Std - Civics Malayalam Unit-4.indd 275 1/27/2023 10:17:23 AM

ലൂടെയും ഇന്ത്യ ഇത് കൈവരിക്കുന്നു. സാമ്പത്തിക വികസനം, വിപണികൾ, നിക്ഷേപം, സാങ്കേതിക വിദ്യാ ബന്ധങ്ങൾ, ഉദ്യോഗസ്ഥരുടെ പ്രവർത്തനക്ഷമത, ന്യായമായ ആഗോളഭരണം, അനുയോജ്യമായ സുസ്ഥിരവും ന്യായവുമായ അന്തരീക്ഷം എന്നിവയുടെ വളർച്ചയ്ക്ക് ആവശ്യമായതെല്ലാം നേടുക.

e) ഇന്ത്യ ഒരു നേതൃതശക്തി

ജി 20, കിഴക്കൻ ഏഷ്യൻ ഉച്ചകോടി ബ്രിക്സ് (BRICS) സഖ്യം എന്നിവയിൽ ഇന്ത്യ അംഗമാണ് അതിവേഗം വളരുന്ന സമ്പദ്വ്യവസ്ഥയുള്ള ഒരു വലിയ രാജ്യം എന്ന നിലയ്ക്ക് ഇത് തെളിവാണ്. യു. എൻ. സുരക്ഷാസമിതിയിൽ സ്ഥിരമായ അംഗത്വം ലഭിക്കാൻ ഇന്ത്യ ആഗ്രഹിക്കുന്നു. ഊർജ്ജ സംരക്ഷണ ആവശ്യകത, പ്രധാന പ്രകൃതി വിഭവങ്ങൾ തുറന്ന കപ്പൽപ്പാതകൾ പരിപാലിക്കേണ്ടതിന്റെ അനിവാര്യത, നിക്ഷേപം തേടൽ, വിദേശ വ്യാപാര അവസരങ്ങളും വ്യാപാര പ്രവേശനവും സുരക്ഷിതമാക്കേണ്ടതിന്റെ ആവശ്യകത എന്നിങ്ങനെ വിവിധ ഘടകങ്ങളിൽ നിന്നും ഉരിത്തിരിഞ്ഞ താല്പര്യങ്ങൾ ഇന്ത്യയിൽ ഇപ്പോൾ വർദ്ധിച്ചു വരുകയാണ്.

ആഭ്യന്തരനയവും വിദേശനയവും തമ്മിലുള്ള വ്യത്യാസം

ആഭ്യന്തരനയം	വിദേശനയം
♦ സ്വന്തം രാജ്യത്തിനുള്ളിൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള രാജ്യത്തിന്റെ പദ്ധതിയാണ് ആഭ്യന്തര നയം.	♦ മറ്റു രാജ്യങ്ങളുമായി ഇടപഴകാനുള്ള രാജ്യത്തിന്റെ പദ്ധതിയാണ് വിദേശനയം.
♦ ഗാർഹിക കാര്യങ്ങൾ സാമൂഹികക്ഷേമം ആരോഗ്യപരിരക്ഷ, വിദ്യാഭ്യാസം, പൗരഅവകാശങ്ങൾ, സാമ്പത്തിക പ്രശ്നങ്ങൾ, സാമൂഹ്യ പ്രശ്നങ്ങൾ എന്നിവ കേന്ദ്രീകരിക്കുന്ന നിയമങ്ങൾ ഇതിൽ ഉൾപ്പെടുന്നു.	♦ വ്യാപരം, നയതന്ത്രം ഉപരോധം, പ്രതിരോധം രഹസ്യാന്വേഷണം, ആഗോള പരിസ്ഥിതി എന്നിവ വിദേശ നയത്തിൽ ഉൾപ്പെടുന്നു.

ഉപസംഹാരം

ലോക ജനസംഖ്യയിൽ രണ്ടാം സ്ഥാനത്തുള്ള രാജ്യം, ഏറ്റവും വലിയ ജനാധിപത്യ രാജ്യം, അതിവേഗം വളരുന്ന രാജ്യം എന്നിവയ്ക്കു പുറമെ ഇന്ന് ഇന്ത്യയ്ക്ക് മിക്ക രാജ്യങ്ങളുമായി ഔദ്യോഗിക നയതന്ത്രബന്ധങ്ങൾ ഉണ്ട്. ഇന്ത്യ ഒരു വലിയ സൈനീക സഖ്യത്തിൽ ഇല്ലെങ്കിലും പ്രാധാന ശക്തികളുമായുള്ള നമ്മുടെ ബന്ധം വളരെ ആഴത്തിലുള്ളതാണ്. നമ്മുടെ ശക്തി തെളിയിക്കുന്ന ഒരു പ്രത്യേക ഘടകമാണ് ഭീകരതയെക്കെതിരായുള്ള നമ്മുടെ പൊതുവായ പോരാട്ടം എല്ലാ രാജ്യങ്ങൾക്കും, ജനങ്ങൾക്കും സമാധാനം, സ്വാതന്ത്ര്യം, പുരോഗതി, നീതി എന്നിവയ്ക്കായി പ്രവർത്തിക്കുമ്പോൾ തന്നെ ഇന്ത്യ അതിന്റെ സുരക്ഷയും സാമൂഹിക-സമ്പത്തിക മുന്നേറ്റവും നേടാൻ ശ്രമിച്ചു. അങ്ങനെ **'അന്തരാഷ്ട്ര ബന്ധങ്ങളിൽ സ്ഥിരമായ ഒരു സുഹൃത്തും സ്ഥിരമായ ശത്രുവും ഇല്ല, താല്പര്യങ്ങൾ മാത്രമാണ് ശാശ്വതമെന്ന'** വിദേശനയ തത്വം ഇന്ത്യ പാലിക്കുന്നു. പുതിയ വെല്ലുവിളികൾ പുതിയ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാൻ ഇന്ത്യയെ നിർബന്ധിച്ചു. അപ്പോഴും രാജ്യത്തിന്റെ വിദേശനയത്തിന്റെ അടിസ്ഥാന ചട്ടക്കൂട് അതേപടി തുടർന്നു.

സംഗ്രഹം

- സർക്കാരിന്റെ വിദേശനയം മറ്റു രാജ്യങ്ങൾക്കായി സ്വീകരിച്ച നയപരമായ സംരംഭങ്ങളെക്കുറിച്ചാണ്.
- ഇന്ത്യയുടെ വിദേശനയം നടപ്പിലാക്കുന്നതിനുള്ള ചുമതല വിദേശകാര്യമന്ത്രാലയത്തിനാണ്.
- ലക്ഷ്യബോധമുള്ള വിദേശനയത്തിന് മറ്റു രാജ്യങ്ങളുമായി മെച്ചപ്പെട്ട ബന്ധം കൈവരിക്കാനുള്ള കഴിവ് ഉണ്ട്.
- സ്വാതന്ത്രത്തിനുശേഷം കോമൺ വെൽത്ത് രാജ്യങ്ങളിൽ ചേരുകയും മറ്റുരാജ്യങ്ങളിലെ സ്വാതന്ത്ര്യപ്രസ്ഥാനത്തെ ശക്തമായി പിൻതുണക്കുകയും ചെയ്തു.
- ശീതയുദ്ധകാലത്ത് ഏതെങ്കിലും വലിയ ശാക്തിക ചേരികളുമായി സ്വയം ചേരാതിരിക്കാനുള്ള നയം സ്വീകരിച്ചു.
- അയൽരാജ്യങ്ങളുമായും പ്രധാന ആഗോളശക്തികളുമായും ബന്ധം മെച്ചപ്പെടുത്തുന്നതിനാണ് വിദേശനയം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.

X Std - Civics Malayalam Unit-4.indd 276 1/27/2023 10:17:23 AM

A-Z പദപരിചയം

വിദേശകാര്യം	External affairs	Matters having with international relations
പലതരത്തിൽ	Multilateral	Involving more than two countries
ഇറക്കുമതി	Procurement	Process of buying
ബഹുമുഖമായ	Pluralism	The practice of holding more than one benefice at a time
പകർച്ചവ്യാധി	Pandamics	An epidemic disease
സംസ്കാരം	Ethos	The characteristic spirit of culture

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക:

1. പഞ്ചശീല കരാർ ഏതൊക്കെ രാജ്യങ്ങൾ തമ്മിൽ ഒപ്പിട്ടു?
   a) ഇന്ത്യയും നേപ്പാളും
   b) ഇന്ത്യയും പാകിസ്ഥാനും
   c) ഇന്ത്യയും ചൈനയും
   d) ഇന്ത്യയും ശ്രീലങ്കയും

2. ഇന്ത്യ ഭരണഘടനയിൽ ഏത് അനുച്ഛേദമാണ് വിദേശ നയം സ്വീകരിക്കാൻ നിർദ്ദേശിക്കുന്നത് ?
   a) അനുച്ഛേദം 50
   b) അനുച്ഛേദം 51
   c) അനുച്ഛേദം 52
   d) അനുച്ഛേദം 53

3. 1954-ൽ ഇന്ത്യയും ചൈനയും തമ്മിൽ
   a) വ്യാപാരവും വാണിജ്യവും
   b) സാധാരണ ബന്ധങ്ങളുടെ പുന:സ്ഥാപനം
   c) സാംസ്ക്കാരിക കൈമാറ്റപരിപാടികൾ
   d) സഹവർത്തിത്വത്തിന്റെ അഞ്ചുതത്വങ്ങൾ

4. നമ്മുടെ വിദേശനയവുമായി ബന്ധമില്ലാത്തത് ഇവയിൽ ഏതാണ് ?
   a) ലോക സഹകരണം
   b) ലോകസമാധാനം
   c) വംശീയ സമത്വം
   d) കോളനി ആധിപത്യം

5. ഇനിപ്പറയുന്ന രാജ്യങ്ങളിൽ ഏതാണ് NAM ന്റെ സ്ഥാപക അംഗമല്ലാത്തത് ?
   a) യൂഗോസ്ലോവിയ
   b) ഇന്തോനേഷ്യ
   c) ഈജിപ്ത്
   d) പാകിസ്ഥാൻ

6. ചേരിചേരായ്മ അർത്ഥമാക്കുന്നത്
   a) നിഷ്പക്ഷത പാലിക്കുക
   b) പ്രശ്നങ്ങളിൽ തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം
   c) സൈനിക മാറ്റം
   d) ഇവയൊന്നുമല്ല

7. സൈനീകേതര പ്രശ്നങ്ങൾ എന്നാൽ
   a) ഊർജ്ജസുരക്ഷ
   b) ജലസുരക്ഷ
   c) പകർച്ചവ്യാധികൾ
   d) ഇവയെല്ലാം

II. പൂരിപ്പിക്കുക:

1. ഇന്ത്യ ആദ്യത്തെ ആണവ പരീക്ഷണം നടത്തിയത് _____ൽ ആണ്.
2. _____ഒരു രാജ്യത്തിന്റെ വിദേശനയം നടപ്പിലാക്കുന്നതിനുള്ള ഉപകരണമാണ്.
3. ശീതയുദ്ധസമയത്ത് ഇരു ചേരികളോടുമുള്ള ഇന്ത്യയുടെ നയം _____ആയിരുന്നു.

III. ഇനി പറയുന്ന പ്രസ്താവനയ്ക്ക് ഉചിതമായ ഉത്തരം മാർക്ക് (✓)ചെയ്യുക:

1. ഇനിപറയുന്നവ ശരിയായ കാലക്രമത്തിൽ ക്രമീകരിച്ച് ചുവടെ നൽകിയിരിക്കുന്ന സൂചനയിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.
   (i) പഞ്ചശീലം
   (ii) പൊക്രാനിലെ ആണവ പരീക്ഷണം
   (iii) ഇരുപത് വർഷത്തെ ഉടമ്പടി
   (iv) ആദ്യത്തെ ആണവ പരീക്ഷണം
   a) (i),(iii),(iv),(ii)
   b) (i), (ii), (iii), (iv)
   c) (i), (ii), (iv), (iii)
   d) (i),(iii), (ii), (iv)

2. താഴെപ്പറയുന്നവയിൽ ഏതാണ് NAM നെ കുറിക്കാത്തത്?
   (i) വി. കൃഷ്ണമേനോൻ ആയിരുന്നു ചേരി ചേരാ നയം എന്നപദം ഉപയോഗിച്ചത്.

X Std - Civics Malayalam Unit-4.indd 277 1/27/2023 10:17:23 AM

(ii) ഏതെങ്കിലും സൈനിക സഖ്യത്തിൽചേരുന്നതിലൂടെ വിദേശകാര്യങ്ങളിൽ ദേശീയ സ്വാതന്ത്ര്യം നിലനിർത്തുകയാണ് ഇതിന്റെ ലക്ഷ്യം.

(iii) നിലവിൽ ഇതിന് 120 അംഗരാജ്യങ്ങൾ ഉണ്ട്.

(iv) ഇത് ഒരു സാമ്പത്തിക പ്രസ്ഥാനമായി മാറിയിരിക്കുന്നു.

a) (i) ഉം (ii) ഉം

b) (iii) ഉം (iv) ഉം

c) (ii) മാത്രം

d) (iv) മാത്രം

3. **പ്രസ്താവന (A):** മിക്ക രാജ്യങ്ങളുമായി ഇന്ത്യക്ക് ഔദ്യോഗികത നയതന്ത്രബന്ധമുണ്ട്.

കാരണം (R): ലോക ജനസംഖ്യയിൽ ഇന്ത്യക്ക് രണ്ടാം സ്ഥാനമാണ് ഉള്ളത്

a) (A) ശരിയാണ് , (R), (A) യെ വിശദമാക്കുന്നു

b) (A) ശരിയാണ് (R), (A) യെ വിശദീകരിക്കുന്നില്ല

c) (A) തെറ്റാണ് (R) ശരിയാണ്

d) രണ്ടും തെറ്റാണ്

4. രാഷ്ട്രീയ സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യയ്ക്ക് സൈനിക സംഘർഷങ്ങളെ ഒഴിവാക്കേണ്ടത് അനിവാര്യമായിരുന്നു. കാരണം ഇന്ത്യയ്ക്ക് വീണ്ടെടുക്കേണ്ടി വന്നു.

a) കടുത്ത ദാരിദ്ര്യം

b) താറുമാറായ സാമൂഹിക, സാമ്പത്തിക അവസ്ഥ

c) നിരക്ഷരത

d) മേൽപ്പറഞ്ഞവ എല്ലാം

IV. യോജിപ്പിക്കുക:

1.	ഇന്ത്യൻ സമുദ്ര ദ്വീപ്	-	1955
2.	ലാൻഡ് ബ്രിഡ്ജ് ASEAN	-	1954
3.	പഞ്ചശീലതത്വം	-	മാലദ്വീപ്
4.	ആഫ്രോ ഏഷ്യൻ സമ്മേളനം	-	വിദേശനയം
5.	ലോകസമാധാനം	-	മ്യാൻമർ

V. ചുരുക്കി ഉത്തരമെഴുതുക:

1. വിദേശനയം എന്നാൽ എന്ത്?
2. പഞ്ചശീലതത്വത്തിന്റെ ഏതെങ്കിലും നാല് മാർഗ്ഗ നിർദേശ തത്വങ്ങൾ പട്ടികപ്പെടുത്തുക.
3. ചേരിചേരാ പ്രസ്ഥാനത്തിന്റെ സ്ഥാപകപിതാക്കന്മാരുടെ പേരെഴുതുക?
4. ഇന്ത്യയുടെ ആണവ നയം വിശദമാക്കുക?
5. സാർക്കിലെ അംഗരാജ്യങ്ങളെ പട്ടികപ്പെടുത്തുക?
6. വേർതിരിച്ചെഴുതുക : ആഭ്യന്തര നയം, വിദേശ നയം.

VI. വിശദമായ ഉത്തരമെഴുതുക:

1. ചേരിചേരാ നയത്തെക്കുറിച്ച് വിശദമായ കുറിപ്പ് എഴുതുക.
2. വിദേശനയത്തെ സ്വാധീനിക്കുന്ന അടിസ്ഥാന ഘടകങ്ങളെക്കുറിച്ച് എഴുതുക.

VII. പ്രോജക്ടും പ്രവർത്തനവും:

1. നിങ്ങൾ തീരുമാനമെടുക്കുന്ന വ്യക്തിയാണെങ്കിൽ വിദേശനയത്തിന്റെ ഏതെങ്കിലും രണ്ട് അംശങ്ങൾ തിരഞ്ഞെടുത്ത് അത് അതേപ്പടി നിലനിർത്തണമോ മാറ്റം വരുത്തണമോ എന്ന് തീരുമാനിക്കുക.

X Std - Civics Malayalam Unit-4.indd 278 1/27/2023 10:17:23 AM

REFERENCE BOOKS

1. Mahendra Kumar, *Theoretical Aspects of International Policies*, Agra, Shivalal Agarwala & Company 1984.
2. Prakash Chandra, *Theories of International Relations*: Aman publishing.
3. S. Ganguly, *India's Foreign Policy*, Oxford University Press.
4. Dutt V.P., *India's Foreign Policy in a changing world,* Vikas Publishing House Pvt. Ltd., Noida (2009).
5. Dixit J.N., *India's Foreign Policy and its Neighbours*, Gyan Publishing House, Delhi (2001).
6. Khanna V.N., and Leslie K Kumar., *Foreign Policy of India*, Vikas Publishing House Pvt. Ltd., (2018), Noida.
7. Muhkund Dubey., *India's Foreign Policy*, Orient Black Swan Pvt. Ltd., New Delhi (2015).
8. Shah, S.k., *India's Foreign Policy (Past, Present and Ties with the world)*, Vij Books India Pvt. Ltd., New Delhi (2017).

INTERNET RESOURCES

1. https://www.mea.gov.in/
2. https://mnoal.org/
3. http://www.saarc-sec.org/



ICT കോർണർ
ഇന്ത്യയുടെ വിദേശനയം

ഈ പ്രവർത്തനത്തുലൂടെ ലോകത്തെ ഇന്ത്യൻ എംബസ്സിയുടെ വിശദാംശങ്ങളെക്കുറിച്ച് നിങ്ങൾക്ക് മനസ്സിലാകും.



ഘട്ടങ്ങൾ:

- ബ്രൗസർ തുറന്ന് ചുവടെ നൽകിയിരിക്കുന്ന യുആർഎൽ ടൈപ്പ് ചെയ്യുക അല്ലെങ്കിൽ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക.
- മെനുവിലെ ഉപയോഗപ്രദമായ ലിങ്കുകളിൽ ക്ലിക് ചെയ്ത് വിദേശത്തുള്ള ഇന്ത്യൻ മിഷനുകൾ തെരഞ്ഞെടുക്കുക.
- വിദേശത്തുള്ള ഇന്ത്യൻമിഷനുകളെക്കുറിച്ചുള്ള വിശദാംശങ്ങൾ കാണുന്നതിന് അതാതു രാജ്യങ്ങളിൽ ക്ലിക് ചെയ്യുക.

Website URL:

https://mea.gov.in/index.htm

8XQMJ

* Pictures are indicatives only.

* If browser requires, allow Flash Player or Java Script to load the page

X Std - Civics Malayalam Unit-4.indd 279 1/27/2023 10:17:24 AM

യൂണിറ്റ് 5

ഇന്ത്യയുടെ അന്താരാഷ്ട്ര ബന്ധങ്ങൾ



പഠന ലക്ഷ്യങ്ങൾ

ഈ പാഠം പഠിച്ചശേഷം വിദ്യാർത്ഥികൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്

- അയൽരാജ്യങ്ങളുമായുള്ള നമ്മുടെ നയങ്ങളെക്കുറിച്ച് മനസ്സിലാക്കുക.
- വികസിത രാജ്യങ്ങളോടുള്ള ഇന്ത്യൻനയത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക.
- അന്താരാഷ്ട്ര സംഘടനകളുമായുള്ള ഇന്ത്യയുടെ ബന്ധത്തെക്കുറിച്ച് അറിവ് നേടുക.
- ബ്രിക്സ് (BRICS) ഒപെക് (OPEC) എന്നീ സ്ഥാപനങ്ങളുടെ നേട്ടങ്ങളെക്കുറിച്ച് തിരിച്ചറിയുക.
- ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യയുടെ ഉന്നതസ്ഥാനത്തിന്റെ മൂല്യം ഉൾക്കൊള്ളുക.

4TQH6

ഒരു മോശം അയൽരാജ്യം നിർഭാഗ്യമാണ്, അത് ഒരു നല്ല രാജ്യമായാൽ വലിയ അനുഗ്രഹമാണ്.
– ഹെസിയോഡ്

ആമുഖം

സ്വതന്ത്ര ഇന്ത്യ ലോകസമാധാനവും അന്താരാഷ്ട്ര സഹകരണവും നിരന്തരം വളർത്തിയെടുക്കുന്നു. ഇന്ത്യ സൈനിക സഖ്യങ്ങൾ ഉപേക്ഷിച്ചുവെങ്കിലും സമാധാനത്തിനും സാമ്പത്തിക വികസനത്തിനുമായി മറ്റു രാജ്യങ്ങളുമായി സഹകരിക്കുന്നതിലും ഏകോപിപ്പിക്കുന്നതിലും സജീവമായി പ്രവർത്തിക്കുന്നു. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പ്രസ്താവിച്ചതുപോലെ "നമ്മുക്ക് ഒരാളെ പൂർണ്ണമായും ആശ്രയിക്കാനോ, അല്ലെങ്കിൽ സ്വതന്ത്രരാകാനോ കഴിയിന്നു, പക്ഷെ നമ്മൾ പരസ്പരാശ്രിത ലോകത്താണ് ജീവിക്കുന്നത്.

ഇന്ത്യ സ്വയം ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും അനുസരിച്ച് സമാധാനപരവും സമ്പന്നവുമായ അയൽ രാജ്യമാണ് ആഗ്രഹിക്കുന്നത്. ഇന്ത്യ എല്ലായ്പ്പോഴും സമാധാനം ആഗ്രഹിക്കുകമാത്രമല്ല, ലോകസമാധാനത്തിനു വേണ്ടിയും പരിശ്രമിക്കുന്നു. ഒരു രാജ്യം മതിയായ രീതിയിൽ മുന്നേറുന്നതിന് അന്താരാഷ്ട്രബന്ധങ്ങളുടെ പരിപാലനം ഒരു പ്രധാന മേഖലയായി കണക്കാക്കപ്പെടുന്നു. വളരെയധികം ജനസംഖ്യയുള്ള ഒരു രാജ്യം എന്ന നിലയിലും ,ഇന്ത്യയെ ചുറ്റി നിരവധി അയൽ രാജ്യങ്ങൾ ഉള്ളതിനാലും പരമ്പരാഗതമായി



അയൽരാജ്യങ്ങളുമായി സൗഹൃദബന്ധം നിലനിർത്താൻ പരിശ്രമിച്ചു വരുന്നു.

5.1 ഇന്ത്യയും-ഇന്ത്യയുടെ അയൽരാജ്യങ്ങളും

അയൽരാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യക്ക് ഒരു സവിശേഷ സ്ഥാനമാണുള്ളത്. കഴിഞ്ഞ

X Std - Civics Malayalam Unit-5.indd 280 1/27/2023 10:17:43 AM

5000 വർഷമായി ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ നിലനിന്നിരുന്ന ഒരു ഏകീകൃത സംസ്കാരത്തിന്റെ ഭാഗമായിരുന്നു. ഇന്ത്യയുടെ അയൽരാജ്യങ്ങൾ.

- തെക്ക് പടിഞ്ഞാറ് ഭാഗത്ത് പാക്കിസ്ഥാനും, അഫ്ഗാനിസ്ഥാനും ഉള്ള ഒരു വിസ്തൃത രാജ്യമാണ് ഇന്ത്യ.
- വടക്കുഭാഗത്ത് ചൈന, നേപ്പാൾ, ഭൂട്ടാൻ.
- കിഴക്ക് ബംഗ്ലാദേശ്.
- വടക്കുകിഴക്കൻ ഭാഗത്ത് മ്യാൻമാർ.

ഇന്ത്യയോട് ചേർന്നുകിടക്കുന്ന രണ്ട് രാജ്യങ്ങളായ ശ്രീലങ്കയും (തെക്ക്-കിഴക്ക് നിന്ന്) മാലദ്വീപും (തെക്ക്-പടിഞ്ഞാറ് നിന്ന്) ഇന്ത്യൻ മഹാസമുദ്രത്താൽ വേർതിരിക്കപ്പെടുന്നു. ചരിത്രപരമായും, മതപരമായും സാമ്പത്തികവും വംശീയവും ഭാഷാപരവുമായ ബന്ധമാണ് ഈ രാജ്യങ്ങളുമായി ഇന്ത്യയ്ക്കുള്ളത്. അയൽ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധത്തെക്കുറിച്ച് നമ്മുക്ക് മനസ്സിലാക്കാം.

ഇന്ത്യയുമായി ഏറ്റവും കൂടുതൽ അതിർത്തി പങ്കിടുന്ന അയൽരാജ്യങ്ങളാണ്, ബംഗ്ലാദേശും, ചൈനയും.

ഇന്ത്യയും അഫ്ഗാനിസ്ഥാനും

ആശയപരമായ പങ്കാളിത്ത കരാർ (എസ്.പി.എ. SPA) ഇന്തോ-അഫ്ഗാൻ ബന്ധം ശക്തിപ്പെടുത്തി. അഫ്ഗാനിലെ അടിസ്ഥാന സൗകര്യങ്ങൾ, സ്ഥാപനങ്ങൾ, കൃഷി, ജലം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവ പുനർ നിർമ്മിക്കുന്നതിനും ഇന്ത്യൻ വിപണിയിലേക്ക് നികുതി ഇല്ലാതെ പ്രവേശനം നൽകുന്നതിനും എസ്.പി.എ. സഹായം നൽകുന്നു. ഫെറാത്ത് വ്രിശ്യയിൽ സൽമ അണക്കെട്ടിന്റെ നിർമ്മാണത്തിൽ ഇന്ത്യ അഫ്ഗാനികളെ സഹായിച്ചു.അഫ്ഗാനിസ്ഥാനിലെയും ഇന്ത്യയിലെയും സ്കൂളുകളിലും കോളേജുകളിലും അഫ്ഗാൻ സുരക്ഷാ സേനയിലെ രക്തസാക്ഷികളുടെ കുട്ടികൾക്കായി ഇന്ത്യ 500 സ്കോളർ ഷിപ്പുകൾ പ്രഖ്യാപിച്ചു. പൊതു ജനാരോഗ്യം ചെറുകിടവ്യവസായങ്ങളും മെച്ചപ്പെടുത്തുന്നതിന് ഇന്ത്യ അഫ്ഗാനിസ്ഥാനെ പിന്തുണയ്ക്കുന്നു. അഫ്ഗാനിസ്ഥാനിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിൽ ഇന്ത്യ മുൻപന്തിയിലാണ്. ഏറ്റവും വലിയ നിക്ഷേപം ഖനനമേഖലയിൽ നടത്തുന്നതിന് പൊതുസ്വകാര്യ ഇന്ത്യൻ കമ്പനികളുടെ സംഘടനാ (വ്യാപാര ശാലകൾ, ബാങ്കുകൾ മുതലായവയുടെ സംഘടന) രൂപീകരണത്തിലും ഇന്ത്യ മുൻപന്തിയിലാണ്. ഇന്ത്യയുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിയായി ഇന്ത്യ കാന്തഹാർ അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിച്ചു. ഇന്ത്യയുടെ സ്വയംതൊഴിൽ വനിതാ അസോസിയേഷൻ സുസ്ഥിരമായ ഉപജീവനമാർഗ്ഗത്തെക്കുറിച്ചും സ്വയംപര്യാപ്തത പുലർത്തുന്നതിനെക്കുറിച്ചും പരിശീലനം നൽകുന്നു. അങ്ങനെ സാമ്പത്തിക സഹായങ്ങളുടെയും ഫണ്ടുകളുടെയും രൂപത്തിൽ അഫ്ഗാനിസ്ഥാന്റെ വികസനത്തിന് ഇന്ത്യ സജീവമായി സംഭാവന ചെയ്യുന്നു.

സിന്ധു നാഗരികത മുതൽ ചന്ദ്രഗുപ്ത മൗര്യകാലഘട്ടം വരെ ഇന്ത്യയും അഫ്ഗാനിസ്ഥാനും തമ്മിൽ ആഴമായ ബന്ധമുണ്ടായിരുന്നു. കനിഷ്കന്റെ ഭരണകാലത്ത് ധാരാളം ഇന്ത്യൻ മിഷനറിമാർ ചൈന, മദ്ധ്യേഷ്യ, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽ മതപ്രചരണത്തിന് പോയി.

ബലൂചിസ്ഥാനിലെ ഖാൻ അബ്ദുൾ ഗാഫർഖാൻ (ഇന്നത്തെ പാകിസ്ഥാനിലെ അതിർത്തി പ്രവിശ്യ) ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ ഒരു പ്രമുഖ നേതാവും ഇന്ത്യൻ നാഷൽകോൺഗ്രസ്സിന്റെ സജീവ പിന്തുണക്കാരനുമായിരുന്നു.

ഇന്ത്യയും ബംഗ്ലാദേശും

ബംഗ്ലാദേശിനെ (മുൻ കിഴക്കൻ പാക്കിസ്ഥാൻ) സ്വതന്ത്രരാജ്യമായി അംഗീകരിച്ച ആദ്യത്തെ രാജ്യമാണ് ഇന്ത്യ. ഇന്ത്യയും ബംഗ്ലാദേശും 4096.7 കിലോമീറ്റർ ദൈഘ്യമേറിയ ഭൂഅതിർത്തി പങ്കിടുന്നു. അഗർത്തലയും (ഇന്ത്യ) അഖൗരയും (ബംഗ്ലാദേശ്) തമ്മിലുള്ള നിർദ്ദിഷ്ട റെയിൽവേ ബന്ധം നടപ്പാക്കാൻ ഇന്ത്യയ്ക്ക് പദ്ധതിയുണ്ട്. ബിബിൻ-എംവിഐ (ബംഗ്ലാദേശ്, ഭൂട്ടാൻ, ഇന്ത്യ, നേപ്പാൾ മോട്ടോർവാഹനകരാർ) പ്രകാരം കൊൽക്കത്ത മുതൽ അഗർത്തല വരെ ധാക്ക വഴി ഇന്ത്യ റോഡ് ഗതാഗത സൗകര്യം ബംഗ്ലാദേശ് അനുവദിച്ചു. 1977-ൽ ഒപ്പുവെച്ച ഗംഗാജലം പങ്കിടുന്നതിനുള്ള ഫറക്ക കരാർ ചരിത്രപരമായ കരാറാണ്. ഇന്ത്യയും ബംഗ്ലാദേശും 54 പൊതുനദികൾ പങ്കിടുന്നു. സാധാരണ നദീതടങ്ങളിൽ നിന്നുള്ള നേട്ടങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഉഭയകക്ഷി സംയുക്ത നദി കമ്മീഷൻ പ്രവർത്തിക്കുന്നു. കെട്ടിടങ്ങൾ, ലാബോറട്ടറികൾ, ഡിസ്പെൻസറികൾ, ആഴത്തിലുള്ള കുഴൽക്കിണറുകൾ എന്നിവയുടെ നിർമ്മാണത്തിനായി 'എയ്ഡ് ടു ബംഗ്ലാദേശ്' എന്ന പദ്ധതിക്ക് കേന്ദ്രസർക്കാർ സഹായം നൽകുന്നു. കൂടാതെ ബംഗ്ലാദേശിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ്സ് കോളർഷിപ്പ് (ഐ.സി.സി.ആർ.) നൽകുന്നു. കൂടാതെ ധാക്ക സർവകലാശാലയിൽ ഒരു

X Std - Civics Malayalam Unit-5.indd 281 1/27/2023 10:17:43 AM

ടാഗോർ ചെയർ ആരംഭിക്കുകയും ചെയ്തു. പശ്ചിമബംഗാളിലെ സിലുഗുരിയിലും പർബതിപൂരും (ബംഗ്ലാദേശ്) തമ്മിൽ 130 കിലോമീറ്റർ നീളത്തിൽ ബംഗ്ലാദേശ്-ഇന്ത്യ ഫ്രണ്ട്ഷിപ്പ് പൈപ്പ്ലൈൻ നിർമ്മാണം ഇരു രാജ്യങ്ങളും സയുക്തമായി ഉദ്ഘാടനം ചെയ്തു.

പശ്ചിമബംഗാൾ-ബംഗ്ലാദേശ് അതിർത്തിയിൽ ഇന്ത്യയുടേതായ ഒരു ഭൂപ്രദേശമാണ് ടീൻബീഗാ ഇടനാഴി, ഇത് 2011-ൽ ബംഗ്ലാദേശിന് പാട്ടത്തിന് നൽകി



ഇന്ത്യയും ഭൂട്ടാനും

ഭൂട്ടാൻ, ഒരു ചെറിയ ഹിമാലയൻ രാജ്യം, ഇടിമിന്നലിന്റെ നാടായി അറിയപ്പെടുന്നു. ലോകത്തിലെ ഏറ്റവും ദരിദ്രരാജ്യങ്ങളിലൊന്നാണ് ഭൂട്ടാൻ. ഇന്ത്യയും ഭൂട്ടാനും തമ്മിലുള്ള നയതന്ത്രബന്ധം 1968-ൽ തിംഫുവിൽ ഇന്ത്യയിലെ ഒരു റസിഡന്റ് പ്രതിനിധിയുടെ നിയമനത്തോടെ സ്ഥാപിക്കപ്പെട്ടു. ഭൂട്ടാൻ ഒരു ഭൂപ്രദേശമാണ്. അതിനാൽ കടലിലേക്കുള്ള പ്രവേശനത്തിനായി ഇത് ഇന്ത്യയെ വളരെയധികം ആശ്രയിച്ചിരിക്കുന്നു. ഭൂട്ടാന്റെ സാമ്പത്തിക വികസനത്തിന് പ്രധാനപങ്കുവഹിക്കുന്നത് ഇന്ത്യയാണ്. ഇന്ത്യ മുതൽ ഭൂട്ടാൻ വരെ (ബി.റ്റി.ബി.) എന്നറിയപ്പെടുന്ന ഉഭയകക്ഷി വ്യാപാരബന്ധം ഇന്ത്യ പ്രഖ്യാപിച്ചു. ഭൂട്ടാൻ വിദ്യാർത്ഥികൾക്ക് അഭിമാനകരമായ ഉന്നത പഠന സ്ഥാപനങ്ങളിൽ പഠിക്കാൻ സ്കോളർഷിപ്പ് നൽകുകയും ഭൂട്ടാനിൽ ഒരു ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുന്നതിന് സഹായം വാഗ്ദാനം ചെയ്യുകയും ചെയ്തു. തിരഞ്ഞെടുത്ത പ്രീമിയർ ഇന്ത്യൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്താൻ അർഹരായ പ്രതിഭാധനരായ ഭൂട്ടാൻ പൗരന്മാർക്ക് അഭിമാനകരമായ നെഹ്റു-വാങ്ചുക് സ്കോളർഷിപ്പ് നൽകുന്നു. ഇത് ഇന്ത്യയും ഭൂട്ടാനും തമ്മിലുള്ള ഉഭയകക്ഷി സഹകരണത്തിന്റെ സൂചകങ്ങളിലൊന്നാണ്. ഭൂട്ടാനിൽ (ചുഖ, കുറിച്ച്ചു, ടാല) എന്നീ മൂന്നു ജലവൈദ്യുതമേഖല പദ്ധതികൾ ഇന്ത്യൻ സർക്കാർ ഇതുവരെ നിർമ്മിച്ചിട്ടുണ്ട്.

ഇന്ത്യയിൽ നിന്ന് ഭൂട്ടാനിലേക്ക് പോയ ഗുർപദ്മസംഭവ ബുദ്ധമതം പ്രചരിക്കുന്നതിലും ഇരു രാജ്യങ്ങളിലെയും ആളുകൾ തമ്മിലുള്ള പരമ്പരാഗത ബന്ധം ഊട്ടിയുറപ്പിക്കുന്നതിലും സ്വാധീനം ചെലുത്തി.

ഇന്ത്യയും ചൈനയും

ഭൂമിശാസ്ത്രപരവും ജനസംഖ്യാശാസ്ത്രപരവും, വിദഗ്ദരായ മനുഷ്യശക്തിയും, നാഗരികയുടെ പഴക്കവും കണക്കിലെടുക്കുമ്പോൾ, ഇന്ത്യയുമായി താരതമ്യപ്പെടുത്തുന്നതിന് യോഗ്യത നേടുന്ന ഒരേയൊരു രാജ്യം ചൈനയാണ്. ലോകത്തിന്റെ ഉൽപാദന കേന്ദ്രമായ ചൈന ഇന്ത്യയെ സംബന്ധിച്ചടത്തോളം വളരെ പ്രാധാന്യം അർഹിക്കുന്ന നാടാണ്. ലോകവ്യാപാരസംഘടന, അന്താരാഷ്ട്ര കാലാവസ്ഥ വ്യതിയാന ചർച്ചകൾ, ലോകബാങ്കിന്റെ പരിഷ്കാരങ്ങൾ തുടങ്ങി പല മേഖലകളിലും ഇന്ത്യയും ചൈനയും സമാനത പുലർത്തുന്നു. ചൈനയുടെ നേതൃത്വത്തിലുള്ള ഷാങ്ഹായ് സഹകരണ സംഘടന ഇന്ത്യക്ക് നിരീക്ഷക പദവി നൽകി. അതുപോലെ സാർക്ക് ചൈനയ്ക്ക് നിരീക്ഷക പദവി നൽകി. വൈവിധ്യമാർന്ന മേഖലകളെ ഉൾക്കൊള്ളുന്ന കൂടുതൽ സഹകരണ സംഘങ്ങൾ ഇരു വിഭാഗവും വഴിയൊരുക്കി. ഉഭയകക്ഷിവ്യാപാരം വളരെയധികം വളർച്ച നേടി. ഇന്ത്യയും, ചൈനയും വിദ്യാഭ്യാസകൈമാറ്റപദ്ധതിയിൽ ഒപ്പുവെച്ചു. ഈ കരാർപ്രകാരം രാജ്യത്തെ അംഗീകൃത ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ25 വിദ്യാർത്ഥികൾക്ക് പഠനസഹായം(സ്കോളർഷിപ്പ്) നൽകി വന്നു.

മക്മോഹൻ ലൈൻ : ഭൂട്ടാന്റെ കിഴക്ക് ഭാഗത്ത് ഇന്ത്യയും ചൈനയും തമ്മിലുള്ള അതിർത്തിരേഖയാണിത്. 1914-ൽ ബ്രിട്ടീഷ് ഇന്ത്യ, ടിബറ്റ്, ചൈന, എന്നിവയുടെ പ്രതിനിധികളുടെ ഒരു കോൺഫറൻസിലാണ് ഇത് തീരുമനിച്ചത്. ബ്രിട്ടീഷ് ഇന്ത്യയെ പ്രതിനിധീകരിച്ച് ഇന്ത്യൻ സ്റ്റേറ്റ് സെക്രട്ടറി (ബ്രിട്ടീഷ് ക്യാബിനെറ്റിൽ) ആർതർ ഹെൻറി ഹുക്ക്മഹൻ സമ്മേളനത്തിൽ പങ്കെടുത്തു.

X Std - Civics Malayalam Unit-5.indd 282 1/27/2023 10:17:44 AM

ഇന്ത്യയും മാലദ്വീപും


ഇന്ത്യൻ മഹാസമുദ്രത്തിനടിയിലെ ല്ക്ഷദ്വീപ് ദ്വീപുകൾക്കു തെക്കായി മാലദ്വീപ് സ്ഥിതി ചെയ്യുന്നു. ഇന്ത്യയുടെ തന്ത്രപ്രധാനസ്ഥാനവും ഭൂമിശാസ്ത്രപരമായ സാമിപ്യവും കണക്കിലെടുക്കുമ്പോൾ മാലദ്വീപുമായുള്ള ബന്ധം വളരെ പ്രധാനമാണ്. പുരാതന കാലഘട്ടത്തിൽ ഇന്ത്യയും മാലദ്വീപും വംശീയവും ഭാഷാപരവും സാംസ്കാരികവും മതപരവുമായ വാണിജ്യപരവുമായ ബന്ധങ്ങൾ പങ്കുവെയ്ക്കുകയും സൗഹാർദ്ദപരവും ബഹുമുഖവുമായ ബന്ധം പുലർത്തുകയും ചെയ്യുന്നു. ഇരു രാജ്യങ്ങളം തമ്മിലുള്ള വ്യാപാരവും ടൂറിസവും വികസിച്ചുവരുന്നു. ഇന്ത്യൻ മഹാസമുദ്രമേഖലയിലെ സമുദ്ര സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള പട്രോളിംഗ്, വ്യോമനിരീക്ഷണം, വിവരകൈമാറ്റം എന്നിവയിലൂടെയുള്ള സഹകരണം ശക്തിപ്പെടുത്താൻ ഇരു രാജ്യങ്ങളും സമ്മതിച്ചിട്ടുണ്ട്.

ഇന്ത്യയും മ്യാന്മാറും

ഇന്ത്യയുടെ രണ്ടാമത്തെ വലിയ അതിർത്തി മ്യാൻമാറുമായി പങ്കിടുന്നു. (1989 വരെ ബർമ്മ എന്നറിയപ്പെടുന്നു.) വടക്കുകിഴക്കൻ ഇന്ത്യൻ സംസ്ഥാനങ്ങളായ നാഗാലാന്റ്, അരുണാചൽ പ്രദേശ്, മണിപ്പൂർ, മിസോറാം എന്നിവയും മ്യാൻമാറുമായി അതിർത്തി പങ്കിടുന്നു. തെക്ക്-കിഴക്കൻ ഏഷ്യയിലേക്കുള്ള ഇന്ത്യയുടെ കവാടമാണ് മ്യാൻമാർ. കൊൽക്കത്തയെ മ്യാൻമാറിലെ സിട്വേയുമായി ബന്ധിപ്പിക്കുന്നതിനായി റോഡ്-നദി-തുറമുഖ ചരക്ക് ഗതാഗതപദ്ധതിയായ കലാഡൻ മൾട്ടി മോഡൽ ട്രാസിസ്റ്റ് ട്രാസ്പോർട്ട് ഇന്ത്യ നിർമ്മിച്ചുവരുന്നു. സാമ്പത്തിക മേഖലരൂപീകരണത്തിനായി കടലിലെ ഹൊ ചി മിൻ സിറ്റിയുമായി ബന്ധിപ്പിക്കാൻ ലക്ഷ്യമിടുന്ന ഒരു പദ്ധതിക്ക് രൂപം നൽകി. ഈ പദ്ധതിക്ക് മ്യാൻമാർ, കംബോഡിയ, വിയറ്റ്നാം എന്നിവിടങ്ങളിലൂടെ കടന്നുപോകുന്ന റോഡ് മാർഗ്ഗം രൂപപ്പെടുത്തി. ഇതിന്റെ ഭാഗമായി ഗുവഹാത്തിയെ മണ്ഡലെയുമായി ബന്ധിപ്പിക്കുന്ന ആദ്യഘട്ടപ്പണി നടന്നുവരുന്നു. നമ്മുടെ ആവശ്യ ഊർജ്ജങ്ങളായ പെട്രോളിയവും, പ്രകൃതിവാതകങ്ങളും ലഭ്യമാക്കുന്നതിൽ മ്യാൻമാർ ഒരു പ്രധാന പങ്കുവഹിക്കുന്നു. ചില ഇന്ത്യൻ കമ്പനികളായ എസ്സാർ, ഗെയിൽ, ഒഎൻജിസി വിദേശ് ലിമിറ്റഡ് എന്നിവ മ്യാന്മാറിലെ ഊർജ്ജമേഖലയിൽ നിക്ഷേപം നടത്തിവരുന്നു.


ഇന്ത്യയും നേപ്പാളും

ഇന്ത്യയ്ക്കും ചൈനയ്ക്കും ഇടയിൽ പ്രകൃതിദത്തമായ ഒരു പ്രദേശമാണ് നേപ്പാൾ. ഒരു ചെറിയ ഭൂപ്രദേശമായ നേപ്പാൾ സാമ്പത്തിക സഹായത്തിനും ഗതാഗതസൗകര്യങ്ങൾക്കുമായി ഇന്ത്യയെ ആശ്രയിച്ചിരുന്നു. സിക്കിം, പശ്ചിമബംഗാൾ, ബീഹാർ, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് എന്നീ രണ്ട് ഇന്ത്യൻ സംസ്ഥാനങ്ങളുമായി നേപ്പാൾ അതിർത്തി പങ്കിടുന്നു. ഇരു അതിർത്തി ജില്ലകളിൽ താമസിക്കുന്ന ആളുകൾ ആഴത്തിലുള്ള സാസ്കാരിക ഐക്യം പങ്കിടുന്നു. ഇന്ത്യൻ സ്ഥാപനങ്ങൾ നേപ്പാളിലെ ഏറ്റവും വലിയ നിക്ഷേപകരായി നിലകൊള്ളുന്നു. അടിസ്ഥാന സൗകര്യങ്ങൾ, ജലസേചനം, ആരോഗ്യം, ഊർജ്ജപദ്ധതികൾ, സാമൂഹ്യവികസനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സഹായം നൽകിവരുന്നു. കാഠ്മണ്ഡുവിനെയും ഇന്ത്യയേയും ബന്ധിപ്പിക്കുന്നതിനായി



X Std - Civics Malayalam Unit-5.indd 283 1/27/2023 10:17:44 AM

204 കിലോമീറ്റർ ദൈർഘ്യമുള്ള മഹേന്ദ്രനാഥ് കാർഗ് എന്ന ഒരു പാത നിർമ്മിച്ചു. നേപ്പാളിൽ അതിവേഗമൊഴുകുന്ന നദികളുണ്ട്. ആയതിനാൽ ജലവൈദ്യുതപദ്ധതി ഉൽപാദനത്തിന് അനുയോജ്യമാണ് ഈ ഭൂപ്രദേശം. 18 വർഷമായി നിർത്തിവെച്ച 5600 മെഗവാട്ട് പഞ്ചേശ്വർ പദ്ധതിയുടെ പണി ഇന്ത്യ പുനരാരംഭിച്ചു. മതപരമായ തീർത്ഥാടനത്തിനായി നേപ്പാളിയും ഇന്ത്യൻ ജനങ്ങളും പരസ്പരം രാജ്യം സന്ദർശിക്കുന്നു. നേപ്പാളിലെ പരമ്പരാഗത കേന്ദ്രങ്ങളാണ് പശുപതിയും ജനക്പൂരും. അതേ സമയം, നാല് ധാംസ് (ബദ്രിനാഥ്പുരി, വാരാണസി, ദ്വാരക, രാമേശ്വരം) എന്നിവ ഇന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളാണ്. ഇന്ത്യൻ ഭരണഘടനയുടെ 8-ാം ഷെഡ്യൂളിൽ നേപ്പാളീസ് ഭാഷ ഉൾപ്പെടുത്തിയപ്പോൾ നാടുകളുടെയും ഇരു നാടുകളുടെയും സൗഹൃദം അധികരിച്ചു. ഷാർദ നദിയിൽ ഒരു സംയുക്ത ജലവൈദ്യുത പദ്ധതി നിർമ്മിച്ചുവരുന്നു. ഈ ജലസേചനസൗകര്യങ്ങളും സംബന്ധിച്ച് ഇന്ത്യയും നേപ്പാളിനെയും സഹായിക്കുന്നു. പാരിസ്ഥിതി കവീക്ഷണത്തിൽ നിന്ന്, ഇന്തോ-നേപ്പാൾ അതിർത്തിയിൽ നിരവധി കടുവ സംരക്ഷണ കേന്ദ്രങ്ങളുണ്ട്. കാഠ്മണ്ഡു-വാരാണസി, ലുബിനി-ബോധ്ഗയ, ജനക്പൂർ-അയോദ്ധ്യ എന്നീ ഇരട്ട നഗരങ്ങൾക്കായി ഇന്ത്യയിലെയും നേപ്പാളിലെയും സർക്കാരുകൾ മൂന്ന് സഹോദര നഗരകരാറുകളിൽ ഒപ്പുവെച്ചു.



ഇന്ത്യയും പാക്കിസ്ഥാനും

1947-ൽ ഇന്ത്യ, പാക്കിസ്ഥാൻ പ്രദേശം വിഭജനം മുതൽ നിരവധി പ്രധാന വിഷയങ്ങളിലെ അഭിപ്രായ വ്യത്യാസത്തെതുടർന്ന് ഇരു രാജ്യങ്ങളുടെയും ബന്ധത്തിൽ വിള്ളൽ ഏർപ്പെട്ടിരുന്നു. പക്കിസ്ഥാനുമായുള്ള ബന്ധത്തിൽ തീവ്രവാദം നമ്മുടെ പ്രധാന ആശങ്കയായി തുടരുന്നു. ഇന്ത്യയുമായി ബന്ധം നിലനിർത്തുമ്പോൾ പാക്കിസ്ഥാന് വിരുദ്ധ നിലപാടുകളാണുള്ളത്. എന്നാൽ പാക്കിസ്ഥാനുമായുള്ള ബന്ധം

നിയന്ത്രണരേഖ LOC (Line of Control)

1949 ൽ നിശ്ചയിച്ച വെടിനിർത്തൽ രേഖയെ 1972ന് ശേഷം നിയന്ത്രണരേഖ എന്ന് വിളിച്ചിരുന്നു. 1972-ലെ ഷിംല കരാർ പ്രകാരം ഇന്ത്യയും പക്കിസ്ഥാനും തമ്മിൽ ധാരണയിൽ എത്തിയ അതിർത്തിയാണ്. 1907-ൽ വിഭജനസമയത്ത് ഇതിനെ റാഡ്ക്ലിഫ് ലൈൻ എന്ന് വിളിച്ചിരുന്നു. (അതിർത്തി കമ്മീഷന്റെ ചെയർമാനായിരുന്നു. റാഡ്ക്ലീഫ്). ഇതിനെ ഇപ്പോൾ നിയന്ത്രണരേഖ എന്ന് വിളിക്കുന്നു.

മെച്ചപ്പെടുത്തുന്നതിനും സ്ഥിരപ്പെടുത്തുന്നതിനും ഇന്ത്യ തീവ്രശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള അതിർത്തികടന്നുള്ള വെടിവെയ്പ്പും ഭീകരാക്രമണവും മോശമായ ജീവിത നിലവാരത്തെയും, മനുഷ്യാവകാശലംഘനത്തെയും ഏർപ്പെടുത്തിയതുകൊണ്ട് ഇത് കാശ്മീരികളെ വളരെയധികം ബാധിച്ചു. ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള തർക്കത്തിന്റെ അസ്ഥിയാണ് കാശ്മീർ, ഇരു രാജ്യങ്ങളെയും പലതവണ തുറന്ന പോരാട്ടത്തിലേക്ക് എത്തിച്ചിട്ടുണ്ട്. അതിർത്തി കടന്നുള്ള തീവ്രവാദം ഒരു വലിയ പ്രക്ഷോഭിക്കലാണ്. ഷിംല കരാർ, ലാഹോർ പ്രഖ്യാപനം തുടങ്ങിയ ഉഭയകക്ഷി കരാറുകളിലൂടെ ഇരു രാജ്യങ്ങളുടെയും ബന്ധത്തിൽ ഗുണപരമായ മാറ്റം കൊണ്ടുവരാൻ ഇന്ത്യ പരിശ്രമിച്ചു.


ഇന്ത്യയും ശ്രീലങ്കയും

ഇന്ത്യയും ശ്രീലങ്കയും തമ്മിൽ സാംസ്കാരികവും ചരിത്രപരവും മതപരവുമായ ബന്ധങ്ങളുണ്ട്. പാക് കടലിടുക്കിന്റെ ഇടുങ്ങിയ വിസ്തൃതിയിൽ വേർതിരിക്കപ്പെടുന്ന ഇന്ത്യയും ശ്രീലങ്കയും ഉഭയകക്ഷി സ്വതന്ത്ര വ്യാപാരകരാറുകളുലൂടെയും പരസ്പരം മികച്ച ബന്ധം സ്ഥാപിക്കുകയും നല്ല വ്യപാരബന്ധം പങ്കിടുകയും ചെയ്യുന്നു. ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള ബന്ധത്തെ സൗഹാർദ്ദപരമായ ബന്ധം എന്ന് വിശേഷിപ്പിക്കാം. തമിഴ്വംശീയ പ്രശ്നം എന്ന ചെറിയ പിഴ മാത്രം ഇരു രാജ്യങ്ങളുടെയും ബന്ധത്തിൽ ചെറു നിഴൽ പതിച്ചതെങ്കിലും ഇന്ത്യയും ശ്രീലങ്കയും പരമ്പരാഗതമായി പരസ്പരം അടുത്തുനിൽക്കുന്നു. ശ്രീലങ്കയിലെ പെട്രോളിയം വിപണി, ഐ.ടി. മേഖല, റിയൽ എസ്റ്റേറ്റ്, ടെലികമ്മ്യൂണിക്കേഷൻ, വിനോദസഞ്ചാര തുടങ്ങിയ മേഖലകളിലെ മികച്ച നിക്ഷേപകരാണ് ഇന്ത്യ. അതുപോലെ ചരക്കുസേവനം, ലോജിസ്റ്റിക് മേഖല (സംഘടിത മേഖല)യിലെ മറ്റു നിക്ഷേപങ്ങൾക്കു പുറമെ ബ്രാൻഡിക്സ് (വിശാഖപട്ടണത്തെ വസ്ത്ര നഗരം), അടഹോൾഡിംഗ്സ്, ജോൺ കീൽസ്,

X Std - Civics Malayalam Unit-5.indd 284 1/27/2023 10:17:45 AM

ഹെയ്ലീസ് എന്നിവ ഇന്ത്യയിലെ ശ്രീലങ്കൻ നിക്ഷേപങ്ങളിൽ ഉൾപ്പെടുന്നവയാകുന്നു. അർഹരായ ശ്രീലങ്കൻ വിദ്യാർത്ഥികൾക്ക് പഠന സഹായധനം വർഷംതോറും നൽകുന്നു. കൂടാതെ ഇന്ത്യയുടെ നളന്ദാ യൂണിവേഴ്സിറ്റി പ്രൊജക്ടിലെ പങ്കാളിയാണ് ശ്രീലങ്ക.

ബുദ്ധമത പ്രചരണത്തിനായി അശോകൻ തന്റെ മകൻ മഹേന്ദ്രൻ, മകൾ സംഗമിത്രയെയും സിലോണിലേക്ക് (ശ്രീലങ്ക) അയച്ചിരുന്നു. ചോഴ രാജാക്കന്മാരായ രാജരാജ ഒന്നാമനും, രാജേന്ദ്ര ഒന്നാമനും സിലോണിന്റെ വടക്കൻ ഭാഗത്തെ പിടിച്ചടക്കിയിരുന്നു.



5.2 വികസിത രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം

ഒരു വികസിത രാജ്യം എന്നത് ഒരു പരമാധികാര രാജ്യമാണ്. അത് വളരെ സമ്പദ്വ്യവസ്ഥയോടുകൂടിയതും കുറഞ്ഞ വ്യവസായവൽക്കരിക്കപ്പെട്ട രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നൂതന സാങ്കേതിക വിദ്യയും, അടിസ്ഥാന സൗകര്യങ്ങളോടുകൂടിയതുമാകുന്നു.

ഇന്ത്യ വൻശക്തികളായ രാജ്യങ്ങളെ വളരെയധികം ശ്രദ്ധയോടെ സന്തുലിതമാക്കി കൈകര്യം ചെയ്യുകയും, ആഭ്യന്തര വികസനത്തിന് പരമാവധി നേട്ടം ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നു.

a. അമേരിക്കൻ ഐക്യനാടുകൾ (USA)

ഇന്ത്യയും അമേരിക്കൻ ഐക്യനാടുകളും ഒരു ആശയവിനിമയ സംയുക്ത സുരക്ഷാ ഉടമ്പടി (COMCASA) ഒപ്പുവെച്ചു. ഇത് പുതിയ തലമുറയെ ഉഭയകക്ഷി സൈനിക പങ്കാളിത്തത്തിലേക്ക് വഴി നയിക്കുന്നു. ഇത് 10 വർഷത്തെ കാലാവധിയുള്ളതാകുന്നു. യു.എസ്. പ്രതിരോധ നൂതന ആശയവിനിമയ സാങ്കേതികവിദ്യയെ ഉപയോഗിക്കുന്നതിന് COMCASA ഇന്ത്യയ്ക്ക് വഴിയൊരുക്കുന്നു. ഒപ്പം ഇരു രാജ്യങ്ങളിലെയും സൈനികർ തമ്മിൽ തൽസമയ വിവരങ്ങൾ പങ്കിടാൻ കഴിയുന്നു.

b. യൂറോപ്യൻ നാടുകൾ (European Countries)

എല്ലാ മേഖലകളിലും ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. പ്രത്യേകിച്ച് പ്രതിരോധം, ഭീകരവാദം, ആണവോർജ്ജം, ബഹിരാകാശം മുതലായവയിൽ സഹകരണവും കൈമാറ്റങ്ങളും വർദ്ധിച്ചുവരുന്നു. ഫ്രഞ്ച് ബഹിരാകാശ വിക്ഷേപണ പാഡ്സുകൾ ഐ.എസ്.ആർ.ഒ. ഉപയോഗിച്ചുവരുന്നു. സ്മാർട്ട് സിറ്റികളായ ചണ്ഡിഗർഹ്, നാഗ്പൂർ, പുതുച്ചേരി മുതലായവ വികസിപ്പിക്കുന്നതിനായി ഇന്ത്യയും ഫ്രാൻസും സഹകരിച്ചുപ്രവർത്തിക്കുന്നു. ഇന്ത്യയും ഫ്രാൻസും അന്താരാഷ്ട്ര സൗരോർജ്ജ കൂട്ടായ്മ ആരംഭിച്ചു. ഇത് സൗരോർജ്ജവുമായി സഹകരിച്ച് കടകരേഖയ്ക്കും മകരരേഖയ്ക്കും ഇടയിലുള്ള രാജ്യങ്ങളെ സംയോജിപ്പിക്കുകയും ചെയ്യുന്നു.

c. ആസ്ട്രേലിയ (Australia)

ഇന്ത്യയും ആസ്ട്രേലിയയും നയതന്ത്രപരമായ വിശ്വാസം വളർത്തിവരുന്നു. ഇന്ത്യയുടെ ഉഭയകക്ഷി നാവികാഭ്യാസവുമായി സമുദ്രസഹകരണം (AUSINDEX) വർദ്ധിപ്പിക്കുന്നതിന് ആസ്ട്രേലിയയും ഇന്ത്യയും തമ്മിലുള്ള ബന്ധത്തെ ആസ്ട്രേലിയ ഇന്ത്യൻ കൗൺസിലിൽ മെച്ചപ്പെടുത്തുകയും അവബോധം വളർത്തുകയും അതിന്റെ ഫലമായി അഭിവൃദ്ധിപ്രാപിക്കുകയും ചെയ്തു.

d. ജപ്പാൻ (Japan)

ജപ്പാനിലെ വേഗത കൂടിയ ട്രെയിൻ (ഷിങ്കാൻസെൻ) സംവിധാനം അവതരിപ്പിക്കാൻ ഇന്ത്യ തീരുമാനിച്ചു. സുരക്ഷയും കൃത്യതയുമുള്ള അതിവേഗ റെയിൽവേ സംവിധാനത്തിന്റെ ഉയർന്ന വകുപ്പാണിത്. ജപ്പാനീസ് സഹകരണത്തിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് ഡൽഹി മെട്രോ. ജപ്പാൻ സഹകരണത്തിന്റെ മറ്റൊരു മേഖലയാണ് മുംബൈ-അഹമ്മദാബാദ് അതിവേഗ റെയിൽവെ (MAHSR). ഇന്ത്യൻ റെയിൽവേയിൽ സേവനം അനുഷ്ഠിക്കുന്നതിനായി ജപ്പാൻ സർവകലാശാലയിൽ ബിരുദാനന്തര ബിരുദ പഠനത്തിന് പ്രതിവർഷം 20 സീറ്റുകൾ ജപ്പാൻ സർക്കാർ വാഗ്ദാനം നൽകിയിട്ടുണ്ട്.

ഉൽപ്പാദന മേഖലയിൽ ജപ്പാൻ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനുഫാചറിംഗിൽ (JIM) 30,000 ഇന്ത്യക്കാരെ പരിശീലിപ്പിക്കുന്നതിനുള്ള വാഗ്ദാനം നൽകി. ഇന്ത്യയുടെ ഉൽപാദന വ്യവസായ അടിത്തറ വർദ്ധിപ്പിക്കുന്നതിനും "മേക്ക് ഇൻ ഇന്ത്യ", "സ്കിൽ ഇന്ത്യ" എന്നീ സംരഭങ്ങൾക്ക് സഹായിക്കുന്നതിനായി ജാപ്പനീസ് ശൈലിയിലുള്ള നിർമ്മാണകഴിവുകൾ പകർന്നു നൽകി.

2017-ൽ ഗുജറാത്ത്, കർണ്ണാടക, രാജസ്ഥാൻ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ ആദ്യത്തെ നാല് JIM സ്ഥാപനങ്ങൾ തുടങ്ങി. JEC (രണ്ട് എഞ്ചിനീ

X Std - Civics Malayalam Unit-5.indd 285 1/27/2023 10:17:45 AM



യറിംഗ് കോളേജുകളിൽ ജപ്പാൻ നൽകുന്ന പഠനം) ആന്ധ്രയിൽ ആരംഭിച്ചു.

വിവരവും ആശയവിനിമയ സാങ്കേതിക വിദ്യയിൽ മൂന്ന് ഇന്ത്യ-ജപ്പാൻ സംയുക്ത ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി സമീപകാല തീരുമാനങ്ങളിൽ ഉൾപ്പെടുന്നു. (ഇന്റർനെറ്റ് കാര്യങ്ങളും, നിർമ്മിത ബുദ്ധി മറ്റും ഡാറ്റാ അനലിറ്റിക്സ്).

5.3 ഇന്ത്യയും പശ്ചിമേഷ്യയും (India and West Asia)

പശ്ചിമേഷ്യയിൽ ഈജിപ്ത്, അറേബ്യൻ പെനിൻസുല, തുർക്കി, ഇറാൻ എന്നിവ ഉൾപ്പെടുന്നു. ഇന്ത്യ, പശ്ചിമേഷ്യയുമായി ചരിത്രാതീതകാലം മുതൽ വാണിജ്യബന്ധം സ്ഥാപിച്ചിരുന്നു. മെസൊപ്പൊട്ടോമിയൻ നാഗരികത മറ്റു സിന്ധു നദീതട നാഗരികതകളിലും വാണിജ്യബന്ധം പുലർത്തിയിരുന്നു.

സാമ്പത്തികമായും തന്ത്രപരമായും ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഗണ്യമായ പ്രാധാന്യമുള്ള പ്രദേശമായി പശ്ചിമേഷ്യ നിലകൊള്ളുന്നു. പശ്ചിമേഷ്യ ഭൂപ്രകൃതിയും ഊർജ്ജസമ്പന്നവുമായ മധ്യേഷ്യയുടെ കവാടമായി നിലകൊള്ളുന്നു. പുതിയ സഹസ്രാബ്ദം വരവോടെ, ഗൾഫ് സഹകരണ കൗൺസിൽ (GCC) രാജ്യങ്ങളും ഇന്ത്യയും തമ്മിലുള്ള ബന്ധത്തിൽ അസാധാരണമായ വഴിത്തിരിവ് ഉണ്ടായി.

ഇന്ത്യയും അഫ്ഗാനിസ്ഥാനും ഇറാനും തമ്മിൽ ചമ്പഹാർ കരാർ എന്ന ത്രിരാഷ്ട്ര കരാർ ഒപ്പുവെച്ചു, രാജ്യങ്ങൾക്കിടയിൽ ഗതാഗത, ഇടനാഴി സ്ഥാപിക്കുന്നതിന് കാരണമായി. പാക്കിസ്ഥാനെ മറികടന്ന് അഫ്ഗാനിസ്ഥാനിലെയും മധ്യേഷ്യയിലേയും ഭൂപ്രദേശങ്ങളിലേക്ക് പ്രവേശിക്കാനുള്ള സുവർണ്ണ കവാടമായിട്ടാണ് ഈ തുറമുഖം കാണപ്പെടുന്നത്.

പുരാതന സുമേറിയയിൽ നിന്ന് ബഹ്റൈൻ വഴി സിന്ധു നാഗരികതയിലേക്ക് മെലുഹ എന്നറിയപ്പെടുന്ന ഏറ്റവും പഴയ സമുദ്ര വ്യാപാരമാർഗ്ഗങ്ങളിലൊന്ന് കാണപ്പെട്ടിരുന്നു.

മധ്യകാലഘട്ടത്തിൽ ഒരു പ്രശസ്ത പണ്ഡിതൻ എം.എസ്. അഗ്വാനി, വൈദ്യശാസ്ത്രം, ഗണിതം, ജ്യോതിശാസ്ത്രം എന്നിവയിലെ ഇന്ത്യൻ വൈദഗ്ദ്ധ്യം അറബ്, ഇറാനിയൻ പണ്ഡിതന്മാർ വളരെയധികം വിലമതിച്ചിരുന്നു, അത് അവരുടെയും ബൗദ്ധിക പാരമ്പര്യത്തിന്റെ ഭാഗമാക്കി.

5.4 ഇന്ത്യയും അന്തർദേശീയ സംഘടനകളും

ഇന്ത്യ അതിശക്തമായ ഒരു രാഷ്ട്രമാണ്, മാത്രമല്ല ലോകമെമ്പാടുമുള്ള രാജ്യങ്ങളുമായി അന്താരാഷ്ട്രസ്വാധീനം ചെലുത്തിവരുന്നു. പുതുതായി വ്യവസായിക രാഷ്ട്രമായതിനാൽ നിരവധി രാജ്യങ്ങളുമായി സഹകരിച്ച് പ്രവർത്തിച്ച ചരിത്രവും ഇന്ത്യക്കുണ്ട്. നിരവധി അന്താരാഷ്ട്ര

X Std - Civics Malayalam Unit-5.indd 286 1/27/2023 10:17:46 AM

പൊതുസാമ്പത്തിക നയതന്ത്രത്തിൽ ഇന്ത്യ സജീവമായി ഏർപ്പെട്ടിരിക്കുന്നു. ഇത് രാജ്യത്തിനെ നിരവധി സാമ്പത്തിക സഖ്യങ്ങളുടെ ഭാഗമാണെന്ന് വ്യക്തമാക്കുന്ന പട്ടിക ചുവടെ കൊടുക്കുന്നു.

ആഗോളഗ്രൂപ്പിം ഗ്രൂപ്പുകളുടെ പേര്	അംഗരാജ്യങ്ങളുടെ പേര്	ലക്ഷ്യങ്ങൾ
ഐ.ബി.എസ്.എ. (IBSA)	ഇന്ത്യ,ബ്രസീൽ, ദക്ഷിണാഫ്രിക്ക	കൃഷി, വിദ്യാഭ്യാസം, ഊർജ്ജം, വ്യാപാരം, സംസ്കാരം, പ്രതിരോധം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
ബി.സി.ഐ.എം. (BCIM)	ബംഗ്ലാദേശ്, ചൈന, ഇന്ത്യ, മ്യാന്മാർ	ക്യതിദുരന്തങ്ങൾ, ഡാറ്റാലംഘനങ്ങൾ എന്നിവപോലുള്ള ഭീഷണികളോട് പ്രതികരിക്കുന്നതിനും ബിസിനസ്സ് താത്പര്യങ്ങൾ പരിരക്ഷിക്കുന്നതിനും.
ആഗോളഗ്രൂപ്പുകളുടെ പേര്	ഇന്ത്യ, കമ്പോഡിയ, ലാവോസ്,പി.ടി. ആർ, മ്യാൻമാർ,തായ്ലാന്റ്, വിയറ്റ്നാം	ഗംഗ-മെകോംഗ്തടത്തിൽ ആവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കുക.
ഐ.ബി.എസ്.എ. (IBSA)	ബംഗ്ലാദേശ്, ഇന്ത്യ, മ്യാൻമാർ, ശ്രീലങ്ക, തായ്ലന്റ്, ഭൂട്ടാൻ, നേപ്പാൾ	സാങ്കേതിക സാമ്പ ത്തിക സഹകരണം, നേരിട്ടുള്ള നിക്ഷേപ സഹകരണം എന്നിവ ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും.
ആർ.സി.ഇ.പി. (RCEP) പ്രാദേശിക സമഗ്ര സാമ്പത്തിക പങ്കാളിത്തം	ആസ്ട്രേലിയ,ഭൂട്ടാൻ,കമ്പോഡിയ, ചൈന, ഇന്ത്യ, ഇന്തോഷ്യേ, ജപ്പാൻ, കൊറിയ, ലാവോസ്,മലേഷ്യ, മ്യാൻമർ, ന്യൂസിലാന്റ്, ഫിലിപ്പൈൻസ്, സിംഗപ്പൂർ, തായ്ലന്റ്, വിയറ്റ്നാം	ചരക്കുകളുടെ വ്യാപാരം, സേവനത്തി ലെ വ്യാപാര നിക്ഷേപം, സാങ്കേതിക സഹകരണ തർക്ക പരിഹാരം, മറ്റ് പ്രശ്നങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ആധുനിക ഉയർന്ന നിലവാരമുള്ളതും പരസ്പര പ്രയോജനകരവുമായ കരാർ നേടുന്നതിന്.
ഇ.എ.എസ്. (EAS) കിഴക്കൻ ഏഷ്യാ ഉച്ചകോടി	10 ആസിയാൻ (ASEAN) രാജ്യങ്ങൾ യു.എസ്.എ., ചൈന, ഇന്ത്യ, ജപ്പാൻ ഉൾപ്പെടെ 8 തന്ത്രപര മായപങ്കാളികൾ	സമാധാനവും സ്ഥിരതയും പ്രോത്സാഹിപ്പിക്കുന്നതിന്.
ജി.സി.സി. (GCC) ഗൾഫ് സഹകരണ കൗൺസിൽ	ബഹറിൻ, കുവൈറ്റ്, ഒമാൻ, ഖത്തർ, സൗദിഅറേബ്യ, യു.എ.ഇ., ഇന്ത്യ	അവരവരുടെ പൊതുലക്ഷ്യങ്ങളും സമാനമായ രാഷ്ട്രീയ സാംസ്കാരിക ഐഡന്റികളും അടിസ്ഥാനമാക്കി ഐക്യം കൈവരിക്കുക.
ബി.ബി.ഐ.എൻ. (BBIN)	ബംഗ്ലാദേസ്, ഭൂട്ടാൻ,ഇന്ത്യ, നേപ്പാൾ	ഊർജ്ജവികസനത്തിനായി.
എസ്.സി.ഒ (SCO) ഷാങ്ഹായ് സഹകരണസംഘടന	ഇന്ത്യ, ഖസാക്കിസ്ഥാൻ, ചൈന, കിർഗിസ്ഥാൻ, പാക്കിസ്ഥാൻ, റഷ്യ, താജിക്കിസ്ഥാൻ, ഉസ്ബക്കിസ്ഥാൻ	സുരക്ഷയുമായി ബന്ധപ്പെട്ട് ആശങ്ക കൾ, അതിർത്തി പ്രശ്നങ്ങൾ പരിഹരിക്കുക, രഹസ്യാന്വേഷണ പങ്കിടൽ, ഭീകരതയെ ചെറുക്കു കഎന്നിവയ്ക്കായി.

X Std - Civics Malayalam Unit-5.indd 287 1/27/2023 10:17:46 AM



സംഘടനകളിലെ പ്രമുഖ അംഗമാകുകയും, ചില സംഘടനകളുടെ സ്ഥാപകാംഗമായും ഇന്ത്യപ്ര വർത്തിച്ചിട്ടുണ്ട്. യഥാക്രമം യു.എൻ, എ എം, സാർക്ക്, ജി20, കോമൺവെൽത്ത്, തുടങ്ങിയ സംഘടനകളിലും ഇന്ത്യ അംഗമാണ്.

സൈനിക സംഘട്ടനങ്ങൾ അവസാനി പ്പിക്കുന്നതിനും രാജ്യങ്ങൾക്കിടയിൽ സമാധാനംപു ലർത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും ഇന്ത്യ ഐക്യരാഷ്ട്രസംഘടനയുടെ എല്ലാ പരിശ്രമങ്ങളിലും സഹായിക്കുന്നു.

ബ്രിക്സ്

ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക എന്നിവ പ്രാദേശിക, അന്തർദേശീയ തലങ്ങളിൽ വളർന്നുവരുന്ന സമ്പദ്‌വ്യവസ്ഥകളെയും രാഷ്ട്രീയ ശക്തികളെയും നയിക്കുന്നു. ചൈനയിലെ ഷാൻഹായിലാണ് ബ്രിക്സ് ഓർഗനൈസേഷന്റെ ആസ്ഥാനം. ലോകത്തിന്റെ തെക്ക് ഭാഗത്തുള്ള രാജ്യങ്ങൾക്ക് വടക്ക് ഭാഗത്തുള്ള രാജ്യങ്ങളെ വെല്ലുവിളിക്കാനുള്ള സാധ്യത ബ്രിക്സ് തുറന്നു കൊടുത്തു. ഇന്ത്യ ഇതിലെ ഒരു സജീവ അംഗമാണ്. ഈ സഹകരണം ഇന്ത്യയുടെ ആഗോള രൂപരേഖ നിർമ്മിക്കുന്നതിന് വഴിയൊരുക്കുന്നു.

> പ്രശസ്ത ബ്രിട്ടീഷ് സാമ്പത്തിക ശാസ് ത്രജ്ഞനായ ജിം ഓനിൻ ആണ് ബ്രിക്സ് എന്ന ചുരുക്കെഴുത്ത് ഉപയോഗിച്ചത്. 2050 ആകുമ്പോഴേക്കും ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന എന്നിവ ഏറ്റവും കൂടുതൽ വ്യവസായിക രാജ്യങ്ങളായ ആറ് രാജ്യങ്ങളേക്കാൾ ഡോളർ കണക്കിൽ വലുതായി മാറുമെന്നും കഴിഞ്ഞ 300 വർഷത്തെ അധികാരതന്ത്രങ്ങളെ പൂർണ്ണമായും മാറ്റുമെന്നും അദ്ദേഹം പ്രവചിച്ചു.

ബ്രിക്സ് രൂപീകരിക്കുന്നതിനുള്ള കാരണം

ലോകബാങ്കിനും ഐ.എം.എഫി നും ഒരു പകരക്കാരനായി യു.എസ്. മേധാവിത്വത്തെ വെല്ലുവിളിക്കുന്നതിനു ബ്രിക്സ് രൂപീകരിച്ചു.

അംഗരാജ്യങ്ങളിൽ വികസനവുംസാമ്പത്തി കവുമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വയം ഉടമസ്ഥതയിലും സ്വയം നിർമ്മി തവുമായ സംഘടനകൾ നൽകുന്നതിന് ബ്രിക്സ് രൂപീകരിച്ചു.

അംഗരാജ്യങ്ങളുടെ ലക്ഷ്യങ്ങൾ

- പ്രദേശിക വികസനം കൈവരിക്കുന്നതിന്
- ഇത് വികസിത രാജ്യങ്ങൾക്കും വികസ്വരരാ ജ്യങ്ങൾക്കും ഇടയിൽ ഒരു പാലമായി പ്രവർത്തിക്കുക.
- മാനവികതയുടെ വികസനത്തിന് വിപുലമായ സംഭാവന നൽക്കുക.
- കൂടുതൽ നീതിപൂർവം നീതിയുക്തമായ ഒരു ലോകം സ്ഥാപിക്കുക.
- വ്യാപാര സഹകരണം വർദ്ധിപ്പിക്കുന്നതിനും നിലവിലെ അന്താരാഷ്ട്ര സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്നതിനും അവരുടെ പ്രാദേശിക കറൻസികളിൽ ബ്രിക്സിന്റെ വ്യാപാരം വർദ്ധിപ്പിക്കുക ലക്ഷ്യമിടുന്നു.

X Std - Civics Malayalam Unit-5.indd 288 1/27/2023 10:17:47 AM

- അംഗരാജ്യങ്ങൾക്കിടയിൽ സാങ്കേതിക ആശയവിനിമയം പ്രോത്സാഹിപ്പിക്കുന്നതിന്.
- വ്യവഹാരങ്ങൾ സൃഷ്ടിക്കുന്നതിലും ദാരിദ്ര്യനിർമ്മാർജ്ജനത്തിനെതിരെ പോരടുന്നതിലും അംഗങ്ങളുടെ സാമ്പത്തിക പരിവർത്തനത്തെ ത്വരിതപ്പെടുത്തുന്നതിനു മുള്ള സമഗ്രമായ സാമ്പത്തിക വളർച്ച വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

ബ്രിക്സിന്റെ സാമ്പത്തിക രൂപകല്പന

പുതിയ വികസനബാങ്ക് (എൻഡിബി) ഒരു ബഹുരാഷ്ട്രവികസന ബാങ്കാണ്. അടിസ്ഥാന സൗകര്യപദ്ധതികൾക്ക് വായ്പ നൽകുന്നതാണ് ഇതിന്റെ പ്രാഥമിക ലക്ഷ്യം. സാമൂഹികമായും പാരിസ്ഥിതികമായും സാമ്പത്തികവും സുസ്ഥിരവുമായ പദ്ധതികളിലൂടെ ദേശീയതലത്തിൽ സ്ഥാപിതമായ വികസന പദ്ധതികളിലേക്ക് സംഭാവന നൽകുകയാണ് ഇത് ലക്ഷ്യമിടുന്നത്. പുനരുപയോഗ ഊർജ്ജസ്രോതസ്സുകൾ വികസിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതികൾക്ക് ഇത് മുൻഗണന നൽകുന്നു.

കറൻസി പ്രശ്നങ്ങൾ ഉൾപ്പെടുന്ന പദ്ധതി ആഗോളസാമ്പത്തിക മാന്ദ്യതയിൽ നിന്നും പരിരക്ഷ നൽകുന്നതിനുള്ള ഒരു ചട്ടക്കൂടാണ് അനിശ്ചിതകാല കരുതൽ ധനക്രമീകരണം.

ബ്രിക്സ് പണം കൊടുക്കും പദ്ധതി

2015 ബ്രിക്സ് ഉച്ചകോടിയിൽ, ബ്രിക്സ് രാജ്യങ്ങളിൽ നിന്നുള്ള മന്ത്രിമാർ സൊസൈറ്റി ഫോർ വേൾഡ് വൈഡ് ഇന്റർബാങ്ക് ഫിനാൻഷ്യൽ ടെലികമ്മ്യൂണിക്കേഷൻ (സ്വിഫ്റ്റ്) സംവിധാനത്തിന് പകരമായി പണം കൊടുക്കുകയും പദ്ധതിയുടെ ആലോചനയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു.

അംഗരാജ്യങ്ങൾക്കിടയിൽ സഹകരണം വർദ്ധിപ്പിക്കുന്ന ഘടകങ്ങൾ

ഒന്നാമതായി വികസ്വരരാജ്യങ്ങൾക്കിടയിലെ നിലവിലുള്ള സാഹചര്യത്തെ പ്രതിഫലിപ്പിക്കുന്ന ഒരു സാമ്പത്തിക ക്രമം രൂപപ്പെടുത്തുന്നതിന് ബ്രിക്സ് ശ്രമങ്ങൾ നടത്തുന്നു. ഇക്കാര്യത്തിൽ, മാറ്റങ്ങൾക്കായി എൻഡിബിയുടെയും സിആർഎയുടെയും ആശയങ്ങളെ ഭൗമസാമ്പത്തിക ഭൗമരാഷ്ട്രീയ മേഖലകളിൽ സ്വാധീനം ചെലുത്തും.

രണ്ടാമതായി, ആഗോളഭരണത്തിൽ ബ്രിക്സ് രാജ്യങ്ങളുടെ ബദൽ ആശയം മറ്റു രാജ്യങ്ങളിൽ പിന്തുണ ആകർഷിക്കുക.

മൂന്നാമതായി മറ്റ് മേഖലകളിലേക്ക് ബ്രിക്സ് ഇടപെടൽ വ്യാപിക്കുന്നത് അതിനെ കൂടുതൽ ശക്തമായ പങ്കാളിത്തമുള്ളതാക്കും.

ഓപെക്

പെട്രോളിയം കയറ്റുമതി രാജ്യങ്ങളുടെ സംഘടന (എണ്ണ ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളുടെ ഒരു കൂട്ടം) ഇറാഖിലെ ബാഗ്ദാദിൽ സ്ഥാപിതമായ ഓസ്ട്രേലിയയിലെ വിയന്ന ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു അന്തർദേശീയ സംഘടനയാണ് ഒപെക്. ഇറാൻ, ഇറാഖ്, കുവൈറ്റ്, സൗദി അറേബ്യ, വെനിസ്വേല എന്നിവയാണ് ഒപെക്കിന്റെ സ്ഥാപക അംഗങ്ങൾ.

അംഗത്വത്തിൽ മൂന്ന് വിഭാഗങ്ങളുണ്ട്. സ്ഥാപകഅംഗങ്ങൾ, മുഴുവൻ അംഗങ്ങൾ, അസോസിയേറ്റ് അംഗങ്ങൾ. നിലവിൽ 15 അംഗരാജ്യങ്ങളുണ്ട്. (ഒരെണ്ണം തെക്കേ അമേരിക്കയിലും ആറെണ്ണം മധ്യകിഴക്കിലും, ഏഴെണ്ണം ആഫ്രിക്കയിലും). അസംസ്കൃത എണ്ണ കയറ്റുമതി ചെയ്യുന്നതും സംഘടനയുടെ ആശയങ്ങൾ പങ്കിടുന്നതുമായ ഏതൊരു രാജ്യത്തിനും ഒപെക് അംഗത്വം ലഭ്യമാണ്.

ഒപെകിന്റെ ദൗത്യം

- അംഗരാജ്യങ്ങളിൽ എണ്ണ നയങ്ങൾ ഏകോപിപ്പിക്കുക.
- എണ്ണ വിപണികളെ സുസ്ഥിരമാക്കാൻ സഹായിക്കുക.
- പെട്രോളിയം ഉൽപാദകർക്ക് ന്യായവും സുസ്ഥിരവുമായ വരുമാനം നേടുന്നതിന്.
- ഉപയോഗിക്കുന്ന രാജ്യങ്ങൾക്ക് കാര്യക്ഷമവും സാമ്പത്തികവും സ്ഥിരവുമായ എണ്ണ വിതരണം.
- പെട്രോളിയം വ്യവസായത്തിൽ മൂലധനം നിക്ഷേപിക്കുന്നവർക്ക് ന്യായമായ വരുമാനം.

ഒപെക് മറ്റു രാജ്യങ്ങളെ എങ്ങനെ സഹായിക്കുന്നു?

കുറഞ്ഞ പലിശ വായ്പയ്ക്കുള്ള പദ്ധതികൾ ധനസഹായം നൽകുന്ന ഒരു സ്ഥാപനമാണ് ഒപെക് ഫണ്ട് ഫോർ ഇന്റർനാഷണൽ ഡവലപ്മെന്റ് (ഒപിഐഡി). സാമൂഹികവും മാനുഷികവുമായ പദ്ധതികൾക്ക് ഇത് ധനസഹായം നൽകുന്നു.

ഒപെക് ലോഗോ

1969-ൽ നടന്ന ഒരു അന്താരാഷ്ട്ര ഡിസൈൻമത്സരത്തിന്റെഫലമായി രൂപപ്പെട്ടതാണ്. ഓസ്ട്രിയൻ ഡിസൈനർ സ്വബോഡ തന്റെ ഡിസൈനിനൊപ്പം മത്സരത്തിൽ വിജയിച്ചു. ഇത് സംഘടയുടെ പേരിൽ വ്യത്യസ്ത അക്ഷരങ്ങൾ വ്യത്തകൃതിയിലുള്ള രൂപകല്പനയിൽ സംയോജിപ്പിച്ചു.

പെട്രോളിയം, ഊർജ്ജം, എണ്ണ, വിപണി എന്നിവയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, റിപ്പോർട്ടുകൾ, ഭൂപടങ്ങൾ, കോൺഫറൻസ് നടപടികൾ എന്നിവയടക്കം 20,000 ത്തിലധികം വാല്യങ്ങളുള്ള ഒരു വിവരശേഖരണ കേന്ദ്രമാണ് ഒപെക്കിനുള്ളത്. വിവരശേഖരകേന്ദ്രം പൊതുജനങ്ങൾക്കായി തുറന്നിരിക്കുന്നു.ഇത് പലപ്പോഴും ഗവേഷകരും വിദ്യർത്ഥികളും ഉപയോഗിക്കുന്നു.

X Std - Civics Malayalam Unit-5.indd 289 1/27/2023 10:17:47 AM

ഒപെക് നാടുകളുമായുള്ള ഇന്ത്യയുടെ ബന്ധം

അസംസ്കൃത എണ്ണ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന രാജ്യമാണ് ഇന്ത്യ. ഇന്ത്യയുടെ സാമ്പത്തിക വളർച്ചയിൽ ഒപെക് നിക്ഷിപ് തതാത്പര്യം പ്രകടിപ്പിച്ചു. 86% അസംസ്കൃത എണ്ണ, 70% പ്രകൃതിവാതകം, 95% പാചക വാതകം എന്നിവ ഒപെക് രാജ്യങ്ങളിൽ നിന്ന് ഇന്ത്യ ഇറക്കുമതി ചെയ്യുന്നു. ഒപെക്കിന്റെ മികച്ച പങ്കാളിയായി ഇന്ത്യയെ തിരിച്ചറിയുന്നു.

ഇന്ത്യയിൽ വേണ്ടത്ര എണ്ണ ശേഖരണം ഇല്ല. ഇന്ത്യക്ക് എണ്ണ ഉൽപ്പാദിപ്പിക്കാൻ കഴിയില്ല. ആവശ്യമായ എണ്ണശേഖരണം ഇല്ലാത്ത ഇന്ത്യ കാർഷിക മേഖലയിലും വ്യവസായിക ഉൽപാദനത്തിലും ശക്തമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നു

ഉപസംഹാരം

സാമ്പത്തിക വാണിജ്യ സഹകരണത്തിനു പുറമെ, വിദ്യാഭ്യാസം, ആരോഗ്യം, തീവ്രവാദത്തിനെതിരെ പോരാടൽ, ദുരന്തനി വാരണ പ്രവർത്തനങ്ങൾ, പൗരന്മാർക്കുള്ള തൊഴിൽ, സംഘടിത കുറ്റകൃത്യങ്ങൾ തടയുക, സാങ്കേതിക വികസനം തുടങ്ങിയ മേഖലകളിൽ അയൽരാജ്യങ്ങളുമായി ഊഷ്മള ബന്ധം പുലർത്താനും ഇന്ത്യ ആഗ്രഹിക്കുന്നു.

സംഗ്രഹം

- ഇന്ത്യ എല്ലായ്പ്പോഴും സമാധാന സൗഹൃദരാജ്യമായി അറിയപ്പെടുന്നു. മാത്രമല്ല ലോക സമാധാനത്തിന്റെ ലക്ഷ്യത്തിൽ എത്താൻ കഠിനമായി പരിശ്രമിക്കുകയും ചെയ്തു.
- ഇന്ത്യക്ക് എല്ലാ അയൽരാജ്യങ്ങളുമായി സൗഹാർദ്ദപരവും ചരിത്രപരവും മതപരവുമായ സാമ്പത്തിക, വംശീയ, ഭാഷാപരമായ ബന്ധമുണ്ട്.
- പൊതുജനാരോഗ്യം, ചെറുകിടവ്യവസായങ്ങൾ, ആശയവിനിമയം, വിദ്യാഭ്യാസം, റോഡുകളുടെയും, പാലങ്ങളുടെയും നിർമ്മാണം എന്നിവയിൽ ഇന്ത്യ അയൽരാജ്യങ്ങളെ പിന്തുണയ്ക്കുന്നു.
- അയൽരാജ്യങ്ങൾക്ക് കെട്ടിടങ്ങൾ, ഡിസ്പെൻസറികൾ, ആഴത്തിലുള്ള കുഴൽക്കിണറുകൾ എന്നിവ നിർമ്മിക്കുന്നതിന് സഹായം നൽകുന്നു.
- അയൽനാടുകളുടെ വികസനത്തിന് ധനസഹായത്തിന്റെയും ഫണ്ടുകളുടെയും രൂപത്തിൽ ഇന്ത്യ മുൻകൂട്ടി സംഭാവന നൽകുന്നു.
- ഇന്ത്യക്ക് വൻകിടശക്തികളുമായി നല്ല ബന്ധമുണ്ട്. ഒപ്പം ആഭ്യന്തര വികസനത്തിന് പരമാവധി നേട്ടം കൊയ്യാനും ശ്രമിക്കുന്നു.
- എല്ലാ ശ്രമങ്ങളിലും ഇന്ത്യ യു.എൻ.ഒ. യ്ക്ക് പിന്തുണ നൽകുന്നു.
- ഇന്ത്യ ബ്രിക്സിലെ സജീവ അംഗമാണ്, ഇത് ആഗോളതലത്തിൽ രൂപപ്പെടുത്താൻ വഴിയൊരുക്കുന്നു.

A-Z പദപരിചയം

ഏകജാതീയമായ	Homogenous	Of the same kind/alike
രണ്ട് രാജ്യങ്ങൾക്കിടയിലുള്ള ചരക്കുനീക്കം	Bilateral trade	Trading between two countries
ജലവൈദ്യുത പദ്ധതി	Hydroelectric Project	Producing electricity by using the power of fast moving water
അടിസ്ഥാന സൗകര്യങ്ങൾ	Infrastructure	The basis organisational facilities
പഴയകാലം	Antiquity	The ancient past
രണ്ടായി പിരിക്കൽ	Bifurcation	To divide into two parts
സൂക്ഷ്മ നിരീക്ഷണം	Surveillance	Close observation

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. രാജ്യങ്ങൾക്കിടയിലുള്ള അതിർത്തിയാണ് മൻമോഹൻ ലൈൻ?
   a) ബർമ്മക്കുംഇന്ത്യക്കും
   b) ഇന്ത്യക്കുംനേപ്പാളിനും
   c) ഇന്ത്യയ്ക്കും ചൈനയ്ക്കും
   d) ഇന്ത്യക്കും ഭൂട്ടാനും
2. താഴെ കാണുന്നവയിൽ ഏത് സംഘടനയിലാണ് ഇന്ത്യ അംഗമല്ലാത്തത്. ?
   a) G20 b) ASEAN
   c) SAARC d) BRICS

X Std - Civics Malayalam Unit-5.indd 290 1/27/2023 10:17:47 AM

ശരിയായ തെരഞ്ഞെടുക്കുക

a) 4 മാത്രം b) 2 ഉം 4
c) 2ഉം 4 ഉം 1 d) 1ഉം 2 ഉം 3

3. OPEC എന്നത്
   a) അന്തർദേശീയ ഇൻഷൂറൻസ് കമ്പനി.
   b) അന്തർദേശീയ സ്പോർട്സ് ക്ലബ്.
   c) എണ്ണകയറ്റുമതി ചെയ്യുന്ന രാജ്യങ്ങളുടെ സംഘടന.
   d) അന്തർദേശീയ കമ്പനി.

4. ഇന്ത്യയുമായി കരമാർഗ്ഗം ഏറ്റവും കൂടുതൽ വ്യാപാര അതിർത്തി പങ്കിടുന്ന രാജ്യമേത്?
   a) ബംഗ്ലാദേശ് b) മ്യാൻമാർ
   c) അഫ്ഗാനിസ്ഥാൻ d) ചൈന

5. താഴെ തന്നിരിക്കുന്നവയെ യോജിപ്പിച്ച് ഉത്തരം കണ്ടുപിടിക്കുക.
   i) സൽമാ ഡാം - 1. ബംഗ്ലാദേശ്
   ii) ഫറാക്ക് അക്കോർഡ് - 2. നേപ്പാൾ
   iii) ചുക്കാ ജലവൈദ്യുത പദ്ധതി - 3. അഫ്ഗാനിസ്ഥാൻ
   iv) ഷാർദ നദീതട പദ്ധതി - 4. ഭൂട്ടാൻ
   a) 3 1 4 2 b) 3 1 2 4
   c) 3 4 1 2 d) 4 3 2 1

6. എത്ര രാജ്യങ്ങളാണ് ഇന്ത്യയുമായി അതിർത്തി പങ്കിടുന്നത് ?
   a) 5 b) 6 c) 7 d) 8

7. ഇന്ത്യയുടെ അയൽരാജ്യങ്ങളായ ദ്വീപ് രാഷ്ട്രങ്ങൾ ഏവ?
   a) ശ്രീലങ്ക, ആന്തമാൻ ദ്വീപ്,
   b) മാലദ്വീപ്, ലക്ഷദ്വീപ്,
   c) മാലദ്വീപ്, നിക്കോബാർ ദ്വീപ്
   d) ശ്രീലങ്കാദ്വീപ്

8. മൂന്ന് രാജ്യങ്ങളാൽ ചുറ്റപ്പെട്ട ഇന്ത്യൻ സംസ്ഥാനമേത്?
   a) അരുണാചൽപ്രദേശ് b) മേഘാലയ
   c) മിസ്സോറാം d) സിക്കിം

9. എത്ര ഇന്ത്യൻ സംസ്ഥാനങ്ങൾ നേപ്പാളുമായി അതിർത്തി പങ്കിടുന്നു.
   a) 5 b) 4
   c) 3 d) 2

10. പുതിയതായി സ്വാതന്ത്ര്യം നേടിയ പാക്കിസ്ഥാന്റെ അതിർത്തിരേഖ വരച്ചതാര്?
    a) മൗണ്ട് ബാറ്റൺ പ്രഭു
    b) സർസിറിൽ റാഡ്ക്ലൈഫ്
    c) ക്ലമന്റ് ആറ്റ്ലി
    d) ഇവരാരുമല്ല

II. പൂരിപ്പിക്കുക:

1. _____ ആണ് ഏറ്റവും ചെറിയ ഹിമാലയൻ രാജ്യം.
2. തെക്കുകിഴക്കൻ ഏഷ്യയിലേക്കുള്ള ഇന്ത്യയുടെ കവാടമാണ്_____.
3. പശ്ചിമബംഗാളിനും ബംഗ്ലാദേശിനുമിടയിൽ ഇന്ത്യക്കുള്ള സ്വന്തമായ തുണ്ടുനിലമാണ് _____.
4. ഇടിമിന്നലിന്റെ ദേശം എന്നറിയപ്പെടുന്നത്. _____ആണ്.

III. താഴെ കാണുന്ന പ്രസ്താവനകൾ പരിശോധിച്ച് ശരിയായവ ടിക് ചെയ്യുക:

1. ഇന്ത്യക്കും, മ്യാൻമാറിനും ഇടയിലുള്ള കലാഡൻ ഗതാഗതപദ്ധതി താഴെ കാണുന്നവയിൽ ഏത് വിഭാഗത്തിലുള്ള ഗതാഗതമാണ്.
   1) റോഡ് 2) റെയിൽവേ
   3) ജലഗതാഗതം 4) ദേശീയജല ഗതാഗതം

   താഴെ കാണുന്നവയിൽ ശരിയായവ തെരെഞ്ഞെടുത്തെഴുതുക.
   a) 1, 2 ഉം 3 മാത്രം
   b) 1, 3 ഉം 4 മാത്രം
   c) 2, 3 ഉം 4 മാത്രം
   d) 1, 2, 3 ഉം 4

2. **പ്രസ്താവന (A):** ഇന്ത്യയും ഫ്രാൻസും ചേർന്ന് അന്തർദേശീയ സൗരോർജ്ജ സഖ്യം തുടങ്ങി.
   കാരണം (R): ഈരണ്ടു രാജ്യങ്ങളും ഉത്തരായന രേഖയ്ക്കും, ദക്ഷിണായനരേഖയ്ക്കും ഇടയിലുള്ള സൗരോർജ്ജ സഹകരണത്തിനായിട്ടാണ് ഇത് ചെയ്തത്.
   a) A ശരിയാണ്. R A യുടെ ശരിയായ വിശദീകരണമാണ്.
   b) A ശരിയാണ്. R, A യുടെ ശരിയായ വിശദീകരണമല്ല.
   c) A തെറ്റാണ്, R ശരിയാണ്.
   d) രണ്ടും തെറ്റാണ്.

IV. യോജിപ്പിക്കുക:

1.	ബ്രാൻഡിക്സ്	വിയന്ന
2.	COMCASA	ജപ്പാൻ
3.	ഷികാൻസെൻ സമ്പ്രദായം	ഹാൻഹായ്
4.	ബ്രിക്സ് (BRICS)	USA
5.	ഒപ്പെക് (OPEC)	വിശാഖപട്ടണത്തിലെ വസ്ത്രനഗരം

X Std - Civics Malayalam Unit-5.indd 291 1/27/2023 10:17:48 AM

V. ചുരുക്കി ഉത്തരമെഴുതുക:

1. ഇന്ത്യയുടെ അയൽരാജ്യങ്ങളുടെ പേരെഴുതുക.
2. യുദ്ധ തന്ത്രനൈപുണ്യപങ്കാളിത്ത (SPA) ഉടമ്പടിയെക്കുറിച്ച് കുറിപ്പെഴുതുക.
3. ബ്രിക്സ് (Bricks) അംഗരാജ്യങ്ങളുടെ പേരെഴുതുക.
4. കലാടൻ വൈവിധ്യമാതൃക ഗതാഗതപദ്ധതി യെക്കുറിച്ച് നിനക്കെന്തറിയാം?
5. ചാമ്പഹാർ ഉടമ്പടിയുടെ പ്രാധാന്യം വിലയി രുത്തുക. ?
6. ഇന്ത്യ അംഗമായിട്ടുള്ള അഞ്ച് ആഗോള സംഘടനകളേവ?
7. ഇന്ത്യൻ ഉൽപാദന സ്ഥാപനത്തിൽ ജപ്പാന്റെ (JIM) പങ്ക് എന്ത്?

VI. വിശദമായി ഉത്തരമെഴുതുക:

1. ഇന്ത്യയെക്കുറിച്ചും ഇന്ത്യ അംഗമായിട്ടുള്ള മൂന്നു അന്തർദേശീയ സംഘടനകളെക്കുറിച്ചും ഉദാഹര ണസഹിതം വിവരിക്കുക.
2. ബിക്സ് (BRICKS) രൂപപ്പെടാനുള്ള കാരണങ്ങ ളെക്കുറിച്ചും അതിന്റെ ലക്ഷ്യങ്ങളെക്കുറിച്ചും എഴുതുക.
3. ഒപ്പെകിന്റെ ദൗത്യങ്ങളെക്കുറിച്ചും അത് മറ്റ് രാജ്യങ്ങളെ എങ്ങനെ സഹായിക്കുന്നു യെന്നും എഴുതുക.

VII. പ്രോജക്ടും പ്രവർത്തനങ്ങളും:

1. ഇന്ത്യയ്ക്ക് ലോകരാജ്യങ്ങളുമായുള്ള ബന്ധങ്ങളെക്കുറിച്ച് വർത്തമാന പത്രങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിക്കാൻ വിദ്യാർത്ഥിക ളോട് ആവശ്യപ്പെടുക.
2. വിദ്യാർത്ഥികൾ കൂട്ടമായി ഇന്ത്യയുടെ അയൽ രാജ്യങ്ങളുമായുള്ള സമീപകാല പദ്ധതിക ളെക്കുറിച്ചുള്ള ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.

REFERENCE BOOKS

1. V.K. Malhotra, *International Relations*, Calcutta: Anmol publication
2. Prakash Chandra, *International Relations* New Delhi: Vikas Publishing
3. Prakash Chandra, *Theories of International Relations*: Aman publishing
4. Baldev Raj Nayar and Thazha Varkey Paul, *India in the world order: Searching for major-power status*, Cambridge University Press (2003)
5. Deep Datta Ray, *The making of modern Indian Diplomacy; A critique of Eurocentrism*, Oxford University Press, India (2015)
6. Jon C.W. Pevehouse, Joshna S. Goldstein, *International Relations*, Pearson Education, Noida (2017)
7. Rajendra M. Abhyankar., *Indian Diplomacy*, Oxford University Press, India (2018)

INTERNET RESOURCES

1. https://en.wikipedia.org/wiki/Foreign_relations_of_India#Europe
2. https://www.un.org/en/
3. https://mnoal.org/
4. https://brics.ibge.gov.br/

X Std - Civics Malayalam Unit-5.indd 292 1/27/2023 10:17:48 AM

സാമ്പത്തിക ശാസ്ത്രം

യൂണിറ്റ് 1

മൊത്ത ആഭ്യന്തര ഉല്പാദനവും അതിന്റെ വളർച്ച: ഒരു ആമുഖം



പഠന ലക്ഷ്യങ്ങൾ

- മൊത്ത ആഭ്യന്തര ഉല്പാദനത്തെപ്പറ്റി മനസ്സിലാക്കൽ.
- ദേശീയ വരുമാനത്തിന്റെ പലതരത്തിലുള്ള നടപടി ക്രമങ്ങളെക്കുറിച്ച് മനസ്സിലാക്കൽ.
- മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ ഘടനയെ മനസ്സിലാക്കൽ.
- മൊത്ത ആഭ്യന്തര ഉല്പാദനത്തിൽ പല മേഖലകളുടെ പങ്കാളിത്വത്തെക്കുറിച്ച് മനസ്സിലാക്കൽ.
- സാമ്പത്തിക വളർച്ചപുരോഗമനം അതിന്റെ വ്യത്യാസങ്ങളെക്കുറിച്ച് മനസ്സിലാക്കൽ.
- മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെയും തൊഴിൽസാധ്യതയുടെയും അടിസ്ഥാനത്തിൽ പുരോഗമനത്തെപ്പറ്റി മനസ്സിലാക്കൽ.
- മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെയും സാമ്പത്തിക നയങ്ങളുടെയും വളർച്ചയെക്കുറിച്ച് മനസ്സിലാക്കൽ.

RI61H

ആമുഖം

ഇൻഡ്യ എപ്രകാരം പ്രവർത്തിക്കുന്നു. എന്നതിനെ മൊത്ത ആഭ്യന്തര ഉല്പാദനം (GDP)-വിവരിക്കുന്നു. അതുകൊണ്ട് GDP എന്നാൽ എന്ത്? എന്നതിനെക്കുറിച്ച് ആദ്യം നിങ്ങൾ മനസ്സിലാക്കണം.

ഒരു ഹോട്ടലിൽ എന്തു നടക്കുന്നുവെന്നതിനെ സങ്കല്പിക്കുക. രണ്ട് ഇഡ്ഢലിയും ഒരു കപ്പ് ചായയ്ക്കും നിങ്ങൾ ആവശ്യപ്പെടുന്നു. ഇഡ്ഢലിയും ചായയും ഒരാൾ തയ്യാറാക്കുന്നു അതിനെ ആരെങ്കിലും വിതരണം ചെയ്യുന്നത് സേവനമാണ്.

ഹോട്ടലിൽ ഇഡ്ഢലിയും, ചായയും ഉണ്ടാക്കിയിരിക്കുന്നു. അവയെ നിങ്ങൾ സ്പർശിക്കുന്നവ കാണുവാൻ സാധിക്കുന്നവ മറ്റും സ്പർശിച്ച് നിരീക്ഷിക്കാൻ സാധിക്കുന്നവയാണ്. സ്പർശിക്കാൻ സാധിക്കുന്ന വസ്തുക്കളെ "ചരക്കുകൾ" എന്ന് സാമ്പത്തിക ശാസ്ത്രജ്ഞന്മാർ വിളിക്കുന്നു. ഈ ആഹാരസാധനങ്ങൾ സൗജന്യമല്ല എന്തെന്നാൽ ഇത് പണം കൊടുത്ത് വാങ്ങണം.

സ്പർശിക്കാൻ സാധിക്കുന്ന ഇത്തരം വസ്തുക്കളെ ഉല്പാദിപ്പിക്കുന്നതിനാൽ അവയെ ചരക്കുകൾ എന്നുവിളിക്കുന്നു. പാചകക്കാർ പൂർത്തീകരിച്ച ജോലിയും ആഹാരത്തെ വിളമ്പുന്നവരും ചെയ്യുന്ന പ്രവർത്തനങ്ങൾ സ്പർശിച്ച് ഉണരുന്നതല്ല. എന്നാൽ നിങ്ങൾ ഭക്ഷണം ഭക്ഷിച്ച് സന്തോഷിക്കാം. സാമ്പത്തിക ശാസ്ത്രവിദഗ്ദന്മാർ ഈ നടപടിക്രമങ്ങളെ സേവനങ്ങൾ എന്നു വിളിക്കുന്നു.

ഓരോ ദിവസവും ഹോട്ടലിൽ എന്താണ് നടക്കുന്നുവോ അത് നാട്ടിലും നടക്കുന്നു. ആഹാരപദാർത്ഥങ്ങളെല്ലാം സേവനങ്ങളും ഉല്പാദിപ്പിച്ച് അവയെ നാം പണം കൊടുത്ത് വാങ്ങുന്നു. ഇതിനെയാണ് മൊത്ത ആഭ്യന്തര ഉല്പാദനം GDP നിർണ്ണയിക്കുന്നത്.

മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ നിർവചനം

ഒരു നിശ്ചിത കാലയളവിൽ ഒരു രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ ഉല്പാദിപ്പിക്കുന്ന



X Std - Economics Malayalam Unit-1.indd 294 1/27/2023 10:12:40 AM

ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും മൂല്യത്തെ കുറിക്കുന്നു.

GDP = C + I + G + (X – M)

C = ഉപഭോക്താവ് I = മുതൽമുടക്കുന്നവർ

G = സർക്കാർ ചെലവുകൾ

(X–M) = X = കയറ്റുമതി – M = ഇറക്കുമതി

ഈ നിർവചനത്തിന്റെ ഓരോ ഭാഗവും പ്രധാനമാണ്.

ചരക്കുകളും സേവനങ്ങളും: ചരക്കുകൾ എന്നത് സ്പർശന വസ്തുക്കളും, സേവനങ്ങൾ എന്നത് സ്പർശിക്കാൻ സാധിക്കാത്തതുമായ നടപടി ക്രമങ്ങൾ എന്നു നിങ്ങൾക്ക് ഇപ്പോൾ അറിയാം.

കമ്പോള മൂല്യം: കമ്പോളത്തിൽ വിൽപ്പന ചെയ്യുന്ന ചരക്കുകൾ സേവനങ്ങൾ എന്നിവയുടെ വിലയാണിത്.

അന്തിമഘട്ട ചരക്കുകളും സേവനങ്ങളും: ടൈലർ കോവനും, അലക്സാണ്ടർ തബറോക്ക് പോലുള്ള സാമ്പത്തിക ശാസ്ത്രവിദഗ്ദ്ധന്മാരുടെ അഭിപ്രായത്തിൽ അന്തിമഘട്ട ചരക്കുകളും സേവനങ്ങളും എന്നത് ഉപഭോഗത്തിനും അല്ലെങ്കിൽ ഉപയോഗത്തിനും ഉള്ള ചരക്കുകളും സേവനങ്ങളും ആണ്. അന്തിമഘട്ട ചരക്കുകളോ സേവനങ്ങളോ ഉല്പാദിപ്പിക്കാൻ ഉപയോഗിക്കുന്ന വസ്തുക്കളെ ഇടനില വസ്തുക്കൾ എന്നു പറയുന്നു.

മൊത്ത ആഭ്യന്തര ഉല്പാദനത്തിൽ അന്തിമഘട്ട ചരക്കുകൾ മാത്രം ഉൾപ്പെടുത്തപ്പെടുന്നു. മൊത്ത ആഭ്യന്തര ഉല്പാദനം കണക്കാക്കാൻ ഇടനില വസ്തുക്കളെ കണക്കിലെടുക്കുന്നില്ല. എന്തു കൊണ്ടെന്നാൽ അവയുടെ മൂല്യം അന്തിമഘട്ട ചരക്കുകളിൽ ഉൾപ്പെടുത്തുന്നു. അതിനാൽ ഇടനില വസ്തുക്കളുടെ മൂല്യത്തെ മൊത്ത ആഭ്യന്തര ഉല്പാദനത്തിൽ ഉൾപ്പെടുത്തിയാൽ ഇരട്ട തവണ കണക്കാക്കൽ എന്നു വിളിക്കുന്നു.

ഉദാഹരണമായി ഹോട്ടലിൽ വാങ്ങുന്ന ഒരു കപ്പ്, ചായ അന്തിമഘട്ട സാധനമാകുന്നു. എന്തു കൊണ്ടെന്നാൽ ഇത് ഉപഭോഗത്തിനുൾപ്പെട്ടതാണ്. മറ്റേതൊരുസാധനത്തിന്റെ ഭാഗ മാകുകയില്ല. അതിനാൽ ഒരു കപ്പ് ചായയുടെ കമ്പോളമൂല്യം അന്തിമവസ്തുവായിരിക്കുന്നതിനാൽ അത് മൊത്ത ആഭ്യന്തര ഉല്പാദനത്തിൽ ചേർത്തിരിക്കുന്നു. ചായയിൽ ചേർക്കപ്പെട്ട പഞ്ചസാര ഒരു അന്തിമഘട്ട വസ്തുവാണ്. ഇത് ചായയുണ്ടാക്കുന്നതിനു പ്രയോജനപ്പെടുത്തി ചായയുടെ ഒരു ഭാഗമായിരിക്കുന്നു. ഒരു കപ്പ് ചായയുടെ വില 10 രൂപയാണെങ്കിൽ അതിൽ പഞ്ചസാരയുടെ വില 2 രൂപ. അപ്രകാരം ഒരു കപ്പ് ചായയുടെ വിലയിൽ ഒരു ടീസ് പൂൺ പഞ്ചസാരയുടെ വില 2/- ചേർത്തിരിക്കുന്നു. പഞ്ചസാരയുടെ മൂല്യത്തെ GDP-യിൽ കൂട്ടിയാൽ ഒരു ടീസ്പൂൺ പഞ്ചസാര വീണ്ടും ഒരു കപ്പ് ചായ എന്ന് രണ്ട് പ്രാവശ്യം കണക്കിടപ്പെടുന്നു.ഇതിനെ ഇരട്ടത്തവണ കണക്കാക്കൽ എന്നുപറയാം. ഇതിനെ ഒഴിവാക്കുന്നതിന് ഇടനിലവസ്തുക്കളായ പഞ്ചസാരയെ GDP-യിൽ ചേർക്കുകയില്ല.

1.1 ദേശീയ വരുമാനം

ദേശീയവരുമാനം എന്നത് ഒരു രാജ്യത്ത് ഒരു വർഷം ഉൽപാദിപ്പിക്കുന്ന വസ്തുക്കൾ, ജോലികൾ എന്നിവയുടെ മൊത്ത മൂല്യത്തിന്റെ അളവാണ്. സാധാരണയായി ദേശീയവരുമാനത്തെ ദേശീയ ഉൽപാദനം (GNP) അല്ലെങ്കിൽ ദേശീയ വരുമാന വിഹിതം എന്നു പറയുന്നു.

ദേശീയ വരുമാനത്തെ കണക്കാക്കൻ വേണ്ട ആശയങ്ങൾ

1. മൊത്ത ദേശീയോൽപാദനം (GNP)

ഒരു രാജ്യത്ത് ഒരു വർഷത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ മൂല്യം, ജോലിയുടെ മൂല്യം ആ രാജ്യത്തിലെ ജനങ്ങൾ ഒരു വർഷത്തിൽ നേടിയ വരുമാനം, അയൽരാജ്യങ്ങളിൽ മൂലധനം നിക്ഷേപിക്കുന്നതിലൂടെ ലഭിക്കുന്ന ലാഭം എന്നിവ ചേർന്നതാണ് ഒരു രാജ്യത്തിന്റെ മൊത്ത ദേശീയോൽപാദനം.

GNP = C + I + G + (X–M) + NFIA)

C = ഉപഭോക്താവ്

I = മുതൽമുടക്ക്

G = സർക്കാർ ചെലവുകൾ

X-M = കയറ്റുമതി– ഇറക്കുമതി

NFI = വിദേശത്തു നിന്നും ലഭിക്കുന്ന യഥാർത്ഥ വരുമാനം

2. മൊത്ത ആഭ്യന്തര ഉൽപാദനം (GDP)

ഒരു രാജ്യത്തിന്റെ ഭൂമിശാസ്ത്ര പരിധിക്കുള്ളിൽ ഒരു വർഷത്തിൽ ആ രാജ്യം സ്വന്തം അസംസ്കൃത വസ്തുക്കളാൽ ഉൽപ്പാദിപ്പിച്ച ഉൽപന്നങ്ങൾ ജോലികൾ തുടങ്ങിയവയുടെ മൊത്തം മൂല്യത്തെക്കുറിക്കുന്നു.

3. യഥാർത്ഥ ദേശീയ ഉൽപാദനം (NNP)

യഥാർത്ഥ ദേശീയ ഉൽപാദനം എന്നത് മൊത്ത ദേശീയ ഉല്പാദനത്തിൽ നിന്നും തേയ്മാന ചെലവിനെക്കുറച്ചു കിട്ടുന്ന പണത്തിന്റെ മൂല്യമാണ്. യഥാർത്ഥദേശീയ ഉൽപാദനം = മൊത്ത ദേശീയ ഉല്പാദനം – തേയ്മാനചെലവ്.

4. യഥാർത്ഥ ആഭ്യന്തര ഉല്പാദനം (NDP)

മൊത്ത ആഭ്യന്തര ഉല്പാദനത്തിൽ നിന്ന് തേയ്മാന ചെലവിനെ കുറച്ചാൽ കിട്ടുന്നതാണ് യഥാർത്ഥ ആഭ്യന്തര ഉല്പാദനം. യഥാർത്ഥ ആഭ്യന്തര ഉല്പാദനം = മൊത്ത ആഭ്യന്തര ഉല്പാദനം–തേയ്മാനചെലവ്

NDP = GDP – തേയ്മാനചെലവ്

5. പ്രതിശീർഷക വരുമാനം (PCI)

ദേശീയവരുമാനത്തെ ആ ദേശത്തിന്റെ മൊത്ത ജനസംഖ്യയാൽ വിഭജിക്കുമ്പോൾ കിട്ടുന്നതാണ് ആളോഹരി വരുമാനം. ജനങ്ങളുടെ ജീവിത നില വാരത്തെ അളക്കുവാൻ ഉപയോഗിക്കുന്ന അളവുകോലാണ് പ്രതിശീർഷക വരുമാനം.

പ്രതിശീർഷക വരുമാനം = ദേശീയവരുമാനം/ജനസംഖ്യ

X Std - Economics Malayalam Unit-1.indd 295 1/27/2023 10:12:40 AM

1867-68-ൽ ആദ്യമായി ദാദാഭായി നവറോജി തന്റെ ദാരിദ്ര്യവും ബ്രിട്ടിഷു കാരല്ലാത്ത ഭരണകൂടവും എന്ന പുസ്തകത്തിൽ പ്രതിശീർഷ വരുമാനത്തെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്.



6. വ്യക്തിഗത വരുമാനം (PI)

പ്രത്യക്ഷ നികുതി നിർണ്ണയത്തിനു മുമ്പ് ഒരു നാട്ടിലെ ഓരോ വ്യക്തികളിൽ നിന്നും കുടുംബാംഗങ്ങളിൽ നിന്നും മറ്റെല്ലാ വിഭവങ്ങളിൽ നിന്നും സ്വീകരിച്ച വരുമാനത്തെയാണ് വ്യക്തിഗത വരുമാനം എന്നു പറയുന്നത്.

7. ചെലവാക്കാവുന്ന വരുമാനം (DI)

വ്യക്തികൾക്കും കുടുംബാഗങ്ങൾക്കും ഉപഭോഗത്തിനായി ചെലവഴിക്കാവുന്ന വരുമാനത്തെ ചെലവാക്കാവുന്ന വരുമാനം എന്നു വിളിക്കുന്നു.ഇതിനെ താഴെപറയും പ്രകാരവും വിശദീകരിക്കാം.
DIP = PI – പ്രത്യക്ഷ നികുതി

(ഉപഭോഗസമീപനങ്ങളിൽ നിന്നും = ഉപഭോഗചെലവുകൾ + നിക്ഷേപങ്ങൾ).

1.2 മൊത്ത ആഭ്യന്തര ഉല്പാദനം (GDP)

രാജ്യത്തിൽ ഉല്പാദിപ്പിച്ചത്: ഇൻഡ്യയിൽ ഉല്പാദിപ്പിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും കമ്പോളമൂല്യമാണ് ഇൻഡ്യയുടെ GDP എന്നു പറയുന്നത്. ഉദാഹരണത്തിന് കാശ്മീർ ഇൻഡ്യയുടെ ഒരു ഭാഗമായതിനാൽ കാശ്മീരിൽ ഉല്പാദിപ്പിക്കുന്ന ആപ്പിളിന്റെ വിപണിമൂല്യം GDP-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാലിഫോർണിയയിൽ ഉൽപാദിപ്പിക്കുന്ന ആപ്പിളിന്റെ വിപണിമൂല്യം, ഇൻഡ്യയിലെ കമ്പോളങ്ങളിൽ വിൽപ്പന ചെയ്താലും അതിന്റെ മൂല്യത്തെ മൊത്ത ആഭ്യന്തര ഉൽപാദനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്തുകൊണ്ടെന്നാൽ കാലിഫോർണിയ അമേരിക്കയുടെ ഒരു ഭാഗമാണ്.

ഒരു കാലയളവിൽ ഉൽപാദനം ചെയ്യപ്പെട്ടവ: ഒരു രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനം എന്നത് നിശ്ചിത കാലയളവിൽ മാത്രം ഉൽപാദിപ്പിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും കമ്പോളവിലയുടെ മൂല്യമാണ്. ഇതിൽ മുൻകാലങ്ങളിൽ നിർമ്മിച്ച ചരക്കുകളുടെയും സേവനങ്ങളുടെയും കമ്പോളമൂല്യം ചേർത്തിട്ടില്ല. ഒരു വർഷം എന്നു പറയുന്നത് ഒരു നിശ്ചിത കാലഘട്ടമാണെങ്കിൽ.

ഇന്ത്യയിൽ മൊത്ത ആഭ്യന്തര ഉൽപാദനത്തെ ത്രൈമാസത്തിലും വാർഷികത്തിലും കണക്കാക്കുന്നു. ഒരു വർഷത്തെ മൊത്ത ആഭ്യന്തര ഉൽപാദനം എന്നത് ഒരു സാമ്പത്തികവർഷം അതായത് ഏപ്രിൽ 2017 മുതൽ 2018-മാർച്ച് 31 വരെയാണ്. അതിനെ 2017-2018 എന്നും രേഖപ്പെടുത്താം.

നിങ്ങൾക്ക് അറിയാമോ?

1934-ാം മാണ്ട് അമേരിക്കൻ കോൺഗ്രസ് റിപ്പോർട്ടിനായി സൈമൺ കുസ്നട്ട് എന്നയാളാൽ ആദ്യമായി GDP യുടെ ആധുനിക ആശയം വികസിപ്പിച്ചെടുത്തു.

മൊത്ത ആഭ്യന്തര ഉല്പാദനം കണക്കാക്കുന്ന രീതികൾ

1. **ചെലവു സമീപന രീതി:** ഈ രീതിയിൽ ഒരു നിശ്ചിത കാലയളവിൽ ഒരു രാജ്യത്തിൽ ഉല്പാദിപ്പിക്കപ്പെട്ട എല്ലാ അന്തിമ ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും ചെലവുകൾ ചേർത്ത് അളക്കുകയാണ്.
   $Y = C + I + G + (X - M)$
2. **വരുമാന സമീപന രീതി :** ചരക്കുകളെയും സേവനങ്ങളുടെയും ഉല്പാദനം ചെയ്യുന്നതിൽ പങ്കെടുത്തിട്ടുള്ള പുരുഷന്മാരുടെയും സ്ത്രീകളുടെയും വരുമാനത്തെ കണക്കിലെടുത്ത് മൊത്ത ആഭ്യന്തര ഉല്പാദനത്തെ ഈ രീതി സൂചിപ്പിക്കുന്നു. വരുമാന സമീപനരീതിയിൽ GDP (Y) കണക്കാക്കുമ്പോൾ Y = വരുമാനം + കൂലി + പലിശ + ലാഭം.
3. **മൂല്യവർദ്ധിത സമീപന രീതി:** അന്തിമവസ്തുക്കൾ എന്നത് ഹോട്ടലിൽ ഒരു കപ്പ് ചായ നിങ്ങൾക്ക് നൽകുന്നതാണ് അതിനെ തയ്യാറാക്കാൻ ഉപയോഗിക്കുന്ന ചായപ്പൊടി, പാൽ, പഞ്ചസാര എന്നിവ ഇടനില വസ്തുക്കളാണ്. ഒരു കപ്പ് ചായ അന്തിമവസ്തുവായി മാറുന്നതിന് (തയ്യാറാക്കുന്നതിന്) ഈ വസ്തുക്കൾ ഒരു ഭാഗമായി തീരുന്നു. ഒരു കപ്പ് ചായ തയാറാക്കാൻ ഉപയോഗിച്ച ഓരോ ഇടനില വസ്തുക്കളുടെ മൂല്യത്തെ കൂട്ടിയാൽ, ചായയുടെ കമ്പോളമൂല്യം കണക്കാക്കാം. ഇടനില വസ്തുക്കളായ ചായപ്പൊടി പാൽ മറ്റും പഞ്ചസാര, തേയില ഇവ അന്തിമ ഉല്പാദനത്തിന് മൂല്യം കൂട്ടുന്നു. മൂല്യവർദ്ധന സമീപന രീതിയിൽ ഓരോ ഇടനില വസ്തുക്കളുടെ മൂല്യത്തെ കൂട്ടിയാൽ അന്തിമഘട്ട വസ്തുവിന്റെ മൂല്യത്തെ കണക്കാക്കാം. ഉല്പാദനത്തിന് ഉപയോഗിച്ച എല്ലാ ഇടത്തരം വസ്തുക്കളുടെയും മൂല്യത്തിന്റെ ആകെ തുക സമ്പത്ത് വ്യവസ്ഥയിൽ ഉല്പാദിപ്പിച്ച അന്തിമവസ്തുക്കളുടെ മൊത്ത മൂല്യം നമുക്ക് ലഭിക്കുന്നു.



X Std - Economics Malayalam Unit-1.indd 296 1/27/2023 10:12:41 AM

മൂല്യവർദ്ധിത സമീപന രീതി

ചായപ്പൊടി + പാൽ+പഞ്ചസാര = ചായ

ഇടനില വസ്തുക്കൾ = അന്തിമവസ്തു.

മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ പ്രാധാന്യം

1. സാമ്പത്തിക വളർച്ചയുടെ പഠനം.
2. നാണ്യപ്പെരുപ്പവും നാണ്യച്ചുരുക്കം എന്നീ പ്രശ്നങ്ങൾ.
3. വികസിത രാജ്യങ്ങളുമായി താരതമ്യം.
4. വാങ്ങൽ ശേഷിയുടെ മൂല്യം കണക്കാക്കാൻ സഹായിക്കുന്നു.
5. പൊതുമേഖലയെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കുന്നു.
6. സാമ്പത്തിക ആസൂത്രണത്തിനുള്ള വഴികാട്ടി.

മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ പരിമിധികൾ

1. **GDP-യിൽ പല പ്രധാനപ്പെട്ട ചരക്കുകളും സേവനങ്ങളും അവശേഷിക്കൽ:** കമ്പോളത്തിൽ വിൽക്കപ്പെടുന്ന ചരക്കുകളും സേവനങ്ങളും മാത്രമെ GDP-യിൽ ഉൾപ്പെടുത്തുന്നുള്ളു. മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾക്ക് നൽകുന്ന സേവനങ്ങൾ വളരെ പ്രധാനമാണ്. എന്നാൽ മൊത്ത ആഭ്യന്തര ഉല്പാദനത്തിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല. കാരണം ഇത് വിപണിയിൽ വില്ക്കുന്നില്ല. മേൽസൂചിപ്പിച്ചതു പോലെ ആരോഗ്യകരമായ ജീവിതത്തിന് അത്യാവശ്യമായ ശുദ്ധമായ വായുവിന് കമ്പോള വിലയില്ല. അതുകൊണ്ട് ഇവ മൊത്ത ആഭ്യന്തര ഉല്പാദന പരിധിയിൽ വരുന്നില്ല.




2. **GDP ൽ അളവിനെ മാത്രം കണക്കാക്കുന്നു: ഗുണത്തെ കണക്കാക്കുന്നില്ല:** 1970-കളിൽ സ്കൂളുകളിലും ബാങ്കുകളിലും ബോൾപേയിന്റ് പേനകൾ ഉപയോഗിക്കുവാൻ അനുവദിച്ചിരുന്നില്ല. എന്തുകൊണ്ടെന്നാൽ ഇന്ത്യയിൽ ലഭ്യമായ ഏറ്റവും ഗുണനിലവാരം ഇല്ലാത്ത വസ്തുവായിരുന്നു. അതിനു ശേഷം ഇന്ത്യയിൽ നിർമ്മിച്ച ബോൾപോയിന്റ് പേനകളുടെ ഗുണനിലവാരം മെച്ചപ്പെട്ടതിനാൽ, അവയുടെ ഉല്പാദനവും വർദ്ധിച്ചു.അതിനാൽ ചരക്കുകളുടെ ഗുണനിലവാരം എന്നത് വളരെ പ്രധാനമാണ്. എന്നാൽ അത് മൊത്ത ആഭ്യന്തര ഉല്പാദനത്തിൽ ഉൾപ്പെടുത്തുന്നില്ല.

3. **രാജ്യത്ത് വരുമാനം വിതരണം ചെയ്യുന്ന രീതിയെപ്പറ്റി GDP- യിൽ പറയുന്നില്ല:** ഒരു രാജ്യത്ത് മൊത്ത ആഭ്യന്തര ഉല്പാദനം അതികവേഗം വളരാം എന്നാൽ വരുമാനം സമമല്ലാത്ത രീതിയിൽ വിതരണം ചെയ്യുന്നു. അതിനാൽ ചെറിയ ശതമാനം ജനങ്ങൾക്ക് മാത്രമേ പ്രയോജനം ലഭിക്കുന്നുള്ളു.

4. **GDP-യിൽ ജനങ്ങൾ ജീവിക്കുന്ന ജീവിത രീതിയെക്കുറിച്ച് പറയുന്നില്ല** GDP-വളരെ താഴ്ന്ന ആരോഗ്യസ്ഥിതി,ജനങ്ങളുടെ ജനാധിപത്യ വിരുദ്ധ രാഷ്ട്രീയ സംവിധാനം ഉയർന്ന ആത്മഹത്യാ നിരക്ക് എന്നിവയെ കണക്കിലെടുക്കാതെ മൊത്ത ആഭ്യന്തര ഉല്പാദനത്തിൽ ഉയർന്ന നിലവാരമുള്ള വ്യക്തിവരുമാനമുള്ളവരോടുകൂടി നില്ക്കുന്നു.

GDP-യുടെ മൂല്യനിർണ്ണയം

നിങ്ങൾക്ക് അറിയാമോ?

സ്റ്റാറ്റിക്സ് വകുപ്പ് മന്ത്രി സഭയുടെ കീഴിലുള്ള കേന്ദ്രസ്റ്റാറ്റിക്കൽ ഓർഗനൈസേഷൻ (CSO), GDP-യുമായി ബന്ധപ്പെട്ട രേഖകളെ സംരക്ഷിക്കുന്നു. തൊഴിൽ വകുപ്പിന്റെ ഉല്പാദനത്തെ വാർഷിക കണക്കെടുപ്പു നടത്തി തൊഴിൽ ഉല്പാദന അടയാളം (IIP)-ഉപഭോക്തൃവില സൂചിക (CPI)-പോലുള്ള സൂചനകളെ പ്രസിദ്ധീകരിക്കുന്നു.

1.3 മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ ഘടന (GDP)

ഇന്ത്യൻ സമ്പത്ത്വ്യവസ്ഥ പൊതുവെ മൂന്ന് മേഖലകളായി തിരിച്ചിരിക്കുന്നു.

1) പ്രാഥമിക മേഖല (കാർഷിക വകുപ്പ്)

കാർഷിക മേഖലയെ പ്രാഥമിക മേഖല എന്നു പറയാം. ഇതിൽ കൃഷിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും വ്യവസായ സംബന്ധിയായ നടപടിക്രമങ്ങളും ഉൾപ്പെടുന്നു. അവ കന്നുകാലിവളർത്തൽ, മത്സ്യ ബന്ധനം, ഖനികൾ, വനം, ചോളം, കൽക്കരി തുടങ്ങി അസംസ്കൃത വസ്തുക്കളെ ഉല്പാദിപ്പിക്കുന്നു.


ഫോറസ്ററിറി

2) ദ്വിതീയമേഖല (വ്യവസായമേഖല)

തൊഴിൽ വകുപ്പിനെ ദ്വിതീയമേഖല എന്നു പറയുന്നു. അസംസ്കൃത വസ്തുക്കളെ മാറ്റി ക്രമീകരിച്ചിരിക്കുന്നതു മൂലം ചരക്കുകളും സേവനങ്ങളും ഉല്പാദിപ്പിക്കുന്നു. ഇരുമ്പുരുക്കു വ്യവസായശാല, നെയ്ത്ത് വ്യവസായശാല,ചണം, പഞ്ചസാര, സിമന്റ്, കടലാസ്, പെട്രോളിയം, ഓട്ടോമൊബൈൽസ്, ചെറുകിട വ്യവസായശാല എന്നിവ പ്രധാനപ്പെട്ട തൊഴിൽ ശാലകളാണ്.


തൊഴിൽശാല

X Std - Economics Malayalam Unit-1.indd 297 1/27/2023 10:12:41 AM

3) തൃതീയമേഖല (സേവനമേഖല)



തപാൽ, ടെലഗ്രാഫ്

സേവനമേഖലയെ ത്രിതീയമേഖല എന്നും പറയാം. അവ സർക്കാർ ശാസ്ത്ര ഗവേഷണ കേന്ദ്രം,ഗതാഗതം, വിവര ശേഖരണം, വാണിജ്യം, തപാലും ടെലഗ്രാഫും, ബാങ്ക്, വിദ്യാഭ്യാസം, വിനോദങ്ങൾ, ആരോഗ്യം, വിവരസാങ്കേതിക വിദ്യ എന്നിവയാണ്. 20-ാം നൂറ്റാണ്ടിൽ സാമ്പത്തിക വിദഗ്ദന്മാർ പ്രാചീന തൃതീയ മേഖല സേവനങ്ങളെ നാലാം മേഖല മറ്റും അഞ്ചാം മേഖല സേവനമേഖലകളിൽ നിന്നും വീണ്ടും വേർപ്പെടുത്താൻ സാധിക്കുമെന്ന് സൂചിപ്പിക്കുന്നു.

1.4 ഇന്ത്യയിൽ മൊത്തആഭ്യന്തര ഉല്പാദനത്തിൽ വിവിധ മേഖലകളുടെ പങ്ക്


ഇൻഡ്യയിൽ സേവനമേഖല വളരെ വലിയ മേഖലയാണ്. നിലവിലുള്ള മൊത്ത മൂല്യവർദ്ധന (GVA)-സേവനമേഖലകൾ 2018-19-ൽ 92.26 ലക്ഷം കോടി എന്ന് വില നിശ്ചയിച്ചിരിക്കുന്നു.

ഇൻഡ്യയുടെ മേഖല അടിസ്ഥാനത്തിലുള്ള പട്ടിക

വർഷം	കാർഷിക മേഖല (%)	വ്യവസായശാല (%)	സേവന മേഖല (%)
1950-51	51.81	14.16	33.25
1960-61	42.56	19.30	38.25
1970-71	41.95	20.48	37.22
1980-81	35.39	24.29	39.92
1990-91	29.02	26.49	44.18
2000-01	23.02	26.00	50.98
2010-11	18.21	27.16	54.64
2011-12	17.86	27.22	54.91
2012-13	17.52	26.21	56.27
2013-14	18.20	24.77	57.03
2015-16	17.07	29.08	52.05
2016-17	17.09	29.03	52.08
2017-18	17.01	29.01	53.09

ആധാരം: മദ്ധ്യ സ്ഥിതി വിവര കണക്കുകൾ

GDP യുടെ മേഖല അടിസ്ഥാനമായ പങ്ക് (2018-2019)




ആധാരം: Statistics times.com.

2018-2019-ാം വർഷത്തിൽ ഇൻഡ്യയിൽ GDP-യുടെ അടിസ്ഥാനത്തിൽ പങ്കാളിത്വത്തെ കാണിക്കുന്ന ചിത്രം.

X Std - Economics Malayalam Unit-1.indd 298 1/27/2023 10:12:41 AM

മേഖല അടിസ്ഥാനത്തിൽ, ഇൻഡ്യയിൽ GDPയുടെ വളർച്ച (1950-2018)



ആധാരം: Statistics times.com.

കുറിപ്പ്: 1950-2018-ാം ആണ്ട് ആളുകൾ ഇൻഡ്യയിൽ മൊത്ത ആഭ്യന്തര ഉല്പാദനത്തിൽ വിവിധ മേഖലകളുടെ പങ്കാളിത്വത്തെക്കുറിച്ച് വിവരിക്കുന്ന ഗ്രാഫ്.



ഇന്ത്യയിലെ GDP മേഖലാടിസ്ഥാനത്തിന്റെ സംഭാവനകൾ

കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനത്തിൽ ഇൻഡ്യ രണ്ടാം സ്ഥാനത്താണ്.ആഗോള കാർഷിക ഉല്പാദനത്തിന്റെ 7.39% ഇൻഡ്യയാണ്.

വ്യവസായമേഖലയിൽ ഇന്ത്യയ്ക്കു ലോകത്തിൽ 6-ാം സ്ഥാനവും സേവനമേഖലയിൽ 8-ാം സ്ഥാനവുമാണ്. വ്യവസായമേഖലയിൽ ഇൻഡ്യ ലോക സമ്പത്ത്ഘടനയിൽ വ്യവസായമേഖലയുടെ പങ്ക് ശരാശരി 6.4%-ക്കാൾ കൂടുതലാണ്. എന്നാൽ വ്യവസായ മേഖലയുടെയും സേവനമേഖലയുടെയും പങ്ക് ലോകശരാശരിയേക്കാൾ 30% വ്യവസായമേഖലയിലും 63% സേവനമേഖലയിലും കുറവായിരിക്കുന്നു.

ഒരു സമ്പദ്ഘടനയിൽ വ്യവസായം-അല്ലെങ്കിൽ ഉല്പാദനമേഖലയിൽ ഉല്പാദിപ്പിച്ചിരിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും മൂല്യത്തെയാണ് **മൊത്ത മൂല്യവർദ്ധന (GVA)** എന്നുപറയുന്നത്.

GVA = GDP + ഇളവ് - നികുതികൾ (പ്രത്യക്ഷ നികുതി, വില്പന നികുതി)

1.5 സാമ്പത്തിക വളർച്ചയും-പുരോഗമനവും



സാമ്പത്തിക ശാസ്ത്രജ്ഞനായ അമർത്യസെന്നിന്റെ അഭിപ്രായപ്രകാരം സാമ്പത്തിക വളർച്ച എന്നത് സാമ്പത്തിക പുരോഗമനത്തിന്റെ ഒരു ഭാഗമാണ്. സാമ്പത്തിക വളർച്ച മനുഷ്യരുടെ സാമ്പത്തികവളർച്ചക്കു മാത്രം ശ്രദ്ധ ചെലുത്തുന്നു. എന്നാൽ ഐക്യരാഷ്ട്ര സഭയുടെ കാഴ്ച്ചപ്പാടിൽ സാമ്പത്തികവളർച്ച എന്നത് ജീവിതനിലവാരം ഉയർത്തുക അല്ലെങ്കിൽ മുഴുവൻ ശ്രദ്ധ ചെലുത്തുന്നതാണ് എന്നു പറയുന്നു.

സാമ്പത്തിക വളർച്ച

സമ്പദ്ഘടനയിലോ,രാജ്യത്തിലോ ഉൽപാദിപ്പിക്കുന്ന ഉൽപാദനത്തിൽ ഒരു പ്രത്യേക കാലഘട്ടത്തിൽ പണത്തിന്റെ മൂല്യത്തിൽ ഉൽപാദനം വർദ്ധിക്കുന്നതായി കണക്കാക്കാൻ കഴിയുന്ന അളവുകോലാണ് ഇത്.ഏതൊരു സമ്പദ്ഘടനയിലും സാമ്പത്തിക വളർച്ചയുടെ പ്രധാനഘടകങ്ങൾ അതിന്റെ മൊത്ത ആഭ്യന്തര ഉല്പാദനം (GDP) ഒരു സമ്പദ്ഘടനയുടെ വലിപ്പത്തെ അളക്കാൻ സഹായിക്കുന്ന മൊത്ത ദേശീയ ഉല്പന്നങ്ങളാണ്.

സാമ്പത്തിക പുരോഗതി

ഒരു സമ്പത്ത്വ്യവസ്ഥയിൽ വിശാലമായ രീതിയിൽ വ്യക്തമായ രൂപത്തെ സാമ്പത്തിക പുരോഗമനത്തെക്കുറിച്ച് സൂചിപ്പിക്കുന്നു.ഉല്പാദന

X Std - Economics Malayalam Unit-1.indd 299 1/27/2023 10:12:42 AM

നിലപാടിനെ അല്ലെങ്കിൽ സമ്പത്ത്ഘടനയുടെ പ്രസിദ്ധീകരണത്തെ വർദ്ധിപ്പിക്കുക, ജനങ്ങളുടെ ജീവിതനിലവാരത്തെ മെച്ചപ്പെടുത്തുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇത് ഉല്പാദന അളവിനെ വർദ്ധിപ്പിക്കുന്നത് മാത്രമല്ലാതെ സാമൂഹ്യ, സാമ്പത്തിക കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു. തൊഴിൽ സാങ്കേതിക വളർച്ച, തൊഴിലാളികളുടെ പരിഷ്കാരം ജീവിതനിലവാരത്തെ ഉയർത്തുക സമ്പദ്ഘടനയിൽ മാറ്റങ്ങൾ ഉണ്ടാക്കുക എന്നീ ഗുണനിലവാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് സമ്പദ്ഘടനയുടെ പുരോഗമനം.

സമ്പദ്ഘടനയിൽ യഥാർത്ഥ പുരോഗതി അളക്കുന്നതിന് ഉതകുന്ന ഉപകരണമാണ് മാനവ വികസന സൂചിക (HDI).

1.6 വികസനപാതയിൽ GDP-യും തൊഴിൽസാധ്യതയും

ഇൻഡ്യ തന്റെ വികസനപാതയിൽ ആദ്യമായി സൗഹൃദ വാണിജ്യനയങ്ങളെ കൈകാര്യം ചെയ്തു.ഇത് ആഭ്യന്തര വ്യവസായങ്ങൾക്ക് ഊന്നൽ നൽകുകയും വിദേശ ഉൽപന്നങ്ങൾക്ക് കമ്പനികൾക്കും ആശ്രയത്വം കുറയ്ക്കുന്നതിനുള്ള സാഹചര്യം ഏർപ്പെടുത്തി. ഇന്ത്യയുടെ അതിർത്തികളെ തുറന്ന് വാണിജ്യത്തിനായി വഴിതെളിച്ചു.അതിന്റെ സാമ്പത്തിക ഉദാരവൽക്കരണം വിദേശസ്ഥാപനങ്ങളെ ഇൻഡ്യൻ സമ്പത്ത് വ്യവസ്ഥക്കുള്ളിൽ അനുവദിച്ചതോടുകൂടി 1991-വർഷം ഈ രീതി തുടർന്നു.



പഞ്ചവത്സര പദ്ധതിയുടെ കീഴിൽ തൊഴിലവസരങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രോത്സാഹനം നൽകി.ഇവ വർദ്ധിച്ചുവരുന്ന ജനസംഖ്യ, തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ച് അതു മുഖേന തൊഴിലവസരത്തിന്റെ സാധ്യതയില്ലായ്മ മാറ്റാൻ നടപടികൾ സ്വീകരിച്ചു. ഇൻഡ്യയുടെ ഭൂപ്രകൃതി വളരെ

സാമ്പത്തികപുരോഗതിയ്ക്കും സാമ്പത്തികവളർച്ചയ്ക്കുമുള്ള വ്യത്യാസം

സാമ്പത്തിക വളർച്ചക്കും സാമ്പത്തിക പുരോഗതിക്കും തമ്മിലുള്ള വ്യത്യാസം	സാമ്പത്തിക വളർച്ച	സാമ്പത്തിക പുരോഗതി
ആശയം	സാമ്പത്തിക വളർച്ച ഒരു ചെറിയ ആശയം	സാമ്പത്തിക പുരോഗതി ഒരു വിശാലമായ ആശയം.
നിർവചനം/അർത്ഥം	ഒരു പ്രത്യേക കാലഘട്ടത്തിൽ ഒരു സാമ്പത്തിക വ്യവസ്ഥയിൽ പുറപ്പെടുവിക്കുന്നതിൽ ഇതൊരു നല്ല മാറ്റം നൽകുന്നു	സാമ്പത്തിക വ്യവസ്ഥയുടെ ആശയങ്ങളെ പുറത്തിറക്കുന്നതിൽ വളർച്ചയെ സ്വീകരിക്കുന്നതിന്റെ കുറിപ്പുകളിൽ പുരോഗമനം ജീവിത നിലവാരത്തിൽ ഉയർച്ച, തൊഴിൽ സാങ്കേതിക പുരോഗതി ഒരു രാജ്യത്തിന്റെ പരിപൂർണ്ണമായ സന്തോഷത്തിന്റെ അളവു കോലായി കരുതുന്നു.
സ്വാഭാവികമായ സമീപനം	അളവോടു കൂടിയ സമീപനം	ഗുണനിലവാരമുള്ള സമീപനം
ലക്ഷ്യം	GDP, GNP, FDI, FII പോലുള്ള അളവുകളെ വർദ്ധിപ്പിക്കൽ.	ജീവിതത്തിൽ പ്രതീക്ഷ ശതമാനം, കുട്ടികളുടെ പഠനശതമാനം, ദാരിദ്ര്യത്തിന്റെ ശതമാനത്തിൽ പുരോഗമനം.
കാലയളവ്	പ്രകൃതിയിൽ ഹ്രസ്വ കാലത്തെ കൊണ്ടതാണ്	പ്രകൃതിയിൽ നീണ്ടകാലത്തെ കൊണ്ടതാണ്.
സംയോജന പ്രവണത	വികസിത രാജ്യങ്ങൾ	വികസ്വര രാജ്യങ്ങൾ
സാങ്കേതിക പ്രവണത	ദേശീയ വരുമാനം വർദ്ധിപ്പിക്കൽ	യഥാർത്ഥ ദേശീയ വരുമാനം അതായത് പ്രതിശീർഷ വരുമാനം
സംഭവാത്മകമായ ചലനം	ഒരു നിശ്ചിത സമയം	തുടർപ്രക്രിയ
സർക്കാർ ധനസഹായം	ഇത് ഒരു യാന്ത്രിക പ്രക്രിയയാണ് അതിനാൽ സർക്കാരിന്റെ സഹായം അല്ലെങ്കിൽ ഇടപെടൽ ആവശ്യമില്ല	സർക്കാർ ഇടപെടലിനെ വിശ്വസിച്ചിരിക്കുന്നു ഇത് വൈവിധ്യമാർന്ന മാറ്റങ്ങളെ ഉള്ളടക്കിയതാണ്. അതിനാൽ സർക്കാർ ആശ്രയം ഇല്ലാതെ ഇത് സാധ്യമല്ല
സാമ്പത്തിക വിതരണം	സാമ്പത്തിക വളർച്ച എല്ലാ ജനങ്ങളുടെ ഇടയിലും ധനം, വരുമാനത്തെ ന്യായവും തുല്യവുമായി വിതരണം ചെയ്യുന്നില്ല.	ഇത് ഒരു തുല്യനിലയിൽ ശ്രദ്ധ ചെലുത്തുന്നു എല്ലാ വ്യക്തികൾക്കിടയിലും സമ്പത്തിനെ തുല്യമായി വിതരണം ചെയ്യുന്നതിനാൽ സമൂഹങ്ങളെ മെച്ചപ്പെടുത്തുന്നതിന് ശ്രമിക്കുന്നു.

X Std - Economics Malayalam Unit-1.indd 300 1/27/2023 10:12:42 AM

പ്രധാനപ്പെട്ട ഘടകമായതിനാൽ ഗ്രാമീണ വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നു.

ദാരിദ്രനിർമ്മാർജനം, ഗ്രാമീണ വികസനം എന്നിവ വളർച്ചയുടെ ഒരു ഭാഗമാകുന്നു. ബ്രിട്ടീഷ് ഭരണത്തിൽ നിന്നും ഒരു ദാരിദ്ര സമ്പദ് വ്യവസ്ഥ ഇൻഡ്യക്ക് കൈമാറ്റം ചെയ്യപ്പെട്ടു.അവർ ഇൻഡ്യയിലെ മുഴുവൻ വിഭവആധാരങ്ങളെ നശിപ്പിച്ചു.

പൊതുമേഖല സ്ഥാപനങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകിയിരുന്നു. സ്വകാര്യ സ്ഥാപനങ്ങൾക്കും, വ്യവസായശാലകളും കർശനമായ നിയന്ത്രണങ്ങൾക്കും ഗുണനിലവാരത്തിനും വിധേയമായിരുന്നു. സർക്കാർ ജനങ്ങളുടെ സംരക്ഷകരായും സാമൂഹ്യ ആരോഗ്യത്തിനായും പ്രവർത്തിക്കുമെന്ന് വ്ശ്വസിച്ചിരുന്നു.

ഇൻഡ്യയിൽ കഴിഞ്ഞ രണ്ടു ശതാബ്ദങ്ങളിൽ GDP-യുടെ സുസ്ഥിര വളർച്ചയാൽ പ്രതിശീർഷ വരുമാനം വർദ്ധിക്കുകയും പൂർണ്ണ ദാരിദ്ര്യം കുറഞ്ഞും കാണപ്പെട്ടു. പന്ത്രണ്ട് വർഷങ്ങളിൽ വ്യക്തിഗത വരുമാനം രണ്ടു മടങ്ങായി വർദ്ധിച്ചു. ഇൻഡ്യ പ്രതിശീർഷ വരുമാനത്തിൽ മദ്ധ്യസ്ഥ വരുമാന രാഷ്ട്രങ്ങളുടെ പട്ടികയിൽ സ്ഥാനം പിടിച്ചിരിക്കുന്നു.

ജനിക്കുമ്പോൾ പ്രതീക്ഷിച്ച ആയുഷ്കാലം 65 വർഷവും,അഞ്ച് വയസ്സ് പ്രായമുള്ള 44% കുട്ടികൾ പോഷക ആഹാരക്കുറവുള്ളവരായി കാണപ്പെടുന്നു.15 വയസ്സും അതിനുമുകളിൽപ്രായമുള്ളവരുടെ എണ്ണത്തിൽ 36% പേർ സാക്ഷരരാണ്. താരതമ്യേന കുറഞ്ഞ മദ്ധ്യവർഗ്ഗ വരുമാന നാടുകളിൽ 71% ആണ്.

മറ്റു രാജ്യങ്ങളേക്കാൾ ഇൻഡ്യ വ്യത്യസ്ത വികസനപാതയെ പിൻതുടരുന്നു.


ഇൻഡ്യയെ മെച്ചപ്പെടുത്താൻ കാരണമായ ഘടകങ്ങൾ

ഇൻഡ്യയിൽ 35 വയസ്സിനകത്തുള്ള ജോലി ചെയ്യുന്ന വളരെ വേഗത്തിൽ വളരുന്ന ജന സംഖ്യയിൽ 700 മില്ല്യൺ ജനങ്ങൾ ഉണ്ട്. അടുത്ത ഇരുപത് വർഷങ്ങളിൽ ഇൻഡ്യയിലെ ജനസംഖ്യാ വളർച്ച കുറവാണ്. ഇൻഡ്യയിലെ ജനസഖ്യാമാറ്റത്തിൽ കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി ജോലി ചെയ്യുന്ന ജനങ്ങളുടെ പങ്ക് 58% ത്തിൽ നിന്നും 64% ആയി വർദ്ധിച്ചു.

ഇൻഡ്യയിൽ കർശനമായ നിയമവ്യവസ്ഥയും ധാരാളം ഇംഗ്ലീഷ് സംസാരിക്കുന്നവരും ഉണ്ട്. അതു മാത്രമല്ല വിവരസാങ്കേതിക വിദ്യാവിദഗ്ദരും ഉള്ളതിനാൽ സ്ഥാപനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നു. ഇൻഡ്യയിൽ വേതന വർദ്ധനവ് വളരെ കുറവാണ്. വികസ്വര രാജ്യങ്ങളെക്കാൾ വികസിത രാജ്യങ്ങൾ ഇൻഡ്യയെക്കാൾ മെച്ചപ്പെട്ടിട്ടുണ്ട്.

ഇൻഡ്യൻ സമ്പദ് വ്യവസ്ഥ തൊഴിൽ സാങ്കേതിക വളർച്ചയിൽ വളരെ പുരോഗമിച്ചിരിക്കുകയും ആകർഷകമായ വിജയം കൈവരിച്ചിട്ടുണ്ട്. ഉദാഹരണമായി ആഗോള സോഫ്റ്റ്വെയറിന്റെ ഒരു കേന്ദ്രമായി ബാംഗ്ലൂർ സാക്ഷ്യം വഹിക്കുന്നു. മാനവ വികസന സൂചികം HDI.

മാനവ വികസന സൂചിക



മാനവവികസനസൂചിക 1990-ൽ പാകിസ്ഥാനിലെ മഹബബ്-ഉൾ ഹക് എന്ന ഐക്യരാഷ് ട്രസഭയിലെ സാമ്പത്തിക ശാസ്ത്രജ്ഞനാണ് പ്രചാരത്തിൽ കൊണ്ടുവന്നത്. ജനനസമയത്തെ ആയുർദൈർഘ്യം,മുതിർന്നവരുടെസാക്ഷരതാനിരക്ക്, ജി.ഡി.പി. യുടെ പ്രവൃത്തനവുമായി കണക്കാക്കുന്ന ജിവിതനിലവാരം എന്നിവയുടെ സംയോജിത സൂചികയാണ് മാനവവികസന സൂചിക.

ഐക്യരാഷ്ട്രവികസന പദ്ധതി പുറത്തിറക്കിയ ഏറ്റവും പുതിയ നിലവാരത്തിൽ 189 രാജ്യങ്ങളിൽ 130-ാം മത്തെ രാജ്യം ഇന്ത്യയാണ്. 2017 ലെ ഇന്ത്യയുടെ എച്ച്.ഡി. മൂല്യം 0.640 ആണ്. 1990 നും 2017 നും ഇടയിൽ ഇന്ത്യയുടെ എച്ച്.ഡി.ഐ. 0.427-ൽ നിന്ന് 0.640 ആയി ഉയർന്നു. ഏകദേശം 50 ശതമാനം വർദ്ധനവ് ദശലക്ഷകണക്കിന് ആളുകളെ ദാരിദ്ര്യത്തിൽ നിന്ന് കരകയറുന്നതിന് രാജ്യത്തിന്റെ ശ്രദ്ധേയമായ നേട്ടത്തിന്റെ സൂചകമാണിത്.

1.7 GDP യുടെ വളർച്ചയും സമ്പദ് വ്യവസ്ഥയുടെ നയങ്ങളും

സാമ്പത്തിക വളർച്ചയും സാമ്പത്തിക പുരോഗമനവും വർദ്ധിക്കുന്നതിന് സ്വാതന്ത്ര്യം ലഭിച്ചതുമുതൽ പല സാമ്പത്തിക നയങ്ങളെ രൂപീകരിച്ചിട്ടുണ്ട്.പ്രധാനപ്പെട്ട സാമ്പത്തിക നയങ്ങൾ താഴെ പറയുന്നവയാണ്.

1. കാർഷികനയം

ആഭ്യന്തര കൃഷിയും വിദേശകാർഷിക ഇറക്കുമതി സാധനങ്ങളെയും കുറിച്ച് സർക്കാരിന്റെ തീരുമാനങ്ങളെയും നടപടിക്രമങ്ങളെയുമാണ് കാർഷികനയം എന്നു വിശേഷിപ്പിക്കുന്നത്. ആഭ്യന്തര കാർഷിക ഉല്പാദനം കമ്പോളങ്ങളിൽ ഒരു നിശ്ചിത ഫലം ലഭിക്കുന്നതിന് ലക്ഷ്യത്തിലെത്തിച്ചേരാൻ കാർഷികനയങ്ങളെ സർക്കാർ നടപ്പിൽ വരുത്തുന്നു.ലളിത മാർഗ്ഗങ്ങളിൽ ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ, പ്രകൃതിവിഭവങ്ങൾ, പരിസ്ഥിതി സംരക്ഷണ ഗവേഷണം നിർവഹണം, ആഭ്യന്തര വസ്തുക്കൾക്കു വേണ്ടിയുള്ള കമ്പോളം എന്നിവ കാർഷിക നയങ്ങളിൽ ഉൾപ്പെടുന്നു.

ചില കാർഷിക നയങ്ങൾ, വിലനയം, ഭൂപരിഷ്കരണനയം,ഹരിതവിപ്ലവം, ജലസേചനനയം, കാർഷികതൊഴിലാളിനയം, സഹകരണനയം എന്നിവയാണ്.

X Std - Economics Malayalam Unit-1.indd 301 1/27/2023 10:12:42 AM

മൊത്ത ദേശീയസന്തോഷം

GNH-എന്ന വാക്കിനെ 1972-ൽ രൂപീകരിച്ച വ്യക്തി ജിഗ്മേ സിൻഹ്യേ വാങ്ങ്ചക്ക് എന്ന ഭൂട്ടാൻ രാജാവ് ബോംബൈ വിമാനത്താവളത്തിൽ ധനസമയം (Financial Times) എന്ന പത്രത്തിന് ബ്രിട്ടീഷ് പത്രാധിപരുടെ കൂടുക്കാഴ്ച്ചയിൽ GNP-യെക്കാളും GNH-വളരെ പ്രാധാന്യം ഉള്ളതാണെന്ന് പറഞ്ഞു.

2011-ൽ ഐക്യരാഷ്ട്ര സഭ വളർച്ചയ്ക്കായുള്ള സമീപനരീതിക്കു-സന്തോഷം എന്ന തീരുമാനത്തെ നടപ്പിലാക്കി. അംഗരാജ്യങ്ങൾ ഭൂട്ടാനെ ഒരു ഉദാഹരണമായി അനുകരിച്ചു. സന്തോഷത്തെയും സന്തുഷ്ട ജീവിതത്തെയും സന്തോഷം എന്ന് വിളിച്ചു (അടിസ്ഥാന മാനവ ലക്ഷ്യം).

GNH-ന്റെ 4 തൂണുകൾ താഴെ പറയുന്നവയാണ്.

1) സുസ്ഥിരവും തുല്യവുമായ സാമൂഹ്യ സാമ്പത്തിക വളർച്ച.

2) പരിസ്ഥിതി സംരക്ഷണം.

3) സംസ്ക്കാരസംരക്ഷണവും, പ്രോത്സാഹനവും.

4) മികച്ചഭരണം.

മാനസിക സൗഖ്യം, ആരോഗ്യം, സമയഉപയോഗം. വിദ്യാഭ്യാസം, സാംസ്കാരിക വൈവിധ്യം, നല്ലഭരണം, സാമൂഹിക വളർച്ച, പരിസ്ഥിതി വൈവിധ്യം, ജീവിതനിലവാരം, എന്നിവയാണ് GNH-ന്റെ 9 ഘട്ടങ്ങൾ എന്നു കരുതപ്പെടുന്നത്.

2. വ്യവസായനയം

വ്യവസായമേഖലയുടെ പുരോഗമനം ഏതൊരു സമ്പദ്വ്യവസ്ഥയ്ക്കും സുപ്രധാനമാണ്. ഇത് തൊഴിൽ സാധ്യതയെ സൃഷ്ടിക്കുന്നു. ഗവേഷണത്തെയും വികസനത്തെയും പ്രോത്സാഹിപ്പിക്കുന്നു. അതിനാൽ ആധുനിക വൽക്കരണത്തിന് ഇടയാകുന്നു. സമ്പദ്ഘടന സ്വയം പര്യാപ്തത പ്രാപിക്കുന്നു.യഥാർത്ഥത്തിൽ തൊഴിൽമേഖല വളർച്ച, കാർഷിക വളർച്ച (പുതിയ കൃഷി സമ്പ്രദായങ്ങൾ) സേവന മേഖല പോലുള്ള മേഖലകളെ പ്രോത്സാഹിപ്പിക്കുന്നു.ഇത് സാമ്പത്തിക വാണിജ്യ വളർച്ചയ്ക്ക് പ്രധാന പങ്ക് വഹിക്കുന്നു.

1948-മുതൽ പല തൊഴിൽ മേഖലകളുടെ നയങ്ങളിൽ വലിയതോതിൽ വ്യവസായശാലകൾ സ്ഥാപിച്ചിട്ടുണ്ട്. ഉദാഹരണമായി ചില വ്യവസായനയങ്ങൾ, നെയ്ത്ത് വ്യവസായ നയങ്ങൾ പഞ്ചസാര വ്യവസായ നയങ്ങൾ, വ്യവസായ മേഖല വളർച്ചാനയങ്ങൾ, ചെറുകിട വ്യവസായനയങ്ങൾ,വ്യവസായ മേഖല തൊഴിലാളികളുടെ നയങ്ങൾ എന്നിവയാണ്.

3. പുതിയ സാമ്പത്തിക നയം

1990-കളുടെ ആരംഭത്തിൽ ഇൻഡ്യയുടെ സമ്പദ്വ്യവസ്ഥ ഗണ്യമായ,നയപരമായ മാറ്റങ്ങൾക്ക് വിധേയമായി ഈ പുതിയ സാമ്പത്തികപരിഷ്കാരം LPG അല്ലെങ്കിൽ ഉദാരവത്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്ന് വിളിക്കുന്നു, ഈ രീതിയുടെ പ്രധാനലക്ഷ്യം ഇൻഡ്യൻ സമ്പത്ത് ഘടന ലോകത്തിലെ ഏറ്റവും വലിയ സമ്പത്ത് ഘടനയോട് താരതമ്യം ചെയ്യുന്നതിന് സഹായിക്കുന്നു. ഈ സമ്പത്ത്ഘടന വളരെ വേഗത്തിൽ വളർന്നു വരുന്ന സമ്പത്ത് ഘടനയെ രൂപീകരിക്കുന്നു. ഈ സാമ്പത്തിക പരിഷ്കാരങ്ങൾ രാജ്യത്തിന്റെ ആഗോളസാമ്പത്തിക വളർച്ചയെ ഒരു പ്രത്യേക രീതിയിൽ പുരോഗമന പാതയിൽ എത്തിക്കുന്നു.

സംഗ്രഹം

- ഒരു വർഷത്തിൽ ഒരു രാജ്യത്തിൽ ഉല്പാദിപ്പിക്കുന്ന ചരക്കുകളുടെയും,സേവനങ്ങളുടെ മൊത്ത ആഭ്യന്തര ഉല്പാദനം (GDP).
- ഇൻഡ്യയുടെ സമ്പദ്വ്യവസ്ഥയെ മൂന്ന് മേഖലകളായി തരംതിരിക്കാം.അവ കാർഷികമേഖല,വ്യവസായ മേഖല,സേവനമേഖല.
- തേയ്മാനം:-തുടർച്ചയായുള്ള ഉപയോഗത്താൽ സാധനങ്ങൾക്ക് തേയ്മാനം സംഭവിക്കുന്നു. അല്ലെങ്കിൽ സാധനങ്ങൾ പഴയതാകുന്നതിനാൽ അതിന്റെ മൂല്യം കുറയുന്നതാണ്.
- വരുമാനം:-ഒരു നിശ്ചിത കാലഘട്ടത്തിൽ ശേഖരിച്ച അല്ലെങ്കിൽ ശേഖരിക്കാത്ത പണം അല്ലെങ്കിൽ മറ്റു വരുമാനങ്ങൾ.
- മൊത്ത മൂല്യവർദ്ധന: ഒരു സമ്പദ്വ്യവസ്ഥയിൽ തൊഴിൽ സേവനമേഖലയിൽ ഉല്പാദിപ്പിച്ച ചരക്കുകളുടെയും ലേവനങ്ങളുടെയും മൂല്യമാണ്.

X Std - Economics Malayalam Unit-1.indd 302 1/27/2023 10:12:42 AM

A-Z പദപരിചയം

തേയ്മാനം	മൂല്യം നഷ്ട്ടപ്പെടുന്ന രീതി	Depreciation
ഇടത്തരക്കാർ	രണ്ടു വസ്തുക്കൾക്ക് ഇടയിൽ വരുന്നവർ	Intermediate
കമ്പോളവില	ഒരുവസ്തുവിന് അർഹിക്കുന്ന വില	Market Price
അന്തിമ വസ്തുക്കൾ	ഒരു ഉപഭോക്താവിന് ഇഷ്ടപ്പെടുന്ന രീതിയിൽ ഉല്പാദിപ്പിക്കുക അല്ലെങ്കിൽ ആവശ്യം തൃപ്തികരമായി പൂർത്തീകരിക്കത്തക്ക രീതിയിൽ തയ്യാറാക്കുന്നതിന്	Final Goods
മിശ്രിതം	ഏതെങ്കിലുമൊരു വസ്തുവിന്റെ പ്രത്യേകത അല്ലെങ്കിൽ ഘടനയുടെ മിശ്രിതത്തെ തയ്യാറാക്കിയ രീതി	Composition
പങ്കാളിത്വം	പൊതുധനത്തിന് പാരിതോഷികം അല്ലെങ്കിൽ വില നൽകാൻ അല്ലെങ്കിൽ ശേഖരണം	Contribution
പരിഭ്രമം	തുടർച്ചയായി വരുന്നത് അല്ലെങ്കിൽ നിശ്ചയമില്ലാത്ത അല്ലെങ്കിൽ അപകടകരമായ രീതിയിൽ തുടരൽ	Staggering

അഭ്യാസം

9U0SB

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. GNPയ്ക്ക് തുല്യമായവ.

a) പണപെരുപ്പത്തിനായി ശരിയാക്കപ്പെട്ട NNP.

b) പണപെരുപ്പത്തിനായി ശരിയാക്കപ്പെട്ട GDP.

c) GDP യും വിദേശരാജ്യങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള അധികസ്വത്തുവരുമാനം.

d) NNP യും വിദേശരാജ്യങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള അധിക സ്വത്തു വരുമാനം.

2. ദേശീയ വരുമാനം അളക്കുന്നത്.

a) പണത്തിന്റെ മൊത്തമൂല്യം.

b) ഉല്പാദകന്റെ ചരക്കുകളുടെ മൊത്ത മൂല്യം.

c) ഉപഭോഗ ചരക്കുകളുടെ മൊത്തമൂല്യം.

d) ചരക്കുകൾ മറ്റും തൊഴിലിന്റെ മൊത്തമൂല്യം.

3. പ്രാഥമിക മേഖല എന്നത്.

a) കൃഷി b) ഓട്ടോമൊബൈൽസ്

c) വാണിജ്യം d) ബാങ്ക്

4. _____ രീതിയിൽ ഓരോരോ ഇടനില ചരക്കുകളുടെ മൂല്യത്തെ കൂട്ടുമ്പോൾ, അന്ത്യഘട്ട ചരക്കുകളുടെ മൂല്യത്തെ കണക്കാക്കാം.

a) ചെലവുരീതി

b) മൂല്യവർദ്ധന രീതി

c) വരുമാനരീതി

d) ദേശീയ വരുമാനം

5. സേവന മേഖലയിൽ നിലവിലെ വിലയിൽ,മൊത്തം മൂല്യം 2018-19-ൽ _____ ലക്ഷം കോടി എന്ന് വിലയിട്ടിട്ടുള്ളതാണ്.

a) 91.06 b) 92.26 c) 80.07 d) 98.29

6. കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനത്തിൽ ഇൻഡ്യ _____ അധികമായി ഉല്പാദനകർ ആണ്.

a) 1 മത്തെ b) 3 മത്തെ

c) 4 മത്തെ d) 2 മത്തെ

7. ഇൻഡ്യയിൽ ജനനസമയത്ത് പ്രതീക്ഷിക്കപ്പെട്ട ആയുഷ്കാലം _____ ആണ്ടുകൾ ആണ്.

a) 65 b) 60 c) 70 d) 55

8. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് വാണിജ്യനയം?

a) ജലസേചനനയം

b) കയറ്റുമതി-ഇറക്കുമതി

c) ഭൂപ്രകൃതി നയം

d) വേതനനയം

II. വിട്ടുപോയ ഭാഗങ്ങളെ പൂരിപ്പിക്കുക:

1. ഇൻഡ്യയിൽ ഏറ്റവും വലിയ വകുപ്പ് _____ വകുപ്പ് ആണ്.
2. _____ സാമ്പത്തികത്തിന്റെ ഒരു സൂചനയാണ്.
3. ദ്വിതീയ മേഖലയെ _____മേഖല എന്നു വിളിക്കാം.

X Std - Economics Malayalam Unit-1.indd 303 1/27/2023 10:12:43 AM

III. യോജിപ്പിക്കുക:

1.	വൈദ്യുതി/ പ്രകൃതിവാതകം,ജലം	ദേശീയവരുമാനം/ജനസംഖ്യ
2.	വിലനയം	മൊത്തദേശീയവരുമാനം
3.	GST	വ്യവസായമേഖല
4.	വ്യക്തിഗത വരുമാനം	കാർഷിക മേഖല
5.	C + I + G + (X-M)	ചരക്കുകൾക്കും സേവനങ്ങൾക്കുമുള്ള നികുതി

IV. ചുരുക്കി ഉത്തരമെഴുതുക:

1. ദേശീയവരുമാനം-നിർവചിക്കുക.
2. മൊത്ത ആഭ്യന്തര ഉല്പാദനത്തിലെ സാധനങ്ങൾ ഏവ?
3. GDP-യുടെ പ്രാധാന്യത്തെക്കുറിച്ചെഴുതുക.
4. പ്രതിശീർഷ വരുമാനം എന്നാൽ എന്ത്?
5. മൂല്യവർദ്ധന രീതിയെ ഉദാഹരണ സഹിതം നിർവചിക്കുക.
6. ഇൻഡ്യയുടെ സാമ്പത്തിക നയങ്ങളുടെ പേരെഴുതുക.
7. ചെറുകുറിപ്പെഴുതുക: (a) GNH (b) HDI

V. വിവരിച്ച് ഉത്തരമെഴുതുക:

1. ദേശീയ വരുമാനത്തെ കണക്കാക്കുന്നതിന് യോജിച്ച വിവിധ ആശയങ്ങളെ വിശദീകരിക്കുക.
2. GDP-യെ കണക്കിടുന്ന രീതികളേവ? അവയെ വിവരിക്കുക.
3. സാമ്പത്തിക വളർച്ചയ്ക്കും പുരോഗമനത്തിനും ഇടയ്ക്കുള്ള വ്യത്യാസങ്ങളെഴുതുക.
4. താഴെ കൊടുത്തിട്ടുള്ള സാമ്പത്തിക നയങ്ങളെ വിവരിക്കുക
   1. കാർഷിക നയം
   2. വ്യവസായനയം
   3. പുതിയ സാമ്പത്തിക നയം

VI. പ്രായോഗിക പ്രവർത്തനം:

1. വിദ്യാർത്ഥികൾ തമിഴ്നാട്ടിന്റെ സ്ഥിതി വിവരങ്ങളെ ശേഖരിച്ച് കർണാടക,കേരള സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുക.
2. തമിഴ്നാട്ടിന്റെ തൊഴിൽ സാധ്യതകളുടെ വളർച്ചയെക്കുറിച്ചുള്ള സ്ഥിതി വിവരങ്ങളെ വിദ്യാർത്ഥികൾ ശേഖരിക്കാൻ ആവശ്യപ്പെടൽ.

REFERENCE BOOKS

1. Sankaran Indian Economy(problems, policies,and development).
2 Ramesh singh Indian economy (10th Edition).
3 Ministry of statistics and implementation planning commission. Government of india.

INTERNET RESOURCES

https://en.wikipedia.org
http://www.statisticstimes.com



ICT കോർണർ

UBZOL

മൊത്ത ആഭ്യന്തര ഉല്പാദനവും അതിന്റെ വളർച്ച: ഒരു ആമുഖം

പ്രവർത്തനം:

- താഴെ കാണുന്ന വെബ് വിലാസം/അല്ലെങ്കിൽ വേഗ സൂചനകളെ ഉപയോഗിച്ച് ഈ പ്രവർത്തനത്തിനായുള്ള സൈറ്റിൽ പോവുക.
- വലതു ഭാഗത്ത് കൊടുത്തിട്ടുള്ള 'Real GDP Growth' ഉള്ളിൽ പോയി 'India' യേ ക്ലിക്ക് ചെയ്ത് ഇൻഡ്യയുടെ മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ വളർച്ചയെപ്പറ്റി മനസ്സിലാക്കാം.

Website URL:

https://www.imf.org/external/datamapper/datasets/WEO/1

X Std - Economics Malayalam Unit-1.indd 304 1/27/2023 10:12:43 AM

യൂണിറ്റ് 2

ആഗോളവത്കരണവും വാണിജ്യവും



പഠനലക്ഷ്യങ്ങൾ

- ആഗോളവത്കരണത്തിന്റെ അർത്ഥവും,ചരിത്രത്തെക്കുറിച്ചും മനസ്സിലാക്കൽ.
- ബഹുരാഷ്ട്ര കമ്പനികളുടെ (MNC) പരിവർത്തന വളർച്ചയെ മനസ്സിലാക്കൽ.
- ദക്ഷിണേന്ത്യൻ ചരിത്രത്തെക്കുറിച്ചും വാണിജ്യം,കച്ചവടക്കാർ എന്നിവയെ ക്കുറിച്ച് മനസ്സിലാക്കൽ.
- ന്യായമായ വാണിജ്യപ്രവർത്തനങ്ങളെയും ആഗോളവ്യാപാര സമ്പ്രദായങ്ങ ളെക്കുറിച്ചും മനസ്സിലാക്കൽ.
- ആഗോളവത്കരണത്തിന്റെ പ്രത്യാഘാതവും വെല്ലുവിളികളെയും മനസ്സിലാക്കൽ.

AG304

ആമുഖം

ആധുനിക കാലഘട്ടങ്ങളിൽ രാഷ്ട്രീയക്കാ രും സാനമ്പത്തിക വിദഗ്ദന്മാരും,തൊഴിലുടമകൾ ക്കുമിടയിൽ അധികം പറയപ്പെടുന്ന ആശയമാണ് ഉദാരവൽക്കരണം,സ്വകാര്യവൽക്കരണം,ആഗോള വത്കരണം എന്നിവ.

2.1 ആഗോളവത്ക്കരണം


ആഗോളവത്ക്കരണം എന്നത് ലോകസമ്പ ദ്‌വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ രാജ്യങ്ങളെ സംയോജിപ്പിക്കുന്നതാണ്. അടിസ്ഥാനമായി ആഗോളവത്ക്കരണമാക്കൽ,സാർവദേശമയമാ ക്കൽ,സ്വകാര്യമമാക്കൽ എന്നീ പ്രവർത്തനങ്ങളെ സൂചിപ്പിക്കുന്നു.



ആഗോളവത്ക്കരണം

2.2 ആഗോളവത്ക്കരണത്തിന്റെ ചരിത്രം

ആഗോളവത്കരണം എന്ന വാക്ക് പ്രൊഫസർ. തിയോഡർ ലെവിറ്റ് എന്ന വ്യക്തി മുഖേന പരിച യപ്പെടുത്തി.ആഗോളവത്കരണത്തിന്റെ പശ്ചാത്ത ലത്തിൽ മൂന്നുഘട്ടങ്ങളായി ചർച്ചചെയ്യപ്പെട്ടു.



പ്രാചീന ആഗോളവൽക്കരണം

സുമറിനും സിന്ധുസമതല നാഗരീകതയ്ക്കും ഇടയ്ക്കുള്ള വാണിജ്യബന്ധങ്ങൾ ആഗോള വൽക്കരണം എന്ന ഘടനയെ മൂന്നാം നൂറ്റാണ്ടിൽ രൂപീകരിച്ചുവെന്നാണ് ആൺഡ്രൂ ഗുർ ഫ്രാങ്ക് എന്നാൾ വാദിച്ചു. ആഗോളവത്ക്കരണം ചെയ്യപ്പെട്ട സാമ്പത്തികത്തിന്റെയും സംസ്ക്കാരത്തിന്റെയും ആദ്യഘടനയെ ക്രാചീന ആഗോള വൽക്കരണം എന്ന് ഗ്രീക്കുകാരുടെ കാലഘട്ടത്തിൽ വിളിച്ചിരുന്നു. കമ്പോളരീതിയിൽ,നഗരകേന്ദ്രങ്ങളിൽ ഗ്രീക്ക് സംസ്ക്കാരത്തിന്റെ റോമസാമ്രാജ്യത്തിനും, പാർത്ഥിയൻ സാമ്രാജ്യത്തി നും ഇടയ്ക്കുള്ള വാണിജ്യബന്ധത്തിൽ ആഗോളവത്ക്കരണത്തിന്റെ ആരംഭകാലഘടനയെ ഈ സാമ്രാജ്യങ്ങൾക്ക് ഇട യിലുള്ള വാണിജ്യബന്ധങ്ങളാൽ പട്ട് പാതയിൽ വളർച്ചയെ പ്രോത്സാഹിപ്പിച്ചു.

ഇസ്ലാമിയരുടെ സുവർണ്ണകാലഘട്ടവും ആഗേളവത്ക്കരണത്തിന്റെ ഒരു പ്രധാന ആരംഭ ഘട്ടവുമായിരുന്നു. മംഗോളിയ സാമ്രാജ്യത്തിന്റെ വരവ്, മദ്ധ്യപൂർവ്വചൈനയുടെ വാണിജ്യ കേന്ദ്ര

X Std - Economics Malayalam Unit-2.indd 305 1/27/2023 10:13:05 AM



പട്ടു പാതയും സുഗന്ധവ്യജ്ഞന പാത യും

ങ്ങൾക്ക് ബലഹീനമായിരുന്നാലും പട്ടുപാതവഴി യാത്രചെയ്യാൻ സൗകര്യമായിരുന്നു.ഈ ആധുനികരണത്തിന്റെ പ്രാരംഭകാലഘട്ടത്തിൽ നടന്ന ലോകപരിവർത്തനത്തെ ചില സമയങ്ങളിൽ പ്രാചീന ആഗോളവത്ക്കരണം എന്നുവിളിച്ചിരുന്നു.

മധ്യഘട്ട ആഗോളവത്ക്കരണം

ആഗോളവൽക്കരണത്തിന്റെ അടുത്തഘട്ടം മധ്യഘട്ട ആഗോളവത്ക്കരണമാണ്. 16-ഉം 17-നൂറ്റാണ്ടുകളിൽ യൂറോപ്യൻ സാമ്രാജ്യങ്ങളുടെ മുന്നേറ്റത്താൽ ആദ്യം പോർച്ചുഗീസുകാരും, സ്പാനിഷുകാരും, ഡച്ചുകാരും, ബ്രിട്ടീഷുകാരും കടൽമാർഗ്ഗം വാണിജ്യത്തിലേർപ്പെട്ടു. ആഗോളവൽക്കരണം, 17-ാം നൂറ്റാണ്ടിൽ ഈസ്റ്റ് ഇൻഡ്യ കമ്പനി (1600) സ്വകാര്യ വാണിജ്യ സ്ഥാപനങ്ങൾ പോലെ രൂപീകരിക്കപ്പെട്ട് ആദ്യത്തെ അന്താരാഷ്ട്ര സ്ഥാപനങ്ങൾ എന്നറിയപ്പെട്ടു. മാത്രമല്ല ആദ്യത്തെ ഡച്ച് ഈസ്റ്റ്ഇൻഡ്യ കമ്പനി (1602) സ്ഥാപിക്കുകയും വാണിജ്യം നടക്കുകയും ചെയ്തു. 16-ാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാർ ആഫ്രിക്കയിൽ നിന്നും ഏഷ്യാ ബ്രസീൽ വരെ വാണിജ്യ കമ്പനികൾ സ്ഥാപിക്കാൻ തുടങ്ങി.

ആധുനിക ആഗോളവൽക്കരണം

19-ാം നൂറ്റാണ്ടിൽ ആഗോളവത്ക്കരണത്തിന്റെ വരവോടുകൂടി നവീന ഘടനയിലെത്തി. 19-ഉം 20-ഉം നൂറ്റാണ്ടുകൾക്കിടയ്ക്ക് നടന്ന ആഗോളവത്ക്കരണം ഒരു പ്രത്യേകതയുള്ളതാണ്. ഈ നൂറ്റാണ്ടുകളിൽ നടന്ന ആഗോള വാണിജ്യ സാമ്പത്തിക മൂലധനവും മുതൽമുടക്ക് ചെയ്യപ്പെട്ടത് മറ്റൊന്നാണ്. 20-ാം നൂറ്റാണ്ടിലെ വാണിജ്യ ഉല്പാദനത്തിൽ കാര്യമായമാറ്റം ഉണ്ടായി. രണ്ട് പ്രധാന ആശയങ്ങളുണ്ട്. ഒന്ന് ഈ നൂറ്റുകളിലെ ആഗോള വ്യാപാരം അതുപോലെ മൂലധനം, നിക്ഷേപം, സമ്പദ് വ്യവസ്ഥ എന്നിവയും. മറ്റൊന്ന് ഇരുപതാം നൂറ്റാണ്ടിലെ ആഗോള വ്യാപാരവും വ്യാപാര ഉൽപ്പാദനത്തിലെ വ്യാപാരത്തിന്റെ ഉയർന്ന പങ്കിനെയും കാണിക്കുന്നു. സേവന വ്യാപാരത്തിന്റെ വളർച്ച ബഹുരാഷ്ട്ര കമ്പനികളുടെ ഉത്പാദനത്തിന്റെയും വ്യാപാരത്തിന്റെയും ഉയർച്ചയും ആകുന്നു.

2.3 ചരിത്രനോട്ടത്തിൽ ദക്ഷിണേന്ത്യയിൽ കച്ചവടവും വ്യാപാരികളും

വാണിജ്യ നടപടിക്രമങ്ങൾ ക്രമീകരിക്കുന്നതിനും സംഘടിപ്പിക്കുന്നതിനും വ്യാപാരികൾ ദക്ഷിണേന്ത്യൻ വ്യാപാര സംഘടനകളെ സൃഷ്ടിച്ചു. ഇൻഡ്യൻ സംസ്കാരത്തെ മഫ്ഫു രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്ന വ്യാപാര സംധങ്ങൾ ഉണ്ടായിരുന്നു. ദക്ഷിണേന്ത്യയിൽ വാണിജ്യം ചോഴന്മാരുടെ ആധുപത്യത്തിലായിരുന്നു. പിന്നീട് അത് പല്ലവന്മാരുടെ ആധിപത്യത്തിലേയ്ക്ക് മാറി.

ആരംഭ കാലഘട്ടത്തിലെ കച്ചവടക്കാർ

1053-എഡി യിൽ കലിംഗ വ്യാപാരികൾ (ഇന്ന ത്തെ ഒറീസ്സ) ചുവന്ന നിറത്തിലുള്ള മുത്തുകൾ പോലുള്ള സാധനങ്ങളെ കച്ചവടത്തിനു കൊണ്ടുവന്നു. മാത്രമല്ലാതെ ആരംഭനാളുകളിൽ പരുത്തി തുണിത്തരങ്ങൾ ദക്ഷിണ പൂർവ്വ ഏഷ്യയിലും കൊണ്ടുവന്ന് വാണിജ്യം ചെയ്തു.

X Std - Economics Malayalam Unit-2.indd 306 1/27/2023 10:13:06 AM

യൂറോപ്യൻ കച്ചവടക്കാർ

ഈ കാലഘട്ടത്തിൽ വിവിധ യൂറോപ്യൻ കമ്പനികൾ ഇൻഡ്യയിലേയ്ക്ക് വരുന്നതിന് വാണിജ്യം ഒരു കാരണമായിരുന്നു. വാസ്കോഡ ഗാമ യൂറോപ്പിൽ നിന്നും ഇൻഡ്യയിലേയ്ക്ക് സുപ്രതീക്ഷ മുനമ്പുവഴി പുതിയ കടൽമാർഗ്ഗം കണ്ടുപിടിക്കാൻ കാരണക്കാരനായി. ഇത് സാംസ്കാരിക ലോകത്തിന് നിരവധി ഫലങ്ങൾ ഉണ്ടാക്കി. ഇൻഡ്യയുടെ കടൽ തീരപ്രദേശവും കടൽവാണിജ്യവും യൂറോപ്യന്മാരാൽ മുൻഗണന ലഭിച്ചിരുന്നു.

പോർട്ടുഗീസുകാർ

വാസ്കോഡഗാമയുടെ നേതൃത്വത്തിൽ പോർട്ടുഗീസുകാർ മേയ് 17 1498-ൽ കോഴി ക്കോടിൽ കച്ചവടത്തിനായി വന്നു. വാസ്കോഡ ഗാമയാൽ പോർട്ടുഗീസിലേയ്ക്ക് കൊണ്ടുപോയ സാധനങ്ങളുടെ ലാഭത്തേക്കാൾ, ഇൻഡ്യ മുഴുവനും യാത്രചെയ്ത ചെലവിനേക്കാൾ 60 മടങ്ങാണ്. (CE). 1500-ൽ ആൽവരോസ് കാബറൽ ഇൻഡ്യ യിൽ വന്നു. വീണ്ടും 1502-ൽ വാസ്കോഡഗാമ രണ്ടാമത്തെ വരവോടെ ഇൻഡ്യയിൽ കോഴിക്കോട്, കൊച്ചി,കണ്ണൂർ വാണിജ്യ കമ്പനികൾ സ്ഥാപി ക്കുന്നതിന് കാരണമായി. ആരംഭ കാലഘട്ടത്തിൽ

ഡച്ചുകാർ

1596 മുതൽ ഡച്ചുകാർ പല യാത്രകളിലൂടെ ഡച്ച് ഈസ്റ്റ് ഇൻഡ്യ കമ്പനിയെ 1602-ൽ സ്ഥാ പിച്ചു. അഡ്മിറൽ വാർ ഗഹേൻഡ എന്ന വ്യക്തി യാൽ ഡച്ചുകമ്പനി മസൂലിപട്ടണം, പെത്തപോലി (നിസാംപട്ടണം), ദേവനാം പട്ടണം എന്നീ സ്ഥലങ്ങ ളിൽ സ്ഥാപിച്ചു. 1610-ാം ആൽ ചന്ദ്രഗിരി രാജാവു മായി ചർച്ചയിലേർപ്പെട്ട് പുലിക്കാട്ടിൽ മറ്റൊരു വ്യവ സായശാല സ്ഥാപിച്ചു. ഇൻഡിഗോ, സാൾപീറ്റർ, ബംഗാൾസിൽക്ക് പോലുള്ള സാധനങ്ങൾ ഡച്ചുകാ രാൽ കയറ്റുമതി ചെയ്തു. ഇൻഡ്യയിൽ ഡച്ചുകാ രുടെ തലസ്ഥാനമായി പുലിക്കാട് വിളങ്ങി. 1659-ൽ പോർട്ടുഗീസുകാരിൽ നിന്ന് തഞ്ചാവൂർ കടൽക്കര യിൽ ഉള്ള നാഗപട്ടണത്തെ കൈവശപ്പെടുത്തി.

ബ്രിട്ടീഷ് കമ്പനി (UK)

1600-ഡിസംബർ 31-ാം തീയതി ഇംഗ്ലീഷ് ഈസ്റ്റ് കമ്പനിയുടെ സ്ഥാപനം ആരംഭിക്കുന്നതിനു വേണ്ടിയുള്ള എലിസബത്ത് രാജ്ഞിയാൽ കല്പന നൽകി. ദക്ഷിണ പൂർവ്വ കടൽതീരത്തിൽ, ബ്രിട്ടീ ഷുകാർ 1611-ൽ മസൂലി പട്ടണത്തിലും 1626-ൽ പുലിക്കാട്ടിനടുത്തും കമ്പനി സ്ഥാപിച്ചു. ഗോൽ കൊായിലെ സുൽത്താൻ ഇംഗ്ലീഷ് (ഗോൾഡൻ ഫയർമാൻ) എന്ന ബിരുദം നൽകി 1632-ൽ തങ്ങളുടെ രാജ്യ തുറമുഖങ്ങളിൽ സൗജന്യമായി വായപാരം അനുവദിച്ചു. 1639-ൽ ബ്രിട്ടീഷുകാർ ചെന്നൈയിൽ ഒരു ശക്തമായ കമ്പനി നിർമ്മിച്ചു. പിന്നീട് സെന്റ് ജോർജ്ജ് കോട്ട എന്ന് അറിയപ്പെ ട്ടു.ചോഴമണ്ഡല കടൽത്തീരത്തുള്ള മസൂലിപ ട്ടണം വളരെ വേഗത്തിൽ ഇംഗ്ലീഷുകാരുടെ കുടി യേറ്റ പ്രദേശത്തിന്റെ ആസ്ഥാനമായി മാറി.

ഡാനിഷുകാർ

ഡാനിഷുകാർ, 1616-ൽ ഇൻഡ്യയിൽ വന്ന് ഡാനിഷ് ഈസ്റ്റ് ഇൻഡ്യ കമ്പനി രൂപീകരിച്ചു. 1620-ആ് ഡാനിഷ്, ഇൻഡ്യയിൽ ഡാനിഷ് കുടി യേറ്റ പ്രദേശമായി ട്രാങ്ക് ബാറിനെ (തമിഴ്നാട്) ആസ്ഥാനമായി സ്ഥാപിച്ചു. ഇൻഡ്യയിൽ തങ്ങ ളാൽ ശക്തി പ്രാപിക്കാൻ കഴിയാത്തതിനാൽ 1845-ൽ എല്ലാ കുടിയേറ്റ പ്രദേശങ്ങളെയും ബ്രിട്ടീ ഷുകാരാൽ നിർബന്ധിതമാക്കുകയും അവർക്ക് തന്നെ വിൽക്കുകയും ചെയ്തു.

ഫ്രഞ്ചുകാർ

ഇൻഡ്യയിൽ ഫ്രഞ്ചുകാർ, 1668-ൽ ഗോൽകൊണ്ട സുൽത്താന്റെ അനുവാദത്തോടുകൂടി ആദ്യത്തെ ഫ്രഞ്ച് ഈസ്റ്റ് ഇൻഡ്യ കമ്പനി സ്ഥാപിച്ചു. 1693-ൽ ഡച്ചുകാർ പോിച്ചേരിയെ കൈപ്പറ്റുകയും വീണ്ടും ഫ്രഞ്ചുകാർക്ക് കൈമാറുകയും ചെയ്തു. 1701-ൽ പോണ്ടിച്ചേരി ഫ്രഞ്ചുകാരുടെ ആസ്ഥാന മായി മാറി.

2.4 ഇൻഡ്യയിൽ ആഗോളവത്കരണം

ഇൻഡ്യയിൽ 1980-81-നു ശേഷം 1990-1991-ാം വർഷങ്ങളിൽ നടന്ന ഗൾഫ് യുദ്ധങ്ങ ളുടെ ഫലമായി എണ്ണയുടെ വില വർദ്ധിക്കുകയും പശ്ചിമ ഏഷ്യയിൽ തീവ്രവാദം കാരണമായി കടുത്ത വിദേശ വാണിജ്യപ്രശ്നങ്ങൾ നേരിടേിവന്നു.

പുതിയസർക്കാക് ജൂൺമാസം 1991-ൽ അധി കാരത്തിൽ വന്ന ഉടനെ ഇൻഡ്യ വിദേശരാജ്യങ്ങ ളിലൂടെ പണമിടപാടുകളിൽ മുമ്പിലെത്തെക്കാൾ വലിയപ്രതിസന്ധികൾ നേരിടേണ്ടി വന്നു.

കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ധനസമാ ഹരണം ഒരു ധനമില്ലാത്ത അവസ്ഥയിലെത്തി എന്നു പറയാം. (ചില അന്തർദേശീയ കമ്പനിക ളാൽ ഇൻഡ്യയുടെ വായ്പാ മൂല്യം കുറഞ്ഞു മാത്ര മല്ലാതെ ഇവിടെ നിന്നും കൂടുതൽ മൂലധനവും പുറത്തുപോയി).

ഇൻഡ്യ അന്താരാഷ്ട്ര വിപണിയിൽ അതി ന്റെ വായ്പ നൽകുന്നതിനുള്ള യോഗ്യത നഷ്ട പ്പെട്ടതിനാൽ ഇംഗ്ലീ ബാങ്ക് 40 ടൺ സ്വർണ്ണത്തെ പണയം വച്ചു. ഈ അവസരത്തിൽ, 1991-1992-ൽ സർക്കാർ ജൂലൈ 1991-ൽ തങ്ങളുടെ വരവുചെ ലവു നയത്തെ ഉദാരവൽക്കരണം,സ്വകാര്യവൽ

X Std - Economics Malayalam Unit-2.indd 307 1/27/2023 10:13:06 AM

ക്കരണം,ആഗോളവൽക്കരണം മുതലായവയുടെ തുടർച്ചയായ നയങ്ങളുടെ മാറ്റങ്ങളോടു നൽകി. ഈ നയങ്ങൾ ഇൻഡ്യയിൽ 1994-ൽ ഡൻങ്കൽ ഡ്രാഫ്റ്റ്-ൽ ഒപ്പുവച്ച് അതിനെ ശക്തിപ്പെടുത്തി.

ആഗോളവൽക്കരണവുമായി ബന്ധപ്പെട്ട പരിഷ്ക്കാരങ്ങൾ:

(ഇൻഡ്യയിൽ-പുതിയ സാമ്പത്തികനയം)

1. ചില വ്യവസായശാലകളൊഴികെ, തൊഴിൽ ശാലകൾ ആരംഭിക്കാനുള്ള അനുവാദം ലഭിച്ചിരുന്നില്ല.
2. പൊതുമേഖല സ്ഥാപനങ്ങൾക്കായി നീക്കിവെയ്ക്കപ്പെട്ട തൊഴിൽശാലകളുടെ എണ്ണം കുറച്ചിരുന്നു.
3. ഇൻഡ്യയിൽ സാധനങ്ങളുടെ കയറ്റുമതി,കൈമാറ്റത്തിൽ സ്ഥിരമായ പണമൂല്യം നിരക്കിനെ ശരിയാക്കി.
4. വിദേശസ്വകാര്യമേഖലകളിൽ നിലവിലുള്ള കണക്കനുസരിച്ച് ഇറക്കുമതി നികുതിയെ കുറക്കുന്നതു മുഖേന വാണിജ്യത്തിൽ രൂപയുടെ മാറ്റത്തെ സൃഷ്ടിച്ചു.
5. വിദേശ പണവിനിമയ ക്രമീകരണം ശരിയായി ക്രമീകരിച്ചു.
6. ഇൻഡ്യ റിസർവ്വ് ബാങ്കിനാൽ നൽകിയ നിയമ ബാധ്യതയെ ഉയർത്തി.

2.5 ബഹുരാഷ്ട്ര കമ്പനി (MNC)

രാജ്യത്തിലെ ചരക്കുകളുടെയും അല്ലെങ്കിൽ സേവനങ്ങളുടെയും ഉൽപാദിപ്പിക്കുന്ന അല്ലെങ്കിൽ നിയന്ത്രിക്കുന്ന ഒരു കോർപറേഷനാണ്.ബഹുരാഷ്ട്ര കമ്പനികളെ അന്താരാഷ്ട്ര സ്ഥാപനങ്ങൾ അല്ലെങ്കിൽ ബഹുരാഷ്ട്ര സ്ഥാപനം എന്നു പറയാം.

GARKM

MNC യുടെ പരിണാമ വളർച്ച

ഈസ്റ്റ് ഇൻഡ്യാ കമ്പനി,ഇൻഡ്യയെ ഒരു വാണിജ്യസ്ഥാപനമായി മാറ്റി. അതിനുശേഷം രാഷ്ട്രീയ രീതിയിൽ കൂടെ രാജ്യത്തുടനീളം വ്യാപകമായി ആധിപത്യം സ്ഥാപിച്ചു. 1920-ൽ അന്താരാഷ്ട്ര സ്ഥാപനങ്ങൾ ആദ്യമായി വിഭജിച്ചെടുക്കപ്പെട്ട വ്യവസായങ്ങളിൽ അല്ലെങ്കിൽ വ്യവസായം നടത്തുന്ന രാജ്യങ്ങളുടെ അസംസ്കൃത വസ്തുക്കളെ നിയന്ത്രിച്ച് പതുക്കെ പതുക്കെ ഇൻഡ്യയിലേയ്ക്ക് വ്യാപിപ്പിച്ചു. 1950-നു ശേഷം ഉല്പാദനത്തിലും സേവനമേഖലയിലും ഇടപ്പെട്ടിരുന്നു. ഇപ്പോൾ ഇൻഡ്യയിൽ 4 വലിയ കയറ്റുമതി രാജ്യങ്ങളായ അമേരിക്ക,ഇംഗ്ലീ,ഫ്രാൻസ്,ജർമ്മനി പോലുള്ള രാജ്യങ്ങൾക്കു സ്വന്തമായ ബഹുരാഷ്ട്ര കമ്പനികൾ ധാരാളമായി കാണപ്പെടുന്നു. അവയിൽ ഏറ്റവും വലുത് അമേരിക്കയാണ്. ഇൻഡ്യയിലുള്ള 15 വലിയ ബഹുരാഷ്ട്ര സ്ഥാപനങ്ങളിൽ 11 എണ്ണം അമേരിക്കയ്ക്ക് ഉള്ള താണ്

ഇൻഡ്യയിൽ ബഹുരാഷ്ട്ര കമ്പനികളുടെ വളർച്ച

ഇൻഡ്യ വ്യവസായ മേഖലയിൽ ബഹുരാഷ്ട്ര സ്ഥാപനത്തിന്റെ പൊതുവായ ഘടനയോടുകൂടി ഇൻഡ്യൻ തൊഴിൽ അധിപന്മാരുടെ സഹകരണത്തോടുകൂടി പ്രവേശിച്ചു. 1980-കളിൽ ഉദാരവത്ക്കരണത്തിന്റെ ഗതികൾ വിദേശനാടുകളുടെ സഹകരണത്തിന് ഗണ്യമായ പങ്ക് വഹിച്ചു. 1948-1988-ആണ്ടിന് ഇടയ്ക്കു ഒപ്പുവെച്ച 12,760 മൊത്ത വിദേശരാജ്യ സഹകരണ കരാറുകളിൽ നിന്ന് ഇത് തെളിവാകുന്നു.ജൂലൈ-ആഗസ്റ്റ്-1991-ൽ പുറത്തിറക്കിയ ഉദാരവൽക്കരണമാക്കപ്പെട്ട വിദേശ സഹകരണ നയങ്ങളിൽ അന്താരാഷ്ട്ര ഓഹരി വർദ്ധിച്ചു.



സോഫ്റ്റ് വെയർ ബഹുരാഷ്ട്ര സ്ഥാപനം

MNC യുടെ വളർച്ചയ്ക്കായുള്ള കാരണങ്ങൾ

1. കമ്പോള സ്ഥലങ്ങളുടെ വിപുലീകരണം.

വലിയതോതിലുള്ള കമ്പനികളുടെ വികസനം, പുരോഗമിച്ചു വരുന്നതിനാൽ ആ കമ്പനി സ്ഥിതി ചെയ്യുന്ന, രാജ്യത്തിന്റെ ഭൂമിശാസ്ത്ര അതി ർത്തിക്ക് അപ്പുറമായി പ്രക്രിയകളെ വീണ്ടും വികസിപ്പിക്കുന്നു.

2. കമ്പോളവത്ക്കരണത്തിന്റെ മേൽക്കോയ്മ:

ഈ കമ്പനി വിപണിയുടെ മൂല്യത്തോടുകൂടി ബഹുരാഷ്ട്ര വിപണിയുടെ ഉല്പന്നങ്ങളെ വിറ്റഴിക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നു. മാത്രമല്ല ഫലപ്രദമായ വില്പനാ പ്രോത്സാഹനവും തൊഴിൽ സാങ്കേതിക വിദ്യയെ സ്വീകരിക്കുന്നു.

3. ധനകാര്യ നിർവ്വഹണം

ഇതിൽ സാമ്പത്തിക വിഭവങ്ങളും ഉയർന്ന ധന സഹായങ്ങളും ഉണ്ട്. അതിനാൽ ബാഹ്യ മൂലധന കമ്പോളങ്ങളെ എളുപ്പത്തിൽ സ്വാധീനിക്കാനും അതിന്റെ അന്താരാഷ്ട്ര കീർത്തിക്ക് കാരണമായ വിഭവങ്ങളെ വർദ്ധിപ്പിക്കാനും കഴിയും.

X Std - Economics Malayalam Unit-2.indd 308 1/27/2023 10:13:06 AM

കാണവിദേശരാജ്യങ്ങളിലുള്ള ഇൻഡ്യയുടെ ബഹുരാഷ്ട്ര കമ്പനികൾ			
സ്ഥാപനം	ആസ്ഥാനം	തൊഴിലിന്റെവക ഭേദം	കമ്പനി പ്രവർത്തിക്കുന്ന നാടുകൾ
ഹീറോമോട്ടോ	ന്യൂഡൽഹി	ഓട്ടോമൊബൈൽ	കാളംബിയ, ബംഗ്ലാദേശ്, ആഫ്രിക്ക
ബജാജ്	പൂന	ഓട്ടോമൊബൈൽ	ഐക്യഅറബ്എമിറേറ്റ്സ്, ബംഗ്ലാദേശ്
ടി.വി.എസ്	ചെന്നൈ	ഓട്ടോമൊബൈൽ	ബ്രസീൽ, ചിലി, കൊളംബിയ, മെക്സിക്കോ, പെറു
സേറ്റ്ബാങ്ക്	മുംബൈ	ബാങ്കിംങ്	ആസ്ട്രേലിയ, ബംഗ്ലാദേശ്, ബെൽജിയം ഓഫ് ഇന്ത്യ
ഭാരത്ഏർടെൽ	ന്യൂഡൽഹി	വാർത്താവിനിമയം	തെക്കേഏഷ്യ, ആഫ്രിക്ക

2018-ൽ ഇൻഡ്യയിലുള്ള ഏറ്റവും വലിയ 10 അന്തർ ദേശീയ കമ്പനികൾ

സോണി കോർപ്പറേഷൻ	നെറ്റൽ
ഹേവ് ലെഫ്റ്റ് പാക്കാർഡ്	പ്രക്ടർ & ഗാംബിൽ
റ്റാ റ്റാ ഗ്രൂപ്പ്	സിറ്റി ഗ്രൂപ്പ്
മൈക്രോ സോഫ്റ്റ് കോർപ്പറേഷൻ	പെപ്സി കമ്പനി
ഐ.ബി.എം	കൊക്കോ - കോളോ കമ്പനി

4. സാങ്കേതിക നിർവ്വഹണം:

പിന്നോക്ക രാജ്യങ്ങളിൽ ബഹുരാഷ്ട്ര പങ്കെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പ്രധാന കാരണം ദേശീയതൊഴിൽശാലകളോട് താരതമ്യം ചെയ്യുമ്പോൾ, ഈ സ്ഥാപനങ്ങൾ തൊഴിൽ വളർച്ചയിൽ സാങ്കേതിക മുന്നേറ്റങ്ങളോട് കാണുന്ന വളർച്ചയാണ്.

5. ഉല്പന്ന നവീകരണം:

പുതിയ ഉല്പന്നങ്ങളുടെ വികസനത്തിനും നിലവിലുള്ള ഉല്പന്നങ്ങളുടെ മികച്ച രൂപകല്പനയ്ക്കുമായി ബഹുരാഷ്ട്ര കമ്പനികൾ ഗവേഷണവും വികസനവും നടത്തുന്നു.

ബഹുരാഷ്ട്ര കമ്പനികളുടെ നന്മകൾ

1. ബഹുരാഷ്ട്ര കമ്പനികൾ കുറഞ്ഞവിലയിൽ ഉല്പന്നങ്ങളെ ഗുണമേന്മയോടും ഗുണനിലവാരത്തോടും പണപരിവർത്തന ചെലവ് ഇല്ലാതെ ഉല്പാദിപ്പിക്കുന്നു
2. ബഹുരാഷ്ട്ര കമ്പനികൾ വില കുറയ്ക്കൽ ആഗോള ഉപഭോക്താക്കളുടെ വാങ്ങുന്ന ശേഷി വർദ്ധിപ്പിക്കുന്നു.
3. ബഹുരാഷ്ട്ര കമ്പനികൾ നികുതി വ്യതിയാനങ്ങൾ ചെയ്യാൻ കഴിയും.
4. ബഹുരാഷ്ട്ര കമ്പനികൾ പ്രാദേശിക സമ്പദ്വ്യവസ്ഥയിൽ തൊഴിലവസരങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

ബഹുരാഷ്ട്ര കമ്പനികളുടെ തിന്മകൾ

1. ബഹുരാഷ്ട്ര കമ്പനികൾ മുൻഗണന (ചില ഉല്പന്നങ്ങൾക്കു)ക്രമത്തിൽ വളർത്താൻ ഒരു വഴിയാണ്.
2. സർവ്വരാഷ്ട്ര കമ്പനികളാൽ പരിസ്ഥിതിയിൽ അനാരോഗ്യം ഉണ്ടാകുന്നതിന് സാധ്യതയുണ്ട്.
3. ഒരു ആതിഥേയ രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയിൽ ബഹുരാഷ്ട്ര കമ്പനികളുടെ പ്രവേശനം ചെറിയ പ്രാദേശിക വ്യാപാരസ്ഥാപനങ്ങളുടെ വീഴ്ചയ്ക്ക് വഴിയൊരുക്കുന്നു.
4. ബഹുരാഷ്ട്ര കമ്പനികൾ ധാർമ്മിക മാനദണ്ഡങ്ങളെ ലംഘിക്കുകയും ഉപേക്ഷിക്കുകയും മൂലധനത്തോടുകൂടി തങ്ങളുടെ വ്യാപാര പ്രക്രിയയെ പിൻവലിക്കുന്നതിന് ശ്രമിക്കുകയും ചെയ്യുന്നു.

2.6 ന്യായമായ വ്യാപാര സമ്പ്രദായങ്ങളും ലോകവാണിജ്യ സംഘടനയും

ന്യായമായ വ്യാപാരം എന്നു പറയുന്നത് ചെറുകിട വ്യവസായികളെ ലോക കമ്പോളത്തിൽ ഒരു വേഗതയാർന്ന ഭാഗമായി കരുതിയിരുന്നാലും ഉപഭോക്താക്കൾക്ക് അധികാരം നൽകാനും, ശേഖരിക്കാനും അവരുടെ മൂല്യങ്ങൾക്ക് സഹിക്കാൻ എന്ന ലക്ഷ്യത്തോടുള്ള മാർഗ്ഗരീതിയാണ് ന്യായമായ വാണിജ്യം എന്നു പറയുന്നത് കാർഷിക ഉല്പന്നങ്ങൾ മുൻകൂട്ടി പൂരകല്പന ചെയ്ത കരകൗശല വസ്തുക്കളുടെ ഉല്പാദകരും, ഉപഭോ

വിദേശപണവിനിമയ നിയന്ത്രണ നിയമം-1974
ഈ നിയമം ഇൻഡ്യയിൽ ബഹുരാഷ്ട്ര കമ്പനികളുടെ നേരിട്ടുള്ള പ്രവർത്തനത്തെ വ്യക്തമാക്കുന്നു.
വിദേശ പണവിനിമയ മേനേജ്മെന്റ് നിയമം-1999
നിയന്ത്രണത്തിന് വിപരീതമായി ഭരണനിർവ്വഹണത്തെ - യുടെ കീഴിൽ നിർബന്ധിച്ചു.

X Std - Economics Malayalam Unit-2.indd 309 1/27/2023 10:13:06 AM

ക്താക്കളും സ്വമേധയാ സ്വീകരിച്ച പരിസ്ഥിതി ലക്ഷ്യങ്ങളോടു കൂടെ മുന്നോട്ടു കൊണ്ടുപോകാൻ രൂപകല്പന ചെയ്തിട്ടുള്ള വാണിജ്യപ്രക്രിയകളാണ്. അവ താഴെ പറയുന്നവയാണ്.

- ചെറുകിട വ്യവസായികൾ,ഫാമിലെ തൊഴിലാളികൾ,കരകൗശല വിദഗ്ദന്മാരുടെ വരുമാനത്തെ വർദ്ധിപ്പിക്കുക എന്നിവയെ വർദ്ധിപ്പിക്കുന്നതിനെ സ്ഥിരപ്പെടുത്തൽ.
- സാധനങ്ങളുടെ ഉല്പാദനം ,വില്പനയുമായി ബന്ധപ്പെട്ട സാമ്പത്തിക ലാഭങ്ങൾ,അവസരങ്ങൾ,ദുരന്തങ്ങളെ തുല്യമായി വിതരണം ചെയ്യൽ.
- ഉല്പാദകരുടെ സംഘങ്ങളുടെ സ്ഥാപനങ്ങളെയും വാണിജ്യ കഴിവുകളെയും വർദ്ധിപ്പിക്കൽ.
- തൊഴിലാളികളുടെ അവകാശങ്ങളെ മെച്ചപ്പെടുത്തുകയും,തൊഴിലാളികൾ ഉചിതമായ രീതിയിൽ സംയോജിക്കാൻ ഉള്ള ഏർപ്പാടുകൾ ക്രമീകരിക്കുക.
- സുരക്ഷയും സുസ്ഥിരവും ആയ കാർഷിക രീതികളെയും തൊഴിൽ സാഹചര്യങ്ങലെയും പ്രോത്ഹാഹിപ്പിക്കൽ.

ന്യായമായ വാണിജ്യസംഘങ്ങളുടെ വ്യവസ്ഥകൾ

- സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഉല്പാദകർക്ക് അവസരങ്ങൾ ഒരുക്കികൊടുക്കൽ.
- സുതാര്യതയും ഉത്തരവാദിത്വവും.
- ന്യായമായ വാണിജ്യം/പ്രക്രിയകൾ - ന്യായമായ വിലയിൽ വിതരണം ചെയ്യുന്നത്.
- ബാലവേലക്കാരും,നിർബന്ധിത ജോലിക്കാരണ്ടും ഇല്ല എന്ന് ഉറപ്പു വരുത്തൽ.
- വേർതിരിവ് ഇല്ലാതെ,ലിംഗ തുല്യ ഓഹരി യും സംഘടനാ സ്വാതന്ത്ര്യം എന്നിവയ്ക്ക് സമർപ്പിക്കൽ.
- സാമർത്ഥ്യത്തെ വളർത്തൽ ന്യായമായ സംഘടനകളെ മെച്ചപ്പെടുത്തൽ
- പരിസ്ഥിതിയെ ബഹുമാനിക്കൽ.

കാപ്പി, ചായ, കൊക്കോ, തേൻ, വാഴപഴം എന്നിവ ന്യായമായ വാണിജ്യ ഭക്ഷണ സാധനങ്ങളാണ്. കരകൗശല വസ്തുക്കൾ, നെയ്ത്ത്, പൂക്കൾ, എന്നിവ ഭക്ഷ്യ വസ്തുക്കളല്ല.

GATT: (ചുങ്ക നികുതി,വാണിജ്യം സംബന്ധിച്ച പൊതു ഉടമ്പടി)

1947-ൽ 23 രാജ്യങ്ങൾ ഗാട്ട് കരാറിൽ ഒപ്പു വച്ചു. ഗാട്ടിന്റെ അംഗരാജ്യങ്ങളിൽ ഇൻഡ്യയും ഒരംഗമാണ്. ഗാട്ടിന്റെ ഡയറക്ടർ ജനറൽ കൊണ്ടുവന്ന അവസാന നിയമം/ഉടമ്പടി ഡങ്കൽ ഡ്രാഫ്റ്റ് എന്നു വിളിക്കുന്നു. ഡങ്കൽ ഡ്രാഫ്റ്റിന് ഏപ്രിൽ 15, 1994 ഏപ്രിൽ 15,1994-ൽ അവസാനമായി നിയമം /ഉടമ്പടി ഒപ്പുവച്ച് അംഗീകാരം നൽകി ഗാട്ടിന്റെ പ്രധാന ലക്ഷ്യം, അർത്ഥമുള്ള നിയമ പ്രക്രിയകൾക്കനുസരിച്ച് പല വിധത്തിലുള്ള വിലകളെയും,സംവരണങ്ങളെയും, സഹായങ്ങളെയും കുറയ്ക്കുന്നത് മുഖേന അന്താരാഷ്ട്ര വാണിജ്യത്തെ വർദ്ധിപ്പിക്കുക എന്നതാണ്.

ലോക വാണിജ്യ സംഘടന (WTO)



ലോകവാണിജ്യ സംഘടന (WTO)

1994-ൽ ഏപ്രിൽ മാസം(GATT)സ്ഥാപിക്കുന്നതിന് അംഗരാജ്യങ്ങൾ ഉറുഗ്വേ വട്ടമേശ സമ്മേളനം അവസാനത്തെ കരാറിൽ ഒപ്പു വച്ചു. ഈ സംഘടനയെ പ്രാബല്യത്തിൽ കൊണ്ടു വരാൻ കരാറിനെ സ്വീകരിച്ച് 104 അംഗരാജ്യങ്ങളാൽ ഒപ്പുവെക്കപ്പെട്ടു. കരാർ 1995 ജനുവരി-1-ന് പ്രാവന്നു.

ഗാട്ടിന്റെ സമ്മേളനങ്ങൾ GATT

- ഒന്നാമത്തെ സമ്മേളനം ജെനീവ(സ്വിറ്റ്സർലാന്റ്) - 1947.
- രണ്ടാമത്തെ സമ്മേളനം-അന്നിസി - (ഫ്രാൻസ്) - 1949.
- മൂന്നാമത്തെ സമ്മേളനം-റ്റാർക്കുവേ-(ഇംഗ്ലണ്ട്) - 1950-51.
- നാലാമത്തെയും അഞ്ചാമത്തെയും ആറാമത്തെയും സമ്മേളനം - ജെനീവ (സ്വിറ്റ്സർലാന്റ്) - 1956, 1960-61, 1964-67.
- ഏഴാമത്തെ സമ്മേളനം - ടോക്കിയോ (ജപ്പാൻ) 1973-79.
- 1986-1994-ൽ - എട്ടാമത്തെയും അവസാനത്തെയും സമ്മേളനം-പുൻന്റാ ഡെൽ-എസ്റ്റേ (ഉറുഗ്വേ)- 1986-1994-ഈ സമ്മേളനത്തെ (ഉറുഗ്വേസമ്മേളനം) എന്നു വിളിക്കുന്നു.

W.T.O യുടെ ലക്ഷ്യങ്ങൾ

- വിദേശ കച്ചവട നിയമങ്ങൾ രൂപീകരിച്ച് നടപ്പിലാക്കൽ.

X Std - Economics Malayalam Unit-2.indd 310 1/27/2023 10:13:06 AM

- വാണിജ്യ സ്വകാര്യവൽക്കരണത്തിലൂടെ ചർച്ചകൾക്കും നിയന്ത്രണങ്ങൾക്കുമായുള്ള ഒരു സമിതിയെ നൽകൽ.
- വ്യാപാര തർക്കങ്ങളെ കൈകാര്യം ചെയ്യൽ.
- മെച്ചപ്പെട്ട വികസനവും പരിസ്ഥിതിയും എന്നിവ രണ്ടിനെയും സംയോജിപ്പിച്ച് പരിചയപ്പെടുത്തൽ.
- ലോകവാണിജ്യത്തിൽ വളർന്നുവരുന്ന നാടുകൾക്ക് ഒരു മെച്ചപ്പെട്ട വളർച്ചയ്ക്ക് സംരക്ഷണം നൽകൽ.
- തീരുമാനം എടുക്കുന്ന പ്രക്രിയയിൽ സുതാര്യത വർദ്ധിപ്പിക്കൽ.
- പൂർണ്ണ തൊഴിലവസരം ഉറപ്പുവരുത്തുകയും പ്രയോജനമുള്ള ആവശ്യങ്ങളെ വർദ്ധിപ്പിക്കൽ.

ലോകവാണിജ്യ സംഘടന (WTO):
ആസ്ഥാനം: ജെനീവ,സ്വിറ്റ്സർലാന്റ്.
ലക്ഷ്യം: വാണിജ്യത്തെ നിയന്ത്രിക്കൽ, വിദേശ വാണിജ്യം.
അംഗങ്ങൾ: ഡയറക്ടറൽ ജനറൽ,ഡെപ്യൂട്ടി ഡയറക്ടർ, 80 അംഗരാജ്യങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 600 ഓഫീസ് അന്റന്റുമാർ.

ബൗദ്ധിക സ്വത്തവകാശവുമായി ബന്ധപ്പെട്ട വാണിജ്യഅവകാശങ്ങൾ (TRIPs)

ബൗദ്ധിക ഉല്പന്നങ്ങളുടെ അവകാശം എന്നത് ഒരു വാണിജ്യ മൂല്യത്തോടുകൂടിയ അറിവ് ആണ്. എന്ന് നിർവചിക്കാം.ഇതിന്റെ കീഴിൽ ചരക്കുകൾ അല്ലെ ങ്കിൽ പ്രായോഗികാഭ്യാസങ്ങൾ എല്ലാമേഖലകളി ലും സാങ്കേതിക വിദ്യയിലും യാതൊരു കണ്ടു പിടിത്തങ്ങൾക്കും -കരാർ നൽകുന്നു. ട്രിപിന്റെ ഉടമ്പടിയിൽ 7 ഭാഗങ്ങൾ ബൗദ്ധിക സ്വത്തവകാശങ്ങളെ ഉൾക്കൊണ്ടതാണ്.അതായത് ആധാര അവകാശങ്ങൾ, വാണിജ്യാവകാശം, കച്ചവടച്ചന്ത, കച്ചവട രഹസ്യങ്ങൾ, തൊഴിൽഘടന, ഭൂമിശാസ്ത്ര വിദഗ്ദന്മാരുടെ സംയോജന വളങ്ങളും ഇൻഷുറൻസ് പോലുള്ളവയാണ്.

വാണിജ്യസംബന്ധമായ നിക്ഷേപ നടപടികൾ (TRIMs)

ആഭ്യന്തര വ്യവസായ വളർച്ചയ്ക്ക് ആവശ്യമായ സൗകര്യങ്ങളെ ഒരുക്കുന്നതിന് ആ രാജ്യത്തിൽ ചെയ്യപ്പെടുന്ന വിദേശ നിക്ഷേപങ്ങൾക്ക് ചില നിബന്ധനകൾ അല്ലെങ്കിൽ നിയന്ത്രണങ്ങൾക്ക് സർക്കാർ വിധേയമാക്കുന്നത് സൂചിപ്പിക്കുന്നുവെന്ന് ഉറുഗ്വേ സമ്മേളന ഉടമ്പടി വ്യക്തമാക്കുന്നു.

2.7 ആഗോളവത്ക്കരണത്തിന്റെ പ്രത്യാഘാതവും വെല്ലുവിളികളും

അനുകൂല ഫലങ്ങൾ

- ഒരു നല്ല സമ്പദ്വ്യവസ്ഥ മൂലധന കമ്പോളങ്ങളിൽ ദ്രുതഗതിയിലുള്ള വളർച്ചയെ വെളിപ്പെടുത്തുന്നു.
- ജീവിത നിലവാരം വർദ്ധിക്കുന്നു.
- ആഗോളവത്ക്കരണം വേഗത്തിലുള്ള വാണിജ്യത്തെ വർദ്ധിപ്പിക്കുന്നു,അതിനാൽ കൂടുതൽ ജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.
- പുതിയ സാങ്കേതിക വിദ്യകളും പുതിയ ശാസ്ത്ര ഗവേക്ഷണ രീതിയും പരിചയപ്പെടുത്തുന്നു.
- ആഗോളവത്ക്കരണം ഒരു രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനത്തെ വർദ്ധിപ്പിക്കുന്നു.
- ഇത് ചരക്കുകളുടെ ഒഴുക്കിനെ കൂട്ടുകയും വിദേശ നിക്ഷേപരാജ്യങ്ങളുടെ നേരിട്ടുള്ള നിക്ഷേപങ്ങളെ വർദ്ധിപ്പിക്കാൻ സഹായിക്കുന്നു.

പ്രതികൂല ഫല ങ്ങൾ

- രാജ്യങ്ങൾക്കിടയിൽ കൂടുതൽ നിക്ഷേപവും വരുമാനത്തിൽ അനധികൃതവും ക്രമമല്ലാത്ത വിതരണക്കാരെയും കാണുവാൻ സാധിക്കുന്നു.
- ദേശീയോദ്ഗ്രദനത്തെ നഷ്ട്ടപ്പെടുത്തുകയും വളരെ കൂടുതൽ വാണിജ്യ പരിവർത്തനം ഉള്ളതിനാൽ സ്വതന്ത്രമായ ആഭ്യന്തരനയങ്ങൾ നഷ്ടപ്പെടുത്തുന്നത് ഭയത്തെ ഉളവാക്കുന്നു.
- പ്രധാന ആഭ്യന്തരഘടനയും വിഭവങ്ങളെ വേർതിരിച്ച് എടുക്കലും ഒരു സമ്പദ്വ്യവസ്ഥയുടെ ദ്രുത വളർച്ചയ്ക്ക് ആവശ്യമാണെങ്കിലും ഇത് പ്രതികൂല സാഹചര്യങ്ങളെയും സാമൂഹ്യ ചെലവുകളെയും വർദ്ധിപ്പിക്കുന്നു.
- വിദേശപണ പരിവർത്തനം ലഭിക്കുന്നതിനുവേണ്ടി പ്രകൃതിവിഭവങ്ങളെ ധാരാളം ദ്രുതഗതിയിൽ ചഷണം ചെയ്യുന്നു.
- പരിസ്ഥിതിയെ സംബന്ധിച്ച ഗുണത്തിനും നിയന്ത്രണങ്ങൾക്കും ഇളവുണ്ട്.

ആഗോളവല്ക്കരണത്തിന്റെ വെല്ലുവിളികൾ

- എല്ലാ രാജ്യങ്ങളിലും വ്യാപിപ്പിക്കണം അവ സ്വമേധയാ പ്രവർത്തിക്കുന്നില്ല.
- വികസ്വര ലോകത്തിൽ ആഗോളവത്ക്കരണം,അസ്ഥിരിത നിലപാടിന് വഴിതെളി ഞ്ഞു എന്നത് ഭയപ്പെടേണ്ട കാര്യമാണ്.

X Std - Economics Malayalam Unit-2.indd 311 1/27/2023 10:13:06 AM

പാഠസംഗ്രഹം

•ആഗോളവൽക്കരണമെന്നത് ലോകസമ്പദ്ഘടനയോട് സംയോജിപ്പിക്കുന്നതാണ്.

- ആഗോളവത്ക്കരണത്തിന്റെ മൂന്നുഘട്ടങ്ങൾ :
  • പ്രാചീനആഗോളവത്ക്കരണം • മദ്ധ്യഘട്ട ആഗോളവത്ക്കരണം • നവീന ആഗോളവത്ക്കരണം.
- LPG – ഉദാരവത്ക്കരണം ,സ്വകാര്യവൽക്കരണം,ആഗോളവത്ക്കരണം
- ബഹുരാഷ്ട്ര സ്ഥാപനങ്ങൾ -ആ സ്ഥാപനത്തിൻരെ വെളിയിൽ കുറഞ്ഞ അളവ് വേറൊരു രാജ്യത്തിന്റെ ചരക്കുകളുടെയും സേവനങ്ങളുടെയും ഉല്പാദനമഅല്ലെങ്കിൽ നിയന്ത്രണത്തിന്റെ ഒരു മഹാ സ്ഥാപനമാകുന്നു.
- ബഹുരാഷ്ട്ര സ്ഥാപനങ്ങളെ അന്തർദേശീയ സ്ഥാപനങ്ങൾ അല്ലെങ്കിൽബഹുരാഷ്ട്ര സ്ഥാപനം എന്നു വിളിക്കാം.
- 1947-ൽ 23 രാജ്യങ്ങൾ ഗാട്ട് കരാറിൽ ഒപ്പു വച്ചു.ഗാട്ട് സ്ഥാപനത്തിന്റെ അംഗങ്ങളിൽ ഇൻഡ്യ യും ഒരംഗമാണ്.

പദപരിചയം

ആഗോളവത്ക്കരണം	Globalization	The process by which businesses or other organizations develop international influence or start operating on an international scale.
പ്രാചീനകാലം	Archaic	Of an early period of art or culture, especially the 7th–6th centuries BC in Greece.
പരിണാമവളർച്ച	Evolution	The gradual development of something.
പണയംവെയ്ക്കപ്പെട്ട	Mortgaged	Expose to future risk or constraint for the sake of immediate advantage.
പെട്ടെന്ന്	Spurt	Cause to gush out suddenly.
	Detrimental	Tending to cause harm
വിജയകരമായ	Thriving	Prosperous and growing; flourishing.

- ആഗോളവത്ക്കരണത്തിലൂടെ മത്സരങ്ങളാൽ വർദ്ധിച്ച് വ്യവസായമേഖല ലോകത്തിൽ വേതനം, തൊഴിലാളികളുടെ അവകാശങ്ങൾ,തൊഴിലവസരങ്ങൾ സമ്പ്രദായങ്ങൾ എന്നിവ വഷളാക്കാൻ ഇത് ഇടയാക്കും.
- ഇത് ആഗോള സമത്വത്തിന് വഴിതെളിക്കുന്നു.
- ആഗോളവത്ക്കരണം ഒരു മോശമായ പരിസ്ഥിതി പ്രശ്നത്തെ ഏർപ്പെടുത്തിയിരിക്കുന്നു.
- ആഗോളവൽക്കരണത്താൽ ബാലവേലയും, അടിമത്വം പോലുള്ള നടപടിക്രമങ്ങൾ വർദ്ധിക്കും.
- ജനങ്ങൾ ധാരാളം ദ്രുത ഭക്ഷണങ്ങൾ കഴിക്കുന്നു. അതിനാൽ അനാരോഗ്യക്കുറവും രോഗം പകരുന്നതിന് കാരണമായി.

അഭ്യാസം

BWODS

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. ലോകവാണിജ്യ സംഘടനയുടെ അദ്ധ്യക്ഷൻ ആര്
   a) മന്ത്രിസഭ
   b) ഡയറക്ടർ ജനറൽ
   c) ഡപ്യൂട്ടി ഡയറക്ടർ ജനറൽ
   d) ഇവയിൽ ഒന്നുമല്ല
2. ഇൻഡ്യയിൽ കോളനിയാധിപത്യആഗമനം
   a) പോർട്ടുഗീസുകാർ,ഡച്ചു,ഇംഗ്ലീഷുകാർ, ഡാനിഷ്, ഫ്രഞ്ച്
   b) ഡച്ചു,ഇംഗ്ലീഷുകാർഡാനിഷ്,ഫ്രഞ്ച്
   c) പോർട്ടുഗീസുകാർ, ഡാനിഷ്, ഡച്ചു, ഫ്രഞ്ച്, ഇംഗ്ലീഷുകാർ
   d) ഡാനിഷ്, പോർട്ടുഗീസുകാർ, ഫ്രഞ്ച്, ഇംഗ്ലീഷുകാർ, ഡച്ചു

X Std - Economics Malayalam Unit-2.indd 312 1/27/2023 10:13:07 AM

3. ഗാട്ട് കരാറിന്റെ ആദ്യസമ്മേളനം നടന്ന സ്ഥലം?
   a) ടോക്കിയോ b) ഉറുഗ്വേ
   c) ഡാർഗുവേ d) ജനീവ
4. ഇൻഡ്യയിൽ ഡൻങ്കൽ പദ്ധതി എപ്പോൾ ഒപ്പു വച്ചു?
   a) 1984 b) 1976
   c) 1950 d) 1994
5. 1632-ൽ ഇംഗ്ലീഷുകാർക്ക് ഗോൾഡൻ ഫയർമാൻ നൽകിയതാര്?
   a) ജഹാംഗീർ
   b) ഗോൽകൊന്ത്സുൽത്താൻ
   c) അക്ബർ
   d) ഔറംഗസീബ്
6. വിദേശരാജ്യം മുതൽമുടക്ക് നയത്തെ കൊണ്ടുവന്ന വർഷം?
   a) ജൂൺ 1991 b) ജൂലായ് 1991
   c) ജൂലൈ-ഓഗസ്റ്റ്-1991 d) ആഗസ്റ്റ്1991

II. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക:

1. ഒരു നല്ല സമ്പദ്വ്യവസ്ഥ _____ൻറെദ്രുതഗതിയിലുള്ള വളർച്ചക്കായി പരിചയപ്പെടുത്തുന്നു.
2. ലോകവാണിജ്യ സംഘടനാ ഉടമ്പടി _____ൽനിന്നും പ്രാബല്യത്തിൽ വന്നു.
3. _____നാൽ ആഗോളവത്ക്കരണം എന്ന പദം കണ്ടുപിടിച്ചു.

III. യോജിപ്പിക്കുക

1.	ഇൻഡ്യയിൽബഹുരാഷ്ട്ര സ്ഥാപനം	-	1947
2.	ബഹുരാഷ്ട്ര കമ്പനി	-	വിദേശവാണിജ്യത്തെ നടപ്പിലാക്കൽ
3.	ഗാട്ട്	-	ഉല്പാദന ചെലവു കുറയ്ക്കൽ
4.	ലോകവ്യാപാരസംഘടന	-	ഇൻഫോസിസ്

IV. ചുരുക്കി ഉത്തരമെഴുതുക

1. ആഗോളവത്ക്കരണം എന്നാൽ എന്ത്?
2. ആഗോളവത്ക്കരണത്തിന്റെ തരങ്ങളെ എഴുതുക?
3. ബഹുരാഷ്ട്ര കോർപ്പറേഷനുകളെക്കുറിച്ച് കുറിപ്പെഴുതുക?
4. ആഗോളവത്ക്കരണത്തെ ചൂണ്ടികാണിക്കുന്ന പരിഷ്കാരങ്ങൾ ഏവ?
5. ന്യായവാണിജ്യം എന്നാൽ എന്ത്?
6. ന്യായമായ വാണിജ്യത്തിന്റെ നടപടിക്രമങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണം എഴുതുക?
7. ആഗോളവത്ക്കരണത്തിന്റെ അനുകൂലമായ ഫലങ്ങൾ എഴുതുക?

V. താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് വിവരിച്ച് ഉത്തരമെഴുതുക:

1. MNCയുടെ പരിണാമത്തെ ചുരുക്കിയെഴുതി നന്മ-തിന്മകളെ വിവരിക്കുകയും ചെയ്യുക?
2. ലോക വ്യാപാര സംഘടനയെക്കുറിച്ച് എഴുതുക.
3. ആഗോളവത്ക്കരണത്തിലെ വെല്ലുവിളികളെക്കുറിച്ച് എഴുതുക?

VI. പ്രായോഗികാഭ്യാസം:

1. അദ്ധ്യാപകരും - വിദ്യാർത്ഥികളും ആഗോളവത്ക്കരണത്തെപ്പറ്റി ചർച്ച ചെയ്യുക?
2. വിദ്യാർത്ഥികൾ ആഗോളവത്ക്കരണത്തെക്കുറിച്ചുള്ള ചിത്രങ്ങളെ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക? (ദക്ഷിണേന്ത്യൻ വാണിജ്യം, വ്യാപാരികളുടെ ചിത്രങ്ങൾ,പട്ടു-മാർഗ്ഗങ്ങൾ, സുഗന്ധ വിജ്ഞന മാർഗ്ഗം,കലിം വ്യാപാര ഭൂപടം മുതലായവ).
3. വിദ്യാർത്ഥികൾ ഇൻഡ്യയിലുള്ള ബഹുരാഷ്ട്ര കമ്പനികളുടെ ചിത്രങ്ങളും അവയിലെ ഉല്പന്നങ്ങളുടെ ചിത്രങ്ങളും ശേഖരിക്കൽ.

REFERENCE BOOKS

1. Dr. S. Shankaran [2007], “Indian Economy” [Problem, Policies and Development]
2. Dutt “Indian Economy”
3. History of Tamilnadu [Social and Cultuer]
4. S.K. Misra and V.K. Puri “Indian Economy”

X Std - Economics Malayalam Unit-2.indd 313 1/27/2023 10:13:07 AM

യൂണിറ്റ് - 3

ഭക്ഷ്യസുരക്ഷയും പോഷകാഹാരവും



പഠനലക്ഷ്യങ്ങൾ

- ഭക്ഷ്യസുരക്ഷയുടെ അർത്ഥം, നിർവചനം എന്നിവയെകുറിച്ച് പഠിക്കുക.
- ഭക്ഷ്യധാന്യങ്ങളുടെ ലഭ്യതയെകുറിച്ചും പ്രവേശനത്തെക്കുറിച്ചും അറിയുക.
- വാങ്ങൽ ശേഷിയെക്കുറിച്ചും കാർഷിക നയത്തെകുറിച്ചും മനസ്സിലാക്കുക.
- ദാരിദ്ര്യത്തിന്റെ ബഹുമുഖ സ്വഭാവത്തെക്കുറിച്ച് മനസ്സിലാക്കുക.
- പോഷകാഹാരത്തെക്കുറിച്ചും ആരോഗ്യസ്ഥതിയെക്കുറിച്ചും, തമിഴ്നാട്ടിലെ നയങ്ങളെക്കുറിച്ചും മനസ്സിലാക്കുക.

K1Q7V

ആമുഖം

ജീവിതവും വളർച്ചയും നിലനിർത്താൻ ആളുകൾ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്ന ഏതൊരു വസ്തുവിനെയും ഭക്ഷണം എന്നു പറയുന്നു. ഭക്ഷ്യസുരക്ഷ എന്നത് ഒരു വ്യക്തിയുടെ ആവശ്യത്തിന് ഭക്ഷണം കഴിക്കാനും, സജീവമായി തുടരാനും, ആരോഗ്യകരമായി ജീവിതം നയിക്കുന്നതിനുള്ള കഴിവിനെ സൂചിപ്പിക്കുന്നു.

3.1 ഭക്ഷ്യസുരക്ഷ

ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ-കാർഷിക സംഘടനയുടെ ഭക്ഷ്യസുരക്ഷയെ നിർവചിക്കുന്നത് ഇപ്രകാരം:

എല്ലാ ആളുകൾക്കും എല്ലായ്പ്പോഴും മതിയായതും സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണത്തിലേക്ക് ശാരീരികവും, സാമൂഹികവും സാമ്പത്തികവുമായ ആവശ്യമുള്ളപ്പോൾ അവരുടെ ഭക്ഷണ ആവശ്യങ്ങളും സജീവമായ ഭക്ഷണ മുൻഗണനകളും നിറവേറ്റുമ്പോൾ ഭക്ഷ്യസുരക്ഷ നിലനിൽക്കുന്നു. അതുപോലെ ആരോഗ്യകരമായ ജീവിതവും നിലനിൽക്കുന്നു (FAO, 2009).

ഈ സമഗ്രമായ നിർവചനം ഭക്ഷണത്തെ പോഷകാഹാരമായിരിക്കേണ്ടതിന്റെ ആവശ്യകതയെ ഉയർത്തിക്കാട്ടുന്നു. കൂടാതെ പോഷകാഹാര സുരക്ഷ കൈവരിക്കുന്നതിന് മറ്റ് ചില വശങ്ങളും ആവശ്യമാണ്, പ്രമുഖ കാർഷിക ശാസ്ത്രജ്ഞൻ എം എസ് സ്വാമിനാഥന്റെ അഭിപ്രായത്തിൽ പോഷകാഹാര സുരക്ഷ എന്നത് "ശാരീരിക, സമ്പത്തിക ത്തിനൊപ്പം സമീകൃതാഹാരം സുരക്ഷിതമായ കുടിവെള്ളം എന്നിവയാകുന്നു.

ഭക്ഷണത്തിന്റെയും പോഷക സുരക്ഷയുടെയും അടിസ്ഥാന ഘടകങ്ങൾ

ഭക്ഷണം, പോഷകാഹാര സുരക്ഷ എന്നിവയുടെ മൂന്ന് അടിസ്ഥാന ഘടകങ്ങൾ ഉൾപ്പെടുത്തുന്നതിനായി ഈ ആശയങ്ങളെ വിശാലമാക്കിയത് ലഭ്യത, പ്രവേശനം, ആഗിരണം എന്നിവയാകുന്നു.

1. **ഭക്ഷണത്തിന്റെ ലഭ്യത** എന്നത് ആവശ്യമുള്ള അളവിൽ ഭക്ഷ്യ ശേഖരങ്ങളുടെ ഭൗതിക ലഭ്യതയാണ്, ഇതിലെ അഭ്യന്തര ഉൽപാദനത്തിന്റെ ഒരു പ്രവർത്തനമാണ് ശേഖരത്തിന്റെയും ഇറക്കുമതിയുടെയും മാറ്റങ്ങൾ.
2. **ഭക്ഷണത്തിലേക്കുള്ള പ്രവേശനം** പ്രാഥമികമായി വാങ്ങൽ ശേഷിയാണ്, അതിനാൽ സമ്പാദിക്കാനുള്ള കഴിവുകളോടും തൊഴിലവസരങ്ങളോടും ഇത് ബന്ധപ്പെട്ടിരിക്കുന്നു. കഴിവുകളും അവസരങ്ങളും ഒരാളുടെ ആസ്തിയിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ടിരിക്കുന്നു.
3. **ഭക്ഷണആഗീരണം** ജൈവശാസ്ത്രപരമായി ഉപയോഗപ്പെടുത്താനുള്ള കഴിവാണ് ഭക്ഷണത്തെ ആഗിരണം ചെയ്യുന്നത്.

3.2 ഭക്ഷ്യധാന്യങ്ങളുടെ ലഭ്യതയും പ്രവേശനവും

അങ്ങനെ ഒരു രാജ്യത്തെ ജനങ്ങളുടെ ഭക്ഷ്യസുരക്ഷ ലഭ്യമായ ഭക്ഷണത്തിന്റെ അളവിനെ മാത്രമല്ല,

X Std - Economics Malayalam Unit-3.indd 314 1/27/2023 10:13:39 AM

ഭക്ഷണം വാങ്ങുന്നതിനും പ്രവേശിപ്പിക്കുന്നതിനും ഉചിതമായ ആരോഗ്യകരമായ അന്തരീക്ഷത്തിൽ തുടരുന്നതിനുള്ള ആളുകളുടെ കഴിവിനെ ആശ്രയിച്ചിരിക്കുന്നു. മറ്റ് വികസന പ്രശ്നങ്ങൾ പോലെ ജനങ്ങളുടെ ഭക്ഷ്യസുരക്ഷയും ഒരു രാജ്യത്തിന്റെ മൊത്തത്തിലുള്ള വികസനപ്രക്രിയയുമായി ബന്ധപ്പെട്ടിരിക്കുന്നു. സ്വാതന്ത്ര്യാനന്തരം ആസൂത്രിതമായ വികസന മാതൃക സ്വീകരിക്കാൻ ഇന്ത്യ തീരുമാനിച്ചു.



ഭക്ഷ്യധാന്യങ്ങൾ

കാർഷിക മേഖലയിൽ പ്രാഥമിക ശ്രദ്ധ കേന്ദ്രീകരിച്ചശേഷം വ്യവസായവൽക്കരണം മുൻഗണന നൽകി. ഇന്ത്യ അനുഭവിക്കുന്ന ആവർത്തിച്ചുള്ള വരൾച്ച ഭക്ഷ്യധാന്യങ്ങളുടെ ഇറക്കുമതി ആശ്രയിക്കാൻ പ്രേരിപ്പിച്ചു എന്നിരുന്നാലും, ലഭ്യമായ വിദേശനാണ്യ കരുതൽ ശേഖരത്തിന്, തുറന്ന ചന്ത (Open Market) വാങ്ങുന്നതിനും ധാന്യങ്ങൾ ഇറക്കുമതി ചെയ്യുന്നതിനും അനുവദിച്ചില്ല സമ്പന്നരാജ്യങ്ങളിൽ നിന്നുള്ള ഭക്ഷ്യധാന്യങ്ങൾ ആനുകൂല്യ നിരക്കിൽ ഇന്ത്യക്ക് നൽകേണ്ടി വന്നു. 1960-ൽ അമേരിക്കൻ ഐക്യ നാടുകൾ (USA) പൊതു നിയമം 480 (PL 480) എന്ന പദ്ധതിയിലൂടെ ഇന്ത്യയ്ക്ക് സഹായം നൽകി.

വൻതോതിൽ ജനസംഖ്യ വളരുന്ന ഒരു രാജ്യം വിപ്ലവത്തിന് സാധ്യതയുള്ള സ്ഥാനാർത്ഥിയായി കണക്കാക്കപ്പെട്ടു. അമേരിക്കൻ ഭരണകൂടവും ഫോർഡ് (Ford) പോലുള്ള ജീവകാരുണ്യ സംഘടനകളും ഗോതമ്പിന്റെയും അരിയുടെയും ഉയർന്ന വിളവ് നൽകുന്ന ഇനത്തിലുള്ള (HYV) കൃഷികൾ അവതരിപ്പിച്ച് രാജ്യത്ത് ഭക്ഷ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകി. ജലസേചന സൗകര്യം ഉറപ്പുള്ള ജില്ലകളെ തിരഞ്ഞെടുത്താണ് ഈ ഫോർഡ് പരിപാടി നടപ്പിലാക്കിയ ഫലങ്ങൾ മികച്ചതായിരുന്നു. കൂടാതെ ധാരാളം ജില്ലകളെ ഉൾപ്പെടുത്തുന്നതിനായി പരിപാടി വിപുലീകരിച്ചു.

അങ്ങനെ, ഭക്ഷ്യധാന്യ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് രാജ്യത്തിന് ഹരിത വിപ്ലവം ആരംഭിച്ചു. HYV നെല്ലും ഗോതമ്പും ഉപയോഗിച്ച് കൃഷി അഭിവൃദ്ധിപ്പെടുത്തി. ഈ പ്രധാന ധാന്യവിളകളുടെ വിളവ് വർദ്ധിപ്പിച്ചാണ് ഭക്ഷ്യധാന്യ ഉൽപാദനം മെച്ചപ്പെടുത്തിയത്. 1950 കളുടെ തുടക്കത്തിൽ ഭക്ഷ്യധാന്യ കൃഷി, സ്ഥലത്തിന്റെ വിസ്തീർണ്ണം 98 ദശലക്ഷം ഹെക്ടറിൽ അല്പം കൂടുതലായിരുന്നു. രാജ്യം വെറും 54 ദശലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ടായിരുന്നു, ശരാശരി ഹെക്ടറിന് 547 കിലോഗ്രാം ഭക്ഷ്യധ്യാനമാണ് ലഭിച്ചത്. 65 ഭക്ഷ്യാവസ്ഥ ക്രമാനുഗതമായി മെച്ചപ്പെട്ടു. ഭക്ഷ്യധാന്യ കൃഷിക്ക് കീഴിലുള്ള വിസ്തീർണ്ണം 122 ദശലക്ഷം ഹെക്ടറായി വളർന്നു, ഭക്ഷ്യധാന്യ ഉൽപാദനത്തിൽ അഞ്ചിരട്ടി വർദ്ധനവും ഉണ്ടായി. ഭക്ഷ്യധാന്യങ്ങളുടെ വിളവ് സ്വാതന്ത്ര്യ കാലത്തിനും ഇപ്പോഴത്തേക്കും ഇടയിൽ നാലിരട്ടിയായി വർദ്ധിച്ചു.



ഭക്ഷ്യധാന്യ ഉൽപാദനത്തിൽ ഈ വളർച്ച സാധ്യമാക്കിയത് HYV കാര്യപരിപാടി ആണ്. ഇത് ഒരു പക്കേജായി (Package) നടപ്പാക്കി, വളം, പ്രതീക്ഷയ്ക്കനുസരിച്ച് ഉയർന്ന വിളവ് ലഭിക്കുന്ന നെല്ലും, ഗോതമ്പും അനുവദിക്കുന്നതിനു പുറമേ, കർഷകർക്ക് സബ്സിഡി രാസവളങ്ങളുടെ ലഭ്യതയും ഉറപ്പാക്കി. സഹകരണ ബാങ്കുകളും സൊസൈറ്റികളും വഴി കുറഞ്ഞ കാർഷിക വായ്പ കർഷകർക്ക് വിതരണം ചെയ്തു, വിളകളുടെ കുറഞ്ഞ സഹായവില (MSP) കാർഷിക കാലതുടക്കത്തിൽ പ്രഖ്യാപിക്കുകയും, സംസ്ഥാനം ഇന്ത്യയുടെ ഭക്ഷ്യ ശേഖരണ കേന്ദ്രം (FCI) വഴി വിളവെടുപ്പു ധാന്യങ്ങൾ വാങ്ങുകയും, FCI വലിയ സംഭരണകേന്ദ്രങ്ങൾ മറ്റും വിളവെടുപ്പ് കാലങ്ങളിലെ ഭക്ഷ്യധാന്യ ശേഖരണ ശാലകൾ നിർമ്മിച്ച് അതുവഴി വർഷം മുഴുവനും വിതരണം ചെയ്യപ്പെടുന്നു.

ക്ഷീര, കോഴി, മത്സ്യബന്ധനമേഖലകളിൽ ഉചിതമായ സങ്കേതിക ഇടപെടലുകൾക്കൊപ്പം ഭക്ഷ്യധാന്യ ഉൽപാദനത്തിൽ അതിവേഗം വർദ്ധനയുണ്ടായി. തൽഫലമായി, രാജ്യത്ത് പാൽ ഉൽപാദനം എട്ട് മടങ്ങ് വർദ്ധിച്ചു, മുട്ട ഉൽപാദനം 40 മടങ്ങ് വർദ്ധിച്ചു, സ്വാതന്ത്ര്യകാലത്തിനും 2000നും ഇടയിൽ മത്സ്യ ഉൽപാദനം 13 മടങ്ങ് വർദ്ധിച്ചു. എന്നിരുന്നാലും പയറുവർഗ്ഗങ്ങളുടെയും എണ്ണവിത്തുക്കളുടെയും ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിൽ ഇന്ത്യയ്ക്ക് വിജയിക്കാനായില്ല. അതിനാൽ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഇന്ത്യ ഇറക്കുമതിയെ ആശ്രയിച്ചിരിക്കുന്നു.

പൊതു വിതരണ സംവിധാനം (PDS)

ഭക്ഷ്യധാന്യ ഉൽപാദനത്തിലെ വർദ്ധനവ് എല്ലാവർക്കുമുള്ള ഭക്ഷണ ലഭ്യത വർദ്ധിപ്പിക്കേണ്ടതില്ല. വരുമാനത്തിന്റെ അസമമായ വിതരണവും ഇന്ത്യൻ സമ്പദ്വ്യവസ്ഥയിൽ നിലനിൽക്കുന്ന കഴിവിന്റെ നിലവാരവും കണക്കിലെടുത്ത് പൊതു

X Std - Economics Malayalam Unit-3.indd 315 1/27/2023 10:13:40 AM

വിതരണ സംവിധാനം (PDS) വഴി സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ സർക്കാർ നടപടികൾ സ്വീകരിച്ചു. PDSന്റെ സ്വാഭാവവും വ്യാപ്തിയും, പ്രവർത്തനവും ഓരോ സംസ്ഥാനത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നു.



പൊതു വിതരണ സംവിധാനം

തുടർന്ന് ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (NFSA) ഇന്ത്യൻ പാർലമെന്റ് 2013-ൽ പ്രാബല്യത്തിൽ കൊണ്ടു വന്നു. 50% നഗരകുടുംബങ്ങളും 75% ഗ്രാമീണ കുടുംബങ്ങളും ഉൾകൊണ്ടതാണ് NFSA. ചില മാനദ്ണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തിരിച്ചറിഞ്ഞ് മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ടവരാണ് ഈ കുടുംബങ്ങൾ, ഈ രാജ്യത്തെ മുൻഗണനാ കുടുംബങ്ങൾക്ക് ഇപ്പോൾ ജൂട വഴി വിതരണം ചെയ്യുന്ന ഭക്ഷണ വസ്തുക്കൾക്കുള്ള അവകാശ മുണ്ട്. കേന്ദ്ര സർക്കാർ ഒരു കിലോ അരി 3 രൂപ നിരക്കിലും, ഗോതമ്പ് ഒരു കിലോ 2 രൂപ നിരക്കിലും, ഒരുകിലോ Millets 1 രൂപ എന്ന നിരിക്കിലും NFSA യുടെ കീഴിൽ വിതരണം ചെയ്തു വരുന്നു. PDS ന്റെ

കുറഞ്ഞ സഹായവില

കുറഞ്ഞ സഹായ വില എന്നത് ഒരു പ്രത്യേക വിളവിന് ഒരു വിദഗ്ധ സംഘത്താൽ നിശ്ചയിക്കപ്പെട്ടുള്ള വിലയാണ്. ആ വിളയുടെ കൃഷിയിൽഉൾപ്പെടുന്ന വിവിധ ചെലവുകൾ പരിഗണിച്ചാണ് ഈ വില നിശ്ചയിക്കപ്പെടുന്നത്. MSP പ്രഖ്യാപിച്ച ശേഷം , ഈ വിളകൾ വ്യാപകമായി കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ സംസ്ഥാനം സംഭരണകേന്ദ്രങ്ങൾ തുറക്കും. എന്നിരുന്നാലും കൃഷിക്കാർക്ക് അവരുടെ വിള ഉൽപാദനത്തിന് മികച്ച വില ലഭിക്കുകയാണെങ്കിൽ തുറന്ന വിപണിയിൽ വിൽക്കാൻ സ്വാതന്ത്ര്യമുണ്ട്. മറുവശത്ത് തുറന്ന കബോളവില MSP യേക്കാൾ കുറവാണെങ്കിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ FCI ക്ക് വിൽക്കുന്നതിലൂടെ ഒരു ഉറപ്പുള്ള വില ലഭിക്കും. അങ്ങനെ MSP നടപ്പാക്കുന്നതോടെ വിള കാർഷികകാലത്തിന്റെ അവസാനത്തിൽ അവർക്ക് ലഭിക്കുന്ന വിലയെക്കുറിച്ച് കർഷകർക്ക് ഉറപ്പുണ്ട്.

സാർവത്രിക സമ്പ്രദായം തമിഴ് നാട്ടിൽ തുടരുകയും എല്ലാ കാർഡ് ഉടമകൾക്കുംഅരി സൗജന്യമായി നൽകുകയും ചെയ്യുന്നു.

ബഫർ സ്റ്റോക്ക്



ബഫർ സ്റ്റോക്ക് എന്നു പറയുന്നത് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (FCI) വഴി സർക്കാർ വാങ്ങുന്ന ഗോതമ്പ്, അരി എന്നീ ഭക്ഷ്യധാന്യങ്ങളുടെ ശേഖരമാണ്. മികച്ച ഉൽപാദനം നടക്കുന്ന സംസ്ഥാനങ്ങളിലെ കർഷകരിൽ നിന്നും എഫ്.സി.ഐ ഗോതമ്പും അരിയും വാങ്ങുന്നു. കർഷകരുടെ വിളകൾക്ക് മുൻകൂട്ടി പ്രഖ്യാപിച്ച വിലയാണ് നൽകുന്നത്. ഈ വിലയെ താങ്ങുവില എന്നു പറയപ്പെടുന്നു. ഈ വിളകളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനായി ഓരോ വർഷവും വിതയ്ക്കുന്ന സമയത്തിന് മുമ്പ് സർക്കാർ പ്രഖ്യാപിക്കുന്ന കുറഞ്ഞ താങ്ങു വിലയ്ക്ക് (MSP) വാങ്ങിയ ഭക്ഷ്യധ ന്യങ്ങൾ കളപ്പുരകളിൽ സൂക്ഷിക്കുന്നു.

കുറവുള്ള പ്രദേശങ്ങളിലും സമൂഹത്തിലെ ദരിദ്ര വിഭാഗങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനാണ് ബഫർ ശേഖരണം ചെയ്യുന്നത് വിൽപ്പനവില എന്നറിയപ്പെടുന്ന ചന്തവിലയെക്കാൾ കുറഞ്ഞ വിലയ്ക്ക്, പ്രതികൂല കാലവസ്ഥയിലോ ദുരന്തകാലഘട്ടത്തിലോ ഭക്ഷണ ക്ഷാമം പരഹരിക്കാനും ഇത് സഹായിക്കുന്നു.

തമിഴ് നാട്ടിലെ ദേശീയ സുരക്ഷാ നിയമം

താമിഴ്നാട്ടിൽ നീ മൂന്നു വർഷക്കാലം കൊണ്ട് അംഗീകരിക്കപ്പെടാത്ത ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2016 നവംബർ 1-ാം തിയതി നിലവിൽ വരുത്തിക്കൊണ്ട് രാജ്യത്തെ അവസാന സംസ്ഥാനമായി തമിഴ്നാട് മാറി.

ഭക്ഷ്യസുരക്ഷയിൽ ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പങ്ക്

സാധരണക്കാർക്ക് ഉത്തരവാദിത്ത നിരക്കിൽ ഗുണനിലവാരമുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നതിൽ ഉപഭോക്തൃ സഹകരണ സംഘങ്ങൾ പ്രധാന പങ്ക് വഹിക്കുന്നുഉപഭോക്തൃ സഹകരണ സംഘങ്ങളുടെ ത്രിതല ഘടന ഇന്ത്യയിൽ ഉണ്ട്. അവ പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങളാണ്. കേന്ദ്ര ഉപഭോക്തൃ സഹകരണ സ്റ്റോറുകളും,സംസ്ഥാനതല ഉപഭോക്തൃ ഫെഡറേഷനുകളും, 50,000 ത്തിലധികം ഗ്രാമതല സൊസൈറ്റികളും ഗ്രാമ പ്രദേശങ്ങളിൽ ഉപഭോക്തൃ വസ്തുക്കളുടെ വിതരണത്തിൽ ഏർപ്പെടുന്നു.

X Std - Economics Malayalam Unit-3.indd 316 1/27/2023 10:13:40 AM

ഇന്ത്യയിൽ ഭക്ഷ്യ സുരക്ഷയിൽ ഈ പദ്ധതി ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഉദാഹരണത്തിന് തമിഴ്നാട്ടിൽ പ്രവർത്തിക്കുന്ന എല്ലാ ന്യായവിലക്കടകളിൽ 94 ശതമാനവും സഹകരണ സംഘങ്ങളാണ് നടത്തുന്നത്.

3.3 വാങ്ങൽ ശേഷി

ഒരുയൂണിറ്റ്പണംകൊണ്ട്വാങ്ങാൻകഴിയുന്നചരക്കുകളുടെയോ സേവനങ്ങളുടെയോ അളവിൽ പ്രകടിപ്പിക്കുന്ന പണത്തിന്റെമൂല്യമാണ്.വാങ്ങൽശേഷിവിലവർദ്ധിക്കുകയും വാങ്ങൽ ശേഷി കുറയുകയും അത് നേർ വിപരീതമായി മാറുകയും ചെയ്യാം.

വാങ്ങൽ ശേഷിയെ ബാധിക്കുന്ന ഘടകങ്ങൾ

1. അധികം ജനസംഖ്യ

ഇന്ത്യയിലെജനസംഖ്യാവളർച്ചാനിരക്ക്1000-ന് 1.7 ആണ്. ഉയർന്ന ജനസംഖ്യാ ആവശ്യകത വർദ്ധിക്കുന്നതിലേക്ക് വഴിതെളിയിക്കുന്നു. എന്നാൽ വിതരണം ആവശ്യത്തിന് തുല്യമാക്കുന്നില്ല. അതിനാൽ സാധാരണ വിലനിലവാരം ഉയർന്നതായിരിക്കുന്നു. അതിനാൽ ഇത് വാങ്ങൽ ശേഷിയെ ബാധിക്കുന്നു. പ്രത്യേകിച്ച് വാങ്ങൽ ശേഷി അധികവും ഗ്രാമീണ ജനതയെ ബാധിക്കുന്നു.

2. ആവശ്യ വസ്തുക്കളുടെ വില വർദ്ധനവ്

GDPയിൽ നിരന്തരമായ വളർച്ചയും, ഇന്ത്യൻ സമ്പദ്വ്യവസ്ഥയിൽ വളർച്ച അവസരങ്ങൾ ഉണ്ടെങ്കിലും ആവശ്യവസ്തുക്കളുടെ വിലയിൽ ക്രമാനുഗതമായ വർദ്ധനവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. നിരന്തരമായ വിലക്കയറ്റം വാങ്ങൽ ശേഷിയെ ഇല്ലാതാക്കുകയും ദരിദ്രരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യതു.

3. ചരക്കുകളുടെ ആവശ്യം

ചരക്കുകളുടെ ആവശ്യം വർദ്ധിക്കുമ്പോൾ ചരക്കുകളുടെ വില വർദ്ധിക്കുകയും വാങ്ങൽ ശേഷിയെ ബാധിക്കുകയും ചെയ്യുന്നു.

4. സാധനങ്ങളുടെ വില നാണയ മൂല്യത്തെ ബാധിക്കുന്നു

വില വർദ്ധിക്കുമ്പോൾ വാങ്ങൽ ശേഷി കുറയുകയും ഒടുവിൽ നാണയ മൂല്യം കുറയുകയും തുടർന്ന് നേർ വിപരീതമായി മാറുകയും ചെയ്യുന്നു.

5. ചരക്കുകളുടെ ഉൽപാദനവും വിതരണവും

ചരക്കുകളുടെ ഉൽപാദനവും വിതരണവും കുറയുമ്പോൾ സാധനങ്ങലുടെ വില വർദ്ധിക്കുന്നു. തുടർന്ന് വാങ്ങൽ ശേഷിയെ ബാധിക്കുന്നു.

6. ദാരിദ്ര്യവും അസമത്വവും

ഇന്ത്യൻ സമ്പദ്വ്യവസ്ഥയിൽ വലിയ സാമ്പത്തിക അസമത്വം നിലനിൽക്കുന്നു. മികച്ച 10% ഇന്ത്യക്കാരുടെ ഉടമസ്ഥതയിലുള്ള വരുമാനത്തിന്റെയും ആസ്തിയുടെയും അനുപാതം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇത് സാമൂഹത്തിലെ ദാരിദ്ര്യ നിലവാരം ഉയരാൻ കാരണമായിരിക്കുന്നു. സാധാരണയായി ദാരിദ്ര്യവും സമ്പത്തിന്റെ അസമമായ വിതരണവും വാങ്ങൽ ശേഷിയെ ബാധിക്കുന്നു.

3.4 ഇന്ത്യയിലെ കാർഷികനയം


കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതിയെ അടിസ്ഥാനമാക്കിയുള്ള പുതിയ കാർഷിക നയം 2018-ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചു. എല്ലാ ജൈവ മറ്റും സംസ്കരിച്ച കാർഷിക ഉൽപന്നങ്ങളുടെയും കയറ്റുമതി നിയന്ത്രണങ്ങൾ നീക്കം ചെയ്യാൻ സർക്കാർ തീരുമാനിച്ചതായി ഈ നയത്തിൽ പറയുന്നു.

ഒരുരാജ്യത്തിന്റെ കാർഷിക നയം കൂടുതലും രൂപകൽപ്പന ചെയ്തിരിക്കുന്നത് കാർഷിക

വാങ്ങൽ ശേഷി തുല്യത (PPP)

വാങ്ങൽ ശേഷിയുമായി ബന്ധപ്പെട്ട ഒരു ആശയമാണ് വാങ്ങൽ ശേഷി തുല്യത (PPP). ഓരോ നാണയത്തിന്റെയും വാങ്ങൽ ശേഷിയുമായി കൈമാറ്റം പൊരുത്തപ്പെടുന്നതിനു വേണ്ടിയാണ് ഉപയോഗിക്കുന്നത്. ഇരു രാജ്യങ്ങളുടെയും വിനിമയ നിരക്കുകൾ കണക്കിലെടുത്ത്, ഒരു ഇനത്തിന്റെ വിലയുമായി ക്രമീകരിക്കേണ്ടതുക കണക്കാക്കുന്ന ഒരു സാമ്പത്തിക സിദ്ധാന്തമാണ് വാങ്ങൽ ശേഷി തുല്യത (PPP).

രാജ്യങ്ങളുടെ വരുമാന നിലവാരവും ജീവിത ചെലവ് പണപ്പെരുപ്പം അല്ലെങ്കിൽ പണപ്പെരുപ്പ നിരക്ക് എന്നിവയുമായി ബന്ധപ്പെട്ട മറ്റ് സാമ്പത്തിക രേഖകളും താരതമ്യം ചെയ്യാൻ വാങ്ങൽ ശേഷി തുല്യത ഉപയോഗിക്കുന്നു. അടുത്തിടെ (PPP) യുടെ കാര്യത്തിൽ ഇന്ത്യ മൂന്നാമത്തെ സമ്പദ്വ്യവസ്ഥയായി. ഒന്നാം സ്ഥാനത്തിൽ ഇരുന്ന അമേരിക്കയെ രണ്ടാം സ്ഥാനത്തിൽ തള്ളിക്കൊണ്ട് ചൈന ഒന്നാം സ്ഥാനത്തേക്കുയർന്നു.



X Std - Economics Malayalam Unit-3.indd 317 1/27/2023 10:13:40 AM

ഉൽപാദനവും ഉൽപാദനക്ഷമതയും കർഷകരുടെ വരുമാന നിലവാരവും ജീവിത നിലവാരവും ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ ഉയർത്തുന്നതിനാണ്. കാർഷിക മേഖലയുടെ, സമഗ്രമായ വികസനത്തിനായി ഈ നിയമം രൂപപ്പെടുത്തിയിരിക്കുന്നു.

ഇന്ത്യയുടെ കാർഷിക നയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു.

1. നിക്ഷേപത്തിന്റെ ഉൽപാദന ക്ഷമത ഉയർത്തുന്നു

HYV വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ, ജലസേചന പദ്ധതികൾ മുഖേന നിക്ഷേപത്തിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക എന്നത് ഇന്ത്യയുടെ കാർഷിക നയത്തിന്റെ ഒരു പ്രധാന ലക്ഷ്യമാകുന്നു.

2. ഹെക്ടറിന്റെ മൂല്യവർദ്ധനവ് ഉയർത്തുന്നു.

കാർഷിക നയങ്ങൾ പൊതുവെ കാർഷിക ഉൽപാദനക്ഷമത ഉയർത്തുന്നതിലൂടെ ഭൗതിക നിക്ഷേപത്തിന്റെ ഉൽപാദനക്ഷമത ഉയർത്തുന്നതിനുവേണ്ടി, ഹെക്ടറിന് മൂല്യവർദ്ധനവ് ഉയർത്തുന്നു,

3. പാവപ്പെട്ട കർഷകരുടെ താൽപര്യം സംരക്ഷിക്കുന്നു

ഭൂപരിഷ്കരണത്തിലൂടെ ഇടനിലക്കാരെ ഇല്ലാതാക്കുക, പാവപ്പെട്ട കർഷകർക്ക് സ്ഥാപന വായ്പാ സഹായം വ്യാപിപ്പിക്കുക. എന്നിവയിലൂടെ ദാരിദ്ര, നാമമാത്ര കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനെയാണ് കാർഷിക നയം നിർദ്ദേശിക്കുന്നത്.

4. കാർഷിക മേഖല നവീകരിക്കുന്നു

കാർഷിക പ്രവർത്തനങ്ങളിൽ ആധുനിക സങ്കേതിക വിദ്യയുടെ പരിചയപ്പെടുത്തലും, കാർഷിക നിക്ഷേപങ്ങളും HYV വിത്തുക്കൾ രാസവളങ്ങൾ മുതലാവയും ഈ പദ്ധതിയിൽ ഉൾപ്പെട്ടവയാണ്.

5. പരിസ്ഥിതി നശീകരണം


ഇന്ത്യയുടെ കാർഷിക നയത്തിന്റെ മറ്റൊരു ലക്ഷ്യമാണ് ഇന്ത്യൻ കാർഷിക മേഖലയുടെ സ്വാഭാവിക പാരിസ്ഥിതിക തകർച്ചയുടെ അടിത്തറ പരിശോധിക്കുന്നത്.

6. അധികാര മേധാവിത്വ തടസ്സങ്ങൾ നീക്കം ചെയ്യുന്നു

ഈ പദ്ധതിയുടെ മറ്റൊരു ലക്ഷ്യമാണ് കർഷകരുടെ സഹകരണ സംഘങ്ങൾക്കും സ്വാശ്രയ സ്ഥാപനങ്ങൾക്കും ഉണ്ടാക്കുന്ന അധികാര മേധാവിത്വ തടസ്സങ്ങൾ നീക്കുന്നതിനും, അവർക്കു സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള സാഹചര്യം ഉണ്ടാക്കുന്നതും. ഈ പദ്ധതിയുടെ മറ്റൊരു ലക്ഷ്യമാണ്

3.5 ദാരിദ്ര്യത്തിന്റെ ബഹുമുഖ സ്വഭാവം

ഐക്യരാഷ്ട്ര വികസന പദ്ധതിയും (UNDP) ഓക്സ്ഫോർഡ് ദാരിദ്ര്യ മാനവ വികസന സംരംഭവും(OPHI)2010-ൽബഹുമുഖദാരിദ്ര്യസൂചിക (MPI) ആരംഭിച്ചു. ഇത് ഏകീകൃതമല്ല. മറിച്ച് അത് ബഹുമുഖമാണ്. അടിസ്ഥാന തത്വശാസ്ത്രം



ബഹുമുഖ ദാരിദ്ര്യ സൂചിക – 10 സൂചികകൾ

X Std - Economics Malayalam Unit-3.indd 318 1/27/2023 10:13:40 AM

പ്രധാനമായും ദാരിദ്ര്യം എന്ന ആശയത്തെ അടിസ്ഥാനമാക്കിയുള്ളതുമാണ്.

ആരോഗ്യം, വിദ്യാഭ്യാസം, ജീവിത നിലവാരം, വരുമാനം, നിരാകരണം ജോലിയുടെ ഗുണ നിലവാരം, അക്രമത്തിൽ നിന്നുള്ള ഭീഷണി എന്നിങ്ങനെ നിരവധി ഘടകങ്ങളാണ് ദാരിദ്രത്തിന്റെ ബഹുമുഖ സ്വഭാവത്തിൽ ഉൾകൊള്ളുന്നത്.

ബഹുമുഖ ദാരിദ്ര സൂചിക 2018-ലെ തമിഴ് നാട്ടിലെ വിവരശേഖരം

കഴിഞ്ഞ ദശകങ്ങളിൽ ദാരിദ്ര്യ ലഘൂകരണത്തിൽ തമിഴ്നാട് വളരെ പുരോഗതി കൈവരിച്ചു തമിഴ്നാട്ടിലെ ജില്ലകളെ മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അതായത് ഉയർന്ന ദാരിദ്ര്യ ജില്ലകൾ (ജനസംഖ്യയുടെ 40% ശതമാനത്തിലധികം ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്) മിതമായ ദാരിദ്ര്യ ജില്ലകൾ (30% മുതൽ 40% വരെ) താഴ്ന്ന നിലയിലുള്ള ദരിദ്ര ജില്ലകൾ (30% ൽ താഴെ).

1944-ന് ശേഷം തമിഴ്നാട്ടിലെ ഗ്രാമ നഗര പ്രദേശങ്ങളിൽ ദാരിദ്ര്യം ക്രമാനുഗമമായി കുറഞ്ഞു. ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യയിലെ ദരിദ്രരിൽ ചെറിയ പങ്ക് തമിഴ്നാട് സംസ്ഥാനത്തിൽ ഉണ്ട്. 2005-ന് ശേഷം ഈ സംസ്ഥാനത്തെ ദാരിദ്ര്യ ലഘൂകരണം ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളെക്കാളുംവളരെ വേഗത്തിലാണ് നടത്തിയിട്ടുള്ളത്. 2014-2017 കാലയളവിൽ ദാരിദ്ര്യ നിർമാർജന പരിപാടികളിൽ തമിഴ്നാട് മുന്നിലാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ഇന്ത്യാ ഗവൺമെന്റ് നിരവധി നയങ്ങളും പരിപാടികളും നടപ്പാക്കിയിട്ടുണ്ട്.

ഈ നയങ്ങളും പരിപാടികളും തുടരുകയാണെങ്കിൽ സംസ്ഥാനത്തെ ദാരിദ്ര്യത്തെ പൂർണ്ണമായും ഇല്ലാതാക്കാൻ കഴിയും. ഭാവിയിൽ തമിഴ്നാട് ഇന്ത്യയുടെ വികസനത്തിന്റെ മാതൃകാ സംസ്ഥാനമായി മാറും.

തമിഴ്നാട്ടിലെ ജില്ലകളുടെ ആദ്യത്തെയും അവസാനത്തെയും 5 തരം വീതം ബഹുമുഖ ദാരിദ്ര്യ സൂചിക പട്ടിക:

പട്ടിക	ആദ്യത്തെ 5 ജില്ലകൾ	തരം	അവസാനത്തെ 5 ജില്ലകൾ	തരം
1.	കാഞ്ചിപുരം	1	ധർമ്മപുരി	32
2.	ചെന്നൈ	2	പെരമ്പലൂർ	31
3.	കടലൂർ	3	രാമനാദപുരം	30
4.	കോയമ്പത്തൂർ	4	ഹതുദ്യനഗർ	29
5.	നാഗപട്ടണം	5	അരിയലൂർ	28

3.6 പോഷകാഹാരവും ആരോഗ്യ നിലയും

പോഷകാഹാരത്തിന്റെ നില

ഭക്ഷ്യസുരക്ഷയിൽ പോഷകാഹാര സുരക്ഷയും ഉൾപ്പെടുന്നുവെന്ന് ഞങ്ങൾ നേരത്തെ തന്നെ മനസ്സിലാക്കിയിരുന്നു. നമ്മുടെ രാജ്യം ഭക്ഷ്യ ഉൽപാദനത്തിൽ സ്വയം പര്യാപ്തതയിലെത്തിട്ടുണ്ടെങ്കിലും, ജനസംഖ്യയുടെ പോഷകാഹാര നിലവാരം സമാനമായി പുരോഗതി പ്രാപിച്ചില്ല. 2015-2016 ൽ ദേശീയ കുടുംബാരോഗ്യ സർവേയിൽ 27% ഗ്രാമീണ സ്ത്രീകളും 16% നഗര സ്ത്രീകളും (15-49) വയസ്സിനിടയിലുള്ളവർ) പോഷകാഹാരക്കുറവോ ദീർഘകാലടിസ്ഥാനത്തിലുള്ള ഉർജ്ജക്കുറവോ ഉള്ളവരായി കണക്കാക്കപ്പെടുന്നു.



ഭാരം കുറഞ്ഞ കുട്ടി

ഇന്ത്യയിലെ ഗ്രാമീണ, നഗര പ്രദേശങ്ങളിലെ പ്രത്യുൽപാദന പ്രായത്തിലുള്ള (15-49 വയസ്സ്) പകുതിയിലധികം സ്ത്രീകളും 2015-2016ൽ വിളർച്ച ബാധിച്ചിരുന്നു. കുട്ടികളെ സംബന്ധിച്ചിടത്തോളം ഗ്രാമീണരിൽ 60%, നഗരങ്ങളിലെ 56% കുട്ടികൾ (6-59 മാസം പ്രായമുള്ളവർ) 2015-2016 കാലയളവിൽ വിളർച്ച ബാധിച്ചതായി കണക്കാക്കപ്പെടുന്നു ഏകദേശം 41% ഗ്രാമീണരും 31% നഗരകുട്ടികളുടെ വളർച്ചയും മുരടിച്ചിരുന്നു. അതായത്, അവരുടെ പ്രായത്തിന് അനുസൃതമായി ആവശ്യമായ ഉയരം ഇല്ല. കുട്ടികൾക്കിടയിലെ പോഷകാഹാരക്കുറവിന്റെ മറ്റൊരു അടയാളമാണ് "ഭാരക്കുറവ്" ഇത് കുട്ടികളുടെ പ്രായത്തിന് അനുസരിച്ചുള്ള ഭാരക്കുറവാണെന്ന് കണക്കാക്കപ്പെടുന്നു.

2015-16ൽ ഇന്ത്യയിൽ നഗരങ്ങളിലും ഗ്രാമങ്ങളിലുമായി ഏകദേശം 20% കട്ടികളിൽ (6-59 മാസങ്ങൾ) ഭാരക്കുറവ് കാണപ്പെടുന്നു.

തമിഴ് നാട്ടിലെ പോഷക ആഹാരവും ആരോഗ്യനിലയും

മനുഷ്യന്റെ ആരോഗ്യത്തിലും ക്ഷേമത്തിലും പോഷകാഹാരം നിർണ്ണായക പങ്ക് വഹിക്കുന്നു. ദേശീയ തലത്തിൽ ഉയർന്ന സാമ്പത്തിക വളർച്ച ഉണ്ടായിരുന്നിട്ടും ജനങ്ങളുടെ പോഷകാഹാര നിലവാരം പോലുള്ള മാനവ വികസന സൂചനകങ്ങളിലെ പുരോഗതികൾ അസ്വീകാര്യമായി മന്ദീഭവിച്ച

X Std - Economics Malayalam Unit-3.indd 319 1/27/2023 10:13:40 AM

അവസ്ഥയിലാണ്. ധാരാളം ഇന്ത്യൻ കുട്ടികൾ മുരടിക്കുകയും, ഗണ്യമായ എണ്ണത്തിലുള്ള കുട്ടികളിലും സ്ത്രീകളിലും പോഷകാഹാരകുറവു കൊണ്ടുണ്ടാകുന്ന ഭാരക്കുറവും വിളർച്ചയും കണ്ടു വരുന്നു. ഈ പോരായ്മകൾ പരിഹരിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ ആരോഗ്യ പോഷകാഹര പദ്ധതികളായ സംയോജിത ശിശു വികസന സേവനങ്ങൾ (ICDS) ഉച്ചഭക്ഷണം, പുനരുൽപാദനവും ശിശു ആരോഗ്യം പോലുള്ള പദ്ധതികളിലൂടെ ഗണ്യമായ വിഭവങ്ങൾ എത്തിക്കുന്നുണ്ടെങ്കിലും രാജ്യത്ത് പോഷകാഹര കുറവു സംഭവിക്കുന്നതിനെ ലഘൂകരിക്കുന്നതിന് ഈ ശ്രമങ്ങളുടെ ഫലപ്രദമായ പരിശ്രമം ആവശ്യമാണ്.

ആറ് വയസ്സിനു താഴെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാര പെൺകുട്ടികൾ എന്നിവരുടെ ആരോഗ്യത്തിലും പോഷകാഹാരത്തിലും കാര്യമായ മാറ്റങ്ങൾ വരുത്തുന്നതിൽ തമിഴ്നാട് ഒരു പ്രധാന പങ്കു വഹിക്കുന്നുണ്ട്. പോഷകാഹാരത്തിനും ആരോഗ്യത്തിലും പോഷകാഹാരത്തിലും കാര്യമായ മാറ്റങ്ങൾ വരുത്തുന്നതിൽ തമിഴ്നാട് ഒരു പ്രധാന പങ്കുവഹിക്കുന്നുണ്ട്. പോഷകാഹാരത്തിനും ആരോഗ്യത്തിനുമായി തമിഴ് നാടിന്റെ തുടർച്ചയായ ബജറ്റ് വിഹിതം രാജ്യത്ത് ഏറ്റവും ഉയർന്നതാണ്. ICDS പദ്ധതി മറ്റും പുരട്ച്ചി തലൈവർ എം ജി ആർ പോഷകആഹാര പദ്ധതി (PTMGRNMP) എന്നിവയുടെ പ്രകടനവും രാജ്യത്തെ ഏറ്റവും മികച്ച പോഷകാഹാര പരിപാടികളായി കണക്കാക്കപ്പെടുന്നു.

തമിഴ്നാട് സർക്കാരിന്റെ "ഒരു പോഷകഹാരക്കുറവ് രഹിത തമിഴ്നാട്" എന്ന ദീർഘകാല പദ്ധതി, പല വകുപ്പുകളുടെയും സംയോജിത പ്രവർത്തനത്തിലൂടെ എല്ലാ തരത്തിലുള്ള മനുഷ്യരുടെ പോഷകാഹരക്കുറവ് പരിഹരിക്കുന്നതിൽ മികച്ച പ്രകടനം നടത്തുന്ന രാജ്യങ്ങളുടെ നിലവാരത്തിൽ എത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം തമിഴ്നാട്ടിൽ ശിശു വികസന ബ്ലോക്കുകളും (385 ഗ്രാമീണ, 47 നഗര,2 ഗോത്ര വർഗ്ഗക്കാർ) 54,439 ശിശു കേന്ദ്രങ്ങളും, (49,499 അംഗൻ വാടി കേന്ദ്രങ്ങൾ, 4940 മിനി അംഗൻവാടി കേന്ദ്രങ്ങൾ) ICDS ന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു.



ICDS പദ്ധതി

തമിഴ്നാട്ടിൽ നടക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ



വിദ്യാലയ ആരോഗ്യ പദ്ധതി

1. ഡോ.മുത്തു ലക്ഷ്മി റെഡ്ഡി പ്രസവകാല അനുകൂല്യ പദ്ധതിയുടെ കീഴിൽ പാവപ്പെട്ട ഗർഭിണികൾക്ക് പോഷകാഹര ഭക്ഷണച്ചെലവുകൾ നിർവ്വഹിക്കുക, പ്രസവകാലത്തെ വരുമാന നഷ്ടം പരിഹരിക്കുക, ജനനസമയത്തെ കുട്ടികളുടെ ഭാരക്കുറവ് പരിഹരിക്കുക എന്നിവ ലക്ഷ്യമിട്ട് രൂപ 12,000 രൂപ ധന സഹായം വിതരണം ചെയ്യുന്നു.
2. സർക്കാർ,സകാര്യ ആശുപത്രി കളിൽ സൗജന്യ വൈദ്യ - ശസ്ത്രക്രിയ ചികിത്സ നൽകിക്കൊണ്ട് എല്ലാവർക്കും സർവത്രിക ആരോഗ്യ പരിരക്ഷ നൽകുക എന്ന ലക്ഷ്യത്തോടെ 2011-2012ൽ മുഖ്യമന്ത്രിയുടെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചു
3. തമിഴനാട് ആരോഗ്യ വകുപ്പ് പദ്ധതികൾ (TNHSP) ആംബുലൻസ് സേവനം സൗജന്യമായി (108 അത്യാഹിത ആംബുലൻസ് സേവനം) ലഭ്യമാക്കി.
4. സർക്കാർ മറ്റും സർക്കാർ സഹായത്താൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സമഗ്ര ആരോഗ്യ പരിരക്ഷ നൽകുന്നതിനാണ് വിദ്യാലയങ്ങളിൽ ആരോഗ്യ പരിപാടി പ്രധാനമായും നടത്തുന്നത്.
5. എല്ലാ കുഷ്ഠ രോഗികളെയും കണ്ടെത്തി സ്ഥിരമായ ചികിത്സ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ദേശീയ കുഷ്ഠരോഗ നിർമാർജ്ജന പരിപാടി സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്നത്.

X Std - Economics Malayalam Unit-3.indd 320 1/27/2023 10:13:41 AM

എത്തിപ്പെടാത്ത മേഖലകളിലേക്ക് സ്ഥിരമായി വ്യാപിപ്പിക്കുക, പാർശ്വവത്കരിക്കപ്പെട്ട ഗ്രൂപ്പുക ളുടെ ലഭ്യത വർദ്ധിപ്പിക്കുക മെച്ചപ്പെട്ട വിഹിതം, സേവനങ്ങ ളുടെ വ്യപ്തി വർദ്ധിപ്പിക്കുക എന്നീ പ്രവർത്തന പരിപാടികളിലൂടെ ICDS ഇപ്പോൾ ലോകത്തിലെ ഏറ്റവും വലിയതായി കണക്കാക്കപ്പെടുന്നു. കൂടാതെ ഇതിനെ കുട്ടിക ളുടെ സമഗ്ര വികസനത്തിനുള്ള മാതൃകയായും കണക്കാക്കപ്പെടുന്നു.

കുട്ടികൾക്കിടയിലെ പോഷകാഹാരക്കുറവ് നേരിടുന്നതിനും പ്രൈമറി വിദ്യാലയ പ്രവേശനം വർദ്ധിപ്പിക്കുന്നതിനും, കൊഴിഞ്ഞു പോകൽ നിരക്ക് കുറയ്ക്കുന്നതിനുള്ള രാജ്യത്തെ ഏറ്റവും വലിയ ഉച്ച ഭക്ഷണ പദ്ധതിയായി പുരട്ചി തലൈവർ എം.ജി.ആർ. പോഷക ആഹാരപദ്ധതിയെ (PTMGRNMP) കണക്കാക്കപ്പെടുന്നു. രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിലെ ഉച്ചഭക്ഷണ പരിപാടി കൾക്ക് തമിഴ്നാടിന്റെ ഉച്ചഭക്ഷണ പദ്ധതികളുടെ പരിശ്രമങ്ങൾ മാതൃകയായി.

തമിഴ്നാട്ടിലെ ചില പോഷകാഹാര പരിപാടി

1. **പുരട്ചി തലൈവർ എം ജി ആർ പോഷക ആഹാര പദ്ധതി**
2. **പ്രാഥമിക വിദ്യാഭ്യാസത്തിന് പോഷക പിന്തുണ നൽകുന്ന ദേശീയ പരിപാടി.**
3. **പൊതു ICDS പദ്ധതികളും ലോക ബാങ്ക് സഹായ ത്തോടെയുള്ള ശിശു വികസന സേവനങ്ങളും**
4. **പ്രധാന മന്ത്രി ഗ്രാമോദയാ വയോജന പദ്ധതി:** (PMGYS)
5. **തമിഴ്നാട് സംയോജിത പോഷകാഹാര പദ്ധതി**
6. **ഉച്ച ഭക്ഷണ പദ്ധതി**



ഉച്ച ഭക്ഷണ പദ്ധതി

സംഗ്രഹം

- ഭക്ഷ്യധാന്യ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് രാജ്യത്തിൽ ഹരിത വിപ്ലവം ആരംഭിച്ചു.
- ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം (NFSA) ഇന്ത്യൻ പാർലമെന്റ് 2013-ൽ പ്രാബ്യലത്തിൽ കൊണ്ടുവന്നു.
- കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതിയെ അടിസ്ഥാമാക്കിയുള്ള പുതിയ കാർഷിക നയം 2018-ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചു.
- കൂടുതൽ സമഗ്രമായ രൂപ രേഖ തയ്യാറാക്കാൻ ബഹുമുഖ ദാരിദ്ര നടപടികൾ പ്രയോജനപ്പെടുത്താം.
- മാനവ വിഭവശേഷി വികസനത്തിൽ ആരോഗ്യത്തിന് ഒരു പ്രധാന പങ്കുണ്ട്.

A-Z പദപരിചയം

ലഭ്യത	Availability	That which can be used, attainable
പ്രവേശനം	Accessibility	Right to enter
താങ്ങാനാവുന്ന	Affordability	Ability to be afforded
മതിയായ	Sufficient	Enough
വാങ്ങൽശേഷി	Purchasing power	The financial ability to buy produce
ഉൽപാദനക്ഷമത	Productivity	Power of producing
അധഃപതനം	Degradation	To reduce to a lower rank
ഏകീകൃത	Unidimensional	Having one direction
പോഷകാഹാരകുറവ്	Malnourished	Lack of proper nutrition

X Std - Economics Malayalam Unit-3.indd 321 1/27/2023 10:13:41 AM

അഭ്യാസം

1F3MQ

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. ബഫർ സ്റ്റോക്ക് എന്നു പറയുന്നത് _____ വഴി സർക്കാർ വാങ്ങുന്ന ഗോതമ്പ്, അരി എന്നീ, ഭക്ഷ്യ ധാന്യങ്ങളുടെ ശേഖരമാണ്.
   a) FCI
   b) ഉപഭോക്ത സഹകരണം
   c) ICICI
   d) IFCI
2. താഴെ തന്നവയിൽ ഏതാണ് ശരി?
   i) HYV - ഉയർന്ന വിളവ് നൽകുന്ന ഇനം
   ii) MSP - കുറഞ്ഞ സഹായ വില
   iii) PDS - പൊതു വിതരണ സംവിധാനം
   iv) FCI - ഇന്ത്യയുടെ ഭക്ഷ്യശേഖരണ കേന്ദ്രം
   a) i ഉം ii ഉം ശരി
   b) iii ഉം iv ഉം ശരി
   c) ii ഉം iii ഉം ശരി
   e) എല്ലാം ശരി
3. അതിന്റെ പൊതു നിയമം 480 (PL 480) എന്ന പദ്ധതിയിലൂടെ ഇന്ത്യക്ക് സഹായം നൽകി.
   a) യു.എസ്.എ.
   b) ഇന്ത്യാ
   c) സിങ്കപൂർ
   d) യു.കെ.
4. ഭക്ഷ്യധാന്യ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് രാജ്യത്തിൽ _____ വിപ്ലവം ആരംഭിച്ചു.
   a) നീലവിപ്ലവം
   b) ധവളവിപ്ലവം
   c) ഹരിത വിപ്ലവം
   d) ചാരനിറ വിപ്ലവം
5. ഇന്ത്യയിൽ സാർവത്രിക പൊതുവിതരണ സംവിധാനം (PDS) ഏർപ്പെടുത്തിയ ഏക സംസ്ഥാനം _____.
   a) കേരളം
   b) ആന്ധ്രപ്രദേശ്
   c) തമിഴ്നാട്
   d) കർണ്ണാടക
6. ആരോഗ്യത്തിനും വളർച്ചയ്ക്കും ആവശ്യമായ ഭക്ഷണം നൽകുകയോ, നേടുകയോ ചെയ്യുന്ന പ്രക്രിയയാണ് _____.
   a) ആരോഗ്യം
   b) പോഷകാഹാരം
   c) ശുചീകരണം
   d) സുരക്ഷിതത്വം

II. പൂരിപ്പിക്കുക:

1. പോഷകാഹരകുറവിന്റെ പ്രധാന സൂചകമാണ് _____.
2. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (NFSA) ഇന്ത്യൻ പാർലമെന്റ് _____ൽ പ്രാബല്യത്തിൽ കൊണ്ടുവന്നു.
3. സാധരണക്കാർക്ക് ഉത്തരവാദിത്വ നിരക്കിൽ ഗുണ നിലവാരമുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു.

III. യോജിപ്പിക്കുക:

1.	ഉപഭോക്തൃ സഹകരണ സംഘം	–	സബ്സീഡി നിരക്കിൽ
2.	പൊതു വിതരണ സംവിധാനം	–	2013
3.	UNDP	–	ഗുണ നിലവാരമുള്ള സാധനങ്ങൾ
4.	ദേശീയ ഭക്ഷ്യ സംരക്ഷണം	–	ഐക്യ രാഷ്ട്രവികസന പദ്ധതി

IV. പ്രസ്താവനയും കാരണവും:

1. **പ്രസ്താവന (A) :** വാങ്ങൽ ശേഷികൂടുകയും, വിലകുറയുകയും അത് നേർവിപരീതമായി.
   കാരണം (R): ചരക്കുകളുടെ ഉൽപാദനം കുറയുകയും, സാധനങ്ങളുടെ വില വർദ്ധിക്കുകയും വാങ്ങൽ ശേഷിയെ ബാധിക്കുകയും ചെയ്യുന്നു.
   a) A ശരിയാണ്, R തെറ്റ്
   b) A ഉം R ഉം തെറ്റായ പ്രസ്താവനയാണ്
   c) A ശരിയാണ്, എന്നാൽ R ശരിയായ വിവരണമല്ല
   d) A ശരിയാണ്, A യുടെ ശരിയായ വിവരണമല്ല R

V. ചുരുക്കത്തിൽ ഉത്തരം എഴുതുക:

1. FAOഅനുസരിച്ച് ഭക്ഷ്യ സുരക്ഷ നിർവചിക്കുക.
2. ഭക്ഷണ, പോഷകാഹര സുരക്ഷയുടെ അടിസ്ഥാന ഘടകങ്ങൾ എന്തെല്ലാം?
3. ഹരിത വിപ്ലവത്തിൽ FCI യുടെ പങ്ക് എന്താണ്?
4. ഹരിത വിപ്ലവത്തിന്റെ ഫലങ്ങൾ എന്തെല്ലാം?
5. തമിഴ്നാട്ടിലെ പോഷകഹാര പരിപാടികളുടെ ചില പേരുകൾ എഴുതുക?

X Std - Economics Malayalam Unit-3.indd 322 1/27/2023 10:13:41 AM

VI. വിശദമായി ഉത്തരം എഴുതുക:

1. ഹരിത വിപ്ലവം ആരംഭിച്ചത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുക?
2. കുറഞ്ഞ താങ്ങുവില വ്യക്തമാക്കുക?
3. പൊതു വിതരണ സംവിധാനം വിശദീകരിക്കുക?
4. വാങ്ങൽ ശേഷി ബാധിക്കുന്ന ഘടകങ്ങൾ എന്തെല്ലാം? വിശദീകരിക്കുക.
5. ഇന്ത്യയുടെ കാർഷിക നയത്തിന്റെ ചില പ്രധാന ലക്ഷ്യങ്ങൾ വിശദീകരിക്കുക?

VII. പ്രവർത്തനവും പ്രോജക്ടും:

1. സമീപത്തുള്ള "ഉഴവർ ചന്ത" സന്ദർശിക്കുക വിവരങ്ങൾ ശേഖരിക്കുക.
2. നിങ്ങളുടെ സമീപത്തുള്ള - ആരോഗ്യ കേന്ദ്രങ്ങൾ സന്ദർശിച്ച് അവയുടെ പ്രവർത്തനങ്ങളെ കുറിച്ച് വിവരങ്ങൾ ശേഖരിക്കുക.

REFERENCE BOOKS

1. Dr. S. Sankaran, *Indian Economy*, India.
2. Ministry of Agriculture & Farmers Welfare. Annual Report 2016–17.
3. Nutrition & Food Security. UN India.
4. *Pratiyogita Darpan* – Indian Economy.
5. Economic Survey 2017–18.
6. *The Gazette of India* – "The National Food Security Act 2013".

INTERNET RESOURCES

1. www.agricoop.nic.in
2. www.fci.gov.in
3. www.statistics.com



ICT കോർണർ

ഭക്ഷ്യസുരക്ഷയും, പോഷകാഹാരവും

ഘട്ടങ്ങൾ:

- ബ്രൗസർ ഓപ്പൺ ചെയ്ത് URL ടൈപ്പ് ചെയ്യുക.
- ഇടതു ഭാഗം ക്ലിക്ക് ചെയ്യുക മെനു കാണാം. ഭക്ഷ്യസുരക്ഷനയം, ഡാറ്റ മുതലായവ കാണാം
- ഉദാഹരണമായി നെല്ലിന്റെ കുറഞ്ഞ സഹായവില ക്ലിക്ക് ചെയ്യുക. നിനക്ക് വർഷമനുസരിച്ചുള്ള നെല്ല്, ഗോതമ്പ് എന്നിവയുടെ സഹായവില കാണാം.
- ഇതുപോലെ പ്രാദേശകാടിസ്ഥാനത്തിൽ കാണുക.

Website URL:

http://fci.gov.in/procurements.php?view=51

X Std - Economics Malayalam Unit-3.indd 323 1/27/2023 10:13:41 AM

യൂണിറ്റ് 4

സർക്കാരും നികുതികളും



പഠനലക്ഷ്യങ്ങൾ

- സർക്കാരിന്റെ പങ്കിനെക്കുറിച്ചും വികസനനയങ്ങളെക്കുറിച്ചും മനസ്സിലാക്കുക.
- നികുതിയെക്കുറിച്ചും അതിന്റെ തരങ്ങളെക്കുറിച്ചുമുള്ള അറിവ് നേടുക.
- നികുതി എങ്ങനെ ഈടാക്കുന്നുവെന്ന് പഠിക്കുക.
- കള്ളപ്പണത്തെയും നികുതി വെട്ടിപ്പിനെയുക്കുറിച്ചുള്ള ഉൾക്കാഴ്ച നേടുക.
- നികുതിയും പണം കൊടുക്കലും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുക.
- നികുതിയും അതിന്റെ വികസനത്തെക്കുറിച്ചും മനസ്സിലാക്കുക.

IBW10

ആമുഖം

രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വികസനത്തിനായി സർക്കാർ നികുതി ചുമത്തുന്നു. സർക്കാരിന്റെ വരുമാനം പ്രത്യക്ഷവും പരോക്ഷവുമായ നികുതികളെ ആശ്രയിച്ചിരിക്കുന്നു. വ്യക്തികളുടെ വരുമാനത്തിൽ മേൽ നേരിട്ടുള്ള നികുതി ചുമത്തുകയും, ചരക്കുകളുടെയും സേവനങ്ങളുടെയും മേൽ പരോക്ഷ നികുതി ചുമത്തുകയും അതിലൂടെ സർക്കാർ "സാമ്പത്തിക വിഭവങ്ങൾ" സമാഹരിക്കുകയും ചെയ്യുന്നു.

4.1 വികസ നയങ്ങളിൽ സർക്കാരിന്റെ പങ്ക്

വികസന നയങ്ങളും സർക്കാരിന്റെ പങ്കും

1. **പ്രതിരോധം:** ശത്രുക്കളിൽ നിന്നും നമ്മുടെ ജനതയെ സംരക്ഷിക്കുന്നതിനുള്ള ഒരു സുപ്രധാന സുരക്ഷാ പ്രവർത്തനമാണിത്. പ്രതിരോധ സേനയെ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള ഉത്തരവാദിത്തം കേന്ദ്രസർക്കാരിനുണ്ട്.
2. **വിദേശനയം:** ഇന്നത്തെ ലോകത്ത് ലോകത്തിലെ മറ്റെല്ലാ രാജ്യങ്ങളുമായും സൗഹാർദപരമായ ബന്ധം പുലർത്തേണ്ടത് ആവശ്യമാണ്. ലോകസമാധാനത്തിനും ഇന്ത്യാ പ്രതിജ്ഞാബദ്ധരാണ്. കയറ്റുമതിയിലൂടെയും ഇറക്കുമതിയിലൂടെയും നിക്ഷേപം അയയ്ക്കുന്നതിലൂടെയും സ്വീകരിക്കുന്നതിലൂടെയും, തൊഴിലാളികളെ നൽകുന്നതിലൂടെയും മറ്റു രാജ്യങ്ങളുമായി നമ്മൾ നല്ല സാമ്പത്തിക ബന്ധം പുലർത്തിവരുന്നു. കേന്ദ്ര സർക്കാരാൽ ഈ സേവനം നൽകി വരുന്നു.
3. **ആനുകാലിക തിരഞ്ഞെടുപ്പ് നടത്തുക:** ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണ്. പർലമെന്റിലേക്കും സംസ്ഥാന അസംബ്ലികളിലേക്കും നമ്മൾ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നു. അതുപോലെ സംസ്ഥാന സർക്കാരുകൾ സംസ്ഥാനത്തിനകത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്തുന്നു.
4. **ക്രമസമാധാനം:** നമ്മുടെ അവകാശങ്ങളും സ്വത്തുക്കളും സംരക്ഷിക്കുന്നതിനും നമ്മുടെ സമ്പദ്‌വ്യവസ്ഥയെയും സമൂഹത്തെയും നിയന്ത്രിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിരവധി നിയമങ്ങൾ നടപ്പാക്കുന്നു. തർക്കങ്ങൾ പരിഹരിക്കുന്നതിന് ദേശീയ സംസ്ഥാന ജില്ലാതല കോടതികൾ അടങ്ങുന്ന ഊർജ്ജസ്വലമായ ഒരു നീതിന്യായ വ്യവസ്ഥ കേന്ദ്രസർക്കാരിനുണ്ട്. സംസ്ഥാന സർക്കാരുകൾക്ക് സംസ്ഥാനങ്ങളിലെ ക്രമസമാധാനം നിലനിർത്താൻ പോലീസ് സേനയെ സ്സ്ഥാനഗവർമെൻറ് ഉപയോഗിക്കുന്നു

X Std - Economics Malayalam Unit-4.indd 324 1/27/2023 10:14:12 AM

5. **പൊതു ഭരണവും, ചരക്കുകളുടെ പൊതു വിതരണവും:** സർക്കാർ പൊതുവെ വിവിധ വകുപ്പുകളിലൂടെയും സമ്പദ്‌വ്യവസ്ഥയെയും, സമൂഹത്തെയും നിർവ്വഹിച്ചു വരുന്നു. റവന്യൂ വകുപ്പ്, വിദ്യാലയങ്ങൾ ആശുപത്രികൾ ഗ്രാമവികസനം, നഗരവികസനം എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. പൊതു സഞ്ചയത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പൊതു വകുപ്പുകളും പട്ടികലഭ്യമാണ്. പ്രദേശിക റോഡുകൾ, അഴുക്കുചാലുകൾ കുടിവെള്ളം, മാലിന്യശേഖരണം നീക്കം ചെയ്യൽ തുടങ്ങിയ പൊതു സേവനങ്ങൾ പ്രാദേശിക സർക്കാരുകൾ ചെയ്തുവരുന്നു.

6. **വരുമാന പുനർവിതരണം, ദാരിദ്ര നിർമ്മാർജ്ജനം** നേരത്തെ സൂചിപ്പിച്ച വിവിധ പ്രവർത്തനങ്ങൾക്ക് ധനസാഹയം നൽകാൻ സർക്കാരുകൾ വിവിധ നികുതികൾ ശേഖരിക്കുന്നു. ഉയർന്ന വരുമാനമുള്ള ആളുകളിൽ നിന്നും ദരിദ്രരെക്കാൾ കൂടുതൽ നികുതി വരുമാനം സർക്കാരിൽ കൊണ്ടുവരാൻ കഴിയുന്നതരത്തിലാണ് നികുതികൾ ശേഖരിക്കുന്നത്. ദരിദ്രർക്ക് ജീവിതത്തന്റെ ചില അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം പാർപ്പിടം, വസ്ത്രം വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, പ്രതിമാസ വരുമാനം എന്നിവ ലഭ്യമാക്കുന്ന തരത്തിൽ സർക്കാരുകൾ പണം ചെലവഴിക്കുന്നു. അങ്ങനെ സർക്കാർ വരുമാനം പുനർവിതരണം ചെയ്തുകൊണ്ട് പാവപ്പെട്ടവർക്കുള്ള ദാരിദ്ര്യ നിർമ്മാർജ്ജനപ്രവർത്തന നടപടികൾ തുടർന്നു വരുന്നു.

7. **സമ്പദ്‌വ്യവസ്ഥയെ നിയന്ത്രിക്കുക:** കേന്ദ്ര സർക്കാർ റിസർവ് ബാങ്ക് വഴി പണവിതരണം നിയന്ത്രിക്കുകയും പലിശനിരക്ക്, പണപ്പെരുപ്പം വിദേശ നാണ്യ നിരക്ക് എന്നിവ നിയന്ത്രിക്കുകയും ചെയ്യുന്നു. ഇതിന്റെ പ്രധാന ലക്ഷ്യം ഇതിൽ വരുന്ന ഏറ്റകുറച്ചിലിനെ നീക്കം ചെയ്യുക എന്നതാണ്. ഇന്ത്യൻ സെക്യൂരിറ്റി എക്സ്ചേഞ്ച് ബോർഡ്, ഇന്ത്യ കോമ്പറ്റീഷൻ കമ്മീഷൻ എന്നിവ വഴിയും കേന്ദ്ര സമ്പദ് വ്യവസ്ഥ നിയന്ത്രിച്ചുവരുന്നു. പ്രധാനപ്പെട്ട ചരക്കുകളും സേവനങ്ങളും ജനങ്ങൾക്ക് മിതമായ നിരക്കിൽ നൽകുന്നതിന് ഇന്ത്യയിലെ സർക്കാർ പൊതു മേഖല സ്ഥാപനങ്ങളെല്ലാം പ്രവർത്തിച്ചുവരുന്നു.

4.2 നികുതി

നികുതി("Tax") എന്ന വാക്കിന്റെ ഉത്ഭവം "Taxation" എന്ന വാക്കിൽ നിന്നാണ് അതായത് വിലമതിക്കുക എന്നാനിണിതിന്റെ അർത്ഥം.

പൗരന്മാർക്കും കോർപ്പറേറ്റ് സ്ഥാപനങ്ങൽക്കും വരി ഏർപ്പെടുത്തി സർക്കാരുകൾ അവരുടെ ചെലവുകൾക്കുള്ള ധനസഹായം നേടുന്ന ഒരു മാർഗ്ഗമാണ് നികുതി. സർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനായി പണം സ്വരൂപിക്കുക എന്നതാണ് നികുതി ഏർപ്പെടുത്തുന്നതു കൊണ്ടുള്ള പ്രധാന ലക്ഷ്യം. ക്ഷേമരാഷ്ട്രം എന്ന പുതിയ ആശയം കണക്കിലെടുത്താണ് നികുതി മുൻനിരയിൽ നിലനിൽക്കുന്നത്.



നികുതിദായകന് നേരിട്ടുള്ള വരുമാനം അഥവാ, ആനുകൂല്യം പ്രതീക്ഷിക്കാതെ സർക്കാരിന് നിർബന്ധിതമായി പണം നൽകുന്നതാണ് നികുതി. പ്രൊഫസർ സെലിഗ്മാന്റെ അഭിപ്രായപ്രകാരം പ്രത്യേക ആനുകൂല്യങ്ങൾ പരാമർശിക്കാതെ എല്ലാവരുടെയും പൊതു താൽപര്യത്തിനുവേണ്ടയുള്ള ചെലവുകൾ നികത്തുവാൻ ഒരു വ്യക്തി സർക്കാരിനു നൽകുന്ന നിർബന്ധിത സംഭവനയാണ് നികുതി.

എന്തുകൊണ്ട് നികുതി?

ചരിത്രത്തിലുടനീളംസംസ്ഥാനവും അവയുടെ പ്രവർത്തനപരമായ തുല്യതയും നിരവധി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് നികുതി ഏർപ്പെടുത്തിയ പണം ഉപയോഗിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ (ഗതാഗതം, ശുചിത്വം, പൊതുസുരക്ഷ, വിദ്യാഭ്യസം ആരോഗ്യസംരക്ഷണ സംവിധാനങ്ങൾ) സൈനിക ശാസ്ത്രീയ ഗവേഷണം, സംസ്കാരം, കലകൾ പൊതുമരാമത്ത്, പൊതു ഇൻഷൂറൻസ്, ഗവൺമെന്റിന്റെ പ്രവർത്തനം മുതലയവയുടെ ചെലവുകൾ ഇതിൽ ഉൾപ്പെട്ടതാകുന്നു. നികുതി ഉയർത്താനുള്ള സർക്കാരിന്റെ കഴിവിനെ ധനശേഷി എന്നു പറയുന്നു.

ചെലവുകൾ നികുതി വരുമാനത്തെ കവിയുമ്പോൾ ഒരു സർക്കാരിന്റെ കടം അധികമാക്കുന്നു. നികുതികളുടെ ഒരുഭാഗം മുൻകാല കടങ്ങൾ നികത്തുവാൻ ഉപയോഗിച്ചെന്നുവരാം. ക്ഷേമത്തിനും പൊതു സേവനങ്ങൾക്കും ധനസഹായം നൽകാൻ സർക്കാരുകൾ നികുതി ഉപയോഗി

> നിങ്ങൾക്ക് അറിയാമോ?
>
> മനുസ്മൃതിയുടെയും അർത്ഥശാസ്ത്രത്തിന്റെയും കാലഘട്ടം മുതൽ ഇന്ത്യയിൽ നികുതി ഏർപ്പെടുത്തിയിരുന്നു. ഈ പുരാതന നികുതി സമ്പ്രദായത്തെ അടിസ്ഥാമാക്കിയുള്ളതാണ് ഇപ്പോഴത്തെ ഇന്ത്യൻ നികുതി സമ്പ്രദായം.

X Std - Economics Malayalam Unit-4.indd 325 1/27/2023 10:14:12 AM

നികുതി സമ്പ്രദായം

എല്ലാ തരത്തിലുള്ള നികുതികൾക്കും ചില ഗുണങ്ങളും ദോഷങ്ങളുമുണ്ട്. അതുപോലെ നമ്മുക്കും ഒരു നികുതി സമ്പ്രദായമുണ്ട് അത് വിവിധതരം നികുതികളുടെ ഒരു ശേഖരമാണ്. ഈ പ്രത്യേകതകളെ നികുതി വ്യവസ്ഥകൾ എന്നു പറയുന്നു. ആദം സ്മിത്തിൽ നിന്ന്, നിരവധി സാമ്പത്തിക വിദഗ്ധർ നികുതിയുടെ നിബന്ധനകളുടെ പട്ടിക ലഭ്യമാക്കിയിട്ടുണ്ട്. അവയിൽ സാധരണക്കാരെ ചർച്ച ചെയ്തിട്ടുള്ളതിനെ ഓർക്കേണ്ടത് അത്യാവശ്യമാണ്.

1. ഇകിറ്റി വ്യവസ്ഥകൾ : നികുതി എന്നത് നിർബന്ധിത പണം നൽകൽ ആയതിനാൽ നികുതി സമ്പ്രദായം രൂപകൽപ്പന ചെയ്യുന്നതിലെ പ്രധാന തത്വമാണ് ഇകിറ്റിയെന്ന് എല്ലാ സാമ്പത്തിക വിദഗ്ധരും അഭിപ്രായപ്പെടുന്നു. പ്രധാനമായും ദരിദ്രരെക്കാൾ സമ്പന്നർ കൂടുതൽ നികുതി വരുമാനം സർക്കാരിന് നൽകണമെന്ന് ഇകിറ്റി തത്വത്തിൽ പറയുന്നുണ്ട്. കാരണം നികുതി അടയ്ക്കുന്നതിന് ദരിദ്രരെക്കാൾ സമ്പന്നർ കൂടുതൽ കഴിവുള്ളവരാണ്

2. നിശ്ചയദാർഢ്യത്തിന്റെ വ്യവസ്ഥകൾ : ഓരോ നികുതിദായകനും ഒരു വർഷത്തിൽ ഒരാൾക്ക് എത്രനികുതി തുക സർക്കാരിന് നൽകേണ്ടിവരുമെന്ന് കണക്കാക്കാൻ സർക്കാർ മുൻകൂട്ടി നികുതി സമ്പ്രദായം പ്രഖ്യാപിക്കണം.

3. **സാമ്പത്തികത്തിന്റെയും സൗകര്യത്തിന്റെ വ്യവസ്ഥകൾ :** നികുതി ലളിതമാണെങ്കിൽ നികുതി പിരിക്കുന്നതിനുള്ള, ചെലവ് (Taxpayer cost tax collector cost) വളരെ കുറവായിരിക്കും കൂടാതെ, നികുതി അടയ്ക്കാൻ ആവശ്യമായ പണം ലഭിക്കുമ്പോൾ ആ വ്യക്തിയിൽ നിന്നും അതിന്റെതായ നികുതി പിരിക്കപ്പെടുന്ന വ്യവസ്ഥയെ സൗകര്യ വ്യവസ്ഥ എന്നു പറയുന്നു. സൗകര്യവ്യവസ്ഥ നികുതി പിരിക്കുന്നത് ലളിതമാക്കുന്നു

4. ഉൽപാദനക്ഷമതയുടേയും ഇലാസ്തികതയുടെയും വ്യവസ്ഥകൾ : മതിയായ നികുതി വരുമാനം ലഭിക്കുന്ന നികുതികൾ സർക്കാർ തിരഞ്ഞെടുക്കണം ധാരാളം നികുതികൾക്ക് പകരം ഓരോരുത്തർക്കും ചെറിയ നികുതി വരുമാനം ലഭിക്കുന്നു. ആളുകൾ അവരുടെ വരുമാനം അനുസരിച്ച് നികുതി അടയ്ക്കുന്നു. അതിനാൽ വരുമാനം വർദ്ധിക്കുകയാണെങ്കിൽ ജനങ്ങൾ സ്വപ്രേരിതമായി കൂടുതൽ നികുതി വരുമാനം നൽകുന്ന തരത്തിൽ നികുതി സമ്പ്രദായം രൂപകൽപ്പന ചെയ്യണം. ഇതിനെ ഇലാസ്തികതയുടെ വ്യവസ്ഥ എന്നു പറയുന്നു

ക്കുന്നു. ഈ സേവനങ്ങളിൽ വിദ്യാഭ്യാസ സമ്പ്രദായങ്ങൾ വയോജനങ്ങൾക്കുള്ള പെൻഷനുകൾ, തൊഴിലില്ലായ്മ ആനുകൂല്യങ്ങൾ, പൊതുഗതാഗതം എന്നിവ ഉൾപ്പെടുത്താം. ഊർജ്ജം, ജലം, മാലിന്യ നിർമാർജന സംവിധാനങ്ങൾ എന്നിവയും പൊതു ഉപയോഗമാകുന്നു.



1857-ലെ ലഹള കാരണം സർക്കാരിന് ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി 1860-ൽ സർ ജെയിംസ് വിൽസൺ ഇന്ത്യയിൽ ആദ്യമായി ആദായനികുതി അവതരിപ്പിച്ചു.

4.3 നികുതികളുടെ തരങ്ങൾ

പ്രത്യക്ഷ നികുതികൾ (Direct Tax)

ഒരു വ്യക്തിക്കോ, ഒരു സംഘടനയ്ക്കോ ചുമത്തുന്ന നികുതി നേരിട്ട് അടയ്ക്കുന്നു അതുകൊണ്ട് ഇത് പ്രത്യക്ഷ നികുതിയാകുന്നു. നേരിട്ടുള്ള നികുതിയുടെ ക്ലേശത്തെ മറ്റുള്ളവരിലേക്ക് ചെലുത്താൻ കഴിയില്ല. ജെ എസ് മിൽ - ന്റെ അഭിപ്രായപ്രകാരം നേരിട്ടുള്ള നികുതി എന്നത് "ഉദ്ദേശിച്ച അല്ലെങ്കിൽ ആഗ്രഹിക്കുന്ന വ്യക്തികളിൽ നിന്ന് ആവശ്യപ്പെടുന്ന ഒരാൾ അത് നൽകണം'.' ആദായ നികുതി, സമ്പാദ്യനികുതി, സ്ഥാപനനികുതി മുതലായവ ചില നേരിട്ടുള്ള നികുതികൾ ആകുന്നു.

ആദായ നികുതി (Income Tax): ഇന്ത്യയിൽ ഒരു വ്യക്തിക്ക് ഈടാക്കുന്ന ഏറ്റവും സാധാരണവും പ്രധാനപ്പെട്ടതുമായ നികുതിയാണ് ആദായ നികുതി. ഒരു വ്യക്തിയുടെ വരുമാനത്തെ അടിസ്ഥാനമാക്കിയാണ് ഇത് നേരിട്ട് ഈടാക്കുന്നത്. വരുമാനത്തിന്റെ തോത് അനുസരിച്ച് നികുതിയുടെ നിരക്ക് വ്യത്യാസപ്പെടുന്നു.

പ്രവർത്തനം

ഒരു ആദായ നികുതി വെബ്സൈറ്റിൽ തിരഞ്ഞ് നടപ്പു വർഷത്തെ ആദായ നികുതി സ്ലബ് അറിയാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടുക.

സ്ഥാപന നികുതി (Corporate Tax)

തങ്ങളുടെ ഓഹരി ഉടമകളിൽ നിന്ന് പ്രത്യേക സ്ഥാപനങ്ങളായി നിലനിൽക്കുന്ന കമ്പനികൾക്ക് ഈ നികുതി ചുമത്തുന്നു. ആദായ അവകാശി (Royalties) ഇന്ത്യയിൽ സ്ഥിതിചെയ്യുന്ന മൂലധന ആസ്തികൾ വിൽക്കുന്നതിലൂടെ ലഭിക്കുന്ന പലിശയും സാങ്കേതിക സേവനങ്ങൾക്കും, ലാഭവിഹിതത്തിനുള്ള ഫീസും ഈടാക്കുന്നു.

വിദേശ കമ്പനികൾ ഇന്ത്യയിൽ ഉണ്ടാകുന്നതോ കണക്കാക്കപ്പെടുന്നതോ ആയ വരുമാനത്തിനായി വിദേശകമ്പനികൾക്കും നികുതി ചുമത്തുന്നു

ആദായം	ഇന്ത്യ കമ്പനികൾക്ക്	വിദേശ കമ്പനികൾക്ക്
50 കോടി രൂപയിൽ കുറവ്	25%	40%
50 കോടിക്ക് രൂപയ്ക്ക് മുകളിൽ	30%	40%

X Std - Economics Malayalam Unit-4.indd 326 1/27/2023 10:14:12 AM

സമ്പാദ്യ നികുതി (Wealth Tax)

സ്വത്ത് ഉടമസ്ഥാവകാശത്തിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് സമ്പാദ്യ നികുതി ഈടാക്കുന്നു. ഒരേ സ്വത്തിന് നിലവിലെ വിപണി മൂല്യത്തിന് അനുസരിച്ച് എല്ലാവർഷവും നികുതി ചുമത്തും വ്യക്തികൾക്കും കമ്പനികൾക്കും ഒരു പോലെ നികുതി ചുമത്തുന്നു.

ഇന്ത്യയിൽ നികുതി പിരിക്കുന്നത് സർക്കാരിന്റെ മൂന്ന് നിരകളും ചേർന്നാണ്. കേന്ദ്രസർക്കരിന്എളുപ്പത്തിൽപിരിച്ചെടുക്കാവുന്ന നികുതികളുണ്ട്. ഇന്ത്യയിൽ മിക്കവാറും എല്ലാ നേരിട്ടുള്ള നികുതികളും കേന്ദ്ര സർക്കാർ പിരിച്ചെടുക്കുന്നു. ചരക്കുകളുടെയും സേവനങ്ങളുടെയും നികുതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പിരിച്ചെടുക്കുന്നു. സ്വത്തുക്കളുടെ നികുതി പ്രാദേശിക സർക്കാരുകൾ പിരിച്ചെടുക്കുന്നു

പ്രത്യക്ഷ നികുതികളേക്കാൾ കൂടുതൽ നികുതി വരുമാനം പരോക്ഷനികുതിയിലൂടെ ഇന്ത്യയിൽ നമ്മൾ ശേഖരിക്കുന്നു. കസ്റ്റംസ് തീരുവ, ചരക്കുസേവന നികുതി (GST) എന്നിവയാണ്.

പരോക്ഷ നികുതി (Indirect Tax)

നികുതിയുടെ ക്ലേശം മറ്റുള്ളവരിലേക്ക് മാറ്റാൻ കഴിയുമെങ്കിൽ അതിനെ പരോക്ഷ നികുതി എന്നുപറയാം. ആഘാതം ഒരു വ്യക്തിയിലും സംഭവം മറ്റൊരാളിലുമാണ്. അതിനാൽ പരോക്ഷനികുതിയുടെ കാര്യത്തിൽ നികുതി ദായകൻ നികുതിദായകനല്ല.

സ്റ്റാമ്പ് ഡ്യൂട്ടി, വിനോദ നികുതി, എക്സൈസ് തീരുവ, ചരക്കു സേവന നികുതി (GST) എന്നിവ ചില പരോക്ഷ നികുതികളാകുന്നു.

സ്റ്റാമ്പ് ഡ്യൂട്ടി

വിവാഹ പതിവ് അല്ലെങ്കിൽ ഒരു സ്വത്തുമായി ബന്ധപ്പെട്ട രേഖകൾ മറ്റും ചില കരാർ ഉടമ്പടികൾ പോലുള്ള പതിവുകൾ ഔദ്യോഗികമായി ചെയ്തെടുക്കുവാൻ അടയ്ക്കുന്ന നികുതിയെ സ്റ്റാമ്പ് ഡ്യൂട്ടി എന്നുപറയുന്നു.

വിനോദ നികുതി

ഏതൊരു വിനോദ സ്രോതസ്സിലും സർക്കാർ ഈടാക്കാവുന്ന ഒരു നികുതിയെ വിനോദ നികുതി എന്നു പറയുന്നു. ചലച്ചിത്ര ടിക്കറ്റുകൾ, വിനോദ ഉദ്യാന ടിക്കറ്റുകൾ, പ്രദർശനങ്ങൾ മറ്റും കായിക മത്സരങ്ങൾ തുടങ്ങിയവയിൽ നിന്നും ഈ നികുതികൾ ഈടാക്കുന്നു.

ചുങ്കനികുതി

ഉൽപ്പാദന സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്ന ഉൽപ്പാദന വസ്തുക്കളുടെ ഏതെങ്കിലും തീരുവയെ ചുങ്ക നികുതി എന്നു പറയുന്നു. വിൽപ്പന നികുതി പോലുള്ള പരോക്ഷ നികുതിക്ക് പുറമേ ചുങ്ക നികുതിയും സാധരണയായി ചുമത്തപ്പെടുന്നു.

ചരക്കു സേവന നികുതി (GST)

പരോക്ഷ സേവന നികുതികളിലൊന്നാണ് ചരക്കു സേവന നികുതി (GST). ഇന്ത്യൻ പാർലമെന്റിൽ (GST). 2017 മാർച്ച് 29-ന് പ്രഖ്യാപ്പിച്ചു. ഈ നിയമം 2017 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ കൊണ്ടു വന്നു. ഒരു രാഷ്ട്രം, ഒരു വിപണി, ഒരു നികുതി എന്നതാണ് ഇതിന്റെ മുദ്രാവാക്യം.



1954-ൽ GST നടപ്പിലാക്കിയ ആദ്യത്തെ രാജ്യമാണ് ഫ്രാൻസ്.

4.4 എങ്ങനെയാണ് നികുതി ചുമത്തുന്നത്?

ക്രമാനുഗതമായും, ആനുപാതികമായും അതുപോലെ പിന്തിരിപ്പാനും സർക്കാർ നികുതി ചുമത്തുന്നു.

പുരോഗമന നികുതി

നികുതി അടിസ്ഥാനം കൂടുന്നതിനനുസരിച്ച് (ഗുണതാങ്കകൻ) നികുതി നിരക്ക് വർദ്ധിക്കുന്ന

ചരക്കു മറ്റു സേവനനികുതികളുടെ (GST) ഘടന

സംസ്ഥാന ചരക്കുകൾ മറ്റും സേവന നികുതി (SGST): സംസ്ഥാനത്തിനുള്ളിൽ **(Intra State)** VAT/വില്പന നികുതി, വാങ്ങൽ നികുതി, വിനോദ നികുതി, ആഡംബര നികുതി, ലോട്ടറി നികുതി, സംസ്ഥാന സർചാർജ്ജ് മറ്റും സെസ്സുകൾ (Cesses).

കേന്ദ്ര ചരക്ക് സേവന നികുതി (GST): സംസ്ഥാനത്തിനുള്ളിൽ കിഴ്മേ മെലേ കേന്ദ്ര എക്സൈസ് തീരുവ സേവന നികുതി, പ്രതിവിധി നികുതി, കസ്റ്റംസിന്റെ അധികതീരുവ സർചാർജ്ജ്, വിദ്യാഭ്യാസവും ദ്വീതിയവും (Secondary) ഉയർന്ന ദ്വീതിയ സെസ്സുകൾ (Higher Secondary Cesses).

സംയോജിത ചരക്ക് സേവന നികുതി: അന്തർസംസ്ഥാനം 18%, 28% എന്നിവ മിക്കവറും ജീവിതത്തിന്റെ എല്ലാ ആവശ്യവസ്തുക്കാളായ പച്ചക്കറികൾ, ഭക്ഷ്യധാന്യങ്ങൾ എന്നിവ ഈ നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

X Std - Economics Malayalam Unit-4.indd 327 1/27/2023 10:14:12 AM

(ഗുണനാങ്കം) ഒന്നാണ് പുരോഗമന നികുതി നിരക്ക്. വരുമാനം വർദ്ധിക്കുന്നതിനനുസരിച്ച് നികുതി നിരക്കും വർദ്ധിക്കുന്നു.

ഉദാഹരണം

നികുതി അടിസ്ഥാനം	നികുതി നിരക്ക്	നികുതി തുക
10,000	10%	1000
20,000	15%	3000
30,000	25%	7500

ആനുപാതിക നികുതികൾ

ഒരു നിശ്ചിത ഭാഗത്ത് ചരക്കുകൾക്കും സേവനത്തിനും ഈടാക്കുന്ന നികുതിയെ ആനുപാതിക നികുതി എന്നുപറയുന്നു. എല്ലാ നികുതിദായകരും അവരുടെ വരുമാനത്തിന്റെ അതേ അനുപാതമാണ് വിഹിതമായി നൽകുന്നത്.

ഉദാഹരണം

നികുതിഅടിസ്ഥാനം	നികുതി നിരക്ക്	നികുതി തുക
10,000	10%	1000
20,000	10%	2000
30,000	10%	3000

അധോഗമന നികുതി

നികുതി നിരക്ക് ഉയർന്ന വരുമാന ഗ്രൂപ്പുകളെ അപേക്ഷിച്ച് ഇത് വരുമാന ഗ്രൂപ്പുകളെ കുറയ്ക്കുമെന്ന് സൂചിപ്പിക്കുന്നു. ഇത് പുരോഗമന നികുതിയുടെ തികച്ചും വിപരീതമായ രീതിയാണ്.

പുരോഗമന നികുതി	ആദായം ഉയർവ്	നികുതിയും ഉയരുന്നു	ഉ.ദ. ആദായ നികുതി
അനുപാതിക നികുതി	ആദായം ഉയർവ്	നികുതി കുറയുന്നു	ഉ.ദ. സ്ഥാപന നികുതി
അധോഗമന നികുതി	ആദായം മാറുന്നു	എപ്പോഴും ഒരേ നികുതി	ഉ.ദ. വിൽപന നികുതി

4.5 കള്ളപ്പണം

കള്ളപ്പണം

വരുമാനവും മറ്റു നികുതികളും അടയ്ക്കാത്ത കരിഞ്ചന്തയിൽ സമ്പാദിച്ച ധനമാണ് കള്ളപ്പണം. നികുതി നിർവ്വാഹികളിൽ നിന്നും മറച്ചുവച്ച് കണക്കിൽപെടുത്താത്ത പണത്തെ കള്ളപ്പണം എന്നു വിളിക്കുന്നു.

കള്ളപ്പണത്തിന്റെ കാരണങ്ങൾ

കള്ളപ്പണത്തിന്റെ ഉറവിടങ്ങളായി നിരവധി കാരണങ്ങളെ തിരിച്ചറിഞ്ഞിട്ടുണ്ട്.

1. **സാധനങ്ങളുടെ കുറവ്**
2. **അനുമതി നടപടി ക്രമം**
3. **വ്യവസായ മേഖലയുടെ സംഭാവന**
4. **കള്ളക്കടത്ത്**
5. **നികുതി ഘടന**

4.6 നികുതി വെട്ടിപ്പ്

വ്യക്തികളും കോർപ്പറേറ്റുകളും, ട്രസ്റ്റുകളും നിയമ വിരുദ്ധമായി നികുതി വെട്ടിപ്പു നടത്തുന്നതിനെയാണ് നികുതി വെട്ടിപ്പു എന്നു പറയുന്നത്.

നികുതി വെട്ടിപ്പ് പ്രവർത്തനങ്ങൾ

- വരുമാനം കുറയ്ക്കൽ
- പണനീക്കമൊ, ചെലവുകളൊ, വർദ്ധിപ്പിക്കൽ
- പണം പതുക്കൽ
- ഓഫ്ഷോർ അകൗണ്ടുകളിൽ താല്പര്യങ്ങൾ മറയ്ക്കപ്പെടുന്നു.

നികുതി വെട്ടിപ്പ് പിഴ

1. നികുതി വെട്ടിപ്പ് ഒരു വ്യക്തി മനഃപൂർവ്വം ചെയ്താൽഅയാൾക്കെതിരെകുറ്റംചുമത്തപ്പെടും നികുതി വെട്ടിപ്പിൽ ശിക്ഷ 5 വർഷം വരെ തടവും ഉയർന്ന തുക പിഴയും അടയ്ക്കേണ്ടതുണ്ട്.
2. പ്രോസിക്യൂഷന്റെ ചെലവുകൾ വഹിക്കാൻ പ്രതിയുടെ പേരിൽ ഉത്തരവു പുറപ്പെടുവിപ്പിക്കാം.
3. കുറ്റകൃത്യത്തിന്റെ തോത് അനുസരിച്ച് നികുതി വെട്ടിപ്പ് പിഴകൾ കഠിനമായിരിക്കും.

4.7 നികുതികളും വികസനവും

സാമ്പത്തികത്തെ വികസിപ്പിക്കുന്നതിൽ നികുതിയുടെ പങ്കിനെ താഴെ പറയുന്നു.

1. **വിഭവ സമാഹരണം:** സർക്കാരിന് ഗണ്യമായ വരുമാനം സമാഹരിക്കൽ നികുതി വരുമാനം സർക്കാരിനെ പ്രാപ്തരാക്കുന്നു. വ്യക്തിഗത ആദായ നികുതി, കോർപ്പറേറ്റ് നികുതി മുതലായവ നേരിട്ടുള്ള നികുതികളും കസ്റ്റംസ് തീരുവ, എക്സൈസ് തീരുവ തുടങ്ങിയ പരോക്ഷ നികുതികളും ചുമത്തി നികുതി വരുമാനം ശേഖരിക്കുന്നു.
2. **വരുമാനത്തിന്റെ തുല്യത കുറയ്ക്കൽ:** ഇക്വിറ്റി നികുതി തത്വം പിന്തുടരുന്നു. നേരിട്ടുള്ള നികുതികൾ പുരോഗമനപരമാണ്. ആഡംബര വസ്തുക്കളുടെ നികുതി പോലുള്ള ചില പരോക്ഷ നികുതികളും പുരോഗമിച്ചിട്ടുണ്ട്

X Std - Economics Malayalam Unit-4.indd 328 1/27/2023 10:14:12 AM

3. **സാമൂഹ്യക്ഷേമം:** നികുതി ഏർപ്പെടുത്തുന്നത് സാമൂഹ്യക്ഷേമത്തെ സൃഷ്ടിക്കുന്നു. മദ്യം പോലുള്ള ചില അഭികാമ്യമല്ലാത്ത ഉൽപ്പന്നങ്ങൾക്ക് ഉയർന്ന നികുതി നൽകുന്നതിലാണ് സാമൂഹ്യക്ഷേമം സൃഷ്ടിക്കാൻ കഴിയുന്നത്.

4. **വിദേശ നാണ്യം:** നികുതി കയറ്റുമതിയെ പ്രോത്സാഹിപ്പിക്കുകയും ഇറക്കുമതിയെ നിയന്ത്രിക്കുകയും ചെയ്യുന്നു. സാധരണയായി വികസ്വര രാജ്യങ്ങൾ മറ്റും വികസിതരാജ്യങ്ങൽ പോലും കയറ്റുമതി വസ്തുക്കൾക്ക് നികുതി ചുമത്തുന്നില്ല.

5. **പ്രദേശിക വികസനം:** പ്രദേശിക വികസനത്തിൽ നികുതി ഏർപ്പെടുത്താൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. പിന്നോക്ക പ്രദേശങ്ങളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി അവധി ദിനങ്ങളിൽ നികുതി ആനുകൂല്യങ്ങൾ നൽകി അത്തരം പ്രദേശങ്ങളിലെ വ്യവസായ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

6. **പണപ്പെരുപ്പം നിയന്ത്രിക്കൽ:** പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനുള്ള ഒരു ഉപാധിയായി നികുതി ഏർപ്പെടുത്താം. നികുതി ഇളവിലൂടെ ചരക്കുകളുടെ നികുതി കുറച്ചു കൊണ്ട് സർക്കാരിന് പണപ്പെരുപ്പം നിയന്ത്രിക്കാൻ സാധിക്കും

സംഗ്രഹം

- പ്രത്യക്ഷ നികുതി എന്നത് ആദായ നികുതി മറ്റും സ്വത്ത് നികുതി പോലുള്ള നികുതികളെ കേന്ദ്ര, സംസ്ഥാന, പ്രദേശിക സർക്കാരുകൾക്ക് നേരിട്ട് അടയ്ക്കുന്ന നികുതിയാണ്.
- വരുമാന നികുതി എന്നത് വ്യക്തികളുടെയും വ്യാപരത്തിന്റെയും അടിസ്ഥാനത്തിൽ സാമ്പാദിച്ചതും സാമ്പാദിക്കാത്തതുമായ വരുമാനത്തെ അടിസ്ഥാനമാക്കി അടയ്ക്കുന്ന നികുതിയാണ്.
- നികുതിയായി കണക്കാക്കുന്ന വരുമാനത്തിന്റെ ശതമാനമാണ് നികുതി നിരക്ക്.

A-Z പദപരിചയം

നികുതി ചുമത്തുക	**Levied**	**To impose taxes**
ഏറ്റകുറച്ചിലുകൾ	**Fluctuation**	**To change**
താങ്ങാനാവുന്ന	**Affordable**	**Inexpensive, reasonably priced**
പകരം കൊടുക്കൽ	**Defray**	**Meet the expenses**
വക്താക്കൾ	**Proponents**	**Person who advocates theory**
പുരോഗമന നികുതി	**Progressive Tax**	**Happening or developing gradually or in stages**
പിന്തിരിപ്പൻ നികുതി	**Regressive Tax**	**Taking a proportionally greater amount from those on lower incomes.**
ആനുപാതിക നികുതി	**Proportionate Tax**	**(of a variable quantity) having a constant ratio to another quantity.**
വെട്ടിപ്പ് (തട്ടിപ്പ്)	**Evasion**	**The action of evading something**

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. ഇന്ത്യൻ സർക്കാരിന്റെ മൂന്നു നിലകൾ
   a) കേന്ദ്രം
   b) സംസ്ഥാനം
   c) പ്രാദേശികം
   d) ഇവയൊന്നുമല്ല

2. ഇന്ത്യയിൽ ഉൾപ്പെടുന്ന നികുതികൾ
   a) പ്രത്യക്ഷ നികുതി
   b) പരോക്ഷ നികുതി
   c) പ്രത്യക്ഷ നികുതിയും പരോക്ഷ നികുതിയും
   d) ഇവയൊന്നുമല്ല

3. എന്താണ് സർക്കാരിന്റെ പങ്കും വികസനനയങ്ങളും?
   a) പ്രതിരോധം
   b) വിദേശനയം
   c) സാമ്പത്തിക നിയന്ത്രണം
   d) മുകളിൽ പറഞ്ഞവയെല്ലാം

4. ഇന്ത്യയിൽ ഒരു വ്യക്തിയിൽ നിന്നും ഈടാക്കുന്ന ഏറ്റവും പ്രധാനപ്പെട്ടതും സാധാരണവുമായ നികുതി
   a) സേവന നികുതി
   b) ചുങ്കം നികുതി
   c) കേന്ദ്ര വിൽപന നികുതി
   d) ആദായ നികുതി

X Std - Economics Malayalam Unit-4.indd 329 1/27/2023 10:14:12 AM

5. ഏത് നികുതിയുടെ കീഴിൽ ഒരു ദേശം, ഒരു ഏകീകൃത നികുതി ഉറപ്പാക്കിയിരിക്കുന്നത്
   a) VAT
   b) ആദായ നികുതി
   c) ചരക്കു മറ്റും സേവന നികുതി
   d) വില്പന നികുതി

6. ആദ്യമായി ഇന്ത്യയിൽ ആദായ നികുതി നിലവിൽ വന്നത്_____ വർഷത്തിലാണ്.
   a) 1860 b) 1870 c) 1880 d) 1850

7. സ്വത്ത് ഉടമസ്ഥാവകാശത്തിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക്_____നികുതി ഈടാക്കുന്നു.
   a) ആദായ നികുതി b) സ്വത്ത് നികുതി
   c) സ്ഥാപന നികുതി d) ചുങ്ക നികുതി

8. എന്തൊക്കെയാണ് കള്ളപ്പണത്തിന്റെ കാരണങ്ങളായി മനസ്സിലാക്കിയിട്ടുള്ളത്?
   a) ചരക്കുകളുടെയും കുറവ്
   b) ഉയർന്ന നികുതി
   c) കള്ളക്കടത്ത്
   d) മുകളിൽ പറഞ്ഞവയെല്ലാം

II. പൂരിപ്പിക്കുക:

1. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വികസനത്തിനായി സർക്കാർ _____ ചുമത്തുന്നു.
2. നികുതി എന്ന വാക്കിന്റെ ഉത്ഭവം _____ എന്ന വാക്കിൽ നിന്നാണ്.
3. _____നികുതിയുടെ ക്ലേശത്തെ മറ്റുള്ള വരിലേക്ക് ചെലുത്താൻ കഴിയില്ല.
4. ചരക്കു മറ്റു സേവന നികുതി നിയമം (GST) _____ൽ പ്രാബല്യത്തിൽ കൊണ്ടു വന്നു.
5. നികുതി നിർവ്വാഹികളിൽ നിന്നും മറച്ചു വച്ച് കണക്കിൽപെടുത്താത്ത പണത്തെ _____ എന്നു വിളിക്കുന്നു.

III. ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക:

1. GST യെ കുറിച്ച് താഴെ പറയുന്നവയിൽ ഏതാണ് ശരി?
   (i) GST എന്നത് 'ഏക സൂചിക നികുതി'
   (ii) ചരക്കുകൾക്കും സേവനങ്ങൾക്കുമായി ഈടാക്കുന്ന എല്ലാ പരോക്ഷ നികുതികളും മാറ്റി സ്ഥാപിക്കാനാണ് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഇതു കൊണ്ട് ലക്ഷ്യമിടുന്നത്.
   (iii 2017 ജൂലൈ 1 മുതൽ പ്രബല്യത്തിൽ ഇന്ത്യ മുഴുവനും കൊണ്ടു വന്നു.
   (iv) ഇത് ഇന്ത്യയിലെ നികുതി ഘടനയെ ഏകീകരിക്കും
   a) (i) ഉം (ii) ഉം ശരി
   b) (ii) ഉം (iii) ഉം ശരി (iv) ഉം ശരി
   c) (i) ഉം (iii) ഉം ശരി (iv) ഉം ശരി
   d) എല്ലാം ശരി

IV. യോജിപ്പിക്കുക:

1. ആദായ നികുതി	–	മൂല്യവർധി നികുതി
2. ചുങ്ക നികുതി	–	1 ജൂലൈ 2017
3. VAT	–	കള്ളക്കടത്ത്
4. GST	–	നേരിട്ടുള്ള നികുതി
5. കള്ളപ്പണം	–	പരോക്ഷ നികുതി

V. ചുരുക്കത്തിൽ ഉത്തരം എഴുതുക:

1. നികുതി നിർവചിക്കുക.
2. എന്തുകൊണ്ടാണ് നമ്മൾ സർക്കാരിന് നികുതി നൽക്കുന്നത്?
3നികുതി തരങ്ങൾ എന്തല്ലാം?
4. ചരക്കു സേവന നികുതിയെക്കുറിച്ച് ചെറു കുറിപ്പെഴുതുക?
5. എന്താണ് പുരോഗമന നികുതി?
6. കള്ളപ്പണം എന്നാൽ എന്ത്?
7. നികുതി വെട്ടിപ്പ് എന്നാൽ എന്ത്?
8. പണം നൽകലും നികുതിയും തമ്മിലുള്ള വ്യത്യാസങ്ങൾ?

VI. വിശദമായി ഉത്തരം എഴുതുക:

1. പ്രത്യക്ഷവും പരോക്ഷവുമായ ചില നികുതികൾ വിശദീകരിക്കുക.
2. GST യുടെ ഘടന എഴുതുക.
3. കള്ളപ്പണം എന്താണ്? കള്ളപ്പണത്തിന്റെ കാരണങ്ങൾ എഴുതുക?

VII. പ്രവർത്തനവും പദ്ധതികളും:

1. പ്രദേശിക നികുതികളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക (വെള്ളം, വൈദ്യുതി, ഭവന നികുതി തുടങ്ങിയവ).
2. വിദ്യാർത്ഥികൾ കടയിൽ നിന്നും ചില സാധനങ്ങൾ വാങ്ങുമ്പോൾ, അദ്ധ്യപകരും വിദ്യാർത്ഥികളും ആ സാധനങ്ങളെ കഴിയുന്നതും GST എന്നിവയിൽ ഉൾപ്പെടുന്നവയെകുറിച്ച് ചർച്ച ചെയ്യുക.

REFERENCE BOOKS

1. Gaurav Aklani, *Role of Taxation in Developing Country in India.*
2. Sankaran, *Fiscal Economics.*
3. Dr. U.K. Sudha Nayak, B.P. Tygai, and Dr.H. Girija, *Public Finance.*

INTERNET RESOURCES

1. World Bank Report in 2018
2. www.GST.in

X Std - Economics Malayalam Unit-4.indd 330 1/27/2023 10:14:13 AM

യൂണിറ്റ് - 5

തമിഴ്നാട്ടിലെ വ്യവസായശാലാ ശേഖരം



പഠനലക്ഷ്യങ്ങൾ

- തമിഴ്നാട്ടിലെ വ്യവസായ ശേഖരങ്ങളുടെ ചരിത്രപരമായ വികസനം അറിയുക.
- തമിഴ്നാട് സർക്കാർ നയങ്ങളും, വ്യാവസായിക വികസന പ്രവർത്തനങ്ങളും അറിയുക.
- സർക്കാർ നയങ്ങളുടെ സ്വാധീനം മനസ്സിലാക്കുക.
- സംരംഭകന്റെ പങ്ക് അറിയുക.

FUP8M

ആമുഖം - വ്യവസായ വൽക്കരണം

സാധരണയായി, മനുഷ്യപ്രവർത്തനം മൂലം "അസംസ്കൃത വസ്തുക്കൾ എളുപ്പത്തിൽ ഉപയോഗ്യമായ വസ്തുക്കളാക്കി മാറ്റുന്നതിനെ വ്യവസായം" എന്നുപറയുന്നു. വ്യവസായ വൽക്കരണം എന്നത് ഉപഭോക്താക്കൾക്കും ഉൽപാദകർക്കും ആവശ്യമുള്ള സാധനങ്ങൾ ആധുനിക ഉൽപാദന സങ്കേതികവിദ്യകൾ ഉപയോഗിച്ച് വലിയ തോതിൽ ഉൽപാദിപ്പിക്കുന്ന പ്രക്രിയയെ സൂചിപ്പിക്കുന്നു. ഈ അധ്യായത്തിൽ തമിഴ്നാടിന്റെ വ്യവസായവൽക്കരണം, വ്യാവസായിക ശേഖരങ്ങളുടെ പ്രാധാന്യം, തമിഴ്നാട്ടിൽ വ്യാവസായിക സംഘങ്ങൾ എങ്ങനെ വികസിച്ചു, സർക്കാർ സംരംഭങ്ങളുടെ പങ്ക്, വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ആവശ്യം എന്നിവയെക്കുറിച്ച് പഠിക്കാം.

5.1 വ്യവസായവൽക്കരണത്തിന്റെ പ്രാധാന്യം

വ്യവസായങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാൻ, ഒരു സമ്പദ്വ്യവസ്ഥയുടെ വരുമാനത്തിലും തൊഴിലിലും കാർഷിക വിഹിതം വികസനത്തിനൊപ്പം കുറയുന്നത് എന്തു കൊണ്ടാണെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ഒന്നാമതായി, വരുമാനവുമായി ബന്ധപ്പെട്ട് ഭക്ഷണത്തിന്റെ ആവശ്യം സ്ഥിരമായി തുടരുകയും സമ്പദ് വ്യവസ്ഥ വളരുകയും വരുമാനം വർദ്ധിക്കുകയും ചെയ്യുമ്പോൾ ഉപഭോക്താക്കൾ, തങ്ങളുടെ വരുമാനത്തിന്റെ കുറഞ്ഞ പങ്ക് കാർഷിക മേഖലയിൽ നിന്നുള്ള ഉൽപന്നങ്ങൾക്കായി ചെലവഴിക്കുന്നു.

രണ്ടാമതായി, ഒരു സമ്പദ്വ്യവസ്ഥവികസിക്കുന്നതിനനുസരിച്ച് ആളുകൾക്കും പ്രദേശങ്ങൾക്കുമിടയിൽ കൂടുതൽ തൊഴിൽ വിഭജനം നടക്കുമ്പോൾ ഉപഭോഗം ചെയ്യുന്ന ഭക്ഷണം പോലും കൂടുതൽ പരിവർത്തനത്തിന് വിധേയമാക്കുന്നു. ഭക്ഷ്യഉൽപ്പന്നങ്ങൾ സംസ്ക്കരിച്ച്, വാണിജ്യമുദ്ര പതിപ്പിച്ച് വിദൂരങ്ങളിലേക്ക് കൊണ്ടുപോകേണ്ടി വരുന്നു. ഭക്ഷ്യഉൽപ്പന്നങ്ങൾ സംസ്കരിക്കേണ്ടത് അത്യാവശ്യമാണ്. തൽഫലമായി ഉപഭോക്താക്കൾ വാങ്ങുന്ന വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ കർഷകർക്ക് ലഭിക്കുന്ന വിലകൾ വളരെ കുറവാണ്.

മൂന്നാമതായി, ഭൂമിയുടെ ഉൽപാദനക്ഷമത കുറയുന്നതുമൂലം അധ്വാനത്തെ ആഗിരണം ചെയ്യാനുള്ള കാർഷികശേഷിക്ക് പരിമിതികളുണ്ട്. തൽഫലമായി, കാർഷിക മേഖലയിലെ തൊഴിൽ ഉൽപ്പാദനക്ഷമത വളരെയധികം വർദ്ധിപ്പിക്കാൻ കഴിയില്ല. അതിനാൽ വേതനവും വർദ്ധിപ്പിക്കാൻ കഴിയില്ല.

അതിന്റെ ഫലമായി ദാരിദ്ര്യത്തിന്റെ തോത് ഉയർന്ന തോതിൽ തുടരാം പ്രത്യേകിച്ചും കൂടുതൽ ആളുകൾ അവരുടെ ഉപജീവനത്തിനായി കാർഷിക മേഖലയെ ആണ് ആശ്രയിക്കുന്നത്.

X Std - Economics Malayalam Unit-5.indd 331 1/27/2023 10:14:32 AM

വ്യവസായ വൽക്കരണം സമ്പദ്‌വ്യവസ്ഥയ്ക്ക് എന്ത് നേട്ടമാണ് നൽകുന്നത്

നേരത്തെ പറഞ്ഞതുപോലെ ഒരു സമ്പദ്‌വ്യവസ്ഥയിൽ നിർമ്മാതക്കൾ സാധനങ്ങൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. വ്യവസായങ്ങളിൽ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കാർഷിക മേഖലയ്ക്ക് രാസവളങ്ങൾ, ട്രാക്റ്ററുകൾ തുടങ്ങിയ സാധനങ്ങൾ ആവശ്യമാണ്.

രണ്ടാമതായി നിർമ്മാതാക്കൾക്കും ഉപഭോക്ത്യ വസ്തുക്കൾമായി ഒരു വിപണി നിലനിൽക്കുന്നു. ബാങ്കിംഗ്, ഗതാഗതം വ്യാപാരം തുടങ്ങിയ സേവനങ്ങൾ പോലും വ്യാവസായിക വസ്തുക്കളുടെ ഉൽപാദനത്തെ ആശ്രയിച്ചിരിക്കുന്നു.

മൂന്നാമത് വ്യവസായങ്ങളിൽ ആധുനിക ഉല്പാദനരീതികൾ ഉപയോഗിക്കുന്നതിലൂടെ മികച്ച ഉൽപ്പാദനക്ഷമതയ്ക്ക് സഹായകമാകുന്നു. അതിനാൽ ഉല്പ്പാദിപ്പിക്കുന്ന എല്ലാ വസ്തുക്കളുടെയും ഉല്പാദനച്ചെലവ് കുറയുന്നു. അതിനാൽ കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വാങ്ങാനും കൂടുതൽ ഉൽപ്പന്നങ്ങൾക്ക് ആവശ്യകത സൃഷ്ടിക്കാനും ആളുകളെ സഹായിക്കുന്നു.

നാലാമത്, അത്തരം ഉൽപദാനവ്യാപനത്തിലൂടെ, കൃഷിയിൽ നിന്ന് പുറത്തുവരുന്ന തൊഴിൽ സ്വാധീനം ഉൾക്കൊള്ളാൻ വ്യവസായ വൽക്കരണം സഹായിക്കുന്നു. അതിനാൽ തൊഴിലവസരങ്ങൾ വ്യവസായവൽക്കരണത്തിന്റെ സുപ്രധാന ലക്ഷ്യമാണ്.

അഞ്ചാമത് അതിനാൽ വ്യവസായ വൽക്കരണത്തിന്റെ അനുബന്ധനേട്ടമെന്നത് സാങ്കേതിക മാറ്റങ്ങളാണ്. ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിലൂടെ, വ്യവസായവൽക്കരണം അത്തരം രീതികളെക്കുറിച്ച് മനസ്സിലാക്കുന്നതിനും അവയുടെ മെച്ചപ്പെടുത്തലിനും കാരണമാക്കുന്നു. തൽഫലമായി തൊഴിലാളികളുടെ ഉല്പാദനക്ഷമത വർദ്ധിക്കുമ്പോൾ ഉല്പാദനവും വർദ്ധിക്കുന്നു. ഇത് തൊഴിലാളികൾക്ക് ഉയർന്ന വേതനം നേടാൻ സഹായിക്കുന്നു.

ആറാമതായി, വരുമാന വർദ്ധനവ് ചരക്കുകളുടെയും സേവനങ്ങളുടെയും ആവശ്യകതയിലേക്ക് നയിക്കുന്നു.

5.2 വ്യവസായശാലകളുടെ തരങ്ങൾ

വ്യവസായശാലകളെ താഴെകാണുന്ന അടിസ്ഥാനത്തിൽ തരംതിരിക്കാം

(a) **ഉപഭോക്താക്കൾ:** ഉപഭോക്താവാണ് ഉൽപ്പന്നം ഉപയോഗിക്കുന്നതെങ്കിൽ അതിനെ ഉപഭോക്ത്യ ഉൽപ്പന്നമേഖല എന്ന് വിളിക്കുന്നു. ഉല്പന്നം മറ്റൊരു ഉല്പാദകൻ ഉപയോഗിക്കുന്നുവെങ്കിൽ അതിനെ മൂലധന ചരക്ക് മേഖല എന്നു വിളിക്കുന്നു. മറ്റ് വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന വ്യവസായങ്ങളാണ് സിമന്റ്, സ്റ്റീൽ തുടങ്ങിയവ. അത്തരം വ്യവസായങ്ങളെ അടിസ്ഥാന ചരക്ക് വ്യവസായങ്ങൾ എന്നു പറയുന്നു

(b) **അസംസ്കൃത വസ്തുക്കളുടെ ഉപയോഗത്തിനനുസരിച്ച് തരംതിരിക്കൽ:** കാർഷിക സംസ്കരണം, തുണിത്തരങ്ങൾ, റബ്ബർ ഉൽപന്നങ്ങൾ, തോൽ ഉൽപ്പന്നങ്ങൾമുതലായ അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ വ്യവസായങ്ങളെ തരംതിരിക്കുന്നു.

(c) **ഉടമസ്ഥാവകാശം:** സ്ഥാപനങ്ങൾ സ്വകാര്യ ഉടമസ്ഥയിലുള്ളതോ പൊതുഉടമസ്ഥയിലുള്ളതോ സർക്കാർകേന്ദ്ര അല്ലെങ്കിൽ സംസ്ഥാനത്തിന്റെ സ്വകര്യ, പൊതുമേഖലയുടെ സംയുക്ത ഉടമസ്ഥയിലുള്ളതോ അല്ലെങ്കിൽ സഹകരണ ഉടമസ്ഥതയിലുള്ളതോ (സഹകരണ സംഘങ്ങൾ) ആയിരിക്കാം.

(d) **വലുപ്പം:** ഉൽപ്പന്നം, വിൽപ്പന, തൊഴിൽ എന്നിവയുടെ അടിസ്ഥാനത്തിൽ അല്ലെങ്കിൽ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ വലുതോ, ചെറുതോ, ഇടത്തരമോ ആകാം സാധരണയായി ഒരു സ്ഥാപനം ചെറുതാണോ ഇടത്തരമാണോ വലുതാണോ എന്ന് തീരുമാനിക്കാൻ ഇന്ത്യൻ സർക്കാർ നിക്ഷേപമാനദണ്ഡം ഉപയോഗിക്കുന്നു. ചെറിയ സ്ഥാപനങ്ങളെക്കാൾ ചെറുതായ (മൈക്രോ) അല്ലെങ്കിൽചെറിയ സംരംഭങ്ങളും ഉണ്ട്.

പ്രധാനമായും ചെറുകിട മേഖലകളിൽ രണ്ടു കാരണങ്ങൾ കാണുന്നു. ഒന്ന് വൻകിട മേഖലയെക്കാൾ കൂടുതൽ തൊഴിലവസരങ്ങൾ ചെറുകിട മേഖലകളിൽ സൃഷ്ടിക്കപ്പെടുന്നുവെന്ന് വിശ്വസിക്കുന്നു. വൻകിടമേഖലകളിൽ കൂടുതൽ ന്യൂതന യന്ത്ര സാങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ സാധ്യതയുണ്ട്. അതിനാൽ വേണ്ടത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഇടയില്ല. രണ്ടാമതായി, കുറഞ്ഞ ആനുകൂല്യ പശ്ചാത്തലങ്ങളിൽ നിന്ന് ധാരളം സംരംഭകരെ ഉയർന്നു വരാൻ ചെറുകിട മേഖല അവസരം നൽക്കുന്നു.

നിലവിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള വ്യവസായവൽക്കരണത്തിന്റെ അനുഭവങ്ങളെ അടിസ്ഥാനമാക്കി, ഒരു മേഖലയിൽ ചെറുകിടസ്ഥാപനങ്ങൾ ഭൂമിശാസ്ത്രപരമായി നിർദ്ദിഷ്ടസ്ഥാലങ്ങളിൽ കേന്ദ്രീകകരിക്കുകയും ഉല്പാദനത്തിലൂടെയും പഠനത്തിലൂടെയും പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുമ്പോൾ അവ തുല്യമായിരിക്കുമെന്ന് വിശ്വസിക്കപ്പെടുന്നു. വലിയ തോതിലുള്ള സംരംഭങ്ങളേക്കാൾ കാര്യക്ഷമമാണ് ചെറുകിട സ്ഥാപനങ്ങൾ അത്തരം

X Std - Economics Malayalam Unit-5.indd 332 1/27/2023 10:14:32 AM

ചെറുകിട സ്ഥാപനങ്ങളുടെ സംയോജനങ്ങളെ വ്യാവസായിക സംഘങ്ങൾ എന്ന് വിളിക്കുന്നു.

5.3 വ്യാവസായിക സംഘങ്ങൾ

പൊതുവായി വിപണികളും സാങ്കേതിക വിദ്യകളും നൈപുണ്യ ആവശ്യങ്ങളും പങ്കിടുന്ന ഭൂമിശാസ്ത്രപരമായ മേഖലയിലെ സ്ഥാപനങ്ങളുടെ കൂട്ടാമാണ് 'വ്യാവസായിക സംഘങ്ങൾ' എന്ന് നിർവചിക്കാം. ഇന്റർഫേം (inter-firm) നെറ്റ് വർക്കുകളുടെയും ഇടപെടലുകളുടെയും സ്വാഭാവമാണ് കമ്പനികളെ കൂടുതൽ ആകർഷിക്കുന്നത്. ഉല്പാദന പ്രക്രിയയുടെ ഘട്ടത്തിൽ പ്രത്യേക തൊഴിൽ വൈദഗ്ദ്ധ്യത്തോടും കാര്യക്ഷമതയോടും മത്സരബുദ്ധിയോടും അസംസ്കൃത വസ്തുക്കളെ ഉല്പന്നങ്ങളാക്കി മാറ്റുകയും ചെയ്യുന്നു. 1920 - കളിൽ പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനായ ആൽഫ്രഡ് മാർഷലാണ് ലോഹപ്രവർത്തനങ്ങൾ (മെറ്റൽ വർക്കിംഗ്), വസ്ത്ര വ്യവസായ മേഖലകളിലെ ചെറുകിടസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും, വ്യവസായിക സംഘങ്ങളുടെയോ ജില്ലകളുടേയോ ഗുണങ്ങൾ ആദ്യമായി നിരീക്ഷിച്ചത്. ഒരു വ്യാവസായിക ജില്ല എന്ന ആശയം വികസിപ്പിച്ചെടുത്തത് മാർഷലിന്റെ വിജയത്തിനുശേഷമാണ്, 1980 - കളിൽ ഇറ്റലിയിൽ ചെറുകിട സ്ഥാപനങ്ങളുടെ വിജയത്തിന് ശേഷമാണ് ഇത് ജനപ്രിയമായത്. ഇന്ത്യപോലുള്ള വികസ്വര രാജ്യങ്ങളിലെ നയരൂപകർത്താക്കൾ അവരെ സജീവമായി പ്രോത്സാഹിപ്പിക്കുകയും അത്തരം നിരവധി സംഘങ്ങൾ ഉണ്ടെന്ന് മനസ്സിലാക്കുകയും ചെയ്തു.

വിജയകരമായി പ്രവർത്തിക്കുന്ന സംഘങ്ങളുടെ പ്രധാന സവിശേഷതകൾ താഴെപ്പറയുന്നു.

- ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഭൂമിശാസ്ത്രപരമായ സാമീപ്യം.
- മേഖലയുടെ പ്രത്യേകത.
- വ്യാപരസ്ഥാപനങ്ങളുടെ പരസ്പരസഹകരണം.
- നവീകരണാടിസ്ഥാനത്തിൽ വ്യാപാരശാലകൾ തമ്മിലുള്ള ഉറച്ച മത്സരം.
- വ്യാപാരകൂട്ടുകെട്ട്.
- സുഗമമാക്കുന്ന സാമൂഹ്യ സാംസകാരിക തിരിച്ചറിവ്.
- വളരെയധികം പരിശീലനം സിദ്ധിച്ച തൊഴിൽ ശക്തി.
- സജീവ സ്വാശ്രയ സംഘടന പിൻതുണയ്കുന്ന പ്രാദേശിക, മുൻസിപ്പൽ സർക്കാരുകൾ.

അതിനാൽ സ്ഥാപനങ്ങൾ ഒരേ സമയം മത്സരിക്കുകയും പരസ്പരം സഹകരിക്കുകയും ചെയ്യുമെന്ന് കരുതുന്നു. ഇത്തരം സഹകരണത്തിലൂടെ, അവരുടെ കഴിവ് വികസിപ്പിക്കാനും പരസ്പരം പഠിക്കാനും കഴിയും. മത്സരങ്ങളിലൂടെ കൂടുതൽ കാര്യക്ഷമമായിത്തീരാൻ നിർബന്ധിതരാകുന്നു.

സംഘടനകൾ എങ്ങനെ ഉത്ഭവിക്കുന്നു

സംഘങ്ങൾ ഉത്ഭവിക്കുന്നതിന് പല ഘടകങ്ങളും ഉണ്ടാകാം. നൂറ്റാണ്ടുകളായി കരകൗശല തൊഴിലാളികൾ ഒരു പ്രദേശത്ത് സ്ഥിരതതാമസമാക്കുമ്പോൾ ചില സംഘങ്ങൾ രൂപപ്പെടുകയും ചരിത്രപരമായി വികസിക്കുകയും ചെയ്യുന്നു. ഇത്തരം വികാസങ്ങൾക്ക് ഉദാഹരണമാണ് കൈത്തറി നെയ്ത്ത് സംഘങ്ങൾ. ചില മേഖലകളിൽ, ഒരു വലിയ സ്ഥാപനം സ്ഥാപിക്കുമ്പോൾ സ്ഥാപനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളും സേവന ആവശ്യകതകളും പരിപാലിക്കുന്നതിനായി ഒരുകൂട്ടം കമ്പനികൾ ഉയർന്നു വന്നേക്കാം ചില സമയങ്ങളിൽ ഒരു പ്രദേശത്ത് നിന്നുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഉൽപാദനം പ്രോത്സാഹിപ്പിക്കാൻ സർക്കാരുകൾ തീരുമാനിച്ചേക്കാം. ഇത് സംഘങ്ങളുടെ ആവീർഭാവത്തിനു കാരണമായേക്കാം.

5.4 തമിഴ്നാട്ടിലെ വ്യവസായ വൽക്കരണത്തിന്റെ ചരിത്രപരമായ വികസനം

തമിഴ്നാട്ടിൽ ആദ്യകാലങ്ങളിൽ കുടിയേറിയപ്പാർത്തവർ തുണിത്തരങ്ങൾ, കപ്പൽ നിർമ്മാണം, ഇരുമ്പുരുക്ക് നിർമ്മാണം മൺപത്രനിർമ്മാണം എന്നീ വ്യവസായിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു എന്നതിനു ധാരാളം തെളിവുകൾ ഉണ്ട്. വിശാലമായ തീരപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രദേശം നിരവധി നൂറ്റാണ്ടുകളായി തെക്ക് - കിഴക്ക്, പശ്ചിമേഷ്യ എന്നിവയുമായി വ്യാപരത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇംഗ്ലണ്ടിൽ നിന്നുള്ള യന്ത്രനിർമ്മിത ഇറക്കുമതിയുടെ മത്സരം മൂലം കൈത്തറി നെയ്ത്ത് വ്യവസായത്തിന്റെ തകർച്ചയ്ക്കും കോളനി നയങ്ങൾക്കും കാരണമായി. എന്നാൽ ചില വ്യവസായങ്ങൾ കോളനി കാലഘട്ടത്തിൽ വികസിക്കുകയും ചെയ്തു.

കോളനി ആധിപത്യ കാലഘട്ടത്തിലെ വ്യവസായവൽക്കരണം

വ്യവസായ പ്രക്രിയയിൽ രണ്ടു തരം ഘടകങ്ങൾ കാണപ്പെടുന്നു. കോളനി ഭരണകൂടം തെക്കുപടിഞ്ഞാറൻ തമിഴ്നാട്ടിൽ പരുത്തി കൃഷി ആരംഭിച്ചു. ഈ പ്രദേശങ്ങളിൽ വലിയ തോതിലുള്ള തുണിമേഖലയുടെ ആവീർഭാവത്തിനു കാരണമായി. അതിൽ ജിന്നിംഗ് പ്രസ്സിംഗ്, സ്പിന്നിംഗ്, നെയ്ത്ത് എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. റെയിൽവേയുടെ ആരംഭം പരുത്തിനൂലിന്റെ വിപണി വിപുലീകരിക്കുകയും തുണിമേഖലയെ വികസിപ്പിക്കുകയു ചെയ്തു.

X Std - Economics Malayalam Unit-5.indd 333 1/27/2023 10:14:32 AM

രണ്ടാമതായി, ഈ കാലയളവിൽ ഈ മേഖലയിലെ ഏറ്റവും സജീവമായ രണ്ട് തുറമുഖങ്ങളായി ചെന്നൈ, തൂത്തുക്കുടി എന്നിവിടങ്ങളിൽ വ്യാപാരം വർദ്ധിച്ചത് വ്യാവസായിക വികസനത്തിന് കാരണമായി. ഈ കാലയളവിൽ ചെന്നൈ മേഖലയിൽ തോൽ ഉൽപ്പന്നങ്ങൾക്കൊപ്പം വാഹനമേഖലയ്ക്കും തുടക്കം കുറിച്ചു. തെക്കൻ തമിഴ്നാട്ടിലെ വ്യവസായത്തിന്റെ വളർച്ച ഇതിന്റെ മറ്റൊരു ഉദാഹരണമാണ്. കോളനി കാലഘട്ടത്തിൽ ശിവകാശിമേഖലയിൽ തീപ്പെട്ടി തൊഴിൽ ശാലകളും ഉയർന്നു വന്നു. പിന്നീട് ഇത് പടക്ക നിർമ്മാണത്തിനും അച്ചടിക്കുമുള്ള കേന്ദ്രങ്ങളായി മാറി. തുറമുഖവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഈ പ്രദേശത്തിന്റെ വളർച്ചയ്ക്ക് കാരണമായി. കൂടാതെ ദിണ്ടുക്കൽ വെല്ലൂർ, ആംബൂർ പ്രദേശങ്ങളിലും തോൽ ഉല്പാദനം നടക്കുന്നു.

പടിഞ്ഞാറൻ തമിഴ്നാട്ടിൽ വസ്ത്ര വ്യവസായങ്ങളുടെ ആവീർഭാവം വസ്ത്രയന്ത്ര വ്യവസായങ്ങളുടെ ആവശ്യകതയ്ക്കും ആരംഭത്തിനും കാരണമായി. വസ്ത്ര വ്യവസായശാലകളിലെ യന്ത്രസാമഗ്രികളുടെ അറ്റകുറ്റപ്പണികൾക്കും, യന്ത്രഭാഗങ്ങളുടെ നിർമ്മാതാക്കൾക്കുമായി നിരവധി ചെറിയ വർക്ക് ഷോപ്പുകൾ ഉയരാൻ കാരണമായി പടിഞ്ഞാറൻ മേഖലയിൽ മറ്റൊരു വികസനമെന്നത് 1930 കളിൽ ജലത്തിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിച്ചതാണ്. എണ്ണ യന്ത്രങ്ങളുടെ സഹായത്തോടെ ഭൂഗർഭജലം എടുക്കുന്നതിനും വൈദ്യുതിയെ ആശ്രയിച്ചിരുന്നു. ഇത് കാർഷിക മേഖലയുടെ വ്യാപനത്തിനും ഓയിൽ യന്ത്രങ്ങളുടെ ആവശ്യം വർദ്ധിക്കുന്നതിനും കാരണമായി. യന്ത്രങ്ങൾ പരിശോധിച്ച് കേടുപാടുകൾ നോക്കി പ്രവർത്തന സജ്ജമാക്കൻ, യന്ത്രഭാഗങ്ങളുടെ ആവശ്യം പരിഹരിക്കുന്നതിനും തൊഴിൽ ശാലകളുടെ ആവീർഭാവത്തിനും ഇത്കാരണമായി. മാത്രമല്ല ലോഹമുരുക്കുശാലകൾ സ്ഥാപിക്കാനും കാർഷിക യന്ത്രങ്ങൾ നിർമ്മിക്കാനും തുടങ്ങി.

സ്വാതന്ത്ര്യാനന്തരം മുതൽ 1990 കളുടെ ആരംഭം വരെ

സ്വതന്ത്ര്യലബ്ധിക്കുശേഷം, റെയിൽപ്പെട്ടികൾ നിർമ്മിക്കുന്നതിനായി ചെന്നൈയിൽ ഇന്റഗ്രൽ കോച്ച് ഫാക്ടറിയും, വെള്ളം തിളപ്പിക്കുന്നതിനുള്ള വലിയ പാത്രങ്ങൾ, വിദ്യുൽപ്പാദകയന്ത്രങ്ങൾ തുടങ്ങിയവ ഉല്പാദിപ്പിക്കുന്നതിനായി തിരുച്ചിറപ്പള്ളിയിലെ ഭാരത് ഹെവി ഇലക്ട്രിക് ലിമിറ്റഡ് (BHEL) തുടങ്ങിയ നിരവധി വൻകിട സംരംഭങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിവിധ ഭാഗങ്ങളിൽ ആരംഭിച്ചു. അസംസ്കൃത വസ്തുക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന നിരവധി ചെറുകിട സ്ഥാപനങ്ങളുടെ വ്യാവസായിക സംഘങ്ങളുടെ ഉത്ഭവത്തിന് കാരണമായി ചെന്നൈയുടെ പ്രാന്ത പ്രദേശത്തുള്ള ആവടിയിൽ ടാങ്കുകൾ നിർമ്മിക്കുന്ന വലിയ വാഹനതൊഴിൽ ശാലകൾ സ്ഥാപിച്ചു, സ്റ്റാൻഡേർഡ് മോട്ടോഴ്സും ചെന്നൈയിൽ കാർ നിർമ്മാണം ആരംഭിച്ചു അശോക് മോട്ടോഴ്സും (പിന്നീട് അശോക് ലെയ്ലാൻഡ്) സ്റ്റാൻഡേർഡ് മോട്ടോഴ്സും ചേർന്ന് മേഖലയിൽ ഒരു ഓട്ടോമൊബൈൽ സംഘം തന്നെ രൂപീകരിച്ചു, ഈ മേഖലകളിൽ ചെറുകിട, ഇടത്തരം കമ്പനികളെ പിൻതുണയ്ക്കുന്നതിനായി 1950 കളിൽ ആവടി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ചു. വൈദ്യുതികരണത്തിന്റെ വ്യാപനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് കൂടുതൽ ജലവൈദ്യുത പദ്ധതികൾ ആരംഭിച്ചു. സ്റ്റെയിൻലെസ് സ്റ്റീൽ ഉൽപാദിപ്പിക്കുന്നതിനായി 1973-ൽ സേലം സ്റ്റീൽ പ്ലാന്റ് ആരംഭിച്ചു. ഈ പ്രക്രിയകളിലെല്ലാം സർക്കാർ പ്രധാന പങ്ക് വഹിച്ചു.

1970, 1980 കളിൽ കോയമ്പത്തൂർ മേഖലയിൽ പവർലൂം നെയ്ത്ത് സംഘങ്ങൾ രൂപപ്പെട്ടതോടെ തിരുപ്പൂരിൽ തുണിനെയ്ത്തു സംഘങ്ങളും കരൂരിൽ ഗൃഹോപകരണ സംഘങ്ങളും സ്ഥാപിച്ചു. ചെറുകിട, ഇടത്തരം മേഖലയെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധ ഭാഗങ്ങളിൽ വ്യാവസായിക എസ്റ്റേറ്റുകൾ സ്ഥാപിച്ചു. പിന്നോക്ക മേഖലയിലെ വ്യവസായങ്ങളെ വികസിപ്പിക്കാൻ വ്യവസായിക എസ്റ്റേറ്റുകളുടെ നയപരമായ ശ്രമങ്ങളും പ്രോത്സാഹനങ്ങളും വിജയത്തിലേക്ക് നയിച്ചു. ഇങ്ങനെ വിജയകരമായി പ്രവർത്തിച്ച സംഘമാണ് ഒസൂർ വ്യവസായ സംഘം.

വ്യവസായ വൽക്കരണം തമിഴ്നാട്ടിൽ -ഉദാരവൽക്കരണ ഘട്ടം

വ്യവസായ വൽക്കരണത്തിന്റെ അവസാനഘട്ടം 1990 കളുടെ തുടക്കം മുതലുള്ള പരിഷ്കരണാനന്തര കാലഘട്ടമാണ്. പരിഷ്ക്കാരങ്ങൾ വിഭാവ സമാഹരണത്തിന് സംസ്ഥാന സർക്കാരുകളെ കൂടുതൽ ഉത്തരവാദിത്വമുള്ളവരാക്കി. വ്യവസായ വൽക്കരണത്തതിനായി സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനായി പരസ്പരം മത്സരിക്കാൻ അവർ നിർബന്ധിതരായി. നിക്ഷേപകരെ ആകർഷിക്കാൻ വിലകുറഞ്ഞ ഭൂമി, നികുതി ഇളവുകൾ, സബ്സിഡി നിരക്കിലുള്ളതും എന്നാൽ ഗുണനിലവാരമുള്ളതുമായ ഊർജ്ജം തുടങ്ങിയവ വാഗ്ദാനം ചെയ്തു. കച്ചവട ഉദാരവൽക്കരണവും നാണയങ്ങളുടെ മൂല്യത്തകർച്ചയും കയറ്റുമതി വിപണികൾ തുറക്കാൻ സഹായിച്ചു. ഇത് രണ്ട് പ്രധാന സംഭവ വികാസങ്ങളിലേക്ക് നയിച്ചു.

X Std - Economics Malayalam Unit-5.indd 334 1/27/2023 10:14:32 AM

പഞ്ചസാര, രാസവളങ്ങൾ, സിമന്റ് കാർഷിക ഉപകരണങ്ങൾ, ഇരുമ്പ്, ഉരുക്ക് രാസവസ്തുക്കൾ, ട്രാൻസ്ഫോർമറുകൾ, പേപ്പർ എന്നിവയാണ് സംസ്ഥാനത്തെ മറ്റ് പ്രധാന വ്യവസായങ്ങൾ.

മേൽപ്പറഞ്ഞ ഘടകങ്ങളാൽ നിലവിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ധാരാളം ഫാക്ടറികളും നിർമ്മാണത്തൊഴിലാളികളും തമിഴ്നാട്ടിലുണ്ട്. വ്യവസായികമായി വികസിതരാജ്യങ്ങളായ മഹാരാഷ്ട്ര, ഗുജറാത്ത് എന്നിവയുമായി താരതമ്യപ്പെടുത്തുമ്പോൾ കൂടുതൽ അധ്വാനം തമിഴ്നാട്ടിലുണ്ട്. പ്രധാന വ്യവസായങ്ങൾ വാഹനവ്യവസായശാലകൾ, വാഹനത്തിന്റെ വിവിധ ഭാഗങ്ങൾ, ഭാരമേറിയതും ലഘുവായതുമായ യന്ത്രങ്ങൾ, യന്ത്രഭാഗങ്ങൾ, കോട്ടൺ ടെക്സ്റ്റൈൽസ്, റബ്ബർ, ഭക്ഷ്യഉൽപന്നങ്ങൾ, രാസവസ്തുക്കൾ, തുകൽ വസ്തുക്കൾ എന്നിവയാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി വ്യവസായങ്ങൾ സംസ്ഥാനത്തിന്റെ എല്ലാ പ്രദേശങ്ങളിലും (13 ജില്ലകളിൽലായി 27 കേന്ദ്രങ്ങൾ) വ്യാപിച്ചിരിക്കുന്നു. അവയിൽ പലതും കയറ്റുമതി ലക്ഷ്യമാക്കിയുള്ളവയാണ്. പ്രധാനതുറമുഖങ്ങൾ റെയിൽ റോഡുകൾ, വ്യോമമാർഗ്ഗങ്ങൾ എന്നിവയുടെ വികസിത ശൃംഖല സംസ്ഥാനത്തിനുണ്ട്.

5.5 പ്രധാന വ്യവസായ സംഘങ്ങളും തമിഴ്നാട്ടിൽ അവയുടെ പ്രത്യേകത

മോട്ടോർ വാഹനങ്ങൾ

യന്ത്രതൊഴിൽശാലാ സംഘങ്ങൾ

ധാരാളം വാഹന സാമഗ്രികൾ യന്ത്രനിർമ്മാണ സ്ഥാപനങ്ങൾ ചെന്നൈയിൽ കാണപ്പെടുന്നു. ചെന്നൈയിൽ വൻ വാഹനവ്യവസായ അടിത്തറയുള്ളതിനാൽ ചെന്നൈയെ "ദി ഡെട്രോയിറ്റ് ഓഫ് ഏഷ്യ" എന്ന് വിളിക്കുന്നു. TVS, TI സൈക്കിൾസ്, അശോക് ലൈലാന്റ്, സ്റ്റാൻഡേർഡ് മോട്ടോർസ് തുടങ്ങിയ ആഭ്യന്തര സ്ഥാപനങ്ങൾ ഉണ്ടായിരുന്നുവെങ്കിലും പരിഷ്കരണാനന്തരകാലഘട്ടത്തിൽ MNC കമ്പനികളായ ഹ്യുണ്ടായ്, ഫോർഡ്, ഡൈമലർബെൻസ്, റിനാൾട്ട്-നിസ്സാൻ എന്നിവ ഈ മേഖലകളിൽ നിരവധി കമ്പനികൾ തുറന്നു ഇത് വിദേശരാജ്യങ്ങളിലുള്ള നിരവധി യന്ത്രസാമഗ്രികളുടെ വിതരണക്കാരെ കൂടുതൽ ആകർഷിച്ചു. പല പ്രാദേശിക സ്ഥാപനങ്ങളും ഇത്തരം സ്ഥാപനങ്ങൾക്ക് യന്ത്രസാമഗ്രികൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

ടി.വി.എസ്., അശോക് ലൈലൻറ് എന്നിവയുടെ വാഹനവ്യവസായശാലകൾ ഒസൂരിലും പ്രവർത്തിച്ചുവരുന്നുണ്ട്. കോയമ്പത്തൂരും യന്ത്രസാമഗ്രികൾ ഉല്പാദിപ്പിക്കുന്നതിൽ പുരോഗതി പ്രാപിച്ചുവരുന്നുണ്ട്.

ട്രക്ക്, ബസ് ഭാഗനിർമ്മിത വ്യവസായ കേന്ദ്രങ്ങൾ

ട്രക്കുകളുടെ വിവിധ ഭാഗങ്ങൾ നിർമ്മിക്കുന്ന വ്യവസായ ശാലകളിൽ ഏറ്റവും പ്രശസ്തിയാർജ്ജിച്ചതാണ് പടിഞ്ഞാറൻ തമിഴ്നാട്ടിലെ നാമയ്ക്കൽ തിരുച്ചെങ്കോട് മേഖല. 50 ലധികം യൂണിറ്റുകളുള്ള മറ്റൊരു പ്രധാന കേന്ദ്രമാണ് കരൂർ. വൻകിട സ്ഥാപനങ്ങളിൽ ബസ്സുകളുടെ വിവിധഭാഗങ്ങൾ നിർമ്മിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരുന്ന പല ജോലിക്കാരും പുറത്തുവന്ന് സ്വന്തമായി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

9DX7A

വസ്ത്ര വ്യവസായശാലാശേഖരം



വസ്ത്ര വ്യവസായശാലാശേഖരം

രാജ്യത്തെ ഏറ്റവും വലിയ വസ്ത്രവ്യവസായ മേഖലയാണ് തമിഴ്നാട്. കോളനിആധിപത്യകാലം മുതൽ പരുത്തി വസ്ത്ര വ്യവസായ വികസനം കാരണം കോയമ്പത്തൂർ 'ദക്ഷിണേന്ത്യയുടെ മാഞ്ചസ്റ്റർ' എന്നറിയപ്പെടുന്നു. നിലവിൽ സ്പിന്നിംഗ് മില്ലുകളിൽ ഭൂരിഭാഗവും കോയമ്പത്തൂർ നഗരത്തിനു ചുറ്റിലുമായി മാറിയിരിക്കുന്നു. രാജ്യത്ത് ഏറ്റവും കൂടുതൽ പരുത്തിനൂൽ ഉൽപാദിപ്പിക്കുന്ന സംസ്ഥാനമാണ് തമിഴ്നാട്.

ഈറോഡ്, സേലം മേഖലകൾ പവർലൂം നെയ്ത്തു ശേഖരങ്ങളുടെ കേന്ദ്രമാണ്. ധാരാളം പവർലൂം യൂണിറ്റുകളും ഉണ്ട്.

പരുത്തി നെയ്ത്ത് വസ്ത്രങ്ങൾ ഉല്പാദിപ്പിക്കുന്ന നിരവധി കമ്പനികൾക്ക് തിരുപ്പൂർ പ്രശസ്തമാണ്. രാജ്യത്തെ പരുത്തി നെയ്ത്ത് വസ്ത്രശേഖര കയറ്റുമതിയുടെ 80 ശതമാനവും തിരുപ്പൂരിൽ നിന്നാണ്. 1980 കളുടെ അവസാനം മുതൽ മൂന്നുലക്ഷത്തിലധികം പേർക്ക് തൊഴിലും നൽകുന്നു. ആഗോള വിപണിയിലെ വിജയം കാരണം, ലോകത്തിന്റെ തെക്കൻ അർദ്ധഗോളത്തിലെ ഏറ്റവും വലിയ ശക്തികേന്ദ്രങ്ങളിലൊന്നായി തിരുപ്പൂരിനെ കാണുന്നു. തുടക്കത്തിൽ മിക്ക സ്ഥാപനങ്ങളും നടത്തിയിരുന്നത് പ്രാദേശിക സംരംഭകരാണ് . ഇപ്പോൾ ഇന്ത്യയിലെ

X Std - Economics Malayalam Unit-5.indd 335 1/27/2023 10:14:32 AM

ചില പ്രമുഖ വസ്ത്രകയറ്റുമതിക്കാർ ഇവിടെ ഫാക്ടറികൾ സ്ഥാപിച്ചിട്ടുണ്ട്.

ദക്ഷിണാർദ്ധഗോളത്തിലെ രാജ്യങ്ങളെ ആഗോള തെക്കൻ രാജ്യങ്ങൾ എന്നു വിളിക്കുന്നു.

ബോഡി ബിൽഡിംഗിനു പുറമെ, വീട്ടുസാധനങ്ങളായ മേശവിരി, കർട്ടണുകൾ, മെത്ത ഉറകൾ, ടവലുകൾ തുടങ്ങിയവ കയറ്റുമതി ചെയ്യുന്ന പ്രധാന കേന്ദ്രമാണ് കരൂർ. ആഭ്യന്തര ആഗോളവിപണിയിൽ പരവതാനി നിർമ്മാണത്തിലെ പ്രധാന കേന്ദ്രങ്ങളാണ് ഭവാനിയും കുമരപാളയവും.


ഇത്തരം ആധുനിക കേന്ദ്രങ്ങൾക്ക് പുറമെ, പരമ്പരാഗത കൈത്തറി സംഘങ്ങളായ മധുര, കാഞ്ചിപുരം എന്നിവ സിൽക്ക്, കോട്ടൺ, കൈത്തറി സാരികൾ എന്നിവയ്ക്ക് പ്രശസ്തമാണ്.

തോലും, തോലുൽപ്പന്ന ശേഖരവും

ഇന്ത്യയിലെ തുകൽ ശേഷിയുടെ 60 ശതമാനവും തുകൽ പാദരക്ഷകൾ, വസ്ത്രങ്ങൾ എന്നിവയുടെ 38 ശതമാനവും തമിഴ്നാട് വഹിക്കുന്നു. നൂറുകണക്കിന് തുകൽ പതം വരുത്തുന്ന കേന്ദ്രങ്ങൾ വെല്ലൂരിലും സമീപ നഗരങ്ങളായ റാണിപേട്ട്, അംബൂർ വാണിയംപാടി എന്നിവിടങ്ങളിലും സ്ഥിതി ചെയ്യുന്നു. പണിതീർത്ത തോൽ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന സ്ഥലമാണ് വെല്ലൂർ. കയറ്റുമതിയിൽ ഏർപ്പെട്ടിരിക്കുന്ന ധാരാളം തുകൽ ഉൽപ്പന്ന നിർമ്മാണ കേന്ദ്രങ്ങളും ചെന്നൈയിലുണ്ട്. ദിണ്ടുഗല്ലിലും ഈറോഡിലും തുകൽ ഉല്പന്ന നിർമ്മാണകേന്ദ്രങ്ങൾ ഉണ്ട്. തുകൽ ഉൽപ്പന്ന മേഖലയിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.

കരിമരുന്ന് തീപ്പെട്ടി, അച്ചടി ശേഖരം

ഒരുകാലത്ത് തീപ്പെട്ടി വ്യവസായത്തിന് പേരുകേട്ട ശിവകാശി മേഖല ഇപ്പോൾ രാജ്യത്ത് അച്ചടി, പടക്കങ്ങൾ എന്നിവയുടെ ഒരു പ്രധാന കേന്ദ്രമായി മാറിയിരിക്കുന്നു. ഇന്ത്യയ്ക്ക് ആവശ്യമായ വെടിമരുന്ന് ഉല്പാദനത്തിന്റെ 90% തീപ്പെട്ടി വ്യവസായത്തിനും 80% ഉം ഓഫ്സെറ്റ് പ്രിന്റിംഗിന്റെ 60% ഉം ശിവകാശിയിൽ നിന്നാണ് ലഭിക്കുന്നത്. ഓഫ്സെറ്റ് പ്രിന്റിംഗ് വ്യവസായത്തിൽ



5. തമിഴ്നാട്ടിലെ വ്യവസായശാലാ ശേഖരം

X Std - Economics Malayalam Unit-5.indd 336 1/27/2023 10:14:32 AM

പലതും അച്ചടിക്കാവശ്യമായ പ്രവർത്തനങ്ങൾ മാത്രം ഏറ്റെടുക്കുന്നു. ഈ വ്യവസായങ്ങളുടെയെല്ലാം ഉത്ഭവം കോളനി ആധിപത്യകാലഘട്ടത്തിലാണ്- ഇപ്പോൾ ധാരാളം തൊഴിലാളികൾക്ക് തൊഴിൽ വാഗ്ദാനം ചെയ്യുന്നു.



പടക്ക വ്യവസായശാല

ഇലക്ട്രാണിക്സ് മേഖലയും വിവരസാങ്കേതിക വിദ്യയും

1990 കളുടെ തുടക്കത്തിൽ സാമ്പത്തിക പരിഷ്കാരങ്ങൾ ആരംഭിച്ചതിനുശേഷം ഹാർഡ് വെയർ ഇലക്ട്രാണിക്സ് നിർമ്മാതാക്കളായ നോക്കിയ, ഫോക്സ്കോൺ, മോട്ടറോള, സോണി, എറിക്സൺ, സാംസങ്, ഡെൽ തുടങ്ങിയ കമ്പനികളുടെ സെല്ലുലാർ ഹാൻഡ്സെറ്റ് ഉപകരണങ്ങൾ, സർക്യൂട്ട് ബോർഡുകൾ ഉപഭോക്തൃ ഇലക്ട്രോണിക്സ് എന്നിവയുടെ രംഗപ്രവേശം സംസ്ഥാനം കണ്ടു.

5.6 തമിഴ്നാട്ടിൽ വ്യവസായവൽക്കരണ പ്രക്രിയയെ സഹായിച്ച നയപരമായ ഘടകങ്ങൾ

നയപരമായ ഘടകങ്ങളെ മൂന്നായി തരംതിരിക്കാം.

വിദ്യാഭ്യാസം

വ്യവസായങ്ങൾക്ക് വിദഗ്ധ മാനവ വിഭവ ശേഷി ആവശ്യമാണ്. സാക്ഷരതയും അടിസ്ഥാന ഗണിത നൈപുണ്യവും പ്രോത്സാഹിപ്പിക്കുന്നതിന് പ്രാഥമിക വിദ്യാഭ്യാസത്തിൽ വളരെയധികം ശ്രദ്ധ ചെലുത്തിയതിനു പുറമേ സങ്കേതിക മാനവവിഭവശേഷി വിപുലമായി വിതരണം ചെയ്യുന്നതിലും സംസ്ഥാനം ശ്രദ്ധിക്കപ്പെട്ടു. രാജ്യത്തെ ഏറ്റവും വലിയ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, വ്യാവസായിക പരശീലനം കേന്ദ്രങ്ങൾ എന്നിവയും ഇവിടെയുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ

വൈദ്യുതീകരണത്തിന്റെ വ്യാപനം സംസ്ഥാനത്തെ ചെറിയ പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും വ്യവസായവൽക്കരണം വ്യാപിപ്പിക്കുന്നതിന് കാരണമായി. വൈദ്യുതീകരണത്തോടൊപ്പം, മികച്ച ഗതാഗത സൗകര്യങ്ങൾക്കും പ്രത്യേകിച്ച് സംസ്ഥാനത്തിന്റെ ഗ്രാമപ്രദേശങ്ങളെ അടുത്തുള്ള പട്ടണങ്ങളിലേക്കും നഗരങ്ങളിലേക്കും ബന്ധിപ്പിക്കുന്ന ചെറിയ റോഡുകൾക്ക് തമിഴ്നാട് പ്രശസ്തമാണ്. പൊതു, സ്വകാര്യ ഗതാഗത സംയോജനം ഗ്രാമ നഗരബന്ധങ്ങളെ സുഗമമാക്കി. അതിനാൽ ചെറുകിട ഉൽപാദകരെ മികച്ച വിപണികളുമായി ബന്ധിപ്പിക്കുന്നു.

വിവരസാങ്കേതിക വിദ്യ പ്രത്യേക സാമ്പത്തിക മേഖലകൾ

വികസനം കൂടുതൽ സമന്വയിപ്പിക്കുന്നതിന് ചെന്നൈ മേഖലയ്ക്ക് പുറമെ ടയർ II (Tier II) നഗരങ്ങളായ കോയമ്പത്തൂർ, മധുര തിരുച്ചി, തിരുനെൽവേലി, ഒസ്സൂർ, സേലം തുടങ്ങിയ സ്ഥലങ്ങൾ ഐടി നിക്ഷേപ കേന്ദ്രങ്ങളാക്കി ഉയർത്തി ഇത് സുഗമമാക്കുന്നതിന്, ELCOT പറയുന്ന എട്ട് സ്ഥലങ്ങളിൽ ELCOSEZs (IT നിർദ്ദിഷ്ട പ്രത്യേക സാമ്പത്തിക മേഖലകൾ) സ്ഥാപിച്ചു.

- ചെന്നൈ - ഷോല്ലിൻഗനല്ലൂർ
- കോയമ്പത്തൂർ - വിളൻകുറിച്ചി
- മധുര - ഇലന്തൈകുളം
- മധുര-വളപളഞ്ചി - കിന്നിമംഗലം
- തിരുച്ചി - നാവൽപ്പാട്ട്

സംസ്ഥാനത്തിൽ യൂണിറ്റുകൾ സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന കമ്പനികൾക്ക് ELCOSEZs ൽ നൽകിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്താം ആവശ്യകതയും പ്രവർത്തനക്ഷമതയും അടിസ്ഥാനമാക്കി പുതിയ സ്ഥലങ്ങളിൽ ELCOSEZs സ്ഥാപിക്കാനുള്ള സാധ്യതകൾ പരിശോധിക്കും.

(മേപ്പ് - ഇൻഫോർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി പോളിസി 2018 - 2019).

- തിരുനെൽവേലി - ഗംഗൈക്കൊണ്ടാൻ
- സേലം - ജഗിരമ്മപ്പാളയം
- ഒസൂർ - വിശ്വനാഥപുരം

വ്യാവസായിക അഭിവൃദ്ധി

വിദ്യഭ്യാസം, ഗതാഗതം, ഉർജ്ജം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിലെ നിക്ഷേപത്തിനു പുറമേ, നിർദ്ദിഷ്ടമേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക പ്രദേശങ്ങളിലെ വ്യവസായ വൽക്കരണത്തിനും നയപരമായ ശ്രമങ്ങൾ സജീവമായി നടത്തി. ഓട്ടോ മൊബൈൽ, യന്ത്രഘടകങ്ങൾ, ജൈവസങ്കോതികവിദ്യ, വിവര ആശയവിനിമയ സാങ്കോതിക വിദ്യ എന്നീ മേഖലകളെ പരിഷ്കരണാനന്തര കാലഘട്ടത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ വൻകിട സംരംഭങ്ങൾക്കും ചെറുകിട, ഇടത്തരം വിഭാഗങ്ങൾക്കുമായി സംസ്ഥാനം നിരവധി ഏജൻസികളെ വ്യവസായ അഭിവൃദ്ധിയ്ക്കായി ഏർപ്പെടുത്തിയിട്ടുണ്ട്.

X Std - Economics Malayalam Unit-5.indd 337 1/27/2023 10:14:32 AM

സംസ്ഥാനത്തിന്റെ വ്യവസായ വൽകരണത്തിൽ പ്രധാന പങ്ക് വഹിച്ച ചില സംഘങ്ങൾ താഴെ പറയുന്നവയാണ്

SIPCOT (സിപ്പ്കോട്ട്) (SIPCOT (State Industries Promotion Corporation of Tamil Nadu) 1971

വ്യാവസായിക എസ്റ്റേറ്റുകൾ സ്ഥാപിച്ച് സംസ്ഥാനത്ത് വ്യവസായിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനായി 1971 ലാണ് (**SIPCOT**) സിപ്പ്കോട്ട് രൂപീകരിച്ചത്.



SIPCOT

ടാൻസിഡ്കോ (TANSIDCO) (Tamil Nadu, Samll Industries Development Corporation)

സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 1970-ൽ സ്ഥാപിതമായ തമിഴ്നാടിന്റെ ഒരു ഏജൻസിയാണ് ടാൻസിഡ്കോ (TANSIDCO). ഇത് സബ് സിഡികൾ നൽകുകയും ചെറുകിട മേഖലയിലെ പുതിയ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം നൽകുകയും ചെയ്യുന്നു.

റ്റിഡ്കോ TIDCO (Tamilnadu Industrial Develpement Corporation), 1965

സംസ്ഥാനത്തെ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വ്യാവസായിക എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മറ്റൊരു സംഘമാണ് (ഏജൻസി) റ്റിഡ്കോ (TIDCO).

റ്റിക് (TIIC) (Tamilnadu Industrial Investment Corporation), 1965

പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകൾ വിപുലീകരിക്കുന്നതിനും കുറഞ്ഞ ചെലവിൽ സാമ്പത്തിക സഹായം നൽകുന്നതിനാണ് റ്റിക് (TIIC) ഉദ്ദേശിക്കുന്നത്.

പ്രത്യേക സാമ്പത്തിക മേഖലകൾ (SEZs)

കയറ്റുമതിക്ക് തടസ്സരഹിതമായ അന്തരീക്ഷം ലക്ഷ്യമിട്ട് രാജ്യത്ത് പ്രത്യേക സാമ്പത്തിക മേഖലകൾ സ്ഥാപിക്കുന്നതിനായി 2000 ഏപ്രിൽ ഒരു നയം അവതരിപ്പിച്ചു.

അതനുസരിച്ച് സർക്കാർ കയറ്റുമതി സംസ്കരണ മേഖലകളെ ഇനി പറയുന്ന സ്ഥലങ്ങളിലേക്ക് മാറ്റി.

നങ്കുനേരി സെസ്സ്	- ഒരു മൾട്ടി പ്രോഡക്ട് സെസ്സ്, തിരുനെൽവേലി
എണ്ണൂർ സെസ്സ്	- താപവൈദ്യുത പദ്ധതി, വയലൂർ
കോയമ്പത്തൂർ സെസ്സ്	- ഐറ്റി പാർക്ക്
ഒസൂർ സെസ്സ് സ്പെയിസ്	- ആട്ടോ എൻഞ്ചിനിയറിംഗ്, ഇലക്ട്രോണിക്സ്, ഡിഫൻസ് എയ്റോ
പെരമ്പല്ലൂർ സെസ്സ്	- മൾട്ടി പ്രോഡക്ട് സെസ്സ്
ആട്ടോ സിറ്റി സെസ്സ്	- ഓട്ടോ മൊബൈൽ/ ഓട്ടോ കോമ്പണൻസ് തിരുവള്ളൂർ
ഇന്ത്യ-സിങ്കപ്പൂർ സെസ്സ്	- IT & ITES ഇലക്ട്രോണിക്സ് ഹാർഡ് വെയർ, ലോജിസ്റ്റിക്സ് & വയർ ഹൗസിങ്
ബയോ- ഫാർമസ്യൂട്ടിക്കൽ സെസ്സ്	- ക്ലിനിക്കൽ റിസർച്ച് ഓർഗ നൈസേഷൻ, വിഷനിയന്ത്രണ കേന്ദ്രം, സെന്റർഫോർ റീജനറേറ്റീവ് മെഡിസിൻ, മെഡിസിൻ റിസർച്ച്

മദ്രാസ്സ്കയറ്റുമതി സംസ്ക്കരണമേഖല (Madrs Export Processing Zone) (MEPZ)

ചെന്നൈയിലെ ഒരു പ്രത്യേക സാമ്പത്തിക മേഖലയാണ് മദ്രാസ്സ് കയറ്റുമതി സംസ്ക്കരണ മേഖല (MEPZ). കേന്ദ്ര സർക്കാർ രൂപീകരിച്ച രാജ്യത്തെ ഏഴ് കയറ്റുമതി മേഖലയിൽ ഒന്നാണിത്. നേരിട്ടുള്ള വിദേശനിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി 1984 - ലാണ് ഇത് സ്ഥാപിതമായത് ചെന്നൈയിലെ താമ്പരത്തിലുള്ള ജി എസ്സ് റ്റി റോഡിലാണ് MEPZ ന്റെ ആസ്ഥാനം.

X Std - Economics Malayalam Unit-5.indd 338 1/27/2023 10:14:33 AM

ടാൻസി (TANSI) (Tamilnadu Smal industries Corporation LTD), 1965

വ്യവസായ വാണിജ്യ വകുപ്പ് സ്ഥാപിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ചെറുകിട യൂണിറ്റുകൾ ഏറ്റെടുക്കുന്നതിനായി 1965-ലാണ് ടാൻസി (TANSI) രൂപീകരിച്ചത്.

വ്യവസായ വൽക്കരണത്തിലെ പ്രശ്നങ്ങൾ

രാജ്യത്ത് താരതമ്യേന ഉയർന്ന വ്യാവസായിക സംസ്ഥാനമായി തമിഴ്നാട് ഉയർന്നു വന്നിട്ടുണ്ടെങ്കിലും, ഈ വളർച്ച നിലനിർത്തുന്നതിൽ സംസ്ഥാനം ചില പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. തുടക്കത്തിൽ ചില ശേഖരങ്ങൾ, പ്രത്യേകിച്ച് രാസവസ്തുക്കൾ, തുണിത്തരങ്ങൾ, തുകൽ ശേഖരങ്ങൾ എന്നിവ ആരോഗ്യത്തെ ബാധിക്കുന്ന ധാരാളം മലീനികരണങ്ങൾ മാലിന്യങ്ങൾ സൃഷ്ടിക്കുന്നു. മലിനജലം ഒഴുക്കുന്ന ജലാശയങ്ങളെയും സമീപത്തെ കാർഷിക ഭൂമികളെയും മലിനമാക്കുന്നു. ഇത്തരം പ്രശ്നങ്ങൾക്ക് അടിയന്തര ശ്രദ്ധ ആവശ്യമാണ്. രണ്ടാമതായി, ആഗോളതലത്തിൽ മത്സരിക്കേണ്ടതിന്റെ ആവശ്യകതയും സാങ്കേതിക വിദ്യകളുടെയും ഉപയോഗവും തൊഴിലവസരങ്ങൾ കുറയ്ക്കാൻ കാരണമാകുന്നു. മിക്ക തൊഴിലാളികളും താൽക്കാലികമായി മാത്രമേ ജോലി ചെയ്യുന്നുള്ളൂവെങ്കിലും സമീപകാലത്തായി തൊഴിൽ ഗുണനിലവാരത്തെയും ബാധിച്ചിട്ടുണ്ട്.

സ്റ്റാർട്ട് അപ്പ് ഇന്ത്യാ സ്കീം (ആരംഭിച്ചത് 16 ജനവരി 2016):

'സ്റ്റാർട്ട് അപ്പ് ഇന്ത്യ സ്കീം ഇന്ത്യൻ' സർക്കാരിന്റെ ഒരു സംരംഭമാണ് ഇതിന്റെ പ്രാഥമിക ലക്ഷ്യം. സ്റ്റാർട്ട് അപ്പുകളുടെ പ്രോത്സാഹനം തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, സമ്പത്ത് സൃഷ്ടിക്കൽ എന്നിവയാണ്.

സ്റ്റാൻഡ് അപ്പ് സ്കീം ആരംഭിച്ചത് ഏപ്രിൽ 5, 2016

സ്റ്റാൻഡ് അപ്പ് ഇന്ത്യാ സ്കീം എന്നത് പുതുസംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഓരോ ബാങ്കുശാഖകളിൽ നിന്നും 10 ലക്ഷം രൂപ മുതൽ ഒരു കോടി വരെ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ ഒരു സംരംഭകനെങ്കിലും വായ്പ അനുവദിക്കണം. കൂടാതെ ഒരു വനിതക്കെങ്കിലും വായ്പ അനുവദിക്കണം.

5.7 സംരംഭകൻ

നൂതനമായ ആശയങ്ങളും പുതുമയുള്ള ബിസ്നസ്സ് പ്രക്രിയയെയും കുറിച്ച് അറിവുള്ള വ്യക്തിയാണ് സംരംഭകൻ. ഭരണപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ്, ശക്തമായ തൊഴിലാളികളെ സംഘടിപ്പിക്കാനുള്ള കഴിവ് ഒരു ബിസിനസ്സ് കൈകാര്യം ചെയ്യാനുള്ള നേതൃത്വ ഗുണം എന്നിവ സംരംഭകനുണ്ട്.

സംരംഭകത്വം

ഒരു സംരംഭം സ്ഥാപിക്കാൻ സംരംഭകൻ ഏറ്റെടുക്കുന്ന പ്രവർത്തനത്തിന്റെ പ്രക്രിയയാണ് സംരംഭകത്വം. എന്തെങ്കിലും സൃഷ്ടിക്കാനും നിർമ്മിക്കാനുള്ള കഴിവാണിത്.

സംരംഭകന്റെ പങ്ക്

ഒരു രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയുടെ സാമ്പത്തിക വളർച്ചയിലും, വികാസത്തിലും സംരംഭകൻ പ്രധാന പങ്കു വഹിക്കുന്നു.

1. വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഗ്രാമീണ, പിന്നേക്ക മേഖലകളെ വ്യാവസായിക വത്കരിക്കുന്നതിലൂടെ വികസനത്തിന്റെ പ്രാദേശിക അസമത്വം നീക്കം ചെയ്യാൻ സഹായിക്കുന്നു

2. ജി.ഡി.പി (**GDP**)യും, ആളോഹരി വരുമാനവും വർദ്ധിപ്പിക്കാൻ രാജ്യത്തെ സഹായിക്കുന്നു.

3. പൗരന്മാരുടെ നിഷ്ക്രിയ സമ്പാദ്യവും രാജ്യത്തിന്റെ കയറ്റുമതി വ്യാപാരവും സമാഹരിക്കുന്നതിലൂടെ അവർ മൂലധനരൂപീകരണം പ്രോത്സാഹിപ്പിക്കുന്നു.

4. സംരംഭകർ കരകൗശലത്തൊഴിലാളികൾക്കും സാങ്കേതിക യോഗ്യതയുള്ളവർക്കും ഉപജീവനാർത്ഥം തൊഴിൽ ചെയ്യുന്നവർക്കും വൻതോതിൽ തൊഴിൽ നൽകുകയും സാങ്കേതിക വിദ്യ മാറുന്ന അന്തരീക്ഷത്തിൽ പ്രവർത്തിക്കുകയും പുതുമകളിലൂടെ ലാഭം വർദ്ധിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

5. കുറഞ്ഞ വിലയ്ക്ക് മെച്ചപ്പെട്ട ഗുണനിലവാരമുള്ള സാധനങ്ങൾ ലഭ്യമാക്കാൻ ജനങ്ങളെ പ്രാപ്തരാക്കുന്നു, ഇത് അവരുടെ ജീവിത നിലവാരം ഉയർത്തുന്നു.

X Std - Economics Malayalam Unit-5.indd 339 1/27/2023 10:14:33 AM

സംഗ്രഹം

- വ്യവസായവത്ക്കരണമെന്നത് ഉപഭോക്താക്കൾക്കും മറ്റു നിർമ്മാതാക്കൾക്കും വൻതോതി ആവശ്യമുള്ള സാധനങ്ങൾ ഉല്പാദിപ്പിക്കുന്നതിന് ആധുനിക ഉല്പാദന സാങ്കേതിവിദ്യകൾ ഉപയോഗിക്കുന്ന പ്രക്രിയയെ സൂചിപ്പിക്കുന്നു.
- പല ഘടകങ്ങൾ കാരണം സംഘങ്ങൾ ഉണ്ടാക്കാം കരകൗശല തൊഴിലാളികൾ ഒരു പ്രദേശത്ത് സ്ഥിരതാമസമാക്കി നൂറ്റാണ്ടുകളായി പരിണമിക്കുമ്പോൾ ചില സംഘങ്ങൾ ചരിത്രത്തിൽ ഉടലെടുക്കുന്നു.
- കോയമ്പത്തൂർ വൈവിധ്യവൽക്കരണത്തിലൂടെ കൈത്തറിയിൽ നിന്ന് യന്ത്രവൽകൃത നെയ്ത്തിലേക്കും ഭൂഗർഭജലം എടുക്കുന്നതിനുള്ള ഇലക്ട്രിക് മോട്ടോറുകൾ പമ്പ് സെറ്റുകൾ തുടങ്ങിയ കാർഷിക യന്ത്രങ്ങൾക്കും സാക്ഷ്യം വഹിച്ചു.
- വലിയ വാഹന വ്യവസായ അടിത്തറയുള്ളതിനാൽ ചെന്നൈ 'ഏഷ്യയുടെ ഡെട്രോയിറ്റ്' എന്ന് വിളിക്കുന്നു.

A-Z പദപരിചയം

Agglomerations	**സമാഹരണങ്ങൾ**	**A mass or collection of things.**
Industrial Clusters	**വ്യവസായസംഘങ്ങൾ**	**Relating to or characterised by industry.**
Emergence	**ആവിർഭാവം**	**The process of coming into existence.**
Component	**യന്ത്രഭാഗങ്ങൾ**	**A part or element of a larger whole, especially a part of a machine or vehicle.**
Diffusion	**വ്യാപനം**	**The spreading of something more widely.**
Artisanal	**കരകൗശലം**	**Relating to or characteristic of an artisan.**
Effluents	**മാലിന്യങ്ങൾ**	**Liquid waste or sewage discharged into a river or the sea.**
Frontier	**അതിർത്തി**	**The extreme limit of understanding or achievement in a particular area.**

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഏഷ്യയിലെ ഡെട്രോയിറ്റ് _____.
   a) തൂത്തുക്കുടി b) കോയമ്പത്തൂർ
   c) ചെന്നൈ d) മധുര
2. പമ്പുസെറ്റുകളും മോട്ടോർകളും കൂടുതൽ ഉല്പാദിപ്പിക്കുന്നത്
   a) സേലം b) കോയമ്പത്തൂർ
   c) ചെന്നൈ d) ധർമ്മപുരി
3. _____ ഒരു രാജ്യത്തിന്റെ വികാസത്തിന് അനിവാര്യ ഘടകമാണ്.
   a) കൃഷി b) വ്യവസായം
   c) റെയിൽവേ d) ഇവയൊന്നുമല്ല
4. തിരുപ്പൂർ അറിയപ്പെടുന്നത്
   a) തുകൽ പതപ്പെടുത്തൽ
   b) പൂട്ട് നിർമ്മാണം
   c) കാർഷിക ഉല്പാദനം
   d) വസ്ത്രനിർമ്മാണം
5. തമിഴ്നാട് വിജയകരമായി പൂർണ്ണമായും സൃഷ്ടിച്ച ഒരു വ്യാവസായിക മേഖല
   a) ഒസൂർ b) ദിണ്ടിക്കൽ
   c) കോവിൽപ്പട്ടി d) തിരുനെൽവേലി

X Std - Economics Malayalam Unit-5.indd 340 1/27/2023 10:14:33 AM

II. പൂരിപ്പിക്കുക

1. നൂറുകണക്കിന് തുകൽ പതം വരുത്തുന്ന സ്ഥാപനങ്ങൾ തമിഴ്നാട്ടിൽ _____ൽ സ്ഥിതി ചെയ്യുന്നു.
2. പ്രത്യേക സാമ്പത്തിക മേഖലകൾ സ്ഥാപിക്കുന്നതിനായി _____ ൽ ഒരു നയം അവതരിപ്പിച്ചു.

III. വ്യത്യസ്തമായത് തെരഞ്ഞെടുക്കുക

1. ഇനിപറയുന്നവയിൽ ലെതർഫാക്ടികൾ ഇല്ലാത്ത സ്ഥലം ഏത്?
   a) റാണിപ്പേട്ട് b) ധർമ്മപുരി
   c) ആമ്പൂർ d) വാണിയംപാടി
2. ഇനിപ്പറയുന്നവയിൽ വ്യാവസായിക വികസന ഏജൻസി അല്ലാത്തത് ഏതാണ് ??
   a) TIDCO b) SIDCO
   c) MEPG d) SIPCOT

IV. യോജിപ്പിക്കുക

1. സംരംഭകൻ - കയറ്റുമതി സംസ്കരണമേഖല
2. MEPZ - കോയമ്പത്തൂർ
3. ഇന്ത്യൻ ഓർഡൻസ് ഫാക്ടറി - സംഘാടകൻ
4. TNPL - അറവൻകാട്
5. ദക്ഷിണേന്ത്യയിലെ മാഞ്ചസ്റ്റർ - കരൂർ

V. ചുരുക്കി ഉത്തരമെഴുതുക

1. കാർഷിക മേഖലയിൽ വേതനം കുറവായിരിക്കുന്നത് എന്തുകൊണ്ട്?
2. വ്യാവസായിക സംഘങ്ങൾ എന്നാൽ എന്ത്?
3. സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള വഴികൾ ഏതാണ്?
4. രാജ്യത്തെ ഏറ്റവും വലിയ വ്യാവസായിക സംസ്ഥാനങ്ങളിലൊന്നായി മാറാൻ തമിഴ്നാടിനെ സഹായിച്ച നയരൂപീകരണത്തിന്റെ 3 മേഖലകൾ പരാമാർശിക്കുക
5. നിലവിൽ തമിഴ്നാട്ടിൽ വ്യവസായവൽക്കരണത്തിന്റെ പ്രശ്നങ്ങൾ എന്തൊക്കെയാണ്?
6. സംരംഭകൻ എന്നാൽ എന്താണ് അർത്ഥമാക്കുന്നത്?
7. എന്താണ് സംരംഭകത്വം?

VI. വിശദമായി ഉത്തരമെഴുതുക

1. വിജയകരമായി പ്രവർത്തിക്കുന്ന വ്യാവസായിക സംഘങ്ങളുടെ പ്രധാന സവിശേഷതകൾ എന്തൊക്കെയാണ് ?
2. വ്യവസായ വൽക്കരണത്തിനായി തമിഴ്നാട് സർക്കാർ സ്വീകരിച്ച നയങ്ങളെക്കുറിച്ച് വിശദമായി എഴുതുക.
3. സംരംഭകന്റെ പങ്കിനെക്കുറിച്ച് വിശദീകരിക്കുക.

VII. അന്വേഷണപഠനം

1. ഓൺലൈൻ ഗവേഷണത്തെ അടിസ്ഥാനമാക്കി തമിഴ്നാട്ടിലെ ഒരു സംഘത്തെ തിരഞ്ഞെടുത്ത് കുറിപ്പ് എഴുതുക.

VIII. പ്രവർത്തനവും പ്രോജക്ടും

1. നിങ്ങളുടെ സ്കൂളിന്/വീടിനടുത്തുള്ള ഏതെങ്കിലും ഒരു സ്ഥാപനത്തിലോ സംഘത്തിലോ നിരീക്ഷണം നടത്തി അവയെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക.

IX. ജീവിത നൈപുണ്യം (Life Skills)

1. സംരംഭകരെയും അവരുടെ പ്രവർത്തനങ്ങളെയും കുറിച്ച് അധ്യാപകരും വിദ്യാർത്ഥികളും സംയുക്തമായി ചർച്ച ചെയ്യുകയും "നിങ്ങൾ ഒരു സംരംഭകനാണെങ്കിൽ". എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുകയും ചെയ്യുക.

REFERENCE BOOKS

1. *Role of Entrepreneurship in economic development,* D.K.Sinha.
2. *The Productivity Analysis of Industrial Clusters in India - Department of Industries & Commerce* (Government of Tamil Nadu)
3. State Industrial Profile - Tamil Nadu.
4. Indian Industrial Clusters - Keshab Das.

INTERNET RESOURCES

1. www.tn.gov.in
2. www.msmedi-chennai.gov.in
3. www.data.gov.in

X Std - Economics Malayalam Unit-5.indd 341 1/27/2023 10:14:33 AM



ICT കോർണർ

ഘട്ടങ്ങൾ

- ബ്രൗസർ തുറന്ന് ചുവടെ നൽകിയിരിക്കുന്ന URL ടൈപ്പു ചെയ്യുക.
- നിങ്ങൾക്ക് തമിഴ്നാട്ടിൽ SIPCOT ന്റെ ലിസ്റ്റ് കാണൻ കഴിയും ലിസ്റ്റിലെ അതെങ്കിലും ഒന്ന് ക്ലിക്ക് ചെയ്യുമ്പോൾ പുതിയ ടാബിൽ നിങ്ങൾക്ക് സിപ് കോട്ടിന്റെ വിശാദാംശങ്ങൾ ലഭിക്കും.
- ഉദാഹരണത്തിന് നെല്ലിന്റെ ഏറ്റവും കുറഞ്ഞ താങ്ങുവില ക്ലിക്കു ചെയുക. നെല്ല്, ഗോതമ്പ്, മറ്റു ധാന്യങ്ങൾ എന്നിവയുടെ കുറഞ്ഞ താങ്ങുവില നിങ്ങൾക്ക് കാണാം.
- അതുപോലെ, നിങ്ങൾക്ക് മേഖലാടിസ്ഥാനത്തിലുള്ള സംഭരണവും കാണാനാകും.

Website URL:

https://www.sipcot.com/guide_tour

AWHI8

X Std - Economics Malayalam Unit-5.indd 342 1/27/2023 10:14:33 AM

Social Science – Class X - Malayalam Medium
List of Advisers, Experts, Reviewers and Translators

Adviser & Co-ordinators

Dr. P. Kumar
Joint Director (Syllabus)
SCERT, Chennai.

T. Srinivasan
Principal, DIET, Krishnagiri.

P. Suresh
P. G. Assistant, GGHSS,
Attur, Salem.

History

Chairperson
Dr. K.A.Manikumar,
Professor (Retd.), Dept. of History
M S University, Thirunelveli.

Co-chairperson
Dr. A.R.Venkatachalapathy
Professor, Dept. of History,
Madras Institute of Development Studies, Chennai.

Reviewers
Dr. A. Thennarasu
Associate Professor & Head
Govt. Arts College, Salem.

Dr. K. Jayakumar
Periyar E.V.R. College, Tiruchi.

Dr. J. Murugan
Arignar Anna Govt. Arts College
Attur, Salem.

Translators
K. Soman Nair
B.T. Assistant,
EHSS., Arumanai, K.K. Dist.

S. Vanaja Kumari
B.T. Assistant,
GHSS., Kanjiracode, K.K. Dist.

Rema
B.T. Assistant,
GHSS., Paludhal, K.K. Dist.
Sherly M.C.
B.T. Assistant,
G.H.S., (Girls) Erumad,
The Nilgiris.

C. Nanukkuttan
B.T. Assistant,
GHSS., Puliyoorsalai, K.K. Dist.

J. Rarichan
B.T. Assistant,
RTMLMS HSS, Venkanji,
Kollamcode, K.K. Dist.
Padmini P.V.
B.T. Assistant,
G.H.S., (Girls) Erumad,
The Nilgiris.

Stella R.B.
B.T. Assistant,
G.H.S.S., Erumad,
The Nilgiris.

Remolda S.
B.T. Assistant,
G.H.S., Kayyunni,
The Nilgiris.

Geography

Domain Expert
V. Tamilarasan
Associate Professor & Head
Govt. Arts College Karur.

Reviewer
Dr. P. Arul
Associate Professor
Govt. Arts College Salem.

Translators
R.L. Sobha
B.T. Assistant,
Kerala Vidyalayam HSS.,
Chennai.

K.K. Joseph
B.T. Assistant,
GHSS., Dhanmagiri,
The Nilgiris. Dist.

J. Sam Raj
B.T. Assistant,
St. Ephrem's Malankara Syrian
Catholic HSS., Sooriacode,
K.K. Dist.
Stella R.B.
B.T. Assistant,
G.H.S.S., Erumad,
The Nilgiris.

Padmini P.V.
B.T. Assistant,
G.H.S., (Girls) Erumad,
The Nilgiris.

Sherly M.C.
B.T. Assistant,
G.H.S., (Girls) Erumad,
The Nilgiris.

Civics

Domain Expert
Dr. M. Kaliyaperumal
Professor & Head (Retd.),
Presidency College, Chennai.

Reviewer
A. Karunanandam
HOD (Retd.), Dept. of History,
Vivekananda College, Chennai.

Translators
P. Pushpa Bai
B.T. Assistant,
St. Mary's HSS, Melpalai,
K.K. Dist.

N. Sandhya
B.T. Assistant,
GHSS., Moonchirai,
K.K. Dist.
Geetha V.
B.T. Assistant,
G.H.S.S., Pandalur,
The Nilgiris.

Bindu K.
B.T. Assistant,
G.H.S.S., Cherambadi,
The Nilgiris.

Remolda S.
B.T. Assistant,
G.H.S., Kayyunni,
The Nilgiris.

Economics

Domain Expert
R. Subramanian
Professor (Retd.),
Soudeshwari Arts and Science College, Salem.

Reviewer
Dr. J. Jeyarajan
Director, Institute of development alternatives, Chennai.

Translators
J. Sam Raj
B.T. Assistant,
St. Ephrem's Malankara Syrian
Catholic HSS., Sooriacode,
K.K. Dist.

J. Rarichan
B.T. Assistant,
RTMLMS HSS, Venkanji,
Kollamcode, K.K. Dist.
Silvaster P.
B.T. Assistant,
G.H.S., Ambalavayal,
The Nilgiris.

Remolda S.
B.T. Assistant,
G.H.S., Kayyunni,
The Nilgiris.

Geetha V.
B.T. Assistant,
G.H.S.S., Pandalur,
The Nilgiris.

Art and Design Team

Illustration
V. Vinoth Kumar

Layout
M.A. Manikaraj Prabahar
A. Daniel
S. Porselvan
P. Prasanth
S. Adaikala Stephen
R. Balasubramani
B.Yogesh
K. Petchimuthu
P. Arun Kamaraj

In-House QC
Manohar Radhakrishnan

Wrapper Design
Kathir Arumugam

Typist
Applenet, Sulthanbethary, Wyanad.

Co-ordinator
Ramesh Munisamy

ICT Co-ordinator
Dr. Asir Julius,
Asst. Professor, SCERT,
Chennai.

EMIS Technology Team
R.M. Satheesh

K.P. Sathya Narayana

R. Arun Maruthi Selvan

This book has been printed on 80 GSM Elegant Maplitho paper.
Printed by offset at:

28_Author_List.indd 343 1/27/2023 9:42:20 AM

Notes

28_Author_List.indd 344 1/27/2023 9:42:20 AM

Notes

28_Author_List.indd 345 1/27/2023 9:42:20 AM

Notes

28_Author_List.indd 346 1/27/2023 9:42:20 AM